# ബൈബിൾക്കഥകളുടെ രചനാശില്പം: പുതിയനിയമത്തിലെ ആഖ്യാനങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനം

കാലിക്കറ്റ് സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം

**റോബർട്ട് വി.എസ്.**

**മലയാള-കേരളപഠനവിഭാഗം**
**കാലിക്കറ്റ് സർവ്വകലാശാല**
**2019**

# THE CRAFT OF BIBLE STORIES : A STUDY BASED ON THE NARRATIVES IN NEW TESTAMENT

**Thesis submitted to the**

**University of Calicut for the Degree of**

**Doctor of Philosophy**

**ROBART V.S.**

**DEPARTMENT OF MALAYALAM AND KERALA STUDIES**

**UNIVERSITY OF CALICUT**

**2019**

## സത്യപ്രസ്താവന

**ബൈബിൾക്കഥകളുടെ രചനാശില്പം : പുതിയനിയമത്തിലെ ആഖ്യാനങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനം** എന്ന ഈ ഗവേഷണപ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും സർവ്വകലാശാലയുടെയോ അതുപോലുള്ള മറ്റേതെങ്കിലും സ്ഥാപനത്തിന്റെയോ ബിരുദത്തിനോ മറ്റ് അംഗീകാരത്തിനോ സമർപ്പിച്ചിട്ടുള്ളതല്ലെന്ന് ഇതിനാൽ സത്യബോധപ്പെടുത്തുന്നു.

റോബർട്ട് വി.എസ്.

കാലിക്കറ്റ് സർവ്വകലാശാല

തീയതി: 02-05-2019

**ഡോ. സി. ജെ. ജോർജ്ജ്**
അസോസിയേറ്റ് പ്രൊഫസർ,
ഡോ. ബി. ആർ. അംബേദ്കർ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്,
ബാലുശ്ശേരി, കോഴിക്കോട്, കിനാലൂർ പോസ്റ്റ് 673612
(ഗവേഷണമാർഗ്ഗദർശി, മലയാള-കേരളപഠനവിഭാഗം,
കാലിക്കറ്റ് സർവ്വകലാശാല)
മൊ. 9946963401 ccjgeorge@gmail.com

**സാക്ഷ്യപത്രം**

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന **ബൈബിൾക്കഥകളുടെ രചനാശില്പം : പുതിയനിയമത്തിലെ ആഖ്യാനങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനം** എന്ന പ്രബന്ധം **റോബർട്ട് വി. എസ്.** എന്റെ നിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഡോ. സി. ജെ. ജോർജ്ജ്

Dr.C.J.George
Associate Professor of Malayalam
Govt.Arts and Science College
Balussery, Kozhikode-673 574

ബാലുശ്ശേരി
02-05-2019

## മുഖവുര

ഒരു ആദ്ധ്യാത്മികരചന എന്ന നിലയിൽ ബൈബിളിനെ കാണുമ്പോഴും അതിന്റെ സാഹിതീയസ്വഭാവം എന്നെ വളരെ മുമ്പുതന്നെ ആകർഷിച്ചിരുന്നു. ഈ താത്പര്യമാണ് ഗവേഷണവിഷയസ്വീകാരത്തിൽ എന്റെ തീരുമാനത്തെ നിർണ്ണയിച്ചത്. ആഖ്യാനശാസ്ത്ര പരവും അലങ്കാരശാസ്ത്രപരവും ശൈലീപരവുമായ അറിവുകൾ ബൈബിൾ ആഖ്യാന ത്തിൽ ശ്രദ്ധപതിപ്പിക്കുവാൻ സഹായകമായി. ബൈബിളിനെ കൂടുതൽ വെളിച്ചത്തിലും തെളിച്ചത്തിലും പരിശോധിക്കുകയെന്ന ഒരു ദൗത്യം പതുക്കെപ്പതുക്കെ എന്റെ വായനാ ജീവിതത്തിന്റെ ഭാഗമായിത്തീർന്നു. ആ വഴിയിലുള്ള ഒരു ഗവേഷണപഠനത്തിന്റെ സാദ്ധ്യ തകളിലേക്ക് എന്റെ അന്വേഷണങ്ങൾ വളരുകയും അതിനുപകരിക്കുന്ന അക്കാദമികവും ഭൗതികവുമായ സാഹചര്യം ഒത്തുവരികയും ചെയ്തതിനാലാണ് ഈ പ്രബന്ധം രൂപ മെടുത്തത്. ഈ പ്രയാണത്തിൽ വളരെയേറെപ്പേരുടെ സഹായവും സഹകരണവും എനിക്കു ലഭിച്ചിട്ടുണ്ട്. അവരോടുള്ള കടപ്പാടും നന്ദിയും ആദരവും ഇവിടെ രേഖപ്പെടു ത്തുകയാണ്.

ബൈബിളിന്റെ സത്യവേദപുസ്തകം എന്ന മലയാളപരിഭാഷയെ കേന്ദ്രപഠനവ സ്തുവായെടുത്ത് ആഖ്യാനത്തെ സംബന്ധിച്ച അറിവുകളുടെ സഹായത്തോടെ ഗവേഷ ണപഠനം നടത്താൻ താത്പര്യപ്പെട്ട സമയത്ത് അതിനെ അംഗീകരിക്കുകയും എന്റെ അന്വേഷണങ്ങളോട് ഒപ്പംനിന്ന് പ്രോത്സാഹിപ്പിക്കുകയും അനിവാര്യവും പ്രസക്തവുമായ ഇടപെടലുകളിലൂടെ പ്രബന്ധം മെച്ചപ്പെടുത്തുന്നതിൽ സർവാത്മനാ സഹകരിക്കുകയും ചെയ്ത എന്റെ ഗവേഷണമാർഗദർശി ഡോ. സി. ജെ. ജോർജ്ജ് ആജീവനാന്തം എന്റെ നന്ദിയും കടപ്പാടും അർഹിക്കുന്നു. ഈ വിഷയത്തിൽ ഗവേഷണപഠനം നടത്തുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്തപ്പോൾ വിശദമായി മറുപടി പറയുകയും പ്രോത്സാഹിപ്പിക്കു കയും ചെയ്ത ഡോ. ഡി. ബെഞ്ചമിൻ എനിക്ക് ആത്മവിശ്വാസവും കരുത്തും തന്നു. അദ്ദേഹത്തോടും ഞാൻ നന്ദിയുള്ളവനാണ്.

മലയാള-കേരളപഠനവിഭാഗത്തിൽ ചേർന്ന് ഗവേഷണമാരംഭിച്ചതുമുതൽ എന്റെ പഠനത്തിന് സഹായകമായി നിലകൊണ്ട സഹമാർഗദർശി ഡോ. പി. സോമനാഥൻ, കാ ലിക്കറ്റ് സർവകലാശാലാ മലയാളവിഭാഗം മേധാവി ഡോ. എൽ. തോമസുകുട്ടി, മുൻമേ ധാവി ഡോ. ഉമർ തറമേൽ എന്നിവർ ചെയ്ത എല്ലാ സഹായങ്ങൾക്കും നന്ദി. ഗവേഷണ ത്തിനും എഫ്. ഡി. പി ക്കും അനുമതി നൽകിയ മലബാർ ക്രിസ്ത്യൻ കോളേജ് മാനേ ജർ ജയപാൽ സാമുവൽ സക്കായി, പ്രിൻസിപ്പൽ ഡോ. ഗോഡ്വിൻ സാംരാജ് ഡി.പി. എന്നിവരോടുള്ള കടപ്പാടും നന്ദിയും അറിയിക്കുന്നു. എഫ്. ഡി. പി. അനുവദിച്ച യു. ജി. സി.ക്കും നന്ദി.

പുസ്തകങ്ങൾ പരിശോധിക്കാൻ യഥേഷ്ടം അവസരം തന്ന കാലിക്കറ്റ് സർവ്വക ലാശാലാ ജനറൽ ലൈബ്രറി, മലയാള-കേരളപഠനവിഭാഗം ലൈബ്രറി എന്നിവിടങ്ങളിലെ ജീവനക്കാർക്ക് നന്ദി. സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി ലൈബ്രറി ആലുവ,

ബിലീവേഴ്സ് ചർച്ച് സെമിനാരി ലൈബ്രറി തിരുവല്ല എന്നിവിടങ്ങളിൽനിന്നു ലഭിച്ച സഹായങ്ങളും കൃതജ്ഞതയോടെ രേഖപ്പെടുത്തുന്നു.

വിവിധഘട്ടങ്ങളിൽ വേണ്ട ഉപാദാനങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ നൽകിയ ജെ. സി. ദേവ്, ഡോ. ബാബു. കെ. വർഗീസ് (മുംബൈ), ഇ. എസ്. തോമസ്, കെ. സി. വർഗീസ് (തളിപ്പറമ്പ്), ജോർജ് ഫിലിപ്പ്, എ.ജി. ഏലിയാസ്, അനീഷ് വൽസൺ മാത്യു, ആത്മീയമാർഗദർശിയായ റേ ജയരാജ് എന്നിവരോട് എനിക്ക് ഏറെ കടപ്പാടും നന്ദിയുമുണ്ട്. പ്രബന്ധം പരിശോധിച്ച് ഭാഷാശുദ്ധിയും വ്യക്തതയും വരുത്തുന്നതിൽ സഹകരിച്ച പ്രിയ അരവിന്ദ്, എം.ബി. അമ്പിളി, കെ.ബി. ഷിജി, ജേക്കബ് ചെറിയാൻ എന്നിവരെയും, പല തരത്തിൽ എനിക്ക് ഉപകാരപ്പെട്ട സഹഗവേഷകരായ ബാബുരാജൻ നല്ലൂരങ്ങാടി, ഫാ. അനീഷ് പോൾ എന്നിവരെയും, അനുബന്ധജോലികളിൽ സഹായിച്ച എം. അജയ്ലാൽ, മകൻ റോബി റോബർട്ട് എന്നിവരെയും, പ്രബന്ധം ഭംഗിയായി രൂപകൽപന ചെയ്ത ബിന ഡി. ടി. പി. സെന്റർ ജീവനക്കാരെയും ഈ പ്രബന്ധസമർപ്പണവേളയിൽ ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു.

# ഉള്ളടക്കം


സംക്ഷിപ്തരൂപങ്ങൾ

**ഉപക്രമം .......................................................................................................................1 – 5**

0.1. പഠനലക്ഷ്യം 1

0.2. പഠനമേഖല 2

0.3. പഠനപ്രസക്തി 2

0.4. പഠനരീതി 3

0.5. പഠനവസ്തു 3

0.6. പൂർവ്വപഠനങ്ങൾ 4

0.7. പ്രബന്ധഘടന 5

അധ്യായം ഒന്ന്

**ആഖ്യാനപഠനത്തിന് ഒരു ആമുഖം ....................................................... 6 – 45**

1.0. ആമുഖം 6

1.1. കഥ, ആഖ്യാനം 6

1.2. ആഖ്യാനകല, ആഖ്യാനശാസ്ത്രം, ആഖ്യാനവിജ്ഞാനം 9

1.3. ആഖ്യാനനിർവചനങ്ങൾ 10

1.4. ആഖ്യാനശാസ്ത്രരംഗത്തെ സൈദ്ധാന്തികർ 11

1.5. ആഖ്യാനത (Narrativity) 18

1.6. മധ്യസ്ഥത (Mediacy) 19

1.7. കഥാരേഖ (Storyline) എന്ന സങ്കല്പനം 20

1.7.1. പ്രധാനകഥരേഖ (Main Storyline) 20

1.7.2. ഉപകഥാരേഖ (Subsidiary Storyline) 21

1.8. ഫാബുല (Fabula), സുഷെ (Suzhet) 21

1.9. ആഖ്യാനത്തിലെ സ്ഥലകാലചിന്തകൾ 22

1.9.1. കാലികത 22

1.9.1.1. അല്പനേരവിരാമം (Pause) 25

1.9.1.2. ആഖ്യാനലോപം (Ellipsis) 25

1.9.1.3. രംഗം (Scene) 25

1.9.1.4. സംക്ഷിപ്തം (Summary) 26

1.9.2. സ്ഥലികത 27

1.10. കഥാപാത്രങ്ങൾ 28

1.10.1. വിശ്വാസകഥാപാത്രങ്ങൾ (Confidant Characters) 29

1.10.2. വൈരുദ്ധ്യാത്മകകഥാപാത്രങ്ങൾ (Foil Characters) 29

1.10.3. ഏകോപനകഥാപാത്രങ്ങൾ (Chorus Characters) 29

1.10.4. വിവരണാത്മകകഥാപാത്രങ്ങൾ (Explanatory Characters) 29

1.10.5. നാടകീയ കഥാപാത്രങ്ങൾ (Dramatic Characters) 30

1.10.6. സ്ഥിരസ്വഭാവികൾ (Flat Character or Static Character) 30

1.10.7. സങ്കീർണ്ണസ്വഭാവികൾ (Round Character or Dynamic Character) 30

1.11. ആഖ്യാനപരിപ്രേക്ഷ്യങ്ങൾ 31

1.11.1. ഉത്തമപുരുഷാഖ്യാനം (First Person Narraton) 31

1.11.2. ഗ്രന്ഥകാരാഖ്യാനം (Authorial Narration) 32

1.11.3. കല്പിതാഖ്യാനം (Figural Narration) 33

1.12. ആഖ്യാനസന്ദർഭങ്ങൾ (Narrative Situations) 34

1.13. ഭാരതീയ ആഖ്യാനപാരമ്പര്യം. 35

1.13.1. ആന്തരവത്കരണം (Interiorisation) 37

1.13.2. പരമ്പരവത്കരണം (Serialisation) 37

1.13.3. വിഭ്രമവത്കരണം (Fantasisation) 37

1.13.4. ശൃംഖലാഖ്യാനം (Cyclicalisation) 38

1.13.5. അന്യാപദേശം (Allegorisation) 38

1.13.6. അജ്ഞാതവത്കരണം (Anonymisation) 39

1.13.7. ഇലാസ്തീകരണം (Elasticisation) 39

1.13.8. സ്ഥലവത്കരണം (Spatialisation) 40

1.13.9. രീതിവത്കരണം (Stylisation) 40

1.13.10. തത്ക്ഷണരചനാശേഷി (Improvisation) 40

1.14. ശൈലീവിജ്ഞാനം (Stylistics) 41

1.14.1. പുര:ക്ഷേപം 43

1.14.2. ഐക്യം 44

1.14.3. താളം 44

അധ്യായം രണ്ട്

**ബൈബിൾ ഒരു മഹാഖ്യാനം............................................................... 45 – 100**


2.0. ബൈബിൾ 45

2.1. പഴയനിയമം 46

2.1.1. പഞ്ചഗ്രന്ഥങ്ങൾ 47

2.1.1.1. ഉൽപത്തി 47

2.1.1.2. പുറപ്പാട് 48

2.1.1.3. ലേവ്യാപുസ്തകം 50

2.1.1.4. സംഖ്യാപുസ്തകം 50

2.1.1.5. ആവർത്തനം 52

2.1.2. ചരിത്രഗ്രന്ഥങ്ങൾ 54

2.1.2.1. യോശുവ 54

2.1.2.2. ന്യായാധിപന്മാർ 54

2.1.2.3. രൂത്ത് 55

2.1.2.4. ശമൂവേലിന്റെ ഒന്നാം പുസ്തകം 56

2.1.2.5. ശമൂവേലിന്റെ രണ്ടാം പുസ്തകം 57

2.1.2.6. രാജാക്കന്മാരുടെ ഒന്നാം പുസ്തകം 57

2.1.2.7. രാജാക്കന്മാരുടെ രണ്ടാം പുസ്തകം 58

2.1.2.8. ദിനവൃത്താന്തം ഒന്നാം പുസ്തകം 58

2.1.2.9. ദിനവൃത്താന്തം രണ്ടാം പുസ്തകം 59

2.1.2.10. എസ്രാ 59

2.1.2.11. നെഹെമ്യാവ് 59

2.1.2.12. എസ്ഥേർ 60

2.1.3. കാവ്യാത്മകഗ്രന്ഥങ്ങൾ 61

2.1.3.1. ഇയ്യോബ് 61

2.1.3.2. സങ്കീർത്തനം 61

2.1.3.3. സദൃശവാക്യങ്ങൾ 62

2.1.3.4. സഭാപ്രസംഗി 62

2.1.3.5. ഉത്തമഗീതം 63

2.1.4. പ്രവചനഗ്രന്ഥങ്ങൾ 64

2.1.4.1. വലിയ പ്രവാചകന്മാർ 64

2.1.4.1.1. യെശയ്യാവ് 64

2.1.4.1.2. യിരെമ്യാവ് 67

2.1.4.1.3. വിലാപങ്ങൾ 68

2.1.4.1.4. യെഹെസ്കേൽ 68

2.1.4.1.5. ദാനീയേൽ 69

2.1.4.2. ചെറിയ പ്രവാചകന്മാർ 70

2.1.4.2.1. ഹോശേയ 70

2.1.4.2.2. യോവേൽ 71

2.1.4.2.3. ആമോസ് 71

2.1.4.2.4. ഓബദ്യാവ് 71

2.1.4.2.5. യോനാ 71

2.1.4.2.6. മീഖാ 72

2.1.4.2.7. നഹൂം 72

2.1.4.2.8. ഹബക്കൂക് 72

2.1.4.2.9. സെഫന്യാവ് 73

2.1.4.2.10. ഹഗ്ഗായി 73

2.1.4.2.11. സെഖര്യാവ് 74

2.1.4.2.12. മലാഖി 74

2.2. പുതിയനിയമം 74

2.2.1. സുവിശേഷങ്ങൾ 75

2.2.1.1. മത്തായി 75

2.2.1.2. മർക്കൊസ് 75

2.2.1.3. ലൂക്കൊസ് 76

2.2.1.4. യോഹന്നാൻ 76

2.2.2. ചരിത്രഗ്രന്ഥം 76

2.2.2.1. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ 76

2.2.3. ലേഖനങ്ങൾ 77

2.2.3.1. റോമർ 77

2.2.3.2. കൊരിന്ത്യർ ഒന്നാം ലേഖനം 77

2.2.3.3. കൊരിന്ത്യർ രണ്ടാം ലേഖനം 78

2.2.3.4. ഗലാത്യർ 78

2.2.3.5. എഫെസ്യർ 78

2.2.3.6. ഫിലിപ്പിയർ 79

2.2.3.7. കൊലൊസ്സ്യർ 79

2.2.3.8. തെസ്സലൊനിക്യർ ഒന്നാം ലേഖനം 79
2.2.3.9. തെസ്സലൊനിക്യർ രണ്ടാം ലേഖനം 79
2.2.3.10. തിമൊഥെയൊസ് ഒന്നാം ലേഖനം 79
2.2.3.11. തിമൊഥെയൊസ് രണ്ടാം ലേഖനം 79
2.2.3.12. തീത്തോസ് 80
2.2.3.13. ഫിലേമൊൻ 80
2.2.4. എബ്രായർ 80
2.2.5. പൊതുലേഖനങ്ങൾ 81
2.2.5.1. യാക്കോബ് 81
2.2.5.2. പത്രൊസ് ഒന്നാം ലേഖനം 81
2.2.5.3. പത്രൊസ് രണ്ടാം ലേഖനം 82
2.2.5.4. യോഹന്നാൻ ഒന്നാം ലേഖനം 82
2.2.5.5. യോഹന്നാൻ രണ്ടാം ലേഖനം 82
2.2.5.6. യോഹന്നാൻ മൂന്നാം ലേഖനം 82
2.2.5.7. യൂദാ 82
2.2.6. വെളിപ്പാട് 83
2.3. 'അശുദ്ധ' ബൈബിൾ 84
2.4. ബൈബിൾവിവർത്തനങ്ങൾ 85
2.4.1. റമ്പാൻ ബൈബിൾ 85
2.4.2. ബെയ്‌ലി ബൈബിൾ 86
2.4.3. ഗുണ്ടർട്ട് ബൈബിൾ 86
2.4.4. സത്യവേദപുസ്തകം 87
2.4.5. പി.ഒ.സി. ബൈബിൾ 88
2.4.6. മലയാളം ബൈബിൾ 88
2.4.7. വിശുദ്ധഗ്രന്ഥം 89
2.5. ബൈബിൾ ആശ്രിതവ്യവഹാരങ്ങൾ 90
2.5.1. ചലച്ചിത്രങ്ങൾ 91
2.6. ബൈബിളും മലയാളവും 92
2.6.1. നാടൻപാട്ടുകൾ 92
2.6.2. കവിത 92
2.6.3. നാടകം 94
2.6.4. നോവൽ 94
2.6.5. ചെറുകഥ 95

2.6.6. നിരൂപണം 96

2.6.7. ബൈബിൾശൈലികൾ 97

2.7. ബൈബിളും ശാസ്ത്രവും 97

2.8. ബൈബിളും സമത്വചിന്തയും 98

2.9. ബൈബിൾ കൗതുകങ്ങൾ 98

അധ്യായം മൂന്ന്

**സുവിശേഷാഖ്യാനങ്ങളും യേശുകഥകളും.................................................101 - 155**

3.0. പുതിയനിയമത്തിലെ ആഖ്യാനങ്ങൾ 101

3.1. മത്തായിയുടെ സുവിശേഷം 101

3.1.1. ഗ്രന്ഥകാരൻ 101

3.1.2. രചനാകാലം 102

3.1.3. പഴയനിയമവചനങ്ങളുടെ ഉദ്ധരണം - യഹൂദവിശ്വാസവിവക്ഷകൾ 102

3.1.4. യഹൂദേതരർ ദൈവരാജ്യത്തിൽ 104

3.1.5. മത്തായിയുടെ സുവിശേഷം - ഘടന 104

3.1.6. ചുങ്കക്കാരന്റെ സുവിശേഷം 105

3.1.7. യേശുവും മോശെയും 107

3.2. മർക്കൊസ് എഴുതിയ സുവിശേഷം 107

3.2.1. ഗ്രന്ഥകർത്താവ് 107

3.2.2. രചനാകാലം 108

3.2.3. റോമക്കാർക്കുവേണ്ടിയുള്ള സുവിശേഷം 108

3.2.4. ഘടനയും രചനാപദ്ധതിയും 109

3.2.5. യേശുവിലെ മനുഷ്യൻ 110

3.3. ലൂക്കൊസിന്റെ സുവിശേഷം 111

3.3.1. ഗ്രന്ഥകാരൻ 111

3.3.2. രചനാകാലം 111

3.3.3. ഘടന, രചനാപദ്ധതി 112

3.3.4. സ്ത്രീപ്രധാനത 113

3.3.5. ലൂക്കൊസും മറ്റു സുവിശേഷകരും - വ്യത്യസ്തതകൾ, സാധർമ്മ്യങ്ങൾ 114

3.3.6. രക്ഷാകരദൗത്യം 116

3.3.7. യേശു എന്ന മനുഷ്യൻ 117

3.3.8. ഉപേക്ഷിക്കപ്പെട്ടവരുടെ പക്ഷം 117

3.3.9. ചരിത്രപുരുഷനായ യേശു 118

3.3.10. ദാരിദ്ര്യത്തിന്റെ അർത്ഥം 119

3.3.11. പ്രാർത്ഥന 119

3.4. യോഹന്നാൻ എഴുതിയ സുവിശേഷം 119

3.4.1. ഗ്രന്ഥകാരൻ 119

3.4.2. രചനാകാലം 120

3.4.3. രക്ഷകനും ദൈവവുമായ യേശു 120

3.4.4. ക്രിസ്തുവിജ്ഞാനീയം 121

3.4.5. അടയാളങ്ങളുടെ പുസ്തകം 122

3.4.6. സംഭാഷണങ്ങൾ 122

3.4.7. സമവീക്ഷണസുവിശേഷങ്ങളിൽനിന്നുള്ള വ്യത്യാസങ്ങൾ 123

3.4.8. വിവാദവാക്യങ്ങൾ 123

3.4.9. കാലുകഴുകൽ, തിരുവത്താഴം 124

3.4.10. ക്രൂശീകരണവിവരണത്തിലെ അനന്യത 124

3.4.11. വൈജാത്യങ്ങൾ വേറെയും 125

3.4.12. പേരെടുത്തുപറഞ്ഞുള്ള ആവിഷ്കാരരീതി 127

3.5. യേശുകഥകൾ 128

3.5.1. യേശുവിന്റെ ജനനകഥ- സാമ്യവ്യത്യാസങ്ങൾ 128

3.5.2. ശമര്യാസ്ത്രീയോട് വെള്ളം ചോദിക്കുന്നു 130

3.5.3. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ 133

3.5.4. സ്ത്രീയുടെ തൈലാഭിഷേകം 136

3.5.5. പാപിനിക്കു മോചനം 138

3.5.6. യേശു സക്കായിയുടെ വീട്ടിൽ 140

3.5.7. യേശുവിന്റെ മലയിലെ രൂപാന്തരം 141

3.5.8. നിത്യജീവൻ ആഗ്രഹിച്ച യുവാവ് 143

3.5.9. സെബദിമക്കളും അമ്മയും 144

3.5.10. യേശുവിന്റെ യെരൂശലേമിലേക്കുള്ള ജൈത്രയാത്ര 145

3.6. കഥേതരവ്യവഹാരങ്ങൾ 146

3.6.1. വംശാവലി 146

3.6.1.1. തള്ളിക്കളയലല്ല, ഉൾക്കൊള്ളൽ 147

3.6.1.2. മത്തായിയുടെയും ലൂക്കൊസിന്റെയും വംശാവലി - വ്യത്യാസങ്ങൾ 147

3.6.2. ഗിരിപ്രഭാഷണവും സമതലപ്രഭാഷണവും 148

3.6.3. ക്രിസ്തുവിന്റെ പീഡാനുഭവങ്ങൾ (Passion of the Christ) 150
3.6.3.1. പത്രൊസിന്റെ തള്ളിപ്പറയൽ 152
3.6.3.2. 'ആ മനുഷ്യൻ ഇതാ' 152
3.6.3.3. കുരിശിലെ മൊഴികൾ 153

അധ്യായം നാല്

**ഉപമകളുടെ കലാതന്ത്രം ..................................................................156 – 200**

4.0. ഉപമയുടെ നിർവചനം 156
4.1. സ്വർഗരാജ്യത്തെപ്പറ്റിയുള്ള ഉപമകൾ 158
4.1.1. വിതയ്ക്കുന്നവന്റെ ഉപമ 159
4.1.2. കോതമ്പും കളയും 162
4.1.3. മുന്തിരിത്തോട്ടത്തിലെ വേലക്കാർ 163
4.1.4. രണ്ടു പുത്രന്മാർ 166
4.1.5. മുന്തിരിത്തോട്ടത്തിലെ കുടിയാന്മാർ 167
4.1.6. രാജപുത്രന്റെ കല്യാണം 169
4.1.6.1. ലൂക്കൊസിന്റെ അവതരണം 170
4.2. നഷ്ടപ്പെട്ടതിന്റെ മൂല്യം 173
4.2.1. കാണാതെപോയ ആട് 174
4.2.2. കാണാതെപോയ ദ്രഹ്മ 175
4.2.3. മുടിയനായ പുത്രൻ 175
4.3. ക്ഷമ 180
4.3.1. ക്ഷമിക്കാത്ത ഭൃത്യൻ 180
4.3.2. കടം വാങ്ങിയ രണ്ടു ദാസന്മാർ 181
4.4. പ്രാർത്ഥന 182
4.4.1. അർദ്ധരാത്രിയിലെ സ്നേഹിതൻ 182
4.4.2. അനീതിയുള്ള ന്യായാധിപൻ 183
4.4.3. ചുങ്കക്കാരനും പരീശനും 183
4.5. കാര്യവിചാരകത്വം 185
4.5.1. താലന്തുകൾ 185
4.5.2. പത്തുറാത്തൽ വെള്ളി 186
4.5.3. ധനികനായ ഭോഷൻ 188
4.6. ഒരുങ്ങിയിപ്പ് 189
4.6.1. ഫലമില്ലാത്ത അത്തിവൃക്ഷം 189

| | | | |
|---|---|---|---|
| | 4.6.2. | അനീതിയുള്ള കാര്യവിചാരകൻ | 190 |
| | 4.6.3. | പത്തുകന്യകമാർ | 191 |
| | 4.6.4. | ഉണർന്നിരിക്കുന്ന ദാസൻ | 193 |
| 4.7. | സേവനം. | | 194 |
| | 4.7.1. | നല്ല ശമര്യാക്കാരൻ | 194 |
| 4.8. | വിവിധതരം ഉപമകൾ | | 196 |
| | 4.8.1. | പാറമേൽ പണിത വീട് | 197 |
| | 4.8.2. | ഗോപുരനിർമ്മാണം | 199 |

അധ്യായം അഞ്ച്

**അത്ഭുതകഥകളുടെ ആഖ്യാനരഹസ്യങ്ങൾ..........................................201 - 242**

| | | | |
|---|---|---|---|
| 5.0. | അത്ഭുതം | | 201 |
| 5.1. | സൗഖ്യദായകം | | 201 |
| | 5.1.1. | ബർത്തിമായി എന്ന അന്ധൻ | 202 |
| | 5.1.2. | ബേത്ത്സയിദയിലെ കുരുടൻ | 202 |
| | 5.1.3. | പിറവിക്കുരുടൻ | 203 |
| | 5.1.4. | രണ്ട് അന്ധന്മാർ | 206 |
| | 5.1.5. | കുഷ്ഠരോഗി | 206 |
| | 5.1.6. | പത്തു കുഷ്ഠരോഗികൾ | 206 |
| | 5.1.7. | പക്ഷവാതക്കാരൻ | 207 |
| | 5.1.8. | ബേഥെസ്ദാ കുളക്കടവിലെ രോഗി | 208 |
| | 5.1.9. | ശതാധിപന്റെ ഭൃത്യൻ | 210 |
| | 5.1.10. | രാജഭൃത്യന്റെ മകൻ | 211 |
| | 5.1.11. | പത്രോസിന്റെ അമ്മായിയമ്മ | 213 |
| | 5.1.12. | രക്തസ്രാവക്കാരി | 214 |
| | 5.1.13. | ശോഷിച്ച കൈ | 216 |
| | 5.1.14. | ബധിരൻ | 218 |
| | 5.1.15. | മഹോദരരോഗി | 218 |
| | 5.1.16. | മല്ക്കൊസിന്റെ ചെവി | 219 |
| 5.2. | ഭക്ഷണവർദ്ധനവ് | | 219 |
| | 5.2.1. | വെള്ളം വീഞ്ഞാക്കുന്നു. | 219 |
| | 5.2.2. | അഞ്ചപ്പവും രണ്ടു മീനും | 220 |
| | 5.2.3. | ഏഴപ്പവും മീനും | 223 |

5.2.4. ആദ്യത്തെ വലിയ മീൻപിടിത്തം 223

5.2.5. അവസാനത്തെ വലിയ മീൻപിടിത്തം 224

5.3. ഭൂതശാന്തി 225

5.3.1. കഫർന്നഹൂമിലെ ഭൂതബാധിതൻ 225

5.3.2. ഗരസേന്യയിലെ ഭൂതബാധിതൻ 226

5.3.3. ഭൂതബാധയുള്ള ഊമൻ 227

5.3.4. അന്ധനും ബധിരനുമായ പിശാചുബാധിതൻ 228

5.3.5. കനാന്യസ്ത്രീയുടെ ഭൂതബാധിതയായ മകൾ 228

5.3.6. ചന്ദ്രരോഗം 229

5.3.7. കൂനി 231

5.4. പുനരുത്ഥാനം 232

5.4.1. നയിനിലെ വിധവയുടെ മകൻ 232

5.4.2. യായീറോസിന്റെ മകൾ 233

5.4.3. ലാസർ 234

5.5. ശിഷ്യന്മാരുടെ സംരക്ഷണം 238

5.5.1. കാറ്റിനെയും കടലിനെയും ശാന്തമാക്കുന്നു 239

5.5.2. യേശു വെള്ളത്തിന്മീതെ നടക്കുന്നു 239

5.6. സാമ്പത്തികാത്ഭുതം 240

5.6.1. മീനിന്റെ വായിൽനിന്നു പണം 240

5.7. നശീകരണം 241

5.7.1. അത്തിയെ ശപിക്കുന്നു 241

അധ്യായം ആറ്

**പുതിയനിയമം പുതിയ ശൈലി........................................................ 243 – 297**

6.0. പുതിയനിയമശൈലി 243

6.1. ആവർത്തനങ്ങളുടെ പ്രയോഗവൈവിധ്യങ്ങൾ 243

6.1.1. വിവിധതരം ആവർത്തനങ്ങൾ 248

6.1.2. ഒരേ വാക്യത്തിന്റെ ആവർത്തനം 250

6.1.2.1. 'ഞാൻ ആകുന്നു' 252

6.1.3. ഒരേ ഘടനയുള്ള വാക്യങ്ങളുടെ ആവർത്തനം 254

6.1.4. ഒരേ ഘടനയുള്ള ചോദ്യവാക്യങ്ങൾ 255

6.1.5. ഒരേ വാക്യം വ്യത്യസ്ത സന്ദർഭങ്ങളിൽ 255

6.1.6. സമാനസന്ദർഭങ്ങളിൽ ഒരേപോലെയുള്ള സംഭാഷണം 258

6.2. ആലങ്കാരികത 259

6.2.1. ഉപമകൾ 260

6.2.2. രൂപകങ്ങൾ 260

6.2.3. അപ്രസ്തുതപ്രശംസ 261

6.2.4. പ്രാസഭംഗി 264

6.3. പഴഞ്ചൊല്ലുകൾ 264

6.3.1. ചോദ്യരൂപച്ചൊല്ലുകൾ 266

6.3.2. പഴഞ്ചൊല്ലുകൾ മറ്റു ബൈബിളിൽ 266

6.4. ബൈബിൾ ശൈലികൾ 267

6.5. വലുതു ചെറുതും 267

6.6. കൂട്ടിച്ചേർക്കൽ 268

6.7. പ്രകരണൗചിത്യമില്ലാത്തവ 268

6.8. കർത്തൃപദം ആവർത്തിക്കുന്നില്ല 269

6.9. യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം 270

6.9.1. സന്ദിഗ്ദ്ധപ്രസ്താവനകൾ (Ambiguous Sentences) 271

6.9.2. വിപരീതദ്വന്ദ്വങ്ങൾ 271

6.9.3. വിരുദ്ധോക്തി (Irony) 272

6.9.4. നാഴിക 272

6.9.5. അന്യഭാഷാ പേരുകൾക്ക് അർത്ഥം 273

6.9.6. വേറെയും വിശദീകരണങ്ങൾ 273

6.10. വൈവിധ്യമുള്ള പദകോശം 274

6.10.1. ഹീബ്രുപദങ്ങൾ 274

6.10.2. ഗ്രീക്കുപദങ്ങൾ 274

6.10.3. അരാമ്യപദങ്ങൾ 274

6.10.4. ദ്രാവിഡപദങ്ങൾ 275

6.10.5. മൃതപദങ്ങൾ 276

6.10.6. സവിശേഷപദങ്ങൾ 276

6.10.7. ആദരസൂചകപദങ്ങൾ 277

6.10.8. സമസ്തപദങ്ങൾ 277

6.10.9. ചുരുക്കിപ്രയോഗം 278

6.10.10. കൗതുകപദങ്ങൾ 278

6.10.10.1. അയ്യോ കഷ്ടം! 279

6.10.10.2. എന്നാറെ, വന്നാറെ, കണ്ടാറെ........ 279

6.11. സൂചിതകഥകൾ (Allusions) 280

6.11.1. ഹാബേലിന്റെ രക്തം 281

6.11.2. നോഹ - ജലപ്രളയം 281

6.11.3. സൊദോമിലെ സ്വവർഗരതി 282

6.11.4. മുൾപ്പടർപ്പ് കത്തുന്നു 284

6.11.5. മരുഭൂമിയിൽ മന്ന 284

6.11.6. മരുഭൂമിയിൽ സർപ്പം 285

6.11.7. കാഴ്ചയപ്പം 285

6.11.8. ആകാശത്തുനിന്നു തീ ഇറക്കി 285

6.11.9. വിധവ, നയമാൻ 286

6.11.10. യോനാ, ശലോമോൻ, തെക്കേരാജ്ഞി 287

6.12. പഴയനിയമ ആഖ്യാനവും പുതിയനിയമ ആഖ്യാനവും - ഒരു താരതമ്യം 290

6.13. സത്യവേദപുസ്തകത്തിന്റെ ഭാഷ 294

**ഉപസംഹാരം............................................................298 - 304**

**ഗ്രന്ഥസൂചി............................................................305 - 311**

**അനുബന്ധം............................................................312 - 326**

# സംക്ഷിപ്തരൂപങ്ങൾ

## പഴയനിയമത്തിലെ പുസ്തകങ്ങൾ

| | സംക്ഷിപ്തരൂപം | | പൂർണ്ണരൂപം |
|---|---|---|---|
| 1. | ഉൽപ. | : | ഉൽപത്തി |
| 2. | പുറ. | : | പുറപ്പാട് |
| 3. | ലേവ്യ. | : | ലേവ്യാപുസ്തകം |
| 4. | സംഖ്യ. | : | സംഖ്യാപുസ്തകം |
| 5. | ആവ. | : | ആവർത്തനപുസ്തകം |
| 6. | യോശു. | : | യോശുവ |
| 7. | ന്യായ. | : | ന്യായാധിപന്മാർ |
| 8. | രൂത്ത്. | : | രൂത്ത് |
| 9. | 1 ശമൂ. | : | 1 ശമൂവേൽ |
| 10. | 2 ശമൂ. | : | 2 ശമൂവേൽ |
| 11. | 1 രാജാ. | : | 1 രാജാക്കന്മാർ |
| 12. | 2 രാജാ. | : | 2 രാജാക്കന്മാർ |
| 13. | 1 ദിന. | : | 1 ദിനവൃത്താന്തം |
| 14. | 2 ദിന. | : | 2 ദിനവൃത്താന്തം |
| 15. | എസ്രാ. | : | എസ്രാ |
| 16. | നെഹെ. | : | നെഹെമ്യാവ് |
| 17. | എസ്ഥേ. | : | എസ്ഥേർ |
| 18. | ഇയ്യോ. | : | ഇയ്യോബ് |
| 19. | സങ്കീ. | : | സങ്കീർത്തനങ്ങൾ |
| 20. | സദൃ. | : | സദൃശവാക്യങ്ങൾ |
| 21. | സഭാ. | : | സഭാപ്രസംഗി |
| 22. | ഉത്ത. | : | ഉത്തമഗീതം |
| 23. | യെശ. | : | യെശയ്യാവ് |
| 24. | യിരെ. | : | യിരെമ്യാവ് |
| 25. | വിലാ. | : | വിലാപങ്ങൾ |
| 26. | യെഹെ. | : | യെഹെസ്കേൽ |

| | | | |
|---|---|---|---|
| 27. | ദാനീ. | : | ദാനീയേൽ |
| 28. | ഹോശേ. | : | ഹോശേയ |
| 29. | യോവേ. | : | യോവേൽ |
| 30. | ആമോ. | : | ആമോസ് |
| 31. | ഓബ. | : | ഓബദ്യാവ് |
| 32. | യോന. | : | യോനാ |
| 33. | മീഖ. | : | മീഖാ |
| 34. | നഹൂം. | : | നഹൂം |
| 35. | ഹബ. | : | ഹബക്കൂക് |
| 36. | സെഫ. | : | സെഫന്യാവ് |
| 37. | ഹഗ്ഗാ. | : | ഹഗ്ഗായി |
| 38. | സെഖ. | : | സെഖര്യാവ് |
| 39. | മലാ. | : | മലാഖി |

## പുതിയനിയമത്തിലെ പുസ്തകങ്ങൾ

| | സംക്ഷിപ്തരൂപം | | പൂർണ്ണരൂപം |
|---|---|---|---|
| 1. | മത്താ. | : | മത്തായി |
| 2. | മർക്കൊ. | : | മർക്കൊസ് |
| 3. | ലൂക്കൊ. | : | ലൂക്കൊസ് |
| 4. | യോഹ. | : | യോഹന്നാൻ |
| 5. | അപ്പൊ.പ്ര. | : | അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ |
| 6. | റോമ. | : | റോമർ |
| 7. | 1 കൊരി. | : | 1 കൊരിന്ത്യർ |
| 8. | 2 കൊരി. | : | 2 കൊരിന്ത്യർ |
| 9. | ഗലാ. | : | ഗലാത്യർ |
| 10. | എഫെ. | : | എഫെസ്യർ |
| 11. | ഫിലി. | : | ഫിലിപ്പിയർ |
| 12. | കൊലൊ. | : | കൊലൊസ്സ്യർ |
| 13. | 1 തെസ്സ. | : | 1 തെസ്സലൊനീക്യർ |
| 14. | 2 തെസ്സ. | : | 2 തെസ്സലൊനീക്യർ |
| 15. | 1 തിമൊ. | : | 1 തിമൊഥെയൊസ് |
| 16. | 2 തിമൊ. | : | 2 തിമൊഥെയൊസ് |
| 17. | തീത്തൊ. | : | തീത്തൊസ് |
| 18. | ഫിലേ. | : | ഫിലേമോൻ |
| 19. | എബ്രാ. | : | എബ്രായർ |
| 20. | യാക്കോ. | : | യാക്കോബ് |
| 21. | 1 പത്രൊ. | : | 1 പത്രൊസ് |

| | | | |
|---|---|---|---|
| 22. | 2 പത്രൊ. | : | 2 പത്രൊസ് |
| 23. | 1 യോഹ. | : | 1 യോഹന്നാൻ |
| 24. | 2 യോഹ. | : | 2 യോഹന്നാൻ |
| 25. | 3 യോഹ. | : | 3 യോഹന്നാൻ |
| 26. | യൂദ. | : | യൂദാ |
| 27. | വെളി. | : | വെളിപ്പാട് |

# ഉപക്രമം

ബൈബിൾ ഒരു വിശ്വസാഹിത്യകൃതിയാണ്. ഇതിഹാസങ്ങളും പുരാണങ്ങളും ബൃഹദ്കഥകളും ചേർന്ന വലുതും സങ്കീർണ്ണവുമായ ആഖ്യാനങ്ങളുടെ ഇടയിൽ വിശേഷമായൊരു സ്ഥാനം അതിനു കൈവന്നിട്ടുണ്ട്. ആത്മീയപരിവേഷം, നിരന്തരമായ വായന, വിവർത്തനങ്ങൾ, വ്യാഖ്യാനങ്ങൾ, വിശകലനങ്ങൾ, പുനരാവിഷ്കാരങ്ങൾ, അനുകല്പനം എന്നിവയിലൂടെ പുസ്തകലോകത്ത് സമുന്നതമായ സ്ഥാനം ഉറപ്പിച്ചെടുക്കാൻ ബൈബിളിന് കഴിഞ്ഞു. ലോകമെങ്ങുമുള്ള കലാകാരരുടെയും ഗവേഷകരുടെയും ചിന്തകരുടെയുമൊക്കെ ആശയരൂപീകരണത്തിൽ ശക്തമായ പ്രഭാവം ചെലുത്താൻ അതിനു സാധിച്ചു. കഥകളുടെയും വിചിന്തനങ്ങളുടെയും അക്ഷയഖനിയാണത്.

യിസ്രായേലിലും പാലസ്തീനിലും ഈജിപ്തുപോലുള്ള സമീപദേശങ്ങളിലും കഴിഞ്ഞുകൂടിയ യഹൂദജനതയുടെ ജീവിതത്തിൽനിന്ന് രൂപമെടുത്തതാണെങ്കിലും ബൈബിൾ എന്ന ഗ്രന്ഥത്തിലെ പ്രതിപാദ്യം ലോകമെമ്പാടുമുള്ള ജനതകളുടെ മാനസികവും ഭൗതികവുമായ ജീവിതവുമായി കണ്ണിചേർന്നുകൊണ്ട് സജീവമായിരിക്കുന്നു. യഹൂദമതത്തിൽനിന്ന് ഉരുത്തിരിഞ്ഞ ക്രിസ്തുമതത്തിന്റെ ആത്മീയഗ്രന്ഥം എന്ന നിലയിലാണ് ബൈബിൾ പൊതുവെ അറിയപ്പെടുന്നത്. എങ്കിലും, അതിന്റെ ചരിത്രപരവും സാമൂഹികവുമായ അസ്തിത്വം സ്ഥല-കാല-വംശപരമായ അതിരുകളെ ഭേദിച്ചുള്ളതാണ്.

ബൈബിളിന് പ്രധാനമായി രണ്ടു ഭാഗങ്ങളുണ്ട്; പഴയനിയമവും പുതിയനിയമവും. ഇതിൽ ക്രിസ്തുമതവിശ്വാസികൾ പരമപ്രാധാന്യത്തോടെ പരിചരിക്കുന്ന പുതിയനിയമഭാഗത്തെ അക്കാദമികമായ ഗൗരവത്തോടെ സമീപിക്കുവാനാണ് ഈ പ്രബന്ധത്തിൽ തുനിയുന്നത്. പുതിയനിയമത്തിന്റെ ഇഴകളെന്നു വിശേഷിപ്പിക്കാവുന്ന ആഖ്യാനങ്ങളുടെ കഥനസ്വഭാവത്തെ ശ്രദ്ധിച്ചുകൊണ്ട് വിശകലനം ചെയ്യുന്നത് ബൈബിളിന്റെ ആഖ്യാനസൗന്ദര്യത്തെയും ആശയധ്വനികളെയും ആഴത്തിൽ അറിയുവാൻ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

### 0.1. പഠനലക്ഷ്യം

*ബൈബിൾക്കഥകളുടെ രചനാശില്പം: പുതിയനിയമത്തിലെ ആഖ്യാനങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനം* എന്ന ശീർഷകം സൂചിപ്പിക്കുന്നതുപോലെ, ബൈബിളിലെ പുതിയനിയമകഥകളാണ് ഇതിൽ പഠനവിധേയമാക്കുന്നത്. കഥകളുടെ പല തരത്തിലുള്ള മാതൃകകൾ യേശുവിന്റെ ജീവിതം ആഖ്യാനം ചെയ്യുന്നതിന്റെ ഭാഗമായി സവിശേഷമായ രീതിയിൽ ഘടിപ്പിച്ചവതരിപ്പിക്കുകയാണ് പുതിയനിയമത്തിൽ ചെയ്തിരിക്കുന്നത് എന്ന പൂർവ്വധാരണയോടെയാണ് ഈ അന്വേഷണം നിർവ്വഹിക്കുന്നത്. കഥകളുടെ

ഒരു സമാഹാരമായി ബൈബിളിനെ കാണുന്നുവെന്നു വേറൊരു തരത്തിൽ പറയാം. പുതിയനിയമത്തിലെ ആഖ്യാനാത്മകകൃതികൾ സുവിശേഷങ്ങൾ, അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ എന്നിവയാണ്. മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നിവരുടെ പേരിൽ അറിയപ്പെടുന്ന നാലു സുവിശേഷങ്ങളിലെ പലതരം കഥകൾ ഈ പ്രബന്ധത്തിൽ ആഖ്യാനപരവും ഘടനാപരവും ശൈലീപരവുമായ വശങ്ങളിൽ ശ്രദ്ധയൂന്നിക്കൊണ്ട് അപഗ്രഥിക്കുന്നു. ആഖ്യാനതന്ത്രങ്ങളും സവിശേഷശൈലികളുമാണ് രചനാശില്പം എന്നതുകൊണ്ട് ലക്ഷ്യമാക്കുന്നത്.

പുതിയനിയമത്തിലെ ആഖ്യാനതന്ത്രങ്ങൾ പഴയനിയമത്തിൽനിന്നു വ്യത്യസ്തമാണ്. പഴയനിയമത്തിലെ ആഖ്യാനങ്ങൾ ദൈർഘ്യമേറിയവയാണ്. പുതിയനിയമത്തിലെ ആഖ്യാനങ്ങൾ ഹ്രസ്വമാണ്. പരത്തിപ്പറച്ചിൽ പുതിയനിയമകഥകളിൽ കാണാനില്ല. പഴയനിയമത്തിൽ ജനതകളുടെ ചരിതം പ്രതിപാദിക്കുകയോ നായകരുടെ ജീവിതം പ്രതിപാദിക്കുകയോ ഒക്കെയാണ് ചെയ്യുന്നത്. അതല്ല പുതിയനിയമത്തിലെ രീതി. ഇവിടെ പുതിയൊരു ജീവിതദർശനം അവതരിപ്പിക്കുന്നതിന്റെ ഭാഗമായി യേശുവിന്റെ ജീവിതം വിവരിക്കുകയാണ് ചെയ്യുന്നത്. യേശുവിന്റെ ജീവിതമാണ് യേശുവിന്റെ സന്ദേശം എന്നു പറയാം. ആ സന്ദേശമാണ് പുതിയനിയമത്തിന്റെ ആഖ്യാനത്തിലൂടെ പ്രസരിപ്പിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ മിക്കവാറും സോദ്ദേശ്യകഥകളാണ് പുതിയനിയമത്തിലേത് എന്നു വരുന്നു. അവയുടെ ആഖ്യാനകലയാണ് ഈ പഠനത്തിലൂടെ വെളിപ്പെടുത്തുവാൻ ശ്രമിക്കുന്നത്.

**0.2. പഠനമേഖല**

മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നിങ്ങനെ നാലുപേർ ആഖ്യാനം ചെയ്തിട്ടുള്ള യേശുവിന്റെ ജീവിതമാണ് പുതിയനിയമത്തിന്റെ പ്രധാന ഉള്ളടക്കം. ഇവ നാലു സുവിശേഷങ്ങൾ എന്ന് അറിയപ്പെടുന്നു. നാലു സുവിശേഷങ്ങളിലെ വിവിധതരം ആഖ്യാനങ്ങൾ ആസ്പദമാക്കിയാണ് പഠനം നിർവ്വഹിക്കുന്നത്. വിവിധതരം ആഖ്യാനങ്ങൾ എന്നത് വിശദീകരിക്കേണ്ടിയിരിക്കുന്നു. സുവിശേഷങ്ങളിലെ മുഖ്യപ്രതിപാദനം യേശുവിനെപ്പറ്റിയാണ്. യേശുവിന്റെ ജനനം, പ്രവർത്തനങ്ങൾ, ഉപദേശങ്ങൾ, മരണ-പുനരുത്ഥാനങ്ങൾ എന്നിവയാണ് നാലുസുവിശേഷങ്ങളിലെയും പ്രമേയം. ഈ പ്രധാനപ്രമേയങ്ങൾക്കിടയിൽ അത്ഭുതകഥകൾ, ഉപമകൾ തുടങ്ങിയവയും സുവിശേഷങ്ങളിൽ ഉൾച്ചേർക്കപ്പെട്ടിട്ടുണ്ട്. ഇത്തരം ലഘു ആഖ്യാനങ്ങളും അവയുടെ ഭാഷാശൈലിയുമാണ് ഇവിടെ പ്രധാനമായി പരിശോധിക്കപ്പെടുന്നത്. അതിനാൽ ആഖ്യാനശാസ്ത്രത്തിന്റെ മേഖലയിലാണ് രീതിശാസ്ത്രപരമായി ഈ പഠനം നിലകൊള്ളുന്നതെന്നു പറയാം.

**0.3. പഠനത്തിന്റെ പ്രസക്തി**

മലയാളസാഹിത്യത്തിലെ ബൈബിളിന്റെ സ്വാധീനത ധാരാളം പഠിക്കപ്പെട്ടിട്ടുണ്ട്. മലയാളത്തിലെ മഹാകാവ്യം, കവിത, കഥ, നോവൽ, നാടകം, തുടങ്ങിയ മേഖലകളിലു

ള്ള വേദപുസ്തകസ്വാധീനത ഇതിനോടകം അന്വേഷിക്കപ്പെട്ടിരിക്കുന്നു. ഇപ്പറഞ്ഞ എല്ലാ സാഹിത്യരൂപങ്ങളിലും ബൈബിൾ സ്വാധീനം ചെലുത്തിയെങ്കിൽ ആ സാഹിതീയസ്രോതസ്സിന്റെ രചനാശില്പംതന്നെ അന്വേഷിക്കപ്പെടേണ്ടതാണെന്ന ചിന്തയാണ് ഈ പഠനത്തിലേക്ക് നയിച്ചത്. ബൈബിളിനെത്തന്നെ ഒരു സാഹിത്യകൃതിയായി കാണുമ്പോൾ അതൊരു മാനവികപഠനവസ്തുവായി പരിണമിക്കും. അത്തരമൊരു ഇടപെടൽ ബൈബിളിലെ ആഖ്യാനപരമായ സവിശേഷതകളും ശൈലീവ്യതിരിക്തതകളും നിരീക്ഷിച്ചുകൊണ്ട് വികസിപ്പിക്കുന്നത് ആ രചനയുടെ സാഹിതീയമായ സവിശേഷതകളിലേക്ക് വെളിച്ചം വീശുമെന്ന ധാരണയും പഠനത്തിന് വഴികാട്ടി. ഈ സമീപനപരമായ വ്യതിരിക്തതയാണ് പ്രാഥമികമായി ഈ പഠനത്തെ പ്രസക്തമാക്കുന്നത്. ബൈബിളിലെ കഥകൾ ലക്ഷണമൊത്ത ചെറുകഥകളാണെന്നു നിരീക്ഷിക്കപ്പെട്ടിട്ടുണ്ട് (ജോർജ് 2011:254). ഇതു പരിഗണിക്കപ്പെടേണ്ടതും പരിശോധിക്കപ്പെടേണ്ടതുമാണ്. ആ നിലയിലും ഈ പഠനം പ്രസക്തമാകുന്നു. ആധുനികചെറുകഥകളുടെ ആഖ്യാനവിശകലനംപോലെതന്നെ പ്രസക്തമാണ് ബൈബിൾക്കഥാപഠനവും. മതപരമായ ഒരു മണ്ഡലത്തിൽവച്ചുമാത്രം സമീപിച്ചുവരുന്ന ഒരു രചനയെ സാഹിതീയമായ ഒരു പഠനവസ്തുവാക്കി പരിവർത്തിപ്പിക്കുന്നത് ഒരേ സമയം സാഹിത്യത്തെ സംബന്ധിച്ച സാമ്പ്രദായികധാരണകളെയും മതത്തെ സംബന്ധിച്ച ധാരണകളെയും നവീകരിക്കുന്നതിനു കഴിയുമെന്ന പ്രതീക്ഷയും ഈ പഠനത്തിൽ അന്തർഭവിച്ചിരിക്കുന്നു. ഇതും ഈ പഠനത്തെ മൂല്യവത്താക്കിത്തീർക്കുന്നുണ്ട്.

### 0.4. പഠനരീതി

ബൈബിൾക്കഥയുടെ രചനാശില്പപരിശോധനയ്ക്ക് ആഖ്യാനശാസ്ത്രത്തിന്റെ രീതിപദ്ധതിയാണ് അടിത്തറയാക്കുന്നതെന്ന് സൂചിപ്പിച്ചു. ബൈബിളിന്റെ ഭാഷാപരമായ പ്രത്യേകതകൾ പരിശോധിക്കുന്ന സന്ദർഭങ്ങളിൽ ശൈലീചിന്തയുടെ രീതിപദ്ധതികളും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ രണ്ടു ചിന്താപദ്ധതികളെയും യാന്ത്രികമായി പിന്തുടർന്ന് പഠനത്തെ സങ്കേതജടിലമാക്കാൻ ശ്രമിച്ചിട്ടില്ല. രീതിശാസ്ത്രത്തെ ഉദാഹരിക്കുക എന്നതല്ല ഇവിടെ ലക്ഷ്യമാക്കിയിരിക്കുന്നതെന്നു സാരം. മറിച്ച് ബൈബിൾ എന്ന മഹാഖ്യാനത്തിന്റെ ആദ്ധ്യാത്മികതയ്ക്കും സാഹിത്യാത്മകതയ്ക്കും നിദാനമായിരിക്കുന്ന ആഖ്യാനസവിശേഷതകളെ കണ്ടറിയുവാൻ ഉതകുന്ന രീതിയിൽ സ്വതന്ത്രമായ ഒരു രചനാശില്പപരിശോധനയാണ് ഈ പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്.

### 0.5. പഠനവസ്തു

മലയാളത്തിൽ നാലു ബൈബിൾ പരിഭാഷകൾ വ്യാപകമായി പ്രചാരത്തിലുണ്ട്: *സത്യവേദപുസ്തകം, പി.ഒ.സി. ബൈബിൾ, മലയാളം ബൈബിൾ, വിശുദ്ധഗ്രന്ഥം.* ഇതിൽ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ, ബാംഗ്ലൂർ പ്രസിദ്ധീകരിച്ച *സത്യവേദപുസ്തക*മാണ് ഈ പഠനത്തിന് അവലംബമാക്കിയിരിക്കുന്നത്. മലയാളത്തിലെ മറ്റു ബൈബിളുകളിൽനിന്ന് വ്യത്യസ്തമായ വ്യക്തിത്വം *സത്യവേദപുസ്തക*ത്തിനുണ്ട്. ഇതിലെ ഭാഷ പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന മലയാളഗദ്യത്തിന്റെ വഴികളോ വഴ

ക്കങ്ങളോ പിന്തുടരുന്ന ഒന്നല്ല. തനതായ ഒരു വഴക്കമാണ് അതിനുള്ളത്. സവിശേഷമായ ഒരു ഭാഷാസൗകുമാര്യം അനുഭവപ്പെടുത്താൻ അതിലെ ഭാഷയ്ക്ക് കഴിയുന്നുണ്ട്. പ്രഥമ ശ്രവണത്തിൽത്തന്നെ മലയാളത്തിലെ ബൈബിളിന്റെ വിശേഷഭാഷാശൈലിയും ആഖ്യാനഘടനയുമെന്ന് ആർക്കും വേറിട്ടറിയാൻ കഴിയുന്ന പ്രത്യേകത ഈ ഗദ്യഭാഷയ്ക്കുണ്ട്.

മലയാളത്തിലെ ആദ്യകാലഎഴുത്തുകാരുടെ രചനാരീതിയെ ഏറെ സ്വാധീനിച്ച ഗ്രന്ഥം കൂടിയാണ് *സത്യവേദപുസ്തകം*. ആദ്യകാലമലയാളനോവൽ വിവർത്തകർ മാത്രമല്ല, പാറപ്പുറത്ത്, സി.ജെ.തോമസ്, കാക്കനാടൻ, സി.വി.ബാലകൃഷ്ണൻ, പെരുമ്പടവം ശ്രീധരൻ, കെ.പി.അപ്പൻ, ഗ്രേസി തുടങ്ങിയവരുടെ കൃതികളിലെ ബൈബിൾ സ്വാധീനതയ്ക്ക് അടിപ്പടവായിരിക്കുന്നത് *സത്യവേദപുസ്തക*ത്തിലെ ഭാഷാശൈലിയാണെന്നു സ്പഷ്ടമാണ്. അങ്ങനെ നോക്കുമ്പോൾ മലയാളഭാഷയിൽ ഒട്ടേറെ ചലനങ്ങളുണ്ടാക്കിയ കൃതിയാണത്. ഇക്കാര്യം പരിഗണിച്ചുകൊണ്ട് *സത്യവേദപുസ്തക*ത്തിന്റെ ആഖ്യാനസംബന്ധവും ഭാഷാശൈലീപരവുമായ സവിശേഷതകൾ അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്തിരിക്കുന്നത്. ചില ഘട്ടങ്ങളിൽ മേൽസൂചിപ്പിച്ച മറ്റു ബൈബിൾ വിവർത്തനങ്ങളുമായി *സത്യവേദപുസ്തക*ത്തെ താരതമ്യം ചെയ്യുന്നുമുണ്ട്.

സ്വാഭാവികമായും ബൈബിളിനെ നിരന്തരം പരാമർശിക്കുവാനും ഉദ്ധരിക്കുവാനും ഈ പ്രബന്ധത്തിൽ പഠിതാവ് നിർബന്ധിതനാണ്. ബൈബിൾഗവേഷണപ്രബന്ധങ്ങളിൽ സാർവ്വദേശീയമായി ഉപയോഗിച്ചുവരുന്ന റഫറൻസ് രീതിയാണ് ഈ പഠനത്തിൽ കൈക്കൊണ്ടിരിക്കുന്നത്. ഗ്രന്ഥനാമത്തിന്റെ ചുരുക്കെഴുത്ത്, അധ്യായത്തിന്റെ നമ്പർ, വാക്യത്തിന്റെ നമ്പർ എന്നിങ്ങനെ (ഉദാ. മത്താ.8:11, ലൂക്കൊ.4.10-18). ബൈബിളിനു പുറത്തുള്ള കൃതികൾക്ക് ഗ്രന്ഥകാരന്റെ പേര്, പുസ്തകം പ്രസിദ്ധീകരിച്ച വർഷം, പേജ് നമ്പർ എന്ന റഫറൻസ് രീതിയും സ്വീകരിച്ചിരിക്കുന്നു. ബൈബിളിലെ ഗ്രന്ഥനാമങ്ങളും മറ്റു സംജ്ഞാനാമങ്ങളും *സത്യവേദപുസ്തക*ത്തിലേതുപോലെ ഉൽപത്തി, സദൃശവാക്യങ്ങൾ, മർക്കൊസ്, വെളിപ്പാട്, അബ്രാഹാം, മോശെ എന്നിങ്ങനെയാണ് ഈ പ്രബന്ധത്തിൽ ഉപയോഗിക്കുന്നത്.

**0.6. പൂർവ്വപഠനങ്ങൾ**

മലയാളസാഹിത്യത്തിൽ ബൈബിളിന്റെ സ്വാധീനതയെപ്പറ്റി ധാരാളം പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ബൈബിളിനെ മുഖ്യാവലംബമാക്കിയുള്ള അന്വേഷണങ്ങൾ പരിമിതമാണ്. അരുൺ തോമസ് മദ്രാസ് സർവ്വകലാശാലയിൽ എം.ഫിൽ. ബിരുദത്തിനു വേണ്ടി സമർപ്പിച്ച *ബൈബിൾലക്ഷകങ്ങൾ ഒരു ധൈഷണികഭാഷാശാസ്ത്രപഠനം* (2009) ഇതു സംബന്ധിച്ചുണ്ടായ ആദ്യപ്രബന്ധമാണ്. റോയ്സ് പി ഡേവിഡ് കേരള സർവ്വകലാശാലയിൽ സമർപ്പിച്ച *ബൈബിളിന്റെ സംവേദനത്തിൽ രചനാശില്പത്തിന്റെ പ്രാധാന്യം: തിരഞ്ഞെടുത്ത പഴയനിയമപുസ്തകങ്ങളെ ആസ്പദമാക്കിയുള്ള പഠനം* എന്ന പിഎച്ച്.ഡി. പ്രബന്ധമാണ് ഈ മേഖലയിലുണ്ടായ മറ്റൊരു ശ്രദ്ധേയമായ പഠനം (2013). ആഖ്യാനശാസ്ത്രത്തിന്റെ രീതിശാസ്ത്രമുപയോഗിച്ചുകൊണ്ട് മലയാളം ബൈബിളിനെ പഠി

ക്കുന്ന ആദ്യശ്രമമാണ് ഇത്. ഈ പ്രബന്ധത്തിൽ പഴയനിയമത്തിലെ തിരഞ്ഞെടുത്ത 7 കൃതികളിലെ ആഖ്യാനതന്ത്രങ്ങൾ വിശകലനം ചെയ്യുന്നു. മേല്പറഞ്ഞ രണ്ടു പ്രബന്ധങ്ങളിലും *സത്യവേദപുസ്തക*മാണ് അടിസ്ഥാനാകരമായി സ്വീകരിച്ചിരിക്കുന്നത്. പുതിയനിയമത്തെ അവലംബിച്ച് ഇങ്ങനെയൊരു സമീപനം വികസിപ്പിക്കുവാനാണ് ഈ പഠനത്തിൽ ശ്രമിക്കുന്നത്. ബൈബിളിന്റെ എഴുത്തുകാർ വ്യത്യസ്തരായതിനാലും അതിനനുസരിച്ച് ആഖ്യാനഭേദം ഉണ്ടാകുന്നതുകൊണ്ടും ബൈബിളിലെ മറ്റു പുസ്തകങ്ങളെയും ഇതുപോലെ പഠിക്കുവാനുള്ള സാധ്യത തുറന്നുകിടക്കുന്നു. ആ വഴിക്കുള്ള അന്വേഷണമാണ് ഈ പ്രബന്ധം.

**0.7. പ്രബന്ധഘടന**

ഈ പ്രബന്ധത്തിന് ആറ് ആധ്യായങ്ങളാണുള്ളത്. ഒന്നാമത്തെ അദ്ധ്യായം 'ആഖ്യാനപഠനത്തിന് ഒരു ആമുഖം' എന്ന ശീർഷകത്തിലാണ് സംവിധാനം ചെയ്തിരിക്കുന്നത്. സമീപനപരമായ ഒരു ദിശാബോധം കൈവരിക്കുവാനുള്ള യത്നം എന്ന നിലയിലാണ് അതിനെ കാണേണ്ടത്. അവിടെ രചനാശില്പസംബന്ധമായ സിദ്ധാന്തങ്ങൾ പഠിച്ചിരിക്കുന്നു. ആഖ്യാനശാസ്ത്രത്തിന്റെ വിവിധ മേഖലകളും ശൈലീചിന്തകളും പരിചയപ്പെടാനും ശ്രമിച്ചിരിക്കുന്നു. രണ്ടാമധ്യായം 'ബൈബിൾ ഒരു മഹാഖ്യാനം' ആണ്. ഇതിൽ ബൈബിൾ എന്ന വിശ്വസാഹിത്യകൃതിയുടെ ആവിർഭാവം, എഴുത്തുകാർ, ബൈബിളിലെ സാഹിത്യരൂപങ്ങൾ, 66 പുസ്തകങ്ങളുടെ ഉള്ളടക്കം, മലയാളം ബൈബിളിന്റെ വിവർത്തനചരിത്രം, മലയാളത്തിൽ ബൈബിളിന്റെ സ്വാധീനത തുടങ്ങിയ കാര്യങ്ങൾ വിശദീകരിക്കുന്നു. 'സുവിശേഷാഖ്യാനങ്ങളും യേശുകഥകളും' എന്ന മൂന്നാമധ്യായത്തിൽ നാല് സുവിശേഷങ്ങളെപ്പറ്റിയും അവയിലെ യേശുകഥകളെപ്പറ്റിയും പ്രതിപാദിക്കുന്നു. 'ഉപമകളുടെ കലാതന്ത്രം' എന്ന തലക്കെട്ടോടുകൂടിയ നാലാമധ്യായത്തിൽ സുവിശേഷങ്ങളിലെ ഉപമ(Parables)കളുടെ ആഖ്യാനവിശകലനം നടത്തുന്നു. 'അത്ഭുതകഥകളുടെ ആഖ്യാനരഹസ്യങ്ങൾ' ആണ് അഞ്ചാമധ്യായം. അതിൽ, യേശു ചെയ്ത അത്ഭുതങ്ങളുടെ പ്രതിപാദനരീതികൾ പഠനവിധേയമാക്കുന്നു. 'പുതിയനിയമം പുതിയശൈലി' എന്ന പേരിലുള്ള ആറാമധ്യായത്തിൽ സുവിശേഷങ്ങളിലെ ശൈലീപരമായ പ്രത്യേകതകൾ വിശകലനം ചെയ്യുന്നു. ഈ പഠനത്തിൽനിന്ന് ഉരുത്തിരിഞ്ഞ വസ്തുതകൾ ചർച്ച ചെയ്ത് ക്രോഡീകരിച്ച് നിഗമനങ്ങൾ രേഖപ്പെടുത്തുകയാണ് ഉപസംഹാരത്തിൽ ചെയ്തിരിക്കുന്നത്.

# അധ്യായം ഒന്ന്

# ആഖ്യാനപഠനത്തിന് ഒരു ആമുഖം

### 1.0. ആമുഖം

കഥയുടെ പറച്ചിൽ അഥവാ അവതരണത്തെ ആഖ്യാനം എന്നു പറയുന്നു. ആഖ്യാനത്തിന് ഒരു വക്താവും ശ്രോതാവും അനിവാര്യമാണ്. ഒരു കഥ പല തരത്തിൽ അവതരിപ്പിക്കാം. അതുകൊണ്ടുതന്നെ പല ആഖ്യാനവഴികളിൽ ഏറ്റവും ഉചിതമെന്നു തോന്നുന്ന സമ്പ്രദായമായിരിക്കും ആഖ്യാതാവ് കൈക്കൊള്ളുക. ആഖ്യാനത്തിൽ ആഖ്യാതാവ് സ്വീകരിക്കുന്ന രചനാതന്ത്രങ്ങളാണ് ആഖ്യാനശാസ്ത്രത്തിൽ വിശകലനം ചെയ്യുന്നത്. ആഖ്യാനമെന്ന പദം വിവിധ കലാമേഖലകളെയും സാംസ്കാരികവിനിമയങ്ങളെയും മുൻനിറുത്തി വിപുലാർത്ഥത്തിൽ ഉപയോഗിച്ചുവരുന്നുണ്ടെങ്കിലും കഥാസാഹിത്യസൃഷ്ടിയുടെ മേഖലയിലാണ് ഇത് പ്രധാനമായി വിചിന്തനവിധേയമാകുന്നത്.

മനുഷ്യൻ ഭാഷയെ ലിഖിതമാധ്യമമെന്ന നിലയിൽ ഉപയോഗിക്കുന്നതിനും മുമ്പ്, സംസാരഭാഷാപ്രയോഗം മാത്രം സാധ്യമായ കാലത്തുതന്നെ, ആഖ്യാനപ്രക്രിയയും ആരംഭിച്ചു. അനുഭവങ്ങൾ, സംഭവങ്ങൾ ആഖ്യാനം ചെയ്യുകയെന്നത് ജീവിതത്തിന്റെ ഭാഗമായി. സംഭവങ്ങൾ പറഞ്ഞാൽ മാത്രം പോരാ, ആ പറച്ചിലിൽ കാര്യമുണ്ടാവണം എന്നതാണ് മുഖ്യം. പറയാനുള്ളത് രസകരമായും മറ്റുള്ളവരുടെയാകെ ശ്രദ്ധ ആകർഷിക്കുന്നതരത്തിലും പറയണമെങ്കിൽ പറച്ചിലിലും കാര്യമുണ്ടാവണം. കാര്യകാരണബന്ധവും ഉണ്ടാവണം. ഇതിനായി വക്താവ് - എഴുത്തുകാരൻ - കലാകാരൻ പല കൗശലങ്ങളും കൈക്കൊള്ളണം. ആവിഷ്കാരരീതിയിൽ മാറ്റം വരുത്തി, സരസമാക്കി ഒരേ പ്രതിപാദ്യംതന്നെ ആസ്വാദ്യമാക്കി അനുവാചകന്റെ മുന്നിൽ എത്തിക്കുന്നു. വേണ്ടതു സ്വീകരിച്ചും വേണ്ടാത്തത് ഒഴിവാക്കിയും ചിട്ടപ്പെടുത്തിയും കോതിമിനുക്കിയും ആഖ്യാതാവ് കഥപറയുന്നു. ആഖ്യാനതന്ത്രത്തിന്റെ കല വശമാക്കുന്നവർക്കു മാത്രമേ ഈ യത്നത്തിൽ ശോഭിക്കാൻ കഴിയൂ. ഭാവന, ജീവിതാനുഭവം, ഔചിത്യബോധം, സൗന്ദര്യബോധം, ജന്മവാസന, അഭ്യാസബലം തുടങ്ങിയവ ഇവിടെ വക്താവിന് ആത്മബലം നല്കും.

### 1.1. കഥ, ആഖ്യാനം

കഥ എന്ത് എന്നതിനെക്കാൾ കഥ എങ്ങനെ പറയുന്നു എന്നതാകുന്നു കഥാഖ്യാനചിന്തയ്ക്ക് ആസ്പദമായിരിക്കുന്നത്. ആര്, എപ്പോൾ, എവിടെ, എന്ത്, എന്തിന് എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ആഖ്യാനത്തിൽ ഉൾപ്പെടുന്നു. ഇതിൽ ആര് എന്നത് ആഖ്യാതാവിനെയും എപ്പോൾ എന്നത് ആഖ്യാനകാലത്തെയും എവിടെ എന്നത് ആഖ്യാനസ്ഥല

ത്തെയും എന്ത് എന്ന ചോദ്യം ആഖ്യാനവസ്തുവിനെയും എങ്ങനെ എന്നുള്ളത് ആഖ്യാനരീതിയെയും കാണിക്കുന്നു. ഒരു ആഖ്യാനത്തിൽ ഒഴിവാക്കാനാവാത്ത വസ്തുതകളാണിവ. ഈ ഘടകങ്ങൾ ഉചിതമായി കൂടിച്ചേരുമ്പോഴാണ് സാർത്ഥകമായ ആഖ്യാനം പിറവിയെടുക്കുന്നത്.

കഥയിൽ മൂന്ന് അടിസ്ഥാനഘടകങ്ങൾ ഉണ്ട്: കഥ, ഇതിവൃത്തം, ആഖ്യാനം. എം.ടി വാസുദേവൻനായരുടെ ഒരു വടക്കൻ വീരഗാഥ എന്ന തിരക്കഥയും ആ കഥയ്ക്ക് ആസ്പദമായ വടക്കൻപാട്ടും ചേർത്തുവച്ചു പരിശോധിച്ചാൽ ഈ വൈവിദ്ധ്യത്തിന്റെ ആശയം വ്യക്തമാകും. വടക്കൻപാട്ടിൽ സംഭവങ്ങൾ ഒരു പ്രത്യേകതരത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. അതു തിരക്കഥയാക്കിയപ്പോൾ എം.ടി. അതിന്റെ ക്രമീകരണത്തിലും കാര്യകാരണബന്ധത്തിലും ചില മാറ്റങ്ങൾ വരുത്തി. ഈ തിരക്കഥയെ സിനിമയാക്കുന്ന സംവിധായകൻ ചിത്രത്തിന്റെ അനുയോജ്യതയെ ആധാരമാക്കിയും ദൃശ്യപ്പൊലിമയ്ക്കു വേണ്ടിയും മറ്റും അതിനെ ഒന്നുകൂടി ഉടച്ചുവാർക്കുന്നു. വടക്കൻപാട്ട് ഇവിടെ കഥയാണ്. ആ കഥയെ അടിസ്ഥാനമാക്കി നിർമ്മിച്ച തിരക്കഥയെ ഇതിവൃത്തമെന്നു പറയാം. ഈ ഇതിവൃത്തത്തെ ആധാരമാക്കി നിർമ്മിച്ച സിനിമയെ ആഖ്യാനമെന്നു വിളിക്കാം. കഥ പറയുമ്പോൾ സംഭവങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തേണ്ടതുണ്ട്. വടക്കൻപാട്ടിന്റെ ഉദാഹരണത്തിൽ 'ചന്തു' എന്ന കഥാപാത്രത്തെ കഥയിൽ സ്വീകരിക്കേണ്ടത് എങ്ങനെ എന്ന കാര്യത്തിൽ വടക്കൻപാട്ടുകാരനും എം.ടിയും വ്യത്യസ്ത നിലപാടുകളാണു കൈക്കൊള്ളുക. ഇവയിലെ സംഭവങ്ങളുടെ തിരഞ്ഞെടുപ്പും ക്രമീകരണവുമാണ് ശൃംഖലയ്ക്ക് (Sequence) ആധാരം. മേൽപ്പറഞ്ഞ മൂന്നുപേരും അവരവർക്ക് ഉചിതമായിത്തോന്നിയ നിർമ്മിതിക്കായി നടത്തിയ തന്ത്രങ്ങളാണ് അവയെ വ്യത്യസ്ത ആഖ്യാനങ്ങളാക്കിത്തീർത്തത്.

കഥ ആഖ്യാനത്തിലൂടെ കൃതിയായി മാറുമ്പോൾ ഒട്ടേറെ ഘടകങ്ങൾ അതിൽ സന്നിഹിതമാകുന്നുണ്ട്. സ്ഥലകാലപശ്ചാത്തലങ്ങൾ, ആഖ്യാതാവിന്റെ വൈജ്ഞാനികസജ്ജീകരണം, വീക്ഷണസ്ഥാനം, ഭാഷയുടെ സ്വരഘടന എന്നിവ അവയിൽ പ്രധാനമാകുന്നു. സംഭവങ്ങളുടെ കാലക്രമവും മാറിമറിഞ്ഞുവരാം. പാത്രസ്വഭാവത്തിന്റെ വിശദാംശങ്ങളിൽ വ്യത്യാസം സംഭവിക്കാം. അങ്ങനെ ഒരേ കഥ അടിസ്ഥാനമാക്കിത്തന്നെ അനേകം കൃതികൾ ഉണ്ടാക്കാൻ കഴിയും.

ചുരുക്കത്തിൽ കഥയുടെ പറച്ചിൽ (വ്യവഹാരം) ആണ് ആഖ്യാനം. കഥയെന്നത് സംഭവങ്ങളാണ്. അതുകൊണ്ടുതന്നെ സംഭവശൃംഖലയായിരിക്കും ആഖ്യാനം. ക്രമബദ്ധമല്ലെങ്കിൽക്കൂടി കഥയിൽ ഒരാദിമദ്ധ്യാന്തസാന്നിധ്യം ഉണ്ടായിരിക്കും. ഈ ആദിമദ്ധ്യാന്തങ്ങളാണ് സംഭവങ്ങളുടെ പരസ്പരബന്ധത്തിന് നിയാമകമാകുന്നത്. പറച്ചിൽ പല തരത്തിലാകാം. ഉചിതമായ പറച്ചിലാണ് ആഖ്യാനം. ആഖ്യാനത്തിൽ പറച്ചിൽ മാത്രമല്ല കാണിക്കലും (Showing) അടങ്ങുന്നുണ്ട്. കഥയെ ഉചിതവും ശ്രേഷ്ഠവുമായി പറഞ്ഞുകൊണ്ട് അതിന് മറ്റ് അർത്ഥതലങ്ങൾ ഉണ്ടാക്കുന്ന അവസ്ഥയാണ് ആഖ്യാനത്തിലുള്ളത്.

ഒരു കഥയ്ക്കുതന്നെ അനേകം ആഖ്യാനങ്ങളുണ്ടാവാം. ആഖ്യാനത്തിൽ ആഖ്യാതാവ് ഉപയോഗിക്കുന്ന ആഖ്യാനതന്ത്രങ്ങൾ അവസ്ഥാന്തരണത്തിൽ വ്യതിയാനം വരുത്തും.

ആഖ്യാതാക്കാളുടെ അത്രയുംതന്നെ ആഖ്യാനങ്ങളുണ്ടാകും. ആഖ്യാനത്തിലേർപ്പെടുന്ന ആഖ്യാതാവിന്റെ അഭ്യസനവും അനുഭവവും അഭിരുചിയുമനുസരിച്ച് ആഖ്യാനസമ്പ്രദായങ്ങളും മാറും. മുമ്പേ നിലനിന്ന ആഖ്യാനരൂപങ്ങൾ സ്വീകരിച്ചോ നിരാകരിച്ചോ നവീകരിച്ചോ പുതിയ ആഖ്യാനരീതികൾ ഒരോ ആഖ്യാതാവും തിരഞ്ഞെടുക്കും. നിരന്തരം പരീക്ഷിക്കപ്പെടുകയും പുനർനിർമ്മിക്കപ്പെടുകയും ചെയ്തുകൊണ്ട് എല്ലാ ഭാഷയിലും എല്ലാ കാലത്തും ആഖ്യാനസമ്പ്രദായങ്ങൾ മാറിമറിഞ്ഞുകൊണ്ടിരിക്കും.

മനുഷ്യരുടെ ജീവിതകഥകൾക്ക് വൈജാത്യങ്ങളെക്കാളേറെ സാജാത്യങ്ങളാവും ഉണ്ടാവുക. എന്നാൽ ജീവിതമെന്ന ഒറ്റപ്രമേയത്തെ ആസ്പദമാക്കിയുള്ള സാഹിത്യത്തിന് അനന്തവൈവിധ്യമാണുള്ളത്. ഇതു സംഭവിക്കുന്നത് ആഖ്യാതാക്കളോളം ആഖ്യാനങ്ങളും ഉള്ളതുകൊണ്ടാണ്. ഈ ആഖ്യാനവൈവിധ്യമാണ് സാഹിത്യത്തിൽ അനന്തവൈവിധ്യം സൃഷ്ടിക്കുന്നത്.

നിർമ്മാണതന്ത്രങ്ങളുപയോഗിച്ച് ആഖ്യാനനിർമ്മിതിയിലേർപ്പെടുക എന്ന കൃത്യമാണ് ആഖ്യാതാവിനുള്ളത്. ഈ നിർമ്മിതിയിൽ ആഖ്യാതാവുപയോഗിച്ച തന്ത്രങ്ങളുടെ സമസ്യ അനാവരണം ചെയ്യുന്നതാണ് ആഖ്യാനപഠനം. ഈ സമസ്യ അനാവരണം ചെയ്യപ്പെടുമ്പോൾ ആഖ്യാനതന്ത്രം വെളിവാകുന്നു. ആഖ്യാനഘടനയുമായി ബന്ധപ്പെട്ട പഠനശാഖയാണ് ആഖ്യാനശാസ്ത്രം.

ആഖ്യാനത്തെയും ആഖ്യാനശൈലിയെയും ഏതെങ്കിലുമൊരു മേഖലയിൽമാത്രം നിർവചിക്കാവുന്നതോ അർത്ഥം കണ്ടെത്താവുന്നതോ അല്ല. വൈവിദ്ധ്യവും വൈരുദ്ധ്യവും നിറഞ്ഞതലങ്ങളിൽ ആഖ്യാനകലയുടെ ശക്തി വ്യാപിച്ചുകിടക്കുന്നു. പറഞ്ഞോ പാടിയോ എഴുതിയോ അഭിനയിച്ചോ ചിത്രീകരിച്ചോ വിശദമാക്കാവുന്ന എല്ലാ വികാരങ്ങളുടെയും സംവേദനത്തിൽ ആഖ്യാനകലയുടെ ശക്തി ഒളിഞ്ഞുകിടക്കുന്നു. അതിനാൽ ആഖ്യാനത്തിന്റെ വൈവിധ്യത്തിന് അന്തമില്ല. ആഖ്യാനത്തിന്റെ ഈ സവിശേഷതയെപ്പറ്റി അയ്യപ്പപ്പണിക്കർ പറയുന്നത് ഇപ്രകാരമാണ്.

“ഇവിടെയാണ് കഥയും കഥയുടെ ആഖ്യാനവും തമ്മിലുള്ള വ്യത്യാസം ശ്രദ്ധിക്കേണ്ടി വരുന്നത്. സംഭവവിവരണമെന്ന ചുരുങ്ങിയ അർത്ഥത്തിലാണ് നാം കഥയെ സങ്കല്പിക്കുന്നതെങ്കിൽ അതിനോടു ചേർന്നുവരുന്ന ആവിഷ്കാരപരമായ ഘടകങ്ങളെല്ലാം ചേർന്നാലേ ആഖ്യാനമാവുകയുള്ളൂ. കഥയ്ക്ക് ഒരു നൈരന്തര്യം അവകാശപ്പെടാം. പല കഥകളിലും കാര്യകാരണബന്ധവും കണ്ടെന്നു വരാം. എന്നാൽ അവയെല്ലാം ഉൾക്കൊള്ളുന്നതും, അവയിൽ ഉൾക്കൊള്ളാത്ത കാര്യങ്ങൾക്കൂടി ഉൾക്കൊള്ളുന്നതുമാണ് ആഖ്യാനം. കഥയിൽ ആഖ്യാനം ഉണ്ടെങ്കിലും കഥയിൽ ഇല്ലാത്ത കാര്യങ്ങളും

ആഖ്യാനത്തിൽ ഉൾപ്പെടും. സൂക്ഷ്മാർത്ഥത്തിൽ ആഖ്യാനത്തിന് സംഭവശൃംഖലയെന്ന നിലയിലുള്ള കഥ അനുപേക്ഷണീയമല്ല. നാടകത്തിലും കാവ്യത്തിലും മാത്രമല്ല ഭാവഗീതിയിൽപോലും ആഖ്യാനഘടന കാണാൻ കഴിയും. ഭാരതീയസംഗീതത്തിലും പടിഞ്ഞാറൻ സിംഫണി - കൺസെർട്ടോ - സൊണാറ്റകളിലും സിനിമയിലും നൃത്തപ്രകടനത്തിലും വാസ്തുശില്പത്തിലും മാത്രമല്ല വാർത്താലേഖനങ്ങളിലും പ്രക്ഷേപണങ്ങളിലും കായികകലാവിവരണങ്ങളിലും എല്ലാം ആഖ്യാനഘടകങ്ങൾ കണ്ടെത്താൻ കഴിയും" (1996:6). മനുഷ്യകഥാനുഗായികളായ കൃതികളുടെ ആസ്വാദ്യതയ്ക്ക് അടിസ്ഥാനം പ്രതിജനഭിന്നമായ രചനാതന്ത്രങ്ങളാണ്. സാഹിത്യസൃഷ്ടിയുടെ അപൂർവ്വത പ്രതിപാദനവൈദഗ്ദ്ധ്യംകൊണ്ടാണുണ്ടാകുന്നത്. അതിനായി രചയിതാവു സ്വീകരിക്കുകയും കൃതിയിൽ ആവിഷ്കരിക്കുകയും ചെയ്ത വസ്തുതകളെല്ലാം ആഖ്യാനതന്ത്രത്തിന്റെ ഭാഗമാണ്.

### 1.2. ആഖ്യാനകല, ആഖ്യാനശാസ്ത്രം, ആഖ്യാനവിജ്ഞാനം

ആഖ്യാനം എന്ന വിഷയത്തിന് രണ്ടുതലങ്ങളും സമീപനങ്ങളും ഉണ്ട്. ആഖ്യാനശാസ്ത്രം, ആഖ്യാനകല എന്നിവയാണവ. ആഖ്യാനത്തെ വസ്തുനിഷ്ഠമായും ശാസ്ത്രീയമായും അപഗ്രഥിക്കാൻ ശ്രമിക്കുമ്പോഴാണ് ആഖ്യാനശാസ്ത്രം ഉണ്ടാവുന്നത്. ആഖ്യാനത്തിന്റെ ഘടനാപരമായ ഘടകങ്ങളുടെ അപഗ്രഥനമാണ് ആഖ്യാനശാസ്ത്രം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഒരു ആഖ്യാനത്തിലെ ഘടനകളുടെ അംശങ്ങളെ വിശകലനം ചെയ്ത്, ഈ ഘടനകൾക്കുള്ള പരസ്പരബന്ധം, ആ ബന്ധം ആഖ്യാനത്തിന്റെ അടിസ്ഥാന അംശമായ കഥയുമായി ബന്ധപ്പെട്ടിരിക്കുന്ന രീതി എന്നിവയുടെ അപഗ്രഥനമാണ് ആഖ്യാനശാസ്ത്രം നടത്തുന്നത്. ആഖ്യാനശാസ്ത്രം, ആഖ്യാനകല എന്നിവ വീക്ഷണഭേദംകൊണ്ടാണ് വ്യത്യസ്തമാവുന്നത്. ആഖ്യാതാവിനെ സംബന്ധിച്ചിടത്തോളം ആഖ്യാനം കലയാണ്. വിമർശകനായ വായനക്കാരന്റെ പക്ഷത്തുനിന്നു നോക്കുമ്പോൾ ആഖ്യാനം ഒരു ശാസ്ത്രവുംകൂടിയാണ് എന്ന് അയ്യപ്പപ്പണിക്കർ അഭിപ്രായപ്പെടുന്നു. ആഖ്യാനകലയും ആഖ്യാനശാസ്ത്രവും വ്യത്യസ്തമാണെങ്കിലും രണ്ടിലും സമാനതകൾ ഏറെയുണ്ടെന്ന് അദ്ദേഹം നിരീക്ഷിച്ചിട്ടുണ്ട്. ആഖ്യാനകലയിലെ ബോധാബോധപ്രേരണകളെ അപഗ്രഥിച്ച് എങ്ങനെയാണ് ഒരു കഥാകാരൻ കഥ മെനഞ്ഞെടുക്കുന്നത് എന്നന്വേഷിക്കുന്ന പ്രക്രിയയാണ് ആഖ്യാനശാസ്ത്രം (അയ്യപ്പപ്പണിക്കർ 1999:187).

ആഖ്യാനത്തിന്റെ ഘടനാപരമായ - ശാസ്ത്രീയമായ - പഠനമാണ് ആഖ്യാനശാസ്ത്രം. കഥയുടെ രൂപത്തെമാത്രം പഠനവിഷയമാക്കുന്നവർക്ക് ആഖ്യാനം ശാസ്ത്രമാണ്. എന്നാൽ ആഖ്യാനകല സർഗ്ഗാത്മകപ്രക്രിയയാണ്. ആഖ്യാനശാസ്ത്രം ആഖ്യാനത്തിന്റെ ഘടനയുമായി ബന്ധപ്പെട്ടുനിൽക്കുമ്പോൾ ആഖ്യാനകല ആഖ്യാതാവിനെ കേന്ദ്രീകരിച്ചുകൊണ്ട് ആഖ്യാനത്തെ പഠിക്കുന്നു. സർഗ്ഗസൃഷ്ടിയുടെ സൗന്ദര്യാത്മകതലത്തിലാണ് അത് ഊന്നുന്നത്. സൃഷ്ടിപ്രക്രിയയിൽ അഥവാ സർഗ്ഗാത്മകതയുടെ പക്ഷത്താണ് ആഖ്യാനകല ശ്രദ്ധിക്കുന്നത്. ചുരുക്കത്തിൽ ചില സമാനതകൾ ഉണ്ടെങ്കിലും ആഖ്യാന

ശാസ്ത്രവും ആഖ്യാനകലയും വ്യത്യസ്തങ്ങൾതന്നെ. ആഖ്യാനവിജ്ഞാനം എന്ന വിപുലമായ പഠനമേഖലയുടെ രണ്ടുശാഖകളാണ് ഇവ.

**1.3. ആഖ്യാനനിർവചനങ്ങൾ**

കാലനിബദ്ധമായി കോർത്തിണക്കിയ യഥാർത്ഥമോ കല്പിതമോ ആയ സംഭവങ്ങളുടെയോ സാഹചര്യങ്ങളുടെയോ ആവിഷ്കാരമാണ് ആഖ്യാനമെന്ന് ജെറാർഡ് പ്രിൻസ് നിർവചിക്കുന്നു (2003:543). യഥാർത്ഥവും കല്പിതവുമായ സംഭവങ്ങൾ എന്ന വാക്യം രണ്ടുതരം ആഖ്യാനങ്ങളുണ്ടെന്നതു വ്യക്തമാക്കുന്നു. ചരിത്രം, ജീവചരിത്രം, ആത്മകഥ, വാർത്ത എന്നിവ യഥാർത്ഥസംഭവങ്ങളുടെ ആഖ്യാനത്തിന് ഉദാഹരണമാണ്. ഭാവനയുടെ സഹായത്താൽ രചിക്കപ്പെടുന്ന കഥാത്മകകൃതികളെല്ലാം കൽപ്പിതം എന്ന പട്ടികയിൽപ്പെടുന്നു. കാലനിബദ്ധമായി കോർത്തിണക്കിയാലേ ആഖ്യാനമാകൂ എന്നും ജെറാർഡ് പ്രിൻസ് സൂചിപ്പിച്ചിരിക്കുന്നു. വർത്തമാനത്തിൽനിന്ന് ഭൂതത്തിലേക്കും ഭാവിയിലേക്കും അനുക്രമമായി സഞ്ചരിക്കുന്നവയാണ് ആഖ്യാനങ്ങൾ. കാലനിബദ്ധത ഇല്ലാത്തത് അനാഖ്യാനമാകും എന്നുചുരുക്കം. ''യഥാർത്ഥമോ ഭാവനാത്മകമോ ആയ സംഭവങ്ങളുടെ കാലബന്ധിതമായ കോർത്തിണക്കലാണ് ആഖ്യാനം'' (Prince 2003:58). യഥാർത്ഥമോ ഭാവനാത്മകമോ ആയ സംഭവങ്ങളുടെ ആവർത്തിച്ചുപറയലാണിതെന്നും ഒപ്പം ഉത്പന്നവും - പ്രക്രിയയും, ലക്ഷ്യവും - പ്രവൃത്തിയും, ഘടനയും - ഘടനരൂപപ്പെടുത്തലുമാണ് ആഖ്യാന'' മെന്നും ജെറാൾഡ് പ്രിൻസ് കൂട്ടിച്ചേർക്കുന്നു. ആവർത്തിച്ചുപറയൽ എന്ന വ്യാഖ്യാനത്തിലൂടെ പറച്ചിലിന്റെ സവിശേഷത വ്യക്തമാക്കുന്നു. ഘടനയും - ഘടന രൂപപ്പെടുത്തലും കൃത്രിമവും കലാപരവുമാണ്. ആയതിനാൽ ഈ നിർവചനം ആഖ്യാനം സവിശേഷസംവേദനമാണെന്ന് ഉറപ്പിക്കുന്നു. കാലപരിഗണന, ആവർത്തിക്കലുകൾ എന്നിവ ഈ നിർവചനത്തിലെ സവിശേഷപരിഗണനകളാണ്. ഒരു സംഭവത്തെയോ പല സംഭവങ്ങളെയോ കഥിക്കുന്ന ലിഖിതമോ വാചികമോ ആയ ആഖ്യാനപ്രസ്താവമെന്ന് ആഖ്യാനത്തെ വ്യാഖ്യാനിക്കാവുന്നതാണ്. ഈ വ്യാഖ്യാനം എഴുത്തിലെ ആഖ്യാനത്തെ മാത്രമല്ല, വാമൊഴി ആഖ്യാനത്തെയും സ്പർശിക്കുന്നു എന്ന വ്യാപ്തിയുണ്ട്.

ഒരു വിഷയം ഒരു പ്രത്യേക മാധ്യമത്തെ അടിസ്ഥാനമാക്കി ആവിഷ്കരിക്കുന്ന സമ്പ്രദായമാണ് 'ആഖ്യാനം' എന്ന നിഗമനത്തിൽ എത്തിച്ചേരാം. ഒരു വിഷയം സവിശേഷമായി അവതരിപ്പിക്കപ്പെടുന്നു. ഭാഷയുടെ അനുയോജ്യമായ പ്രയോഗം അതിന്റെ അനിവാര്യസവിശേഷതയാണ്. ശബ്ദപ്രയോഗങ്ങളിലെ ഊന്നലുകളും ധ്വനികളും അർത്ഥത്തെ സ്വാധീനിക്കുകയും നിർണ്ണയിക്കുകയും ചെയ്യും. അറിയിക്കൽ എന്ന പ്രാഥമികവിവക്ഷയ്ക്കപ്പുറം കലാപരമായ അവതരണം എന്ന വിശിഷ്ടധ്വനിയിലേക്ക് ആഖ്യാനശബ്ദത്തിന്റെ അർത്ഥം വളരുന്നു. താനാഗ്രഹിക്കുന്ന ആസ്വാദനപ്രതികരണങ്ങൾ അനുവാചകനിൽ സൃഷ്ടിക്കാൻ അഥവാ തന്റെ അനുഭൂതികളുടെ ലോകത്തേക്ക് അനുവാചകനെ പ്രത്യാനയിക്കാൻ കഴിയുന്ന വിധത്തിൽ കലാകാരൻ - എഴുത്തുകാരൻ - രൂപ

പ്പെടുത്തുന്ന ഭാഷയും അവതരണരീതിയും അനുബന്ധ ഉപാധികളും എല്ലാം ആഖ്യാന ത്തിൽ ഉള്ളടങ്ങുന്നു. സാമാന്യതയിൽനിന്നുയർന്ന് ഭാഷയുടെ 'നൈസർഗ്ഗികമായ കൃത്രി മത്വം' എന്നുപറയാവുന്ന വിശേഷതലമാണത്.

ഇന്ദ്രിയഗോചരവും ക്രമത്തിലുള്ളതും പരസ്പരബന്ധിതവുമായ സംഭവശ്രേണി യെന്ന് റൊളാങ്ബാർത്ത് ആഖ്യാനത്തെപ്പറ്റി പറയുന്നു (1977:46). ഏതൊക്കെ സാഹിത്യകൃതികളിലാണോകഥയുടെയും ആഖ്യാതാവിന്റെയും സാന്നിധ്യമുള്ളത് അവ യൊക്കെ ആഖ്യാനങ്ങൾ എന്നു ഷോൾസും കെല്ലോഗും അഭിപ്രായപ്പെടുന്നു (1974:4). കഥാപാത്രങ്ങൾ, സംഭവങ്ങൾ, ഇവയെ ആവിഷ്കരിക്കാൻ കഥാകാരൻ എന്നിവ ആഖ്യാ നത്തിന്റെ അനിവാര്യവസ്തുതകളാകുന്നു എന്ന് ഈ നിർവചനം വ്യക്തമാക്കുന്നു.

ഷ്ലോമിത് റിമ്മെൻ കെനാൻ ആഖ്യാനത്തെ ഇപ്രകാരം വ്യക്തമാക്കുന്നു: ''സന്ദേശം വിനിമയം ചെയ്യപ്പെടുന്ന പ്രക്രിയയാണ് ആഖ്യാനം. സന്ദേശം പ്രസരിപ്പിക്കാൻ ഉപയോഗിക്കുന്ന വാചകസ്വഭാവത്തിലുള്ള മാധ്യമം എന്നു വിശദമായി പറയാം'' (2001:2). ആഖ്യാനത്തിന്റെ കേവലാർത്ഥം മാത്രമേ ഈ വിർവചനത്തിൽ വരുന്നുള്ളൂ. അതു പോലെ സന്ദേശപ്രസരണത്തിന്റെ വാചികസാന്നിധ്യം മാത്രമേ ഇവിടെ എടുത്തുപറയു ന്നുള്ളൂ. ആഖ്യാനത്തിന്റെ സവിശേഷാർത്ഥം വ്യക്തമാക്കാതെ ആശയപ്രകാശനം എന്ന കാര്യം മാത്രം പറഞ്ഞിരിക്കുന്നു.

''ഒരു പ്രത്യേകമാധ്യമത്തിലൂടെ - അതു ഭാഷയാവാം, ചിത്രങ്ങളാവാം, ശബ്ദമാ വാം, നിർമ്മിതികളാവാം, ഇവയുടെയെല്ലാം ചേരുവയാകാം - ഒരു കഥയെ അഥവാ ഒരു സംഭവത്തെ ഒരു ഇടനിലക്കാരൻ അല്ലെങ്കിൽ ആഖ്യാതാവ് മറ്റൊരാളോടു വിവരിക്കുന്ന താണ് ആഖ്യാന'' മെന്ന് മിക്കി ബാൽ അഭിപ്രായപ്പെടുന്നു (2009:5).

ഒരു സംഭവത്തെയോ കഥയെയോ കലയുടെ ഏതെങ്കിലും മാധ്യമത്തിലൂടെ പ്രക ടിപ്പിക്കലാണ് ആഖ്യാനം. ആഖ്യാനത്തെ സന്ദേശവിനിമയമെന്ന കേവലാർത്ഥ ത്തിൽനിന്നും മോചിപ്പിക്കേണ്ടതുണ്ട്. രചനാത്മകമായി ചിട്ടപ്പെടുത്തിയ കഥ, കല്പനാ സൃഷ്ടവും യഥാർത്ഥവുമായ സംഭവങ്ങളുടെ ശ്രേണി, പരസ്പരബന്ധമുള്ള സംഭവങ്ങൾ ക്രമമായി അവതരിപ്പിക്കൽ തുടങ്ങിയ നിർവ്വചനങ്ങൾ ആഖ്യാനത്തിന് ഇണങ്ങുന്നവയാ ണ്. സാഹിത്യത്തിലെ ആഖ്യാനത്തെ മാത്രമല്ല, കലാപരമായ എല്ലാ ആഖ്യാനങ്ങളെയും ഇത്തരത്തിൽ വ്യാഖ്യാനിക്കാവുന്നതാണ്.

**1.4. ആഖ്യാനശാസ്ത്രരംഗത്തെ സൈദ്ധാന്തികർ**

ആഖ്യാനവിജ്ഞാനത്തിന്റെ അടിസ്ഥാനവസ്തുതകൾ അരിസ്റ്റോട്ടിലിൽനിന്ന് ആരംഭിക്കുന്നു. അരിസ്റ്റോട്ടിലിന്റെ പോയറ്റിക്സിൽത്തന്നെ ആഖ്യാനസംബന്ധമായ പരാ മർശങ്ങൾ കാണാം. മിമസിസ്, ഡൈജസിസ് എന്നീ ആഖ്യാനസംബന്ധിയായ രണ്ടു സങ്കല്പങ്ങൾ അരിസ്റ്റോട്ടിലിന്റെ പോയറ്റിക്സിലുണ്ട്. ഇതിൽ ഡൈജസിസാണ് ആഖ്യാ നം. മിമസിസ് അനുകരണമാണ്. നാടകത്തിനുവേണ്ട ഗുണമാണത്. നാടകം അനാഖ്യന

മാകുന്നതിന്റെ കാരണം അതിൽ ഡൈജസിസാണുള്ളത് മിമസിസല്ല എന്നതാണ് (സോമനാഥൻ 2016:130). ആഖ്യാനത്തിന്റെ പ്രധാന ഘടകങ്ങളായ ഇതിവൃത്തം, കഥാപാത്രചിത്രീകരണം എന്നിവയെപ്പറ്റിയും പോയറ്റിക്സിലെ ചർച്ചയിൽ അരിസ്റ്റോട്ടിൽ അവതരിപ്പിച്ചിട്ടുണ്ട്.

റഷ്യൻ ഫോർമലിസ്റ്റായ വ്ലാഡിമർ പ്രോപ്പിൽനിന്നാണ് ആഖ്യാനവിജ്ഞാനത്തിന്റെ അടിസ്ഥാനാശയങ്ങൾ ഉടലെടുത്തത്. പ്രോപ്പിന്റെ *മോർഫോളജി ഓഫ് ദ റഷ്യൻ ഫോക്ക്ടെയിൽസ്* (1928) എന്ന ഗ്രന്ഥം ആഖ്യാനവിശകലനത്തിന്റെ ഫോർമലിസ്റ്റ് മാതൃകയാണ്. നൂറ്റിപ്പതിനഞ്ചോളം റഷ്യൻ നാടോടിക്കഥകൾ വിശകലനംചെയ്ത് അതിൽനിന്ന് പൊതുവായ മുപ്പത്തിമൂന്നു ധർമ്മങ്ങൾ അദ്ദേഹം കണ്ടെത്തി.

ആഖ്യാനവിശകലനത്തിൽ ഘടനാവാദത്തിന്റെ രീതി പിന്തുടർന്നവരിൽ പ്രധാനി വ്ളാഡിമർ പ്രോപ്പ് ആണ്. 1928-ൽ റഷ്യൻ ഭാഷയിൽ അദ്ദേഹം പ്രസിദ്ധീകരിച്ച പുസ്തകം 1958-ൽ *മോർഫോളജി ഓഫ് ദി ഫോക്ക്ടെയിൽസ്* എന്ന പേരിൽ ഇംഗ്ലീഷിലേക്കു മൊഴിമാറ്റി പുറത്തിറങ്ങി. പ്രോപ്പിന്റെ അഭിപ്രായത്തിൽ ഒരു കഥയ്ക്ക് തനതായ ഒരു ഗുണമുണ്ടായിരിക്കും. അപ്പോൾത്തന്നെ കഥയിലെ ഒരംശത്തെ മാറ്റം വരുത്താതെ മറ്റൊരു കഥയിൽ പ്രയോഗിക്കാനാവും. അതുകൊണ്ട് കഥകളെ അവയുടെ ഘടനയുടെ അടിസ്ഥാനത്തിൽ വേർതിരിക്കുന്നതാണ് നല്ലതെന്ന് പ്രോപ്പ് സിദ്ധാന്തിച്ചു. കഥകളെ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ വർഗീകരിക്കുന്നതിനെക്കാൾ കഥയുടെ ഘടകങ്ങളെ സവിശേഷമായ തരത്തിൽ അഴിച്ചെടുക്കുകയാണ് ഉചിതം. അപ്പോൾ അതിന്റെ ‘രൂപിമ’ ങ്ങൾ തെളിഞ്ഞുകിട്ടും എന്നു പ്രോപ്പ് പറയുന്നു. കഥയുടെ ഉള്ളടക്കമല്ല രൂപമാണ് ശ്രദ്ധിക്കേണ്ടത് എന്നു ചുരുക്കം. ജീവശാസ്ത്രത്തിന്റെ പഠനരീതിയാണ് കഥാപഠനത്തിന് അദ്ദേഹം സ്വീകരിച്ചത്. പാലൂട്ടുക എന്ന ധർമ്മത്തിന്റെ അടിസ്ഥാനത്തിൽ മൃഗങ്ങളെ സസ്തനികൾ എന്നു ജീവശാസ്ത്രം തിരിച്ചതുപോലെ പ്രോപ്പിന്റെ മോർഫോളജിക്കും അടിസ്ഥാനം ധർമ്മം തന്നെ (സോമനാഥൻ 2016:89). റഷ്യൻ നാടോടിക്കഥകളെ ഘടനാവാദപരമായ ഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രം അടിസ്ഥാനമാക്കി അദ്ദേഹം പഠിച്ചു. വ്യത്യസ്തമായ കഥകൾ പരിശോധിക്കുമ്പോൾ അവ തമ്മിൽ പ്രത്യക്ഷത്തിൽ തോന്നാത്ത ആന്തരികമായ ചില സാമ്യങ്ങൾ ഉണ്ട്. അതിനാൽ അവ ചില ജാതികളായി തിരിക്കാൻ പാകത്തിലാണെന്നും അദ്ദേഹം കണ്ടെത്തി. ഉപബോധപരമായി അവയിൽ നിലനിൽക്കുന്ന കഥാഘടനയാണ് വിഭജനത്തിന് അടിസ്ഥാനമെന്നും അവയെ രൂപപരമായ ഘടകങ്ങളായി പ്രത്യക്ഷീകരിക്കാമെന്നും പ്രോപ്പ് വാദിച്ചു.

‘‘കഥയുടെ പ്രത്യക്ഷതലത്തെയല്ല ആ പ്രത്യക്ഷതലത്തെ സാധ്യമാക്കുന്ന അമൂർത്തതലത്തെയാണ് വിശദീകരിക്കേണ്ടത്. അതിന്റെ രചനാന്തരണപ്രക്രിയയാണ് പരിശോധിക്കേണ്ടത്. ഈ ആലോചനയെ പിൻപറ്റിയാണ് ആഖ്യാനശാസ്ത്രത്തിലെ ഘടനാവാദം പിറവിയെടുക്കുന്നത്. റഷ്യൻ ഫോർമലിസ്റ്റുകളാണ് ആ വഴി വെട്ടിത്തുറന്നത്. അതുകൊണ്ടുതന്നെ ഫാബുല, സുഷേ എന്നീ പദങ്ങൾ കഥയുടെ ലാങ്/പരോൾ എന്ന

നിലയിൽ പ്രചാരം നേടി. ഒരർത്ഥത്തിൽ നാടോടിക്കഥകളുടെ സമാഹരണവും പഠനവുമാണ് ഇതിനു വഴികാട്ടിയായത്. ഒരു നാടോടിക്കഥയുടെ തന്നെ പലതരം രൂപഭേദങ്ങൾ സമാഹരിക്കപ്പെട്ടതോടെ അതിലേതാണ് യഥാർത്ഥകഥ എന്ന പ്രശ്നം ഉടലെടുത്തു. യഥാർത്ഥമായ ഒരു കഥയും അതിന്റെ പാഠഭേദങ്ങളുമെന്ന് വിശദീകരിക്കാൻ കഴിയാത്തവിധം ഓരോ കഥയും അതാതു ജനസമൂഹത്തെ സംബന്ധിച്ച് സുപ്രധാനമാണ്. അങ്ങനെ വരുമ്പോൾ എല്ലാ കഥകൾക്കും തുല്യപ്രാധാന്യം ലഭിക്കേണ്ടതാണ്. ഭാഷാഭേദങ്ങളെ ഒരു ഭാഷയുടെ വകഭേദങ്ങളായി കരുതുന്നതുമായി ഇതിനു സാമ്യമുണ്ട്. ലോകത്തിൽ ഭാഷാഭേദങ്ങളേയുള്ളൂ ഭാഷയുള്ളത് സാങ്കൽപ്പികതലത്തിൽ, സൈദ്ധാന്തികതലത്തിൽ, മാത്രമാണ്. വ്യത്യസ്ത കാലഘട്ടങ്ങളിലൂടെ മാറിമാറി വരുന്ന ഭേദങ്ങളെയും ഒരേ കാലഘട്ടത്തിൽത്തന്നെ പ്രാദേശികവും സാമൂഹികവുമായ സാഹചര്യങ്ങൾക്കനുസരിച്ച് ഉണ്ടാകുന്ന ഭേദങ്ങളെയും തുല്യമായി ഉൾക്കൊള്ളാൻ കഴിയുന്ന വിധത്തിൽ അമൂർത്തവും സാങ്കൽപ്പികവുമായ ഒരു വിതാനം സംഭാവന ചെയ്തതാണ് ലാങ് എന്ന പരികല്പനയുടെ ഒരു പ്രസക്തി. അതേ മട്ടിൽ പാഠഭേദങ്ങളെ മുഴുവൻ ഉൾക്കൊള്ളാൻ കഴിയുന്ന സൈദ്ധാന്തികമായ കഥയെ അടിപ്പടവായി സങ്കൽപ്പിക്കാൻ കഴിയും. ആ കഥയുടെ വ്യത്യസ്തമായ പ്രത്യക്ഷീകരണങ്ങളാണ് മൂർത്തമായ ഓരോ കഥയും. അടിപ്പടവായ കഥയെ ഫാബുല എന്നും പ്രത്യക്ഷീകരണങ്ങളായ മൂർത്തമായ ഓരോ കഥയെയും സുഷെ എന്നും റഷ്യൻ ഫോർമലിസ്റ്റുകൾ വിളിച്ചു. ഇതേ സങ്കൽപ്പത്തെത്തന്നെയാണ് ഫ്രഞ്ചുകാർ ഹിസ്റ്റേയിർ (Hisoire) ഡിസ്കോഴ്സ് (Discourse) എന്നു വിളിച്ചത്'' (സോമനാഥൻ 2016:80).

മോസ്കോ ഭാഷാശാസ്ത്രസംഘത്തിലെ റോമൻ ജാക്കോബ്സൻ ഭാഷാശാസ്ത്രത്തിന്റെ അവിഭാജ്യഘടകമായി മാത്രം കാവ്യശാസ്ത്രത്തെ പരിഗണിക്കാവൂ എന്നുപറഞ്ഞു. ഭാഷയുടെ എല്ലാ ധർമ്മങ്ങളും അന്വേഷിക്കപ്പെടേണ്ടതുണ്ടെന്നു ജാക്കോബ്സൻ അഭിപ്രായപ്പെട്ടു. വാചികമായ ആശയവിനിമയത്തിൽ സംപ്രേഷകൻ (Addresser), ഗ്രാഹകൻ (Addressee), പ്രകരണം (Context), സന്ദേശം (Message), സംബന്ധം (Contact), സങ്കേതം (Code) എന്നിങ്ങനെ ആറുഘടകങ്ങൾ ഉള്ളതായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. കഥ പറയുന്നയാൾ സംപ്രേഷകനും കഥ കേൾക്കുന്നയാൾ ഗ്രാഹകനും സാഹചര്യം പ്രകരണവും ഭാഷ സങ്കേതവും ആശയവിനിമയോപാധി സംബന്ധവും പ്രേഷണം ചെയ്യപ്പെടുന്നതു സന്ദേശവുമാണെന്ന് ജാക്കോബ്സൻ കണ്ടെത്തുന്നു. റഷ്യൻ രൂപവാദത്തിൽനിന്ന് ഘടനാവാദത്തിലേക്കുള്ള പ്രയാണത്തിലെ ഒരു സുപ്രധാനഘട്ടമാണ് റോമൻ ജാക്കോബ്സൻ ഉൾപ്പെടുന്ന പ്രാഗ്ഭാഷാശാസ്ത്രപദ്ധതി.

ക്ലോഡ് ലെവി-സ്ട്രോസ് (Claude Levi-Strauss) പ്രോപ്പിന്റെ പഠനങ്ങൾ പുനർനിർവചനം ചെയ്തുകൊണ്ട് ആഖ്യാനരംഗത്തെത്തി. പുരാവൃത്തങ്ങളുടെ പഠനത്തിലാണ് ലെവിസ്ട്രോസ് തന്റെ ശ്രദ്ധ കേന്ദ്രീകരിച്ചത്. മുപ്പത്തിമൂന്നു ധർമ്മങ്ങൾ തമ്മിലുള്ള ബന്ധങ്ങളെപ്പറ്റി പറയുന്നുവെങ്കിലും, ഉപരിഘടനയ്ക്കാണ് പ്രോപ്പ് പ്രാധാന്യം

കൊടുത്തത്. യുക്തിപൂർവ്വമായ ഒരു ആന്തരഘടന ആഖ്യാനത്തിനുണ്ടെന്ന വസ്തുത ലെവിസ്ട്രോസ് ചൂണ്ടിക്കാണിച്ചു. പുരാവൃത്തങ്ങളുടെ ആഖ്യാനത്തിലല്ല മറിച്ച് പുരാവൃത്തചിന്തയ്ക്കാണ് ലെവിസ്ട്രോസ് ഊന്നൽ നൽകിയത്. ഫ്രഞ്ച് നരവംശശാസ്ത്രജ്ഞനായ ലെവിസ്ട്രോസിന്റെ പുരാവൃത്താപഗ്രഥനരീതി ആഖ്യാനവിജ്ഞാനത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട്.

ലെവിസ്ട്രോസിന്റെ വിശകലനരീതി ഇതിവൃത്തപഠനത്തിനുപയോഗിച്ച തോദറോവ് (Todorov) ബൊക്കാച്ചിയോയുടെ കഥകളുടെ വ്യാകരണം വികസിപ്പിച്ചെടുക്കാൻ ശ്രമിച്ചു. തോദറോവ് ആഖ്യാനപ്രശ്നങ്ങളെ ആഖ്യാനകാലികത (Tense) ആഖ്യാനപരിപ്രേക്ഷ്യം (Aspect) ആഖ്യാനബഹുലകം (Mode) എന്നിങ്ങനെ തരംതിരിച്ചു. കഥയുടെ കാലവും കഥാവ്യവഹാരത്തിന്റെ കാലവും തമ്മിലുള്ള ബന്ധപഠനമാണ് ആഖ്യാനകാലികതയെന്നു പറയുന്നത്. ആഖ്യാതാവിന്റെ കഥയിലെ സംഭവങ്ങളോടുള്ള പരിപ്രേക്ഷ്യത്തെ ആഖ്യാനപരിപ്രേക്ഷ്യം എന്നും ആഖ്യാനത്തിൽ ഏതുതരത്തിലുള്ള ബഹുലകമാണ് ഉപയോഗിക്കുന്നത് എന്നത് ആഖ്യാനബഹുലകം എന്നും അർത്ഥമാക്കുന്നു. പല ബഹുലകങ്ങളിലൂടെ വ്യാഖ്യാനിക്കുന്ന അദ്ദേഹത്തിന്റെ വ്യാകരണം ഫലപ്രദമായില്ല. പല കഥകളുടെ കാര്യത്തിലും അത് അപ്രായോഗികമായിരുന്നു.

റൊളാങ് ബാർത്ത് (Roland Barthes) ഫ്രഞ്ച് ഘടനാവാദത്തിന്റെ വക്താവും ചിഹ്നശാസ്ത്രജ്ഞനുമാണ്. അദ്ദേഹത്തിന്റെ '*ആഖ്യാനത്തിന്റെ ഘടനാവിശകലനത്തിനൊരു ആമുഖം*' (1966) ആഖ്യാനത്തിന്റെ നാനാവശങ്ങൾ ചർച്ച ചെയ്യുന്നു. ലെവിസ്ട്രോസിനെപ്പോലെ പാഠങ്ങളിൽ അന്തർലീനമായ ഘടനകളെ നിർദ്ധാരണം ചെയ്യാനല്ല, ചിഹ്നങ്ങളെ അതു പ്രവർത്തനക്ഷമമാക്കുന്ന സാമൂഹിക - സാംസ്കാരിക വ്യവഹാരങ്ങളുടേതായ ഒരു പശ്ചാത്തലത്തിൽനിന്ന് വ്യാഖ്യാനിക്കുവാനാണ് ബാർത്ത് ശ്രമിച്ചിട്ടുള്ളത്. '*മിത്തോളജീസ്*' എന്ന ഗ്രന്ഥത്തിൽ മിത്തുകൾ എങ്ങനെയാണ് സാമൂഹ്യ - സാംസ്കാരിക സൂചകങ്ങൾ ആകുന്നത് എന്നും ബാർത്ത് കണ്ടെത്തുന്നു. ബാർത്തിന്റെ സങ്കല്പത്തിലെ മിത്തുകൾ പുരാവൃത്തങ്ങൾ അല്ല. പരസ്യങ്ങൾ, സിനിമ, ഫോട്ടോഗ്രഫി തുടങ്ങിയ നാനാവിഷയങ്ങൾ ബാർത്തിന്റെ പഠനത്തിനു വിധേയമാകുന്നു.

റൊളാങ് ബാർത്ത് S/Z എന്ന കൃതിയിൽ ഏതൊരു ആഖ്യാനത്തിനും അടിസ്ഥാനമാകുന്ന അഞ്ചുകോഡുകൾ പരിഗണിച്ചുകൊണ്ട് ബാൽസാക്കിന്റെ 'സരസീൻ' എന്ന കഥയെ അപഗ്രഥനവിധേയമാക്കി, പാഠസൂചകങ്ങൾ എന്നു വിശേഷിപ്പിക്കാവുന്ന 561 ഖണ്ഡങ്ങളായി (ലക്സിയകൾ) കഥയെ വേർതിരിച്ചാണ് ഈ വിശകലനം നടത്തിയിരിക്കുന്നത്. വ്യഞ്ജനാത്മകമൂല്യമുള്ള ഘടകങ്ങൾ കോഡുകളിലേക്ക് വഴിതുറക്കുന്നു. ഈ കോഡുകളിലൂടെ കൃതിയിൽ മറഞ്ഞിരിക്കുന്ന ആന്തരികപാഠങ്ങളിലേക്കു പോകുകയാണ് ബാർത്ത് ചെയ്യുന്നത്. ഹെർമ്മന്യൂട്ടിക് കോഡ്, സീമിക് കോഡ്, സിംബോളിക് കോഡ്, പ്രൊയ്റെറ്റിക് കോഡ്, കൾച്ചറൽ കോഡ് എന്നിവയാണ് ബാർത്ത് അവതരിപ്പിക്കുന്ന അഞ്ചുകോഡുകൾ. കഥയുടെ എല്ലാ ലെക്സിയകളും ഇവയിൽ ഏതെങ്കിലും ഒന്നിലെ

ങ്കിലും സ്ഥാനമുള്ളതായിരിക്കും. ഇത്തരത്തിൽ ചിഹ്നശാസ്ത്രം ഉപയോഗിച്ച് സൂചനാത്മ കവും വ്യഞ്ജനാത്മകവുമായ അർത്ഥതലങ്ങളിലേക്ക് പോകാൻ ബാർത്തിനു സാധിച്ചു (ജോർജ് 1996:24).

ഫ്രാൻസ് കാൾ സ്റ്റാൻസൽ (Franz Karl Stanzel) ഓസ്ട്രിയൻ ആഖ്യാനശാസ്ത്ര ജ്ഞനാണ്. കഥയും കഥയുടെ ആഖ്യാനവും തമ്മിലുള്ള ബന്ധം കുറിക്കുന്ന, മാധ്യമങ്ങ ളുടെ തലങ്ങളിലുള്ള വ്യതിയാനംകൊണ്ടാണ് സാഹിത്യരൂപങ്ങൾ ഉണ്ടാകുന്നതെന്ന നില പാടായിരുന്നു അദ്ദേഹത്തിന്റേത് (1984:24). എഫ്. കെ. സ്റ്റാൻസലിന്റെ '*Narrative Situations in the Novel*' എന്ന കൃതിയാണ് മധ്യസ്ഥതാസങ്കല്പത്തിലേക്ക് ആഖ്യാ നവിജ്ഞാനത്തെ കൊണ്ടെത്തിച്ചത്. മധ്യസ്ഥത (Mediacy) യിലൂടെ ആഖ്യാനത്തെ മന സ്സിലാക്കിയാൽ ആഖ്യാനത്തിന്റെ മനോഹാരിത കൂടുതൽ വ്യക്തമാകും. മധ്യസ്ഥതയ്ക്കു മൂന്നു ഘടകങ്ങളുണ്ട്. പുരുഷൻ (Person), പരിപ്രേക്ഷ്യം (Perspective), ബഹുലകം (Mode) എന്നിവയുൾപ്പെട്ട സങ്കല്പമാണ് മധ്യസ്ഥത.

സെയ്മോർ ചാറ്റ്മാൻ '*സ്റ്റോറി ആന്റ് ഡിസ്കോഴ്സ്*' എന്ന ഗ്രന്ഥത്തിലൂടെ ആഖ്യാനചിന്തകൾ അവതരിപ്പിച്ചു. സംഭവശൃംഖലയും കാര്യകാരണബന്ധവും അനി വാര്യമാണോ അതോ ഈ ബന്ധം സംഭവ്യതയുടേതാണോ എന്ന പ്രശ്നമായിരുന്നു ചാറ്റ്മാൻ ഉന്നയിച്ച പ്രധാനചോദ്യം. ആശയവിനിമയമാണ് (Communication) ആഖ്യാനം എന്ന നിലപാടായിരുന്നു ചാറ്റ്മാന്റേത്. സന്ദേശം അയയ്ക്കുന്നിടത്ത് യഥാർത്ഥഗ്രന്ഥകാ രൻ, നിഗൂഢഗ്രന്ഥകാരൻ (Implied Author) എന്നിവരും സന്ദേശം സ്വീകരിക്കുന്നിടത്ത് യഥാർത്ഥവായനക്കാരൻ, നിഗൂഢവായനക്കാരൻ (Implied Reader) ശ്രോതാവ് (Narrattee) എന്നിവരും ഉണ്ടെന്നാണ് സെയ്മോർ ചാറ്റ്മാന്റെ നിഗമനം. ഒരു ആഖ്യാ നത്തെ കഥ (Story), വ്യവഹാരം (Discourse) എന്നും ചാറ്റ്മാൻ രണ്ടായി തിരിക്കുന്നു. കഥ എന്നതിൽ സംഭവങ്ങൾ, ക്രിയകൾ, കഥാപാത്രങ്ങൾ, പശ്ചാത്തലം എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. എന്താണ് ചിത്രീകരിക്കുന്നത് അതാണ് കഥ എന്നു ലളിതമായി ചാറ്റ്മാൻ നിർവചിക്കുന്നു. എന്നാൽ വ്യവഹാരമാകട്ടെ എങ്ങനെയാണത് ആവിഷ്കരിച്ചി രിക്കുന്നതെന്നു വിശദമാക്കുന്നു.

ജെറാർഡ് ജെനറ്റ് (Gerard Genette) ആഖ്യാനവിജ്ഞാനത്തിലെ ശ്രദ്ധേയനാണ്. '*Narrative Discourse*' എന്ന കൃതിയിൽ അദ്ദേഹത്തിന്റെ ആഖ്യാനശാസ്ത്രനിലപാടുകൾ കാണാം. ജെറാർഡ് ജെനറ്റ് യഥാർത്ഥസംഭവം (Histoire), ആവിഷ്കാരത്തിലെ ക്രമം (Recit), ആഖ്യാനം (Narration) എന്നിവയെ സവിശേഷമായി ആഖ്യാനശാസ്ത്രപഠന ത്തിന് ഉപയോഗിക്കുന്നു. സ്വേതൻ തോദറോവിന്റെ ആഖ്യാനപ്രശ്നങ്ങളുടെ വിശദീകര ണത്തിനാണ് ജെനറ്റ് ശ്രമിച്ചത്. ആഖ്യാനത്തിന്റെ അടിസ്ഥാനഘടകങ്ങളായ വീക്ഷണ സ്ഥാനം (Point of View), സ്ഥലം (Space), കാലം (Time), പാത്രസൃഷ്ടി

(Characterisation), ഭാഷ (Language) എന്നിവ വിശദമായ വിശകലനത്തിന് അദ്ദേഹം വിധേയമാക്കുന്നു. ആഖ്യാനകലയിലെ അഞ്ചു സങ്കേതങ്ങളെയും അദ്ദേഹം വിശദീകരിച്ചു. ആഖ്യാനത്തിലെ ക്രമം (Order), കാലയളവ് (Duration), ആവൃത്തി (Frequency) എന്നിവയാണ് അവയിൽ മൂന്നെണ്ണം. ആഖ്യാനത്തിന്റെ പൊതുസ്വഭാവം, വീക്ഷണകോൺ എന്നിവയാണ് അവസ്ഥ എന്ന നാലാമത്തെ ഘടകത്തിൽ ചർച്ച ചെയ്യുന്നത്. ആഖ്യാനവും കഥാപാത്രവും തമ്മിലുള്ള ബന്ധം, ആഖ്യാനത്തിൽ പ്രതിഫലിക്കുന്ന കാലം എന്നിവയാണ് അവസാനത്തെ ഇനമായ സ്വരം (Voice) എന്ന സങ്കല്പത്തിൽ ചർച്ച ചെയ്യുന്നത്.

മിക്കിബാൽ മൂന്നുതലങ്ങളിലായാണ് ആഖ്യാനപാഠത്തിന്റെ വിശ്ലേഷണം നടക്കുന്നതെന്നു പറയുന്നു. ഫാബുല അഥവാ പ്രമേയതലമാണ് ആദ്യത്തേത്. കഥാപാത്രങ്ങൾ അനുഭവിക്കുന്ന കാലക്രമത്തിലുള്ള സംഭവശൃംഖലയാണത്. ഈ സംഭവശൃംഖലകൾ പ്രത്യേകതരത്തിൽ അവതരിപ്പിക്കപ്പെടുമ്പോൾ രണ്ടാമത്തെ തലമായ സുഷെ (Suzhet) ആകും. മൂന്നാംതലത്തിൽ ലഭിക്കുന്നതിനെയാണ് പാഠം എന്നു മിക്കിബാൽ വിളിക്കുന്നത്. ഭാഷാചിഹ്നങ്ങളിലൂടെയാണ് ഈ പാഠം ഉത്പാദിപ്പിക്കപ്പെടുന്നത്.

മിഖായിൽ ബാക്തിൻ എന്ന റഷ്യൻവിമർശകനും ആഖ്യാനവിജ്ഞാനത്തിനു സംഭാവനചെയ്തിട്ടുണ്ട്. '*ഡിസ്കോഴ്സ് ഇൻ ദ നോവൽ*' എന്ന ഗ്രന്ഥത്തിൽ സാഹിത്യകൃതികൾ എങ്ങനെയാണ് സൂക്ഷ്മമായിട്ടുള്ള ഭാഷാതലങ്ങൾപോലും കണ്ടെത്താൻ സഹായിക്കുന്നതെന്ന് ബക്തിൻ വിശദമാക്കുന്നു. '*ഇൻ പ്രോബ്ലംസ് ഓഫ് ദസ്തയേവ്സ്കിസ് പോയറ്റിക്സ്*' (1969) എന്ന ഗ്രന്ഥത്തിൽ ബക്തിൻ മോണോലോഗിക് എന്നും ഡയലോഗിക് എന്നും കൃതികളെ വേർതിരിക്കുന്നു. മോണോലോഗിക് ആയ രചനകൾ എഴുത്തുകാരന്റെ വീക്ഷണത്തിന്റെ ഏകമുഖമായ അവതരണം മാത്രമാണ്. എന്നാൽ ഡയലോഗിക് ആയ രചനകൾ വ്യത്യസ്തസ്വരങ്ങൾക്കും വ്യവഹാരങ്ങൾക്കും പ്രാധാന്യം നൽകുന്നു. ആഖ്യാനവിജ്ഞാനത്തിൽ ഇത്തരം സ്വരങ്ങൾക്ക് (Narrative Voices) വളരെ പ്രാധാന്യമുണ്ട്. ഡയലോഗിക് ആയ രചനകൾ ജനപ്രിയസംസ്കാരത്തിന്റെ (Popular Culture) വ്യത്യസ്ത വ്യവഹാരങ്ങളെ പ്രതിനിധീകരിക്കുന്നു. അതിനാൽ ഒന്നിലേറെ ആഖ്യാനങ്ങൾക്ക് അതിൽ ഇടം ലഭിക്കുന്നു. സമൂഹത്തിന്റെ സവിശേഷമായ എന്നാൽ വൈരുദ്ധ്യാത്മകവുമായ ആശയങ്ങൾ ബക്തിന്റെ 'ഡയലോഗിസ' ത്തിലൂടെ മനസ്സിലാക്കാൻ കഴിയും.

ബക്തിന്റെ സ്ഥലകാലസങ്കല്പങ്ങൾ (Chronotope) പ്രസക്തമാണ്. കാലം, സ്ഥലം എന്നീ അർത്ഥങ്ങളുള്ള ഗ്രീക്കുവാക്കുകൾ കൂട്ടിച്ചേർത്തു ബക്തിൻ നിർമ്മിച്ചതാണ് ഈ പദം. ഓരോ സാഹിത്യരൂപത്തിലും പ്രത്യക്ഷപ്പെടുന്ന സ്ഥലകാലനിബദ്ധമായ സവിശേഷതകളെ സൂചിപ്പിക്കുന്നതാണ് ഈ പദം. സ്ഥലകാലങ്ങളെപ്പറ്റിയുള്ള പഠനത്തിന് ആഖ്യാനവിജ്ഞാനത്തിൽ വലിയ സ്ഥാനമുണ്ട്. ബക്തീൻ അവതരിപ്പിച്ച ബഹുസ്വരത

(Polyphony) എന്ന പരികല്പന ആഖ്യാനത്തിൽ ഒരു സ്വരത്തിനുമേൽ മറ്റൊരു സ്വരം അധീശത്വം സ്ഥാപിക്കുന്നതിനു പകരം വ്യത്യസ്തസ്വരങ്ങൾക്ക് പാഠത്തിൽ ഒരേസമയം പ്രാധാന്യം ലഭിക്കുന്നതിനെ സൂചിപ്പിക്കുന്നു.

പരമ്പരാഗത ആഖ്യാനവിജ്ഞാനത്തിൽനിന്ന് വ്യത്യസ്തമായ സിദ്ധാന്തങ്ങൾ അവതരിപ്പിച്ചവരിൽ ശ്രദ്ധേയ മോനിക്ക ഫ്ളുഡർ നിക് ആണ്. '*ടുവേർഡ്സ് എ നാചുറൽ നരേറ്റോളജി*' എന്ന ഗ്രന്ഥത്തിൽ നാചറൽ നരേറ്റോളജി എന്ന സങ്കല്പനം അവർ അവതരിപ്പിച്ചു. 'നാചറൽ' എന്നത് മൂന്ന് ആശയങ്ങളെയാണ് സൂചിപ്പിക്കുന്നത്. സ്വാഭാവികമായിട്ടുള്ള മനുഷ്യസ്വഭാവത്തിൽനിന്നാണ് കഥാകഥനം പിറവിയെടുക്കുന്നത് എന്നതാണ് ഒന്നാമത്തെ ആശയം. രണ്ടാമത്തെ ആശയം സ്വാഭാവികമായി ഒരു ഭാഷാശാസ്ത്രംതന്നെ ഉണ്ടെന്നതാണ്. ജോനാഥാൻ കള്ളറുടെ 'നാചറലൈസേഷൻ' എന്ന സങ്കല്പമാണ് തന്നെ സ്വാധീനിച്ചതെന്ന് മോണിക്ക പറയുന്നു. നാചറലൈസേഷൻ എന്നതുകൊണ്ട് കള്ളർ ഉദ്ദേശിക്കുന്നത് അപരിചിതമായതിനെ പരിചിതമാക്കുക എന്നതാണ്. അപരിചിതമായതിനെ, സവിസ്തരം കാര്യങ്ങൾ വ്യക്തമാക്കുന്ന ഒരു ക്രമത്തിനകത്തേക്കു കൊണ്ടുവരികയും അങ്ങനെ അതിനെ സ്വാഭാവികമാക്കുകയും ചെയ്യുന്നതിനെയാണ് നാചറലൈസേഷൻ എന്ന് ജോനാഥൻ കള്ളർ വിശദീകരിച്ചത്. അനുവാചകപ്രതികരണസിദ്ധാന്ത(Reader response theory)വും മോണിക്കയെ സ്വാധീനിച്ചു.

വോൾഫ്ഗാംഗ് ഐസർ ഏതെല്ലാം മാർഗങ്ങളിലൂടെയാണ് വായനക്കാർ അർത്ഥം നിർമ്മിക്കുന്നതെന്നു കണ്ടെത്തുന്നു. ഒരു കലാസൃഷ്ടിക്ക് രണ്ടുതലങ്ങൾ ഉണ്ടെന്ന് ഐസർ പറയുന്നു. എഴുത്തുകാരൻ സൃഷ്ടിക്കുന്ന കലാത്മകതലവും (Artisticpole) വായനക്കാരൻ സൃഷ്ടിക്കുന്ന സൗന്ദര്യാത്മകതലവും (Aestheticpole) ആണത്. എഴുത്തുകാരനും വായനക്കാരനും സൃഷ്ടിക്കുന്ന തലങ്ങൾക്കിടയിലാണ് കലാസൃഷ്ടിയുടെ സ്ഥാനമെന്ന് ഐസർ പറയുന്നു. ഇതിൽ വായനക്കാർ അവരുടെ അനുഭവപരതയിൽ ഊന്നിനിന്നുകൊണ്ടു കൃതികളെ വായിക്കുന്നു. അനുഭവപരത (Experientiality) കഥാകഥനപ്രക്രിയയിലെ പ്രമുഖ ഘടകമായി മോണിക്ക ഫ്ളുഡർനിക് വിലയിരുത്തുന്നു. ഈ അനുഭവപരത ബൗദ്ധികമായ പല ഘടകങ്ങളുമായും ബന്ധപ്പെട്ടുനിൽക്കുന്നു. പ്രധാനകഥാപാത്രമായ മുനുഷ്യന്റെ പശ്ചാത്തലത്തിന്റെയോ പ്രവൃത്തികളുടെയോ സാന്നിധ്യമാണ് ഒരു ഘടകം. കാരണം പ്രധാനകഥാപാത്രത്തിന്റെ വൈകാരികവും ശാരീരികവുമായ പ്രതികരണങ്ങൾ ആഖ്യാനഘടനയിൽ സ്വാധീനം ചെലുത്താം. രണ്ടാമതായി മനുഷ്യരെല്ലാം ബോധപൂർവ്വം ചിന്തിക്കുന്നവരായതിനാൽ പ്രധാനകഥാപാത്രത്തിന്റെ ബോധമണ്ഡലം കൃതികളിൽ സൂചിപ്പിക്കപ്പെടാറുണ്ട്. അതുകൊണ്ട് ആഖ്യാനപരത (Narrativity) എന്നത് ഒരു യഥാർത്ഥസംഭവത്തോടു സാദൃശ്യമുള്ള അനുഭവചിത്രീകരണമാകാം.

ആഖ്യാനവിജ്ഞാനത്തിലെ സാമ്പ്രദായികപഠനങ്ങൾ സ്ത്രീപക്ഷപഠനത്തിനു പ്രാധാന്യം കൊടുത്തിരുന്നില്ല. അതിനു വഴിതുറന്നത് സൂസൻ എസ്.ലാൻസർ, നില്ലി ഡൈൻഗോട്ട്, ജൂഡിത്ത് റൂഫ് എന്നിവരാണ്. ഇവർ സ്ത്രീവാദത്തെ ആഖ്യാനവിജ്ഞാന

വുമായി ബന്ധപ്പെടുത്തി പഠിക്കാൻ ശ്രമിച്ചു. ആഖ്യാനത്തിലെ സ്ത്രീവാദസമീപനങ്ങൾ ഇതിവൃത്തത്തോടൊപ്പം കഥാപാത്രങ്ങൾക്കും പ്രാധാന്യം നൽകി. ആഖ്യാനഘടനയുടെ പഠനത്തെക്കാൾ, കഥാപാത്രപഠനങ്ങളിലൂടെ കഥാഗാത്രത്തിൽ എത്തിച്ചേരാനാണ് അവർ ശ്രമിച്ചത്. സൂസൻ ലാൻസർ മൂന്നുതരം ആഖ്യാനസ്വരങ്ങളെക്കുറിച്ചു പറയുന്നു: ഗ്രന്ഥകാരസ്വരം (Authorial Voice), വൈയക്തികസ്വരം (Personal Voice), സാമുദായികസ്വരം (Communal Voice). വൈയക്തികസ്വരത്തിൽ ആഖ്യാതാവ് ബോധപൂർവ്വം അവരുടെ അസ്തിത്വം വെളിപ്പെടുത്തുന്നു. ഈ വൈയക്തികസ്വരം ലിംഗമുക്തമല്ല. ഗ്രന്ഥകാരസ്വരത്തിനുള്ളതുപോലുള്ള അധികാരവും വൈയക്തികസ്വരത്തിനില്ല. വൈയക്തികസ്വരത്തിൽ സ്ത്രീകർത്തൃത്വങ്ങളുടെ നിർമ്മാണവും സ്ത്രീകളുടെ വീക്ഷണകോണിലുള്ള ആഖ്യാനവും സാധിക്കുന്നതായി ലാൻസർ അഭിപ്രായപ്പെടുന്നു. സാമുദായികസ്വരത്തിൽ ആഖ്യാതാക്കൾ സ്വയം അനേകരായി നിർമ്മിക്കുന്നതായി ലാൻസർ പറയുന്നു. ഒന്നിലധികവും പരസ്പരവിരുദ്ധവുമായ ആഖ്യാനസ്വരങ്ങൾ ഇവിടെ കടന്നുവരുന്നു.

ആൻഡ്രുഗിബ്സൻ ആഖ്യാനവിജ്ഞാനത്തെ ഉത്തരാധുനികതയുമായി ബന്ധപ്പെടുത്തി പഠിച്ചു. ഉത്തരാധുനികകാലത്ത് സ്ഥലകാലസങ്കല്പങ്ങളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ആഖ്യാനചിന്തയിൽ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് *ടുവേർഡ്സ് എ പോസ്റ്റ് മോഡേൺ തിയറി ഓഫ് നറേറ്റിവ്* എന്ന ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നു.

ആഖ്യാനം ആ പേരിന് അർഹമാകണമെങ്കിൽ അതിന് അത്യന്താപേക്ഷിതമായ ചില ഘടകങ്ങൾ കൂടിയേ തീരൂ. അവയെ ആഖ്യാനത്തിന്റെ മൗലികലക്ഷണങ്ങൾ എന്നു വിളിക്കാം. ആഖ്യാനത്തിന് നാലു മൗലികലക്ഷണങ്ങൾ ഉണ്ട്. 1. ആഖ്യാനത (Narrativity) 2. മധ്യസ്ഥത (Mediacy) 3. കാലികത (Temporality) 4. സ്ഥലികത (Spatiality).

### 1.5. ആഖ്യാനത (Narrativity)

ആഖ്യാനത്തെ ആഖ്യാനമാക്കുന്ന രൂപപരവും സാന്ദർഭികവുമായ ലക്ഷണങ്ങളെയാണ് ആഖ്യാനത എന്നുപറയുന്നത്. രൂപപരമായ ലക്ഷണങ്ങൾ അനവധിയുണ്ട്. ദൈർഘ്യം, വർഗം, ഗണം, വിഭാഗം, ശൈലി തുടങ്ങിയ ലക്ഷണങ്ങൾ ആഖ്യാനത മനസ്സിലാക്കാൻ സഹായിക്കുന്നു. ആഖ്യാനങ്ങളെയും അനാഖ്യാനങ്ങളെയും വേർതിരിക്കുന്ന സവിശേഷതകളുടെ സമുച്ചയമാണ് ആഖ്യാനത. ആഖ്യാനത്തിന്റെ നിയോജകഘടകങ്ങളുടെ സമീകരണമാണ് അതിനടിസ്ഥാനം. അനുവാചകർ ആഖ്യാനത്തെ എങ്ങനെ സ്വീകരിക്കുന്നുവെന്നതിനെ ആശ്രയിച്ചിരിക്കുന്ന അന്തർലീനമായ കഥാരൂപസങ്കൽപ്പനമാണ് ആഖ്യാനത. കലാസൃഷ്ടിയുടെ മർമ്മം ആഖ്യാനതയാണ്. ഓരോ ആഖ്യാനത്തിനും വ്യത്യസ്തമായ ആഖ്യാനതയുണ്ട്. വാക്യത്തിന്റെ സൃഷ്ടിക്കു നിയമമുള്ളതുപോലെ ആഖ്യാനസൃഷ്ടിക്കു നിയമമില്ല. അതിനാൽ ആഖ്യാനത ഓരോ കൃതിയിലും വ്യത്യസ്തമാവും. സ്ഥലികതയിലൂടെയും കാലികതയിലൂടെയുമുള്ള സംഭവങ്ങളുടെ പ്രയാണമാണ് കഥയുടെ പ്രയാണം. സ്ഥലികതയ്ക്കും കാലികതയ്ക്കും ആഖ്യാനത്തിൽ പരസ്പരപൂര

ണാനുഭവം ലഭ്യമാക്കുന്നതാണ് ആഖ്യാനത്തിന്റെ ധർമ്മം. ആഖ്യാനഘടനയും ആഖ്യാനതയുടെ യുക്തിയും തമ്മിൽ എല്ലായ്പ്പോഴും നേരിട്ട് ബന്ധം ഉണ്ടാകില്ല. ഘടന ഒട്ടുമില്ലാത്ത ആഖ്യാനത്തിൽപ്പോലും ആഖ്യാനതയുണ്ടാകാം. ഘടന അവിഭാജ്യഘടകമെന്നു തോന്നിപ്പിക്കുന്ന കൃതികളിൽ ആഖ്യാനത അനുഭവപ്പെടണമെന്നുമില്ല. ആഖ്യാനാരംഭം മുതൽ അനുനിമിഷം ആഖ്യാനത പ്രവർത്തിക്കുന്നു. അത് വിന്യാസക്രമപരമായിട്ടുള്ളതാണ്. കണിശമായ കാര്യകാരണബന്ധവും ആഖ്യാനശൃംഖലയും പാഠങ്ങളുടെ പരസ്പരബന്ധവുമാണ് ആഖ്യാനതയുടെ യുക്തിക്കു നിദാനമെന്ന് സേയ്മൂർ ചാറ്റ്മാൻ സമർത്ഥിക്കുന്നു. ആഖ്യാനത വിന്യാസക്രമാധിഷ്ഠിതമാണ്. അത് ആഖ്യാനരീതികളെയും വാക്യവിന്യാസയുക്തിയെയും ആശ്രയിക്കുന്നു.

ഓരോ കഥയ്ക്കും, കഥാവസ്തുവിനും പ്രതിപാദനലക്ഷ്യത്തിനും അനുസൃതമായി ഒരാഖ്യാനശാസ്ത്രവും ആഖ്യാനക്രമവും ഉണ്ട്. ആഖ്യാനത്തെ ആഖ്യാനമാക്കുന്ന രൂപപരവും സാന്ദർഭികവുമായ സവിശേഷതയെ ആഖ്യാനത (Narrativity) എന്നുപറയുന്നു. ആഖ്യാനത്തിനു ശക്തി പകരുന്നത് ആഖ്യാനതയാണ്. ആഖ്യാനശാസ്ത്രത്തിൽ ആഖ്യാനതയെക്കുറിച്ചാണ് അപഗ്രഥനം ചെയ്യുന്നത്.

**1.6. മധ്യസ്ഥത (Mediacy)**

കഥ അനുഭവവേദ്യമാകണമെങ്കിൽ ആരെങ്കിലും അത് ആഖ്യാനം ചെയ്തേ മതിയാകൂ. മറ്റു ഭാഷാപ്രയോഗങ്ങളിൽനിന്ന് കഥയെ വേറിട്ടു നിർത്തുന്ന ഘടകമത്രേ ഇത്. അതിനാൽ ആഖ്യാനത്തെയും അനാഖ്യാനത്തെയും വ്യത്യാസപ്പെടുത്തുന്ന ഈ സവിശേഷതയാണ് ആഖ്യാനത (Narrativity). എന്നാൽ ഈ ആഖ്യാനതയെ നിർവചിക്കാൻ എളുപ്പമല്ല. കാരണം ഒരു ആഖ്യാനത്തെ അനാഖ്യാനത്തിൽനിന്നു വേർതിരിച്ചുനിർത്തുന്നത് ഏതെങ്കിലും ഒന്നോ രണ്ടോ അംശങ്ങളിലുള്ള പ്രത്യേകതയല്ല. അത് ആഖ്യാനത്തിൽ സർവാംഗമായി നിൽക്കുന്നതായിരിക്കും. അതുകൊണ്ട് ആഖ്യാനതയെ കഥയുടെ ജീവൻ എന്നു പറയുക ഉചിതമാവും (സോമനാഥൻ 2016:127). സംഭവങ്ങളെ അനുഭവവേദ്യമാക്കാൻ ആഖ്യാനത്തിൽ മധ്യസ്ഥത വഹിക്കുന്ന ഒരാൾ ഉണ്ടാവണം. അതാണ് ആഖ്യാനത്തിന്റെ മറ്റൊരു ലക്ഷണമായ മധ്യസ്ഥത (Mediacy). അങ്ങനെ വരുമ്പോൾ മധ്യസ്ഥത ഉള്ളത് ആഖ്യാനം എന്നും അതില്ലാത്തതിനെ അനാഖ്യാനം എന്നും വിളിക്കാം. മധ്യസ്ഥത എന്ന ഗുണം ഇല്ലാത്തതിനാൽ നാടകം അനാഖ്യാനമാണെന്ന് അരിസ്റ്റോട്ടിൽ അഭിപ്രായപ്പെട്ടു. മിമെസിസ് ആണ് നാടകത്തിന്റെ അവതരണരീതി. ഡയജസിസ് ആണ് ആഖ്യാനത്തിന്റെ അവതരണരീതി. ഡയജസിസ് തന്നെയാണ് മധ്യസ്ഥത. മധ്യസ്ഥതയക്ക് ഡി. രാധാകൃഷ്ണൻ നായർ മാധ്യമത എന്നു പേരിട്ടതിനോട് സോമനാഥൻ വിയോജിക്കുകയും മധ്യസ്ഥത എന്ന പദമാണ് ഉചിതമെന്ന് പറഞ്ഞ് അതു പ്രയോഗിക്കുകയും ചെയ്യുന്നു (2016:130). മധ്യസ്ഥത ആഖ്യാനവിജ്ഞാനത്തിലെ ഒരു പ്രധാനപരികൽപനയാകുന്നു. എഫ്. കെ. സ്റ്റാൻസൽ *ഏ തിയറി ഓഫ് നരേറ്റീവ്* എന്ന ഗ്രന്ഥത്തിലായിരുന്നു ഈ സങ്കല്പം അവതരിപ്പിച്ചത്. ഇത് ഒരു സങ്കീർണ്ണസങ്കല്പമാണ്.

ആഖ്യാനം ഭാഷയിലൂടെയുള്ള ആശയവിനിമയമായതിനാൽ അതിന് ഒരു മാധ്യമം ആവശ്യമുണ്ട്. ആഖ്യാനത്തിന്റെ ഉപാധിയായിരിക്കുന്ന മാധ്യമമാണ് മധ്യസ്ഥത. മധ്യസ്ഥതയിൽ മൂന്നു ഘടകങ്ങളുണ്ട്. പുരുഷൻ (Person), പരിപ്രേക്ഷ്യം (Perspective), ബഹുലകം (Mode) എന്നിവയാണവ. ഈ മൂന്നു ഘടകങ്ങളുടെ സമ്യക്കായ ചേർച്ചയിലൂ ടെയാണ് മധ്യസ്ഥതയുണ്ടാകുന്നത്. ഇതിൽ പുരുഷൻ ആഖ്യാതാവിനെ സൂചിപ്പിക്കുന്നു.

നവീനദശയിൽ ആഖ്യാനത്തിന്റെ ഗഹനത മനസ്സിലാക്കാൻ 'മധ്യസ്ഥത', 'വിമധ്യ സ്ഥത' എന്നീ സങ്കല്പങ്ങൾ ഉപയോഗിക്കുന്നത് ഉചിതമായിരിക്കും. ആഖ്യാനമോ ആഖ്യാതാവിന്റെ പരിപ്രേക്ഷ്യമോ ഇല്ലാതെതന്നെ കഥാഖ്യാനം നടത്തുന്ന രീതിയാണ് വിമധ്യസ്ഥത. സക്കറിയയുടെ 'രണ്ടു മരണങ്ങളുടെ ഭേദഗതി ചെയ്യപ്പെട്ട സാംസ്കാരികച രിത്രം' എന്ന കഥയിൽ ഒരു ആഖ്യാതാവും കടന്നുവരുന്നില്ല (2002:64). 'ഒന്നാമത്തെ മര ണം', 'രണ്ടാമത്തെ മരണം', 'രാമന്റെ വിജയഗീതം' , 'രണ്ടു മൃതർക്കുവേണ്ടി അശരീരി പാടുന്നു' എന്നീ തലക്കെട്ടുകൾക്കു താഴെ മോഹൻദാസ്, രാമൻ, ലക്ഷ്മണൻ, എന്നിവ രുടെ ആത്മഗതങ്ങളും 'വൈഷ്ണവജനതോ തേന കഹി എ, ജേ---' എന്നാരംഭിക്കുന്ന പ്രാർത്ഥനാഗീതവുമാണ് അവതരിപ്പിച്ചിട്ടുള്ളത്. കഥാപാത്രങ്ങളുടെ ആത്മഗതങ്ങളെ ബന്ധിപ്പിക്കുന്ന ഒരാഖ്യാതാവ് കടന്നുവരുന്നതേയില്ല. ഇക്കഥയിൽ വിമധ്യസ്ഥതയെന്ന രചനാസങ്കേതമാണ് ഉപയോഗിച്ചിരിക്കുന്നത്.

### 1.7. കഥാരേഖ (Storyline) എന്ന സങ്കല്പനം

ഉപകഥകളും സംഘർഷങ്ങളുമാണ് ഏതൊരു കഥയെയും മുന്നോട്ടുനയിക്കുന്ന ത്. കഥ എന്നാൽ സംഭവങ്ങളുടെ ക്രമമാണ്. ഒരു സംഭവത്തിൽനിന്ന് മറ്റൊന്നിലേക്കു നീങ്ങുന്ന ക്രമമാണ് കഥയുടെ സവിശേഷത. സംഭവങ്ങളുടെ തുടർച്ചയിലൂടെയാണ് ഇതുണ്ടാകുന്നത്. കഥയുടെ തുടർച്ചയും കാര്യകാരണബന്ധവും ചേർത്തുവച്ചു കഥാ രേഖ (Storyline) എന്ന സങ്കല്പനത്തെ ഷ്ലോമിത് റിമ്മൺ കെനാൻ ആവിഷ്കരിച്ചിട്ടു ണ്ട്. ഒരു കൃതിയുടെ ഘടനാപരമായ വിവരണത്തിലൂടെ, സൂക്ഷ്മമായ സംഭവക്രമങ്ങൾ എപ്രകാരം ബൃഹത്തായ സംഭവക്രമങ്ങളായി മാറുന്നതെന്നും അവയുടെ ചേർച്ചയിലൂടെ പൂർണ്ണമായ കഥയായിത്തീരുന്നതെങ്ങനെയെന്നും കെനാൻ കണ്ടെത്തി (2001:16). കഥയ്ക്കും ബൃഹത്തായ സംഭവക്രമങ്ങൾക്കും ഇടയ്ക്ക് ചിലപ്പോൾ മധ്യവർത്തിയെ ഒഴി വാക്കിക്കൊണ്ടും സംഭവക്രമങ്ങൾ ആവിഷ്കരിക്കാം. ഇതിനെ കഥാരേഖ എന്നു പറയു ന്നു. പ്രാധാനകഥാരേഖ (Main Storyline), ഉപകഥാരേഖ (Subsidiary Storyline) എന്നു കഥാരേഖ രണ്ടുതരമുണ്ട്.

#### 1.7.1. പ്രധാനകഥാരേഖ (Main Storyline)

ഒരു വ്യക്തിയെത്തന്നെ കേന്ദ്രീകരിച്ചുകൊണ്ട് സംഭവക്രമങ്ങളെ കഥാഘടകമായി അവതരിപ്പിക്കുമ്പോൾ പ്രധാനകഥാരേഖയായി മാറുന്നു (Kenan 2001:16). സംഭവങ്ങളുടെ

കാര്യകാരണബന്ധങ്ങളെ നിർണ്ണയിക്കാൻ സംഭവങ്ങളുടെ കാലക്രമത്തിന് ഒരു പരിധി വരെ സാധിക്കാറുണ്ട്.

### 1.7.2. ഉപകഥാരേഖ (Subsidiary Storyline)

ഒരു സംഭവശ്രേണി മറ്റൊരുകൂട്ടം വ്യക്തികളെ കേന്ദ്രീകരിച്ചുകൊണ്ട് ആവിഷ്കരിക്കുമ്പോൾ ഉപകഥാരേഖയായി മാറുന്നു (Kenan 2001:16). ഉപകഥാരേഖകൾ പ്രധാനകഥാരേഖയോട് ചേർന്നു കഥാഘടനയ്ക്കു പൂർണ്ണത നൽകുന്നു.

### 1.8. ഫാബുല (Fabula), സുഷെ (Suzhet)

സംഭവങ്ങളുടെ ആധാരസമുച്ചയത്തെ ഫാബുല എന്നു വിളിക്കുന്നു. ഇതിനെ കഥാജനകം എന്നു പരിഭാഷപ്പെടുത്താം. ഒരു സംഭവത്തിന്റെ ആരംഭം മുതൽ അവസാനം വരെ കാലക്രമണികയിൽ കിടക്കുന്ന അടിസ്ഥാനവിവരങ്ങളാണ് ഫാബുല. കഥയുടെ അസംസ്കൃതവസ്തുക്കളാണ് ഫാബുല. ഒരു കഥതന്നെ പല വിധത്തിൽ അവതരിപ്പിക്കാൻ കഴിയും. ഒരു കഥയേയുള്ളുവെങ്കിലും അവതരിപ്പിക്കുന്നതിലെ വ്യത്യസ്തതയാണ് അതിനെ പുതിയകഥയാക്കി മാറ്റുന്നത്. പല വിധത്തിൽ അവതരിപ്പിക്കുന്നതിനുമുമ്പുള്ള കഥയുടെ അവസ്ഥയാണ് ഫാബുല എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഫാബുല സ്ഥിരമായ അസ്തിത്വമുള്ളതാണ്. എന്നാൽ സുഷെ ആഖ്യാനരീതിക്കനുസരിച്ചു മാറിക്കൊണ്ടിരിക്കും. ആദിമധ്യാന്തങ്ങൾ എങ്ങനെ കൂട്ടിച്ചേർക്കാമെന്നു വിലയിരുത്തി സംഭവങ്ങൾക്കു പ്രത്യേക ക്രമം ആവിഷ്കരിക്കുന്നതാണ് സുഷെ. ഫാബുലയെ ഉചിതമായ രചനാതന്ത്രങ്ങളുടെ സഹായത്തോടെ ആവിഷ്കരിച്ചാണു സുഷെയാക്കി മാറ്റുന്നത്. സുഷെയെ കഥാജനിതം എന്നു ഭാഷാന്തരീകരിക്കാം. കഥയുടെ അവതരണപൂർവ്വാവസ്ഥയാണ് ഫാബുല. വായനയ്ക്കു പ്രേരിപ്പിക്കുന്ന തരത്തിൽ അതിനെ പൊടിപ്പും തൊങ്ങലുംവച്ച് അവതരിപ്പിക്കുമ്പോൾ സുഷെ ഉണ്ടാകുന്നു. അടിസ്ഥാനപരമായി കഥ ഒന്നേയുള്ളൂ. കഥാഖ്യാനത്തിന്റെ വ്യത്യസ്തതയ്ക്കുവേണ്ടി വിവിധരീതികളിലാണ് കഥയിലെ സംഭവശൃംഖല സൃഷ്ടിക്കുന്നത്. പലതരത്തിൽ അവതരിപ്പിക്കുന്നുവെങ്കിലും ഒരു കഥയിലെ മുൻഗാമിയായ സംഭവം ഒന്നുതന്നെ. അത് ആവിഷ്കാരഭേദംകൊണ്ട് സുഷെയായി പരിണമിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ എന്താണു പറയേണ്ടത് എന്നതും ഏതുവിധത്തിലാണ് പറയേണ്ടത് എന്നതും തമ്മിലുള്ള വ്യത്യാസമാണ് ഈ രണ്ടു സംജ്ഞകൾകൊണ്ടു വിവക്ഷിക്കുന്നത്.

### 1.9. ആഖ്യാനത്തിലെ സ്ഥലകാലചിന്തകൾ

ഏതൊരു വ്യവഹാരവും (Discourse) അടിസ്ഥാനപരമായി നിലനിൽക്കുന്നത് കാലികവും സ്ഥലികവുമായ മാനങ്ങളിലാണ്. കാലം ചലനാത്മകവും (Kinetic), സ്ഥലം നിശ്ചലവു(Static)മാണെന്ന സങ്കല്പം സാഹിത്യകൃതിയുടെ ആഖ്യാനത്തെ സംബന്ധിച്ചു നിലനിൽക്കുന്ന ഒന്നല്ല. സ്ഥലത്തിന്റെ മാറ്റം ആഖ്യാനത്തിന്റെ വളർച്ചയെ അസാധ്യമാക്കു

കയോ, ആഖ്യാനത്തെത്തന്നെ തകിടംമറിക്കാൻ ഇടയാക്കുകയോ ചെയ്യും. സാഹിത്യസൃഷ്ടികളിലെ സ്ഥലകാലങ്ങളെ മിഖായിൽ ബാക്തിൻ ക്രോണോടോപ്പ് എന്നു വ്യവഹരിക്കുന്നു. സ്ഥലകാലികം എന്ന് ഈ സംജ്ഞയെ മൊഴിമാറ്റാം. സ്ഥലകാലങ്ങളെപ്പറ്റിയുള്ള യുക്തിയുക്തമായ വിശദീകരണങ്ങളാണ് ഒരു ആഖ്യാനത്തിലെ സംഭവങ്ങൾക്ക് വൈജ്ഞാനികതയും ഫലപ്രദമായ ആശയവിനിമയപ്രധാനതയും ഉണ്ടാക്കുന്നത്. അതിനുകാരണം സംഭവങ്ങൾ അവതരിപ്പിക്കപ്പെടുന്നത് സ്ഥലകാലങ്ങളിലൂടെയാണ്. സ്ഥലമുക്തമായ കാലസങ്കല്പമോ കാലമുക്തമായ സ്ഥലസങ്കല്പമോ ഇല്ല. ഇവ പരസ്പരാശ്രിതങ്ങളും പരസ്പരബന്ധിതങ്ങളുമാണ്. അതിനാൽ അവിഭാജ്യവുമാണ്. അതുകൊണ്ട് സ്ഥലപരമായ എല്ലാ വ്യവഹാരങ്ങളും കാലികവും കൂടിയാണ്.

### 1.9.1. കാലികത

എല്ലാ സംഭവങ്ങളും കാലത്തിലാണ് നടക്കുന്നത്. വ്യക്തിയും സമൂഹവും കാലത്തെ അറിയുകയും അനുഭവിക്കുകയും ചെയ്യുന്നു. ആഖ്യാനവും കാലത്തെ അടിസ്ഥാനമാക്കിയാണ് രൂപപ്പെടുന്നത്. അതിനാൽ ഒരു കൃതിയുടെ ആഖ്യാനതന്ത്രത്തെ രൂപപ്പെടുത്തുന്ന ഘടകം എന്ന നിലയ്ക്ക് കാലത്തിനും പ്രാധാന്യമുണ്ട്. കാലത്തെ ഒഴിവാക്കി ആഖ്യാനം നിർവഹിക്കാനാവില്ല. കാരണം ആഖ്യാതാവ് തിരഞ്ഞെടുക്കുന്ന സംഭവങ്ങൾക്ക് ഒരു കാലമുണ്ട്. സംഭവങ്ങളുടെ തുടർച്ചയിൽ അളക്കപ്പെടാവുന്ന കാലമാണത്. ഇതു പൊതുവായ കാല(Public time)മാണ്. ഇതിൽ ആഖ്യാതാവിന്റെ കാലദർശനങ്ങൾ ഒന്നുമില്ല. കഥാകഥനരീതിയിലൂടെ അയാൾ പുതിയൊരു കാലം സൃഷ്ടിക്കുന്നു. ഓരോ ആഖ്യാതാവും തന്റേതായ കാലബോധം പ്രകടിപ്പിക്കാറുണ്ട്. ഒരു കൃതിയെ സംബന്ധിച്ചിടത്തോളം സമീപസ്ഥമായ രണ്ടു സമയപ്രവാഹങ്ങൾ ഉണ്ട്. കഥാസമയവും (Story Time) വ്യവഹാരസമയവും (Discourse Time). കഥാസമയം ആഖ്യാനത്തിനാസ്പദമായ സംഭവങ്ങളുടെ സമയപ്രപഞ്ചത്തെയാണു (സംഭവകാലം) സൂചിപ്പിക്കുന്നത്. വ്യവഹാരസമയം രചനയിൽ സ്വീകരിക്കപ്പെട്ട സമയവിധാനത്തെയും (ആഖ്യാനകാലം) സൂചിപ്പിക്കുന്നു. എഴുത്തുകാരന്റെ സവിശേഷമായ കാലബോധത്തോടൊപ്പം കൃതിയിൽ അനുഭവപ്പെടുന്ന ഈ കാലപ്രവാഹങ്ങളുടെ താരതമ്യത്തിലൂടെ ആഖ്യാനതന്ത്രമായി കാലത്തെ ഉപയോഗിക്കുന്നതിനെ ശ്രദ്ധിക്കാനാവും.

ആഖ്യാനശാസ്ത്രജ്ഞനായ ഷ്ളോമിത്ത് റിമ്മൺ കെനാൻ ആഖ്യാനത്തിന്റെ വ്യവസ്ഥകൾ നിർദ്ദേശിക്കുന്നുണ്ട്. ഒരു ഭാഷകനും ശ്രോതാവിനും ഇടയിലുള്ള ആശയവിനിമയപ്രക്രിയയാണ് ആഖ്യാനമെന്നും, വാചികമായ വിനിമയമാണതെന്നും അദ്ദേഹം പറയുന്നു. ഭാഷകന്റെ സാന്നിധ്യം, തുടർച്ചയായ സംഭവങ്ങളുടെ ഗതി എന്നിവയും ആഖ്യാനത്തിന്റെ അനിവാര്യഘടകങ്ങളാണെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. രണ്ടു കവിതാശകലങ്ങൾ ഉദ്ധരിച്ചുകൊണ്ട് ആഖ്യാനത്തെയും അനാഖ്യാനത്തെയും അദ്ദേഹം വേർതിരിച്ചു കാണിക്കുന്നു.

''നീഗ്രോ യുവതിയായ ഒരു സ്ത്രീയുണ്ടായിരുന്നു.
കടുവാപ്പുറത്ത് സവാരി ചെയ്യുന്നതോർത്ത് അവൾ ചിരിച്ചു.
സവാരി കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ
അവൾ അകത്തും ചിരി കടുവയുടെ മുഖത്തുമായി''
''റോസാപുഷ്പങ്ങൾ ചുവന്നതാകുന്നു.
വയലറ്റ് പുഷ്പങ്ങളുടെ നിറം നീലയാകുന്നു.
പഞ്ചസാര മധുരമുള്ളതാകുന്നു.
നീയും അതുപോലെയാകുന്നു''.

ആദ്യത്തേത് ആഖ്യാനവും രണ്ടാമത്തേത് അനാഖ്യാനവുമാണ്. ആദ്യത്തേതിൽ സംഭവം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. കാലപരമായ ബന്ധവുമുണ്ട്. എന്നാൽ രണ്ടാമത്തെ കവിതാഭാഗത്ത് പ്രസ്താവനകൾ യുക്തിപരമായും ഏകകാലികമായും യാഥാർത്ഥ്യങ്ങളാണെങ്കിലും അവ കാലികമായി പരസ്പരം ബന്ധിക്കപ്പെട്ടിട്ടില്ല. അവിടെ കഥയുമില്ല. കാലികമായി സംഭവങ്ങൾ ബന്ധിപ്പിക്കപ്പെടുമ്പോഴാണ് കഥയുണ്ടാകുന്നത്. അങ്ങനെ ആഖ്യാനം എന്നത് കാലപരമായി സംഭവങ്ങളെ ബന്ധിപ്പിക്കുന്നതും കഥയുടെ സാന്നിധ്യമുള്ളതുമാണ്. കാലനിബദ്ധതയാണ് ആഖ്യാനത്തിന്റെ അവശ്യഘടകം.

അനുക്രമം (Order), കാലം, സ്ഥലം എന്നിവയാണ് ആഖ്യാനത്തിന്റെ അടിസ്ഥാന ഘടകങ്ങൾ. സംഭവങ്ങളുടെ തിരഞ്ഞെടുപ്പും പുന:ക്രമീകരണവുമാണ് ക്രമം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ആഖ്യാനത്തിന് തുടക്കം മുതൽ ഒടുക്കം വരെ ഒരു ക്രമം വേണം. ആ ക്രമം അർത്ഥപരമായ ബന്ധത്തെ ഉൾക്കൊള്ളുന്നതായിരിക്കണം. ആഖ്യാനത്തെ സംബന്ധിച്ച ഏറ്റവും പ്രബലമായ നിയമം ഇതാകുന്നു. അപ്പോൾ ആഖ്യാനത്തിന് ചലിക്കാൻ സ്ഥലകാലങ്ങൾ വേണമെന്നും മനസ്സിലാക്കാം. ആഖ്യാനത്തിലെ സാഹചര്യങ്ങളെയും സംഭവങ്ങളെയും അനുഭവവേദ്യമാക്കി തീർക്കുന്ന ഒരു ഘടകമാണ് സ്ഥലം. ഏത് ആഖ്യാനത്തിനും കഥയുടെ പ്രതിനിധാനത്തിനായി സ്ഥലങ്ങളുടെയും ആവാസങ്ങളുടെയും വഴികളുടെയും നിർണ്ണയനം ആവശ്യമാണ്.

കഥാകാലവും (Story time) പാഠകാലവും (Text time) തമ്മിലുള്ള ബന്ധങ്ങൾ സൂക്ഷ്മമായി വിവരിക്കുന്നുണ്ട് ജെറാർഡ് ജെനറ്റ്. ക്രമം, കാലയളവ്, ആവൃത്തി എന്നിങ്ങനെ മൂന്നു ശീർഷകങ്ങളിലായാണ് കഥാകാലവും പാഠകാലവും തമ്മിലുള്ള ബന്ധത്തെ അദ്ദേഹം വിശദീകരിക്കുന്നത്. കഥയിലെ സംഭവങ്ങളുടെ പൂർവ്വാപരക്രമവും പാഠത്തിലെ അവയുടെ രേഖീയക്രമീകരണവും തമ്മിലുള്ള ബന്ധമാണ് ക്രമം എന്ന ശീർഷകത്തിൻകീഴിൽ അദ്ദേഹം പരിശോധിക്കുന്നത്. സംഭവം നടക്കാൻ സങ്കല്പിക്കപ്പെടുന്ന സമയവും പാഠത്തിൽ അതിന്റെ കഥനത്തിന് അനുവദിക്കുന്ന ഇടവും തമ്മിലുള്ള ബന്ധം കാലയളവിലും കഥയിൽ ഒരു സംഭവം പ്രത്യക്ഷപ്പെടുന്നതിന്റെ എണ്ണവും പാഠത്തിൽ അതു വിവരിക്കുന്നതിന്റെ എണ്ണവും തമ്മിലുള്ള ബന്ധം ആവൃത്തിയിലും അദ്ദേഹം വിശകലനം ചെയ്യുന്നു. കഥാകാലത്തിലെ പത്തോ ഇരുപതോ വർഷത്തെ കാല

യളവ് (Duration) ഒന്നോ രണ്ടോ വാക്യത്തിൽ പാഠത്തിൽ ഒതുക്കാനാവും. അതുപോലെ ഏതാനും മണിക്കൂറുകളുടെ കഥാകാലം പാഠത്തിൽ ആദ്യന്തം വ്യാപിച്ചുനിൽക്കുന്നു വെന്നും വരാം. കഥയിലെ സംഭവം നടക്കാനെടുക്കുന്ന സമയവും പാഠത്തിൽ അതിനെ വിവരിക്കാനെടുക്കുന്ന ദൈർഘ്യവും തമ്മിൽ ചേർത്തുവച്ചു പരിശോധിക്കാനാണ് ജെന റ്റിന്റെ നിർദ്ദേശം. ഈ പരിശോധനയ്ക്കുള്ള മാനദണ്ഡം വേഗം (Speed) ആകുന്നു. ദീർഘ മായ കാലയളവിനെ ഹ്രസ്വമായി പാഠത്തിൽ വിവരിക്കുന്നതിനെ വേഗംകൂട്ടൽ (Acceleration) എന്നും ഹ്രസ്വകാലയളവിനെ ദീർഘമായി വിവരിക്കുന്നതിനെ വേഗംകുറ യ്ക്കൽ (Deceleration) എന്നും പറയുന്നു.

ആവൃത്തി (Frequency) എന്നാൽ ആവർത്തനം. കഥയിലെ ഒരു സംഭവം പാഠ ത്തിൽ എത്രപ്രാവശ്യം ആവർത്തിച്ചുവിവരിക്കുന്നു എന്നതാണ് ആവൃത്തി. ഒരു സംഭ വവും അതിന്റെ എല്ലാ അർത്ഥത്തിലും ഒരിക്കൽക്കൂടി ആവർത്തിക്കുന്നില്ല എന്ന് ഷ്ലോമിത്ത് റിമ്മൺ കെനൻ ചൂണ്ടിക്കാണിക്കുന്നു (2001:57). ഓരോ ആവർത്തനവും സംഭവത്തിന്റെ വിശദാംശങ്ങളിൽ ചിലത് ഒഴിവാക്കുകയോ ചിലത് കൂട്ടിച്ചേർക്കുകയോ ചെയ്യുന്നു. അതുകൊണ്ട് ഒരു സംഭവം പാഠത്തിൽ ആവർത്തിക്കുമ്പോൾ വിശദാംശങ്ങ ളിൽ വ്യത്യാസമുണ്ടാകും. എന്നുതന്നെയല്ല, വ്യത്യസ്തസന്ദർഭത്തിലെ പുതിയസ്ഥാനപ്പെ ടുത്തൽ സംഭവത്തിന്റെ അർത്ഥത്തിൽത്തന്നെ മാറ്റമുണ്ടാക്കുന്നു. കഥാസംഭവങ്ങൾ പാഠ ത്തിൽ മൂന്നുവിധത്തിൽ ആവർത്തിക്കാം.

കഥയിൽ ഒരിക്കൽ സംഭവിച്ചത് പാഠത്തിൽ ഒരു പ്രാവശ്യം മാത്രം വിവരിക്കുക. ഏകാത്മക ആവൃത്തി (Singulative Frequency) എന്ന് ഇതറിയപ്പെടുന്നു. കഥയിൽ ഒരി ക്കൽ ആവർത്തിച്ചത് പാഠത്തിൽ പലതവണ ആവർത്തിക്കുന്നത് ആവർത്തനാ ത്മകആവൃത്തി (Repetative Frequency). കഥയിൽ പലതവണ ആവർത്തിച്ചത് പാഠത്തിൽ ഒരിക്കൽ മാത്രം ചിത്രീകരിക്കുന്നത് സംവൃതാവൃത്തി (Iterative Frequency).

സംഭവകാലവും ആഖ്യാനകാലവും സമാന്തരമാവുകയില്ല. ആഖ്യാനചാരുതയ്ക്കു വേണ്ടിയും പ്രത്യേകലക്ഷ്യങ്ങൾ മുൻനിർത്തിയും രചയിതാവ് നേർരേഖയിലുള്ള കാലക്ര മത്തെ ഉടച്ചുവാർക്കുന്നു. ഓരോ കൃതിയിലും കഥാശൃഖലയിൽ മാറ്റിമറിക്കലുകളുണ്ടാ വും. ആഖ്യാനകാലത്തിൽ ഉണ്ടാകുന്ന ഈ വ്യതിയാനത്തെ കാലവ്യതിചലനം (Anachrony) എന്നു വിളിക്കുന്നു. കാലവ്യതിചലനത്തിന് പ്രധാനമായും രണ്ടു വിഭാഗങ്ങ ളുണ്ട്. സ്മരണ (Flash Back or Analepsis), പ്രവചനം (Flash Forward or Prolepsis), ദൈർഘ്യം (Duration). സംഭവങ്ങളുടെ ആഖ്യാനമാണ് ആഖ്യാനങ്ങളിലുള്ളത്. സംഭവ ങ്ങൾക്ക് സ്വാഭാവികമായി ഉണ്ടാകാവുന്ന കാലദൈർഘ്യം ക്രിയാകാലമാണ്. ഈ ക്രിയയെ കഥയിൽ ആവിഷ്കരിക്കുമ്പോൾ അവയുടെ ദൈർഘ്യം അതുപോലെയോ ഏറ്റ ക്കുറച്ചിലുകളോടെയോ അവതരിപ്പിക്കുവാൻ എഴുത്തുകാരനു കഴിയും. തന്റെ ആവിഷ്ക രണലക്ഷ്യവും സൗന്ദര്യബോധവും അതിനദ്ദേഹത്തെ സജ്ജമാക്കുന്നു.

ആഖ്യാനദൈർഘ്യവും കാലദൈർഘ്യവും തുല്യമായി വരുന്നതിനെ സമ ദൈർഘ്യം (Isochrony) എന്നുവിളിക്കുന്നു. ഈ രണ്ടു കാലങ്ങൾ തമ്മിലുള്ള വ്യവസ്ഥാ നുസൃതമായ തുല്യത കാണാൻ കഴിയുന്നത് സംഭാഷണങ്ങളിലൂടെ ആവിഷ്കൃതമാ കുന്ന രംഗങ്ങളിലോ (Scene) ക്രിയകളെ വിശദീകരിക്കുന്ന വൃത്താന്തങ്ങളിലോ (Report) മാത്രമാണ്. കാലപരമായ ദൈർഘ്യവും (Temporal Dimension) സ്ഥലത്തിലുള്ള നില നിൽപും (Spatial Dimension) തമ്മിലുള്ള ബന്ധമാണ് ആഖ്യാനവേഗത (Speed) എന്നു പറയാം. ഒരു ആഖ്യാനത്തിന്റെ ആഖ്യാനവേഗതയെ നിർണ്ണയിക്കുന്നത് കാല ദൈർഘ്യവും ആഖ്യാനത്തിന്റെ ദൈർഘ്യവും തമ്മിലുള്ള ബന്ധത്തിലൂടെയാണ്. വേഗ തയ്ക്കു വ്യതിയാനമില്ലാത്ത ഒരു സമയദൈർഘ്യം കൃതിയെ സംബന്ധിച്ചിടത്തോളം വിര സമായിരിക്കും. സംഭവങ്ങൾ ചുരുക്കിപ്പറയുകയാണെങ്കിൽ വേഗതയുടെ അളവ് കൂടുന്നു. വിസ്തരിച്ചുപറയുകയാണെങ്കിൽ വേഗത കുറയുന്നു. വേഗതയെ നിർണ്ണയിക്കുന്നത് പ്രധാനമായും നാലു ഘടകങ്ങൾ ആണ്.

#### 1.9.1.1. അല്പനേരവിരാമം (Pause)

കഥയിൽനിന്ന് അഥവാ ക്രിയയിൽനിന്ന് വേറിട്ടു നിൽക്കുന്ന വിവരണങ്ങൾ പൊതുപരാമർശങ്ങൾ തുടങ്ങിയവ വരുമ്പോൾ ഇതിവൃത്തഗതിക്കും കഥാകാലത്തിനും ഭംഗം വരുകയും ആഖ്യാനകാലം കൂടുകയും ചെയ്യുന്നു. ഇതിവൃത്തഗതിക്ക് അല്പനേരം വിരാമമിടുകയും അനുപേക്ഷണീയമല്ലാത്ത മറ്റു വിവരണങ്ങളിലേക്ക് നീങ്ങുകയും ചെയ്യുന്ന രീതിയാണിത്.

#### 1.9.1.2. ആഖ്യാനലോപം (Ellipsis)

കഥയിലെ ചില ഭാഗങ്ങൾ വിട്ടുകളയുന്ന ആഖ്യാനസ്വഭാവമാണിത്. ഇങ്ങനെ ഒരു ഭാഗം കഥയിൽനിന്ന് വിട്ടുകളയുന്നതുകൊണ്ട് ആഖ്യാനകാലം കുറയുന്നു. ഉദാ. 1. അഞ്ചുവട്ടമിഹ പൂത്തു കാനനം. 2. വളരെ വർഷങ്ങൾക്കു ശേഷം. 3. സന്തോഷത്തിന്റെ രണ്ടു വർഷങ്ങൾ കഴിഞ്ഞു.

#### 1.9.1.3. രംഗം (Scene)

സംഭവദൈർഘ്യവും ആഖ്യാനദൈർഘ്യവും തുല്യമായി വരുന്ന ആഖ്യാനമാണ് രംഗങ്ങൾ. സംഭാഷണങ്ങളും വൃത്താന്തങ്ങളും (Commentary or Scenic Report) ആണ് രംഗാവസ്ഥയിൽ വരുന്നത്. ഇതിന്റെ തുടർച്ചയായ നിലനിൽപ് ആഖ്യാനത്തെ അരോചക മാക്കും.

**1.9.1.4. സംക്ഷിപ്തം (Summary)**

ഒരു ഉപഖണ്ഡത്തിന്റെ വ്യവഹാരസമയം കഥാസമയത്തെ അപേക്ഷിച്ച് ചെറുതായിരിക്കുന്നതാണ് സംക്ഷിപ്തം. ദീർഘമായ സംഭവം ഭാഷണത്തിന്റെയോ ക്രിയയുടെയോ വിശദാംശങ്ങൾ കൂടാതെ പെട്ടെന്ന് ആഖ്യാനം ചെയ്യുന്ന തന്ത്രമാണിത്. സംക്ഷിപ്തത്തിന്റെ യുക്തമായ ഉപയോഗം ആഖ്യാനകലയിലെ ഒരു പ്രധാനഘടകമാണ്.

കാലത്തിന്റെ അവതരണം എങ്ങനെ കഥയിൽ ഔചിത്യപൂർവ്വം ആവിഷ്കരിക്കാം എന്നതിനെപ്പറ്റി സോദാഹരണം വത്സലൻ വാതുശ്ശേരി വ്യക്തമാക്കിയിട്ടുണ്ട്.

"കഥ നടക്കുന്ന കാലവും കഥയിലെ കാലാനുഭവവും തികച്ചും വ്യത്യസ്തമാണ്. അരമണിക്കൂറിനുള്ളിൽ ഒതുങ്ങുന്ന സംഭവങ്ങൾ മാത്രമേ കഥയിൽ ഉൾപ്പെടുത്താവൂ എന്ന നിബന്ധനയൊന്നും ഇല്ല. കഥയിൽ സംഭവങ്ങൾ നടക്കുന്ന കാലം ദിവസങ്ങളോ മാസങ്ങളോ വർഷങ്ങളോ ആയിരിക്കും. എന്നാൽ വിസ്തൃതമായ ആ കാലയളവിനെ ഒരു കാലബിന്ദുവിലേക്ക്, അല്ലെങ്കിൽ ഒരു സന്ദർഭത്തിലേക്ക് കേന്ദ്രീകരിച്ചു നിർത്തുകയാണ് രചയിതാവു ചെയ്യുന്നത്. ഒരാൺകുട്ടിയും പെൺകുട്ടിയും ഒന്നിച്ചുകളിച്ചുവളരുന്നു. മുതിരുമ്പോൾ ആൺകുട്ടി തൊഴിൽതേടി അന്യനാട്ടിലേക്കു പോകുന്നു. പെൺകുട്ടി അതിന്റെ ദു:ഖത്തിൽ പ്രണയാതുരതയോടെ പിന്നെയും ജീവിക്കുന്നു. വർഷങ്ങൾക്കുശേഷം തങ്ങൾ കളിച്ചു നടന്ന മാഞ്ചുവട്ടിൽവച്ച് അവരിരുവരും കണ്ടുമുട്ടുന്നു. അവൾക്കു തന്നോടുണ്ടായിരുന്ന പ്രണയം അപ്പോൾ മാത്രമാണ് അവൻ തിരിച്ചറിയുന്നത്. ഈ കഥയിൽ സംഭവങ്ങൾ നടക്കുന്ന കാലത്തിന്റെ ദൈർഘ്യം മുപ്പതോ നാല്പതോ വർഷങ്ങളാണ്. ഈ പ്രമേയം രണ്ടുതരത്തിൽ അവതരിപ്പിക്കാം. കുട്ടിക്കാലം മുതലുള്ള അവരുടെ ജീവിതത്തിലെ ഗതിമാറ്റങ്ങളെ കാലാനുക്രമത്തിൽ വിവരിക്കുകയാണ് ഒരു രീതി. മറ്റൊന്ന് മാഞ്ചുവട്ടിൽവച്ചുള്ള അവരുടെ പുന:സമാഗമത്തിന്റെ സന്ദർഭത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് കഥപറയുക. ഏതാനും നിമിഷം മാത്രം നീണ്ടു നിൽക്കുന്ന ആ സന്ദർഭത്തിൽ നിന്നുകൊണ്ട് അവരുടെ പുരാവൃത്തങ്ങളും പൂർവ്വകാലസന്ദർഭങ്ങളും അനുസ്മരിച്ചാൽ മതിയാകും. നാല്പതുവർഷത്തെ കാലം നാലുമിനിറ്റിലേക്ക് ചുരുക്കിയെടുക്കാൻ അതിലൂടെ സാധിക്കും. വികാരനിർഭരമായ ഒരു കാലം അതിലൂടെ കഥയിൽ വിന്യസിക്കപ്പെടുന്നു. കഥയുടെ ശില്പവിദ്യ പിടിയുള്ള ആരും ഈ പ്രമേയം ഇങ്ങനെ അവതരിപ്പിക്കാനാണു ശ്രമിക്കുക. കുമാരനാശാൻ 'നളിനി' എന്ന കാവ്യത്തിലും തകഴി ശിവശങ്കരപ്പിള്ള 'മാഞ്ചുവട്ടിൽ' എന്ന കഥയിലും ഇതേ പ്രമേയമാണ് ആവിഷ്കരിച്ചിട്ടുള്ളത്. മാഞ്ചുവട്ടിൽ എന്ന കഥയുടെ കാലം അനേകവർഷങ്ങളാണ്. പരന്ന കാലാനുഭവമുള്ള ഈ കഥയ്ക്ക് അതുകൊണ്ടുതന്നെ ശിഥിലമായ ഘടനയാണുള്ളത്. എന്നാൽ നളിനിയിൽ നളിനീദിവാകരന്മാർ സന്ധിക്കുന്ന നിമിഷത്തിലാണു കാവ്യം ആരംഭിക്കുന്നത്. ഏതാനും നിമിഷങ്ങൾ മാത്രം നീണ്ടുനിൽക്കുന്ന ഒരു സന്ദർഭത്തിൽ നിന്നുകൊണ്ട് ഒരു ജന്മത്തിന്റെ കഥ മുഴുവൻ കുമാരനാശാൻ പറഞ്ഞുകേൾപ്പിക്കുന്നു. അങ്ങനെ ഒന്നാന്തരം ചെറുകഥയുടെ ഘടന നളിനിക്ക് കൈവരികയും ചെയ്യുന്നു" (വത്സലൻ 2007:24).

സാഹിത്യത്തിലെ സ്ഥലത്തെക്കുറിച്ചുള്ള ചിന്തയിൽ സംസ്കൃതകാവ്യശാസ്ത്രത്തിലെ രീതിയോട് അടുത്ത ബന്ധമുണ്ട്. രീതിനിർണ്ണയം നടത്തിയ പൗരസ്ത്യകാവ്യചിന്തകരെല്ലാം സ്ഥലവുമായി അതിനെ ബന്ധിപ്പിച്ചിരുന്നു. രീതിപദ്ധതിയുടെ പ്രയോക്താവായ വാമനൻ ദേശവും രീതിയും തമ്മിലുള്ള ബന്ധം സൈദ്ധാന്തികമായി ഉറപ്പിക്കുകയും ചെയ്തു. ദ്രാവിഡകാവ്യശാസ്ത്രത്തിലെ തിണസങ്കല്പത്തിലും സ്ഥലവും സാഹിത്യവും തമ്മിലുള്ള ബന്ധം കാണാം

**1.9.2. സ്ഥലികത**

കഥയിലെ സംഭവങ്ങൾ നടക്കുന്ന സ്ഥലത്തെ സൂചിപ്പിക്കുന്ന പദമാണ് സ്ഥലികത. കഥയിലെ സ്ഥലമെന്നത് വസ്തുക്കളും കഥാപാത്രങ്ങളുടെ ചലനവും അവരുടെ ജീവിതവും വ്യാപരിക്കുന്ന സ്ഥലംതന്നെ. കഥ നടക്കുന്ന സ്ഥലങ്ങൾ കഥയുടെ സന്ദർഭവുമായി അഭേദ്യമായി ബന്ധപ്പെട്ടു വർത്തിക്കുന്നു. കഥ ജനിക്കുന്ന സ്ഥലവും കഥ ആവിഷ്കരിക്കുന്ന സ്ഥലവും തമ്മിലുള്ള വൈജാത്യം ആഖ്യാനപഠനത്തെ സ്വാധീനിക്കുന്നു. കഥയ്ക്കും ആഖ്യാനത്തിനും പ്രത്യേകം സ്ഥലസങ്കല്പങ്ങളുണ്ട്. കഥ ഏതൊക്കെ സംഭവങ്ങളെ പ്രതിനിധാനം ചെയ്യുന്നുവോ അവ നടക്കുന്ന സ്ഥലമാണ് കഥാസ്ഥലം (Story Place). ആഖ്യാനത്തിൽ ഈ സങ്കല്പം ആഖ്യാതാവിന്റെ ഭാവനക്കനുസരിച്ച് മാറ്റത്തിനു വിധേയമാകും. അങ്ങനെ മാറ്റത്തിനു വിധേയമായി വരുന്നതാണ് ആഖ്യാനസ്ഥലം (Narrative Space). മാർത്താണ്ഡവർമ്മ മഹാരാജാവ് ജീവിച്ചിരുന്ന സ്ഥലവും സി.വി. രാമൻപിള്ള നോവലിൽ അവതരിപ്പിക്കുന്ന സ്ഥലവും തമ്മിലുള്ള വ്യത്യാസം ഇതിനുദാഹരണമാണ്. സ്ഥലവും മനുഷ്യനും തമ്മിലുള്ള ബന്ധം സാഹിത്യത്തെ സംബന്ധിച്ചിടത്തോളം ഒരു ഭൂമിശാസ്ത്രപ്രശ്നം മാത്രമല്ല. അത് ദേശം, അതിർത്തി, ഭൂഭാഗം, സ്വത്വം മുതലായ അനവധി സങ്കല്പങ്ങളുമായി ബന്ധപ്പെട്ടതാണ്. ബോംബെ, ഡൽഹി എന്നീ നഗരങ്ങൾ മനുഷ്യന്റെ ഒറ്റപ്പെടലിന്റെ സ്ഥലമായി ആനന്ദ്, മുകുന്ദൻ തുടങ്ങിയ എഴുത്തുകാർ അവതരിപ്പിച്ചിട്ടുള്ളത് ഈ വസ്തുത വെളിപ്പെടുത്തുന്നു. കാലത്തിൽനിന്നു വ്യത്യസ്തമായി സ്ഥലത്തിന് ആകൃതിയും വ്യാപ്തിയും ഘടനാവിതാനങ്ങളുമുണ്ട്. അതിനാൽ കാലത്തെ അപേക്ഷിച്ച് ഒരു ഭൗതികയാഥാർത്ഥ്യമായി സ്ഥലത്തെ മനസ്സിലാക്കാം. എല്ലാ ആഖ്യാനങ്ങളിലും കഥയുടെ പ്രതിനിധാനത്തിനായി സ്ഥലങ്ങൾ, ആവാസസ്ഥാനങ്ങൾ, വഴികൾ എന്നിവയുടെ ദൃശ്യങ്ങൾ ഉൾപ്പെടുത്തിയിരിക്കും. ഈ സ്ഥലപരിസരങ്ങൾക്ക് ആഖ്യാനത്തിൽ സവിശേഷസ്ഥാനവും ധർമ്മങ്ങളും നിറവേറ്റാനുണ്ട്.

സ്ഥലികതയിലെ പ്രധാനപ്പെട്ട ആശയം ആഖ്യാനസ്ഥലം (Narrative Space) ആകുന്നു. പല തലങ്ങളിലായി അർത്ഥം ഉത്പാദിപ്പിക്കുന്ന ഒരു സംജ്ഞയാണ് ആഖ്യാനസ്ഥലം. പ്രധാനമായും മൂന്നുതരം നിർവ്വഹണങ്ങളാണ് ഇതിനുള്ളത്. കഥാജനകസ്ഥലം, കഥാജനിതസ്ഥലം, അനുവാചകസ്ഥലം എന്നിവ. ആഖ്യാനത്തിൽ പ്രത്യക്ഷപ്പെടുന്ന സ്ഥലത്തിന് ആധാരമായി നിൽക്കുന്ന സ്ഥലമാണ് കഥാജനകസ്ഥലം. ഇവ യഥാർത്ഥത്തിൽ ഉള്ളവയായിരിക്കും. അസംബന്ധമോ ഭ്രമാത്മകമോ ആയ ആഖ്യാനരൂപങ്ങളിൽ

പ്രത്യക്ഷപ്പെടുന്ന സ്ഥലങ്ങൾപോലും നിലവിലുള്ള സ്ഥലങ്ങളുടെ അംശങ്ങൾ കൂടി ച്ചേർന്നുണ്ടായവ ആയിരിക്കും. കോവിലന്റെ തട്ടകത്തിലെ മൂപ്പിലിശ്ശേരി, കണ്ടാണശ്ശേരി എന്ന സ്ഥലത്തിൽനിന്ന് രൂപപ്പെടുത്തിയതാണ്. യഥാർത്ഥത്തിൽ ആഖ്യാനത്തിന്റെ ആവ ശ്യത്തിനനുസരിച്ച് എഴുത്തുകാരൻ മാറ്റങ്ങൾ വരുത്തും. അങ്ങനെ മാറ്റങ്ങൾ വരുത്തിയ സ്ഥലമാണ് ആഖ്യാനത്തിൽ പ്രത്യക്ഷപ്പെടുന്നത്. ഇതാണ് കഥാജനിതസ്ഥലം. യഥാർത്ഥ ത്തിലുള്ള കണ്ടാണശ്ശേരിയല്ല നോവലിൽ പ്രത്യക്ഷപ്പെടുന്നത്. അതിൽനിന്നുള്ള അറിവിന്റെ അടിസ്ഥാനത്തിൽ കോവിലൻ പുന:സൃഷ്ടിച്ച മൂപ്പിലിശ്ശേരിയാണ് നോവലിൽ പ്രത്യക്ഷപ്പെടുന്നത്. വായനക്കാരൻ തന്റെ മുന്നറിവും ഭാവനയുംവച്ച് കഥാജനിതത്തെ വീണ്ടും പുതുക്കുന്നു. അങ്ങനെ വായനക്കാരന്റെ സ്ഥലം രൂപപ്പെടുന്നു. തട്ടകത്തിന്റെ ഓരോ വായനക്കാരനും സ്വന്തമായ മൂപ്പിലിശ്ശേരിയെ ഭാവനചെയ്യുന്നു. എഴുത്തുകാരന്റെ അർത്ഥത്തോടുകൂടിയ സ്ഥലം ആവണമെന്നില്ല വായനയിൽ പുന:സൃഷ്ടിക്കപ്പെടുന്നത്.

സ്ഥലകാലവിന്യാസം ആഖ്യാനത്തെ സംബന്ധിച്ച് പ്രാധാന്യമുള്ള ഘടകമാണ്. ഒരു കഥയിലെ സംഭവങ്ങളും അനുഭവങ്ങളും നടക്കുന്നത് അനേകകാലം കൊണ്ടാവാം. എന്നാൽ ആ കാലങ്ങളെ മുഴുവൻ ഒരു സവിശേഷസന്ദർഭത്തിലേക്ക് കേന്ദ്രീകരിക്കാൻ കഥാകൃത്തിനു കഴിയണം. ആ സന്ദർഭത്തിൽനിന്നുകൊണ്ട് ഭൂതകാലത്തിലേക്കും ഭാവിയി ലേക്കും സഞ്ചരിക്കാനും കഥാകാരന് അവസരമുണ്ട്. ഇതുപോലെ ഒരേ കഥയിൽത്തന്നെ അനേകം സ്ഥലങ്ങളും പശ്ചാത്തലമായി വരാം. ഈ സ്ഥലവൈപുല്യം, ഒരു കഥാസന്ദർഭ ത്തിലേക്ക് ഏകീകരിക്കപ്പെട്ടിരിക്കണമെന്നേയുള്ളൂ. കഥയുടെ താൽപര്യമനുസരിച്ചാണ് കഥയിൽ സ്ഥലകാലങ്ങൾ പ്രസക്തമാകുന്നതെന്നും ശ്രദ്ധിക്കേണ്ടതാണ്. ഭാവനിഷ്ഠമായ കഥകളിൽ സ്ഥലകാലങ്ങൾ ഹ്രസ്വമായിരിക്കുന്നതാണ് നല്ലത്. എന്നാൽ ആശയനിഷ്ഠ മായ കഥകളിൽ സ്ഥലകാലങ്ങൾക്കു പരിധി കൽപിക്കേണ്ട ആവശ്യമില്ല. അനവധി സ്ഥലങ്ങളും പല കാലങ്ങളും ഒരേ കഥയിൽത്തന്നെ വിന്യസിക്കുന്നതിന് മലയാളത്തിൽ പല ഉദാഹരണങ്ങൾ ഉണ്ട്. വേങ്ങയിൽ കുഞ്ഞിരാമൻനായരുടെ *ദ്വാരക*, സി.വി.ശ്രീരാ മന്റെ *വാസ്തുഹാര*, എൻ. എസ്. മാധവന്റെ *നാലാം ലോകം* എന്നിവ സ്ഥലകാലങ്ങളുടെ വൈപുല്യംകൊണ്ട് ശ്രദ്ധേയമാവുന്ന കഥകളാണ് (വത്സലൻ 2007:77).

**1.10. കഥാപാത്രങ്ങൾ**

കഥയും ഉള്ളടക്കവും കഥാപാത്രങ്ങളിലൂടെയാണ് വികസിക്കുന്നത്. കഥാപാത്ര ധർമ്മങ്ങൾക്കനുസരിച്ച് കഥാപാത്രങ്ങളെ തരംതിരിച്ചിട്ടുണ്ട്. 1. വിശ്വാസ്യകഥാപാത്രങ്ങൾ (Confidant Characters), 2. വൈരുദ്ധ്യാത്മകകഥാപാത്രങ്ങൾ (Foil Characters), 3. ഏകോപ നകഥാപാത്രങ്ങൾ (Chorus Characters) (Jahn 2005:81).

### 1.10.1. വിശ്വാസകഥാപാത്രങ്ങൾ (Confidant Characters)

പ്രധാനകഥാപാത്രങ്ങളുടെ ആശയങ്ങൾ ആരോടാണ് പങ്കുവയ്ക്കുന്നത് അവർ വിശ്വാസകഥാപാത്രങ്ങൾ. പ്രധാനകഥാപാത്രത്തോട് അടുത്തിടപഴകുന്ന വ്യക്തിയായിരിക്കും വിശ്വാസകഥാപാത്രം.

### 1.10.2. വൈരുദ്ധ്യാത്മകകഥാപാത്രങ്ങൾ (Foil Characters)

പ്രധാനകഥാപാത്രത്തിന്റെ വ്യക്തിത്വം എടുത്തുകാണിക്കാൻവേണ്ടി സൃഷ്ടിക്കപ്പെട്ടവരാണ് വൈരുദ്ധ്യാത്മകകഥാപാത്രങ്ങൾ. ''സാഹിത്യത്തിൽ ഒരു ഉപകഥാപാത്രം കേന്ദ്രകഥാപാത്രത്തിന്റെ ചില സ്വഭാവസവിശേഷതകൾ ഉൾക്കൊള്ളുന്നത് സാധാരണയായി വൈരുദ്ധ്യാത്മകതയിലൂടെയായിരിക്കും'' (Jahn 2005:82).

### 1.10.3. ഏകോപനകഥാപാത്രങ്ങൾ (Chorus Characters)

നേരിട്ടു കഥയിൽ പ്രത്യക്ഷപ്പെടാത്ത കഥാപാത്രങ്ങളെ ഏകോപനകഥാപാത്രങ്ങളെന്നു പറയുന്നു. ''കഥയ്ക്കുവെളിയിൽ നിന്നുകൊണ്ട് കഥാസന്ദർഭങ്ങളെയും കഥകളെയും അവതരിപ്പിക്കുന്ന തത്ത്വചിന്താപരമായും നീതിപൂർവ്വമായും ഹാസ്യാത്മകമായുമുള്ള കഥാപാത്രങ്ങളാണ് ഏകോപനകഥാപാത്രങ്ങൾ'' (Jahn 2005:84). ഭാരതീയേതിഹാസങ്ങളിൽ ഏകോപനകഥാപത്രങ്ങളുടെ സാന്നിധ്യം ഉണ്ട്. മഹാഭാരതകഥ പറയുന്ന വൈശമ്പായനൻ ഏകോപനകഥാപാത്രംതന്നെ. 'വിക്രമാദിത്യനും വേതാളവും' കഥകളിലെ വിക്രമാദിത്യൻ ഏകോപനകഥാപാത്രമാണ്.

ഇതുകൂടാതെ വിവരണാത്മകകഥാപാത്രങ്ങൾ (Explanatory Characters), നാടകീയ കഥാപാത്രങ്ങൾ (Dramatic Characters), എന്നിങ്ങനെ മാരിയോ ക്ലാരർ കഥാപാത്രങ്ങളെ വർഗീകരിക്കുന്നുണ്ട്.

### 1.10.4. വിവരണാത്മകകഥാപാത്രങ്ങൾ (Explanatory Characters)

രചയിതാവിന്റെ വിവരണങ്ങളിലൂടെ കഥാപാത്രങ്ങൾ കടന്നുവരുമ്പോളാണ് വിവരണാത്മകകഥാപാത്രങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. ''കഥാപാത്രം ആഖ്യാതാവിന്റെ തിരഞ്ഞെടുപ്പിലൂടെയും വിധിനിർണ്ണയത്തിലൂടെയും ശുദ്ധീകരിക്കപ്പെട്ട് പ്രതിനിധാനം നിർവഹിക്കുന്നു. ആ ആഖ്യാനവിദ്യ ആഖ്യാതാവിനെ ബോധപൂർവ്വം പ്രമുഖസ്ഥാനത്തേക്കുകൊണ്ടുവന്ന് ക്രിയയുടെയും വായനക്കാരന്റെയും വിധിനിർണ്ണയമാധ്യമമാക്കിമാറ്റുന്നു'' (Klarer 2004:20).

### 1.10.5. നാടകീയ കഥാപാത്രങ്ങൾ (Dramatic Characters)

പ്രത്യക്ഷാഖ്യാനത്തിൽനിന്നും അന്തരം പുലർത്തിക്കൊണ്ടാണ് നാടകീയകഥാപാത്രം നിലകൊള്ളുന്നത്. കഥാപാത്രത്തിന് ഇവിടെ ആഖ്യാനമാധ്യമം എന്ന നിലയിൽനിന്നുകൊണ്ട് വായനക്കാരിലുള്ള പ്രത്യക്ഷസ്വാധീനം ഒഴിവാക്കാൻ കഴിയും. ''വായനക്കാരിൽ ബാഹ്യശക്തികളുടെ ഇടപെടലില്ലാതെ ഒരു നാടകീയാവതരണത്തിന് സാക്ഷിയാക്കിക്കൊണ്ട് നിരീക്ഷിക്കാനുള്ള മാനസികാവസ്ഥ ഈ രീതിയിലുള്ള അവതരണം സൃഷ്ടിക്കുന്നു. ഒരു വ്യക്തിയുടെ പ്രതിച്ഛായ വ്യാഖ്യാനങ്ങളില്ലാതെ അയാളുടെ ക്രിയയിലൂടെയും സംസാരത്തിലൂടെയും ആഖ്യാനം ചെയ്യപ്പെടുന്നു'' (Klarer 2004:20). സൂചിതകഥാപാത്രങ്ങളുമായി നാടകീയകഥാപാത്രങ്ങൾക്ക് സാദൃശ്യമുണ്ട്.

കഥാപാത്രങ്ങളുടെ സ്വഭാവസങ്കീർണ്ണതകളെയും വ്യക്തിത്വസവിശേഷതകളെയും അളക്കാൻ പര്യാപ്തമായ വിധത്തിൽ ഇ. എം. ഫോസ്റ്ററും കഥാപാത്രവർഗ്ഗീകരണം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സ്ഥിരസ്വഭാവികൾ (Flat Character or Static Character), സങ്കീർണ്ണസ്വഭാവികൾ (Round Character or Dynamic Character) എന്നു രണ്ടുതരം കഥാപാത്രങ്ങളുണ്ട് (Foster 2000:73).

### 1.10.6. സ്ഥിരസ്വഭാവികൾ (Flat Character or Static Character)

നിയന്ത്രിതമായ സംഭാഷണങ്ങളും പ്രവൃത്തികളും സൂക്ഷിക്കുന്ന ഏകോന്മുഖരായ കഥാപാത്രങ്ങളാണ് സ്ഥിരസ്വഭാവികൾ. ഇത്തരം കഥാപാത്രങ്ങളെ വായനക്കാർ പെട്ടെന്നു തിരിച്ചറിയുകയും ഓർമ്മിക്കുകയും ചെയ്യും. ജീവിതത്തെപ്പറ്റിയുള്ള ഗ്രന്ഥകർത്താവിന്റെ ഏകോന്മുഖമായ കാഴ്ചപ്പാട് മിക്കവാറും അവതരിപ്പിക്കപ്പെടുന്നത് മാതൃകാകഥാപാത്രങ്ങളിലൂടെയായിരിക്കും. പ്രത്യേകസ്വഭാവസവിശേഷതകൾ പുലർത്തുന്ന ഈ മാതൃകാകഥാപാത്രങ്ങൾ സ്ഥിരസ്വഭാവികളായിരിക്കും. ഒരാശയത്തെയോ മൂല്യത്തെയോ അടിസ്ഥാനമാക്കി നിർമ്മിക്കപ്പെടുന്ന കഥാപാത്രങ്ങളാണ് സ്ഥിരസ്വഭാവികൾ. സാഹചര്യങ്ങൾക്കനുസരിച്ചുള്ള വികാസമോ വളർച്ചയോ ഇത്തരം കഥാപാത്രങ്ങൾക്കുണ്ടാകുന്നില്ല.

### 1.10.7. സങ്കീർണ്ണസ്വഭാവികൾ (Round Character or Dynamic Character)

കൂടുതൽ സങ്കീർണ്ണസ്വഭാവമുള്ളതും വ്യത്യസ്തത നിലനിർത്തുന്നതുമായ പരോക്ഷ ആഖ്യാതാവിനെയാണ് സങ്കീർണ്ണകഥാപാത്രം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിശ്വസനീയമായ രീതിയിൽ വിസ്മയിപ്പിക്കുന്ന കഥാപാത്രങ്ങളാണ് സങ്കീർണ്ണകഥാപാത്രങ്ങൾ. സ്ഥിരസ്വഭാവികളായ കഥാപാത്രങ്ങൾ അവരുടെ പ്രവൃത്തികൾകൊണ്ട് ഒരിക്കലും വായനക്കാരെ വിസ്മയിപ്പിക്കുകയില്ല. സങ്കീർണ്ണകഥാപാത്രങ്ങൾ മാനസികസംഘർഷങ്ങൾകൊണ്ടും ഉറച്ച നിലപാടുകൾകൊണ്ടും വായനക്കാരെ വിസ്മയിപ്പിക്കുകയും ആഖ്യാനത്തെ അപ്രതീക്ഷിതമായ അന്ത്യത്തിലേക്കു നയിക്കുകയും ചെയ്യും. മാർത്താ

ണ്ഡവർമ്മ എന്ന നോവലിൽ പാറുക്കുട്ടി മാതൃകാകഥാപാത്രവും സുഭദ്ര സങ്കീർണ്ണകഥാ പാത്രവുമാണ്.

### 1.11. ആഖ്യാനപരിപ്രേക്ഷ്യങ്ങൾ

ആഖ്യാനസന്ദർഭങ്ങൾ (Narrative Situations) സങ്കീർണ്ണമായ ആഖ്യാനഘടനക ളെയും ആഖ്യാനസവിശേഷതകളെയും കുറിക്കാൻ ആഖ്യാനസന്ദർഭങ്ങൾ എന്ന പദം സ്റ്റാൻസലും ജെനറ്റും ഉപയോഗിക്കുന്നുണ്ട് (Jahn 2005:101). ആഖ്യാനസ്വരം അഥവാ ആഖ്യാതാവ്, കേന്ദ്രീകരണം എന്നീ സങ്കല്പനങ്ങളിലൂടെ കഥാസന്ദർഭങ്ങളെ സൂക്ഷ്മ മായി അവലോകനം ചെയ്യാൻ ജെനറ്റ് ശ്രമിച്ചു. അവയെ മാതൃകാപരമായ പരിവൃത്തിയി ലെത്തിക്കാനും ക്രമപ്പെടുത്താനും സ്റ്റാൻസലിനു സാധിച്ചു. സ്റ്റാൻസലിന്റെ മാതൃകാപര മായ ആഖ്യാനസന്ദർഭങ്ങൾ ഉൾക്കൊള്ളുന്ന സങ്കീർണ്ണഘടന ലക്ഷ്യമാക്കിയത് ബന്ധങ്ങ ളുടെ സവിശേഷതകളും അകലങ്ങളും യാഥാർത്ഥ്യബോധവും അറിവും വിശ്വാസ്യതയും ആഖ്യാതാവിന്റെ സ്വരവും വീക്ഷണവും ഉൾക്കൊള്ളുന്ന ആഖ്യാനസന്ദർഭങ്ങളെയാണ്. എഴുത്തുകാരന്റെ വീക്ഷണവുമായി ബന്ധപ്പെട്ട ഈ ആഖ്യാനസന്ദർഭങ്ങളെ മൂന്നു വീക്ഷ ണകേന്ദ്രത്തിലൂടെ അവതരിപ്പിക്കാം (Jahn 2005:103). കൃതിയിൽ അവതരിപ്പിക്കപ്പെടുന്ന ജീവിതത്തെ വായനക്കാരൻ കാണുന്നത് ആഖ്യാതാവിന്റെ വീക്ഷണകോണിലൂടെയാണ്. ആഖ്യാനത്തിൽ സ്വീകരിക്കാവുന്ന വീക്ഷണകോടികൾ പലതാണെങ്കിലും ചില പ്രധാന രീതികളുണ്ട്. ആഖ്യാതാവിന്റെ മൂന്നു തരത്തിലുള്ള സാന്നിധ്യം കഥയിലുണ്ടാകാറുണ്ട്. 1. ഉത്തമപുരുഷാഖ്യാനം (First Person Narraton) 2. ഗ്രന്ഥകാരാഖ്യാനം (Authorial Narration). 3. കല്പിതാഖ്യാനം (Figural Narrative Situation).

#### 1.11.1. ഉത്തമപുരുഷാഖ്യാനം (First Person Narraton)

കഥയിലെതന്നെ കഥാപാത്രമായ ഒരാഖ്യാതാവിനാൽ കഥ പറയുന്നതരം ആഖ്യാ നമാണ് ഉത്തമപുരുഷാഖ്യാനം. ആഖ്യാതാവുതന്നെ ആഖ്യാനം നടത്തുന്ന രീതിക്കാണ് ഇങ്ങനെപറയുന്നത്. ഇതിലെ മധ്യസ്ഥനെ ആന്തരികാഖ്യാതാവ് (Internal Narrator) എന്നുപറയും (സോമനാഥൻ 2016:134). സർവജ്ഞവീക്ഷണസ്ഥാനം എന്നും ഇതറിയപ്പെ ടുന്നു. ഇത്തരം ആഖ്യാനങ്ങളിൽ ആഖ്യാതാവ് അയാളുടെ അനുഭവങ്ങളുടെ സ്മരണക ളായിരിക്കും അവതരിപ്പിക്കുന്നത്. ഈ വിഭാഗം ആഖ്യാനങ്ങളിൽ ഉത്തമപുരുഷശബ്ദ മായ ഞാൻ ആഖ്യാതാവിനെയോ കഥയിലെ ഒരു കഥാപാത്രത്തെയോ പ്രതിനിധാനം ചെയ്യുന്നു. ആഖ്യാതാവ് കഥാപാത്രമായി ചമഞ്ഞ് ആഖ്യാനം നിർവഹിക്കുന്ന രീതിയാണ് ഉത്തമപുരുഷാഖ്യാനം. തന്റെ ഒരു കഥാപാത്രത്തോട് സ്വയം താദാത്മ്യം പ്രാപിച്ചു കൊണ്ട്, ആഖ്യാതാവ് ഉത്തമപുരുഷനായി കഥ പറയുകയും അങ്ങനെ ഭാവനാജന്യമായ ഒരു ആത്മകഥ നിർമ്മിക്കുകയും ചെയ്യുന്ന ഈ രീതി 'ആത്മകഥാപരമായ ആഖ്യാനം' എന്നും അറിയപ്പെടുന്നു. സാധാരണമനുഷ്യന്റെ പരമിതികൾ ഉൾക്കൊള്ളുന്ന ഉത്തമപുരു ഷാഖ്യാതാവിന് ഒരേസമയം പല സംഭവങ്ങളിൽ ഭാഗഭാക്കാകാൻ കഴിയില്ല. സ്വന്തം ഭാവി

യെക്കുറിച്ചോ സ്വന്തം മരണത്തെക്കുറിച്ചോ മറ്റുള്ള കഥാപാത്രങ്ങളുടെ വികാരവിചാരങ്ങ ളെക്കുറിച്ചോ അവബോധമുണ്ടാവുകയില്ല എന്ന ലാൻസറുടെ അഭിപ്രായം ഉത്തമപു രുഷാഖ്യാനത്തിന്റെ പരിമിതി സൂചിപ്പിക്കുന്നു (Snider 1981:161). ജെറാർഡ് ജെനറ്റ് 'ആഖ്യാനതല ആഖ്യാനം' എന്ന പേരിലാണ് ഉത്തമപുരുഷാഖ്യാനത്തെ വ്യവഹരിക്കുന്ന ത്. ആത്മാവിഷ്കാരപ്രധാനമായ രചനകളിൽ ഉത്തമപുരുഷാഖ്യാനം വളരെ അനുയോ ജ്യമായിരിക്കും. ഒരു രചന സ്വാനുഭവപ്രതീതിയുളവാക്കുന്നത് ഈ ആഖ്യാനരീതി അവ ലംബിക്കുമ്പോഴാണ്. ''ഭൂരിഭാഗം ആഖ്യാനങ്ങളിലും ഉത്തമപുരുഷൻ പ്രധാനവക്താവ് തന്നെയായിരിക്കും (Protogonist). ആഖ്യാതാവിന്റെ അനുഭവങ്ങളും വികാരങ്ങളും ആവി ഷ്കരിക്കാനും അയാളുടെ പ്രാതിനിധ്യം കഥയിൽ ഉൾക്കൊള്ളിക്കാനുമുള്ള മുഖ്യപരിശ്ര മമാണ് ഉത്തമപുരുഷാഖ്യാനത്തിൽ പ്രധാനകഥാപാത്രങ്ങളിലൂടെ ആവിഷ്കരിക്കപ്പെടു ന്നത്'' (Klarer 2004:23).

### 1.11.2. ഗ്രന്ഥകാരാഖ്യാനം (Authorial narration)

ചില കഥകൾ പറയുന്നയാൾ കഥാലോകത്തു ജീവിക്കുന്ന ആളാവില്ല. പക്ഷേ സംഭവങ്ങളും കഥാപാത്രങ്ങളും സ്ഥലകാലങ്ങളും എല്ലാം അയാൾക്കറിയാം. ബാഹ്യാ ഖ്യാതാവ് (External Narrator) എന്ന് അയാളെ വിളിക്കാം. ഇത്തരം ആഖ്യാനങ്ങളെ ഗ്രന്ഥ കാരാഖ്യാനം എന്നും ആധികാരികാഖ്യാനം എന്നു വിളിക്കുന്നു. സർവജ്ഞനായ ആഖ്യാതാവ് (Omniscient Narrator) എന്ന് ഇതിലെ ആഖ്യാതാവിനെ വിശേഷിപ്പിക്കാറുണ്ട് (സോമനാഥൻ 2016:134). ഒരു കഥയിൽ ഒരിക്കലും കഥാപാത്രമാകാതെ ഗ്രന്ഥകാരന്റെ വീക്ഷാകോടിയിൽ കഥ പറയുന്നതിനെയാണ് ആധികാരികാഖ്യാനം എന്നു പറയുന്നത്. ആധികാരികാഖ്യാതാവിന്റെ പദവി, അന്യനായി നില്ക്കുന്ന ദൈവസമാനമായ കഴിവുക ളോടുകൂടിയ ഒരു സർവജ്ഞന്റേതായിരിക്കും. ''സർവജ്ഞതയുടെ പ്രധാനപ്പെട്ട സ്വഭാവം ആഖ്യാതാവ് എല്ലായ്പോഴും വായനക്കാരനും കഥയ്ക്കും ഇടയിൽ ഇടപെടാൻ തയ്യാറാ യിരിക്കും എന്നതാണ്. അയാൾ ഒരു രംഗം ആവിഷ്കരിക്കുവാൻ തയ്യാറാവുമ്പോൾ മറ്റു ള്ളവർ കാണുന്നതായി സൂചിപ്പിക്കുന്നതിനെക്കാൾ നേരിട്ടുകാണുന്നതായി അവതരിപ്പി ക്കുകയാവും ചെയ്യുക'' (വിജയൻപിള്ള 2007:71). സാധാരണമായി ആധികാരികാഖ്യാ താവ് സർവജ്ഞനായി നിറഞ്ഞുനിൽക്കുന്ന മദ്ധ്യവർത്തി ആയിരിക്കും. വിശദീകരണസ്വ ഭാവമുള്ള നൈതികമോ ഗുണപാഠപരമോ ആയ ഒരു സങ്കീർണ്ണലോകത്തിൽ ചിട്ടപ്പെ ടുത്തി പറയുകയാവും അയാൾ ചെയ്യുക. ആധികാരികാഖ്യാതാവിന്റെ വിശാലമായ ലോകവീക്ഷണം നായകന്റെ/നായികയുടെ ധാർമ്മികശക്തികളും ശക്തിഹീനതകളും വെളിപ്പെടുത്താനും കൃത്യമായി ഇതിവൃത്തത്തിലാക്കി അവതരിപ്പിക്കാനും യോജിച്ചതാ യിരിക്കും. ആദ്യകാലമലയാളനോവലിലെ ആഖ്യാനം ഗ്രന്ഥകാരാഖ്യാനത്തിനു മാതൃക യാണ്. വൈക്കം മുഹമ്മദ് ബഷീർ ബാല്യകാലസഖി എന്ന നോവലിന്റെ ആഖ്യാനത്തിൽ ഈ നിലപാടാണ് സ്വീകരിച്ചത്. ഗ്രന്ഥകർത്താവ് കഥയിൽനിന്നു മാറിനിന്നുകൊണ്ട് അയാളുടെ വീക്ഷണത്തിലൂടെ കഥപറയുന്നതിനെയാണ് ഗ്രന്ഥകാരാഖ്യാനം എന്നു പറ

യുന്നത്. അയാൾ രചനയിൽ കഥാപാത്രമായി പ്രത്യക്ഷപ്പെടുന്നില്ല. മറ്റു കഥാപാത്രങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഗ്രന്ഥകാരൻ കഥ പറയുകയാണ്. അന്യസ്ഥാനീയനായും ചില പ്പോൾ കഥാലോകത്തെയും കഥാപാത്രങ്ങളെയുംകുറിച്ച് എല്ലാം അറിയുന്ന വ്യക്തി യായിനിന്നുകൊണ്ട് കഥാപാത്രങ്ങളുടെ ബോധപൂർവമായ ചിന്തകളെയും അബോധ പൂർവമായ ആന്തരോദ്ദേശ്യങ്ങളെയും ഗ്രന്ഥകാരാഖ്യാതാവ് നോക്കിക്കാണുന്നു. മിക്ക ഗ്രന്ഥകാരാഖ്യാനങ്ങളിലും രചയിതാവ് നേരിട്ടു വായനക്കാരുമായി സംവദിക്കാനും കഥാ പാത്രങ്ങളുടെ പ്രവൃത്തിയെക്കുറിച്ച് അഭിപ്രായപ്രകടനങ്ങൾ നടത്താനും വിവരണങ്ങളി ലൂടെ കഥാഘടനയെ തടസ്സപ്പെടുത്താനും സ്വാതന്ത്ര്യം പുലർത്തുന്നു. സർവജ്ഞസ്വഭാ വിയായ മദ്ധ്യവർത്തിയായും ഗ്രന്ഥകാരാഖ്യാതാവ് നിലകൊള്ളുന്നു. ഇതിൽ ആഖ്യാ താവ് പിന്നിലേക്കു മാറിനിന്നുകൊണ്ട് ആഖ്യാനപാഠത്തിലെ കഥാപാത്രങ്ങളിലൂടെയും സംഭവങ്ങളിലൂടെയും പ്രധാനമായും കഥ ആവിഷ്കരിക്കുന്നു. കഥയുടെ പുറത്തുനിന്ന് സംഭവങ്ങളെ നോക്കിക്കാണുന്നു. പ്രഥമപുരുഷസ്വഭാവമുള്ള പ്രതിഫലകകഥാപാത്രങ്ങളി ലൂടെയാവും ക്രിയ അവതരിപ്പിക്കുന്നത്. സർവജ്ഞാഖ്യാതാവിൽനിന്നും വ്യത്യസ്ത നായി അന്തർമുഖനായ ആഖ്യാതാവാണ് കല്പിത/സൂചിതാഖ്യാനത്തിൽ പ്രത്യക്ഷപ്പെടു ന്നത്. കഥാപാത്രത്തിന്റെ വീക്ഷണങ്ങളെയും ചിന്തകളെയും മനോനിലകളെയും നേരിട്ട് അവതരിപ്പിക്കാൻ ശ്രമിക്കുന്നതിനാൽ കല്പിതാഖ്യാനം രചനകളിൽ സാർവത്രികമായി പ്രയോഗിച്ചുവരുന്നു. ആന്തരികകേന്ദ്രീകരണം ലക്ഷ്യംവയ്ക്കുന്ന സൂചിതാഖ്യാനം ബോധധാരാസമ്പ്രദായവുമായും ബന്ധപ്പെട്ടുനിൽക്കുന്നു.

### 1.11.3. കല്പിതാഖ്യാനം (Figural narration)

പ്രഥമപുരുഷാഖ്യാനം, സൂചിതാഖ്യാനം എന്നീ പേരുകളിലും കല്പിതാഖ്യാനം അറിയപ്പെടുന്നു. ആന്തരിക പരിപ്രേക്ഷ്യത്തോടുകൂടി കഥയുടെ പുറത്തുനിന്ന് കഥപറ യുന്ന രീതിയാണിത്. കഥയിലെ സംഭവങ്ങൾ പ്രഥമപുരുഷരൂപത്തിൽ (Third Person Reflector) പ്രതിഫലിപ്പിക്കുന്ന അഥവാ ഒരു കഥാപാത്രത്തിന്റെ കണ്ണുകളിലൂടെ കാണുന്ന തരത്തിൽ അവതരിപ്പിക്കുകയാണ് ഇവിടെ ചെയ്യുന്നത്. ടി. പത്മനാഭന്റെ കഥ ശേഖുട്ടി ഒരു പട്ടിയെ പ്രഥമപുരുഷപ്രതിഫലിതകഥാപാത്രമാക്കുന്നതിന്റെ ഉദാഹരണമാണ്.

കല്പിതാഖ്യാനത്തിലെ ആഖ്യാനപ്രതിനിധി വളരെ അന്തർമുഖനായ ഒരാളായിരി ക്കും. ആഖ്യാതാവിന് ഏറ്റവുമധികം ചലനസ്വാതന്ത്ര്യമുള്ള വീക്ഷണസ്ഥാനം ഇതുത ന്നെ. ഏതുകാലത്തേക്കും സ്ഥലത്തേക്കും വായനക്കാരെ കൂട്ടിക്കൊണ്ടുപോയി സർവ ജ്ഞന്റെ നിലയിൽ ആഖ്യാനത്തിൽ ഏർപ്പെടാൻ പ്രഥമപുരുഷാഖ്യാനം എന്ന സമ്പ്രദായ ത്തിലൂടെ കഴിയുന്നു. പ്രഥമപുരുഷനിലുള്ള (Third Person Narration) ആഖ്യാനത്തിൽ രചയിതാവിന് സർവജ്ഞന്റെ നിലയാണുള്ളത്. മൂന്നാമതൊരു വ്യക്തിയുടെ കണ്ണിലൂടെ പ്രതിഫലിപ്പിക്കുന്ന സംഭവവിവരണങ്ങളാണ് ഈ രീതിയിൽ ആവിഷ്കരിക്കപ്പെടുന്നത്. അവൻ, അവൾ എന്നിങ്ങനെയാണ് കഥാപാത്രങ്ങൾ ആഖ്യാനത്തിൽ പരാമർശിക്കപ്പെടു ക. കഥാഗതിയെ നിയന്ത്രിക്കുകയും കഥാപാത്രസംബന്ധിയായ സകലവിശദാംശങ്ങളും

സ്പർശിച്ചുപോവുകയും ചെയ്യുന്നത് ഇവിടെ രചയിതാവാണ്. ആഖ്യാനം സർവജ്ഞ നായ എഴുത്തുകാരന്റെ നിലയിലാണെങ്കിലും ഗ്രന്ഥകാരൻ മറഞ്ഞുനിന്ന് എല്ലാം സംഭവി ക്കാൻ അനുവദിക്കുന്ന രീതിയും സ്വീകരിക്കപ്പെടാറുണ്ട്. ഈ ആഖ്യാനസമ്പ്രദായത്തെ എം.ടി. ഇങ്ങനെ വിലയിരുത്തുന്നു. ''സംഭവങ്ങളുടെ ലോകത്തിൽനിന്ന് കഥാകാരനു നേരിട്ടു കഥ പറയാം. കഥയെഴുത്തിലെ ഏറ്റവും എളുപ്പമുള്ള സങ്കേതമാണത്. വേണ്ടയി ടത്ത് വിശദീകരിക്കാനും സംഭവങ്ങളുടെ ഗതിവേഗം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാ നുമൊക്കെ 'തേഡ് പേഴ്സണി'ൽ കഥ പറയുമ്പോൾ സൗകര്യമാണ്'' (2010:32)._സുവിശേ ഷങ്ങൾ ഉൾപ്പെടെ ബൈബിളിലെ ഭൂരിഭാഗം ഗ്രന്ഥങ്ങളിലും പ്രഥമപുരുഷസർവജ്ഞവീ ക്ഷണമാണുള്ളത്.

ഏതെങ്കിലും ഒരു കഥാപാത്രത്തിന്റെ വീക്ഷണത്തെ പിന്തുടരാതെ ഒരേ അദ്ധ്യായ ത്തിൽത്തന്നെ വ്യത്യസ്തകഥാപാത്രങ്ങളുടെ വീക്ഷണകോടി അവലംബിച്ച് കഥ പറ യുന്ന രീതിയും ചിലർ സ്വീകരിക്കാറുണ്ട്. നീ/നിങ്ങൾ/താങ്കൾ എന്നിങ്ങനെയുള്ള വീക്ഷ ണത്തിൽ കഥ പറയുന്ന രീതിയാണ് മധ്യമപുരുഷനിലുള്ള ആഖ്യാനരീതി (Second Person Narration). സാങ്കേതികമായി വേർതിരിച്ചു ചൂണ്ടിക്കാണിക്കാവുന്ന ഒരു രീതിയാ ണിത്. എങ്കിലും സുഗമമായ വായനയെ തടസ്സപ്പെടുത്തുന്ന, ക്ളിഷ്ടത നിറഞ്ഞ ഒന്നാണി ത്. ഇതുകൂടാതെ സംഭാഷണങ്ങളെ കൂടുതലായി അവലംബിക്കുന്ന രീതി, കത്തുക ളായോ ഡയറിക്കുറിപ്പുകളായോ കഥ പറയുന്ന രീതി, വസ്തുനിഷ്ഠതയിൽ ഊന്നുന്ന രീതി (Documentary) കഥാപാത്രത്തിന്റെ മനസ്സിനെ സൂക്ഷ്മമായി പിന്തുടരുന്ന ബോധധാ രാരീതി (Stream of Consciousness) എന്നിവയും വ്യത്യസ്ത കഥാഖ്യാനപദ്ധതികളാണ് (Hildick 1968:1545).

### 1.12. ആഖ്യാനസന്ദർഭങ്ങൾ (Narrative Situations)

സങ്കീർണ്ണമായ ആഖ്യാനഘടനകളെയും ആഖ്യാനസവിശേഷതകളെയും കുറി ക്കാൻ ആഖ്യാനസന്ദർഭങ്ങൾ എന്ന പദം സ്റ്റാൻസലും ജെനറ്റും ഉപയോഗിക്കുന്നുണ്ട് (Jahn 2005:108). ആഖ്യാനസ്വരം അഥവാ ആഖ്യാതാവ്, കേന്ദ്രീകരണം എന്നീ സങ്ക ല്പനങ്ങളിലൂടെ കഥാസന്ദർഭങ്ങളെ സൂക്ഷ്മമായി അവലോകനം ചെയ്യാൻ ജെനറ്റ് ശ്രമി ച്ചു. അവയെ മാതൃകാപരമായ പരിവൃത്തിയിലെത്തിക്കാനും ക്രമപ്പെടുത്താനും സ്റ്റാൻസ ലിനു സാധിച്ചു. സ്റ്റാൻസലിന്റെ മാതൃകാപരമായ ആഖ്യാനസന്ദർഭങ്ങൾ ഉൾക്കൊള്ളുന്ന സങ്കീർണ്ണഘടന ലക്ഷ്യമാക്കിയത് ബന്ധങ്ങളുടെ സവിശേഷതകളും അകലങ്ങളും യാഥാർത്ഥ്യബോധവും അറിവും വിശ്വാസ്യതയും ആഖ്യാതാവിന്റെ സ്വരവും വീക്ഷ ണവും ഉൾക്കൊള്ളുന്ന ആഖ്യാനസന്ദർഭങ്ങളെയാണ്. എഴുത്തുകാരന്റെ വീക്ഷണവു മായി ബന്ധപ്പെട്ട ഈ ആഖ്യാനസന്ദർഭങ്ങളെ മൂന്നു വീക്ഷണകേന്ദ്രത്തിലൂടെ അവതരി പ്പിക്കാം (Jahn 2005:112).

**1.13. ഭാരതീയ ആഖ്യാനപാരമ്പര്യം.**

ഭാരതീയർ ആഖ്യാനസൈദ്ധാന്തികരായിരുന്നില്ലെങ്കിലും സമ്പന്നമായ ആഖ്യാന സമ്പ്രദായങ്ങൾ വികസിപ്പിച്ചവരും പരീക്ഷിച്ചവരുമായിരുന്നു. സംസ്കൃതം, പ്രാകൃതം, പാലി, പൈശാചി, തമിഴ് എന്നീ ഭാഷകളിൽ ഭാരതീയകഥനരീതിയുടെ പ്രാചീനതമമായ രൂപം കാണാവുന്നതാണ്. വൈദിക-ജൈന-ബൗദ്ധപാരമ്പര്യങ്ങളിലെല്ലാം കഥകളുടെ സാന്നിധ്യമുണ്ട്. എന്നാൽ കഥപറച്ചിലിന്റെ സാങ്കേതികവശങ്ങൾ പ്രത്യക്ഷമായി ആവിഷ്കരിക്കുന്നതിൽ ഭാരതീയാചാര്യന്മാർ ശ്രദ്ധവച്ചില്ല. എന്നാൽ അവരുടെ കാവ്യനിർവചനങ്ങൾ, രീതി, ധ്വനി, രസസിദ്ധാന്തം തുടങ്ങിവയിലെല്ലാം ആഖ്യാനചിന്തയുടെ പരോക്ഷ സൂചനകൾ ആർക്കും കണ്ടെത്താവുന്നതാണ്. ഭാരതീയകാവ്യചിന്തകളെല്ലാം നാടകത്തെയും കവിതയെയും ആധാരമാക്കി സൃഷ്ടിക്കപ്പെട്ടതുകൊണ്ടാവാം കഥാകഥനവ്യവഹാരത്തെപ്പറ്റി അവർ ഏറെ ചിന്തിക്കാതെപോയത്. ആഖ്യാനചിന്തകളിലെ ഭാരതീയസാന്നിധ്യത്തിന്റെ ദരിദ്രാവസ്ഥയെപ്പറ്റി സോമനാഥൻ പി. ഇങ്ങനെ അഭിപ്രായപ്പെടുന്നു. ''മാന്ത്രികമായ കഥാഖ്യാനപാരമ്പര്യമുള്ള ഒരു സാഹിത്യമണ്ഡലത്തിൽ വ്യാപരിച്ച മനീഷികൾ ആഖ്യാനത്തെക്കുറിച്ച് സവിശേഷമായി ആലോചിക്കാൻ മുതിർന്നില്ല എന്നത് ആഖ്യാനശാസ്ത്രശാഖയുടെ നിർഭാഗ്യമല്ലാതെ മറ്റെന്താണ്'' (2016:200).

ജൈനന്മാരുടെ കഥാകോശവും ബൗദ്ധന്മാരുടെ ജാതകകഥകളും ആഖ്യാനാത്മക രചനകൾ തന്നെ. ബുദ്ധന്റെ മുൻജന്മവൃത്താന്തങ്ങൾ ജാതകകഥയിൽ പ്രതിപാദിക്കുന്നു. അതീതകാര്യങ്ങൾ ഉൾക്കൊള്ളുന്ന ജാതകകഥകൾ ഒരു തരത്തിൽ ധർമ്മോപദേശങ്ങൾക്കൂടിയാണ്. ജൈനകഥകളാകട്ടെ ഈ ലോകത്തിന്റെ കഥകളാണ്. പരോക്ഷരൂപത്തിൽ നീതിസാരം ഉപദേശിക്കുക എന്നതാകുന്നു അവയുടെ ലക്ഷ്യം. ബൃഹദ്കഥ, പഞ്ചതന്ത്രം എന്നിവ പ്രാചീനഭാരതത്തിലെ രണ്ടു മഹാകഥനങ്ങളാണ്. ഗുണാഢ്യനാണ് ബൃഹദ്കഥ രചിച്ചത്. പൈശാചിഭാഷയിലെഴുതപ്പെട്ട ബൃഹദ്കഥയുടെ സംസ്കൃതാവിഷ്കാരമാകുന്നു കഥാസരിത്സാഗരം. മൃച്ഛകടികം, ദശകുമാരചരിതം, ബാണഭട്ടന്റെ കാദംബരി മുതലായവ ബൃഹദ്കഥയിൽനിന്നുണ്ടായവ തന്നെ. ആശയാനുവാദങ്ങൾ, പരിഭാഷകൾ, പുനരാഖ്യാനങ്ങൾ എന്നിവയിലൂടെ ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽ എത്തിച്ചേർന്ന ഈ രചനകൾ ഭാരതീയാഖ്യാനങ്ങളുടെ യഥാർത്ഥമുഖം വ്യക്തമാക്കിത്തരുന്നു.

വേദങ്ങളാണ് ഭാരതീയരുടെ ലിഖിതരൂപത്തിലുള്ള ആഖ്യാനങ്ങളിൽ പ്രധാനവും പ്രാചീനവും. ഭാരതത്തിലെ വേദകൃതികളിൽ കഥപറച്ചിലിന്റെ അംശങ്ങൾ ഉണ്ടായിരുന്നു. ഋഗ്വേദത്തിലെ പുരൂരവസിന്റെയും ഉർവശിയുടെയും കഥപോലുള്ള ആഖ്യാനങ്ങൾ ഭാരതീയാഖ്യാനത്തിന്റെ ആദിമാതൃകകൾ തന്നേ. വേദങ്ങൾ കഥാത്മകകൃതികളല്ലെങ്കിലും സൂത്രസാരങ്ങളുടെ സ്വാഭാവികവിനിമയത്തിന് ആഖ്യാനം നന്നായി ഉതകുമെന്നു വേദകാരന്മാർ ഗ്രഹിച്ചതിന്റെ പ്രത്യക്ഷതെളിവാണ് അവയിലുള്ള കഥാസന്നിവേശം. അല്ലെങ്കിൽ അവയിൽ കഥകൾ കടന്നുകൂടുമായിരുന്നില്ല. വേദങ്ങളെ തുടർന്ന് ബ്രാഹ്മണങ്ങളും ഉപനിഷത്തുകളും വന്നു. മതനിയമങ്ങൾ സാധാരണക്കാരിലെത്തിക്കുക, ദൈനംദിനകർമ്മങ്ങ

ളെക്കുറിച്ച് ഉപദേശങ്ങൾ നൽകുക എന്നീ ഉദ്ദേശ്യങ്ങൾക്കായി വൈദിക-ജൈന-ബൗദ്ധ പാരമ്പര്യങ്ങളിലെല്ലാം കഥകളുണ്ടായി.

ജൈനന്മാരുടെ കഥാകോശവും ബൗദ്ധന്മാരുടെ ജാതകകഥകളും ശ്രദ്ധേയമാണ്. ജാതകകഥകൾ ബുദ്ധന്റെ മുൻജന്മങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. കഥയോടൊപ്പം ഭൂമിശാസ്ത്രപരവും സാമൂഹികവുമായ വിവരങ്ങൾ ഇക്കഥകളിലുണ്ട്. ധർമ്മോപദേശപ്രധാനമാണ് ജാതകകഥകൾ. പരോക്ഷരൂപത്തിൽ നീതിസാരം ഉപദേശിക്കുന്നവയാണ് ജൈനകഥകൾ.

മഹാഭാരതം കഥകളുടെ മഹാഖനിതന്നെ. അസംഖ്യം കഥകളും ഉപകഥകളുമായി ഇഴഞ്ഞുനീങ്ങുന്ന ആഖ്യാനരീതി മഹാഭാരതത്തിന്റെ അസാധാരണത്വങ്ങളിലൊന്നാണ്. മഹാഭാരതംതന്നെ വൈശമ്പായനൻ, ജനമേജയൻ എന്നീ രണ്ടുകഥാപാത്രങ്ങളുടെ സംഭാഷണമായാണ് പുരോഗമിക്കുന്നത്. ആഖ്യാതാവായ വ്യാസൻ കഥാപാത്രമായും അവതാരകനായും കഥയിൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ഒരു മുഖ്യകഥയെ അവലംബമാക്കി അനേകം ഉപകഥകൾക്കു യഥേഷ്ടം സ്ഥലമനുവദിക്കുന്ന കൃതിയാണ് മഹാഭാരതം. ഇനിയും ഉപകഥകൾ കൂട്ടിച്ചേർത്താലും മഹാഭാരതത്തിന്റെ സ്വരൂപത്തിനു കോട്ടംവരില്ല. ഉപാഖ്യാനങ്ങൾ കുറെ ഉപേക്ഷിച്ചാലും അതു മഹാഭാരതമായിത്തന്നെ നിലനിൽക്കും.

ഭാരതീയകഥാപാരമ്പര്യത്തിൽ ശ്രദ്ധേയമായതത്രേ പഞ്ചതന്ത്രം. അധ്യാപനം കഥാകഥനത്തിലൂടെ നിർവഹിക്കുന്നത് പഞ്ചതന്ത്രത്തിന്റെ പ്രത്യേകതയാകുന്നു. പക്ഷിമൃഗാദികളെ കഥാപാത്രങ്ങളാക്കി സദ്ഗുണങ്ങൾ പ്രതിപാദിക്കുന്ന പഞ്ചതന്ത്രം ലോകപ്രചാരമുള്ളതാണ്. പ്രകൃതിയും മനുഷ്യനും ഒന്നാകുന്ന പ്രപഞ്ചസ്വഭാവത്തിന്റെ ആവിഷ്കാരസവിശേഷത പഞ്ചതന്ത്രം പ്രകടിപ്പിക്കുന്നു. പാടലീപുരം എന്ന രാജ്യത്തെ സുദർശനൻ എന്ന രാജാവിന്റെ മക്കളായിരുന്നു അനന്തശക്തി, ഉഗ്രശക്തി, ബഹുശക്തി എന്നിവർ. പേരിൽ മാത്രം ശക്തിമാന്മാരായ മൂവരും മന്ദബുദ്ധികളായിരുന്നു. ഇവരെ ബുദ്ധിമാന്മാരാക്കാൻ രാജാവ് വിഷ്ണുശർമ്മ എന്ന പണ്ഡിതന്റെ സഹായം തേടുന്നു. അതിനായി വിഷ്ണുഷർമ്മ രചിച്ച നീതിശാസ്ത്രഗ്രന്ഥമാണ് പഞ്ചതന്ത്രം. മിത്രഭേദം, സുഹൃത്‌ലാഭം, ശത്രുനിഗ്രഹം, ലബ്ധനാശം, അസംപ്രേക്ഷ്യകാരിത്വം എന്നിങ്ങനെ അഞ്ചുവിഭാഗങ്ങളായാണ് പഞ്ചതന്ത്രം ആഖ്യാനം ചെയ്തിരിക്കുന്നത്. കരടകൻ, ദമനകൻ എന്നീ കുറുക്കന്മാരായ മന്ത്രിമാരുടെ സംഭാഷണത്തിലൂടെ സന്മാർഗ്ഗകഥകളുടെ കെട്ടഴിക്കുന്ന ആഖ്യാനരീതിയാണ് പഞ്ചതന്ത്രത്തിന്റേത്. ചോദ്യങ്ങളും ഉപകഥകളും ചെറുകഥകളുമായി പടർന്നുകയറുന്ന ഫ്രെയിം സ്റ്റോറിയുടെ സ്വഭാവം പഞ്ചതന്ത്രത്തിൽ കാണാം. സങ്കീർണ്ണമായ ആഖ്യാനരീതി ഭാരതീയരചനകളുടെ പൊതുസവിശേഷതയാണ്. ഗദ്യത്തിലും പദ്യത്തിലും ഇവ രണ്ടും ഇടകലർത്തിയുള്ള ആഖ്യാനരീതിയും ഈ കൃതികൾ സ്വീകരിച്ചിരിക്കുന്നു. ആഖ്യാനത്തെ വൈവിധ്യപൂർണ്ണമാക്കുന്നതിൽ അവർക്കുള്ള ശ്രദ്ധ ഇതിൽനിന്നു

മനസ്സിലാക്കാം. ഇങ്ങനെ വിപുലവും വൈവിദ്ധ്യസമ്പന്നവുമായ ഭാരതീയാഖ്യാനങ്ങ ൾക്ക് പത്തുസവിശേഷതകൾ ഉള്ളതായി അയ്യപ്പപ്പണിക്കർ നിരീക്ഷിച്ചിട്ടുണ്ട് (2003:34).

### 1.13.1. ആന്തരവത്കരണം (Interiorisation)

ഒരു കൃതിയുടെ ബാഹ്യസ്വഭാവങ്ങളും ആന്തരസത്തയും തമ്മിലുള്ള വ്യത്യസ്ത തയോ പൊരുത്തക്കേടുകളോ, വൈരുദ്ധ്യം തന്നെയോ സൃഷ്ടിക്കുന്ന പ്രക്രിയയാണ് ആന്തരവത്കരണം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ചില കൃതികളുടെ ഉപരിതലഘടന ലളിതമായിരിക്കും. എന്നാൽ ആന്തരികമായി സങ്കീർണ്ണതയുണ്ടായിരിക്കും. നാടോടിക്കഥ കളാണ് ഇവയ്ക്ക് ഏറ്റവും നല്ല ഉദാഹരണം. പുറമേ ലളിതമായ ആഖ്യാനമെന്നു തോന്നു മെങ്കിലും പ്രമേയപരമായി പല നാടോടിക്കഥകളും സങ്കീർണ്ണത നിറഞ്ഞവ ആയിരിക്കും. അഗാധവും സങ്കീർണ്ണവുമായ ഉള്ളടക്കത്തെ ആവരണംചെയ്യാനുള്ള തന്ത്രമാണ് ബാഹ്യ ഘടനയിലെ ഇത്തരത്തിലുള്ള ലാളിത്യം.

### 1.13.2. പരമ്പരവത്കരണം (Serialisation)

ഒരു കേന്ദ്രകഥാപാത്രം ഉണ്ടായിരിക്കെത്തന്നെ അതിൽമാത്രം ഊന്നാതെ അനന്ത മായ സംഭവപരമ്പരകൾ സൃഷ്ടിക്കുന്ന രീതിയെ പരമ്പരവത്കരണം എന്നുപറയുന്നു. മഹാഭാരതത്തിലെ അസംഖ്യം ഉപാഖ്യാനങ്ങൾ ഈ രീതിക്കുദാഹരണമാണ്. ഏകകഥാ പാത്രത്തെ കേന്ദ്രീകരിച്ചുകൊണ്ടുതന്നെ അനേകം ഉപകഥകൾ ഒന്നിനു പുറകെ ഒന്നായി കോർത്ത് അവതരിപ്പിക്കുന്ന സമ്പ്രദായം ഭാരതേതിഹാസങ്ങളിൽ സമൃദ്ധമായി കാണപ്പെ ടുന്നു. അങ്ങനെ രാമായണം രാമകഥ മാത്രമല്ല, വാല്മീകിയുടെ കഥയും രാമായണരചന യുടെ കഥയും രാമരാവണയുദ്ധത്തിന്റെ കഥയും മറ്റ് അനേകം കഥകളും ആയിത്തീരു ന്നു. പ്രധാന പ്രമേയത്തോടു ബന്ധപ്പെട്ടിരിക്കെത്തന്നെ സ്വതന്ത്രമായ നിലനി ല്പുള്ളവയായി ഒരോ ഉപകഥകളും മാറുന്നു. മഹാഭാരതത്തിലുള്ള അസംഖ്യം ഉപകഥക ളും മുഖ്യകഥാവസ്തുവിനോടു ചേർന്നുനിൽക്കുന്നവയും ആ കഥാസന്ദർഭത്തിൽനിന്ന് അടർത്തിമാറ്റിയാൽ സ്വന്തമായ അസ്തിത്വം ഉള്ളവയും തന്നെ. *നളകഥ, ശകുന്തളോപാ ഖ്യാനം* എന്നിവ ഇപ്രകാരം പ്രസിദ്ധമായ ഉപാഖ്യാനങ്ങൾക്ക് ഉദാഹരണങ്ങളാകുന്നു.

### 1.13.3. വിഭ്രമവത്കരണം (Fantasisation)

ഭാവനയുടെ പ്രിയങ്കരമായ അന്തർലീലകൾ ഇന്ത്യൻ ആഖ്യാനങ്ങളെ ഭ്രമാത്മകത ഉള്ളതാക്കിത്തീർത്തിരിക്കുന്നു. ഐതിഹ്യങ്ങളിലും പുരാവൃത്തങ്ങളിലും കാണുന്ന ഈ പ്രക്രിയയാണ് ഭ്രമാത്മകാവിഷ്കാരംകൊണ്ടു വിവക്ഷിക്കുന്നത്. പ്രത്യക്ഷയാഥാർത്ഥ്യ ങ്ങളെ ഐതിഹ്യങ്ങളുടെയും പുരാവൃത്തങ്ങളുടെയും രൂപത്തിൽ പുനരവതരിപ്പി ക്കുകയാണിവിടെ ചെയ്യുന്നത്. അതുമൂലം കൈവരുന്ന ഭ്രമാത്മകത ഭാരതീയാഖ്യാന ത്തിന്റെ മുഖമുദ്രതന്നെ. കാളിദാസന്റെ മേഘദൂതിൽ സന്ദേശഹരനാകുന്ന മേഘവും അഭിജ്ഞാനശാകുന്തളത്തിൽ മാനുകൾ, വൃക്ഷലതാദികൾ മുതലായവ കഥാപാത്രങ്ങളാ

കുന്നതും ഭ്രമാത്മകമായ (Fantasisation) ആവിഷ്കാരത്തിന്റെ മാതൃകകളാണ്. വേദം, പുരാണം, ഇതിഹാസം, യക്ഷിക്കഥകൾ, നാടോടിക്കഥകൾ തുടങ്ങിയവയിലെല്ലാം ഇതുകാണുന്നുണ്ട്. പുത്തൻകഥാകൃത്തുക്കൾ ഏറെ പ്രിയപ്പെടുന്ന ആഖ്യാനക്രമമാണ് ഭ്രമാത്മകാവിഷ്കാരം.

### 1.13.4. ശൃംഖലാഖ്യാനം (Cyclicalisation)

ചരിത്രപുരോഗതിയുടെ മനുഷ്യനിർമ്മിതമായ എല്ലാ നിയമങ്ങളെയും പാടേ അവഗണിക്കുകയും രേഖീയാഖ്യാനത്തെ അവലംബിക്കാതെ ചാക്രികാഖ്യാനത്തെ പിന്തുടരുകയും ചെയ്യുന്ന ആഖ്യാനസമ്പ്രദായമാണ് ഇത്. ജാതകകഥ ചാക്രികാഖ്യാനത്തിന്റെ ഭാരതീയമാതൃകയാണ്. അനേകം കഥകളെ ചേർത്ത് ശൃംഖലയാക്കി അവതരിപ്പിക്കുക എന്നത് ഭാരതീയസാഹിത്യത്തിൽ കാണുന്ന ഒരു സവിശേഷ ആഖ്യാനതന്ത്രമാണ്. ജാതകകഥകളും വിക്രമാദിത്യകഥകളുമെല്ലാം ഇതിന് ഉദാഹരണമാണ്. ഒരു കഥയ്ക്കുള്ളിൽ നിരവധി കഥകളെ സന്നിവേശിപ്പിക്കുന്ന ഈ രീതി ഉത്തരാധുനികസാഹിത്യകാരന്മാർ ആഖ്യാനതന്ത്രമായി സ്വീകരിച്ചിട്ടുണ്ട്.

ഭാരതീയാഖ്യാനങ്ങളിലെ ശൃംഖലാഖ്യാനം പാശ്ചാത്യരായ പല എഴുത്തുകാർക്കും പ്രചോദനമായിട്ടുണ്ട്. ആയിരത്തൊന്നു രാവുകൾ, ഡെക്കാമറൺ കഥകൾ, കാന്റർബറി കഥകൾ എന്നിവയെ രൂപപ്പെടുത്താൻ ഭാരതത്തിലെ ശൃംഖലാഖ്യാനം പ്രേരകമായിട്ടുണ്ടെന്ന് അയ്യപ്പപ്പണിക്കർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഉത്തരാധുനിക എഴുത്തുകാരുടെ അതികഥാതന്ത്രവും ഇതുതന്നെ. ഒരു കഥ അതൊരു കഥയാണെന്നു വെളിപ്പെടുത്തുന്നതാണ് അതികഥ.

### 1.13.5. അന്യാപദേശം (Allegorisation)

വിപുലമായ ഒരു ഘടകമോ പ്രസക്തിയോ ആർജ്ജിക്കുന്നതിന് അമൂർത്തമായ ഒന്നിനെ മൂർത്തമായ ഒന്നുകൊണ്ട് പകരംവയ്ക്കാനുള്ള ആഖ്യാതാക്കളുടെ താത്പര്യം അന്യാപദേശം എന്നു വ്യവഹരിക്കപ്പെടുന്നു. അന്യാപദേശകഥകൾക്ക് ഏറ്റവും നല്ല മാതൃക വിഷ്ണുശർമ്മന്റെ പഞ്ചതന്ത്രകഥകളത്രേ. ജന്തുകഥാപാത്രങ്ങളിലൂടെ ആഖ്യാതാവിന്റെ വിവക്ഷ അനുവാചകരിലെത്തിക്കുന്ന സങ്കേതമാണ് വിഷ്ണുശർമ്മൻ സ്വീകരിക്കുന്നത്. അർത്ഥശാസ്ത്രം, നീതിശാസ്ത്രം മുതലായവയിലെ ആശയങ്ങൾ ഈ കഥകളിലൂടെ അവതരിപ്പിക്കുന്നു. ഫ്രെയിംസ്റ്റോറിയുടെ ഉപയോഗം, സാന്മാർഗികമൂല്യങ്ങളിലുള്ള ഊന്നൽ, ലഘുവായ ആക്ഷേപഹാസ്യത്തിന്റെ തലം, സർവോപരി ജന്തുകഥാപാത്രങ്ങളിലൂടെയുള്ള സജീവമായ അവതരണം എന്നിവയാണ് പഞ്ചതന്ത്രത്തിൽ ഉപയോഗിച്ചിരിക്കുന്ന അന്യാപദേശത്തിന്റെ മുഖ്യസവിശേഷതകൾ.

### 1.13.6. അജ്ഞാതവത്കരണം (Anonymisation)

എഴുത്തുകാരന്റെ വ്യക്തിനാമം അപ്രസക്തമാകുന്ന ആഖ്യാനപ്രവണതയ്ക്ക് അജ്ഞാതവത്കരണം എന്നു പറയുന്നു. സംഘബോധത്തിന്റെ ആവിഷ്കാരത്തിനുള്ള ഉപകരണമായി ഭാഷ ഉപയോഗിക്കുന്നതു നിമിത്തമാണിങ്ങനെ സംഭവിക്കുന്നത്. ആഖ്യാതാവും ശ്രോതാവും ഒന്നെന്നു തോന്നിപ്പിക്കുന്ന തരത്തിൽ ആഖ്യാതാവിന്റെ സ്വത്വത്തെ ലയിപ്പിക്കുന്ന അജ്ഞാതകർത്തൃത്വം ആഖ്യാനത്തിൽ നിലനിർത്തുക എന്ന സവിശേഷതയാണിത്. വേദോപനിഷത്തുകളും പുരാണങ്ങളുമെല്ലാം ഋഷിപ്രോക്തമെന്നല്ലാതെ ആരു രചിച്ചു എന്നതിനു കൃത്യമായ ഉത്തരമില്ല. ഭരതമുനി, വേദവ്യാസൻ, വാല്മീകി തുടങ്ങിയ പേരുകൾ ഗ്രന്ഥകർത്താക്കളുടെ യഥാർത്ഥനാമങ്ങളല്ലെന്നാണ് പണ്ഡിതമതം. പലതും ഒന്നിലധികം വ്യക്തികളുടെ രചനകളുമാവാം. നാടൻപാട്ടുകളും അജ്ഞാതകർത്തൃകങ്ങൾ തന്നെ. ഇവയിലെല്ലാം ഒരു രചയിതാവിന്റെ സാന്നിദ്ധ്യത്തിനു പകരം സമൂഹത്തിന്റെ പ്രകാശനമാണ് കാണാൻ കഴിയുക. ഒരുലക്ഷത്തിഇരുപതിനായിരത്തിൽപ്പരം വരികളുള്ള മഹാഭാരതത്തിന്റെ രചയിതാവ് വ്യാസൻ എന്ന ഒറ്റ വ്യക്തിയാണെന്നു സമ്മതിക്കുന്നതും ഉചിതമല്ല. രാമായണം തന്നെ അനേക രാമായണകഥകളായി നിലനിൽക്കുന്നുണ്ട്.

എഴുത്തുകാരന്റെ മരണം എന്ന ബാർത്തിന്റെ സിദ്ധാന്തത്തിനു മുമ്പേ ഭാരതീയാചാര്യന്മാർ എഴുത്തുകാർക്ക് അമിതപ്രാധാന്യം നല്കിയിരുന്നില്ല എന്ന് ഇതിൽനിന്ന് അനുമാനിക്കാം. അങ്ങനെ ബ്രഹ്മാവ് (സ്രഷ്ടാവ്), വാല്മീകി (ചിതൽപ്പുറ്റിൽനിന്ന് ജനിച്ചയാൾ), വ്യാസൻ (വ്യാപ്തിയുള്ളവൻ, വേദങ്ങളെ പകുത്തവൻ) തുടങ്ങിയ ഗ്രന്ഥകാരനാമങ്ങൾക്ക് അനന്തമായ അർത്ഥം കൈവന്നു. എഴുത്തുകാരന്റെ വ്യക്തിനിഷ്ഠമായ സ്വത്വത്തെ അനുവാചകന്റെ സംഘസ്വത്വത്തിൽ വിലയിപ്പിക്കാൻ ഈ രീതികൊണ്ടാവും.

### 1.13.7. ഇലാസ്തീകരണം (Elasticisation)

കാലത്തിന്റെ ആവിഷ്കാരങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിലെ പാശ്ചാത്യകല്പിത കഥയിലും (Fiction) പരമ്പരാഗതമായ ഭാരതീയാഖ്യാനങ്ങളിലും വ്യത്യസ്തമാണ്. ഭാരതീയകൃതികളിലെ ആഖ്യാനകാലം യുക്തിസഹമല്ല. ആഖ്യാനശില്പത്തിലെ കാലത്തിന്റെ ദ്രവാവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്ന ആഖ്യാനത്തിലെ ഈ വഴങ്ങൽസ്വഭാവം ഇലാസ്തീകരണം എന്നറിയപ്പെടുന്നു. ഭാരതീയകൃതികളിൽ ആഖ്യാനകാലം അയഞ്ഞതാണ്. ആഖ്യാനഘടനയ്ക്കുള്ളിലെ കാലത്തിന്റെ ക്രമവുമായി അതു ബന്ധപ്പെട്ടിരിക്കുന്നു. ഭാരതീയകൃതികളിൽ മാനസികകാലത്തിനാണ് ഊന്നൽ. പാശ്ചാത്യകൃതികളിലെ കാലസങ്കല്പത്തിൽനിന്ന് ഭാരതീയ കാലസങ്കല്പത്തിലെ പ്രധാനവ്യത്യാസങ്ങളിലൊന്നായി അയ്യപ്പപ്പണിക്കർ ചൂണ്ടിക്കാട്ടുന്നതും ഇതാണ്. പണ്ടൊരിക്കൽ എന്നാണ് ജാതകകഥകൾ തുടങ്ങുന്നത്. കൂടിയാട്ടത്തിൽ വിദൂഷകൻ കഥപറയാനാരംഭിക്കുന്നതും പണ്ടെങ്ങോ നടന്ന ഒരു കഥ എന്ന രീതിയിലാണ്.

ആഖ്യാനത്തിന്റെ അയഞ്ഞഘടന കാലത്തിന്റെ ഒഴുക്കുമായി ബന്ധപ്പെട്ടതാണ്. പണ്ടൊരിക്കൽ എന്ന ഘടനയുമായി തുടങ്ങുന്ന കഥകളിൽ കാലം ഒരു പ്രശ്നമേയല്ല. പ്രപഞ്ചസംബന്ധിയായ പേരുകളിലാണ് ആഖ്യാനങ്ങളിൽ സമയം സൂചിപ്പിച്ചിരുന്നത്. രാവും പകലും, ചന്ദ്രന്റെ വിവിധ ദശകൾ, ഋതുഭേദം, നക്ഷത്രങ്ങളുടെ ദിശ, രാശി എന്നിങ്ങനെ കൂട്ടിച്ചേർക്കുന്നു. കാലത്തിന് അവ്യക്തത നൽകുകയും സ്ഥലത്തിന് പ്രാധാന്യമേകുകയും ചെയ്തുകൊണ്ട് കഥകൾ അവതരിപ്പിക്കുന്ന സമ്പ്രദായം പ്രാചീനഭാരതത്തിലുണ്ടായിരുന്നു എന്നതിന് പഞ്ചതന്ത്രം തെളിവാണ്.

''ദക്ഷിണാപഥത്തിൽ മഹിളാരോപ്യം എന്നൊരു പട്ടണമുണ്ടായിരുന്നു. അവിടെ വർദ്ധമാനകൻ എന്ന ധർമ്മിഷ്ഠനും മഹാധനികനുമായ ഒരു വ്യാപാരി വസിച്ചിരുന്നു. ഒരു ദിവസം രാത്രി ഉറക്കം വരാതെ കിടക്കുമ്പോൾ അദ്ദേഹം ആലോചിച്ചു. . . . . .വ്യാപാരംചെയ്ത് കൂടുതൽ പണംസമ്പാദിക്കുന്നതിനായി വർദ്ധമാനകൻ മഥുരാനഗരത്തിലേക്കു പുറപ്പെട്ടു'' (സുമംഗല 2004:11).

സ്ഥലത്തെ സൂക്ഷ്മമായി പിന്തുടരുന്ന കഥ ഒരു സ്ഥലത്തിൽനിന്ന് മറ്റൊന്നിലേക്കുള്ള യാത്രയെക്കുറിച്ചുകൂടി വ്യക്തമായ സൂചന നൽകുന്നു. അതേസമയം കാലമെന്നത് സ്ഥൂലമായ പരാമർശം മാത്രമായി ഒതുങ്ങുകയും ചെയ്യുന്നു.

### 1.13.8. സ്ഥലവത്കരണം (Spatialisation)

ഭാരതീയാഖ്യാനങ്ങൾ പ്രധാനമായും കാലത്തിലാണ് ഊന്നുന്നത്. ഒരു കഥ ആരംഭിക്കുന്നതിന്റെ തന്നെ ആഖ്യാനഫോർമുല, സ്ഥലത്തെ സംബന്ധിച്ച കൃത്യതയും കാലത്തെ സംബന്ധിച്ച സ്പഷ്ടതയില്ലായ്മയുമാണ്. ഒരിക്കൽ, ഒരിടത്ത്, പണ്ട് എന്നീ വാക്കുകളോടെയാണ് കഥ ആരംഭിക്കുന്നത്. സ്ഥലത്തെ സംബന്ധിച്ച അവ്യക്തത ഇതിൽ പ്രത്യക്ഷമാണ്. ഈ ആഖ്യാനരീതിക്കു സ്ഥലവത്കരണം എന്നു പറയുന്നു.

### 1.13.9. രീതിവത്കരണം (Stylisation)

എല്ലാ ആഖ്യാതാക്കളും ചില പൂർവ്വനിർമ്മിത കോഡുകൾ പിന്തുടരുന്നു. വായനക്കാരിൽ ഇതു തുടർച്ചയായ ആകാംക്ഷകൾ സൃഷ്ടിക്കുന്നു. ഈ ആകാംക്ഷ തൃപ്തിപ്പെടുത്തുന്ന സമ്പ്രദായമാണ് രീതിവത്കരണം.

### 1.13.10. തത്ക്ഷണരചനാശേഷി (Improvisation)

രീതിവത്കരണത്തിന്റെ വിപരീതരീതിയായ ഇത് ആഖ്യാതാവിനു സ്വാതന്ത്ര്യം നൽകുന്നു. അതിലൂടെ അത്ഭുതത്തിന്റെ അംശങ്ങൾ കഥയിൽ സൃഷ്ടിക്കാനും കഴിയുന്നു. വായനക്കാരന്റെ പ്രതീക്ഷകളെ തൃപ്തിപ്പെടുത്തുകയല്ല കടത്തിവെട്ടുകയാണ് ഈ രീതി ചെയ്യുന്നത്. രീതിവത്കരണം അച്ചടക്കമാണെങ്കിൽ ഇംപ്രവൈസേഷൻ സ്വാതന്ത്ര്യമാണ്.

രചനാശില്പത്തിന്റെ ഭാഗമായി വിശകലനം ചെയ്യേണ്ട മറ്റൊരു ഘടകം ഭാഷാ ശൈലിയുടെ സവിശേഷതകളാണ്. കൃതിയുടെ രചനാതന്ത്രത്തിന്റെ പഠനം പൂർണ്ണമാകുന്നത് ഭാഷാശൈലിയിലെ അന്യാദൃശതകൾക്കൂടി കണ്ടെത്തുമ്പോഴാണ്. ഇത് ശൈലീവിജ്ഞാനത്തിൽപ്പെടുന്നതുകൊണ്ട് ശൈലീവിജ്ഞാനത്തിന്റെ അടിസ്ഥാനാശയങ്ങൾ ഇനി വിവരിക്കുന്നു.

### 1.14. ശൈലീവിജ്ഞാനം (Stylistics)

സാഹിത്യഭാഷ സാമാന്യഭാഷാപ്രയോഗത്തിന്റെ പതിവുകളിൽനിന്ന് പലപ്പോഴും വേറിട്ടുനിൽക്കുന്നു. ഈ വേറിട്ട ഭാഷകൊണ്ടാണ് ഏതു കൃതിക്കും അസാധാരണത്വം കൈവരുന്നത്. സാധാരണഭാഷയിൽനിന്നും ഒരു സാഹിത്യസൃഷ്ടിയിലെ വ്യതിയാനം കണ്ടെത്തുകയും സൗന്ദര്യാനുഭൂതി സൃഷ്ടിക്കുന്നതിൽ അവയുടെ പങ്കു വ്യക്തമാക്കുകയുമാണ് സാഹിത്യശൈലീവിജ്ഞാനം ലക്ഷ്യംവെക്കുന്നത്. ആഖ്യാനശാസ്ത്രത്തെപ്പോലെ ശൈലീവിജ്ഞാനവും ഫോർമലിസത്തിൽനിന്നു രൂപമെടുത്തതാണ്. സാഹിത്യകൃതിയുടെ രചനാശില്പവിശകലനത്തിൽ ശൈലിയും വരുന്നു. സാഹിത്യഭാഷയുടെ ശക്തിയും സൗന്ദര്യവും ഇതിന്റെ ഭാഗമായി അന്വേഷിക്കുന്നു. സാമാന്യഭാഷയിൽനിന്ന് വ്യതിരിക്തമായ സവിശേഷഭാഷയാണ് സാഹിത്യഭാഷ. അംഗീകൃതമായ ഭാഷ പലപ്പോഴും ഭാവപ്രകടനത്തിന് അപര്യാപ്തമായി എഴുത്തുകാർക്കനുഭവപ്പെടുന്നു. തന്മൂലം ചില വർണ്ണങ്ങളുടെയും പദങ്ങളുടെയും ആവർത്തനം, വ്യവഹാരത്തിലില്ലാത്ത പ്രാചീന പദങ്ങളുടെ ഉപയോഗം, നൂതനപദങ്ങളുടെ സൃഷ്ടി, ആലങ്കാരികപ്രയോഗങ്ങൾ, താളാത്മകത തുടങ്ങിയ അനേകം തന്ത്രങ്ങൾ ഉപയോഗിച്ച് വ്യവഹാരഭാഷയെ രൂപാന്തരപ്പെടുത്തി അവയ്ക്കു സന്ദർഭാനുസരണം നവചൈതന്യം നൽകി എഴുത്തുകാർ അവതരിപ്പിക്കുന്നു. സാഹിത്യകൃതികളിലെ ഭാഷാശൈലിയെപ്പറ്റിയുള്ള ശാസ്ത്രീയപഠനശാഖയാണ് ശൈലീവിജ്ഞാനം. ഭാഷാതത്ത്വശാസ്ത്രങ്ങളുടെ അടിസ്ഥാനത്തിൽ സാഹിത്യഭാഷയെ അപഗ്രഥിക്കുകയാണ് ശൈലീവിജ്ഞാനം ചെയ്യുന്നത്. അരിസ്റ്റോട്ടിലിന്റെ കാലം മുതൽക്കുതന്നെ വിമർശനത്തിന്റെ ഭാഗമായി ഭാഷാപഠനങ്ങൾ നിലനിന്നിരുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിൽ ആധുനികഭാഷാശാസ്ത്രത്തിന്റെ ഭാഗമായി ശൈലീവിജ്ഞാനം ഒരു ശാസ്ത്രീയശാഖയായി രൂപംകൊണ്ടു. ഡൊണാൾഡ് ഡേവി, ഹാലിഡേ, റോജർഫൗളർ, ഗ്രഹാം ഹോ, ഫ്രീമാൻ, വെലിൻ, സ്റ്റീഫൻ ഉൾ മാൻ, ജാൻ മുകറോവ്സ്കി, റോമൻ യാക്കോബ്സൺ, ചാൾസ് ബല്ലി, മിഡിൽടൺമറി, ഡേവിഡ് ലോഡ്ജ് തുടങ്ങി നിരവധി പണ്ഡിതർ ശൈലീവിജ്ഞാനമേഖലയിൽ സാഹിത്യപഠനം നടത്തി.

ആധുനികശൈലീവിജ്ഞാനത്തിന്റെ പിതാവായി അറിയപ്പെടുന്ന ചാൾസ് ബല്ലി ഭാഷയിലെ അർത്ഥബോധഘടകങ്ങളുടെ പഠനമാണ് ശൈലീവിജ്ഞാനമെന്നു സൂചിപ്പിക്കുന്നു. ഈ അർത്ഥബോധഘടകങ്ങൾ നിയതാർത്ഥങ്ങളോടുള്ള ചില പ്രധാന വിളക്കിച്ചേർക്കലുകളാണ്. അർത്ഥത്തിന്റെ ഭാഗമായ ശൈലിയിൽ സാഹിത്യകൃതിയുടെ ഏതേ

തംശങ്ങളാണ് പ്രായോഗികമായി, സാഹിത്യപരമായി ഉപയുക്തമാക്കുന്നതെന്ന് ചൂണ്ടിക്കാണിക്കുകയാണ് ശൈലീപഠനത്തിൽ ചെയ്യുന്നത്.

ഭാഷാശാസ്ത്രത്തിന്റെ രീതികളുമായി ഇതിനു സാമ്യമുണ്ടെങ്കിലും ശൈലീവിജ്ഞാനം അതിൽനിന്നും വ്യത്യസ്തമാണ്. ഭാഷയുടെ പഠനവും അപഗ്രഥനവുമാണ് ഭാഷാശാസ്ത്രമെങ്കിൽ, സാഹിത്യകൃതിയിൽ ഭാഷയുടെ ആവിഷ്കാരം എങ്ങനെ നിർവഹിച്ചിരിക്കുന്നു എന്നതാണ് ശൈലീവിജ്ഞാനത്തിന്റെ അന്വേഷണം. സാഹിത്യത്തിൽ പ്രതീതമാകുന്ന സൗന്ദര്യത്തിന് നിദാനമായ ഭാഷാസവിശേഷതകൾ തിരിച്ചറിയാനുള്ള ഉദ്ദേശ്യത്തോടെ ആധുനികഭാഷാഗവേഷണരീതികൾ ഉപയോഗിക്കുമ്പോഴാണ് സാഹിത്യശൈലീവിജ്ഞാനം ഉടലെടുക്കുന്നത്. സാഹിത്യഭാഷ സാമാന്യഭാഷാപ്രയോഗത്തിന്റെ അംഗീകൃതമാനദണ്ഡങ്ങളിൽനിന്നു പലപ്പോഴും വ്യതിചലിക്കുന്നു. ഈ വ്യതിയാനം കണ്ടെത്തുകയും സൗന്ദര്യാനുഭൂതി സൃഷ്ടിക്കുന്നതിൽ അവയുടെ പങ്ക് വ്യക്തമാക്കുകയുമാണ് സാഹിത്യശൈലീവിജ്ഞാനം ലക്ഷ്യമിടുന്നത്. ശബ്ദം, അർത്ഥം, വാക്യഘടന, പദഘടന, താളം, ബിംബങ്ങൾ, അലങ്കാരങ്ങൾ എന്നിവയിലെല്ലാം എഴുത്തുകാർ ശ്രദ്ധചെലുത്തുന്നുണ്ട്. ഇവയുടെ പൂർണ്ണമായ വിശകലനത്തിൽക്കൂടി മാത്രമേ എഴുത്തുകാരന്റെ രചനാതന്ത്രം വെളിപ്പെടുത്താനാവുകയുള്ളൂ. സാഹിത്യഭാഷയെ മറ്റുഭാഷാരൂപങ്ങളിൽനിന്നും വേർതിരിച്ചുനിർത്തുന്നതെന്ത് എന്നാണ് സാഹിത്യശൈലീവിജ്ഞാനം അന്വേഷിക്കുന്നത്. പദങ്ങളോ പദസംഘാതങ്ങളോ സംപ്രേക്ഷണം ചെയ്യുന്ന യഥാർത്ഥവസ്തുക്കളെ നേരിട്ടു ബാധിക്കാത്ത ഒരുപാട് ഭാഷാസവിശേഷതകളെ (Linguistic Features) ഉള്ളടക്കിയതാണ് അർത്ഥബോധനം എന്ന ശൈലീവിജ്ഞാനസങ്കല്പം.

ഗീക്കിലെ Stylos, ലാറ്റിനിലെ Stylus എന്നീ പദങ്ങളിൽ നിന്നാണ് Style എന്ന പദത്തിന്റെ ഉദ്ഭവം. എഴുത്താണി എന്നാണ് മൂലപദത്തിനർത്ഥം. അർത്ഥവികാസത്തിലൂടെയാണ് എഴുത്തുകാരന്റെ ആത്മപ്രകാശനസമ്പ്രദായം. സാഹിത്യരചനയിലെ രൂപപരമായ വിശേഷം, രചനാരീതിയുടെ സവിശേഷത എന്നിവ വന്നുചേർന്നത്. ശൈലികൊണ്ട് സാമാന്യഗതിയിൽ സ്വഭാവം, അഭിരുചി, പ്രകൃതം, മനോരൂപം എന്നിവ നിർണ്ണയിക്കപ്പെടാറുണ്ട്. പ്രത്യേകതയുള്ള രചനാപ്രകാശനപദ്ധതി എന്നു ശൈലിയെ വിശേഷിപ്പിക്കാം.

എല്ലാ ഭാഷാഘടകങ്ങളുടെയും (Linguistic Items) സാന്ദർഭികസാധ്യതകളുടെയും (Contextual Probability) ആകെത്തുകയാണ് ശൈലി. വർണ്ണം, പദം, വാക്യം, വ്യാകരണം, കോശം മുതലായ വിവിധ തലങ്ങളിലുള്ള പാഠഘടകങ്ങളുടെ ആവൃത്തികളും ഓരോ പാഠഘടകത്തോടും അനുകൂലനം (Correspondence) പുലർത്തുന്നതായി ആദർശമാതൃകയിൽ കണ്ടെത്താവുന്ന ഘടകങ്ങളുടെ ആവൃത്തിയും തമ്മിലുള്ള അനുപാതങ്ങളുടെ ആകെത്തുകയാണ് ശൈലി. വിഷയത്തിന്റെ മർമ്മംവരെ ഇറങ്ങിച്ചെല്ലാനുള്ള ഭാഷാപ്രയോഗത്തിന്റെ കഴിവുകൾ വർദ്ധിപ്പിക്കാനായി ആവിഷ്കരിക്കപ്പെട്ട അർത്ഥബോധതന്ത്രങ്ങളെ നിർവചിക്കുകയും വികസിപ്പിക്കുകയും ചെയ്യുകവഴി ശൈലീവിജ്ഞാനം സാഹിത്യകാരനും സഹൃദയനും ഒരുപോലെ ഉപകരിക്കുന്നു.

ശൈലീവിജ്ഞാനത്തിന്റെ അടിസ്ഥാനസങ്കല്പങ്ങളാണ് പുര:ക്ഷേപം. (Foregrounding), ഐക്യം (Unity), താളം (Rhyme) എന്നിവ.

**1.14.1. പുര:ക്ഷേപം**

ശൈലീവിജ്ഞാനത്തിന്റെ അടിസ്ഥാനസങ്കല്പങ്ങളിൽ ഏറ്റവും പ്രധാനമാണിത്. വായനക്കാരന്റെ ശ്രദ്ധയാകർഷിക്കുന്നതിനായി ചില പദങ്ങളെയോ വാക്യങ്ങളെയോ മുന്നോട്ടുവയ്ക്കുന്നതാണ് പുര:ക്ഷേപം. പ്രയോഗംകൊണ്ട് പഴകിയ ഭാഷയ്ക്ക് പുതുജീവൻ നല്കാനുള്ള ശ്രമമാണിത്. ചിത്രകലയിൽ ചില വർണ്ണങ്ങളുടെ പ്രയോഗം സവിശേഷപ്രതീതി സൃഷ്ടിക്കുന്നതുപോലെ ചില പദങ്ങളുടെയോ പ്രയോഗങ്ങളുടെയോ എടുത്തുനില്പിലൂടെ ഭാഷയ്ക്ക് സവിശേഷത കൈവരുന്നു. നിലവാരപ്പെട്ട നിയതാർഥമുള്ള പ്രാമാണികഭാഷയെ പുതുമവരുത്തുന്നതിനും അനുവാചകശ്രദ്ധ ആകർഷിക്കുന്നതിനും വേണ്ടി വക്രീകരിക്കുന്ന ശൈലിയുടെ ആധാരതത്ത്വമാണ് പുര:ക്ഷേപം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. പ്രാമുഖ്യം (Prominence) എന്ന പദംകൊണ്ട് വിവക്ഷിക്കുന്നതും ഇതു തന്നെ. 'സീതയെ ഞാൻ കണ്ടു എന്ന സാധാരണ വാക്യക്രമം മാറ്റി സത്വരമായ ആകാംക്ഷാശമനത്തിനായി 'കണ്ടു ഞാൻ സീതയെ' എന്നു പ്രയോഗിച്ചത് പ്രാമുഖ്യത്തിനുദാഹരണമാണ്. അനുവാചകശ്രദ്ധ നേടുന്നതിനായി കവി പരിചിതവസ്തുക്കളെപ്പോലും അപരിചിതവത്കരിച്ച് ഉപയോഗിക്കുന്നു എന്ന വിക്ടർ ഷ്ക്ലോവോസ്ക്കിയുടെ അപരിചിതവത്കരണം (Defamilarization) എന്ന സിദ്ധാന്തവും ഇതുമായി ബന്ധപ്പെട്ടതാണ്.

പുര:ക്ഷേപണത്തിന് ഉപയോഗിക്കുന്ന ഒരു തന്ത്രമാണ് സംസക്തി (Cohesion). അർത്ഥങ്ങൾക്കു പരസ്പരമുള്ള ബന്ധമാണിത്. വ്യാകരണപരമോ പദപരമോ ആയ ആവർത്തനത്തിലൂടെ ഇതു സാധിക്കാം. പുര:ക്ഷേപം എന്ന ആശയം കണ്ടുപിടിച്ചത് മുകറോവ്സ്കി എന്ന ഭാഷാശാസ്ത്രജ്ഞനാണ്. എഴുത്തുകാരൻ അവതരിപ്പിക്കുന്ന ആശയങ്ങളുടെ കൂട്ടത്തിൽ ഒരാശയം വായനക്കാരൻ സവിശേഷം ശ്രദ്ധിക്കണമെങ്കിൽ ആ ആശയത്തിലേക്കു വിരൽചൂണ്ടുന്ന പദം അല്ലെങ്കിൽ പദങ്ങൾ സാധാരണരീതിയിൽ നിന്നു വ്യത്യസ്തമായ രീതിയിൽ പ്രയോഗിക്കുക എന്നതാണു പുര:ക്ഷേപം. ഇത് അസംഖ്യം രീതികളിൽ വരാം.

പുര:ക്ഷേപത്തിന്റെ ലക്ഷ്യം പ്രമേയത്തിലെ ഒരാശയം അല്ലെങ്കിൽ ഒരു വാക്കു സവിശേഷശ്രദ്ധയിൽ എത്തിക്കുകയെന്നതാണ്. ഒരു പദം പ്രധാനമെന്നു വരുന്നത് പല മട്ടിലാവാം. ശബ്ദതലത്തിൽ മുഴങ്ങിക്കേൾക്കുന്നതുകൊണ്ടാവാം. അർത്ഥതലത്തിൽ ഉചിതമായ സ്ഥാനത്തിൽ വിന്യസിക്കുന്നതുകൊണ്ടാവാം.

നിത്യോപയോഗഫലമായി പദങ്ങളുടെ ശക്തി ചിലപ്പോൾ കുറഞ്ഞുപോകും- നിത്യോപയോഗഫലമായി നാണയങ്ങൾ തേഞ്ഞുമാഞ്ഞ് ലോഹക്കഷണങ്ങൾ ആയി മൂല്യം നഷ്ടപ്പെടുന്നതുപോലെ. ശക്തി എങ്ങനെ പുനരാവിഷ്കരിക്കാം എന്ന പരീക്ഷണമാണ് ഓരോ ഭാഷാനവീകരണശ്രമത്തിനും പിന്നിലുള്ളത്. അതിനായി പുതിയ പ്രതിപാദ

നരീതികളും പുതിയപദങ്ങളും എഴുത്തുകാരൻ കണ്ടെത്തേണ്ടിവരും. ഇതും ശൈലീവിജ്ഞാനപഠനത്തിന്റെ മണ്ഡലത്തിൽ വരും.

### 1.14.2. ഐക്യം

ഒരു കൃതിയിലെ അർത്ഥബോധനോപാധികളുടെ വിശിഷ്ടമായ ഏകതയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ദ്വന്ദീകരണ(Coupling)ത്തിലൂടെയും ഈ സവിശേഷത കൈവരിക്കാവുന്നതാണ്. ഐക്യവും അതോടൊപ്പം സ്മരണീയതയും ഉളവാക്കുന്ന കേന്ദ്രഘടകമായി ദ്വന്ദീകരണത്തെ വെലിൻ വിലയിരുത്തുന്നുണ്ട് (Levin 1969:204). അർത്ഥതലത്തിലും വാക്യഘടനയിലുമുള്ള രണ്ടു തരം കേന്ദ്രീകരണം ഒരുമിച്ചു നടക്കുമ്പോൾ ദ്വന്ദീകരണം സംഭവിക്കാം. ധ്വനി, പദം, അർത്ഥം, താളം, അലങ്കാരം തുടങ്ങിയ തലങ്ങളിലെല്ലാം ദ്വന്ദീകരണം ഉളവാകും. ഇതുകൊണ്ടുണ്ടാവുന്ന സംസക്തിയിലൂടെ കൃതിയിലെ സന്ദർഭത്തിന് പ്രാമുഖ്യം കൈവരുന്നു. ബന്ധദാർഢ്യരൂപമായ ഐക്യം മാത്രമല്ല പ്രാമുഖ്യവും താളാത്മകതയും കൃതിയിലുളവാക്കുന്നതിനും ദ്വന്ദീകരണം കാരണമാകുന്നുണ്ട്.

### 1.14.3. താളം

കവിതയിലാണ് ഇതിനു പ്രസക്തിയുള്ളത്. വാക്കുകൾ സവിശേഷമായ രീതിയിൽ താളക്രമങ്ങളോടെ പ്രയോഗിക്കുമ്പോൾ സാധാരണനിലയിൽ പ്രതിഫലിപ്പിക്കാൻ കഴിയുന്നതിൽ കൂടുതലായ ഒരുതരം മുഴക്കം ശബ്ദാർത്ഥതലങ്ങളിൽ സൃഷ്ടിക്കാൻ കഴിയുന്നു.

ഏതൊരു സാഹിത്യകൃതിയുടെയും രചനാശില്പത്തിന്റെ വിവിധവിഭാഗങ്ങളാണ് ഇവിടെ ചർച്ച ചെയ്തത്. ഇവയെല്ലാം ഒരു കൃതിയിൽ ഒരേ അളവിലോ നിലവാരത്തിലോ സംഭവിക്കാറില്ല. എന്നാൽ ഏതൊരു സാഹിത്യസൃഷ്ടിയിലെയും ശില്പചിന്തയിൽ ഇവിടെ സൂചിപ്പിച്ചവയുടെ ഭാഗികമായതോ അല്പം രൂപഭേദം വന്നതോ ആയ വസ്തുതകൾ കടന്നുവരുക സ്വാഭാവികമാണ്. അതുകൊണ്ടുതന്നെ ഇവയെപ്പറ്റിയുള്ള സാമാന്യധാരണ രചനാസങ്കേതവിശകലനത്തിൽ ഉപയോഗപ്പെടുകതന്നെ ചെയ്യും.

# അധ്യായം രണ്ട്
# ബൈബിൾ ഒരു മഹാഖ്യാനം

## 2.0. ബൈബിൾ

ബൈബിൾ ഒരു വിശ്വമഹാഗ്രന്ഥമാണ്. ക്രിസ്തുമതത്തിന്റെ വേദപുസ്തകവും ഇതുതന്നെ. വിവിധ രചയിതാക്കൾ വ്യത്യസ്തകാലങ്ങളിലും സ്ഥലങ്ങളിലുംവച്ച് എഴുതിയ വിഭിന്നകൃതികളുടെ സമാഹാരമാകുന്നു ഇത്. 1400 ഓളം വർഷംകൊണ്ടാണ് ബൈബിളിലെ പുസ്തകങ്ങൾ പിറവിയെടുത്തത്. വിപുലമായ വായനയ്ക്കും പഠനത്തിനും ഗവേഷണത്തിനും ബൈബിൾ ഉപാധിയായിരിക്കുന്നു.

പുസ്തകം എന്നർത്ഥമുള്ള 'ബിബ്ലിയ' എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് ബൈബിൾ എന്ന പദമുണ്ടായത്. ഈജിപ്തിൽ വളരുന്ന പാപ്പിറസ് എന്ന ഒരുതരം ഞാങ്ങണ കീറിമെടഞ്ഞ് എഴുത്തുപലകയുണ്ടാക്കി കയറ്റുമതിചെയ്തിരുന്ന ഒരു പുരാതന ഫിനീഷ്യൻ തുറമുഖപട്ടണമായിരുന്നു ബിബ്ലോസ്. ഈ പാപ്പിറസ് പ്രധാനമായും വേദഗ്രന്ഥങ്ങൾ എഴുതിസൂക്ഷിക്കുവാനാണ് ഉപയോഗിച്ചിരുന്നത്. കാലാന്തരത്തിൽ ബിബ്ലോസിൽനിന്ന് ഇറക്കുമതിചെയ്യപ്പെട്ട പാപ്പിറസിൽ എഴുതിയ തിരുവെഴുത്തുകളെയും ബിബ്ലോസ് എന്നു വ്യവഹരിച്ചു. ഈ പദം ലത്തീൻ, ഇംഗ്ലീഷ് എന്നീഭാഷകളിലൂടെ കടന്നുപോയപ്പോൾ ബൈബിൾ എന്നു രൂപഭേദം പ്രാപിച്ചു.

ചെറുതും വലുതുമായ 66 കൃതികൾ വേദപുസ്തകത്തിൽ ഉൾച്ചേർന്നിരിക്കുന്നു. പഴയനിയമം, പുതിയനിയമം എന്ന് രണ്ടു പ്രധാനഭാഗങ്ങൾ ബൈബിളിനുണ്ട്. ഇതിൽ പഴയനിയമത്തെ യഹൂദരും ക്രിസ്ത്യാനികളും മതഗ്രന്ഥമായി സ്വീകരിച്ചിരിക്കുന്നു. മൂന്നു വ്യത്യസ്തഭാഷകളിലായാണ് ബൈബിളിന്റെ രചന. പഴയനിയമം ഹീബ്രുവിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 39 വ്യത്യസ്തപുസ്തകങ്ങൾ പഴയനിയമത്തിലുണ്ട്. പ്രൊട്ടസ്റ്റന്റ് വിഭാഗക്കാർ ഒഴിച്ചുള്ള ക്രൈസ്തവ വിഭാഗങ്ങളുടെ ബൈബിളിലെ പഴയനിയമത്തിൽ 46 പുസ്തകങ്ങളാണുള്ളത്. സാക്ഷാൽ യഹൂദമതഗ്രന്ഥമായ പഴയനിയമത്തിൽ 39 പുസ്തകങ്ങൾ മാത്രമേയുള്ളൂ. അതിനാൽ അധികമായുള്ള 7 പുസ്തകങ്ങളെ അപ്പോക്രിഫാ എന്നു വിളിക്കുന്നു. പഴയനിയമത്തിലെ ഹ്രസ്വഭാഗങ്ങൾ അരമായ ഭാഷയിലാണ് രചിച്ചിരിക്കുന്നത്. പുതിയനിയമത്തിലെ മൂലഭാഷ ഗ്രീക്കാണ്. 27 വ്യത്യസ്തകൃതികൾ പുതിയനിയമത്തിൽ ഉള്ളടങ്ങിയിരിക്കുന്നു.

ആട്ടിടയർ, രാജാക്കന്മാർ, മന്ത്രിമാർ, ജനനേതാക്കൾ, സേനാനായകൻ, പുരോഹിതന്മാർ, പാനപാത്രവാഹകൻ, നികുതിപിരിവുകാരൻ, ഭിഷഗ്വരൻ, മുക്കുവൻ, കൂടാരപ്പണിക്കാരൻ, കൃഷിക്കാരൻ തുടങ്ങി ജീവിതത്തിന്റെ നാനാതുറകളിൽ വ്യാപരിക്കുന്നവരായി

രുന്നു വേദഗ്രന്ഥത്തിന്റെ രചയിതാക്കൾ. വിവിധ സാഹിത്യരൂപങ്ങളായ ചരിത്രം, ജീവചരിത്രം, കഥകൾ, കവിതകൾ, കത്തുകൾ, സ്മരണകൾ, പ്രണയകാവ്യം, പ്രവചനങ്ങൾ തുടങ്ങിയവ ബൈബിളിൽ ഉൾപ്പെടുന്നുണ്ട്. ചുരുക്കത്തിൽ ബൈബിൾ എന്ന ഏകത്വത്തിൽ വിവിധ കർത്താക്കൾ, വിഭിന്നകാലങ്ങൾ, വ്യത്യസ്തഭാഷകൾ, പല സാഹിത്യരൂപങ്ങൾ എന്നീ നാനാത്വമാണ് നിറച്ചുവച്ചിരിക്കുന്നത്. പല നാടുകളിലും കാലങ്ങളിലും ഭാഷകളിലും സാഹിത്യരൂപങ്ങളിലും ഉൾപെടുന്ന കൃതികൾ സമാഹരിച്ച് മഹാഗ്രന്ഥമാക്കി പ്രസിദ്ധീകരിക്കപ്പെടുക എന്ന അത്ഭുതകരമായ വസ്തുത ബൈബിളിനു മാത്രം അവകാശപ്പെട്ടതാണ്.

### 2.1. പഴയനിയമം

ബൈബിളിന്റെ രണ്ടു പ്രധാന ഭാഗങ്ങളിൽ ആദ്യത്തേത് പഴയനിയമം ആണ്. തെർത്തുല്യൻ, ഓറിഗൻ എന്നീ ആദിമസഭാപിതാക്കന്മാരാണ് പഴയനിയമം എന്നു പേരിട്ടത്. 39 വ്യത്യസ്ത കൃതികൾ പഴയനിയമത്തിൽ ഉൾപ്പെടുന്നു. ബി.സി 1000 മുതൽ ബി.സി. 200 വരെയുള്ള കാലയളവിൽ പലപ്പോഴായി എഴുതപ്പെട്ടവയാണ് ഇവ. പഴയനിയമഗ്രന്ഥങ്ങളെ മുഖ്യമായി അഞ്ചായി തിരിച്ചിട്ടുണ്ട്. നിയമഗ്രന്ഥങ്ങൾ അഥവാ പഞ്ചഗ്രന്ഥങ്ങൾ, ചരിത്രപുസ്തകങ്ങൾ, കാവ്യഗ്രന്ഥങ്ങൾ അഥവാ പ്രബോധനപരമായ കൃതികൾ, വലിയപ്രവചനഗ്രന്ഥങ്ങൾ, ചെറിയ പ്രവചനഗ്രന്ഥങ്ങൾ എന്നിവയാണവ. ഗ്രന്ഥങ്ങളുടെ പൊതുവായ സ്വഭാവവും പഠനത്തിനുള്ള സൗകര്യവും മുൻനിറുത്തിയുള്ള വിഭജനമാണിത്. ചരിത്രവും പ്രബോധനവും പ്രവചനവും കവിതയും മിക്ക ഗ്രന്ഥങ്ങളിലും ഏറ്റക്കുറിച്ചിലുകളോടെ ദൃശ്യമാണ്.

<table>
<tr><th colspan="5">പഴയനിയമത്തിലെ 39 പുസ്തകങ്ങൾ</th></tr>
<tr><th colspan="2">17 ചരിത്രഗ്രന്ഥങ്ങൾ</th><th rowspan="2">5 കാവ്യാത്മക ഗ്രന്ഥങ്ങൾ</th><th colspan="2">17 പ്രവചന പുസ്തകങ്ങൾ</th></tr>
<tr><th>5 നിയമ ഗ്രന്ഥങ്ങൾ</th><th>12 പഴയനിയമ ചരിത്രങ്ങൾ</th><th>5 വലിയ പ്രവാചകന്മാർ</th><th>12 ചെറിയ പ്രവാചകന്മാർ</th></tr>
<tr><td>ഉൽപത്തി<br>പുറപ്പാട്<br>ലേവ്യാ<br>സംഖ്യാ<br>ആവർത്തനം</td><td>യോശുവ<br>ന്യായാധിപന്മാർ<br>രൂത്ത്<br>1 ശമൂവേൽ<br>2 ശമൂവേൽ<br>1 രാജാക്കന്മാർ<br>2 രാജാക്കന്മാർ<br>1 ദിനവൃത്താന്തം<br>2 ദിനവൃത്താന്തം<br>എസ്രാ<br>നെഹെമ്യാവ്<br>എസ്ഥേർ</td><td>ഇയ്യോബ്<br>സങ്കീർത്തനങ്ങൾ<br>സദൃശവാക്യങ്ങൾ<br>സഭാപ്രസംഗി<br>ഉത്തമഗീതം</td><td>യെശയ്യാവ്<br>യിരെമ്യാവ്<br>വിലാപങ്ങൾ<br>യെഹെസ്കേൽ<br>ദാനീയേൽ</td><td>ഹോശേയ<br>യോവേൽ<br>ആമോസ്<br>ഓബദ്യാവ്<br>യോനാ<br>മീഖാ<br>നഹൂം<br>ഹബക്കൂക്<br>സെഫന്യാവ്<br>ഹഗ്ഗായി<br>സെഖര്യാവ്<br>മലാഖി</td></tr>
</table>

**2.1.1. പഞ്ചഗ്രന്ഥങ്ങൾ**

ബൈബിളിലെ ആദ്യത്തെ അഞ്ചുകൃതികളാണ് പഞ്ചഗ്രന്ഥങ്ങൾ. ഉൽപത്തി, പുറപ്പാട്, ലേവ്യാപുസ്തകം, സംഖ്യാപുസ്തകം, ആവർത്തനം എന്നിവ പഞ്ചഗ്രന്ഥങ്ങളിൽപെടുന്നു. ഇവയുടെ കർത്താവ് മോശെയാണെന്നു വിശ്വസിക്കപ്പെടുന്നു.

**2.1.1.1. ഉൽപത്തി**

പഞ്ചഗ്രന്ഥങ്ങൾ പ്രതിപാദ്യസൂചകമായ പേരുകളിൽ അറിയപ്പെടുന്നു. ബൈബിളിലെ പ്രഥമഗ്രന്ഥമായ ഉൽപത്തി ലോകാരംഭവിവരണത്തോടെയാണ് ആരംഭിക്കുന്നത്. യിസ്രായേൽജനതയുടെ ചരിത്രം, ആദിപിതാക്കന്മാരുടെ ചരിത്രം എന്നിവയും ഉൽപത്തിയിൽ ഉണ്ട്. ആരംഭങ്ങളുടെ കഥ പറയുന്നതുകൊണ്ട് ആരംഭങ്ങളുടെ പുസ്തകം എന്നും ഇത് അറിയപ്പെടുന്നു.

ആദിമാതാപിതാക്കളായ ഹവ്വയും ആദവും സൃഷ്ടിക്കപ്പെട്ടതിന്റെ സുന്ദരമായ ആഖ്യാനവും ആദിപാപത്തിന്റെ കഥയും ഉൽപത്തിപ്പുസ്തകത്തിന്റെ തുടക്കത്തിൽത്തന്നെ പ്രതിപാദിക്കുന്നു. ലോകത്തിൽ നടന്ന ആദ്യകൊലപാതകം - കായീൻ ഹാബേലിനെ കൊല്ലുന്നത് - ഗ്രന്ഥത്തിന്റെ ആദ്യപുറങ്ങളിൽത്തന്നെയുണ്ട്. ബൈബിളിലെ പ്രഥമ മാനഭംഗവും ഉൽപത്തിപ്പുസ്തകത്തിൽ വിവരിക്കുന്നു. യാക്കോബിന്റെ മകൾ ദീനായെ ശെഖേം നശിപ്പിച്ച കാര്യം ഉൽപത്തി 34-ാം അധ്യായത്തിൽ കൊടുത്തിരിക്കുന്നു. ഭൂമിയിൽ ഭാഷാവൈവിദ്ധ്യമുണ്ടായതിന്റെ കാരണം ബാബേൽഗോപുരനിർമ്മാണത്തിലൂടെ ആദിഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നു (11:19). വിശ്വാസികളുടെ പിതാവെന്ന് ലോകം പ്രകീർത്തിക്കുന്ന അബ്രാഹാമിന് നൂറുവയസ്സായപ്പോൾ സാറായിൽ യിസ്സഹാക്കു ജനിക്കുന്നതും പിന്നീട് അവനെ ദൈവം യാഗം കഴിക്കുവാൻ ആവശ്യപ്പെടുന്നതും അബ്രാഹാം അവനെ യാഗം കഴിക്കുവാൻ കൊണ്ടുപോകുന്നതുമായ രംഗത്തിന്റെ വികാരസാന്ദ്രമായ ആവിഷ്കരണവും ഉൽപത്തിയുടെ ഭാഗമാണ് (22:1-17).

ലോകമെങ്ങും ജലപ്രളയം ഉണ്ടാകുന്നതും ഭക്തനായ നോഹ സകുടുംബം രക്ഷപ്പെടുന്നതും ഉൽപത്തിയിലെ പ്രസിദ്ധമായ ഉപാഖ്യാനങ്ങളിൽപ്പെടുന്നു. യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ചരിത്രവും ഉൽപത്തിയിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

യോസേഫിന്റെ ജീവിതകഥയാണ് ഉൽപത്തിയിലെ മറ്റൊരു പ്രധാനകഥാഖണ്ഡം. ഭാവിയിൽ ഉന്നതപദവിയിലെത്തുമെന്ന് സ്വപ്നത്തിലൂടെ അറിഞ്ഞ യോസേഫ് അക്കാര്യം സഹോദരന്മാരോടു പങ്കുവെച്ചു. അസൂയനിമിത്തം സഹോദരന്മാർ യോസേഫിനെ പൊട്ടക്കിണറ്റിലിട്ടു. അടിമയായി ഈജിപ്തിലെ ഫറവോന്റെ കൊട്ടാരത്തിലെത്തിയ യോസേഫിനെ വ്യഭിചാരക്കുറ്റം ചുമത്തി കാരാഗൃഹത്തിൽ അടയ്ക്കുന്നു. ഒട്ടേറെ അഗ്നിപരിശോധനകളിലൂടെ പോകേണ്ടിവന്ന യോസേഫ് കഥാന്ത്യത്തിൽ ഈജിപ്തിലെ ഭരണാധികാരിയായി മാറുന്നത് ആരുടെയും കണ്ണുനനയിക്കുന്ന വിധത്തിൽ ചിത്രീകരിച്ചിരിക്കുന്നു.

എന്തെല്ലാം പരീക്ഷണങ്ങളിലൂടെ പോകേണ്ടിവന്നാലും അന്തിമവിജയം നീതി മാനെത്തേടിവരുമെന്ന് ബൈബിളിലെ എല്ലാ ആഖ്യാനങ്ങളും വിളംബരം ചെയ്യുന്നു. അതിന്റെ ആദിമാതൃകകൾ അബ്രാഹാം, യാക്കോബ്, യിസ്ഹാക്ക്, നോഹ, യോസേഫ് എന്നിവരുടെ ജീവിത ചരിതത്തിൽത്തന്നെ ഉൾച്ചേർക്കാൻ ഗ്രന്ഥകാരൻ ശ്രദ്ധിച്ചിരിക്കുന്നു.

**2.1.1.2. പുറപ്പാട്**

പുറപ്പാടാണ് പഞ്ചഗ്രന്ഥങ്ങളിൽ രണ്ടാമത്തേത്. ലോകമെങ്ങും കൊടിയക്ഷാമമു ണ്ടായപ്പോൾ ഈജിപ്തിൽ യോസേഫിന്റെ പക്കൽ ധാന്യത്തിനു കുറവുണ്ടായില്ല. ധാന്യം തേടി യാക്കോബും മക്കളും ഈജിപ്തിലെത്തി. സാഹചര്യങ്ങളുടെ ആനു കൂല്യംകൊണ്ട് അവർ വൻ ജനതതിയായി മാറിയതുകണ്ട ഫറവോരാജാവ് അവരെ പീഡിപ്പിച്ച് അടിമകളാക്കി. ഫറവോന്റെ അടിമത്തത്തിൽനിന്ന് ഏറെക്കാലത്തെ ക്ലേശ ങ്ങൾക്കും യാതനകൾക്കുംശേഷം യിസ്രയേൽ ജനം മോചനം നേടി വാഗ്ദത്തഭൂമിയായ, പാലും തേനും ഒഴുകുന്ന കനാൻദേശത്തേക്കു പ്രയാണം ചെയ്യുന്നത് പുറപ്പാടിൽ രേഖ പ്പെടുത്തിയിരിക്കുന്നു.

മോശെയുടെ ജനനം പുറപ്പാടുപുസ്തകത്തിന്റെ ആരംഭത്തിൽത്തന്നെയുണ്ട്. മോശെയുടെ ജനനത്തിൽ കുപിതനായ ഫറവോൻ എല്ലാ ആൺകുഞ്ഞുങ്ങളെയും കൊല്ലാൻ കല്പന പുറപ്പെടുവിച്ചു. മോശെയെ കുറച്ചുകാലം ഒളിപ്പിച്ചുവച്ചശേഷം ഞാങ്ങ ണപ്പെട്ടകത്തിലാക്കി നദിയിലൊഴുക്കി. ഫറവോന്റെ പുത്രി കുളിക്കാൻ വന്നപ്പോൾ ഞാങ്ങണപ്പെട്ടകത്തിൽ നദിയിലൂടെ ഒഴുകി നടക്കുന്ന കുഞ്ഞിനെ കണ്ട് എടുത്തുവ ളർത്താൻ നിശ്ചയിച്ചു. ഈ രംഗം ഒളിഞ്ഞുനിന്നു കണ്ട മോശെയുടെ സഹോദരി മിരിയാം കുഞ്ഞിനെ കൂലിക്കു മുലയൂട്ടുവാൻ ഒരു സ്ത്രീയെക്കൊണ്ടുവരാമെന്നു ഫറവോ ന്റെ മകളോടു പറയുന്നു. അങ്ങനെ മുലയൂട്ടാൻവന്ന സ്ത്രീ മോശെയുടെ മാതാവായ യോഖേബേദ് ആയിരുന്നു; പ്രതിഫലംപറ്റി സ്വന്തം കുഞ്ഞിന് മുലകൊടുക്കാൻ ഭാഗ്യം സിദ്ധിച്ചവൾ. മോശെ ഫറവോന്റെ പുത്രിയുടെ മകനായി പിന്നീട് അറിയപ്പെടുകയും ചെയ്തു. മോശെയെ സംഹരിക്കാൻ എവിടെനിന്നു കല്പന വന്നോ അവിടെത്തന്നെ അവനെ സംരക്ഷിക്കാൻ പദ്ധതിയിടുന്ന ദൈവത്തിന്റെ ഇടപെടലായി ഈ സംഭവത്തെ ഭക്തർ വിലയിരുത്തുന്നു.

മോശെ കൊല ചെയ്യുന്നതും കൊലക്കുറ്റത്തിൽനിന്നു രക്ഷപ്പെടാൻ നാടുവിടുന്ന തും തുടർന്നു വിവരിക്കുന്നു. ദൈവം ഫറവോന്റെ അടിമത്തത്തിൽനിന്നു യിസ്രായേൽ ജനതയെ രക്ഷിക്കുവാൻ മോശെയെ തിരഞ്ഞെടുക്കുന്നു. മോശെ വിക്കനായതിനാൽ സഹോദരനായ അഹരോനെ വക്താവായി വച്ചുകൊള്ളാൻ ദൈവം പറയുന്നു. ദൈവത്തെ ആരാധിക്കുവാൻ ദൈവജനമായ യിസ്രായേലിനെ വിട്ടയയ്ക്കണമെന്ന മോശെയുടെ അപേക്ഷ ഫറവോൻ സ്വീകരിച്ചില്ലെന്നു മാത്രമല്ല അവരുടെ ജോലിഭാരം വർദ്ധിപ്പിക്കുകയും ചെയ്തു. അന്നുവരെ ഇഷ്ടികനിർമ്മാണത്തിനുള്ള വയ്ക്കോൽ

യിസ്രായേല്യർക്കു ഫറവോൻ കൊടുത്തിരുന്നു. ഇനിമുതൽ ഇഷ്ടികനിർമ്മാണത്തിനുള്ള വയ്ക്കോൽ അവർതന്നെ ശേഖരിക്കണമെന്ന് അദ്ദേഹം കല്പിച്ചു.

യിസ്രായേല്യരെ ഫറവോൻ വിട്ടയയ്ക്കുന്നില്ലെന്നു കണ്ട ദൈവം പലവിധ ബാധകൾ ഈജിപ്തിൽ അയയ്ക്കുന്നു. അഹരോന്റെ വടി സർപ്പമാകുന്നു. ഈജിപ്തിലെ മന്ത്രവാദികൾ അവരുടെ വടിയും സർപ്പമാക്കി. എന്നാൽ ആ സർപ്പങ്ങളെയെല്ലാം അഹരോന്റെ വടി വിഴുങ്ങിക്കളഞ്ഞു. ഒട്ടേറെ അത്ഭുതങ്ങളുടെ - ബാധകൾ - വിവരണം തുടർന്നു കാണാം. നൈൽനദിയിലെ ജലം രക്തമായി മാറുന്നു. ദേശത്തെങ്ങും തവളകൾ നിറയുന്നു. പേൻ, ഈച്ച എന്നിവ പെരുകുന്നു. മൃഗങ്ങൾ ചത്തൊടുങ്ങുന്നു. മനുഷ്യരുടെ ദേഹത്തെല്ലാം പുണ്ണ് ഉണ്ടാകുന്നു. കല്ലുമഴ പെയ്യുന്നു. വെട്ടുക്കിളികൾ നാട്ടിലെങ്ങും നിറയുന്നു. മൂന്നു ദിവസം കൂരിരുട്ടുണ്ടാകുകയും കടിഞ്ഞൂൽസംഹാരം നടക്കുകയും ചെയ്യുന്നു.

യഹൂദ-ക്രൈസ്തവമതജീവിതത്തിന്റെ കേന്ദ്രബിന്ദുവായിത്തീർന്ന പെസഹാ ആചരണത്തിന്റെ തുടക്കവും പെസഹ ആചരിക്കേണ്ട വിധവും 12-ാം അധ്യായത്തിൽ പ്രതിപാദിക്കുന്നു. പ്രഥമ പെസഹാദിനത്തിൽ ഈജിപ്തിലെ ആദ്യജാതന്മാരെല്ലാം സംഹരിക്കപ്പെട്ടു. ''അർദ്ധരാത്രിയിലോ, സിംഹാസനത്തിലിരുന്ന ഫറവോന്റെ ആദ്യജാതൻ മുതൽ കുണ്ടറയിൽക്കിടന്ന തടവുകാരന്റെ ആദ്യജാതൻ വരെയും മിസ്രയീംദേശത്തെ ആദ്യജാതന്മാരെയും മൃഗങ്ങളുടെ കടിഞ്ഞൂലുകളെയും എല്ലാം യഹോവ സംഹരിച്ചു. ഫറവോനും അവന്റെ സകല ഭൃത്യന്മാരും സകല മിസ്രയീമ്യരും രാത്രിയിൽ എഴുന്നേറ്റു. മിസ്രയീമിൽ വലിയൊരു നിലവിളി ഉണ്ടായി. ഒന്നു മരിക്കാതെ ഒരു വീടും ഉണ്ടായിരുന്നില്ല. അപ്പോൾ അവൻ മോശെയെയും അഹരോനെയും രാത്രിയിൽ വിളിപ്പിച്ചു. നിങ്ങൾ യിസ്രായേൽ മക്കളുമായി എഴുന്നേറ്റ് എന്റെ ജനത്തിന്റെ നടുവിൽനിന്നു പുറപ്പെട്ട്, നിങ്ങൾ പറഞ്ഞതുപോലെ പോയി യഹോവയെ ആരാധിപ്പിൻ. നിങ്ങൾ പറഞ്ഞതുപോലെ നിങ്ങളുടെ ആടുകളെയും കന്നുകാലികളെയുംകൂടെ കൊണ്ടുപൊയ്ക്കോൾവിൻ'' (12:29-32).

യിസ്രായേല്യർക്ക് ഭക്ഷിക്കാനായി ആകാശത്തുനിന്നു മന്ന എന്ന അത്ഭുതധാന്യം വർഷിപ്പിച്ച കഥ പുറപ്പാടിൽ ഉണ്ട്. അധികാരവിഭജനം എന്ന ആശയവും ഈ കൃതിയിൽ കാണാം. മോശെയുടെ അമ്മായിയപ്പനായ യിത്രോയാണ് അവതാരകൻ. ആയിരം പേർക്ക്, നൂറുപേർക്ക്, അമ്പതുപേർക്ക് എന്നിങ്ങനെ അധിപതിമാരെ (Leaders) നിയമിക്കണമെന്ന് പറഞ്ഞ് അതിന്റെ പ്രയോജനവും വ്യക്തമാക്കുന്നു. ''അവർ എല്ലാ സമയത്തും ജനത്തിന് ന്യായം വിധിക്കട്ടെ. വലിയ കാര്യമൊക്കെയും അവർ നിന്റെ അടുക്കൽ കൊണ്ടുവരട്ടെ. ചെറിയ കാര്യമൊക്കെയും അവർ തന്നെ തീർക്കട്ടെ. ഇങ്ങനെ അവർ നിന്നോടുകൂടെ വഹിക്കുന്നതിനാൽ നിനക്കു ഭാരം കുറയും'' (18:22).

പ്രസിദ്ധമായ പത്തുകല്പനകൾ പുറപ്പാടുപുസ്തകത്തിലാണുള്ളത്. പുറപ്പാട് 20-ാം അധ്യായത്തിലുള്ള പത്തുകല്പന ആവർത്തനപ്പുസ്തകത്തിലും ചെറുഭേദത്തോടെ

കാണാം. 'കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്' എന്ന പ്രസ്താവനയും പുറപ്പാടു പുസ്തകത്തെ ശ്രദ്ധേയമാക്കുന്നു. യിസ്രായേൽജനത്തിന്റെ നടുവിൽ വസിക്കുന്ന ദൈവ സാന്നിദ്ധ്യത്തെ ഓർമ്മിപ്പിക്കുന്ന, ജനത്തെ ദൈവാരാധനയിലേക്കും ദൈവാധിപത്യ ത്തിൻകീഴിലേക്കും നയിക്കുന്ന, സമാഗമനകൂടാരത്തിന്റെ നിർമ്മാണത്തെപ്പറ്റിയുള്ള ദീർഘമായ നിർദ്ദേശങ്ങളാണ് പുറപ്പാടിന്റെ അവശേഷിക്കുന്ന അധ്യായങ്ങളിൽ കാണുന്ന ത്. നിർദ്ദിഷ്ടമാതൃകയിലുള്ള സമാഗമനകൂടാരത്തിന്റെ നിർമ്മാണം പൂർത്തിയാകുന്ന തോടെ പുറപ്പാട് പൂർണ്ണമാവുന്നു.

#### 2.1.1.3. ലേവ്യാപുസ്തകം

പഞ്ചഗ്രന്ഥങ്ങളിൽ മൂന്നാമത്തേത് ലേവ്യർ ആണ്. ലേവ്യാപുസ്തകത്തിൽ കഥ കളോ വ്യക്തിവിവരണങ്ങളോ ഇല്ല. നിയമങ്ങളുടെയും നടപടിക്രമങ്ങളുടെയും ആചാരാ നുഷ്ഠാനങ്ങളുടെയും ദീർഘമായ വിവരണങ്ങൾ നിറഞ്ഞ കൃതിയാണിത്. ലേവ്യരെ മാത്രം സംബന്ധിക്കുന്ന പുസ്തകമല്ലിത്. പ്രധാനമായി പുരോഹിതന്മാരെപ്പറ്റിയും അവരെ ദൈവാലയശുശ്രൂഷകളിൽ സഹായിക്കുന്ന ലേവ്യരെയും കുറിച്ചുള്ള ഗ്രന്ഥമാണ്.

യിസ്രായേല്യരുടെ ദൈവാരാധനയിൽ ഏറെ പ്രാധാന്യമുള്ള വിവിധയിനം യാഗ ങ്ങളുടെ വിവരണങ്ങളോടെ ലേവ്യർ ആരംഭിക്കുന്നു. ഹോമയാഗം, ഭോജനയാഗം, സമാ ധാനയാഗം, പാപയാഗം, അകൃത്യയാഗം എന്നിവയെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ ആദ്യ അധ്യായങ്ങളിൽ കൊടുത്തിരിക്കുന്നു. അഹരോനെയും പുത്രന്മാരെയും പുരോഹിതന്മാ രായി മോശെ യിസ്രായേല്യസഭയുടെ മുമ്പാകെ അഭിഷേകം ചെയ്യുന്നത് ഈ ഭാഗത്തു വിവരിച്ചിരിക്കുന്നു.

ദൈവജനം പാലിക്കേണ്ട ശുദ്ധാശുദ്ധതകളെക്കുറിച്ച് ധാരാളം കല്പനകൾ ലേവ്യായിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ദൈവം വിശുദ്ധനാണ്, അതുപോലെ ദൈവജ നവും വിശുദ്ധരായിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. ''നിങ്ങളുടെ ദൈവമായ യഹോവ എന്ന ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ'' എന്ന് ലേവ്യായിലെ ഒട്ടേറെ വാക്യങ്ങളിൽ ആവർത്തിക്കുന്നുണ്ട് (19:2). 17 മുതൽ 27 വരെയുള്ള അധ്യായങ്ങളിലെ ജീവിതവിശുദ്ധിയെപ്പറ്റിയുള്ള നിയമങ്ങൾ ഉള്ളടങ്ങിയിരിക്കുന്നു. മനു ഷ്യനെ അശുദ്ധനാക്കുന്ന കുടുംബബാഹ്യമായ ലൈംഗികബന്ധങ്ങളെപ്പറ്റിയും അതി നുള്ള കഠിനശിക്ഷകളെപ്പറ്റിയും ഭക്ഷ്യയോഗ്യമായതും അല്ലാത്തതുമായ ജീവികളെക്കുറി ച്ചുമുള്ള ദൈവനിബന്ധനകൾ ലേവ്യായിൽ ഉണ്ട്. ''കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം'' എന്ന ഉദ്ബോധനം ലേവ്യായിലുള്ളതാണ് (19:18). ദൈവത്തിനു നല്കേണ്ട വിവിധതരം നേർച്ചകാഴ്ചകളെക്കുറിച്ചുള്ള വിവരണത്തോടെ ലേവ്യർ അവ സാനിക്കുന്നു.

#### 2.1.1.4. സംഖ്യാപുസ്തകം

ബൈബിളിലെ നാലാമത്തെ പുസ്തകമാണ് സംഖ്യാ. സംഖ്യാപരമായ പരാമർശ ങ്ങൾ ധാരാളമുള്ളതിനാൽ ഈ കൃതിക്ക് ആ പേരുവന്നു. ഗ്രന്ഥാരംഭത്തിലും അന്ത്യ ത്തിലും ജനസംഖ്യാക്കണക്കെടുപ്പ് നടത്തിയ വിവരം കൊടുത്തിട്ടുണ്ട്. അതുകൂടാതെ

ഒട്ടേറെ വസ്തുക്കളുടെയും വ്യക്തികളുടെയും അളവ്, എണ്ണം, എന്നിവ കൃത്യമായി സംഖ്യായിൽ കൊടുത്തിരിക്കുന്നു.

യിസ്രായേൽജനത്തിന്റെ കനാനിലേക്കുള്ള യാത്രയിൽ സീനായിയിൽനിന്നു പുറപ്പെട്ടതു മുതൽ മോവാബ്താഴ്‌വരയിൽ എത്തുന്നതുവരെയുള്ള 38 വർഷത്തെ അനുഭവങ്ങളും ദൈവത്തിന്റെ ഇടപെടലുകളും സംഖ്യായിൽ കാണാം. യാത്രയിലുടനീളം യിസ്രായേൽജനത മോശെയോടും ദൈവത്തോടും പിറുപിറുക്കുന്നതും തത്ഫലമായി അനവധി ദൈവശിക്ഷകൾ അവർ അനുഭവിക്കുന്നതും ഈ ഭാഗത്തു വിവരിക്കുന്നു. യിസ്രായേല്യർ ഇറച്ചിയില്ലെന്നു പരിഭവിച്ചപ്പോൾ കാറ്റടിപ്പിച്ച് കാടപ്പക്ഷിയെ ദൈവം കൊടുത്തു. എന്നാൽ ഇറച്ചി കഴിച്ചുകൊണ്ടിരിക്കെ ദൈവം അവരെ മഹാബാധകൊണ്ട് സംഹരിച്ചുകളഞ്ഞു. അഹരോനും മിര്യാമും മോശെയ്ക്കെതിരെ ശബ്ദമുയർത്തിയപ്പോൾ മിര്യാമിനു കുഷ്ഠം പിടിക്കുന്നു. ഒടുവിൽ മോശെതന്നെ ദൈവത്തോട് യാചിക്കുകയും അവൾ സൗഖ്യം പ്രാപിക്കുകയും ചെയ്യുന്നു.

മോശെ എല്ലാ യിസ്രായേൽ ഗോത്രങ്ങളിൽനിന്നും ഒരു പ്രഭു എന്ന കണക്കിൽ 12 പേരെ തിരഞ്ഞെടുത്ത് വാഗ്ദത്തനാടായ കനാൻ ഒറ്റുനോക്കുവാൻ അയയ്ക്കുന്നു. 40 ദിവസംകൊണ്ട് അവർ കനാൻദേശം ഒറ്റുനോക്കി മടങ്ങിയെത്തി. അവരിൽ യോശുവ, കാലേബ് എന്നിവരൊഴിച്ച് എല്ലാവരും കനാനെക്കുറിച്ച് വിപരീതാഭിപ്രായമാണ് പറഞ്ഞത്. പത്തുപേരുടെ നിരുത്സാഹപ്പെടുത്തുന്ന അഭിപ്രായം സ്വീകരിച്ച ജനം മോശെയ്ക്കും അഹരോനും എതിരായി. മിസ്രയീമിലേക്കു മടങ്ങിപ്പോകാമെന്ന് അവർ പറഞ്ഞു. ഇക്കാര്യം ദൈവത്തിന് അനിഷ്ടമായി. അവരിൽ യോശുവയും കാലേബും അല്ലാതെ ഇരുപതു വയസ്സും അതിലധികവും പ്രായമുള്ളവരായി ആരും കനാനിലെത്തുകയില്ല എന്ന് ദൈവം ഉറപ്പിച്ചു പറഞ്ഞു. ദൈവം യിസ്രായേല്യരെ അവർ വന്ന വഴിയേ തിരിച്ചയച്ച് മരുഭൂമിയിൽ 38 വർഷത്തോളം അലഞ്ഞു തിരിഞ്ഞു യാത്ര ചെയ്യിപ്പിച്ചു. ഈ കാലയളവിൽ യോശുവ, കാലേബ് എന്നിവരൊഴികെ പഴയ തലമുറയിലെ എല്ലാവരും മരുഭൂമിയിൽവച്ചു മരിച്ചു.

ഈ സംഭവങ്ങൾക്കിടയിൽ നടക്കുന്ന പല അത്ഭുതപ്രവൃത്തികളും സംഖ്യായിൽ ആലേഖനം ചെയ്തിട്ടുണ്ട്. മോശെയുടെ നേതൃത്വത്തോട് എതിർപ്പു പ്രകടിപ്പിച്ച കോരഹ്, ദാഥാൻ, അബീരാം എന്നിവരെയും അവരുടെ പക്ഷക്കാരെയും ഭൂമി വായ് തുറന്നു വിഴുങ്ങിക്കളയുന്ന രംഗം അത്തരത്തിലൊന്നാണ്. ദൈവം പറഞ്ഞതനുസരിച്ച് യിസ്രായേൽ ഗോത്രങ്ങളുടെ പേരെഴുതിയ വടികളിൽ അഹരോന്റെ വടി തളിർത്ത് പൂത്ത് ബദാംഫലം കായ്ക്കുന്ന അത്ഭുതവും പിന്നീട് വരുന്നു. വെള്ളത്തിനായി യിസ്രായേല്യർ മോശെയോടു പരാതി പറയുന്നു. ദൈവം മോശെയോടു വടിയെടുത്ത് പാറയോട് കല്പിക്കാൻ ആവശ്യപ്പെട്ടു. മോശെ ദേഷ്യപ്പെട്ട് പാറയെ രണ്ടുപ്രാവശ്യം അടിച്ചു. ധാരാളം വെള്ളം പുറപ്പെട്ടു. മനുഷ്യരും മൃഗങ്ങളുമെല്ലാം ദാഹമകറ്റി. എന്നാൽ പാറയെ കോപത്തോടെ അടിച്ചതിൽ അനിഷ്ടമുണ്ടായ ദൈവം മോശെ കനാനിൽ പ്രവേശിക്കില്ലെന്നു പറഞ്ഞു.

യിസ്രായേൽ ജനത്തിന്റെ പരിഭവം പറച്ചിൽ യാത്രയിൽ ഉടനീളം തുടർന്നുകൊണ്ടിരുന്നു. ഒരിക്കൽ ദൈവം അഗ്നിസർപ്പത്തെ അയച്ച് അവരെ കടിപ്പിച്ചു. മോശെ പ്രാർത്ഥിച്ചപ്പോൾ ദൈവം പ്രതിവിധി നിർദ്ദേശിച്ചു. താമ്രംകൊണ്ടുള്ള സർപ്പത്തെയുണ്ടാക്കി കൊടിമരത്തിൽ തൂക്കുക. സർപ്പദംശനമേറ്റവർ അതിൽ നോക്കിയാൽ ജീവിക്കും. അങ്ങനെ അനേകർ ജീവിച്ചു. ഈ സംഭവം യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിന്റെ നിഴലായി സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു (യോഹ.3:14).

സംഖ്യായിലെ പ്രമേയത്തിനു ബൈബിളിലെ ഭൂരിഭാഗം ഗ്രന്ഥങ്ങളിലും കാണുന്ന വിഷയങ്ങളോട് അങ്ങേയറ്റം ബന്ധമുണ്ട്. അതു സാർവ്വകാലികവും സാർവ്വജനീനവുമാണ്. മനുഷ്യർ അവരുടെ ആഗ്രഹംപോലെ കാര്യങ്ങൾ നടക്കാതെ വരുമ്പോൾ ദൈവത്തോട് കലഹിക്കുന്നത് എപ്പോഴും എവിടെയും തുടർന്നുകൊണ്ടിരിക്കുന്നു. ദൈവത്തോടും നേതൃത്വത്തോടുമാണ് ജനങ്ങൾ അപ്പോൾ പ്രതിഷേധിക്കുന്നത്. നേതാക്കന്മാർ മോശെയെപ്പോലെ സഹിഷ്ണുതയോടെ അവർക്കുവേണ്ടി പ്രവർത്തിക്കുകയും ദൈവത്തോട് പ്രാർത്ഥിച്ച് ആവശ്യങ്ങൾ നേടിയെടുക്കുകയും ദൈവം വീണ്ടും വീണ്ടും മനുഷ്യരോട് തെറ്റുകൾ ക്ഷമിക്കുകയും ചെയ്യുന്നു. സംഖ്യായിൽ പലതവണ കാണുന്ന ഇക്കാര്യം വേദപുസ്തകത്തിലെ ഇതരഗ്രന്ഥങ്ങളിലുമുള്ളതും മനുഷ്യരും ദൈവവും തമ്മിലുള്ള സകല ബന്ധങ്ങളിലും ആവർത്തിക്കുന്ന വസ്തുതയുമാണ്.

**2.1.1.5. ആവർത്തനം**

പഞ്ചഗ്രന്ഥങ്ങളിൽ അവസാനത്തേത് ആവർത്തനം ആണ്. പുസ്തകനാമവും പ്രമേയവും തമ്മിൽ വലിയ ബന്ധമില്ല. യേശു ഏറെ ഉദ്ധരിച്ചിട്ടുള്ള പഴയനിയമഗ്രന്ഥം, പുതിയനിയമത്തിൽ കൂടുതൽ ഉദ്ധരിച്ച പഴയനിയമഗ്രന്ഥം എന്നീ പ്രത്യേകതകൾ ആവർത്തനത്തിനുണ്ട്. സാത്താൻ പരീക്ഷിക്കാനെത്തുമ്പോൾ യേശു ഉപയോഗിക്കുന്ന മൂന്നുവേദവാക്യങ്ങളും ആവർത്തനത്തിലേതാണ് (മത്താ.4:4,7,10. ആവ.8:3, 6:16, 6:13). ന്യായപ്രമാണത്തിൽ മുഖ്യകല്പന ഏത് എന്ന ചോദ്യത്തിന് യേശു ''നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം'' എന്ന ആവർത്തനത്തിലെ വാക്യം ഉദ്ധരിച്ചാണ് ഉത്തരം കൊടുക്കുന്നത് (മത്താ.22:37, ആവ.6:5).

യിസ്രായേൽജനം 40 വർഷത്തെ മരുഭൂമിയിലെ പ്രയാണത്തിനുശേഷം മോവാബുദേശത്തെത്തുന്നു. കഴിഞ്ഞ 40 വർഷത്തെ പ്രധാന സംഭവങ്ങൾ മോശെ ഓർമ്മിക്കുന്നത് ഈ ഭാഗത്തു കാണാം. പ്രഭാഷണത്തിന്റെ സ്വഭാവം പുലർത്തുന്ന വിവരണമാണിത്. സംഖ്യാപുസ്തകത്തിൽ യിസ്രായേല്യർ മിസ്രയീമിൽനിന്നു പുറപ്പെട്ടതു മുതൽ യോർദ്ദാൻ നദിക്കു കിഴക്ക് മോവാബിന്റെ അതിർത്തിയിലുള്ള അരാബ സമഭൂമിയിൽ എത്തുന്നതുവരെയുള്ള ചരിത്രമാണുള്ളതെങ്കിൽ ആവർത്തനത്തിൽ മരുഭൂമിയിൽവച്ച് ദൈവം കൊടുത്ത കല്പനകളും നിയമങ്ങളും കനാനിൽ പ്രവേശിക്കാൻ ഒരുങ്ങിനിൽക്കുന്ന, മരുഭൂമിയിൽ ജനിച്ചുവളർന്ന പുതിയതലമുറയ്ക്കു മോശെ ആവർത്തിച്ചു

വ്യാഖ്യാനിച്ചു കൊടുക്കുന്നതിന്റെ വിവരണങ്ങളാണ്. മൂന്നുപ്രഭാഷണങ്ങളിലൂടെയാണ് മോശെ ഇതു പുതുതലമുറയ്ക്കു കൈമാറുന്നത്. മോശെയുടെ വിടവാങ്ങൽ സന്ദേശം കൂടിയാണിവ. അതിനാൽ മോശെയുടെ അന്തിമപ്രബോധനങ്ങളാണ് ആവർത്തനം.

ലേവ്യായിലെപ്പോലെ നിയമങ്ങളുടെ വലിയ വിവരണം ആവർത്തനത്തിലുമുണ്ട്. പുതുതലമുറയെ അവരുടെ മാതാപിതാക്കന്മാരുടെ ദൗർഭാഗ്യകരമായ അനുഭവങ്ങൾ ഓർമ്മപ്പെടുത്തി ദൈവകല്പന അനുസരിക്കേണ്ടതിന്റെ പ്രാധാന്യവും അനുസരിച്ചാലുള്ള അനുഗ്രഹങ്ങളും ഇല്ലെങ്കിലുള്ള ശാപങ്ങളും വിശദീകരിക്കുന്നു. ദൈവസ്വഭാവത്തെപ്പറ്റി ഈ ഗ്രന്ഥം കൃത്യമായിപ്പറഞ്ഞുവെക്കുന്നു. സ്നേഹം, കരുണ, സഹിഷ്ണുത, വിശ്വസ്തത ഇവയുടെ ഉടമയായിരിക്കെത്തന്നെ പാപത്തോട് കണിശതയും ദൈവത്തിനുണ്ട്. ദൈവത്തിനു മനുഷ്യരോടു സ്നേഹമുണ്ട്. മനുഷ്യനിൽനിന്നു തിരിച്ചും ദൈവം അതു പ്രതീക്ഷിക്കുന്നു. ഈശ്വരനും മനുഷ്യനും തമ്മിലുള്ള പരസ്പരസ്നേഹം ആവർത്തനം എടുത്തുപറയുന്നു.

സമൂഹത്തിലെ താഴേത്തട്ടിലുള്ളവരെ കരുതേണ്ടതിന്റെ ആവശ്യകത ഈ കൃതി വ്യക്തമാക്കുന്നു. അനാഥർ, വിധവമാർ, പരദേശി, കൂലിക്കാരൻ എന്നിവരെ കരുതണം. കൂലിക്കാരനെ പീഡിപ്പിക്കരുത്. കൂലി അന്നന്നുതന്നെ കൊടുക്കണം. അയൽക്കാരൻ, സഹോദരൻ എന്നിവരെയും സഹായിക്കണം. കടം കൊടുക്കണം. എന്നാൽ യിസ്രായേല്യർ കടം വാങ്ങേണ്ടി വരികയില്ല.

വാഗ്ദത്തനാട്ടിൽ പ്രവേശിക്കാനാവില്ലെന്നറിഞ്ഞിട്ടും പുതുതലമുറ അത് അനുഭവിച്ച് അനുഗൃഹീതരാകണമെന്ന് ആഗ്രഹിക്കുന്ന മോശെ എന്ന മാതൃകാനേതാവിന്റെ ചിത്രം ഈ വിവരണങ്ങൾക്കിടയിൽ കാണാനാകും. മോശെയുടെ ആത്മാർത്ഥത, ഉത്തരവാദിത്വബോധം, വിശ്വസ്തത എന്നിവ തെളിഞ്ഞുനിൽക്കുന്ന ഭാഗമാണിത്. പുറപ്പാടുപുസ്തകം മുതൽ പരാമർശിച്ചു വരുന്ന വാഗ്ദത്തനാട് എന്ന സങ്കല്പം ആസന്നമാകുന്നതിന്റെ അവതരണം ആവർത്തനപ്പുസ്തകത്തിലാണുള്ളത്. മോശെ നെബോമലയിൽവച്ച് കനാൻദേശം കാണുക മാത്രമേ ചെയ്യുന്നുള്ളൂ. മിസ്രയീമിൽനിന്നു പുറപ്പെട്ടവരിൽ യോശുവയും കാലേബും ഒഴികെ കനാനിൽ പ്രവേശിച്ചവരെല്ലാം യിസ്രായേൽജനത്തിലെ രണ്ടാംതലമുറയിൽപ്പെട്ടവരായിരുന്നു. അതിനാൽ ഏറെ വികാരഭരിതമായ സംഭവത്തിന്റെ ആവിഷ്കരണം കൂടിയാകുന്നു ആവർത്തനം. മോശെയുടെ മരണം, പിൻഗാമിയായി യോശുവയുടെ രംഗപ്രവേശം എന്നിവയും ആവർത്തനം രേഖപ്പെടുത്തുന്നു. ‘‘ഒടുവിൽ കൃതകൃത്യതയോടെ വിരമിക്കുന്നതും വിടപറയുന്നതും മറ്റും വിവരിക്കുന്ന യോശുവ 23, 24 അധ്യായങ്ങൾ നിറകണ്ണുകളോടെ അല്ലാതെ വായിച്ചുതീർക്കാൻ കഴിയുകയില്ല’’ (ബാബു 2013:567).

**2.1.2. ചരിത്രഗ്രന്ഥങ്ങൾ**

ചരിത്രകൃതികൾ 12 എണ്ണമുണ്ട്. യോശുവ, ന്യായാധിപന്മാർ, രൂത്ത്, ശമൂവേലിന്റെ ഒന്നാം പുസ്തകം, ശമൂവേലിന്റെ രണ്ടാം പുസ്തകം, രാജാക്കന്മാരുടെ ഒന്നാം പുസ്തകം, രാജാക്കന്മാരുടെ രണ്ടാം പുസ്തകം, ദിനവൃത്താന്തം ഒന്നാം പുസ്തകം, ദിനവൃത്താന്തം രണ്ടാം പുസ്തകം, എസ്രാ, നെഹെമ്യാവ്, എസ്ഥേർ.

**2.1.2.1. യോശുവ**

പഞ്ചഗ്രന്ഥങ്ങൾക്കു ശേഷമുള്ള ബൈബിൾക്കൃതി യോശുവ ആണ്. യോശുവ മുതൽ എസ്ഥേർ വരെയുള്ള 12 എണ്ണം ചരിത്രപുസ്തകളാകുന്നു. മോശെയുടെ പിൻഗാമി യായ യോശുവയുടെ നേതൃത്വത്തിൽ യിസ്രായേൽജനത വാഗ്ദത്തഭൂമിയായ കനാൻ പിടിച്ചടക്കുന്നതാണ് യോശുവയിലെ ഉള്ളടക്കം. വാഗ്ദത്തദേശം ഒറ്റുനോക്കുന്നതിനു വേണ്ടി യോശുവ രണ്ടുപേരെ അയയ്ക്കുന്നു. അവർക്കു സംരക്ഷണം നല്കുന്നത് രാഹാബ് എന്ന വേശ്യയാണ്. രാഹാബ് ജാതികളോടൊപ്പം നശിക്കാതെ യിസ്രായേ ലിന്റെ ഭാഗമായിത്തീരുകയും പിന്നീട് യേശുവിന്റെ വംശാവലിയിൽ സ്ഥാനം ലഭിക്കു കയും ചെയ്യുന്നതിന്റെ മുന്നോടിയായ സംഭവം ഇവിടെക്കാണാം (മത്താ.1:5). ബൈബി ളിലെ മറ്റു മൂന്നു പുസ്തകങ്ങളിൽ രാഹാബ് എന്ന വേശ്യയെ പ്രശംസിക്കുന്ന പരാമർശ മുണ്ട് (മത്താ.1:5, എബ്രാ.11:31, യാക്കോ.2:25).

പുരോഹിതന്മാരുടെ ഉള്ളങ്കാൽ യോർദ്ദാൻ നദിയിൽ ചവിട്ടിയപ്പോൾ വെള്ളം ര ണ്ടായിപ്പിരിഞ്ഞ് ചിറപോലെ നിൽക്കുകയും ജനമെല്ലാം ഉണങ്ങിയ നിലത്തുകൂടെ നദി യ്ക്കക്കരെ കടക്കുകയും ചെയ്യുന്ന അത്ഭുതം യോശുവയിൽ കാണാം. വാഗ്ദത്തദേശമാ ണെങ്കിലും അതു യുദ്ധം ചെയ്തു കീഴടക്കണമായിരുന്നു. ആദ്യം അവർ പിടിച്ചടക്കിയതു യെരീഹോ പട്ടണമായിരുന്നു. അതും ദൈവത്തോടുള്ള അനുസരണത്തിന്റെ ഫലമായി സംഭവിച്ച അത്ഭുതമായിരുന്നു. ഏഴുദിവസം യെരീഹോവിനെ ചുറ്റി നടന്നു കാഹളം ഊതുവാനും ഏഴാം ദിവസം ഏഴുപ്രാവശ്യം ചുറ്റിയശേഷം കാഹളം ഊതുവാനുമുള്ള ദൈവകല്പന യിസ്രായേല്യർ അനുസരിച്ചപ്പോൾ യെരീഹോമതിൽ ഇടിഞ്ഞുവീണു. യിസ്രായേൽ അമോന്യരുമായി യുദ്ധം ചെയ്യുമ്പോൾ സൂര്യൻ ഒരു ദിവസം മുഴുവൻ അസ്തമിക്കാതെ നിന്നതും യോശുവയിൽ പറയുന്നു (10:13). യോശുവ കനാൻദേശം എല്ലാ ഗോത്രങ്ങൾക്കും വിഭജിച്ചു കൊടുത്തശേഷം മരണമടയുന്ന പരാമർശത്തോടെ യോശുവ അവസാനിക്കുന്നു. യിസ്രായേൽജനം കനാനിലെ വിളവുകൊണ്ട് പുളിപ്പി ല്ലാത്ത അപ്പവും മലരും തിന്നതിന്റെ പിറ്റേദിവസം മുതൽ 40 വർഷം അവർ ഭക്ഷിച്ചുകൊ ണ്ടിരുന്ന മന്ന നിന്നുപോയത് ഈ കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട് (5:12).

**2.1.2.2. ന്യായാധിപന്മാർ**

ന്യായാധിപന്മാർ ആണ് അടുത്ത ചരിത്രഗ്രന്ഥം. യോശുവയുടെയും കാലേബി ന്റെയും കാലശേഷം ദൈവത്തെ അറിയാത്ത ഒരു തലമുറയുണ്ടായി. ഈ പുതുതലമു

റയെ നയിക്കാൻ യോശുവയെപ്പോലെ ഒരു നേതാവില്ലായിരുന്നു. അതുകൊണ്ട് അവർ സ്വന്തം വഴികളിൽ നടന്ന് ദൈവത്തിന് അനിഷ്ടമായ കാര്യങ്ങൾ ചെയ്തു. യിസ്രായേൽ ദൈവത്തെ മറന്നെങ്കിലും ദൈവം അവരെ മറന്നില്ല. യിസ്രായേൽ അവരുടെ ആവശ്യങ്ങൾക്കായി നിലവിളിച്ച് അനുതപിച്ചപ്പോഴൊക്കെ അവരെ രക്ഷിക്കാനും ന്യായപാലനം ചെയ്യാനും ചിലരെ എഴുന്നേല്പിച്ചു. അവരാണ് ന്യായാധിപന്മാർ. ഒത്നിയേൽ മുതൽ ശിംശോൻ വരെ 12 ന്യായാധിപന്മാരുടെ പ്രവർത്തനങ്ങൾ ഈ ഗ്രന്ഥത്തിലുണ്ട്. അവരിലൊരാൾ ദെബോര, സ്ത്രീയായിരുന്നു. ഇതിൽനിന്ന് സ്ത്രീക്കു പരിഗണന കൊടുത്ത കാലമായിരുന്നു അതെന്നു മനസ്സിലാക്കാം.

ബാലിന്റെ ബലിപീഠം ഇടിച്ചു നിരത്തി നവീകരണം സ്വന്തം ഭവനത്തിൽ നിന്നാരംഭിച്ച് പിന്നീടു ജനങ്ങളിലേക്ക് എത്തിക്കാൻ ശ്രമിച്ച ഗിദെയോൻ എന്ന ന്യായാധിപന്റെ അനുകരണീയമാതൃക ഈ ഗ്രന്ഥത്തിലുണ്ട്. ശത്രുവിനെതിരെ ജനത്തെ ഒരുക്കാതെ ഒറ്റയ്ക്കു പൊരുതിയ ന്യായാധിപനായിരുന്നു ശിംശോൻ. അതിശക്തനായ ശിംശോൻ ദലീല എന്ന സ്ത്രീയുടെ മുമ്പിൽ ശക്തിരഹസ്യം പരസ്യമാക്കി പരാജിതനായിത്തീരുന്ന കഥ അതിദയനീയമായി അവതരിപ്പിച്ചിരിക്കുന്നു. യിപ്താഹ് വേശ്യാപുത്രനാണെന്നതു കുറവായി പരിഗണിക്കാതെ അദ്ദേഹത്തെ ന്യായാധിപനായി ജനം ഉൾക്കൊണ്ടു. മകളെ യിപ്താഹ് ദൈവത്തിന് ബലികൊടുത്ത കാര്യവും ഈ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. മാനഭംഗത്തിനിരയായ സ്ത്രീയുടെ മൃതദേഹം 12 കഷണമാക്കി യിസ്രായേലിലെ എല്ലാ ദിക്കിലും കൊടുത്തയയ്ക്കുന്ന അസാധാരണരംഗം 19-ാം അധ്യായത്തിൽ പ്രതിപാദിക്കുന്നു.

വായനക്കാരെ അസ്വസ്ഥമാക്കുന്ന കൊലയും ലൈംഗികാതിക്രമവും ഇതര വേദപുസ്തകഭാഗത്തെക്കാൾ ന്യായാധിപന്മാരിലുണ്ട്. അതിന്റെ കാരണം ഗ്രന്ഥകാരൻ പറയുന്നുണ്ട്. ''ആ കാലത്ത് യിസ്രായേലിൽ രാജാവില്ലായിരുന്നു. ഓരോരുത്തൻ തനിക്കു ബോധിച്ചതുപോലെ നടന്നു'' (21:25).

**2.1.2.3. രൂത്ത്**

ബൈബിളിലെ എട്ടാമത്തെ പുസ്തകം രൂത്ത്, നാലധ്യായങ്ങളിൽ ഒതുങ്ങുന്ന കുടുംബകഥാഖ്യാനമാണ്. പെൺപേരിലുള്ള ബൈബിളിലെ രണ്ടു പുസ്തകങ്ങളിൽ ആദ്യത്തേതാണിത്. യഹൂദവംശജയല്ലാത്ത രൂത്തിന്റെ കഥ യഹൂദമതഗ്രന്ഥത്തിൽ ഉൾപ്പെടുത്തി എന്നതാണ് ഈ കൃതിയുടെ അസാധാരണത്വം. കർത്തൃത്വം അജ്ഞാതമാണ്.

അമ്മായിയമ്മയെ അമ്മയെപ്പോലെ സ്നേഹിക്കുന്ന അസാധാരണസ്ത്രീയാണു രൂത്ത്. ഭർത്താവ് മരിച്ചപ്പോൾ തന്നെവിട്ടുപോയി മറ്റൊരു വിവാഹം ചെയ്ത് സുഖമായി ജീവിക്കാൻ അമ്മായിയമ്മയായ നവോമി അനുവാദം കൊടുത്തിട്ടും രൂത്ത് ഭർത്തൃമാതാവിനെ പിരിഞ്ഞില്ല. കൊയ്ത്തുകാലത്ത് ബോവസിന്റെ വയലിൽ അവൾ കാലാ പെറുക്കാൻ പോയി. പിന്നീട് നവോമിതന്നെ രൂത്തിനെ ബോവസിനെക്കൊണ്ട് വിവാഹം

ചെയ്യിക്കാൻ നീക്കം നടത്തുകയും അതു വിജയിക്കുകയും ചെയ്തു. അവർക്കുണ്ടായ പുത്രൻ ഓബേദ്, ദാവീദിന്റെ പിതാമഹനാണ്. അങ്ങനെ യഹൂദജാതിയും മോവാബ്യജാതിയും തമ്മിലുള്ള മിശ്രവിവാഹത്തിലൂടെ ദാവീദിന്റെയും യേശുവിന്റെയും വംശാവലിയിലെ ഒരു കണ്ണിയായി രൂത്ത് മാറുന്നു. വർഗവർണ്ണങ്ങൾക്കതീതനാണ് ഈശ്വരൻ എന്നു സ്ഥാപിക്കുവാനാണ് ഈ കൃതി രചിച്ചതെന്ന് അഭിപ്രായപ്പെടുന്നവരുണ്ട് (ബാബു 2013:579).

### 2.1.2.4. ശമൂവേലിന്റെ ഒന്നാം പുസ്തകം

കർത്താവ്, കാലം, രചനാരീതി, ദൈവശാസ്ത്രപരമായ ഊന്നലുകൾ എന്നിവയുടെ കാര്യത്തിൽ വ്യത്യാസമുണ്ടെങ്കിലും ഒരേ കാലഘട്ടത്തിന്റെ ചരിത്രമാണ് ശമൂവേലിന്റെ ഒന്നാം പുസ്തകം മുതൽ ദിനവൃത്താന്തം രണ്ടാം പുസ്തകം വരെയുള്ള ആറു കൃതികളുടെ ഉള്ളടക്കം. യിസ്രായേലിലെ രാജഭരണത്തിന്റെ ആരംഭം ശമൂവേലിന്റെ ഒന്നാം പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു. ഏലി, ശമൂവേൽ, ശൗൽ, ദാവീദ് എന്നിവരുടെ പ്രവർത്തനങ്ങളും ഈ ഭാഗത്തു കാണാം. മക്കളില്ലാതിരുന്ന ഹന്നാ പ്രാർത്ഥിച്ച് ശമൂവേലിനെ നേടുന്നതും പിന്നീട് ദൈവശുശ്രൂഷയ്ക്ക് അവനെ അയയ്ക്കുന്നതും ഗ്രന്ഥാരംഭത്തിൽ കൊടുത്തിരിക്കുന്നു. യിസ്രായേലിലെ പ്രഥമ രാജാവായ ശൗലിനെ അഭിഷേകം ചെയ്തതും അദ്ദേഹം അവിശ്വസ്തനായപ്പോൾ ദാവീദിനെ തൽസ്ഥാനത്താക്കിയതും ശമൂവേലാണ്.

ആരംഭം നന്നായെങ്കിലും അന്ത്യം അതിദയനീയമായിത്തീർന്ന രാജാവാണ് ശൗൽ. പുരോഹിതശുശ്രൂഷ ചെയ്യുക, ദാവീദിനോട് അസൂയ, ദുരാത്മാവു ബാധ, ഒടുവിൽ സ്വന്തവാളിൽ വീണ് ആത്മഹത്യ- ഇതായിരുന്നു ശൗലിന്റെ ജീവിതം. ശമൂവേൽ ശൗലിന്റെ പിൻഗാമിയെ അഭിഷേകം ചെയ്യാൻ യിശ്ശായിയുടെ വീട്ടിലെത്തുന്ന രംഗം ശ്രദ്ധേയമാണ്. അപ്പോൾ വീട്ടിലുണ്ടായിരുന്ന യിശ്ശായിയുടെ ഏഴുമക്കൾ യഥാക്രമം വന്നെങ്കിലും അവരെ ആരെയും തിരഞ്ഞെടുക്കാൻ ദൈവം പറയുന്നില്ല. ''നിന്റെ പുത്രന്മാർ എല്ലാവരുമായോ എന്നു ശമൂവേൽ ചോദിച്ചതിന് അവൻ: ഇനി ഉള്ളതിൽ ഇളയവൻ ഉണ്ട്; അവൻ ആടുകളെ മേയ്ക്കുകയാകുന്നു എന്നു പറഞ്ഞു. ശമൂവേൽ യിശ്ശായിയോട്: ആളയച്ച് അവനെ വരുത്തുക'' (16:11-12). ദൈവത്തിന്റെ തിരഞ്ഞെടുപ്പു മാറ്റാനാവില്ലെന്നും ദൈവത്തിന്റെ തിരഞ്ഞെടുപ്പുള്ള വ്യക്തി എവിടെയായാലും അവസരം അവനെത്തേടിച്ചെല്ലുമെന്നും ആടുമേയ്ച്ചു നടന്ന ദാവീദ് രാജാവായതിൽനിന്നു ഗ്രഹിക്കാം. ദാവീദ് മല്ലനായ ഗോല്യാത്തിനെ കവിണക്കല്ലേറുകൊണ്ടു കൊല്ലുന്ന രംഗവും ശമൂവേലിന്റെ ഒന്നാം പുസ്തകത്തിൽ വിവരിക്കുന്നു.

### 2.1.2.5. ശമൂവേലിന്റെ രണ്ടാം പുസ്തകം

ദാവീദിന്റെ ഭരണത്തിൽ യിസ്രായേല്യർ ഒരു സാമ്രാജ്യമായിത്തീർന്ന കഥ ശമൂവേലിന്റെ രണ്ടാം പുസ്തകത്തിൽ പ്രതിപാദിക്കുന്നു. ദാവീദു നേടിയ വിജയങ്ങൾ, രാജ്യത്തെ ശക്തിപ്പെടുത്തുന്നതിന് അദ്ദേഹം ചെയ്ത പരിശ്രമങ്ങൾ എന്നിവയുടെ വിവരണങ്ങളുണ്ടങ്കിലും അവയെക്കാൾ ദാവീദു ചെയ്ത പാപങ്ങളും അതുനിമിത്തമുണ്ടായ പരാജയങ്ങളുമാണ് അനുവാചകർ ശ്രദ്ധിക്കുക. ബേത്ശേബയുമായി ശയിക്കുകയും പിന്നീട് അവളുടെ ഭർത്താവിനെ യുദ്ധത്തിൽ വെട്ടുകൊണ്ടു മരിക്കത്തക്കവിധം മുന്നണിയിൽ നിർത്തുകയും ചെയ്തു ദാവീദ്. നാഥാൻ പ്രവാചകൻ അന്യാപദേശരീതിയിൽ ഇക്കാര്യം അറിയിക്കുമ്പോൾ കുപിതനായ ദാവീദ് അതു ചെയ്തവൻ നാലിരട്ടി പകരം കൊടുക്കണമെന്നു പറയുന്നുണ്ട്. 'ആ മനുഷ്യൻ നീ തന്നേ' എന്നു രാജാവിന്റെ മുഖത്തു നോക്കിപ്പറയുന്ന നാഥാന്റെ ചങ്കൂറ്റവും ഇവിടെ ദർശിക്കാം (2ശമു.12:7). ദാവീദ് അറിയാതെ വിധിച്ച ശിക്ഷ അതേപടി വൻദുരന്തമായി അദ്ദേഹത്തിന്റെ ജീവിതത്തിൽ സംഭവിക്കുന്നു. ബേത്ശേബയുടെ ആദ്യജാതൻ മരിക്കുന്നു, ദാവീദിന്റെ മകൻ അബ്ശാലോം അമ്നോനെ കൊല്ലുന്നു, അബ്ശാലോം ദുർമൃത്യുവിനിരയാകുന്നു, അദോനിയാവ് കൊല്ലപ്പെടുന്നു. അക്ഷരാർത്ഥത്തിൽത്തന്നെ ദാവീദിന് നാലുമക്കൾ നഷ്ടപ്പെടുന്നു.

### 2.1.2.6. രാജാക്കന്മാരുടെ ഒന്നാം പുസ്തകം

രാജാക്കന്മാരുടെ ഒന്നാം പുസ്തകം ശലോമോന്റെ ജീവിതകഥകൊണ്ട് ശ്രദ്ധേയമാണ്. ദൈവാലയം പണിയുക ദാവീദിന്റെ ആഗ്രഹമായിരുന്നു. എന്നാൽ മകൻ ശലോമോനാണ് അതു സഫലമാക്കിയത്. ശലോമോന്റെ ദൈവാലയനിർമ്മാണം ഈ കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശലോമോന്റെ കീർത്തി കേട്ട് ശേബാരാജ്ഞി അദ്ദേഹത്തെ സന്ദർശിക്കുന്നതും ഇതിൽ പ്രതിപാദിക്കുന്നു. ശേബാരാജ്ഞിയുടെ സന്ദർശനത്തിന്റെ പ്രാധാന്യത്തെപ്പറ്റി യേശു പരാമർശിച്ചിട്ടുണ്ട് (മത്താ.12:42).

യിസ്രായേൽ ചരിത്രത്തിലെ ശക്തനായ പ്രവാചകൻ ഏലിയാവിന്റെ പ്രവർത്തനങ്ങളുള്ള പുസ്തകമാണിത്. ആഹാബ് രാജാവ് ഭാര്യ ഇസബേലിന്റെ സ്വാധീനത്താൽ ബാലിന്റെ സേവകനായി മാറിയ കാലത്ത് യഹോവതന്നെ ദൈവം എന്നു തെളിയിക്കാൻ കഴിഞ്ഞതാണ് ഏലിയാവിന്റെ നേട്ടം. മഴ പെയ്യുന്നതു നിർത്തിവെപ്പിക്കുക, കാക്കയിൽനിന്ന് ആഹാരം ലഭിക്കുക, വിധവയുടെ മാവും എണ്ണയും വർദ്ധിപ്പിക്കുക, കർമ്മേലിൽ തീ ഇറക്കുക, ആഹാബിന്റെ രഥത്തിനു മുമ്പിൽ ഓടിയെത്തുക എന്നിങ്ങനെ പല അത്ഭുതങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ട്. മരിച്ചയാളെ ഉയിർപ്പിക്കുന്ന അത്ഭുതം ബൈബിളിൽ ആദ്യം ചെയ്തത് ഏലിയാവാണ്. ഇത്രയും അത്ഭുതങ്ങൾ ചെയ്ത ഏലിയാവ് ഒരു സ്ത്രീയുടെ (ഇസബേൽ) ഭീഷണി കേട്ടു മരിച്ചാൽ മതി എന്നു പറയുന്ന സന്ദർഭവും ഗ്രന്ഥകാരൻ ചൂണ്ടിക്കാട്ടുന്നു. ഏലിയാവ് ഏലീശായെ പിൻഗാമിയാക്കുന്നതും ഈ കൃതിയിലുണ്ട്. ഏലിയാവിനെ ദൈവം ഉടലോടെ സ്വർഗത്തിലേക്കെടുത്തതായി രാജാക്കന്മാ

രുടെ രണ്ടാം പുസ്തകത്തിൽ എഴുതിയിരിക്കുന്നു. 'രണ്ടുതോണിയിൽ കാലുവെക്കുക' എന്ന ശൈലി രാജാക്കന്മാരുടെ പുസ്തകത്തിലുള്ളതാണ് (1രാജാ.18:21).

**2.1.2.7. രാജാക്കന്മാരുടെ രണ്ടാം പുസ്തകം**

രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിലെ വിവരണങ്ങളുടെ തുടർച്ച രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിൽ എഴുതിയിരിക്കുന്നു. യിസ്രായേലിലെയും യഹൂദയിലെയും രാജാക്കന്മാരുടെ ഭരണചരിത്രവും വിഗ്രഹാരാധന, അധർമ്മം, അനൈക്യം എന്നിവ നിമിത്തം ദൈവം അവരെ ശിക്ഷിക്കുന്നതും ഇരുരാജ്യങ്ങളും സമ്പൂർണ്ണമായി തകരുന്നതും ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഏലിയാവ്, ഏലീശ പ്രവാചകന്മാരെക്കുറിച്ചുള്ള തുടർവിവരണങ്ങളുമുണ്ട്. ഏലീയാവിന്റെ ഇരട്ടിപ്പങ്ക് ആത്മാവിനെ വേണമെന്ന് ഏലീശ ചോദിക്കുകയും അത് അനുവദിക്കപ്പെടുകയും ചെയ്തു. ഏലിയാവ് ചെയ്തതിന്റെ ഇരട്ടി അത്ഭുതങ്ങൾ ഏലീശാ ചെയ്തു. നയമാന്റെ കുഷ്ഠം ഏലീശ പറഞ്ഞതുപോലെ ഏഴുപ്രാവശ്യം യോർദ്ദാനിൽ മുങ്ങിയപ്പോൾ സൗഖ്യമായി. അതിനു കൊടുത്ത പാരിതോഷികം ഏലീശയുടെ ഭൃത്യൻ ഗേഹസി രഹസ്യത്തിൽ കൈക്കലാക്കിയപ്പോൾ അവന് കുഷ്ഠം വന്നു.

യിസ്രായേലും യഹൂദയും ഭരിച്ച എല്ലാ രാജാക്കന്മാരുടെയും വിവരങ്ങൾ രാജാക്കന്മാരുടെ രണ്ടുപുസ്തകങ്ങളിലുമായി കൊടുത്തിരിക്കുന്നു. 19 രാജാക്കന്മാർ വീതം രണ്ടുരാജ്യങ്ങളിലും ഇക്കാലയളവിൽ ഭരിച്ചു. ഇരുരാജ്യങ്ങളുടെയും ചരിത്രത്തിൽ രാജ്യം ഭരിച്ച ഏകവനിതയായിരുന്നു യഹൂദയിലെ അഥല്യ; അധികാരത്തലേറാൻ ഭർത്തൃകുടുംബത്തിലുള്ള എല്ലാവരെയും വധിച്ചവൾ. വടക്കൻ രാജ്യമായ യിസ്രായേലിലെ രാജാക്കന്മാരിൽ സിമ്രി ഏഴുദിവസമേ ഭരിച്ചുള്ളൂ. ഇസബേലിനെ കിളിവാതിലിലൂടെ തള്ളിയിട്ടു കൊന്ന യേഹൂ, ഏഴുവയസ്സിൽ രാജാവായ യെഹോവാശ് (2രാജ.11:21), സ്വന്തം പുത്രന്മാരെപ്പോലും യാഗം കഴിച്ച ആഹാസ്, ദാവീദിനും ശലോമോനും ശേഷം ആത്മീയതയിൽ ശുഷ്കാന്തി കാണിച്ച ഏകരാജാവ് ഹിസ്കിയാവ് എന്നിവർ എടുത്തുപറയേണ്ട രാജാക്കന്മാരാണ്. ഹോശേയയുടെ കാലത്ത് അശൂർരാജാവ് യിസ്രായേലിനെ ആക്രമിച്ചുകീഴടക്കി ജനങ്ങളെ അടിമകളാക്കി അശൂർരാജ്യത്തിന്റെ പലഭാഗത്തും താമസിപ്പിച്ചു. അങ്ങനെ ഹേശേയയുടെ കാലത്തോടെ യിസ്രായേൽരാജ്യം അവസാനിക്കുന്നു.

യഹൂദയിലെ അവസാനത്തെ രാജാവ് സിദെക്കിയാവായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് ബാബിലോൺസൈന്യം യെരൂശലേം പിടിച്ചെടുക്കുകയും ശലോമോൻ പണിത ദൈവാലയവും കൊട്ടാരവും ചുട്ടുചാമ്പലാക്കുകയും ചെയ്തു. യഹൂദാരാജ്യം നാമാവശേഷമായി, അവർ ബാബിലോണിൽ അടിമകളാകേണ്ടി വന്നു.

**2.1.2.8. ദിനവൃത്താന്തം ഒന്നാം പുസ്തകം**

ശമൂവേലിന്റെ പുസ്തകത്തിലെ കാര്യങ്ങളുടെ ആവർത്തനമാണ് ദിനവൃത്താന്തം. യിസ്രായേൽ രാജ്യത്തിന്റെ പ്രത്യേകിച്ച് ദാവീദുരാജവംശത്തിന്റെയും ദാവീദിന്റെ നേട്ടങ്ങ

ളെപ്പറ്റിയുമുള്ള ചരിത്രത്തിനു പ്രാധാന്യം കൊടുത്താണ് ദിനവൃത്താന്തപുസ്തകം എഴു തിയിരിക്കുന്നത്. യിസ്രായേൽജനതയുടെ ദേശീയജീവിതത്തിൽ ദൈവാലയത്തിനു മുഖ്യ സ്ഥാനം കൊടുത്ത്, ആത്മീയപാഠങ്ങളെക്കുറിച്ചും ധാർമ്മികസത്യങ്ങളെക്കുറിച്ചും അവരെ പ്രബുദ്ധരാക്കുക എന്നതും രചനോദ്ദേശ്യമാണ്. ബാബിലോൺ പ്രവാസ ത്തിൽനിന്നും മടങ്ങിയെത്തിയ യിസ്രായേല്യരെ ദൈവം അതുവരെ നടത്തിയ വഴി കളെപ്പറ്റി അനുസ്മരിപ്പിക്കുക എന്നതും ഗ്രന്ഥലക്ഷ്യംതന്നെ.

യിസ്രായേല്യരുടെ വംശാവലി വിവരണമാണ് ആദ്യത്തെ ഒമ്പത് അധ്യായങ്ങളിൽ കൊടുത്തിരിക്കുന്നത്. ദാവീദിന്റെ ഭരണചരിത്രം തുടർന്നു വരുന്നു. പ്രവാസത്തിൽനിന്നു മടങ്ങിയെത്തിയ തലമുറയെ അവർ പ്രവാസപൂർവരാജ്യത്തിന്റെ അനന്തരാവകാശികളാ ണെന്നു ബോദ്ധ്യപ്പെടുത്താനാണ് വംശാവലി ചേർത്തിരിക്കുന്നത്.

**2.1.2.9. ദിനവൃത്താന്തം രണ്ടാംപുസ്തകം**

രാജാക്കന്മാരുടെ പുസ്തകവുമായി വിഷയസാമ്യം ദിനവൃത്താന്തം രണ്ടാംപുസ്ത കത്തിനുണ്ട്. രാജാക്കന്മാരുടെ പുസ്തകത്തിലുള്ള ശലോമോന്റെ ഭരണവിവരങ്ങൾ, യെരൂശലേം ദൈവാലയനിർമ്മാണം, യഹൂദായിലെ എട്ടു നല്ലരാജാക്കന്മാരുടെ ചരിത്ര ങ്ങൾ എന്നിവ ദിനവൃത്താന്തത്തിൽ ആവർത്തിക്കുന്നു.

**2.1.2.10. എസ്രാ**

യഹൂദ്യർ, ശമര്യർ, മറ്റു ശത്രുക്കൾ എന്നിവരുടെ എതിർപ്പുകൾ അതിജീവിച്ച് യെരൂശലേം ദൈവാലയത്തിന്റെ പുനർനിർമ്മാണം പൂർത്തിയാക്കിയതിന്റെ ചരിത്രരേഖ യാണ് എസ്രായുടെ പുസ്തകം. ബാബിലോണ്യ രാജാവായ കോരശിന്റെ കാലത്ത് പ്രവാ സത്തിലായിരുന്ന യഹൂദന്മാർക്ക് സ്വന്തദേശത്തേക്കു പോകുവാൻ അനുമതി കിട്ടിയ തിന്റെ ഫലമായെത്തിയവരായിരുന്നു അവർ. സെരൂബാബേലിന്റെ നേതൃത്വം ദൈവാലയ നിർമ്മാണത്തിനും എസ്രായുടെ നേതൃത്വം അവരുടെ ആത്മീയ ഉണർവിനും വഴിവച്ച കാര്യം എസ്രായിൽ പ്രതിപാദിക്കുന്നു.

ആഖ്യാനസംബന്ധമായി എടുത്തുപറയേണ്ട ഒരു വസ്തുത എസ്രായിൽ ഉണ്ട്. വീക്ഷണസ്ഥാനം പ്രഥമപുരുഷൻ ഏകവചനത്തിൽനിന്നും ഇടയ്ക്കുവച്ച് ഉത്തമപുരുഷ സർവനാമത്തിലേക്കു മാറുകയും വീണ്ടും പ്രഥമപുരുഷനിലേക്കു മടങ്ങിവരുകയും ചെയ്യു ന്നുണ്ട് (7:27–9:5).

**2.1.2.11. നെഹെമ്യാവ്**

ബാബിലോൺ പ്രവാസത്തിൽനിന്നും മടങ്ങിവന്ന മൂന്നാമത്തെയും അവസാന ത്തേതുമായ സംഘത്തിന്റെ നേതാവായ നെഹെമ്യാവിന്റെ പ്രവർത്തനങ്ങൾ ഇതിൽ വിവ രിക്കുന്നു. യെരൂശലേം ദൈവാലയത്തിന്റെ നിർമ്മാണം പൂർത്തിയായെങ്കിലും നഗര ത്തിന്റെ മതിലുകൾ ഇടിഞ്ഞു കിടക്കുകയായിരുന്നു. നെഹെമ്യാവ് പ്രവാസി ആയിരുന്നെ

ങ്കിലും പേർഷ്യൻ രാജാവായ അർത്ഥഹ്ശഷ്ടാരാജാവിന്റെ പാനപാത്രവാഹകൻ എന്ന ഉന്നതവും ഉത്തരവാദിത്വവുമുള്ള പദവിയിൽ എത്തി. ആ ഉത്തരവാദിത്വത്തിനിടയിൽ ഇടിഞ്ഞു കിടന്ന മതിൽ പുതുക്കിപ്പണിത് നഗരം സുരക്ഷിതമാക്കുന്നതിൽ അദ്ദേഹം കാട്ടിയ ശുഷ്കാന്തിയാണ് ഇതിലെ പ്രതിപാദ്യം. ബൈബിളിലെ ഒരേയൊരു ആത്മകഥാത്മകഗ്രന്ഥം നെഹെമ്യാവ് ആണ്. ''ഇരുപതാം ആണ്ടിൽ കിസ്ലേവ് മാസത്തിൽ ഞാൻ കൂശൻരാജധാനിയിൽ ഇരിക്കുമ്പോൾ എന്റെ സഹോദരന്മാരിൽ ഒരുത്തനായ ഹനാനിയും യെഹൂദായിൽനിന്നു ചില പുരുഷന്മാരും വന്നു'' (1:1-2). ഇങ്ങനെ ഉത്തമപുരുഷ സർവനാമത്തിലാണ് ആഖ്യാനം. നെഹെമ്യാവ് ശില്പി (Builder) ആയിരുന്നു. പലിശയില്ലാതെ ആവശ്യക്കാർക്കു കടം കൊടുക്കുകയും ചെയ്തു (5:10). 12 വർഷം ശമ്പളം വാങ്ങാതെ ഗവർണ്ണറായും അദ്ദേഹം പ്രവർത്തിച്ചു (5:14).

**2.1.2.12. എസ്ഥേർ**

ബൈബിളിലെ ചരിത്രഗ്രന്ഥങ്ങളിൽ അവസാനത്തേതാണ് എസ്ഥേർ. സ്ത്രീയുടെ പേരിലുള്ള ബൈബിളിലെ രണ്ടാമത്തെ പുസ്തകം, മുഖ്യകഥാപാത്രത്തിന്റെ പേരിലുള്ള കൃതി, ദൈവം എന്ന വാക്കില്ലാത്ത പുസ്തകം എന്നിവ ഇതിന്റെ സവിശേഷതകളാണ്. ഇന്ത്യയുടെ പേരുള്ള ബൈബിളിലെ ഏകപുസ്തകവും ഇതാണ്; പ്രഥമവാക്യത്തിൽത്തന്നെ ഇന്ത്യയുടെ പേരുണ്ട്.

പേർഷ്യൻ രാജാവ് അഹശ്വേരോശിന്റെ കാലത്ത് അദ്ദേഹത്തിന്റെ സാമ്രാജ്യത്തിൽ യഹൂദന്മാർക്കു നേരിട്ട വംശനാശഭീഷണിയിൽനിന്ന് അവർ അത്ഭുതകരമായി രക്ഷപ്പെട്ട കഥ എസ്ഥേറിൽ പ്രതിപാദിക്കുന്നു. ഗ്രന്ഥാരംഭത്തിൽ സാധാരണ നിലയിൽക്കഴിഞ്ഞവർ അവസാനം ഉന്നതമായ പദവികളിലെത്തുന്നതും അതുപോലെ ഉന്നതനിലയിലായവർ താണനിലയിലേക്കു പോകുന്നതും ഈ കൃതിയിൽ കാണാം. അഹശ്വേരോശിന്റെ വാതിൽക്കാവൽക്കാരനായിരുന്ന മോർദ്ദേഖായി രാജാവിന്റെ രണ്ടാമനായി മാറുന്നു. അനാഥയും വിദേശിയുമായ എസ്ഥേർ രാജ്ഞിയായിത്തീരുന്നു. അഹശ്വേരോശിന്റെ രാജ്ഞിയായി കഥാരംഭത്തിൽ കണ്ട വസ്തിക്ക് ആ സ്ഥാനം നഷ്ടപ്പെടുന്നു. മറ്റു പ്രഭുക്കന്മാരെക്കാൾ ഉന്നതപദവിയുണ്ടായിരുന്ന ഹാമാൻ കഥാന്ത്യത്തിൽ തൂക്കിലേറ്റപ്പെടുന്നു.

അഹശ്വേരോശ് രാജാവ് 127 പ്രഭുക്കന്മാർക്കും സൈന്യാധിപന്മാർക്കും വിരുന്നു നല്കിയപ്പോൾ ഭാര്യയോട് സൗന്ദര്യം അവരുടെ മുമ്പിൽ പ്രദർശിപ്പിക്കാൻ ആവശ്യപ്പെട്ടു. വസ്ഥിരാജ്ഞി അതു നിരസിച്ചു. അഹശ്വേരോശ് രാജ്ഞിയെ മാറ്റി എസ്ഥേറിനെ ആ സ്ഥാനത്താക്കുന്നു. അഹശ്വേരോശിന്റെ ഉന്നതസ്ഥാനാപതിയായിരുന്ന ഹാമാനെ സകല രാജസേവകരും കുമ്പിട്ട് ആദരിക്കണമായിരുന്നു. എന്നാൽ മോർദ്ദേഖായി മാത്രം അങ്ങനെ ചെയ്യാത്തതിൽ ഹാമൻ അരിശം പൂണ്ട് സകല യഹൂദന്മാരെയും നശിപ്പിക്കാൻ പദ്ധതിയിട്ടു. എസ്ഥേർ രാജ്ഞിയായശേഷമായിരുന്നു ഈ സംഭവം. യഹൂദവംശത്തിനു നേരിടാൻ പോകുന്ന വൻദുരന്തത്തെപ്പറ്റി, രാജകൊട്ടാരത്തിലാണെങ്കിലും എസ്ഥേറിനുപോലും ആ സർവ്വനാശത്തിൽനിന്നും രക്ഷപ്പെടാനാവില്ലെന്നും രാജ്ഞിയായ

അവൾക്കു സ്വജനരക്ഷയ്ക്കായി എന്തെങ്കിലും ചെയ്യാനാകുമെന്നും മോർദ്ദേഖായി എസ്ഥേറിനെ അറിയിക്കുന്നു. സകല യഹൂദരും മൂന്നുനാൾ ഉപവസിച്ചു പ്രാർത്ഥിച്ചു. മൂന്നാം ദിനം രാജാവ് ആവശ്യപ്പെടാതെതന്നെ എസ്ഥേർ രാജസന്നിധിയിൽ പ്രവേശിച്ചു. ആ കുറ്റത്തിന് മരണശിക്ഷ വരെ കിട്ടാമായിരുന്നു. എസ്ഥേർ മരണത്തെപ്പോലും നിസ്സാര മാക്കി ആ സാഹസത്തിന് ശ്രമിച്ചു. എസ്ഥേറിന്റെ ഇടപെടൽകൊണ്ട് യഹൂദന്മാരെ നശി പ്പിക്കാനുള്ള രാജാജ്ഞ അഹശ്വേരോശ് പിൻവലിച്ചു. ഇതാണ് എസ്ഥേറിലെ ഉള്ളടക്കം. ആധുനിക ചെറുകഥയുടെ എല്ലാ ഭാവഘടനയും ഒത്തിണങ്ങിയ കൃതിയാണ് എസ്ഥേർ.

**2.1.3. കാവ്യാത്മകഗ്രന്ഥങ്ങൾ**

കാവ്യാത്മക/പ്രബോധനകൃതികൾ 5 എണ്ണമുണ്ട്: ഇയ്യോബ്, സങ്കീർത്തനങ്ങൾ, സദൃശവാക്യങ്ങൾ, സഭാപ്രസംഗി, ഉത്തമഗീതം എന്നിവ.

**2.1.3.1. ഇയ്യോബ്**

ദൈവത്തോട് അചഞ്ചലമായ വിശ്വാസവും വിശ്വസ്തതയുമുണ്ടായിരുന്ന ഇയ്യോ ബിന്റെ കഥയാണ് ഇയ്യോബിന്റെ പുസ്തകം. ഏറ്റവുമാദ്യം രചിച്ച ബൈബിൾഗ്രന്ഥമാണി ത്. നീതിമാനും സമ്പന്നനും ഭക്തനുമായ ഇയ്യോബ് സർവ്വസമ്പത്തും സ്വന്തംമക്കളെയും നഷ്ടപ്പെട്ടശേഷം രോഗബാധിതനായിത്തീർന്നു. ഭാര്യ പരിഹസിച്ചു; മിത്രങ്ങൾ കുറ്റപ്പെ ടുത്തി; അപ്പോഴും ഭക്തി വിടാതെ, ദൈവത്തെ പഴിക്കാതെ ദൈവശബ്ദം കേട്ടു സഹി ഷ്ണുതയോടെ കഴിഞ്ഞു. അതിനെത്തുടർന്ന് ദൈവം കൊടുത്ത അനുഗ്രഹങ്ങളുടെ ആവിഷ്കാരമാണ് ഇയ്യോബ്.

സ്വർഗത്തിൽ സാത്താനും ദൈവവും തമ്മിലുള്ള കൂടിക്കാഴ്ചയുടെ രംഗം ഈ കൃതിയിലുണ്ട്. ദൈവം കണക്കറ്റ് അനുഗ്രഹിച്ചതിനാലാണ് ഇയ്യോബ് ഭക്തനായിരിക്കുന്ന തെന്നും അവയെല്ലാം പിൻവലിച്ചാൽ ദൈവത്തെ ഇയ്യോബ് തള്ളിപ്പറയുമെന്നും സാത്താൻ ദൈവത്തെ വെല്ലുവിളിക്കുന്നു. ആ വെല്ലുവിളി സ്വീകരിച്ച് ദൈവം, ഇയ്യോ ബിനെ പരീക്ഷിക്കുവാൻ സാത്താന്റെ കയ്യിൽ വിട്ടുകൊടുക്കുന്നു. ''നാം ദൈവത്തിന്റെ കയ്യിൽനിന്നു നന്മ കൈക്കൊള്ളുന്നു; തിന്മയും കൈക്കൊള്ളരുതോ'' എന്നു മാത്രമായി രുന്നു ഇയ്യോബിന്റെ പ്രതികരണം (2:10). ഒറ്റദിവസം തന്നെ പത്തുമക്കളും നഷ്ടപ്പെട്ട പിതാവിന്റെ നിലപാടാണിത്. നിസ്വാർത്ഥമായ ദൈവഭക്തി സാധ്യമാണെന്ന് ഇയ്യോ ബിന്റെ പുസ്തകം പ്രഖ്യാപിക്കുന്നു.

**2.1.3.2. സങ്കീർത്തനം**

ബൈബിളിലെ ദൈർഘ്യമേറിയ ഗ്രന്ഥം, വിഷയവൈവിദ്ധ്യമുള്ള ഗ്രന്ഥം, ഒട്ടേറെപ്പേരാൽ വിരചിതം എന്നിവ സങ്കീർത്തനങ്ങളുടെ അസാധാരണത്വമാണ്. പഴ യനിയമത്തിലും പുതിയനിയമത്തിലും ഉദ്ധരണികൾ ഏറെയുള്ളതും സങ്കീർത്തനങ്ങളിൽ നിന്നാകുന്നു. യേശുക്രിസ്തുവിന്റെ ശുശ്രൂഷാരംഭം തന്നെ സങ്കീർത്തനം ഉദ്ധരിച്ചായിരു

ന്നു. 150 ഗീതങ്ങളുടെ സമാഹാരമായ സങ്കീർത്തനങ്ങളിൽ ഏറെയും ദാവീദും ബാക്കിയുള്ളവ മോശെ, ശലോമോൻ, ആസാഫ്, ഹേമാൻ, ഏഥാൻ, കോരഹ്പുത്രന്മാർ എന്നിവരുമാണെഴുതിയത്. അമ്പതോളം സങ്കീർത്തനങ്ങൾ അജ്ഞാതകർത്തൃകങ്ങളാണ്. ഏതെങ്കിലും സംഭവം ആദിമധ്യാന്തം വിവരിക്കാത്ത ബൈബിൾക്കൃതിയാണ് സങ്കീർത്തനം. ''സങ്കീർത്തനം എന്തെങ്കിലും പൊതുവായി പഠിപ്പിക്കുന്നുണ്ടെങ്കിൽ അതും മറ്റൊന്നല്ല. യഹോവ ശക്തനായ ദൈവവും ഇസ്രായേലിന്റെ രക്ഷകനും ആകുന്നു. ഈ ശക്തിയും തൽഭവരക്ഷയും യിസ്രായേൽ സമൂഹത്തിനു മാത്രമല്ല സമൂഹത്തിലെ വ്യക്തികൾക്കും ബാധകമാണ്. തിരഞ്ഞെടുപ്പിന്റെ അവകാശിയും ഉടമ്പടിയുടെ കക്ഷിയുമാണ് ഓരോ മനുഷ്യനും, തിന്മയിൽനിന്നു രക്ഷ പ്രാപിക്കാൻ ഈശ്വരനിൽ സമ്പൂർണ്ണമായി സമർപ്പിക്കുകയല്ലാതെ മറ്റ് പോംവഴിയില്ലാത്ത നിസ്സഹായനാണ് മനുഷ്യൻ, എന്നാൽ ആ സമർപ്പണം സഹായമായി തിരിച്ചുതരാൻ കഴിവും കനിവും ഉള്ളവനാണ് ദൈവം- ഇതാണ് സങ്കീർത്തനങ്ങളുടെ രത്നച്ചുരുക്കം'' (ബാബു 2013:644).

#### 2.1.3.3. സദൃശവാക്യങ്ങൾ

പഴഞ്ചൊല്ലുകൾ അഥവാ മഹദ്വചനങ്ങളാണ് സദൃശവാക്യങ്ങൾ. കൂടുതൽ സദൃശവാക്യങ്ങളും ശലോമോൻ  എഴുതിയതാണ്. ആശൂർ, ലെമുവേൽ എന്നിവരും സദൃശവാക്യങ്ങളുടെ രചയിതാക്കളാണ്.  ജ്ഞാനസമ്പാദനത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നു ഈ കൃതി. ദൈനംദിനജീവിതത്തിലെ പ്രശ്നങ്ങൾ വിജയകരമായി കൈകാര്യം ചെയ്യാനുള്ള നിർദ്ദേശങ്ങൾ സദൃശവാക്യത്തിൽ കാണാം. ''കലഹത്തിന്റെ ആരംഭം മടവെട്ടി വെള്ളം വിടുന്നതുപോലെ; ആകയാൽ കലഹമാകുംമുമ്പേ തർക്കം നിർത്തിക്കളക'' (17:14).

ഒരു വസ്തുതയുടെ ഇരുവശങ്ങളും പ്രതിപാദിക്കുന്ന സമ്പ്രദായം സദൃശവാക്യത്തിൽക്കാണാം. അദ്ധ്വാനം-അലസത, അഹങ്കാരം - താഴ്മ, അറിവ് - അജ്ഞത, ധർമ്മം - അധർമ്മം, യജമാനൻ - ഭൃത്യൻ, ജീവൻ - മരണം, സമ്പത്ത് - ദാരിദ്ര്യം എന്നിങ്ങനെ. ''ധനവാന്റെ സമ്പത്ത് അവന് ഉറപ്പുള്ളൊരു പട്ടണം. എളിയവരുടെ നാശമോ അവരുടെ ദാരിദ്ര്യം തന്നേ'' (10:15.).

#### 2.1.3.4. സഭാപ്രസംഗി

ശലോമോൻ രചിച്ച സഭാപ്രസംഗിയിൽ ജീവിതത്തിലെ എല്ലാ അവസ്ഥകളും താത്കാലികവും മിഥ്യയുമാണെന്നു പറയുന്നു. സൂക്തങ്ങൾ, ചെറുകവിതകൾ, ധ്യാനചിന്തകൾ എന്നിവയാൽ സമ്പന്നമാണ് 12 അധ്യായങ്ങളുള്ള ഈ രചന. നിയതമായ ക്രമമോ യുക്തിസഹമായ അവതരണശൈലിയോ ദീക്ഷിക്കുന്നില്ല ഗ്രന്ഥകാരൻ. വിപരീതസത്യങ്ങൾ അവതരിപ്പിക്കുന്നതിൽ എഴുത്തുകാരന് പ്രിയമുണ്ട്. ''വിരുന്നുവീട്ടിൽ പോകുന്നതിനെക്കാൾ വിലാപഭവനത്തിൽ പോകുന്നതു നല്ലത്'' (7:2). ''ചിരിയെക്കാൾ വ്യസനം നല്ലത്'' (7:3).

#### 2.1.3.5. ഉത്തമഗീതം

ഉത്തമഗീതം ബൈബിളിലെ പ്രേമഗാനമാണ്. പ്രണയബദ്ധരായ സ്ത്രീപുരുഷന്മാരുടെ വിവാഹത്തിനു മുമ്പും പിമ്പുമുള്ള സ്നേഹത്തിന്റെയും പുകഴ്ത്തലുകളുടെയും വിവരണങ്ങളാണ് ഇതിലുള്ളത്. ഈ പുസ്തകത്തിലെ പ്രണയബദ്ധർ ശലോമോനും ശൂനേംകാരി പെൺകുട്ടിയുമാണെന്നാണ് പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നത്. പ്രിയൻ, പ്രിയേ എന്നാണ് അവർ പരസ്പരം സംബോധന ചെയ്യുന്നത്. ശലോമോൻ ശൂനേംകാരി പെൺകുട്ടിയെ പ്രേമിച്ചു വിവാഹം കഴിച്ചശേഷം പ്രേമത്തെ ആസ്വദിച്ച് ഇരുവരും നടത്തുന്ന സംഭാഷണങ്ങളാകുന്നു ഇതിലെ പ്രമേയം.

ദൈവനാമത്തെ പരാമർശിക്കാത്ത ഈ കൃതി സ്ത്രീശബ്ദം മുന്നിട്ടു നിൽക്കുന്ന ബൈബിളിലെ ഏകഗ്രന്ഥമാണ്. സ്ത്രീയുടെ രൂപഭംഗി സമൃദ്ധമായി വിവരിക്കുന്ന ഭാഗങ്ങൾ ഉത്തമഗീതത്തിൽ ഉണ്ട്. പുരുഷശരീരത്തെ വർണ്ണിക്കുന്ന ഒരു ഭാഗം അഞ്ചാം അദ്ധ്യായത്തിൽ കൊടുത്തിരിക്കുന്നു. ബൈബിളിൽ മറ്റൊരിടത്തും സ്ത്രീയുടെ കാഴ്ചപ്പാടിലൂടെ ഇതുപോലൊരു പുരുഷസൗന്ദര്യവർണ്ണന കാണാനാവില്ല.

> ''അവന്റെ കവിൾ സുഗന്ധസസ്യങ്ങളുടെ തടവും
> നറുന്തൈകളുടെ വാരവും
> അവന്റെ അധരം താമരപ്പൂവുംപോലെ ഇരിക്കുന്നു.
> അതു മൂറിൻതൈലം പൊഴിച്ചുകൊണ്ടിരിക്കുന്നു
> അവന്റെ കൈകൾ ഗോമേദകം പതിച്ചിരിക്കുന്ന സ്വർണ്ണനാളങ്ങൾ
> അവന്റെ ഉദരം നീലരത്നം പതിച്ച ദന്തനിർമ്മിതം
> അവന്റെ തുട തങ്കച്ചുവട്ടിൽ നിർത്തിയ വെൺകൽത്തൂൺ
> അവന്റെ രൂപം ലെബാനോനെപ്പോലെ
> ദേവദാരുപോലെതന്നെ ഉത്കൃഷ്ടമാകുന്നു----- '' (5:13-15).

ഉത്തമഗീതംപോലെ വൈവിധ്യമാർന്ന വ്യാഖ്യാനങ്ങൾ ഉണ്ടായ പഴയനിയമകൃതി വേറെയില്ല. മതേതരസ്വഭാവമുള്ളതും പൊതുവായനാസമൂഹം ഏറ്റവുമധികം ആസ്വദിക്കുകയും ചെയ്യുന്ന ഏക വേദപുസ്തകകൃതി ഉത്തമഗീതംതന്നെ. അതുകൊണ്ടാണ് മലയാളത്തിൽത്തന്നെ ഇതിന് പല പുനരാഖ്യാനങ്ങളും ഉണ്ടായത്. *ദിവ്യഗീതം* (ചങ്ങമ്പുഴ കൃഷ്ണപിള്ള), *ശൂലേംകുമാരി* (പുത്തൻകാവ് മാത്തൻതരകൻ), *സോളമന്റെ പ്രണയഗീതങ്ങൾ* (കെ. ജയകുമാർ), *ഗീതങ്ങളുടെ ഗീതം ശോശന്നയുടേത്* (എൻ.പി. ചന്ദ്രശേഖരൻ), *സോളമന്റെ ഉത്തമഗീതം പാഠവും പഠനവും* (കെ.സി. വർഗീസ്) എന്നിവ അവയിൽ ചിലതാണ്. ഒരു പുതിയനിയമകൃതിയിലും ഉത്തമഗീതവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഉൾപ്പെട്ടിട്ടില്ല.

### 2.1.4. പ്രവചനഗ്രന്ഥങ്ങൾ

പ്രവചനകൃതികൾ 16 എണ്ണമുണ്ട്. അവ വലിയ പ്രവാചകന്മാർ എന്നും ചെറിയ പ്രവാചകന്മാർ എന്നും അറിയപ്പെടുന്നു.

### 2.1.4.1. വലിയ പ്രവാചകന്മാർ

യെശയ്യാവ്, യിരെമ്യാവ്, വിലാപങ്ങൾ, യെഹെസ്കേൽ, ദാനീയേൽ എന്നിവ വലിയ പ്രവാചകന്മാരും ഹോശേയ, യോവേൽ, ആമോസ്, ഓബദ്യാവ്, യോനാ, മീഖാ, നഹൂം, ഹബക്കൂക്, സെഫന്യാവ്, ഹഗ്ഗായി, സെഖര്യാവ്, മലാഖി എന്നിവ ചെറിയ പ്രവാചകന്മാരും ആണ്.

### 2.1.4.1.1. യെശയ്യാവ്

ബൈബിളിലെ പ്രവചനഗ്രന്ഥങ്ങളിൽ മുഖ്യം യെശയ്യാവ് ആണ്. യെശയ്യാ പ്രവചനത്തെ ബൈബിളിനോട് സാദൃശ്യപ്പെടുത്തിയിട്ടുണ്ട്. ബൈബിളിൽ 66 പുസ്തകങ്ങൾ ഉള്ളതുപോലെ യെശയ്യാവിൽ 66 അധ്യായങ്ങളുണ്ട്. വലുപ്പംകൊണ്ട് അഞ്ചാം സ്ഥാനത്താണെങ്കിലും പദാവലികൊണ്ട് ബൈബിളിലെ ഏറ്റവും സമ്പന്നമായ ഗ്രന്ഥം ഇതാണ്. 2186 വ്യത്യസ്ത വാക്കുകൾ യെശയ്യാവിലുണ്ട്. ധാരാളം വൃക്ഷങ്ങളുടെയും മൃഗങ്ങളുടെയും പേരുകൾ ഈ പുസ്തകത്തിൽ കാണാം. 1 മുതൽ 39 വരെയുള്ള അധ്യായങ്ങളിൽ ധാർമ്മികാധ:പതനം, അഴിമതി, വിഗ്രഹാരാധന, സാധുജനപീഡ തുടങ്ങിയ പാപങ്ങൾ നിമിത്തം യഹൂദയ്ക്ക് ഉണ്ടാകുവാൻ പോകുന്ന ദൈവികശിക്ഷയെപ്പറ്റി പ്രവചിക്കുന്നു. 40 മുതൽ 66 വരെയുള്ള അധ്യായങ്ങളിൽ ദൈവത്തിന്റെ മനസ്സലിവ്, ദൈവജനത്തിലെ ശേഷിപ്പിന്റെ വിടുതൽ, പുനരുദ്ധാരണം എന്നിവയെക്കുറിച്ചുള്ള പ്രവചനങ്ങൾ ഉൾപ്പെടുന്നു.

യെശയ്യാവിലെ അടിസ്ഥാനപ്രമേയം രക്ഷയാണ്. ബൈബിളിലെ പ്രസിദ്ധമായ രക്ഷാസംബന്ധമായ മൂന്ന് ആഹ്വാനങ്ങൾ യെശയ്യാപ്രവചനത്തിലാണുള്ളത് (1:18, 45:22, 55:1,2). മശീഹായെ സംബന്ധിക്കുന്ന പ്രവചനങ്ങൾ ഏറെയുള്ളത് യെശയ്യാവിലാണ്. മശീഹായുടെ കന്യകാജനനം, പ്രവർത്തനമേഖല ഗലീലയായിരിക്കും, മശീഹായുടെ മരണം തുടങ്ങിയവയെക്കുറിച്ചുള്ള പ്രവചനങ്ങൾ ശ്രദ്ധേയമാകുന്നു. സാറാഫുകൾ എന്നറിയപ്പെടുന്ന മാലാഖമാരെപ്പറ്റി പ്രതിപാദിക്കുന്ന ഏക ബൈബിൾഗ്രന്ഥം ഇതാണ് (6:1-8).

പരിശുദ്ധനായ ദൈവം ഉപരിപ്ലവമായ അനുഷ്ഠാനങ്ങളിൽ പ്രീതിപ്പെടാതെ തന്റെ പരിശുദ്ധിക്കു യോഗ്യമായ ജീവിതം ജനങ്ങളിൽനിന്നു പ്രതീക്ഷിക്കുന്നതിന്റെ വിവരങ്ങളാണ് യെശയ്യാപ്രവചനം. അതുകൊണ്ട് പാപത്തെയും അധർമ്മപ്രവൃത്തികളെയും അപലപിക്കുന്ന ധാരാളം പരാമർശങ്ങൾ ഇതിൽ കാണാം.

''തിന്മ ചെയ്യുന്നതു മതിയാക്കുവിൻ. നന്മ ചെയ്‌വാൻ പഠിപ്പിൻ'' (1:17).

''നീതിയായി നടന്നു നേർ പറകയും പീഡനത്താൽ ഉള്ള ആദായം വെറുക്കയും കൈക്കൂലി വാങ്ങാതെ കൈ കുടഞ്ഞുകളകയും രക്തപാതകത്തെക്കുറിച്ച് കേൾക്കാതവണ്ണം ചെവി പൊത്തുകയും ദോഷത്തെ കണ്ടു രസിക്കാതവണ്ണം കണ്ണ് അടച്ചുകളകയും ചെയ്യുന്നവൻ; ഇങ്ങനെയുള്ളവൻ ഉയരത്തിൽ വസിക്കും'' (33:15).

''പാപിയോ നൂറു വയസ്സുള്ളവനായിരുന്നാലും ശപിക്കപ്പെട്ടവൻ എന്നേ വരൂ'' (65:20).

അലങ്കാരസമൃദ്ധമായ വാക്യങ്ങളും മറ്റു ബൈബിൾക്കൃതികളിലേതിനെക്കാൾ യെശയ്യാവിലുണ്ട്.

''എന്റെ കൈ ജാതികളുടെ ധനത്തെ ഒരു പക്ഷിക്കൂടിനെപ്പോലെ എത്തിപ്പിടിച്ചു; ഉപേക്ഷിച്ചുകളഞ്ഞ മുട്ടകളെ ശേഖരിക്കുന്നതുപോലെ ഞാൻ സർവഭൂമിയെയും കൂട്ടിച്ചേർത്തു; ചിറക് അനക്കുകയോ ചുണ്ടു തുറക്കുകയോ ചിലയ്ക്കുകയോ ചെയ്വാൻ ഒന്നും ഉണ്ടായിരുന്നില്ല എന്ന് അവൻ പറയുന്നുവല്ലോ'' (10:14).

''യഹോവേ, പ്രസവം അടുത്തിരിക്കുന്ന ഗർഭിണി നോവുകിട്ടി തന്റെ വേദനയിൽ നിലവിളിക്കുന്നതുപോലെ ഞങ്ങൾ നിന്റെ മുമ്പാകെ ആയിരുന്നു. ഞങ്ങൾ ഗർഭം ധരിച്ചു നോവുകിട്ടി പ്രസവിച്ചാറെ, കാറ്റിനെ പ്രസവിച്ചതുപോലെ ഇരുന്നു'' (26:17-18).

''ദുഷ്ടന്മാരോ കലങ്ങിമറിയുന്ന കടൽപോലെയാകുന്നു. അതിന് അടങ്ങിയിരിപ്പാൻ കഴികയില്ല. അതിലെ വെള്ളം ചേറും ചെളിയും മേലോട്ടു തള്ളുന്നു'' (57:20).

ഒട്ടേറെ കാര്യങ്ങൾക്ക് ആളത്തം (Personification) നൽകുന്നത് യെശയ്യാപ്രവചനത്തിന്റെ രചനാസംവിധാനത്തിൽ കാണാം.

''ചന്ദ്രൻ നാണിക്കയും സൂര്യൻ ലജ്ജിക്കയും ചെയ്യും'' (24:23).

''മരുഭൂമിയും വരണ്ടനിലവും ആനന്ദിക്കും; നിർജ്ജനപ്രദേശം ഉല്ലസിച്ചു പനിനീർപുഷ്പംപോലെ പൂക്കും'' (35:1).

''ദേശത്തിലെ സകലവൃക്ഷങ്ങളും കൈകൊട്ടും'' (55:12).

പഴഞ്ചൊൽപ്രയോഗങ്ങളും യെശയ്യാവിൽ കാണാം. ''വെട്ടുന്നവനോടു കോടാലി വമ്പു പറയുമോ? വലിക്കുന്നവനോട് ഈർച്ചവാൾ വലിപ്പം കാട്ടുമോ? '' (10:15).

ഏകലോകഛത്രാധിപതിയായി ഒരുവൻ സമത്വസുന്ദരമായ അവസ്ഥയിൽ ഈ ഭൂമിയെ വാഴുന്ന മനോഹരമായ ദൃശ്യം യെശയ്യാവ് ആവിഷ്കരിക്കുന്നുണ്ട്.

''ചെന്നായ് കുഞ്ഞാടിനോടുകൂടെ പാർക്കും; പുള്ളിപ്പുലി കോലാട്ടുകുട്ടിയോടു കൂടെ കിടക്കും; പശുക്കിടാവും ബാലസിംഹവും തടിപ്പിച്ച മൃഗവും ഒരു മിച്ചുപാർക്കും; ഒരു ചെറിയ കുട്ടി അവയെ നടത്തും. പശു കരടിയോടുകൂടെ മേയും; അവയുടെ കുട്ടികൾ ഒരുമിച്ചുകിടക്കും; സിംഹം കാള എന്നപോലെ പുല്ലു തിന്നും. മുല കുടിക്കുന്ന ശിശു സർപ്പത്തിന്റെ പോതിങ്കൽ കളിക്കും; മുലകുടി മാറിയ പൈതൽ അണലിയുടെ പൊത്തിൽ കൈയിടും. സമുദ്രം വെള്ളംകൊണ്ടു നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ പരിജ്ഞാനംകൊണ്ടു പൂർണ മായിരിക്കയാൽ എന്റെ വിശുദ്ധപർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല'' (11:6-9).

ഭക്തരെ പ്രചോദിപ്പിക്കുന്നതും പ്രത്യാശ നൽകുന്നതുമായ ധാരാളം പ്രസ്താവന കൾ ഈ പുസ്തകത്തിലുണ്ട്.

''വരുവിൻ; നമുക്കു തമ്മിൽ വാദിക്കാം എന്നു യഹോവ അരുളിച്ചെയ്യുന്നു; നിങ്ങ ളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും; രക്താംബ രംപോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും'' (1:18).

''അവൻ ക്ഷീണിച്ചിരിക്കുന്നവനു ശക്തി നൽകന്നു; ബലമില്ലാത്തവനു ബലം വർദ്ധിപ്പിക്കുന്നു. ബാല്യക്കാർ ക്ഷീണിച്ചു തളർന്നുപോകും; യൗവനക്കാരും ഇടറി വീഴും. എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറക് അടിച്ച് കയറും; അവർ തളർന്നുപോകാതെ ഓടു കയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും'' (40:29-31).

''ഇതാ, ഞാൻ നിന്നെ പുതിയതും മൂർച്ചയുള്ളതും പല്ലേറിയതും ആയ മെതിവ ണ്ടിയാക്കി തീർക്കുന്നു'' (41:15).

''നീ വെള്ളത്തിൽക്കൂടി കടക്കുമ്പോൾ ഞാൻ നിന്നോടുകൂടി ഇരിക്കും; നീ നദിക ളിൽക്കൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവികയില്ല. നീ തീയിൽക്കൂടി നട ന്നാൽ വെന്തുപോകയില്ല'' (43:2).

''ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ? താൻ പ്രസവിച്ച മകനോടു കരുണ തോന്നാതിരിക്കുമോ? അവർ മറന്നുകളഞ്ഞാലും ഞാൻ നിന്നെ മറക്കയില്ല. ഇതാ, ഞാൻ നിന്നെ എന്റെ ഉള്ളംകൈയിൽ വരച്ചിരിക്കുന്നു'' (49:15,16).

''യിസ്രായേലിന്റെ ദൈവം നിങ്ങൾക്കു പിൻപട ആയിരിക്കും'' (52:12).

യെശയ്യാവ് മൂന്നു വർഷം ചെരിപ്പിടാതെയും നഗ്നനായും നടന്നതായി ഈ കൃതി യിൽ പറയുന്നു (20:3). ലൂസിഫറിന്റെ പതനത്തെപ്പറ്റി വിവരിക്കുന്ന രണ്ടു ബൈബിൾക്കൃ തികളിലൊന്നാണിത് (14:12-15). അതിന്റെ ആഖ്യാനം അത്യന്തം ശക്തമായി പ്രവാചകൻ ആവിഷ്കരിച്ചിട്ടുണ്ട്. 'ഞാൻ' അഞ്ചുതവണ പ്രസ്തുത സന്ദർഭത്തിൽ ആവർത്തിച്ച

തിൽനിന്ന് അഹംഭാവത്തിൽനിന്നുണ്ടായ അധ:പതനമായിരുന്നു അതെന്നു മനസ്സിലാക്കാം. യിസ്രായേൽ രാജ്യം പുന:സ്ഥാപിക്കപ്പെടും എന്ന് യെശയ്യാപ്രവചനത്തിൽ സൂചിപ്പിച്ചിട്ടുണ്ട് (27:12, 43:6). യെശയ്യാവിന്റെ ഭാര്യയും പ്രവാചികയായിരുന്നു (8:3). ബൈബിളിലെ ഏറ്റവും വലിയ പേര് യെശയ്യാപ്രവചനത്തിലാണുള്ളത്. യെശയ്യാവിന്റെ മകന്റെ പേരാണത്: മഹേർ-ശാലാൽ ഹാശ്-ബസ് (8:1). മൂന്നു വ്യത്യസ്ത സന്ദർഭങ്ങളിൽ യെശയ്യാപ്രവചനത്തെപ്പറ്റി പുതിയനിയമത്തിൽ പരാമർശിക്കുന്നുണ്ട്. യേശു ശബ്ബത്തിൽ പള്ളിയിൽചെന്നു വായിച്ചത് യെശയ്യാപ്രവചനമായിരുന്നു (ലൂക്കൊ.4:16). പുതിയനിയമത്തിൽ മറ്റു രണ്ടിടത്തും ഈ പുസ്തകത്തെപ്പറ്റി സൂചിപ്പിച്ചിരിക്കുന്നു (അപ്പൊ.പ്ര. 8:28, 28:27).

ഐക്യരാഷ്ട്രസഭയുടെ ആസ്ഥാനത്തെ യെശയ്യാമതിലിൽ (Isaiah Wall) ഈ പുസ്തകത്തിലെ ‘‘അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചു തീർക്കും; ജാതി ജാതിക്കുനേരേ ഇനി വാളോങ്ങുകയില്ല; അവർ ഇനി യുദ്ധം അഭ്യസിക്കുകയുമില്ല’’ എന്ന വാക്യം എഴുതിവച്ചിട്ടുണ്ട് (2:4).

**2.1.4.1.2. യിരെമ്യാവ്**

യെശയ്യാപ്രവാചകനുശേഷം 100 വർഷം കഴിഞ്ഞു ജനിച്ച യിരെമ്യാവിന്റെ പ്രവചനം യഹൂദയുടെ ഇരുണ്ട കാലത്തുണ്ടായതാണ്. സങ്കീർത്തനം കഴിഞ്ഞാൽ ബൈബിളിലെ ഏറ്റവും വലിയ പുസ്തകമാണ് യിരെമ്യാവ്. ആത്മകഥാത്മകപരാമർശങ്ങളുള്ള പ്രവചനമാണിത്. അഗ്നിക്കിരയാക്കിയ ഏകബൈബിൾഗ്രന്ഥമാണ് യിരെമ്യാവ്. അതിനുശേഷം വീണ്ടും എഴുതിയതാണ് ഇപ്പോഴുള്ളത് (36:21-23, 36:27-28,32). കാലാനുക്രമത്തിലല്ല ഇതിൽ പ്രവചനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. ബി.സി. 605 ൽ ബാബിലോൺ രാജാവ് യെരൂശലേം ആക്രമിച്ച് ദാനീയേലിനെയും മൂന്നു സുഹൃത്തുക്കളെയും തടവുകാരാക്കി ബാബിലോണിലേക്കു കൊണ്ടുപോയി. ബി.സി. 597 ൽ വീണ്ടും യെരൂശലേമിനെ ആക്രമിച്ച് യഹോയാക്കീൻ രാജാവിനെയും പതിനായിരം പ്രജകളെയും തടവുകാരാക്കി. ഈ കാലത്തെല്ലാം യിരെമ്യാവിനു യെരൂശലേമിലെ പുരോഹിതരിൽനിന്നും കള്ളപ്രവാചകന്മാരിൽനിന്നും പരിഹാസവും പീഡനങ്ങളും സഹിക്കേണ്ടി വന്നു. ഇതിൽനിന്നെല്ലാം രക്ഷപ്പെട്ട യിരെമ്യാവ് ഫലപ്രദമായി പ്രവാചകശുശ്രൂഷ നിർവഹിച്ചു.

പ്രവാചകവൃത്തിനിമിത്തം അസാധാരണമായ കഷ്ടപ്പാടുകൾ യിരെമ്യാവിന് അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. അതിന്റെ വിവരങ്ങൾ മറ്റൊരു പ്രവചനത്തിലും ഇല്ലാത്ത വിധം യിരെമ്യാവിൽ കാണാം. യിരെമ്യാവ് അവിവാഹിതനായി കഴിയേണ്ടി വന്നു (16:2). ജന്മദിവസത്തെ ശപിക്കത്തക്ക കഷ്ടങ്ങൾ അദ്ദേഹത്തിനു നേരിട്ടു (20:14). യിരെമ്യാവ് കാരാഗൃഹത്തിലും ചെളിക്കുഴിയിലും കഴിയേണ്ടിവന്നു (37:16, 38:65).

ദൈവത്തിന്റെ നിർദ്ദേശപ്രകാരം കുശവന്റെ വീട്ടിൽ പോയി കുശവന്റെ തൊഴിലിനെപ്പറ്റി ശ്രദ്ധിക്കുകയും മൺകുടം വിലയ്ക്കു വാങ്ങുകയും ചെയ്തു യിരെമ്യാവ് (18,19 അധ്യായങ്ങൾ).

ആലങ്കാരികപ്രയോഗങ്ങൾ യെശയ്യാപ്രവചനത്തിലെപ്പോലെ യിരെമ്യാവിലും ഉണ്ട്.

> ''കൂശ്യനു തന്റെ ത്വക്കും പുള്ളിപ്പുലിക്കു തന്റെ പുള്ളിയും മാറ്റുവാൻ കഴിയുമോ?'' (13:23).
>
> ''ന്യായമായിട്ടല്ലാതെ ധനം സമ്പാദിക്കുന്നവൻ, താൻ ഇടാത്ത മുട്ട പൊരുന്നിരിക്കുന്ന തിത്തിരിപക്ഷിയെപ്പോലെയാകുന്നു'' (17:11).

ആകാശരാജ്ഞിയെപ്പറ്റി പ്രതിപാദിക്കുന്ന ഏക വേദപുസ്തകകൃതിയാണിത് (7:18, 44:17-19).

**2.1.4.1.3. വിലാപങ്ങൾ**

ബൈബിളിലെ കാവ്യഗ്രന്ഥങ്ങളിൽ അവസാനത്തേതാണ് വിലാപങ്ങൾ. വിലാപങ്ങളെപ്പറ്റി മാത്രം പ്രതിപാദിക്കുന്ന ബൈബിളിലെ ഏകഗ്രന്ഥവും ഇതുതന്നെ. യിരെമ്യാവാണ് ഈ കൃതിയും രചിച്ചത്. വിലാപങ്ങളോടെ ആരംഭിച്ച് അനുതാപപ്രാർത്ഥനയോടെ ഈ ഗ്രന്ഥം അവസാനിക്കുന്നു. ബാബിലോണിയൻ ആക്രമണത്തിൽ തകർന്നടിഞ്ഞ യെരൂശലേം ദൈവാലയത്തെയും നഗരത്തെയും നോക്കി 'അയ്യോ, ജനപൂർണ്ണയായിരുന്ന നഗരം ഏകാന്തയായിരിക്കുന്നതെങ്ങനെ? ജാതികളിൽ മഹതിയായിരുന്നവൾ വിധവയെപ്പോലെ ആയതെങ്ങനെ?' എന്നു ചോദിച്ചുകൊണ്ടാണ് ഗ്രന്ഥാരംഭം.

ബി.സി. 587 ൽ യെരൂശലേം നഗരം നശിക്കുകയും സമ്പന്നത ഇല്ലാതാകുകയും ചെയ്തു. വിദേശസൈന്യത്തിന്റെ നീണ്ട ഉപരോധത്തിൽ നഗരവാസികളെല്ലാം ദാരിദ്ര്യത്താൽ മരണമടഞ്ഞു. സാമ്പത്തിക സാമൂഹികതകർച്ചയെക്കാൾ വിശ്വാസത്തിന്റെ തകർച്ചയായിരുന്നു ഏറ്റവും ശക്തം. ആ ഭൂമികയിൽ നിന്നുയരുന്ന നിലവിളികളാണ് വിലാപങ്ങളിലെ പ്രതിപാദ്യം. ''കരുണയുള്ള സ്ത്രീകൾ തങ്ങളുടെ പൈതങ്ങളെ സ്വന്തകൈകൊണ്ടു പാകം ചെയ്തു; അവർ എന്റെ ജനത്തിൻപുത്രിയുടെ നാശത്തിങ്കൽ അവർക്ക് ആഹാരമായിരുന്നു'' (4:10). മക്കളെക്കൊന്നു വിശപ്പടക്കേണ്ട പരിതാപകരമായ അവസ്ഥ വന്നതായി ഈ ഭാഗം കാണിക്കുന്നു.

**2.1.4.1.4. യെഹെസ്കേൽ**

ബൈബിളിലെ 26-ാമത്തെ പുസ്തകമാണ് യെഹെസ്കേൽ. അദ്ദേഹം ബാബിലോണിൽ പ്രവാസിയായിരുന്ന കാലത്ത്, കേബാർ നദീതീരത്തുവെച്ച് ദൈവം പ്രത്യക്ഷപ്പെട്ടു നൽകിയ ദിവ്യദർശനങ്ങളുടെയും പ്രവാസികൾക്കു നൽകിയ സന്ദേശങ്ങളുടെയും വിവരണങ്ങളാണ് ഈ കൃതി. ഈ പുസ്തകത്തിന്റെ ആദ്യപകുതിയിൽ യഹൂദയിൽ ശേഷിച്ചിരിക്കുന്ന ജനങ്ങൾ ആക്രമിക്കപ്പെട്ട് ബന്ദികളായി പിടിക്കപ്പെടുമെന്നും യെരൂശലേം നശിപ്പിക്കപ്പെടുമെന്നുമുള്ള നിരാശാജനകമായ പ്രവചനങ്ങളാണുള്ളത്. ബാബിലോണിലേക്കു പ്രവാസികളായിപ്പോയവർ തിരിച്ചുവരുമെന്നും യഹൂദാരാഷ്ട്രം കെട്ടിപ്പടുക്കുമെന്നും യെരൂശലേം പുനരുദ്ധരിക്കപ്പെടുമെന്നും ദൈവാലയം പുതുക്കിപ്പണിയുമെന്നും യഹൂ

ദയ്ക്കു മഹത്തായ ഭാവി ഉണ്ടാകുമെന്നും ഈ പുസ്തകത്തിന്റെ രണ്ടാം ഭാഗത്തു പറയുന്നു.

കാലക്രമം കൃത്യമായി സൂചിപ്പിച്ച് എഴുതിയിരിക്കുന്ന ഏകപ്രവചനഗ്രന്ഥം യെഹെസ്കേൽ ആണ്. യെഹെസ്കേൽ പ്രവചനത്തിലെ പ്രഥമവാക്യംതന്നെ കാലസൂചനയുള്ളതാണ്. മനുഷ്യപുത്രൻ എന്നു യേശുവിനെക്കൂടാതെ വ്യവഹരിക്കപ്പെട്ട ബൈബിളിലെ ഏകകഥാപാത്രം യെഹെസ്കേലാണ്. നീതിയാൽ സ്വന്തജീവനെ രക്ഷിച്ചവരെന്നു നോഹ, ദാനീയേൽ, ഇയ്യോബ് എന്നിവരെ പേരെടുത്തു പരാമർശിക്കുന്ന പ്രവചനഗ്രന്ഥം ഇതുമാത്രമാണ് (14:14,20). 'യഥാമാതാ തഥാ പുത്രി', 'അപ്പന്മാർ പച്ചമുന്തിരിങ്ങ തിന്നു മക്കളുടെ പല്ലു പുളിച്ചു' എന്നീ പഴഞ്ചൊല്ലുകൾ ഈ കൃതിയിൽ കാണാം (16:44,18:2).

**2.1.4.1.5. ദാനീയേൽ**

ദർശനങ്ങളും കഥകളും സമ്മിശ്രമായി വരുന്ന പ്രവചനമാണ് ദാനീയേൽ. ഗ്രന്ഥകർത്താവും പ്രധാനകഥാപാത്രവും ദാനീയേൽതന്നെ. സ്വഭാവന്യൂനതകൾ ഒന്നും പറയാനില്ലാത്ത ബൈബിളിലെ അപൂർവ്വം കഥാപാത്രങ്ങളിൽ ഒരാളാണ് ദാനീയേൽ. ദാനീയേലിന്റെ 12 അധ്യായങ്ങളിൽ ആറിലും ദർശനവിവരണമുണ്ട്. എസ്രായെപ്പോലെ ദാനീയേലും രണ്ടു വ്യത്യസ്തമൂലഭാഷകളിലാണ് എഴുതപ്പെട്ടത്: ഹീബ്രു, അരമായ. ദാനീയേലിൽ കാണുന്ന യുഗാന്ത്യവിവരണശൈലിയിൽതന്നെ വിരചിതമാണ് പുതിയനിയമത്തിലെ വെളിപ്പാട്. മശീഹാ എന്ന വാക്ക് പ്രത്യക്ഷപ്പെടുന്ന ഏക പഴയനിയമഗ്രന്ഥം ദാനീയേൽ ആണ്. അഭിഷിക്തൻ എന്നാണ് മലയാളത്തിലെ എല്ലാ തർജ്ജമയിലും മശീഹായുടെ പ്രയോഗം (9:25-26). മരിച്ചവർ പുനരുത്ഥാനം ചെയ്യും എന്ന ആശയം അവതരിപ്പിക്കുന്ന പഴയനിയമപുസ്തകമാണ് ദാനീയേൽ. ''നീയോ അവസാനം വരുവോളം പൊയ്ക്കൊൾക; നീ വിശ്രമിച്ച് കാലാവസാനത്തിങ്കൽ നിന്റെ ഓഹരി ലഭിപ്പാൻ എഴുന്നേറ്റുവരും'' (12:13). പുനരുത്ഥാനം ചെയ്ത നീതിമാന്മാർക്ക് പ്രതിഫലവും ദുഷ്ടന്മാർക്കു ശിക്ഷയും ലഭിക്കുമെന്നും ദാനീയേൽ പറയുന്നു.

നെബുക്കദ്നേസർ രാജാവ് സ്വർണ്ണബിംബത്തെ പ്രതിഷ്ഠിച്ച് അതിനെ സകലരും വണങ്ങണമെന്ന് ഉത്തരവിടുന്നു. എന്നാൽ ശദ്രക്, മേശക്, അബേദ്നഗോ എന്നിവർ അത് അനുസരിച്ചില്ല. അവരെ തീച്ചൂളയിൽ ഇടുന്നു. അവർ സുരക്ഷിതരായിത്തന്നെ തീച്ചൂളയിൽനിന്നു പുറത്തുവരുന്നു. അവരുടെ ദൈവത്തെ സകലരും ആരാധിക്കണമെന്നു രാജാവ് ഉത്തരവിടുന്നു. ഇതുപോലെ മറ്റൊരു അത്ഭുതവും ഉണ്ട്. ദാര്യാവേശ് രാജാവ് ദാനീയേലിനെ രാജ്യം മുഴുവൻ അധികാരിയായി നിയമിക്കാൻ നിശ്ചയിച്ചതറിഞ്ഞ് മറ്റുള്ളവർ അവനെ ഇല്ലാതാക്കാൻ പദ്ധതിയിടുന്നു. അടുത്ത മുപ്പതുദിവസത്തേക്കു രാജാവിനോടല്ലാതെ ആരും പ്രാർത്ഥിക്കാൻ പാടില്ലെന്ന ഉത്തരവിറക്കുന്നു. ദാനീയേൽ തന്റെ ദൈവത്തോടു തന്നെ പ്രാർത്ഥിക്കുന്നു. ദാനീയേലിനെ സിംഹക്കുഴിയിലിടുന്നു. എന്നാൽ ദൈവദൂതൻ സിംഹങ്ങളുടെ വായ് അടച്ചുകളയുന്നു. ഇതുകണ്ട രാജാവ് ദാനീയേലിനെ കുറ്റം

വിധിച്ചവരെ സിംഹങ്ങൾക്കു ഭക്ഷണമാക്കുകയും സകലരും ദാനീയേലിന്റെ ദൈവത്തെ ആരാധിക്കണമെന്ന് കല്പനയിറക്കുകയും ചെയ്തു. ഈ കൃതിയിലെ കഥാപരമായ കാര്യങ്ങൾ ഇത്രയുമാണ്. ബാക്കിയുള്ളവ പലവിധ വ്യാഖ്യാനങ്ങൾക്കു സാധ്യതയുള്ള സ്വപ്നങ്ങളും ദർശനങ്ങളുമാണ്.

### 2.1.4.2. ചെറിയ പ്രവാചകന്മാർ

വലിയ പ്രവാചകന്മാർക്കുശേഷം 12 ചെറിയ പ്രവാചകന്മാരുടെ കൃതികൾ ബൈബിളിൽ ഉൾപ്പെട്ടിരിക്കുന്നു: ഹോശേയ, യോവേൽ, ആമോസ്, ഓബദ്യാവ്, യോനാ, മീഖാ, നഹൂം, ഹബക്കൂക്, സെഫന്യാവ്, ഹഗ്ഗായി, സെഖര്യാവ്, മലാഖി.

#### 2.1.4.2.1. ഹോശേയ

ചെറിയ പ്രവാചകന്മാരിൽപ്പെടുന്ന ആദ്യകൃതിയാണ് ഹോശേയ. വേശ്യയെ ദൈവനിർദ്ദേശമനുസരിച്ചു വിവാഹം കഴിച്ച വ്യക്തിയാണ് ഹോശേയ. അദ്ദേഹത്തിന്റെ ഭാര്യ ഗോമറിന്റെ അവിശ്വസ്തതയെ യിസ്രായേലിന്റെ അവിശ്വസ്തതയോടും അവൾ വേശ്യാവൃത്തിയിലേക്കു തിരിഞ്ഞത് യിസ്രായേൽ അന്യദേവന്മാരിലേക്കു തിരിഞ്ഞതിന്റെയും ലക്ഷണമായി ഈ കൃതി അവതരിപ്പിക്കുന്നു. അന്യപുരുഷന്മാരെ തേടിപ്പോയ ഗോമറിനെ ഹോശേയ വീണ്ടും സ്വീകരിച്ചതിനെ ദൈവം യിസ്രായേലിനെ പുന:സ്ഥാപിച്ചതിന്റെ ലക്ഷണമായും ഗ്രന്ഥകാരൻ പ്രതിപാദിക്കുന്നു.

ഗദ്യപദ്യസമ്മിശ്രമായ ഹോശേയ പ്രവചനം ഉപമ, രൂപകം എന്നിവകൊണ്ട് സമൃദ്ധമാണ്. ദൈവത്തെ ഭർത്താവ്, പിതാവ്, സിംഹം, പുള്ളിപ്പുലി, കരടി, മഞ്ഞ്, മഴ, സരളവൃക്ഷം, പുഴു, വ്രണം എന്നിവയോട് സാദൃശ്യപ്പെടുത്തുന്നു. യിസ്രായേലിനെ ഭാര്യ, രോഗി, പൊട്ടപ്രാവ്, പശുക്കിടാവ്, പടർന്നിരിക്കുന്ന മുന്തിരിവള്ളി, മുന്തിരിപ്പഴം, താമര, ഒലിവുവൃക്ഷം, ഗർഭാസന്നയായ സ്ത്രീ, അടുപ്പ്, പ്രഭാതമേഘം, പ്രഭാതമഞ്ഞ്, പതിര്, പുക എന്നിവയോടും ഹോശേയ സാദൃശ്യപ്പെടുത്തുന്നു. ഇത്രയും അലങ്കാരങ്ങൾ നിറഞ്ഞ ബൈബിൾക്കൃതി വേറെയില്ല. 'കാറ്റു വിതച്ചു കൊടുങ്കാറ്റു കൊയ്യുക' എന്ന ജനകീയശൈലി ഈ ഗ്രന്ഥത്തിലുള്ളതാണ് (8:7). ''എഫ്രയീം മറിച്ചിടാത്ത ദോശ ആകുന്നു'' (7:8). ''ശമര്യയോ, അതിന്റെ രാജാവ് വെള്ളത്തിലെ ചുള്ളിപോലെ നശിച്ചുപോകും'' (10:7) എന്നിങ്ങനെ എത്രയോ സാദൃശ്യങ്ങൾ ഈ കൃതിയിലുണ്ട്.

#### 2.1.4.2.2. യോവേൽ

യെഹൂദാരാജാവായിരുന്ന യോവാശിന്റെ കാലത്ത് വെട്ടുക്കിളിയുടെ ആക്രമണംമൂലം വിള നശിച്ച് ജനം ക്ഷാമത്തിലായപ്പോൾ ജനത്തോട് അറിയിച്ച ദൈവിക അരുളപ്പാടുകളാണ് യോവേൽ പ്രവചനം. മൂന്ന് അധ്യായങ്ങളേ ഈ കൃതിയിലുള്ളൂ. യോവേൽ രണ്ടാം അധ്യായത്തിലെ പ്രവചനവാക്യങ്ങൾ ഈ കൃതിയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ''അതിന്റെ ശേഷമോ, ഞാൻ സകല ജഡത്തിൻമേലും എന്റെ ആത്മാ

വിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും; നിങ്ങളുടെ യൗവനക്കാർ ദർശനങ്ങളെ ദർശിക്കും. ദാസന്മാരുടെമേലും ദാസിമാരുടെമേലും ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും'' (2:28-29). പുതിയനിയമത്തിലെ അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ എന്ന പുസ്തകത്തിൽ പരിശുദ്ധാത്മാവിന്റെ ആഗമനമുണ്ടായതിനെപ്പറ്റി പ്രതിപാദിക്കുമ്പോൾ യോവേൽ പ്രവചനത്തിലെ ഈ വാക്യം ഉദ്ധരിക്കുന്നുണ്ട് (2:17-18). ലിംഗഭേദമോ വർഗഭേദമോ പ്രായഭേദമോ കൂടാതെ സകലർക്കും ദൈവികവരങ്ങൾ അനുഭവമാക്കാം എന്ന് ഉറപ്പു കൊടുക്കുന്നതിനാൽ വിശ്വാസികളെ ഏറെ ആഹ്ലാദിപ്പിക്കുന്ന വാക്യങ്ങളാണിത്.

#### 2.1.4.2.3. ആമോസ്

യിസ്രായേല്യരും യഹൂദരും സമ്പന്നതയിലും അതേസമയം അധാർമ്മികതയിലും കഴിഞ്ഞപ്പോൾ ആമോസിൽക്കൂടി ദൈവം നടത്തിയ ഇടപെടലുകളാണ് ആമോസ് പ്രവചനം. യിസ്രായേൽ ദൈവത്തോടു ചെയ്ത അപരാധങ്ങളും ദൈവം അതിനുനൽകുന്ന ശിക്ഷാവിധികളും ഇതിൽ പ്രതിപാദിക്കുന്നു. ആമോസിന്റെ കാലത്ത് യഹൂദ ഉസ്സിയാവും യിസ്രായേൽ യെരോബയാം രണ്ടാമനുമായിരുന്നു ഭരിച്ചിരുന്നത്. ഇക്കാലത്ത് വിഗ്രഹാരാധന, ആഡംബരജീവിതം, സാധുജനപീഡ, വ്യഭിചാരം, കൊലപാതകം, മോഷണം മുതലായ പാപങ്ങളിൽ ജനം മുഴുകി. ജനങ്ങളുടെ പാപങ്ങൾക്കു തക്ക ന്യായവിധി ഉണ്ടാവുമെന്നും മനംതിരിയുകയാണ് നല്ലതെന്നും ആമോസ് അവരെ ഉദ്ബോധിപ്പിച്ചു. ''അവർ പാതാളത്തിൽ തുരന്നു കടന്നാലും അവിടെനിന്ന് എന്റെ കൈ അവരെ പിടിക്കും. അവർ ആകാശത്തിലേക്കു കയറിപ്പോയാലും അവിടെനിന്നു ഞാൻ അവരെ ഇറക്കും. അവർ കർമ്മേലിന്റെ കൊടുമുടിയിൽ ഒളിച്ചിരുന്നാലും ഞാൻ അവരെ തിരഞ്ഞ് അവിടെനിന്നു പിടിച്ചുകൊണ്ടു വരും'' (9:2-3). പാപംചെയ്തവരെ ശിക്ഷിക്കുവാൻ മടിക്കാത്ത ദൈവത്തിന്റെ ചിത്രം ആമോസ് അവതരിപ്പിക്കുന്നു.

#### 2.1.4.2.4. ഓബദ്യാവ്

പഴയനിയമത്തിലെ ഏറ്റവും ചെറിയപുസ്തകം ഓബദ്യാവാണ്; ഒരധ്യായം മാത്രമേയുള്ളൂ; ഇരുപത്തിയൊന്നു വാക്യങ്ങളും. ഏദോമിന്റെ നാശം എന്നതാണ് ഈ പുസ്തകത്തിലെ പ്രതിപാദ്യം. ഈ കൃതി പുതിയനിയമത്തിൽ ഉദ്ധരിക്കപ്പെട്ടിട്ടില്ല.

#### 2.1.4.2.5. യോനാ

യോനാപ്രവചനത്തിൽ ഒരു വരിയിൽ മാത്രം ഒതുങ്ങുന്ന പ്രവചനമേയുള്ളൂ; കഥാസ്വഭാവം പ്രകടിപ്പിക്കുന്നതാണ് ശേഷിക്കുന്ന ഭാഗങ്ങൾ. യോനാപ്രവാചകനോട് ദൈവം നീനെവേയിൽ പോയി പ്രസംഗിക്കാൻ ആവശ്യപ്പെടുന്നു. അതു ധിക്കരിച്ച് യോനാ തർശ്ശീശിലേക്കു കപ്പൽ കയറി. കടൽക്ഷോഭത്തിൽപ്പെട്ട കപ്പലിൽനിന്നു യോനായെ കടലിലെറിയുന്നു. കടലിൽവച്ച് മഹാമത്സ്യം യോനായെ വിഴുങ്ങുന്നു. മൂന്നു ദിവസം മീനിന്റെ വയറ്റിൽ കിടന്ന യോനാ പ്രാത്ഥിച്ചപ്പോൾ മീൻ കരയ്ക്ക് കൊണ്ടുവന്ന്

ഛർദ്ദിച്ചു. പിന്നീട് ദൈവനിർദ്ദേശമനുസരിച്ച് നീനെവേയിൽ പോയി പ്രസംഗിക്കുന്നു. നാല്പതു ദിവസം കഴിയുമ്പോൾ നീനെവേ നശിക്കും എന്ന് യോനാ പ്രവചിച്ചു. എന്നാൽ നീനെവേക്കാർ ഒന്നടങ്കം ഉപവസിക്കുകയും മാനസാന്തരപ്പെടുകയും ചെയ്തപ്പോൾ ദൈവം അവരെ നശിപ്പിച്ചില്ല. തന്റെ പ്രവചനം നിറവേറാത്തതിൽ യോനായ്ക്ക് കോപം വരുകയും മരിച്ചാൽ മതി എന്നു പറയുകയും ചെയ്യുന്നു. അപ്പോൾ ദൈവം യോനായ്ക്കു തണൽ കിട്ടാൻവേണ്ടി ഒരു ആവണക്കിനെ വളർത്തി. പിന്നീട് അതിനെ ദൈവം ഉണക്കി ക്കളഞ്ഞു. അത്യുഷ്ണം നിമിത്തം മരിച്ചാൽ മതി എന്നു യോനാ പറയുന്നു. അപ്പോൾ ദൈവം യോനായ്ക്ക് ആവണക്കിനോട് അനുകമ്പ തോന്നിയതുപോലെ ദൈവത്തിന് ഒരുലക്ഷത്തിയിരുപതിനായിരത്തിൽപരം ആളുകളുള്ള, അനേകം മൃഗങ്ങളുള്ള നീനെവേക്കാരോട് അനുകമ്പ തോന്നരുതോ എന്നു ചോദിക്കുന്നതോടെ യോനാപ്രവ ചനം അവസാനിക്കുന്നു.

യോനായുടേത് കേവലം കെട്ടുകഥയെന്നു തോന്നുമെങ്കിലും പുതിയനിയമത്തിൽ യേശു ഈ സംഭവം ഉദാഹരിച്ച് “യോനാ കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും” എന്നു തന്റെ മരണത്തോടു ബന്ധിപ്പിച്ചു പരാമർശിച്ചിട്ടുണ്ട് (മത്താ.12:40).

#### 2.1.4.2.6. മീഖാ

മീഖാപ്രവചനത്തിലും മുമ്പ് സൂചിപ്പിച്ച പ്രവചനങ്ങളിലെപ്പോലെ യിസായേലിനും യഹൂദയ്ക്കും അവരുടെ അധർമ്മപ്രവൃത്തികൾനിമിത്തം സംഭവിക്കാനിരിക്കുന്ന ശിക്ഷകളും പശ്ചാത്തപിച്ചാൽ ഉണ്ടാകാവുന്ന അനുഗ്രഹങ്ങളും പ്രതിപാദിക്കുന്നു. മശീഹാ ജനിക്കുന്നത് ബേത്ലഹേമിലായിരിക്കും എന്ന പ്രസിദ്ധ പ്രവചനം മീഖായിൽ രേഖപ്പെടുത്തിയിരിക്കുന്നു (5:2).

#### 2.1.4.2.7. നഹൂം

ബൈബിളിലെ 34-ാമത്തെ പുസ്തകമായ നഹൂം നീനെവേയുടെ നാശം ചിത്രീ കരിക്കുന്നു. പുതിയനിയമത്തിൽ പരാമർശിക്കപ്പെടാത്ത കൃതിയാണിത്. ദൈവം ദീർഘ ക്ഷമയുള്ളവനും വിശ്വസിക്കുന്നവർക്ക് അഭയകേന്ദ്രവുമാണെന്നും അല്ലാത്തവരെ ശിക്ഷി ക്കുമെന്നും ഈ രചനയും പ്രഘോഷിക്കുന്നു. ദൈവത്തിന്റെ നീതിയുള്ള രാജ്യം ആത്യ ന്തികമായി ജയിക്കുമെന്നതാണ് ഈ കൃതിയിലെ മുഖ്യസന്ദേശം.

#### 2.1.4.2.8. ഹബക്കൂക്

യിസ്രായേലിനെ പീഡിപ്പിച്ച ഒരു ഭരണാധിപന്റെ നാശം ഹബക്കൂക് പ്രവചനം വിവരിക്കുന്നു. ഹബക്കൂക്കും ദൈവവും ദർശനങ്ങളിൽകൂടി നടത്തിയ സംവാദങ്ങളുടെ ആവിഷ്കാരമത്രേ ഈ കൃതി. അഗാധമായ സംശയം ആദ്യന്തം ഈ പുസ്തകത്തിൽ

നിറഞ്ഞുനിൽക്കുന്നു. പഴയനിയമത്തിലെ സംശയിക്കുന്ന തോമസ് എന്നാണ് ഹബക്കൂക് അക്കാരണത്താൽ അറിയപ്പെടുന്നത് (Willmington 2011:156). യഹൂദയിലെ ജനങ്ങളുടെ വർദ്ധിച്ചു വരുന്ന അനീതി, അക്രമം, ദുഷ്ടത തുടങ്ങിയ പാപങ്ങൾക്കുനേരേ ദൈവം മൗനം പാലിക്കുന്നതെന്തുകൊണ്ട് എന്നതായിരുന്നു ഹബക്കൂക്കിന്റെ ചോദ്യം. ബാബിലോണ്യർ യഹൂദയെ കീറിക്കളയും എന്നായിരുന്നു ദൈവം മറുപടി കൊടുത്തത്. ദൈവം യഹൂദയെ അവരെക്കാൾ ക്രൂരന്മാരായ രാജ്യത്തെക്കൊണ്ട് ശിക്ഷിക്കുന്നതു നീതിയാണോ എന്നായിരുന്നു ഹബക്കൂക്കിന്റെ അടുത്ത ചോദ്യം. 'നീതിമാനോ വിശ്വാസത്താൽ ജീവിക്കും' എന്നായിരുന്നു ദൈവത്തിന്റെ മറുപടി (2:4). പുതിയനിയമത്തിൽ മൂന്നിടത്ത് ഈ വാക്യം ഉദ്ധരിച്ചിട്ടുണ്ട് (റോമ.1:17, ഗലാ.3:11, എബ്രാ.10:38). മറുപടിയിൽ തൃപ്തനായ ഹബക്കൂക് ദൈവമഹത്വത്തെ വർണ്ണിക്കുന്ന പ്രാർത്ഥനാഗീതത്തോടെ കൃതി ഉപസംഹരിക്കുന്നു.

**2.1.4.2.9. സെഫന്യാവ്**

ദൈവത്തിന്റെ ആസന്നമായ ന്യായവിധിയെക്കുറിച്ച് സെഫന്യാവ് വ്യക്തമാക്കുന്നു. 'കർത്താവിന്റെ ദിവസം' എന്നാണ് അതു വ്യവഹരിക്കപ്പെടുന്നത്. ഈ കൃതിയുടെ അന്ത്യത്തിൽ യിസ്രായേലിന് ശുഭഭാവിയും പുനഃസ്ഥാപനവും ഉണ്ടെന്നു വാഗ്ദാനം ചെയ്യുന്നു.

ഹഗ്ഗായി, സെഖര്യാവ്, മലാഖി എന്നീ മൂന്നു കൃതികളാണ് പഴയനിയമഗ്രന്ഥങ്ങളിൽ ഇനി അവശേഷിക്കുന്നത്. ഇവർ മൂവരും യിസ്രായേല്യർ പ്രവാസത്തിൽനിന്നും തിരിച്ചുവന്ന് യെരൂശലേം ദൈവാലയത്തിന്റെ പുനർനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്ന കാലത്ത് പ്രവാചകവൃത്തി ചെയ്തവരായതിനാൽ പ്രവാസാനന്തര പ്രവാചകന്മാർ എന്നറിയപ്പെടുന്നു. ദൈവത്തിനും ദൈവാലയത്തിനും പ്രാധാന്യം കൊടുത്താൽ അനുഗ്രഹിക്കപ്പെടുമെന്ന് പ്രവാസാനന്തര യിസ്രായേലിനെ ഉദ്ബോധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ എഴുതിയ കൃതിയാണ് സെഫന്യാവ്.

**2.1.4.2.10. ഹഗ്ഗായി**

പഴയനിയമത്തിൽ ഓബദ്യാവ് കഴിഞ്ഞാൽ ഏറ്റവും ചെറിയ കൃതി ഹഗ്ഗായി ആണ്. 38 വാക്യങ്ങളേ ഇതിലുള്ളൂ. ബൈബിൾ പ്രവചനങ്ങളിൽ തീയതി കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്ന കൃതികളിൽ ഒന്ന് ഹഗ്ഗായിയുടേതാണ്; ആരംഭവാക്യം മുതൽത്തന്നെ ഇതു കാണാം. യെരൂശലേം ദൈവാലയനിർമ്മാണത്തിന് ജനങ്ങളെ ആഹ്വാനം ചെയ്യുന്നതാണ് ഇതിലെ പ്രമേയം. ''ഈ ആലയം ശൂന്യമായിരിക്കെ നിങ്ങൾക്കു തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലമായോ?'' (ഹഗ്ഗാ.1:4). ദൈവാലയനിർമ്മാണത്തിൽ ജനങ്ങൾക്കുള്ള താത്പര്യമില്ലായ്മയെയും സ്വന്തം ഗൃഹനിർമ്മാണത്തിലുള്ള ഉത്സാഹത്തെയും ദൈവം അപലപിക്കുന്നതായി ഹഗ്ഗായി പറയുന്നു.

**2.1.4.2.11. സെഖര്യാവ്**

യെരൂശലേം ദൈവാലയം പുനർനിർമ്മിക്കുന്നതിന്റെ പ്രസക്തി ബോദ്ധ്യപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ രചിച്ച കൃതിയാണ് സെഖ്യരാപ്രവചനവും. അനുതാപം, ന്യായവിധി, രക്ഷ എന്നിവയുടെ സന്ദേശങ്ങളും ഈ പ്രവചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മശീഹായെ സംബന്ധിച്ച് ഇതര ഗ്രന്ഥങ്ങളിൽ ഉള്ളതിനെക്കാൾ പ്രവചനങ്ങൾ ഇതിൽ കാണപ്പെടുന്നു. യെരൂശലേമിലേക്കുള്ള രാജകീയ പ്രവേശം (9:9), ഒറ്റിക്കൊടുക്കപ്പെടുന്നത് (11:12), ക്രൂശീകരണം (12:10, 13:7) തുടങ്ങി മശീഹായെക്കുറിച്ചുള്ള പതിമൂന്നോളം പ്രവചനങ്ങൾ ഇതിലുണ്ട്. ചെറിയ പ്രവാചകന്മാരുടെ ഗണത്തിലെ വലിയ പ്രവചനം സെഖര്യാവിന്റേതാണ്. വിശുദ്ധനാട് (Holy Land) എന്നു പാലസ്തീനെപ്പറ്റി പരാമർശിക്കുന്ന ബൈബിളിലെ ഏകഗ്രന്ഥം സെഖര്യാവ് ആണ് (2:12). സകലരാജ്യക്കാരും യെരൂശലേം സന്ദർശിക്കാനെത്തുമെന്നും സെഖര്യാവ് പ്രവചിച്ചിട്ടുണ്ട് (8:20-23). പഴയനിയമപ്രവാചകന്മാരിൽ ചുരുങ്ങിയ കാലയളവിനുള്ളിൽ ഏറ്റവും കൂടുതൽ ദർശനങ്ങൾ കണ്ടത് സെഖര്യാവാണ്; ഒറ്റരാത്രിയിൽത്തന്നെ പത്തെണ്ണം കാണുകയുണ്ടായി (1 -6).

**2.1.4.2.12. മലാഖി**

പഴയനിയമത്തിലെ അന്ത്യഗ്രന്ഥമായ മലാഖിയുടെ രചനാപശ്ചാത്തലം മുൻഗ്രന്ഥങ്ങളിൽ സൂചിപ്പിച്ചതു തന്നെ. മലാഖി അക്കാലത്തെ പുരോഹിതന്മാരുടെ അഴിമതി, ജനങ്ങളുടെ പാപങ്ങൾ എന്നിവ വിവരിക്കുന്നു. യഹോവയുടെ മഹത്തും ഭയങ്കരവുമായ ദിവസത്തിന്റെ വരവ്, ന്യായവിധി, വിശ്വസ്തരായ ഒരു ശേഷിപ്പിന്റെ വിടുതൽ, അനുഗ്രഹങ്ങൾ എന്നിവയും മലാഖിപ്രവചനത്തിൽ പ്രതിപാദിക്കുന്നു. മലാഖിയുടെ അവതരണരീതി ചോദ്യോത്തരമാതൃകയിലാണ്. ദശാംശത്തെപ്പറ്റിയുള്ള കാതലായ പരാമർശം ഈ പുസ്തകത്തിൽ കൊടുത്തിട്ടുണ്ട് (3:8-10). ഭക്തന്മാർക്കായി സ്മരണപുസ്തകം ഉണ്ടെന്നു മലാഖി പറയുന്നു (3:16). ഭക്തന്മാർ നിക്ഷേപം ആണെന്നു പറയുന്ന ഏകപുസ്തകവും ഇതാണ് (3:17).

**2.2. പുതിയനിയമം**

ബൈബിളിന്റെ ഉത്തരഭാഗം പുതിയനിയമം എന്നറിയപ്പെടുന്നു. 27 വ്യത്യസ്ത കൃതികൾ ഇതിൽ ഉൾച്ചേർന്നിരിക്കുന്നു. യേശുവിന്റെ ജീവിതവും അനുബന്ധമായുണ്ടായ ക്രൈസ്തവസഭയുടെ ചരിത്രവും വിശ്വാസവിഷയങ്ങളുമാണ് പുതിയനിയമത്തിലെ പ്രമേയങ്ങൾ. പുതിയനിയമകൃതികളെ പ്രധാനമായി അഞ്ചായി തിരിച്ചിട്ടുണ്ട്. 1. സുവിശേഷങ്ങൾ. 2. ചരിത്രം. 3. കത്തുകൾ അഥവാ ലേഖനങ്ങൾ. 4. പൊതുലേഖനങ്ങൾ. 5. പ്രവചനം.

| പുതിയനിയമത്തിലെ 27 പുസ്തകങ്ങൾ | | | | |
|---|---|---|---|---|
| സുവിശേഷങ്ങൾ | ചരിത്രം | ലേഖനങ്ങൾ | | പ്രവചനം |
| മത്തായി<br>മർക്കൊസ്<br>ലൂക്കൊസ്<br>യോഹന്നാൻ | അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ | പൗലൊസിന്റെ ലേഖനങ്ങൾ | പൊതു ലേഖനങ്ങൾ | വെളിപ്പാട് |
| | | റോമർ<br>1 കൊരിന്ത്യർ<br>2 കൊരിന്ത്യർ<br>ഗലാത്യർ<br>എഫെസ്യർ<br>ഫിലിപ്പ്യർ<br>കൊലൊസ്യർ<br>1 തെസ്സലോനിക്യർ<br>2 തെസ്സലോനിക്യർ<br>1 തിമോഥെയോസ്<br>2 തിമോഥെയോസ്<br>തീത്തോസ്<br>ഫിലെമോൻ | എബ്രായർ<br>യാക്കോബ്<br>1 പത്രൊസ്<br>2 പത്രൊസ്<br>1 യോഹന്നാൻ<br>2 യോഹന്നാൻ<br>3 യോഹന്നാൻ<br>യൂദാ | |

#### 2.2.1. സുവിശേഷങ്ങൾ

സുവിശേഷങ്ങൾ നാലാണ്: മത്തായി, മാർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ. യേശുവിന്റെ ജീവിതകഥയാകുന്നു നാലു സുവിശേഷങ്ങളിലെയും പ്രമേയം. എന്നാൽ ഗ്രന്ഥകർത്താക്കളുടെ വീക്ഷണഭേദം വ്യത്യസ്തമായതിനാൽ അവതരണഭേദമുള്ള ആഖ്യാനങ്ങളാണ് ഇവ. വിഷയാവതരണപ്പൊരുത്തമുള്ളതിനാൽ ആദ്യ മൂന്നു കൃതികൾ സമവീക്ഷണസുവിശേഷങ്ങൾ എന്ന് അറിയപ്പെടുന്നു. (നാലു സുവിശേഷങ്ങളെപ്പറ്റിയും 3-ാം അധ്യായത്തിൽ സവിശദം പ്രതിപാദിക്കുന്നതിനാൽ ഇവിടെ ചുരുക്കിയാണ് പറയുന്നത്).

#### 2.2.1.1. മത്തായി

പുതിയനിയമത്തിലെ ആദ്യഗ്രന്ഥം മത്തായി എഴുതിയ സുവിശേഷമാകുന്നു. യേശുവിന്റെ വംശാവലി, ജനനം, സ്നാനം എന്നീ സംഭവങ്ങൾ ആദ്യഭാഗത്തുതന്നെ കാണാം. പ്രസിദ്ധമായ ഗിരിപ്രഭാഷണം ഒതുക്കത്തോടെയും ക്രമമായും അവതരിപ്പിക്കുന്നത് മത്തായിയിലാണ്.

#### 2.2.1.2. മർക്കൊസ്

ഏറ്റവും ചെറുതും ആദ്യം രചിച്ചതും മർക്കൊസിന്റെ സുവിശേഷമാണ്. കാലാനുക്രമത്തിലാകുന്നു സംഭവങ്ങൾ അവതരിപ്പിക്കുന്നത്. യേശുവിന്റെ വാക്കുകളെക്കാൾ പ്രവൃത്തികൾക്കു പ്രാധാന്യം കൊടുക്കുന്ന രചനാരീതി മർക്കൊസ് പിന്തുടരുന്നു.

### 2.2.1.3. ലൂക്കൊസ്

പുതിയനിയമകർത്താക്കളിൽ യഹൂദനല്ലാത്ത ഏകവ്യക്തി ലൂക്കൊസ് ആകുന്നു. സ്ത്രീകൾക്കും ദരിദ്രർക്കും പുറന്തള്ളപ്പെട്ടവർക്കും പ്രാധാന്യം കൊടുക്കുന്ന സുവിശേഷകനും ലൂക്കൊസ് തന്നേ. ഇതര സുവിശേഷകർ രേഖപ്പെടുത്താത്ത യേശുചരിതങ്ങൾ ലൂക്കൊസിന്റെ സുവിശേഷത്തിൽ പ്രതിപാദിക്കുന്നു.

### 2.2.1.4. യോഹന്നാൻ

സമവീക്ഷണസുവിശേഷങ്ങളിൽനിന്നു വേറിട്ടു നിൽക്കുന്ന ശൈലിയത്രേ യോഹന്നാന്റെ സുവിശേഷത്തിലേത്. മറ്റു മൂന്നു സുവിശേഷകരും യേശുവിന്റെ ജീവിതത്തിലെ സംഭവങ്ങൾക്കു പ്രാധാന്യം നൽകിയപ്പോൾ യോഹന്നാൻ ഉപദേശങ്ങളുടെയും പ്രവൃത്തികളുടെയും ആന്തരാർത്ഥങ്ങൾക്കു പ്രാധാന്യം കൊടുക്കുന്നു. യേശുവിന്റെ ദൈവത്വത്തിനു പ്രാധാന്യം നൽകി യോഹന്നാൻ. പ്രഥമവാക്യം തന്നെ പ്രസിദ്ധവും പ്രധാനാശയത്തിലേക്കുള്ള താക്കോൽവാക്യവുമാക്കാൻ യോഹന്നാൻ ശ്രദ്ധിച്ചു. 'ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടു കൂടെയായിരുന്നു. വചനം ദൈവമായിരുന്നു'.

### 2.2.2. ചരിത്രഗ്രന്ഥം

പഴയനിയമത്തിൽനിന്നു വ്യത്യസ്തമായി പൂർണ്ണാർത്ഥത്തിൽ ചരിത്രമെന്നു പറയാവുന്ന ഒരു കൃതിയേ പുതിയനിയമത്തിലുള്ളൂ: അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ. സുവിശേഷങ്ങളിൽ ചരിത്രാംശം ഉണ്ടെങ്കിലും അവ മറ്റൊരു സാഹിത്യരൂപമാണ്.

### 2.2.2.1. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ

സുവിശേഷേതര പുതിയനിയമഗ്രന്ഥമാകുന്നു അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ. ചരിത്രാത്മകതയാണ് മുഖ്യസവിശേഷത. സുവിശേഷകനായ ലൂക്കൊസ് തന്നെയാണ് രചയിതാവ്. യേശുവിന്റെ സ്വർഗ്ഗാരോഹണം, പരിശുദ്ധാത്മാവിന്റെ ആഗമനം എന്നിവ ഗ്രന്ഥാരംഭത്തിൽ വിവരിക്കുന്നു. പൗലൊസ് എന്നു പിന്നീട് അറിയപ്പെട്ട ശൗലിന്റെ മാനസാന്തരം, അദ്ദേഹത്തിന്റെ മിഷനറിയാത്രകൾ, കാരാഗൃഹവാസം എന്നിവയും പ്രധാനപ്രമേയങ്ങളാണ്.

യേശുവിന്റെ ശിഷ്യന്മാർ ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടതിനെപ്പറ്റിയുള്ള ആദ്യപരാമർശം ഈ പുസ്തകത്തിലാണുള്ളത് (11:26). ക്രൈസ്തവപ്രേഷിതപ്രവർത്തനത്തിന് ആധാരമായ വാക്യം ഈ കൃതിയിൽ കാണാം. ''എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും'' (1:8). 28 അധ്യായങ്ങളിലായി പ്രതിപാദിച്ചിരിക്കുന്ന ഗ്രന്ഥത്തിന്റെ സാരസന്ദേശം ഈ വാക്യത്തിൽ ഒതുക്കാം. യേശു സ്വർഗാരോഹണം ചെയ്യുന്നതിനുമുമ്പ് അവസാനമായിപ്പറഞ്ഞ വാക്കുകളാണിത്. മറ്റൊരു പുതിയനിയമകൃതിയിലും യേശുവിന്റെ അന്ത്യമൊഴികൾ ഇല്ല. യേശു

വിന്റെ ആഹ്വാനമനുസരിച്ച് ശിഷ്യന്മാർ യെരൂശലേമിൽനിന്ന് ആരംഭിച്ച് യെഹൂദ്യ, ശമര്യ, എന്നീ സ്ഥലങ്ങൾ പിന്നിട്ട് ഭൂമിയുടെ അറ്റത്തോളം പ്രേഷിതവൃത്തി ചെയ്യുന്നതിന്റെ വിവരണമാണ് അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ (1:1-8:4, 8:5-12:25, 13:28). ആദിമക്രൈസ്തവസഭയുടെ ആരംഭം, മൂന്നുദശകങ്ങളുടെ ചരിത്രം എന്നിവയും ഈ കൃതിയിൽ കാണാം. ബൈബിളിൽ ആദ്യന്തം രക്ഷാചരിത്രം പ്രതിപാദിക്കുന്നുണ്ടെങ്കിലും 'രക്ഷപ്രാപിപ്പാൻ ഞാൻ എന്തുചെയ്യേണം' എന്ന് ഒരു വ്യക്തി ചോദിക്കുന്നതും അതിനുള്ള മറുപടിയും ഈ ഗ്രന്ഥത്തിലാണുള്ളത് (16:30-31).

### 2.2.3. ലേഖനങ്ങൾ

പൗലൊസ് രചിച്ച കത്തിന്റെ സ്വഭാവമുള്ള 13 ലേഖനങ്ങളാകുന്നു പുതിയനിയമത്തിൽ തുടർന്നു വരുന്നത്. റോമർ, 1 കൊരിന്ത്യർ, 2 കൊരിന്ത്യർ, ഗലാത്യർ, എഫെസ്യർ, ഫിലിപ്പിയർ, കൊലൊസ്സ്യർ, 1 തെസ്സലോനിക്യർ, 2 തെസ്സലോനിക്യർ, 1 തിമൊഥെയൊസ്, 2 തിമൊഥെയൊസ്, തീത്തൊസ്, ഫിലേമൊൻ എന്നിവയാണ് പൗലൊസിനാൽ വിരചിതമായ ലേഖനങ്ങൾ. എബ്രായർ ആരെഴുതി എന്ന് വ്യക്തമല്ല. പൗലൊസിൽ കർത്തൃത്വം ആരോപിക്കുന്നുണ്ട്. യാക്കോബ്, 1 പത്രൊസ്, 2 പത്രൊസ്, 1 യോഹന്നാൻ, 2 യോഹന്നാൻ, 3 യോഹന്നാൻ, യൂദാ എന്നിവ പൊതുലേഖനങ്ങൾ എന്ന് അറിയപ്പെടുന്നു.

#### 2.2.3.1. റോമർ

ലേഖനങ്ങളിൽ പ്രഥമം റോമർ ആണ്.  സുവിശേഷം എന്താണെന്ന് ഈ ലേഖനത്തിൽ പൗലൊസ് വിശദീകരിക്കുന്നു. പാപം സാർവ്വജനീനമായതിനാൽ രക്ഷയും എല്ലാ ജനങ്ങൾക്കും ആവശ്യമാണെന്നു പൗലൊസ് വ്യക്തമാക്കുന്നു. ന്യായപ്രമാണം അനുസരിക്കുന്നതിലൂടെയല്ല ദൈവകൃപയാകുന്നു രക്ഷയുടെ അടിസ്ഥാനമെന്നും പൗലൊസ് ലേഖനത്തിലൂടെ വിശദമാക്കുന്നു. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ എല്ലാവർക്കും രക്ഷ പ്രാപിക്കാമെന്ന് പൗലൊസ് പ്രഖ്യാപിക്കുന്നു.

#### 2.2.3.2. കൊരിന്ത്യർ ഒന്നാം ലേഖനം

പൗലൊസ് കൊരിന്ത്യർക്കെഴുതിയ ഒന്നാമത്തെ ലേഖനത്തിൽ കൊരിന്ത്യസഭയിലെ പ്രശ്നങ്ങളും അവയ്ക്കുള്ള പ്രതിവിധികളും നിർദ്ദേശിക്കുന്നു. ആരെഴുതി, ആർക്കെഴുതി എന്നും ആശംസാവാക്യവുമുള്ള ആമുഖത്തോടെയുമാണ് ലേഖനം ആരംഭിക്കുന്നത്. ലേഖനാന്ത്യത്തിൽ പ്രാർത്ഥനയും കൃതജ്ഞതാവാക്യവും ഉൾപ്പെടുന്നു. കൊരിന്ത്യസഭയെക്കുറിച്ച് കത്തുകളിലൂടെയും മറ്റുപാധികളിലൂടെയും അറിഞ്ഞ കാര്യങ്ങൾ പൗലൊസ് പങ്കുവെക്കുകയും സ്വന്തം നിലപാട് വ്യക്തമാക്കുകയും ചെയ്യുന്നു. സഭയ്ക്ക് ഐക്യം, ധാർമ്മികത എന്നിവ വേണം. കുടുംബജീവിതവും സമൂഹജീവിതവും മാതൃകാപരമായിരിക്കണം. വിശുദ്ധന്മാർക്കായി ധർമ്മശേഖരം നടത്തണം എന്നീ കാര്യ

ങ്ങൾ ചെയ്യേണ്ടതിന്റെ ആവശ്യകത ഈ കത്തുകളിലൂടെ പൗലൊസ് ഉദ്ബോധിപ്പിക്കുന്നു.

**2.2.3.3. കൊരിന്ത്യർ രണ്ടാം ലേഖനം**

പൗലൊസിന്റെ ആദ്യലേഖനത്തിലൂടെ കൊരിന്തിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിന്റെ ഫലമായി എഴുതുന്നതാണ് കൊരിന്ത്യർക്കെഴുതിയ രണ്ടാം ലേഖനം. ആദ്യലേഖനത്തെത്തുടർന്നു സഭയിൽ പ്രതിസന്ധി രൂക്ഷമായപ്പോൾ അവരുടെ നിലപാടുകളിൽ പൗലോസിനുണ്ടായ അതൃപ്തി രണ്ടാമത്തെ കത്തിൽ വെളിപ്പെടുത്തുന്നു. ഗ്രന്ഥകാരന്റെ വ്യക്തിപരമായ കാര്യങ്ങൾ ഏറെയുള്ളതിനാൽ സ്വകാര്യ കത്തിന്റെ സ്വഭാവം മുന്നിട്ടു നിൽക്കുന്നു. ശരീരത്തോടെയോ അല്ലാതെയോ ഏതുവിധമായാലും മൂന്നാം സ്വർഗ്ഗം - പറുദീസ - വരെ പൗലൊസ് ഉയർത്തപ്പെട്ടുവെന്ന അത്ഭുതവിവരം ഈ ലേഖനത്തിൽ അവതരിപ്പിക്കുന്നുണ്ട് (12:2-3).

**2.2.3.4. ഗലാത്യർ**

പൗലൊസ് ഗലാത്യർക്കെഴുതിയ ലേഖനമാണ് അടുത്തതായി പുതിയനിയമത്തിൽ ഉൾപ്പെട്ടിരിക്കുന്നത്. മറ്റു ലേഖനങ്ങളുടെ അവതരണശൈലിയാകുന്നു പിൻതുടരുന്നതെങ്കിലും ലേഖനാന്ത്യത്തിൽ നന്ദി പ്രകടിപ്പിക്കുന്നില്ല. പകരം ദൈവത്തിനു മഹത്വം അർപ്പിക്കുന്നതേയുള്ളൂ. ക്രിസ്തുവിന്റെ സുവിശേഷത്തിൽനിന്നു വ്യതിചലിച്ച ഗലാത്യസഭയിലെ അംഗങ്ങളെ സത്യവഴിയിലേക്കെത്തിക്കുകയാണ് രചനാലക്ഷ്യം.

ഒന്നാം അധ്യായത്തിൽ മുഖവുരയും ഈ കത്തെഴുതാനുള്ള കാരണവും പൗലൊസ് വ്യക്തമാക്കുന്നു. രണ്ടാമധ്യായത്തിൽ പൗലൊസ് തന്റെ അപ്പൊസ്തലത്വത്തെ ന്യായീകരിക്കുന്ന വസ്തുതകൾ പറയുന്നു. മൂന്നാം അധ്യായത്തിൽ വിശ്വാസത്താലുള്ള നീതീകരണം, ദൈവത്തിന്റെ വാഗ്ദത്തം, ന്യായപ്രമാണത്തിന്റെ പ്രവൃത്തി എന്നിവയുടെ വിശദീകരണത്തോടെ സുവിശേഷത്തെ ന്യായീകരിക്കുന്നു. നാലാം അധ്യായത്തിൽ ഗലാത്യരെ ഒരു പുനർചിന്തയ്ക്ക് പ്രേരിപ്പിക്കുന്നു. തുടർന്നുള്ള രണ്ടധ്യായങ്ങളിൽ ദൈവഭയം, പ്രായോഗിക ജീവിതം എന്നിവയ്ക്കുള്ള നിർദ്ദേശങ്ങൾ പറയുന്നു.

**2.2.3.5. എഫെസ്യർ**

പൗലൊസ് കാരാഗൃഹത്തിൽവച്ചെഴുതിയ ലേഖനങ്ങൾ നാലെണ്ണമുണ്ട്: എഫെസ്യർ, കൊലൊസ്സ്യർ, ഫിലിപ്പിയർ, ഫിലേമോൻ. എഫെസ്യലേഖനം പൗലൊസ് എഫെസോസിലെ സഭയ്ക്ക് എഴുതുന്നതാണ്. മുൻ കത്തുകളിൽ വിവരിച്ച കാര്യങ്ങളുടെ സംഗ്രഹമായി ഈ ലേഖനത്തെ കാണാം. ഒന്നാം അധ്യായത്തിൽ ക്രിസ്തുവിലുള്ള ആത്മീയാനുഗ്രഹങ്ങളെക്കുറിച്ചു പറയുന്നു. രണ്ടാം അധ്യായത്തിൽ കൃപയാലാണ് രക്ഷയെന്നും യഹൂദരും ജാതികളും ക്രിസ്തുവിൽ ഒന്നത്രേ എന്നും വിശദമാക്കുന്നു. സഭയെക്കുറി

ച്ചുള്ള വിവരങ്ങൾ, വിശ്വാസികളുടെ പ്രായോഗികജീവിതം ഇവ തുടർന്നുള്ള രണ്ടധ്യായ ങ്ങളിൽ വ്യക്തമാക്കുന്നു.

**2.2.3.6. ഫിലിപ്പിയർ**

ക്രിസ്തുവിൽ എപ്പോഴും സന്തോഷിക്കുക എന്നതാണ് ഈ ലേഖനത്തിലെ മുഖ്യ പ്രമേയം. പീഡനങ്ങളിൽ, ദു:ഖങ്ങളിൽ, സമൃദ്ധിയിൽ എന്നിങ്ങനെ സമസ്തസാഹചര്യ ങ്ങളിലും ഭക്തർ സന്തോഷിക്കണമെന്ന് പൗലൊസ് ആഹ്വാനം ചെയ്യുന്നു.

**2.2.3.7. കൊലൊസ്സ്യർ**

കൊലൊസ്സ്യലേഖനത്തിന്റെ ഒന്നും രണ്ടും അധ്യായങ്ങൾ മുഖവുരയാണ്. വിശ്വാ സികൾക്കുവേണ്ടി പൗലൊസ് നടത്തുന്ന പ്രാർത്ഥന, വിപരീതോപദേശങ്ങളെക്കുറിച്ചുള്ള താക്കീത് എന്നിവയും കൊലൊസ്സ്യർക്കെഴുതിയ ലേഖനത്തിന്റെ ആദ്യ അധ്യായങ്ങളി ലുണ്ട്. അടുത്ത രണ്ടധ്യായങ്ങളിൽ വിശുദ്ധജീവിതത്തിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പ്രതിപാദിക്കുന്നു.

**2.2.3.8. തെസ്സലൊനിക്യർ ഒന്നാം ലേഖനം**

സഹോദരസ്നേഹം, പ്രാർത്ഥന, സന്തോഷം, നന്ദി എന്നിവയിൽ കൂടുതൽ വളർന്നു വരുവാൻ പൗലൊസ് ലേഖനത്തിലൂടെ ഉദ്ബോധിപ്പിക്കുന്നു. ക്രിസ്തുവിന്റെ പുനരാഗമനവും ഈ ലേഖനത്തിൽ ഊന്നിപ്പറയുന്നു.

**2.2.3.9. തെസ്സലൊനിക്യർ രണ്ടാം ലേഖനം**

പൗലൊസ് സഭകൾക്കെഴുതിയ ലേഖനങ്ങളിൽ ഏറ്റവും ചെറുത് ഇതാണ്. ഫിലേ മൊൻ ഇതിലും ചെറുതാണെങ്കിലും അത് ഒരു വ്യക്തിക്ക് എഴുതിയതാണ്. ക്രിസ്തുവിന്റെ പുനരാഗമനത്തിനുമുമ്പു സംഭവിക്കേണ്ട കാര്യങ്ങൾ ഈ ലേഖനത്തിൽ വിവരിക്കുന്നു.

**2.2.3.10. തിമൊഥെയൊസ് ഒന്നാം ലേഖനം**

എഫെസോസ് സഭയുടെ യുവശുശ്രൂഷകനായ തിമൊഥെയൊസിനെ അഭിസം ബോധന ചെയ്ത് പൗലൊസ് എഴുതിയതാണിത്. സഭാപരിപാലനം, ദുരുപദേശഖണ്ഡ നം, സദുപദേശബോധനം, സഭാശുശ്രൂഷകനുവേണ്ട യോഗ്യതകൾ, സഭാജനങ്ങളുടെ പെരുമാറ്റം എന്നിവയാണ് ഒന്നാം ലേഖനത്തിലെ ഉള്ളടക്കം.

**2.2.3.11. തിമൊഥെയൊസ് രണ്ടാം ലേഖനം**

രണ്ടാം ലേഖനത്തിൽ തിമൊഥെയൊസിന്റെ വിശ്വാസത്തെ പ്രശംസിക്കുകയും വിശ്വസ്തതയോടെ ജീവിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ നല്ല

ഭടനായിരിക്കുക, കഷ്ടം സഹിക്കുക, ദൈവവചനം നന്നായി കൈകാര്യം ചെയ്യുക എന്നിവ തുടർന്നു പറയുന്നു. ലോകാവസാനനാളുകളെപ്പറ്റി ലേഖനത്തിൽ പൗലൊസ് നൽകുന്ന സൂചന ഭീതിദായകമാണ്. അധാർമ്മികവും അസാന്മാർഗികവുമായ പ്രശ്ന ങ്ങൾ മൂലം മനുഷ്യർ അസ്വസ്ഥരാകുന്ന അവസ്ഥ അദ്ദേഹം ഇങ്ങനെ കൊടുത്തിരിക്കു ന്നു. ''മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരി കളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്ര ന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രി യമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരു മായിരിക്കും'' (3:2-5). നാലാം അധ്യായത്തിൽ പൗലൊസ് തന്റെ മരണാസന്നതയെപ്പറ്റി സൂചിപ്പിച്ച് വിടപറയൽ നടത്തുന്നു (4:6).

**2.2.3.12. തീത്തൊസ്**

പൗലൊസിന്റെ ലേഖനങ്ങളിൽ പന്ത്രണ്ടാമത്തേതാണ് തീത്തൊസ്. സഭയിലെ മൂപ്പന്മാരും അധ്യക്ഷന്മാരുമാ(Bishop)യി നിയമിക്കേണ്ടവരുടെ യോഗ്യതകൾ ആദ്യ അധ്യായത്തിൽ പറയുന്നു. രണ്ടാം അധ്യായത്തിൽ സഭയിലെ വിവിധതരം വിശ്വാസി കൾക്കുണ്ടായിരിക്കേണ്ട പെരുമാറ്റച്ചട്ടങ്ങൾ പ്രതിപാദിക്കുന്നു. അന്ത്യ അധ്യായത്തിൽ ദൈവകൃപ, സാമൂഹികക്രിസ്തീയജീവിതം എന്നിവയെപ്പറ്റി പറയുന്നു.

**2.2.3.13. ഫിലേമൊൻ**

സമ്പന്നനായ ഫിലേമൊന്റെ വീട്ടിലെ സഭയിൽ അംഗമായിരുന്ന അടിമയായി രുന്നു ഒനേസിമസ്. അയാൾ ഫിലേമൊന്റെ പണം മോഷ്ടിച്ച് നാടുവിട്ടു. അവൻ ചെയ്ത കുറ്റം ക്ഷമിച്ച് സഭയിൽ തിരിച്ചെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നതാണ് ഫിലേമോന് പൗലൊസ് എഴുതിയ കത്തിന്റെ ഉള്ളടക്കം. ഫിലേമോന്റെ ലേഖനത്തിൽ രണ്ടു വാക്യം ഒഴികെ മറ്റെല്ലാം മധ്യമപുരുഷൻ ഏകവചനമാണ്.

**2.2.4. എബ്രായർ**

എബ്രായലേഖനം അജ്ഞാതകർത്തൃകമാണ്. 1 മുതൽ 7 വരെ അധ്യായങ്ങളിൽ യേശുക്രിസ്തുവിന്റെ മാഹാത്മ്യത്തെപ്പറ്റി വിവരിക്കുന്നു. അടുത്ത അധ്യായങ്ങളിൽ യേശുക്രിസ്തുവിലൂടെ പ്രതിഷ്ഠാപനം ചെയ്യപ്പെട്ട പുതിയ ഉടമ്പടിയെക്കുറിച്ചു പ്രതിപാ ദിക്കുന്നു. വിശ്വാസത്തെ സംബന്ധിച്ച വിഖ്യാതമായ നിർവചനം എബ്രായർ രേഖപ്പെടു ത്തുന്നു. ''വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു'' (11:1). പഴയനിയമത്തിലെ വിശ്വാസവീരന്മാരുടെ പേരുകളും അവ രുടെ വിശ്വാസപ്രവൃത്തികളുടെ വിവരണവും ശ്രദ്ധേയമാണ്. അവസാന അധ്യായത്തിൽ ദൈനംദിനജീവിതത്തിനുള്ള ഉപദേശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

#### 2.2.5. പൊതുലേഖനങ്ങൾ

യാക്കോബ്, പത്രോസ് എഴുതിയ രണ്ടു ലേഖനങ്ങൾ, യോഹന്നാന്റെ മൂന്നു ലേഖനങ്ങൾ, യൂദായുടെ ലേഖനം എന്നിവ പൊതുലേഖനങ്ങൾ (General Epistles) എന്നറിയപ്പെടുന്നു.

#### 2.2.5.1. യാക്കോബ്

യാക്കോബിന്റെ ലേഖനം യേശുവിന്റെ അർദ്ധസഹോദരനാൽ വിരചിതമാണെന്ന് ഗ്രന്ഥാരംഭത്തിൽ സൂചനയുണ്ട്. പുതിയനിയമത്തിലെ ലേഖനങ്ങളിൽ ആദ്യം എഴുതപ്പെട്ടത് ഇതാണ്. വിശ്വാസജീവിതത്തിലുണ്ടാകുന്ന പരീക്ഷകളെപ്പറ്റി പറഞ്ഞുകൊണ്ട് പ്രഥമാധ്യായം തുടങ്ങുന്നു. അനാഥരെയും വിധവമാരെയും അവരുടെ കഷ്ടങ്ങളിൽ കാണുകയും സഹായിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥഭക്തി എന്നു യാക്കോബ് പ്രസ്താവിക്കുന്നു (1:27). പ്രവൃത്തിയിലില്ലാത്ത വിശ്വാസം നിർജ്ജീവമാണെന്ന കാഴ്ചപ്പാടും അദ്ദേഹത്തിനുണ്ട് (2:17).

യാക്കോബിന്റെ ലേഖനത്തിൽ പ്രകൃതിയിൽനിന്ന് ആദാനംചെയ്ത അനേകം അലങ്കാരപ്രയോഗങ്ങളുണ്ട്.

'സംശയിക്കുന്നവൻ കാറ്റടിച്ച് അലയുന്ന കടൽത്തിരയ്ക്കു സമൻ' (1:6).

'ധനവാൻ പുല്ലിന്റെ പൂപോലെ ഒഴിഞ്ഞുപോകുന്നു' (1:10).

'സൂര്യൻ ഉഷ്ണക്കാറ്റോടെ ഉദിച്ചിട്ട് പുല്ല് ഉണങ്ങി പൂവുതിർന്ന് അതിന്റെ രൂപഭംഗി കെട്ടുപോകുന്നു. അതുപോലെ ധനവാനും തന്റെ പ്രയത്നങ്ങളിൽ വാടിപ്പോകും' (1:11).

'മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു; പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു' (1:15).

'നാവും ഒരു തീതന്നെ' (3:6).

'നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്? അല്പനേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവിയല്ലോ' (4:14) എന്നിവ ഉദാഹരണങ്ങൾ.

#### 2.2.5.2. പത്രൊസ് ഒന്നാം ലേഖനം

യേശുവിന്റെ 12 ശിഷ്യന്മാരിൽ പ്രധാനിയായ പത്രൊസ് രചിച്ച രണ്ടു ലേഖനങ്ങളാണ് ഇവ. പ്രായോഗിക ക്രിസ്തീയ ജീവിതത്തിനുവേണ്ട പ്രബോധനങ്ങൾ ഇതിൽ ചേർത്തിരിക്കുന്നു. ക്രിസ്തിയവിശ്വാസികളുടെ സ്വഭാവം വിധേയത്വത്തിൽ അധിഷ്ഠിതമായിരിക്കണമെന്നാണ് ലേഖനത്തിന്റെ ഊന്നൽ. പൗരന്മാർ അധികാരികൾക്കും ദാസന്മാർ

യജമാനന്മാർക്കും ഭാര്യ ഭർത്താവിനും ഭർത്താവ് ഭാര്യയ്ക്കും വിശ്വാസികൾ പരസ്പരവും വിധേയപ്പെട്ടിരിക്കണമെന്ന് ഈ കൃതി ഉദ്ബോധിപ്പിക്കുന്നു.

#### 2.2.5.3. പത്രൊസ് രണ്ടാം ലേഖനം

വിശ്വാസിയുടെ വളർച്ചയിൽ ദൈവവചനത്തിനുള്ള സ്ഥാനം ഈ കൃതിയിൽ ആവർത്തിച്ചു സൂചിപ്പിക്കുന്നു. തിരുവെഴുത്തുകൾ ദൈവാത്മപ്രചോദനരചനകളാണെന്ന ചിന്ത ഈ ലേഖനത്തിൽ കാണാം (1:20-21). സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ മലയിലെ രൂപാന്തരത്തിനു സാക്ഷിയായിരുന്ന കാര്യം പത്രൊസ് എടുത്തുപറയുന്നു (മത്താ.17:1-8, 2പത്രൊ.1:16-18).

#### 2.2.5.4. യോഹന്നാൻ ഒന്നാം ലേഖനം

സുവിശേഷകനായ യോഹന്നാന്റെ മൂന്നു ലഘുലേഖനങ്ങളാണ് ബൈബിളിൽ ഇനി വരുന്നത്. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന ഉപദേശകരെ സൂക്ഷിക്കുക, അവരുടെ കാപട്യം തുറന്നു കാട്ടുക ഇവയാണ് ഒന്നാം ലേഖനത്തിന്റെ ഉദ്ദേശ്യം.

#### 2.2.5.5. യോഹന്നാൻ രണ്ടാം ലേഖനം

പുതിയനിയമത്തിൽ ഒരു സ്ത്രീയുടെ പേർക്ക് എഴുതിയ ഏകലേഖനമാണ് യോഹന്നാന്റെ രണ്ടാമത്തെ ലേഖനം (2 യോഹ.5). രണ്ടാം ലേഖനത്തിൽ ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ വളരുവാനുള്ള ആഹ്വാനം, വിപരീതോപദേശങ്ങളിൽനിന്ന് അകന്നു നിൽക്കൽ, ക്രിസ്തുവിന്റെ പുനരാഗമനത്തക്കുറിച്ചുള്ള വിവരങ്ങൾ, രണ്ടാം വരവിനെ കാത്തിരുന്നു വിശുദ്ധജീവിതം നയിക്കുവാനുള്ള ആഹ്വാനം എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. പരസ്പരസ്നേഹവും സത്യവുമുള്ളവരായിരിക്കുക എന്നും ഈ ലേഖനത്തിൽ പറയുന്നു.

#### 2.2.5.6. യോഹന്നാൻ മൂന്നാം ലേഖനം

പതിനാലു വാക്യങ്ങളേയുള്ളൂ മൂന്നാം ലേഖനത്തിൽ. യോഹന്നാൻ ഏറെ സ്നേഹിച്ച അതിഥിസൽക്കാരപ്രിയനും വിശ്വസ്തനുമായ ഗായൊസിനെഴുതിയ വ്യക്തിപരമായ കത്താണിത്. ഗായൊസിനെ പ്രശംസിക്കുക, സ്വയം പ്രഖ്യാപിതനേതാവും കലഹക്കാരനുമായ ദിയോത്രിഫെസിനെ താക്കീതു ചെയ്യുക എന്നിവയായിരുന്നു രചനോദ്ദേശ്യം.

#### 2.2.5.7. യൂദാ

ഒരധ്യായത്തിൽ, ഇരുപത്തഞ്ചു വാക്യങ്ങൾ മാത്രമുള്ള ലഘുലേഖനമാണ് യൂദാ. ബൈബിളിലെ ഏറ്റവും ചെറിയ കൃതി ഇതത്രേ. ഈ കൃതിയിൽ സ്വീകർത്താക്കളെപ്പറ്റി പരാമർശമില്ല. മറ്റു ലേഖനങ്ങളിലുള്ളതുപോലെ അഭിവാദനങ്ങളും കാണാനില്ല.

ക്രിസ്തീയ വിശ്വാസത്തെ അപഹസിക്കുന്ന ഏതോ ഉപദേശകരെ ഖണ്ഡിക്കുക എന്നതായിരുന്നു രചനാലക്ഷ്യം. ഹാനോക്ക്, മോശെ എന്നീ പഴയനിയമകഥാപാത്രങ്ങളെപ്പറ്റി ഇതിൽ സൂചിപ്പിക്കുന്നുണ്ട്.

### 2.2.6. വെളിപ്പാട്

ബൈബിളിലെ അവസാനകൃതി സുവിശേഷകനായ യോഹന്നാൻ എഴുതിയ വെളിപ്പാട് ആണ്. പത്മൊസ്ദ്വീപിൽവച്ച് അദ്ദേഹത്തിനുണ്ടായ വെളിപ്പാട് ആസ്യയിലെ ഏഴുസഭകളെ അറിയിക്കുന്നതാണ് ഇതിലെ പ്രധാനവിഷയം. ലോകാവസാനത്തിൽ സംഭവിക്കുന്ന കാര്യങ്ങളും ഈ കൃതിയിലുണ്ട്. പ്രതിരൂപാത്മകഭാഷയിൽ വിരചിതമാണെന്നതിനാൽ ആശയഗ്രഹണം ക്ഷിപ്രസാദ്ധ്യമല്ല. അതുകൊണ്ടുതന്നെ ഒട്ടേറെ വ്യാഖ്യാനങ്ങളുണ്ടായ ബൈബിൾക്കൃതിയും വെളിപ്പാടാണ്. ഒരു ദ്വീപിൽവച്ചെഴുതപ്പെട്ട ബൈബിളിലെ ഏകപുസ്തകവും ഇതുതന്നെ.

വെളിപ്പാട് ആരംഭിക്കുന്നതും അവസാനിക്കുന്നതും ക്രിസ്തുവിന്റെ രണ്ടാം വരവിനെ സൂചിപ്പിച്ചുകൊണ്ടാണ് (1:7, 22:12). 20-ാം അധ്യായത്തിൽ സാത്താനെ പാതാളത്തിലേക്കെറിഞ്ഞ് ആയിരം വർഷം അടച്ചുവെക്കുന്നത്, സഹസ്രാബ്ദവാഴ്ച, അന്ത്യന്യായവിധി എന്നിവ വിവരിക്കുന്നു. 21-ാം അധ്യായത്തിൽ പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടായതു വിവരിക്കുന്നു. ''ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല. ദു:ഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല'' (21:3-5).

സംഖ്യകൾക്കു പൊതുവെയും 7 എന്ന സംഖ്യയ്ക്ക് വിശേഷിച്ചും ഈ പുസ്തകത്തിൽ സ്ഥാനമുണ്ട്. 7 സഭകൾ, 7 മുദ്രകൾ, 7 കാഹളങ്ങൾ, 7 ബാധയുള്ള 7 ദൂതന്മാർ എന്നിവയെപ്പറ്റി വെളിപ്പാടിൽ വിവരിക്കുന്നു. യേശുവിന്റെ 24 പേരുകൾ വെളിപ്പാടിൽ കാണാം. 'ആത്മാവു സഭകളോടു പറയുന്നതെന്തെന്നു ചെവി ഉള്ളവൻ കേൾക്കട്ടെ' എന്ന ശൈലി പലതവണ വെളിപ്പാടിൽ വരുന്നുണ്ട് (2:11). ഹല്ലേലൂയ്യാ - ദൈവത്തിനു സ്തുതി - എന്ന പദമുള്ള ഏക പുതിയനിയമഗ്രന്ഥം വെളിപ്പാടാണ്. 19-ാം അധ്യായത്തിൽ 4 തവണ ഈ പദം വരുന്നുണ്ട്. ലോകത്തിലെ എല്ലാ ബൈബിളുകളിലും ഈ ഹീബ്രുപദം തത്സമമായിത്തന്നെ ഉപയോഗിച്ചുവരുന്നു. ഗ്രീക്കുഭാഷയിലെ ആദ്യാക്ഷരവും ആന്ത്യാക്ഷരവും ഉപയോഗിച്ചു ദൈവത്തെ സംബോധനചെയ്യുന്നതും വെളിപ്പാടുപുസ്തകത്തിലുണ്ട്. 'ഞാൻ അല്ഫയും ഓമേഗയും ആകുന്നു' (1:8, 21:6, 22:13). നന്മതിന്മകൾ വിവരിക്കുവാൻ ഒട്ടേറെ മൃഗനാമങ്ങൾ പ്രതീകാത്മകമായി ഉപയോഗിക്കുന്നത് വെളിപ്പാടിന്റെ പ്രത്യേകതയാണ്. സിംഹം, കാള, കഴുകൻ (4:7), കുഞ്ഞാട് (5:6), കുതിരകൾ (6:2-8), വെട്ടുക്കിളി (9:3), തേൾ (9:10), മഹാസർപ്പം (12:3), പുള്ളിപ്പുലി, കരടി (13:2), തവള (16:13), പാമ്പ് (12:9), നായ (22:15) എന്നിവയാണവ. സ്വർഗത്തെപ്പറ്റി വിശദമായ വിവരണമുള്ള

ഏകബൈബിൾക്കൃതി വെളിപ്പാടാണ്. 4, 5, 21, 22 എന്നീ അധ്യായങ്ങൾ സ്വർഗവർണ്ണന കളാണ്. യേശുക്രിസ്തുവിന്റെ രണ്ടാം വരവ് ആസന്നമാണെന്നും അതിനായി ഒരുങ്ങണ മെന്നുമുള്ള ആഹ്വാനത്തോടെയാണ് വെളിപ്പാടുപുസ്തകം ഉപസംഹരിക്കുന്നത്. എന്നാൽ അതിനുവേണ്ടി ആരെയും അതിരുകടന്നു നിർബന്ധിക്കുന്നില്ല (22:11).

ബൈബിളിലെ വിവിധ കൃതികളിൽ നാനാത്വമാണ് നിറഞ്ഞിരിക്കുന്നതെന്ന് ഈ വിഷയസഞ്ചാരത്തിലൂടെ മനസ്സിലാക്കാം. കാലം, ദേശം, കർത്തൃത്വം എന്നിവകൊണ്ട് വ്യത്യസ്തമെങ്കിലും ഒരു കേന്ദ്രകഥാപാത്രം ബൈബിളിലുണ്ട്: ദൈവം. ബൈബിളിനെ ആദ്യന്തം ഒന്നിപ്പിച്ചുനിർത്തുന്ന സാന്നിധ്യം ദൈവം ആണ്. ബൈബിളിലെ എല്ലാ വ്യക്തി കളും ഇടപെടുന്നത് ദൈവം എന്ന മുഖ്യകഥാപുരുഷനോടാണ്. വിവിധകാലങ്ങളിലും വിഭിന്നസ്ഥലങ്ങളിലും പിറവികൊണ്ടതെങ്കിലും ബൈബിൾരചയിതാക്കൾ അവതരിപ്പിക്കു ന്നത് ഒരേ വിഷയമാണ്. ഈശ്വരോന്മുഖചിന്തയിലൂന്നി നന്മയുള്ള ഒരു മനുഷ്യകുലത്തെ വാർത്തെടുക്കാനുള്ള മനുഷ്യരക്ഷാപദ്ധതിയുടെ ചരിത്രാഖ്യാനമാണ് അവരെല്ലാവരും ലക്ഷ്യംവച്ചത്.

### 2.3. 'അശുദ്ധ' ബൈബിൾ

കഥാപാത്രങ്ങളുടെ സ്വഭാവവൈകല്യങ്ങളും അശ്ലീലമെന്നു കരുതി ഒഴിവാക്കാ മെന്നു തോന്നുന്ന പല കാര്യങ്ങളും ആവിഷ്കരിക്കുന്നതിൽ ബൈബിളിലെ പല ഗ്രന്ഥ കർത്താക്കൾക്കും വിമുഖതയില്ല. ബൈബിളിന്റെ ആവിഷ്കാരപരമായ അനന്യാദൃശതക ളിൽ ഒന്നാണിത്.

അബ്രാഹാം പരസ്ത്രീഗമനം നടത്തിയതോ യാക്കോബ് പിതാവിനെ കബളിപ്പി ച്ചതോ ബൈബിൾ മറച്ചുവെക്കുന്നില്ല. താമാർ അമ്മായിയപ്പനിൽനിന്നു ഗർഭം ധരിക്കു ന്നതും ലോത്തിന്റെ പെൺമക്കൾ വീഞ്ഞുകുടിപ്പിച്ചശേഷം പിതാവിനോടൊപ്പം ശയിക്കു ന്നതും ഉൽപത്തിപ്പുസ്തകത്തിൽ ഉണ്ട്. ദാവീദിന്റെ വ്യഭിചാരവും കൊലപാതകവും അങ്ങനെതന്നെ. സ്ത്രീയുടെ അംഗപ്രത്യംഗവർണ്ണന ഉത്തമഗീതത്തിൽ കാണാം.

> ''നിന്റെ ഉരുണ്ട നിതംബം തട്ടാന്റെ പണിയായ ഭൂഷണംപോലെ ഇരിക്കുന്നു'' (7:2).

> ''നിന്റെ സ്തനങ്ങൾ രണ്ടും ഇരട്ടപിറന്ന രണ്ടു മാൻകുട്ടികൾക്കു സമം'' (7:4).

ഉൽപത്തി 39-ാം അധ്യായത്തിൽ പുരുഷമാനഭംഗശ്രമവും പുരുഷവസ്ത്രാക്ഷേ പവും രേഖപ്പെടുത്തിയിരിക്കുന്നു. പുരുഷവേശ്യാസമ്പ്രദായത്തെപ്പറ്റി ബൈബിളിൽ പരാ മർശമുണ്ട് (1രാജാ.14:24). അതിക്രൂരമായി സ്വവർഗരതി ചെയ്തതും ബൈബിളിൽ പ്രതി പാദിച്ചിരിക്കുന്നു. (ഉൽപ.19:1-10). ന്യായാധിപന്മാർ 19-ാം അധ്യായം ലൈംഗികക്രൂരത യുടെ വിവരണമാണ്. ബലാത്സംഗം ചെയ്യപ്പെട്ട സ്ത്രീയെ ലേവ്യർ പിന്നീട് 12 കഷണങ്ങ ളാക്കി യിസ്രായേലിലേക്കു കൊടുത്തയയ്ക്കുന്നത് ഇതിൽ പ്രതിപാദിക്കുന്നു.

പെൺമോഷണം നടത്തുന്നതിന്റെ വിവരണം ന്യായാധിപന്മാരുടെ പുസ്തകത്തിൽ കാണാം (21:21-23).

വേശ്യ പുരുഷനെ വശീകരിക്കുന്നത് സദൃശവാക്യങ്ങളിൽ കൊടുത്തിട്ടുണ്ട്.

''വരിക, വെളുക്കുംവരെ നമുക്കു പ്രേമത്തിൽ രമിക്കാം; കാമവിലാസങ്ങളാൽ നമുക്കു സുഖിക്കാം; പുരുഷൻ വീട്ടിൽ ഇല്ല; ദൂരയാത്ര പോയിരിക്കുന്നു'' (7:18-19).

യേശുവിന്റെ വംശാവലിയിലെ നാലുസ്ത്രീകളിൽ മൂന്നു പേരും വേശ്യകളായിരുന്നെന്ന വസ്തുത  ബൈബിൾ മറച്ചുവെക്കുന്നില്ല. പിതാവിന്റെ ഭാര്യയോട് അവിഹിതബന്ധമുണ്ടായിരുന്ന ആദിമസഭയിലെ അംഗത്തെ പൗലൊസ് പരസ്യമായി ശാസിക്കുന്നുണ്ട് (1കൊരി.5:1). ഇവിടെയെല്ലാം സമൂഹത്തിൽ നിലനിന്ന തിന്മകൾ മറച്ചുവെക്കാത്ത ബൈബിൾഗ്രന്ഥകാരന്മാരുടെ ആവിഷ്കാരസത്യസന്ധതയാണ് പ്രകടമാകുന്നത്. എന്നാൽ പാപത്തോട് മൃദുസമീപനം ബൈബിൾ ഒരിക്കലും കൈക്കൊള്ളുന്നില്ല. വ്യഭിചാരവും കൊലപാതകവും ചിന്തയിൽപ്പോലും ഉണ്ടാവരുതെന്ന തീവ്രപക്ഷമാണ് ബൈബിളിന്റേത് (മത്താ.5:22,28).

### 2.4. ബൈബിൾ വിവർത്തനങ്ങൾ

ബൈബിൾ മൂലഭാഷകളിലല്ല ഇന്ന് പ്രചരിപ്പിക്കപ്പെടുന്നത്. വിവർത്തനമെന്ന മാധ്യമത്തിലൂടെ അതിശക്തമായി ലോകജനതയിലേക്കു വ്യാപിച്ച ബൈബിൾ തദ്ദേശീയ ഭാഷകളിൽ മിക്കവയിലും ഒട്ടേറെ ഭാഷാപരമായ പരിവർത്തനങ്ങൾക്ക് വഴിവച്ചു. വൈക്ലിഫ് (1328-1384), ടിന്റെയ്ൻ (1525), ഇംഗ്ലണ്ടിലെ ജെയിംസ് ഒന്നാമൻ രാജാവ് എന്നിവരുടെ കാലത്തു നടന്ന വേദപുസ്തകവിവർത്തനങ്ങൾ ഇംഗ്ലീഷ് ഭാഷയുടെ വികാസത്തിനു വലിയ പങ്കു വഹിച്ചു എന്ന് ഇംഗ്ലീഷ്സാഹിത്യചരിത്രം രേഖപ്പെടുത്തുന്നു. ഇംഗ്ലീഷ് ഭാഷ നിയതവും നവീനവുമായ രൂപം കൈക്കൊണ്ടത് ബൈബിൾ പരിഭാഷകളിലൂടെയാണ്. ഇംഗ്ലീഷിലേക്ക് ബൈബിൾ മൊഴിമാറ്റം ചെയ്ത വൈക്ലിഫ് 'ഇംഗ്ലീഷ് ഗദ്യത്തിന്റെ പിതാവ്' ആയിമാറി. അതേപോലെ മാർട്ടിൻ ലൂഥറിന്റെ ബൈബിൾ തർജ്ജമ ജർമ്മൻ ഗദ്യഭാഷയ്ക്ക് നിയതരൂപം നല്കുകയുണ്ടായി.

#### 2.4.1. റമ്പാൻ ബൈബിൾ

1811-ലാണ് ബൈബിളിന്റെ മലയാളം പരിഭാഷ പുറത്തു വന്നത്. പുതിയനിയമത്തിലെ 4 സുവിശേഷങ്ങൾ മാത്രമേ അതിലുണ്ടായിരുന്നുള്ളൂ. സുറിയാനി ഭാഷയിലെ ബൈബിളിൽനിന്നു പദാനുപദമായും തമിഴ് ബൈബിളുമായി ഒത്തുനോക്കിയുമാണ് സുവിശേഷങ്ങൾ വിവർത്തനം ചെയ്തത്. തമിഴ് പണ്ഡിതനായ തിമ്മാപ്പിള്ള, കായംകുളം ഫിലിപ്പോസ് റമ്പാൻ, ഇട്ടൂപ്പ് റമ്പാൻ എന്നിവർ ചേർന്നാണ് വിവർത്തനം നടത്തിയത്. ധാരാളം സുറിയാനിപദങ്ങൾ കൃതിയിലുടനീളം സ്വീകരിക്കുകയും തമിഴ്ശൈലി അനുകരിക്കുകയും ചെയ്ത തർജ്ജമയായിരുന്നു അത്. അച്ചടി, ഭാഷാന്തര പ്രവർത്തനച്ചെലവു

കൾ എന്നിവ ആംഗ്ലിക്കൻ മിഷനറിയായ ക്ലോഡിയസ് ബുക്കാനനാണു വഹിച്ചത്. റമ്പാൻ ബൈബിൾ, കുറിയർ ബൈബിൾ എന്നീ പേരുകളിൽ അത് അറിയപ്പെട്ടു. കായംകുളം ഫിലിപ്പോസ് റമ്പാൻ പരിഭാഷപ്പെടുത്തിയതിനാലാണ് ആദ്യത്തെ പേരു വന്നത്. ബോംബെയിലെ പ്രസിൽ അച്ചടിച്ചതിനാൽ കുറിയർ ബൈബിൾ എന്നു വിളിച്ചു. ക്ലോഡിയസ് ബുക്കാനൻ അച്ചടിപ്പിച്ചതിനാൽ ബുക്കാനൻ ബൈബിളെന്നും അറിയപ്പെട്ടു. ഭാഷാപരമായ പരിമിതികൾമൂലം പൊതുസമൂഹത്തിൽ സ്വീകാര്യത ഉണ്ടായില്ലെങ്കിലും മലയാളത്തിലെ ആദ്യത്തെ ബൈബിൾ എന്ന ബഹുമതി റമ്പാൻ ബൈബിളിനു കിട്ടി.

### 2.4.2. ബെയ്ലി ബൈബിൾ

1811-ലെ ബൈബിൾ വിവർത്തനത്തിന്റെ പോരായ്മകൾ മറ്റൊരു വിവർത്തനം വേണമെന്ന ചിന്ത കൊണ്ടുവന്നു. ആ ആവശ്യത്തിനു തുടക്കമിട്ടത് സി.എം.എസ്. മിഷനറിയായ ബെഞ്ചമിൻ ബെയ്ലിയാണ്. വൈദ്യനാഥൻ എന്ന തമിഴ് ബ്രാഹ്മണൻ, സംസ്കൃതഭാഷാപണ്ഡിതനും ബ്രിട്ടീഷ് മലബാറിലെ തഹസീൽദാറുമായിരുന്ന ചാത്തുമേനോൻ എന്നിവർ ബെയ്ലിയെ ഭാഷാന്തര പ്രവർത്തനത്തിൽ സഹായിച്ച പ്രമുഖരാണ്. ചാത്തുമേനോൻ ബൈബിൾ പരിഭാഷപ്പെടുത്തിക്കൊണ്ടിരിക്കെ അതിലെ ആശയസംഹിതകളിൽ ആകൃഷ്ടനായി, ജോസഫ് ഫെൻ എന്ന പേരിൽ ക്രിസ്ത്യാനിയായി. അക്കാലത്ത് അഹിന്ദുക്കൾക്ക് തിരുവിതാംകൂറിൽ തഹസീൽദാരാവാൻ കഴിയുമായിരുന്നില്ല. അതിനാൽ ആ ജോലിപോലും അദ്ദേഹം ഉപേക്ഷിച്ചു. സി.എസ്.ഐ ബിഷപ്പ് ബി.എൻ. ഫെൻ, ജോസഫ് ഫെന്നിന്റെ കുടുംബപരമ്പരയിൽ ഉൾപ്പെട്ടയാളാണ്.

ഇംഗ്ലീഷ് ബൈബിൾ വിവർത്തനത്തെ ആശ്രയിച്ചാണ് ബെയ്ലി മലയാളവിവർത്തനം തയ്യാറാക്കിയത്. 1829 ൽ ബെയ്ലി പുതിയനിയമം പ്രസിദ്ധീകരിച്ചു. സംസ്കൃതപദങ്ങൾ നിറഞ്ഞ ഭാഷയായിരുന്നു ഇതിലേത്. 1841 ൽ പഴയനിയമവും പുറത്തിറക്കി. വിവർത്തനകാര്യത്തിൽ ബെയ്ലിക്ക് ഒരു ആദർശം ഉണ്ടായിരുന്നു. സമൂഹത്തിലെ ഉന്നതർക്കും താഴ്ന്ന വിഭാഗങ്ങളിൽപ്പെടുന്നവർക്കും പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിയുന്ന ഭാഷാരീതിയായിരിക്കണം ബൈബിളിലേത് എന്നതായിരുന്നു അദ്ദേഹത്തിന്റെ പരിഭാഷായത്നത്തിനു പിന്നിലെ പ്രഖ്യാപിത നയം. ഏതു രംഗത്തുള്ള വിവർത്തകർക്കും മാർഗദർശകമാക്കാൻ പറ്റിയ തത്ത്വമാണിത്. മുന്നോക്കക്കാരുടെ സംസ്കൃതബഹുലഭാഷയെയും പിന്നോക്കക്കാരുടെ ദ്രാവിഡപാരമ്പര്യത്തിൽപ്പെടുന്ന ഭാഷയെയും സമന്വയിപ്പിച്ച് എല്ലാവർക്കും സ്വീകാര്യമായ മധ്യമാർഗഗദ്യത്തിൽ വേദപുസ്തകം ഭാഷാന്തരം ചെയ്ത ബെയ്ലിയുടെ ശ്രമം അനുകരിക്കത്തക്കതാണ്.

### 2.4.3. ഗുണ്ടർട്ട് ബൈബിൾ

മതംമാറ്റം മാത്രമായിരുന്നില്ല മിഷനറിപ്രവർത്തനം എന്നതിന് ഉത്തമ മാതൃകയായിരുന്നു ബാസൽമിഷനറിയായ ഹെർമൻ ഗുണ്ടർട്ടിന്റെ മലയാളഭാഷാസേവനങ്ങൾ. വിവിധ സാഹിത്യമേഖലകളിലായി അദ്ദേഹം രചിച്ച അനവധി കൃതികളിൽ ഒന്നു മാത്രമാ

യിരുന്നു ബൈബിൾ വിവർത്തനം. മലയാളത്തിൽ ആദ്യമായി തനിച്ച് സ്രോതഭാഷ യിൽനിന്നുതന്നെ ബൈബിൾ പരിഭാഷപ്പെടുത്തിയത് ഗുണ്ടർട്ടാണ്. മദ്രാസിലെ ബൈബിൾ സൊസൈറ്റി ബെഞ്ചമിൻ ബെയ്‌ലിയുടെ വിവർത്തനം തിരുത്തി പരിഷ്കരിച്ചു പ്രസിദ്ധപ്പെടുത്തുന്നതിന്റെ അധ്യക്ഷനായി ഗുണ്ടർട്ടിനെ നിയോഗിച്ചെങ്കിലും തെക്കൻ കേരളക്കാർ അതിനോട് നിസ്സഹകരിച്ചതും വിവർത്തനം സ്വയം ചെയ്യുന്നതിന് ഗുണ്ടർട്ടിനു പ്രേരണയായി. പരിഭാഷ നടന്ന കാലത്തെ ഗദ്യശൈലിയുടെ ക്ലിഷ്ടത പ്രത്യ ക്ഷപ്പെടുന്നുണ്ടെങ്കിലും ഭാഷാപരമായ കുറെ സവിശേഷതകൾ ഗുണ്ടർട്ടിന്റെ വിവർത്തനം കാഴ്ചവെച്ചു. അത്തരം 10 സവിശേഷതകൾ ചെറിയാൻ കുനിയന്തോടത്ത് '*മലയാള ഭാഷയും ഡോ. ഹെർമൻ ഗുണ്ടർട്ടും*' എന്ന പുസ്തകത്തിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്. പിന്നീടിറങ്ങിയ ഒട്ടേറെ ആധുനികബൈബിൾ തർജ്ജമകളുടെ ശൈലിയുമായി ഒത്തുപോ കുന്നതാണ് ഗുണ്ടർട്ടിന്റെ തർജ്ജമ. വടക്കൻ ഭാഷാഭേദങ്ങൾ, പഴക്കച്ചുവ എന്നിവ ഉണ്ടെ ങ്കിലും ഗുണ്ടർട്ട് വിദേശിയായിരുന്നെന്ന വസ്തുത, അദ്ദേഹം വിവർത്തനം നിർവഹിച്ച കാലത്തെ ഭാഷയുടെ ദരിദ്രാവസ്ഥ എന്നിവ കണക്കിലെടുത്തു മാത്രമേ പരിമിതികളെ വിലയിരുത്താവൂ. അപ്രകാരമല്ലാത്ത അഭിപ്രായങ്ങൾ മുൻവിധിയിൽനിന്നു വരുന്ന അവ ഹേളനമായിത്തീരും. മതപ്രചാരണം മുഖ്യലക്ഷ്യമായിരുന്നെങ്കിലും കൈരളിയെ സമ്പന്ന മാക്കുന്നതിൽ അദ്ദേഹം കാണിച്ച ശുഷ്കാന്തിയെ ചെറുതാക്കിപ്പറയുന്നത് കൃതഘ്നത തന്നെ.

### 2.4.4. സത്യവേദപുസ്തകം

ബെയ്‌ലിയുടെ ബൈബിൾ തെക്കൻ കേരളത്തിലും ഗുണ്ടർട്ടിന്റെ ബൈബിളിന്റെ പ്രചാരം വടക്കുമായി ഒതുങ്ങി എന്നതാണ് പിന്നീടുള്ള ചരിത്രം. വടക്കൻ ഭാഷ തെക്കർക്കും തെക്കൻ ഭാഷ വടക്കർക്കും ഉൾക്കൊള്ളാനായില്ല എന്നതായിരുന്നു പ്രാദേ ശികമായി ബൈബിൾ സ്വീകരിക്കപ്പെടാൻ കാരണം. തെക്കും വടക്കും രണ്ടു പരിഭാഷ കൾ പരസ്പരം മനസ്സിലാക്കാതെ പ്രചരിക്കുന്നതു ശരിയല്ലെന്നു കണ്ട ബൈബിൾ സൊസൈറ്റി ബൈബിൾ പുന:പരിശോധനാക്കമ്മറ്റി രൂപീകരിച്ചു. കത്തോലിക്കരല്ലാത്ത എല്ലാ സഭകളിലെയും പ്രതിനിധികൾ ഈ കമ്മറ്റിയിലുണ്ടായിരുന്നു. ഗുണ്ടർട്ടിന്റെയും ബെയ്‌ലിയുടെയും വിവർത്തനങ്ങൾ ആയിരുന്നു ഐക്യവിവർത്തനത്തിന്റെ അടിസ്ഥാന ആകരം. കത്തോലിക്കരല്ലാത്ത ക്രൈസ്തവരുടെയും കേരളത്തിലെ പൊതുവായനാസമൂ ഹത്തിന്റെയും വിപുലമായ വായനയ്ക്ക് വഴിവച്ച സത്യവേദപുസ്തകം എന്ന പേരിലുള്ള സമ്പൂർണ്ണബൈബിൾ അങ്ങനെ 1910-ൽ പ്രസിദ്ധീകൃതമായി.

1910 മുതൽ സത്യവേദപുസ്തകം കേരളത്തിലെ ക്രൈസ്തവരുടെയും പൊതുവായനാസമൂഹത്തിന്റെയും വിശാലമായ വായനയ്ക്ക് ഇട വരുത്തിയ ചരിത്രപ്രധാ ന്യമുള്ള ബൈബിൾപരിഭാഷയായി. അക്കാലത്ത് കത്തോലിക്കാസഭ അൽമായർക്കിടയി ലുള്ള വേദവായനയെ പ്രോത്സാഹിപ്പിച്ചിരുന്നില്ല. അതിനാൽത്തന്നെ അവർ സമ്പൂർണ്ണ വേദപുസ്തകം പുറത്തിറക്കിയിരുന്നുമില്ല. അതുകൊണ്ട് മാതൃഭാഷയിൽ ബൈബിൾ

വിവരങ്ങൾ നേടുന്നതിൽ താത്പര്യമുള്ള മലയാളികൾക്ക് ഒരു നൂറ്റാണ്ടോളം തുണയായത് സത്യവേദപുസ്തകം മാത്രമായിരുന്നു.

മഞ്ഞുമ്മൽ വിവർത്തനമാണ് കേരള കത്തോലിക്കർക്കിടയിലുണ്ടായ ആദ്യവിവർത്തനം. മഞ്ഞുമ്മൽ സന്ന്യാസാശ്രമത്തിലാണ് വിവർത്തനം നടന്നത്. ആദ്യകാല ലത്തീൻ വിവർത്തനമായ വുൾഗാത്തയിൽനിന്ന് നാലുസുവിശേഷങ്ങളും അപ്പൊസ്തലന്മാരുടെ പ്രവൃത്തികളും മാത്രമേ ഇതിലുണ്ടായിരുന്നുള്ളൂ. 1905-ൽ ഇതു പുറത്തിറങ്ങി. കത്തോലിക്കരുടെ ആദ്യത്തെ സമ്പൂർണ്ണബൈബിൾ തോമസ് മൂത്തേടന്റേതാണ്; 1963-ൽ പ്രസിദ്ധീകൃതമായി.

### 2.4.5. പി.ഒ.സി. ബൈബിൾ

കത്തോലിക്കാസഭകളുടെ പൊതു ഉപയോഗത്തിനായി പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ (പി. ഒ. സി.) പ്രസിദ്ധം ചെയ്ത ബൈബിൾ 1981 ലാണ് പൂർണ്ണരൂപത്തിൽ പുറത്തിറങ്ങിയത്. ഗ്രീക്കുഭാഷയിൽനിന്നു നേരിട്ടാണ് പുതിയനിയമത്തിന്റെ വിവർത്തനം. മലയാളബൈബിൾ വിവർത്തനചരിത്രത്തിലെ ഒരു മഹാസംരംഭമായിരുന്നു ഇത്. അനേകം ബൈബിൾ പണ്ഡിതന്മാർ, ഭാഷാവിദഗ്ദ്ധർ എന്നിവരുടെ സംഘടിതവും നിരന്തരവുമായ പ്രയത്നം ഇതിനു പിന്നിലുണ്ടായിരുന്നു. ഇംഗ്ലീഷ്, മലയാളം ഭാഷകളിലുള്ള എല്ലാ തർജ്ജമകളും ഗ്രീക്ക്, ജർമ്മൻ, ഫ്രഞ്ച്, ഇറ്റാലിയൻ എന്നീ ഭാഷകളിലെ വിവർത്തനങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള മഹാപ്രവർത്തനത്തിന്റെ ഉത്പന്നമായിരുന്നു പി.ഒ.സി. ബൈബിൾ. തർജ്ജമക്കാലത്ത് നിലവിലിരുന്ന മാനകമലയാളഭാഷയിൽ ആധ്യാത്മിക ഗ്രന്ഥത്തിനിണങ്ങുന്ന ശൈലിയിലാണ് ഈ ബൈബിൾ ഇറക്കിയിരിക്കുന്നത്. ആശയവ്യക്തതകൊണ്ടും വ്യവഹാരഭാഷയുടെ വർത്തമാനമുഖം വ്യക്തമാക്കുന്നതുകൊണ്ടും കാലാകാലങ്ങളായി സത്യവേദപുസ്തകശൈലി പരിചയിച്ചവരെയും ആകർഷിക്കുവാൻ ഈ വേദഗ്രന്ഥത്തിനായി. അപ്പോക്രിഫ ഗ്രന്ഥങ്ങൾ ഉണ്ടെന്നുള്ള കാര്യത്തിലേ അകത്തോലിക്കർക്ക് ഈ ബൈബിളിനോട് ചെറിയ വിയോജിപ്പുള്ളൂ.

### 2.4.6. മലയാളം ബൈബിൾ

സഭകളുടെയോ ക്രൈസ്തവസംഘങ്ങളുടെയോ നേതൃത്വത്തിലല്ലാതെ നടന്ന മൊഴിമാറ്റമാണ് ഓശാനാ പ്രസിദ്ധീകരണമായ ബൈബിൾ. മലയാളം ബൈബിൾ എന്നാണ് ഈ പരിഭാഷയുടെ പേര്. ഓശാന ബൈബിളെന്നു വിളിപ്പേരും. റിവൈസ്ഡ് സ്റ്റാൻന്റേർഡ് വേർഷൻ എന്ന ഇംഗ്ലീഷ് ബൈബിളാണ് വിവർത്തനത്തിന് ആധാരം. ജോസഫ് പുലിക്കുന്നേലാണ് ഇതിന്റെ അണിയറശില്പി. മലയാളം ബൈബിളിനെ മതേതരസ്വഭാവം പുലർത്തുന്ന മലയാളത്തിലെ പൊതുബൈബിൾ എന്നു വിശേഷിപ്പിക്കാം. ഏതെങ്കിലും സഭക്കാർ അവരുടെ മതാത്മകമായ ഉപയോഗത്തിനായി ഇതിനെ ഉൾപ്പെടുത്തിയിട്ടില്ല. ഈ ബൈബിളിന്റെ മേന്മയും അതു തന്നെ. ഒരു വ്യക്തിയുടെ ശ്രമഫലമായ ബൈബിൾ എന്ന വിശേഷം ഇതിനുമുണ്ട്. ആശയസംവേദനംകൊണ്ടും ഭാഷയുടെ

ഏറ്റവും പുതിയമുഖം കാഴ്ചവെക്കുന്നതുകൊണ്ടും മുൻവിധി കൂടാതെ വിലയിരുത്തുന്ന വർക്ക് മലയാളം ബൈബിൾ മാതൃകപരമായ വിവർത്തനം ആയിരിക്കും.

ഇന്ന് പ്രസിദ്ധീകരണം നിലച്ചുപോയതും എന്നാൽ സദുദ്ദേശ്യത്തോടെ തുടങ്ങിയ തുമായ ഭാഗികമായ ഒരു വേദതർജ്ജമയുണ്ട്. ദിവ്യസന്ദേശം എന്ന പേരിൽ 1930-ൽ പുതിയനിയമം മാത്രം പരിഭാഷപ്പെടുത്തി. ജീവത്ഭാഷയിൽ ബൈബിൾ അവതരിപ്പിക്കുക യായിരുന്നു അവരുടെ ലക്ഷ്യം. സംഭാഷണങ്ങൾ നിറഞ്ഞ, സംഭാഷണഭാഷയോടു ചേർന്നുനില്ക്കുന്ന വിവർത്തനമായിരുന്നു അത്. *ലിവിങ് ബൈബിൾ* (കെന്നത്ത് ടെയ്‌ലർ) എന്ന ഇംഗ്ലീഷ് കൃതിയായിരുന്നു അടിസ്ഥാനം. മലയാളം (ഓശാന) ബൈബിൾ വന്നതോടെ ദിവ്യസന്ദേശത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടു. എന്നാൽ അതിന് മുമ്പുവരെ സത്യവേദപുസ്തകം വായിക്കുന്ന, മലയാളം മാത്രം അറിയാവുന്ന ഒരാൾക്ക് ആശയസന്ദേഹം വരുമ്പോൾ ആശ്രയിക്കാവുന്ന നല്ല വഴികാട്ടിയിരുന്നു ദിവ്യസന്ദേശം.

#### 2.4.7. വിശുദ്ധഗ്രന്ഥം

കൈരളിക്കു കിട്ടിയ ഏറ്റവും പുതിയ വേദപരിഭാഷ *വിശുദ്ധഗ്രന്ഥം* ആണ്. കുരി യൻ കോർ എപ്പിസ്കോപ്പാ കണിയാമ്പറമ്പിൽ ആണ് വിവർത്തകൻ. കേവലം മൂന്നു വർഷംകൊണ്ടു നിർവഹിച്ച ഒറ്റയാൾ വിവർത്തനം എന്ന ബഹുമതി മലയാള ബൈബിൾ തർജ്ജമാചരിത്രത്തിൽ ഈ വേദഗ്രന്ഥത്തിനേ അവകാശപ്പെടാനാവൂ. സുറിയാനിഭാഷ യാണ് വിശുദ്ധഗ്രന്ഥത്തിന്റെ സ്രോതഭാഷ. യേശുവിന്റെ പ്രഥമഭാഷയായ അരാമ്യയുടെ ആധുനികരൂപമാണ് സുറിയാനി. ക്തോബോകാദീശോ എന്നാണ് ബൈബിളിനു സുറി യാനിയിൽ പറയുന്നത്. അതിനാൽ അർഥമാറ്റം വരാതിരിക്കാനായി വിശുദ്ധഗ്രന്ഥം എന്ന പേരിട്ടെന്ന് കണിയാമ്പറമ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. രണ്ടാം നൂറ്റാണ്ടിലെ പ്ശിത്തോ (Peshitta) എന്ന സുറിയാനി ബൈബിളാണ് കണിയാമ്പറമ്പിൽ വിവർത്തനത്തിന് ആശ്ര യിച്ചിരിക്കുന്നത്. സിറിയൻ ഓർത്തഡോക്സ് ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ 1994-ൽ ആണ് ഇത് ആദ്യമായി പ്രസിദ്ധം ചെയ്തത്.

ഗ്രന്ഥനാമങ്ങളുടെ കാര്യത്തിൽ വിശുദ്ധഗ്രന്ഥം സത്യവേദപുസ്തകത്തിലെ സം ജ്ഞകൾ തന്നെ സ്വീകരിച്ചിരിക്കുന്നു. എന്നാൽ എല്ലാ മലയാളം ബൈബിളിലും പ്രഥമഗ്ര ന്ഥത്തിന് ഉൽപത്തി എന്ന പേരു സ്വീകരിച്ചപ്പോൾ ആദ്യഗ്രന്ഥം എന്നാണ് വിശുദ്ധ ഗ്രന്ഥ ത്തിൽ കൊടുത്തിരിക്കുന്നത്. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ എന്ന പുസ്തകത്തിന് പ്രക്സീസ് എന്നാണ് പേരിട്ടിരിക്കുന്നത്, വിശദീകരണം കൊടുക്കുന്നുണ്ടെങ്കിലും. മറ്റു മലയാളം ബൈബിളുകളിലൊന്നും പുസ്തകങ്ങളുടെ ഉള്ളടക്കം വിശദമായി കൊടുക്കു ന്നില്ല. അതിനാൽ ബൈബിളിലെ ഒരു സംഭവം പെട്ടെന്നു കണ്ടെത്താൻ ബുദ്ധിമുട്ടാണ്. വിശുദ്ധഗ്രന്ഥത്തിൽ പുതിയനിയമപുസ്തകങ്ങളിലെ വിഷയവിവരം വിശദമായി അധ്യാ യവും വാക്യവും സൂചിപ്പിച്ചു കൊടുത്തിട്ടുണ്ട്. ഈ നല്ല സമ്പ്രദായം പഴയനിയമത്തിൽ വിവർത്തകൻ ചെയ്യാതെ വിട്ടു. ഇവ കൂടാതെ ഒട്ടേറെ ഭാഗികമായ ബൈബിൾ വിവർത്ത

നങ്ങൾ മലയാളത്തിൽ ഇറങ്ങിയിട്ടുണ്ട്. അവയുടെ സവിശദമായ പട്ടിക റോസി തമ്പിയുടെ '*ബൈബിളും മലയാളവും*' എന്ന പഠനത്തിലുണ്ട്.

**2.5. ബൈബിൾ ആശ്രിതവ്യവഹാരങ്ങൾ**

ഭാരതീയസാഹിത്യത്തിൽ രാമായണഭാരതങ്ങൾ നിരവധി പുനരാഖ്യാനങ്ങൾക്കും സ്വാധീനകൃതികൾക്കും കാരണമായിട്ടുണ്ട്. അതുപോലെ ബൈബിളിൽനിന്ന് ഇതിവൃത്തങ്ങൾ സ്വീകരിച്ച് വിശ്വസാഹിത്യത്തിൽ പല രചനകൾ ഉണ്ടായിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ചില സൃഷ്ടികൾ മാത്രമേ ഇവിടെ രേഖപ്പെടുത്തുന്നുള്ളൂ. ദാന്തെയുടെ *ഡിവൈൻകോമഡി* (1320) ബൈബിൾ ആശ്രിതകൃതികളിൽ പ്രമുഖമത്രേ. ജോൺമിൽട്ടന്റെ *പറുദീസാനഷ്ടം* (1667) പാപത്താൽ പറുദീസയിൽനിന്നു പുറത്താക്കപ്പെട്ട മനുഷ്യന് എപ്രകാരം പറുദീസ വീണ്ടെടുത്തു നൽകുമെന്നതിന്റെ ആഖ്യാനമാണ്. ക്രിസ്തുഭക്തന്റെ നിത്യദേശത്തേക്കുള്ള പ്രയാണത്തിലെ കേവലം അസംസ്കൃതവസ്തുക്കൾ മാത്രമാണ് കഷ്ടനഷ്ടങ്ങൾ എന്ന് ജോൺ ബനിയന്റെ *പരദേശിമോക്ഷയാത്ര* (1678) വെളിപ്പെടുത്തുന്നു. മിഗ്വെൽ ഡി സെർവാന്റെസ് രചിച്ച *ഡോൺകിക്സോട്ട്* (1605) ബൈബിൾ സ്വാധീനതയുള്ള സ്പാനിഷ്നോവൽ ആണ്. വിക്ടർ ഹ്യൂഗോയുടെ '*പാവങ്ങൾ*' (1862) ബൈബിൾ വിഭാവനം ചെയ്യുന്ന പരസ്പരസ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും മാനസാന്തരത്തിന്റെയും കഥപറയുന്ന ഫ്രഞ്ചുനോവലാണ്.

റഷ്യൻ നോവലിസ്റ്റ് ലിയോ ടോൾസ്റ്റോയി രചിച്ച *അന്നാ കരീനീന* (1887), *യുദ്ധവും സമാധാനവും* (1869), *ഇവാൻ ഇല്ലിച്ചിന്റെ മരണം* (1886) മുതലായവ ബൈബിൾ സ്വാധീനതയുള്ള കൃതികളിൽപ്പെടുന്നു. ടോൾസ്റ്റോയിയുടെ ദൈവശാസ്ത്രകൃതിയാണ് *ദൈവരാജ്യം നിങ്ങളിൽത്തന്നെ* (1894). ലൂക്കൊസിന്റെ സുവിശേഷത്തിലെ വാക്യമാണിത് (17:21). റഷ്യൻ നോവലിസ്റ്റായ ദസ്തയേവ്സ്കിയുടെ *കുറ്റവും ശിക്ഷയും* പാപത്തിൽനിന്നുള്ള മോചനം എന്ന ക്രിസ്തീയചിന്തയെ ആസ്പദമാക്കിയുള്ള രചനയാണ്. *കാരമസോവ് സഹോദരന്മാർ* (1880) എന്ന കൃതിയും ബൈബിൾ പശ്ചാത്തലം ഉള്ളതാണ്.

ബൈബിളിലെ സൂചിതകഥകളാൽ സമ്പന്നമായ കൃതികളാണ് മാർക് ട്വെയ്ൻ എഴുതിയ ഹക്ക്ൾബറി ഫിൻ (1884). *മൂൺ ഓഫ് യിസ്രായേൽ* (1918) ബൈബിളിലെ പുറപ്പാട് പശ്ചാത്തലമാക്കി റൈഡർ ഹഗ്ഗാർഡ് എഴുതിയ നോവലാണ്. ഖലീൽ ജിബ്രാന്റെ *മനുഷ്യപുത്രനായ യേശു* (1928), *മണലും നുരയും* (1926), *പ്രവാചകൻ* (1923) എന്നിവ ബൈബിൾബന്ധമുള്ള കൃതികളാണ്. ഏണസ്റ്റ് ഹെമിംഗ് വേയുടെ കിഴവനും കടലും (1952), സാമുവൽ ബക്കറ്റിന്റെ അസംബന്ധനാടകമായ ഗോദോയെ കാത്ത് (1953), വില്യം ഗോൾഡിംഗിന്റെ ഈച്ചകളുടെ തമ്പുരാൻ (1954), ഗബ്രിയേൽ ഗർസിയ മാർക്വേസിന്റെ ഏകാന്തതയുടെ നൂറുവർഷങ്ങൾ (1967), ബാർബറ കിങ്സോൾവർ രചിച്ച ദ് പോയ്സൺവുഡ് ബൈബിൾ (1998), ദാനീയേൽ ഈസ്റ്റർമാൻ രചിച്ച യൂദാസിന്റെ സുവിശേഷം (1994) എന്നിവയും ബൈബിളിന്റെ ആശ്രിതകൃതികളിൽപ്പെടുന്നു. എ.എം.

*ക്ലെയനിന്റെ ദ് സെക്കൻഡ് സ്ക്രോൾ* (1951) യിസ്രായേൽ രാജ്യം പുനഃസ്ഥാപിക്കപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ രചിച്ച നോവലാണ്. ബൈബിളിലെ പഞ്ചഗ്രന്ഥങ്ങളുടെ പേരുകളിലാണ് ഇതിലെ ഓരോ അധ്യായവും അറിയപ്പെടുന്നത്.

പൗലോ കൊയ്ലോയുടെ *അഞ്ചാം പർവ്വതം* (1996) ഏലിയാവിന്റെ ജീവിതത്തെ നവീനരീതിയിൽ ആവിഷ്കരിക്കുന്നു. *നോട് ദ എൻഡ് ഓഫ് ദ വേൾഡ്* (2004) ജെറാൾഡിൻ മകൊക്രൻ നോഹയുടെ പെട്ടകത്തെ പ്രമേയമാക്കി എഴുതിയ നോവലാണ്. ഫ്രാൻസീൻ റിവസിന്റെ നോവൽ *ദ് പ്രിൻസ്* (2005), ദാവീദിന്റെ സുഹൃത്ത് ജോനാഥാന്റെ സഹവർത്തിത്വവും സഹകരണവുമാണ് ദാവീദിന്റെ വിജയഹേതു എന്നു വ്യക്തമാക്കുന്നു. ഓർസൻ സ്കോട്ട് കാർഡ് രചിച്ച *റേച്ചൽ ആൻഡ് ലേയ* (2004) യാക്കോബിന്റെ ജീവിതകഥ തന്റെ പെൺമക്കളുടെ വീക്ഷണത്തിലൂടെ അവതരിപ്പിക്കുന്നു. മാർഗരറ്റ് ജോർജിന്റെ *മേരി എന്നു വിളിക്കുന്ന മഗ്ദലന* (2002) മഗ്ദലനയെപ്പറ്റി പുതിയ വിവരങ്ങൾ നൽകുന്ന നോവലാണ്.

ജോസഫ് ഹെല്ലറുടെ *ഗോഡ് നോസ്* (1984) എന്ന നോവലിലെ ഇതിവൃത്തം ദാവീദിന്റെ കഥയാണ്. ജെറാൾഡിൻ ബ്രൂക്സിന്റെ *ദ് സീക്രട് കോർഡിൽ* (2015) പ്രവാചകനായ നാഥാന്റെ വീക്ഷണകോണിൽ ദാവീദിന്റെ കഥ അവതരിപ്പിക്കുന്നു. മാരിലിൻ റോബിൻസൺ എഴുതിയ *ഹൗസ് കീപ്പിങ്* (1980), *ഗിലെയാദ്* (2004) എന്നിവ ബൈബിൾ അധിഷ്ഠിതകൃതികളാണ്. രൂത്തിന്റെ കഥയോട് സാമ്യമുള്ള പ്രമേയമാണ് *ഹൗസ് കീപ്പിങ്*. ജോൺ സ്റ്റൈൻബെക് എഴുതിയ *ഈസ്റ്റ് ഓഫ് ഏദെൻ* (1952) ബൈബിൾബന്ധമുള്ള കൃതിയാണ്. വില്യം ഫോക്നറുടെ *അബ്ശാലോം, അബ്ശാലോം* (1936) ദാവീദിന്റെ കഥയോട് സാമ്യമുള്ളതാണ്.

ബൈബിളിന്റെ ആദ്ധ്യാത്മികത ഒഴിവാക്കിക്കൊണ്ടുള്ള സ്വതന്ത്രരചനകളും ഉണ്ട്. നിക്കോളോ മാക്കിയവെല്ലിയുടെ *ദ് പ്രിൻസ്* (1532), ഫ്രെഡറിക് നിത്ഷേയുടെ *ആന്റി ക്രൈസ്റ്റ്* (1895), കസാൻദ്സാക്കിസിന്റെ *അന്ത്യപ്രലോഭനം* (1960), ജോസ് സരമാഗോവിന്റെ *ദ് ഗോസ്പൽ അകോർഡിങ് ടു ജീസസ് ക്രൈസ്റ്റ്* (1991), *കയിൻ* (1991), ടോൾസ്റ്റോയിയുടെ *ഉയിർത്തെഴുന്നേൽപ്പ്* (1899), ഡാൻ ബ്രൗണിന്റെ *ഡാവിഞ്ചി കോഡ്* (2003), ഫിലിപ് പുൾമന്റെ *നല്ലവനായ യേശുവും വഞ്ചകനായ ക്രിസ്തുവും* (2010) എന്നിവ അത്തരത്തിൽപ്പെടുന്നു.

**2.5.1. ചലച്ചിത്രങ്ങൾ**

*ബെൻഹർ* (1959) 11 ഓസ്കാർ പുരസ്കാരങ്ങൾ നേടിയ ബൈബിൾപശ്ചാത്തലമുള്ള സിനിമയാണ്. വില്യം വൈലർ ആണ് സംവിധായകൻ. യേശുവിന്റെ ക്രൂശീകരണരംഗം ഇതിലെ പ്രധാനഭാഗങ്ങളിലൊന്നത്രേ. *സാംസൺ ആൻഡ് ദെലീല* (1949) സെസിൽ ബി. ഡിമൈല്ലെ സംവിധാനം ചെയ്ത ചിത്രമാണ്. *ദ് ടെൻ കമാന്റ്മെൻസ്* (1956) അദ്ദേഹത്തിന്റെ അതിപ്രശസ്ത സിനിമയാണ്. മോശെയുടെ ജീവിതമാണ് പ്രമേ

യം. ചെങ്കടൽ രണ്ടായി പിരിയുന്ന രംഗം ഇതിലുണ്ട്. *ജോസഫ്: സ്വപ്നങ്ങളുടെ രാജാവ്* (2000) റോബ് ലാഡുകാ സംവിധാനം ചെയ്ത ചിത്രമാണ്. ഉൽപത്തിപ്പുസ്തകത്തിലെ യോസേഫിന്റെ കഥയാണ് ഉള്ളടക്കം. മോശെയുടെ കഥയെ ആസ്പദമാക്കി ബ്രെൻഡ ചാപ്മാൻ സംവിധാനം ചെയ്ത *ദ് പ്രിൻസ് ഓഫ് ഈജിപ്ത്* (1998), ഹെൻട്രി കോസ്റ്റർ സംവിധാനം നിർവഹിച്ച *ദ് റോബ്* (1953), റിച്ചാർഡ് ഫ്ലെയ്ഷർ സംവിധാനം ചെയ്ത *ബറബ്ബാസ്* (1961) എന്നിവ ബൈബിൾ പ്രമേയചിത്രങ്ങളിൽപെടുന്നു. പോളോ പസ്സോളി നിയുടെ *ഗോസ്പൽ എക്കോർഡിങ് റ്റു മാത്യു* (1964), ജോർജ് സ്റ്റീവൻസ് സംവിധാനം ചെയ്ത *ദ് ഗ്രേറ്റസ്റ്റ് സ്റ്റോറി എവർ റ്റോൾഡ്* (1965) യേശുവിന്റെ ജീവിതകഥ ആദ്യന്തം വിവരിക്കുന്നു. *ലൈഫ് ഓഫ് ബ്രിയാൻ* (1979) ടെറി ജോൺസ് സംവിധാനം ചെയ്ത വിവാദമുണ്ടാക്കിയ സിനിമയാണ്.

*ദ് റെഡ് ടെന്റ്* (2014) എന്ന അനിറ്റ ഡൈമന്റിന്റെ നോവൽ അതേ പേരിൽ റോജർ യങ് സിനിമയാക്കിയിട്ടുണ്ട്. *ദ് ബൈബിൾ: ഇൻ ദ് ബിഗിനിങ്* (1966) ജോൺ ഹ്യൂസ്റ്റൺ നിർമ്മിച്ച ചിത്രമാണ്. കെവിൻ റെയ്നോൾഡ്സ് സംവിധാനം ചെയ്ത *റൈസൺ* (2016) യേശുവിന്റെ ജീവിതകഥയാണ്. *പാഷൻ ഓഫ് ദ ക്രൈസ്റ്റ്* (2004) മെൽ ഗിബ്സൺ സംവിധാനം ചെയ്ത യേശുവിന്റെ പീഡാനുഭവം അടിസ്ഥാനമാക്കിയുള്ള സിനിമയാണ്. യേശുവിന്റെ ജന്മഭാഷയായ അരമായയിലാണ് ഈ സിനിമ ഇറക്കിയിരി ക്കുന്നത്.

### 2.6. ബൈബിളും മലയാളവും

മലയാളഭാഷയിലും സാഹിത്യത്തിലും ബൈബിൾ വരുത്തിയ സ്വാധീനം എടു ത്തുപറയത്തക്കതാണ്. എല്ലാ സാഹിത്യമേഖലകളിലും പ്രത്യക്ഷവും പരോക്ഷവുമായി ബൈബിൾബന്ധമുള്ള കൃതികൾ ഉണ്ടായിട്ടുണ്ട്. നാടൻപാട്ടുകൾ മുതൽ ആധുനികാനന്ത രകൃതികളിൽ വരെ ബൈബിളിന്റെ മുദ്രപതിഞ്ഞിട്ടുണ്ട്.

#### 2.6.1. നാടൻപാട്ടുകൾ

മലയാളത്തിൽ ബൈബിൾ സ്വാധീനതയുടെ ആദ്യമാതൃകകൾ ക്രിസ്തീയമായ നാടൻപാട്ടുകളിലാണുള്ളത്. മാർഗം കളിപ്പാട്ട്, റമ്പാൻ പാട്ട്, അദത്തിന്റെ വട്ടക്കളിപ്പാട്ട്, അങ്കം ചാർത്ത് പാട്ട്, മംഗല്യഗീത, മൈലാഞ്ചിപ്പാട്ട്, മാർത്തൊമ്മൻ പാട്ട്, അടച്ചുതുറപ്പാട്ട് എന്നിവ ക്രിസ്തീയനാടൻ പാട്ടുകളാണ്. ബൈബിൾ പരിഭാഷയ്ക്കു മുമ്പ്, പള്ളിപ്രസംഗം, മതബോധനം തുടങ്ങിയവയിൽനിന്നു നേടിയ അറിവായിരിക്കും ഈ രച നകൾക്കു പിന്നിൽ പ്രവർത്തിച്ചത്.

#### 2.6.2. കവിത

ആധുനിക കവിത്രയത്തിന്റെ കവിതകൾ മുതൽ ബൈബിൾ സ്വാധീനതയുള്ള കൃതികൾ മലയാളത്തിൽ ഉണ്ടായിത്തുടങ്ങി. മഹാകാവ്യരചനയുടെ മഹാകാലത്ത്

ബൈബിളിൽനിന്ന് ഇതിവൃത്തം സ്വീകരിച്ച് കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള *ശ്രീയേശു വിജയം* മഹാകാവ്യം രചിച്ചു. 'കട്ടക്കയം ക്രൈസ്തവകാളിദാസൻ' എന്ന് അപഹസിക്കപ്പെട്ട സാഹിത്യപശ്ചാത്തലത്തിൽനിന്ന് ക്രൈസ്തവപ്രമേയങ്ങൾ മലയാളസാഹിത്യത്തിലെ സകലമേഖലകളിലും സ്വാധീനം ചെലുത്തുന്നതു പിന്നീടു കാണാം. കെ.വി. സൈമണിന്റെ *വേദവിഹാരം*, പ്രവിത്താനം ദേവസ്യയുടെ *മഹാപ്രസ്ഥാനം*, *ഇസ്രായേൽവംശം മഹാകാവ്യം*, പുത്തൻകാവുമാത്തൻ തരകന്റെ *വിശ്വദീപം* തുടങ്ങിയവ തനി ക്രൈസ്തവകൃതികളെന്ന ഗണത്തിൽ പെടുത്തേണ്ടവയാണ്. മേരി ബനീഞ്ഞ, മേരി ജോൺ കൂത്താട്ടുകുളം എന്നിവരുടെ കാവ്യങ്ങളും ക്രൈസ്തവേതിവൃത്തം സ്വീകരിച്ചവ തന്നെ.

ബൈബിളിന്റെ പുതിയൊരു പുനരാഖ്യാനരീതി മലയാളത്തിൽ ആദ്യം അവതരിപ്പിച്ച കൃതികളിലൊന്നാണ് വള്ളത്തോളിന്റെ *മഗ്ദലനമറിയം*. കുമാരനാശാന്റെ *വീണപൂവ്*, ഉള്ളൂരിന്റെ *പ്രേമസംഗീതം* എന്നിവയിൽ ബൈബിളിലെ പല ആശയങ്ങൾ കടന്നുവരുന്നുണ്ട്. ജി.ശങ്കരക്കുറുപ്പിന്റെ 'ഇന്നു ഞാൻ നാളെ നീ' എന്ന കവിത ബൈബിൾബന്ധമുള്ളതാണ്. 'ദാവീദിനൊരു ഗാനം', 'അഗ്നിശലഭങ്ങൾ', 'ഇന്നും', 'ജ്ഞാനസ്നാനം' എന്നീ ഒ.എൻ.വിക്കവിതകളിൽ വേദപുസ്തകത്തിലെ ഇതിവൃത്തമാണു സ്വീകരിച്ചിരിക്കുന്നത്. ഇതുകൂടാതെ അദ്ദേഹത്തിന്റെ അനേകം കവിതകളിൽ ബൈബിൾ പ്രയോഗങ്ങളും മിത്തുകളും നിറഞ്ഞുനിൽക്കുന്നു.

'ക്രിസ്തുവിന്റെ ശവക്കച്ച', 'ഉയിർത്തെഴുന്നേൽപ്പ്', 'മൂന്നു ദൃഷ്ടാന്തകഥകൾ, 'രൂപാന്തരം', 'ലോകാവസാനം', 'ഏകാകിയായ സാത്താൻ മനുഷ്യനെ വെല്ലുവിളിക്കുന്നു', 'പുനർജന്മം', 'ശ്യാമസംഗീതം', 'ആത്മാഹുതി' തുടങ്ങിയവ സച്ചിദാനന്ദന്റെ ബൈബിൾക്കവിതകളിൽപ്പെടുന്നു. ഒലിവ് മല, കാൽവരി, ബാബേൽ, ബേത്ലഹേം, സീനായ് തുടങ്ങി ബൈബിളിലെ ഒട്ടേറെ സ്ഥലങ്ങളും നോഹ, മോശെ, ദാവീദ്, സോളമൻ, യേശു, പത്രൊസ്, മറിയം, യൂദാ, ലാസർ മുതലായ കഥാപാത്രങ്ങളും മറ്റനേകം ബൈബിൾശൈലികളും ബിംബങ്ങളും സച്ചിദാനന്ദന്റെ പല കവിതകളിലും കടന്നുവരുന്നുണ്ട്. സുഗതകുമാരിയുടെ കവിതകളിൽ ധാരാളം ബൈബിൾശൈലികൾ വരുന്നുണ്ട്. സുഗതകുമാരിയുടെ 'ഏദനിൽനിന്ന്' ഇത്തരത്തിൽപ്പെട്ട കവിതയാണ്. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ '*ദു:ഖവെള്ളിയാഴ്ച*', '*എവിടെ ജോൺ?*' എന്നിവ ബൈബിൾ ആശ്രിതകവിതകളാണ്. ഇതുകൂടാതെ മാനസാന്തരം, സ്നാനം, കുമ്പസാരം തുടങ്ങിയ വേദപുസ്തകപദാവലികൾ അദ്ദേഹത്തിന്റെ കവിതയിൽ പലപ്പോഴും പ്രത്യക്ഷപ്പെടുന്നു. കടമ്മനിട്ട രാമകൃഷ്ണൻ, വിഷ്ണുനാരായണൻനമ്പൂതിരി, അയ്യപ്പപ്പണിക്കർ, എ. അയ്യപ്പൻ, കെ.ജി. ശങ്കരപ്പിള്ള എന്നിവരുടെ കവിതയിൽ ബൈബിൾബിംബങ്ങൾ, പരാമർശങ്ങൾ എന്നിവ വരുന്നുണ്ട്. ജോസഫ് ചീരന്റെ '*ബൈബിൾ ആധുനികമലയാളകവിതയിൽ*' എന്ന പുസ്തകത്തിൽ ഇതുസംബന്ധിച്ച വിശദമായ വിവരങ്ങളും നിരീക്ഷണങ്ങളുമുണ്ട്.

### 2.6.3. നാടകം

കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ *യൂദജീവേശ്വരി* എസ്ഥേറിന്റെ പുസ്തക ത്തിൽനിന്നും പ്രമേയസ്വീകാരം നടത്തിയ നാടകമാണ്. കണ്ടത്തിൽ വറുഗീസ് മാപ്പിള യുടെ *എബ്രായക്കുട്ടി* എന്ന നാടകം ഉൽപത്തിപ്പുസ്തകത്തിലെ യോസേഫിന്റെ കഥ അവതരിപ്പിക്കുന്നു. ക്രിസ്തുവിന്റെ ജീവിതകഥയാണ് കൈനിക്കര പത്മനാഭപിള്ളയുടെ കാൽവരിയിലെ *കല്പപാദപ*ത്തിലെ പ്രമേയം. സി.ആർ കൃഷ്ണപിള്ളയുടെ *മഗ്ദലനമ റിയ* എന്ന നാടകത്തിൽ മഗ്ദലനമറിയത്തിന്റെ കഥ പ്രമേയമായി സ്വീകരിച്ചിരിക്കുന്നു.

സി.ജെ. തോമസിന്റെ *ആ മനുഷ്യൻ നീ തന്നെ, അവൻ വീണ്ടും വരുന്നു, രൂഥ്* എന്നിവയിലെ ഇതിവൃത്തം ബൈബിളിൽനിന്നുള്ളതാണ്. *1128ൽ ക്രൈം 21* എന്ന നാടക ത്തിലും ബൈബിൾ സൂക്തങ്ങളും മറ്റും സന്ദർഭാനുസാരം വരുന്നുണ്ട്. കെ.സുരേന്ദ്രന്റെ *അനശ്വരനായ മനുഷ്യൻ,* ജി.ശങ്കരപ്പിള്ളയുടെ *ഈ രക്തത്തിൽ എനിക്കു പങ്കില്ല,* പി. സു ബ്ബയ്യാപ്പിള്ളയുടെ *പ്രതികാരം* എന്നിവയിലും ബൈബിൾക്കഥാസ്പർശം ഉണ്ട്. തോപ്പിൽ ഭാസിയുടെ *മുടിയനായ പുത്രൻ, പുതിയ ആകാശവും പുതിയ ഭൂമിയും*, സി.എൻ. ശ്രീക ണ്ഠൻനായരുടെ *ആ കനി തിന്നരുത്* എന്നീ നാടകങ്ങളുടെ പേരുകൾ വേദപുസ്തകബ ന്ധമുള്ളതാണ്.

### 2.6.4. നോവൽ

നോവൽ വിവർത്തനങ്ങളായ ജോസഫ് പീറ്റിന്റെ *'ഫൂൽമോനി എന്നും കോരുണ എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ'* (1858), റിച്ചാർഡ് കോളിൻസിന്റെ *ഘാതകവധം* (1877) എന്നിവയിൽ ബൈബിൾ ആശയങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. മലബാറിലെ ബാസൽമി ഷന്റെ പ്രേഷിതവൃത്തി പ്രതിപാദിക്കുന്ന ജോസഫ് മൂളിയിലിന്റെ *സുകുമാരി* (1897) യിൽ ബൈബിൾഭാഷയുടെ സ്വാധീനത കാണാം.

ബൈബിൾവചനങ്ങളാൽ അതിസമൃദ്ധമായ കൃതി പാറപ്പുറത്തിന്റെ *അരനാഴിക നേരം* ആണ്. ഉൽപത്തി, രൂത്ത്, ഉത്തമഗീതം, സങ്കീർത്തനങ്ങൾ, സദൃശവാക്യങ്ങൾ, സഭാപ്രസംഗി തുടങ്ങി ബൈബിളിലെ ഭൂരിഭാഗം കൃതികളിലെയും സന്ദർഭങ്ങളും ഭാഷാ ശൈലിയും അരനാഴികനേരത്തിൽ വരുന്നു. സത്യവേദപുസ്തകഭാഷാശൈലിയുടെ കരുത്തു വ്യക്തമാക്കുന്നു *അരനാഴികനേരം.* വെളിപ്പാടുപുസ്തകത്തിലെ ബിംബസമൃദ്ധ മായ വിവരണകല സ്വീകരിച്ചെഴുതിയ നോവലാണ് കാക്കനാടന്റെ *ഏഴാം മുദ്ര.* സത്യവേദ പുസ്തകത്തിലെ ഭാഷാശൈലിതന്നെയാണ് കാക്കനാടൻ കൈക്കൊണ്ടിരിക്കുന്നത്. കാക്കനാടന്റെ *ഒറോത*യിലും വേദപുസ്തകസ്വാധീനതയുണ്ട്. ബൈബിൾകഥാപാത്രങ്ങ ളുടെ പേരുകളുടെ ആധിക്യംകൊണ്ടും സത്യവേദപുസ്തകഭാഷാശൈലികൊണ്ടും ശ്രദ്ധേയമായ നോവലാണ് സി.വി. ബാലകൃഷ്ണന്റെ *ആയുസ്സിന്റെ പുസ്തകം.* അദ്ദേഹ ത്തിന്റെ തന്നെ *എന്റെ പിഴ, എന്റെ വലിയ പിഴ* (1995) എന്ന കൃതിയിലും ബൈബിൾഭാഷ സ്വീകരിച്ചിട്ടുണ്ട്.

പോഞ്ഞിക്കര റാഫിയുടെ *സ്വർഗദൂതൻ* ബൈബിളിന്റെ സ്വാധീനത നിറഞ്ഞ പ്രമുഖകൃതിയാണ്. വി.ജെ. ജയിംസിന്റെ *പുറപ്പാടുപുസ്തകം* ഘടനാപരമായും ആശയപരമായും ബൈബിളിലെ പുറപ്പാടുപുസ്തകവുമായി അടുപ്പമുള്ളതാണ്. പ്രമേയത്തോടൊപ്പം ബൈബിൾവാക്യങ്ങളുടെ രചനാശൈലിയും സ്വീകരിച്ചിരിക്കുന്ന നോവലാണ് സാറാ ജോസഫിന്റെ *നന്മതിന്മകളുടെ വൃക്ഷം.* പെരുമ്പടവം ശ്രീധരന്റെ *'ഏഴാം വാതിൽ'* ആഖ്യാനത്തിലങ്ങോളമിങ്ങോളം സത്യവേദപുസ്തകത്തിലെ വാക്യങ്ങളും ആശയങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. വി.ജെ. ജെയിംസിന്റെ *നിരീശ്വരൻ,* സെബാസ്റ്റ്യന്റെ *രാജാക്കന്മാരുടെ പുസ്തകം*, സി.എൻ. ശ്രീകണ്ഠൻനായരുടെ *ആ കനി തിന്നരുത്* എന്നീ നോവലുകളിലും ബൈബിൾക്കഥാബന്ധമുണ്ട്.

ബെന്യാമിന്റെ *മാന്തളിരിലെ 20 കമ്യൂണിസ്റ്റ് വർഷങ്ങൾ*, *പ്രവാചകന്മാരുടെ രണ്ടാം പുസ്തകം* എന്നിവയിലും ബൈബിൾ പരാമർശങ്ങളുണ്ട്. 'കമ്യൂണിസ്റ്റുവർഷങ്ങളി'ൽ പല ആധ്യായങ്ങളുടെയും ഉപാധ്യായങ്ങളുടെയും ശീർഷകങ്ങൾ ഉൾപ്പെടെ ധാരാളം ബൈബിൾവചനങ്ങളുണ്ട്.

**2.6.5. ചെറുകഥ**

ബൈബിൾ പ്രമേയങ്ങൾ സാമൂഹിക വിമർശനത്തിന് ഉപാധിയാക്കുന്ന കഥകളാണ് പൊൻകുന്നം വർക്കിയുടേത്. 'അന്തോണീ നീയുമച്ചനായോടാ', 'പാളേങ്കോടൻ', 'കുറ്റസമ്മതം', 'ബൈബിൾ' എന്നിവ അത്തരത്തിലുള്ളതാണ്. പോഞ്ഞിക്കര റാഫിയുടെ 'ക്രിസ്തുവിന്റെ മാതാവ്', 'ഉപദേശി', 'റജീനയുടെ മരണം' എന്നീ കഥകൾ ബൈബിൾ സ്വാധീനതയുള്ളതാണ്. കാക്കനാടന്റെ 'ബാബേൽ', 'പ്രവാചകൻ', എം.ടി. വാസുദേവൻ നായരുടെ 'അക്കല്ദാമയിൽ പൂക്കൾ വിടരുമ്പോൾ', 'മുൾക്കിരീടം' എന്നിവ വേദപുസ്തകബന്ധമുള്ളതാണ്. ഒ. വി.വിജയന്റെ 'ചെങ്ങന്നൂർ വണ്ടി' എന്ന കഥയിൽ ബൈബിൾ ബിംബങ്ങളുണ്ട്. എൻ.പി. മുഹമ്മദിന്റെ 'ശലമോൻ രാജാവും ശേബാ രാജ്ഞിയും' സക്കറിയയുടെ 'ഒരിടത്ത്', 'ജോസഫ് നല്ലവന്റെ കുറ്റസമ്മതം', 'കുരിശുമലമുകളിൽ', 'ആർക്കറിയാം', 'അന്നമ്മടീച്ചർ: ഒരോർമ്മക്കുറിപ്പ്', 'എന്തുണ്ടു വിശേഷം പീലാത്തോസേ', 'കണ്ണാടി കാൺമോളവും' എന്നിവയും ബൈബിൾക്കഥകളാണ്.

ബൈബിൾ അവതരിപ്പിക്കുന്ന യേശുവിന്റെ ദൈവികതയെ വിട്ട് അതിന്റെ മാനുഷികമായ മാനങ്ങളെ പൊലിപ്പിച്ചെടുക്കുവാനുള്ള ശ്രമങ്ങളാണ് സക്കറിയയുടെ ബൈബിളാശ്രിതകഥകളിൽ കാണാവുന്നത്. സക്കറിയക്കഥകളിലെ യേശു ചോരയും നീരുമുള്ള മനുഷ്യനാണ്. പീലാത്തൊസിന്റെ ഭാര്യയെ വ്യക്തിത്വമുള്ള കഥാപാത്രമാക്കി അവതരിപ്പിക്കുന്ന കഥയാണ് സക്കറിയയുടെ 'എന്തുണ്ടു പീലാത്തോസേ വിശേഷം?' തോമസ് ജോസഫിന്റെ 'യേശുവിന്റെ വിധി' ബാബു കുഴിമറ്റത്തിന്റെ 'ചത്തവന്റെ സുവിശേഷം', സി.വി. ബാലകൃഷ്ണന്റെ 'ചെന്നായ്ക്കളുടെ ഇടയിൽ ചെമ്മരിയാടുകൾ എന്ന പോലെ' എന്നിവ യേശുവിനെ പുതിയ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന കഥകളാണ്. ടി.വി. കൊച്ചുവാവയുടെ 'കന്യക'യിലും യേശുവാണ് കഥാപാത്രം. തോമസ് ജോസഫിന്റെ

'ജീർണ്ണഭവനത്തിലെ യേശു' വിലും യേശു വരുന്നുണ്ട്. പി.എഫ്. മാത്യുസിന്റെ 'ആങ്ങള' ലാസറിനെ ഉയിർപ്പിച്ച കഥയുടെ പശ്ചാത്തലത്തിലുള്ളതാണ്. ഇക്കഥയിൽ റീത്ത, മരീലി എന്നിവരുടെ ആങ്ങളയായ ലാസറിന്റെ മരണമാണ് പ്രതിപാദ്യം. റൂത്തിന്റെ കഥയും കഥാപാത്രങ്ങളും അതേപോലെ വരികയും എന്നാൽ അവരുടെ മനോഭാവങ്ങളിൽ കാലാനുസൃതമാറ്റം ഉണ്ടാവുകയും ചെയ്യുന്നത് എബ്രഹാം മാത്യുവിന്റെ 'കൊയ്ത്തും വിതയിൽ' എന്ന ചെറുകഥയിൽ കാണാം. ജി.എൻ. പണിക്കരുടെ 'മനുഷ്യപുത്രൻ' എന്ന കഥയിലെ കേന്ദ്രകഥാപാത്രത്തെ യേശുവിനോട് ബൈബിൾ വാക്യങ്ങളുടെ ഉദാഹരണത്തോടെ സാമ്യപ്പെടുത്തുന്നു. പി.കെ. പാറക്കടവിന്റെ 'ആദം', 'ഏദെൻതോട്ടം' എന്നിവ ആദിപാപകഥയുടെ ആക്ഷേപഹാസ്യത്തിലുള്ള ആഖ്യാനമാണ്.

ബൈബിൾ മിത്തിനെ അക്രൈസ്തവമായ പശ്ചാത്തലത്തിൽ ഉപയോഗപ്പെടുത്തിയിരിക്കുന്ന കഥയാണ് കാക്കനാടന്റെ 'ബാബേൽ'. ഇ.എം. കോവൂരിന്റെ 'പഴയകുടത്തിൽ പുതിയ വീഞ്ഞ്' സമാനമായ ബൈബിൾവാക്യവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള കഥയാണ്. ഉൽപത്തിപ്പുസ്തകത്തിലേതാണ് ജോർജ്ജ് ജോസഫിന്റെ 'അനന്തരം സന്ധ്യയായി, ഉഷസ്സായി' എന്ന കഥാനാമം. എൻ. എസ്. മാധവന്റെ ഹിഗ്വിറ്റ, എബ്രഹാം മാത്യുവിന്റെ 'സങ്കീർത്തനങ്ങൾ' ബാബു കുഴിമറ്റത്തിന്റെ 'യൂദാസിന്റെ സുവിശേഷം' ജോർജ്ജ് ജോസഫ്. കെ. യുടെ 'ആഴ്ചവട്ടത്തിലെ ഒന്നാം നാൾ', 'അവൻ മരണയോഗ്യൻ' (1997) എന്നിവ ബൈബിളിനോടു ചെറിയ ബന്ധമുള്ള കഥകളാണ്. ആനന്ദിന്റെ 'നാലാമത്തെ ആണി' ബൈബിളിൽ അവതരിപ്പിക്കുന്നതിൽനിന്നു വ്യത്യസ്തനായ യേശുവിനെ അവതരിപ്പിക്കുന്നു. എൻ.പി. മുഹമ്മദിന്റെ 'ശലമോൻ രാജാവും ശേബാ രാജ്ഞിയും' 1 രാജാക്കന്മാർ 1-13 വരെയുള്ള കഥയിൽ അല്പം മാറ്റം വരുത്തിയതാണ്. പോഞ്ഞിക്കര റാഫിയുടെ 'ബാബേൽ', ബാബേൽ ഗോപുരകഥയ്ക്ക് പുതിയ രൂപഭാവങ്ങൾ നൽകി അവതരിപ്പിച്ചിരിക്കുന്നു. ഒ.പി. ജോസഫിന്റെ 'യൂദാസിന്റെ മൊഴി' ബൈബിൾ ബന്ധമുള്ളതാണ്.

**2.6.6. നിരൂപണം.**

മലയാളനിരൂപണത്തിൽ ബൈബിൾഭാഷകൊണ്ട് ശ്രദ്ധിക്കപ്പെട്ടയാളാണ് കെ.പി. അപ്പൻ. പദപ്രയോഗങ്ങളിലും പുസ്തകനാമങ്ങളിലും ബൈബിൾപദാവലികൾ അദ്ദേഹം ഉപയോഗിച്ചു. *ക്ഷോഭിക്കുന്നവരുടെ സുവിശേഷം, കലഹവും വിശ്വാസവും* എന്നീ ഗ്രന്ഥനാമങ്ങൾ ഉദാഹരണം. കെ. പി. അപ്പനെപ്പറ്റി ഡി.ബെഞ്ചമിൻ *വേദശബ്ദരത്നാകരത്തിന്റെ* അനുബന്ധത്തിൽ ഇങ്ങനെ പറയുന്നു. ''നോവൽവിമർശകനായ കെ.പി.അപ്പൻ അനുവാചകശ്രദ്ധ പിടിച്ചടക്കിയതുതന്നെ ബൈബിൾഭാഷയുടെ ഗാഢമായ സ്വാധീനതയുള്ള ഒരു ഭാഷകൊണ്ടാണ്'' (ബാബു 2013:759). ബൈബിൾസംബന്ധമായ രണ്ടു ലഘുകൃതികളും കെ.പി.അപ്പന്റേതായിട്ടുണ്ട്: *ബൈബിൾ:വെളിച്ചത്തിന്റെ കവചം, മധുരം നിന്റെ ജീവിതം.*

### 2.6.7. ബൈബിൾശൈലികൾ

ബൈബിളിൽനിന്നു ധാരാളം വാക്കുകളും ശൈലികളും മലയാളഭാഷയിലേക്ക് വന്നിട്ടുണ്ട്. ബൈബിൾ, സുവിശേഷം, യേശു, യൂദാസ്, അപ്പൊസ്തലൻ, ഇടയൻ, കുഞ്ഞാടുകൾ, ഗിരിപ്രഭാഷണം എന്നീ പേരുകൾതന്നെ ശൈലികളായിത്തീർന്നിട്ടുണ്ട്. കുരിശ്, താലന്ത്, പുറപ്പാട്, മാനസാന്തരം, മുൾമുടി, ആമേൻ, കുർബ്ബാന, പറുദീസ, ശമര്യാക്കാരൻ എന്നിവ ബൈബിളിൽനിന്നു വന്നതും മലയാളത്തിൽ സാർവത്രികമായി ഉപയോഗത്തിലുള്ളതുമായ വാക്കുകളാണ്. ആദാമിന്റെ വാരിയെല്ല്, വിലക്കപ്പെട്ട കനി, നഷ്ടപ്പെട്ട പറുദീസ, ബലിയാട്, ബാബേൽ ഗോപുരം, ഇടയനില്ലാത്ത ആടുകൾ, വാഗ്ദത്തനാട്, പാലുംതേനും ഒഴുകുന്ന ദേശം തുടങ്ങിയവ വേദപുസ്തകശൈലികളിൽ ചിലതാണ്. ഇതുകൂടാതെ ബൈബിളിലെ മിക്ക പദങ്ങളും സന്ദർഭാനുസരണം ശൈലിയായി ഉപയോഗിച്ചുവരുന്നുണ്ട്.

### 2.7. ബൈബിളും ശാസ്ത്രവും

ബൈബിൾ ശാസ്ത്രഗ്രന്ഥമല്ല. എന്നാൽ പല ബൈബിൾ പരാമർശങ്ങളിലും ശാസ്ത്രസത്യങ്ങളുടെ സൂചന കാണാം. ഭൂമി ഉരുണ്ടതാണെന്നുള്ള ഒന്നിലധികം പരാമർശങ്ങൾ ബൈബിളിലുണ്ട്. 'അവൻ ഭൂമണ്ഡലത്തിന്മീതേ ഇരിക്കുന്നു' (യെശ.40:22). ഭൂമി ശൂന്യതയിലാണ് നിൽക്കുന്നതെന്നും ബൈബിളിൽ പരാമർശിച്ചിരിക്കുന്നു. 'ഭൂമിയെ നാസ്തിത്വത്തിന്മേൽ തൂക്കുന്നു' എന്നാണ് പ്രയോഗം (യെശ.26:7). വായുവിന് ഭാരമുണ്ടെന്നും ബൈബിളിൽ കാണാം. 'അവൻ കാറ്റിനെ തൂക്കിനോക്കുകയും വെള്ളത്തിന്റെ അളവ് നിശ്ചയിക്കുകയും ചെയ്യുന്നു' (ഇയ്യോ.28:25). സമുദ്രത്തിനുള്ളിൽ ഉറവുകളുള്ളതായി ബൈബിൾ രേഖപ്പെടുത്തുന്നു. 'നീ സമുദ്രത്തിന്റെ ഉറവുകളോളം ചെന്നിട്ടുണ്ടോ? (ഇയ്യോ.38:16). ചന്ദ്രനു സ്വയംപ്രകാശമില്ലെന്നു ബൈബിളിൽ സൂചിപ്പിച്ചിട്ടുണ്ട് (ഇയ്യോ.25:5).

ഇയ്യോബിന്റെ പുസ്തകത്തിൽ അണക്കെട്ടിനെപ്പറ്റിയും വൈദ്യുതിയെപ്പറ്റിയും സൂചനയുണ്ട് (28:11). 'അവൻ നീരൊഴുക്കുകളെ ചോരാതവണ്ണം അടച്ചുനിർത്തുന്നു; ഗുപ്തമായിരിക്കുന്നത് അവർ വെളിച്ചത്തുകൊണ്ടുവരുന്നു' (ഇയ്യോ.28:11). ഗുപ്തമായിരിക്കുന്നത് - മറഞ്ഞിരിക്കുന്നത് - വൈദ്യുതിതന്നെ. ചന്ദ്രനിൽ മനുഷ്യൻ പോകുമെന്നതിന്റെ സൂചന ബൈബിളിൽ ഉണ്ട്. 'അവർ ആകാശത്തിലേക്കു കയറിപ്പോയാലും അവിടെനിന്നു ഞാൻ അവരെ ഇറക്കും' (ആമോസ്.9:2). 'നീ കഴുകനെപ്പോലെ ഉയർന്നാലും നക്ഷത്രങ്ങളുടെ ഇടയിൽ കൂടുവച്ചാലും അവിടെനിന്നു ഞാൻ നിന്നെ ഇറക്കും' (ഓബ.1:4).

ജലചംക്രമണത്തെപ്പറ്റി സഭാപ്രസംഗിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ''സകലനദികളും സമുദ്രത്തിലേക്ക് ഒഴുകിവീഴുന്നു. എന്നിട്ടും സമുദ്രം നിറയുന്നില്ല. നദികൾ ഒഴുകിവീഴുന്ന ഇടത്തേക്ക് പിന്നെയും പിന്നെയും ചെല്ലുന്നു'' (1:7). ഇയ്യോബിന്റെ പുസ്തകം,

സങ്കീർത്തനങ്ങൾ, യെശയ്യാവ് തുടങ്ങിയ പഴയനിയമകൃതികളിലാണ് ശാസ്ത്രീയസത്യ ങ്ങളുടെ നിഴലെന്നു പറയാവുന്ന പരാമർശങ്ങൾ കൂടുതലായി കാണപ്പെടുന്നത്. ബൈബി ളിലെ ശാസ്ത്രീയവസ്തുതകൾ സവിശദം പ്രതിപാദിക്കുന്ന ധാരാളം പുസ്തകങ്ങൾ ഉള്ളതിനാൽ ഈ വിവരണം അതിലേക്കുള്ള സൂചന മാത്രമാണ്.

**2.8. ബൈബിളും സമത്വചിന്തയും**

സമത്വം എന്ന ആശയം ബൈബിളിൽ പലയിടത്തായി ആവിഷ്കരിച്ചിട്ടുണ്ട്. സക ല മനുഷ്യരെയും ബൈബിൾ അഭിസംബോധന ചെയ്യുന്നത് 'ദൈവമക്കൾ' എന്ന പേരി ലാണ് (റോമ.8:14, 1യോഹ.3:1). അതുകൊണ്ട് എല്ലാ മനുഷ്യരും സഹോദരീസഹോദരന്മാ രാണെന്നും വേദപുസ്തകം പ്രഖ്യാപിക്കുന്നു. അതിൽ ഏറ്റവും ശ്രദ്ധേയമായ ചിന്ത ഗലാ ത്യ ലേഖനത്തിലാണുള്ളത്. ''അതിൽ യെഹൂദനും യവനനും എന്നില്ല, ദാസനും സ്വത ന്ത്രനും എന്നില്ല, ആണും പെണ്ണും എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ഒന്ന ത്രേ'' (3:28). പഴയനിയമഗ്രന്ഥങ്ങളിൽ പലതരം വേർതിരിവിന്റെ ആഖ്യാനങ്ങളുണ്ട്. പുതി യനിയമം മനുഷ്യർക്കിടയിലുള്ള എല്ലാ വിവേചനങ്ങൾക്കും വിരാമമിടുന്നു. ധനി കനെന്നോ ദരിദ്രനെന്നോ ഭേദം പാടില്ലെന്ന് ബൈബിൾ ആഹ്വാനം ചെയ്യുന്നുണ്ട് (യാക്കോ.2:1-10). ആത്മീയനേട്ടങ്ങൾ സ്ത്രീപുരുഷഭേദമോ വലുപ്പചെറുപ്പമോ കൂടാതെ ആർക്കും കൈവശമാക്കാം എന്ന് ബൈബിൾ ഉറപ്പുനൽകുന്നു (അ.പ്ര.2:17,18).

സ്ത്രീകൾക്ക് ബൈബിളിൽ സമുചിതമായ സ്ഥാനം നൽകിയിട്ടുണ്ട്. ബൈബിൾ വിഭാവനം ചെയ്യുന്ന സ്വർഗത്തിൽ സ്ത്രീപുരുഷവേർതിരിവില്ല. എല്ലാവരും സ്വർഗത്തിൽ മാലാഖമാരെപ്പോലെയായിരിക്കും (മത്താ.22.30). ആദ്ധ്യാത്മികമായ ഏതെങ്കിലും അവകാ ശവും സ്ത്രീയായതിന്റെ പേരിൽ നിഷേധിക്കണമെന്ന് പുതിയനിയമത്തിൽ പറയുന്നില്ല. യേശു സ്ത്രീയെ ഒരിക്കലും അപലപിക്കുകയോ അകറ്റിനിർത്തുകയോ ചെയ്തിട്ടില്ല. ക്രൂശീകരണസമയത്ത് സകലപുരുഷന്മാരും പിന്മാറിനിന്നപ്പോൾ സ്ത്രീകൾ യേശുവിന്റെ ഒപ്പമുണ്ടായിരുന്നു. ഉയിർത്തെഴുന്നേറ്റ യേശു ആദ്യം പ്രത്യക്ഷപ്പെട്ടത് സ്ത്രീക്കായിരുന്നു. ഉയിർത്തെഴുന്നേറ്റ യേശുവിന്റെ ആദ്യചോദ്യം 'സ്ത്രീയേ, നീ കരയുന്നതെന്ത്?' എന്നായി രുന്നു (യോഹ.20:15). വനിതകൾ ആത്മീയശുശ്രൂഷ ചെയ്യുന്നത് ബൈബിൾ വിലക്കിയിട്ടി ല്ല; ഫേബ ശുശ്രൂഷക (Deacon) യായിരുന്നു (റോമ:16:1). പാപത്തിന് സ്ത്രീപുരുഷവ്യ ത്യാസമില്ലെന്നു വെളിപ്പെടുത്തുവാനാണ് വ്യഭിചാരംചെയ്ത സ്ത്രീയെ മാത്രം ശിക്ഷി ക്കുന്ന സമ്പ്രദായത്തെ യേശു പൊളിച്ചെഴുതിയത് (യോഹ.8:3-11).

**2.9. ബൈബിൾ കൗതുകങ്ങൾ**

'ബൈബിൾ' എന്ന പേരിൽ രണ്ടു പേർ മലയാളത്തിൽ ചെറുകഥകളെഴുതിയിട്ടു ണ്ട്: പൊൻകുന്നം വർക്കി, അയ്മനം ജോൺ. സുവിശേഷം എന്ന സംജ്ഞ ചേർന്ന ഗ്രന്ഥനാമങ്ങൾ മലയാളത്തിൽ പ്രീതിയാർജ്ജിച്ചിരിക്കുന്നു. *നഗരത്തിൽ പറഞ്ഞ സുവി ശേഷം* (കടമ്മനിട്ട രാമകൃഷ്ണൻ), *ക്ഷോഭിക്കുന്നവരുടെ സുവിശേഷം* (കെ.പി.അപ്പൻ),

*യൂദാസിന്റെ സുവിശേഷം* (കെ.ആർ.മീര), *അശരണരുടെ സുവിശേഷം* (ഫ്രാൻസിസ് നൊറോണ), *ജോസഫേട്ടന്റെ സുവിശേഷം* (റഷീദ് പാറയ്ക്കൽ), *അംശം ദേശത്തിന്റെ സുവിശേഷങ്ങൾ* (സുസ്മേഷ് ചന്ദ്രോത്ത്), *ചത്തവന്റെ സുവിശേഷം* (ബാബു കുഴിമറ്റം), *ഒരു നിഷേധിയുടെ സുവിശേഷം* (ആർ.വിശ്വനാഥൻനായർ) തുടങ്ങിയവ അവയിൽ ചില തുമാത്രം. ഇവയുടെ ശീർഷകത്തിൽ മാത്രമേ സുവിശേഷബന്ധമുള്ളൂ.

ബൈബിൾബന്ധമുള്ള കുറെ സിനിമാപ്പേരുകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. *ഇയ്യോബിന്റെ പുസ്തകം, വെളിപാടിന്റെ പുസ്തകം, പുതിയനിയമം, ജോമോന്റെ സുവിശേഷം, എസ്ര, റോമൻസ്, അബ്രഹാമിന്റെ സന്തതികൾ, ഡേവിഡ് അന്റ് ഗോലിയാത്ത്, നമുക്കു പാർക്കാൻ മുന്തിരിത്തോപ്പുകൾ, മുന്തിരിവള്ളികൾ തളിർക്കുമ്പോൾ, മിഖായേൽ, ജോസഫ്, ലൂസിഫർ* തുടങ്ങിയവ.

ബൈബിളിൽ താമാർ എന്നു പേരുള്ള രണ്ടുപേർ ഉണ്ട്. ഇരുവരും ലൈംഗികാതിക്രമത്തിന് ഇരയായവരും അതു സംബന്ധിച്ച് മലിനമായ ചരിത്രം ഉള്ളവരുമാണ്. ഒരാൾ അമ്മായിയപ്പനാലും മറ്റൊരാൾ അർദ്ധസഹോദരനാലും മാനഭംഗത്തിനിരയായി (ഉൽപ.38:6-30, 2 ശമു.13:1-20). സ്ത്രീയെ ആലങ്കാരികമായി പാപം, ദുഷ്ടത എന്നിവയോടുചേർത്തു ബൈബിളിൽ വ്യവഹരിക്കാറുണ്ട് (സെഖ.5:5-11, വെളി.2:20,17:1-7).

ദൈവം എന്ന വാക്കില്ലാത്ത രണ്ടു പുസ്തകങ്ങൾ ബൈബിളിലുണ്ട്: എസ്ഥേർ, ഉത്തമഗീതം. ഒരധ്യായം മാത്രമുള്ള അഞ്ചുപുസ്തകങ്ങൾ ബൈബിളിലുണ്ട്: ഓബദ്യാവ്, ഫിലേമോൻ, 2 യോഹന്നാൻ, 3 യോഹന്നാൻ, യൂദാ. ഏറ്റവും വലിയ വാക്യം എസ്ഥേർ എന്ന പുസ്തകത്തിലാണുള്ളത് (8:9).

ബൈബിൾ എല്ലാ ഭാഷാസാഹിത്യങ്ങളിലെയും സമസ്തവ്യവഹാരങ്ങളെയും സ്വാധീനിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തത് യാഥാർത്ഥ്യമാണ്. മതഗ്രന്ഥമെന്നനിലയിൽ വായിക്കുന്നവർക്ക് ബൈബിൾ നൽകുന്ന ആത്മീയസൗഖ്യത്തെപ്പറ്റി എടുത്തുപറയേണ്ട കാര്യമില്ല. മതേതരമനസ്കരിൽ ന്യൂനപക്ഷം മാത്രമേ ഇന്നും വേദപുസ്തകത്തെ മുൻവിധികൂടാതെ വായിക്കുന്നുള്ളൂ. ഏതു മനോഭാവത്തോടെ വായിക്കുന്നവരെയും തൃപ്തിപ്പെടുത്താൻ പര്യാപ്തമാണ് ബൈബിൾ. അതിനുതക്ക വിഷയവൈവിധ്യവും മതേതരമായ അനവധി ആശയങ്ങളും ഇതിലുണ്ട്. പക്ഷേ വിശാലമായ വായനയ്ക്ക് ഇന്നും ബൈബിൾ വിഷയമാകുന്നില്ല. ബൈബിളിനോടുള്ള മതേതരസമൂഹത്തിന്റെ ആഭിമുഖ്യമില്ലായ്മ ഇങ്ങനെ വിലയിരുത്തപ്പെട്ടിട്ടുണ്ട്. ‘‘ഉൽപത്തിമുതൽ മലാഖിവരെ നീണ്ടുകിടക്കുന്ന 39 പുസ്തകങ്ങൾ ക്രിസ്ത്യാനികളുടെ മാത്രം പുണ്യഗ്രന്ഥങ്ങളായി വിലയിരുത്തപ്പെട്ടത് വികലമായ ബൈബിൾ പഠനത്തിന്റെ അനന്തരഫലമായിട്ടാണ്. തോറ എന്ന പേരിൽ യഹൂദരും തൗറാത്ത് എന്ന പേരിൽ മുസ്ലീങ്ങളും ഇവയെ വിശുദ്ധഗ്രന്ഥങ്ങളെന്ന നിലയിൽ പരിഗണിക്കുകയും തങ്ങളുടെ മതപാഠാവലിയുടെ ഗണനീയ അംശങ്ങളായി നിലനിറുത്തുകയും ചെയ്യുന്നു. മതവിശ്വാസികൾക്കു മാത്രമല്ല യാതൊരു

മതത്തിലും വിശ്വാസമില്ലാത്തവർക്കും ആസ്വാദ്യവും പഠനക്ഷമവും ആണ് പഴയനിയമ ബൈബിളിലെ ഓരോ പുസ്തകവും'' (വർഗീസ് 2015:64).

ബൈബിൾ മതഗ്രന്ഥമായും സാഹിത്യകൃതി എന്ന നിലയിലും പ്രചുരപ്രചാരം നേടിയിരിക്കുന്നു. വിശ്വാസസമൂഹത്തെയും സാഹിത്യകുതുകികളെയും ഒരുപോലെ തൃപ്തിപ്പെടുത്തുന്നു ഈ ഗ്രന്ഥം. ഏതുനിലയിൽ വായിക്കുന്നവരെയും ആകർഷിക്കത്തക്ക വിഷയവൈപുല്യവും രസനീയതയുമുള്ള ബൃഹദാഖ്യാനമാണ് ബൈബിൾ.

# അധ്യായം മൂന്ന്

# സുവിശേഷാഖ്യാനങ്ങളും യേശുകഥകളും

### 3.0. പുതിയനിയമത്തിലെ ആഖ്യാനങ്ങൾ

ബൈബിളിന്റെ ഉത്തരഭാഗമാണ് പുതിയനിയമം. പഴയനിയമത്തിൽ പ്രവചിക്കപ്പെട്ട മശീഹായുടെ ജനനം, ജീവിതം, മരണപുനരുത്ഥാനങ്ങൾ, സ്വർഗാരോഹണം, സഭയുടെ തുടക്കം എന്നിവ പുതിയനിയമത്തിൽ ആഖ്യാനം ചെയ്തിരിക്കുന്നു. 27 വ്യത്യസ്ത കൃതികൾ ഇതിൽ ഉൾപ്പെടുന്നു. യേശുവിന്റെ ജനനം, പ്രവർത്തനങ്ങൾ, ഉപദേശങ്ങൾ, മരണം, പുനരുത്ഥാനം എന്നിവ പ്രതിപാദിക്കുന്ന പുതിയനിയമത്തിലെ ആദ്യത്തെ നാലുകൃതികൾ സുവിശേഷങ്ങൾ എന്നറിയപ്പെടുന്നു. പുതിയനിയമത്തിലെ ആഖ്യാനങ്ങൾ എന്നതുകൊണ്ട് വിവക്ഷിക്കുന്നതും സുവിശേഷങ്ങളെയാണ്. 'നല്ലവാർത്ത' എന്നാണ് ഈ പദത്തിന്റെ അർത്ഥം. എവൻഗേലിയോൻ എന്ന ഗ്രീക്കുപദത്തിന്റെ തർജ്ജമയാകുന്നു സുവിശേഷം എന്ന വാക്ക്. യേശുവിന്റെ പ്രവർത്തനങ്ങളുടെ നാലുമുഖങ്ങൾ ആണ് സുവിശേഷങ്ങൾ അവതരിപ്പിക്കുന്നത്. മത്തായി, മർക്കോസ്, ലൂക്കൊസ് ഇവ സമവീക്ഷണസുവിശേഷങ്ങൾ അഥവാ സമാന്തരസുവിശേഷങ്ങൾ എന്ന് അറിയപ്പെടുന്നു. ഇവയിലെ ആഖ്യാനങ്ങൾ തമ്മിൽ നിലനിൽക്കുന്ന സമാനതയാണ് ഈ പേരിനടിസ്ഥാനം. നാലാമത്തെ കൃതി യോഹന്നാന്റെ സുവിശേഷം ആണ്.

### 3.1. മത്തായിയുടെ സുവിശേഷം

പുതിയനിയമത്തിലെ പ്രഥമഗ്രന്ഥമാണിത്. 28 അധ്യായങ്ങളാണ് ഇതിലുള്ളത്. മത്തായിയുടെ സുവിശേഷത്തിന്റെ സ്ഥാനം ബൈബിളിൽ അർത്ഥവത്തായ നിലയിൽ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. പ്രതിപാദ്യസംബന്ധമായി പഴയനിയമത്തിന്റെ തുടർച്ച മത്തായിയുടെ സുവിശേഷത്തിലുണ്ട്. പഴയനിയമനായകരുടെ എല്ലാം കുടുംബവിവരണത്തോടെയാണ് ഈ കൃതി ആരംഭിക്കുന്നത്. അതിനാൽ പഴയനിയമത്തെ പുതിയനിയമവുമായി ബന്ധിപ്പിക്കുന്ന പാലമായി ഈ കൃതി നിൽക്കുന്നു.

#### 3.1.1. ഗ്രന്ഥകാരൻ

ഗ്രന്ഥകാരനെപ്പറ്റി പുസ്തകത്തിൽ സൂചനയൊന്നും ഇല്ല. സുവിശേഷം രചിച്ചതു മത്തായിയാണ് എന്നു വിശ്വസിച്ചു വരുന്നു. യേശുവിന്റെ 12 ശിഷ്യന്മാരിൽ ഒരാളായിരുന്നു മത്തായി. ചുങ്കം പിരിവായിരുന്നു തൊഴിലെന്നു ഈ കൃതിയിൽത്തന്നെ പറയുന്നുണ്ട്. 'യേശു അവിടെനിന്നു പോകുമ്പോൾ മത്തായി എന്നു പേരുള്ള ഒരു മനുഷ്യൻ ചുങ്കസ്ഥലത്ത് ഇരിക്കുന്നതു കണ്ടു: എന്നെ അനുഗമിക്ക എന്ന് അവനോടു പറഞ്ഞു. അവൻ

എഴുന്നേറ്റ് അവനെ അനുഗമിച്ചു' (9:9). യേശുവിന്റെ 12 ശിഷ്യന്മാരുടെ പേരുകൾ അവതരിപ്പിക്കുമ്പോൾ മത്തായിയുടെ സുവിശേഷത്തിൽ മാത്രം ചുങ്കക്കാരൻ മത്തായി എന്നു രേഖപ്പെടുത്തുന്നു (10:3). ഇതര സുവിശേഷങ്ങളിൽ ഈ കാര്യം സൂചിപ്പിച്ചിട്ടില്ല.

### 3.1.2. രചനാകാലം

മത്തായിയുടെ സുവിശേഷത്തിന്റെ കാലം കൃത്യമായി പറയാനാവില്ല. യെരൂശലേം നഗരത്തിന്റെ നാശം അടിസ്ഥാനമാക്കി ഒരു കാലനിർണ്ണയമുണ്ട്. യെരൂശലേമിന്റെ നാശം എ.ഡി. 70 -നായിരുന്നു. മത്തായിയുടെ സുവിശേഷത്തിലെ വിശുദ്ധനഗരം, മഹാരാജാവിന്റെ നഗരം എന്നീ പ്രയോഗങ്ങൾ യെരൂശലേം നഗരം അപ്പോൾ നിലനിന്നിരുന്നു എന്നതിന്റെ സൂചനയാണ്. അതുകൊണ്ട് ക്രിസ്തുവർഷം 58നും 69നും മധ്യേയാണ് സുവിശേഷരചനയെന്നു കരുതപ്പെടുന്നു.

### 3.1.3. പഴയനിയമവചനങ്ങളുടെ ഉദ്ധരണം - യഹൂദവിശ്വാസവിവക്ഷകൾ

യഹൂദാക്രിസ്ത്യാനികളെ ഉദ്ദേശിച്ചാണ് മത്തായി സുവിശേഷം എഴുതിയത്. യഹൂദർ കാലങ്ങളായി കാത്തിരിക്കുന്ന മശീഹായാണ് യേശു എന്നു തെളിയിക്കുകയായിരുന്നു മത്തായിയുടെ രചനോദ്ദേശ്യം. അതിനാൽ യേശു തന്റെ ജീവിതത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും എപ്രകാരം പഴയനിയമപ്രവചനങ്ങൾ നിറവേറ്റി എന്ന് മത്തായി സൂക്ഷ്മമായി രേഖപ്പെടുത്തുന്നു.

യേശുവിനെ കാണാനെത്തിയ വിദ്വാന്മാർ ചോദിക്കുന്നു:-'യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ?' (മത്താ.2:2). യഹൂദർ കാലങ്ങളായി കാത്തിരുന്ന മശീഹായാണ് യേശു എന്നു സമർത്ഥിക്കുകയാണ് മത്തായി ചെയ്യുന്നത്. അതിനായി പഴയനിയമത്തിൽനിന്ന് സന്ദർഭാനുസാരം ഉദ്ധരണികൾ അദ്ദേഹം സ്വീകരിക്കുന്നു. മറ്റു സുവിശേഷകർ ആരും ചെയ്യാത്ത കാര്യമാണിത്. യേശുവിന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട ഏതു സംഭവം രേഖപ്പെടുത്തുമ്പോഴും അതിനോടൊപ്പം ആ സംഭവം പഴയനിയമത്തിലെ ഏതു പ്രവചനത്തിന്റെ പൂർത്തീകരണമാണെന്നു മത്തായി പൂർവ്വവേദപരാമർശം ഉദ്ധരിച്ച് സമർത്ഥിക്കുന്നതു കാണാം. യേശുവിനോടൊപ്പം മാതാപിതാക്കന്മാർ മിസ്രയീമിലേക്കു പോയി ഹേരോദാവിന്റെ മരണം വരെ അവിടെ താമസിച്ച കാര്യം മത്തായി എഴുതുന്നുണ്ട്. അതിന്റെകൂടെ 'മിസ്രയീമിൽനിന്നു ഞാൻ എന്റെ മകനെ വിളിച്ചുവരുത്തി' എന്നു കർത്താവ് പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തതു നിവൃത്തിയാകുവാൻ സംഗതിവന്നു എന്നു രേഖപ്പെടുത്തുന്നു (മത്താ.2:15).

മത്തായി യഹൂദസമ്പ്രദായങ്ങൾ ഒന്നും വിശദീകരിക്കുന്നില്ല. എന്നാൽ മറ്റു സുവിശേഷകർ വിശദീകരിക്കുന്നുണ്ട്. യഹൂദനിയമങ്ങളും സമ്പ്രദായങ്ങളും പരിചയമുള്ളവരോട് അതു വിശദീകരിക്കേണ്ട കാര്യമില്ലാത്തതുകൊണ്ടാണു മത്തായി അങ്ങനെ ചെയ്തത്. '..........എന്ന തിരുവെഴുത്തിനു നിവൃത്തി വരേണ്ടതിന്' എന്ന പ്രയോഗം ഒമ്പതു

പ്രാവശ്യം മത്തായിയിൽ ഉപയോഗിച്ചിട്ടുണ്ട്. ഒരിക്കൽപോലും ഈ പ്രയോഗം മറ്റു സുവിശേഷങ്ങളിൽ കാണുന്നില്ല.

ഗ്രന്ഥരചനാലക്ഷ്യം എന്തായിരുന്നു എന്നു (യോഹന്നാൻ എഴുതിയപോലെ) മത്തായി വ്യക്തമാക്കുന്നില്ല. നാല്പതിലധികം പഴയനിയമഭാഗങ്ങൾ മത്തായി ഉദ്ധരിക്കുന്നുണ്ട്. യേശുവിന്റെ ജീവിതത്തിലെ ചെറുകാര്യങ്ങൾപോലും പ്രവചനനിവൃത്തിയാണെന്നു ബോധ്യപ്പെടുത്തുന്ന മട്ടിൽ പ്രസ്തുതഭാഗത്തെ ബലപ്പെടുത്തുന്ന പഴയനിയമഭാഗം ഉദ്ധരിക്കുന്നു. മത്തായി സുവിശേഷത്തിലൂടെ രണ്ടു പ്രധാന വസ്തുതകൾ ലക്ഷ്യം വച്ചു: യേശുവിന്റെ ജീവചരിത്രം, യേശുവിന്റെ ദൈവശാസ്ത്രം. യേശുവിന്റെ ജനനം, കുടുംബചരിത്രം, യേശുവിന്റെ പൊതുശുശ്രൂഷയും ഉപദേശങ്ങളും, കുരിശുമരണം, ഉയിർത്തഴുന്നേൽപ് എന്നീ ജീവചരിത്രവസ്തുതകൾ മത്തായി രേഖപ്പെടുത്തിയിരിക്കുന്നു. യേശുവിന്റെ കാലത്തുണ്ടായിരുന്ന പ്രമുഖവ്യക്തികളെപ്പറ്റിയും യേശു സന്ദർശിച്ച സ്ഥലങ്ങളെപ്പറ്റിയും കൃത്യമായ വിവരങ്ങൾ മത്തായി നല്കുന്നതിനാൽ അദ്ദേഹം രചിച്ചത് ചരിത്രമാണെന്നും പുരാണമോ കെട്ടുകഥയോ അല്ലെന്നും തെളിയുന്നു. എന്നാൽ കേവലം ചരിത്രവസ്തുതകൾ അവതരിപ്പിക്കുക മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം. ദൈവശാസ്ത്രലക്ഷ്യവും ഉണ്ടായിരുന്നു. ആ ലക്ഷ്യത്തോടെ ദീർഘകാലമായി യഹൂദന്മാർ കാത്തിരുന്ന മശീഹായാണ് യേശു എന്ന് അന്നത്തെ യഹൂദന്മാരെ ബോധ്യപ്പെടുത്തുവാൻ മത്തായി തന്റെ കൃതിയിലൂടെ ശ്രമിച്ചു. സുവിശേഷത്തിന്റെ ആരംഭവാക്യത്തിൽത്തന്നെ അക്കാര്യം മത്തായി രേഖപ്പെടുത്തി. 'അബ്രാഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി'. യേശു എന്നല്ല യേശുക്രിസ്തു എന്നാണ് മത്തായിയുടെ പരാമർശം. ക്രിസ്തു എന്നാൽ മശീഹാ എന്നാണ് അർത്ഥം. യേശുവിന്റെ ജീവിതകാലത്ത് അദ്ദേഹം അഭിമുഖീകരിക്കേണ്ടിവന്ന പ്രധാന ചോദ്യം 'യേശു ക്രിസ്തുവാണോ' എന്നതായിരുന്നു. പ്രസ്തുതവിഷയത്തെ സുവിശേഷത്തിന്റെ ആരംഭത്തിൽത്തന്നെ സന്ദേഹമില്ലാത്തനിലയിൽ മത്തായി അവതരിപ്പിച്ചിരിക്കുന്നു.

എല്ലാ സുവിശേഷങ്ങളിലും പഴയനിയമ ഉദ്ധരണികൾ കാണാമെങ്കിലും മത്തായിയിൽ ഒമ്പതു സവിശേഷമായ ഉദ്ധരണികൾ ഉണ്ട് (1:22-23, 2:5-6, 2:17–18, 2:23, 4:14-16, 8:17, 12:17–21, 13:14,35, 27:9-10). മുൻസൂചിപ്പിച്ച ലക്ഷ്യത്തിന്റെ സാക്ഷാത്കാരത്തിനാണ് മത്തായി പഴയനിയമ പ്രവചനങ്ങൾ ഉദ്ധരിക്കുന്ന രചനാതന്ത്രം സ്വീകരിച്ചിരിക്കുന്നത്. യേശുവിന്റെ ജീവിതത്തിലെ ചെറുകാര്യങ്ങൾപോലും പ്രവചനനിവൃത്തിയാണെന്നു സമർത്ഥിക്കുവാൻ പ്രസ്തുതഭാഗത്തെ സാധൂകരിക്കുന്ന പഴയനിയമഭാഗം മത്തായി ഉദ്ധരിക്കും. താഴെപ്പറയുന്നവ അതിനുദാഹരണമാണ്.

- യേശു കന്യാപുത്രനായിരിക്കും (മത്താ.1:22, യെശ.7:14).
- യേശുവിന്റെ ജനനസ്ഥലം ബേത്ലഹേം ആയിരിക്കും (മത്താ.2:5, മീഖാ.5:2).

- യേശുവിന്റെ ജനനത്തിൽ ശിശുക്കൾ കൊല്ലപ്പെടും (മത്താ.2:17, ഹോശേ.11:1).

- യോഹന്നാൻ സ്നാപകൻ യേശുവിനു വഴിയൊരുക്കും (മത്താ.3:3, യെശ.40:3).

- യേശുവിന്റെ പ്രവർത്തനം കഫർന്നഹൂമിലായിരിക്കും ആരംഭിക്കുക (മത്താ.4:13 -14, യെശ.9:1-2).

- യേശുവിന്റെ അധ്യാപനശൈലിക്കുപോലും പ്രവചനസൂക്തങ്ങളുടെ പിൻബലമേകുന്നുണ്ട് മത്തായി (മത്താ.13:34-35, സങ്കീ.78:2).

- യേശുവിന്റെ ക്രൂശുമരണം പ്രവചനത്തിന്റെ പിൻബലമുള്ള സംഭവമാണ്. ക്രൂശീകരണത്തിന്റെ ഭാഗമായുള്ള മറ്റു സംഭവങ്ങളും വിശദമായി പ്രവചനസൂക്തങ്ങൾ നിരത്തിത്തന്നെ മത്തായി അവതരിപ്പിക്കുന്നുണ്ട്. അതിലൊന്നാണ് യേശുവിനെ ശിഷ്യനായ യൂദാ 30 വെള്ളിക്കാശിന് ഒറ്റിക്കൊടുക്കുന്ന സംഭവം. അതിനടിസ്ഥാനമായ പഴയനിയമപ്രവചനം ഉദ്ധരിച്ച് ആ സംഭവവും പ്രവചനങ്ങളുടെ നിവൃത്തിയാണെന്നു മത്തായി വെളിപ്പെടുത്തുന്നു (മത്താ.27:9-10, യിരെ.32:6-9). യേശുവിന്റെ ക്രൂശീകരണസമയത്ത് പടയാളികൾ അവന്റെ വസ്ത്രം പങ്കിട്ടെടുത്ത സംഭവം പഴയനിയമപ്രവചനത്തിന്റെ ഒത്തുവരൽ ആണെന്ന് പ്രസക്തഭാഗം രേഖപ്പെടുത്തി മത്തായി തെളിയിക്കുന്നു (മത്താ.27:35, സങ്കീ.22:18). യേശു കുരിശിൽ കിടന്നു വേദനകൊണ്ട് നിലവിളിച്ചതും പ്രവചനത്തിന്റെ പൂർത്തീകരണമായിരുന്നു (മത്താ.27:46, സങ്കീ.22:1).

### 3.1.4. യഹൂദേതരർ ദൈവരാജ്യത്തിൽ

യഹൂദന്മാർക്കു യേശുവാരാണെന്നു പരിചയപ്പെടുത്തുകയായിരുന്നു മത്തായിയുടെ മുഖ്യലക്ഷ്യമെങ്കിലും വിജാതീയർക്കും ദൈവരാജ്യത്തിൽ സ്ഥാനമുണ്ടെന്നുള്ള പരാമർശങ്ങളും മത്തായിയുടെ സുവിശേഷത്തിൽ കാണാം. കിഴക്കുനിന്നുള്ള വിദ്വാന്മാർ യേശുവിനെക്കാണാൻ എത്തിയത് (2:1), വിവിധ ദിക്കുകളിൽനിന്നുള്ളവർ സ്വർഗരാജ്യത്തിൽ ഉണ്ടാവും എന്ന പരാമർശം (8:11), യേശുവിന്റെതന്നെ പ്രസ്താവനയിൽ വിത്തിനെ ലോകം (13:38) എന്നു വിളിച്ചത്, സകലസൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കുക എന്ന ആഹ്വാനം (28:18-20) മുതലായവ സുവിശേഷത്തിന്റെ സാർവലൗകികമാനം വെളിപ്പെടുത്തുന്നു.

### 3.1.5. മത്തായിയുടെ സുവിശേഷം - ഘടന

പ്രധാനമായ 5 വ്യത്യസ്ത വ്യവഹാരങ്ങളിലൂടെയാണ് മത്തായിയുടെ സുവിശേഷം അവതരിപ്പിക്കപ്പെടുന്നത്. അവയിൽ ഓരോ വ്യവഹാരത്തിന്റെ അന്ത്യത്തിലും 'ഈ ഉപമകളെ പറഞ്ഞുതീർന്നശേഷം യേശു അവിടം വിട്ടു ....' എന്നിങ്ങനെ ഉപസംഹാ

രവാക്യം ബോധപൂർവ്വം ചേർക്കുന്നുമുണ്ട് (13:53, 7:28, 11:1, 13:53, 19:1, 26:1). എല്ലാ ആഖ്യാനഭാഗങ്ങളും അവസാനിക്കുന്നത് വ്യവഹാരത്തോടെ ആണെന്നതും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മത്തായിയുടെ സുവിശേഷത്തിന് ഒരു ഉപക്രമവും ഉപസംഹാരവും ഉണ്ട്. ഒന്നും രണ്ടും അധ്യായങ്ങൾ ഉപക്രമവും 28-ാം അധ്യായത്തിന്റെ 16 മുതൽ 20 വരെയുള്ള വാക്യങ്ങൾ ഉപസംഹാരവും ആകുന്നു. അഞ്ചുഭാഗങ്ങളായുള്ള മത്തായിയുടെ സുവിശേഷത്തിന്റെ ആവിഷ്കരണം പഴയനിയമത്തിലെ പഞ്ചമഹാഗ്രന്ഥങ്ങളുടെ സ്മരണ കൊണ്ടുവരുന്നു. യേശു ചെയ്ത പ്രസിദ്ധ പ്രഭാഷണങ്ങൾ മത്തായി മാത്രമേ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളൂ. അഞ്ചു വലിയ പ്രഭാഷണങ്ങൾ മത്തായിയുടെ സുവിശേഷത്തിന്റെ അനന്യതയാകുന്നു. അവയിൽ പ്രധാനം ഗിരിപ്രഭാഷണം തന്നെ. പ്രേഷിതാത്മകപ്രഭാഷണം (Missionary Discourse) 10-ാം അധ്യായത്തിൽ കാണാം. 13-ാം അധ്യായം ഉപമകളുടെ വ്യവഹാരം ആകുന്നു. മനുഷ്യാഭിമുഖ്യപ്രവർത്തനത്തിനുള്ള ആഹ്വാനം (Community Discourse) 18-ാം അധ്യായത്തിലുണ്ട്. 24 ഉം 25 ഉം അധ്യായങ്ങളിൽ യുഗാന്ത്യപ്രഭാഷണം ഉൾപ്പെടുന്നു.

### 3.1.6. ചുങ്കക്കാരന്റെ സുവിശേഷം

മറ്റേതു സുവിശേഷത്തിലുള്ളതിനെക്കാളും ധനപരമായ പരാമർശങ്ങൾ മത്തായിയുടെ സുവിശേഷത്തിൽക്കാണാം. ചുങ്കക്കാരന്റെ രചനയായതുകൊണ്ടാവാം ഇത്. ഗിരിപ്രഭാഷണത്തിൽ, ദൈവാലയത്തിൽ വഴിപാട് അർപ്പിക്കുന്നതിനെക്കാൾ പ്രധാനം സഹോദരനോടു നിരപ്പു പ്രാപിക്കുന്നതാണെന്നും ഭിക്ഷ രഹസ്യമായി കൊടുക്കണമെന്നും പറയുന്നതു മുതൽ സാമ്പത്തികപരാമർശങ്ങൾ മത്തായിയുടെ സുവിശേഷത്തിൽ പരക്കെ കാണുന്നുണ്ട് (5:23-24, 6:2). സ്വർഗത്തിലാണു നിക്ഷേപം സ്വരൂപിക്കേണ്ടതെന്ന് യേശു പറയുന്നു (6:19-21). ഗിരിപ്രഭാഷണത്തിന്റെ ഭാഗമായി വരുന്ന ഈ ഭാഗം മനുഷ്യരുടെ അതിപ്രധാനമായ ഒരു ശീലത്തെ ദൈവരാജ്യവുമായി ബന്ധിപ്പിച്ച് യേശു അവതരിപ്പിക്കുന്നു. സമ്പാദ്യശീലത്തെ പ്രോത്സാഹിപ്പിക്കാത്ത ഒരു സമൂഹവും ഉണ്ടാകില്ല. അതിനെ ഉദാഹരണമാക്കി ഏതു വസ്തുത തെളിയിച്ചാലും സംവേദനതീക്ഷ്ണത കിട്ടും. മനുഷ്യർ അംഗീകരിച്ചുവരുന്ന നിക്ഷേപപ്രക്രിയയെ സ്വർഗരാജ്യവുമായി ബന്ധിപ്പിക്കുകവഴി ഭൂമിയിലും സ്വർഗത്തിലും അനിവാര്യമായതാണു നിക്ഷേപമെന്നും എന്നാൽ അതിലും പരമപ്രധാനം സ്വർഗത്തിലെ നിക്ഷേപമാണെന്നും മത്തായി വ്യക്തമാക്കുന്നു. ഏതാനും വാക്യങ്ങൾക്കു ശേഷം വീണ്ടും ധനപരാമർശം മത്തായി തുടരുന്നു. ''നിങ്ങൾക്കു ദൈവത്തെയും മാമ്മോനെയും സേവിപ്പാൻ കഴികയില്ല'' (6:24). രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല എന്ന സർവ്വസാധാരണതത്ത്വത്തിന്റെ സമർത്ഥനത്തിനുവേണ്ടിയാണ് ഇതു പറയുന്നത്. ഈ ഉദാഹരണവും ഒരാൾക്ക് ഒരേസമയം ദൈവത്തെയും പണത്തെയും സ്നേഹിക്കാൻ കഴിയില്ലെന്നു വ്യക്തമാക്കുന്നു. അടുത്തടുത്തായി അവതരിപ്പിക്കുന്ന രണ്ട് ആശയങ്ങളായ സ്വർഗം, ദൈവം എന്നിവയെ ധനത്തോടാണു സാമ്യപ്പെടുത്തുന്നത്. മനുഷ്യർ വലുതായികരുതുന്ന ധനത്തെക്കാൾ പ്രധാനം സ്വർഗവും ദൈവവുമാണെന്നു മത്തായി നിരീക്ഷിക്കുന്നു. യേശുവിന്റെ ഉപദേശങ്ങളിലെല്ലാം വിപരീ

തവസ്തുതകൾക്കു പ്രാധാന്യം കൊടുക്കുന്നുണ്ട്. ആ പ്രവണത ഈ ദൃഷ്ടാന്തങ്ങളിലും തെളിഞ്ഞുനിൽക്കുന്നു.

ധനപരമായ പല സംഭവങ്ങളും സംജ്ഞകളും മത്തായിയുടെ സുവിശേഷത്തിൽ കാണാം. ദ്വിദ്രഹ്മപ്പണം, ചതുർദ്രഹ്മപ്പണം, താലന്ത് എന്നീ സാമ്പത്തികസംജ്ഞകൾ മറ്റു സുവിശേഷകരാരും ഉപയോഗിച്ചിട്ടില്ല. സ്വർഗരാജ്യത്തെ വിലയേറിയ മുത്തിനോടു സാദൃശ്യപ്പെടുത്തുന്നതും മത്തായിതന്നെ (13:44-46). ദൈവാലയനികുതി കൊടുക്കുന്നതുമായി ബന്ധപ്പെട്ട വാഗ്വാദവും അതിനെത്തുടർന്നുള്ള അത്ഭുതവും മത്തായി മാത്രമാണ് ആവിഷ്കരിക്കുന്നത് (17:24-27). മത്തായി മാത്രം ആഖ്യാനംചെയ്യുന്ന 'ദയയില്ലാത്ത ഭൃത്യൻ' എന്ന കഥയിൽ ആദ്യന്തം പണത്തിന്റെ കാര്യമാണുള്ളത് (18:21-35). 'മുന്തിരിത്തോട്ടത്തിലെ വേലക്കാർ' സമയഭേദം നോക്കാതെ എല്ലാവർക്കും ഒരുപോലെ കൂലികൊടുത്ത യജമാനന്റെ - ദൈവത്തിന്റെ - കഥയാണ്. മറ്റു സുവിശേഷകരാരും ഇക്കഥ ചേർത്തിട്ടില്ല (20:1-16).

യൂദാ പണം വാങ്ങി യേശുവിനെ ഒറ്റിക്കൊടുത്തത് നാലു സുവിശേഷകരും എഴുതിയിട്ടുണ്ട്. എന്നാൽ 30 വെള്ളിക്കാശിനായിരുന്നു അതെന്നു സ്പഷ്ടമായിപ്പറയുന്നു മത്തായി (26:15). ചുങ്കക്കാരൻ എന്ന തൊഴിലിന്റെ പ്രത്യേകതയായ കൃത്യത തന്നെയാവാം ഇപ്രകാരം എഴുതുവാൻ മത്തായിയെ പ്രേരിപ്പിച്ചത്. യേശുവിനെ ശിക്ഷയ്ക്കു വിധിച്ചതു യൂദാ കണ്ടപ്പോൾ 30 വെള്ളിക്കാശ് ദൈവാലയത്തിൽ എറിഞ്ഞുകളഞ്ഞതും മഹാപുരോഹിതന്മാർ അതെടുത്തു അക്കല്ദാമ - രക്തനിലം - വാങ്ങിയതും മത്തായിയാണ് സൂചിപ്പിക്കുന്നത്. 'അക്കല്ദാമയിൽ പൂക്കൾ വിടരുമ്പോൾ' എന്ന എം.ടി വാസുദേവൻ നായരുടെ ചെറുകഥയ്ക്ക് ആസ്പദം മത്തായി ഇതര സുവിശേഷകരിൽനിന്നു വ്യത്യസ്തമായി ചേർത്ത ഈ പരാമർശം തന്നെ. യേശുവിന്റെ കല്ലറയ്ക്കൽ കാവൽനിന്ന പടയാളികൾക്കു മഹാപുരോഹിതന്മാർ വേണ്ടുവോളം പണം കൊടുത്തതിന്റെ ഫലമായി യേശുവിനെ ശിഷ്യന്മാർ രാത്രിയിൽ കട്ടുകൊണ്ടുപോയി എന്നു അവർ പറഞ്ഞു പരത്തിയ കാര്യവും മത്തായിയുടെ ആഖ്യാനത്തിൽ മാത്രമേയുള്ളൂ (28:11-15).

സ്വർഗരാജ്യത്തെ വിലയേറിയ മുത്തിനോടു സാമ്യപ്പെടുത്തുന്ന ഉപമ (13:45), നിർദ്ദയനായ ഭൃത്യന്റെ ഉപമ (18:23-35) എന്നിവയും ആദ്യന്തം ധനപരാമർശമുള്ളതും മറ്റു സുവിശേഷങ്ങളിലില്ലാത്തതുമാണ്.

ഒട്ടേറെ ധനപരമായ വസ്തുതകൾ ഉള്ളപ്പോഴും കാണാതെപോയ ദ്രഹ്മയെപ്പറ്റിയുള്ള ഉപമ മത്തായിയുടെ സുവിശേഷത്തിൽ ഇല്ലെന്നതും വിസ്മയാവഹം തന്നെ. സക്കായി എന്ന ചുങ്കക്കാരന്റെ കഥയും പരീശനും ചുങ്കക്കാരനും പ്രാർത്ഥിക്കുന്നതും ചുങ്കക്കാരനായ മത്തായി രേഖപ്പെടുത്തുന്നില്ല എന്നതും ശ്രദ്ധിക്കേണ്ടതുണ്ട്. ലൂക്കൊസാണ് ഈ മൂന്നു വ്യവഹാരങ്ങളും പ്രതിപാദിച്ചിരിക്കുന്നത് (15:8-10, 19:1-10, 18:9-14).

### 3.1.7. യേശുവും മോശെയും

മത്തായിയുടെ സുവിശേഷത്തിലേ യേശുവിനെയും മോശെയെയും സാമ്യപ്പെടു ത്തിപ്പറയുന്നുള്ളൂ. പ്രസിദ്ധനായ ജനനായകനും യഹൂദന്മാരുടെ വിമോചകനുമാണ് മോശെ. പഴയനിയമത്തിലെ പഞ്ചഗ്രന്ഥങ്ങളിൽ മോശെയെപ്പറ്റി വിവരിക്കുന്നു; ഇവയുടെ രചയിതാവും മോശെയാണ്. യേശുവിന്റെയും മോശയുടെയും ജനനകഥ പൊരുത്തമുള്ള താണ്. ഇരുവരുടെയും ജനനത്തോട് അനുബന്ധിച്ച് അനേകം ആൺകുട്ടികൾ കൊല്ലപ്പെ ടുന്നു (പുറ.1:16, മത്താ.2:16). രണ്ടുപേരും രാജകോപത്തിന്റെ ഫലമായുള്ള കൊല യിൽനിന്നു രക്ഷപ്പെട്ടു. മോശെയും യേശുവും മിസ്രയീമിൽനിന്നാണു വരുന്നത്. രണ്ടു പേരും ദൈവനിയമങ്ങൾ മലയിൽവച്ചാണ് ജനങ്ങൾക്കു കൊടുക്കുന്നത്: മോശെ സീനായി മലയിൽവച്ച് ന്യായപ്രമാണവും യേശു ഗിരിപ്രഭാഷണവും. സ്വജനത്തെ - യഹൂദന്മാരെ - വിമോചിപ്പിക്കുവാനായാണ് രണ്ടുപേരും വന്നത്.

സഭയെപ്പറ്റി പരാമർശിക്കുന്ന ഏക സുവിശേഷം മത്തായിയുടേതാണ്. രണ്ടിടത്ത് മത്തായി സഭയെപ്പറ്റി പറയുന്നുണ്ട് (16:18, 18:17). സ്വർഗരാജ്യം ഭൂമിയിൽ സ്ഥാപിക്കാ നാണ് യേശു വന്നതെന്ന് പറയുന്നതും മത്തായിയാണ്. 36 പ്രാവശ്യം സ്വർഗരാജ്യം എന്ന പദം മത്തായിയിൽ കാണാം (സുശീലൻ 2017:1544). ദൈവരാജ്യം എന്നും മത്തായി പ്രയോഗിച്ചിട്ടുണ്ട് (12:28, 19:24, 21:31, 43).

### 3.2. മർക്കൊസ് എഴുതിയ സുവിശേഷം.

ആദ്യം രചിക്കപ്പെട്ട സുവിശേഷം എന്നു മിക്ക പണ്ഡിതന്മാരും കരുതുന്നത് മർക്കൊസിന്റെ സുവിശേഷമാണ്. മത്തായിയും ലൂക്കൊസും സുവിശേഷരചനയ്ക്ക് ആശ്രയിച്ചത് മർക്കൊസിന്റെ രചനയാണെന്നും കരുതിവരുന്നു. മത്തായിയുടെയും ലൂക്കൊസിന്റെയും സുവിശേഷത്തിലില്ലാത്ത 24 വാക്യങ്ങൾ മാത്രമേ മർക്കൊസിലുള്ളൂ. മർക്കൊസ് പ്രതിപാദിക്കുന്ന ബാക്കി കാര്യങ്ങൾ എല്ലാം മത്തായിയോ ലൂക്കൊസോ അവ തരിപ്പിച്ചിട്ടുണ്ടാവും. മർക്കോസ് യേശുവുമായി നേരിട്ടു ബന്ധമില്ലാതിരുന്ന എഴുത്തുകാ രനാണ്. കാലാനുക്രമത്തിലാണ് മർക്കൊസിന്റെ സുവിശേഷത്തിൽ സംഭവങ്ങൾ പ്രതിപാ ദിച്ചിരിക്കുന്നത്. മറ്റു സുവിശേഷങ്ങളിലില്ലാത്തതാണ് ഈ സമ്പ്രദായം. തികച്ചും വേറിട്ട അവതരണരീതിയാണ് മർക്കൊസിന്റേത്. യോഹന്നാൻ സ്നാപകനെപ്പറ്റി പറഞ്ഞുകൊ ണ്ടാണ് സുവിശേഷത്തിന്റെ ആരംഭം.

### 3.2.1. ഗ്രന്ഥകർത്താവ്.

മർക്കൊസിന്റെ സുവിശേഷത്തിൽ ഗ്രന്ഥകാരനെപ്പറ്റി പ്രത്യക്ഷതെളിവുകളൊന്നു മില്ല. മറ്റു പുതിയനിയമപുസ്തകങ്ങളിൽ പരാമർശിച്ചിരിക്കുന്ന മർക്കൊസ് എന്നു മറുപേ രുള്ള യോഹന്നാനാണ് ഈ സുവിശേഷത്തിന്റെ രചയിതാവെന്നു വിശ്വസിച്ചുവരുന്നു. മർക്കൊസ് ബർണ്ണബാസിന്റെ പിതൃസഹോദരപുത്രനും പൗലൊസിന്റെ പ്രഥമമിഷണറി യാത്രയിൽ സഹായിയും ആയിരുന്നു. മർക്കൊസ് പൗലൊസിനോടൊപ്പം തടവിൽ

കിടക്കുകയും  പൗലൊസ്, പത്രൊസ് എന്നിവരുടെ സഹായിയായി വർത്തിക്കുകയും ചെയ്തിട്ടുണ്ട് എന്നു ബൈബിളിൽ സൂചിപ്പിച്ചിട്ടുണ്ട് (കൊലോ.4:10, അപ്പൊ.പ്ര.13:5, 15, 37 –39, ഫിലെ.24, 2 തിമ.4, 11, 1 പത്രൊ.5:13).

**3.2.2. രചനാകാലം.**

ക്രിസ്തുശിഷ്യനായ പത്രൊസിന്റെ മരണം എ.ഡി. 64-ൽ നടന്നതായാണ് പാരമ്പ ര്യവിശ്വാസം. പത്രൊസിന്റെ  വ്യക്തിപരമായ ബലഹീനതകൾ ഈ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് അദ്ദേഹത്തിന്റെ കാലശേഷമാണ് ഇത് എഴുതിയതെന്ന പക്ഷത്തെ പിന്താങ്ങുന്നു. യെരൂശലേമിന്റെ നാശത്തെപ്പറ്റി മർക്കൊസ് 13-ാം അധ്യായത്തി ലെയും ലൂക്കൊസ് 21-ാം അധ്യായത്തിലെയും പ്രവചനങ്ങൾ താരതമ്യപ്പെടുത്തിയാൽ മർക്കൊസിന്റെ സുവിശേഷം ആ ചരിത്രസംഭവത്തിനു മുമ്പും (എ.ഡി. 70) ലൂക്കൊസി ന്റേത് അതിനുശേഷവും രേഖപ്പെടുത്തിയതായി തോന്നും. യഹൂദർ റോമാഭരണകൂടത്തി നെതിരായി നടത്തിയ വിപ്ലവം എ.ഡി. 66 മുതൽ 70 വരെയായിരുന്നു. ഈ വസ്തുതക ളുടെ അടിസ്ഥാനത്തിൽ എഡി. 65 നും 70 നും ഇടയിലാണ് ഈ കൃതി രചിച്ചതെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

**3.2.3. റോമക്കാർക്കുവേണ്ടിയുള്ള സുവിശേഷം**

നാലു സുവിശേഷങ്ങളിൽ ഏറ്റവും ചെറുത് മർക്കൊസിന്റേതാണ്. മറ്റു സുവിശേ ഷകരെക്കാൾ സുവിശേഷം എന്ന വാക്കിനു മർക്കൊസ് പ്രാധാന്യം കൊടുക്കുന്നുണ്ട്. 'ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം' എന്നു പ്രഥമ വാക്യത്തിൽത്തന്നെ  അതുകാണാം. കൃതിയുടെ ശീർഷകം തന്നെയായി അതു മാറുന്നു. യേശുവിന്റെ ദാസ്യത്വത്തിനാണ് മർക്കൊസ് പരിഗണന കൊടുക്കുന്നത്. സമാന്തരസുവി ശേഷകരിൽനിന്നു വ്യത്യസ്തമായി അദ്ദേഹം യേശുവിന്റെ വംശാവലി രചനയിൽ ചേർക്കാതിരുന്നത് ഇക്കാരണത്താലാണ്. ദാസനായ ഒരാളുടെ വംശാവലിക്ക് പ്രസക്തി യില്ലല്ലോ. റോമിലുള്ള ക്രിസ്ത്യാനികളെ ശക്തിപ്പെടുത്തുക എന്നതായിരുന്നു മർക്കൊസിന്റെ രചനാലക്ഷ്യം.

വിജാതീയരായ റോമാക്കാർക്കുവേണ്ടിയാണ് മർക്കൊസ് രചന നിർവഹിച്ചത്. മർക്കൊസ് ഇതരസുവിശേഷകരിൽനിന്നു വ്യത്യസ്തമായി അരാമ്യപദങ്ങൾ ചേർക്കു കയും അവയ്ക്ക് അർത്ഥം നല്കുകയും ചെയ്യുന്നു. വിജാതീയരെ ഉദ്ദേശിച്ചാണ് മർക്കൊസ് രചന നിർവഹിച്ചതെന്ന് ഇത് തെളിയിക്കുന്നു. ബൊവനേർഗ്ഗെസ് (3:17), തലീ ഥാകൂമി (5:41), കൊർബ്ബാൻ (7:11), എഫഥാ (7:34), ഗൊല്ഗോഥാ (15:22), എലോഹീ, എലോഹീ, ലമ്മാ ശബക്താനീ (മർക്കൊ.15:34) എന്നിവ ഉദാഹരണങ്ങൾ. അന്നത്തെ അന്തർദേശീയഭാഷയായ ഗ്രീക്കിലാണ് മർക്കൊസ്  രചന നിർവഹിച്ചതെങ്കിലും ഒട്ടേറെ അരാമ്യപദങ്ങൾ സുവിശേഷത്തിൽ അദ്ദേഹം ഉൾപ്പെടുത്തിയതിന്റെ കാരണം ഇതാണ്. യഹൂദരെ ഉദ്ദേശിച്ചല്ല മർക്കൊസ് എഴുതിയതെന്നതിനാൽ യഹൂദരല്ലാത്തവർക്കു മനസ്സി

ലാക്കുവാനായി അവരുടെ ആചാരങ്ങൾക്കു മർക്കൊസ് വിശദീകരണം കൊടുക്കുന്നുണ്ട്. മത്തായി യഹൂദരുടെ പല ആചാരങ്ങളും വിശദീകരിക്കുന്നില്ല. എന്നാൽ മർക്കൊസ് വിശദീകരിക്കുന്നു. കൈകാൽ കഴുകൽ യഹൂദർക്കു പരിചിതവും മറ്റുള്ളവർക്ക് അപരിചിതവും ആയിരുന്നു (മത്താ.15:2, മർക്കൊ.7;3,4.). ദൈവാലയത്തിന്റെ നാശത്തെപ്പറ്റി മർക്കൊസ് പറയുമ്പോൾ 'പിന്നെ അവൻ ഒലിവുമലയിൽ ദൈവാലയത്തിനു നേരേ ഇരിക്കുമ്പോൾ' എന്നു രേഖപ്പെടുത്തുന്നു (മർക്കൊ.13:3). യഹൂദർക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ് ദൈവാലയം ഒലിവുമലയ്ക്കു നേരേ ആണെന്നത്. എന്നാൽ റോമാക്കാർക്ക് അറിവില്ലാത്തതിനാലാണ് അത് എടുത്തുപറഞ്ഞിരിക്കുന്നത്. പുളിപ്പില്ലാത്ത അപ്പത്തെപ്പറ്റി പറയുമ്പോഴും മർക്കൊസ് ഇങ്ങനെതന്നെ വിശദീകരണം കൊടുക്കുന്നു (14:12). 'പെസഹാക്കുഞ്ഞാടിനെ അറക്കുന്നതായ' എന്ന് അക്കാര്യം എടുത്തുപറയുന്നു. യഹൂദർക്ക് ചിരപരിചിതമായ കാര്യം റോമാക്കാർക്ക് അപരിചിതമായതിനാലാണ് വിശദമാക്കുന്നത്. യഹൂദന്മാർക്ക് പലസ്തീന്റെ ഭൂമിശാസ്ത്രം പരിചിതവും മറ്റുള്ളവർക്ക് അപരിചിതവുമായിരുന്നു (മത്താ.24:3, മർക്കൊ.13:3).

### 3.2.4. ഘടനയും രചനാപദ്ധതിയും

രേഖീയമായ ആഖ്യാനരീതിയാണ് മർക്കൊസ് പിന്തുടരുന്നത്. യേശുവിന്റെ വചനങ്ങളും ഉപദേശങ്ങളും സുവിശേഷത്തിന്റെ പല ഭാഗത്തായി സാന്ദർഭികമായാണ് അവതരിപ്പിക്കപ്പെടുന്നത്. വചനങ്ങളും ഉപദേശങ്ങളും മാത്രമുള്ള സുദീർഘമായ വിവരണങ്ങൾ മറ്റു സുവിശേഷങ്ങളിലെപ്പോലെ മർക്കൊസിൽ കാണാനില്ല. ഉപമകളും മറ്റു സുവിശേഷങ്ങളെ അപേക്ഷിച്ച് മർക്കൊസിൽ കുറവാണ്. നാല് ഉപമകൾ മാത്രമേ മർക്കൊസിന്റെ സുവിശേഷത്തിലുള്ളൂ. അതിൽ ഒന്ന് - വളരുന്ന വിത്ത് - മറ്റു സുവിശേഷങ്ങളിലില്ല (4:26 -29). ഇതര സുവിശേഷങ്ങളെ അപേക്ഷിച്ച് യേശുവിന്റെ ഉപദേശങ്ങൾ വളരെ കുറവാണ് മർക്കൊസിൽ എങ്കിലും യേശുവിനെ ജനങ്ങൾ ഗുരു എന്നു വിളിക്കുന്നതും യേശു പഠിപ്പിച്ചു എന്നുള്ള പരാമർശങ്ങളും ഈ സുവിശേഷത്തിൽ കൂടുതലായുണ്ട്. പഴയനിയമം ഉദ്ധരിച്ചുകൊണ്ടാണ് മാർക്കൊസ് സുവിശേഷം ആരംഭിക്കുന്നതു തന്നെ. ഈ സുവിശേഷകൻ ഉദ്ധരിക്കുന്ന ഏക പഴയനിയമഭാഗവും ഇതാണ്.

മർക്കൊസിന്റെ രചനാസമ്പ്രദായത്തിന്റെ മുഖമുദ്ര അദ്ദേഹം സ്വീകരിച്ചിരിക്കുന്ന വിവരണശൈലിയാണ്. മിക്ക വിവരണങ്ങളിലും പല വിശദാംശങ്ങളും ഉൾപ്പെടുത്തുന്നത് ദൃക്സാക്ഷിവിവരണത്തിന്റെ സ്വഭാവം ജനിപ്പിക്കുന്നു. ലെഗ്യോൻ ബാധിച്ച മനുഷ്യനെപ്പറ്റിയുള്ള വിവരണം അത്തരത്തിലൊന്നാണ് (5:1-20). ലെഗ്യോൻ ബാധിച്ചവനെ ബന്ധിക്കാനും നിയന്ത്രിക്കുവാനുമുള്ള ശ്രമങ്ങളും അവന്റെ ഭീകരതയും അവൻ സ്വയമേൽപ്പിക്കുന്ന മുറിവുകളുമെല്ലാം മർക്കൊസ് ഒന്നൊഴിയാതെ രേഖപ്പെടുത്തുന്നു. ഇതേ ഭാഗം മത്തായി വിവരിക്കുന്നതുമായി താരതമ്യപ്പെടുത്തിയാൽ മർക്കൊസിന്റെ വിവരണത്തിലെ സൂക്ഷ്മതയും അനന്യതയും വ്യക്തമാകും (മത്താ.8:28-34). വിശദാംശങ്ങൾക്ക് ഊന്നൽ കൊടുത്തുള്ള മർക്കൊസിന്റെ രചനാരീതി ഊമനായ ആത്മാവു ബാധിച്ചവനെ സൗഖ്യ

മാക്കുന്നത് വിവരിക്കുമ്പോഴും കാണാം (9:14-29). ആത്മാവ് അവനെ ഇഴയ്ക്കുന്നതും അവൻ നിലത്തുവീണ് നുരച്ചുരുളുന്നതുമെല്ലാം മർക്കൊസ് രേഖപ്പെടുത്തുമ്പോൾ മത്തായി ഇവയെല്ലാം ഒഴിവാക്കുന്നു (മത്താ.17:14-21). എന്റെ അവിശ്വാസത്തിനു സഹായി ക്കണമേ എന്നു ലെഗ്യോൻ ബാധിച്ചവന്റെ പിതാവു പറയുന്ന രംഗവും മർക്കൊസ് മാത്രമേ ഉൾപ്പെടുത്തുന്നുള്ളൂ. മർക്കൊസ് ആഖ്യാനം ചെയ്യുന്ന പ്രഥമാത്ഭുതം ഭൂതോച്ചാ ടനമാണ്. മറ്റൊരു സുവിശേഷത്തിലുമില്ലാത്ത തരത്തിൽ ഭൂതബാധയുടെ പ്രശ്നങ്ങൾ മർക്കൊസ് ആവിഷ്കരിക്കുന്നു (5:1-20). യേശുവും ദുഷ്ടാത്മാക്കളും തമ്മിലുള്ള പോരാ ട്ടത്തിന്റെ സമൃദ്ധമായ വിവരങ്ങളും മർക്കൊസ് നൽകുന്നുണ്ട്.

യേശുവിനെക്കുറിച്ചുള്ള ഒരു ഉപാഖ്യാനത്തിൽനിന്ന് വളരെ പെട്ടെന്ന് മറ്റൊന്നി ലേക്ക് കടക്കുന്ന രചനാരീതി (Fast moving) മർക്കൊസ് അനുവർത്തിക്കുന്നു. മർക്കൊ സിന്റെ സുവിശേഷത്തിന്റെ അന്യാദൃശതയായ സംഗ്രഹണത്വത്തിനു കാരണവും ഇതുത ന്നെ. വളരെ ചുരുക്കിയും കാര്യമാത്രപ്രസക്തവുമായി മാത്രമേ അദ്ദേഹം ഏതു സംഭ വവും അവതരിപ്പിക്കൂ. യേശുവിന്റെ പ്രവർത്തനങ്ങൾ ഏറിയും ഉപദേശങ്ങൾ കുറഞ്ഞും വരുന്ന തരത്തിലാണ് മർക്കൊസ് ആഖ്യാനരേഖയുടെ (Story Line) ക്രമീകരണം നടത്തി യിരിക്കുന്നത്. അനന്തരം, പെട്ടെന്ന്, ഉടനെ, എന്നീ പദങ്ങളുടെ ആവർത്തനം മർക്കൊ സിന്റെ രചനയിലുടനീളം കാണാം. പ്രസ്തുത ശബ്ദങ്ങളുടെ ആധിക്യം ആഖ്യാനവേ ഗത്തെ വർദ്ധിപ്പിക്കുന്നതിൽ വഹിക്കുന്ന പങ്ക് ചെറുതല്ല.

യേശുവിന്റെ പിതാവിന്റെ പേര് മർക്കൊസ് സൂചിപ്പിക്കുന്നില്ല. തടാകങ്ങളെപ്പ റ്റിയും പടകുകളെപ്പറ്റിയും ധാരാളം പരാമർശങ്ങൾ മർക്കൊസിലുണ്ട്. 'കേൾപ്പാൻ ചെവി യുള്ളവൻ കേൾക്കട്ടെ' മർക്കൊസിന്റെ ആഖ്യാനത്തിലെ ആവർത്തനപാദങ്ങ(Refrain)ളാ ണ് (4:9, 4:23, 7:16). വലിയ പുരുഷാരം യേശുവിനെ കാണാൻ ആഗ്രഹിക്കുകയും എന്നാൽ യേശു പിൻവലിയുന്നതായുമുള്ള പരാമർശം മർക്കൊസിൽ പലയിടത്തും വരു ന്നുണ്ട്. മറ്റു സുവിശേഷകരിൽനിന്നു വ്യത്യസ്തമായി യേശുവിന്റെ ജനനം, വംശാവലി, പൂർവ്വാസ്തിത്വം എന്നിവ മർക്കൊസ് പ്രതിപാദിക്കുന്നില്ല. ഗിരിപ്രഭാഷണം, ദീർഘമായ മറ്റു പ്രസംഗങ്ങൾ എന്നിവയും 'പരീശന്മാർക്കു ഹാ! കഷ്ടം' എന്നു തുടങ്ങുന്ന വിവര ണവും മർക്കൊസ് ഒഴിവാക്കിയിരിക്കുന്നു. ക്രൂശിൽ കിടന്ന കള്ളനു പറുദീസ നല്കിയ കാര്യവും ഉയിർപ്പിനെപ്പറ്റിയും മറ്റു പ്രത്യക്ഷതകളെപ്പറ്റിയും മർക്കൊസ് വിശദമായി പ്രസ്താവിക്കുന്നില്ല. ശീമോൻ ആയിരുന്നു യേശുവിന്റെ ക്രൂശു നിർബന്ധത്താൽ ചുമ ന്നത്. മർക്കൊസ് അദ്ദേഹത്തിന്റെ മക്കളുടെ പേരും വിവരണത്തിൽ ഉൾപ്പെടുത്തി (15:21).

### 3.2.5. യേശുവിലെ മനുഷ്യൻ

യേശുവിലെ മനുഷ്യത്വം ഏറ്റവും തെളിമയോടെ അവതരിപ്പിക്കുന്നത് മർക്കൊസ് ആണ്. യേശുവിന്റെ ദു:ഖം, കോപം, ആശ്ചര്യം, മനസ്സലിവ്, ആത്മാവിലുള്ള ഞെരക്കം, ശാസന, മുഷിച്ചൽ, സ്നേഹം, വിശപ്പ്, തുടങ്ങിയ മാനുഷികവികാരങ്ങൾ മർക്കൊസ്

രേഖപ്പെടുത്തുന്നു (3:5, 6:6, 31, 34, 8:12, 33, 10:14, 21, 11:12). ആഖ്യാനസ്ഥലസൂചന കൃത്യമായി മർക്കൊസ് നല്കുന്നുണ്ട്. ഗലീലയിലെ ശുശ്രൂഷ (1:14-6:13), ഗലീലയ്ക്കുപുറത്തുള്ള ശുശ്രൂഷ (6:14-8:26), ഫിലിപ്പിന്റെ കൈസര്യ മുതൽ യെരൂശലേം വരെ (8:27 -10:52), യെരൂശലേമിൽ (11:1-13:37), പീഡാനുഭവവും പുനരുത്ഥാനവും (14:1-16:8) ഇങ്ങനെ വ്യക്തമാണ് അത്.

ഒരു കാര്യം മൂന്നുതവണ ആവർത്തിക്കുക എന്നതും മർക്കൊസ് ഉപയോഗിക്കുന്ന മറ്റൊരു രചനാസങ്കേതമാണ്. ഉദാ. മൂന്നു പീഢാനുഭവപ്രവചനങ്ങൾ (8:31, 9:31, 10:33-34), ഗത്സമെനയിൽ യേശു മൂന്നു തവണ ശിഷ്യരുടെയടുത്തേക്കു വരുന്നു (14:32-42). സംഭവങ്ങൾ വായനക്കാരുടെ മനസ്സിൽ പതിപ്പിക്കുന്നതിനാണ് മർക്കൊസ് ആവർത്തനമെന്ന സങ്കേതം ഉപയോഗിക്കുന്നത്.

### 3.3. ലൂക്കൊസിന്റെ സുവിശേഷം

സമവീക്ഷണസുവിശേഷങ്ങളിൽ മൂന്നാമത്തേതാണ് ലൂക്കൊസിന്റേത്. 24 അധ്യായങ്ങൾ ഇതിനുണ്ട്. സുവിശേഷങ്ങളിൽ വലുത് ലൂക്കൊസാണ്. മത്തായിയുടെ സുവിശേഷത്തിൽ 28 അധ്യായങ്ങൾ ഉണ്ടെങ്കിലും 1071 വാക്യങ്ങളേ ഉള്ളൂ. ലൂക്കൊസിൽ 1151 വാക്യങ്ങളുണ്ട്.

#### 3.3.1. ഗ്രന്ഥകാരൻ

ലൂക്കൊസിന്റെ പേര് സുവിശേഷത്തിലെവിടെയും രേഖപ്പെടുത്തിയിട്ടില്ല. എങ്കിലും ലൂക്കൊസിന്റെ കർത്തൃത്വത്തെ അംഗീകരിക്കുന്നതിൽ ആദ്യകാലംതൊട്ടേ പണ്ഡിതന്മാർ യോജിപ്പിൽത്തന്നെ. പുതിയനിയമത്തിലെ ലേഖനങ്ങളിൽ മൂന്നിടത്ത് ലൂക്കൊസിനെപ്പറ്റി പറയുന്നുണ്ട്. പൗലൊസിന്റെ സഹചാരിയും സഹപ്രവർത്തകനുമായിരുന്നു ലൂക്കൊസ് എന്ന് അതിൽനിന്നു തെളിയുന്നു. ‘വൈദ്യനായ പ്രിയ ലൂക്കൊസ്’ എന്നാണ് ലൂക്കൊസിനെ പൗലൊസ് അഭിസംബോധന ചെയ്തത് (കൊലൊ.4:14). ബൈബിളിലെ ഏക യഹൂദേതരഗ്രന്ഥകാരനാണ് ലൂക്കൊസ്. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ എന്ന പുതിയനിയമകൃതിയും അദ്ദേഹത്തിന്റേതാണ്.

#### 3.3.2. രചനാകാലം

അപ്പൊസ്തലന്മാരുടെ പ്രവൃത്തികളുടെ രചനാകാലനിർണ്ണയത്തിന് അനുസരിച്ചാണ് ലൂക്കൊസിന്റെ സുവിശേഷരചനയുടെ കാലം നിശ്ചയിക്കുക. സുവിശേഷം എഴുതിയശേഷമാണ് അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ എഴുതിയത്. എ.ഡി. 61-ൽ ആണ് അപ്പൊസ്തലന്മാരുടെ പ്രവൃത്തികളുടെ രചനാകാലമെന്നതിനാൽ ഏകദേശം എ.ഡി. 60 -ലാണ് സുവിശേഷം എഴുതിയതെന്നു കരുതപ്പെടുന്നു. എ.ഡി. 58-60 കാലയളവിൽ പൗലൊസ് തടവറയിലായിരുന്നു. ആ സമയത്ത് ലൂക്കൊസും കൈസര്യയിൽ ഉണ്ടായിരുന്നു. ഇതെല്ലാം കാലനിർണ്ണയത്തിലേക്കുള്ള സൂചനയാണ്.

### 3.3.3. ഘടന, രചനാപദ്ധതി

മുഖവുരയോടെ ആരംഭിക്കുന്നു എന്നത് ലൂക്കൊസിന്റെ സുവിശേഷത്തിന്റെ മാത്രം പ്രത്യേകതയാണ്. സാഹിത്യസുന്ദരമായ രചനാസമ്പ്രദായത്തിനുടമയാണ് ലൂക്കൊസ്. ലൂക്കൊസിനുമുമ്പ് ക്രിസ്തുചരിതം രേഖപ്പെടുത്തിയവരോടുള്ള ആധർമ്മണ്യം മറച്ചുവെക്കുന്നില്ല. ''ശ്രീമാനായ തെയോഫിലോസേ, ആദിമുതൽ കണ്ട സാക്ഷികളും വചനത്തിന്റെ ശുശ്രൂഷക്കാരുമായവർ നമ്മെ ഭരമേല്പിച്ചതുപോലെ, നമ്മുടെ ഇടയിൽ പൂർണ്ണമായി പ്രമാണിച്ചു വരുന്ന കാര്യങ്ങളെ വിവരിക്കുന്ന ഒരു ചരിത്രം ചമപ്പാൻ പലരും തുനിഞ്ഞിരിക്കകൊണ്ട്, നിനക്ക് ഉപദേശം ലഭിച്ചിരിക്കുന്ന വാർത്തയുടെ നിശ്ചയം നീ അറിയേണ്ടതിന് അതു ക്രമമായി എഴുതുന്നതു നന്നെന്ന് ആദിമുതൽ സകലവും സൂക്ഷ്മമായി പരിശോധിച്ചിട്ട് എനിക്കും തോന്നിയിരിക്കുന്നു'' (1:1-4). 'എല്ലാ കാര്യങ്ങളും ക്രമമായി' എഴുതുകയാണ് എന്ന് ലൂക്കൊസ് ആമുഖമായിപ്പറയുന്നുണ്ട്. യേശുചരിതത്തിന്റെ സത്യാത്മകതയെപ്പറ്റി അനുവാചകരെ ബോദ്ധ്യപ്പെടുത്തുകയായിരുന്നു ഈ പ്രയോഗത്തിലൂടെ അദ്ദേഹം ലക്ഷ്യമാക്കുന്നത്.

ലൂക്കൊസിന്റെ സുവിശേഷത്തിന്റെ ആദ്യ രണ്ടധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് യേശുവിന്റെ ജനനവും ബാല്യകാലവിവരണങ്ങളുമാണ്. ഇത് മറ്റു സുവിശേഷങ്ങളിൽനിന്നു ഭിന്നമായാണ് ലൂക്കൊസ് പ്രതിപാദിക്കുന്നത്. മത്തായിയുടെ സുവിശേഷത്തിലും ബാല്യകാലവിവരണത്തിനു രണ്ട് അധ്യായം നീക്കിവെച്ചിട്ടുണ്ട്. എന്നാൽ സ്നാപകയോഹന്നാന്റെ ബാല്യകാലവും ലൂക്കൊസ് വിവരിക്കുന്നുണ്ട്.

ഉപമകൾ, അത്ഭുതകഥകൾ എന്നിവ കൂടാതെ യേശുവിനെപ്പറ്റി താഴെപ്പറയുന്ന ആഖ്യാനഖണ്ഡങ്ങൾ (Pericopes) ലൂക്കൊസ് മാത്രമേ വിവരിക്കുന്നുള്ളൂ.

- യേശു നസ്രേത്തിലെ സിനഗോഗിൽ പ്രസംഗിക്കുന്നത് (4:16-28).
- യേശു പരീശന്റെ വീട്ടിൽ വിരുന്നിനെത്തുന്നു (7:36-50).
- യേശുവിനെ അനുഗമിക്കുന്ന സ്ത്രീകൾ (8:1-3).
- യേശുവിനെ ശമര്യാക്കാർ തിരസ്കരിക്കുന്നു (9:52-56).
- മാർത്തയും മറിയയും (10:38-42).
- യേശു സക്കായിയുടെ വീട്ടിലെത്തുന്നത് (19:1-10).
- അന്ത്യ അത്താഴം (22:15-20).

യേശുവിന് ശുശ്രൂഷ ആരംഭിക്കുമ്പോൾ 30 വയസ്സുണ്ടായിരുന്നു എന്ന് ലൂക്കൊസ് മാത്രമാണ് പറയുന്നത് (3:23).

ദൈവപുത്രനും രക്ഷകനുമായിട്ടാണ് ലൂക്കൊസ് യേശുവിനെ അവതരിപ്പിക്കുന്നത്. പഴയനിയമത്തിൽനിന്നു ധാരാളം ഉദ്ധരണികൾ ഉള്ളതാണ് യേശുവിന്റെ ബാല്യകാല

ത്തെക്കുറിച്ചുള്ള മത്തായിയുടെ വിവരണം. വംശാവലിയൊഴിച്ച് ആ വിവരണം മുഴുവൻ അഞ്ചുകഥകളായി അദ്ദേഹം ക്രമീകരിച്ചു. ഓരോന്നിലുമുണ്ട് പഴയനിയമത്തിൽ നിന്നുള്ള ഒരു ഉദ്ധരണി. എന്നാൽ ലൂക്കൊസിന്റെ രചനാരീതി ഇതല്ല. ലൂക്കൊസിന്റെ ആദ്യത്തെ രണ്ടധ്യായങ്ങളിൽ ഒരു ഉദ്ധരണിയേയുള്ളൂ (2:23). ബാല്യകാലവിവരണങ്ങളിൽ ലൂക്കൊസ് ചെയ്യുന്നതു പഴയനിയമപ്രചനങ്ങൾ നിറവേറിയത് എടുത്തുകാണിക്കുകയല്ല. മറിച്ച് തനിക്കു ബോദ്ധ്യപ്പെട്ടത് നേരെ എഴുതുകയാണ്. എന്നിരുന്നാലും ലൂക്കൊസ് പല സംഭവങ്ങളും പഴയനിയമമാതൃകയിലാണ് പ്രതിപാദിക്കുന്നത്.

ലൂക്കൊസിന്റെ സുവിശേഷത്തെ നാലുഭാഗങ്ങളായി വിഭജിച്ചിട്ടുണ്ട്. സ്നാപക യോഹന്നാന്റെയും യേശുവിന്റെയും ജനനവാർത്ത മുതൽ പന്ത്രണ്ടാം വയസ്സിൽ യേശു ദൈവാലയത്തിൽ ചെല്ലുന്നതുവരെയുള്ളതാണ് ഒന്നാംഭാഗം. ഗലീലയിലെ യേശുവിന്റെ പ്രവർത്തനങ്ങളാണ് രണ്ടാംഭാഗം. യേശുവിന്റെ യെരൂശലേമിലേക്കുള്ള യാത്രയിലെ സംവാദങ്ങളും ഉപദേശങ്ങളും മൂന്നാം ഭാഗം. യേശു യെരൂശലേമിലെത്തുന്നതു മുതൽ കഷ്ടാനുഭവം, ക്രൂശുമരണം, യേശുവിന്റെ സ്വർഗ്ഗാരോഹണം വരെയുള്ള കാര്യങ്ങളാണ് നാലാം ഭാഗത്തെ ഉള്ളടക്കം.

### 3.3.4. സ്ത്രീപ്രധാനത

ലൂക്കൊസ് പല വസ്തുതകളും അവതരിപ്പിക്കുമ്പോൾ സ്ത്രീപുരുഷ അനുപാതം നിലനിർത്തുന്നു. സുവിശേഷത്തിന്റെ തുടക്കം മുതൽ ഒടുക്കം വരെ ഇതു ബോധപൂർവ്വം ലൂക്കൊസ് പിന്തുടരുന്നു. യേശുവിന്റെ ജനനകഥയിൽ സഖര്യാവിനെയും ഏലീശബത്തി നെയും സമപ്രാധാന്യത്തോടെ അവതരിപ്പിക്കുന്നു. യോസേഫിനെയും മറിയയെയും അങ്ങനെതന്നെ. ശിമ്യോനെയും ഹന്നായെയും തുല്യപ്രാധാന്യത്തോടെ ആഖ്യാനം ചെയ്യുന്നു. പഴയനിയമസംഭവം സൂചിപ്പിക്കുമ്പോൾ സാരെഫാത്തിലെ വിധവയെയും നയ മാനെയും തുല്യമായി പരിഗണിക്കുന്നു. പഴയനിയമത്തിലും ഈ കഥാപാത്രങ്ങൾ ഒരേ ഗ്രന്ഥത്തിൽ - രാജാക്കന്മാർ - പരാമർശിക്കപ്പെട്ടവരാണ് (4:26-27). യോനാ, ശേബാരാ ജ്ഞി എന്നിവരെയും ലൂക്കൊസ് ഒരേ ആഖ്യാനഖണ്ഡത്തിൽ സൂചിപ്പിക്കുന്നു. കടുകുമ ണിയുടെ ഉപമയിൽ പുരുഷനും അതിനുശേഷം പറയുന്ന പുളിച്ചമാവിന്റെ ഉപമയിൽ സ്ത്രീയും കർത്തൃസ്ഥാനത്തു വരുന്നു. കാണാതായ ആടിന്റെ ഉപമയിൽയിൽ ആട്ടിടയ നെയും നഷ്ടപ്പെട്ട നാണയത്തിന്റെ ഉപമയിൽ സ്ത്രീയെയും ലൂക്കൊസ് കഥാപാത്രമാ ക്കുന്നു.

ആഖ്യാനത്തിൽ സ്ത്രീവിരുദ്ധനിലപാട് സുവിശേഷകർ ആരും സ്വീകരിച്ചിട്ടില്ല. അതിൽത്തന്നെ ലൂക്കൊസിന്റെ സുവിശേഷത്തിലാണ് സ്പഷ്ടമായ സ്ത്രീപക്ഷസമീ പനമുള്ളത്. പാപിനി യേശുവിനെ തൈലാഭിഷേകം ചെയ്തത് വേറെ സുവിശേഷകർ രേഖപ്പെടുത്തിയിട്ടില്ല (7:36-50). എന്നാൽ ലൂക്കൊസ് മുഖ്യധാരാ സമൂഹവും സമുദാ യവും വിലക്കു കല്പിച്ച സ്ത്രീയുടെ പ്രവൃത്തിയെ പ്രധാന്യത്തോടെതന്നെ വിവരിച്ചിരി ക്കുന്നു. യേശുവിന്റെ പരസ്യശുശ്രൂഷയിൽ അവനെ അനുഗമിക്കുകയും ധനസഹായം

നൽകുകയും ചെയ്ത സ്ത്രീകളെപ്പറ്റിയും ലൂക്കൊസ് പരാമർശിക്കുന്നുണ്ട് (8:1-3). ലൂക്കൊസ് സ്ത്രീകളെ വിലയുള്ളവരായി അവതരിപ്പിക്കുന്നു (ലൂക്കൊ.8:1-3,10:38-42, 18:1-7, 21:1-4, 23:27-31, 24:1-10). ഇവയിൽ പലതും മറ്റ് ആഖ്യാനങ്ങളിലുമുണ്ടെങ്കിലും സ്ത്രീസൗഹൃദസമീപനം ലൂക്കൊസാണ് കൂടുതൽ പ്രകടിപ്പിക്കുന്നത്. ''സ്ത്രീയെപ്പറ്റി വളരെ കുറച്ചു മാത്രം സംസാരിക്കുന്ന ബൈബിളിൽ എത്ര ശ്രമിച്ചിട്ടും ക്രിസ്തുവിനെ ചിത്രീകരിക്കുമ്പോൾ സ്ത്രീകളെ ഒഴിവാക്കാൻ സുവിശേഷകർക്കു കഴിയുന്നില്ല. കാരണം അത്ര മാത്രം അവർ അവന്റെ ജീവിതത്തിൽ അലിഞ്ഞുചേർന്നിരുന്നു'' എന്നു വിലയിരുത്തുവാൻ ഇതാണ് കാരണം (റോസി 2009:62).

### 3.3.5. ലൂക്കൊസും മറ്റു സുവിശേഷകരും - വ്യത്യസ്തതകൾ, സാധർമ്മ്യങ്ങൾ

യേശുവിന്റെ ബാല്യകാലവിവരണങ്ങൾ വ്യത്യസ്തമായ നിലയിലാണ് മത്തായിയും ലൂക്കൊസും അവതരിപ്പിക്കുന്നത്.

- സ്നാപകയോഹന്നാന്റെ ബാല്യത്തെപ്പറ്റി മത്തായി ഒരു വിവരവും നല്കുന്നില്ല. എന്നാൽ ലൂക്കൊസ് അതും സമാന്തരമായി അവതരിപ്പിക്കുന്നു.

- മത്തായിയുടെ സുവിശേഷം രണ്ടാം അധ്യായത്തിൽ പ്രതിപാദിക്കുന്നതിന്റെ സമാന്തരാഖ്യാനം ലൂക്കൊസിൽ ഇല്ല.

- യേശുവിന്റെ വംശാവലിവിവരണം മത്തായിയും ലൂക്കൊസും അവതരിപ്പിക്കുന്നത് വ്യത്യസ്തമായിട്ടാണ്.

- മത്തായി യോസേഫിനു പ്രാധാന്യം കൊടുത്താണ് എഴുതുന്നത്. ദൈവത്തിന്റെ അരുളപ്പാടു സ്വീകരിക്കുന്നതു യോസേഫാണ്. ലൂക്കൊസിലാകട്ടെ മറിയത്തിനാണ് ദൈവികസന്ദേശം ലഭിക്കുന്നത്. മറിയത്തിന്റെ കാഴ്ചപ്പാടിൽനിന്നാണ് യേശുവിന്റെ ബാല്യം ലൂക്കൊസ് വിവരിക്കുന്നത്.

ബേത്‌ലഹേം യോസേഫിന്റെയും മറിയത്തിന്റെയും സ്ഥലമായിരുന്നെന്നും ചില പ്രത്യേക സാഹചര്യങ്ങൾ മൂലമാണ് അവർ നസ്രേത്തിലേക്കു താമസം മാറ്റിയതെന്നും മത്തായി പറയുന്നു (2:13-23). എന്നാൽ അവരുടെ നഗരം നസ്രേത്താണെന്നും കാനേഷുമാരിക്കുവേണ്ടി മാത്രമാണ് അവർ ബേത്‌ലഹേമിൽ പോയതെന്നും ലൂക്കൊസ് പ്രസ്താവിക്കുന്നു (2:5).

ലൂക്കൊസിന്റെ സുവിശേഷത്തിൽ മത്തായിയുടെ 2-ാമധ്യായത്തിലെ കാര്യങ്ങളില്ലാത്തതുപോലെ, യേശുവിന്റെ ബാല്യത്തെക്കുറിച്ചുള്ള ചില സംഭവങ്ങൾ, മറിയത്തിന്റെ സ്തോത്രഗീതം, സഖരിയാവിന്റെയും ശിമയോന്റെയും പ്രവചനഗീതങ്ങൾ എന്നിവ മത്തായിയിലുമില്ല. ഓരോ സുവിശേഷകന്റെയും ദൈവശാസ്ത്രപരമായ കാഴ്ചപ്പാടാണിതിനു കാരണമെന്നു കരുതിയാൽ മതി. യേശുവിനെ പരിചയപ്പെടുത്താനായി ദൈവം വ്യത്യ

സ്തരായ പല വ്യക്തികളെ ഉപയോഗിക്കുന്നതായി ലൂക്കൊസ് എഴുതുന്നു. ഗബ്രിയേൽ ദൂതൻ, ശിമ്യോൻ, ഹന്നാ തുടങ്ങിയവർ ഉദാഹരണങ്ങൾ (ലൂക്കൊ.1:26-38, 2:9-13, 25-31, 36-38).

ഇത്രയും വൈജാത്യങ്ങൾക്കിടയിലും മത്തായിയുടെയും ലൂക്കൊസിന്റെയും ബാല്യകാലവിവരണത്തിൽ ചില സാദൃശ്യങ്ങൾ കാണപ്പെടുന്നുണ്ട്. രണ്ടു സുവിശേഷക ന്മാരും സ്വീകരിച്ചിട്ടുള്ള അടിസ്ഥാനവിവരങ്ങൾ താഴെ കൊടുക്കുന്നു.

- ദാവീദിന്റെ വംശത്തിൽപ്പെട്ട യോസേഫ് എന്ന പുരുഷനുമായി മറിയ എന്ന കന്യക വിവാഹനിശ്ചയം ചെയ്തിരുന്നു.
- കർത്താവിന്റെ മാലാഖ വന്ന് മറിയ ഗർഭം ധരിക്കാൻ പോകുന്ന വിവരവും ജനി ക്കുന്ന ശിശുവിന് ഇടേണ്ട പേരും അവന്റെ ദൗത്യവും അറിയിക്കുന്നു.
- കന്യാത്വം നഷ്ടപ്പെടാതെ മറിയ പരിശുദ്ധാത്മാവിനാൽ ഗർഭം ധരിക്കുന്നു.
- ഹെരോദാവിന്റെ കാലത്ത് മറിയ ബേത്‌ലഹേമിൽവച്ച് യേശുവിനെ പ്രസവിക്കു ന്നു.
- യേശുവിന്റെ കുടുംബം നസ്രേത്തിൽ താമസമുറപ്പിക്കുന്നു.

ലൂക്കൊസിന്റെ സുവിശേഷത്തിലെ പ്രധാനപ്രമേയം ‘കാണാതെപോയതിനെ തിര ഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്’ എന്നാണ് (19:10). ലൂക്കൊസിൽ മാത്ര മുള്ള സക്കായിയുടെ മാനസാന്തരകഥയുടെ അന്ത്യത്തിലാണ് ഈ പരാമർശം. നഷ്ടപ്പെട്ട തിനെ തിരഞ്ഞു രക്ഷിക്കുന്ന പല സംഭവങ്ങൾ ലൂക്കൊസ് ആവിഷ്കരിക്കുന്നുണ്ട്. നഷ്ട പ്പെട്ട ആടിന്റെ കഥ, നഷ്ടപ്പെട്ട നാണയം, നഷ്ടപ്പെട്ട മകൻ എന്നിവ തുടർച്ചയായി ആവി ഷ്കരിക്കുന്നതിൽനിന്നു നഷ്ടപ്പെട്ടതിനോടുള്ള സുവിശേഷകന്റെ നിലപാടു വ്യക്തമാകു ന്നു (15:1-32). പാപിനിയുടെ കഥയും അങ്ങനെതന്നെ (7:36-47).

മറ്റു സുവിശേഷങ്ങളിലെല്ലാമുള്ള ചില കാര്യങ്ങൾ ലൂക്കൊസ് ഭേദപ്പെടുത്തി അവ തരിപ്പിക്കുന്നുണ്ട്. പുതിയനിയമത്തിലെ ഏറ്റവും പ്രധാന കല്പന "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടുംകൂടെ സ്നേഹിക്കണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേത് അതിനോടു സമം: കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം. ഈ രണ്ടു കല്പ നകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു'' (മത്താ.22:35-38), (ആവ.6:4, ലേവ്യ.19:18). മത്തായി, മർക്കൊസ് എന്നീ സുവിശേഷങ്ങളിൽ ഈ സൂക്തം യേശുവാണ് അവതരിപ്പിക്കുന്നത്. പഴയനിയമത്തിൽ ഈ രണ്ടു കല്പനകൾ രണ്ടു കൃതികളിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പുതിയനിയമത്തിൽ യേശുവാണ്

അതിനെ ചേർത്തുപറയുന്നത്. ഇതിലെ ആദ്യഭാഗം ആവർത്തനപ്പുസ്തകത്തിലും രണ്ടാം വാക്യം ലേവ്യാപുസ്തകത്തിലുമാണുള്ളത് (മത്താ.22:35-38, മർക്കൊ.12:28-30, ലൂക്കൊ.10:26-27). എന്നാൽ നിത്യജീവൻ തേടിയെത്തിയ ന്യായശാസ്ത്രി ഇത് ഉദ്ധരിക്കുന്നതായി ലൂക്കൊസ് രേഖപ്പെടുത്തുന്നു. അത്തി തളിർക്കുന്നതിന്റെ ഉപമയിൽ ലൂക്കൊസ് അത്തിയെക്കുറിച്ചു മാത്രമല്ല പറയുന്നത്. മറ്റു സുവിശേഷകർ അത്തിയെപ്പറ്റി മാത്രമേ പരാമർശിക്കുന്നുള്ളൂ. 'അത്തി മുതലായ സകലവൃക്ഷങ്ങളെയും നോക്കുവിൻ' (21:29). അത്തി പ്രതിനിധാനം ചെയ്യുന്ന യഹൂദന്മാരെപ്പറ്റി മാത്രമല്ല ലൂക്കൊസ് ബോധവാനായത്. സർവ്വമനുഷ്യരുടെയും രക്ഷ അദ്ദേഹത്തിന് വിഷയമായിരുന്നു എന്ന് ഈ ഭാഗവും തെളിയിക്കുന്നു.

യേശുവിനോടൊപ്പം ക്രൂശിക്കപ്പെട്ട കള്ളൻ അനുതപിച്ചതിനെപ്പറ്റി ലൂക്കൊസ് മാത്രമേ പറയുന്നുള്ളൂ. വിചാരണയുടെ സമയത്ത് യേശുവിനെ പീലാത്തൊസ് ഹെരോദാവിന്റെ അടുക്കൽ അയയ്ക്കുന്ന രംഗവും ലൂക്കൊസിൽ മാത്രമാണുള്ളത്. യേശു നീതിമാനായിരുന്നുവെന്ന് ലൂക്കൊസ് ആവർത്തിച്ചു വ്യക്തമാക്കുന്നുണ്ട്.

**3.3.6. രക്ഷാകരദൗത്യം**

രക്ഷാകരചരിത്രം മൂന്നു വ്യത്യസ്തഘട്ടങ്ങളുള്ള ഒരു മുന്നേറ്റമാണെന്നു ലൂക്കൊസിനറിയാമായിരുന്നു: പഴയനിയമകാലം, യേശുവിന്റെ കാലം, സഭയുടെ കാലം. രക്ഷാകരചരിത്രമെന്ന വിഷയത്തിനുള്ളിൽ സുവിശേഷകൻ യേശുവിന്റെ ശുശ്രൂഷയെ ഉൾക്കൊള്ളിക്കുകയും ഗലീലി മുതൽ യെരൂശലേം വരെ നീളുന്ന ഒരു പ്രയാണമാക്കി അതിനെ അവതരിപ്പിക്കുകയും ചെയ്യുന്നു. യേശുവിന്റെ ശുശ്രൂഷ യെരൂശലേമിലേക്കുള്ള ഒരു പ്രയാണമായിരുന്നു എന്ന ലൂക്കൊസിന്റെ വീക്ഷണം ശരിവെക്കുന്നതാണ് അദ്ദേഹത്തിന്റെ സുവിശേഷത്തിൽ കാണുന്ന യാത്രാപ്രമേയം. യേശുവിന്റെ ബാല്യകാലവിവരണത്തിൽ (1-2 അധ്യായങ്ങൾ) യാത്രാപ്രമേയത്തിനു ശക്തമായ ഊന്നൽ നൽകിയിട്ടുണ്ട്. അവിടെ വിവരിക്കുന്ന നാലു യാത്രകളിൽ രണ്ടിന്റെയും ലക്ഷ്യം യെരൂശലേമാണ്. യേശുവിന്റെ പരസ്യജീവിതചിത്രീകരണത്തിലും യെരൂശലേമിനും ആ നഗരത്തിലേക്കുള്ള യാത്രയ്ക്കും അതിയായ പ്രാധാന്യമാണ് കല്പിച്ചിരിക്കുന്നത്. യേശു യെരൂശലേമിലേക്കു നിശ്ചയദാർഢ്യത്തോടെയാണ് നീങ്ങുന്നത്. യേശുവിന്റെ വിധി നിർണ്ണയിക്കുന്ന ആ നഗരത്തിലേക്കുള്ള യാത്ര വിവരിക്കാൻ സുവിശേഷത്തിന്റെ നല്ലൊരു ഭാഗം ലൂക്കൊസ് ഉപയോഗിച്ചിരിക്കുന്നു (9:51-19:27). രക്ഷാകരതയിലെ പ്രധാനപ്പെട്ട പല സംഭവങ്ങളും - പീഡാസഹനം, മരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം, പരിശുദ്ധാത്മാവിന്റെ ആഗമനം, സഭയുടെ ഉദ്ഘാടനം- എല്ലാം നടക്കുന്നത് അവിടെയാണ്. ലൂക്കൊസിന്റെ സുവിശേഷം അനുസരിച്ച് രക്ഷയുടെ സന്ദേശം ഭൂമിയുടെ അതിർത്തികളിലേക്കു പോകുന്നത് യെരൂശലേമിൽനിന്നാണ് (24:47; അപ്പൊ.പ്ര.1:8). അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ എന്ന ലൂക്കൊസിന്റെ രണ്ടാം ഗ്രന്ഥത്തിലെ പ്രതിപാദ്യവും ഇതുതന്നെ.

ലൂക്കൊസ് സുവിശേഷത്തിന്റെ തുടക്കത്തിൽത്തന്നെ യേശു ആരാണെന്നു പറഞ്ഞുവെക്കുന്നു (1:31-33). ലൂക്കൊസിന്റെ സുവിശേഷത്തിൽ യേശുവിന്റെ വ്യക്തിത്വത്തെപ്പറ്റിയുള്ള സംശയം നിറഞ്ഞ ചോദ്യങ്ങൾ കാണാം (4:22, 5:21, 7:19-20,49, 8:25). ഇവിടെയെല്ലാം യേശുവിന്റെ വ്യക്തിത്വം സംബന്ധിച്ച് വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ട ആളുകൾ സംശയം ചോദിക്കുന്നു. സുവിശേഷത്തിൽ അതിനുള്ള മറുപടിയും ലൂക്കൊസ് കരുതിവെക്കുന്നുണ്ട്.

### 3.3.7. യേശു എന്ന മനുഷ്യൻ

യേശുവിന്റെ മാനുഷികവികാരങ്ങൾ പൂർണ്ണമായി വെളിപ്പെടുത്തുന്ന തരത്തിലുള്ളതാണ് ലൂക്കൊസിന്റെ വിവരണം. 40 ദിവസത്തെ ഉപവാസത്തിനുശേഷം യേശുവിനു വിശന്ന കാര്യം സൂചിപ്പിക്കുന്നു (4:1-2). മനുഷ്യസഹജമായ വേദനയും ദു:ഖവും യേശു അനുഭവിച്ചതായി ലൂക്കൊസ് വിവരിക്കുന്നു. 'അവന്റെ വിയർപ്പ് നിലത്തു വീഴുന്ന വലിയ ചോരത്തുള്ളിപോലെ ആയി' (22:44).

### 3.3.8. ഉപേക്ഷിക്കപ്പെട്ടവരുടെ പക്ഷം

പരിത്യക്തരുടെയും പാവങ്ങളുടെയും ചരിതങ്ങൾക്കു പ്രാധാന്യം കൊടുക്കുന്ന ആവിഷ്കാരമായിരുന്നു ലൂക്കൊസിന്റേത്. യെശയ്യാപ്രവചനത്തിലെ പ്രസക്തമായ ഭാഗം സുവിശേഷത്തിൽ ഉദ്ധരിക്കുന്നതും ലൂക്കൊസ് മാത്രമാണ്. ''ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേൽ ഉണ്ട്; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു'' (4:18-19). പ്രതീക്ഷയില്ലാത്തവരെയും ഉപേക്ഷിക്കാവുന്നവരെയും കുറിച്ചുള്ള ആഖ്യാനങ്ങൾ ലൂക്കൊസിന്റെ സുവിശേഷത്തിലേ കാണാനാവൂ.

പ്രാന്തവത്കരിക്കപ്പെട്ടവർക്കു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വിവരണങ്ങൾ ഏറെ അവതരിപ്പിക്കുന്നുണ്ട് ലൂക്കൊസ്. സ്ത്രീകൾ, ശമര്യാക്കാർ, ചുങ്കക്കാർ എന്നിവർക്ക് ആദരവും അംഗീകാരവും കിട്ടുന്ന പല സംഭവങ്ങൾ അദ്ദേഹം ആഖ്യാനം ചെയ്യുന്നു. ലൂക്കൊസ് ശമര്യാക്കാരെപ്പറ്റി നല്ല അഭിപ്രായം പറയുന്നു (9:51-55, 10:30-37, 17:11-19). ന്യായവിസ്താരസ്ഥലം മുതൽ കുരിശിൽ മരണമടയുന്നതുവരെ യേശുവിനെ സ്ത്രീകൾ അനുഗമിച്ചിരുന്നുവെന്ന വസ്തുത ലൂക്കൊസ് എടുത്തെഴുതുന്നുണ്ട് (23:49). ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ യേശുവിന്റെ കല്ലറയ്ക്കൽ എത്തിയ മൂന്നു സ്ത്രീകളെപ്പറ്റിയും ലൂക്കൊസ് രേഖപ്പെടുത്തുന്നു (24:10). ഭക്ഷണപരാമർശങ്ങൾ ധാരാളം ലൂക്കൊസിന്റെ സുവിശേഷത്തിലുണ്ട്. യേശുവിന്റെ പല ഉപമകളും വിരുന്നിനെപ്പറ്റിയുള്ളതാണ്. ലൂക്കൊസിന്റെ സുവിശേഷത്തിൽ 19 ഭക്ഷണസന്ദർഭങ്ങൾ ഉള്ളവയിൽ 13 എണ്ണം മറ്റു സുവിശേഷങ്ങളിൽ ഇല്ലാത്തതാണ്.

**3.3.9. ചരിത്രപുരുഷനായ യേശു**

യേശുവിനെ ചരിത്രപുരുഷനായി ലൂക്കൊസ് അവതരിപ്പിക്കുവാൻ ചരിത്രസന്ദർഭ ങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ലൂക്കൊസ് സുവിശേഷത്തിന്റെ ആരംഭത്തിൽത്തന്നെ അത്തരം മൂന്നു പരാമർശങ്ങൾ ഉൾപ്പെടുത്തുന്നു.

- ''യെഹൂദ്യരാജാവായ ഹെരോദാവിന്റെ കാലത്ത് അബിയാക്കൂറിൽ സെഖര്യാവ് എന്നു പേരുള്ളൊരു പുരോഹിതൻ ഉണ്ടായിരുന്നു'' (1:5).

- ''ആ കാലത്തു ലോകമൊക്കെയും പേർവഴി ചാർത്തേണം എന്ന് ഔഗസ്തൊസ് കൈസറുടെ ഒരു ആജ്ഞ പറപ്പെട്ടു. കുറേന്യാസ് സുറിയാനാടു വാഴുമ്പോൾ ഈ ഒന്നാമത്തെ ചാർത്തൽ ഉണ്ടായി'' (2:1-2 ).

- ''തിബെര്യാസ് കൈസരുടെ വാഴ്ചയുടെ പതിനഞ്ചാം ആണ്ടിൽ പൊന്തിയോസ് പീലാത്തോസ് യെഹൂദ്യനാടു വാഴുമ്പോൾ, ഹെരോദാവ് ഗലീലയിലും അവന്റെ സഹോദരനായ ഫീലിപ്പോസ് ഇതൂര്യ, ത്രഖോനിത്തിദേശങ്ങളിലും ലുസാന്യാസ് അബിലേനയിലും ഇടപ്രഭുക്കന്മാരായും ഹന്നാവും കയ്യഫാവും മഹാപുരോഹിത ന്മാരായും ഇരിക്കും കാലം സെഖര്യാവിന്റെ മകനായ യോഹന്നാന് മരുഭൂമിയിൽ വെച്ച് ദൈവത്തിന്റെ അരുളപ്പാടുണ്ടായി'' (3:1-2).

മൂന്നാമത്തെ ചരിത്രപരാമർശം അതിവിശദമായിത്തന്നെ ലൂക്കൊസ് രേഖപ്പെ ടുത്തി.

സെഖര്യാവിനെ പരിചയപ്പെടുത്തുന്ന മുകളിൽ ഉദ്ധരിച്ച സത്യവേദപുസ്തക ത്തിലെ പരിഭാഷ അർത്ഥശങ്കയുണ്ടാക്കുന്നുണ്ട്. 'അബിയാക്കൂറിൽ' എന്നതിലെ ആധാരി കാവിഭക്തിപ്രത്യയം അത് ഒരു സ്ഥലപ്പേരാണെന്ന തോന്നൽ ഉണ്ടാക്കിയിട്ടുണ്ട്. കെ.പി. കേശവമേനോൻ സ്ഥലപ്പേരായിട്ടായിരുന്നു അതിനെ കരുതിയത്. ''മറിയയും എലിശബ ത്തുമായി നാല്പതു വയസ്സിന്റെ വ്യത്യാസം കാണും. യരുശലേമിൽ നിന്ന് അധികം ദൂര മില്ലാത്ത ഉൾപ്രദേശത്തുള്ള ഒരു പുരോഹിതനാണ് എലിശബത്തിന്റെ ഭർത്താവായ സെഖര്യാവ്. അബിയാക്കൂറ് എന്നാണ് ആ സ്ഥലത്തിന്റെ പേര്. എലിശബത്തിനേക്കാൾ സെഖര്യാവിന് പ്രായം കുറെ കൂടിയിരുന്നു'' (1971:49).

ദാവീദിന്റെ കാലത്ത് പുരോഹിതന്മാരുടെ ഗോത്രത്തെ 24 കൂറുകളായി തിരിച്ച് അതിന് 24 പിതാക്കന്മാരുടെ പേരു നല്കിയ കാര്യം ദിനവൃത്താന്ത പുസ്തകം 24-ാം അധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അതിൽ 8-ാമത്തെ വ്യക്തിയാണ് അബിയാവ്. ആ അബിയായുടെ ഗണത്തിൽപ്പെട്ട പുരോഹിതനാണ് സെഖര്യാവ്. 'അബിയായുടെ ഗണ ത്തിൽ' എന്ന് ആശയവ്യക്തതയുള്ള വാക്കാണ് മറ്റു ബൈബിളുകളിൽ കൊടുത്തിരിക്കു

ന്നത്. 'ആബിയാ കുടുംബശുശ്രൂഷാഗണത്തിൽപ്പെട്ട' എന്ന കുറെക്കൂടി വ്യക്തതയുള്ള തർജ്ജമയാണ് കുര്യൻ കണിയാമ്പറമ്പിലിന്റേത്.

### 3.3.10. ദാരിദ്ര്യത്തിന്റെ അർത്ഥം

സമ്പത്തിന്റെ അപകടവും ദരിദ്രർക്കുള്ള ഭാഗ്യകരമായ അവസ്ഥയും ലൂക്കൊസ് ഇടയ്ക്കിടെ വിവരണങ്ങളിൽ ഉൾപ്പെടുത്താറുണ്ട്. ഇതരസുവിശേഷങ്ങളിലില്ലാത്ത സക്കായിയുടെ മാനസാന്തരകഥ പണത്തോടുള്ള മനോഭാവത്തിൽ അയാൾക്കുണ്ടായ മാറ്റത്തെ മുഖ്യഘടകമാക്കിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. സമ്പത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തെപ്പറ്റി മത്തായിയും ലൂക്കൊസും ഒരുപോലെ വ്യക്തമാക്കിയിട്ടുണ്ട് (മത്താ.25:14-30, ലൂക്കൊ.19:11-27). 'ദരിദ്രന്മാരായ നിങ്ങൾ ഭാഗ്യവാന്മാർ' (6:20) എന്ന സൂക്തവും ലൂക്കൊസിലേ ഉള്ളൂ. മത്തായി ആത്മാവിൽ ദരിദ്രരായവർ എന്നാണ് പ്രയോഗിച്ചിരിക്കുന്നത് (5:3). ധനവാന്റെ നരകജീവിതം, മൂഢനായ ധനവാൻ എന്നീ ഉപാഖ്യാനങ്ങൾ ഇതരസുവിശേഷകരാരും എഴുതിയിട്ടില്ല. ലൂക്കൊസ് മാത്രമേ അനീതിയുള്ള കാര്യവിചാരകന്റെ കഥ അവതരിപ്പിക്കുന്നത്. പണം ദൈവരാജ്യത്തിന്റെ പ്രചാരണത്തിന് ഉപയോഗിക്കണമെന്ന് ഇക്കഥയിലൂടെ ലൂക്കൊസ് ഉദ്ബോധിപ്പിക്കുന്നു. ധനം ക്രയവിക്രയം ചെയ്യാതെ സമാഹരിക്കുന്നതിനോടാണ് യേശു പ്രഭാഷണങ്ങളിലൂടെ പ്രതികരിച്ചത്. അവ പുതിയനിയമത്തിലെ ആഖ്യാനങ്ങളിൽ ഉൾപ്പെടുത്തുന്നതിൽ ലൂക്കൊസ് ശ്രദ്ധിച്ചു.

### 3.3.11. പ്രാർത്ഥന

പ്രാർത്ഥനയുടെ സുവിശേഷമാണ് ലൂക്കോസിന്റേത്. പ്രാർത്ഥിക്കുന്ന യേശുവിനെ കൂടുതലായി ഈ കൃതിയിൽക്കാണാം. പ്രാർത്ഥനയെപ്പറ്റിയുള്ള മൂന്നു ഉപമകളും ലൂക്കൊസ് മാത്രമാണ് അവതരിപ്പിക്കുന്നത്: അസഹ്യപ്പെടുത്തുന്ന വിധവ, പരീശനും ചുങ്കക്കാരനും, അർദ്ധരാത്രിയിലെ സ്നേഹിതൻ (18:1-14, 11:5-8).

## 3.4. യോഹന്നാൻ എഴുതിയ സുവിശേഷം

പുതിയനിയമത്തിലെ നാലാമത്തെ കൃതിയാണ് യോഹന്നാന്റേത്. സമവീക്ഷണസുവിശേഷങ്ങളിൽനിന്നു പ്രതിപാദ്യപ്രതിപാദനങ്ങളിൽ വിഭിന്നമാണ് ഈ സുവിശേഷം. 21 അധ്യായങ്ങൾ ഇതിനുണ്ട്; 876 വാക്യങ്ങളും. 'പുതിയനിയമത്തിലെ പ്രൗഢവും ഗഹനവുമായ ഗ്രന്ഥമാണിത്' (സുശീലൻ 2017:1324).

### 3.4.1. ഗ്രന്ഥകാരൻ

സുവിശേഷരചയിതാവിനെപ്പറ്റി വ്യക്തമായ വിവരങ്ങൾ ഒന്നുമില്ല. ആദിമസഭയും ആദിമചരിത്രകാരന്മാരും യോഹന്നാനാണു ഗ്രന്ഥകാരനെന്നു വിശ്വസിച്ചിരുന്നു. യോഹന്നാൻ എന്നു പേരുള്ള പലർ പുതിയനിയമത്തിലുണ്ട്. യോഹന്നാന്റെ സുവിശേഷത്തിന്റെ അന്ത്യത്തിൽ പേരു പറയാതെ ഗ്രന്ഥകാരൻ തന്നെപ്പറ്റി പറയുന്നുണ്ട്. 'ഈ ശിഷ്യൻ ഇതിനെക്കുറിച്ചു സാക്ഷ്യം പറയുന്നവനും ഇത് എഴുതിയവനും ആകുന്നു' (21:24). യേശു

വിന്റെ 12 ശിഷ്യരിൽ ഒരാളാണ് ഗ്രന്ഥകാരൻ എന്നു തെളിയിക്കുന്ന ഭാഗമാണിത്. സെബദിമക്കൾ എന്നും ഇടിമക്കൾ എന്നും യോഹന്നാനും യാക്കോബും അറിയപ്പെടുന്നു. ഈ യോഹന്നാനാണ് സുവിശേഷകാരൻ എന്നു വിശ്വസിക്കപ്പെടുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ യേശു സ്നേഹിച്ച ശിഷ്യൻ എന്നു പരാമർശമുണ്ട് (21:20). അതു യോഹന്നാനെക്കുറിച്ചാണ് എന്നു കരുതിവരുന്നു. പുതിയനിയമത്തിൽ യോഹന്നാൻ എഴുതിയ ലേഖനങ്ങളുണ്ട്. അതിലെയും സുവിശേഷത്തിലെയും രചനാശൈലി താരതമ്യപ്പെടുത്തി രണ്ടിന്റെയും കർത്തൃത്വം യോഹന്നാനിൽ ആരോപിക്കുന്നുണ്ട്. യോഹന്നാന്റെ ഒന്നാം ലേഖനത്തിലെയും യോഹന്നാന്റെ സുവിശേഷത്തിലെയും ആദ്യവാക്യം ശൈലികൊണ്ടു പൊരുത്തമുള്ളതാണെന്നതും ഏകകർത്തൃത്വത്തിനു തെളിവായി പറയുന്നു. ''ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്തകണ്ണുകൊണ്ടു കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതും ആയ ജീവന്റെ വചനം സംബന്ധിച്ചു'' എന്ന ലേഖനാരംഭം ഈ വാദത്തെ ബലപ്പെടുത്തുന്നു (1 യോഹ.1:1). ലേഖനത്തിൽ തുടർന്നു വരുന്ന ഭാഗത്തും യോഹന്നാന്റെ സുവിശേഷത്തിലെ കാതലായ പല പദാവലികളും ആവർത്തിക്കപ്പെടുന്നുണ്ട്. അതിനാൽ രചനാശൈലി മാത്രം നോക്കിയാൽ യോഹന്നാന്റെ സുവിശേഷത്തോട് ഇത്രയധികം സാമ്യമുള്ള മറ്റൊരു പുതിയനിയമകൃതിയും ഉണ്ടാകില്ല. സമവീക്ഷണസുവിശേഷങ്ങളിൽ യോഹന്നാന്റെ പേര് അങ്ങനെതന്നെ രേഖപ്പെടുത്തുന്നു. എന്നാൽ യോഹന്നാന്റെ സുവിശേഷത്തിൽ ഒരിടത്തും യോഹന്നാന്റെ പേരു പറയുന്നില്ല. യോഹന്നാന്റെ പേരു പറയേണ്ടിടത്തെല്ലാം താൻ സ്നേഹിച്ച ശിഷ്യൻ, ശിഷ്യന്മാരിൽ വച്ചു യേശു സ്നേഹിച്ച ഒരുത്തൻ, ശിഷ്യൻ എന്നിങ്ങനെയാണ് വിവരണം (13:23).

**3.4.2. രചനാകാലം.**

സമവീക്ഷണസുവിശേഷങ്ങൾക്കുശേഷമാണ് യോഹന്നാന്റെ സുവിശേഷത്തിന്റെ രചന. ക്രിസ്തുവർഷം 90നും 95നും മധ്യേ എഫസോസിൽവച്ച് എഴുതപ്പെട്ടു എന്നു കരുതപ്പെടുന്നു.

**3.4.3. രക്ഷകനും ദൈവവുമായ യേശു**

നാലു സുവിശേഷങ്ങളിൽ യോഹന്നാൻ മാത്രമാണ് യേശുവിന്റെ പൂർവ്വാസ്തിത്വത്തെപ്പറ്റി പ്രതിപാദിക്കുന്നത്. സമാന്തരസുവിശേഷങ്ങളിൽ അതിന്റെ സൂചനകളുണ്ടെങ്കിലും അതു വ്യക്തമായോ ഊന്നൽ നല്കിയോ അവതരിപ്പിക്കുന്നില്ല. എന്നാൽ യോഹന്നാന്റെ സുവിശേഷത്തിന്റെ തുടക്കംതന്നെ ആ വിഷയത്തിലേക്കു നേരേ കടന്നുകൊണ്ടാണ്. പൂർവ്വാസ്തിത്വമുണ്ടായിരുന്ന വചനത്തിന്റെ ജഡാവതാരത്തെപ്പറ്റിയാണ് സുവിശേഷത്തിലെ പ്രഥമവാക്യത്തിൽത്തന്നെ യോഹന്നാൻ പ്രതിപാദിക്കുന്നത്. തുടർന്ന് യോഹന്നാൻ അവതരിപ്പിക്കുന്ന സംഭവങ്ങളും സംവാദങ്ങളും വ്യവഹാരങ്ങളും പ്രസ്തുത ആശയത്തിന്റെ പൂരണത്തിനും വിശദീകരണത്തിനുമായാണ് നിബന്ധിച്ചിരിക്കുന്നത്. സുവിശേഷത്തിന്റെ ആദ്യവാക്യം മുതൽ അന്ത്യം വരെ യേശു, ക്രിസ്തുവും ദൈവവും ആണെന്നു വെളിവാക്കുന്ന രചനാസങ്കേതമാണ് യോഹന്നാന്റേത്. ''എന്നാൽ

യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇത് എഴുതിയിരിക്കുന്നു'' (20:31). സുവിശേഷത്തിന്റെ രചനാലക്ഷ്യം ഈ വാക്യത്തിൽ തെളിച്ചെഴുതുന്നു യോഹന്നാൻ. യേശുവിന്റെ ദൈവത്വത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ളതാണ് യോഹന്നാന്റെ അവതരണം. അതിനായി വായനക്കാർക്കു പരിചിതമായ ബൈബിളിലെ ആരംഭവാക്യം സുവിശേഷത്തിന്റെയും ആരംഭമാക്കുന്ന ആഖ്യാനകൗശലം യോഹന്നാൻ സ്വീകരിക്കുന്നു. ഏതു വീക്ഷണത്തിലാണ് യേശുവിനെ അവതരിപ്പിക്കുന്നതെന്നു വായനക്കാർ സുവിശേഷത്തിന്റെ ആരംഭത്തിൽത്തന്നെ മനസ്സിലാക്കണമെന്നു യോഹന്നാൻ ഉദ്ദേശിച്ചിരുന്നു. യേശുവും പിതാവായ ദൈവവും തമ്മിലുള്ള ഏകത്വത്തെപ്പറ്റിയും യോഹന്നാൻ വിശദമാക്കുന്നുണ്ട്.

### 3.4.4. ക്രിസ്തുവിജ്ഞാനീയം

മറ്റു സുവിശേഷങ്ങളിലെക്കാൾ അതുല്യമായ നിലയിൽ ക്രിസ്തുവിജ്ഞാനീയം യോഹന്നാൻ അവതരിപ്പിക്കുന്നു. പുതിയനിയമത്തിലെ ശക്തമായ പ്രമേയം യേശു മശിഹായാകുന്നു എന്നതാണ്. എന്നാൽ യോഹന്നാൻ അതു സംബന്ധിച്ചു കുറെക്കൂടി വ്യക്തതയുള്ള ചിത്രം അവതരിപ്പിക്കുന്നു. യേശു ദൈവമാണെന്നു സംശയമെന്യേ പ്രതിപാദിക്കുന്നു യോഹന്നാൻ. പ്രഥമവാക്യത്തിൽത്തന്നെ യേശു ദൈവമാണെന്ന് യോഹന്നാൻ പ്രസ്താവിക്കുന്നു. ''ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു'' (1:1). ഇതിനെത്തുടർന്നും ആദ്യവായനയിൽ അസംബന്ധമെന്നു തോന്നിക്കുന്നതും എന്നാൽ യേശുവിന്റെ ദൈവത്വവും പൂർവ്വാസ്തിത്വവും സൂചിപ്പിക്കുന്നതുമായ പ്രസ്താവനകൾ യോഹന്നാൻ സുവിശേഷത്തിന്റെ ആഖ്യാനഘടനയിൽ ഇടയ്ക്കിടെ ബോധപൂർവ്വം പ്രയോഗിച്ചിട്ടുണ്ട്. ആദ്യവാക്യത്തിന്റെ സ്പഷ്ടീകരണങ്ങളും പൂരണങ്ങളും എന്ന ധർമ്മമാണ് ഈ വാക്യശകലങ്ങൾ ആവിഷ്കാരത്തിൽ നിർവഹിക്കുന്നത്.

''യെഹൂദന്മാർ അവനോട്: നിനക്ക് അമ്പതു വയസ്സ് ആയിട്ടില്ല; നീ അബ്രാഹാമിനെ കണ്ടിട്ടുണ്ടോ എന്നു ചോദിച്ചു. യേശു അവരോട്: ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: അബ്രാഹാം ജനിച്ചതിനുമുമ്പേ ഞാൻ ഉണ്ട് എന്നു പറഞ്ഞു'' (8:57-58).

''ഞാനും പിതാവും ഒന്നാകുന്നു. യെഹൂദന്മാർ അവനെ എറിവാൻ പിന്നെയും കല്ല് എടുത്തു. യേശു അവരോട്: പിതാവിന്റെ കല്പനയാൽ ഞാൻ പല നല്ല പ്രവൃത്തികൾ നിങ്ങളെ കാണിച്ചിരിക്കുന്നു; അവയിൽ ഏതു പ്രവൃത്തി നിമിത്തം നിങ്ങൾ എന്നെ കല്ലെറിയുന്നു എന്നു ചോദിച്ചു. യെഹൂദന്മാർ അവനോട്: നല്ല പ്രവൃത്തി നിമിത്തമല്ല; ദൈവദൂഷണം നിമിത്തവും നീ മനുഷ്യനായിരിക്കെ നിന്നെത്തന്നെ ദൈവം ആക്കുന്നതുകൊണ്ടുമത്രേ ഞങ്ങൾ നിന്നെ കല്ലെറിയുന്നത് എന്ന് ഉത്തരം പറഞ്ഞു''(10:30-33).

ഈ വാക്യങ്ങളിൽ യേശുവിന്റെ ദൈവത്വം യോഹന്നാൻ തെളിച്ചെഴുതിയിരിക്കുന്നു. സുവിശേഷത്തിന്റെ ആരംഭം മുതലുള്ള യേശുവിന്റെ ദൈവികത്വത്തെപ്പറ്റിയുള്ള ആഖ്യാനം അവസാനം തോമാസിന്റെ 'എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ' എന്ന സംബോധനയിൽ വരെ യോഹന്നാൻ നിലനിർത്തിയിരിക്കുന്നു (20:28).

യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമേ സ്നാപകയോഹന്നാൻ യേശുവിനെ ദൈവത്തിന്റെ കുഞ്ഞാടായി കല്പിച്ചിരിക്കുന്നത് രേഖപ്പെടുത്തിയിട്ടുള്ളൂ. യോഹന്നാൻ രണ്ടു പ്രാവശ്യം യേശുവിനെപ്പറ്റി ഈ പ്രയോഗം നടത്തിയിട്ടുണ്ട് (1:29, 36).

### 3.4.5. അടയാളങ്ങളുടെ പുസ്തകം

യോഹന്നാന്റെ സുവിശേഷം 1-ാം അധ്യായം മുതൽ 12-ാം അധ്യായം വരെ അടയാളങ്ങളുടെ പുസ്തകം എന്നറിയപ്പെടുന്നു. യേശുവിന്റെ ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും സമ്മേളനം ഈ ഭാഗത്തുണ്ട്. എന്നാൽ തുടർന്നുള്ള വിവരണങ്ങൾ യേശുവും പിതാവായ ദൈവവും തമ്മിലുള്ള പൂർണ്ണമായ ബന്ധം വരച്ചുകാട്ടുന്നു. അവിടെ യേശുവിന്റെ അവതാരപൂർവ്വാസ്തിത്വത്തെപ്പറ്റി വിശദമാക്കാനും ഇടം കണ്ടെത്തുന്നുണ്ട് യോഹന്നാൻ. യേശു ആരാണെന്നു ബോദ്ധ്യം വരുത്തുന്നതിനായാണ് യോഹന്നാൻ അത്ഭുതങ്ങൾ - അടയാളങ്ങൾ - രേഖപ്പെടുത്തിയത്. അതും പരിമിതമായ തോതിൽ മാത്രം. എട്ട് അടയാളങ്ങളുടെ ആഖ്യാനത്തിലൂടെ യേശു എങ്ങനെ ദൈവമാകുന്നു എന്നു യോഹന്നാൻ തെളിയിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിലെ എട്ട് അടയാളങ്ങളിൽ രണ്ടെണ്ണമേ സമവീക്ഷണസുവിശേഷങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളൂ. യേശുവിന്റെ വ്യക്തിത്വം രഹസ്യമായി വെക്കണമെന്നുള്ള സമവീക്ഷണസുവിശേഷങ്ങളിലെ പരാമർശങ്ങൾ യോഹന്നാനിലില്ല. സമവീക്ഷണസുവിശേഷകർ നല്കുന്നതുപോലെ യേശുവിന്റെ ജീവചരിത്രവിവരങ്ങൾ യോഹന്നാൻ നല്കുന്നില്ല. യേശുവിനെപ്പറ്റി ദൈവശാസ്ത്രപരവും തത്ത്വശാസ്ത്രപരവുമായ വസ്തുതകളാണ് യോഹന്നാൻ അവതരിപ്പിക്കുന്നത്. ചുരുക്കത്തിൽ യോഹന്നാൻ ആവിഷ്കരിക്കുന്ന ഓരോ രചനാഖണ്ഡവും യേശുവിന്റെ ദൈവത്വത്തെ വ്യക്തമാക്കുക എന്ന ലക്ഷ്യത്തോടെയുള്ളതാണ്.

### 3.4.6. സംഭാഷണങ്ങൾ

ശിഷ്യന്മാർ യേശുവിനെ മറ്റൊരാൾക്കു പരിചയപ്പെടുത്തിക്കൊടുക്കുന്നതിനെപ്പറ്റി യോഹന്നാന്റെ സുവിശേഷത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അന്ത്രെയാസ് അദ്ദേഹത്തിന്റെ സഹോദരൻ ശീമോൻ പത്രൊസിനും ഫിലിപ്പൊസ് നഥനയേലിനും യേശുവിനെ പരിചയപ്പെടുത്തിക്കൊടുക്കുന്നത് യോഹന്നാനിൽക്കാണാം (1:41, 45,46). പ്രഭാഷണങ്ങളിലൂടെയും ഉപമകളിലൂടെയും ശിഷ്യരെ പഠിപ്പിക്കുന്ന യേശുവിനെ മറ്റു സുവിശേഷകർ ചിത്രീകരിക്കുമ്പോൾ സംഭാഷണങ്ങൾ ആത്മീയാധ്യാപനത്തിന് ഉപാധിയാക്കുന്ന യേശുവിന്റെ മുഖം യോഹന്നാൻ അവതരിപ്പിക്കുന്നു. യേശു നിക്കോദേമൊസിനോടും ശമര്യാസ്ത്രീയോടും നടത്തുന്ന സംഭാഷണങ്ങൾ യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമു

ള്ളതും ഒട്ടേറെ ആത്മീയപാഠങ്ങൾ നിറഞ്ഞതുമാണ് (3:1-5, 4:1-42). ദൈർഘ്യമേറിയ സംഭാഷണങ്ങളിലൂടെ യേശു ആരാണെന്ന് പഠിപ്പിക്കുന്നതാണ് യോഹന്നാന്റെ രീതി. ക്രിസ്തുശിഷ്യനായ തോമാസിന് നാമമാത്രസ്ഥാനമേ മറ്റു സുവിശേഷങ്ങളിലുള്ളൂ. എന്നാൽ അദ്ദേഹം പങ്കാളിയാകുന്ന ഒരു രചനാഖണ്ഡം തന്നെ യോഹന്നാൻ അവതരിപ്പിക്കുന്നുണ്ട്.

### 3.4.7. സമവീക്ഷണ സുവിശേഷങ്ങളിൽ നിന്നുള്ള വ്യത്യാസങ്ങൾ

യോഹന്നാന്റെ സുവിശേഷത്തിന്റെ ഉള്ളടക്കവും ശൈലിയും മറ്റു സുവിശേഷകരുടേതിൽനിന്നു തികച്ചും ഭിന്നമാകുന്നു. മോശെയുടെ ന്യായപ്രമാണത്തെപ്പറ്റിയോ ദൈവരാജ്യത്തെപ്പറ്റിയോ അല്ല യേശുവിനെകുറിച്ച് യേശു പറയുന്നതാണ് യോഹന്നാന്റെ സുവിശേഷത്തിൽ കൂടുതലായി ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഉപമകളോ പഴയനിയമസൂക്തങ്ങളോ ഉപയോഗിക്കാതെ യേശു തത്ത്വചിന്താപരവും ദൈർഘ്യമേറിയതുമായ വ്യവഹാരങ്ങളിലൂടെയാണ് കാര്യങ്ങൾ വ്യക്തമാക്കുന്നത് (5:19-47, 6:25-70, 7:14-52, 8:12-59, 10:1-18, 22-39, 12:23-36, 14:1-16:33).

### 3.4.8. വിവാദവാക്യങ്ങൾ

യേശുവിന്റെ പല പ്രസ്താവനകളും തെറ്റിദ്ധരിപ്പിക്കപ്പെടുന്നതായി യോഹന്നാന്റെ സുവിശേഷം അവതരിപ്പിക്കുന്നു.

- ''ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും'' (2:19).
- ''പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴികയില്ല'' (3:3-6).
- ''.....നീ അവനോടു ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു'' (4:10).
- ''നമ്മുടെ സ്നേഹിതനായ ലാസർ നിദ്രകൊള്ളുന്നു; എങ്കിലും ഞാൻ അവനെ ഉണർത്തുവാൻ പോകുന്നു'' (11:11).
- ''നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ എനിക്കുണ്ട്'' (4:32).
- ''സ്വർഗത്തിൽനിന്നുള്ള അപ്പം മോശയല്ല നിങ്ങൾക്കു തന്നത് എന്റെ പിതാവത്രേ സ്വർഗത്തിൽനിന്നുള്ള സാക്ഷാൽ അപ്പം നിങ്ങൾക്കു തരുന്നത്'' (6:32).

കൂടുതൽ ഉദാഹരണങ്ങൾ (6:51-52, 7:33-36, 8:21-22,31-33,51-53).

### 3.4.9. കാലുകഴുകൽ, തിരുവത്താഴം

യേശു ശിഷ്യന്മാരുടെ കാലുകഴുകിയ സംഭവം യോഹന്നാന്റെ സുവിശേഷത്തിലേ ഉള്ളൂ (13:3-16). സാത്താനെ സംബന്ധിച്ച് പ്രത്യക്ഷമായി ഒരു സംഭവവും യോഹന്നാൻ എഴുതിയിട്ടില്ല. ലോകത്തിന്റെ പ്രഭു, കള്ളൻ എന്നീ സംജ്ഞകളാണ് യോഹന്നാൻ പരോക്ഷമായി ഉപയോഗിച്ചിരിക്കുന്നത്. അന്ത്യകാലത്തെപ്പറ്റി പരാമർശങ്ങളുണ്ടെങ്കിലും മറ്റു സുവിശേഷങ്ങളിലെപ്പോലെ അതുസംബന്ധിച്ച പ്രവചനങ്ങൾ യോഹന്നാന്റെ സുവിശേഷത്തിലില്ല. യേശുവിന്റെ അന്ത്യഅത്താഴത്തെപ്പറ്റി യോഹന്നാൻ സൂചിപ്പിക്കുന്നുണ്ടെങ്കിലും സമവീക്ഷണസുവിശേഷങ്ങളിലുള്ളതുപോലെ തിരുവത്താഴത്തിന്റെ സ്ഥാപനമായി അതു മാറുന്നില്ല. എന്നാൽ യേശുവിന്റെ ശരീരരക്തങ്ങൾ ഭക്ഷിച്ചുപാനം ചെയ്യേണ്ടതിന്റെ ആവശ്യകത മറ്റു സുവിശേഷകരെക്കാൾ പ്രാധാന്യത്തോടെ യോഹന്നാൻ ആവിഷ്കരിക്കുന്നുണ്ട് (6:48-71). യൂദാസ് യേശുവിനെ ഒറ്റിക്കൊടുക്കുന്നതിന്റെ വിവരണം മറ്റു സുവിശേഷങ്ങളിലുള്ളതുപോലെ തന്നെ യോഹന്നാനും രേഖപ്പെടുത്തുന്നു.

### 3.4.10. ക്രൂശീകരണവിവരണത്തിലെ അനന്യത

യേശുവിന്റെ ക്രൂശീകരണവിവരണം യോഹന്നാന്റെ സുവിശേഷത്തിൽ അനന്യമാകുന്നു. യേശുവിന്റെ കഷ്ടാനുഭവങ്ങൾ വേറിട്ട രീതിയിലാണ് യോഹന്നാൻ ആവിഷ്കരിക്കുന്നത്. 'എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്' എന്നതുൾപ്പെടെയുള്ള യേശുവിന്റെ വിലാപവിവരങ്ങളും 'കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീക്കണമേ' എന്ന യേശുവിന്റെ അപേക്ഷയും രക്തം വിയർപ്പുതുള്ളികളായി വീഴുന്നതും ദൈവദൂതൻ യേശുവിനെ ശക്തിപ്പെടുത്താൻ വരുന്നതും യോഹന്നാന്റെ സുവിശേഷത്തിൽ ഇല്ല (ലൂക്കൊ.22:39-46). സമവീക്ഷണസുവിശേഷങ്ങളിൽ കുറേനാക്കാരനായ ശീമോൻ നിർബന്ധത്താൽ യേശുവിന്റെ കുരിശു ചുമന്നതായിപ്പറയുന്നു (മത്താ.27:32, മർക്കൊ.15:21, ലൂക്കൊ.23:26). യേശു സ്വയം കുരിശുചുമന്നതായാണു യോഹന്നാന്റെ പക്ഷം (19:17). മൂന്നു മണിക്കൂർ ദേശത്തെല്ലായിടവും ഇരുട്ടുണ്ടായതും യേശുവിന്റെ മരണം കണ്ട ദൃക്സാക്ഷികളുടെ അഭിപ്രായങ്ങളും യേശു ദൈവപുത്രനെങ്കിൽ 'ഇപ്പോൾ ക്രൂശിൽനിന്ന് ഇറങ്ങി വാ ഞങ്ങൾ വിശ്വസിക്കാം' എന്ന വെല്ലുവിളിയും ദൈവാലയത്തിലെ തിരശ്ശീല മേൽതൊട്ടു താഴെവരെ കീറിപ്പോയതിന്റെ സൂചനകളും മറ്റു സുവിശേഷങ്ങളിലേ ഉള്ളൂ.

ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ മഗ്ദലനമറിയം ഒഴിഞ്ഞ ശവക്കല്ലറ കണ്ടത് യോഹന്നാൻ മാത്രമേ സൂചിപ്പിച്ചിട്ടുള്ളൂ. മഗ്ദലനയാണ് യേശു ഉയിർത്ത കാര്യം മറ്റു ശിഷ്യന്മാരെയെല്ലാം അറിയിക്കുന്നത്. യേശു പിന്നീട് തോട്ടത്തിൽവച്ച് മഗ്ദലനയ്ക്കു പ്രത്യക്ഷനായതും യോഹന്നാൻ എഴുതിയിട്ടുണ്ട്. വൈകുന്നേരം തോമാസ് ഒഴികെയുള്ളവർക്കും പ്രത്യക്ഷപ്പെടുന്നു. ഇക്കാര്യം തോമാസ് വിശ്വസിച്ചില്ല. ഒരാഴ്ച കഴിഞ്ഞ് യേശു തോമാസിനു പ്രത്യക്ഷപ്പെടുന്നു. ഈ വിവരങ്ങൾ സമവീക്ഷണസുവിശേഷങ്ങളിലില്ല. സമാന്തരസുവിശേഷങ്ങളിൽ കാണാത്ത ഒട്ടേറെ സംഗതികൾ ഈ കൃതിയിൽ കാണുന്ന

തിനാലും ഇതിലുള്ള പലതും മറ്റുള്ളവയിൽ കാണാത്തതിനാലും നേരത്തേ എഴുതിയവർ വിട്ടുപോയത് കൂട്ടിച്ചേർക്കുകയും അവർ വിശദീകരിക്കാതിരുന്നത് സ്പഷ്ടീകരിക്കുകയുമായിരുന്നു യോഹന്നാന്റെ രചനാലക്ഷ്യം എന്നു പറയാം.

### 3.4.11. വൈജാത്യങ്ങൾ വേറെയും

യോഹന്നാന്റെ സുവിശേഷത്തിലെ 93 ശതമാനം വിവരങ്ങളും സമവീക്ഷണസുവിശേഷങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടില്ല (John Edwin 1983:269). ഇത് യോഹന്നാന്റെ സുവിശേഷം എന്തുകൊണ്ട് അനന്വയമായെന്നും സമവീക്ഷണസുവിശേഷത്തിൽ ഉൾപ്പെടുന്നില്ല എന്നും വെളിപ്പെടുത്തുന്നു. അതോടൊപ്പം അവ എന്തുകൊണ്ട് സമവീക്ഷണം എന്ന് അറിയപ്പെടുന്നു എന്നും വ്യക്തമാകുന്നു. സമവീക്ഷണസുവിശേഷകർ ഒഴിവാക്കിയ പല വ്യവഹാരങ്ങളും വ്യക്തിപരസംഭാഷണങ്ങളും രേഖപ്പെടുത്തുമ്പോഴും അവർ ആലേഖനംചെയ്ത ഉപമകൾ ഒന്നും തന്നെ യോഹന്നാൻ ഉൾപ്പെടുത്തുന്നില്ല. ഈ സുവിശേഷത്തിലെ മുഖ്യസന്ദേശം സുവിശേഷകന്റെതന്നെ വാക്കിൽ പറഞ്ഞാൽ ഇതാണ്. ''ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു'' (1:18).

സമവീക്ഷണസുവിശേഷങ്ങളിൽ യേശുവിന്റെ ഗലീലയിലെ പ്രവർത്തനങ്ങളാണു മുഖ്യം. യോഹന്നാൻ യഹൂദ്യയിലെ പ്രവർത്തനങ്ങൾ പ്രധാനമായി ചിത്രീകരിക്കുന്നു. സമവീക്ഷണസുവിശേഷങ്ങളിൽ യേശു വളരെക്കുറച്ചു മാത്രമേ തന്നെക്കുറിച്ചു സംസാരിക്കുന്നുള്ളൂ. പലപ്പോഴും തന്നെക്കുറിച്ചു മറ്റുള്ളവർ സംസാരിക്കുന്നതിനു വിലക്കേർപ്പെടുത്തുന്നുമുണ്ട്. എന്നാൽ യോഹന്നാന്റെ സുവിശേഷത്തിൽ യേശു എപ്പോഴും തന്നെക്കുറിച്ചു സംസാരിക്കുകയും താൻ ആരാണെന്ന് ശക്തമായി വെളിപ്പെടുത്തുകയും ചെയ്യുന്നു. ശിഷ്യന്മാർക്ക്, ശമര്യാസ്ത്രീക്ക്, പിറവിക്കുരുടന് എല്ലാം യേശു സ്വയം വെളിപ്പെടുത്തിക്കൊടുക്കുന്നു.

ദൈവരാജ്യം - സ്വർഗരാജ്യം - ആണ് സമവീക്ഷണസുവിശേഷകർ ഊന്നൽ കൊടുക്കുന്ന വിഷയം. യോഹന്നാന്റെ കൃതിയിൽ രണ്ടിടത്തു മാത്രമേ ഈ പ്രയോഗമുള്ളൂ. അത്ഭുതകഥകൾ, ഉപമകൾ മറ്റു പ്രഭാഷണങ്ങൾ എന്നിവയിലൂടെയാണ് സമവീക്ഷണസുവിശേഷകർ ആശയവിനിമയം ചെയ്യുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ എട്ട് അടയാളങ്ങളേ വിവരിക്കുന്നുള്ളൂ. ഭൂതോച്ചാടനത്തിന്റെ പല കഥകൾ സമവീക്ഷണസുവിശേഷങ്ങളിലുണ്ട്. എന്നാൽ യോഹന്നാന്റെ ആഖ്യാനത്തിൽ ഭൂതശാന്തി വിവരണമില്ല. ഉപമകളിൽനിന്നു വ്യത്യസ്തമായി രൂപകങ്ങളോടാണ് യോഹന്നാന് പ്രതിപത്തി. 'ഞാൻ നല്ല ഇടയൻ ആകുന്നു' (10:11) തുടങ്ങിയ ഏഴു 'ഞാൻ' പ്രസ്താവനകൾ യോഹന്നാന്റെ രചനാമുദ്രയാണ്. സമവീക്ഷണസുവിശേഷങ്ങളിലെ ആവർത്തനപ്രയോഗങ്ങളിൽ ഒന്നാണ് 'കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ'. ഈ വാക്യം ഒരിക്കൽപോലും യോഹന്നാൻ ഉപയോഗിക്കുന്നില്ല. 'ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു' എന്നതാണ് യോഹന്നന്റെ സുവിശേഷത്തിലെ ആവർത്തിക്കപ്പെടുന്ന പ്രയോഗം. ഗിരിപ്രഭാഷണം തുട

ങ്ങിയ സമവീക്ഷണസുവിശേഷങ്ങളിലെ ദീർഘപ്രഭാഷണങ്ങൾ ഒന്നും തന്നെ യോഹന്നാന്റെ സുവിശേഷത്തിലില്ല.

ആഖ്യാനക്രമത്തിന്റെ കാര്യത്തിലും സമവീക്ഷണസുവിശേഷങ്ങളും യോഹന്നാന്റെ രചനയും തമ്മിൽ വ്യത്യാസമുണ്ട്. ദൈവാലയശുദ്ധീകരണം യോഹന്നാന്റെ സുവിശേഷത്തിൽ ആദ്യഭാഗത്തുതന്നെ ചിത്രീകരിക്കുമ്പോൾ സമവീക്ഷണസുവിശേഷങ്ങളിൽ അവസാനമാണ് അവ വരുന്നത് (2:14-22, മത്താ.21:12-13, മർക്കൊ.11:15-19, ലൂക്കൊ.19:45-46). വലിയ മീൻപിടിത്തത്തിന്റെ കഥ ലൂക്കൊസിന്റെ സുവിശേഷത്തിൽ ആദ്യംതന്നെ കാണാം. യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിന്റെ ഉയിർപ്പിനുശേഷമാണ് ഇതുവരുന്നത് (ലൂക്കൊ.5:4-11, യോഹ.21:1-11). യേശുവിന്റെ മരണം പെസഹായ്ക്കു ഒരു ദിവസംമുമ്പു സംഭവിക്കുന്നതായി യോഹന്നാൻ പറയുമ്പോൾ പെസഹായ്ക്കു ഒരു ദിവസത്തിനുശേഷമെന്ന് സമവീക്ഷണസുവിശേഷകർ വ്യക്തമാക്കുന്നു (യോഹ.18:28, 19:13-14,31, മത്താ.26:17, മർക്കൊ.14:12, ലൂക്കൊ.22:7).

സംഭവപ്രധാനമല്ല യോഹന്നാന്റെ സുവിശേഷം. യേശുവിന്റെ വംശാവലി, ജനനം, സ്നാനം, പരീക്ഷ, മലയിലെ രൂപാന്തരം, തിരുവത്താഴത്തിന്റെ സ്ഥാപനം, പീഡാനുഭവങ്ങൾ, ഉയിർപ്പ് എന്നീ സമവീക്ഷണസുവിശേഷങ്ങളിലുള്ള കാര്യങ്ങൾ യോഹന്നാൻ ഉപേക്ഷിച്ചിരിക്കുന്നു. യേശുവിന്റെ യെരൂശലേമിലെ ശുശ്രൂഷ, യഹൂദാ ഉത്സവങ്ങൾ, പല വ്യക്തികളുമായുള്ള യേശുവിന്റെ സ്വകാര്യസംഭാഷണങ്ങൾ, ശിഷ്യന്മാരെ സജ്ജരാക്കൽ എന്നിവയ്ക്കാണ് യോഹന്നാൻ ശ്രദ്ധകൊടുക്കുന്നത്. ''വചനം ജഡമായിത്തീർന്നു കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു'' (1:14). ഇത്രയുമാണ് യോഹന്നാൻ നല്കുന്ന യേശുവിന്റെ ജനനവിവരണം. അതു പരത്തിപ്പറയുന്നതിലല്ല, യേശുവിന്റെ ജനനപൂർവ്വാവസ്ഥയും അവതാരലക്ഷ്യവും വിശദമാക്കുന്നതിലാണ് യോഹന്നാന്റെ താത്പര്യം.

സമവീക്ഷണസുവിശേഷകർ വ്യക്തമാക്കാതെവിട്ട ചില കാര്യങ്ങൾക്ക് യോഹന്നാന്റെ സുവിശേഷത്തിൽ മറുപടി നല്കുന്നു. യേശുവിനെതിരെ ജനങ്ങൾ ആരോപിച്ച കുറ്റങ്ങളിലൊന്ന് ദൈവമന്ദിരം പൊളിച്ചു മൂന്നു ദിവസംകൊണ്ടു വീണ്ടും പണിയാൻ കഴിയും എന്നതായിരുന്നു (മത്താ.26:61, മർക്കൊ.14:58). ഈ ആരോപണം എങ്ങനെ വന്നു എന്ന് ആരും പറയുന്നില്ല. ഇക്കാര്യം യോഹന്നാൻ രേഖപ്പെടുത്തുമ്പോൾ അതിനു വിശദീകരണംകൂടി ചേർക്കുന്നുണ്ട്. ''അവനോ തന്റെ ശരീരമെന്ന മന്ദിരത്തെക്കുറിച്ചത്രേ പറഞ്ഞത്'' (2:19-21). പത്രൊസ് മഹാപുരോഹിതന്റെ നടുമുറ്റത്തെത്തി യേശുവിനെ തള്ളിപ്പറയുന്നത് സമാന്തരസുവിശേഷങ്ങളിലുണ്ട്. എന്നാൽ പത്രൊസ് എങ്ങനെ മഹാപുരോഹിതന്റെ നടുമുറ്റത്തെത്തി എന്നു സമവീക്ഷണസുവിശേഷകർ വെളിവാക്കിയിട്ടില്ല. അതു യോഹന്നാൻ വ്യക്തമാക്കുന്നു. പത്രൊസിന്റെയൊപ്പം മറ്റൊരു ശിഷ്യൻകൂടി ഉണ്ടായിരുന്നുവെന്നും അവൻ മഹാപുരോഹിതനു പരിചയമുള്ളവനായിരുന്നുവെന്നും യോഹന്നാൻ രേഖപ്പെടുത്തുന്നു (18:15-16). യേശു ക്രൂശീകരണത്തിനുമുമ്പ് എന്തിന് യെരൂശലേ

മിലേക്കുപോയി എന്നു സമവീക്ഷണസുവിശേഷകർ പറയുന്നില്ല. യോഹന്നാൻ അക്കാര്യം സകാരണം പറയുന്നു. ലാസർ മരിച്ചതറിഞ്ഞാണ് യേശു ബേഥാന്യയിലേക്ക്/യെരൂശലേമിലേക്കു പോയത് എന്ന് 11-ാം അധ്യായത്തിൽ പറയുന്നു. യേശുവിനെ വിസ്തരിക്കാൻ എന്തുകൊണ്ടു പീലാത്തോസിന്റെ അടുക്കൽ കൊണ്ടുചെന്നു എന്നതിനു മറ്റു സുവിശേഷകർ കാരണം രേഖപ്പെടുത്തുന്നില്ല. 'മരണശിക്ഷയ്ക്കുള്ള അധികാരം പീലാത്തോസിനേ ഉണ്ടായിരുന്നുള്ളൂ' (18:31). അതും യോഹന്നാനാണ് വ്യക്തമാക്കുന്നത്.

**3.4.12. പേരെടുത്തുപറഞ്ഞുള്ള ആവിഷ്കാരരീതി**

സമവീക്ഷണസുവിശേഷങ്ങളിൽ സംഘമായോ അജ്ഞാതരായോ അവതരിപ്പിക്കപ്പെടുന്നവരെ യോഹന്നാൻ പേരെടുത്തുപറഞ്ഞ് പരിചയപ്പെടുത്തുന്നു.

- സമവീക്ഷണസുവിശേഷത്തിൽ യേശു പരീശന്മാരെ സംഘമായി അഭിമുഖീകരിക്കുന്നു. എന്നാൽ യേശു പരീശന്മരിൽ ഒരാളായ നിക്കോദേമൊസിനോട് മാത്രമായി ഇടപെടുന്നതായി യോഹന്നാൻ ചിത്രീകരിക്കുന്നു (3:1-21).

- മറ്റു സുവിശേഷങ്ങളിൽ ഒട്ടേറെ ശമര്യാക്കാരോട് യേശു സംവദിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ ഒരു ശമര്യാസ്ത്രീയോടു മാത്രം വളരെനേരം ആദ്ധ്യാത്മികസംവാദം നടത്തുന്നു (4:1-42).

- അജ്ഞാതയായ സ്ത്രീ യേശുവിനെ തൈലാഭിഷേകം ചെയ്ത വിവരം സമാന്തരസുവിശേഷങ്ങളിലുണ്ട് (മത്താ.26:6-13, മർക്കൊ.14:3-9). തത്തുല്യമായ സംഭവം യോഹന്നാന്റെ ആവിഷ്കാരത്തിലും കാണാം. ബേഥാന്യയിലെ മറിയയായിരുന്നു ആ കാര്യം ചെയ്തതെന്നു യോഹന്നാൻ പേരെടുത്തുപറയുന്നു (12:3).

- പല ശിഷ്യന്മാരും സ്ത്രീയുടെ തൈലാഭിഷേകത്തോട് നീരസം പ്രകടിപ്പിച്ചതായി മറ്റു സുവിശേഷകർ പറയുമ്പോൾ ഈസ്കര്യോത്താ യൂദായാണ് അതു ചെയ്തതെന്ന് യോഹന്നാൻ വ്യക്തമാക്കുന്നു (12:4-5).

- സമവീക്ഷണസുവിശേഷങ്ങളിൽ മഹാപുരോഹിതന്റെ ദാസൻ ആരെന്നോ അയാളുടെ കാതറുത്തത് ആരാണെന്നോ പറയുന്നില്ല. യോഹന്നാൻ ദാസന്റെ പേര് മല്ക്കൊസ് എന്നും കാതറുത്തതു പത്രൊസ് ആണെന്നും വ്യക്തമാക്കുന്നു (18:10-11).

- യേശു ഉയിർത്തെഴുന്നേറ്റ ദിവസം രാവിലെ പല സ്ത്രീകൾ ഒഴിഞ്ഞ കല്ലറയ്ക്കൽ ചെന്നു എന്നു മറ്റു സുവിശേഷകർ എഴുതുന്നു. മഗ്ദലക്കാരിമറിയ ഒറ്റയ്ക്കു ചെന്നു എന്ന പക്ഷമാണ് യോഹന്നാന്റേത് (20:1).

**3.5. യേശുകഥകൾ**

സുവിശേഷത്തിലെ ആഖ്യാനങ്ങളിൽ മുഖ്യപങ്ക് യേശുകഥകളാണ്. പേരുപോലെതന്നെ യേശുവിനെക്കുറിച്ചുള്ള കഥകളാണിവ. യേശുവിന്റെ ജീവിതസംഭവങ്ങളുടെ വിശദമായ ചിത്രം ഇവിടെ കാണാം. ഉപമ, അത്ഭുതകഥ എന്നിവയിൽനിന്നു വ്യത്യസ്തമാണ് യേശുകഥകൾ. അവയിൽ ആഖ്യാനവ്യതിരിക്തതയുള്ളതും കഥാത്മക സ്വഭാവം കൂടുതലുള്ളതുമായ രചനാഖണ്ഡങ്ങൾ മാത്രമേ ഇവിടെ വിശകലനം ചെയ്യുന്നുള്ളൂ.

യേശുവിന്റെ ജനനകഥയാണ് സുവിശേഷങ്ങളിൽ ആദ്യംതന്നെ പ്രതിപാദിക്കുന്നത്. മത്തായിയും ലൂക്കൊസും മാത്രമേ ഇത് അവതരിപ്പിക്കുന്നുള്ളൂ. ആദ്യത്തെ 2 അധ്യായങ്ങൾ രണ്ടു സുവിശേഷകരും അതിനായി നീക്കിവെക്കുന്നുണ്ട്. പക്ഷേ അവർ നല്കുന്ന ജനനകഥകൾ വിഭിന്നമാണ്. രണ്ടുപേരുടെയും ആഖ്യാനങ്ങൾക്കു സാജാത്യങ്ങൾ കുറവും വൈജാത്യങ്ങൾ ഏറെയും ആകുന്നു.

**3.5.1. യേശുവിന്റെ ജനനകഥ- സാമ്യവ്യത്യാസങ്ങൾ.**

- മത്തായിയും ലൂക്കൊസും നൽകുന്ന യേശുവിന്റെ ജനനകഥകൾ അടിസ്ഥാനപരമായ ചില വ്യത്യസ്തതകൾ പുലർത്തുന്നുണ്ട്. അവയിൽ ചിലതു പരിശോധിക്കുന്നത് ഉചിതമാണ്. ദൈവദൂതൻ യോസേഫിനു പ്രത്യക്ഷപ്പെടുന്നതായി മത്തായി വിവരിക്കുന്നു. മറിയക്കു ദൈവദൂതൻ പ്രത്യക്ഷപ്പെടുന്നതായാണ് ലൂക്കൊസ് പറയുന്നത്. മത്തായിയുടെ അവതരണത്തിൽനിന്നു ഭിന്നമായി ലൂക്കൊസിന്റെ വിവരണത്തിൽ യോസേഫിനെ അപേക്ഷിച്ച് മറിയക്ക് ഒരു ദൈവശാസ്ത്രപരമായ മുൻഗണന ലഭിക്കുന്നു എന്നുപറയാം. ആഖ്യാനത്തിൽ ആദ്യന്തം നിലനിർത്തിയിരിക്കുന്ന ലൂക്കൊസിന്റെ സ്ത്രീപക്ഷസമീപനം ഇവിടെയും കാണാം.

- ഗബ്രീയേൽ ആയിരുന്നു മറിയയ്ക്കു പ്രത്യക്ഷപ്പെട്ട ദൈവദൂതൻ എന്നു ലൂക്കൊസ് രേഖപ്പെടുത്തുമ്പോൾ യോസേഫിനു പ്രത്യക്ഷപ്പെട്ട ദൂതന്റെ പേരു മത്തായി പറയുന്നില്ല.

- മത്തായിയുടെ സുവിശേഷം ആരംഭിക്കുന്നതുതന്നെ യേശുവിന്റെ വംശാവലി അവതരിപ്പിച്ചുകൊണ്ടാണ്. വംശാവലി ലൂക്കൊസും അവതരിപ്പിക്കുന്നുണ്ട്. അവതരണരീതി വ്യത്യസ്തമാണ്. മത്തായിയുടെ വിവരണം ദീർഘമാണ്. ലൂക്കൊസ് ഹ്രസ്വമായ ഒരു വംശാവലി വിവരണമേ നൽകുന്നുള്ളൂ.

- യേശുവിനെ കാണാൻ കിഴക്കുനിന്നുള്ള വിദ്വാന്മാരുടെ ആഗമനം, മിസ്രയീമിലേക്ക് ഉണ്ണിയേശുവിനെയുംകൊണ്ട് പലായനം ചെയ്യുന്ന രംഗം എന്നിവ മത്തായിയുടെ സുവിശേഷത്തിലേയുള്ളൂ.

- മത്തായിയുടെ സുവിശേഷം യേശുവിന്റെ വംശാവലിക്കുശേഷം യേശുവിന്റെ ജനനവൃത്താന്തങ്ങൾ അവതരിപ്പിക്കുന്നു. വിദ്വാന്മാർ പൊന്ന്, മൂര്, കുന്തുരുക്കം എന്നിവയുമായി യേശുവിനെ സന്ദർശിക്കുന്നതിന്റെ വിവരണം തുടർന്നുവരുന്നു. അതിനുശേഷം മാതാപിതാക്കൾ യേശുവിനെയുംകൊണ്ട് മിസ്രയീമിലേക്കു പലായനം ചെയ്യുന്നതു മത്തായി ആഖ്യാനം ചെയ്യുന്നു. വിദ്വാന്മാർ മടങ്ങി വരാത്തതിൽ കുപിതനായ ഹെരോദാവ് രണ്ടു വയസ്സിൽ താഴെയുള്ള ആൺകുഞ്ഞുങ്ങളെ കൊല്ലിക്കുന്നത് മത്തായിയുടെ സുവിശേഷത്തിൽ മാത്രമുള്ള രംഗമാണ്. സക്കറിയയുടെ 'ആർക്കറിയാം' എന്ന കഥയുടെ പ്രമേയം രണ്ടുവയസ്സിൽ താഴെയുള്ള ആൺകുട്ടികളെ ഹെരോദാവ് കൊല്ലിക്കുന്ന സംഭവത്തിന്റെ പശ്ചാത്തലത്തിലുള്ളതാണ് (2002:343).

- ലൂക്കൊസ് യേശുവിന്റെ ജനനത്തിനുമുമ്പ് യോഹന്നാൻ സ്നാപകന്റെ കഥ പറയുന്നു.

കഥാത്മകമായ അവതരണരീതിയാണ് തുടക്കത്തിൽത്തന്നെ ലൂക്കൊസ് പിന്തുടരുന്നത്. 'യെഹൂദ്യരാജാവായ ഹെരോദാവിന്റെ കാലത്ത് അബിയാക്കൂറിൽ സെഖര്യാവ് എന്നു പേരുള്ളോരു പുരോഹിതൻ ഉണ്ടായിരുന്നു. അവന്റെ ഭാര്യ അഹരോന്റെ പുത്രിമാരിൽ ഒരുത്തി ആയിരുന്നു; അവൾക്ക് എലീശബെത്ത് എന്നു പേർ. ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു. എലീശബെത്ത് മച്ചിയാകകൊണ്ട് അവർക്കു സന്തതി ഇല്ലാഞ്ഞു; ഇരുവരും വയസ്സു ചെന്നവരും ആയിരുന്നു' (1:5-7).

ഒരു കഥയ്ക്ക് അവശ്യം വേണ്ട ഉദ്വേഗം ഉണ്ടാക്കുന്ന വിധത്തിലുള്ള ആരംഭം ലൂക്കൊസിന്റെ ആഖ്യാനത്തിൽ കാണാം. യേശുവിന്റെ കഥ പറയുന്ന ബൈബിൾ ആശ്രിതവ്യവഹാരങ്ങളിലെല്ലാം ഏറ്റവും ഉപജീവ്യകൃതി ലൂക്കൊസിന്റെ സുവിശേഷമായതിന്റെ കാരണം ഈ വേറിട്ട കഥാകഥനരീതി തന്നെ. ആഖ്യാനാത്മകകൃതിയാണ് സുവിശേഷമെന്നു വ്യക്തമാക്കുന്ന ഭാഗമാണിത്. വ്ലാഡിമർ പ്രോപ്പിന്റെ അഭിപ്രായത്തിൽ കഥയിൽ അനിവാര്യമായ രണ്ടു ഘടകങ്ങളുണ്ട്. 'ഒരു പ്രശ്നവും ആ പ്രശ്നത്തിന്റെ പരിഹാരവും ഒരു ഇച്ഛയും അതിന്റെ പൂർത്തീകരണവും, ഒരു അഭാവവും അതിന്റെ പരിഹാരവും, ഇതൊക്കെയാണ് ഒരു കഥയുടെ അടിസ്ഥാനഘടന. ഈ ഘടനയുടെ സ്വഭാവമനുസരിച്ച് ആഖ്യാനം ചെറുതോ വലുതോ ലളിതമോ സങ്കീർണ്ണമോ ആകും. ഒരു ഋണാവസ്ഥയിൽ നിന്ന് ധനാവസ്ഥയിലേക്കുള്ള സംഭവങ്ങളുടെ മുന്നേറ്റമാണ് ആഖ്യാനമെന്ന് ഇവിടെ തെളിയുന്നു' (വിജയൻപിള്ള 2007:106). അനപത്യത എന്ന അഭാവം, കുമാരോദയം എന്ന അതിന്റെ പരിഹാരം എന്നീ ദ്വന്ദ്വസങ്കല്പനത്തിന്റെ ആവിഷ്കാരം ഇവിടെയുണ്ട്. ക്രിസ്തുസംഭവത്തിലൂടെ അതുമായി ബന്ധപ്പെട്ട അടുത്ത ആഖ്യാനത്തിലേക്കും പിന്നെ മറ്റൊന്നിലേക്കും എന്ന രീതിയിൽ ആദ്യകഥാരൂപത്തിൽനിന്ന് കണ്ണിചേർന്ന് അനന്തരമുള്ള ഓരോ രചനാഖണ്ഡവും പ്രത്യക്ഷമാകുന്നു. ഓരോ സംഭവത്തിനും കഥ

യിൽ അതിന്റേതായ ധർമ്മങ്ങളുണ്ട്. ഒരു സംഭവത്തിൽ അടങ്ങിയിരിക്കുന്ന ധർമ്മം അടുത്ത സംഭവത്തിലേക്കു നയിക്കുന്ന ചാലകശക്തിയായിത്തീരുന്നു. ഇത്തരം സംഭവങ്ങളുടെ തുടർച്ചയിലൂടെയാണ് പുതിയനിയമത്തിലെ ആഖ്യാനങ്ങൾ രൂപപ്പെടുന്നത്.

### 3.5.2. ശമര്യാസ്ത്രീയോട് വെള്ളം ചോദിക്കുന്നു

യേശു ഒരിക്കൽ ശമര്യയിൽക്കൂടി സഞ്ചരിക്കേണ്ടി വന്നു. അവൻ സുഖാർ എന്ന ശമര്യപട്ടണത്തിൽ യാക്കോബിന്റെ ഉറവിനരികെ ഇരുന്നു. ഒരു ശമര്യസ്ത്രീ വെള്ളം കോരാൻ വന്നപ്പോൾ യേശു അവളോടു കുടിക്കാൻ വെള്ളം ചോദിച്ചു. യഹൂദനായ യേശു ശമര്യാക്കാരിയായ തന്നോട് വെള്ളം ചോദിച്ചതിൽ അവൾ അത്ഭുതപ്പെട്ടു. അപ്പോൾ യേശു ജീവനുള്ള വെള്ളം നിനക്കു തരുവാൻ കഴിയുന്നവനാണ് താനെന്ന് അറിയിക്കുന്നു. അവൾ യേശുവിനോട് ജീവജലം ആവശ്യപ്പെട്ടു. യേശു അവളോട് ഭർത്താവിനെ വിളിച്ചുകൊണ്ടുവരാൻ പറഞ്ഞു. അവൾ തനിക്ക് ഭർത്താവില്ല എന്നു പറഞ്ഞു. അവൾക്ക് അഞ്ചു ഭർത്താക്കന്മാർ ഉണ്ടായിരുന്നെന്നും ഇപ്പോൾ ഉള്ളവൻ അവളുടെ ഭർത്താവല്ല എന്നും യേശു പറഞ്ഞു. അവൾ യേശു പ്രവാചകൻ എന്നു മനസ്സിലാക്കി. പിന്നീട് അവർ തമ്മിൽ ആത്മീയമായ സംവാദത്തിൽ ഏർപ്പെടുന്നു.

യേശു ശമര്യാസ്ത്രീയോട്  വെള്ളം ചോദിക്കുന്നത്, ബൈബിളിലെ സ്ത്രീസാന്നിധ്യമുള്ള ലഘുകഥകളിൽ പ്രസിദ്ധമാണ്. യോഹന്നാൻ മാത്രമേ ഇത് ആഖ്യാനം ചെയ്യുന്നുള്ളൂ (4:3-42). ലളിതമായ ആഖ്യാനരീതി പിന്തുടരുന്ന ഭൂരിഭാഗം ബൈബിൾക്കഥകളിൽനിന്നു വേറിട്ടുനിൽക്കുന്നു എന്ന സവിശേഷത ഇതിനുണ്ട്. ബുദ്ധഭിക്ഷു ചണ്ഡാലസ്ത്രീയോടു വെള്ളം ചോദിച്ചതിനു സമാനമായ സംഭവം. രണ്ടു കഥയിലും 'നീചനാരി തൻകൈയാൽ ജലം വാങ്ങി ആചമിക്കാനാണ്' ആനന്ദനും യേശുവും ചെല്ലുന്നത് (കുമാരനാശാൻ 2001:531). നാടകീയതയും ഉദ്വേഗവും കലർന്ന രചനാസമ്പ്രദായമാണ് ഈ കഥയിലേത്.

''അവൻ യെഹൂദ്യദേശം വിട്ടു പിന്നെയും ഗലീലയ്ക്കു യാത്രയായി. അവൻ ശമര്യയിൽക്കൂടി കടന്നുപോകേണ്ടിവന്നു. അങ്ങനെ അവൻ സുഖാർ എന്നൊരു  ശമര്യപട്ടണത്തിൽ യാക്കോബ് തന്റെ പുത്രനായ യോസേഫിനു കൊടുത്ത നിലത്തിനരികെ എത്തി. അവിടെ യാക്കോബിന്റെ ഉറവുണ്ടായിരുന്നു. യേശു വഴിനടന്നു ക്ഷീണിച്ചിട്ട് ഉറവിനരികെ ഇരുന്നു; അപ്പോൾ  ഏകദേശം ആറാം മണി നേരം ആയിരുന്നു. ഒരു ശമര്യസ്ത്രീ വെള്ളം കോരുവാൻ വന്നു; യേശു അവളോട്: എനിക്കു കുടിപ്പാൻ തരുമോ എന്നു ചോദിച്ചു. അവന്റെ ശിഷ്യന്മാർ ഭക്ഷണസാധനങ്ങളെ കൊള്ളുവാൻ പട്ടണത്തിൽ പോയിരുന്നു. ശമര്യസ്ത്രീ അവനോട്: നീ യെഹൂദൻ ആയിരിക്കെ ശമര്യക്കാരത്തിയായ എന്നോട് കുടിപ്പാൻ ചോദിക്കുന്നത് എങ്ങനെ എന്നു പറഞ്ഞു'' (4:4-9). കഥയുടെ തുടക്കം തന്നെ തികച്ചും വ്യത്യസ്തവും സങ്കീർണ്ണമായ അവതരണശൈലിയിലുള്ളതുമാണ്. പുതിയനിയമകഥകളുടെ മുഖമുദ്രയായ ലാളിത്യം ഇക്കഥയുടെ ആലേഖനത്തിന് അന്യം തന്നെ.

'ഒരു മനുഷ്യനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു' (ലൂക്കൊ.15: 11).

'ധനവാനായൊരു മനുഷ്യന് ഒരു കാര്യവിചാരകൻ ഉണ്ടായിരുന്നു' (ലൂക്കൊ.16:1).

'ഒരു മനുഷ്യൻ പരദേശത്തു പോകുമ്പോൾ ദാസന്മാരെ വിളിച്ചു സമ്പത്ത് അവരെ ഏല്പിച്ചു' (മത്താ.25:14).

ഇപ്രകാരം സരളമായ ആഖ്യാനരീതിയല്ല ഈ കഥയുടേത്. വാമൊഴി മട്ടിലുള്ള കഥപറച്ചിലിന്റെ രീതി ഇവിടെ കാണാനില്ല. വിശദാംശസൂചനകളും പൂർവകഥാകഥനവും ഉൾപ്പെടുത്തുമ്പോൾത്തന്നെ പരത്തിപ്പറച്ചിൽ നിമിത്തമുള്ള നിലവാരത്താഴ്ച ഈ ആഖ്യാനത്തിൽ വരുന്നില്ല. വാമൊഴിയുടെ താളം ഒഴിവാക്കി നിലവാരപ്പെട്ട ലേഖനഭാഷ യുടെ സ്വഭാവം യോഹന്നാൻ സ്വീകരിച്ചിരിക്കുന്നു. ആഖ്യാനത്തിന്റെ ഗൗരവവും വിഷയ ത്തിന്റെ പ്രസക്തിയും എടുത്തുകാട്ടുവാൻ ഇതു വഴിവെക്കുന്നുണ്ട്.

യോഹന്നാനെ സംബന്ധിച്ചിടത്തോളം ആത്മീയതത്ത്വങ്ങളുടെ അവത രണത്തിനുള്ള മാധ്യമം മാത്രമാണ് കഥപറച്ചിൽ. പുതിയനിയമകഥകളുടെ ഇടുങ്ങിയ ശില്പപരിധിയിലൊതുങ്ങാത്ത കഥയായി ഇതിനെ വിലയിരുത്താം. പഴയനിയമകഥാപുരു ഷനായ യാക്കോബിനെക്കുറിച്ചാണ് ഇക്കഥയിലെ 'യാക്കോബിന്റെ കിണർ' എന്നിടത്തു സൂചിപ്പിക്കുന്നത്.

''അവൻ ശമര്യയിൽക്കൂടി കടന്നുപോകേണ്ടിവന്നു'' (4:4). യേശുവിന്റെ സോദ്ദേ ശ്യമായ പ്രവൃത്തിയും അതിന്റെ അവതരണവും കാണിക്കുവാൻ ഈ വാക്യം പര്യാപ്ത മാണ്. അതുപോലെ ശമര്യദേശത്തിന്റെ നിഷിദ്ധതയും അതിനെ നിഷേധിച്ച യേശുവിന്റെ വിപ്ലവപ്രവൃത്തിയും സൂചിപ്പിക്കുന്നുണ്ട് ഈ വാക്യം. തുടർന്നുള്ള വിവരണം സംവാദരൂ പത്തിലുള്ളതാണ്. യേശുവിന്റെയും ശമര്യാസ്ത്രീയുടെയും വ്യക്തിത്വം പ്രതിഫലിപ്പിക്കു ന്നതാണ് ഈ സംഭാഷണം. യേശുവിന്റെ 'വെള്ളം തരുമോ' എന്ന പ്രഥമവാക്യമൊഴിച്ച് മറ്റെല്ലാം ദൈവികസത്യങ്ങൾ വിളംബരംചെയ്യുന്നവയാണ്. മനുഷ്യജന്മം ദൈവത്തിന്റെ ദാനമാണ്. ദൈവം ആരെന്ന് മനുഷ്യൻ അറിയണം. ജീവജലമായ പരിശുദ്ധാത്മാവിനെ മനുഷ്യൻ പ്രാപിക്കണം എന്നീ മൂന്നു പ്രധാന ആത്മീയപാഠങ്ങൾ യേശു തന്റെ സംഭാഷ ണത്തിലൂടെ അവതരിപ്പിക്കുന്നു.

യേശുവിന്റെ സംഭാഷണത്തോട് ശമര്യാസ്ത്രീ അവളുടെ സാധാരണചിന്തയ്ക്ക് അനുസരിച്ചു മാത്രമേ പ്രതികരിക്കുന്നുള്ളൂ. വെള്ളം എന്ന വാക്കിന്റെ സാധാരണാർത്ഥമേ അവൾ സ്വീകരിക്കുന്നുള്ളൂ. ഒരു സാധാരണസ്ത്രീയുടെ സംശയം അവളുടെ മറുപടി യിൽ പ്രകടമാണ്. യേശു അവളുടെ ആവശ്യത്തിൽ കയറിപ്പിടിച്ച് അവളുടെ ധാർമ്മി കാധഃപതനത്തെ പുറത്തുകൊണ്ടുവരുന്നു. അധഃപതിച്ച ജീവിതത്തിനുടമയെങ്കിലും ആരാ ധന എന്ന ആത്മീയവിഷയം അവൾ തന്നെ എടുത്തിടുന്നു. യേശു അതിനെ ഉപാധി യാക്കി ആരാധനയെ സംബന്ധിച്ച തന്റെ നിലപാടുകൾ വ്യക്തമാക്കുന്നു.

യേശുവിനെ മശീഹായായി സ്ത്രീ മനസ്സിലാക്കുന്നത് ഘട്ടം ഘട്ടമായിട്ടാണെന്നത്രേ യോഹന്നാൻ എഴുതുന്നത്. ഒറ്റയടിക്ക് അവൾ യേശുവിനെ ക്രിസ്തുവായി കണ്ടെത്തുന്നില്ല.

> 'നീ യെഹൂദൻ ആയിരിക്കെ ശമര്യാക്കാരത്തിയായ എന്നോടു കുടിപ്പാൻ ചോദിക്കുന്നത് എങ്ങനെ എന്നു പറഞ്ഞു' (4:9).
>
> 'യജമാനനേ, നിനക്കു കോരുവാൻ പാത്രം ഇല്ലല്ലോ; കിണർ ആഴമുള്ളതാകുന്നു' (4:11).
>
> 'നമ്മുടെ പിതാവായ യാക്കോബിനെക്കാൾ നീ വലിയവനോ?' (4:12).
>
> 'യജമാനനേ, നീ പ്രവാചകൻ എന്നു ഞാൻ കാണുന്നു' (4:19).
>
> 'മശീഹാ- എന്നുവച്ചാൽ ക്രിസ്തു- വരുന്നു എന്നു ഞാൻ അറിയുന്നു; അവൻ വരുമ്പോൾ സകലവും അറിയിച്ചുതരും എന്നു പറഞ്ഞു. യേശു അവളോട് നിന്നോടു സംസാരിക്കുന്ന ഞാൻതന്നെ മശീഹാ എന്നു പറഞ്ഞു' (4:25-26).

ആദ്യം യഹൂദൻ എന്നും തുടർന്ന് യജമാനൻ എന്നും യേശുവിനെ വിളിച്ച ശമര്യാസ്ത്രീ പിന്നീട് യേശു യാക്കോബിനെക്കാൾ വലിയവനോ എന്നു ശങ്കിക്കുന്നു. അടുത്തഘട്ടത്തിൽ യേശുവിനെ പ്രവാചകനായിക്കണ്ട് വിളി മാറ്റുന്നു. ഏറ്റവും ഒടുവിൽ മാത്രം മശീഹാ എന്ന് അറിയുകയും അങ്ങനെ വിളിക്കുകയും ചെയ്യുന്നു. അപ്പോൾ മാത്രമേ യേശുവും തന്റെ വ്യക്തിത്വം വെളിപ്പെടുത്തുന്നുള്ളൂ.

''യേശു അവളോട് : പോയി ഭർത്താവിനെ വിളിച്ചുകൊണ്ടു വരിക എന്നു പറഞ്ഞു'' (4:16) എന്ന വാക്യം മുതൽ സംഭാഷണത്തിനു വളരെ വേഗത്തിൽ മാറ്റം സംഭവിക്കുന്നു. സ്ത്രീയുടെ എല്ലാവിധ രഹസ്യങ്ങളും യേശുവിനറിയാമായിരുന്നു. എന്നാൽ പടിപടിയായി അവളെ അക്കാര്യങ്ങൾ ഗ്രഹിപ്പിച്ച് സാവധാനം പാപബോധം ഉളവാക്കുവാൻ യേശു ശ്രദ്ധിക്കുന്നതായി യോഹന്നാൻ ആഖ്യാനം ചെയ്യുന്നു. 'ദൈവം ആത്മാവാകുന്നു' എന്ന പ്രസ്താവന ഈ കഥയിൽനിന്നു പുറത്തുകടന്ന് പ്രസിദ്ധമായിത്തീർന്ന ദൈവാസ്തിത്വത്തെപ്പറ്റിയുള്ള നിർവചനമാണ് (4:24). തുടർന്നു വരുന്ന വാക്യം ആരാധനയോടുള്ള ബന്ധത്തിൽ നിർബന്ധമായി അനുഷ്ഠിക്കേണ്ട ഒന്നായി തീർന്നിരിക്കുന്നു. ''ദൈവം ആത്മാവ് ആകുന്നു; അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം'' (4:23). വിധായകപ്രകാരത്തിലുള്ള വാക്യഘടന പ്രസ്തുതവാക്യത്തിന്റെ ആദ്ധ്യാത്മികതത്ത്വം അനാവരണം ചെയ്യുന്നതിന് ഏറ്റവും പര്യാപ്തമായിരിക്കുന്നു. എന്നാൽ, ഇത് ഒരു സാധാരണസംഭാഷണത്തിനിടയിൽ നിബന്ധിച്ചിരിക്കുന്നതു എന്നത് ശ്രദ്ധിക്കേണ്ട രചനാതന്ത്രം തന്നെ. ശരിയായ മാനസാന്തരം എപ്രകാരമായിരിക്കണമെന്ന് സക്കായിയുടെ കഥയിലും ഈ സംഭവത്തിലും കാണാം. മുൻജീവിത

രീതികളിൽനിന്ന് അക്ഷരാർത്ഥത്തിൽത്തന്നെ വഴിമാറി നടക്കുന്നവരായിരിക്കും മന:പരിവർത്തനം വന്നവർ.

യേശുവിനെ ക്രിസ്തുവെന്നു വെളിപ്പെടുത്തുക ഏതൊരു പുതിയനിയമവ്യവഹാരത്തിന്റെയും ലക്ഷ്യമാണ്. ഈ കഥയിൽ ആ വസ്തുത ശമര്യാസ്ത്രീയെക്കൊണ്ടു സംശയരൂപത്തിൽ പറയിപ്പിച്ചശേഷം യേശു തന്നെ അക്കാര്യം ബലപ്പെടുത്തിപ്പറയുന്നു. ചുരുക്കത്തിൽ 'ഞാൻ തന്നേ മശീഹാ' എന്ന മഹാസത്യത്തിന്റെ ഉദ്ഘോഷണത്തിനായി ഒരു സാധാരണസംഭാഷണത്തെ ഉപയോഗപ്പെടുത്തുന്ന ആഖ്യാനതന്ത്രം ഇവിടെ കാണാം. ഒരാൾ ക്രിസ്തുവിനെ അറിയുകയും അയാൾ പിന്നീട് സാക്ഷ്യം പറഞ്ഞ് മറ്റുള്ളവരെയും ക്രിസ്തുവിലേക്ക് അടുപ്പിക്കുകയും അങ്ങനെ ക്രിസ്തുവിനെ അറിഞ്ഞവർ സ്വയം ബോദ്ധ്യപ്പെട്ട് എക്കാലവും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നതിന്റെ ചിത്രം ഈ കഥയുടെ അന്തർധാരയായി വർത്തിക്കുന്നു. ഈ വസ്തുത യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്. ''ഇനി നിന്റെ വാക്കു കൊണ്ടല്ല ഞങ്ങൾ വിശ്വസിക്കുന്നത്; ഞങ്ങൾ തന്നെ കേൾക്കയും അവൻ സാക്ഷാൽ ലോകരക്ഷിതാവ് എന്ന് അറിയുകയും ചെയ്തിരിക്കുന്നു എന്നു സ്ത്രീയോടു പറഞ്ഞു'' (4:42).

യേശുവും പാപിനിയും തമ്മിലുള്ള സംഭാഷണത്തിൽ ഏഴു പ്രാവശ്യം യേശുവും ഏഴു പ്രാവശ്യം സ്ത്രീയും സംസാരിക്കുന്നു എന്നതൊരു പ്രത്യേകത തന്നെ. യേശു ഏഴു പ്രാവശ്യവും സ്ത്രീയോടു സംസാരിക്കുമ്പോൾ സ്ത്രീ ആറു പ്രാവശ്യം യേശുവിനോടും ഒരു പ്രാവശ്യം ജനങ്ങളോടും സംസാരിക്കുന്നു. സഹായം ചോദിച്ചെത്തിയ യേശു കഥാന്ത്യത്തിൽ അവളുടെ സഹായകനായിത്തീരുന്നു. ദൈവം മനുഷ്യന്റെ സഹായം തേടുന്നതായി ചിലപ്പോൾ പലർക്കും തോന്നാം. എന്നാൽ മനുഷ്യനെ സഹായിക്കുക എന്നതാണ് അവിടെയും ആത്യന്തികമായി സംഭവിക്കുക. മനുഷ്യനും ഈശ്വരനും തമ്മിലുള്ള സംവാദത്തിലും സഹവർത്തിത്വത്തിലും മനുഷ്യനാണു നേട്ടവും വിജയവും അനുഗ്രഹവും ഉണ്ടാകുന്നതെന്ന പാഠം ഇക്കഥ പറഞ്ഞുതരുന്നു. യേശു ശമര്യാസ്ത്രീയുടെ മുമ്പാകെയാണ് ആദ്യമായി സ്വയം വെളിപ്പെടുത്തുന്നത് (4:7-9, 25, 26).

ശമര്യാസ്ത്രീയോട് യേശു വെള്ളം ചോദിക്കുന്ന സംഭവത്തെപ്പറ്റിയുള്ള ബോബി ജോസ് കട്ടികാടിന്റെ നിരീക്ഷണം ഇങ്ങനെയാണ്. ''വ്യാഖ്യാനങ്ങൾ കൊണ്ട് ഭാരപ്പെടുത്തേണ്ടതല്ല അതീവഹൃദ്യമായ ഒരു സംഭാഷണം. പിന്നീടു സംഭവിക്കുന്നത് സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നതിൽ വച്ചേറ്റവും ദീർഘമായ ദൈവശാസ്ത്രസംവാദമാണ്. കാലവും ഇടവും അപ്രസക്തമാകുന്ന യഥാർത്ഥമായ ആരാധനയുടെ മർമ്മം ക്രിസ്തു അവൾക്കു വെളിപ്പെടുത്തിക്കൊടുക്കുന്നു'' (2009:13).

### 3.5.3. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ

ഒരിക്കൽ വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ യേശുവിന്റെ അടുക്കലേക്ക് പരീശന്മാർ ഉൾപ്പെട്ട ജനങ്ങൾ കൊണ്ടുവന്നു. മോശെയുടെ നിയമമനുസരിച്ച് അവളെ

കല്ലെറിഞ്ഞു കൊല്ലണം. അവളെ ശിക്ഷിക്കുന്നതിനെപ്പറ്റി യേശുവിന്റെ അഭിപ്രായം അവർ ആരാഞ്ഞു. 'നിങ്ങളിൽ പാപമില്ലാത്തവർ ഇവളെ ആദ്യം കല്ലെറിയട്ടെ' എന്നായിരുന്നു യേശുവിന്റെ പ്രതികരണം. ഇതുകേട്ട് വന്നവരെല്ലാം സ്ഥലംവിട്ടു. ഒടുവിൽ യേശുവും സ്ത്രീയും മാത്രമായി. 'ആരും നിനക്കു ശിക്ഷ വിധിച്ചില്ലേ' എന്ന് യേശു ചോദിച്ചു. ഇല്ല എന്ന് അവൾ പറഞ്ഞു. 'ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല. ഇനി പാപം ചെയ്യരുത്' എന്നും അവളോടു പൊയ്ക്കൊള്ളാനും യേശു പറഞ്ഞു'.

സമാന്തരസുവിശേഷങ്ങളിൽ ഇല്ലാത്ത കഥയാണിത് (യോഹ.8:2-11). പാപപുണ്യങ്ങളെപ്പറ്റിയുള്ള പഴയനിയമത്തിലെ പരമ്പരാഗതധാരണയ്ക്ക് ഒരു തിരുത്തൽചിന്തയായിത്തീരുന്നു ഈ വ്യവഹാരം. യേശു ഭാഗഭാക്കാകുന്ന ഒരു കഥയാണിത്. സംഭവത്തിന്റെ ശൈലിയിൽ ആവിഷ്കരിച്ചിരിക്കുന്നതിനാൽ രചനാപരമായ കൗശലങ്ങൾ ഇല്ലതന്നെ. എന്നാൽ ആശയപരമായി ശ്രദ്ധിക്കേണ്ട ആഖ്യാനമാണിത്. യേശുവിന്റെ ദർശനത്തെപ്പറ്റി പുതുമയുള്ള വസ്തുതകൾ ഈ ഉപാഖ്യാനത്തിൽ തെളിഞ്ഞുനിൽപ്പുണ്ട്. അത്യന്തം ഗുരുതരമായ പാപമായി ബൈബിൾ വ്യഭിചാരത്തെ കാണുന്നു. പത്തുകല്പനകളിൽ ഏഴാമത്തേത് വ്യഭിചാരം ചെയ്യരുതെന്നാണ്. യേശു ഗിരിപ്രഭാഷണത്തിൽ ആ കല്പനയ്ക്ക് പുതിയമാനം നല്കുന്നു: സ്ത്രീയെ മോഹത്തോടെ നോക്കിയാൽത്തന്നെ വ്യഭിചാരമായി. അത്തരം കഠിനമായ നിലപാട് വ്യഭിചാരത്തോട് വച്ചുപുലർത്തുന്ന യേശു കൈയോടെ പിടിക്കപ്പെട്ട ഈ വ്യഭിചാരിണിയെ എങ്ങനെ കൈകാര്യം ചെയ്യുമെന്നത് കൗതുകകരം തന്നെ.

സമാന്തരസുവിശേഷങ്ങളിലെല്ലാം യേശുവിനെ വാക്കിൽ കുടുക്കുവാൻവേണ്ടി പരീശന്മാരും മറ്റും പല ചോദ്യങ്ങളും ഉന്നയിക്കുന്നുണ്ട്. ഈ ഉപകഥയും അതിനു സമാനമാണ്. യോഹന്നാൻ ഈ പ്രശ്നത്തിനു പിന്നിലെ കാരണം രേഖപ്പെടുത്തുന്നതിങ്ങനെയാണ്. ''ഇത് അവനെ കുറ്റം ചുമത്തുവാൻ സംഗതി കിട്ടേണ്ടതിന് അവനെ പരീക്ഷിച്ചു ചോദിച്ചതായിരുന്നു'' (8:6). പാപികളെ രക്ഷിക്കുക എന്നതായിരുന്നു യേശുവിന്റെ അവതാരലക്ഷ്യം. ''അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പാനിരിക്കകൊണ്ട് അവന് യേശു എന്നു പേർ ഇടേണം'' (മത്താ.1:21). യേശുവിന്റെ അവകാശവാദവും അതുതന്നെയായിരുന്നു. ''ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രേ വിളിപ്പാൻ വന്നത്'' (ലൂക്കൊ.5:32). എന്നാൽ യേശു വ്യഭിചാരിണിയെ കല്ലെറിയുവാൻ കല്പിച്ചാൽ പാപികളുടെ രക്ഷകൻ എന്ന ചിന്ത അസ്ഥാനത്താകും. ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കുവാനല്ല വന്നതെന്നു പ്രഖ്യാപിച്ച യേശു മോശെയുടെ ശിക്ഷാസമ്പ്രദായത്തെ തിരസ്കരിച്ചാൽ ന്യായപ്രമാണലംഘകൻ എന്ന പരീശന്മാരുടെ ആക്ഷേപത്തിനു വിധേയനാകും. ചുരുക്കത്തിൽ അവളെ ശിക്ഷിച്ചാലും രക്ഷിച്ചാലും യേശു കുറ്റക്കാരനാകുന്ന അവസ്ഥതന്നെ. അതാണ് 'കുറ്റം ചുമത്തുവാൻ സംഗതി കിട്ടേണ്ടതിന്' എന്നതിന്റെ ഗൂഢലക്ഷ്യവും ആ പ്രയോഗത്തിന്റെ അർത്ഥവ്യാപ്തിയും. അതുകൊണ്ടു തന്നെ അവരുടെ 'കല്ലെറിയണം' എന്ന ആവശ്യത്തോട് അതേ നാണയത്തിൽത്തന്നെ യേശു തിരിച്ചടിക്കുന്നു. 'അവളെ ഒന്നാമതു കല്ലെറിയട്ടെ' എന്നായിരുന്നു യേശുവിന്റെ

പ്രതികരണം. യേശുവും അവരുടെ ആവശ്യം അംഗീകരിക്കുന്നു, ഒരു ഉപാധിയോടെയാ ണെന്നു മാത്രം. 'നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമത് കല്ലെറിയട്ടെ' (യോഹ.8:7).

സ്ത്രീവിവേചനം നിറഞ്ഞ മോശെയുടെ ശിക്ഷാസമ്പ്രദായത്തിന്റെ അപഹാസ്യ തയും പാപരഹിതരായി ആരും തന്നെയില്ല എന്ന പരമാർത്ഥവും സുവ്യക്തമാക്കുന്ന ഹ്രസ്വതയുള്ള ഉപകഥയാണിത്. ആർക്കും ഇനിയൊരു മറുമൊഴി ഉന്നയിക്കാനാവാത്ത തരത്തിൽ ഉരുളയ്ക്കുപ്പേരിപോലെ ന്യായം പറയാൻ മഹാത്മാക്കൾക്കുള്ള കഴിവിനു നിദർശനമാണ് യേശുവിന്റെ വാക്കുകൾ. ഈ ആഖ്യാനഖണ്ഡത്തെപ്പറ്റിയുള്ള ഒരു നിരീ ക്ഷണം ഇപ്രകാരമാണ്. ''ക്രിസ്തു വ്യഭിചാരിണിയെ കല്ലെറിയുന്നവരുടെ ഹൃദയത്തി ലേക്ക് എറിഞ്ഞ ചോദ്യം മോശെയുടെ നിയമത്തിന് പുതിയൊരുതലം സൃഷ്ടിച്ചു. വേശ്യാവൃത്തിയിൽ ഉൾപ്പെട്ട സ്ത്രീയെപ്പോലെ അക്കാര്യത്തിൽ അവളെ വേശ്യയാവാൻ പ്രേരിപ്പിച്ച സാഹചര്യവും അതിലെ പുരുഷപങ്കാളികളും പാപത്തിൽ പങ്കാളികളാണെന്ന്, ക്രിസ്തു ന്യായപ്രമാണത്തെ അഗാധമാക്കി'' (ജോസഫ് 2004:106).

എല്ലാവരും വ്യഭിചാരിണിയെ ശിക്ഷിക്കാതെ അവിടം വിട്ടുപോയി. യേശുവും സ്ത്രീയും മാത്രമായി. അപ്പോൾ യേശു പറയുന്ന വാക്കുകൾ പാപത്തോടുള്ള ബൈബിൾവീക്ഷണം ഉൾക്കൊള്ളുന്നു. ''നിനക്ക് ആരും ശിക്ഷ വിധിച്ചില്ലയോ? എന്ന് ചോദിച്ചതിന്: ഇല്ല കർത്താവേ, എന്ന് അവൾ പറഞ്ഞു. ഞാനും നിനക്ക് ശിക്ഷ വിധിക്കു ന്നില്ല; പോക, ഇനി പാപം ചെയ്യരുത് എന്ന് യേശു പറഞ്ഞു'' (8:10-11). പാപപുണ്യങ്ങളെ പ്പറ്റിയുള്ള ഒരു പുത്തൻചിന്തയ്ക്ക് മുഖമൊഴിയായി ഈ കഥതീരുന്നു. പാപത്തെ വെറു ക്കുകയും പാപിയെ സ്നേഹിക്കുകയും ചെയ്യുക എന്നതാണ് പുതിയനിയമചിന്ത; രോഗ ത്തെ വെറുക്കുകയും രോഗിയെ സ്നേഹിക്കുകയും ചെയ്യുമ്പോലെ. ശിക്ഷയിലൂടെയല്ല ശിക്ഷണത്തിലൂടെയാണ് രക്ഷ. പാപം ക്ഷമിക്കുന്നതിലൂടെയും പാപിയെ പുനരധിവസി പ്പിക്കുന്നതിലൂടെയുമാണ് രക്ഷ എന്നതാണ് പുതിയനിയമത്തിന്റെ കാഴ്ചപ്പാട്. മുടി യൻപുത്രനോട് ക്ഷമിക്കുന്ന പിതാവിന്റെ മനോഭാവത്തിന്റെ മറ്റൊരു മുഖം ഈ കഥയി ലൂടെ യേശു കാട്ടിത്തരുന്നു. 'നിങ്ങളിൽ പാപമില്ലാത്തവർ കല്ലെറിയട്ടെ' എന്ന ജനകീയ ശൈലി ഈ കഥയിൽനിന്നു വന്നതാണ്.

സുവിശേഷങ്ങളിലെ സക്കായി, മുടിയനായപുത്രൻ, വ്യഭിചാരകർമ്മത്തിൽ പിടി ക്കപ്പെട്ട സ്ത്രീ ഇവരോടുള്ള സമീപനത്തിൽ ബൈബിളിന്റെ മൊത്തം ദർശനവും ഉൾക്കൊണ്ടിട്ടുണ്ട്. പാപം ഒരു ജീവിതയാഥാർത്ഥ്യമാണ്. അതിനധീനരാണ് എല്ലാ മനു ഷ്യരും. പുണ്യവാനായി ആരും ജനിക്കുന്നില്ലെന്നും അതിനാൽ എല്ലാവർക്കും മാനസാ ന്തരം ആവശ്യമാണെന്നും ബൈബിൾ പലപല വ്യവഹാരങ്ങളിലൂടെ ഉദ്ബോധിപ്പിക്കു ന്നു. പാപിയെ ശിക്ഷിച്ചല്ല നന്നാക്കേണ്ടതെന്നും അവൻ മാനസാന്തരപ്പെട്ടാൽ പുനരധി വാസം (Restoration) ചെയ്ത് രക്ഷിച്ചെടുക്കുകയാണു വേണ്ടതെന്നും ബൈബിൾ ആവ ശ്യപ്പെടുന്നു. ബൈബിളിലെ സകല ആഖ്യാനങ്ങളും ഈ സന്ദേശത്തിന്റെ പ്രചാരണത്തി

നുള്ള ചെറുതും വലുതും ഭാഗികവും പൂർണ്ണവുമായ മാധ്യമങ്ങളാണ്. മറ്റുള്ളവയെല്ലാം വേദസാരം ഗ്രഹിക്കാത്തവരെ ചൂഷണംചെയ്യാൻ മതങ്ങൾ കാലാകാലങ്ങളിൽ ഉണ്ടാക്കിയ നിയമങ്ങളും ഉപദേശങ്ങളും മാത്രം.

യേശു വ്യഭിചാരിണിയെ കല്ലെറിയാതെ വിട്ടശേഷം യോഹന്നാൻ വിസ്തരിച്ചു പ്രതിപാദിക്കുന്നത് പാപത്തെക്കുറിച്ചാണ് എന്നതു ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അടുത്ത അധ്യായത്തിലും കഥാവതരണത്തെത്തുടർന്ന് പാപത്തിന്റെ പ്രശ്നങ്ങൾ പറയുന്നുണ്ട്. യേശു പാപപരിഹാരകനും പാപമില്ലാത്തവനുമാണെന്നു സമർത്ഥിക്കുവാനാണ് പ്രസ്തുതകഥാനിബന്ധനം. ആദ്യസംഭവത്തിൽ യേശു പാപിയെ ശിക്ഷിക്കാതെ വിടുന്നു. രണ്ടാമത്തേതിൽ പാപമില്ലാത്തവനേ രോഗസൗഖ്യം നൽകാനാവൂ എന്നു വ്യക്തമാക്കാൻ ഒരു അത്ഭുതം പ്രവർത്തിക്കുന്നു (9:1-41). രണ്ടു സംഭവവും പാപത്തിൽനിന്നു രക്ഷിക്കുന്നവൻ, പാപരഹിതൻ എന്നീ യേശുവിന്റെ പ്രത്യേകതകൾ വെളിപ്പെടുത്താനുള്ള ആഖ്യാനങ്ങളാകുന്നു. അടുത്ത വ്യവഹാരവും സോദ്ദേശ്യം നിബന്ധിച്ചതാണ്. പാപത്തിൽനിന്നു രക്ഷിക്കുക മാത്രമല്ല യേശു ചെയ്യുന്നത്, സംരക്ഷിക്കുന്നവനുമാണ്. അതിനുവേണ്ടിയാണ് 'ഞാൻ നല്ല ഇടയൻ ആകുന്നു' എന്നു സമർത്ഥിക്കുന്ന വ്യവഹാരം യോഹന്നാൻ ചേർത്തിരിക്കുന്നത് (10:11-17). തുടർന്നു വരുന്ന ശ്രദ്ധേയമായ സംഭവം ലാസറിനെ ഉയിർപ്പിക്കുന്നതാണ് (11:1-44). ഇടയനായി പരിപാലിക്കുക മാത്രമല്ല മരണാനന്തരം മനുഷ്യർക്കു പുനരുത്ഥാനം നൽകുന്നവനുമാണ് യേശു എന്ന അതിപ്രധാനവിഷയത്തിന്റെ ആമുഖമായാണ് ലാസറിനെ ഉയിർപ്പിക്കുന്ന കഥ സുവിശേഷകൻ ഉൾപ്പെടുത്തുന്നത്. ഇതരസുവിശേഷകരിൽനിന്നു വിഭിന്നമായ അവതരണക്രമം പിന്തുടരുന്നു യോഹന്നാൻ. അതോടൊപ്പം മറ്റുള്ളവരെക്കാൾ സൂക്ഷ്മമായി രചനാലക്ഷ്യം സാധിക്കുന്നതിനുവേണ്ട എല്ലാ ശില്പഭദ്രമായ അടുക്കിവെക്കലുകളും നടത്തുന്നതിൽ നാലാംസുവിശേഷകൻ ശ്രദ്ധിച്ചു. മേരീ ബനീഞ്ഞയുടെ 'ആദ്യത്തെ കല്ല് ആരെറിയും?' ഇക്കഥയുടെ പുനരാഖ്യാനകാവ്യമാണ്.

**3.5.4. സ്ത്രീയുടെ തൈലാഭിഷേകം**

യേശു ബേഥാന്യയിൽ കുഷ്ഠരോഗിയായ ശീമോന്റെ വീട്ടിലിരിക്കുമ്പോൾ ഒരു സ്ത്രീ യേശുവിനെ തൈലാഭിഷേകം ചെയ്തു. ഇതു കണ്ട ശിഷ്യന്മാർ അതു പാഴ്ചെലവാണെന്നും ആ പണം ദരിദ്രർക്കു കൊടുക്കാമായിരുന്നെന്നും പറഞ്ഞു. യേശു അവരെ വിലക്കുകയും സ്ത്രീ ചെയ്തത് നല്ല കാര്യമാണെന്നും അറിയിച്ചു. ലോകത്തിൽ എങ്ങും ഈ സുവിശേഷം പ്രസംഗിക്കപ്പെടുമ്പോൾ അവൾ ചെയ്ത ഇക്കാര്യവും പ്രസ്താവിക്കപ്പെടും എന്നും യേശു പറഞ്ഞു.

ബേഥാന്യയാണ് ആഖ്യാനസ്ഥലം. ഇക്കാര്യത്തിൽ മൂന്നു സുവിശേഷകരും ഏകാഭിപ്രായക്കാർതന്നെ (മത്താ.26:6-13, മർക്കൊ.14:3-9, യോഹ.12:1-8). കുഷ്ഠരോഗിയായ ശീമോന്റെ വീട്ടിൽവച്ചാണ് കഥ നടന്നതെന്നു മത്തായിയും മർക്കൊസും വ്യക്തമാക്കുന്നു. ലാസറിന്റെ വീട്ടിലാണെന്നു യോഹന്നാൻ പറയുന്നു. യേശുവിനെ അതിഥിയായി സ്വീക

രിച്ച വ്യക്തിയുടെ പേര് മത്തായിയും മർക്കോസും കുഷ്ഠരോഗിയായ ശീമോൻ എന്നു പറഞ്ഞിരിക്കുന്നു. ആ സ്ത്രീ ലാസറിന്റെ സഹോദരിയായ മറിയയാണെന്നും ലാസറിന്റെ ഭവനത്തിൽവച്ചാണ് ഈ സംഭവം നടന്നതെന്നും യോഹന്നാൻ പ്രസ്താവിക്കുന്നു. സ്ത്രീ യേശുവിനു പാദശുശ്രൂഷചെയ്തത് അസഹ്യമായിത്തോന്നിയത് ശിഷ്യന്മാർക്കാണ് എന്നു മത്തായിയും 'ചിലർക്ക്' എന്നു മർക്കോസും പറയുന്നു. ഈസ്കര്യോത്താ യൂദായാണ് ഇങ്ങനെ പ്രതികരിച്ചതെന്നു യോഹന്നാൻ പറയുന്നു. യൂദാ ധനാപഹരണം നടത്തുന്ന വനും ദുഷ്ടനായിത്തന്നെ ജീവിച്ചവനാണെന്നും അതിന്റെ പാരമ്യത്തിലുള്ള പ്രവൃത്തിയാ യിരുന്നു യേശുവിനെ ഒറ്റിക്കൊടുത്തതെന്നും ഈ അവതരണഭേദംകൊണ്ട് യോഹന്നാൻ ബോധ്യപ്പെടുത്തുന്നു. മത്തായിയിലും മർക്കോസിലും തൈലാഭിഷേകം യേശുവിന്റെ തലയിലാണ് ചെയ്തത്. പാദങ്ങളിൽ പൂശി എന്നാണ് യോഹന്നാന്റെ സുവിശേഷത്തിൽ.

മത്തായിയും മർക്കോസും തൈലാഭിഷേകം ചെയ്ത സ്ത്രീയുടെ പേരെഴുതുന്നി ല്ല. മറിയയാണതു ചെയ്തതെന്ന നിലപാടിലാണ് യോഹന്നാൻ. സമവീക്ഷണസുവിശേഷ കർ പേരു സൂചിപ്പിക്കാത്തവയ്ക്ക് പേരെഴുതുന്നു എന്നത് യോഹന്നാന്റെ ആഖ്യാ നശൈലിയുടെ സവിശേഷതതന്നെ. മർക്കോസ് 'അവൾ തന്നാൽ ആവതു ചെയ്തു' എന്നു രേഖപ്പെടുത്തിയിരിക്കുന്നു. മൂന്ന് ആഖ്യാതാക്കളുടെയും അവതരണം ആ സ്ത്രീയെ പ്രശംസിക്കുന്ന തരത്തിലാണ്.

യോഹന്നാൻ ഈ സംഭവത്തെ പിന്നീട് യേശുവിനെ ഒറ്റിക്കൊടുത്ത ഈസ്ക ര്യോത്താ യൂദായുടെ പണക്കൊതിയിലേക്കു വായനക്കാരുടെ ശ്രദ്ധതിരിക്കാൻ ഉപയോഗ പ്പെടുത്തിയിരിക്കുന്നു. യേശു വളരെ സൂക്ഷ്മതയോടെ തിരഞ്ഞെടുത്ത ശിഷ്യന്മാരിൽ ഒരാൾ എന്തുകൊണ്ട് അവനെ ഒറ്റിക്കൊടുത്തു എന്നത് എക്കാലത്തും ആളുകളെ ആശയ ക്കുഴപ്പത്തിലാക്കുന്നു. അതിന് പ്രത്യക്ഷമായ വിശദീകരണം ബൈബിൾ നല്കിയിട്ടുമില്ല. എന്നാൽ സുവിശേഷകർ ചില ആഖ്യാനങ്ങൾക്കിടയിൽ യൂദായുടെ ദ്രവ്യാഗ്രഹത്തെയും ധനാപഹരണശീലത്തെയും ചെറിയതോതിൽ പരാമർശിക്കുന്നുണ്ട്. അത്തരം സന്ദർഭങ്ങ ളിൽ ഒന്നാണ് ഈ ഭാഗം. ''എന്നാൽ അവന്റെ ശിഷ്യന്മാരിൽ ഒരുത്തനായി അവനെ കാണിച്ചുകൊടുപ്പാനുള്ള യൂദാ ഈസ്കര്യോത്താവ്: ഈ തൈലം മുന്നൂറുവെള്ളിക്കാ ശിനു വിറ്റു ദരിദ്രന്മാർക്കു കൊടുക്കാത്തത് എന്ത് എന്നുപറഞ്ഞു. ഇതു ദരിദ്രന്മാരെക്കു റിച്ചു വിചാരം ഉണ്ടായിട്ടല്ല, അവൻ കള്ളൻ ആകകൊണ്ടും പണസ്സഞ്ചി തന്റെ പക്കൽ ആകയാൽ അതിൽ ഇട്ടത് എടുത്തുവന്നതുകൊണ്ടും അത്രേ പറഞ്ഞത്'' (യോഹ.12:4-6). ധനം ശരിയായി ഉപയോഗിച്ചില്ലെങ്കിലുണ്ടാകാവുന്ന ദുരന്തത്തെപ്പറ്റി ബൈബിളിൽ അനേകം ഉദ്ബോധനങ്ങൾ കാണാം. അതിനു കടകവിരുദ്ധമായ പ്രവർത്തനങ്ങളാണ് യൂദായുടെ നാശത്തിനു കാരണം.

കഥയിൽ യേശുവിനെ നിരുപാധികം ശുശ്രൂഷിക്കുന്നതിൽ സായുജ്യം കണ്ടെ ത്തുന്ന ഒരു ഭക്തയുടെ ചിത്രം ഉൾക്കൊള്ളിച്ചിരിക്കുന്നു. സ്ത്രീ യേശുവിന്റെ മഹത്ത്വം മനസ്സിലാക്കുകയും അവനെ ശുശ്രൂഷിച്ചതിലൂടെ അതു വെളിപ്പെടുത്തുകയും ചെയ്യുന്നു.

ശുശ്രൂഷയുടെ പ്രാധാന്യവും അനിവാര്യതയുമാണ് കഥയിലെ പ്രമേയം. ഇത് ക്രിസ്തീയത ആവശ്യപ്പെടുന്ന ധാർമ്മികമൂല്യങ്ങളിൽ മുഖ്യമാണ്.

**3.5.5. പാപിനിക്കു മോചനം**

പരീശന്മാരിൽ ഒരുവൻ യേശുവിനെ ഭക്ഷണത്തിനു ക്ഷണിച്ചു. യേശു അവന്റെ വീട്ടിൽച്ചെന്നു. ഇതറിഞ്ഞ പാപിയായ സ്ത്രീ ഒരു വെൺകൽഭരണി പരിമള തൈലംകൊണ്ടുവന്നു. യേശുവിന്റെ കാൽക്കൽ കരഞ്ഞുകൊണ്ടുനിന്നു. കണ്ണീരുകൊണ്ട് അവൾ യേശുവിന്റെ പാദങ്ങൾ കഴുകുകയും തലമുടികൊണ്ട് തുടയ്ക്കുകയും കാൽ ചുംബിച്ചു തൈലം പൂശി. യേശുവിനെ ക്ഷണിച്ച പരീശൻ സ്വഗതമായി പറഞ്ഞു. ''ഇവൻ പ്രവാചകൻ ആയിരുന്നു എങ്കിൽ, തന്നെ തൊടുന്ന സ്ത്രീ ആരെന്നും എങ്ങനെയുള്ളവൾ എന്നും അറിയുമായിരുന്നു; അവൾ പാപിയല്ലോ'' അയാളുടെ മനോഗതം അറിഞ്ഞ യേശു അവനോട് രണ്ടു കടക്കാരുടെ ഉപമ പറയുന്നു.

ലൂക്കൊസിന്റെ സുവിശേഷത്തിൽ മാത്രമേ ഈ കഥയുള്ളൂ (7:36-50). 'എന്റെ അയൽക്കാരൻ ആര്?' എന്നു ചോദിക്കുന്ന ന്യായശാസ്ത്രിയോട് യേശു നല്ല ശമര്യാക്കാരന്റെ കഥ പറയുന്നതിനു സമാനമായ സാഹചര്യംതന്നെയാണ് ഈ ഭാഗത്തും ഉള്ളത് (10:29). ദൈവരാജ്യത്തെപ്പറ്റിയോ അതുമായി ബന്ധപ്പെട്ട പ്രഭാഷണങ്ങളോട് അനുബന്ധിച്ചോ അല്ല ഈ കഥകൾ യേശു പറഞ്ഞിരിക്കുന്നത്. യേശുവിന്റെ ദൈനംദിനപ്രവർത്തനങ്ങൾക്കിടയിൽ അപ്രതീക്ഷിതമായി ഉണ്ടായ ഒരു പ്രശ്നത്തിന്റെ പൊരുൾ വ്യക്തമാക്കുകയായിരുന്നു ഇക്കഥകളുടെ ലക്ഷ്യം. ഒരു കഥയ്ക്കുള്ളിൽ മറ്റൊരു കഥകൂടി ഉൾപ്പെടുത്തിയിരിക്കുന്നു എന്ന ആഖ്യാനപരമായ നവീനത ഇതിനുണ്ട്. രണ്ടു കടക്കാർ എന്നാകുന്നു ആ കഥയുടെ പേര് (7:41-43). ഇക്കഥയിൽ അമ്പതു വെള്ളിക്കാശു കടപ്പെട്ട മനുഷ്യൻ എന്നു പറയുന്നതു ശീമോനെക്കുറിച്ചുതന്നെയാണ്. വള്ളത്തോളിന്റെ മഗ്ദലന മറിയം എന്ന ഖണ്ഡകാവ്യത്തിന് ആധാരം ഇക്കഥയാണ്. ഒരു കഥാകാവ്യത്തിനു ജന്മം കൊടുക്കാൻ പര്യാപ്തമായ കഥാബീജം ഈ സംഭവത്തിലുണ്ടെന്നതിനു തെളിവാണത്. ലൂക്കൊസ് തനതായ ശൈലിയിൽ കഥാകഥനം നിർവഹിച്ചിരിക്കുന്നത് ഇക്കഥയിൽ കാണാം.

യേശുവിനെ ശുശ്രൂഷിച്ച സ്ത്രീയുടെ പ്രവൃത്തിയെ അപലപിക്കുന്ന ശീമോന്റെ പ്രതികരണമാണ് കഥയുടെ വഴിത്തിരിവ്. തന്നെ ശുശ്രൂഷിക്കുന്ന സ്ത്രീ പാപിയാണെന്ന് യേശു മനസ്സിലാക്കിയില്ല എന്നതായിരുന്നു ശീമോനെക്കൊണ്ട് ഇങ്ങനെ പറയിപ്പിച്ചത്. 'അവൾ പാപിയല്ലോ' എന്നതായിരുന്നു ശീമോന്റെ പരിഭവത്തിന് അടിസ്ഥാനം. ശീമോന്റെ പ്രതികരണം മനസ്സിൽ മാത്രമായിരുന്നു. യേശു അത് മനസ്സിലാക്കിയതും കഥാഗതിയെ തിരിക്കുന്നു. ശീമോനെ സത്യം ഗ്രഹിപ്പിക്കുവാനായി യേശു ഈ സംഭവത്തോടു ബന്ധപ്പെടുത്തി ഒരു ഉദാഹരണകഥ പറയുന്നു. സ്വയം നീതിമാനായ ശീമോന്റെ ഔപചാരികമായ ആതിഥ്യവും സ്ത്രീയുടെ അളവറ്റ സ്നേഹത്തിന്റെ ഫലമായി അവൾക്കു കൈവന്ന പാപമോചനവും കഥയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

യേശു പാപികളുടെയും സമൂഹത്തിലെ ഉന്നതരുടെയും ആതിഥ്യം ഒരുപോലെ കൈക്കൊണ്ടിരുന്നു എന്ന് ഈ ഭാഗം തെളിയിക്കുന്നു (7:34). ഈ കഥയുടെ ശക്തിയും സൗന്ദര്യവും പ്രത്യക്ഷമാകുന്നത് പാപിനിയുടെ പ്രവൃത്തിയും ശീമോന്റെ പ്രവൃത്തിയും തമ്മിൽ യേശു താരതമ്യം ചെയ്യുന്നിടത്താണ്.

ഇല്ല എന്ന നിഷേധശബ്ദത്തിന്റെ ആവർത്തനം ശീമോന്റെ ആതിഥ്യമര്യാദയുടെ അഭാവം എടുത്തു കാണിക്കാൻ പര്യാപ്തമായ തരത്തിൽ കഥയിൽ അണിനിരന്നിരിക്കുന്നു.

''നീ എന്റെ കാലിനു വെള്ളം തന്നില്ല...............

നീ എനിക്കു ചുംബനം തന്നില്ല.....................

നീ എന്റെ തലയിൽ തൈലം പൂശിയില്ല'' (7:44-45).

ഇതിനു സമാനമായ ആവിഷ്കരണകൗശലം ബൈബിൾക്കഥകളിൽ പലയിടത്തും ഉണ്ട്. ഒരു ഉദാഹരണം.

''എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല.

ദാഹിച്ചു, നിങ്ങൾ കുടിക്കാൻ തന്നില്ല

ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടില്ല.

നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല.

രോഗിയും തടവിലും ആയിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നില്ല'' (മത്താ.25:42-43).

ശീമോനെയും പാപിനിയെയും താരതമ്യപ്പെടുത്തുന്നിടത്ത് ആവർത്തിച്ചുവരുന്ന നീ, നിന്റെ എന്നീ ശബ്ദങ്ങളും ഇവളോ എന്ന സവിശേഷശക്തി കൊടുക്കുന്ന ഓ എന്ന നിപാതപ്രത്യയത്തിന്റെ സാന്നിധ്യവും മറ്റു പല ആഖ്യാനസന്ദർഭങ്ങളിലും എന്നപോലെ ഇവിടെയും കഥനപ്രക്രിയയുടെ ശക്തികൂട്ടുന്ന ഘടകം ആണ്. ശീമോന്റെ പ്രതിഷേധം പരസ്യമായിട്ടല്ല, അവന്റെ ഹൃദയത്തോട് മാത്രമായിരുന്നു. അതുവഴി കാര്യങ്ങൾ മനസ്സിലാക്കിയെടുക്കാനുള്ള യേശുവിന്റെ കഴിവിലേക്കും ലൂക്കൊസ് ശ്രദ്ധ ചെലുത്തുന്നു. യേശുവിന്റെ ശൈശവത്തിലുണ്ടായ ഒരു പ്രവചനത്തിന്റെ പൂർത്തീകരണം ഇവിടെ സംഭവിക്കുന്നതായി ലൂക്കൊസ് അതിലൂടെ ചിത്രീകരിച്ചിരിക്കുന്നു. ''അനേകഹൃദയങ്ങളിലെ വിചാരം വെളിപ്പെടേണ്ടതിന് ഇവനെ യിസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും എഴുന്നേൽപ്പിനും മറുത്തുപറയുന്ന അടയാളത്തിനുമായി വച്ചിരിക്കുന്നു'' (ലൂക്കൊ.2:34).

**3.5.6. യേശു സക്കായിയുടെ വീട്ടിൽ**

യേശു യെരീഹോവിലൂടെ പോകുമ്പോൾ സക്കായി എന്നയാൾ യേശുവിനെ കാണാൻ ആഗ്രഹിച്ചു. പൊക്കം കുറവായതിനാൽ ജനക്കൂട്ടത്തിൽനിന്നുകൊണ്ട് അവനു കാണാൻ കഴിഞ്ഞില്ല. അതിനാൽ ഒരു കാട്ടത്തിമേൽ കയറി. അവൻ ഇരുന്നിരുന്ന സ്ഥലത്തെത്തിയപ്പോൾ യേശു മുകളിലേക്കു നോക്കി സക്കായിയോട് വേഗം ഇറങ്ങി വരാൻ പറഞ്ഞു. യേശു അവന്റെ വീട്ടിലെത്തി. ഇതുകണ്ടവർ യേശു പാപിയുടെ വീട്ടിൽ താമസിക്കുന്നതിൽ പിറുപിറുത്തു. സക്കായി തന്റെ സ്വത്തിന്റെ പകുതി ദരിദ്രർക്കു കൊടുക്കാനും അന്യരുടെ എന്തെങ്കിലും വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ നാലിരട്ടി തിരിച്ചുകൊടുക്കാനും തീരുമാനിച്ചു. യേശു ആ ഭവനത്തിന് രക്ഷ കൈവന്നതായി അവനെ അറിയിച്ചു.

ലൂക്കൊസിന്റെ സുവിശേഷത്തിൽ മാത്രമുള്ള സംഭവമാണിത് (19:1-10). ആഖ്യാനമേന്മ ഒന്നുമില്ലെങ്കിലും ആശയപരമായി ഏറെ പ്രാധാന്യം ഈ സംഭവത്തിനുണ്ട്. ആരും ക്ഷണിക്കാതെ യേശു ഒരാളുടെ വീട്ടിൽ അതിഥിയായെത്തുന്നു എന്ന പ്രത്യേകതയും ഇതിനുണ്ട്. ഒരാളുടെ ശരീരപ്രകൃതത്തിന്റെ സവിശേഷത ആശയസംവേദനത്തിന്റെ ഉപാധിയായി മാറുന്നതും ഇക്കഥയിലാണ്. കഥയിൽ 'സക്കായി വളർച്ചയിൽ കുറിയവൻ' ആണെന്നു സൂചിപ്പിക്കുന്നു. ശരീരപ്രകൃതി വിവരിക്കുന്നത് സോദ്ദേശ്യമാണ്. കഥയുടെ സന്ദർഭത്തിൽ പ്രസ്തുതവർണ്ണന പ്രസക്തംതന്നെ. പൊക്കമില്ലായ്മകൊണ്ടാണ് സക്കായി കാട്ടത്തിയിൽ കയറുന്നതും തുടർന്നുള്ള കാര്യങ്ങൾ സംഭവിക്കുന്നതും. യേശു മുൻപരിചയമില്ലാത്ത സക്കായിയെ പേരുവിളിക്കുന്നതും ഇക്കഥയിൽ മാത്രമുള്ള കാര്യമാണ്.

ഉപസംഹാരവാക്യത്തിലാണ് കഥയുടെ പ്രസക്തിയും സന്ദേശവും നിറച്ചുവച്ചിരിക്കുന്നത്. ഒരു വ്യക്തി യേശുവിനെ മനസ്സിലാക്കിയാൽ അവന്റെ ജീവിതത്തിൽ മാറ്റം വരുമെന്നു വ്യക്തമാക്കുന്നു ഈ സംഭവം. യേശു ആവശ്യപ്പെടാതെതന്നെ സക്കായി മാനസാന്തരത്തിനു യോജിച്ച പ്രവൃത്തി ചെയ്യുന്നു. ''സക്കായിയോ നിന്ന് കർത്താവിനോട്: കർത്താവേ, എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ട്. വല്ലതും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാലു മടങ്ങു മടക്കിക്കൊടുക്കുന്നു എന്നു പറഞ്ഞു'' (19:8). മാനസാന്തരപ്പെട്ടവർ അതിനു തക്ക ജീവിതമാറ്റം പ്രകടിപ്പിക്കണമെന്ന സന്ദേശമാണ് ഈ കഥ മുന്നോട്ടുവെക്കുന്നത്. യേശുവിന്റെ അവതാരോദ്ദേശ്യം ഇക്കഥയിൽ ആപ്തവാക്യരൂപത്തിൽ സൂചിപ്പിക്കുന്നു. ''കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്'' (19:10). ക്രിസ്തുസംഭവത്തിന്റെ മാഹാത്മ്യമത്രയും ഈ ചെറുവാക്യത്തിൽ ചേർക്കുവാൻ ആഖ്യാതാവിനു കഴിഞ്ഞിരിക്കുന്നു. ഇത് ലൂക്കൊസിന്റെ സുവിശേഷത്തിലെ താക്കോൽവാക്യങ്ങളിൽപ്പെടുന്നു. മുടിയൻപുത്രൻ തിരിച്ചുവരുമ്പോഴും ഇതിനു സമാനമായ വാക്യം രേഖപ്പെടുത്തുന്നുണ്ട്. ''നിന്റെ ഈ സഹോദരനോ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടുകിട്ടിയിരിക്കു

ന്നു'' (15:32 ). സക്കായിയെ യേശു സ്വയം തിരഞ്ഞു രക്ഷിക്കുന്നതുതന്നെ. യേശു ഒരാളെ അബ്രഹാമിന്റെ മകൻ എന്നു പരാമർശിക്കുന്ന ഏകസംഭവവമാണിത്.

മാനസാന്തരം സുവിശേഷങ്ങൾ കൈമാറുന്ന മുഖ്യമായ ആശയമാണ്. മാതൃകാപരമായ മാനസാന്തരത്തിനുവേണ്ട ലക്ഷണങ്ങളെല്ലാം സക്കായിയുടെ കഥയിൽ ആഖ്യാതാവ് ഉൾക്കൊള്ളിച്ചിരിക്കുന്നു.

**3.5.7. യേശുവിന്റെ മലയിലെ രൂപാന്തരം**

പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരോടൊപ്പം പ്രാർത്ഥിക്കുവാനായി യേശു ഉയർന്ന മലയിൽ ചെന്നു. അപ്പോൾ യേശുവിന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു. വസ്ത്രം വെള്ളയായിത്തീർന്നു. മോശെയും ഏലിയാവും യേശുവിനോടു സംഭാഷിക്കുന്നതായി അവർ കണ്ടു. പത്രോസ് യേശുവിനു സമ്മതമെങ്കിൽ മൂന്നു കുടിൽ ഉണ്ടാക്കാമെന്നു പറയുന്നു. ഉടനെ പ്രകാശമുള്ള മേഘം അവരെ ആവരണം ചെയ്തു. ''ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു; ഇവനു ചെവികൊടുപ്പിൻ'' എന്നൊരു ശബ്ദവും മേഘത്തിൽനിന്നുണ്ടായി.

സമാന്തരസുവിശേഷങ്ങളിലെല്ലാം യേശുവിന്റെ മലയിലെ രൂപാന്തരം ഉണ്ട് (മത്താ.17:1-8, മർക്കൊ.9:2-8, ലൂക്കൊ.9:28-36). പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരോടൊപ്പമാണ് യേശു പ്രാർത്ഥിക്കാൻ മലയിൽ പോയതെന്നു മൂന്നു സുവിശേഷകരും അഭിപ്രായപ്പെടുന്നു. മത്തായിയും മർക്കൊസും യേശു ആറുദിവസം കഴിഞ്ഞാണ് ഈ സംഭവത്തിൽ ഭാഗഭാക്കായതെന്ന് എഴുതിയിരിക്കുന്നു. എന്നാൽ ലൂക്കൊസ് ഏകദേശം എട്ടു ദിവസം കഴിഞ്ഞാണ് യേശു ഈ സംഭവത്തിനു പോയതെന്നു പറയുന്നു. പ്രാർത്ഥിക്കുമ്പോൾ യേശുവിന്റെ മുഖത്തിനുണ്ടായ മാറ്റം മൂന്നു സുവിശേഷകരും വ്യത്യസ്തരീതിയിലാണ് ആവിഷ്കരിച്ചിരിക്കുന്നത്. യേശുവിന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു എന്നു മത്തായി പറയുന്നു. മുഖത്തിനുണ്ടായ മാറ്റത്തെപ്പറ്റി മർക്കൊസ് പ്രതിപാദിക്കുന്നില്ല. മുഖത്തിന്റെ ഭാവം മാറി എന്നാണ് ലൂക്കൊസ് എഴുതുന്നത്. യേശുവിന്റെ വസ്ത്രത്തിനുണ്ടായ മാറ്റം മർക്കൊസ് സൂക്ഷ്മമായും സുന്ദരമായും ആവിഷ്കരിച്ചിരിക്കുന്നു. ''ഭൂമിയിൽ ഒരു അലക്കുകാരനും വെളുപ്പിപ്പാൻ കഴിയാതവണ്ണം അവന്റെ വസ്ത്രം അത്യന്തം വെളുപ്പായി തിളങ്ങി'' (9:3). മോശെയും ഏലിയാവും അവിടെ പ്രത്യക്ഷപ്പെട്ട വിവരം മൂന്നു സുവിശേഷകരും പറയുന്നുണ്ട്. പഴയനിയമത്തിലെ രണ്ടു പ്രമുഖവ്യക്തികൾ കഥാപാത്രങ്ങളായി വരുന്ന ഏക പുതിയനിയമസംഭവം എന്ന ആഖ്യാനശ്രേഷ്ഠത ഈ കഥയ്ക്കുണ്ട്. മോശെയും ഏലിയാവും യേശുവിനോട് സംസാരിച്ച വിഷയമെന്താണെന്നു ലൂക്കൊസ് മാത്രമേ വെളിപ്പെടുത്തുന്നുള്ളൂ. യേശുവിനു സംഭവിപ്പാനുള്ള മരണത്തെപ്പറ്റിയായിരുന്നു അത്. മേഘത്തിൽനിന്നു പുറപ്പെട്ട അശരീരിവാക്യം സുവിശേഷകരെല്ലാം ഒരുപോലെ ആലേഖനം ചെയ്തിട്ടുണ്ട്.

സംഭവത്തിന്റെ സാക്ഷികളിലൊരാളായ പത്രോസ് അദ്ദേഹത്തിന്റെ ലേഖനത്തിൽ ഇത് ഒരു കെട്ടുകഥയല്ലെന്ന് എടുത്തുപറയുന്നുണ്ട്. ''ഞങ്ങൾ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിയും പ്രത്യക്ഷതയും നിങ്ങളോട് അറിയിച്ചതു നിർമ്മിതകഥ കളെ പ്രമാണിച്ചിട്ടല്ല, അവന്റെ മഹിമ കണ്ട സാക്ഷികളായിത്തീർന്നിട്ടത്രേ ..................... ഞങ്ങൾ അവനോടുകൂടെ വിശുദ്ധപർവതത്തിൽ ഇരിക്കുമ്പോൾ സ്വർഗ ത്തിൽനിന്നും ഈ ശബ്ദം ഉണ്ടായതു കേട്ടു'' (2 പത്രൊ.1:16-18). പിന്നീട് അവർ യേശു വിനെ മാത്രമല്ലാതെ മറ്റാരെയും കണ്ടില്ല എന്ന വാക്യവും എല്ലാ സുവിശേഷകരും രേഖ പ്പെടുത്തുന്നു. ഈ സംഭവത്തിൽ ആ വാക്യത്തിനു വലിയ പ്രസക്തിയുണ്ട്. മറ്റു പ്രവാച കന്മാരിൽ ഒരാൾ മാത്രമല്ല യേശു. അവരെക്കാൾ നിസ്തുലമായ സ്ഥാനം യേശുവിന്റെ വാക്കുകൾക്കുണ്ടെന്നും അതിനാൽ സർവ്വശ്രദ്ധയും യേശുവിനു കൊടുക്കണമെന്നും ഉപ സംഹാരവാക്യത്തിലൂടെ സൂചിപ്പിക്കുന്നു. യേശുവിന്റെ അസാധാരണവ്യക്തിത്വത്തെ വെളിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നിബന്ധിച്ചിരിക്കുന്ന രചനാഖണ്ഡമാണിത്.

യേശുവിന്റെ മലയിലെ രൂപാന്തരത്തിൽ പഴയനിയമസംഭവങ്ങളുടെ സ്വാധീനം കാണാം. പല ദൈവികമായ അരുളപ്പാടുകളും വിഖ്യാതസംഭവങ്ങളും പർവ്വതങ്ങ ളിൽവച്ചു നടന്നതായി പഴയനിയമത്തിൽ ഉണ്ട്. നോഹയുടെ പെട്ടകം പ്രളയാനന്തരം എത്തിച്ചേർന്നത് അരാരത്ത് ഗിരിയിലാണ് (ഉൽപ.8:4). സീനായ് മലയിൽവച്ചായിരുന്നു മോശെയ്ക്കു ന്യായപ്രമാണം കൊടുത്തത് (പുറ.24:1,16, 34:1-5). നെബോ പർവത ത്തിൽവച്ചായിരുന്നു പാലും തേനും ഒഴുകുന്ന വാഗ്ദത്തദേശം - കാനാൻ - യിസ്രായേ ല്യർ കണ്ടത് (ആവ.34:1-4). കർമ്മേൽ പർവ്വതത്തിലായിരുന്നു ഏലിയാവ് ബാലിന്റെ പ്രവാചകന്മാരുമായി ഏറ്റുമുട്ടിയത് (1രാജാ.18:19-40). യേശുവിന്റെ പല പ്രഭാഷണങ്ങളും മലയിൽവച്ചുതന്നെ ആയിരുന്നു. ഗിരിപ്രഭാഷണം, ഒലിവുമല പ്രഭാഷണം തുടങ്ങി യേശു വിന്റെ ജീവിതത്തിലെ പല സംഭവങ്ങളും മലയോടു ബന്ധപ്പെട്ടിരിക്കുന്നു. രൂപാന്തരവും പേരു പറയാത്ത ഒരു മലയിൽവച്ചുതന്നെ.

ഏകാന്തതയുടെയും വിജനതയുടെയും ലോകം എന്ന നിലയിൽ മല ദേവസ്ഥാ നമായും പ്രാർത്ഥനാസ്ഥാനമായും ബൈബിളിൽ പരിഗണിക്കപ്പെട്ടിരിക്കുന്നു. ഭാരതീയ ആദ്ധ്യാത്മികഗ്രന്ഥങ്ങളിലും സുമേരു, ഹിമാലയം തുടങ്ങിയപർവ്വതങ്ങൾക്കു മഹ നീയസ്ഥാനമുണ്ട്. പത്രൊസ്, യാക്കോബ്, യോഹന്നാൻ എന്നിവർക്ക് മറ്റു ശിഷ്യന്മാർക്കില്ലാത്ത സ്ഥാനം യേശു നൽകിയതായി തെളിയിക്കുന്ന ഏതാനും സംഭവ ങ്ങളിൽ ഒന്നാണിത്. യായീറൊസിന്റെ മകളെ ഉയിർപ്പിച്ചപ്പോഴും ഗെത്ത്ശെമനയിൽവച്ച് യേശു തീവ്രവേദനയിലായപ്പോഴും ഈ മൂന്നുപേരേ സമീപത്തുണ്ടായിരുന്നുള്ളൂ (മത്താ.9:18-26, 26:36-45).

**3.5.8. നിത്യജീവൻ ആഗ്രഹിച്ച യുവാവ്**

ഒരാൾ യേശുവിനോട് നിത്യജീവൻ പ്രാപിക്കാൻ എന്തു പ്രവൃത്തിയാണു ചെയ്യേണ്ടതെന്നു ചോദിക്കുന്നതാണ് ഇക്കഥയുടെ പശ്ചാത്തലം. യേശു അവനോടു കല്പനകൾ പ്രമാണിക്കുവാൻ ആവശ്യപ്പെടുന്നു. മത്തായിയുടെ സുവിശേഷത്തിൽ കല്പനകളെക്കുറിച്ചുള്ള പരാമർശം ഇല്ല. 'നിനക്കുള്ളതൊക്കെയും വിറ്റ് ദരിദ്രർക്കു കൊടുക്ക' എന്ന് പെട്ടെന്നു തന്നെ യേശു പറയുന്നതും അതിൽ ദു:ഖിച്ച് യുവാവ് പോകുന്നതും സൂചിപ്പിച്ച് വിവരണം അവസാനിക്കുന്നു.

എല്ലാ സമാന്തരസുവിശേഷങ്ങളിലും ഇക്കഥയുണ്ട് (മത്താ.19:16-30, മർക്കൊ.10:18-31, ലൂക്കൊ.18:18-30). മർക്കൊസിന്റെയും ലൂക്കൊസിന്റെയും വിവരണം സമാനമാണെങ്കിലും മർക്കൊസിന്റെ ഒരു പരാമർശം ഏറെ അർത്ഥപൂർണ്ണമാണ്. ' യേശു അവനെ നോക്കി അവനെ സ്നേഹിച്ചു ' (10:21).

ഈ സംഭവം ഒരു വിപരീതവിഷയത്തിന്റെ പഠനത്തിനു വക നൽകുന്നതാണ്. സ്വർഗരാജ്യത്തിൽ ശിശുക്കൾക്ക് പ്രവേശനം ലളിതവും ക്ഷിപ്രസാധ്യവുമാണെന്നു ഈ രചനാഖണ്ഡത്തിനു തൊട്ടുമുമ്പു പറയുന്നുണ്ട് (മത്താ.19:14). എന്നാൽ പ്രായംകൂടിയ വ്യക്തിക്ക് അത് ദുസ്സാധ്യമാണെന്നു സ്ഥാപിക്കുന്ന കഥയാണിത്. ബൈബിളിലെ പ്രധാന സന്ദേശമായ രക്ഷയെ സംബന്ധിച്ച ചില ഉൾക്കാഴ്ചകൾ ഈ കഥാഖ്യാനത്തിൽ നിറഞ്ഞുനിൽക്കുന്നു. നിത്യജീവൻ നേടാൻ എന്തുചെയ്യണമെന്ന ചോദ്യത്തിൽ വക്താവിന്റെ രക്ഷാസംബന്ധമായ അജ്ഞത സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. അതുപോലെ യേശുവിനെ ഗുരു എന്നു വിളിക്കുന്നതിൽ യേശുവിനെക്കുറിച്ചുള്ള ബോധ്യമില്ലായ്മ പ്രകടമാണ്.

ദൈവത്തിന്റെ ദാനമാണ് നിത്യജീവൻ എന്നതാണ് ബൈബിൾദർശനം. അതിനു വിപരീതമായ നിലപാടാണ് ഈ ചെറുപ്പക്കാരന്റേത്. ചില സത്കർമ്മങ്ങൾക്കുപകരമായി നിത്യജീവൻ കരസ്ഥമാക്കാം എന്ന ചിന്തയുടെ മുനയൊടിക്കുവാനും രക്ഷാരഹസ്യം ബോധ്യപ്പെടുത്താനും ഈ വ്യവഹാരം ലക്ഷ്യം വെക്കുന്നു. 'എന്നെ നല്ലവൻ എന്നു വിളിക്കുന്നതെന്ത്?' എന്ന വാക്യം ഏറെ തെറ്റിദ്ധരിപ്പിക്കപ്പെട്ടതാണ് (മർക്കൊ.10:18). യേശു നല്ലവനല്ലെന്നു സ്വയം പറയുന്നതായി അനുവാചകർക്കു തോന്നാം. എന്നാൽ യേശുവിന്റെ ദൈവത്വം അംഗീകരിക്കാതെ കേവലം നല്ല ഒരു ആചാര്യനായി മാത്രം കാണുന്ന ചെറുപ്പക്കാരന്റെ നിലപാടിനെയാണ് യേശു വിമർശിക്കുന്നത്. യേശുവിന്റെ ദൈവത്വത്തെ അംഗീകരിച്ചിരുന്നെങ്കിൽ ഇങ്ങനെയൊരു ചോദ്യത്തിന് അയാൾ തുനിയുമായിരുന്നില്ല. കാരണം യേശുവിലൂടെയാണ് രക്ഷ. യേശുവിനെ ഹൃദയത്തിൽ സ്വീകരിച്ചാൽ രക്ഷ കൈവന്നു എന്നാണ് ബൈബിൾ ആവർത്തിച്ചുപറയുന്ന രക്ഷാശാസ്ത്രം (റോമ.10:9, അപ്പൊ.പ്ര.4:12). രക്ഷാകാരണനായ യേശുവിന്റെ മുമ്പിൽച്ചെന്ന് മറ്റൊരു രക്ഷാമാർഗം തേടുന്നതിലെ വൈരുദ്ധ്യം ഇക്കഥയിൽ ഒളിഞ്ഞിരിപ്പുണ്ട്. എന്തെങ്കിലും ചെയ്താൽ രക്ഷ കിട്ടുമായിരുന്നെങ്കിൽ അവനോട് യേശു പറഞ്ഞ കാര്യം - നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്ക - അവനു ചെയ്യാനാകുമായിരുന്നു. അതിനു കഴി

യാതെ അവൻ ദു:ഖിച്ചു പോയതിൽനിന്ന് എന്തെങ്കിലും ചെയ്തു നേടുന്നതല്ല രക്ഷ യെന്നും മനുഷ്യന്റെ നിസ്സഹായതയിൽ അവനെ സഹായിക്കാൻ ഒരു രക്ഷകൻ ആവശ്യമാണെന്നും ഈ ആവിഷ്കരണത്തിലൂടെ സുവിശേഷകൻ വ്യക്തമാക്കുന്നു. ബൈബിളിലെ മുഖ്യകഥാരേഖ(Main Storyline)യായ രക്ഷാചിന്തയ്ക്ക് പൂരകമായി നിൽക്കുന്ന ഉപകഥാരേഖ(Subsidiary Storyline)കളിൽ ഒന്നാണിത്.

ഒരു ആഖ്യാനത്തെ തുടർന്ന് പൊതുതത്ത്വം പ്രസ്താവിക്കുന്ന പ്രവണത ഈ കഥയിലും കാണാം. ഈ സംഭവാഖ്യാനത്തിന്റെ ലക്ഷ്യവും അതുതന്നെ. സമ്പന്നനായ വ്യക്തിക്ക് സ്വർഗരാജ്യപ്രവേശനം അസാധ്യമെന്നതത്രേ അത്. ഈ വ്യവഹാരത്തിന്റെ രണ്ടാം ഘട്ടത്തിലാണ് ആദ്യത്തേതിനെക്കാൾ കാതലായ ആത്മീയതത്ത്വം പറയുന്നത്. അങ്ങനെയാണെങ്കിൽ രക്ഷിക്കപ്പെടുക എന്നത് അസാധ്യം തന്നെയല്ലേ എന്ന ചോദ്യം ശിഷ്യന്മാർ ചോദിക്കുകയും അതേ എന്ന് യേശു ഉത്തരം പറയുകയും ചെയ്യുന്നു. മനു ഷ്യന്റെ കഴിവുകൾകൊണ്ടോ പ്രവൃത്തികൾകൊണ്ടോ രക്ഷ നേടാനാവില്ലെന്നും ധനിക ദരിദ്രഭേദമെന്യേ രക്ഷിക്കപ്പെടാൻ ദൈവസഹായമില്ലാതെ കഴിയില്ലെന്നും യേശു വ്യക്ത മാക്കുന്നു. ദൈവത്തെക്കൂടാതെ മനുഷ്യനു രക്ഷ കിട്ടില്ലെന്നും അതിനു മനുഷ്യന്റെ പ്രവൃ ത്തികൾക്കു പങ്കില്ലെന്നും ഈ കഥാഭാഗം തെളിയിക്കുന്നു. ധനത്തിന്റെ കൂട്ടിവെപ്പു വരു ത്തിവെക്കുന്ന ആപത്തും ദൈവത്തിലൂടെ - യേശുവിലൂടെ - യാണ് രക്ഷ എന്നും ഒരേസമയം വ്യക്തമാക്കുന്ന പ്രധാനപ്പെട്ട വ്യവഹാരമാണിത്. അടുത്തടുത്ത വാക്യങ്ങ ളിൽത്തന്നെ സ്വർഗരാജ്യമെന്നും ദൈവരാജ്യമെന്നും വരുന്ന അപൂർവ്വത ഇവിടെ ക്കാണാം (മത്താ.19:23-24). സ്വർഗരാജ്യം, ദൈവരാജ്യം എന്നിവ സമാനപദങ്ങൾ തന്നെ. മത്തായി സ്വർഗരാജ്യം എന്നും ലൂക്കൊസ് ദൈവരാജ്യം എന്നുമാണ് പൊതുവെ പ്രയോ ഗിക്കുന്നത്.

**3.5.9. സെബദിമക്കളും അമ്മയും**

സെബദിപുത്രന്മാരുടെ അമ്മ തന്റെ മക്കൾ യേശുവിന്റെ രാജ്യത്തിൽ ഒരാൾ ഇടത്തും ഒരാൾ വലത്തും ഇരിക്കണെമെന്ന് ആവശ്യപ്പെടുന്നു. അത് പിതാവ് ആർക്ക് ഒരുക്കിയിരിക്കുന്നുവോ അവർക്കു മാത്രമേ അതു ലഭിക്കുയുള്ളൂ എന്ന് യേശു മറുപടി കൊടുത്തു.

രണ്ടു സുവിശേഷങ്ങളിൽ മാത്രമുള്ള ആഖ്യാനഖണ്ഡമാണിത് (മത്താ.20:20-28, മർക്കൊ.10:35-45). പ്രധാനസംഭവത്തെ ഉപാധിയാക്കിക്കൊണ്ട് ഒന്നിലധികം ആദ്ധ്യാത്മിക തത്ത്വങ്ങൾ ആവിഷ്കരിക്കുന്ന രചനാതന്ത്രം ഈ കഥയിൽ കാണാം. അതുകൊണ്ട് കഥ യുടെ ആദ്യഭാഗത്തെക്കാൾ ആശയപരമായ മികവ് അവസാനഭാഗത്താണുള്ളത്. സെബ ദിപുത്രന്മാരുടെ അമ്മയുടെ ചോദ്യവും അതിനുള്ള യേശുവിന്റെ മറുപടിയും പെട്ടെന്ന് അപ്രധാനമായിത്തീരുകയും യേശു തുടർന്നു പറയുന്ന കാര്യങ്ങൾ വായനക്കാരുടെ മന സ്സിൽ ആഴത്തിൽ തങ്ങിനിൽക്കുകയും ചെയ്യും. ആരുടെമേലും അധികാരപ്രയോഗം നട ത്തുന്നത് ദൈവികമല്ല. ശുശ്രൂഷ ചെയ്യുന്നതാണ് ആദരിക്കപ്പെടേണ്ടതായ സ്വഭാവം. വലി

യവനാകേണ്ടത് ശുശ്രൂഷ ചെയ്യുന്നതിലൂടെയാണ്. യേശുവിന്റെ അവതാരലക്ഷ്യംപോലും ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിക്കുവാനായിരുന്നു എന്നിങ്ങനെ പരമപ്രധാനമായ വസ്തുതകൾ അവതരിപ്പിക്കുന്നതിനുള്ള വാതിൽ മാത്രമായി തുടക്കത്തിലുള്ള സംവാദം മാറ്റപ്പെടുന്ന ആഖ്യാനരീതിയത്രേ ഈ കഥയിലേത്.

മത്തായിയുടെ സുവിശേഷത്തിൽ സെബദിപുത്രന്മാരുടെ അമ്മയാണ് ചോദ്യം ചോദിക്കുന്നത്. മർക്കൊസിന്റെ സുവിശേഷത്തിൽ സെബദിമക്കളാണ് ചോദ്യം ചോദിക്കുന്നത്. യാക്കോബും യോഹന്നാനും ആണ് സെബദിയുടെ പുത്രന്മാർ.

**3.5.10. യേശുവിന്റെ യെരൂശലേമിലേക്കുള്ള ജൈത്രയാത്ര**

ഈ സംഭവം എല്ലാ സുവിശേഷങ്ങളിലും കാണാം (മത്താ.21:1–11, മർക്കൊ.11:1–11, ലൂക്കൊ.19:29–40, യോഹ.12:12–19). സമാന്തരസുവിശേഷങ്ങളിൽ ഓശാന എന്ന സംഭവം വിവരിച്ചിരിക്കുന്നത് സമാനമായിട്ടാണ്. യേശു കഴുതപ്പുറത്തു കയറി യെരൂശലേമിലേക്ക് ജനങ്ങളുടെ ആർപ്പുവിളികളോടെ സഞ്ചരിച്ചതാണ് ഈ ആഖ്യാനഖണ്ഡത്തിൽ പ്രതിപാദിക്കുന്നത്. സമവീക്ഷണസുവിശേഷങ്ങളിലെ ഭൂരിഭാഗം കഥകളും യോഹന്നാൻ ആവിഷ്കരിക്കുന്നില്ല. എന്നാൽ ഹോശന്നാവിവരണം യോഹന്നാൻ ആഖ്യാനഭേദത്തോടെയാണെങ്കിലും അവതരിപ്പിച്ചിരിക്കുന്നു. സമാന്തരസുവിശേഷങ്ങളിലേക്കാൾ ഹ്രസ്വമാണ് യോഹന്നാന്റെ വിവരണം.

യേശു രണ്ടു ശിഷ്യന്മാരെ കഴുതയെ കൊണ്ടുവരാൻ അയയ്ക്കുന്നതാണ് കഥാരംഭം. ആഖ്യാനവസ്തുതകളുടെ കാര്യത്തിൽ സുവിശേഷകർ വ്യത്യസ്തത പുലർത്തുന്നുണ്ട്. മത്തായി പെൺകഴുതയെയും കുട്ടിയെയും കെട്ടിയിരിക്കുന്നതു കാണും എന്നാണ് എഴുതിയിരിക്കുന്നത്. ആരും ഒരിക്കലും കയറിയിട്ടില്ലാത്ത കഴുതക്കുട്ടി എന്നാണ് മർക്കൊസിന്റെയും ലൂക്കൊസിന്റെയും പരാമർശം. ‘കർത്താവിന് ഇവയെക്കൊണ്ട് ആവശ്യമുണ്ട്’ എന്നു ചോദിക്കുന്നവരോടു പറയണമെന്ന വാക്യം സമാന്തരസുവിശേഷകർ എല്ലാവരും രേഖപ്പെടുത്തുന്നുണ്ട്.

ഈ ആഖ്യാനഖണ്ഡത്തിന്റെ ഭാഗമായി സെഖര്യാപ്രവചനത്തിലെ വാക്യം മത്തായിയും യോഹന്നാനും ഉദ്ധരിക്കുന്നു. ‘‘സീയോൻപുത്രിയോട്: ഇതാ, നിന്റെ രാജാവ് സൗമ്യനായി കഴുതപ്പുറത്തും വാഹനമൃഗത്തിന്റെ കുട്ടിയുടെ പുറത്തും കയറി നിന്റെ അടുക്കൽ വരുന്നു എന്നു പറവിൻ’’ (മത്താ.21:4, യോഹ.12:15). സമവീക്ഷണസുവിശേഷങ്ങളുമായി യോഹന്നാന്റെ സുവിശേഷത്തിന് ആഖ്യാനസമാനത വരുന്ന അപൂർവ്വം സന്ദർഭങ്ങളിൽ ഒന്നാണിത്. ശബ്ദഘോഷം നടത്തുന്നവരെ വിലക്കുവാൻ പരീശന്മാർ യേശുവിനോട് ആവശ്യപ്പെടുന്നതായി ലൂക്കൊസ് സൂചിപ്പിക്കുന്നു. അതിന് ‘ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആർത്തുവിളിക്കും’ എന്ന യേശുവിന്റെ പ്രതികരണം പുത്തൻ ആത്മീയാശയം കൈമാറ്റം ചെയ്യുന്നു.

യോഹന്നാൻ മറ്റു സുവിശേഷകരിൽനിന്നു വ്യത്യസ്തമായാണ് ഈ വിഷയം അവതരിപ്പിക്കുന്നത്. ചുരുക്കിപ്പറയുന്നതും യോഹന്നാൻ തന്നെ. ഈന്തപ്പനയുടെ കുരുത്തോല എടുത്തുകൊണ്ടാണ് യേശുവിനെ ആളുകൾ എതിരേറ്റതെന്ന പരാമർശം യോഹന്നാൻ മാത്രമേ എഴുതിയിട്ടുള്ളൂ. ഓശാനഞായറാഴ്ച ക്രൈസ്തവർ കുരുത്തോലയുമായി പോകുന്നത് ഇതിന്റെ അടിസ്ഥാനത്തിലാണ്.

### 3.6. കഥേതരവ്യവഹാരങ്ങൾ

കഥാത്മകതയില്ലെങ്കിലും ആശയപരമായ പ്രാധാന്യവും ആവിഷ്കാരവ്യതിരിക്തയുമുള്ള രണ്ടു വ്യവഹാരങ്ങളുടെ വിശകലനം ആണ് ഇനിയുള്ളത്. മത്തായി, ലൂക്കൊസ് എന്നീ സുവിശേഷങ്ങളിൽ മാത്രമുള്ള ഗിരിപ്രഭാഷണം, യേശുവിന്റെ വംശാവലി എന്നിവയുടെ ആവിഷ്കാരമേന്മയാണ് പരിശോധിക്കുന്നത്.

#### 3.6.1. വംശാവലി

സാധാരണവായനക്കാർക്കു വിരസത ജനിപ്പിക്കുന്ന ഈ വിവരണത്തിന് ബൈബിൾപശ്ചാത്തലത്തിൽ ഏറെ പ്രാധാന്യമുണ്ട്. രസികതയ്ക്കോ ആസ്വാദനത്തിനോവേണ്ടി എഴുതിയ കൃതിയല്ല ഇതെന്ന് വംശാവലിവിവരണം വ്യക്തമാക്കുന്നു. യേശുവിന്റെ കുലപാരമ്പര്യം വ്യക്തമാക്കിയാൽ മാത്രമേ അദ്ദേഹം മശീഹായാണെന്ന് യഹൂദർ അംഗീകരിക്കുകയുള്ളൂ; അല്ലെങ്കിൽ ജാരസന്തതിയായി കണക്കാക്കി യേശുവിന്റെ ദൈവത്വത്തെ നിഷേധിക്കും. യഹൂദർ വംശശുദ്ധിക്ക് വലിയ പ്രാധാന്യം കൊടുത്തവരായിരുന്നു. അബ്രാഹാമ്യപൈതൃകത്തിലും പാരമ്പര്യത്തിലും അങ്ങേയറ്റം അഭിമാനിച്ചിരുന്ന യഹൂദരെ ക്രിസ്തു അബ്രാഹാമ്യസന്തതിപരമ്പരയിൽപ്പെട്ടയാളാണെന്നു ബോദ്ധ്യപ്പെടുത്തി പുതിയനിയമത്തിലേക്ക് ആകർഷിക്കുകയായിരുന്നു വംശാവലി നിബന്ധിച്ചതിലൂടെ മത്തായി ലക്ഷ്യമാക്കിയത്. ''അബ്രാഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി'' എന്ന പ്രഥമവാക്യത്തിൽത്തന്നെ അബ്രഹാമും യേശുവും തമ്മിലുള്ള ബന്ധം മത്തായി രേഖപ്പെടുത്തിയത് യേശുവിനെ പുരാതനമായ തങ്ങളുടെ വംശമഹത്ത്വത്തോട് കണ്ണിചേർത്ത് ആധികാരികത പ്രദാനംചെയ്യുക എന്ന ലക്ഷ്യത്തോടെ ആയിരുന്നു എന്നുകരുതാം. പ്രവാചകന്മാരിലൂടെ രൂഢമൂലമായ ഒരു ആശയലോകത്തിന്റെ നവീനമായൊരു മുഖമായി യേശുവിനെ അവതരിപ്പിക്കുകയാണു ചെയ്യുന്നത്. ഏതുലക്ഷ്യത്തോടെ ഈ കൃതി വായിക്കുന്നവരെയും ആസ്വദിപ്പിക്കുന്നതും ആകർഷിപ്പിക്കുന്നതുമായ ഒട്ടേറെ കഥകളും സംഭവങ്ങളും സംഭാഷണങ്ങളും പിന്നീടു വരുന്നുണ്ടെങ്കിലും ഗ്രന്ഥരചനാലക്ഷ്യം അതായിരുന്നില്ലെന്നും വായനക്കാരെ ക്രിസ്തുവിൽ വിശ്വസിപ്പിക്കുകയായിരുന്നെന്നും ഈ ഭാഗം വ്യക്തമാക്കുന്നു. യഹൂദവേദത്തിൽ പരാമർശിക്കപ്പെട്ട മശീഹായുടെ ജഡാവതാരമാണ് യേശുവെന്നു വിശ്വസിപ്പിക്കുകയായിരുന്നു ലക്ഷ്യം. ക്രിസ്തു അബ്രാഹാമിന്റെ സന്തതിയാണെന്നു തെളിയിക്കുവാനുള്ള മത്തായിയുടെ ശ്രമമാണ് യാഥാസ്ഥിതികമായ വംശാവലി രേഖയുടെ നിബന്ധനം.

#### 3.6.1.1. തള്ളിക്കളയലല്ല, ഉൾക്കൊള്ളൽ

മത്തായി അവതരിപ്പിക്കുന്ന യേശുവിന്റെ വംശാവലിയിൽ പ്രശസ്തർ മാത്രമല്ല ഉൾപ്പെട്ടിരിക്കുന്നത്. പാപിനികളും വിജാതീയരും അക്കൂട്ടത്തിലുണ്ട്. പഴയനിയമത്തിലെ സാറാ, റെബേക്ക തുടങ്ങി പ്രശസ്തരും കുലീനകളുമായ പലരും ഈ പേരുവിവരണത്തിലില്ലാതിരിക്കെ താമാർ, വേശ്യയായ രാഹാബ്, യഹൂദവംശജയല്ലാത്ത രൂത്ത്, ബേത്ത്ശേബ എന്നീ സ്ത്രീകളെ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതു ബോധപൂർവ്വമാണ്. അസാധാരണവും അപകീർത്തികരവുമായ ജീവിതകഥകൾ ഉള്ളവരാണ് ഇവർ നാലുപേരും. മത്തായി വംശാവലിയിൽ ചേർത്തിരിക്കുന്ന സ്ത്രീകളെല്ലാം അന്യജാതിക്കാരാണ്. താമാറും രാഹാബും കനാന്യജാതി, രൂത്ത് മോവാബ്യജാതി, ബേത്ശേബ ഹിത്യജാതിക്കാരി. താമാർ, രാഹാബ്, ബെത്ശേബ എന്നിവർ തെറ്റായതെന്നു കരുതപ്പെട്ടിരുന്ന ലൈംഗികജീവിതപശ്ചാത്തലമുള്ളവരാണ്. അബ്രാഹാമിനോടു ദൈവം വാഗ്ദാനം ചെയ്ത സാർവ്വത്രികരക്ഷ യഹൂദർക്കു മാത്രമല്ല സർവ്വജനങ്ങൾക്കുമുള്ളതെന്ന് വ്യക്തമാക്കുകയായിരുന്നു അതിന്റെ ലക്ഷ്യം. ഈശ്വരസൃഷ്ടിയിൽപ്പെട്ട എല്ലാവർക്കും ജാത്യതീതമായ തുല്യത കൊടുക്കുന്ന ഈ പ്രവണത സുവിശേഷത്തിലുടനീളം കാണാം.

''മനുഷ്യർ കാലാകാലങ്ങളായി രൂപപ്പെടുത്തിയ ചില അതിർവരമ്പുകൾ. യേശുവിന്റെ വംശാവലിയിൽ എത്ര സ്വാഭാവികമായിട്ടാണ് മാഞ്ഞുപോകുന്നത്. യഹൂദർക്കും ഇതരവംശങ്ങൾക്കുമിടയിലെ അതിരില്ലാതെയാകുന്നു. ജറീക്കോയിലെ റാഹാബും മോവാബ് വംശത്തിലെ റൂത്തുമൊക്കെ അവന്റെ ചരിത്രത്തിന്റെ ഭാഗമാകുന്നു. സ്ത്രീക്കും പുരുഷനുമിടയിലെ ഭേദങ്ങളുമില്ലാതെയാകുന്നു. പൊതുവേ അവന്റെ ദേശക്കാരുടെ രീതിയിൽ സ്ത്രീകളുടെ നാമങ്ങൾ വംശാവലിയിൽ അടയാളപ്പെടുത്തിയിരുന്നില്ല. അതിലും ഭംഗിയുള്ള കാര്യം പുണ്യവാനും പാപിക്കുമിടയിലുള്ള അകലമില്ലാതെയായി എന്നുള്ളതാണ്. ദേശത്തിന്റെ ഗണികപോലും അവന്റെ കുടുംബവൃക്ഷത്തിന്റെ ഭാഗമാണ്. ഒരു ഇടർച്ചയുണ്ടാകുമ്പോൾ ഉറ്റവരെ പാതിവഴിയിൽ ഉപേക്ഷിക്കുന്നവർ ഇതൊന്നും കാണാതെ പോകരുത്'' എന്ന നിരീക്ഷണത്തിൽ പുറംതള്ളിക്കളയലല്ല സർവ്വതിനെയും ഉൾക്കൊള്ളുക എന്ന ഒരു സമീപനം പുതിയനിയമത്തിലെ ആഖ്യാനകാരന്മാർക്കുണ്ടായിരുന്നു എന്നു മനസ്സിലാക്കാം (ബോബി 2017:103).

#### 3.6.1.2. മത്തായിയുടെയും ലൂക്കൊസിന്റെയും വംശാവലി - വ്യത്യാസങ്ങൾ

മത്തായിയുടെ സുവിശേഷം തുടങ്ങുന്നതുതന്നെ വംശാവലിയോടെയാണ്. ''അബ്രാഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി: അബ്രാഹാം യിസ്ഹാക്കിനെ ജനിപ്പിച്ചു; യിസ്ഹാക് യാക്കോബിനെ ജനിപ്പിച്ചു; യാക്കോബ് യെഹൂദായെയും അവന്റെ സഹോദരന്മാരെയും ജനിപ്പിച്ചു; യെഹൂദാ താമാറിൽ പാരെസിനെയും സാരഹിനെയും ജനിപ്പിച്ചു; പാരെസ് ഹെസ്രോനെ ജനിപ്പിച്ചു; ഹെസ്രോൻ ആരാമിനെ ജനിപ്പിച്ചു............'' ഇങ്ങനെ കർത്തൃപദങ്ങൾ മാത്രം മാറുകയും ആഖ്യാതം ആവർത്തിക്കുകയും ചെയ്യുന്ന 15 വാക്യങ്ങളാണ് മത്തായിയുടെ സുവി

ശേഷത്തിന്റെ ആരംഭത്തിൽത്തന്നെയുള്ളത്. ഇവിടെ 38 പ്രാവശ്യം ജനിപ്പിച്ചു എന്ന പ്രയോജകക്രിയയും ഒരു തവണ മാത്രം ജനിച്ചു എന്ന കേവലവും ചേർത്തിരിക്കുന്നു. ജനിപ്പിച്ചു എന്നതിൽ ദൃശ്യമായ ഒരാളുടെ ഇടപെടലുണ്ടെന്നും ജനിച്ചു എന്ന ക്രിയയിൽ അതില്ലെന്നും സ്പഷ്ടീകരിക്കുവാൻ ഉതകുന്ന ആവർത്തനക്രിയകളാണവ. യേശു സ്വയം ഭൂ ആണെന്ന കാര്യം വ്യഞ്ജിപ്പിക്കുന്ന സോദ്ദേശ്യപ്രയോഗമാണത്.

ലൂക്കൊാസ് യേശുവിന്റെ സ്നാനവിവരണത്തിനുശേഷം 3-ാമധ്യായത്തിലാണ് ഇത് കൊടുത്തിരിക്കുന്നത്. മത്തായിയിൽനിന്നു ഭിന്നമാണ് ലൂക്കൊാസിന്റെ വംശാവലി യുടെ ശൈലി. ''അവൻ യോസേഫിന്റെ മകൻ എന്നു ജനം വിചാരിച്ചു; യോസേഫ് ഹേലിയുടെ മകൻ, ഹേലി മത്ഥാത്തിന്റെ മകൻ, മത്ഥാത്ത് ലേവിയുടെ മകൻ ലേവി മെല്ക്കിയുടെ മകൻ......'' ഇങ്ങനെയാണ് ലൂക്കൊാസ് വംശാവലി അവതരിപ്പിക്കുന്നത് (3:23-24). മൂന്നു പിരിവുകളുള്ള വംശാവലിയാണ് മത്തായിയുടേത്. ലൂക്കൊാസിൽ പിരി വുകൾ ഇല്ല. അബ്രാഹാം മുതൽ യേശുവരെയാണ് മത്തായിയുടെ വംശാവലിയുടെ ക്രമം. ലൂക്കൊാസിന്റേത് യേശു മുതൽ ആദാം വരെയാണ്. അബ്രാഹാം മുതൽ യേശു വ രെയുള്ള 42 തലമുറകൾ മത്തായിയുടെ വംശാവലിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. യോസേഫ് മുതൽ ആദാം വരെ 77 തലമുറകൾ ലൂക്കൊാസ് ഉൾപ്പെടുത്തുന്നു. സ്ത്രീകൾ, അതും വിജാതീയർ മത്തായി അവതരിപ്പിക്കുന്ന വംശാവലിയിൽ വരുന്നുണ്ട്. ലൂക്കൊ സിൽ സ്ത്രീകൾ വരുന്നില്ല. മത്തായി യോസേഫിലൂടെയാണ് വംശാവലി ബന്ധിപ്പിക്കുന്ന ത്. ലൂക്കൊാസ് മറിയയിലൂടെയും. വ്യത്യസ്തനിലയിലാണെങ്കിലും രണ്ടു സുവിശേഷക രും സ്ത്രീകൾക്കു മുന്തിയ പരിഗണന വംശാവലിയിലും അനുബന്ധമായ ആഖ്യാനങ്ങ ളിലും കൊടുത്തിട്ടുണ്ട്.

### 3.6.2. ഗിരിപ്രഭാഷണവും സമതലപ്രഭാഷണവും

മത്തായിയുടെ സുവിശേഷത്തിലെ അഞ്ചു പ്രധാന വ്യവഹാരങ്ങളിൽവച്ച് ആദ്യ ത്തേതും ദൈർഘ്യമാർന്നതും ഗിരിപ്രഭാഷണം ആകുന്നു. സദൃശവാക്യങ്ങൾക്കു തുല്യ മാണ് ഗിരിപ്രഭാഷണത്തിലെ പല സൂക്തങ്ങളും. കവിതയ്ക്കു സഹജമായ അതിശ യോക്തി പല ഭാഷണങ്ങളിലും കാണാം (സുശീലൻ 2017:550). ഇതിനു സമാനമായ ലൂക്കൊാസിന്റെ ആഖ്യാനം സമതലപ്രഭാഷണം എന്ന് അറിയപ്പെടുന്നു. രണ്ടു വ്യവഹാര ങ്ങളും തമ്മിൽ വ്യത്യാസം വലുപ്പത്തിലും ആശയങ്ങളുടെ കാര്യത്തിലും ഉണ്ട്. മത്തായി ഗിരിപ്രഭാഷണത്തിൽ അവതരിപ്പിക്കുന്ന ആശയങ്ങളിൽ പലതും ലൂക്കൊാസ് മറ്റ് ഉപകഥ കളുടെ അനുബന്ധമായാണ് ചേർത്തിരിക്കുന്നത്. മത്തായി ഗിരിപ്രഭാഷണത്തിൽ അവത രിപ്പിക്കുന്ന 'കർത്തൃപ്രാർത്ഥന' ലൂക്കൊാസ് മറ്റൊരിടത്ത്, ശിഷ്യന്മാർ യേശുവിനോട് പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെന്ന് ആവശ്യപ്പെടുന്ന സന്ദർഭത്തിലാണ് കൊടുത്തിരിക്കുന്ന ത് (11:1). ഗിരിപ്രഭാഷണത്തിലെ ഏതാനും വാക്യങ്ങൾ മറ്റ് ആഖ്യാനങ്ങളുടെ കൂടെ കാണപ്പെടുന്നു എന്നതൊഴിച്ചാൽ മറ്റൊരു പ്രാധാന്യവും മർക്കൊാസിന്റെ സുവിശേഷ ത്തിൽ ഗിരിപ്രഭാഷണത്തിനില്ല (മർക്കൊ.4:21, 4:24-25, 9:43-48, 11:25). ഉപവാസത്തെപ്പറ്റി

ഗിരിപ്രഭാഷണത്തിൽ പറയുന്നതിനു തത്തുല്യമായ ഭാഗം, ഭിക്ഷ രഹസ്യത്തിൽ കൊടു ക്കണമെന്ന ഉപദേശം ഇവ വേറെ സുവിശേഷങ്ങളിൽ ഇല്ല.

നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു, നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു എന്നീ മത്തായിയുടെ പരാമർശങ്ങൾ ലൂക്കൊസിന്റെ പ്രഭാഷണത്തിൽ ഇല്ല. എന്നാൽ "ഉപ്പു നല്ല തുതന്നെ. ഉപ്പു കാരമില്ലാതെ പോയാൽ എന്തൊന്നുകൊണ്ട് അതിനു രസം വരുത്തും? " എന്നിങ്ങനെ മറ്റൊരു സന്ദർഭത്തിൽ ലൂക്കൊസ് പറയുന്നുണ്ട് (14:34-35). ന്യായപ്രമാ ണത്തെ പൂർത്തീകരിക്കാനാണ് യേശു വന്നതെന്നു മത്തായി പരാമർശിക്കുമ്പോൾ ലൂക്കൊസ് കാരമില്ലാതായ ഉപ്പിനെപ്പറ്റി സൂചിപ്പിക്കുന്നില്ല.

കൊലപാതകം, വ്യഭിചാരം, ഭാര്യയെ ഉപേക്ഷിക്കൽ, കള്ളസ്സത്യം ചെയ്യരുത് എന്നിവയ്ക്ക് മത്തായി ഗിരിപ്രഭാഷണത്തിൽ പഴയനിയമത്തിൽനിന്നു വ്യത്യസ്തമായി പുതിയ വ്യാഖ്യാനം യേശു നൽകുന്നു. എന്നാൽ ഇവയിൽ ഒന്നുപോലും ലൂക്കൊസോ മറ്റു സുവിശേഷകരോ രേഖപ്പെടുത്തിയിട്ടില്ല. ഭാര്യയെ ഉപേക്ഷിക്കരുതെന്ന ഗിരിപ്രഭാഷ ണത്തിലെ പരാമർശം ലൂക്കൊസിന്റെ സുവിശേഷത്തിൽ മറ്റൊരു സന്ദർഭത്തിൽ വരുന്നു ണ്ട്. മർക്കൊസിലും അങ്ങനെ വരുന്നുണ്ട് ( മർക്കൊ.10:11-12, ലൂക്കൊ.16:18).

ഗിരിപ്രഭാഷണത്തിന് പ്രധാനമായി മൂന്നു ഭാഗങ്ങളുണ്ട്. ഗിരിപ്രഭാഷണത്തിന്റെ തുടക്കം ഭാഗ്യവർണ്ണനകൾ (Beatitudes) എന്ന് അറിയപ്പെടുന്നു. സ്വർഗരാജ്യത്തിലെ പൗര ന്മാർ ആരെല്ലാമാണെന്നും അവരുടെ സ്വഭാവം, അനുഗ്രഹങ്ങൾ, സമൂഹത്തോടും സംസ്കാരത്തോടുമുള്ള അവരുടെ ബന്ധം എന്നിവ എപ്രകാരമായിരിക്കണമെന്നും ഈ ഭാഗം വ്യക്തമാക്കുന്നു. രണ്ടാം ഭാഗം യേശുവിന്റെ ശിഷ്യന്മാരും ധാർമികനിയമങ്ങളും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നു (5:17-7:1). ഇതിൽ യേശുക്രിസ്തു പൂർവവേദങ്ങ ളിലെ ധാർമികനിയമങ്ങൾക്കു പുതിയ അർത്ഥം നൽകുന്നു. പഴയനിയമത്തിലെ ഉപദേശ ങ്ങൾക്ക് ആറു പുതുചിന്തകൾ യേശു ഈ ഭാഗത്ത് അവതരിപ്പിക്കുന്നു. മൂന്നാം ഭാഗത്ത് എല്ലാ മനുഷ്യരും തിരഞ്ഞെടുക്കേണ്ട രണ്ടുതരം വാതിലുകളെപ്പറ്റി പരാമർശിക്കുന്നു. നല്ലതും മോശവുമായ ഉപദേശകന്മാരെപ്പറ്റിയും അടിസ്ഥാനങ്ങളെപ്പറ്റിയും ഈ ഭാഗത്തു പറയുന്നുണ്ട്.

ഗിരിപ്രഭാഷണത്തിൽ ഭാഗ്യവാന്മാർ എന്ന് അവസാനിക്കുന്ന യേശുവിന്റെ പഠിപ്പി ക്കലുകളാണ് ഭാഗ്യവർണ്ണനകൾ. മത്തായിയുടെയും ലൂക്കൊസിന്റെയും സുവിശേഷ ത്തിൽ ഈ പ്രയോഗങ്ങൾ കാണാം. മത്തായിയുടെ എട്ടു ഭാഗ്യവർണ്ണനകളിൽ നാലെണ്ണം മാത്രമേ ലൂക്കൊസ് അവതരിപ്പിക്കുന്നുള്ളൂ. അവ സമാനമെന്നു തോന്നുമെങ്കിലും സൂക്ഷ്മനിരീക്ഷണത്തിൽ വ്യത്യസ്തമാണെന്നു കാണാം. മത്തായി 'ആത്മാവിൽ ദരിദ്രർ ആയവർ ഭാഗ്യവാന്മാർ' എന്നു പറയുമ്പോൾ ലൂക്കൊസ് 'ദരിദ്രന്മാരായ നിങ്ങൾ ഭാഗ്യ വാന്മാർ' എന്നാണു പറയുന്നത് (മത്താ.5:3, ലൂക്കൊ.6:20). 'നീതിക്കു വിശന്നു ദാഹിക്കു ന്നവർ ഭാഗ്യവാന്മാർ; അവർക്കു തൃപ്തി വരും' എന്നു മത്തായി പറയുമ്പോൾ ലൂക്കൊ

സിൽ 'ഇപ്പോൾ വിശക്കുന്നവരായ നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾക്കു തൃപ്തി വരും' എന്നാണുള്ളത് (മത്താ.5:6, ലൂക്കൊ.6:21).

ഗിരിപ്രഭാഷണത്തിൽ യേശു പ്രാർത്ഥന, ഉപവാസം, ഭിക്ഷകൊടുക്കൽ എന്നിവ ആവശ്യമില്ലെന്നല്ല പറയുന്നത്. അവയുടെ ആചരണത്തിൽ പുലർത്തേണ്ട മനോഭാവത്തിനാണ് ഊന്നൽ കൊടുക്കുന്നത്. എന്തുചെയ്യണം എന്നല്ല എങ്ങനെ ചെയ്യണം എന്നതിനാണ് പ്രാധാന്യം. രഹസ്യത്തിൽ, കാപട്യമില്ലാതെ ചെയ്യേണ്ടതാണിവയെന്ന് യേശു പഠിപ്പിക്കുന്നു. എത്രമാത്രം പ്രാർത്ഥിക്കണമെന്നോ എത്രയധികം ഉപവസിക്കണമെന്നോ എത്ര തുക ഭിക്ഷ കൊടുക്കണമെന്നോ പറയുന്നില്ല. പക്ഷേ അവയുടെ ആചരണത്തിൽ പാലിക്കേണ്ട കാപട്യമില്ലായ്മയ്ക്കാണു പ്രാധാന്യം കൊടുക്കുന്നത്.

### 3.6.3. ക്രിസ്തുവിന്റെ പീഡാനുഭവങ്ങൾ (Passion of the Christ)

യേശുവിന്റെ ക്രൂശീകരണവുമായി ബന്ധപ്പെട്ട സംഭവങ്ങളാണ് പീഡാനുഭവങ്ങൾ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. നാലു സുവിശേഷങ്ങളിലും ഇതിന്റെ ആഖ്യാനത്തിന് വലിയ പ്രാധാന്യം കൊടുത്തിട്ടുണ്ട്. എല്ലാ സുവിശേഷകരും വേറിട്ടരീതിയിലാണ് ഇതു വിവരിക്കുന്നത്. ക്രിസ്തുവിന്റെ പീഡാനുഭവത്തെപ്പറ്റി യോഹന്നാന്റെ അവതരണം സമവീക്ഷണസുവിശേഷകരുടേതിൽനിന്ന് തികച്ചും ഭിന്നമാണ്.

യേശുവിനെ വധിക്കുവാനായി പിടികൂടുന്ന രംഗം എല്ലാ സുവിശേഷകരും ആവിഷ്കരിക്കുന്നുണ്ട്. എന്നാൽ അവർ നല്കുന്ന വിവരങ്ങൾ വിഭിന്നങ്ങളാണ്.

ഒലിവുമലയുടെ പടിഞ്ഞാറെ ചരിവിലുള്ള ഗെത്ത്ശെമന തോട്ടത്തിൽ യേശു ശിഷ്യന്മാരുമായി വന്നു. അവിടെവച്ച് യേശുവിനെ ബന്ധിച്ചു. യൂദായുടെ ഒറ്റിക്കൊടുക്കലാണ് അവനെ കണ്ടെത്തുവാൻ സഹായിച്ചത്. യേശുവിനെ ബന്ധിച്ചശേഷം അവർ മഹാപുരോഹിതന്റെ അടുക്കൽ കൊണ്ടുപോയി (മർക്കൊ.14:53). യേശു മതപരവും നിയമപരവുമായ രണ്ടു തരം വിസ്താരങ്ങൾക്ക് നിർബന്ധിതനായി. ഈ രണ്ടു വിസ്താരങ്ങൾക്കും മൂന്നു രംഗങ്ങൾ വീതമുണ്ടായിരുന്നു. മതപരമായ വിചാരണ ഒന്നാമത് ഹന്നാവിന്റെയും രണ്ടാമതു കയ്യഫാവിന്റെയും മൂന്നാമതു സന്നിദ്രി സംഘത്തിന്റെയും മുമ്പിലായിരുന്നു (യോഹ.18:13-14). നിയമപരമായ വിചാരണ നടന്നത് പീലാത്തോസിന്റെയും ഹെരോദാവ് അന്തിപ്പാസിന്റെയും വീണ്ടും പീലാത്തോസിന്റെയും മുമ്പിലായിരുന്നു. ഹന്നാവിന്റെ അരമനയിൽവച്ചു നടന്ന വിസ്താരത്തിൽ പറയത്തക്ക ഫലമൊന്നുമുണ്ടായില്ല (യോഹ.18:12-23). പിന്നീടു രാത്രി കയ്യഫാവിന്റെയും രാവിലെ സന്നിദ്രിം സംഘത്തിന്റെയും മുമ്പാകെ യേശുവിനെ വിസ്തരിച്ചു. യേശുവിന്റെ ശിഷ്യന്മാരെയും ഉപദേശത്തെയും കുറിച്ചു ചോദിച്ചുകൊണ്ടായിരുന്നു കയ്യഫാവ് വിസ്താരം തുടങ്ങിയത് (യോഹ.18:19-21). യേശു മഹാപുരോഹിതനു നൽകിയ മറുപടിയിൽ പ്രകോപിതനായ പടയാളി യേശുവിന്റെ കന്നത്തടിച്ചു. അനേകം സാക്ഷികൾ വന്നെങ്കിലും അവരുടെ മൊഴികൾ ഒത്തുവന്നില്ല. 'നീ വന്ദ്യനായവന്റെ പുത്രനായ ക്രിസ്തുവോ?' എന്നു മഹാപു

രോഹിതൻ ചോദിക്കുമ്പോൾ യേശു പറഞ്ഞ മറുപടി 'ഞാൻ ആകുന്നു' എന്നായിരുന്നു. പൂർവവേദത്തിലെ ദൈവികനാമത്തെ അനുസ്മരിപ്പിക്കുന്ന പ്രയോഗമാണിത്. 'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു' എന്നതിന്റെ ചുവടുപിടിച്ചുള്ള പ്രയോഗമത്രേ ഇത് (പുറ.3:14, മർക്കൊ.14:62).

യേശു ശിഷ്യപ്രധാനികളായ പത്രൊസ്, യോഹന്നാൻ, യാക്കോബ് എന്നിവരോടൊപ്പം പ്രാർത്ഥിക്കാൻ ഗെത്ത്ശെമനത്തോട്ടത്തിൽ ചെന്നതായി മത്തായിയും മർക്കൊസും രേഖപ്പെടുത്തുന്നു. യേശു ഒറ്റയ്ക്കു പ്രാർത്ഥിച്ചതായാണ് ലൂക്കൊസ് പറയുന്നത്. യോഹന്നാൻ ഗെത്ത്ശെമനയിലെ സംഭവങ്ങൾ ആവിഷ്കരിച്ചിട്ടില്ല. പ്രാർത്ഥനക്കിടയിൽ യേശുവിനെ ശക്തീകരിക്കാൻ സ്വർഗത്തിൽനിന്ന് ഒരു ദൂതൻ വന്നകാര്യം ലൂക്കൊസ് മാത്രം സൂചിപ്പിക്കുന്നു. യേശുവിന്റെ വിയർപ്പ് രക്തത്തുള്ളികൾപോലെ നിലത്തുവീണതും ലൂക്കൊസാണ് പറയുന്നത്. ലൂക്കൊസ് ഭിഷഗ്വരൻ ആയിരുന്നു. ഇത് സൂക്ഷ്മനിരീക്ഷണത്തിനു സഹായിച്ചിരിക്കാം. യേശു മൂന്നു പ്രാവശ്യം പ്രാർത്ഥിക്കുകയും ശിഷ്യന്മാരുടെ അടുക്കൽ ചെല്ലുകയും ചെയ്തു എന്നു മത്തായിയും മർക്കൊസും സൂചിപ്പിച്ചിട്ടുണ്ട്. ഇവ ഒരു പ്രാവശ്യം ചെയ്തതായാണ് ലൂക്കൊസിന്റെ പക്ഷം.

യൂദാ യേശുവിനെ ചുംബിച്ചുകൊണ്ടാണ് ഒറ്റിക്കൊടുത്തതെന്നു സമാന്തരസുവിശേഷങ്ങൾ പറയുന്നു. ഒറ്റിക്കൊടുത്തവിധം യോഹന്നാനിൽ ഇല്ല. 'സ്നേഹിതാ, നീ വന്ന കാര്യം എന്ത്?' എന്ന് യേശു ചോദിച്ചതായി മത്തായി എഴുതുന്നു. 'യൂദായേ, മനുഷ്യപുത്രനെ ചുംബനംകൊണ്ടോ കാണിച്ചുകൊടുക്കുന്നത്?' എന്ന് യേശു ചോദിച്ചതായി ലൂക്കൊസ് എഴുതുന്നു. മർക്കൊസ് പ്രതികരണം രേഖപ്പെടുത്തുന്നില്ല. യേശുവിനെ ബന്ധിക്കാൻ ചെന്നവർ പിൻവലിയുകയും നിലംപതിക്കുകയും ചെയ്തതായി യോഹന്നാൻ എഴുതുന്നു. മറ്റുള്ള സുവിശേഷകർ അതു സൂചിപ്പിക്കുന്നില്ല.

പത്രൊസിന്റെ വെട്ടേറ്റ് ശത്രുവിന്റെ ചെവി നിലം പതിക്കുന്നു. ഈ സംഭവത്തോട് യേശു വാൾ ഉറയിലിടുക, വാളെടുക്കുന്നവൻ വാളാൽ എന്നു പ്രതികരിച്ചതായി മത്തായി രേഖപ്പെടുത്തുന്നു. മർക്കൊസും ലൂക്കൊസും പ്രതികരണം രേഖപ്പടുത്തുന്നില്ല. പക്ഷേ യേശു വെട്ടേറ്റ ചെവി തൊട്ടു സൗഖ്യമാക്കിയതായി ലൂക്കൊസ് മാത്രമേ പറയുന്നുള്ളൂ. വാൾ ഉറയിലിടുക. പിതാവ് എനിക്കുതന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ എന്നു ചോദിക്കുന്നതായി യോഹന്നാൻ പരാമർശിക്കുന്നു. മഹാപുരോഹിതന്റെ ദാസന്റെ കാത് അറുത്തത് പത്രൊസ് ആണെന്നും ആ ദാസന്റെ പേര് മല്ക്കൊസ് എന്നായിരുന്നെന്നും യോഹന്നാൻ മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. ഒരാൾ വെറും പുതപ്പു മാത്രം പുതച്ച് യേശുവിനെ അനുഗമിച്ചതും അവനെ പടയാളികൾ പിടികൂടാൻ ശ്രമിച്ചപ്പോൾ നഗ്നനായി ഓടിപ്പോയതുമായ കൗതുകകരമായ വസ്തുത മർക്കൊസ് രേഖപ്പെടുത്തുന്നു. ഹന്നാസ് യേശുവിനെ വിസ്തരിക്കുന്ന രംഗം യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമേ കാണുന്നുള്ളൂ.

കയ്യഫാവിന്റെ നേതൃത്വത്തിലുള്ള വിചാരണസംഘം രാത്രിയിൽത്തന്നെ വിചാരണ നടത്തി യേശുവിനു ശിക്ഷ വിധിച്ചു. രാവിലെ സംഘം കൂടി വീണ്ടും അവനെതിരെ ഗൂഢാലോചന നടത്തി. ഇങ്ങനെയാണ് മത്തായിയും മർക്കൊസും എഴുതിയത്. ലൂക്കൊസ് രാവിലെ വിചാരണ നടത്തിയതായി പറയുന്നു. വധശിക്ഷ വിധിച്ചതായി പറയുന്നില്ല. യോഹന്നാൻ കയ്യഫാവിന്റെ മുമ്പിൽ ഹാജരാക്കി എന്നു പറയുന്നു. വിചാരണയുടെ വിശദാംശങ്ങൾ യോഹന്നാൻ വ്യക്തമാക്കുന്നില്ല.

### 3.6.3.1. പത്രൊസിന്റെ തള്ളിപ്പറയൽ

പത്രൊസിനോട് 'നീയും യേശുവിന്റെ കൂടെ ഉണ്ടായിരുന്നവനല്ലേ'യെന്നു പലരും ചോദിക്കുന്ന കാര്യം പല നിലയിലാണ് സുവിശേഷകർ അവതരിപ്പിക്കുന്നത്. ആദ്യം ഒരു വേലക്കാരിയും രണ്ടാമതു മറ്റൊരു വേലക്കാരിയും ചോദിക്കുന്നു. പിന്നെ അടുത്തുനിന്നവർ ചോദിച്ചു എന്നാണ് മത്തായി എഴുതിയിരിക്കുന്നത്. ഒരു വേലക്കാരിതന്നെ രണ്ടു തവണ ചോദിച്ചെന്നും പിന്നെ അടുത്തുനിന്നവർ ചോദിച്ചു എന്നുമാണ് മർക്കൊസ് എഴുതുന്നത്. ആദ്യം ഒരു വേലക്കാരി പത്രൊസിനോട് ചോദിച്ചതായും പിന്നെ രണ്ടുതവണ ഒരോരുത്തർ ചോദിച്ചതായും ലൂക്കൊസ് അവതരിപ്പിക്കുന്നു. ആദ്യം ഒരു വേലക്കാരി പിന്നെ രണ്ടാം തവണ ഭൃത്യരും വേലക്കാരും, മൂന്നാം തവണ പ്രധാനപുരോഹിതന്റെ ദാസനും പത്രൊസ് ചെവിയറുത്തവന്റെ ചാർച്ചക്കാരനുമായ ആൾ ചോദിച്ചു എന്ന് യോഹന്നാൻ എഴുതിയിരിക്കുന്നു.

പത്രൊസ് യേശുവിനെ കോഴി കൂകുന്നതിനു മുമ്പ് തള്ളിപ്പറയുമെന്ന കാര്യം നാലു സുവിശേഷകരും ഒരുപോലെ രേഖപ്പെടുത്തുന്നു. തള്ളിപ്പറഞ്ഞശേഷം യേശു തിരിഞ്ഞു പത്രൊസിനെ നോക്കി എന്നു ലൂക്കൊസ് മാത്രം പറയുന്നു. യേശുവിനെ തള്ളിപ്പറയുമെന്ന പ്രവചനം ഓർത്തപ്പോൾ പത്രൊസ് കരഞ്ഞതായി സമാന്തരസുവിശേഷകർ എല്ലാവരും എഴുതുന്നു. യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസ് പിന്നീട് ആത്മഹത്യ ചെയ്തത് മത്തായി മാത്രമേ സൂചിപ്പിച്ചിട്ടുള്ളൂ.

### 3.6.3.2. 'ആ മനുഷ്യൻ ഇതാ'

ഹെരോദാവ് യേശുവിനെ വിസ്തരിച്ചത് ലൂക്കൊസ് എഴുതുന്നു. പീലാത്തോസിന്റെ ഭാര്യ, യേശുവിന്റെ കാര്യത്തിൽ ഇടപെടരുതെന്നു പറഞ്ഞ് സന്ദേശം കൊടുക്കുന്നതും മത്തായിയുടെ ആഖ്യാനത്തിലേ വരുന്നുള്ളൂ.

ജനങ്ങൾ യേശുവിനെ ചുവന്ന മേലങ്കി ധരിപ്പിച്ച് മുള്ളുകൊണ്ട് കിരീടം മെടഞ്ഞ് രാജാവെന്നു പറഞ്ഞു പരിഹസിച്ചത് ലൂക്കൊസ് ഒഴികെ എല്ലാവരും എഴുതിയിരിക്കുന്നു. 'ആ മനുഷ്യൻ ഇതാ' എന്നു പറഞ്ഞ് പീലാത്തോസ് യേശുവിനെ പ്രദർശിപ്പിക്കുന്ന രംഗം യോഹന്നാന്റെ ആഖ്യാനത്തിലുണ്ട്. ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല എന്നു പറഞ്ഞു പീലാത്തോസ് കൈകഴുകിയ കാര്യം മത്തായിയിൽ കാണാം. കുറേനക്കാരനായ ശീമോനെ യേശുവിന്റെ കുരിശു ചുമപ്പിക്കുന്നത് സമാന്തരസുവിശേഷകർ എല്ലാവരും

എഴുതുന്നു. 'യെരൂശലേം പുത്രിമാരെ എന്നെച്ചൊല്ലി കരയേണ്ട നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവിൻ' എന്ന പരാമർശവും 'പച്ചമരത്തോട് ഇങ്ങനെ ചെയ്താൽ ഉണങ്ങിയതിന് എന്തു ഭവിക്കും' എന്നതും ലൂക്കൊസിന്റെ സുവിശേഷത്തിലേ ഉള്ളൂ.

കുരിശിലെ മേലെഴുത്ത് മൂന്നു ഭാഷയിൽ - എബ്രായ, റോമ, യവന - എഴുതിയ കാര്യം യോഹന്നാന്റെ വിവരണത്തിൽ കാണാം. യേശു യഹൂദന്മാരുടെ രാജാവ് എന്ന മേലെഴുത്ത് തിരുത്തി എഴുതണമെന്നു ജനങ്ങൾ ആവശ്യപ്പെട്ടതും 'ഞാനെഴുതിയത് എഴുതി' എന്നു പീലാത്തോസിന്റെ മറുപടിയും യോഹന്നാൻ രേഖപ്പെടുത്തുന്നു.

യേശുവിന്റെകൂടെ ക്രൂശിച്ച കള്ളന്മാരെപ്പറ്റി പല തരത്തിലാണു സുവിശേഷകർ വിവരിക്കുന്നത്. മത്തായിയും മർക്കൊസും എഴുതിയിരിക്കുന്നത് കള്ളന്മാർ രണ്ടു പേരും യേശുവിനെ പരിഹസിച്ചു എന്നാണ്. ലൂക്കൊസ് ഒരാൾ പരിഹസിച്ചതായും മറ്റെയാൾ യേശുവിനെ പരിഹസിച്ചവനെ ഭർത്സിച്ചതായും എഴുതിയിരിക്കുന്നു. ആ കള്ളൻ തങ്ങൾക്കു കിട്ടിയ ശിക്ഷ ന്യായമാണെന്നും യേശു നിരപരാധിയാണെന്നും എടുത്തുപറയുകയും ചെയ്തിട്ട് യേശുവിനോടു പ്രാർത്ഥിച്ച കാര്യവും പറയുന്നു. കള്ളന്മാരിൽ ഒരാൾക്ക് യേശു പറുദീസ വാഗ്ദാനം ചെയ്തകാര്യം ലൂക്കൊസ് മാത്രം സൂചിപ്പിക്കുന്നു. കള്ളന്മാരെപ്പറ്റി യോഹന്നാൻ ഒന്നുംതന്നെ വ്യക്തമാക്കുന്നില്ല.

'നീ ക്രിസ്തുവോ' എന്ന ചോദ്യത്തിന് യേശു മറുപടി പറഞ്ഞപ്പോൾ മഹാപുരോഹിതൻ വസ്ത്രം കീറിയ സവിശേഷസംഭവം മത്തായിയും മർക്കൊസും അവതരിപ്പിക്കുന്നുണ്ട്. മഹാപുരോഹിതൻ വസ്ത്രംകീറാൻ പാടില്ലെന്നാണ് പ്രമാണം.

**3.6.3.3. കുരിശിലെ മൊഴികൾ**

യേശു കുരിശിൽ കിടന്നുകൊണ്ട് ഏഴു പരാമർശങ്ങൾ നടത്തുകയുണ്ടായി. ഇവ ഏഴുമൊഴികൾ എന്ന് അറിയപ്പെടുന്നു. എന്നാൽ ഈ ഏഴുമൊഴികളും പൂർണ്ണമായി ഒരു സുവിശേഷകരും രേഖപ്പെടുത്തിയിട്ടില്ല. ഏഴുമൊഴികൾ യഥാക്രമം താഴെ കൊടുക്കുന്നു.

- ''ഏകദേശം ഒമ്പതാംമണി നേരത്തു യേശു: ഏലി, ഏലി ലമ്മാ ശബക്താനി എന്ന് ഉറക്കെ നിലവിളിച്ചു; എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത് എന്നർത്ഥം'' (മത്താ.27:46-47, മർക്കൊ.15:34).

- ''എന്നാൽ യേശു: പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കണമേ എന്നു പറഞ്ഞു'' (ലൂക്കൊ.23:34).

- ''യേശു അവനോട് : ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു എന്നു പറഞ്ഞു'' (ലൂക്കൊ.23:43).

- ''യേശു അത്യുച്ചത്തിൽ പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കൈയിൽ ഏല്പിക്കുന്നു എന്നു നിലവിളിച്ചു പറഞ്ഞു'' (ലൂക്കൊ.23:46).

- ''അതിന്റെശേഷം സകലവും തികഞ്ഞിരിക്കുന്നു എന്നു യേശു അറിഞ്ഞിട്ട് തിരുവെഴുത്തു നിവൃത്തിയാകുംവണ്ണം: എനിക്കു ദാഹിക്കുന്നു എന്നു പറഞ്ഞു'' (യോഹ.19:28).

- ''യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും നില്ക്കുന്നത് കണ്ടിട്ട്: സ്ത്രീയേ, ഇതാ, നിന്റെ മകൻ എന്ന് അമ്മയോടു പറഞ്ഞു. പിന്നെ ശിഷ്യനോട്: ഇതാ, നിന്റെ അമ്മ എന്നും പറഞ്ഞു. ആ നാഴികമുതൽ ആ ശിഷ്യൻ അവളെ തന്റെ വീട്ടിൽ കൈക്കൊണ്ടു'' (യോഹ.19:26-27).

- ''യേശു പുളിച്ച വീഞ്ഞു കുടിച്ചശേഷം : നിവൃത്തിയായി എന്നു പറഞ്ഞു തല ചായിച്ച് ആത്മാവിനെ ഏല്പിച്ചുകൊടുത്തു'' (യോഹ.19:30).

യേശുവിന്റെ ക്രൂശിലെ ഏഴുമൊഴികളിൽ എല്ലാം എല്ലാ സുവിശേഷങ്ങളിലുമില്ല. മത്തായി ഒരു മൊഴിയേ എഴുതിയിട്ടുള്ളൂ (27:46). അത് മർക്കൊസും എഴുതിയിട്ടുണ്ട് (15:34). ഏഴുമൊഴികളിൽ മൂന്നെണ്ണം ലൂക്കൊസ് രേഖപ്പെടുത്തുന്നു (ലൂക്കൊ.23:34, 23:43, 23:46). മൂന്നെണ്ണം യോഹന്നാനും എഴുതിയിട്ടുണ്ട് (യോഹ.19:26-27, 19:28, 19:30).

യേശു ജീവൻ വെടിഞ്ഞപ്പോൾ ദൈവാലയത്തിലെ തിരശ്ശീല മേൽതൊട്ട് അടിയോളം രണ്ടായി കീറിപ്പോയത് സമവീക്ഷണസുവിശേഷകർ എല്ലാവരും എഴുതിയിട്ടുണ്ട്. യോഹന്നാന്റെ സുവിശേഷത്തിൽ ഇതില്ല.

ആഖ്യാനനവീനതകൾ ഇല്ലെങ്കിലും ഈ രചനാഭാഗങ്ങൾക്ക് പ്രതിപാദ്യപരമായി വലിയ പ്രസക്തിയുണ്ട്. ക്രിസ്തീയദർശനങ്ങളുടെ അതിപ്രധാനവസ്തുതകൾ ഉൾച്ചേർന്നതാണ് ഈ ആഖ്യാനഖണ്ഡങ്ങൾ. അതുപോലെ ഒരു സംഭവഘടന (Fabula) എങ്ങനെ വ്യത്യസ്ത വ്യവഹാരഘടനയായി (Suzhet) മാറുന്നു എന്നതിന്റെ ബൈബിളിൽനിന്നുള്ള പ്രത്യക്ഷോദാഹരണങ്ങളാണ് യേശുവിന്റെ പീഡാനുഭവവിവരണങ്ങളിലെ തരഭേദങ്ങൾ.

സുവിശേഷങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ യേശുവിന്റെ ജീവിതകഥകളിൽ സാദൃശ്യങ്ങളും വൈജാത്യങ്ങളും കാണാവുന്നതാണ്. യേശുവിന്റെ യെരൂശലേമിലേക്കുള്ള രംഗപ്രവേശം, ശിഷ്യന്മാരുമൊത്തുള്ള യേശുവിന്റെ അന്ത്യ അത്താഴം, യേശുവിന്റെ ഒറ്റിക്കൊടുക്കൽ, യേശുവിനെ പിടികൂടുന്നത്, പത്രൊസിന്റെ തള്ളിപ്പറച്ചിൽ, പീലാത്തോസിന്റെ വിസ്താരം, യേശുവിനെ ക്രൂശിക്കാൻ പീലാത്തോസ് ജനങ്ങൾക്കു വിട്ടുകൊടുക്കുന്നത്, യേശുവിന്റെ ക്രൂശീകരണം, കല്ലറയിൽ യേശുവിന്റെ ശരീരം അടക്കം ചെയ്യുന്നത്. യേശുവിന്റെ ഉയിർപ്പ് എന്നിവ ഏറിയും കുറഞ്ഞും എല്ലാ സുവിശേഷങ്ങളിലും കാണാം.

ഒരു സുവിശേഷത്തിൽ മാത്രമുള്ള അനന്യമായ സംഗതികളും ഉണ്ട്. ആഖ്യാതാക്കളുടെ വീക്ഷണവ്യത്യാസമാണ് ഇവയ്ക്കെല്ലാം കാരണം. തങ്ങളുടെ രചനാലക്ഷ്യത്തിനു പൂരകമായ സംഭവങ്ങൾ പ്രാധാന്യത്തോടെ എല്ലാവരും അവതരിപ്പിച്ചു. ഇതിനിടയിലും യേശുവിന്റെ ദൈവത്വവും രക്ഷാപദ്ധതിയും ആരും സൂചിപ്പിക്കാൻ വിട്ടുപോയിട്ടില്ല.

സുവിശേഷങ്ങൾ യേശുവിന്റെ സമ്പൂർണ്ണജീവചരിത്രം അല്ല. അങ്ങനെയൊരു ലക്ഷ്യം രചയിതാക്കൾക്കാർക്കും ഉണ്ടായിരുന്നുമില്ല. രചനാലക്ഷ്യം തുറന്നെഴുതുന്നത് യോഹന്നാൻ മാത്രമാണ്. ''ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റ് അനേകം അടയാളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇത് എഴുതിയിരിക്കുന്നു'' (20:30-31). ഇതുതന്നെയായിരുന്നു മറ്റു സുവിശേഷകരുടെയും ഉദ്ദേശ്യം. അതുകൊണ്ട് വായനക്കാരിൽ യേശുവിന്റെ രക്ഷാകരദൗത്യവും ദൈവത്വവും ബോദ്ധ്യപ്പെടുത്താൻ അനിവാര്യമായ സംഭവങ്ങൾ മാത്രമേ സുവിശേഷകർ ആഖ്യാനം ചെയ്തിട്ടുള്ളൂ. അതുകൊണ്ടാണ് ആധുനികജീവചരിത്രങ്ങളിൽനിന്നു വ്യത്യസ്തമായി സുവിശേഷങ്ങൾ എന്ന അതുല്യമായ സാഹിത്യരൂപമായി അവ ഇന്നും അറിയപ്പെടുന്നത്.

''വളരെ ചുരുക്കിയിട്ടാണ് ക്രിസ്തുകഥ സുവിശേഷങ്ങളിൽ വർണ്ണിച്ചിരിക്കുന്നത്. ക്രിസ്തു ചെയ്ത കർമ്മങ്ങളെല്ലാം എഴുതിയിരുന്നെങ്കിൽ ആ പുസ്തകങ്ങളെല്ലാം വെക്കാൻ ഭൂമിയിൽ സ്ഥലം കാണില്ലായിരുന്നു എന്ന വാക്യത്തിലാണല്ലോ യോഹന്നാന്റെ സുവിശേഷഗ്രന്ഥം ഉപസംഹരിക്കുന്നത്. കഥാസംഗ്രഹണം എത്രമാത്രം നടന്നിരുന്നുവെന്ന് ഇതിൽനിന്ന് ഊഹിക്കാം. ശൈലിയുടെ ശക്തിതീവ്രതയ്ക്കു കാരണം ഇതായിരിക്കാം'' (സുകുമാർ 1986:307). യേശുസംഭവത്തിന്റെ തിരഞ്ഞെടുത്ത ആഖ്യാനങ്ങൾ മാത്രമാണ് സുവിശേഷകർ എല്ലാവരും രേഖപ്പെടുത്തിയത്. വായനക്കാരിൽ ദൈവവിശ്വാസം വളർത്താനുള്ള മാധ്യമം മാത്രമായിരുന്നു സുവിശേഷങ്ങൾ. സുവിശേഷകർ ഉൾക്കൊള്ളിച്ചവയും വിട്ടുകളഞ്ഞവയുമായ സംഭവങ്ങൾക്കു പിന്നിൽ ഈയൊരു ലക്ഷ്യമേയുണ്ടായിരുന്നുള്ളൂ. ഇതു മനസ്സിലാക്കാതെ ഇന്നും സുവിശേഷങ്ങളുടെ എഴുതാപ്പുറങ്ങൾ അന്വേഷിക്കുന്നവർ യേശുവിനെയോ സുവിശേഷകരുടെയോ ഉദ്ദേശ്യത്തെ ഉൾക്കൊള്ളാത്തവരാണ്.

# അധ്യായം നാല്

# ഉപമകളുടെ കലാതന്ത്രം

### 4.0. ഉപമയുടെ നിർവചനം

ഉപമ (Parable) എന്നാൽ കഥയെന്നർത്ഥം. ഒരു ആത്മീയസന്ദേശമോ ഗുണപാഠമോ ലളിതമായി അവതരിപ്പിക്കുന്ന കഥ ഉപമ എന്നറിയപ്പെടുന്നു. ഒരു സനാതനധാർമ്മികമൂല്യത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച നൽകുന്നു ഉപമ. 'പരബൊലെ' എന്ന ഗ്രീക്കുവാക്കിൽനിന്നാണ് പാരബിൾ എന്ന ആംഗലപദമുണ്ടായത്. പാരബിളിന്റെ പരിഭാഷയാണ് ഉപമ. താരതമ്യത്തിനായി ഒന്ന് ഒന്നിനോടു ചേർത്തുവയ്ക്കുക എന്നാണിതിനർത്ഥം. ആലങ്കാരികാർത്ഥത്തിൽ രണ്ടു കാര്യങ്ങൾ തമ്മിൽ സാദൃശ്യപ്പെടുത്തുന്നതാണ് ഉപമ. അദൃശ്യമായ സ്വർഗരാജ്യതത്ത്വങ്ങൾ ദൃശ്യവത്കരിക്കുകയോ ദൃഷ്ടാന്തവത്കരിക്കുകയോ ചെയ്യുന്നവയാണ് ബൈബിളിലെ ഉപമകൾ. ഭൗതികവസ്തുതകൾ ഉപയോഗിച്ച് ആദ്ധ്യാത്മികസത്യങ്ങൾ ആഖ്യാനം ചെയ്യുന്നു ഉപമകൾ. ധാർമ്മികതയോ ആത്മീയതയോ ഉള്ള സന്ദേശം നൽകുക, ഏതെങ്കിലും ഒരാശയം ഉദാഹരിക്കുക എന്നിവയാണ് ഉപമയുടെ ലക്ഷ്യം. ഭാരതീയാഖ്യാനങ്ങളിലെ സാരോപദേശകഥകൾക്കു സമാനമാണ് ഉപമകൾ.

ഉപമ അന്യാപദേശത്തിൽനിന്നു (Alligory) വ്യത്യസ്തമാണ്. ഉപമ വിശദീകരിച്ചാൽ അന്യാപദേശമാകും. അന്യാപദേശത്തിൽ എല്ലാ ഘടകങ്ങൾക്കും വിശദീകരണമാവശ്യമാകുമ്പോൾ, ഉപമയിൽ ഒരു പ്രധാനഘടകം അഥവാ ആശയം മാത്രമാണ് സാദൃശ്യത്തിനായി ചേർക്കുന്നത്. അന്യാപദേശം അഥവാ ലക്ഷണകഥയ്ക്കു വിപരീതമായി ഉപമയിൽ ചെയ്യുന്നത് ഒരേയൊരു രൂപകം വിശദാംശങ്ങൾ ചേർത്ത് കഥാരൂപത്തിൽ വികസിപ്പിച്ചെടുക്കുകയാണ്. പ്രത്യേകസ്ഥിതിവിശേഷം ചിത്രീകരിക്കുന്നതിനുള്ള മാധ്യമങ്ങൾ മാത്രമാണ് വിശദാംശങ്ങൾ. ഒരോ വിശദാംശത്തിനും പ്രത്യേകം പ്രത്യേകം അർത്ഥമില്ല. ഉദാഹരണമായി ധൂർത്തപുത്രൻ തിരിച്ചുവന്നപ്പോൾ പിതാവു നൽകിയ സ്വീകരണത്തെ വിവരിക്കാൻ  ചെരുപ്പ്, വസ്ത്രം, കാളക്കുട്ടി, മോതിരം, വിരുന്ന് മുതലായവ എടുത്തിരിക്കുന്നു. ഇവയെല്ലാം ചേർന്ന് വ്യക്തമാക്കുന്നത് പിതൃഭവനത്തിൽ പുത്രനു ലഭിച്ച വികാരോഷ്മളമായ സ്വീകരണമാണ്. ഓരോ വിശദാംശവും അതിൽത്തന്നെ പ്രത്യേകമായി ഒരു സന്ദേശവും പകരുന്നില്ല.

പുതിയനിയമത്തിലാണ് കൂടുതൽ കാണപ്പെടുന്നതെങ്കിലും ഉപമകളുടെ വേര് പഴയനിയമത്തിൽത്തന്നെയാണ്. വൃക്ഷങ്ങൾ ഒരു രാജാവിനെ അഭിഷേകം ചെയ്യുന്നതിനെപ്പറ്റിയുള്ള ഉപമ ന്യായാധിപന്മാരുടെ പുസ്തകത്തിലുണ്ട് (9:7-15). വ്യഭിചാരം ചെയ്ത

ദാവീദുരാജാവിനോട് 'ആ മനുഷ്യൻ നീ തന്നെ' എന്നു പറയുന്നത് ദരിദ്രന്റെ പെൺകുഞ്ഞാട് എന്ന ഉപമയിലാണ് (2 ശമൂ.12:1-4). രണ്ടു സഹോദരന്മാരുടെ കലഹം (2 ശമൂ.14:5-24), മുൾപ്പടർപ്പും ദേവദാരുവും (ന്യായാ.9:14-15), രക്ഷപ്പെട്ട തടവുകാരൻ (1 രാജാ.20:35-49) തുടങ്ങിയവ പഴയനിയമത്തിലെ പ്രധാനപ്പെട്ട ഉപമകളാണ്.

എല്ലാ ഉപമകളും യാഥാർത്ഥ്യത്തിൽനിന്നും പരിവർത്തിപ്പിച്ച സത്യത്തെയാണു വെളിപ്പെടുത്തുന്നത്. കഥ ഭൗതികമാണ്, പരിചിതമാണ്. എന്നാൽ സത്യം ആത്മീയമാണ്, അപരിചിതമാണ്. വിശ്വാസികൾക്ക് സത്യം വെളിപ്പെടുത്താനും അവിശ്വാസികളിൽനിന്നു സത്യം മറയ്ക്കുവാനുമായിരുന്നു ഉപമകൾ ഉപയോഗിച്ചത്. യേശുക്രിസ്തു ഇക്കാര്യം വ്യക്തമാക്കിയിട്ടുമുണ്ട്. ''ഒരു തത്ത്വം വെളിപ്പെടുത്താൻ ഉപമകൾ ഉപയോഗപ്പെടുത്തുന്നതിലുള്ള ഒരു പ്രയോജനം വാക്കുകൾ ഉപയോഗിച്ചുകൊണ്ടുതന്നെ വാക്കുകളുടെ പരിമിതിയെ അതിലംഘിക്കാൻ സാധിക്കും എന്നതാണ്'' എന്ന നിരീക്ഷണം ഉപമയെ സംബന്ധിച്ച് വളരെ പ്രസക്തമാണ് (നാരായണപ്രസാദ് 2011:273).

ഉപമകളിലൂടെ സന്ദേശം ആവിഷ്കരിക്കുക യേശുവിന്റെ പ്രബോധനരീതിയുടെ സവിശേഷതയായിരുന്നു. തത്ത്വചിന്താപരവും ദുർഗ്രഹവുമായ ആശയങ്ങൾ വിരസമായി ആഖ്യാനം ചെയ്താൽ മനസ്സിൽ പതിയുകയില്ല. അനുദിനജീവിതപശ്ചാത്തലത്തിൽനിന്നും അടർത്തിയെടുത്ത ചിത്രീകരണങ്ങളും സാദൃശ്യങ്ങളും ഭാവനകളും സജീവത്വം തുളുമ്പുന്ന സരളഭാഷയിലൂടെ വിവരിച്ചാൽ മാത്രമേ ഫലവത്താവുകയുള്ളൂ. ശ്രോതാക്കളുടെ സാധാരണജീവിതത്തെ ഗാഢമായി സ്പർശിക്കുന്നതും അവർ നിരന്തരം അനുഭവിക്കുന്നതുമായ ലൗകികയാഥാർത്ഥ്യങ്ങൾ വഴി തന്റെ സ്വർഗീയസന്ദേശം യേശു ആവിഷ്കരിച്ചു. വിത്ത്, വിത, കൊയ്ത്ത്, വയൽ, കോതമ്പ്, കള, അത്തി, മുന്തിരിത്തോട്ടം, കടുകുമണി, പുളിച്ചമാവ്, ആട്, ഇടയൻ, ചെന്നായ്, വിളക്ക്, കൂലി, വിവാഹവിരുന്ന് തുടങ്ങി സാമാന്യജനങ്ങളുടെ ജീവിതയാഥാർത്ഥ്യങ്ങൾ സമന്വയിപ്പിച്ചാണ് യേശു ഉപമകൾക്കു രൂപം നൽകിയത്. യേശു മുപ്പതുവർഷം ജീവിച്ച ഗ്രാമജീവിതത്തിന്റെയും മുക്കുവരുടെയും ജീവിതത്തിൽനിന്നു സ്വീകരിച്ചവയായിരുന്നു ഉപമയുടെ കരുക്കൾ. ഉപമകളിൽ കഥാത്മകതയോടൊപ്പം കവിതാത്മകത കൈവരുത്തുവാനും ഇതെല്ലാം ഇടവരുത്തി. ''യേശുക്രിസ്തു ഉപമകളിലൂടെ സംസാരിച്ചു എന്നതിനർത്ഥം അദ്ദേഹം കവിതയുടെ ഭാഷ ഉപയോഗിച്ചു എന്നാണ്. കവിതയുടെ ഭാഷ ഉപയോഗിച്ചതുകൊണ്ട് ക്രിസ്തുവചനങ്ങൾക്ക് അനേകരെ ആകർഷിക്കാനും വശീകരിക്കാനുമായി. കവിതയുടെ ഭാഷ സംസാരിക്കുമ്പോഴാണ് കൂടുതലാളുകൾ അതു കേൾക്കുക. കവിതയുടെ വ്യാപനശക്തി അപാരമാണ്'' (സജയ് 2016:31).

എന്തായിരുന്നു ഉപമകൾകൊണ്ട് ആഖ്യാതാക്കൾ ലക്ഷ്യമാക്കിയതെന്ന ഒരു നിരീക്ഷണം നോക്കുക. ''ഉപമകളിൽ ഈശോ ഉപയോഗിക്കുന്ന ഭാഷയിൽ പ്രകടമായ മതാത്മകത നന്നേ കുറവാണ്. അവയിൽ ദൈവത്തിന്റെ നന്മയും പരിശുദ്ധിയും മഹത്വവും മറ്റു സവിശേഷതകളും ദൈവശാസ്ത്രപരമായി നിർദ്ധാരണം ചെയ്യപ്പെടുന്നില്ല. മനു

ഷ്യന്റെ മാഹാത്മ്യമോ നിസ്സാരതയോ പാപാവസ്ഥയോ ഒന്നും തത്ത്വചിന്താപരമായി പ്രതിപാദിക്കപ്പെടുന്നുമില്ല. മറിച്ച് ഗലീലയിലെ സാധാരണമനുഷ്യരുടെ ജീവിതാനുഭവപ ശ്ചാത്തലത്തിൽ സുലഭമായ സജീവരംഗങ്ങൾ ചിത്രീകരിച്ചാണ് അവിടുന്ന് തന്റെ ദൈവ രാജ്യസന്ദേശം ആവിഷ്കരിച്ചത്'' (മാത്യു 1993:159).

സുവിശേഷങ്ങളിൽ ഉപമ എന്ന പദം വിശാലമായ അർത്ഥത്തിൽ വ്യവഹരിക്കപ്പെ ടുന്നു. ഉപമ, രൂപകം മുതലായ അലങ്കാരങ്ങളെയും യേശുവിന്റെ അസാധാരണമോ ആല ങ്കാരികമോ ആയ പ്രസ്താവനകളെയും ഈ വാക്കുപയോഗിച്ചു സൂചിപ്പിക്കാറുണ്ട്.

''ദൈവരാജ്യത്തെ ഏതിനോട് ഉപമിക്കേണ്ടു? അതു പുളിച്ചമാവിനോടു തുല്യം'' (ലൂക്കൊ.13:20).

''അവൻ ഒരു ഉപമയും അവരോടു പറഞ്ഞു: കുരുടനു കുരുടനെ വഴികാട്ടുവാൻ കഴിയുമോ? ഇരുവരും കുഴിയിൽ വീഴുകയില്ലയോ?'' (ലൂക്കൊ.6:39).

എന്നാൽ ഇവ നല്ല ശമര്യാക്കാരന്റെ ഉപമ, മുടിയനായ പുത്രൻ എന്നിവപോലെ അല്ല. ഹ്രസ്വപ്രസ്താവനകളും കഥാത്മകതയില്ലാത്തതുമാണ്.

ഉപമകൾ സാഹിത്യരൂപത്തിന്റെ കാര്യത്തിൽ ഒരേ നിലവാരത്തിലുള്ളതല്ല. ചില ഉപമകൾ കഥാത്മകസ്വഭാവം പ്രകടിപ്പിക്കുന്നവയാണ്. ചിലത് കഥാത്മകതയില്ലാത്ത ചുരുക്കിപ്പറച്ചിലുകൾ (Brief Sayings) മാത്രമായിരിക്കും. അതുകൊണ്ട് പുതിയനിയമ ത്തിൽ എത്ര ഉപമകൾ ഉണ്ടെന്നു തിട്ടപ്പെടുത്താനാകില്ല. ഉപമയുടെ എണ്ണത്തെപ്പറ്റി പണ്ഡിതന്മാർക്ക് ഏകാഭിപ്രായം ഇല്ല. കഥാസ്വഭാവം പ്രകടിപ്പിക്കുന്ന ഉപമകൾ മാത്ര മാണ് ഇവിടെ വിശകലനത്തിനു വിധേയമാക്കുന്നത്. തിരഞ്ഞെടുത്ത 24 ഉപമകളുടെ രച നാശില്പപര്യാലോചന ഈ അധ്യായത്തിൽ നിർവഹിക്കുന്നു.

**4.1. സ്വർഗരാജ്യത്തെപ്പറ്റിയുള്ള ഉപമകൾ**

പുതിയനിയമത്തിലെ പ്രധാനപ്പെട്ട പ്രമേയം സ്വർഗരാജ്യമാണ്. പ്രത്യക്ഷ മായിത്തന്നെ സ്വർഗരാജ്യത്തെപ്പറ്റി സുവിശേഷങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. അതുകൂ ടാതെ മുഖ്യകഥാരേഖയെ പൂരിപ്പിക്കുന്ന ഉപമകൾ എന്ന ഉപകഥാരേഖയുമുണ്ട്. 1. വിത യ്ക്കുന്നവന്റെ ഉപമ. 2. കളകളുടെ ഉപമ. 3. കടുകുമണിയുടെ ഉപമ. 4. പുളിച്ചമാവ്. 5. ഒളിച്ചുവച്ച നിധി. 6. വിലയേറിയ മുത്ത്. 7. വല 8. മുന്തിരിത്തോട്ടത്തിലെ വേലക്കാർ. 9. രണ്ടു പുത്രന്മാർ. 10. ക്രൂരന്മാരായ കുടിയാന്മാർ. 11. വളരുന്ന വിത്ത്. 12. വലിയ അത്താഴം എന്നിവയാണ് ഈ ഇനത്തിൽപ്പെട്ട പ്രധാന ഉപമകൾ. ഒരുപമയും സ്വർഗരാജ്യത്തിന്റെ എല്ലാ സവിശേഷതയും വെളിപ്പെടുത്തുന്നില്ല. സ്വർഗരാജ്യത്തിന്റെ പലവിധ സ്വഭാവങ്ങൾ ഓരോ ഉപമയും പറഞ്ഞുതരുന്നു. ഈ വിഭാഗത്തിൽപെടുന്ന കടുകുമണി, പുളിച്ചമാവ്, ഒളിച്ചുവച്ച നിധി, വിലയേറിയ മുത്ത്, വല എന്നിവ സാദൃശ്യകല്പനകൾ മാത്രമാണ്. അതിനാൽ അവ ഇവിടെ വിശദമായി നിരീക്ഷിക്കുന്നില്ല.

**4.1.1. വിതയ്ക്കുന്നവന്റെ ഉപമ**

വിതക്കുന്നവൻ വിതച്ചപ്പോൾ ചിലത് വഴിയരികിൽ വീണു. പറവകൾ അവ തിന്നു കളഞ്ഞു. മറ്റുചിലത് പാറസ്ഥലത്ത് ഏറെ മണ്ണില്ലാത്തിടത്തു വീണു. ക്ഷണത്തിൽ മുളച്ചെങ്കിലും മണ്ണില്ലാത്തതിനാൽ ഉണങ്ങിപ്പോയി. ചിലതു മുള്ളിനിടയിൽ വീണു. മുള്ളു മുളച്ചു വളർന്ന് അതിനെ ഞെരുക്കിക്കളഞ്ഞു. ചിലതു നല്ല നിലത്തു വീണു. അതു നന്നായി വളർന്നു. നല്ല ഫലം കൊടുത്തു. ഇതാണ് ഉപമയുടെ ഉള്ളടക്കം.

എല്ലാ സമാന്തരസുവിശേഷങ്ങളിലുമുള്ള ഉപമയാണിത് (മത്താ.13:3-9, 18-23, മർക്കൊ.4:4-9, 4:13-20, ലൂക്കൊ.8:4-8, 8:11-15). ഏതെങ്കിലും ഒരു പ്രശ്നമോ ചോദ്യമോ ഉന്നയിക്കപ്പെടുമ്പോൾ അതു വിശദീകരിക്കാനായി ഉപമ പറയാറുണ്ട്. ഇത് അങ്ങനെയല്ല. നേരേ വിഷയം അവതരിപ്പിക്കുന്ന തരത്തിലുള്ള ഉപമയാണ്. ഇതിൽ മത്തായിയുടെ സുവിശേഷത്തിലെ ആഖ്യാനമാണ് ആകർഷകം. ഉപമ ദീർഘമായി പ്രതിപാദിക്കുന്നതും മത്തായിയാണ്. യേശുവിന്റെ പ്രബലമായ പ്രബോധനതന്ത്രം എന്തുകൊണ്ട് ഉപമയായി എന്നതിനു ശക്തമായ വിശദീകരണമായി മത്തായിയുടെ ഉപമാവതരണം മാറുന്നു. ഉപമയുടെ ആഖ്യാനസ്ഥലം എടുത്തുപറയുന്നു. മത്തായിയിലും മർക്കൊസിലും യേശു പടകിൽ കയറി കടലിൽ - ഗലീല - ഇരുന്നു എന്നും പുരുഷാരം കരയിൽ ഇരുന്നു എന്നും സൂചിപ്പിക്കുന്നു. ലൂക്കൊസ് കടൽക്കര എന്ന സ്ഥലസൂചന നൽകുന്നില്ല (8:4). 'കേൾപ്പിൻ' എന്ന് മർക്കൊസ് മാത്രമേ കഥയ്ക്കു മുമ്പായി പറയുന്നുള്ളൂ (4:3). വിത്തിനെപ്പറ്റി മത്തായി 'രാജ്യത്തിന്റെ വചനം', മർക്കൊസ് 'വചനം', ലൂക്കൊസ് 'ദൈവവചനം' എന്നിങ്ങനെ ചെറിയ ഭേദത്തോടെയാണ് പറയുന്നത് (മത്താ.13:19, മർക്കൊ.4:14, ലൂക്കൊ.8:11).

ബൈബിളിലെ മുഖ്യകഥാരേഖയെ (Main Storyline) ബലപ്പെടുത്തുന്ന വളരെ പ്രസിദ്ധമായ ഉപമയാണിത്. ദൈവരാജ്യം ബൈബിളിലെ പ്രധാനപ്രതിപാദ്യമാണ്. ദൈവരാജ്യത്തെക്കുറിച്ചുള്ള ഉപമകൾ എന്നു പൊതുവായിപ്പറയുന്ന 7 ഉപമകൾ മത്തായിയുടെ സുവിശേഷം 13-ാം അധ്യായത്തിൽ ക്രമമായി രേഖപ്പെടുത്തിയിട്ടുണ്ട്. മർക്കൊസും ലൂക്കൊസും അല്പം ഭേദത്തോടെ ഈ ഉപമകളിൽ മിക്കതും ആവിഷ്കരിക്കുന്നു. മർക്കൊസും ലൂക്കൊസും ദൈവരാജ്യമെന്നും മത്തായി സ്വർഗരാജ്യം എന്നും പ്രയോഗിക്കുന്നു. അർത്ഥഭേദം വരാതെയുള്ള പദഭേദം മാത്രമാണിവ. വിതയ്ക്കുന്നവന്റെ ഉപമയും കടുകുമണിയുടെ ഉപമയും മൂന്നു സുവിശേഷകരും ആഖ്യാനം ചെയ്യുന്നു. പുളിച്ചമാവിന്റെ ഉപമ മത്തായിയും ലൂക്കൊസും മാത്രമാണ് അവതരിപ്പിക്കുന്നത്.

ആദ്യത്തേത് വിതയ്ക്കുന്നവന്റെ ഉപമയാണ്. ഇത് സ്വർഗരാജ്യത്തിന്റെ ഉപമയല്ല. മറ്റ് സ്വർഗരാജ്യത്തെപ്പറ്റിയുള്ള ഉപമകൾക്ക് മുഖവുര എന്ന നിലയിലാണ് വിതയ്ക്കുന്നവന്റെ ഉപമ അവതരിപ്പിക്കുന്നത്. വിതയ്ക്കുന്നവന്റെ ഉപമയെ സ്വർഗരാജ്യത്തോട് സാദൃശ്യപ്പെടുത്തുന്നില്ല. പിന്നീടുവരുന്ന ആറ് ഉപമകളെപ്പറ്റി മാത്രമേ സ്വർഗരാജ്യത്തോടു

സദൃശം എന്നു പറയുന്നുള്ളൂ. മറ്റു  സുവിശേഷങ്ങളിലും വിതയ്ക്കുന്നവന്റെ ഉപമയ്ക്ക് ദൈവരാജ്യത്തോട് സാദൃശ്യം പറഞ്ഞിട്ടില്ല.

മത്തായിയുടെ സുവിശേഷം 13-ാം അധ്യായത്തിലെ 7 ഉപമകളിൽ 4 എണ്ണം യേശു കടൽത്തീരത്തുവച്ചു പരസ്യമായി പറഞ്ഞു. 4 ഉപമകൾ പറഞ്ഞിട്ട് യേശു ജന ങ്ങളെ പറഞ്ഞുവിട്ടു. 3 എണ്ണം വീട്ടിൽ വന്ന് ശിഷ്യന്മാരോടു മാത്രം പറഞ്ഞു (13:36). മത്തായി അവതരിപ്പിക്കുന്ന ഏഴ് ഉപമകളിൽ മൂന്നെണ്ണം ലൂക്കൊസും രണ്ടെണ്ണം മർക്കൊ സും അവതരിപ്പിക്കുന്നു. കടുകുമണിയുടെ ഉപമ മൂന്നിടത്തും ഉണ്ട് (മത്താ.13:31-32, മർക്കൊ. 4:30-32, ലൂക്കൊ.13:18-19). പുളിച്ചമാവിന്റെ ഉപമ മത്തായിയും ലൂക്കൊസും മാത്രമാണ് ആവിഷ്കരിക്കുന്നത് (മത്താ.13:33, ലൂക്കൊ.13:20-21). വിതയ്ക്കുന്നവന്റെ ഉപമ ദൈവരാജ്യത്തിന്റെ വളർച്ചയും അതിനോടുള്ള മനുഷ്യരുടെ പ്രതികരണവും വ്യക്തമാ ക്കുന്നു.

മൂന്നു സുവിശേഷകരുടെയും ആഖ്യാനങ്ങളിൽ നേരിയ വ്യത്യാസം ഉണ്ട്. മത്താ യിയിൽ വിത്ത് 'നൂറും അറുപതും മുപ്പതും മേനിയായി വളർന്നു' എന്ന് അവരോഹണക്ര ത്തിലാണ് അവതരണം. മുപ്പതും അറുപതും നൂറും മേനിയായി വിളഞ്ഞു എന്ന്  ആരോ ഹണക്രമത്തിലാണ് മർക്കൊസിന്റെ ആഖ്യാനം. ലൂക്കൊസ് മുപ്പത്, അറുപത് എന്നീ സംഖ്യകൾ പരാമർശിക്കുന്നില്ല. 'നൂറ് മേനി ഫലം കൊടുത്തു' എന്നാണ് പരാമർശിക്കു ന്നത് (8:8).

അനുപ്രയോഗക്രിയ നിബന്ധിച്ച് ആവിഷ്കാരത്തിന് അർത്ഥമേന്മയുണ്ടാക്കുന്ന ഭാഗങ്ങൾ ഈ ഉപമയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പാറസ്ഥലത്തു വീണ വിത്തിനെപ്പറ്റി പറയുന്നത് ഇങ്ങനെയാണ്.

''സൂര്യൻ ഉദിച്ചാറെ, ചൂടു തട്ടി, വേർ ഇല്ലായ്കയാൽ അത് ഉണങ്ങിപ്പോയി'' (മത്താ.13:6).

''മറ്റുചിലത് പാറമേൽ വീണ് മുളച്ചു നനവില്ലായ്കയാൽ ഉണങ്ങിപ്പോയി'' (ലൂക്കൊ. 8:6).

ഓ എന്ന് നിപാതം ക്രിയാന്ത്യത്തിൽ ഇണക്കിച്ചേർത്ത് ആശയത്തിന് അസാധാര ണമായ ഊന്നൽ കൊടുക്കുന്ന വാക്യങ്ങൾ മത്തായിയുടെ കഥാശില്പത്തിന് മികവുണ്ടാ ക്കുന്നു.

''പാറസ്ഥലത്തു വിതയ്ക്കപ്പെട്ടതോ, ഒരുത്തൻ വചനം കേട്ടിട്ട് ഉടനെ സന്തോഷ ത്തോടെ കൈക്കൊള്ളുന്നത് ആകുന്നു'' (13:20).

''മുള്ളിനിടയിൽ വിതയ്ക്കപ്പെട്ടതോ, ഒരുത്തൻ വചനം കേൾക്കുന്നു എങ്കിലും ഈ ലോകത്തിന്റെ ചിന്തയും ധനത്തിന്റെ വഞ്ചനയും വചനത്തെ ഞെരുക്കീട്ടു നിഷ്ഫല നായിത്തീരുന്നതാകുന്നു'' (13:22).

''നല്ല നിലത്തു വിതയ്ക്കപ്പെട്ടതോ ഒരുത്തൻ വചനം കേട്ടു ഗ്രഹിക്കുന്നത് ആകുന്നു'' (13:23).

ലൂക്കൊസിന്റെ സുവിശേഷത്തിലും ഈ പ്രയോഗം പിന്തുടരുന്നുണ്ട്; വേറെ ക്രിയ കളിലാണെന്നേ വ്യത്യാസമുള്ളൂ.

''പാറമേലുള്ളവരോ കേൾക്കുമ്പോൾ വചനം സന്തോഷത്തോടെ കൈക്കൊള്ളു ന്നവർ എങ്കിലും അവർക്കു വേരില്ല'' (8:13).

''മുള്ളിനിടയിൽ വീണതോ കേൾക്കുന്നവർ എങ്കിലും പോയി, ചിന്തകളാലും ധന ത്താലും സംസാരഭോഗങ്ങളാലും ഞെരുങ്ങി പൂർണ്ണമായി ഫലം കൊടുക്കാത്തവരത്രേ'' (8:14).

''നല്ല മണ്ണിലുള്ളതോ വചനം കേട്ടു ഗുണമുള്ള നല്ല ഹൃദയത്തിൽ സംഗ്രഹിച്ചു ക്ഷമയോടെ ഫലം കൊടുക്കുന്നവർ തന്നെ'' (8:15).

ഓ എന്ന നിപാതപ്രത്യയം ചേർത്തതിലൂടെ പ്രസ്തുതവാക്യങ്ങൾക്ക് ഊന്നലും ശക്തിയും കൊടുക്കാനുതകുന്നുണ്ട്.

വഴിയരിക്, പാറസ്ഥലം, മുള്ള്, നല്ല നിലം എന്നിങ്ങനെ പ്രതീകങ്ങളുടെ എണ്ണക്കൂ ടുതൽ ഈ ഉപമയുടെ സവിശേഷതയും സംവേദനത്തെ സങ്കീർണ്ണമാക്കുന്ന ഘടകവു മാണ്. വക്താവുതന്നേ വ്യാഖ്യാനം കൊടുക്കുന്ന രണ്ട് ഉപമകളിൽ ഒന്നായി ഇത് തീരു ന്നതും അതുകൊണ്ടുതന്നെ. നവീനോത്തരകഥകളിലെ ആഖ്യാതാവ് വ്യാഖ്യാതാവായി മാറുന്ന ആവിഷ്കാരസങ്കേതത്തിന്റെ ആദിമാതൃകയായി ഇതിനെ കാണാം. നിരൂപകരുടെ തെറ്റായ വിലയിരുത്തലിനെ പ്രതിരോധിക്കാനാണ് പുതിയ കഥാകൃത്തുകൾ തങ്ങളുടെ സൃഷ്ടികൾക്ക് സ്വയം വിശദീകരണം കൊടുക്കുന്നത്. അതുപോലെ ഉപമയ്ക്ക് യേശുതന്നെ വ്യാഖ്യാനം നൽകുന്നതായി മൂന്നു സുവിശേഷകന്മാരും രേഖപ്പെടുത്തുന്നു. യേശുവിന്റെ മുഖ്യപ്രബോധനവിഷയമായ സ്വർഗരാജ്യത്തെക്കുറിച്ചുള്ള പ്രതിപാദനം അവരവർക്കു തോന്നിയതുപോലെ വ്യാഖ്യാനിക്കാതിരിക്കണമെന്നും സ്വർഗരാജ്യത്തെ ക്കുറിച്ചുള്ള ദർശനം മനസ്സിലാകാത്തവരായി ആരും ഉണ്ടാകരുതെന്നുമുള്ള നിഷ്കർഷ യാകണം ഇതിനുപിന്നിലുള്ളത്. മറ്റ് ഉപമകൾ എങ്ങനെയാണ് വ്യാഖ്യാനിക്കേണ്ടത് എന്ന തിന്റെ ഒരു മാതൃകയായും ഇതിനെ പരിഗണിക്കാം. വിത്തിനുണ്ടായ പരിവർത്തനം താഴെ കൊടുക്കുന്നു

| വിത്ത് | പരിണാമം |
|---|---|
| വഴിയരിക് | പറവകൾ തിന്നുകളഞ്ഞു |
| പാറസ്ഥലം | ഉണങ്ങിപ്പോയി |
| മുള്ളിനിടയിൽ | ഞെരുക്കിക്കളഞ്ഞു |
| നല്ല നിലം | വിളഞ്ഞു/ഫലം കൊടുത്തു |

കഥയുടെ നാല് ആഖ്യാനഘടകങ്ങളിൽ (Narrative Motif) മൂന്നെണ്ണം സമാനമാണ്. നാലാമത്തെ മോട്ടീഫിലാണ് കഥാചക്രം പൂർത്തിയാകുന്നത്. അവസാനവാക്യത്തിലെ ക്രിയയുടെ വ്യത്യാസമാണ് കഥാപൂർത്തിക്കു കാരണമാകുന്നത്. അഥവാ മൂന്ന് ന്യൂന (-) ങ്ങളും ഒരു അധിക (+) വുമാണ് കഥാഗതിയെ നിയന്ത്രിക്കുന്നത്. നാലാമത്തെ അധികത്തിന്റെ അഭാവത്തിൽ കഥാഘടന ശിഥിലമായിപ്പോകുമായിരുന്നു. അങ്ങനെ ചിന്തിക്കുമ്പോൾ നാലാമത്തെ അധികമാണ് കഥാത്മകത കൈവരുത്തുന്ന ഘടകം. ഈ ഉപമയ്ക്ക് പാറമേൽ പണിത വീട്, പത്തുകന്യകമാർ എന്നീ ഉപമകളോട് ഘടനാസാദൃശം ഉണ്ട്. ഇതിന്റെ വിപരീതമായ അധിക-ന്യൂനക്രമമാണ് പത്തുകന്യകമാരുടെ ഉപമയിലുള്ളത് (മത്തായി 25:1–3).

മൂന്നു സുവിശേഷങ്ങളിലും ഉപമയ്ക്കും അതിന്റെ വ്യാഖ്യാനത്തിനും ഇടയ്ക്കുള്ള ഭാഗത്ത് ഉപമാവതരണത്തിന്റെ ഉദ്ദേശ്യത്തെപ്പറ്റിയുള്ള ചർച്ച ഉൾക്കൊള്ളിച്ചിട്ടുണ്ട്.

വിതയ്ക്കുന്നവന്റെ ഉപമയിൽ സ്ഥലികതയ്ക്ക് വളരെ പ്രാധാന്യമുണ്ട്. വഴിയരികെ, മുള്ളുകൾക്കിടയിൽ, പാറമേൽ ഇവയെല്ലാം സൂക്ഷ്മമായ സ്ഥലങ്ങളാണ്. അവയുടെ ഭേദമാണ് കഥാത്മകതയ്ക്കു കാരണമായിത്തീരുന്നത്. 'വിതയ്ക്കുന്നവന്റെ ഉപമ' എന്ന ഗ്രേസിയുടെ കഥ ഇതിന്റെ പാരഡിയാണ്.

**4.1.2. കോതമ്പും കളയും**

സ്വർഗരാജ്യം, ഒരാൾ തന്റെ നിലത്തു നല്ല വിത്തു വിതച്ചതുപോലെയാണ്. അയാൾ ഉറങ്ങുമ്പോൾ ശത്രു വന്ന് കോതമ്പിന്റെ ഇടയിൽ കള വിതച്ചു. ഞാറു വളർന്നപ്പോൾ കളയും കാണപ്പെട്ടു. നല്ല വിത്തു വിതച്ച വയലിൽ കള വന്നതെങ്ങനെ എന്ന് വേലക്കാർ ഉടമയോടു ചോദിച്ചു. ശത്രുവിന്റെ പണിയാണതെന്ന് ഉടമ പറഞ്ഞു. തങ്ങൾ കള പറിച്ചുകളയട്ടെ എന്നു വേലക്കാർ ചോദിച്ചു. കള പറിക്കുമ്പോൾ കോതമ്പും കൂടി പറിഞ്ഞുപോകും എന്നും അതിനാൽ രണ്ടും കൊയ്ത്തുവരെ വളരട്ടെ എന്നും യജമാനൻ അറിയിച്ചു. കൊയ്യുമ്പോൾ ആദ്യം കള പറിച്ചു കൂട്ടി തീയിടുകയും കോതമ്പ് കളപ്പുരയിൽ സംഭരിക്കുകയും ചെയ്യും എന്നും യജമാനൻ പറഞ്ഞു.

വിതയ്ക്കുന്നവന്റെ ഉപമയെത്തുടർന്ന് മത്തായി സ്വർഗ്ഗരാജ്യത്തെപ്പറ്റി വേറെ 6 ഉപമകൾ കൂടി ആവിഷ്കരിക്കുന്നു (13:24-30). അവയിൽ ആദ്യത്തേത് കോതമ്പിനിടയിൽ കള വിതയ്ക്കുന്ന ഉപമയാണ്. മറ്റു സുവിശേഷങ്ങളിൽ ഈ ഉപമ ഇല്ല. ഏതെങ്കിലും പ്രശ്നത്തിനുള്ള പ്രതിവിധിയായിട്ടല്ല ഈ ഉപമ അവതരിപ്പിച്ചിരിക്കുന്നത്. പ്രബോധനമാണ് ആഖ്യാനലക്ഷ്യം. ഈ ഉപമയ്ക്കും യേശു ശ്രോതാക്കളുടെ അഭ്യർത്ഥനയ്ക്കു വഴങ്ങി വ്യാഖ്യാനം നൽകുന്നു.

കോതമ്പിന്റെയും കളകളുടെയും ഉപമയിൽ കോതമ്പ് നീതിമാന്മാരെയും കള ദുഷ്ടന്മാരെയും സൂചിപ്പിക്കുന്നു. കൊയ്ത്ത് അന്ത്യന്യായവിധിനാളിനെ സൂചിപ്പിക്കുന്നു. കോതമ്പ് കൂട്ടിവയ്ക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് നീതിമാന്മാർ സ്വർഗീയ സുഖം അനുഭവിക്കും എന്നാണ്. കള കത്തിക്കും എന്ന പരാമർശം ദുഷ്ടന്മാർ നരകത്തിലെത്തുമെന്നാണ്.

ഈ ഉപമയ്ക്കും ഇതരഭിന്നമായ വ്യക്തിത്വം ഉണ്ട്. ശിഷ്യന്മാർ ഉപമ കേട്ട ശേഷം യേശുവിനോട് അർത്ഥം തെളിയിച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്ന ഏക ഉപമ ഇതാണ്. സാധാരണമായി സംശയങ്ങൾക്കും വിമർശനങ്ങൾക്കും നേരെ മറുപടി കൊടുക്കാറില്ല യേശു. ഒരു മറുചോദ്യമായിരിക്കും പതിവ്. എന്നാൽ ഇവിടെ യേശു വളരെ ലളിതമായി അർത്ഥം പറഞ്ഞുകൊടുക്കുന്നു. വിതയ്ക്കുന്നവന്റെ ഉപമയിൽ ഒരു വിത്തും പല മണ്ണും ആണ്. കളകളുടെ ഉപമയിൽ പല വിത്തും ഒരു മണ്ണും ആണ്.

### 4.1.3. മുന്തിരിത്തോട്ടത്തിലെ വേലക്കാർ

സ്വർഗരാജ്യം, മുന്തിരിത്തോട്ടത്തിൽ വേലക്കാരെ വിളിക്കാൻ അതിരാവിലെ പുറപ്പെട്ട വീട്ടുടമസ്ഥനെപ്പോലെയാണ്. ദിവസം ഒരു വെള്ളിക്കാശ് എന്ന വ്യവസ്ഥയിൽ അവരെ ഒന്നാം മണിക്ക് മുന്തിരിത്തോട്ടത്തിലേക്ക് അയച്ചു. അയാൾ മൂന്നാം മണിക്കു പുറത്തിറങ്ങിയപ്പോൾ ചന്തയിൽ ചിലർ വെറുതെ നിൽക്കുന്നതു കണ്ടു. ന്യായമായ കൂലി തരാം എന്നു പറഞ്ഞ് അവരെയും പണിക്കെടുത്തു. അതുപോലെ ആറാംമണിനേരത്തും ഒമ്പതാംമണിനേരത്തും ജോലിക്ക് ആളുകളെ എടുത്തു. 11-ാം മണിക്കാണ് ഏറ്റവും ഒടുവിലായി ആളുകളെ ജോലിക്കെടുത്തത്. വൈകുന്നേരം എല്ലാവർക്കും കൂലി കൊടുത്തു. ഏറ്റവും അവസാനം ജോലിക്കെടുത്തവർക്കാണ് ആദ്യം കൂലി കൊടുത്തത്. അങ്ങനെ 11-ാം മണിനേരത്ത് ജോലിക്കെത്തിയവർക്ക് യജമാനൻ ഒരു വെള്ളിക്കാശ് കൂലി കൊടുത്തു. ആദ്യം ജോലിക്കിറങ്ങിയവർ അവർക്ക് അധികം കാശുകിട്ടുമെന്നു കരുതി. അവർക്കും ഒരു വെള്ളിക്കാശു മാത്രമേ കിട്ടിയുള്ളൂ. ആ കാശു വാങ്ങിയിട്ട് അവർ ഉടമസ്ഥന് എതിരെ പിറുപിറുത്തു. ഒടുവിൽ വന്നവർ ഒരു മണിക്കൂറേ ജോലി ചെയ്തുള്ളൂ. പകൽ മുഴുവൻ പൊള്ളുന്ന വെയിലത്തു പണിചെയ്ത തങ്ങൾക്കൊപ്പം അവരെ കണക്കാക്കിയല്ലോ എന്നു പരിഭവിച്ചു. ''സ്നേഹിതാ, ഞാൻ നിന്നോട് അന്യായം ചെയ്യുന്നില്ല. നീ എന്നോട് ഒരു പണം പറഞ്ഞൊത്തില്ലയോ? നിന്റേതു വാങ്ങിപ്പൊയ്ക്കൊൾക; നിനക്കു തന്നതുപോലെ ഈ പിമ്പനും കൊടുപ്പാൻ എനിക്കു മനസ്സ്. എനിക്കുള്ളതിനെക്കൊണ്ടു

മനസ്സുപോലെ ചെയ്‌വാൻ എനിക്കു ന്യായമില്ലയോ? ഞാൻ നല്ലവൻ ആകകൊണ്ടു നിന്റെ കണ്ണ് കടിക്കുന്നുവോ? ഇങ്ങനെ പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരും ആകും'' (20:13-16).

മത്തായി മാത്രം ആലേഖനം ചെയ്യുന്ന കഥയാണ് മുന്തിരിത്തോട്ടത്തിലെ വേലക്കാർ (20:1-16). സ്വർഗരാജ്യമാണ് ഈ കഥയുടെയും പ്രമേയം. ഒരു വിഷയം സമർത്ഥിക്കുവാനായിട്ടാണ് ഈ ഉപമ അവതരിപ്പിക്കുന്നത്. കഥാന്ത്യത്തിൽ അത് രേഖപ്പെടുത്തുന്നു. 'പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരും ആകും' (20:16).

ഈ കഥയിലെ സമയസൂചന വ്യക്തമായാൽ മാത്രമേ സംവേദനം ശരിയായി നടക്കുകയുള്ളൂ. യിസ്രായേലിൽ അന്നു സമയം കണക്കാക്കിയിരുന്നത് രാവിലെ ആറുമണി മുതൽ വൈകുന്നേരം ആറുമണി വരെയായിരുന്നു. അതനുസരിച്ച് ഇന്നത്തെ ആറുമണിയായിരുന്നു അന്നത്തെ ഒന്നാം മണി. പുലർച്ചെയ്ക്കു ജോലിക്കിറങ്ങിയവർ എന്ന പരാമർശം ഒന്നാം മണിനേരത്ത് ജോലിക്കിറങ്ങിയവരെ സൂചിപ്പിക്കുന്നു. രണ്ടാമത്തെ കൂട്ടർ രാവിലെ 9 മണിക്കും മൂന്നാമത്തെ ആളുകൾ ഉച്ചയ്ക്ക് 12 മണിക്കും അടുത്തതായി ജോലിക്കിറങ്ങിയവർ ഉച്ചകഴിഞ്ഞു 3 മണിക്കും ആയിരുന്നു ജോലിക്കെത്തിച്ചേർന്നത്. ഏറ്റവും അവസാനമെത്തിയവർ വൈകുന്നേരം 5 മണിക്കാണ് ജോലി ചെയ്യാൻ തുടങ്ങിയത്.

ആശയവ്യക്തതയ്ക്കായി സമയക്രമം പട്ടികപ്പെടുത്തുന്നു.

| യിസ്രായേൽ സമയക്രമം | ആധുനിക സമയക്രമം |
|---|---|
| പുലെർച്ച (1 മണി) | രാവിലെ 6മണി |
| 3 മണി | 9 മണി |
| 6 മണി | 12 മണി |
| 9 മണി | 3 മണി |
| 11 മണി | 5 മണി |

സമയസൂചകശബ്ദങ്ങൾക്ക് ഈ കഥയിൽ വലിയസ്ഥാനമുണ്ട്. കഥയുടെ കേന്ദ്രാശയം പ്രോജ്ജ്വലിപ്പിക്കപ്പെടുന്നത് ഈ സംഖ്യാശബ്ദങ്ങളുടെ സാന്നിധ്യംകൊണ്ടാണ്. കൂടാതെ 3-ാം മണിനേരം, 6-ാം മണിനേരം, 9-ാം മണിനേരം, 11-ാം മണിനേരം എന്നിങ്ങനെയുള്ള സമയസൂചകമായ സംഖ്യാശബ്ദങ്ങളുടെ ആവർത്തിച്ചണിനിരക്കൽ കഥയ്ക്ക് താളാത്മകത നൽകുന്നു. കഥയിൽ സമയഭേദം ആവർത്തിക്കുന്നത് സമയമല്ല വേതനത്തിന് അടിസ്ഥാനം എന്ന വസ്തുത ഉറപ്പിക്കുന്നതിനാണ്.

സ്വർഗരാജ്യത്തെപ്പറ്റിയുള്ള ഉദ്ബോധനമാണ് കഥാവിഷയമെങ്കിലും അതിലെതന്നെ ഒരു പ്രധാന വസ്തുത ഉറപ്പിച്ചുപറയുകയാണ് ആഖ്യാനലക്ഷ്യം. അത് ആപ്തവാക്യംപോലെ സർവ്വസാധാരണമായി പ്രചരിപ്പിക്കപ്പെട്ടതാണ്. ''പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരും ആകും'' എന്നതാണ് അത്. ഇതേ വാക്യം ക്രമം മാറ്റി ഈ കഥയ്ക്കു മുമ്പ് യേശു പറഞ്ഞ കാര്യങ്ങൾ സമർത്ഥിക്കാനായി ഉദ്ധരിക്കുന്നുണ്ട്. ''എങ്കിലും മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആകും'' (19:30). എങ്ങനെ ഉദ്ധരിച്ചാലും ആശയം ഒന്നുതന്നെ. സ്വർഗരാജ്യത്തിൽ മാത്രമല്ല നിത്യജീവിതത്തിലും സർവ്വസാധാരണമായ കാര്യമാണ് ഇത്. അതിനാൽ കഥയിലെ സന്ദേശവാക്യത്തിന്റെ ആവർത്തനം അതിന്റെ പ്രാധാന്യം ബലപ്പെടുത്തുന്നു. മറ്റു സുവിശേഷങ്ങളിൽ ഈ കഥയില്ലെങ്കിലും കഥാന്ത്യവാക്യം വേറെ സന്ദർഭത്തിൽ അവിടെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പത്രൊസിന്റെ ഒരു ചോദ്യത്തിനുള്ള യേശുവിന്റെ മറുപടിയിൽ ഇതേവാക്യം കാണാം (മർക്കൊ.10:31). ലൂക്കൊസിന്റെ സുവിശേഷത്തിലും 'മുമ്പന്മാരായിത്തീരുന്ന പിമ്പന്മാരുണ്ട്, പിമ്പന്മാരായിത്തീരുന്ന മുമ്പന്മാരും ഉണ്ട്' എന്ന് ചെറിയ വ്യത്യാസത്തോടെ ഈ വാക്യം മറ്റൊരു സന്ദർഭത്തിൽ പ്രയോഗിച്ചിരിക്കുന്നു (13:30). ഇത്തരം വാക്യങ്ങൾ വ്യത്യസ്തസന്ദർഭങ്ങളിൽ പ്രത്യക്ഷപ്പെടുന്നത് ബൈബിളിലെ രചനാശില്പത്തിന്റെ പൊതുരീതിയാണ്. കഥയിലെ ഈ താക്കോൽവാക്യം സത്യവേദപുസ്തകത്തിലേതുപോലെ തന്നെയാണ് മറ്റു മലയാളപരിഭാഷകളിലും രേഖപ്പെടുത്തിയിരിക്കുന്നത്. സന്ദേശവാക്യംപോലെ ഇക്കഥയിൽനിന്നു സർവസാധാരാണമായി പ്രചരിച്ച മറ്റൊരു ശൈലിയാണ് 'പതിനൊന്നാം മണിക്കൂറിൽ' (At the eleventh hour). ഉപമയുടെ സന്ദേശം ഉപസംഹാരവാക്യത്തിൽ ഒരിക്കൽക്കൂടി പറയുന്ന ആഖ്യാനതന്ത്രം ഇക്കഥയിലും കാണാം.

മുന്തിരിത്തോട്ടത്തിലെ വേലക്കാർ എന്നാണ് കഥയുടെ പേരെങ്കിലും മുന്തിരിത്തോട്ടത്തിലെ യജമാനന്റെ പരിധിയില്ലാത്ത ഔദാര്യമാണ് കഥയിൽ നിറഞ്ഞുനിൽക്കുന്നത്. ''ജീവാനുഭവമാണ് സ്വർഗരാജ്യമെങ്കിൽ അത് ആര്, എപ്പോൾ അനുഭവിച്ചാലും വ്യത്യാസമുണ്ടാകില്ല. ഒന്നാംമണിയിലും പന്ത്രണ്ടാംമണിയിലും ആ അനുഭവം മാറില്ല. ആ അനുഭവം അപരിമേയമായതുകൊണ്ട് വ്യത്യാസം ഉണ്ടാക്കാനും കഴിയില്ല. ഏതു പാപിക്കും എപ്പോഴും വിശുദ്ധിയിലെത്താം. വിശുദ്ധിക്കു വേർതിരിവ് സാദ്ധ്യമല്ലെന്നർത്ഥം'' (രാധാകൃഷ്ണൻ 2015:63).

ബൈബിളിലെ പ്രധാനകഥാരേഖയെ സ്പഷ്ടീകരിക്കുന്ന ഉപാഖ്യാനങ്ങളിൽ ഇതുൾപ്പെടുന്നു. തുല്യത എന്ന ഘടകം ഈ ഉപമയ്ക്ക് കഥാത്വം നൽകുന്നു. അവസാനം വന്നവർക്ക് ആദ്യം കൂലി എന്ന വിപരീതക്രമം സ്വീകരിച്ചത് ഉപമയിലെ ശേഷം സംഭവങ്ങൾക്കു കാരണമായി. ഈ ക്രമം പരിഗണിക്കേണ്ട ഒരു ചിത്രീകരണതത്ത്വം നൽകുന്നു. പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരും ആകും എന്നതാണു തത്ത്വം. എല്ലാ സമയത്തു വന്നവർക്കും ഒരേ കൂലി ലഭിച്ചു. ക്രമമാണു മാറിയത്. യജമാനന്റെ നന്മയിലാണ് മറ്റുള്ളവർക്ക് അസ്വസ്ഥത. ''ഞാൻ നല്ലവനാകകൊണ്ട് നിങ്ങളുടെ കണ്ണു

കടിക്കുന്നുവോ'' എന്ന് യജമാനൻ ചോദിക്കുന്നുണ്ട് (20:15). പിതാവ് മുടിയൻപുത്രനെ മാന്യമായി സ്വീകരിച്ചതിൽ, പിതാവിന്റെ സദ്ഗുണത്തിൽ ആയിരുന്നു മൂത്തപുത്രന് അസ്വസ്ഥത (ലൂക്കൊ.15:29-30). പുതിയനിയമം കാരുണ്യവാനും ക്ഷമാശീലനുമായ ദൈവത്തിന്റെ മുഖമാണു വരച്ചിടുന്നത്. മനുഷ്യന്റെ നന്മകളോ പ്രവർത്തനങ്ങളോ അല്ല ദൈവത്തിന്റെ കരുണയാണ് അവനെ ദൈവികാനുഗ്രഹങ്ങൾക്കു പ്രാപ്തനാക്കുന്നത്.

പ്രധാനവസ്തുത ഏറ്റവും കൂടുതൽ ആവർത്തിക്കുന്നത് ഈ ഉപമയിലാണ്. യജമാനൻ അഞ്ചു പ്രാവശ്യം വേലക്കാരെ വിളിച്ച് മുന്തിരിത്തോട്ടത്തിലേക്ക് അയയ്ക്കുന്നുണ്ട്. പ്രമേയവാക്യത്തിന്റെ ആവർത്തനത്തിന് ഇക്കഥയിലുള്ള പ്രസക്തി കഥാന്ത്യത്തിൽ വായനക്കാർക്കു ബോദ്ധ്യമാകും. കഥയുടെ സംവേദനത്തെ ശക്തിപ്പെടുത്താനും ആശയം നന്നായി മനസ്സിലാക്കാനും ആവർത്തനമെന്ന സങ്കേതംകൊണ്ടാണ് കഴിയുന്നത്.

### 4.1.4. രണ്ടു പുത്രന്മാർ

ഒരു മനുഷ്യനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. ഒന്നാമത്തെ മകനോട് എന്റെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുക എന്നു പറഞ്ഞു. അവൻ എനിക്കു മനസ്സില്ല എന്ന് ആദ്യം പറഞ്ഞെങ്കിലും പിന്നീടു പോയി. രണ്ടാമത്തെ മകനോടും അങ്ങനെ തന്നെ പറഞ്ഞു. അവൻ പോകാം എന്നു പറഞ്ഞു. പക്ഷേ ജോലിചെയ്യാൻ പോയില്ല. ഈ രണ്ടു പേരിൽ ആരാണ് പിതാവിന്റെ ഇഷ്ടം ചെയ്തത് എന്ന് യേശു ചോദിച്ചപ്പോൾ ഒന്നാമത്തെയാൾ എന്ന് എല്ലാവരും അറിയിച്ചു. ചുങ്കക്കാരും വേശ്യമാരും നിങ്ങൾക്കു മുമ്പായി ദൈവരാജ്യത്തിൽ കടക്കും എന്നു യേശു അവരോട് പറഞ്ഞു.

മത്തായി മാത്രം രേഖപ്പെടുത്തുന്ന കഥയാണിത് (21:28-32). ഒരു സംവാദത്തിന്റെ തുടർച്ചയായിട്ടാണ് മത്തായി ഇക്കഥ എഴുതുന്നത്. ആ സംവാദം മർക്കൊസും ലൂക്കൊസും എഴുതുന്നുണ്ട്. എന്നാൽ അതിന് അനുബന്ധമായി ഇക്കഥ രണ്ടുപേരും ആഖ്യാനംചെയ്യുന്നില്ല. അതിനാൽ ആ രചനാഖണ്ഡത്തെ കഥയുടെ ഭാഗമായി കരുതേണ്ടതില്ല. ഒരു വിഷയത്തിന്റെ സമർത്ഥനത്തിനായി പറയുന്ന കഥയാണിത്. ''ചുങ്കക്കാരും വേശ്യമാരും നിങ്ങൾക്കു മുമ്പായി ദൈവരാജ്യത്തിൽ കടക്കുന്നു'' എന്ന വസ്തുത ബോധ്യമാക്കുകയാണ് ആഖ്യാനലക്ഷ്യം (21:31).

പ്രതിരൂപാത്മകതയിലൂടെ ആശയസംവേദനം നിർവഹിക്കുന്ന ആഖ്യാനമാണിത്. കഥയിലെ ആദ്യത്തെ പുത്രൻ ചുങ്കക്കാരുടെയും വേശ്യമാരുടെയും മറ്റു പാപികളുടെയും ആളത്ത(Personification)മാണ്. അവർ ദൈവവിശ്വാസമില്ലാതെ പാപജീവിതം നയിക്കുന്നു. രണ്ടാമത്തെ മകൻ മതനേതാക്കന്മാരെ പ്രതിനിധാനം ചെയ്യുന്നു. അവർ ദൈവവിശ്വാസികളും പ്രഭാഷകരും ആണ്. പക്ഷേ അവർ വിശ്വസിക്കുന്നതോ പ്രബോധിപ്പിക്കുന്നതോ പ്രയോഗത്തിൽ വരുത്താറില്ല (മത്താ.23:5-7). അവർ പുറമേ ബഹുമാന്യരാണ്. യഹൂദന്റെ മാനസാന്തരമില്ലായ്മയെയും മാനസാന്തരപ്പെടാൻ തയ്യാറായിരിക്കുന്ന പാപികളെയും ഉദ്ദേശിച്ചു പറയുന്ന ലളിതമായ ഉപമയാണിത്.

ഇക്കഥയിലെ വ്യക്തികളുടെ മനോഭാവത്തിൽ വന്ന മാറ്റം താഴെ കാണിക്കുന്നു.

| വ്യക്തികൾ | ആരംഭം | പരിണാമം |
|---|---|---|
| ഒന്നാമൻ | മനസ്സില്ല (-) | മനസ്സായി (+) |
| രണ്ടാമൻ | മനസ്സാണ് (+) | മനസ്സില്ല (-) |

ആദ്യ ഘട്ടത്തിലെ വ്യക്തിയുടെ ഋണാത്മകത (-) രണ്ടാം ഘട്ടത്തിൽ ധനാത്മകത (+) യാവുന്നു. അതുപോലെ രണ്ടാമത്തെയാളുടെ ആദ്യഘട്ടത്തിലെ ധനാത്മകത രണ്ടാം ഘട്ടത്തിൽ ഋണാത്മകതയാവുന്നു. ഭാവവ്യതിയാനം ആണ് കഥാത്മകതയുണ്ടാക്കുന്നതിൽ പ്രധാനപങ്കു വഹിച്ചത്.

**4.1.5. മുന്തിരിത്തോട്ടത്തിലെ കുടിയാന്മാർ**

ഒരു മനുഷ്യൻ മുന്തിരിത്തോട്ടം കുടിയാന്മാരെ പാട്ടത്തിന് ഏല്പിച്ച് പരദേശത്തുപോയി താമസിച്ചു. വിളവെടുപ്പുകാലം വന്നപ്പോൾ പഴങ്ങൾ ശേഖരിക്കാൻ ഒരു ദാസനെ അയച്ചു. കുടിയാന്മാർ അവനെ തല്ലി വെറുതെ അയച്ചുകളഞ്ഞു. രണ്ടാമതും മൂന്നാമതും അയച്ച ദാസന്മാരോട് അവർ അങ്ങനെ തന്നെ ചെയ്തു. ഒടുവിൽ തോട്ടത്തിന്റെ ഉടമ സ്വന്തം മകനെ അയച്ചു. കുടിയാന്മാർ അവനെ കണ്ടപ്പോൾ ഇവനാകുന്നു അവകാശി എന്നു പറഞ്ഞ് അവനെ കൊന്നുകളഞ്ഞു. ''എന്നാൽ തോട്ടത്തിന്റെ ഉടമസ്ഥൻ അവരോട് എന്തു ചെയ്യും? അവൻ വന്ന് ആ കുടിയാന്മാരെ നിഗ്രഹിച്ച് തോട്ടം അന്യന്മാർക്ക് ഏല്പിച്ചുകൊടുക്കും. അതു കേട്ടിട്ട് അവർ അങ്ങനെ ഒരുനാളും സംഭവിക്കയില്ല എന്നു പറഞ്ഞു. അവനോ അവരെ നോക്കി: 'എന്നാൽ വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നു' എന്ന് എഴുതിയിരിക്കുന്നത് എന്ത്? ആ കല്ലിന്മേൽ വീഴുന്നവൻ തകർന്നു പോകും; അത് ആരുടെമേൽ എങ്കിലും വീണാൽ അവനെ ധൂളിപ്പിക്കും എന്നു പറഞ്ഞു'' (ലൂക്കൊ.20:9-19).

എല്ലാ സമവീക്ഷണസുവിശേഷങ്ങളിലും ഈ ഉപമ ഉൾപ്പെട്ടിട്ടുണ്ട് (മത്താ.21:33 -46, മർക്കൊ.12:1-12, ലൂക്കൊ.20:9-19). ബൈബിൾ അവതരിപ്പിക്കുന്ന രക്ഷാചരിത്രത്തിന്റെ സംക്ഷിപ്തവിവരണമാണ് ഈ കഥ. എല്ലാ സുവിശേഷങ്ങളിലും ''വീടുപണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നിരിക്കുന്നു'' എന്ന സങ്കീർത്തനത്തിലെ വാക്യം കഥയുടെ സന്ദർഭത്തിനു ചേരുംവിധം ഉൾച്ചേർത്തിരിക്കുന്നു (118:22). ഇക്കഥയ്ക്ക് പാഠാന്തരത നൽകുന്നു പ്രസ്തുതഭാഗം. കഥയിലെ പ്രധാന പ്രമേയവും ഇതുതന്നെ.

''ഈ ഉപമ തങ്ങളെക്കുറിച്ചു പറഞ്ഞു എന്നു ശാസ്ത്രിമാരും മഹാപുരോഹിതന്മാരും ഗ്രഹിച്ചിട്ട് ആ നാഴികയിൽതന്നെ അവന്റെമേൽ കൈ വെപ്പാൻ നോക്കി എങ്കിലും ജനത്തെ ഭയപ്പെട്ടു'' (ലൂക്കൊ.20:19). യേശു ഈ കഥ പറഞ്ഞത് ആരോടാണോ അവരും ഈ സംഭവത്തിൽ പങ്കാളികളാണ്. യഹൂദന്മാരാണ് ഈ കഥയിലെ കുടിയാന്മാർ. യജമാ

നൻ ദൈവംതന്നെ. യജമാനൻ അയയ്ക്കുന്ന പുത്രൻ യേശുവാണ്. യജമാനൻ അയച്ച ദാസന്മാർ യഹൂദമതത്തിലെ പ്രവാചകന്മാരെ പ്രതിനിധാനം ചെയ്യുന്നു. പല കാലങ്ങളി ലായി പലപല പ്രവാചകന്മാരെ ദൈവം യഹൂദന്മാർക്കിടയിലേക്ക് മാനസാന്തരവും രക്ഷയും അറിയിക്കാൻ അയയ്ക്കുകയുണ്ടായി. ആ പ്രവാചകന്മാരെയെല്ലാം കൊല്ലു കയും അപമാനിക്കുകയും ചെയ്യുകയായിരുന്നു യഹൂദന്മാരുടെ പതിവ്. യേശു പ്രത്യക്ഷ മായിത്തന്നെ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. ''യെരൂശലേമേ, യെരൂശലേമേ, പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുംപോലെ നിന്റെ മക്കളെ ചേർത്തു കൊൾവാൻ എനിക്ക് എത്രവട്ടം മനസ്സായിരുന്നു'' (മത്താ.23:37). സ്നാപകയോഹന്നാൻ, സെഖര്യാവ്, യിരെമ്യാവ് എന്നിവരെ യെഹൂദന്മാർ കൊല ചെയ്തകാര്യം ഈ കഥയുടെ അന്തർധാരയായി നിലനിൽക്കുന്നു. തോട്ടം വേറെ കുടിയാന്മാരെ ഏല്പിക്കും എന്നതും അർത്ഥവത്തായ പ്രയോഗം തന്നെ. യഹൂദന്മാർക്കിടയിലേക്ക് അനേകം പ്രവാചകന്മാ രെയും ഒടുവിൽ സ്വന്തപുത്രനെയും അയച്ച ദൈവം രക്ഷ മറ്റു ജാതികളിലേക്ക് കൈമാറി. യേശു അത് തെളിച്ചുപറയുന്നുണ്ട്. ''അതുകൊണ്ട് ദൈവരാജ്യം നിങ്ങളുടെ പക്കൽനിന്ന് എടുത്ത് അതിന്റെ ഫലം കൊടുക്കുന്ന ജാതിക്കു കൊടുക്കും'' (മത്താ.21:43).

മൂന്നു സുവിശേഷകരും പഴയനിയമവേദഭാഗം ഉദ്ധരിക്കുന്നുണ്ട്. എല്ലാ സുവിശേ ഷകരും യേശു ആരെ ഉദ്ദേശിച്ചാണോ കഥ പറഞ്ഞത് അവർ തങ്ങളാണ് കഥാപാത്രങ്ങൾ എന്നു തിരിച്ചറിഞ്ഞതും യേശുവിനെ അതിന്റെ പേരിൽ കൊല്ലാൻ ശ്രമിച്ചതും സൂചി പ്പിക്കുന്നുണ്ട്. സമവീക്ഷണസുവിശേഷങ്ങൾക്ക് ആ പേരുവന്നതിന്റെ കാരണം ഇത്തരം ഭാഗങ്ങൾ വായിക്കുമ്പോൾ നന്നായി വ്യക്തമാകും. വളരെയധികം ആഖ്യാനസമാനത മൂന്നു സുവിശേഷകരുടെയും വിവരണത്തിൽ കാണാനാവും. സ്വന്തം പുത്രനെ കുടിയാ ന്മാർ കൊല്ലുന്ന രംഗം ലൂക്കൊസിൽ ആവർത്തനസങ്കേതത്തിലൂടെ അവതരിപ്പിച്ചിരിക്കു ന്നു.

''അവരുടെ അടുക്കൽ ഒരു ദാസനെ അയച്ചു; അവനെ കുടിയാന്മാർ തല്ലി വെറുതെ അയച്ചുകളഞ്ഞു.

അവൻ മറ്റൊരു ദാസനെ പറഞ്ഞയച്ചു; അവനെയും അവർ തല്ലി അപമാനിച്ചു വെറുതേ അയച്ചുകളഞ്ഞു.

അവൻ മൂന്നാമത് ഒരുത്തനെ പറഞ്ഞയച്ചു; അവർ അവനെയും മുറിവേല്പിച്ചു പുറത്താക്കിക്കളഞ്ഞു'' (20:10-12).

അനുപ്രയോഗങ്ങളുടെ ആവർത്തനം ആശയസംവേദനത്തെ കൂടുതൽ ശക്തമാ ക്കുന്നു. യേശുവിനെ പിതാവായ ദൈവം ഭൂമിയിലേക്ക് അയച്ചതിന്റെയും യഹൂദന്മാർ അവനെ കുരിശിലേറ്റിയതിന്റെയും അന്യാപദേശരൂപത്തിലുള്ള ആഖ്യാനമാണിത്. പ്രത്യ ക്ഷമായി വിവരിക്കുന്ന പ്രസ്തുതചരിത്രമാണ് സുവിശേഷങ്ങളിലെ പ്രധാനകഥാരേഖ.

അവയെ പരിപോഷിപ്പിക്കുന്ന ഉപകഥാരേഖകളിൽ പ്രധാനസ്ഥാനം ഇക്കഥയ്ക്കുണ്ട്. ബൈബിൾ വിഭാവനം ചെയ്യുന്ന യേശുവിലൂടെയുള്ള രക്ഷാചരിത്രത്തിന്റെ ലഘുരൂപം ഇക്കഥയിൽ ഉള്ളടങ്ങിയിരിക്കുന്നു. യഹൂദജനതയെ രക്ഷിക്കുവാൻ അവതരിച്ച യേശു സർവ്വലോകത്തിന്റെയും രക്ഷകനായി മാറുന്നതാണ് സുവിശേഷാഖ്യാനങ്ങളിലെ പ്രധാന പ്രമേയം. അക്കാര്യം വാച്യമായിത്തന്നെ  ഉപമയുടെ ഒടുവിൽ എടുത്തുപറയുന്നുമുണ്ട് (മത്താ.21:43).

**4.1.6. രാജപുത്രന്റെ കല്യാണം**

ഒരു രാജാവ് മകന്റെ കല്യാണത്തിന് ക്ഷണിക്കപ്പെട്ടവരെ വിളിക്കാൻ ദാസന്മാരെ പറഞ്ഞയച്ചു. പിന്നെ രാജാവ് വേറെ ചില ദാസന്മാരെ അയച്ച് വിഭവസമൃദ്ധമായ ഭക്ഷണം തയ്യാറായിരിക്കുന്നു എന്നു പറഞ്ഞ് ആളുകളെ വീണ്ടും വിളിപ്പിച്ചു. വിളിക്കപ്പെട്ടവർ അതു കൂട്ടാക്കാതെ  അവരുടെ പണിസ്ഥലത്തേക്കു പോയി. വേറെ ചിലർ ക്ഷണിക്കാൻ ചെന്ന ദാസന്മാരെ പിടിച്ച് അപമാനിച്ചു കൊന്നുകളഞ്ഞു. രാജാവ്  ഇതറിഞ്ഞ് അവരുടെ പട്ടണം അഗ്നിക്കിരയാക്കി. ക്ഷണിക്കപ്പെട്ടവരാരും വരാത്തതിനാൽ കാണുന്നവരോടെല്ലാം വരുവാൻ രാജാവ് ഉത്തരവിട്ടു. കല്യാണശാല വിരുന്നുകാരെക്കൊണ്ടു നിറഞ്ഞു. വിരുന്നുകാരെ നോക്കുവാൻ രാജാവ് അകത്തു വന്നപ്പോൾ കല്യാണവസ്ത്രം ധരിക്കാത്ത ഒരാളെ കണ്ടു. അവനോടു കല്യാണവസ്ത്രം ഇല്ലാത്തതിന്റെ കാരണം ചോദിച്ചെങ്കിലും അവന് മറുപടി പറയാനായില്ല. രാജാവ് അവനെ കൈയും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളയുവാൻ കല്പിച്ചു. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്നും രാജാവ് പറഞ്ഞു. 'വിളിക്കപ്പെട്ടവർ അനേകർ തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം' എന്ന ഉപസംഹാരവാക്യത്തോടെ കഥാവതരണം പൂർത്തിയാകുന്നു (മത്താ.22:14).

മത്തായിയും ലൂക്കൊസും ഈ കഥ പറയുന്നുണ്ട് (മത്താ.22:1-14, ലൂക്കൊ.14:15-24). രണ്ടു പേരുടെയും അവതരണങ്ങളിൽ കാതലായ വ്യത്യാസം കാണാം. യേശു സ്വയം കഥ പറയുന്നതായാണ് മത്തായി എഴുതിയിരിക്കുന്നത്. 'സ്വർഗരാജ്യം തന്റെ പുത്രനുവേണ്ടി കല്യാണസദ്യ കഴിച്ച ഒരു രാജാവിനോടു സദൃശം' എന്നിങ്ങനെ മറ്റ് ഉപമകൾ ആഖ്യാനം ചെയ്യുന്ന രീതിയിലാണ് മത്തായി  ഇതും അവതരിപ്പിക്കുന്നത്.

> ''അവൻ കല്യാണത്തിനു ക്ഷണിച്ചവരെ വിളിക്കേണ്ടതിനു ദാസന്മാരെ പറഞ്ഞയച്ചു. അവർക്കോ വരുവാൻ മനസ്സായില്ല'' (മത്താ.22:3).
>
> ''ക്ഷണിക്കപ്പെട്ടവരോ യോഗ്യരായില്ല'' (മത്താ.22:9).
>
> ''വിളിക്കപ്പെട്ടവർ അനേകർ; തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം'' (മത്താ.22:14).

എന്നിവിടങ്ങളിൽ നിപാതപ്രത്യയത്തിന്റെ സഹായത്താൽ ദൃഢീകരണം വരുത്തുന്ന രചനാതന്ത്രം പതിവുപോലെ കാണാം. മറ്റു ബൈബിൾ പരിഭാഷകളിൽ ഈ രീതി സാർവത്രികമല്ല.

കല്യാണത്തിന്റെ ക്ഷണം നിരസിച്ച സന്ദർഭത്തിന്റെ ആവിഷ്കാരം നോക്കുക.

''അവർ അതു കൂട്ടാക്കാതെ ഒരുത്തൻ തന്റെ നിലത്തിലേക്കും മറ്റൊരുത്തൻ തന്റെ വ്യാപാരത്തിനും പൊയ്ക്കളഞ്ഞു.

ശേഷമുള്ളവർ അവന്റെ ദാസന്മാരെ പിടിച്ച് അപമാനിച്ചു കൊന്നുകളഞ്ഞു.

രാജാവ് കോപിച്ച സൈന്യങ്ങളെ അയച്ച് ആ കൊലപാതകന്മാരെ മുടിച്ച് അവരുടെ പട്ടണം ചുട്ടുകളഞ്ഞു'' (മത്താ.22: 5-8).

അനുപ്രയോഗങ്ങളുടെ സന്നിവേശം അർത്ഥസാക്ഷാത്കാരത്തിൽ വഹിക്കുന്ന പങ്ക് അറിയണമെങ്കിൽ സമാനഭാഗം മറ്റു ബൈബിളുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതു താരതമ്യം ചെയ്താൽ മതി. കല്യാണവസ്ത്രമില്ലാതെ വന്നതിന്റെ കാരണം രാജാവ് അന്വേഷിക്കുമ്പോൾ 'അവനു വാക്കു മുട്ടിപ്പോയി' എന്നിടത്തും ഈ പദപ്രയോഗകൗശലം കാണാം (മത്താ.22:12). ഇതും മറ്റു വേദപുസ്തകങ്ങളിൽ ഇല്ല. എന്നാൽ ഈ കഥയ്ക്കു മാത്രമല്ല ബൈബിളിനു പൊതുവായിത്തന്നെ സവിശേഷതയുണ്ടാക്കുന്ന വാക്യമാണ് ''വിളിക്കപ്പെട്ടവർ അനേകർ; തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം'' (22:14). മത്തായിയുടെ ആഖ്യാനലക്ഷ്യം ഈ വാക്യത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ലൂക്കൊസിൽ ആഖ്യാനലക്ഷ്യം കൊടുത്തിട്ടില്ല. കർമ്മണിപ്രയോഗം എവിടെല്ലാം ഭാഷയ്ക്കു സ്വാഭാവികവും അർത്ഥപൂർണ്ണവും ആകുമെന്നതിന്റെ ഉദാഹരണമാണ് ഈ വാക്യം. എല്ലാ മലയാളം ബൈബിളുകളിലും ഈ ഭാഗം കർമ്മണിപ്രയോഗത്തിലും ഓ എന്ന നിപാതപ്രത്യം ചേർത്തുമാണ് എഴുതിയിരിക്കുന്നത്.

#### 4.1.6.1. ലൂക്കൊസിന്റെ അവതരണം

വേറിട്ട കഥാവിഷ്കാരമാണ് ലൂക്കൊസിന്റേത്. യേശു പങ്കെടുത്ത ഒരു വിരുന്നിൽവച്ചാണ് ഇക്കഥ പറയുന്നത്. വിരുന്നിൽ പങ്കെടുക്കുമ്പോൾ പാലിക്കേണ്ട പല മര്യാദകളെപ്പറ്റിയും പറഞ്ഞതിനുശേഷമാണ് ഇത് അവതരിപ്പിക്കുന്നത്. വിരുന്നൊരുക്കുമ്പോൾ ആരുമില്ലാത്തവരെ വിളിക്കണമെന്നും എങ്കിലേ നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ പ്രതിഫലം ഉണ്ടാകൂ എന്നുമായിരുന്നു യേശുവിന്റെ ഉദ്ബോധനം. ദൈവരാജ്യത്തിൽ ഭക്ഷണം കഴിക്കുന്നവൻ ഭാഗ്യവാൻ എന്നായിരുന്നു ശ്രോതാക്കളിൽ ഒരാൾ അതിനോടു പ്രതികരിച്ചത്. അതിനുള്ള മറുപടിയാണ് യേശു പറയുന്ന ഈ കഥ. മത്തായി, കല്യാണസദ്യയാണ് ഒരുക്കിയതെന്ന് ആവർത്തിച്ചു പറയുന്നു. ലൂക്കൊസ് കല്യാണസദ്യയെന്നല്ല അത്താഴം എന്നാണ് പരാമർശിക്കുന്നത്. സദ്യയ്ക്കു ക്ഷണിക്കുന്ന കാര്യം സൂചിപ്പിച്ചുകൊണ്ടാണ് ലൂക്കൊസും കഥയാരംഭിക്കുന്നത്. ലുക്കൊസിന്റെ ആഖ്യാനത്തിൽ

മൂന്നുപേരെ ക്ഷണിക്കുന്ന കാര്യം എടുത്തു പറയുന്നു. ക്ഷണിക്കപ്പെട്ടവരുടെ പ്രതികരണം സംഭാഷണമായി വെവ്വേറെ ആവിഷ്കരിക്കുന്നുമുണ്ട്. മത്തായി സൂചിപ്പിക്കാത്ത ഒരു വസ്തുത, ക്ഷണിക്കപ്പെട്ടവരിൽ ഒരാൾ വിവാഹം കഴിച്ച കാര്യം ലൂക്കൊസ് അധികമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

''എന്നാൽ എല്ലാവരും ഒരുപോലെ ഒഴികഴിവു പറഞ്ഞുതുടങ്ങി; ഒന്നാമത്തവൻ അവനോട്: ഞാൻ ഒരു നിലം കൊണ്ടതിനാൽ അതു ചെന്നു കാണേണ്ടുന്ന ആവശ്യം ഉണ്ട്; എന്നോടു ക്ഷമിച്ചുകൊള്ളേണം എന്നു ഞാൻ അപേക്ഷിക്കുന്നു എന്നു പറഞ്ഞു''

''മറ്റൊരുത്തൻ: ഞാൻ അഞ്ചേർ കാളയെ കൊണ്ടിട്ടുണ്ട്; അവയെ ശോധന ചെയ്വാൻ പോകുന്നു; എന്നോടു ക്ഷമിച്ചുകൊള്ളേണം എന്നു ഞാൻ അപേക്ഷിക്കുന്നു എന്നു പറഞ്ഞു''

''വേറൊരുത്തൻ: ഞാൻ ഇപ്പോൾ വിവാഹം കഴിച്ചിരിക്കുന്നു; വരുവാൻ കഴിവില്ല എന്നു പറഞ്ഞു'' (14:18-20).

വിവാഹക്ഷണത്തിന് വിസമ്മതം അറിയിക്കുന്ന ഭാഗം മൂന്നു പേരുടെ സംഭാഷണമായി പിരിച്ച് പറയുന്നു ലൂക്കൊസ്. 'അവർ അതു കൂട്ടാക്കാതെ ഒരുത്തൻ തന്റെ നിലത്തിലേക്കും മറ്റൊരുത്തൻ തന്റെ വ്യാപാരത്തിനും പൊയ്ക്കളഞ്ഞു' എന്നു ചുരുക്കിപ്പറയുന്നതേയുള്ളൂ മത്തായി (22:5). മൂന്നു കൂട്ടരുടെ മൂന്നു തരം ഒഴികഴിവുകൾ വെവ്വേറെ സംഭാഷണരൂപത്തിൽ ആവിഷ്കരിക്കുന്നതിലൂടെ കഥയുടെ പ്രമേയത്തിന്റെ അന്യാദൃശതയും ഒഴികഴിവിന്റെ ഗൗരവവും വെളിപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

മത്തായിയുടെ സുവിശേഷത്തിൽ ആദ്യം ക്ഷണിക്കപ്പെട്ടവർ വരാതിരുന്നപ്പോൾ രാജാവ് ''ആകയാൽ വഴിത്തലയ്ക്കൽചെന്നു കാണുന്നവരെയൊക്കെയും കല്യാണത്തിനു വിളിപ്പിൻ'' എന്നു പറയുന്നു (22:9). ലൂക്കൊസിന്റെ അവതരണം അങ്ങനെയല്ല. ''അപ്പോൾ വീട്ടുടയവൻ കോപിച്ചു ദാസനോട്: നീ വേഗം പട്ടണത്തിലെ വീഥികളിലും ഇടത്തെരുക്കളിലും ചെന്നു ദരിദ്രന്മാർ, അംഗഹീനന്മാർ, കുരുടന്മാർ, മുടന്തന്മാർ എന്നിവരെ കൂട്ടിക്കൊണ്ടു വരിക എന്നു കല്പിച്ചു'' (14:21). മത്തായി തുടർന്ന് വിവാഹവസ്ത്രമില്ലാതെ വന്ന ഒരാളിന്റെ കാര്യവും അവനെ കല്യാണശാലയിൽനിന്നു പുറത്താക്കിയതും അവതരിപ്പിച്ചുകൊണ്ടാണ് കഥ അവസാനിപ്പിക്കുന്നത്. ''പിന്നെ ദാസൻ: യജമാനനേ, കല്പിച്ചതു ചെയ്തിരിക്കുന്നു; ഇനിയും സ്ഥലം ഉണ്ട് എന്നു പറഞ്ഞു. യജമാനൻ ദാസനോട്: നീ പെരുവഴികളിലും വേലിക്കരികെയും പോയി, എന്റെ വീടു നിറയേണ്ടതിനു കണ്ടവരെ അകത്തുവരുവാൻ നിർബന്ധിക്ക. ആ ക്ഷണിച്ച പുരുഷന്മാർ ആരും എന്റെ അത്താഴം ആസ്വദിക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു'' (14:22-24). ലൂക്കൊസ് ആഖ്യാനം ഇവിടംകൊണ്ടു നിർത്തുന്നു. വിവാഹവസ്ത്രമില്ലാത്തവനെ കണ്ടെത്തി പുറത്താക്കുന്ന രംഗം ലൂക്കൊസ് സൂചിപ്പിക്കുന്നില്ല.

മത്തായി വിരുന്നുകാരൻ രാജാവാണെന്നും വിരുന്നു കല്യാണവിരുന്നാണെന്നും പറയുന്നു. എന്നാൽ ലൂക്കൊസ് ഒരു മനുഷ്യൻ വലിയൊരു അത്താഴം ഒരുക്കി എന്നേ പറയുന്നുള്ളൂ. രാജാവ്, വിവാഹവിരുന്ന് എന്നീ വാക്കുകൾ എങ്ങും ഉപയോഗിക്കുന്നില്ല. മത്തായിയുടെ സുവിശേഷത്തിലെ ''വിളിക്കപ്പെട്ടവർ അനേകർ; തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം'' എന്ന പ്രസിദ്ധമായ പരാമർശം ലൂക്കൊസിൽ ഇല്ല. ചില പരിഭാഷകളിൽ ആ വാക്യം മുന്തിരിത്തോട്ടത്തിലെ വേലക്കാർ എന്ന ഉപമയിലും കാണാം (മത്തായി.20:16). ഉപസംഹാരവാക്യത്തിന്റെ അഭാവത്തിലൂടെ ലൂക്കൊസ് വായനക്കാർക്കു പുതുപാഠവായനയ്ക്കുള്ള വഴിതുറന്നിടുന്നു. പാരായണപാഠം കണ്ടെത്തുവാനുള്ള സ്വാതന്ത്ര്യം ലൂക്കൊസ് നൽകുന്നു. സംവൃതഘടനയല്ല, വിവൃതഘടനയാണ് ലൂക്കൊസിന്റേത്.

വിവാഹവിരുന്നിനെപ്പറ്റി മത്തായി മുത്താഴം എന്നും ലൂക്കൊസ് അത്താഴം എന്നുമാകുന്നു രേഖപ്പെടുത്തിയിരിക്കുന്നത്. ക്ഷണിക്കപ്പെട്ടവർ ഒരാൾ തന്റെ നിലത്തിലേക്കും മറ്റൊരാൾ തന്റെ വ്യാപാരത്തിനും പൊയ്ക്കളഞ്ഞു എന്നാണ് മത്തായി എഴുതിയിരിക്കുന്നത്. പൊയ്ക്കളഞ്ഞു എന്ന അനുപ്രയോഗം അർത്ഥവ്യാപ്തിയുണ്ടാക്കുന്നുണ്ട്. ക്ഷണിക്കുവാൻ ചെന്നവരെ ശേഷമുള്ളവർ അപമാനിക്കകയും കൊല്ലുകയും ചെയ്തതായി മത്തായി പറയുന്നു. ഇത്ര ഹിംസാത്മകമായ വിവരണം ലൂക്കൊസ് നല്കുന്നില്ല.

മത്തായിയുടെ അവതരണത്തിന്റെ ഘടന

| | |
|---|---|
| ഒന്നാം ക്ഷണം | ആരും വന്നില്ല |
| രണ്ടാം ക്ഷണം | (മൂന്നു പേരെ ക്ഷണിക്കുന്നു) |
| 1 ഒന്നാമൻ | നിലത്തിലേക്കു പോയി |
| 2 രണ്ടാമൻ | വ്യാപാരത്തിനു പോയി |
| 3 മൂന്നാമൻ | ദാസന്മാരെകൊന്നുകളഞ്ഞു |

മൂന്നാം ക്ഷണം (കാണുന്നവരെയൊക്കെയും ക്ഷണിക്കുന്നു). കല്യാണവസ്ത്രം ഇല്ലാത്തൊരാൾ വരുന്നു.

ലൂക്കൊസിന്റെ അവതരണത്തിന്റെ ഘടന

| | | |
|---|---|---|
| 1. | ഒന്നാമൻ | നിലം വാങ്ങി |
| 2. | രണ്ടാമൻ | കാളയെ വാങ്ങി |
| 3. | മൂന്നാമൻ | വിവാഹം കഴിച്ചിരിക്കുന്നു |

4. ദരിദ്രന്മാർ, അംഗഹീനന്മാർ, കുരുടന്മാർ, മുടന്തന്മാർ എന്നിവർക്കു ക്ഷണം.

മത്തായിയുടെയും ലൂക്കൊസിന്റെയും അവസാനത്തെ ക്ഷണം തമ്മിൽ വ്യത്യാസമുണ്ട്. കാണുന്നവരെയൊക്കെയും കല്യാണത്തിനു ക്ഷണിക്കുവാനാണ് മത്തായിയിലുള്ളത്. ലൂക്കൊസ് ദരിദ്രന്മാർ, അംഗഹീനന്മാർ, കുരുടന്മാർ, മുടന്തന്മാർ എന്നിവരെ മാത്രം ക്ഷണിക്കാനാണ് പറയുന്നത്. ലൂക്കൊസിന്റെ സുവിശേഷത്തിലാകമാനം പാർശ്വവത്കരിക്കപ്പെട്ടവർക്ക് മുന്തിയ പരിഗണന നൽകുന്ന പൊതുസ്വഭാവം ഇവിടെയും കാണാം.

മത്തായിയുടെ സുവിശേഷത്തിലെ ക്ഷണത്തിന് മൂന്നു ഘട്ടങ്ങളുണ്ട്. ലൂക്കൊസിന്റെ സുവിശേഷത്തിലെ ക്ഷണത്തിന് രണ്ടു ഘട്ടങ്ങളേ ഉള്ളൂ. മത്തായിയുടെ ഉപമയിലെ ആദ്യഘട്ടത്തിലെ ക്ഷണത്തിൽ ആരും വന്നില്ല. മത്തായിയുടെ ഉപമയിലെ ക്ഷണത്തിൽ ആദ്യഘട്ടത്തിൽത്തന്നെ ഒഴിവുകഴിവു പറയുന്നു. ലൂക്കൊസിന്റെ സുവിശേഷത്തിലെ ഉപമയിൽ ആദ്യഘട്ടത്തിലെ ക്ഷണത്തിൽത്തന്നെ മൂന്നു വ്യക്തികൾ ഒഴിവുകഴിവു പറയുന്നു. മൂന്നുപേരുടെയും പ്രതികരണങ്ങൾ ആവിഷ്കരിക്കുന്നത് മത്തായിയും ലൂക്കൊസും അല്പം വ്യത്യാസപ്പെടുത്തിയാണ്. മത്തായിയുടെ കഥയിൽ ഒരാൾ നിലത്തിലേക്ക് പോയി, രണ്ടാമത്തെയാൾ വ്യപാരത്തിന് പോയി. മൂന്നാമത്തെ പ്രതികരണം തികച്ചും ക്രൂരമാണ്. ക്ഷണിക്കാനെത്തിയ ദാസന്മാരെ കൊന്നുകളഞ്ഞു. ലൂക്കൊസിൽ കൊന്നുകളഞ്ഞകാര്യം പറയുന്നില്ല. ആ സ്ഥാനത്ത് ക്ഷണിക്കപ്പെട്ട വ്യക്തി വിവാഹം കഴിച്ചിരുന്നു എന്ന മറുപടിയാണ് നൽകുന്നത്. മത്തായിയുടെ സുവിശേഷത്തിൽ അവസാനഘട്ടത്തിൽ 'കാണുന്നവരെയൊക്കെയും' ക്ഷണിക്കുന്നു. ലൂക്കൊസ് വളരെ കൃത്യമായി മൂന്നുതരം ഭിന്നശേഷിക്കാരെയും ദരിദ്രരെയുമാണ് ക്ഷണിക്കുന്നത്. സുവിശേഷത്തിന്റെ ക്ഷണം സാർവത്രികമാണ് എന്ന സന്ദേശം നൽകാൻ ലക്ഷ്യമിട്ടുള്ളതാണ് മത്തായിയുടെ അവതരണം.

ലൂക്കൊസ് സുവിശേഷത്തിൽ ആദ്യന്തം പാർശ്വവത്കൃതരോടുള്ള പക്ഷപാതം നിലനിർത്തുന്ന ആഖ്യാനവിദ്യ സ്വീകരിച്ചിരിക്കുന്നു. അതിന്റെ പ്രതിഫലനം ഇക്കഥയിലും ഉൾക്കൊള്ളിച്ചിരിക്കുന്നു. ലൂക്കൊസ് സുവിശേഷത്തിന്റെ ആദ്യംതന്നെ ഈ നിലപാടു വ്യക്തമാക്കുന്ന പഴയനിയമഭാഗം ഉദ്ധരിക്കുന്നുണ്ട്. ''ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു'' (4:18). ഇതുമായി ചേർത്തുവായിക്കുമ്പോഴാണ് ഉപാഖ്യാനങ്ങളിൽപ്പോലും വരുന്ന അവതരണഭേദത്തിന്റെ ഉദ്ദേശ്യം മനസ്സിലാവൂ. യെശയ്യാപ്രവചനത്തിലെ ഈ സൂക്തം ലൂക്കൊസ് മാത്രമേ ഉദ്ധരിക്കുന്നുള്ളൂ. മാത്രമല്ല സുവിശേഷത്തിൽ ഉടനീളം അതിനെ പിന്തുണയ്ക്കുന്ന വ്യവഹാരങ്ങൾ ലൂക്കൊസ് നിബന്ധിക്കുന്നുമുണ്ട്.

### 4.2. നഷ്ടപ്പെട്ടതിന്റെ മൂല്യം

ബൈബിളിലെ ചിന്തയനുസരിച്ച് മനുഷ്യൻ ദൈവത്തിൽനിന്നു നഷ്ടപ്പെട്ടവനാണ്. നഷ്ടപ്പെട്ട മനുഷ്യനെ വീണ്ടെടുക്കുക എന്നതാണ് ദൈവത്തിന്റെ രക്ഷാപദ്ധതി.

അതിനാണ് ദൈവം മനുഷ്യനായി അവതരിച്ചതെന്നു ബൈബിൾ വെളിപ്പെടുത്തുന്നു. മനുഷ്യൻ എങ്ങനെയാണ് ദൈവത്തിൽനിന്ന് അകന്നതെന്ന് വ്യക്തമാക്കുന്ന പ്രശസ്ത മായ ദൃഷ്ടാന്തകഥകളാണ് കാണാതെപോയ ആട്, കാണാതെപോയ നാണയം, മുടിയ നായ പുത്രൻ എന്നിവ.

ലൂക്കൊസിന്റെ സുവിശേഷം 15-ാം അധ്യായത്തിൽ 3 ഉപമകൾ (Trilogy) അടു പ്പിച്ച് അവതരിപ്പിക്കുന്നുണ്ട്. ഉപമത്രയത്തിന്റെ ആവിഷ്കാരസന്ദർഭം ഒരു പൊതു പ്രശ്നമാണ്: യേശു പാപികളോടൊപ്പം കഴിയുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്നു. പാപികളെ രക്ഷിക്കുവാൻ അവതരിച്ച യേശുവിന്റെ പാപികളോടൊത്തുള്ള സഹവാ സവും അവരോടുള്ള സഹതാപവും പല സന്ദർഭങ്ങളിലും ആളുകൾക്കു മനസ്സി ലാക്കാനായില്ല. പാപികളോടുള്ള യേശുവിന്റെ നിലപാടെന്തെന്നു അവരെ ബോധ്യമാക്കു വാൻ വേണ്ടിയാണ് കാണാതായ ആട്, കാണാതായ നാണയം, മുടിയനായ പുത്രൻ (ധൂർത്തപുത്രൻ) എന്നീ ഉപമകൾ ആഖ്യാനം ചെയ്യുന്നത്. മൂന്ന് ഉപമയിലും സാദൃശക ല്പനകൾ വ്യത്യസ്തമാണെങ്കിലും അവതരിപ്പിക്കുന്ന ആശയം ഒന്നാണെന്നു തെളിയി ക്കുന്ന ആവർത്തനവാക്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മനുഷ്യനെയല്ല അവനിലുള്ള പാപ ത്തെയാണ് ദൈവം വെറുക്കുന്നതെന്നും പാപത്തിൽനിന്നു മനുഷ്യനെ രക്ഷിക്കുകയാണ് ദൈവത്തിന്റെ പരമലക്ഷ്യമെന്നും ഓരോ ആവർത്തനവാക്യവും എടുത്തുപറയുന്നു.

### 4.2.1. കാണാതെപോയ ആട്

100 ആടുള്ള മനുഷ്യൻ അതിൽ ഒന്ന് നഷ്ടപ്പെട്ടാൽ 99 ആടിനെയും വിട്ടിട്ട് തെറ്റി പ്പോയതിനെ അന്വേഷിച്ചുകണ്ടെത്തും. കണ്ടെത്തിയാൽ അയാൾ സ്നേഹിതന്മാരെയും അയൽക്കാരെയും വിളിച്ചുകൂട്ടി സന്തോഷിക്കും. ഇതുപോലെ മാനസാന്തരപ്പെടുന്ന പാപി യെച്ചൊല്ലി സ്വർഗത്തിൽ വലിയ സന്തോഷം ഉണ്ടാകും.

മത്തായിയും ലൂക്കൊസും ഈ ഉപമവ്യത്യസ്ത ആശയം സൂചിപ്പിക്കാനാണ് അവ തരിപ്പിക്കുന്നത് (മത്താ.18:12-14, ലൂക്കൊ.15:1-7). ആരും നശിച്ചു പോകരുതെന്ന ആശയം മത്തായി അവതരിപ്പിക്കുമ്പോൾ മാനസാന്തരപ്പെടുന്ന പാപിയെക്കുറിച്ചുള്ള ദൈവത്തിന്റെ സന്തോഷമാണ് ലൂക്കൊസ് അവതരിപ്പിക്കുന്നത്. മത്തായിയിൽ കാണാതെപോയ ആട് യേശുവിന്റെ ശിഷ്യന്മാരിലേക്കാണു വിരൽചൂണ്ടുന്നത് (18:1). ലൂക്കൊസിൽ അതു ശാസ്ത്രിമാരിലേക്കും പരീശന്മാരിലേക്കും ചെല്ലുന്നു (15:1-2). 100 ആട്, 99 നല്ല ആട്, ഒരു തെറ്റിപ്പോയ ആട് എന്നിവ സോദ്ദേശ്യം ഉപയോഗിച്ച സംഖ്യകൾ ആണ്. മനംമാറ്റമുണ്ടായ വരെ ആടായിക്കാണുന്നത് അവർ എണ്ണത്തിൽ ചുരുക്കമാണെന്നു കാണിക്കാനും എന്നാൽ ചെറുസംഖ്യയായിക്കരുതി അവയെ അവഗണിക്കാത്ത ദൈവസ്നേഹത്തിന്റെ വലുപ്പം സൂചിപ്പിക്കാനുമാണ്. ''പാപികളെ നശിപ്പിക്കുന്നതു കണ്ടു സന്തോഷിക്കുന്ന ഒരു സ്വർഗത്തെയാണ് യൂദമതനേതാക്കൾ വരച്ചുകാട്ടിയത്. എന്നാൽ നാശത്തിൽ നിന്നുദ്ധരി ക്കുന്നതിൽ സന്തോഷിക്കുന്ന ഒരു ദൈവത്തെയും സ്വർഗത്തെയുമാണ് യേശു ചിത്രീകരി ക്കുന്നത്'' (ജോർജ് 2012:26).

ആട് ബൈബിൾസാഹിത്യസംസ്കാരത്തിൽ നിറഞ്ഞുനിൽക്കുന്ന പ്രതിബിംബം ആകുന്നു. ദൈവം അബ്രാഹാമിന് യാഗത്തിനായി യിസ്ഹാക്കിനു പകരം ആടിനെ കരുതിയത്, മോശെ, യാക്കോബ്, ദാവീദ് എന്നിവരുടെ ആടുമേയ്ക്കൽ തുടങ്ങിയ പഴയനിയമ സംഭവങ്ങൾ സ്മരണയിലേക്ക് ആനയിക്കുന്ന രൂപകമാണ് ആട്. യെഹെസ്കേൽ 34-ാം അധ്യായത്തിൽ ആട്ടിടയന്മാരെ അധിക്ഷേപിക്കുകയും യഥാർത്ഥ ആട്ടിടയൻ എങ്ങനെയായിരിക്കണമെന്നും പറയുന്നുമുണ്ട്. "ഞാൻതന്നെ എന്റെ ആടുകളെ മേയിക്കയും കിടത്തുകയും ചെയ്യും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്. കാണാതെപോയതിനെ ഞാൻ അന്വേഷിക്കയും ഓടിച്ചുകളഞ്ഞതിനെ തിരിച്ചുവരുത്തുകയും ഒടിഞ്ഞതിനെ മുറിവുകെട്ടുകയും ദീനം പിടിച്ചതിനെ ശക്തീകരിക്കയും ചെയ്യും" (34:15-16). ദൈവജനത്തെ ആടിനോടു സാദൃശ്യപ്പെടുത്തുന്ന സമ്പ്രദായം പഴയനിയമകാലം മുതലുള്ളതാണ്. ഇതിന് സുവിശേഷത്തിൽ വേറെയും ഉദാഹരണങ്ങൾ ഉണ്ട് (മത്താ. 9:36,10:5,6).

#### 4.2.2. കാണാതെപോയ ദ്രഹ്മ

ഒരു സ്ത്രീക്ക് 10 ദ്രഹ്മ (നാണയം) ഉണ്ട്. അതിൽ ഒന്നു കാണാതെപോയാൽ വിളക്കു കത്തിച്ച് വീട് അടിച്ചുവാരി അതുകണ്ടു കിട്ടുന്നതുവരെ സൂക്ഷ്മമായി അന്വേഷിക്കും. കണ്ടുകിട്ടിയാൽ സ്നേഹിതമാരെയും അയൽക്കാരികളെയും വിളിച്ചുകൂട്ടി തന്നോടുകൂടെ സന്തോഷിക്കുവാൻ പറയും. ഇതുപോലെ മാനസാന്തരപ്പെടുന്ന പാപിയെക്കുറിച്ച് ദൈവദൂതന്മാരുടെ മധ്യത്തിൽ വലിയ സന്തോഷം ഉണ്ടാകും (ലൂക്കൊ.15:8-10).

മുടിയനായപുത്രന്റെ ഉപമയ്ക്കു മുഖവുരയായിപ്പറയുന്നതാണ് ഇക്കഥ. എടുത്തുപറയത്തക്ക ആഖ്യാനസവിശേഷതകൾ ഒന്നുമില്ല. മൂന്ന് ഉപമകളും പരസ്പരപൂരകമായ അർത്ഥമാണു നൽകുന്നത്.

#### 4.2.3. മുടിയനായ പുത്രൻ

ഒരാൾക്കു രണ്ടു പുത്രന്മാരുണ്ടായിരുന്നു. അതിൽ ഇളയവൻ പിതാവിനോട് സ്വത്തു ചോദിച്ചുവാങ്ങി ദൂരദേശത്തേക്കു യാത്രയായി. കാശെല്ലാം ധൂർത്തടിച്ചു. തുടർന്ന് അവിടെ വലിയ ക്ഷാമം ഉണ്ടായി. അവൻ പന്നികളെ മേയ്ക്കുന്ന തൊഴിലിൽ ഏർപ്പെട്ടു. വേണ്ടത്ര ആഹാരംപോലും അവനു കിട്ടിയില്ല. അപ്പോൾ അവൻ സ്വന്തഭവനത്തെക്കുറിച്ചോർത്തു. അവിടെയുള്ള കൂലിക്കാർ ആവശ്യത്തിനു ഭക്ഷണം കഴിക്കുന്നതും മിച്ചം വെക്കുന്നതും ഓർമ്മവന്നപ്പോൾ അപ്പനോട് മാപ്പുപറഞ്ഞ് വീട്ടിലേക്കു തിരിച്ചുചെല്ലാൻ മകൻ തീരുമാനിച്ചു. വീട്ടിലേക്കു വരുന്ന മകനെ അകലെവച്ചുതന്നെ പിതാവ് കണ്ട് ഓടിച്ചെന്നു ചുംബിച്ചു. അവനെ നല്ല വസ്ത്രം ധരിപ്പിച്ചു, മോതിരവും ചെരിപ്പും കൊടുത്തു. വലിയ വിരുന്നൊരുക്കി.

പിതാവിന്റെ മൂത്തമകൻ വയലിലായിരുന്നു. അയാൾ വന്ന് ഭൃത്യനോട് കാര്യം തിരക്കി. ഇളയമകൻ തിരിച്ചുവന്നതിന്റെ ആഘോഷമാണെന്ന് അറിഞ്ഞ മൂത്തപുത്രൻ വീട്ടിനകത്തു കടക്കാതെ നീരസപ്പെട്ടു വെളിയിൽത്തന്നെ നിന്നു. പിതാവ് അവനോട്

വീട്ടിൽ കടക്കുവാൻ കേണപേക്ഷിച്ചു. വളരെക്കാലമായി അപ്പനെ സേവിക്കുന്ന തനിക്ക് കൂട്ടുകാരോടൊപ്പം സന്തോഷിക്കാൻ ഒരു ആട്ടിൻകുട്ടിയെപ്പോലും തന്നിട്ടില്ല. എന്നാൽ സ്വത്തെല്ലാം നശിപ്പിച്ച മകൻ വന്നപ്പോൾ കാളക്കുട്ടിയെ കൊന്ന് വിരുന്നൊരുക്കിയല്ലോ എന്നു പറഞ്ഞ് മൂത്തപുത്രൻ പരിഭവിച്ചു. ''മകനേ, നീ എപ്പോഴും എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; എനിക്കുള്ളതെല്ലാം നിന്റേത് ആകുന്നു. നിന്റെ ഈ സഹോദരനോ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടു കിട്ടിയിരിക്കുന്നു. ആകയാൽ ആനന്ദിച്ചു സന്തോഷിക്കേണ്ടതാവശ്യമായിരുന്നു എന്നു പറഞ്ഞു'' (15:31).

ലൂക്കൊസിന്റെ സുവിശേഷത്തിൽ മാത്രമേ ഈ കഥയുള്ളൂ (15:11-32). ഭാവനയിൽ രൂപം കൊടുത്തതും എന്നാൽ യഥാർത്ഥജീവിതത്തിൽ നടക്കാവുന്നതുമായ ഒരു സംഭവത്തിന്റെ ആഖ്യാനമാണിത്. മുടിയനായപുത്രന്റെ ഉപമയ്ക്ക് രണ്ടു ഭാഗങ്ങളുണ്ട്. പിതാവിനോട് ഇളയപുത്രന്റെ ഭാഗം ചോദിക്കലും നാടുവിടലും പിന്നീട് ഏറെക്കാലത്തിനുശേഷമുള്ള മടങ്ങിവരവും ആദ്യ ഭാഗത്ത് ചിത്രീകരിച്ചിരിക്കുന്നു. രണ്ടാം ഭാഗം മുടിയൻപുത്രന് പിതാവിന്റെ ഭവനത്തിൽനിന്നു കിട്ടുന്ന സ്വീകരണത്തെക്കുറിച്ചുള്ള വിവരണമാണ്. ഇളയപുത്രന്റെ വീടുവിട്ടിറങ്ങൽ, ഊരുചുറ്റൽ, വീട്ടിലേക്കുള്ള തിരിച്ചുവരവ് എന്നിങ്ങനെ കഥയുടെ ആദ്യഭാഗത്തെ വീണ്ടും മൂന്നു രംഗമായി കണക്കാക്കാം. കഥയുടെ രണ്ടാം ഭാഗത്തെ വീണ്ടും രണ്ടായി വിഭജിക്കാം. മകന്റെ തിരിച്ചുവരവിനോടുള്ള പിതാവിന്റെ പ്രതികരണം, അനുജന്റെ വരവിനോടുള്ള മൂത്തമകന്റെ നിലപാട് എന്നിവ.

ഇത് ഒരു കുടുംബകഥയാണ്. സന്തുഷ്ടവും സമ്പന്നവുമായ ചെറിയ കുടുംബം. ഈ കഥാവതരണത്തിൽനിന്ന് മാതാവിന്റെ സാന്നിധ്യം ബോധപൂർവ്വം ഒഴിവാക്കുന്ന ആഖ്യാനനൈപുണ്യം ശ്രദ്ധിക്കേണ്ടതു തന്നെ. കഥാവതരണത്തിന് അവശ്യംവേണ്ട കഥാപാത്രങ്ങളെയേ കഥയുടെ വക്താവും ആഖ്യാതാവും ഉൾക്കൊള്ളിക്കുന്നുള്ളൂ. ഈ കഥയ്ക്ക് വൈകാരികത കൂട്ടാൻ ഒരമ്മയുടെ സാന്നിധ്യം നല്ലതായിരുന്നിട്ടും ഒഴിവാക്കിയതു സോദ്ദേശ്യമാണ്. ക്രൈസ്തവചിന്തയനുസരിച്ച് ദൈവം പിതാവാണ്. ''അപ്പനു മക്കളോടു കരുണ തോന്നുന്നതുപോലെ യഹോവയ്ക്കു തന്റെ ഭക്തന്മാരോടു കരുണ തോന്നുന്നു'' എന്നതാണ് ബൈബിളിലെ ദൈവദർശനം (സങ്കീ.103:13). ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം സ്ഥാപിക്കാൻ ഇത്രയും കഥാപാത്രങ്ങൾ മതി. പാപജീവിതത്തിൽനിന്നു പശ്ചാത്തപിച്ചെത്തുന്നവരെ സ്വീകരിക്കുവാൻ സ്വർഗത്തിൽ കാത്തിരിക്കുന്നത് പിതാവായ ദൈവമാണ്. സ്വർഗ്ഗത്തിൽ പിതാവേയുള്ളൂ, മാതാവില്ല എന്ന മഹാദർശനം അവതരിപ്പിക്കുവാൻ വേണ്ടിയാണ് ഈ രംഗത്തിൽനിന്ന് അമ്മയുടെ സാന്നിധ്യം ഒഴിവാക്കിയിരിക്കുന്നത്.

ആമുഖമൊന്നും കൂടാതെ കഥയിലേക്കു നേരിട്ടു പ്രവേശിക്കുന്ന മട്ടിലാണ് ഉപമയുടെ ആരംഭം. ''പിന്നെയും അവൻ പറഞ്ഞത്: ഒരു മനുഷ്യന് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു'' (15:11). ഇതിനെത്തുടർന്നു വരുന്ന വാക്യങ്ങളെല്ലാം കാതലായ വസ്തുതകൾ മാത്രം വ്യക്തമാക്കുന്നതാണ്. കഥയിലെ പിതാവ്, ഇളയമകൻ, മൂത്തമകൻ എന്നിവരുടെ

സ്വഭാവം ഏതാനും ലഘുവാക്യങ്ങളിലൂടെ വെളിപ്പെടുത്തുന്നു. സമ്പന്നനും ഉദാരചിത്ത നുമായ പിതാവ്, നിർബന്ധബുദ്ധിയും ധിക്കാരിയുമായ ഇളയമകൻ. കഥയുടെ ആത്മാവ് തെളിഞ്ഞുകിട്ടുന്നതരത്തിൽ കഥപറച്ചിൽ മുന്നോട്ടുപോകുന്നു.

വളരെ മ്ലേച്ഛമായ ജീവിതമാണ് മുടിയൻപുത്രൻ നയിച്ചതെങ്കിലും അവ പരത്തിപ്പ റയുന്നതിൽ ആഖ്യാതാവിനു താത്പര്യമില്ല. ''അവിടെ ദുർന്നടപ്പുകാരനായി ജീവിച്ചു വസ്തു നാനാവിധമാക്കിക്കളഞ്ഞു'' (15:13). ഇത്രമാത്രമേ അതിനെപ്പറ്റി സൂചിപ്പിക്കുന്നു ള്ളൂ. ആസ്വാദ്യതയെക്കാൾ ആശയസംവേദനമായിരുന്നു സുവിശേഷകൻ ലക്ഷ്യമാക്കിയ തെന്ന് ഇത്തരം ഹ്രസ്വപ്രസ്താവനകൾ വെളിപ്പെടുത്തുന്നു. ഈ കഥയിൽ ഒട്ടേറെ കാര്യ ങ്ങൾ വർണ്ണിച്ച് വർണ്ണിച്ചുപോകാമായിരുന്നു. എന്നാൽ എല്ലാത്തരം വർണ്ണനകളും ഒഴിവാ ക്കിക്കൊണ്ടുള്ള ആഖ്യാനത്തിന് പിന്നിൽ എന്തെങ്കിലും ഉദ്ദേശ്യമുണ്ടായിരുന്നുവോ എന്നു ചിന്തിക്കുന്നതത്രേ ഉചിതം. പില്ക്കാലത്ത് ബൈബിൾക്കഥകളെപ്പറ്റി അസംഖ്യം പാരായ ണങ്ങൾ നടക്കാനിരിക്കുന്നു എന്നു മനസ്സിലാക്കി വായനക്കാരുടെ മനോധർമ്മമനുസരിച്ച് ചിന്തിക്കാൻ വഴിതുറന്നിട്ടിരിക്കുകയാണ് ഈ വിവരണവിമുഖതയിലൂടെ സുവിശേഷകൻ.

ഒരു ആക്ഷേപത്തിനു പ്രതികരണമായി യേശു പറയുന്ന മൂന്നു കഥകളിൽ മുഖ്യ മായതാകുന്നു മുടിയൻ പുത്രനെക്കുറിച്ചുള്ള കഥ. യേശു പാപികളെ കൈക്കൊണ്ട് അവ രോടുകൂടെ ഭക്ഷണം കഴിക്കുന്നു എന്നതായിരുന്നു ശാസ്ത്രിപരീശന്മാരുടെ ആരോ പണം. പാപികളുടെ രക്ഷകൻ എന്ന് അവകാശപ്പെട്ട യേശുവിന്റെ ഈ സ്വഭാവം അവർക്ക് ഉൾക്കൊള്ളാനായില്ല. അവരുടെ സംശയനിവാരണത്തിനായി യേശു പറഞ്ഞതാണ് ഈ കഥകൾ. യേശുവിന്റെ വാമൊഴി അവതരണത്തിന്റെ ഏറ്റവും ലളിതമായ ലിഖിതാവി ഷ്കാരം മാത്രമേ ലൂക്കൊസ് നിർവഹിക്കുന്നുള്ളൂ. എങ്കിലും മറ്റു രണ്ട് ഉപമകൾക്കും അന്യമായ വ്യതിരിക്തത മുടിയൻപുത്രന്റെ ചരിതത്തിനുണ്ട്. മറ്റു രണ്ട് ആഖ്യാനങ്ങളിലും ആടും ദ്രഹ്മയും ആണ് നഷ്ടപ്പെട്ടിരിക്കുന്നതെങ്കിൽ ഇവിടെ മനുഷ്യനാണ് നഷ്ടപ്പെട്ടിരി ക്കുന്നത്. ആടിന്റെ നഷ്ടം ഇടയനും ദ്രഹ്മയുടെ നഷ്ടം സ്ത്രീക്കും എത്ര വലിയതാ ണെന്ന് ശ്രോതാക്കളെ ബോദ്ധ്യപ്പെടുത്തിയശേഷം അതിലും വിലയേറിയതും പരമപ്രധാ നമായതുമായ മകന്റെ നഷ്ടം ഒരു പിതാവിന്, അഥവാ മനുഷ്യന്റെ നഷ്ടം സാക്ഷാൽ ദൈവത്തിന് എത്രയോ വലുതാണെന്നു ബോദ്ധ്യപ്പെടുത്തുന്നു.

ചില സംഭാഷണങ്ങൾ ഒഴിവാക്കുന്നതിലൂടെ കഥയ്ക്ക് പുതിയ അർത്ഥം നൽകുന്ന രീതി മുടിയൻപുത്രന്റെ കഥയിൽ കാണാം. വിശപ്പുകൊണ്ടു പൊറുതിമുട്ടിയ മകൻ ''ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്ന് അവനോട്: അപ്പാ, ഞാൻ സ്വർഗ്ഗ ത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന പേരിനു ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ എന്നു പറയും എന്നു പറഞ്ഞു'' (15:18-19). അപ്പനെ കാണുമ്പോൾ ഈ സംഭാഷണം ഉദ്ധരിക്കുന്നുണ്ടെ ങ്കിലും 'നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ' എന്ന വാക്യം വിട്ടുകളഞ്ഞിരിക്കുന്നു. അപ്പനോടു മൂന്നു കാര്യങ്ങൾ പറയാൻ കണക്കുകൂട്ടിച്ചെന്ന മകൻ

ഒരു കാര്യം മറന്നു പോകുന്നു. മറന്നു പോയ കാര്യം സാധിക്കുവാൻ ആയിരുന്നു മകൻ അപ്പന്റെ അടുക്കൽ ചെന്നത്. ആ വാക്യം പറയാൻപോലും അനുവദിക്കാതെ അവനെ സ്വീകരിച്ചു സൽക്കരിക്കുന്ന മഹാകാരുണ്യവാനായ പിതാവിന്റെ സ്നേഹാധിക്യത്തെ വരച്ചുകാട്ടുവാനാണ് ആഖ്യാതാവിന് ശ്രദ്ധ. വിശദീകരണം ചോദിക്കാതെ മടങ്ങി വന്ന മകനെ സ്നേഹിച്ച പിതാവ്. അവൻ മടങ്ങി വന്നതു കൂലിക്കാരനാകുവാനായിരുന്നു. എന്നാൽ അപ്പൻ അവനെ മകനായിത്തന്നെ സ്വീകരിക്കുന്നു. ഇളയമകനു കൊടുക്കുന്ന സ്വീകരണസൽക്കാരങ്ങളിൽ അരിശംപൂണ്ട മകനെ ആശ്വസിപ്പിക്കാൻ പിതാവു പറയുന്ന വാക്കുകളുടെ ആവിഷ്കാരഭാഷ സത്യവേദപുസ്തകത്തിൽ വേറിട്ടരീതിയിലാണ് എഴുതിയിരിക്കുന്നത്.

''നിന്റെ ഈ സഹോദരനോ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടു കിട്ടിയിരിക്കുന്നു. ആകയാൽ ആനന്ദിച്ചു സന്തോഷിക്കേണ്ടതാവശ്യമായിരുന്നു എന്നു പറഞ്ഞു'' (15:32).

ഇതര മലയാള പരിഭാഷകളിലെല്ലാം അടിവരയിട്ട ഭാഗം നിപാതപ്രത്യയം ചേർക്കാതെ സഹോദരൻ എന്നു മാത്രമേ രേഖപ്പടുത്തിയിട്ടുള്ളൂ. എന്നാൽ ഓ എന്ന നിപാതപ്രത്യയത്തിന്റെ സന്നിവേശം പ്രസ്തുത സംഭാഷണത്തിന് വിശിഷ്ടമായ ഊന്നൽ നൽകുന്നുണ്ട്. വാക്കുകളെ സൂക്ഷ്മതയോടെ വിന്യസിച്ച് ഭാവസ്ഫൂർത്തി വരുത്തുന്നതിൽ വേദപുസ്തകതർജ്ജമക്കാർക്കുണ്ടായിരുന്ന വൈദഗ്ദ്ധ്യം ഇവിടെ കാണാം. ലഘുവാക്യങ്ങളായി പിരിച്ചുള്ള പ്രയോഗവും വാമൊഴിമട്ടിലുള്ള ആവിഷ്കരണവും ഈ ഭാഗത്തിന്റെ അർത്ഥശക്തി വർദ്ധിപ്പിക്കുന്ന ഘടകം തന്നെ.

കഥയുടെ രണ്ടാം ഭാഗം അപ്പനും മൂത്തമകനും തമ്മിൽ നടക്കുന്ന വാഗ്വാദമാണ്. നാലാം കഥാപാത്രമായി ഒരു ഭൃത്യൻ ഈ രംഗത്തിൽ മിന്നിമറയുന്നുണ്ട്. അപ്പനോടൊപ്പം കഴിയുന്നെങ്കിലും മൂത്തമകൻ നിരാശനും അസംതൃപ്തനും ആയിരുന്നെന്നു തുടർന്നുള്ള ഭാഗങ്ങൾ വെളിപ്പെടുത്തുന്നു. മടങ്ങിവന്ന സഹോദരനെ പിതാവും വേലക്കാരനും അവന്റെ സഹോദരൻ എന്നു പരിചയപ്പെടുത്തിയിട്ടും മൂത്തമകൻ ''വേശ്യമാരോടുകൂടി നിന്റെ മുതൽ തിന്നുകളഞ്ഞ ഈ നിന്റെ മകൻ ..... '' എന്നത്രേ വിളിക്കുന്നത് (15:30).

നഷ്ടപ്പെട്ടെന്നു കരുതിയവ തിരിച്ചുകിട്ടുമ്പോഴുള്ള സന്തോഷമാണ് ഈ ഉപമത്രയത്തിലെ പ്രധാനപ്രമേയം. അതു തെളിയിക്കുന്ന വാക്യങ്ങൾ മൂന്ന് ഉപമയിലും ഉൾച്ചേർത്തിട്ടുണ്ട്.

''കാണാതെ പോയ എന്റെ ആടിനെ കണ്ടുകിട്ടിയതുകൊണ്ട് എന്നോടുകൂടെ സന്തോഷിപ്പിൻ'' (15:6).

''കണ്ടുകിട്ടിയാൽ സ്നേഹിതരെയും അയൽക്കാരത്തികളെയും വിളിച്ചു കൂട്ടി:കാണാതെപോയ ദ്രഹ്മ കണ്ടുകിട്ടിയതുകൊണ്ട് എന്നോടുകൂടെ സന്തോഷിപ്പിൻ എന്നു പറയും'' (15:9).

''നിന്റെ ഈ സഹോദരനോ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചിച്ചു; കാണാതെ പോയിരുന്നു; കണ്ടു കിട്ടിയിരിക്കുന്നു. ആകയാൽ ആനന്ദിച്ചു സന്തോഷിക്കേണ്ടതാവശ്യ മായിരുന്നു എന്നു പറഞ്ഞു'' (15:32).

ഉപമകളിൽ ഒരു കേന്ദ്രാശയം കാണുമെങ്കിലും മറ്റ് ആശയങ്ങളും അതിൽനിന്നു വായിച്ചെടുക്കാനാവും. മുടിയനായ പുത്രന്റെ കഥ അത്തരത്തിലുള്ളതാണ്. ദൈവത്തിന്റെ ക്ഷമ, മനുഷ്യനോടുള്ള സ്നേഹം, മാനസാന്തരത്തിന്റെ ആവശ്യം, ഒരു പാപിപോലും നശിച്ചുപോകരുതെന്നുള്ള ദൈവത്തിന്റെ ആഗ്രഹം, പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തിനു സമാനമാണ് മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം, നല്ലവനായി ജീവി ച്ചവനെ ദൈവത്തിൽനിന്നകറ്റി വഴിപിഴപ്പിക്കുന്ന ദുഷ്ടാത്മാവിന്റെ പ്രവർത്തനം........... ഇങ്ങനെ പല അർത്ഥങ്ങൾ കണ്ടെത്താം.

ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്തുന്ന വ്യവഹാരമാണ് ഇത്. മുടിയനായ പുത്രനെ സ്വീകരിക്കുന്ന പിതാവ് പാപിയെ കൈക്കൊള്ളുന്ന ദൈവം തന്നെ. ബൈബി ളിലെ മുഖ്യകഥാരേഖയുടെ ചെറുപതിപ്പാണ് ഈ ഉപകഥാരേഖ. യോഹന്നാന്റെ പദാവലി യിൽ പറഞ്ഞാൽ ''തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോ കാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു'' (യോഹ.3:16). ഉപമയുടെ പേര് മുടിയൻപുത്രൻ എന്നാണെ ങ്കിലും, പിതാവിന്റെ അളവറ്റ സ്നേഹവും ക്ഷമിക്കുന്ന പ്രകൃതവുമാണ് പ്രതിപാദ്യം. ആർദ്രഹൃദയനായ പിതാവ് എന്ന പേരാണ് മുടിയൻ പുത്രന്റെ കഥയുടെ ഉചിതശീർഷ കം. ഉള്ളടക്കത്തെ ഉയർത്തിക്കാട്ടുന്നതും ആ പേരു തന്നെ. ഈ കഥയുടെ പ്രമേയത്തെ പ്പറ്റി സുകുമാർ അഴീക്കോടിന്റെ നിരീക്ഷണം ഇങ്ങനെയാണ്. ''അകന്നുപോകുന്നവൻ ശത്രുവല്ല. അടുത്തിരിക്കുന്നവൻ മിത്രവുമല്ല. ഒരാൾ അകലുന്നു എന്നു നാം കണക്കാക്കു ന്നത് നമ്മിൽനിന്ന് അയാൾ അകന്ന ദൂരം കണക്കാക്കിയാണ്. പുരോഹിതനും പള്ളിയും അളവെടുക്കുന്നത് തങ്ങളിൽനിന്നുള്ള അകലം കണ്ടിട്ടാകരുത്. ക്രിസ്തുവിൽ നിന്നാണ് അകലം അളക്കേണ്ടത്. പുരോഹിതനോ പള്ളിയധികാരിയോ ആയതുകൊണ്ട് ക്രിസ്തുവിന്റെ തൊട്ടടുത്താണെന്ന് സ്വയം കാണുന്നതു ശരിയല്ല. പാപത്തിൽ വിശ്വസി ക്കുന്ന മനുഷ്യൻ, ആ വിശ്വാസത്തെ പ്രയോഗിക്കുന്നത് അന്യൻ പാപിയാണെന്നു പറ യാനാണ്, തന്നെ പാപിയായി കാണാനല്ല. വീടുവിട്ടുപോയ മകൻ പാപിയും വീട്ടിലിരി ക്കുന്നവൻ പുണ്യവാനുമല്ലെന്നാണ് ധൂർത്തപുത്രന്റെ കഥയുടെ സാരം'' (1999:17).

ലൂക്കൊസിന്റെ സുവിശേഷം 15-ാം അധ്യായത്തിലെ ആഖ്യാനക്രമീകരണം ഉചിതമായിരിക്കുന്നു. മാനസാന്തരത്തെപ്പറ്റിയുള്ള വ്യവഹാരമാണ് ആ അധ്യായത്തിൽ മുഴുവൻ. മാനസാന്തരത്തിന്റെ പ്രാധാന്യം എടുത്തുപറയുന്ന പല ഉപാഖ്യാനങ്ങൾ

ലൂക്കൊാസ് അവതരിപ്പിക്കുന്നു. കാണാതായ ആട്, നാണയം, മുടിയൻ പുത്രൻ എന്നിവ യാണവ. സംഖ്യകളും കുറഞ്ഞുകുറഞ്ഞു വരുന്നു. നൂറ് ആട്, പത്തു ദ്രഹ്മ, പിന്നെ ഒരു മകൻ. നൂറ്, പത്ത് ആയും പിന്നെ ഒന്നായും എണ്ണം ചുരുങ്ങിച്ചുരുങ്ങി വരുന്നു. ആട്, നാണയം എന്നീ ആദ്യ രണ്ട് ഉപമകളുടെ വിപുലീകരണവും പൂർത്തീകരണവുമാണ് മുടി യനായ പുത്രൻ. ആദ്യത്തെ രണ്ടും മൂന്നാമത്തേതിൽ പൂർണ്ണമാകുന്നു. ഉപമത്രയം എന്ന നിലയിൽ വിലയിരുത്തുമ്പോളാണ് ഈ വ്യവഹാരങ്ങൾക്ക് ആശയപൂർത്തി ഉണ്ടാവുന്നത്. നഷ്ടപ്പെട്ട ഒന്നിന്റെ മൂല്യമാണ് നൂറ് എന്ന സംഖ്യയ്ക്കിടയിലും പത്ത് എന്ന സംഖ്യക്കിട യിലും ഒന്ന് എന്ന സംഖ്യയ്ക്കിടയിലും പ്രധാനം. എല്ലാ കൂട്ടത്തിലും നഷ്ടപ്പെടുന്നത് ഒരേ അളവിലും മൂല്യത്തിലും ഉള്ളതുതന്നെ. അതിനാൽ എത്ര വലിയ കൂട്ടത്തിൽനിന്നും എത്ര ചെറിയ കൂട്ടത്തിൽനിന്നും നഷ്ടപ്പെടുന്നതിന് തുല്യവിലതന്നെ കൽപിക്കുന്ന ദൈവത്തിന്റെ അനന്തമായ സ്നേഹത്തിന്റെ ആവിഷ്കാരമായി ഈ ഉപമകൾ മാറുന്നു. പാപിയുടെ മാനസാന്തരം തന്നെയാണ് മുടിയൻപുത്രന്റെ കഥയിലും പ്രമേയം. ആദ്യത്തെ രണ്ടു കഥയിലും 'മാനസാന്തരപ്പെടുന്ന പാപിയെച്ചൊല്ലി' എന്ന പരാമർശം ആവർത്തി ക്കുന്ന രചനാസങ്കേതം ഉണ്ട്. എന്നാൽ മുടിയൻപുത്രന്റെ കഥയിൽ ആ പരാമർശം ഉൾപ്പെടുത്തുന്നില്ല. അതെടുത്തുപറയാതെതന്നെ ആശയം മനസ്സിലാകും എന്നതു കൊണ്ടാണ് ആവർത്തനപദമില്ലാതെതന്നെ മുടിയൻപുത്രന്റെ ഉപമ ഉപസംഹരിക്കുന്നത്. കാണാതെപോയ ആടും കാണാതായ ദ്രഹ്മയും മുടിയനായപുത്രനും ഉപമയുടെ പേരി ലാണ് വിവരിച്ചിരിക്കുന്നതെങ്കിലും ഇവയുടെ സാഹിത്യരൂപത്തിൽ ചില വ്യത്യാസങ്ങൾ പ്രകടമാണ്.

#### 4.3. ക്ഷമ

ബൈബിൾ അവതരിപ്പിക്കുന്ന ജീവിതമൂല്യങ്ങളിൽ ക്ഷമയ്ക്ക് വലിയ സ്ഥാനമു ണ്ട്. യേശുവിന്റെ ഉപദേശങ്ങളിൽ പ്രത്യക്ഷത്തിൽത്തന്നെ ഇതിനെപ്പറ്റി പറയുന്നുണ്ട്. ക്ഷമിക്കാത്തതുകൊണ്ടാണ് സകലപ്രശ്നങ്ങളും ഉണ്ടാകുന്നത്. രണ്ട് ഉപമകൾ ഈ വിഭാ ഗത്തിൽ പെടുന്നു. 1. ദയയില്ലാത്ത ഭൃത്യൻ 2. രണ്ടു കടക്കാർ

#### 4.3.1. ക്ഷമിക്കാത്ത ഭൃത്യൻ

സ്വർഗരാജ്യം തന്റെ ദാസന്മാരുമായി കണക്കുതീർക്കുന്ന രാജാവിനു സദൃശം എന്ന ആമുഖത്തോടെ കഥ തുടങ്ങുന്നു. രാജാവ് കണക്കുനോക്കിയപ്പോൾ പതിനായിരം താലന്തു കടം കൊടുക്കുവാനുള്ള ഒരു ദാസൻ വന്നു. അവനു കടം വീട്ടുവാൻ കഴിവില്ലാ ത്തതിനാൽ അവൻ, ഭാര്യ, മക്കൾ എന്നിങ്ങനെ അവനുള്ളതൊക്കെയും വിറ്റു കടം വീട്ടു വാൻ രാജാവ് കല്പിച്ചു. അവൻ രാജാവിനോടു മുട്ടിന്മേൽ വീണു യാചിച്ചപ്പോൾ അവനോടു ദയ തോന്നുകയും കടം മുഴുവൻ ഇളവുചെയ്തു വിട്ടയയ്ക്കുകയും ചെയ്തു. എന്നാൽ വഴിമധ്യേ അയാൾക്ക് നൂറുവെള്ളിക്കാശു കൊടുക്കുവാനുള്ള കൂട്ടുദാസനെ കണ്ടു. അയാൾ അവനോട് കടം മേടിച്ചത് വേഗം തിരിച്ചു തരാൻ ആവശ്യപ്പെട്ടു. ക്ഷമി ക്കണം സാവധാനം തിരിച്ചു തരാം എന്ന് കൂട്ടുദാസൻ പറഞ്ഞു. എന്നാൽ അവനെ കടം

വീട്ടുവോളം തടവിലാക്കി. ഇക്കാര്യം മറ്റുള്ളവർ രാജാവിനെ അറിയിക്കുകയും രാജാവ് അവനെ വിളിച്ച് നിനക്കു ഞാൻ കടം ഇളവുചെയ്തു തന്നതു പോലെ നീയും നിന്റെ കൂട്ടുദാസനോടു കരുണ കാണിക്കാഞ്ഞതെന്ത് എന്നു പറഞ്ഞ് അവനെ കാരാഗൃഹാധി കൃതരുടെ പക്കലേല്പിച്ചു. ''നിങ്ങൾ ഓരോരുത്തൻ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗസ്ഥനായ എന്റെ പിതാവ് അങ്ങനെതന്നെ നിങ്ങളോടും ചെയ്യും'' എന്ന് കഥാന്ത്യത്തിൽ യേശു പ്രഖ്യാപിക്കുന്നുമുണ്ട്.

മത്തായിയുടെ സുവിശേഷത്തിൽ മാത്രമേ ഈ ഉപമയുള്ളൂ (18:23-35). സ്വർഗരാ ജ്യത്തെപ്പറ്റിയുള്ള ഉപമയാണെന്ന് ആരംഭത്തിൽ പറയുന്നുണ്ടെങ്കിലും ക്ഷമിക്കാത്ത പ്രകൃതം ആണ് കഥയിലെ പ്രമേയം.

പത്രൊസിന്റെ ഒരു സംശയത്തിനുള്ള യേശുവിന്റെ മറുപടിയാണ് ഉപമയുടെ ആഖ്യാനപശ്ചാത്തലം. സഹോദരനോട് എത്രവട്ടം ക്ഷമിക്കേണം ഏഴുവട്ടം മതിയോ എന്നായിരുന്നു പത്രൊസിന്റെ ചോദ്യം. ചോദ്യത്തിന് 'ഏഴുവട്ടമല്ല; ഏഴ് എഴുപതുവട്ടം എന്നു ഞാൻ നിന്നോടു പറയുന്നു' എന്നു പ്രത്യക്ഷമായി ഉത്തരം കൊടുത്തശേഷമാണ് യേശു ഉപമയിലൂടെ കാര്യം വിശദീകരിക്കുന്നത് എന്ന ആവിഷ്കാരപ്പുതുമ ഇവിടെ കാണാം. ദൃഷ്ടാന്തകഥയ്ക്കുശേഷം പരിസമാപ്തിവാക്യം പറയുന്നുമുണ്ട്. ''നിങ്ങൾ ഓരോരുത്തൻ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗസ്ഥനായ എന്റെ പിതാവ് അങ്ങനെതന്നെ നിങ്ങളോടും ചെയ്യും'' (18:35) ഉപക്രമത്തിലും ഉപസംഹാര ത്തിലും പ്രധാനാശയം നേരിട്ടു പറയുന്നത് പ്രബലനം (Reinforcement) എന്ന രചനാ തന്ത്രത്തിന്റെ ആവിഷ്കാരമാണ്.

#### 4.3.2. കടം വാങ്ങിയ രണ്ടു ദാസന്മാർ

പണം കടം കൊടുക്കുന്ന ഒരാൾക്ക് രണ്ടു കടക്കാർ ഉണ്ടായിരുന്നു. ഒരാൾ 500 വെള്ളിക്കാശും മറ്റെയാൾ 50 വെള്ളിക്കാശും കടപ്പെട്ടിരുന്നു. കടം വീട്ടാൻ അവർക്കു കഴി യാഞ്ഞപ്പോൾ, അയാൾ രണ്ടുപേർക്കും കടം ഇളച്ചുകൊടുത്തു. അതിൽ ആരായിരിക്കും അവനെ കൂടുതൽ സ്നേഹിക്കുക? ആർക്കു കൂടുതൽ ഇളച്ചുകൊടുത്തോ അയാൾ ആയി രിക്കും കൂടുതൽ സ്നേഹിക്കുക.

ലൂക്കൊസിന്റെ സുവിശേഷത്തിൽ മാത്രമുള്ള കഥയാണിത് (7:41-43). കഥാപരത (Fictionality) തീരെയില്ലാത്ത ഉപമയാണിത്.

ഒരു കഥയ്ക്കുള്ളിലെ മറ്റൊരു കഥയാണിത്. ശീമോന്റെ വീട്ടിലെത്തിയ യേശു വിനെ പാപിയായ സ്ത്രീ അതിഥിപൂജചെയ്തു സല്ക്കരിച്ചു. മറ്റുള്ളവർ അവളുടെ പ്രവൃ ത്തിയെ അപലപിച്ചപ്പോൾ യേശു പറയുന്ന ഉദാഹരണമാണ് ഇക്കഥ. ഏറെ പാപങ്ങൾ ഇളച്ചുകിട്ടിയവർ ഏറെ സ്നേഹിക്കും എന്നു വ്യക്തമാക്കുകയാണ് കഥയുടെ ലക്ഷ്യം.

ഒരു കഥയ്ക്കുള്ളിൽ വരുന്ന മറ്റൊരു കഥയാണിത്. സുവിശേഷങ്ങളിൽ മറ്റൊരിടത്തും ഇങ്ങനെയൊരു രചനാകൗശലം ഉപയോഗിക്കപ്പെട്ടിട്ടില്ല.

സ്ത്രീ യേശുവിന്റെ പാദപൂജ ചെയ്ത രംഗം ആവിഷ്കരിക്കുന്നത് നിഷേധക്രിയ കളുടെ ആവർത്തനത്തിലൂടെയാണ്.

''നീ എന്റെ കാലിനു വെള്ളം തന്നില്ല; ..........

നീ എനിക്കു ചുംബനം തന്നില്ല;..........

നീ എന്റെ തലയിൽ തൈലം പൂശിയില്ല;..........''...(7:44-45).

സുവിശേഷങ്ങളിലെ മറ്റ് ആഖ്യാനഖണ്ഡങ്ങളിലും നിഷേധക്രിയകൾ പലതവണ പ്രയോ ഗിക്കുന്ന അവതരണരീതി കാണാം.

4.4. **പ്രാർത്ഥന**

ബൈബിൾ ആദ്ധ്യാത്മികഗ്രന്ഥമാണ്. അതുകൊണ്ട് പ്രാർത്ഥനകളും പ്രാർത്ഥന കളെപ്പറ്റിയുള്ള ഉപദേശങ്ങളും പലയിടത്തും വരുന്നുണ്ട്. സുവിശേഷങ്ങളിലെ പ്രബല മായ ആശയവിനിമയോപാധിയായ ഉപമകളിലും പ്രാർത്ഥന പ്രമേയമാണ്. അത്തരത്തി ലുള്ള മൂന്ന് ഉപമകളുണ്ട്. 1. അർദ്ധരാത്രിയിലെ സ്നേഹിതൻ. 2. അനീതിയുള്ള ന്യായാ ധിപൻ 3. ചുങ്കക്കാരനും പരീശനും.

**4.4.1. അർദ്ധരാത്രിയിലെ സ്നേഹിതൻ**

ഒരാളുടെ സ്നേഹിതൻ വഴിയാത്രയിൽ അപ്രതീക്ഷിതമായി വീട്ടിലെത്തിയപ്പോൾ അവനു കൊടുക്കാൻ ആഹാരമൊന്നും ഇല്ലാത്തതിനാൽ മറ്റൊരു സ്നേഹിതന്റെ വീട്ടിലെ ത്തുന്നു. അർദ്ധരാത്രിക്കാണ് അയാൾ കൂട്ടുകാരന്റെ വീട്ടിൽ ചെല്ലുന്നത്. ''എന്നെ പ്രയാ സപ്പെടുത്തരുത്; കതക് അടച്ചിരിക്കുന്നു; പൈതങ്ങളും എന്നോടുകൂടെ കിടക്കുന്നു; എഴു ന്നേറ്റു തരുവാൻ എനിക്കു കഴികയില്ല എന്ന അകത്തുനിന്ന് ഉത്തരം പറഞ്ഞാലും അവൻ സ്നേഹിതനാകകൊണ്ട് എഴുന്നേറ്റ് അവനു കൊടുക്കയില്ലെങ്കിലും അവൻ ലജ്ജകൂടാതെ മുട്ടിക്ക നിമിത്തം എഴുന്നേറ്റ് അവനു വേണ്ടുന്നേടത്തോളം കൊടുക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു'' (ലൂക്കൊ.11:7-8).

ലൂക്കൊസ് മാത്രമാണ് ഇക്കഥ ആഖ്യാനം ചെയ്യുന്നുള്ളൂ (11:5-8). പ്രാർത്ഥനയുടെ പ്രാധാന്യം മാത്രമാണ് പ്രമേയം. ശിഷ്യന്മാർ യേശുവിനോട് പ്രാർത്ഥിക്കാൻ പഠിപ്പിക്കണ മെന്ന് അപേക്ഷിക്കുമ്പോഴാണ് ഇക്കഥ പറയുന്നത്. ആഖ്യാനസങ്കേതങ്ങളിൽ പുതുമയി ല്ലെങ്കിലും ആവിഷ്കൃതവിഷയത്തിനു ചേർന്ന രീതിയിലുള്ള സാദൃശ്യകല്പനകൾ കഥയുടെ അർത്ഥസംവേദനത്തിന് അനുയോജ്യമാണ്. ചിരപരിചിതസൗഹൃദം, അർദ്ധരാ ത്രിയെന്ന അസാധാരണനേരം, സ്വാഭാവികമായ താത്പര്യമില്ലായ്മ ഇവയൊക്കെ

നിമിത്തം അപേക്ഷകന്റെ ആവശ്യം നിരസിക്കുവാനാണ് സാധ്യതകൾ ഏറെയുള്ളത്. പക്ഷേ കാര്യം നടത്തിക്കൊടുക്കുന്നതായി കഥാന്ത്യത്തിൽ കാണാം. കാരണം മറ്റൊന്നല്ല. ലജ്ജ കൂടാതെ മുട്ടിക്കുന്നു. ദൈവത്തോടു പ്രാർത്ഥിക്കുന്നവർക്കും വേണ്ടത് ഈ മനോ ഭാവമാണ്. ഭക്തനും ദൈവവും സ്നേഹിതരായതുകൊണ്ട് പ്രാർത്ഥന കേൾക്കാതി രിക്കാം. എന്നാൽ അങ്ങനെ ചെയ്യാത്തത് ഭക്തന്റെ ലജ്ജയില്ലാതെയുള്ള യാചനയാ ണെന്നു പറയുന്നു. പ്രാർത്ഥകനുവേണ്ട ഗുണം അതുമാത്രമെന്ന് ബോധവല്ക്കരിക്കുന്ന കഥയാണിത്. തുടർന്നുവരുന്ന പ്രസിദ്ധമായ പ്രാർത്ഥനാസംബന്ധമായ സൂക്തത്തിന്റെ അവതരണത്തിനുള്ള ആമുഖകഥനമായും ഇക്കഥ മാറുന്നു.

''യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു തുറക്കും'' (11:9).

മത്തായി ഗിരിപ്രഭാഷണത്തിലാണ് ഇത് അവതരിപ്പിക്കുന്നത് (7:7). ലൂക്കൊസ് അർദ്ധരാത്രിയിലെ സ്നേഹിതൻ എന്ന ഈ കഥയുടെ ഉപസംഹാരമായിട്ടാണ് ഇതു നിബന്ധിച്ചിരിക്കുന്നത്. ബൈബിളിലെ പ്രസിദ്ധമായ വേദഭാഗങ്ങൾ ഒരു ആഖ്യാനഖണ്ഡ ത്തിന്റെ ഒടുവിൽ കണ്ണിചേർക്കുന്നത് സുവിശേഷകരുടെ പൊതുവായ രചനാതന്ത്രമാണ്.

#### 4.4.2. അനീതിയുള്ള ന്യായാധിപൻ

ദൈവത്തെ ഭയപ്പെടുകയോ മനുഷ്യരെ ബഹുമാനിക്കുകയോ ചെയ്യാത്ത ഒരു ന്യായാധിപൻ ഉണ്ടായിരുന്നു. ആ പട്ടണത്തിൽ ഒരു വിധവയും ഉണ്ടായിരുന്നു. അവൾ തന്റെ എതിരാളിക്കെതിരെ നീതി നടത്തിത്തരണമെന്ന് ന്യായാധിപനോട് അപേക്ഷിച്ചു. എന്നാൽ കുറെ നാളത്തേക്ക് ന്യായാധിപൻ അതു ഗൗനിച്ചില്ല. ''എനിക്കു ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ല എങ്കിലും വിധവ എന്നെ അസഹ്യമാക്കുന്നതുകൊണ്ട് ഞാൻ അവളെ പ്രതിക്രിയ നടത്തി രക്ഷിക്കും; അല്ലെങ്കിൽ അവൾ ഒടുവിൽ വന്ന് എന്നെ മുഖത്തടിക്കും എന്ന് ഉള്ളുകൊണ്ടു പറഞ്ഞു'' (18:5).

ലൂക്കൊസ് മാത്രമേ ഇക്കഥ പറയുന്നുള്ളൂ (18:1-8). ആഖ്യാനത്തിൽ പ്രത്യേകതക ളൊന്നുമില്ല. ആശയം പ്രധാനമാണ്; ദൈവത്തെ ചലിപ്പിക്കാൻ പ്രാർത്ഥിക്കുന്നയാൾക്കു കഴിയും. അതിനാൽ നിരന്തരം പ്രാർത്ഥിക്കണം. കഥയുടെ ആരംഭത്തിൽത്തന്നെ അർത്ഥം പറയുന്നത് ഈ ഉപമയുടെ പ്രത്യേകതയാണ്. ആഖ്യാനപരമായി ഇക്കഥയിൽ എടുത്തു പറയേണ്ട ഘടകം ഇതാണ്.

#### 4.4.3. ചുങ്കക്കാരനും പരീശനും

ചുങ്കക്കാരനും പരീശനും പ്രാർത്ഥിക്കുവാൻ ദൈവാലയത്തിൽ പോയി. പരീശൻ തന്നോടുതന്നെയാണ് പ്രാർത്ഥിച്ചത്. താൻ മറ്റു മനുഷ്യരെപ്പോലെയോ ചുങ്കക്കാരനെപ്പോ ലെയോ അല്ലാത്തതിനാൽ പരീശൻ ദൈവത്തെ വാഴ്ത്തി. ആഴ്ചയിൽ രണ്ടുവട്ടം ഉപവ സിക്കുകയും എല്ലാ വരുമാനത്തിന്റെയും ദശാംശം കൊടുക്കുകയും ചെയ്യുന്ന കാര്യവും

പരീശൻ എടുത്തുപറയുന്നു. എന്നാൽ ചുങ്കക്കാരൻ വളരെ ദൂരെനിന്ന് സ്വർഗത്തേക്കു നോക്കുവാൻപോലും തുനിയാതെ മാറത്തടിച്ചു പ്രാർത്ഥിച്ചു. പാപിയായ തന്നോടു കരുണയുണ്ടാകണമേ എന്നുമാത്രമായിരുന്നു അവൻ പ്രാർത്ഥിച്ചത്. പ്രാർത്ഥനയ്ക്കുശേഷം ചുങ്കക്കാരൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കുപോയി. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ എല്ലം ഉയർത്തപ്പെടും.

ലൂക്കൊസ് മാത്രം പ്രതിപാദിക്കുന്ന കഥയാണിത് (18:9-14). സ്വയം നീതിമാന്മാരെന്നു കരുതുകയും മറ്റുള്ളവരെ പുച്ഛിക്കുകയും ചെയ്യുന്നവരോട് പറയുന്ന കഥയാണിതെന്ന് കഥയുടെ ആരംഭത്തിൽത്തന്നെ എടുത്തുപറയുന്നു. കഥയുടെ ആരംഭത്തിൽത്തന്നെ അർത്ഥം പറയുന്നത് പല ഉപമകളും പിന്തുടരുന്ന രചനാതന്ത്രമാണ്. ദൈവികത സംബന്ധിച്ച രണ്ടു മനോഭാവങ്ങൾ പ്രകടിപ്പിക്കുവാൻ തിരഞ്ഞെടുത്ത കഥാപാത്രങ്ങളാണ് ചുങ്കക്കാരനും പരീശനും. അഹങ്കാരിക്കുണ്ടാവുന്ന അപമാനവും വിനയമുള്ളവനു കിട്ടുന്ന അംഗീകരണവും ഇക്കഥയിൽ കാണാം. ഈ രണ്ടു വസ്തുതകൾ വരച്ചുകാട്ടാൻ ഉപാധിയാക്കുന്നത് ചിരപരിചിതരായ വ്യക്തികളെ ആണ്: പരീശൻ, ചുങ്കക്കാരൻ. ഇരുവരും തങ്ങളുടെ സ്വഭാവത്തിന്റെ പേരിൽ എളുപ്പം അറിയപ്പെടുന്നവരാകുന്നു. ഈ ഉപമയുടെ സംവേദനത്തിനു ഉപയോഗിച്ചിരിക്കുന്ന പ്രതിരൂപങ്ങളുടെ സ്വീകാര്യതയും ചിരപരിചിതത്വവും സഹായകമാകുന്നു. പരീശൻ മതഭക്തിയുടെ പേരിൽ യഹൂദസമൂഹത്തിൽ ബഹുമാന്യനാണ്. ചുങ്കക്കാരൻ പരീശന്റെ വിപരീതനിലയിൽ കഴിയുന്നവനാണ്. കഥാപാത്രങ്ങൾക്കു വിപരീതത്വം കല്പിക്കുന്ന ആഖ്യാനങ്ങൾ സുവിശേഷത്തിൽ ഏറെയുണ്ട്. ഈ കഥയും അങ്ങനെ തന്നെ. പ്രാർത്ഥനയുടെ സ്വഭാവത്തെക്കാൾ വാദിക്കുന്ന പ്രകൃതമാണ് പരീശനിൽ നിറഞ്ഞുനിൽക്കുന്നത്. വളരെ രസകരമായ കാര്യം പരീശൻ പ്രാർത്ഥിച്ചത് തന്നോടുതന്നെയാണ്. ചുങ്കക്കാരനിൽ പ്രാർത്ഥനയുടെ ഏറ്റവുംതാണ അവസ്ഥയായ യാചനയാണുള്ളത്.

ഒന്നിലേറെ അർത്ഥതലങ്ങളുള്ള കഥയാണിത്. താഴ്മയുടെ പ്രാധാന്യം, യഥാർത്ഥ പ്രാർത്ഥന എങ്ങനെയായിരിക്കണം, അനുതാപത്തിന്റെ ആവശ്യം, സ്വയംനീതീകരണം നന്നല്ല എന്നിവ കഥയുടെ അർത്ഥതലങ്ങളിൽ പ്രധാനപ്പെട്ടതാകുന്നു. ഭൗതികരംഗത്ത് പ്രശസ്തരായവരെക്കാൾ ആദ്ധ്യാത്മികവിഷയങ്ങളിൽ ഉന്നതസ്ഥാനം നേടുക അപ്രശസ്തരാണെന്നതിന് അനേകം ഉദാഹരണങ്ങൾ ബൈബിളിൽക്കാണാം. അത്തരത്തിലൊന്നാണ് ഈ കഥയും. കഥയുടെ പ്രധാനാശയത്തെ ഉപസംഹാരവാക്യത്തിൽ എടുത്തുപറയുന്ന ആഖ്യാനസങ്കേതമാണ് ഈ കഥയിലേത്. ''തന്നെത്താൻ ഉയർത്തുന്നവനെല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും'' (18:14). കഥാസന്ദർഭത്തിൽ നിന്നെടുത്തു മാറ്റിയാലും ഉദ്ധരിക്കുവാൻ പര്യാപ്തമാണ് ഈ സമാപന വാക്യം.

#### 4.5. കാര്യവിചാരകത്വം

വിശ്വസ്തത ബൈബിൾ അവതരിപ്പിക്കുന്ന പ്രധാന മൂല്യങ്ങളിൽ ഒന്നാണ്. കേവലം ആചാരാനുഷ്ഠാനബദ്ധമായ ആദ്ധ്യാത്മികതയെ ബൈബിൾ പ്രോത്സാഹിപ്പിക്കുന്നില്ല. ദൈനംദിന ഇടപാടുകളിൽ മനുഷ്യരോടും മറ്റു സാമൂഹികബന്ധങ്ങളോടും ഒരു ഭക്തൻ സത്യസന്ധത പാലിക്കണം. അലസത വെടിഞ്ഞ് അദ്ധ്വാനിക്കുന്നതിൽ അവൻ താത്പര്യം കാണിക്കണം. ഇത് ബൈബിളിലെ പൊതുവായ ദർശനമാണ്. ഇവ പ്രമേയമായി വരുന്ന മൂന്ന് ഉപമകൾ ഇവിടെ വിലയിരുത്തുന്നു. 1. താലന്തുകൾ 2. റാത്തൽ 3. ധനികനായ മൂഢൻ.

#### 4.5.1. താലന്തുകൾ

ഒരു മനുഷ്യൻ പരദേശത്തു പോയപ്പോൾ സമ്പത്ത് ദാസന്മാരെ ഏല്പിച്ചു. ഒരാൾക്ക് അഞ്ചു താലന്ത്, ഒരാൾക്ക് രണ്ടു താലന്ത്, മറ്റൊരുവന് ഒരു താലന്ത് ഇങ്ങനെയാണു കൊടുത്തത്. അയാൾ തിരികെ വന്നപ്പോൾ അഞ്ചുതാലന്തു കിട്ടിയ ആൾ വേറെ അഞ്ചുകൂടി സമ്പാദിച്ചു. രണ്ടു താലന്തു കിട്ടിയ ആൾ വേറെ രണ്ടു കൂടി നേടി. ഒരു താലന്തു ലഭിച്ചവൻ അതു കുഴിച്ചിട്ടു. താലന്തു വർദ്ധിപ്പിച്ചവരെ ഉടമസ്ഥൻ 'നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും; നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക'. എന്ന് പറയുന്നു. താലന്ത് നിലത്തു കുഴിച്ചിട്ടവനെ യജമാനൻ ശകാരിക്കുകയും അവന്റെ പക്കലുള്ള താലന്ത് പത്തുതാലന്തുള്ളവനു കൊടുക്കുകയും അവനെ പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളയാൻ കല്പിക്കുകയും ചെയ്തു.

രണ്ടു സുവിശേഷകർ ഇക്കഥ അവതരിപ്പിക്കുന്നു (മത്താ.25:14-30, ലൂക്കൊ.19:11 -27). ആശയസമാനതയുണ്ടെങ്കിലും രണ്ടു പേരുടെയും ആഖ്യാനങ്ങൾ വിഭിന്നമാണ്. സൂക്ഷ്മനിരീക്ഷണത്തിൽനിന്നു മാത്രമേ ഇവ സമാനമെന്നു മനസ്സിലാക്കാനാവൂ. പ്രഥമദൃഷ്ടിയിൽത്തന്നെ വ്യത്യസ്തതയുള്ള പലതും രണ്ടുകഥകളിലുമുണ്ട്. മത്തായി താലന്ത് എന്നാണ് പറയുന്നത്. അത് ഒരാൾക്ക് അഞ്ചു താലന്ത്, ഒരാൾക്ക് രണ്ടു താലന്ത്, മറ്റൊരുവന് ഒന്ന് എന്നിങ്ങനെ കൊടുത്തതായി പറയുന്നു. ലൂക്കൊസ് പത്തു റാത്തൽ വീതം എല്ലാവർക്കും കൊടുത്തതായി രേഖപ്പെടുത്തുന്നു.

അഞ്ചുതാലന്തു കിട്ടിയ ആൾ പറയുന്ന അതേ സംഭാഷണം രണ്ടുതാലന്തു കിട്ടിയ ആളും ആവർത്തിക്കുന്നു. രണ്ടുപേരോടും യജമാനൻ പറയുന്ന മറുപടിയും ഒരേ തരത്തിലുള്ളതാണ്. ഒരേ വാക്യങ്ങളുടെ ആവർത്തനത്തിലൂടെ വിശ്വസ്തത എന്ന ആശയം വ്യഞ്ജിപ്പിക്കുന്നു. മൂന്നു കഥാപാത്രങ്ങൾ വരുന്ന ഉപമകളിലെല്ലാം ആദ്യത്തെ രണ്ടു കഥാപാത്രങ്ങളുടെ സംഭാഷണം ആവർത്തിക്കുന്നത് ഉപമകളിൽ പ്രായേണ കാണുന്ന രചനാസങ്കേതമാണ്. സംഭാഷണങ്ങൾകൊണ്ട് കഥാവതരണം നടത്തുന്നതും ആഖ്യാ

നസങ്കേതംതന്നെ. ആവർത്തിക്കപ്പെടുന്ന സംഭാഷണങ്ങൾ പ്രധാനാശയം വെളിവാക്കുന്നതിനു സഹായകമാണ്.

''നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും'' എന്ന വാക്യം ആവർത്തിക്കുന്നുണ്ട് യജമാനൻ (മത്താ.25:21).

വിശ്വസ്തത ദൈവരാജ്യപ്രവേശത്തിനുവേണ്ട അവശ്യയോഗ്യതയാണെന്ന ആശയം ഈ ഉപമ കൈമാറുന്നു. ''ഉള്ളവന് ഏവനും ലഭിക്കും; അവനു സമൃദ്ധിയും ഉണ്ടാകും; ഇല്ലാത്തവനോടോ ഉള്ളതുംകൂടെ എടുത്തുകളയും'' എന്ന വാക്യത്തോടെ കഥ ഉപസംഹരിച്ചിരിക്കുന്നു. ''അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും'' എന്ന മത്തായിയുടെ സുവിശേഷത്തിലെ ആവർത്തനപാദം ഇക്കഥയുടെ അന്ത്യത്തിലും വിളക്കിച്ചേർത്തിട്ടുണ്ട് (25:30).

**4.5.2. പത്തുറാത്തൽ വെള്ളി**

കുലീനനായ ഒരു മനുഷ്യൻ രാജാധികാരം നേടി മടങ്ങിവരാൻവേണ്ടി ദൂരദേശത്തേക്ക് യാത്രപോയി. അയാൾ പത്തു ദാസന്മാരെ വിളിച്ച് അവർക്കു പത്തു റാത്തൽ വെള്ളി കൊടുത്ത് അയാൾ മടങ്ങിവരുവോളം വ്യാപാരം ചെയ്തുകൊള്ളുവാൻ പറഞ്ഞു. അയാൾ മടങ്ങിവന്നപ്പോൾ താൻ പത്തുറാത്തൽ വീതം കൊടുത്ത ദാസന്മാർ വ്യാപാരം ചെയ്ത് എന്തു നേടി എന്നു പരിശോധിച്ചു. ഒന്നാമത്തെ ആൾ വന്ന് വ്യാപാരം ചെയ്ത് പത്തുറാത്തൽകൂടി സമ്പാദിച്ചു എന്നു പറഞ്ഞു. രാജാധികാരം നേടി മടങ്ങിവന്നയാൾ അവനെ പത്തു പട്ടണത്തിന് അധികാരിയാക്കി. രണ്ടാമത്തെയാൾ അഞ്ചു റാത്തൽ അധികം സമ്പാദിച്ചു. അവനെ അഞ്ചു പട്ടണത്തിന് അധികാരിയാക്കി. മൂന്നാമത്തെ വ്യക്തി അത് ഉറുമാലിൽ കെട്ടി വച്ചു. അവനെ ശിക്ഷിക്കാൻ യജമാനൻ കല്പിച്ചു.

മത്തായി അവതരിപ്പിച്ച താലന്തിന്റെ കഥയിൽനിന്നു വ്യത്യസ്തമാണ് ലൂക്കൊസ് ആഖ്യാനം ചെയ്യുന്ന പത്തുറാത്തലിന്റെ ഉപമ. ലൂക്കൊസിന്റെ വിവരണത്തിൽ താലന്തല്ല പത്തുറാത്തൽ വെള്ളി കൊടുത്തു എന്നാണുള്ളത്. തിരിച്ചു വരുമ്പോൾ നല്കുന്ന പ്രതിഫലം ലൂക്കൊസ് കൃത്യമായി വ്യക്തമാക്കുന്നു. പത്തു താലന്തു നേടിയവനെ പത്തു പട്ടണത്തിന് അധികാരിയാക്കി. രണ്ടാമത്തെയാളെ അഞ്ചു പട്ടണത്തിന് അധികാരിയാക്കി. മൂന്നാമത്തെ ആൾ തനിക്കു കിട്ടിയ റാത്തൽ ഉറുമാലിൽ കെട്ടിവച്ചു. താലന്ത് കുഴിച്ചിട്ടെന്നാണ് മത്തായി എഴുതുന്നത്. ''എന്നാൽ ഞാൻ തങ്ങൾക്കു രാജാവായിരിക്കുന്നതു സമ്മതമില്ലാത്ത ശത്രുക്കളായവരെ ഇവിടെ കൊണ്ടുവന്ന്, എന്റെ മുമ്പിൽവച്ചു കൊന്നുകളവിൻ എന്നു കല്പിച്ചു'' (ലൂക്കൊ.19:27). ഇങ്ങനെയാണ് കഥാന്ത്യം. മത്തായി 'ഇരുട്ടിൽ തള്ളിക്കളയുവിൻ' എന്നാണ് എഴുതിയിരിക്കുന്നത്.

ലൂക്കൊസ്, പത്തു ദാസന്മാരെ വിളിച്ചു എന്നാണ് എഴുതിയിരിക്കുന്നത്. എല്ലാവർക്കും കൊടുത്തതും പത്തുറാത്തൽ തന്നെ. ഒന്നാമത്തെയാൾ പത്തുറാത്തൽ സമ്പാദി

ച്ചെങ്കിലും രണ്ടാമൻ അഞ്ചു താലന്തേ സമ്പാദിച്ചുള്ളൂ. യജമാനൻ അവരെ യഥാക്രമം പത്തുപട്ടണത്തിനും അഞ്ചുപട്ടണത്തിനും വിചാരകന്മാരാക്കി. അവിശ്വസ്തനായ ദാസൻ മണ്ണിൽ ദ്രവ്യം കുഴിച്ചിട്ടു എന്നാണ് മത്തായി എഴുതുന്നത്. പത്തുറാത്തൽ ഉറുമാലിൽ കെട്ടിവച്ചു എന്നു ലൂക്കൊസ് പറയുന്നു. ഉപമയുടെ അവതരണത്തിൽ മൂന്നുകഥാപാത്ര ങ്ങൾ വരുന്നത് ഒരു പൊതുപ്രവണതയാണ്. ഈ ഉപമയിലും അതു കാണാം. ലൂക്കൊ സിൽ യജമാനൻ തുല്യതുകയാണ് മൂന്നു പേർക്കും നല്കുന്നത്. വിശ്വസ്തതയുടെ പ്രാധാന്യം വ്യക്തമാക്കുന്ന കഥയാണിത്.

വ്യാപാരം ചെയ്യാതിരുന്ന ആൾ യജമാനനോടു പറയുന്ന വാക്യം ഒരു പരിധിവരെ സമാനമായാണ് മത്തായിയും ലൂക്കൊസും രേഖപ്പെടുത്തുന്നത്.

''നീ വിതയ്ക്കാത്തേടത്തുനിന്നു കൊയ്യുകയും വിതറാത്തേടത്തുനിന്നു ചേർക്കു കയും ചെയ്യുന്ന കഠിനമനുഷ്യൻ എന്നു ഞാൻ അറിഞ്ഞു'' (മത്താ.25:24).

''നീ വയ്ക്കാത്തത് എടുക്കയും വിതയ്ക്കാത്തതു കൊയ്കയും ചെയ്യുന്ന കഠിനമ നുഷ്യൻ ആകകൊണ്ടു ഞാൻ നിന്നെ ഭയപ്പെട്ടു'' (ലൂക്കൊ.19:21).

മത്തായിയും ലൂക്കൊസും അവതരിപ്പിക്കുന്ന പരിസമാപ്തിവാക്യം സമാനമാണ്.

''അങ്ങനെ ഉള്ളവന് ഏവനും ലഭിക്കും; അവനു സമൃദ്ധിയും ഉണ്ടാകും. ഇല്ലാത്ത വനോടോ ഉള്ളതുംകൂടെ എടുത്തുകളയും'' (മത്താ.25:29).

''ഉള്ളവന് ഏവനും കൊടുക്കും ഇല്ലാത്തവനോട് ഉള്ളതുംകൂടെ എടുത്തുകള യും'' (ലൂക്കൊ.19:26).

മർക്കൊസിന്റെ സുവിശേഷത്തിൽ ഈ കഥയില്ലെങ്കിലും പൊതുവായ ഉപദേ ശങ്ങളോടൊപ്പം ഈ വാക്യം രേഖപ്പെടുത്തിയിട്ടുണ്ട് (മർക്കൊ.4:25). പ്രശസ്തമായ സൂക്തങ്ങൾ വേറെ ഉചിതമായ സന്ദർഭത്തിൽ ഉപയോഗപ്പെടുത്തുക എന്നത് സുവിശേഷ കർ എല്ലാവരും സ്വീകരിക്കുന്ന പൊതുവായ ശില്പസംവിധാനങ്ങളിൽ ഒന്നാണ്.

**മത്തായിയുടെ ആഖ്യാനത്തിന്റെ ഘടന**

| വ്യക്തികൾ | കൊടുത്തത് | നേടിയെടുത്തത് |
|---|---|---|
| ഒന്നാമൻ | അഞ്ച് | അഞ്ച് |
| രണ്ടാമൻ | രണ്ട് | രണ്ട് |
| മൂന്നാമൻ | ഒന്ന് | കുഴിച്ചിട്ടു |

**ലൂക്കൊസിന്റെ ആഖ്യാനത്തിന്റെ ഘടന.**

| വ്യക്തികൾ | കൊടുത്തത് | നേടിയെടുത്തത് |
|---|---|---|
| 1. ഒന്നാമൻ | പത്തു റാത്തൽ വെള്ളി | പത്തു റാത്തൽ |
| 2. രണ്ടാമൻ | പത്തു റാത്തൽ വെള്ളി | അഞ്ചു റാത്തൽ |
| 3. മൂന്നാമൻ | പത്തു റാത്തൽ വെള്ളി | ഉറുമാലിൽ കെട്ടിവച്ചു |

**4.5.3. ധനികനായ ഭോഷൻ**

ഒരു ധനവാന്റെ ഭുമി നന്നായി വിളഞ്ഞു. വിളവ് കൂട്ടിവെക്കാൻ സ്ഥലമില്ലാത്തതിനാൽ വലിയ കളപ്പുരകൾ പണിതു. അവയിൽ എറെക്കാലം അനുഭവിക്കാനുള്ള വിളവുകൾ കൂട്ടിവച്ച് 'ആശ്വസിക്ക, തിന്നുക, കുടിക്ക, ആനന്ദിക്ക' എന്നു പറഞ്ഞു. എന്നാൽ അന്നു രാത്രി ദൈവം അവനോട് പ്രാണനെ ചോദിച്ചാൽ അവൻ കൂട്ടിവെച്ചതൊക്കെ ആർക്കാകും? എന്ന് ചോദ്യത്തോടെ കഥ നിർത്തുന്നു. തുടർന്ന് പ്രബോധനാത്മകമായ ഒരു ഉപസംഹാരവാക്യവും ഉൾപ്പെടുത്തുന്നു. 'ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കുതന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെ ആകുന്നു' (ലൂക്കൊ.12:21).

ലൂക്കൊസ് മാത്രം പറയുന്ന കഥയാണിത് (12:13-21). ഒരു പ്രശ്നത്തിനു പ്രതിവിധി നിർദ്ദേശിക്കുന്ന മട്ടിലുള്ളതാണ് ധനികനായ ഭോഷന്റെ ഉപമ. ഉന്നതമായ ആദ്ധ്യാത്മികകാര്യങ്ങൾ പറയുന്നതിനിടയ്ക്കാണ് അതുമായി ഒരു ബന്ധവുമില്ലാത്ത കാര്യത്തിനു പരിഹാരം യേശു ചെയ്തു കൊടുക്കണമെന്ന് ഒരാൾ ആവശ്യപ്പെടുന്നത്. സഹോദരനുമായി പിതൃസ്വത്ത് പങ്കുവയ്ക്കാൻ സഹോദരനോട് യേശു കല്പിക്കണമെന്നായിരുന്നു അയാളുടെ ആവശ്യം. ഇതു വൈരുദ്ധ്യം തന്നെ. എത്രയൊക്കെ ആത്മീയവിഷയങ്ങൾ കേട്ടാലും ഭൗതികസുഖങ്ങളിൽത്തന്നെയായിരിക്കും പലർക്കും ആശ്രയം. അതിന്റെ നിസ്സാരത ബോധ്യപ്പെടുത്തുക ദുഷ്കരമാണ്. അതിനുള്ള മാധ്യമമായി യേശു ഈ വ്യവഹാരത്തെ ഉപയോഗപ്പെടുത്തി ചോദ്യകർത്താവിനെയും മറ്റുള്ളവരെയും ഉദ്ബോധിപ്പിക്കുന്നു. മറ്റ് ഉപമകളുടെ അവതരണശൈലി തന്നെ ഈ ഉപമയും പിന്തുടരുന്നു. ആഖ്യാനനവീനത ഒന്നുമില്ല. പ്രമേയത്തെ കഥയുടെ രൂപത്തിൽ എന്നതിനെക്കാൾ വസ്തുതയായി പറയുകയാണ് ചെയ്യുന്നത്.

''ഞാൻ എന്തു ചെയ്യേണ്ടു? എന്റെ വിളവു കൂട്ടിവെപ്പാൻ സ്ഥലം പോരാ എന്ന് ഉള്ളിൽ വിചാരിച്ചു. പിന്നെ അവൻ പറഞ്ഞത്: ഞാൻ ഇതു ചെയ്യും; എന്റെ കളപ്പുരകളെ പൊളിച്ച് അധികം വലിയവ പണിത് എന്റെ വിളവും വസ്തുവകയും എല്ലാം അതിൽ കൂട്ടിവയ്ക്കും. എന്നിട്ട് എന്നോടുതന്നെ: നിനക്ക് ഏറിയ ആണ്ടുകൾക്കു മതിയായ അനവധി വസ്തുവക സ്വരൂപിച്ചുവച്ചിരിക്കുന്നു; ആശ്വസിക്ക, തിന്നുക, കുടിക്കുക, ആനന്ദിക്ക എന്നു പറയും'' (ലൂക്കൊ.12:17-19).

കഥാനായകന്റെ സ്വാർത്ഥതയും അഹങ്കാരവും വ്യക്തമാക്കുന്ന ഞാൻ, എന്റെ എന്നീ വാക്കുകൾ ഇക്കഥയിൽ ആവർത്തിക്കുന്നു. വളരെ ലളിതമായി ഒരു ആശയം അവതരിപ്പിക്കുന്ന വ്യവഹാരമാണ് ഇത്. അന്യാപദേശസ്വഭാവം ഒട്ടുമില്ല. ദൃഷ്ടാന്താവതരണം എന്നു മാത്രമേ ഇതിനെ വിളിക്കേണ്ടതുള്ളൂ. സമ്പത്ത് പ്രമേയമായി വരുന്ന കഥകളിൽ ഒന്നാണിത്. കഥാന്ത്യവാക്യത്തിൽ അത് എടുത്തുപറയുന്നുണ്ട്. ''ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കുതന്നെ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെ ആകുന്നു'' (12:21). കഥയുടെ സന്ദേശം ഉപസംഹാരരൂപത്തിൽ അവതരിപ്പിക്കുന്ന ശില്പതന്ത്രം സ്വീകരിക്കുന്ന ഉപമകളിൽ ഒന്നാണിത്.

### 4.6. ഒരുങ്ങിയിപ്പ്

ദൈവരാജ്യത്തിനുവേണ്ടിയുള്ള കാത്തിരിപ്പ് ബൈബിളിലെ പ്രധാനപ്രതിപാദ്യമാണ്. ഇതു സംബന്ധിച്ച ഉപദേശങ്ങളും ഉപമകളും ബൈബിളിലുണ്ട്. 1. ഫലമില്ലാത്ത അത്തിവൃക്ഷം 2. അനീതിയുള്ള കാര്യവിചാരകൻ 3. രാജപുത്രന്റെ കല്യാണം 4. പത്തു കന്യകമാർ എന്നിവ നിത്യതയ്ക്കുവേണ്ടി ഒരുങ്ങിയിരിക്കേണ്ടതിനെപ്പറ്റിയുള്ള ഉപമകളാണ്.

#### 4.6.1. ഫലമില്ലാത്ത അത്തിവൃക്ഷം

മുന്തിരിത്തോട്ടത്തിൽ നട്ടിരുന്ന അത്തിയിൽ ഫലം തിരഞ്ഞപ്പോൾ കാണാഞ്ഞതിൽ യജമാനൻ അതിനെ വെട്ടിക്കളയാൻ പറയുന്നു. അതിനുചുറ്റും കിളച്ചു വളമിട്ട് ഒരാണ്ടുകൂടി നോക്കാം. പിന്നെ വെട്ടിക്കളയാം എന്നു തോട്ടക്കാരൻ തീരുമാനിക്കുന്നു.

ലൂക്കൊസിന്റെ സുവിശേഷത്തിൽ മാത്രമേ ഇക്കഥയുള്ളൂ (13:6-9). തികച്ചും ലളിതമായ കഥ. യഹൂദജനതയോടുള്ള ദൈവത്തിന്റെ ദീർഘക്ഷമ ഈ ഉപമയിൽ പ്രകടമാകുന്നു. രൂപപരമായി അതീവ ഹ്രസ്വം. അത്തിവൃക്ഷം വിശേഷിച്ച് യഹൂദന്മാരുടെയും അതോടൊപ്പം ഏതൊരു മനുഷ്യന്റെയും പ്രതീകമാണ്. മൂന്നുവർഷമായി ഫലം തിരഞ്ഞു വരുന്നു എന്ന വാക്യത്തിനും വിശേഷാർത്ഥമുണ്ട്. സ്നാപകയോഹന്നാനും യേശുവും മൂന്നുവർഷമായി യഹൂദന്മാരോട് പ്രസംഗിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ യഹൂദന്മാരിൽ മാനസാന്തരത്തിന്റെ ലക്ഷണമില്ല. യോഹന്നാൻസ്നാപകന്റെ പ്രസംഗത്തിൽ മാനസാന്തരപ്പെട്ടില്ലെങ്കിലുണ്ടാകാവുന്ന ശിക്ഷയെപ്പറ്റി പറയുന്നത് ഈ ഉപമയിലെ പ്രതിപാദ്യത്തോട് അക്ഷരാർത്ഥത്തിൽത്തന്നെ പൊരുത്തപ്പെടുന്നു. ''മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്പിൻ .......... ഇപ്പോൾത്തന്നെ വൃക്ഷങ്ങളുടെ ചുവട്ടിനു കോടാലി വച്ചിരിക്കുന്നു. നല്ല ഫലം കായ്ക്കാത്ത വൃക്ഷമെല്ലാം വെട്ടി തീയിൽ ഇട്ടു കളയുന്നു'' (ലൂക്കൊ.3:8-10). ഫലം കായ്ക്കാത്ത അത്തിക്ക് ഒരു വർഷംകൂടി യജമാനൻ അധികംകൊടുത്തതിന് അർത്ഥമുണ്ട്. മാനസാന്തരപ്പെടാത്തവർക്കു കൊടുക്കുന്ന അവസരമാണത്. അതുപയോഗപ്പെടുത്താതെ മാനസാന്തരപ്പെടാതെയിരിക്കുന്നവർക്ക് നരകശിക്ഷ ഉണ്ടാകും.

പല കഥകളും രചനാഖണ്ഡങ്ങളും ഉപസംഹാരം കൊടുക്കാതെ പെട്ടെന്നു പറഞ്ഞവസാനിപ്പിക്കുന്നുണ്ട്. വക്താവ് മറ്റുള്ളവർ നിർദ്ദേശിച്ചത് അംഗീകരിച്ചെന്നോ അനുസരിച്ചെന്നോ ഉള്ള സൂചനകൾ നൽകാതെ സംഭവവിവരണം പെട്ടെന്നു നിർത്തി അടുത്ത ആഖ്യാനഭാഗത്തേക്കു കടക്കുകയാണ്. അത്തരത്തിലൊരു അവതരണരീതി ഈ കഥ പിന്തുടരുന്നു. ഫലം കാണാത്ത അത്തിവൃക്ഷം വെട്ടിക്കളയാൻ തീരുമാനിച്ച യജമാനനോട് തോട്ടക്കാരൻ അതിനെ വെട്ടിക്കളയേണ്ട കിളച്ചു വളമിട്ട് ഒരു വർഷംകൂടി നിർത്താമെന്നു പറയുന്നു. എന്നാൽ തോട്ടക്കാരന്റെ ആ അഭിപ്രായത്തോടുള്ള യജമാനന്റെ പ്രതികരണം ഒന്നും സൂചിപ്പിക്കാതെ അവിടംകൊണ്ട് ആഖ്യാനഖണ്ഡം സമാപിപ്പിക്കുന്ന രചനാവിശേഷം സുവിശേഷത്തിൽ പലയിടത്തും കാണാം. പ്രമേയമോ സന്ദർഭമോ സൂചിപ്പിക്കുന്ന വാക്യങ്ങൾ ഈ കഥയുടെ ആരംഭത്തിലോ അന്ത്യത്തിലോ ഉൾപ്പെടുത്തിയിട്ടില്ല. ഇതാണ് ഈ ഉപമയുടെ ആഖ്യാനത്തെപ്പറ്റി എടുത്തുപറയേണ്ട വസ്തുത.

#### 4.6.2. അനീതിയുള്ള കാര്യവിചാരകൻ

ധനവാനായൊരു മനുഷ്യന് ഒരു കാര്യവിചാരകൻ ഉണ്ടായിരുന്നു. മറ്റുള്ളവർ കാര്യവിചാരകനെപ്പറ്റി കുറ്റംപറഞ്ഞപ്പോൾ യജമാനൻ അവനെ നീക്കം ചെയ്യാൻ തീരുമാനിക്കുന്നു. അതറിഞ്ഞ കാര്യവിചാരകൻ ജോലി നഷ്ടപ്പെടുമ്പോൾ ജീവിച്ചുപോകാൻ ഒരു ഉപായം കണ്ടെത്തുന്നു. യജമാനന്റെ കടക്കാരെ അവൻ വിളിച്ചു വരുത്തി. 100 കുടം എണ്ണ കൊടുക്കുവാനുള്ളവന്റെ കടത്തിന്റെ കണക്കിൽ 50 എന്നെഴുതി. മറ്റൊരാൾക്ക് 100 പറ കോതമ്പായിരുന്നു കടമുണ്ടായിരുന്നത്. അവന്റെ കടക്കണക്കിൽ 80 എന്നെഴുതി. ജോലിയിൽനിന്നു പുറത്താകുമ്പോൾ അവർ കാര്യസ്ഥനെ സംരക്ഷിക്കുവാനാണ് ഈ സൂത്രവിദ്യ പ്രയോഗിച്ചത്. ഇതറിഞ്ഞ യജമാനൻ കാര്യസ്ഥനെ പ്രശംസിച്ചു. ഈ ദൃഷ്ടാന്തത്തിലെപ്പോലെ അനീതിയുള്ള ധനംകൊണ്ട് സ്വർഗരാജ്യത്തിലേക്കു സ്നേഹിതരെ ഉണ്ടാക്കുവാനാണ് യേശു ആഹ്വാനം ചെയ്യുന്നത്.

ലൂക്കൊസ് മാത്രമേ ഈ ഉപമ അവതരിപ്പിക്കുന്നുള്ളൂ (16:1-13). എടുത്തുപറയത്തക്ക സന്ദർഭമൊന്നുമില്ലാതെയാണ് കഥയുടെ അവതരണം. മറ്റ് ഉപമകളിൽനിന്നു വ്യത്യസ്തവും അസാധാരണമായ ആഖ്യാനക്രമീകരണമുള്ളതുമാണ് ഈ കഥ. ഭൂരിഭാഗം ഉപമകളിലും ദൈവത്തിന്റെ പ്രതിനിധിയോ ഉത്കൃഷ്ടവ്യക്തിയോ ആയിരിക്കും മുഖ്യകഥാപാത്രം. ഇക്കഥയിൽ എല്ലാവരും ദുഷ്ടകഥാപാത്രങ്ങളാണ്: കാര്യവിചാരകനും കടക്കാരും. ഈ ഉപമയിൽ കഥാത്മകത വളരെ കുറവാണ്. എന്നാൽ ആശയം വ്യംഗ്യമായിത്തന്നെ അവതരിപ്പിക്കുന്നു. ദൈവഭക്തരെക്കാൾ ലോകജനങ്ങൾ ഭൗതികകാര്യങ്ങൾ നേടിയെടുക്കുന്നതിൽ അസാമാന്യകൗശലം പുലർത്തുന്നവരാണ്. ആ മനോഭാവം ഭക്തർ ദൈവരാജ്യവളർച്ചയ്ക്കുവേണ്ടി ഉപയോഗിച്ചാൽ വലിയനേട്ടം കൈവരിക്കാനാവും എന്നാണ് കഥാസാരം. ധനത്തിന്റെ ക്രയവിക്രയം അനീതി നിറഞ്ഞതാകുന്നു. അതിൽ വിശ്വസ്തത പുലർത്തുന്നവർ വിരളംതന്നെ. ധനം ശാശ്വതവുമല്ല. നശ്വരമായ ധനംകൊണ്ട് അനശ്വരമായ ദൈവരാജ്യത്തിലേക്ക് ആളുകളെ നേടുവാൻ ഉദ്ബോധിപ്പി

ക്കുന്ന വ്യവഹാരമാണിത്. മറ്റു കഥകളേക്കാൾ ദുർഗ്രഹത ഇക്കഥയ്ക്കുണ്ട്. ''രണ്ടു യജമാനന്മാരെ സേവിപ്പാൻ ഒരു ഭൃത്യനും കഴികയില്ല.........'' എന്ന ഗിരിപ്രഭാഷണത്തിലെ വാക്യം ഈ കഥയിൽ ലൂക്കൊസ് ചേർത്തിരിക്കുന്നു (മത്താ.6:24, ലൂക്കൊ.16:13). സുവിശേഷങ്ങളിൽ ആവർത്തിച്ചുവരുന്ന രചനാതന്ത്രമാണിത്.

**4.6.3. പത്തുകന്യകമാർ**

പത്തുകന്യകമാരിൽ അഞ്ചുപേർ ബുദ്ധിയില്ലാത്തവരും അഞ്ചുപേർ ബുദ്ധിയുള്ളവരും ആയിരുന്നു. രണ്ടുകൂട്ടരും മണവാളന്റെ വരവിനായി കാത്തിരിക്കുകയാണ്. ബുദ്ധിയുള്ളവരും ബുദ്ധിയില്ലാത്തവരും വിളക്കെടുക്കുന്നു. എന്നാൽ ബുദ്ധിയുള്ളവർ വിളക്കിൽ എണ്ണ കരുതി. ബുദ്ധിയില്ലാത്തവർ എണ്ണ കരുതിയില്ല. അർദ്ധരാത്രിക്ക് എല്ലാവരും ഉറങ്ങിയപ്പോൾ മണവാളൻ വരുന്നു എന്ന ആർപ്പുവിളിയുണ്ടായി. വിളക്കുതെളിക്കാൻ എണ്ണയില്ലാത്തതിനാൽ ബുദ്ധിയില്ലാത്തവർക്കായില്ല. അവർ മറ്റുള്ളവരെ സമീപിച്ചു. രണ്ടു കൂട്ടർക്കും ഒരുപോലെ തികയാത്തതിനാൽ എണ്ണക്കടയിൽചെന്നു വാങ്ങുവാൻ ബുദ്ധിയുള്ള കന്യകമാർ ബുദ്ധിയില്ലാത്തവരോടു പറഞ്ഞു. അവർ എണ്ണ വാങ്ങാൻ പോയപ്പോൾ അപ്രതീക്ഷിതമായി മണവാളൻ വന്നു. ഒരുങ്ങിയിരുന്ന അഞ്ചുപേർ മണവാളനോടൊപ്പം കല്യാണസദ്യയ്ക്കു ചെന്നു. എണ്ണവാങ്ങി തിരിച്ചുവന്ന അഞ്ചു കന്യകമാർക്ക് വാതിൽ അടച്ചു കഴിഞ്ഞതിനാൽ കല്യാണസദ്യയ്ക്കു പ്രവേശിക്കാനായില്ല. വാതിൽ തുറന്നു തരണമെന്ന് അപേക്ഷിച്ചപ്പോൾ 'ഞാൻ നിങ്ങളെ അറിയുന്നില്ല' എന്ന മറുപടിയാണ് മണവാളനിൽനിന്നുണ്ടായത്.

മത്തായിയുടെ സുവിശേഷത്തിൽ മാത്രമുള്ള കഥയാണിത് (25:1-13). സ്ത്രീകൾ സജീവസാന്നിധ്യമായി വരുന്ന കഥാത്മകതയുള്ള ഉപമ പത്തുകന്യകമാർ മാത്രമാണ്. എന്നാൽ ആന്തരാർത്ഥതലത്തിൽ ഇക്കഥയിലും സ്ത്രീ പ്രതിപാദ്യവിഷയമല്ല. ബുദ്ധിയുള്ള കന്യകമാരും ബുദ്ധിയില്ലാത്ത കന്യകമാരും രണ്ടുതരം വിശ്വാസികളെയാണു പ്രതിനിധാനം ചെയ്യുന്നത്. കന്യക പ്രതീകാത്മകപ്രയോഗം മാത്രം.

വിശ്വാസികളുടെ മഹാപ്രതീക്ഷകളിലൊന്നാണ് ക്രിസ്തുവിന്റെ പുനരാഗമനം. നിത്യതയിൽ ക്രിസ്തുവിനോടൊപ്പം കഴിയാം എന്ന ചിന്ത കഷ്ടതയും ബുദ്ധിമുട്ടും സഹിക്കുവാൻ വിശ്വാസിയെ പേരിപ്പിക്കുന്നു. എന്നാൽ നിത്യതാപ്രവേശം എളുപ്പത്തിൽ കൈവരിക്കാനാകില്ലെന്നും അതീവശ്രദ്ധയും ഒരുക്കവുമുള്ളവർക്കേ അതു സാദ്ധ്യമാവൂ എന്നും ഈ ഉപമ ഓർമ്മപ്പെടുത്തുന്നു. ഉചിതമായ പ്രതിരൂപങ്ങൾകൊണ്ട് പ്രസ്തുത ആശയം ആവിഷ്കരിച്ച് കഥ മികവുനേടുന്നു. ബുദ്ധിയില്ലാത്തവർ, ബുദ്ധിയുള്ളവർ, വിളക്കെടുക്കുക, എണ്ണയെടുക്കുക, വിളക്കെടുക്കാതിരിക്കുക എന്നിവയെല്ലാം അക്ഷരാർത്ഥംവിട്ട് ആദ്ധ്യാത്മികാർത്ഥം വെളിവാക്കുന്നതരത്തിൽ വിന്യസിച്ചതിലാണ് ആഖ്യാനത്തിന്റെ ശക്തി. ഒരുസാധാരണ കഥയുടെ കെട്ടിലും മട്ടിലുംനിന്നുകൊണ്ട് മറ്റൊരു കാര്യം അവതരിപ്പിക്കുന്ന ആഖ്യാനമാണ് പത്തുകന്യകമാർ. ''എല്ലാ അറിവുകളും ഒരാളെ രക്ഷിക്കുന്നില്ല എന്ന സങ്കടം നിശ്ചയമായും ഈ ഉപമയുടെ അടിത്തട്ടിലുണ്ട്. എല്ലാ

വർക്കുമറിയാം ഒരു മണവാളൻ ഉണ്ടെന്ന്. എന്നിട്ടും ആ അറിവ് അലസതയ്ക്കും നിരുത്ത രവാദിത്വത്തിനും സംരക്ഷണമോ കവചമോ ആകുന്നില്ല. അപൂർവം ചിലരിൽ മാത്രമേ അറിവിനു നിരക്കുന്ന ശ്രദ്ധയും ജാഗ്രതയും കരുതലും രൂപപ്പെടുന്നുള്ളൂ'' (ബോബി 2009:114).

പത്തു കന്യകമാരും വിവാഹവസ്ത്രമില്ലാത്തവന്റെ കഥയും സമാനസ്വഭാവമുള്ള താണ് (മത്താ.22:1-14). വിവാഹത്തിന് ക്ഷണിക്കപ്പെട്ടിട്ടും വിവാഹവസ്ത്രമില്ലാത്തതിനാൽ പ്രവേശനം നിഷേധിക്കപ്പെട്ട ആളിന്റെ അതേ അവസ്ഥ പത്തുകന്യകമാരുടെ കഥയിലെ അഞ്ചുപേർക്കുമുണ്ടായി. പലകാര്യങ്ങളിലും തുല്യരായിരുന്നിട്ടും ഒന്നിന്റെ അഭാവം രണ്ടുകൂട്ടരെയും വിവാഹാഘോഷത്തിൽനിന്നു വിലക്കപ്പെട്ടവരാക്കി. പത്തു കന്യകമാർ ഈ ലോകത്തിലെ മനുഷ്യരെ പ്രതിനിധാനം ചെയ്യുന്നു. അഞ്ചുപേർ ദൈവരാജ്യത്തെ കാത്തിരുന്നവരുടെയും അഞ്ചുപേർ കാത്തിരിക്കാത്തവരുടെയും പ്രതിനിധിയാണ്. കന്യക മാരുടെ സാമ്യവ്യത്യാസങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ബുദ്ധിയുള്ളവർ | ബുദ്ധിയില്ലാത്തവർ |
|---|---|---|
| 1 | കന്യകമാർ | കന്യകമാർ |
| 2 | ഉറങ്ങി | ഉറങ്ങി |
| 3 | ഉണർന്നു | ഉണർന്നു |
| 4 | വിളക്കെടുത്തു | വിളക്കെടുത്തു |
| 5 | എണ്ണയെടുത്തു | എണ്ണയെടുത്തില്ല |

പത്തുകന്യകമാർ തമ്മിൽ ഒട്ടേറെ കാര്യങ്ങളിൽ സാമ്യമുണ്ട്. അവർ തമ്മിലുള്ള വ്യത്യാസം മാത്രമാണ് കഥയ്ക്കു വഴിത്തിരിവുണ്ടാക്കുന്ന ഘടകം. അത് വിളക്കിൽ എണ്ണ കരുതിയിരുന്നില്ല എന്നതാണ്. കഥയ്ക്കു വഴിത്തിരിവുണ്ടാക്കുന്ന രണ്ടാമത്തെ ഘടകം മണവാളന്റെ വരവ് താമസിച്ചതാണ്. ഈ രണ്ടു സംഭവങ്ങളാണ് ഈ ഇതിവൃത്തത്തെ ഒന്നാന്തരം കഥയാക്കി മാറ്റുന്നത്.

പാറമേൽ വീടു പണിത മനുഷ്യന്റെ കഥയോട് സാമ്യമുള്ള ആഖ്യാനഘടനയാണ് ഇക്കഥയുടേതും. ക്രിയകളിൽ മാത്രമേ വ്യത്യാസമുള്ളൂ. മറ്റെല്ലാ ഘടകങ്ങളും തുല്യമാ ണ്. വീണു, വീണില്ല എന്നാണ് പാറമേൽ പണിത വീട് എന്ന ഉപമയിലെ ക്രിയകൾ. അതുപോലെ എണ്ണയെടുത്തു, എണ്ണയെടുത്തില്ല എന്ന ക്രിയകളിലെ വ്യത്യാസമാണ് പത്തു കന്യകമാർ എന്ന കഥയ്ക്ക് വ്യതിയാനം (Shift) ഉണ്ടാക്കുന്നത്.

അധികന്യൂനത്വങ്ങളുടെ ശൃംഖലയാണ് സാധാരണയായി കഥ. പത്തുകന്യകമാരുടെ ഉപമയിൽ അഞ്ചുപേർ എണ്ണയെടുക്കാത്തത് ന്യൂനത്വമായി പരിഗണിക്കപ്പെടുന്നു. ആഖ്യാനഘടനയിലെ അടിസ്ഥാനപരമായ വൈരുദ്ധ്യമാണ് കഥാത്വത്തിനു കാരണം (അനിൽ 2014:184).

ബൈബിളിൽ ആവർത്തിച്ചുവരുന്ന ഒരു ബിംബമാണ് വിളക്ക്. ദൈവവചനം ദീപമാണ്, ശരീരത്തിന്റെ വിളക്ക് കണ്ണാണ്, ലോകത്തിന്റെ വെളിച്ചം തുടങ്ങിയ ചൊല്ലുകളെ സ്മരണയിലേക്കു കൊണ്ടുവരുന്നു വിളക്ക് എന്ന രൂപകം (സങ്കീ.119:105, മത്താ.6:22, 5:14, യോഹ.8:12).

കഥയുടെ പ്രമേയം കഥാന്ത്യത്തിൽ എടുത്തുപറയുന്ന രചനാസങ്കേതം ഈ ഉപമയിലും കാണാം. ''ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ'' (25:13).

**4.6.4. ഉണർന്നിരിക്കുന്ന ദാസൻ**

''എന്നാൽ യജമാനൻ തന്റെ വീട്ടുകാർക്കു തത്സമയത്തു ഭക്ഷണം കൊടുക്കേണ്ടതിന് അവരുടെമേൽ ആക്കിവച്ച വിശ്വസ്തനും ബുദ്ധിമാനും ആയ ദാസൻ ആർ? യജമാനൻ വരുമ്പോൾ അങ്ങനെ ചെയ്തു കാണുന്ന ദാസൻ ഭാഗ്യവാൻ. അവൻ അവനെ തനിക്കുള്ള സകലത്തിന്മേലും യജമാനൻ ആക്കിവയ്ക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. എന്നാൽ അവൻ ദുഷ്ടദാസനായി: യജമാനൻ വരുവാൻ താമസിക്കുന്നു എന്നു ഹൃദയംകൊണ്ടു പറഞ്ഞു, കൂട്ടുദാസന്മാരെ അടിപ്പാനും കുടിയന്മാരോടുകൂടി തിന്നുകുടിപ്പാനും തുടങ്ങിയാൽ ആ ദാസൻ നിരൂപിക്കാത്ത നാളിലും അറിയാത്ത നാഴികയിലും യജമാനൻ വന്ന് അവനെ ദണ്ഡിപ്പിച്ച് അവനു കപടഭക്തിക്കാരോടുകൂടെ പങ്കുകല്പിക്കും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും''.

മത്തായിയും ലൂക്കൊസും ഈ ഉപമ അവതരിപ്പിക്കുന്നു (മത്താ.24:45-51, ലൂക്കൊ.12:35-48). യേശുവിന്റെ പുനരാഗമനം ബൈബിളിലെ പ്രധാനവിഷയങ്ങളിൽ ഒന്നാണ്. ഈ ഉപമയിൽ ക്രിസ്തുവിന്റെ ആഗമനം അപ്രതീക്ഷിതസമയത്തായിരിക്കുമെന്നും അതിനാൽ ഒരുങ്ങിയിരിക്കണമെന്നും ഉദ്ബോധിപ്പിക്കുന്നു.

മത്തായിയുടെയും ലൂക്കൊസിന്റെയും അവതരണങ്ങളിൽ ചെറിയ വ്യത്യാസങ്ങളുണ്ട്. മത്തായി ദാസൻ എന്നാണ് കഥാനായകനെ വിളിക്കുന്നത്. ലൂക്കൊസ് ഗൃഹവിചാരകൻ എന്നു വിളിക്കുന്നു. ദാസൻ കൂട്ടുദാസന്മാരെ അടിക്കുന്നു എന്നു മത്തായി പറയുന്നു. ബാല്യക്കാരത്തികളെയും ദാസൻ അടിക്കുന്നതായി ലൂക്കൊസ് പറയുന്നു. ദുഷ്ടദാസന് കപടഭക്തിക്കാരോടുകൂടെ പങ്കു കല്പിക്കും എന്നാണ് മത്തായി രേഖപ്പെടുത്തുന്നത്. ദുഷ്ടദാസന് അവിശ്വാസികളോടുകൂടെ പങ്കു കല്പിക്കും എന്ന് ലൂക്കൊസ് എഴുതുന്നു. ആഖ്യാനനവീനത ഒന്നുംതന്നെയില്ലാത്ത കഥയാണിത്.

### 4.7. സേവനം.

സേവനം എന്ന മൂല്യത്തെപ്പറ്റി പ്രതിപാദിക്കുന്ന ഉപമ ഒന്നേയുള്ളൂ: നല്ല ശമര്യാക്കാരൻ. മറ്റു പല ഉപമകളിലും സേവനത്തെപ്പറ്റി പരോക്ഷമായി ധാരാളം പറയുന്നുണ്ട്. അതില്ലാത്ത ഉപമകൾ വിരളമാണ്. നിരുപാധികം അപരനെ സ്നേഹിക്കണമെന്നും സഹായിക്കണമെന്നും ആവശ്യപ്പെടുന്ന ഉപമയാണ് ശമര്യാക്കാരൻ. നിസ്വാർത്ഥവും നിരുപാധികവുമായ സഹായത്തിന്റെ പര്യായമായി നല്ല ശമര്യാക്കാരന്റെ കഥ മാറി.

#### 4.7.1. നല്ല ശമര്യാക്കാരൻ

ഒരാൾ യെരൂശലേമിൽനിന്ന് യെരീഹോവിലേക്കു പോകുമ്പോൾ കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടു. അവർ അവനെ മുറിവേല്പിച്ച് അർദ്ധപ്രാണനാക്കി വിട്ടു. ആ വഴിയിലൂടെ ഒരു പുരോഹിതൻ വന്നു. അവനെക്കണ്ട് മാറിക്കടന്നു പോയി. പിന്നെ ഒരു ലേവ്യൻ വന്നു. അവനും മാറിപ്പോയി. ഒരു ശമര്യാക്കാരൻ അതുവഴി വന്നു. അവൻ മനസ്സലിഞ്ഞ് മുറിവേറ്റവനെ ശുശ്രൂഷിച്ചു. വാഹനത്തിൽ കയറ്റി വഴിയമ്പലത്തിലെത്തിച്ചു. അവനെ ശുശ്രൂഷിക്കാനുള്ള പണം വഴിയമ്പലക്കാരനെ ഏൽപിച്ച് അധികം ചെലവായാൽ മടങ്ങി വരുമ്പോൾ തരാമെന്നും പറഞ്ഞ് യാത്രയായി. കഥ പറഞ്ഞുതീർന്നപ്പോൾ കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടവന് ഈ മൂന്നു പേരിൽ ആരാണ് ആപത്തിൽ കൂട്ടുകാരനായി ത്തീർന്നത് എന്ന് യേശു ചോദിച്ചു. അവനോട് കരുണ കാണിച്ചവൻ എന്ന് ന്യായ ശാസ്ത്രി പറഞ്ഞു. 'നീയും പോയി അങ്ങനെ തന്നെ ചെയ്ക' എന്ന് യേശു അവനോടു പറഞ്ഞു.

ബൈബിൾക്കഥകളിൽ പ്രസിദ്ധമാണ് നല്ല ശമര്യാക്കാരൻ. ലൂക്കൊസിന്റെ സുവിശേഷത്തിലേ ഈ ഉപമ ഉള്ളൂ (10:25-37). പാർശ്വവത്കൃതരോടുള്ള ലൂക്കൊസിന്റെ ആഭിമുഖ്യം ഇക്കഥയിൽ കാണാം. സംവാദാനന്തരമാണ് നല്ല ശമര്യാക്കാരന്റെ ആഖ്യാനം. നിത്യജീവൻ അവകാശമാക്കുവാൻ എന്തുചെയ്യണമെന്ന് ഒരാൾ ആദ്യം യേശുവിനോട് ചോദിക്കുന്നു. ദൈവത്തെ സ്നേഹിക്കുക, കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കുക എന്ന യേശുവിന്റെ മറുപടിയിൽ തൃപ്തനാകാതെ എന്റെ കൂട്ടുകാരൻ ആരെന്ന് അയാൾ ചോദിക്കുന്നു. അതിനുള്ള മറുപടിയാണ് ഈ കഥ.

ഒരു സംഭവകഥയുടെ കെട്ടുംമട്ടുമുള്ളതാണ് ഈ ഉപമ. ''ഒരു മനുഷ്യൻ യെരൂശലേമിൽനിന്നു യെരീഹോവിലേക്കു പോകുമ്പോൾ......'' എന്ന ആരംഭം അതിനെ ബലപ്പെടുത്തുന്നു (10:30). സംഭവിച്ചത് എന്ന ധ്വനി കഥനപ്രക്രിയയിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. കഥയിലെ സ്ഥലനാമങ്ങൾ യഥാർത്ഥംതന്നെ എന്നതും സംഭവ്യതയിലേക്കു വഴി തുറക്കുന്നു. സുവിശേഷങ്ങളിലെ മറ്റ് ഉപമകളിലൊന്നും സ്ഥലപരാമർശമില്ല. കഥയുടെ തുടക്കത്തിലുള്ള 'കള്ളന്മാരുടെ കൈയിൽ അകപ്പെട്ടു' എന്ന കർമ്മണിപ്രയോഗവും കഥയ്ക്ക് പ്രൗഢി വരുത്തുന്നുണ്ട് (10:30). മുറിവേറ്റു വഴിയിൽ കിടക്കുന്നവന് ആഖ്യാതാവ് പേരിട്ടിട്ടില്ല. കഥാപുരുഷൻ ഏതു കാലത്തും ഏതു സ്ഥലത്തുമുള്ള ആരുമാകാം.

ആർക്കും എപ്പോൾ വേണമെങ്കിലും സംഭവിക്കാവുന്നതാണ് ഇത്തരം ദുരന്തങ്ങൾ എന്നു കഥാപാത്രത്തിന്റെ പേരില്ലായ്മ ബോദ്ധ്യപ്പെടുത്തുന്നു. മുറിവേറ്റു കിടക്കുന്നവനോട് വഴി യാത്രക്കാരുടെ പ്രതികരണം ഇങ്ങനയായിരുന്നു.

''ഒരു പുരോഹിതൻ വന്ന് അവനെ കണ്ടിട്ടു മാറി കടന്നുപോയി'' (10:31).

''ഒരു ലേവ്യനും ആ സ്ഥലത്തിൽ എത്തി അവനെ കണ്ടിട്ടു മാറി കടന്നുപോയി'' (10:32).

ഒരേ ക്രിയയുടെ ആവർത്തനം കഥാപ്രമേയത്തിലേക്കു ശ്രദ്ധതിരിക്കാൻ സഹായ കമാണ്. ശമര്യാക്കാരന്റെ വരവും ഇടപെടലും ഏറ്റവും പ്രാധാന്യത്തോടെ ആഖ്യാനം ചെയ്യുന്നു.

''ഒരു ശമര്യാക്കാരനോ വഴിപോകയിൽ അവന്റെ അടുക്കൽ എത്തി അവനെ കണ്ടിട്ടു മനസ്സലിഞ്ഞ് അരികെ ചെന്ന് എണ്ണയും വീഞ്ഞും പകർന്ന് അവന്റെ മുറിവുകളെ കെട്ടി; അവനെ തന്റെ വാഹനത്തിൽ കയറ്റി വഴിയമ്പലത്തിലേക്കു കൊണ്ടുപോയി രക്ഷ ചെയ്തു'' (10:33-34).

അടിവരയിട്ട ഭാഗം ഓ എന്ന നിപാതപ്രത്യയം ചേർത്തതിലൂടെ പ്രധാനകഥാപാ ത്രത്തിന്റെ പ്രവൃത്തിക്കു ഊന്നൽ കൊടുക്കാൻ കഴിഞ്ഞിരിക്കുന്നു. പ്രധാനവസ്തുത ദീർഘവാക്യമാക്കി അവതരിപ്പിക്കുന്നതും ആഖ്യാനമികവിനു കാരണമായിട്ടുണ്ട്. ഉപക്രമ ംപോലെ ഉപസംഹാരവാക്യവുമുള്ളതാണ് നല്ല ശമര്യാക്കാരന്റെ കഥ. ''യേശു അവ നോട്: നീയും പോയി അങ്ങനെ തന്നെ ചെയ്ക'' (10:37). കഥയുടെ സന്ദേശം ഒറ്റവാക്യ ത്തിൽ ഒതുക്കിപ്പറയുന്നതും കഥാചാരുത വർദ്ധിപ്പിച്ചിരിക്കുന്നു.

നല്ല ശമര്യാക്കാരന്റെ കഥയിൽ നാലുകഥാപാത്രങ്ങളെ ഉപയോഗിച്ചുകൊണ്ട് നാലു ചിന്താരീതികളുടെ ഗുണദോഷങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. അപ്രതീക്ഷിത മായി അവതരിപ്പിക്കപ്പെടുന്നതല്ല നാലു കഥാപാത്രങ്ങൾ എന്നു ചുരുക്കം. നല്ല ശമര്യാ ക്കാരന്റെ കഥയിൽ പുരോഹിതൻ, ലേവ്യൻ, ശമര്യാക്കാരൻ എന്നിവരുടെ പേരുകൾ പറ യുന്നുണ്ട്. എന്നാൽ വീണുകിടക്കുന്നവന്റെ പേരുമാത്രം പറയുന്നില്ല. മുറിവേറ്റുകിടക്കുന്ന വൻ ലേവ്യൻ, പുരോഹിതൻ, ശമര്യാക്കാരൻ എന്നിങ്ങനെ ഏതുവിഭാഗത്തിൽപ്പെട്ടവനാ ണെന്ന് എടുത്തുപറയുന്നില്ല. അതുപോലെ ശമര്യാക്കാരന്റെ പേര്, അവൻ മോശം ജാതി ക്കാരനെന്നു കണക്കാക്കി എഴുതാതിരിക്കുന്നുമില്ല. ഈ കഥയിൽ അവന്റെ ജാതി ഒഴിവാ ക്കാനാകാത്തതാണ്. ആ ജാതിപരാമർശമാണ് കഥയുടെ പ്രധാനസന്ദേശവിനിമയത്തിന് അടിസ്ഥാനമായിത്തീരുന്നത്. ആപത്തിൽ അകപ്പെടുമ്പോൾ വലുപ്പച്ചെറുപ്പം, ജാതിഭേദം എന്നിവ കൂടാതെ എല്ലാവരും സഹായകനെത്തേടുന്നു. മുറിവേറ്റുകിടന്നവനെ അംഗീക രിച്ചതും ശുശ്രൂഷിച്ചതും സമൂഹം ബഹുമാനിക്കുന്ന വ്യക്തികളാരുമല്ല. ലേവ്യനും പുരോ ഹിതനും സമൂഹംകൊടുത്ത പദവിയുള്ളവരാണ്. പക്ഷേ അത്തരം അംഗീകാരങ്ങളൊ ന്നുമില്ലാത്ത ശമര്യാക്കാരനാണ് മുറിവേറ്റു കിടന്നവനെ സഹായിച്ചത്.

ശമര്യാക്കാരന്റെ കഥയിലെ സംഭവങ്ങൾ നിത്യജീവിതത്തിൽ ജനങ്ങൾ കാണുന്നതും അനുഭവിക്കുന്നതുമാണ്. തന്റെ ആശയം സംവേദനം ചെയ്യുവാനായി ആ ചിരപരിചിതസംഭവത്തെ യേശു ഉപയോഗപ്പെടുത്തി എന്നതാണ് ഈ വ്യവഹാരത്തിന് പ്രാധാന്യമുണ്ടാക്കിയത്. കള്ളന്മാരാൽ ആക്രമിക്കപ്പെട്ട് ആരും സഹായിക്കാനില്ലാതെ വഴിയിൽകിടക്കുക എന്ന പരിചിതസംഭവത്തിൽ ആളുകൾ പ്രതീക്ഷിക്കുന്നതും ആരും ചെയ്യാൻ തുനിയാത്തതുമായ കാര്യം കൂട്ടിച്ചേർത്തത് അവതരിപ്പിക്കുകയാണ് യേശു ചെയ്തത്. നല്ല ശമര്യാക്കാരന്റെ ഉപമയിൽ അവനെ സഹായിക്കുമെന്നു നാം പ്രതീക്ഷിക്കുന്ന രണ്ടു പേരും നിഷ്ക്രിയത പ്രകടിപ്പിക്കുന്നു. എന്നാൽ യാത്രയിലെ തിരക്കു കാരണം കണ്ടില്ലെന്നു നടിക്കാമായിരുന്നയാൾ എല്ലാകാര്യങ്ങളും മാറ്റിവച്ച് അവനെ രക്ഷിക്കുന്നു. ''പിറ്റന്നാൾ അവൻ പുറപ്പെടുമ്പോൾ രണ്ടു വെള്ളിക്കാശ് എടുത്തു വഴിയമ്പലക്കാരനു കൊടുത്തു: ഇവനെ രക്ഷ ചെയ്യേണം; അധികം വല്ലതും ചെലവിട്ടാൽ ഞാൻ മടങ്ങി വരുമ്പോൾ തന്നുകൊള്ളാം'' എന്ന മറുപടിയിൽനിന്ന് നല്ല ശമര്യാക്കാരൻ തിരക്കിലായിരുന്നെന്നും അവയെല്ലാം അവഗണിച്ചാണ് സത്കർമ്മം ചെയ്തതെന്നും കാണാം (10:35).

''സുവിശേഷത്തിന്റെ ആദ്യ ഭാഗത്ത് യേശുവിനെയും ഒരു നിയമജ്ഞനെയും നാം കണ്ടുമുട്ടുന്നു. വിഷയമോ നിത്യജീവനും! സ്നേഹകല്പനയുടെ ഇരുമാനങ്ങളും നിയമജ്ഞനെക്കൊണ്ടുതന്നെ കർത്താവു പറയിപ്പിക്കുന്നു. നിയമജ്ഞൻ അല്ലെങ്കിൽ കാനോനിസ്റ്റ്, നിയമം അറിഞ്ഞിരുന്നാൽ മാത്രം പോരാ, നിയമത്തെ മനുഷ്യന്റെ ക്ഷേമത്തിനും സമാധാനത്തിനും സംതൃപ്തിക്കും ഉപയുക്തമാക്കാനും പഠിച്ചിരിക്കണം. ദൈവജ്ഞാനവും സഭാജ്ഞാനവും ഒരുവനെ പണ്ഡിതനാക്കുകയില്ല; ആശയലോകവും അക്ഷരലോകവും ഒരുവനെ വലിയവനാക്കുകയില്ല. മനുഷ്യനെയും അവന്റെ ആവശ്യങ്ങളെയും വിട്ടുകളഞ്ഞിട്ടുള്ള നിയമസംഹിതകൾക്ക് അപൂർണ്ണതയുണ്ടെന്ന് അറിയിക്കാനാണ് ദൈവസ്നേഹത്തെയും പരസ്നേഹത്തെയും ഒറ്റക്കല്പനയായി ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്'' (ലൂക്ക് 1999:80).

കഥയുടെ സന്ദേശം അന്ത്യത്തിൽ എടുത്തുപറയുന്ന രചനാതന്ത്രം ഈ കഥയിലും കാണാം (10:37).

**4.8. വിവിധതരം ഉപമകൾ**

പൊതുവിഷയങ്ങൾ പ്രതിപാദിക്കുന്ന ഏതാനും ഉപമകളും സുവിശേഷത്തിൽ ഉണ്ട്. കഥാത്മകസ്വഭാവം പ്രകടിപ്പിക്കുന്ന അത്തരം രണ്ട് ഉപമകളാണ് ഇനി വിശകലനം ചെയ്യുന്നത്. ആദ്ധ്യാത്മികാർത്ഥത്തെക്കാൾ മാനവികവും മതേതരവുമായ അർത്ഥമാണ് അവയ്ക്കുള്ളത്. പാറമേൽ പണിത വീട്, ഗോപുരനിർമ്മാണം എന്നിവയാണ് ആ ഉപമകൾ.

### 4.8.1. പാറമേൽ പണിത വീട്

ബുദ്ധിമാൻ പാറമേലും മറ്റൊരാൾ മണലിന്മേലും വീടുപണിതു. വലിയ മഴയുണ്ടായപ്പോൾ കാറ്റടിച്ചെങ്കിലും പാറമേൽ പണിത വീടു വീണില്ല. എന്നാൽ മണലിന്മേൽ പണിത വീട് നിലംപതിച്ചു.

മത്തായിയും ലൂക്കൊസും ഈ ഉപമ രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ.7:24-27, ലൂക്കൊ.6:47-49). പാറമേലും മണലിന്മേലും പണിത വീടിന്റെ കഥ ലൂക്കൊസിന്റെ സുവിശേഷത്തിൽ അല്പം ഭേദത്തോടെയാണു പറഞ്ഞിരിക്കുന്നത്. അടിസ്ഥാനമിട്ടു പണിത വീടായിരുന്നു ബുദ്ധിമാന്റേത്. ബുദ്ധിയില്ലാത്തവന്റേത് അടിസ്ഥാനമിടാതെ പണിതതായിരുന്നു. മത്തായി പാറമേൽ പണിതുവെന്നേ പറയുന്നുള്ളൂ. എന്നാൽ ലൂക്കൊസ് പാറ കാണുവോളം ആഴത്തിൽ കുഴിച്ചു വീടു പണിതു എന്നു പ്രതിപാദിച്ചിരിക്കുന്നു. വിധിനിഷേധക്രിയാരൂപങ്ങളിലൂടെ കഥ സൃഷ്ടിക്കുന്ന കൗശലം 'പാറമേൽ വീടു പണിത മനുഷ്യനി'ൽ കാണാം.

രണ്ടു കഥയിലും വചനം അനുസരിക്കേണ്ട ആവശ്യമാണ് ഊന്നിപ്പറഞ്ഞിരിക്കുന്നത്. ഏറ്റവും ഹ്രസ്വമായ ആഖ്യാനത്തിൽ അതിഗൗരവമായ ആശയം നിഗീരണം ചെയ്തിരിക്കുന്ന രചനാതന്ത്രം പാറമേൽ വീടു പണിത മനുഷ്യൻ എന്ന ഉപമയിൽ കാണാം. ആറ്റിക്കുറുക്കിയുള്ള ആഖ്യാനരീതിക്കു മികച്ച മാതൃകയാണിത്.

മത്തായിയുടെ വിവരണത്തിനാണ് ശില്പചാതുരി കൂടുതലുള്ളത്. വിശ്വപ്രസിദ്ധമായ ഗിരിപ്രഭാഷണത്തിന് ഉപസംഹാരമായിട്ടാണ് മത്തായി ഇതു ചേർത്തിരിക്കുന്നത്. അതിനാൽ കഥാപ്രകരണം പ്രസിദ്ധമായ ഉദ്ദേശ്യമുള്ളതെന്നു വ്യക്തമാകുന്നു. ദീർഘമായ ഒരേ വാക്യത്തിന്റെ ആവർത്തനത്തിലൂടെ  കഥയുടെ മുഖ്യഭാഗവും പണിതു തീർക്കുന്ന ശില്പതന്ത്രം ഇതിൽ ദർശിക്കാം. ഒരേ ഫാബുലയിൽനിന്നു വ്യത്യസ്തമായ സുഷേയുണ്ടാകുന്നതിന് ഉദാഹരണമാണിത്. വചനം പാറപോലെ ഉറപ്പാർന്നതാണെന്നു വ്യക്തമാക്കാൻ വീടുനിർമ്മാണത്തിന്റെ രൂപകം ഉപയോഗിച്ചിരിക്കുന്നു. ബൈബിളിൽ അങ്ങോളമിങ്ങോളം ദൈവവചനത്തിന്റെ ശക്തിയും പ്രാധാന്യവും വെളിപ്പെടുത്തുന്ന ധാരാളം രൂപകങ്ങൾ ഉണ്ട്. പാറയെ തകർക്കുന്ന ചുറ്റിക, തീ, മായമില്ലാത്ത പാൽ, ഇരുവായ്ത്തലയുള്ള വാൾ, കണ്ണാടി, ദീപം  എന്നിവ അവയിൽ പ്രധാനമാണ് (യിരെ.23:29, 1 പത്രൊ.2:2, എബ്രാ.4:12, യാക്കോ.1:23, സങ്കീ.119:105).

''ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവനൊക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു.

വന്മഴ ചൊരിഞ്ഞു
നദികൾ പൊങ്ങി
കാറ്റ് അടിച്ചു
ആ വീട്ടിന്മേൽ അലച്ചു.

അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല (മത്താ.7:24-25).

എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവനൊക്കെയും മണലിന്മേൽ വീടു പണിത മനുഷ്യനോടു തുല്യനാകുന്നു.

വന്മഴ ചൊരിഞ്ഞു
നദികൾ പൊങ്ങി
കാറ്റ് അടിച്ചു
ആ വീട്ടിന്മേൽ അലച്ചു.
അതു വീണു'' (മത്താ.7:26-27).

ഒരേ ക്രിയകളുടെ ആവർത്തനം, ഒടുവിൽ ഒരു ക്രിയയുടെ മാത്രം വിധിരൂപവും നിഷേധരൂപവും നിബന്ധിച്ച് കഥാശില്പം പൂർത്തിയാക്കുന്ന വിദ്യ ബൈബിൾക്കഥാഖ്യാനത്തിലെ പൊതുമുദ്രയായ സംഗ്രഹണാത്മകതയുടെ ഭാഗമാണ്. ഒരു ലഘുകാര്യത്തിന്റെ ചെയ്യലും ചെയ്യാതിരിക്കലുംകൊണ്ട് എങ്ങനെ വൻദുരന്തത്തെ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം എന്ന ആശയം ആ ഭാവത്തിന് അനുരൂപമായ ആവിഷ്കാരക്രമംകൊണ്ട് സാധിച്ചിരിക്കുന്നു.

സ്ഥലികത ഈ ഉപമയിൽ കഥാത്മകതയുണ്ടാക്കുന്ന മുഖ്യഘടകമാണ്. പാറമേൽ, മണലിന്മേൽ എന്നിവ സ്ഥലികതയെ ഉറപ്പിക്കുന്നു. ഇവ സൂക്ഷ്മമായ സ്ഥലങ്ങളാണ്. സ്ഥലഭേദമാണ് കഥയ്ക്ക് പരിണാമം ഉണ്ടാക്കുന്നത്. സ്ഥലത്തെക്കുറിച്ചുള്ള കൃത്യമായ അവബോധം ഇക്കഥ നൽകുന്നു. സമയഭേദവും കഥാഗതിയെ നിയന്ത്രിക്കുന്നതിൽ പ്രധാനംതന്നെ. 'വന്മഴ ചൊരിഞ്ഞു' എന്നാണ് കാലസൂചകപദം. സ്ഥലസമയസൂചനകളെ ബാഹ്യവും പ്രത്യക്ഷവുമായ തലത്തിൽ അവരോധിക്കുന്നതോടൊപ്പം അർത്ഥത്തിന്റെ ആന്തരികവും വ്യംഗ്യവുമായ അടരുകളിലേക്ക് സന്നിവേശിപ്പിക്കുകയും ചെയ്യുന്ന രചനാതന്ത്രമാണ് ഇവിടെയുള്ളത്.

ഈ ഉപമയിലെ പാറ, മണൽ, വീട്, മഴ, കാറ്റ്, നദി ഇവയെല്ലാം രൂപകങ്ങളാണ്. ആത്മീയപശ്ചാത്തലം ഒഴിവാക്കിയാലും അർത്ഥമുള്ള, ഗുണപാഠകഥയാണിത്. ഇതുപോലെ അർത്ഥസങ്കല്പനത്തിൽ ദൈവികമായ അർത്ഥം (Divinised Meaning) മാത്രമല്ല മാനവികമായ അർത്ഥ(Humanised Meaning)വുമുള്ള വേറെ കഥകളും ബൈബിളിലുണ്ട്. മത്തായിയുടെ സുവിശേഷത്തിൽ ആമുഖം എന്നപോലെ കൊടുത്തിരിക്കുന്ന ഉപമയാണ് പാറമേൽ പണിത വീട്. ഇനിയുള്ള എല്ലാ വ്യവഹാരങ്ങൾക്കും പൊതുവായി ചേരുന്ന ഒരു ആമുഖമായി ഇതിനെ കണക്കാക്കാം.

ജീവിതം ഒരു വീടുനിർമ്മിക്കുന്നതുപോലെയെന്ന് ഈ ഉപമ പഠിപ്പിക്കുന്നു. ജീവിതം സ്ഥായിത്വം കൈവരിക്കുന്നത് വിശ്വാസത്തിൽ അധിഷ്ഠിതമായാണ് എന്ന ആശയവും ഉപമ പ്രദാനം ചെയ്യുന്നു. ഉപമ ഘടനാപരമായി ലളിതം, സന്ദേശം ശക്തം.

രൂപകപരത ഇക്കഥയെ ഉദ്ബോധനപരമായും പ്രചരണപരമായും മികവുള്ള ഒരു ആയുധമാക്കുന്നു.

**4.8.2. ഗോപുരനിർമ്മാണം**

ആരെങ്കിലും ഒരു ഗോപുരം പണിയുവാൻ ആഗ്രഹിച്ചാൽ ആദ്യം അതു പണിതു തീർക്കാൻ കഴിവുണ്ടോ എന്നു കണക്കു നോക്കാത്തവർ ആരുമില്ല. അല്ലെങ്കിൽ അടിത്തറ ഇട്ട ശേഷം പണി പൂർത്തിയാക്കാൻ കഴിയാതെ വരുമ്പോൾ കാണുന്നവരെല്ലാം പരിഹ സിക്കും.

ഒരു രാജാവ് യുദ്ധത്തിൽ മറ്റൊരു രാജാവിനോട് എതിർക്കാൻ പോകുമ്പോൾ ഇരു പതിനായിരം പേരുമായി വരുന്നവനെ പതിനായിരത്തെക്കൊണ്ട് എതിർക്കാൻ കഴിയുമോ എന്ന് ആദ്യമേതന്നെ ആലോചിക്കാത്ത രാജാവ് ആരുണ്ട്? അതിനു കഴിവില്ലെങ്കിൽ മറ്റെ രാജാവ് അകലെ ആയിരിക്കുമ്പോൾത്തന്നെ, സമാധാനത്തിനു ശ്രമിക്കുന്നു. അതുപോലെ ഒരാൾ തനിക്കുള്ളതൊക്കെയും വിട്ടുപിരിയുന്നില്ലെങ്കിൽ തന്റെ ശിഷ്യനായിരിക്കുവാൻ സാധ്യമല്ലെന്ന് യേശു പറയുന്നു.

ലൂക്കൊസ് മാത്രം രേഖപ്പെടുത്തിയിരിക്കുന്ന ഉപമയാണിത് (14:28-35). ഉപമയെ ക്കാൾ ഉദാഹരണം എന്നു പറയുന്നതാണ് ശരി. ആഖ്യാനാത്മകഘടകങ്ങൾ ഒട്ടുമില്ല. ഈ രണ്ട് ഉപമകളും ഒരേ ആശയം അവതരിപ്പിക്കുന്നു. അതിനാൽ ഇരട്ട ഉപമയാണിത്. ആഖ്യാനത്തിന്റെ ഉദ്ദേശ്യം ഒന്നാണെങ്കിലും ഊന്നൽ വ്യത്യസ്തമാകുന്നു. ഗോപുര നിർമ്മാണത്തിൽ വിലയും യുദ്ധത്തിൽ ശക്തിയുമാണ് പ്രധാനം. ആദ്യത്തേതിൽ ധനപര മായ ശേഷിയും രണ്ടാമത്തേതിൽ കായികശേഷിയുമാണ് അനിവാര്യഘടകങ്ങൾ. അവ രണ്ടിന്റെയും കാര്യം കഥയിൽ വ്യഞ്ജിപ്പിക്കുന്നു. കഥാപാത്രങ്ങളിൽ ഒരാൾ അടിസ്ഥാന വർഗത്തിന്റെയും മറ്റെയാൾ ഉപരിവർഗത്തിന്റെയും പ്രതിനിധിയാണ്. ഗോപുരം പണി യുടെ ഉപമ വായനക്കാരെ ബൈബിളിലെ മറ്റു രണ്ടു നിർമ്മാണപ്രവർത്തനങ്ങളെ ഓർമ്മി പ്പിക്കും. ബാബേൽഗോപുരനിർമ്മാണവും മണലിന്മേൽ പണിതവീടുമാണ് അവ (ഉൽപ. 11:1-9, മത്താ. 7:24-25). ആ രണ്ടു പണികളും ഫലവത്തായില്ല എന്നോർക്കുമ്പോൾ മാത്രമേ ഈ ഉപമയുടെ പ്രസക്തി ബോദ്ധ്യമാവൂ. ഏതു കാര്യത്തിന്റെയും ആരംഭം മാത്രം ആകർഷകമായാൽ പോരാ, ശുഭകരമായ അന്ത്യവും ആവശ്യമാണെന്ന് ഈ ഉപമ ഓർമ്മപ്പെടുത്തുന്നു. ഏതു പക്ഷക്കാർക്കും ദൈവരാജ്യപ്രവേശനം സാധ്യമാണ്. എന്നാൽ മാനദണ്ഡം ഒന്ന്. സകലതും വിട്ടുപിരിയണം.

''നിങ്ങളിൽ ആരെങ്കിലും ഒരു ഗോപുരം പണിവാൻ ഇച്ഛിച്ചാൽ ആദ്യം ഇരുന്ന് അതു തീർപ്പാൻ വക ഉണ്ടോ എന്നു കണക്കു നോക്കുന്നില്ലയോ?'' (14:28).

''ഒരു രാജാവ് മറ്റൊരു രാജാവിനോടു പട ഏല്പാൻ പുറപ്പെടുംമുമ്പേ ഇരുന്ന്, ഇരുപതിനായിരവുമായി വരുന്നവനോട് താൻ പതിനായിരവുമായി എതിർപ്പാൻ മതിയോ എന്ന് ആലോചിക്കുന്നില്ലയോ?'' (14:31).

ചോദ്യവാക്യത്തിലാണ് രണ്ട് ഉപമകളുടെയും ആരംഭം എന്നതു ശില്പപരമായ അനന്യതയാണ്.

കഥാത്മകതയുള്ള ഉപമകളാണ് ഇവിടെ വിശകലനം ചെയ്തത്. ഇതുകൂടാതെ സുവിശേഷങ്ങളിലെ പല ദൃഷ്ടാന്തങ്ങളെയും ഉപമകളെന്നു വിളിക്കാറുണ്ട്. അത്തരം ലഘുവായ പ്രസ്താവനകൾ അപഗ്രഥിക്കാൻ ശ്രമിച്ചിട്ടില്ല. വിശകലനവിധേയമാക്കിയ ഉപമകളിൽ പലതും ചെറുകഥകളുടെയും മിനിക്കഥകളുടെയും രൂപഭാവങ്ങളോടു കൂടിയ വയാണ്. ഉപമകൾ സുവിശേഷത്തിലെ പ്രാധാനമായ ആശയവിനിമയോപാധിയാണ്. പുതിയനിയമത്തിലെ ആഖ്യാനങ്ങളിൽ കഥാത്മത ഏറ്റവുമധികമുള്ളതും ഉപമകളിൽത്ത ന്നെ. സന്ദർഭത്തിൽനിന്ന് അടർത്തിമാറ്റിയാലും പല കഥകൾക്കും സ്വന്തവും സ്വതന്ത്രവു മായ നിലനിൽപും അർത്ഥവുമുണ്ട്. ഉപമകളുടെ അനന്യസാധാരണമായ ആശയവിനിമ യശേഷിയെപ്പറ്റിയുള്ള സുകുമാർ അഴീക്കോടിന്റെ അഭിപ്രായം ഇതാണ്. ''യേശുക്രിസ്തു പാവപ്പെട്ട തന്റെ നാട്ടുകാർക്കു തത്ത്വം ഉപദേശിക്കാൻ കൈക്കൊണ്ട ഒരു വഴിയാണ് ദൃഷ്ടാന്തകഥ (Parables). പുതിയനിയമത്തിന്റെ ഏറ്റവും മികച്ച ആകർഷകത ഇതാണ്'' (1986:307). സുവിശേഷങ്ങളിലൂടെ സഞ്ചരിക്കുന്ന ആരെയും ആകർഷിപ്പിക്കുന്നു ഈ കഥാരൂപങ്ങൾ. രൂപപരമായും പ്രമേയപരമായും ഉപമകൾ ബൈബിൾ എന്ന ബൃഹദാ ഖ്യാനത്തിലെ ലഘു ആഖ്യാനങ്ങളാണ്. ബൈബിൾ അവതരിപ്പിക്കുന്ന ദൈവദർശന ത്തിന്റെ പൂരണത്തിന് സുവിശേഷകർ ഉപമകളെയാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നത്.

# അധ്യായം അഞ്ച്
# അത്ഭുതകഥകളുടെ ആഖ്യാനരഹസ്യങ്ങൾ

### 5.0. അത്ഭുതം

അത്ഭുതം എന്ന വാക്കിന് 'ഇതിനുമുമ്പ് ഉണ്ടായിട്ടില്ലാത്ത' എന്നാണർത്ഥം. മോഫേത് എന്ന ഹീബ്രുപദത്തിൽനിന്നാണ് അത്ഭുതം എന്ന വാക്കുവന്നത്. ഗ്രീക്കിലെ ഡുനാമിസ് എന്ന പദവും ഈ അർത്ഥത്തിൽ ഉപയോഗിച്ചുവരുന്നു. ദൈവശക്തിയുടെ പ്രവർത്തനം മൂലമുണ്ടാകുന്നത് എന്ന അർത്ഥമാണ് ഈ വാക്കുകൾക്ക് മേൽപ്പറഞ്ഞ ഭാഷകളിലുള്ള അർത്ഥം.

അത്ഭുതങ്ങളുടെ പുസ്തകമാണ് ബൈബിൾ. പഴയനിയമത്തിലും പുതിയനിയമത്തിലും ധാരാളം അത്ഭുതങ്ങൾ ഉണ്ട്. മാനുഷികമാധ്യമത്തിലൂടെ ദൈവം ചെയ്യുന്ന പ്രകൃത്യതീതസംഭവങ്ങളാണ് അത്ഭുതങ്ങൾ. ബൈബിൾ ആരംഭിക്കുന്നതുതന്നെ അത്ഭുതവിവരണത്തോടെയാണ്. ദൈവം ശൂന്യതയിൽനിന്ന് വാനഭൂമികളും സർവ്വചരാചരങ്ങളെയും സൃഷ്ടിച്ചതിന്റെ വിശദാംശങ്ങൾ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ബൈബിൾ ആഖ്യാനം ചെയ്യുന്ന അതിപ്രധാനസംഭവങ്ങളെല്ലാം അത്ഭുതങ്ങളാണ്. പുതിയനിയമത്തിലെ യേശുവിന്റെ കന്യകാജനനം, ഉയിർപ്പ്, സ്വർഗാരോഹണം, വിശ്വാസികളുടെ ഭാവിപ്രതീക്ഷയായ ക്രിസ്തുവിന്റെ പുനരാഗമനം എന്നിവയെല്ലാം അത്ഭുതങ്ങൾതന്നെ.

നാലുസുവിശേഷങ്ങളിലുമായി വ്യത്യസ്തങ്ങളായ 35 അത്ഭുതങ്ങൾ ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു (Willmington 2011:1111). അവ സൗഖ്യദായകം, ഭൂതശാന്തി, മരിച്ചവരെ ഉയിർപ്പിക്കൽ (പുനരുത്ഥാനം), ഭക്ഷണവർദ്ധനവ്, ശിഷ്യസംരക്ഷണം, പണം കണ്ടെത്തൽ, നശീകരണം അഥവാ ശിക്ഷ എന്ന് ഏഴുവിധമുണ്ട്.

### 5.1. സൗഖ്യദായകം

രോഗശാന്തി വിഭാഗത്തിൽപ്പെടുന്ന അത്ഭുതങ്ങളാണ് സുവിശേഷത്തിൽ കൂടുതലുള്ളത്. അതാകെ 16 എണ്ണമുണ്ട്. അതിൽ 4 എണ്ണം അന്ധർക്കു കാഴ്ച നൽകിയതും 6 എണ്ണം കുഷ്ഠരോഗം, പക്ഷവാതം, പനി എന്നിവ മാറ്റിയതും 6 എണ്ണം മറ്റുരോഗങ്ങൾ ഭേദപ്പെടുത്തിയതുമാകുന്നു.

അന്ധർക്കു കാഴ്ച നൽകിയ 4 വ്യത്യസ്തസംഭവങ്ങൾ പുതിയനിയമത്തിലെ ആഖ്യാനങ്ങളിൽ ഉണ്ട്. ഒരേ തരത്തിലുള്ള ആഖ്യാനക്രമമല്ല സുവിശേഷകർ സ്വീകരിക്കുന്നത്. കുരുടന്മാരുടെ സൗഖ്യം വിവരിക്കുന്നതിൽ ഇതു സ്പഷ്ടമാണ്. നാലു കഥക

ളുടെയും ആഖ്യാനവ്യവസ്ഥയ്ക്ക് തനതായ വ്യക്തിത്വമുണ്ട്. നാലിൽ മൂന്നെണ്ണം മറ്റു സുവിശേഷങ്ങളിൽ ആവർത്തിക്കുന്നതുമില്ല.

### 5.1.1. ബർത്തിമായി എന്ന അന്ധൻ

എല്ലാ സമാന്തരസുവിശേഷങ്ങളിലും ഇക്കഥയുണ്ട് (മത്താ.20:29-34, മാർക്കൊ.10:46-52, ലൂക്കൊ.18:35-43). ഇവിടെ അന്ധന്റെ പേരു പറയുന്നു എന്ന പ്രത്യേകതയുണ്ട്. ബർത്തിമായി എന്നായിരുന്നു കുരുടന്റെ പേരെന്നു മർക്കൊസ് മാത്രമേ വെളിപ്പെടുത്തുന്നുള്ളൂ. രോഗം മാറിയ വ്യക്തിയുടെ പേരെഴുതുന്ന ഏക കഥ ഇതാണ്. രണ്ടു കുരുടന്മാർ സൗഖ്യമായതായി മർക്കൊസ് പറയുന്നില്ല. യേശുവിന്റെ ശിഷ്യന്മാർ കുരുടനെ നിരുത്സാഹപ്പെടുത്തിയ കാര്യവും മർക്കൊസ് രേഖപ്പെടുത്തുന്നു. എന്നാൽ അവരുടെ നിരുത്സാഹപ്പെടുത്തലുകളെ വകവെയ്ക്കാതെ വീണ്ടും യേശുവിനോട് നിലവിളിച്ചതുകൊണ്ടാണ് അന്ധനു സൗഖ്യം കിട്ടിയത്. രണ്ടു പ്രാവശ്യം അവൻ യേശുവിനെ വിളിക്കുന്നു. 'അവൻ തന്റെ പുതപ്പും ഇട്ടുകളഞ്ഞു ചാടിയെഴുന്നേറ്റു' (മർക്കൊ.10:50). ഈ വാക്യം മത്തായിയുടെയും ലൂക്കൊസിന്റെയും വിവരണത്തിലില്ല. 'ഇട്ടുകളഞ്ഞു' എന്ന അനുപ്രയോഗം അവൻ ചെയ്ത പ്രവൃത്തിയുടെ ഗൗരവം വ്യക്തമാക്കുന്നു. നിത്യജീവിതത്തിൽ അവശ്യംവേണ്ട പുതപ്പുപോലും ഉപേക്ഷിക്കത്തക്ക വിശ്വാസവും അനുഭാവവും യേശുവിനോടുണ്ടായി എന്നു സ്പഷ്ടമാക്കുന്നതാണ് ആ പ്രയോഗം.

കുരുടന്റെ കണ്ണു തൊട്ടാണു സുഖപ്പെടുത്തിയതെന്നു മത്തായി പറയുന്നു (20:34). ലൂക്കൊസിന്റെയും മർക്കൊസിന്റെയും വിവരണത്തിൽ കുരുടനെ തൊട്ടു സൗഖ്യമാക്കി എന്നു സൂചിപ്പിക്കുന്നില്ല. 'കാഴ്ച പ്രാപിക്ക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു' എന്നാണ് പറയുന്നത് (ലൂക്കൊ.18:42). ലൂക്കൊസിൽ ഈ ഭാഗത്ത് 'ഇതെന്ത്' എന്ന് കുരുടൻ അന്വേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

ആഖ്യാനസ്ഥലം അല്പം വ്യത്യാസപ്പെടുത്തിയാണ് ലൂക്കൊസ് രേഖപ്പെടുത്തുന്നത്. 'അവൻ യെരീഹോവിന് അടുത്തപ്പോൾ' എന്നാണ് ലൂക്കൊസ് എഴുതിയിട്ടുള്ളത് (18:35). 'അവർ യെരീഹോവിൽനിന്നു പുറപ്പെട്ടപ്പോൾ വലിയോരു പുരുഷാരം അവനെ അനുഗമിച്ചു' എന്നാകുന്നു മത്തായിയുടെ സ്ഥലപരാമർശം (20:29). സ്ഥലപരമായ വിവരണത്തിൽ കൃത്യത മർക്കൊസും മത്തായിയും പ്രകടിപ്പിക്കുന്നു.

### 5.1.2. ബേത്ത്സയിദയിലെ കുരുടൻ

മർക്കൊസിന്റെ സുവിശേഷത്തിൽ മാത്രമുള്ള കഥയാണിത് (8:22-26). ആഖ്യാനസ്ഥലം ബേത്ത്സയിദയാണ്. കുരുടൻ സ്വയം നിലവിളിച്ചു നേടിയ സൗഖ്യമല്ല ഇത്. മറ്റുള്ളവർ അവനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നതു നിമിത്തം കിട്ടിയതാണ്. വിശ്വാസമുള്ളവർ നിരാലംബരായ ആവശ്യക്കാരെ ഈശ്വരന്റെ അടുക്കൽ എത്തിക്കണമെന്ന് ഇത് വെളിപ്പെടുത്തുന്നു. തികച്ചും പുതുമ നിറഞ്ഞ പ്രവൃത്തിയാണ് സൗഖ്യം നൽകാൻ യേശു ചെയ്യുന്നത്.

- അവനെ ഊരിനു പുറത്തു കൊണ്ടുപോയി.
- അവന്റെ കണ്ണിൽ തുപ്പി.
- അവന്റെമേൽ കൈവെച്ചു.
- ഇത്രയും ചെയ്തശേഷം നീ എന്തെങ്കിലും കാണുന്നുണ്ടോ എന്നു ചോദിച്ചു.

വളരെ കൗതുകവും വിസ്മയവും ഉണർത്തുന്ന മറുപടിയാണ് കുരുടൻ നൽകിയത്. സുവിശേഷങ്ങളിലെ കൗതുകം നിറഞ്ഞ അപൂർവം രംഗങ്ങളിലൊന്നാണിത്. മനുഷ്യരെ മരങ്ങളെപ്പോലെയാണ് കാണുന്നത് എന്നായിരുന്നു കുരുടന്റെ പ്രതികരണം. വീണ്ടും അവന്റെമേൽ കൈവച്ചപ്പോഴാണ് പൂർണ്ണസൗഖ്യം കിട്ടിയത്. 'നീ ഊരിൽ കടക്കപോലും അരുത്' എന്നു യേശു പറയുകയും അവനെ വീട്ടിലേക്ക് അയയ്ക്കുകയും ചെയ്തു. ക്രമേണയുള്ള കാഴ്ചപ്രാപിക്കലും പ്രവൃത്തികളുടെ തുടർച്ചയും കഥയ്ക്കു നാടകീയത നല്കുന്നുണ്ട്.

മറ്റു സുവിശേഷകർ ഇക്കഥ അവതരിപ്പിക്കുന്നില്ല. ''മത്തായിയും ലൂക്കൊസും ഈ സംഭവം രേഖപ്പെടുത്താതെ പോയത് സാവധാനത്തിലുള്ള രോഗശാന്തി കർത്താവിന്റെ ദിവ്യത്വത്തിന്റെ മാറ്റു കുറച്ചുകളയുന്നുവെന്നു തോന്നിയിട്ടാകാം'' എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട് (ജോൺ 2014:842).

**5.1.3. പിറവിക്കുരുടൻ**

യോഹന്നാൻ മാത്രമാണ് ഇക്കഥ ആഖ്യാനം ചെയ്തിട്ടുള്ളൂ (9:1-41). അത്ഭുതകഥകളുടെ സംക്ഷിപ്തഘടനയിൽനിന്നു (Brief Structure) തികച്ചും വ്യത്യസ്തമാണ് പിറവിക്കുരുടന്റെ ആഖ്യാനശൈലി. അന്ധനെപ്പറ്റിയുള്ള യോഹന്നാന്റെ വിവരണം സുദീർഘമാണ്. മറ്റു സുവിശേഷങ്ങളിൽ അത്ഭുതങ്ങൾ ചുരുക്കിയാണ് പ്രതിപാദിക്കുന്നത്. ഏറ്റവും ദൈർഘ്യമുള്ള അത്ഭുതാവതരണമാണ് യോഹന്നാന്റേത്. എല്ലാ സുവിശേഷങ്ങളിലുംവച്ച് വലിയ സൗഖ്യവിവരണമാണിത്. ദൈർഘ്യമേറിയ സംവാദം അത്ഭുതത്തിനു മുമ്പും പിമ്പും യോഹന്നാൻ ചേർത്തിട്ടുണ്ട്. സൗഖ്യമാക്കുന്ന സമ്പ്രദായവും അപൂർവ്വതയുള്ളതാണ്. നിലത്തു തുപ്പി ചേറുണ്ടാക്കി കുരുടന്റെ കണ്ണിൽ പൂശിയശേഷം ശിലോഹാം കുളത്തിൽ പോയി കഴുകുവാൻ ആവശ്യപ്പെട്ടു. അങ്ങനെ ചെയ്തപ്പോൾ മാത്രമേ അന്ധത മാറിക്കിട്ടിയുള്ളൂ. രോഗിയോട് സൗഖ്യത്തിനായി സ്വയം ചിലതുചെയ്യാൻ ആവശ്യപ്പെടുന്ന ഒരേ ഒരു കഥ ഇതാണ്. ഇതും രോഗിയുടെ മാതാപിതാക്കന്മാരുടെ സാന്നിധ്യത്തിൽ നടക്കുന്ന അത്ഭുതങ്ങളിൽ ഒന്നാണ്.

സൗഖ്യവിവരണത്തെക്കാൾ ഇക്കഥയുടെ തുടക്കത്തിലും ഒടുക്കത്തിലും നിബന്ധിച്ചിരിക്കുന്ന സംവാദത്തിലേക്കാണ് വായനക്കാരുടെ ശ്രദ്ധ പോകുക. ''റബ്ബീ, ഇവൻ കുരുടനായി പിറക്കത്തക്കവണ്ണം ആർ പാപം ചെയ്തു?'' എന്ന ചോദ്യവാക്യത്തിൽ തുടങ്ങുന്ന ഈ അത്ഭുതാഖ്യാനത്തിൽ നാലു ചോദ്യങ്ങൾ തുടർന്നു വരുന്നുണ്ട് (9:2).

'അന്ധനു സൗഖ്യം കിട്ടിയതെങ്ങനെ'യെന്ന ചോദ്യം നാലുതവണ ഈ കഥയിൽ ഉന്നയിക്കപ്പെടുന്നു. അയൽക്കാർ, പരീശന്മാർ, രണ്ടു തവണയായി യഹൂദന്മാർ എന്നിവരാണ് ഒരേ ചോദ്യം ആവർത്തിക്കുന്നത്. ഈ സംഭവത്തിന്റെ അസാധാരണത്വത്തിലേക്ക് അതു വിരൽചൂണ്ടുന്നു.

യേശു സൗഖ്യമാക്കിയത് ശബ്ബത്തിലായിരുന്നു എന്നു വ്യക്തമാക്കുന്നത് വളരെ നാടകീയമായും കഥയുടെ മദ്ധ്യത്തിൽവച്ചുമാണ്. യഹൂദന്മാരെ അങ്ങേയറ്റം ആശയക്കുഴപ്പത്തിലാക്കുന്നു ഈ സംഭവം. യേശു സൗഖ്യമാക്കിയത് ശബ്ബത്തിലായതിനാൽ യേശു പാപിയെന്ന് അവർ കരുതി. പാപിക്ക് എങ്ങനെ അത്ഭുതംചെയ്യാൻ കഴിയും എന്നതായിരുന്നു അവരുടെ ചിന്ത. സൗഖ്യം കിട്ടിയവനെ യഹൂദർ പുറത്താക്കിയപ്പോഴാണ് യേശു വീണ്ടും കഥയിൽ വരുന്നത്. രോഗിയുടെ വിശ്വാസമല്ല അനുസരണമായിരുന്നു ഈ അത്ഭുതത്തിനു പിന്നിൽ. അതു വ്യക്തമാക്കുന്നതാണ് കുരുടനോടുള്ള യേശുവിന്റെ അടുത്ത ചോദ്യം (9:35-38). അനുസരണം അത്ഭുതസൗഖ്യത്തിലേക്കുള്ള ആദ്യചുവടാണ്.

ഇതിനോടു സാമ്യമുള്ള പഴയനിയമകഥയാണ് നയമാന്റേത്. യോർദ്ദാനിൽ ഏഴു പ്രാവശ്യം മുങ്ങിയാൽ സൗഖ്യം കിട്ടുമെന്നു പറഞ്ഞതിനോട് ആദ്യം നയമാൻ മുഖംതിരിച്ചു. എന്നാൽ പിന്നീട് അങ്ങനെചെയ്തപ്പോൾ കുഷ്ഠം മാറിക്കിട്ടി (2 രാജാ.5:1-14). ഈ ആഖ്യാനത്തിന്റെ ലക്ഷ്യം കഥാന്ത്യത്തിൽ വരുന്ന ഒന്നിലേറെ വാക്യങ്ങളിൽ ഉൾച്ചേർത്തിരിക്കുന്നു. ''കാണാത്തവർ കാണ്മാനും കാണുന്നവർ കുരുടർ ആകാനും ഇങ്ങനെ ന്യായവിധിക്കായി ഞാൻ ഇഹലോകത്തിൽ വന്നു'' (9:39). കഥയുടെ സന്ദേശഭാഗം തുടർന്നു വരുന്നു. ഈ വാക്യം കേട്ടപ്പോൾ 'ഞങ്ങളും കുരുടരോ' എന്ന പരീശന്മാരുടെ ചോദ്യത്തിന്റെ മറുപടിയിലും ഈ ദീർഘവ്യവഹാരത്തിന്റെ രചനാലക്ഷ്യം ഉൾപ്പെടുത്തിയിരിക്കുന്നു. ''നിങ്ങൾ കുരുടർ ആയിരുന്നു എങ്കിൽ നിങ്ങൾക്കു പാപം ഇല്ലായിരുന്നു; എന്നാൽ ഞങ്ങൾ കാണുന്നു എന്ന് നിങ്ങൾ പറയുന്നതുകൊണ്ട്, നിങ്ങളുടെ പാപം നിലനില്ക്കുന്നു എന്നു പറഞ്ഞു'' (9:41). കഥാരംഭത്തിൽ അന്ധന്റെ പാപമായിരുന്നു ചർച്ചാവിഷയം. എന്നാൽ കഥാന്ത്യത്തിൽ യേശു പരീശന്മാരുടെ പാപത്തിലേക്ക് ശ്രദ്ധതിരിക്കുന്നു. ശാരീരികമായ അന്ധതയല്ല പാപമെന്നും ആദ്ധ്യാത്മികമായ അന്ധതയാണ് യഥാർത്ഥപാപമെന്നുമുള്ള ബോധമുണ്ടാക്കുവാൻ പിറവിക്കുരുടനു കാഴ്ചകിട്ടിയ അടയാളത്തെ യേശു ഉപാധിയാക്കുന്ന ആഖ്യാനതന്ത്രം ഇക്കഥയിൽ കാണാം.

എട്ടു സംഭാഷണഖണ്ഡങ്ങൾ ഈ കഥയിൽ ഉണ്ട്. ഓരോ സംഭാഷണരംഗത്തും രണ്ടുകൂട്ടർ മാത്രമേ ഒരേ സമയം സംഭാഷണത്തിലേർപ്പെടുന്നുള്ളൂ. ഒരു കൂട്ടർ തമ്മിൽ സംഭാഷണത്തിലേർപ്പെടുമ്പോൾ മറ്റുള്ളവർ എന്തു ചെയ്യുന്നുവെന്ന് രേഖപ്പെടുത്തുന്നില്ല. അപ്രകാരം എട്ടുഭാഗമായുള്ള ഈ കഥയിലെ സംഭാഷണക്രമം താഴെ കൊടുക്കുന്നു.

- യേശുവും ശിഷ്യന്മാരും തമ്മിലുള്ള സംഭാഷണം (9:1-5).

- യേശുവും അന്ധനും തമ്മിലുള്ള ഇടപെടൽ (9:6-7).
- അയൽക്കാർ അന്ധത മാറിയതിനെ ചോദ്യം ചെയ്യുന്ന രംഗം (9:8-12).
- പരീശന്മാർ അന്ധനായിരുന്നവനെ ചോദ്യം ചെയ്യുന്നു (9:13-17).
- അന്ധനായിരുന്നവന്റെ മാതാപിതാക്കളെ പരീശന്മാർ ചോദ്യം ചെയ്യുന്നു (9:18:23).
- യഹൂദന്മാർ അന്ധത മാറിയ വ്യക്തിയെ ചോദ്യം ചെയ്യുന്നു (9:24-34).
- അന്ധത മാറിയവനെ കണ്ട് യേശു സംവദിക്കുന്നു (9:35-38).
- പരീശന്മാരോടുള്ള യേശുവിന്റെ ഉദ്ബോധനം (9:39-41).

ഈ എട്ടു രംഗങ്ങളിലും വക്താവും ശ്രോതാവും മാത്രമേ കഥാരംഗത്തുള്ളൂ. മറ്റുള്ളവരുടെ ആഗമനനിഷ്ക്രമണങ്ങളെപ്പറ്റി ഒരു വിവരവും യോഹന്നാൻ നല്കുന്നില്ല. എന്നാൽ സമവീക്ഷണസുവിശേഷകർ കഥാപാത്രങ്ങളുടെ പോക്കുവരവിനെപ്പറ്റി സൂചിപ്പിക്കാറുണ്ട്. യോഹന്നാൻതന്നെ മറ്റു പലയിടത്തും അത്തരം സൂചനാവാക്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഘട്ടം ഘട്ടമായി അന്ധൻ യേശുവിനെ മനസ്സിലാക്കുന്നതായി യോഹന്നാൻ ആഖ്യാനംചെയ്തിരിക്കുന്നു. ആദ്യം യേശുവിനെപ്പറ്റി കുരുടൻ പറയുന്നത് 'യേശു എന്ന് പേരുള്ള മനുഷ്യൻ ചേറുണ്ടാക്കി എന്റെ കണ്ണിന്മേൽ പൂശി' എന്നാണ് (9:11). അടുത്തഘട്ടത്തിൽ യേശുവിനെപ്പറ്റി 'ഒരു പ്രവാചകൻ' എന്ന നിരീക്ഷണത്തിൽ കുരുടൻ എത്തിച്ചേരുന്നു (9:17). മൂന്നാമത്തെ ഘട്ടത്തിൽ ഒരു സൗഖ്യദായകനായി യേശുവിനെ അന്ധൻ മനസ്സിലാക്കുന്നു (9:25). നാലാമത്തെ ഘട്ടത്തിൽ 'ദൈവത്തിന്റെ അടുക്കൽനിന്നു വന്നവനായി' യേശുവിനെ കാണുന്നു (9:33). അഞ്ചാം പ്രാവശ്യം മാത്രമാണ് 'ദൈവപുത്രനായി' യേശുവിനെ മനസ്സിലാക്കുന്നതും നമസ്കരിക്കുന്നതും (9:35-38). വെള്ളം ചോദിച്ചെത്തിയ യേശുവിനെ ശമര്യാക്കാരി തിരിച്ചറിയുന്നതും ഇതുപോലെ പടിപടിയായിട്ടാണെന്ന് യോഹന്നാൻ ആഖ്യാനം ചെയ്തത് മൂന്നാം അധ്യായത്തിൽ വ്യക്തമാക്കിയതാണ്. നിശ്ചിതമായ ആഖ്യാനക്രമം യോഹന്നാൻ പിൻതുടരുന്നുണ്ടെന്ന് ഇതു കാണിക്കുന്നു.

ഒട്ടേറെ ആദ്ധ്യാത്മികതത്ത്വങ്ങൾ ഉൾച്ചേർത്ത ആഖ്യാനമാണ് ഈ അത്ഭുതത്തിന്റേത്.

- മനുഷ്യൻ കഷ്ടമനുഭവിക്കുന്നത് പാപംകൊണ്ടല്ല. ദൈവപ്രവൃത്തി വെളിപ്പെടുത്താനാണ്.
- ശബ്ബത്തിന്റെ ലംഘനം.
- അന്ധതയേക്കാൾ ഭീകരമാണ് ആത്മീയമായ അന്ധത.
- രോഗിയുടെ സഹകരണം സൗഖ്യത്തിന് ആവശ്യമാണ്.

രണ്ട് പ്രധാനാശയങ്ങൾ സ്ഥാപിക്കാനാണ് യോഹന്നാൻ ഈ അത്ഭുതം വിവരിക്കുന്നത്. പാപമാകുന്ന അന്ധത ബാധിച്ചവരുണ്ട്; അജ്ഞതയാകുന്ന അന്ധതയിൽ കഴിയുന്നവരുമുണ്ട്. അത്തരക്കാരെ അതിനെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുകയാണ് കഥാകഥന പ്രക്രിയയുടെ ലക്ഷ്യം. അത്ഭുതാവിഷ്കാരത്തിൽ ഒതുക്കാതെ കാതലായ ആദ്ധ്യാത്മികാശയങ്ങളിലേക്ക് ഇക്കഥ വ്യാവർത്തിപ്പിക്കുന്നതിൽ യോഹന്നാൻ ശ്രദ്ധിച്ചു. അടുത്തുവരുന്ന രചനാഖണ്ഡം അതിനായി ഉപയോഗപ്പെടുത്തുന്നു. ''കാണാത്തവർ കാണ്മാനും കാണുന്നവർ കുരുടർ ആകുവാനും ഇങ്ങനെ ന്യായവിധിക്കായി ഞാൻ ഇഹലോകത്തിൽ വന്നു എന്ന് യേശു പറഞ്ഞു'' (9:39). യേശുവിന്റെ അവതാരലക്ഷ്യം വ്യക്തമാക്കാൻ ഈ പ്രകരണം യോഹന്നാൻ ഉപയോഗപ്പെടുത്തുന്നു.

### 5.1.4. രണ്ട് അന്ധന്മാർ

ഈ കഥ മത്തായിയുടെ ആഖ്യാനത്തിൽ മാത്രമേയുള്ളൂ (9:27-31). ചോദ്യവാക്യം ഉണ്ടാവുക എന്നത് മിക്ക അത്ഭുതകഥകളുടെയും സവിശേഷതയാണ്. ഇക്കഥയിലും അതുകാണാം. 'ഇതു ചെയ്‌വാൻ എനിക്കു കഴിയും എന്നു വിശ്വസിക്കുന്നുവോ?' എന്നു യേശു ചോദിക്കുന്നു (മത്താ.9:28). ഇക്കഥയിൽ അന്ധന്റെ കണ്ണു തൊട്ടാണ് സൗഖ്യമാക്കിയത്. സൗഖ്യവിവരം രഹസ്യമാക്കിവെക്കണം എന്നും യേശു പറയുന്നു.

### 5.1.5. കുഷ്ഠരോഗി

എല്ലാ സമാന്തരസുവിശേഷങ്ങളിലും ഇക്കഥയുണ്ട് (മത്താ.8:1-4, മർക്കൊ.1:40-45, ലൂക്കൊ.5:12-16). വ്യതിരിക്തതയുള്ള കഥാവതരണമാണിത്. 'നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും' എന്ന് കുഷ്ഠരോഗി യേശുവിനോട് ആവശ്യപ്പെടുന്നതും 'എനിക്കു മനസ്സുണ്ട് നീ ശുദ്ധമാക' എന്നു പറയുന്നതുമായ ലളിതവിവരണം. സൗഖ്യമാക്കാൻ രണ്ടുകാര്യം യേശു ചെയ്യുന്നു: ആദ്യം സ്പർശനം; പിന്നെ കല്പന. ഒരു ചോദ്യവും അതിന് ആവശ്യക്കാരന്റെ മറുപടിയും മാത്രമടങ്ങിയ ആഖ്യാനമാണിത്. അതിനാൽ അവതരണത്തിൽ വക്രീകരണം ഒട്ടുമില്ല. യേശു മനസ്സലിവുതോന്നിച്ചെയ്ത അത്ഭുതമാണിത്. കഥയ്ക്ക് അനിവാര്യമല്ലാത്ത വിശദാംശങ്ങൾ ഒന്നുംതന്നെ ഇവിടെയില്ല. രോഗസൗഖ്യം രഹസ്യമാക്കിവെക്കണമെന്ന് യേശു രോഗിയോട് ആവശ്യപ്പെടുന്നുണ്ട്. മറ്റു പല അത്ഭുതങ്ങൾക്കുശേഷവും കാര്യം പരസ്യമാക്കരുതെന്ന് യേശു പറയുന്നതുകാണാം. യായീറൊസിന്റെ മകളുടെ സൗഖ്യം, രണ്ടു കുരുടന്മാരുടെ കഥ, ബധിരനും മൂകനുമായവന്റെ സൗഖ്യം, ബേഥെസ്ദായിലെ അന്ധന്റെ കഥ എന്നിവിടങ്ങളിലും യേശു കാര്യം പരസ്യമാക്കരുതെന്ന് ആവശ്യപ്പെട്ടു. പ്രസിദ്ധിക്കുവേണ്ടിയായിരുന്നില്ല രോഗശാന്തി യേശു ചെയ്തതെന്ന് ഇതു വെളിപ്പെടുത്തുന്നു.

### 5.1.6. പത്തു കുഷ്ഠരോഗികൾ

യേശുവിനെ കണ്ടപ്പോൾ 'ഞങ്ങളോടു കരുണയുണ്ടാകണമേ' എന്നു കുഷ്ഠരോഗികൾ പത്തുപേരും നിലവിളിക്കുന്നു. യേശു 'നിങ്ങൾ പോയി പുരോഹിതന്മാർക്കു

നിങ്ങളെത്തന്നെ കാണിക്കുക' എന്നുപറഞ്ഞു. പുരോഹിതന്മാരെ കാണാൻപോകുമ്പോൾത്തന്നെ അവർ സൗഖ്യമായി. അവരിൽ ഒരാൾ മടങ്ങിവന്ന് യേശുവിനോടു നന്ദി പറഞ്ഞു. അവൻ ശമര്യാക്കാരനായിരുന്നു. യേശു അവനെ പ്രശംസിക്കുന്നു. കുഷ്ഠരോഗികളെ യേശു അവിടെവച്ചു സൗഖ്യമാക്കുന്നില്ല. സൗഖ്യം പിന്നീടാണു സംഭവിക്കുന്നത്. യേശുവിന്റെ വാക്കിൽ വിശ്വസിച്ച് അവർ പോയി എന്നതാണ് അവരുടെ ഭാഗത്തുനിന്നുണ്ടായ പ്രതികരണം. അതുകൊണ്ടാണ് അവരിൽ ഒരാൾക്കു യേശുവിന്റെ അടുത്തേക്കു മടങ്ങിവരാൻ കഴിഞ്ഞത്.

ലൂക്കൊസിന്റെ സുവിശേഷത്തിൽ മാത്രമുള്ള കഥയാണിത് (17:11-19). ബൈബിളിലെ ഏക യഹൂദേതര ഗ്രന്ഥകാരനാണ് ലൂക്കൊസ്. അതുകൊണ്ട് യഹൂദന്മാരല്ലാത്തവരെ പ്രശംസിക്കാൻ കിട്ടുന്ന അവസരം അദ്ദേഹം നന്നായി ഉപയോഗപ്പെടുത്താറുണ്ട്. നല്ല ശമര്യാക്കാരന്റെ കഥ പറഞ്ഞ ലൂക്കൊസ് മറ്റൊരു ശമര്യാക്കാരന്റെ നല്ല പ്രവൃത്തിയെ എടുത്തുപറയുകയാണിവിടെ. ഈശ്വരാനുഗ്രഹങ്ങൾ നേടിയ മനുഷ്യൻ ഇക്കഥയിലെ ശമര്യാക്കാരനെപ്പോലെ നന്ദിയുള്ളവനാകണം. ഒരു ശമര്യാക്കാരൻ കഥാപാത്രമായി വരുന്ന ഏക അത്ഭുതകഥയാണിത്.

രോഗശാന്തിയുടെ ആവിഷ്കാരത്തോടൊപ്പം ആത്മീയജീവിതത്തിനുതകുന്ന സന്ദേശവും ഇക്കഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സൗഖ്യം പത്തുപേർക്കും ഒരുപോലെ ലഭിച്ചു; നന്ദി പറയുവാൻ ഒരാൾ മാത്രം. അക്കാര്യം എടുത്തുപറഞ്ഞിരിക്കുന്നത് സോദ്ദേശ്യമാണ്. എന്തെല്ലാം ദൈവികാനുഗ്രഹങ്ങൾ നേടിയാലും പരമപ്രധാനം ദൈവിക മൂല്യങ്ങൾ കൈവരിക്കുക എന്നതാണ്. നന്ദിയുള്ളവരാകുകയാണ് അതിൽ പ്രധാനം. സൗഖ്യമായ മറ്റ് ഒമ്പതുപേർക്കും അത് കൈവരിക്കാനായില്ല. വലിയ പാരമ്പര്യം അവകാശപ്പെടാനില്ലാത്ത ശമര്യാക്കാരനാണ് അതുനേടിയത്. പലയിടത്തും ശമര്യരെപ്പോലെ അപ്രശസ്തരെയും അവഗണിക്കപ്പെട്ടവരെയും ആഖ്യാനങ്ങളിൽ ഭാഗഭാക്കാക്കുന്നത് ലൂക്കൊസിന്റെ പാർശ്വവത്കൃതരോടുള്ള ആഭിമുഖ്യത്തിനു തെളിവാണ്. ഒന്നിലേറെ ആശയങ്ങളുടെ പ്രചാരണത്തിന് ഒരു വ്യവഹാരത്തെ മാധ്യമമാക്കുന്നത് സുവിശേഷങ്ങളിൽ കാണാം. യേശുവിൽനിന്നു ശാരീരികസൗഖ്യം കിട്ടിയ പലർക്കും ആത്മീയസൗഖ്യം - രക്ഷ - നേടാനായില്ല. അത്തരമൊരു ദുരന്തം ഇക്കഥയിലും ചേർന്നിരിപ്പുണ്ട്.

**5.1.7. പക്ഷവാതക്കാരൻ**

എല്ലാ സമവീക്ഷണസുവിശേഷങ്ങളിലും ഈ കഥയുണ്ട് (മത്താ.9:1-8, മർക്കൊ.2:1-12, ലൂക്കൊ.5:17-26). ആവിഷ്കാരശൈലി മൗലികതയുള്ളതാണ്. രോഗിയുടെ വിശ്വാസമല്ല ഇവിടെ അത്ഭുതത്തിനു കാരണമായത്. രോഗിക്കു വിശ്വാസം ഉണ്ടോ എന്ന് അത്ഭുതത്തിനുമുമ്പ് യേശു ചിലപ്പോൾ പരിശോധിക്കാറുണ്ട്. എന്നാൽ ഇവിടെ അതു വേണ്ടിവന്നില്ല. അവനെ ചുമന്നുകൊണ്ടുവന്നവരുടെ വിശ്വാസം യേശു മനസ്സിലാക്കി. ''യേശു അവരുടെ വിശ്വാസം കണ്ടു പക്ഷവാതക്കാരനോട്: മകനേ, ധൈര്യമായിരിക്ക; നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു എന്നു പറഞ്ഞു'' (മത്താ. 9:2). സൗഖ്യം മാത്ര

മായിരുന്നില്ല ഇവിടെയും ലക്ഷ്യം. മനുഷ്യരെ പാപങ്ങളിൽനിന്നു രക്ഷിക്കുകയായിരുന്നു യേശുവിന്റെ അവതാരോദ്ദേശ്യം. പക്ഷവാതക്കാരന്റെ പാപം മോചിക്കപ്പെട്ടിരിക്കുന്നു എന്ന് യേശു ആദ്യം പ്രതികരിക്കുന്നത് അതുകൊണ്ടാണ്. സൗഖ്യത്തെക്കാൾ പരമപ്രധാനം രക്ഷയാണ്; പാപത്തിൽനിന്നുള്ള രക്ഷ. മനുഷ്യന്റെ ആത്മാവിന്റെ രക്ഷയെപ്പറ്റിയാണ് ബൈബിൾ ആദ്യന്തം വിവിധതരം ആഖ്യാനങ്ങളിലൂടെ പ്രഘോഷിക്കുന്നത്. പാപമോചനവും അതുവഴിയുള്ള ആത്മരക്ഷയും സ്വന്തമാക്കാതെ മറ്റെന്തെല്ലാം നേടിയാലും കാര്യമില്ലെന്ന ദർശനം ഇക്കഥ അവതരിപ്പിക്കുന്നു. യേശു രോഗിയെ 'മകനേ' എന്നു വിളിക്കുന്ന ഏകകഥ ഇതാണ്.

മർക്കൊസിന്റെ അവതരണം മത്തായിയുടേതിൽനിന്ന് അല്പം വ്യത്യാസപ്പെട്ടിരിക്കുന്നു. പക്ഷവാതക്കാരനെ ചുമന്നുകൊണ്ടുവന്നവരുടെ എണ്ണം നാല് എന്നു കൃത്യമായി മർക്കൊസ് രേഖപ്പെടുത്തിയിട്ടുണ്ട്. ജനത്തിരക്കു കാരണം യേശു ഇരുന്ന സ്ഥലത്തിന്റെ മേല്പുര പൊളിച്ചാണ് അവർ അവനെ എത്തിച്ചതെന്നും മർക്കൊസും ലൂക്കൊസും പറയുന്നു. വളരെ കൗതുകകരമായ വസ്തുതയായിരുന്നു അത്. ഒരു കടുംകൈ തന്നെ. ഇക്കാര്യം മത്തായി സൂചിപ്പിച്ചിട്ടില്ല.

കഥയുടെ സന്ദേശത്തിന്റെ കാര്യത്തിൽ ഏകാഭിപ്രായക്കാരാണ് സമവീക്ഷണസുവിശേഷകർ. പാപമോചനത്തിന് യേശു പ്രാധാന്യം കൊടുത്തത് മൂന്നുപേരും രേഖപ്പെടുത്തുന്നു. ബൈബിളിലെ പ്രധാനകഥാരേഖയായ രക്ഷാചരിത്രത്തിന്റെ അനുബന്ധമായി നിൽക്കുന്ന ഉപകഥാരേഖയാണ് ഇത്.

#### 5.1.8. ബേഥെസ്ദാ കുളക്കടവിലെ രോഗി

യോഹന്നാൻ മാത്രമേ ഈ കഥ രേഖപ്പെടുത്തുന്നുള്ളൂ (5:2-18). ആഖ്യാനസ്ഥലം ബേഥെസ്ദാ. 38 വർഷം കുളക്കടവിൽ കിടന്നയാൾക്ക് യേശു സൗഖ്യം കൊടുക്കുന്നു. ഏതു രോഗം ബാധിച്ചവർക്കും ഇവിടെ സൗഖ്യം കിട്ടും. ഒരു ദൂതൻ വെള്ളം കലക്കുമ്പോൾ ആദ്യം ഇറങ്ങുന്നയാൾ ഏതു രോഗം ബാധിച്ചവനാണെങ്കിലും സുഖം പ്രാപിക്കും. ഇതാണ് പതിവ്. എന്നാൽ 38 വർഷം അവിടെ കിടന്നയാൾക്ക് ഇതുവരെ സൗഖ്യമാകാൻ കഴിഞ്ഞില്ല. യേശു അവന്റെ അടുക്കൽച്ചെന്ന് നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ എന്നു ചോദിക്കുന്നു. "യജമാനനേ, വെള്ളം കലങ്ങുമ്പോൾ എന്നെ കുളത്തിൽ ആക്കുവാൻ എനിക്ക് ആരുമില്ല; ഞാൻ തന്നെ ചെല്ലുമ്പോൾ മറ്റൊരുത്തൻ എനിക്കു മുമ്പായി ഇറങ്ങുന്നു എന്ന് ഉത്തരം പറഞ്ഞു. യേശു അവനോട്: എഴുന്നേറ്റു നിന്റെ കിടക്ക എടുത്തു നടക്ക എന്നു പറഞ്ഞു. ഉടനെ ആ മനുഷ്യൻ സൗഖ്യമായി കിടക്ക എടുത്തു നടന്നു" (5:8,9).

സത്യവേദപുസ്തകം ഒഴികെ മറ്റെല്ലാ മലയാളംബൈബിളുകളിലും 'ബേഥെസ്ദാ ക്കുളത്തിന് അഞ്ചു മണ്ഡപമുണ്ടായിരുന്നു' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ''യെരുശലേമിൽ ആട്ടുവാതിൽക്കൽ ബേഥെസ്ദാ എന്ന് എബ്രായപേരുള്ള ഒരു കുളം

ഉണ്ട്; അതിന് അഞ്ചു മണ്ഡപം ഉണ്ട്'' എന്ന സത്യവേദപുസ്തകത്തിലെ പ്രയോഗഭേദം വാക്യത്തിനു സവിശേഷമായ ശക്തിയും ശ്രദ്ധയും നൽകുന്നു (5:2). കഥയുടെ പ്രാരംഭ വാക്യം വേറിട്ടരീതിയിൽ അവതരിപ്പിച്ചത് രചനാതന്ത്രംതന്നെ. രോഗിയുടെ പേര് സുവിശേഷകൻ എഴുതുന്നില്ല; രോഗകാഠിന്യം വ്യക്തമാക്കുന്നു. രോഗസൗഖ്യത്തോടെ യോഹന്നാൻ വിവരണം തീർക്കുന്നില്ല. അന്നു ശബ്ബത്തായതിനാൽ കിടക്ക എടുക്കാൻ പാടില്ലെന്നു പറഞ്ഞ് യഹൂദന്മാർ അവനെ വിലക്കുന്നത് യോഹന്നാൻ രേഖപ്പെടുത്തുന്നു. ശബ്ബത്തുലംഘനം യേശുവിന്റെ പ്രവർത്തനത്തിലെ പ്രധാനവസ്തുതയായിരുന്നു. ആദ്ധ്യാത്മികതത്ത്വങ്ങൾ അവതരിപ്പിക്കാനുള്ള ഭൂമികയായിരുന്നു യേശുവിന് അത്ഭുതങ്ങൾ. ''നോക്കൂ, നിനക്കു സൗഖ്യമായല്ലോ അധികം തിന്മയായതു ഭവിക്കാതിരിക്കാൻ ഇനി പാപം ചെയ്യരുത്'' എന്നു പറയുന്നത് അതുകൊണ്ടാണ് (5:14).

ഇക്കഥയിൽ രോഗത്തിന്റെ പേര് രേഖപ്പെടുത്തുന്നില്ല; പക്ഷവാതമായിരുന്നു എന്നു നിരീക്ഷിക്കപ്പെട്ടിട്ടുണ്ട് (Willminton 2011:1111). അയാൾ 38 വർഷം രോഗിയായിരുന്ന കാര്യം എടുത്തുപറഞ്ഞിരിക്കുന്നു. വർഷത്തെക്കുറിച്ചുള്ള സൂചന രോഗിയുടെ ദീർഘമായ കാത്തിരിപ്പിനെയും സൗഖ്യകേന്ദ്രമെന്നു പറയപ്പെടുന്ന സ്ഥലത്തെ അയഞ്ഞ വ്യവസ്ഥയെയും കാണിക്കുന്നു. രോഗസൗഖ്യത്തെക്കുറിച്ച് അന്നുവരെ നിലനിന്നിരുന്ന പരമ്പരാഗതധാരണ തിരുത്തുവാനാണ് യേശു ഈ അത്ഭുതം ചെയ്യുന്നത്. ഈ സൗഖ്യവിവരണം ഹ്രസ്വമാണെങ്കിലും ആശയസംവേദനത്തിന് അവശ്യംവേണ്ട സൂചനാവാക്യങ്ങൾ യോഹന്നാൻ ചേർത്തെഴുതുന്നുണ്ട്.

പല ആദ്ധ്യാത്മികാശയങ്ങൾ ഈ കഥ കൈമാറുന്നുണ്ട്. യേശു ശബ്ബത്തിനെ ലംഘിക്കുന്നത്, പാപം ചെയ്യരുത് എന്ന ഉപദേശം, യേശു ദൈവപുത്രനാണെന്ന വെളിപ്പെടുത്തൽ, പ്രസിദ്ധനാകാൻ ആഗ്രഹിക്കാത്ത യേശുവിന്റെ സ്വഭാവം എന്നിവ ആഖ്യാനത്തിൽ ഉൾച്ചേർത്തിരിക്കുന്നു. രോഗിയുടെ ഭാഗത്തുനിന്ന് സൗഖ്യത്തിനായി വിശ്വാസമുൾപ്പെടെ ഒന്നും യേശു ആവശ്യപ്പെടുന്നില്ല. രോഗി യേശു ആരാണെന്നു മനസ്സിലാക്കുകപോലും ഉണ്ടായില്ല (5:13). യേശു സ്വയം തോന്നിച്ചെയ്ത അത്ഭുതമാണിത്. ദീർഘകാലമായ രോഗം സൗഖ്യമാക്കുക ദുസ്സാധ്യമാണ്. സമയം യേശുവിനൊരു പ്രശ്നമല്ലെന്നും സമയത്തിനുമേൽ അധികാരമുള്ള ദൈവമാണ് യേശുവെന്നും ഈ കഥ വ്യക്തമാക്കുന്നു. യേശുവിന്റെ ദൈവത്വം യോഹന്നാന്റെ സുവിശേഷത്തിലെ മുഖ്യകഥാരേഖയാണ്. അതിനെ സ്പഷ്ടീകരിക്കുന്ന ഉപകഥയാണിത്.

മറ്റു കഥകളിൽനിന്നു വ്യത്യസ്തമാണ് ഇതിന്റെ പര്യവസാനം. തുടക്കത്തിൽ ശാരീരികസൗഖ്യം മാത്രമേ രോഗി നേടുന്നുള്ളൂ. യേശുവിനെ അറിഞ്ഞ നിമിഷമാണ് അവൻ ആന്തരികസൗഖ്യം പ്രാപിക്കുന്നത്. യേശുവിനെ അറിയുക എന്നത് പ്രധാനമാണ്. രോഗി യേശുവിനെ അറിയുന്നത് മറ്റൊരു സ്ഥലത്തും സമയത്തുമാണ്. യോഹന്നാൻ ആഖ്യാനം ഒരു സ്ഥലത്തുനിന്നു മറ്റൊരിടത്തേക്കും ഒരു കാലത്തിൽനിന്നു വേറൊരു കാലത്തേക്കും പരിവർത്തിപ്പിക്കാറുണ്ട്. ഇക്കഥയിൽ കുളക്കരയിൽനിന്നു ദൈവാലയത്തി

ലേക്കു കഥയുടെ സ്ഥലകാലങ്ങൾ പറിച്ചുനടപ്പെടുന്നു. ഇതുവഴി കഥയ്ക്കു വേറിട്ട ഒരു മാനം ലഭിക്കുന്നു. വെറുമൊരു കഥയല്ലിതെന്ന തിരിച്ചറിവ് അനുവാചകനുണ്ടാകുന്നു. സ്ഥലകാലങ്ങളുടെ വ്യതിയാനം ഇക്കഥയുടെ രചനാശില്പപരമായ അസാധാരണത്വമാണ്. അത് സുവിശേഷത്തിന്റെ പ്രധാനകഥാരേഖയെ പരിപോഷിപ്പിക്കുന്നതിനു കാരണമായിത്തീരുന്നു.

**5.1.9. ശതാധിപന്റെ ഭൃത്യൻ**

രണ്ടു സുവിശേഷങ്ങളിൽ മാത്രമേ ഇക്കഥയുള്ളൂ (മത്താ.8:5-13, ലൂക്കൊ. 7:1-10). കഫർന്നഹൂം ആണ് സംഭവസ്ഥലം. രണ്ടുസുവിശേഷകരുടെ ആഖ്യാനങ്ങളിലും ചില സമാനതകളും വ്യത്യാസങ്ങളും ഉണ്ട്. വെവ്വേറെ പേരുകളാണ് രോഗത്തിന് സുവിശേഷകർ നൽകിയിരിക്കുന്നത്. പക്ഷവാതമെന്നു മത്തായിയും ദീനം എന്നു ലൂക്കൊസും പറയുന്നു. രോഗിയുടെ പിതാവ് കാര്യങ്ങൾ യേശുവിനെ അറിയിക്കുന്നതായി മത്തായി വിവരിക്കുന്നു. വസ്തുതകൾ യേശുവിനെ മറ്റുള്ളവർ അറിയിക്കുന്നതായി ലൂക്കൊസ് രേഖപ്പെടുത്തുന്നു. പക്ഷവാതം പിടിച്ചുകിടക്കുന്നത് ശതാധിപന്റെ ബാല്യക്കാരനാണ് എന്ന കാര്യത്തിൽ സുവിശേഷകർ യോജിക്കുന്നു.

മത്തായിയുടെ സുവിശേഷത്തിൽ രോഗവിവരം അറിയുമ്പോൾ യേശു 'ഞാൻ വന്ന് അവനെ സൗഖ്യമാക്കും' (8:7) എന്നു പറയുന്നു. ശതാധിപൻ പക്ഷേ യേശുവിനെ വിലക്കി. 'കർത്താവേ, നീ എന്റെ പുരയ്ക്കകത്തു വരുവാൻ ഞാൻ യോഗ്യനല്ല; ഒരു വാക്കു മാത്രം കല്പിച്ചാൽ എന്റെ ബാല്യക്കാരനു സൗഖ്യം വരും' എന്നു പറയുന്നു. യേശു ശതാധിപന്റെ വിശ്വാസത്തെ പ്രശംസിക്കുന്നു (8:8). യേശു വീട്ടിൽ വരരുത് എന്ന് ശതാധിപൻ പറയുന്നതായി മത്തായിയും ലൂക്കൊസും എഴുതിയിരിക്കുന്നു. അതിനെ യേശു പ്രശംസിക്കുന്നുമുണ്ട്. അവരുടെ ആ പ്രസ്താവനയാണ് പ്രസ്തുതകഥയ്ക്ക് ആശയപരമായ മേന്മ ഉണ്ടാക്കുന്നത്. ലൂക്കൊസിന്റെ വിവരണത്തിൽ യേശു അവരുടെകൂടെ പ്പോയി എന്നു കാണാം (7:6). ശതാധിപൻ സ്നേഹിതന്മാർ മുഖേന യേശുവിനെ വിലക്കുന്നത് വഴിമധ്യേയാണ്. ''യിസ്രായേലിൽക്കൂടെ ഞാൻ ഇങ്ങനെയുള്ള വിശ്വാസം കണ്ടിട്ടില്ല'' എന്ന വാക്യം രണ്ടു സുവിശേഷകരും രേഖപ്പെടുത്തിയിരിക്കുന്നു (ലൂക്കൊ.7:9, മത്താ.8:10.). ശതാധിപൻ അയച്ച ദൂതന്മാർ യേശുവിനോട് പറയുന്ന സംഭാഷണഭാഗവും അങ്ങനെതന്നെ.

ലൂക്കൊസിന്റെ വിവരണം വ്യത്യസ്തമാണ്. ''യേശു അവരോടുകൂടെ പോയി, വീട്ടിനോട് അടുക്കാറായപ്പോൾ ശതാധിപൻ സ്നേഹിതന്മാരെ അവന്റെ അടുക്കൽ അയച്ചു: കർത്താവേ, പ്രയാസപ്പെടേണ്ടാ; നീ എന്റെ പുരയ്ക്കകത്തു വരുവാൻ ഞാൻ പോരാത്തവൻ. അതുകൊണ്ട് നിന്റെ അടുക്കൽ വരുവാൻ ഞാൻ യോഗ്യൻ എന്ന് എനിക്കു തോന്നീട്ടില്ല. ഒരു വാക്കു കല്പിച്ചാൽ എന്റെ ബാല്യക്കാരനു സൗഖ്യം വരും'' (7:6-7).

മത്തായിയിലും ലൂക്കൊസിലും യേശു ശതാധിപന്റെ വിശ്വാസത്തെ പ്രശംസിക്കുന്ന രംഗമുണ്ട്. ഇക്കഥയുടെ സന്ദേശതലത്തിൽനിന്നു നോക്കുമ്പോൾ ഇതിനു വളരെ പ്രസക്തിയുണ്ട്. കഥയുടെ അവസാനം ആഖ്യാനകാരന്മാർ ആവിഷ്കരിക്കുന്നത് സമാനമായാണ്. ''അതു കേട്ടിട്ട് യേശു അതിശയിച്ചു. പിൻചെല്ലുന്നവരോടു പറഞ്ഞത്: യിസ്രായേലിൽക്കൂടെ ഇത്ര വലിയ വിശ്വാസം കണ്ടിട്ടില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു'' (മത്താ.8:10).

''യേശു...അവങ്കൽ ആശ്ചര്യപ്പെട്ടു തിരിഞ്ഞു നോക്കി, അനുഗമിക്കുന്ന കൂട്ടത്തോട്: യിസ്രായേലിൽക്കൂടി ഇങ്ങനെയുള്ള വിശ്വാസം ഞാൻ കണ്ടിട്ടില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു....'' (ലൂക്കൊ.7:9). രണ്ട് അവസരങ്ങളിൽമാത്രമേ യേശു 'ഇത്രവലിയ വിശ്വാസം' എന്നു പറയുന്നുള്ളൂ. മറ്റൊന്നു കനാന്യസ്ത്രീയോടാണ് (മത്താ.15:28).

മത്തായിയുടെയും ലൂക്കൊസിന്റെയും വിവരണത്തിൽ ചെറിയ അന്തരം കാണാം. മത്തായി ശതാധിപൻ സ്വയം യേശുവിനെ സമീപിച്ചു എന്നാണു പറയുന്നത്. ലൂക്കൊസ് ശതാധിപൻ മൂപ്പന്മാരെ അയച്ചു എന്നു പറയുന്നു. യഹൂദേതരനായ ഈ ശതാധിപന്റെ വിശ്വാസപ്രഖ്യാപനം യേശുവിനെ അത്ഭുതപ്പെടുത്തിയതായി സുവിശേഷകർ സൂചിപ്പിക്കുന്നു. യേശു ആശ്ചര്യപ്പെട്ടു എന്നു സുവിശേഷകർ രേഖപ്പെടുത്തിയിരിക്കുന്ന രണ്ടു സംഭവങ്ങളേയുള്ളൂ. അതിലൊന്ന് ഇതാണ്. മറ്റൊന്ന് യിസ്രായേലിന്റെ അവിശ്വാസം കണ്ടിട്ടാണ് (മർക്കൊ.6:6).

മത്തായി വിവരണം ഇവിടെ നിർത്തുന്നില്ല. ഭാവികഥന(Prolepsis)മാക്കി ഈ പ്രകരണത്തിനു വ്യതിയാനം (Shift) സംഭവിപ്പിക്കുന്നു. വർത്തമാനാവസ്ഥയിൽനിന്നു പെട്ടെന്ന് ഭാവിയിലേക്കുള്ള കാലത്തിന്റെ മാറ്റം കഥയ്ക്ക് ആഖ്യാനശ്രേഷ്ഠത ഉണ്ടാക്കുന്നു. ''കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്ന് അബ്രാഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടുംകൂടെ സ്വർഗരാജ്യത്തിൽ പന്തിക്കിരിക്കും. രാജ്യത്തിന്റെ പുത്രന്മാരെയോ ഏറ്റവും പുറത്തുള്ള ഇരുളിലേക്കു തള്ളിക്കളയും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും'' എന്ന ഭാഗം മത്തായി ഇണക്കിച്ചേർത്തിരിക്കുന്നു (8:11-12). ലൂക്കൊസിന്റെ സുവിശേഷത്തിൽ ഈ വാക്യം 'രക്ഷിക്കപ്പെടുന്നവർ ചുരുക്കമോ?' എന്ന ചോദ്യത്തിന്റെ മറുപടിയായിട്ടാണ് കൊടുത്തിരിക്കുന്നത്. മത്തായിയിൽനിന്നു വ്യത്യസ്തമായി 'തെക്കുനിന്നും വടക്കുനിന്നും' എന്നുകൂടി ലൂക്കൊസ് ചേർക്കുന്നു (13:28-29). മത്തായിയുടെ സുവിശേഷത്തിലെ ആവർത്തനപാദ(Refrain)മായ 'കരച്ചിലും പല്ലുകടിയും' ഈ രചനാഖണ്ഡത്തിലും നിബന്ധിച്ചിട്ടുണ്ട്.

**5.1.10. രാജഭൃത്യന്റെ മകൻ**

യോഹന്നാൻ മാത്രം അവതരിപ്പിക്കുന്ന കഥയാണിത് (4:46-54). യേശു ചെയ്ത രണ്ടാമത്തെ അടയാളം ഇതാണെന്നു യോഹന്നാൻ പറയുന്നു. ശതാധിപന്റെ പുത്രനെ സൗഖ്യമാക്കുന്ന ഇതര സുവിശേഷങ്ങളിലെ കഥയെ ഇതിനോട് താരതമ്യപ്പെടുത്താറു

ണ്ട്. കഫർന്നഹൂമാണ് ആഖ്യാനസ്ഥലം എന്ന കാര്യത്തിൽ എല്ലാവർക്കും യോജിപ്പാണ്. എന്നാൽ രണ്ട് അത്ഭുതങ്ങളും തമ്മിൽ അന്തരം ഉണ്ട്. ഈ കഥയിൽ ശതാധിപന്റെ മകനാണ് രോഗി. മറ്റുള്ളിടത്ത് ഭൃത്യനാണ്. ഇക്കഥയിൽ പനിയാണ് അസുഖം, മറ്റുള്ളവയിൽ പക്ഷവാതം ആണ്. യോഹന്നാന്റെ കഥയിൽ രാജഭൃത്യൻ യേശുവിനോട് സൗഖ്യമാക്കാൻ തന്റെ വീട്ടിൽ വരണമെന്ന് അപേക്ഷിക്കുന്നു. മറ്റു രണ്ടു സുവിശേഷങ്ങളിലും ശതാധിപൻ യേശുവിനോട് തന്റെ പുരയ്ക്കകത്തു വരരുതെന്നാണ് ആവശ്യപ്പെടുന്നത്. ഇവിടെ ആവശ്യക്കാരന്റെ ബലഹീനമായ വിശ്വാസവും മറ്റേക്കഥകളിൽ ദൃഢമായ വിശ്വാസവും പ്രകടമാകുന്നു. അതിനാൽ ഇവ രണ്ടും വ്യത്യസ്തകഥകളാണെന്നു നിരീക്ഷിക്കപ്പെട്ടിട്ടുണ്ട് (Charles 1983:19).

യേശു വീട്ടിൽ വന്നു സൗഖ്യമാക്കണമെന്നു ശതാധിപൻ ആവശ്യപ്പെടുന്നതായി യോഹന്നാൻ എഴുതുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ ഈ സംഭവം ഇങ്ങനെയാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. ''രാജഭൃത്യൻ അവനോട്: കർത്താവേ, പൈതൽ മരിക്കും മുമ്പേ വരേണമേ എന്നു പറഞ്ഞു. യേശു... പൊയ്ക്കൊൾക നിന്റെ മകൻ ജീവിച്ചിരിക്കുന്നു'' (4:49).

സമാന്തരസുവിശേഷങ്ങളിൽനിന്ന് ആഖ്യാനഭിന്നത ഉണ്ടെങ്കിലും യോഹന്നാൻ ഇത് സൂക്ഷ്മതയില്ലാതെ അവതരിപ്പിച്ചതല്ല. എട്ട് അത്ഭുതങ്ങൾ മാത്രം എഴുതിയ യോഹന്നാൻ അതിലെ രണ്ടാമത്തെ അത്ഭുതം (അദ്ദേഹം അടയാളം എന്ന വാക്കാണുപയോഗിക്കുന്നത്) ഇതാണെന്ന് എടുത്തുപറയുന്നുണ്ട്. യേശു പറഞ്ഞ വാക്കു വിശ്വസിച്ച് ആ മനുഷ്യൻ പോയി (4:50). യേശുവിന്റെ വാക്കിന്റെ ശക്തിയാണ് രോഗശാന്തിക്ക് അടിസ്ഥാനമെന്ന് ഇക്കഥ സൂചിപ്പിക്കുന്നു.

വ്യത്യാസങ്ങൾ പലതും ഉണ്ടായിരിക്കെ പല ബൈബിൾക്കഥകളിലും സമാനമെന്നു തോന്നിപ്പിക്കുന്ന വാക്യങ്ങളോ പ്രയോഗങ്ങളോ ഉണ്ടാവാറുണ്ട്. ഇക്കഥകളിലെ സാമ്യങ്ങളെയും അങ്ങനെ കണ്ടാൽ മതി.

ഇക്കഥയിലെ ശതാധിപൻ വളരെ ദയാപൂർവ്വം തന്റെ ദാസനോട് ഇടപെട്ടു എന്നത് അസാധാരണമായ കാര്യമാണ്. ബൈബിൾക്കഥകളിൽ കഥാപാത്രങ്ങളുടെ ഒദ്യോഗികപദവി രേഖപ്പെടുത്തുന്നു. അപ്പോഴും കഥാപാത്രങ്ങളുടെ പേരു വ്യക്തമാക്കുന്നില്ല. പേരിനല്ല സംഭവത്തിനാണ് ആഖ്യാതാക്കൾ പ്രാധാന്യം കൊടുക്കുന്നത് എന്നതാവാം കാരണം. ഇക്കഥയിൽ ഔദ്യോഗികപദവി രേഖപ്പെടുത്തുന്നത് കഥയുടെ പ്രകരണത്തിൽ പ്രസക്തമാണ്. ഇവിടെ ഒരു വേലക്കാരനുവേണ്ടി യേശുവിനോട് അപേക്ഷിക്കുന്ന ഏകവ്യക്തിയാണ് ശതാധിപൻ. അന്യർക്കുവേണ്ടി യേശുവിനെ സമീപിച്ചു കാര്യം നേടിയെടുക്കുന്ന ചുരുക്കം സംഭവങ്ങളിൽ ഒന്നാണിത്. സുവിശേഷങ്ങളിലെ അപൂർവ്വമായ വ്യക്തിയും സംഭവവുമാണിത്. പക്ഷവാതക്കാരനെ കിടക്കയോടെ യേശുവിന്റെ അടുക്കൽകൊണ്ടുചെന്നവർ ചെയ്തതുപോലുള്ള കാര്യമാണിതും (മത്താ:9:1-8).

യേശു ചെയ്ത പലതരം അത്ഭുതങ്ങളിൽ പ്രധാനപ്പെട്ടതും വൈവിധ്യമുള്ളതു മായവ അവതരിപ്പിക്കുന്നതിൽ സുവിശേഷകൻ സ്വീകരിച്ചിരിക്കുന്ന തിരഞ്ഞെടുപ്പ് സൂക്ഷ്മതയുള്ളതാണെന്ന് ഇക്കഥ തെളിയിക്കുന്നു. ശതാധിപന്റെ വ്യക്തിത്വത്തിൽ പല നല്ല ഗുണങ്ങളുമുണ്ട്. ദാസനോടുള്ള സ്നേഹം, താഴ്മ, ദൈവത്തിലുള്ള വിശ്വാസം എന്നിവ. ശതാധിപൻ അധികാരത്തെ സംബന്ധിച്ചു പറയുന്ന പരാമർശങ്ങൾക്ക് സാന്ദർഭി കമായ പ്രസക്തിയുണ്ട്. ശതാധിപന് അധികാരം എന്താണെന്നതിനെപ്പറ്റി നല്ല ബോദ്ധ്യമു ണ്ട്. അദ്ദേഹത്തിനു മേലുദ്യോഗസ്ഥരും കീഴ്ജീവനക്കാരുമുണ്ട്. റോമൻ ഗവണ്മെന്റിനു തന്റെ മേലുള്ളതുപോലെ യേശുവിന് രോഗത്തിന്മേൽ അധികാരമുണ്ട് എന്നാകുന്നു അധി കാരത്തെപ്പറ്റിയുള്ള പരാമർശത്തിലൂടെ ശതാധിപൻ അർത്ഥമാക്കിയത്. നാനാതര ത്തിൽപ്പെട്ട ആളുകൾക്ക് യേശുവിന്റെ സൗഖ്യദായകപ്രക്രിയയെപ്പറ്റി നല്ല ബോദ്ധ്യം ഉണ്ടായിരുന്നു എന്ന് ഈ വിവരണം വ്യക്തമാക്കുന്നു.

''പൊയ്ക്കൊൾക നിന്റെ മകൻ ജീവിച്ചിരിക്കുന്നു എന്നു യേശു പറയുന്നു. അവൻ പോകയിൽ അവന്റെ ദാസന്മാർ അവനെ എതിരേറ്റു. മകൻ ജീവിച്ചിരിക്കുന്നു എന്നു പറ ഞ്ഞു'' (4:50).

യെഹൂദ്യയിൽനിന്നു ഇരുപതു മൈൽ ദൂരത്തായാണ് കഫർന്നഹൂം സ്ഥിതി ചെയ്യുന്നത്. യേശുവിന്റെ ശക്തി ദൂരത്തിന് അതീതമാണെന്നും അവൻ സർവശക്തനും സർവവ്യാപിയും ആണെന്നും യോഹന്നാൻ സൂചിപ്പിക്കുന്നു. അങ്ങനെ യേശുവിന്റെ ദൈവത്വത്തെ എടുത്തുകാട്ടാനുള്ള ഉപാധിയാക്കി ഈ സൗഖ്യകഥയെ യോഹന്നാൻ ഉപ യോഗപ്പെടുത്തുന്നു.

സൗഖ്യം കിട്ടിയതുനിമിത്തം കുടുംബമായി യേശുവിൽ വിശ്വസിക്കുന്ന ഏകസം ഭവം ഇതാണ് (4:53). സൗഖ്യംകൊണ്ട് ലക്ഷ്യമാക്കുന്നത് ശാരീരികവും ആത്മീയവുമായ രക്ഷയാണ്. യേശു വിജാതീയരെ സൗഖ്യമാക്കുന്ന അഞ്ച് അത്ഭുതങ്ങളിൽ ഒന്നാണിത്. മറ്റുള്ളവ 1. ശതാധിപന്റെ ദാസൻ (മത്താ.8:5-13), 2. ഗദരദേശത്തെ ഭൂതഗ്രസ്തൻ (മർക്കൊ.5:1-19), 3. കനാന്യസ്ത്രീയുടെ മകൾ (മത്താ.15:21-28), 4. പത്തുകുഷ്ഠരോഗിക ളിൽ ഒരാൾ (ലൂക്കൊ.17:11-19). രോഗി യേശുവിന്റെ സമീപത്തില്ലാതെതന്നെ സൗഖ്യംകിട്ടുന്ന മൂന്നുസംഭവങ്ങളിൽ ഒന്നാണിത്. മറ്റുള്ളത് 1. ശതാധിപന്റെ ദാസൻ (മത്താ.8:5-13), 2. കനാന്യസ്ത്രീയുടെ മകൾ (മത്താ.15:21-28).

### 5.1.11. പത്രൊസിന്റെ അമ്മായിയമ്മ

സമാന്തരസുവിശേഷങ്ങളിലെല്ലാം ഈ കഥ കാണാം (മത്താ.8:14-15, മർക്കൊ.1:29-31, ലൂക്കൊ.4:38-39). ഏറ്റവും ചെറിയ സൗഖ്യദായകവിവരണമാണിത്. ''അവൻ അവളുടെ കൈ തൊട്ടു. പനി അവളെ വിട്ടു; അവൾ എഴുന്നേറ്റ് അവർക്കു ശുശ്രൂഷ ചെയ്തു''. ഇത്രയും വാക്കുകൾകൊണ്ട് വിവരണം സമാപിക്കുന്നു. സൗഖ്യ മാക്കാൻ യേശു ഉപയോഗിച്ച മാർഗം സ്പർശനമായിരുന്നു. ഇതുപോലെ ആയിരുന്നു

സുവിശേഷങ്ങളിലെ മറ്റ് അത്ഭുതസംഭവങ്ങളും എഴുതിയിരുന്നതെങ്കിൽ വിരസത നിമിത്തം ആരും വായിക്കാൻ തുനിയുമായിരുന്നില്ല. അവിടെയാണ് സുവിശേഷകർ പ്രതി ഭിന്നമായ ആലേഖനചാതുരികൊണ്ട് ഓരോ കഥകളും വ്യത്യസ്തമാക്കിയതിന്റെ പ്രാധാന്യവും ആകർഷകത്വവും ബോധ്യപ്പെടുന്നത്.

ചെറുവിവരണമാണെങ്കിലും വിനിമയം ചെയ്യാനുദ്ദേശിക്കുന്ന സന്ദേശം ഉൾച്ചേർക്കുന്നതിൽ സുവിശേഷകർ ശ്രദ്ധിച്ചിട്ടുണ്ട്. സൗഖ്യംകൊണ്ട് സൗഖ്യദായകൻ അർത്ഥമാക്കുന്ന കാര്യം ശുശ്രൂഷ ചെയ്യുക എന്നതാണ്. അതു സൂചിപ്പിക്കുന്ന വാക്യം എഴുതുവാൻ സുവിശേഷകർ ആരും വിട്ടുപോയിട്ടില്ല (മത്താ.8:15, മർക്കൊ.1:31, ലൂക്കൊ.4:39). പത്രൊസ് - പ്രഥമപോപ്പ് - ഗൃഹസ്ഥാശ്രമിയാണെന്നു തെളിയിക്കുന്ന ഏക സുവിശേഷ ഖണ്ഡമാണിത്.

### 5.1.12. രക്തസ്രാവക്കാരി

മൂന്നു സുവിശേഷങ്ങളിലും ഈ അത്ഭുതം ഉണ്ട് (മത്താ.9:20-22, മർക്കൊ. 5:25-34, ലൂക്കൊ.8:43-48). പ്രാസംഗികമായി (Parenthetical) അവതരിപ്പിക്കപ്പെടുന്നു എന്നതാണ് ഇതിന്റെ ആഖ്യാനവ്യതിരിക്തത. യായീറൊസിന്റെ മകളെ ഉയിർപ്പിക്കുവാനുള്ള യേശുവിന്റെ യാത്രക്കിടയിലാണ് ഇതു സംഭവിക്കുന്നത്. ഇക്കാര്യത്തിൽ സമവീക്ഷണസുവിശേഷകർക്ക് അഭിപ്രായൈക്യമുണ്ട്. 12 വർഷമായി അവൾക്കു രോഗമുണ്ടായിരുന്നതായി മൂന്നു പേരും സാക്ഷ്യപ്പെടുത്തുന്നു. സംഭവങ്ങൾ പൊതുവെ ചുരുക്കി മാത്രം പ്രതിപാദിക്കുന്ന മർക്കൊസ് സവിശദം ഈ സൗഖ്യത്തെപ്പറ്റി പറയുന്നു. ലൂക്കൊസിന്റെ പ്രതിപാദനം മർക്കൊസിന്റേതിനോട് ഒത്തുപോകുന്നു.

മത്തായി സംഗ്രഹിച്ചാണ് കാര്യങ്ങൾ എഴുതിയിരിക്കുന്നത്. യേശുവിന്റെ അറിവോടെയല്ലാതെയുള്ള അത്ഭുതം എന്ന അസാധാരണത്വവും ഇതിനുണ്ട്. രോഗിയുടെ സാക്ഷാൽ സംഭാഷണത്തിലൂടെയാണ് മത്തായിയുടെയും മർക്കൊസിന്റെയും കഥാവിഷ്കാരം. അന്വാഖ്യാനരൂപത്തിലാണ് ലൂക്കൊസിന്റെ ആഖ്യാനം. ‘അവന്റെ വസ്ത്രം എങ്കിലും തൊട്ടാൽ ഞാൻ രക്ഷപ്പെടും’ എന്ന വാക്യം അല്പം ഭേദത്തോടെ മത്തായിയും രേഖപ്പെടുത്തിയിട്ടുണ്ട് (മർക്കൊ.5:28). സാക്ഷാൽ സംഭാഷണം ചേർത്തുപറഞ്ഞതിലൂടെ കഥയ്ക്കു സ്വാഭാവികത നൽകാൻ മത്തായിക്കും മർക്കൊസിനും കഴിഞ്ഞു. രക്തസ്രാവക്കാരി യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടാൽ സൗഖ്യം വരുമെന്നു തീരുമാനിക്കുകയും അങ്ങനെ ചെയ്യുകയും ചെയ്തു. രോഗസൗഖ്യം സംഭവിച്ചത് യേശുവിന്റെ അറിവോടെയല്ലെങ്കിലും ശക്തി തന്നിൽനിന്നു പുറപ്പെട്ടത് യേശു അറിയുകയും അത് ജനങ്ങളോട് ചോദിക്കുകയും ചെയ്തു. ‘എന്നെ തൊട്ടത് ആർ?’ എന്നായിരുന്നു യേശുവിന്റെ ചോദ്യം. ഒടുവിൽ അവൾ തന്നെത്തന്നെ വെളിപ്പെടുത്തി. മറ്റു പല സംഭവങ്ങളിലും എന്നപോലെ യേശു അവളുടെ വിശ്വാസത്തെ പ്രശംസിക്കുന്നു. വിശ്വാസമാണ് അത്ഭുതത്തിന്റെ അവശ്യഘടകം എന്ന് ഇതിലൂടെ സുവിശേഷകർ സൂചിപ്പിക്കുന്നു.

സൗഖ്യദായകൻപോലും അറിയാതെ അത്ഭുതം സംഭവിച്ചു എന്നതുതന്നെ അതിനുകാരണം.

രക്തസ്രാവക്കാരിയുടെ ആത്മഗതം കഥയ്ക്കു ജീവൻ നൽകുന്ന അതിപ്രധാനമായ ഘടകം തന്നെ. സൗഖ്യത്തിനുശേഷം അവൾ യേശുവിന്റെ മുമ്പിൽ വീണു എന്ന് മർക്കൊസും ലൂക്കൊസും എഴുതിയിരിക്കുന്നു. മത്തായി അക്കാര്യം സൂചിപ്പിക്കുന്നില്ല. അവൾ യേശുവിന്റെ മുമ്പിൽ വീണ കാര്യം ലൂക്കൊസ് മർക്കൊസിന്റേതിൽനിന്നും ഭേദപ്പെടുത്തിയാണ് എഴുതിയിരിക്കുന്നത്. 'താൻ മറഞ്ഞിരിക്കുന്നില്ല എന്നു സ്ത്രീ കണ്ടു വിറച്ചുംകൊണ്ടു വന്ന് അവന്റെ മുമ്പിൽ വീണു' (8:47).

യേശു 'എന്നെ തൊട്ടതാർ?' എന്നു തിരക്കുമ്പോൾ പത്രൊസും അനുയായികളും പുരുഷാരം യേശുവിനെ തിക്കിത്തിരക്കുന്നു എന്നു പറഞ്ഞതായി ലൂക്കൊസ് രേഖപ്പെടുത്തുന്നു. മറ്റു സുവിശേഷകർ ശിഷ്യന്മാർ എന്നു പൊതുവായി പറയുന്നതേയുള്ളൂ. വിശ്വാസം മാത്രമാണ് അത്ഭുതത്തിനു കാരണമായതെന്ന് എല്ലാ സുവിശേഷകരും പറയുന്നുണ്ട്. 'ജനം നിന്നെ തിക്കിത്തിരക്കുന്നു' എന്നു പറയുന്നതിന്റെ പ്രസക്തി അതാണ്. ജനം തിക്കിത്തിരക്കുകയുണ്ടായി എന്ന പ്രസ്താവനയ്ക്കു ഈ സന്ദർഭത്തിൽ വളരെ പ്രാധാന്യമുണ്ട്. അത്തരമൊരു സാഹചര്യത്തിലും ശക്തി പുറപ്പെടുന്നത് യേശു അറിഞ്ഞു. ജനത്തിരക്കിൽ പലർ യേശുവിനെ സ്പർശിച്ചിരിക്കാം. പക്ഷേ അവർക്കാർക്കും സുഖം പ്രാപിക്കാൻ കഴിഞ്ഞില്ല. അതിനാൽ സ്പർശിച്ചയാളുടെ വിശ്വാസം സൗഖ്യമാക്കുന്നതിൽ മുഖ്യപങ്കു വഹിച്ചെന്ന് എല്ലാ ആഖ്യാതാക്കളും വെളിപ്പെടുത്തുന്നു. 'നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു' എന്ന വാക്യത്തോടെയാണു മൂന്നു സുവിശേഷകരും കഥ ഉപസംഹരിക്കുന്നത്. അതിനാൽ വിശ്വാസമാണ് അത്ഭുതത്തിന്റെ അവശ്യഘടകം എന്ന് വ്യക്തമാവുന്നു.

രക്തസ്രാവക്കാരി സൗഖ്യം പ്രാപിച്ചതിനോട് യേശുവിന്റെ പ്രതികരണം മത്തായി വ്യത്യസ്തമായി ആവിഷ്കരിക്കുന്നു. അവൾ സൗഖ്യമായപ്പോൾ തന്നെ തൊട്ടതാര് എന്ന് യേശു ചോദിച്ചതോ ശക്തി തന്നിൽനിന്നു പുറപ്പെട്ടത് യേശു അറിഞ്ഞതോ മത്തായി എഴുതുന്നില്ല. മർക്കൊസും ലൂക്കൊസും അക്കാര്യം സൂചിപ്പിക്കുകയും ചോദ്യം കേട്ടവർ യേശുവിനെ പരിഹസിച്ചതും രേഖപ്പെടുത്തുന്നു.

സ്ത്രീകളോടുള്ള യേശുവിന്റെ നിലപാട് പ്രകടമാകുന്ന പുതിയനിയമസംഭവങ്ങളിൽ ഒന്നാണിത്. സ്ത്രീയെന്നതിലുപരി വിലക്കപ്പെട്ട, ശാരീരിക അശുദ്ധിയുള്ള സ്ത്രീയായിരുന്നു അവൾ. അതുകൊണ്ടുതന്നെ അവൾ ചെയ്തത് ന്യായപ്രമാണത്തിന്റെ ലംഘനമായിരുന്നു. സ്ത്രീസഹജമായ ഋതുകാലസ്രവം അശുദ്ധി വരുത്തുന്നതായി പഴയനിയമത്തിൽ സുദീർഘമായി വിവരിച്ചിട്ടുണ്ട് (ലേവ്യ.15:19-27). ഈ സംഭവത്തിൽ അവൾ സ്പർശിച്ചിട്ടും യേശു അശുദ്ധനായിത്തീർന്നില്ല. അവളുടെ സ്പർശനത്തെ അപലപിക്കുന്നുമില്ല യേശു. സൗഖ്യം അനധികൃതമായി കൈവശമാക്കിയ, ദൈവപ്രമാണം ലംഘിച്ച, ഇക്കഥയിലെ സ്ത്രീയെ യേശു 'മകളേ' എന്നാണു വിളിച്ചത്. മറ്റൊരിടത്തും യേശു

ആരെയും മകളേ എന്നു വിളിക്കുന്നില്ല. എല്ലാ സമവീക്ഷണസുവിശേഷകരും ഇക്കാര്യം എഴുതിയിട്ടുണ്ട്. സ്ത്രീയെ പുരുഷനുതുല്യം കണ്ട്, പൂർവ്വവേദത്തിലെ സ്ത്രീവിരുദ്ധപരാമർശത്തിന്റെ നിരർത്ഥകത എടുത്തുകാട്ടുന്നു ഈ ആഖ്യാനം. അവൾക്കു സൗഖ്യം കിട്ടിയത് കേവലം സ്പർശനംകൊണ്ടല്ല അവളുടെ വിശ്വാസമാണ് അതിനു കാരണമെന്നു മറ്റനേകം സൗഖ്യദായകപ്രവൃത്തികളിൽ ചെയ്തതുപോലെ യേശു അവളെ ബോദ്ധ്യപ്പെടുത്തുന്നുണ്ട്. 'സമാധാനത്തോടെ പോകുക' എന്ന ആശീർവാദവാക്യം യേശു പറയുന്നതും ഈ ആഖ്യാനത്തിന്റെ അനന്യതയാകുന്നു. രക്തസ്രാവക്കാരിയെ സൗഖ്യമാക്കിയശേഷം ഉത്തരവാദിത്വമൊന്നും യേശു നല്കുന്നില്ല; അവളുടെ വിശ്വാസത്തെ പ്രശംസിക്കുന്നു.

**5.1.13. ശോഷിച്ച കൈ**

സമാന്തരസുവിശേഷങ്ങളിലെല്ലാം ഈ കഥ വിവരിക്കുന്നു (മത്താ.12:9-13, മർക്കൊ.3:1-6, ലൂക്കൊ.6:6-11). മർക്കൊസിന്റെയും ലൂക്കൊസിന്റെയും കഥപറച്ചിൽ സമാനമാണ്. ശബ്ബത്തുനാളിലാണ് ഈ സംഭവം എന്ന് എല്ലാ ആഖ്യാനകാരന്മാരും പറയുന്നു. വലംകൈയായിരുന്നു ശോഷിച്ചതെന്നു ലൂക്കൊസ് കൃത്യമായിപ്പറയുന്നു. ലൂക്കൊസിന്റെ വൈദ്യശാസ്ത്രപശ്ചാത്തലം ഇത്തരം വിവരണങ്ങളിൽനിന്നു ഗ്രഹിക്കാം. ശബ്ബത്തിൽ യേശു സൗഖ്യമാക്കിയാൽ അവനെ നശിപ്പിക്കാൻ ഉദ്ദേശിച്ച് നിൽക്കുകയായിരുന്നു പരീശന്മാർ. അതിനോടുള്ള യേശുവിന്റെ പ്രതികരണം വിഭിന്നമായാണ് സുവിശേഷകർ രേഖപ്പെടുത്തുന്നത്. ''നിങ്ങളിൽ ഒരുത്തന് ഒരു ആടുണ്ട് എന്നിരിക്കട്ടെ; അതു ശബ്ബത്തിൽ കിണറ്റിൽ വീണാൽ അവൻ അതിനെ പിടിച്ചു കയറ്റുകയില്ലയോ? എന്നാൽ മനുഷ്യൻ ആടിനെക്കാൾ എത്ര വിശേഷതയുള്ളവൻ. ആകയാൽ ശബ്ബത്തിൽ നന്മ ചെയ്യുന്നതു വിഹിതം തന്നെ'' എന്നാണ് മത്തായി എഴുതിയിരിക്കുന്നത് (12:11-12). മർക്കൊസും ലൂക്കൊസും ഇത് അല്പം ഭേദപ്പെടുത്തിയിരിക്കുന്നു. 'ശബ്ബത്തിൽ നന്മ ചെയ്കയോ തിന്മ ചെയ്കയോ ജീവനെ രക്ഷിക്കയോ കൊല്ലുകയോ ഏതു വിഹിതം എന്നു ചോദിച്ചു. അവരോ മിണ്ടാതിരുന്നു' മർക്കൊസ് ഇതിനു ശേഷം മറ്റൊന്നു കൂടി എഴുതുന്നു. ''അവരുടെ ഹൃദയകാഠിന്യം നിമിത്തം അവൻ ദു:ഖിച്ചുകൊണ്ടു കോപത്തോടെ അവരെ ചുറ്റും നോക്കി'' (3:5). യേശു കോപിച്ചതായിപ്പറയുന്ന ഏക സൗഖ്യശുശ്രൂഷ ഇതാണ്. മർക്കൊസും ലൂക്കൊസും യേശു രോഗിയോട് നടുവിൽ എഴുന്നേറ്റുനിൽക്ക എന്നു പറഞ്ഞതായി എഴുതുന്നു. മൂന്നു പേരും കഥ ഉപസംഹരിക്കുന്നത് താഴെകാണും വിധമാണ്.

മത്തായി : പരീശന്മാരോ പുറപ്പെട്ട് അവനെ നശിപ്പിപ്പാൻ അവനു വിരോധമായി തമ്മിൽ ആലോചിച്ചു (12:14).

മർക്കൊസ് : ഉടനെ പരീശന്മാർ പുറപ്പെട്ട്, അവനെ നശിപ്പിക്കേണ്ടതിനു ഹെരോദ്യരുമായി ആലോചന കഴിച്ചു (3:6).

ലൂക്കൊസ് : അവരോ ഭ്രാന്ത് നിറഞ്ഞവരായി യേശുവിനെ എന്തു ചെയ്യേണ്ടു എന്നു തമ്മിൽ ആലോചന കഴിച്ചു (6:11).

മൂന്നു സുവിശേഷകരും രേഖപ്പെടുത്തുന്ന കഥാന്ത്യം വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ ആഖ്യാതാക്കളുടെ വ്യക്തിമുദ്ര അതിൽക്കാണാം. നിയമം അക്ഷരാർത്ഥത്തിൽ പാലിക്കുന്നതിൽ സൂക്ഷ്മത പുലർത്തുന്ന മതപൗരോഹിത്യത്തോടാണ് യേശു കോപിക്കുന്നത്. മനുഷ്യനെക്കാൾ ആടിനു വിലയിടുന്ന സമൂഹം. ''മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല; ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രേ ഉണ്ടായത്; അങ്ങനെ മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവാകുന്നു'' എന്ന വാക്യത്തിന്റെ വിശദീകരണമായി ഈ കഥ മാറുന്നു (മർക്കൊ. 2:27-28).

പള്ളിയിലുള്ളവർ യേശുവിനെ കുറ്റം ചുമത്തേണ്ടതിന് ശബ്ബത്തിൽ സൗഖ്യമാക്കുന്നതു വിഹിതമോ എന്നു ചോദിച്ചതായി മത്തായി എഴുതുന്നു. അതിന് യേശു മറുപടിയും നൽകി. യേശു അവനെ സൗഖ്യമാക്കുമോ എന്നു ജനങ്ങൾ നോക്കിക്കൊണ്ടിരുന്നു എന്നാണ് മർക്കൊസിന്റെ അവതരണം. ലൂക്കൊസും മർക്കൊസിന്റെ ക്രമം തന്നെ പിന്തുടരുന്നു. പള്ളിയിലുള്ളവർ യേശുവിനോട് ചോദ്യം ചോദിക്കുന്നതായി മത്തായി പറയുന്നില്ല. രോഗിയെ എഴുന്നേൽപിച്ചുനിറുത്തിയശേഷം യേശു പള്ളിയിലുള്ളവരോടു ചോദിക്കുന്നതായിട്ടാണ് പറയുന്നത്. സൗഖ്യം പ്രാപിച്ചതുകണ്ട പരീശന്മാരും ശാസ്ത്രിമാരും ഭ്രാന്തു നിറഞ്ഞവരായി എന്നാണ് ലൂക്കൊസ് എഴുതുന്നത്. യേശു പരീശന്മാരോടു ചോദ്യം ചോദിച്ചപ്പോൾ, അവർ മിണ്ടാതിരുന്നപ്പോൾ ''അവരുടെ ഹൃദയകാഠിന്യം നിമിത്തം അവൻ ദു:ഖിച്ചുകൊണ്ടു കോപത്തോടെ അവരെ ചുറ്റും നോക്കി'' എന്ന മർക്കൊസിന്റെ വാക്യം മറ്റു രണ്ടു സുവിശേഷകരും ഒഴിവാക്കിയിരിക്കുന്നു. സൗഖ്യം വേണ്ടയാൾ ഉദാസീനനും നിശ്ശബ്ദനുമായിരിക്കുന്നു എന്നത് ഈ കഥയുടെ പ്രത്യേകത തന്നെ. യേശുവും പരീശന്മാരുമാണ് അനുകൂലമായും പ്രതികൂലമായും അവന്റെ വിഷയത്തിൽ പ്രതികരിക്കുന്നത്. യേശു കൈ നീട്ടുവാൻ പറയുമ്പോൾ അവൻ അതു ചെയ്യുന്നു എന്നല്ലാതെ അവൻ സ്വയം ഒരു താത്പര്യവും ഈ വിഷയത്തിൽ കാണിക്കുന്നില്ല. മറ്റ് അത്ഭുതകഥകളിൽനിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു ഈ സൗഖ്യം. എല്ലാക്കഥകളിലും അത്ഭുതത്തിന് അടിസ്ഥാനമായ പ്രവൃത്തിക്ക് വലിയ പ്രാധാന്യം കൊടുക്കുന്നുണ്ട്. എന്നാൽ ഇക്കഥയിൽ അത്ഭുതത്തെക്കാൾ സന്ദേശത്തിനാണ് ആഖ്യാനകാരന്മാർ പ്രാധാന്യം കൊടുക്കുന്നത്. ശോഷിച്ച കൈയുള്ള മനുഷ്യൻ യേശുവിനോടു സൗഖ്യമാക്കാൻ ആവശ്യപ്പെടുന്നില്ല. അവന് വിശ്വാസവും ഇല്ലായിരുന്നു. ഇവിടെ സൗഖ്യം മറ്റൊരു പ്രധാനാശയം പഠിപ്പിക്കുവാനുള്ള ഉപാധി - ശബ്ബത്തിൽ നന്മ ചെയ്യുക - മാത്രമായി പരിണമിക്കുന്നു. യേശു നൽകുന്ന സന്ദേശത്തിനാണു മൂന്നു സുവിശേഷകരും പ്രാധാന്യം കൊടുക്കുന്നത്. സൗഖ്യം കിട്ടിയ മനുഷ്യന്റെ പ്രതികരണങ്ങൾ ഒന്നുംതന്നെ ഇക്കഥയിൽ പ്രത്യക്ഷപ്പെടുന്നില്ല. സന്ദേശത്തിനു താഴെ മാത്രമേ ഈ കഥയിൽ അത്ഭുതത്തിനു സ്ഥാനമുള്ളൂ.

### 5.1.14. ബധിരൻ

ഒരു സുവിശേഷത്തിൽ മാത്രമേ ഇക്കഥയുള്ളൂ (മർക്കൊ.7:31-37). വിഭിന്നമായ സൗഖ്യദായകപ്രക്രിയയാണ് ഇക്കഥയിലേത്. വിക്ക്, ബധിരത എന്നീ രണ്ടു തരം ശാരീരികന്യൂനതകളുള്ള വ്യക്തിക്കാണ് സൗഖ്യം കിട്ടുന്നത്. സൗഖ്യമാക്കുന്ന രീതി വ്യത്യസ്തവും പുതുമയുമുള്ളതുമാണ്. രോഗശാന്തി ആവശ്യമുള്ള വ്യക്തിയെ യേശു ആൾക്കൂട്ടത്തിൽനിന്നും വേറിട്ടുകൊണ്ടുപോകുന്നു. അവനെ സൗഖ്യമാക്കുവാൻ രണ്ടു വ്യത്യസ്ത കാര്യങ്ങൾ യേശു ചെയ്യുന്നു. ആദ്യം അവന്റെ ചെവിയിൽ വിരലിട്ടു. പിന്നീട് തുപ്പൽ കൊണ്ട് അവന്റെ നാവിൽ സ്പർശിച്ചു. തുപ്പൽകൊണ്ട് സൗഖ്യമാക്കുന്ന രീതിക്കു വേറെയും ഉദാഹരണങ്ങളുണ്ട് (മർക്കൊ.8:22-26, യോഹ.9:1-34). എഫഥാ എന്ന വാക്ക് യേശു ഉച്ചരിക്കുന്നു. എഫഥാ എന്നത് യേശുവിന്റെ മാതൃഭാഷയായ അരാമ്യയിലേതാണ്. രോഗശാന്തിയുടെ സമയത്ത് അരാമ്യപദം പ്രയോഗിക്കുന്നതിന് വേറെയും ഉദാഹരണങ്ങൾ മർക്കൊസിന്റെ സുവിശേഷത്തിൽ കാണാം. തലീഥാകൂമി അത്തരത്തിലുള്ളതാണ് (5:41). എല്ലാ അത്ഭുതത്തിലും എന്തെങ്കിലും പുതുമ അവതരിപ്പിക്കുന്ന രീതി യേശുവിനുണ്ട്. ഓടിച്ചുള്ള വായനയിൽ പലപ്പോഴും അതു മനസ്സിലാക്കാറില്ല അനുവാചകർ. ഈ സംഭവവും ആരോടും പറയരുതെന്ന് യേശു വിലക്കുന്നു.

### 5.1.15. മഹോദരരോഗി

ലൂക്കൊസിൽ മാത്രമുള്ള അത്ഭുതമാണിത് (ലൂക്കൊ.14:1-6). പരീശപ്രമാണിമാരിൽ ഒരാളുടെ വീട്ടിൽ യേശു ഭക്ഷണത്തിനു ചെന്നപ്പോളാണ് മഹോദരരോഗിയെ സൗഖ്യമാക്കിയത്. അന്നു ശബ്ബത്തായിരുന്നു. ശബ്ബത്തിൽ സൗഖ്യമാക്കുന്നതു വിഹിതമോ അല്ലയോ എന്ന് യേശു പരീശപ്രമാണിമാരോടു ചോദിച്ചെങ്കിലും അവർ മിണ്ടാതിരുന്നു. അപ്പോൾ യേശു അവനെ തൊട്ടു സൗഖ്യമാക്കി. പിന്നെ അവരോട്: നിങ്ങളിൽ ഒരുത്തന്റെ മകനോ കാളയോ ശബ്ബത്തുനാളിൽ കിണറ്റിൽ വീണാൽ ക്ഷണത്തിൽ വലിച്ചെടുക്കയില്ലയോ? എന്നു ചോദിച്ചതിന് അവർക്കു പ്രത്യുത്തരം പറവാൻ കഴിഞ്ഞില്ല. യേശു വരണ്ട കൈയുള്ള മനുഷ്യനെ സൗഖ്യമാക്കുന്ന അവസരത്തിലും ഇതിനു സമാനമായ ഒരു ചോദ്യം ചോദിക്കുന്നതായി മത്തായി എഴുതിയിട്ടുണ്ട്. ''നിങ്ങളിൽ ഒരുത്തന് ഒരു ആടുണ്ട് എന്നിരിക്കട്ടെ; അതു ശബ്ബത്തിൽ കുഴിയിൽ വീണാൽ അവൻ അതിനെ പിടിച്ചു കയറ്റുകയില്ലയോ? എന്നാൽ മനുഷ്യൻ ആടിനെക്കാൾ എത്ര വിശേഷതയുള്ളവൻ'' (മത്താ.12:11-12). സമവീക്ഷണസുവിശേഷങ്ങളുടെ പൊതുസവിശേഷതയാണ് ഇത്തരം ആവർത്തനങ്ങൾ. ഒരെഴുത്തുകാരൻ ഉപയോഗിക്കുന്ന വാക്യങ്ങൾ വേറെ സന്ദർഭത്തിൽ ചെറുവ്യത്യാസത്തോടെ മറ്റൊരാൾ പ്രയോഗിക്കുന്നു. ഇതിനെ സമവീക്ഷണപ്രശ്നം എന്നാണ് വിളിക്കുന്നത്. ശബ്ബത്ത് അക്ഷരാർത്ഥത്തിൽ അനുഷ്ഠിക്കുന്നതിലുള്ള നിഷ്ഠയെക്കാൾ മനുഷ്യനു നന്മ ചെയ്യുന്നതിലാണ് കൂടുതൽ ശ്രദ്ധ വേണ്ടതെന്നാണ് യേശു

അവരെ പഠിപ്പിക്കുന്നത്. സുവിശേഷങ്ങളിൽ ആവർത്തിച്ചുവരുന്ന രചനാശില്പം തന്നെയാണ് ഇക്കഥയ്ക്കുള്ളത്. ഭക്ഷണസമയത്ത് യേശു ചെയ്യുന്ന ഏക രോഗസൗഖ്യമാണിത്.

**5.1.16. മല്ക്കൊസിന്റെ ചെവി**

നാലുസുവിശേഷങ്ങളിലും ഈ കഥയുണ്ട് (മത്താ.26:51, മർക്കൊ.14:47, ലൂക്കൊ. 22:50-51, യോഹ.18:10). യേശു ക്രൂശീകരണത്തിനുമുമ്പ് അവസാനമായി ചെയ്യുന്ന അത്ഭുതമാണിത്. ശത്രുവിനു സൗഖ്യം കൊടുക്കുന്ന ഏക അത്ഭുതവും ഇതുതന്നെ. നാലു സുവിശേഷകരും പ്രതിപാദിക്കുന്ന ചുരുക്കം ചില സംഭവങ്ങളിലൊന്നാണിത്. യോഹന്നാൻ മാത്രം അയാളുടെ പേരും - മല്ക്കൊസ് - സൂചിക്കുന്നു. ചെവിവെട്ടിയ ആളുടെ പേരും - പത്രൊസ് - രേഖപ്പെടുത്തുന്നത് യോഹന്നാൻ മാത്രമാണ്. യേശു ചെവി തൊട്ടു സൗഖ്യമാക്കിയ കാര്യം ലൂക്കൊസ് മാത്രമേ പറയുന്നുള്ളൂ (22:51). ഹിംസയ്ക്കെതിരെ യേശു അതിശക്തമായി പ്രതികരിക്കുന്ന രംഗമാണിത്. അതുകൊണ്ടുതന്നെ 'വാൾ ഉറയിലിടുക; വാൾ എടുക്കുന്നവരൊക്കെയും വാളാൽ നശിച്ചുപോകും' എന്നത് അഹിംസയുടെ പ്രസിദ്ധമായ അപരസൂക്തമായി മാറി (മത്താ.26:52). സുഭാഷിതത്തിനു ചേർന്ന വാക്യഭംഗിയിൽ മത്തായി മാത്രമേ ഇത് അവതരിപ്പിച്ചിട്ടുള്ളൂ.

**5.2. ഭക്ഷണവർദ്ധനവ്**

ഇത്തരം 5 അത്ഭുതങ്ങൾ യേശു ചെയ്തിട്ടുണ്ട്. അതിൽ രണ്ടെണ്ണം വലിയ മീൻപിടിത്തമാണ്. രണ്ടെണ്ണം അപ്പത്തിന്റെ വർദ്ധനവ് ആകുന്നു. മറ്റൊന്ന് വെള്ളം വീഞ്ഞാക്കിയതാണ്.

**5.2.1. വെള്ളം വീഞ്ഞാക്കുന്നു.**

യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമേ ഇതു രേഖപ്പെടുത്തിയിട്ടുള്ളൂ (2:1-12). കാനാവിലെ കല്യാണത്തിനു വെള്ളം വീഞ്ഞാക്കിയത് യേശു ചെയ്ത ആദ്യത്തെ അത്ഭുതം എന്നറിയപ്പെടുന്നു. ''മൂന്നാം നാൾ ഗലീലയിലെ കാനാവിൽ ഒരു കല്യാണം ഉണ്ടായി''. ആഖ്യാനസ്ഥലവും ആഖ്യാനസമയവും സൂചിപ്പിച്ചുകൊണ്ടാണ് കഥാരംഭം. സംഭവത്തിന്റെ വിശ്വാസ്യത വർദ്ധിപ്പിക്കാൻ ഈ രീതി സഹായകമാകുന്നു. 'ഒരിടത്ത് ഒരു കല്യാണം ഉണ്ടായി' എന്ന മട്ടിലുള്ള ആവിഷ്കാരരീതിയല്ല യോഹന്നാൻ സ്വീകരിച്ചിരിക്കുന്നത്.

വിരുന്നിനു വീഞ്ഞു തീർന്നുപോയ ഉടൻ മറിയ യേശുവിനെ അക്കാര്യം അറിയിച്ചു. ''സ്ത്രീയേ, എനിക്കും നിനക്കും തമ്മിലെന്ത്? എന്റെ നാഴിക ഇതു വരെ വന്നിട്ടില്ല'' എന്നായിരുന്നു യേശുവിന്റെ പ്രതികരണം (2:4.). മിക്ക കഥകളിലും അത്ഭുതത്തിനുമുമ്പ് യേശു ഒരു ചോദ്യം ചോദിക്കുന്നതായി ആഖ്യാനകാരന്മാർ സൂചിപ്പിക്കുന്നു. പിന്നീട് യേശു അവിടെയുണ്ടായിരുന്ന കല്പാത്രങ്ങളിൽ വെള്ളം നിറയ്ക്കാൻ ആവശ്യപ്പെടുന്നു. കല്പാത്രങ്ങളിൽ നിറച്ച വെള്ളം കോരി വിരുന്നുവാഴിക്കു കൊടുക്കുവാനും പറഞ്ഞു.

ആ വെള്ളം വിരുന്നുവാഴി രുചിച്ചു നോക്കിയപ്പോൾ അത് നല്ല വീഞ്ഞെന്നു ബോധ്യമായി. 'യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽവച്ചു ചെയ്തു തന്റെ മഹത്വം വെളിപ്പെടുത്തി; അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു'. ഇതാണു കഥയുടെ ചുരുക്കം.

വെള്ളം വീഞ്ഞായി മാറിയതെങ്ങനെ എന്ന് ഒരു സൂചനയും കഥയിൽ യോഹന്നാൻ നൽകുന്നില്ല. ബൈബിളിന്റെ പൊതുരീതിയാണിത്. അസാധാരണസംഭവങ്ങൾ അവതരിപ്പിക്കുമെങ്കിലും അവയ്ക്കൊന്നിനും കാര്യകാരണബന്ധമോ വിശദീകരണമോ ബൈബിൾ നൽകുന്നില്ല. അത്ഭുതം കല്പന(Command)യിലൂടെയാണ് യേശു ചെയ്യുന്നത്. ''ഈ കല്പാത്രങ്ങളിൽ വെള്ളം നിറപ്പിൻ'' (2:7). കഥാവിവരണത്തിൽനിന്ന് യേശുവിന്റെ മഹത്ത്വം വെളിപ്പെടുത്തലായിരുന്നു അത്ഭുതത്തിന്റെ ലക്ഷ്യമെന്ന് വ്യക്തമാകുന്നു.

യേശുവിന്റെ അമ്മയെ മറിയ എന്നാണ് മറ്റെല്ലാ സുവിശേഷങ്ങളിലും പരാമർശിക്കുന്നത്. 'യേശുവിന്റെ അമ്മ' എന്നാണ് ഇക്കഥയിൽ മൂന്നിടത്തും പറഞ്ഞിരിക്കുന്നത്. യോഹന്നാന്റെ സുവിശേഷത്തിലൊരിടത്തും യേശുവിന്റെ മാതാവിന്റെ പേര് എഴുതിയിട്ടില്ല. യേശുവിന്റെ അമ്മ എന്ന പൊതുവാക്കാണ് സുവിശേഷത്തിൽ ഉടനീളം യോഹന്നാൻ സ്വീകരിച്ചിരിക്കുന്നത്. വെള്ളം വീഞ്ഞായതിനെ അത്ഭുതം എന്നു യോഹന്നാൻ വിളിക്കുന്നില്ല. അടയാളം എന്ന വാക്കാണ് ഇതരഭിന്നമായി അദ്ദേഹം കൊടുത്തിരിക്കുന്നത്. അടയാളം മറ്റൊരു യാഥാർത്ഥ്യത്തിലേക്കുള്ള ചൂണ്ടുപലകയാണ്. അതുപോലെയേ ഈ സംഭവത്തെയും കാണാവൂ എന്നാകുന്നു യോഹന്നാന്റെ വിവക്ഷ. യേശു ദൈവപുത്രനാണെന്നു ഗ്രഹിക്കുക. അവനിൽ വിശ്വസിക്കുക. അത്ഭുതത്തിൽ ആശ്രയമോ വിശ്വാസമോ വെക്കരുത്. അത്ഭുതം എന്നു വ്യവഹരിക്കുന്ന അടയാളത്തിന്റെ ലക്ഷ്യം അതാണെന്ന് യോഹന്നാൻ ഈ ഉപാഖ്യാനത്തിലൂടെ സൂചിപ്പിക്കുന്നു.

**5.2.2. അഞ്ചപ്പവും രണ്ടു മീനും**

നാലു സുവിശേഷത്തിലുമുള്ള ഏക അത്ഭുതം ഇതാകുന്നു (മത്താ.14:13-21, മർക്കൊ.6:30-44, ലൂക്കൊ.9:10-17, യോഹ.6:1-65). സംഘാടനമാണ് ഈ അത്ഭുതത്തിലെ ഏറ്റവും ആകർഷകഘടകം. ലൂക്കൊസാണ് കൃത്യതയോടെ അതു രേഖപ്പെടുത്തിയിരിക്കുന്നത്. ജനങ്ങളെ അമ്പതുവീതം പന്തിയായി ഇരുത്തിയത് ലൂക്കൊസിന്റെ ആഖ്യാനത്തിലുണ്ട്.

അഞ്ചപ്പത്തിന്റെ അത്ഭുതം യോഹന്നാൻ സമാന്തരസുവിശേഷകരുടേതിൽനിന്നു തികച്ചും ഭിന്നവും ആകർഷകവും ആയിട്ടാണെഴുതുന്നത്. എല്ലാ സുവിശേഷങ്ങളിലെയും പ്രതിപാദ്യവസ്തുതകൾ സമാനംതന്നെ. പ്രതിപാദനമേന്മ യോഹന്നാന്റെ വ്യവഹാരത്തിനായതിനാൽ അതാണിവിടെ കൂടുതൽ വിശകലനം ചെയ്യുന്നത്. ആഖ്യാനസ്ഥലം ഗലീല ആകുന്നു; തിബര്യാസ് എന്നു വ്യവഹരിക്കുന്നു യോഹന്നാൻ.

യോഹന്നാൻ ഈ അത്ഭുതം അനന്യമായ നിലയിൽ, സംഭാഷണരൂപത്തിലാണ് ആവിഷ്കരിക്കുന്നത്. കഥാപാത്രങ്ങളുടെ പേരുകളും പറയുന്നുണ്ട്. ഫിലിപ്പോസ്, അന്ത്രയാസ് എന്നിവരാണ് കഥാപാത്രങ്ങൾ എന്നു യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമേയുള്ളൂ. മറ്റ് ആഖ്യാനങ്ങളിൽ ശിഷ്യന്മാർ എന്നാണു പരാമർശം. ഫിലിപ്പോസിന്റെയും അന്ത്രയാസിന്റെയും സംഭാഷണങ്ങളിലൂടെയാണ് യോഹന്നാൻ ആഖ്യാനം നിർവ്വഹിച്ചിരിക്കുന്നത്. ഭാഷണത്തിന്റെ ഭിന്നമുഖങ്ങൾ ഉപയോഗിച്ച് കഥാഗൗരവം വർദ്ധിപ്പിക്കുന്നതിൽ യോഹന്നാൻ ശ്രദ്ധിച്ചിരിക്കുന്നു. സംഭാഷണത്തിന്റെ ബഹുസ്വരതയാർന്ന അവതരണം യോഹന്നാന്റെ എല്ലാ കഥകളിലും എന്നപോലെ ഇതിലുമുണ്ട്. മറ്റു സുവിശേഷകരുടെ വിവരണങ്ങളെക്കാൾ ജീവത്തായ നിലനില്പ് അതിനാൽ യോഹന്നാന്റെ ആവിഷ്കാരത്തിനു കൈവന്നിരിക്കുന്നു.

അത്ഭുതം ചെയ്യാൻ ആവശ്യമായ അഞ്ചപ്പവും രണ്ടുമീനും സംഭാവനചെയ്തത് ഒരു ബാലനാണെന്ന കാര്യം പ്രസിദ്ധമാണ്. എന്നാൽ അക്കാര്യം യോഹന്നാൻ മാത്രമേ പറയുന്നുള്ളൂ. ''മനുഷ്യന്റെ പരിമിതമായ കഴിവുകളെയും ദാനങ്ങളെയും സന്തോഷത്തോടെ സ്വീകരിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുവാനുള്ള യേശുവിന്റെ സന്നദ്ധത ഇവിടെ പ്രകടമാകുന്നു'' എന്ന് ഇതിനെപ്പറ്റി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട് (ജോൺ 2014:918).

നാലു സുവിശേഷകരും അപ്പം തിന്നവരുടെ എണ്ണം കൃത്യമായി എഴുതുന്നു. അത്ഭുതം ചെയ്യുന്നതിന് യേശു മനുഷ്യന്റെ സഹകരണം ആവശ്യപ്പെടുന്നു എന്നത് ഈ കഥയുടെ അന്യാദൃശ്യതയാണ്. ''നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ'' എന്ന യേശുവിന്റെ ആഹ്വാനം അതു വെളിപ്പെടുത്തുന്നു (മത്താ.14:16).

നിലവിലുള്ള വസ്തുവിനെ വർദ്ധിപ്പിക്കുകയാണ് ഇവിടെ ചെയ്യുന്നത്. നിലവിലുള്ള വസ്തുവിനെ പരിവർത്തിപ്പിച്ചതാണ് വെള്ളം വീഞ്ഞാക്കിയ സംഭവം. എന്നാൽ ഇവിടെ പരിവർത്തനമല്ല, വർദ്ധിപ്പിക്കൽ ആണു നടത്തുന്നത്. അതുകൊണ്ടുതന്നെ ഉള്ളടക്കത്തിന്റെ കാര്യത്തിൽ വ്യത്യസ്തത ഈ കഥയ്ക്കുണ്ട്. പരിമിതമായ അഞ്ചപ്പം, രണ്ടു മീൻ ഇവയുടെ വർദ്ധനവിലൂടെ യേശു അളവുകൾക്ക് അതീതനെന്നു കാണിച്ച് അവന്റെ ദൈവത്വത്തിനു പ്രാധാന്യം കൊടുക്കുകയാണ് യോഹന്നാൻ. അതുകൊണ്ട് യോഹന്നാന്റെ സുവിശേഷത്തിലെ പ്രധാനകഥാരേഖ (Main Storyline) യായ യേശുവിന്റെ ദൈവത്വത്തെ പരിപോഷിപ്പിക്കുന്ന ഉപകഥാരേഖ (Subsidiary Storyline) കളിൽ ഒന്നായി ഈ സംഭവം മാറുന്നു.

വ്യതിരിക്തതയുള്ള അത്ഭുതങ്ങൾ മാത്രമേ യോഹന്നാൻ അവതരിപ്പിക്കുന്നുള്ളൂ. മറ്റു സുവിശേഷകരെപ്പോലെ ഒരേ നിലയിലുള്ള ഒന്നിലധികം അത്ഭുതങ്ങൾ യോഹന്നാൻ ആഖ്യാനം ചെയ്യുന്നില്ല. യേശുവിന് വിഭിന്നമായ സ്ഥലം, വ്യക്തി, വസ്തു, സാഹചര്യം എന്നീ നിലകളിൽ അത്ഭുതങ്ങൾ ചെയ്യാൻ കഴിവുണ്ടെന്നു തെളിയിക്കുകയാണ് യോഹന്നാന്റെ ലക്ഷ്യം. മാതൃകാപരമായ അത്തരം ഓരോ കഥ മാത്രമേ യോഹന്നാൻ അവതരിക്കുന്നുള്ളൂ. അപ്പമീനുകളിൽ ശേഷിച്ചവ ഒന്നും നഷ്ടമാകാതെ ശേഖരിക്കണം

എന്ന യേശുവിന്റെ ആഹ്വാനവും യോഹന്നാനേ രേഖപ്പെടുത്തുന്നുള്ളൂ. അതിലൂടെ ലളിതമെങ്കിലും, ഒന്നും നഷ്ടപ്പെടുത്തരുത് എന്ന ആശയം കൈമാറാൻ കഴിഞ്ഞിരിക്കുന്നു.

ഒരു കഥ, അതിനുള്ളിലെ ആദ്യത്തെയും അവസാനത്തെയും വാക്കുകൾക്കകത്തു മാത്രമായി ഒതുങ്ങിനിൽക്കുന്നില്ല. കഥാശരീരത്തിനുപുറത്തും കഥയുടെ അവയവങ്ങൾ സ്ഥിതിചെയ്യുന്നുണ്ട്. യോഹന്നാൻ ഇക്കഥയ്ക്ക് അത്തരമൊരു അനുബന്ധവ്യവഹാരം കൊരുത്തിടുന്നു. യിസ്രായേല്യർക്ക് ദൈവം മന്ന വർഷിപ്പിച്ച പൂർവ്വവേദകഥയിലേക്ക് യോഹന്നാൻ ഇതിനെ വ്യാവർത്തിപ്പിക്കുന്നു. മന്നയെപ്പറ്റിയുള്ള കഥ വിളക്കിച്ചേർത്ത് യേശു ജീവന്റെ അപ്പമാകുന്നു എന്ന് യോഹന്നാൻ വെളിപ്പെടുത്തുന്നു. യോഹന്നാനെ സംബന്ധിച്ചിടത്തോളം ഈ അത്ഭുതാലേഖനം അനുബന്ധമായി അവതരിപ്പിക്കുവാനുള്ള ആദ്ധ്യാത്മികതത്ത്വങ്ങൾക്കുള്ള ഭൂമിക മാത്രമാണ്. അഞ്ചപ്പവും രണ്ടുമീനും എന്ന കഥയ്ക്ക് യോഹന്നാന്റെ അനുബന്ധവ്യവഹാരം നവീനമായ ഒരു രചനാതന്ത്രം തന്നെ.

12 കുട്ട അപ്പം ബാക്കി വന്ന സംഭവത്തിന് ബൈബിൾപാരമ്പര്യത്തിൽ സാംഖ്യിക പ്രാധാന്യമുണ്ട്. 12 എന്ന സംഖ്യയ്ക്ക് ബൈബിളിൽ അതുല്യമായ സ്ഥാനം നൽകപ്പെട്ടിരിക്കുന്നു. യിസ്രായേൽ ഗോത്രങ്ങൾ 12, ഗോത്രപിതാക്കന്മാർ 12, യേശുവിന്റെ ശിഷ്യന്മാർ 12. ഇവയെല്ലാം പ്രതിനിധാനം ചെയ്യുന്നതാണ് ഈ സംഖ്യ. അഹരോനും പുത്രന്മാർക്കും തിന്നാവുന്ന 12 ദോശയെപ്പറ്റി ലേവ്യാപുസ്തകത്തിൽ പറയുന്നു (24:5). വെളിപ്പാടുപുസ്തകത്തിൽ പലയിടത്തായി 12 എന്ന സംഖ്യ വരുന്നുണ്ട്. പുത്തൻയെരൂശലേമിലെ വന്മതിലിന് 12 ഗോപുരം, അതിൽ 12 ദൂതന്മാർ, 12 യിസ്രായേൽ ഗോത്രങ്ങളുടെ പേര് കൊത്തിയത്, നഗരമതിലിന് 12 അടിസ്ഥാനം, അതിൽ 12 അപ്പൊസ്തലന്മാരുടെ പേര് എന്നിവയുടെ വർണ്ണന കാണാം (21:12-14). 'പന്ത്രണ്ട് കൊട്ട' എന്ന പ്രയോഗത്തിന്റെ പ്രതീകാത്മകതയിലൂടെ ബൈബിൾഅന്തരീക്ഷത്തെ പുന:പ്രതിഷ്ഠിക്കുന്ന ആഖ്യാനവിദ്യ ഇവിടെ കാണാം.

ഞാൻ ജീവന്റെ അപ്പമാകുന്നു എന്ന വസ്തുത വെളിപ്പെടുത്താനുള്ള അടയാളം മാത്രമായിരുന്നു യേശു അഞ്ചപ്പം വർദ്ധിപ്പിച്ച സംഭവം (യോഹ.6:48). ഈ ആഖ്യാനത്തെത്തുടർന്ന് യോഹന്നാൻ അപ്പത്തെക്കുറിച്ച് ധാരാളം പരാമർശങ്ങൾ അവതരിപ്പിക്കുന്നു. അവയെല്ലാം കഥാപുരുഷനായ യേശുവിലേക്കുള്ള ചൂണ്ടുപലകയായിട്ടാണ് ഉപയോഗിക്കപ്പെടുന്നത്. അഞ്ചപ്പത്തിന്റെ അത്ഭുതത്തിനുശേഷം അപ്പത്തെസംബന്ധിച്ച് എട്ടിലധികം വാക്യങ്ങൾ യേശു പറയുന്നത് ഇതരഭിന്നമായി യോഹന്നാൻ സുവിശേഷത്തിൽ ചേർത്തെഴുതുന്നു. അവിടെല്ലാം ആക്ഷരികമായ അപ്പമല്ല ആത്മീയമായ അപ്പത്തെക്കുറിച്ചാണ് വിവക്ഷ. യോഹന്നാൻ മറ്റ് ആഖ്യാനകാരന്മാരിൽനിന്നു വ്യത്യസ്തമായി അടയാളം എന്ന പദം ഉപയോഗിക്കുന്നതിന്റെ പ്രസക്തി വ്യക്തമാകുന്ന പ്രകരണങ്ങളിൽ ഒന്നായും ഇതുമാറുന്നു. മറ്റെല്ലാ സുവിശേഷകരും അത്ഭുതാവതരണത്തോടെ കഥ തീർക്കുന്നു. എന്നാൽ യോഹന്നാന്റെ ആഖ്യാനം കഥപറച്ചിലിൽ ഒതുങ്ങുന്നില്ല എന്നത് എടുത്തുപറയേണ്ടിയിരിക്കുന്നു. യേശു ജീവന്റെ അപ്പമാണെന്ന മഹാദർശനം ആവിഷ്കരിക്കുവാനാ

യിട്ടാണ് ഈ കഥ യോഹന്നാൻ എഴുതിയിരിക്കുന്നത്. അതു സമർത്ഥിക്കുവാൻ 'നമ്മുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാ തിന്നു' എന്ന പൂർവ്വകഥ സൂചിപ്പിച്ച് പ്രസ്തുത ആശയത്തെ യോഹന്നാൻ പ്രബലപ്പെടുത്തുന്നു. നിത്യജീവനുവേണ്ടി പ്രവർത്തിക്കണം എന്ന തത്ത്വം സമർത്ഥിക്കുവാനുള്ള സൂചകം മാത്രമായാണ് യോഹന്നാൻ ഈ കഥാവതരണത്തെ കാണുന്നുള്ളൂ. മനുഷ്യാവതാരമെടുത്ത ദൈവമാണ് യേശു എന്നു തെളിയിക്കാനും ഈ കഥ യോഹന്നാൻ ഉപയോഗപ്പെടുത്തുന്നു. അതിനായി സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പമാണ് യേശു എന്ന് വ്യക്തമായിപ്പറയുകയും ചെയ്യുന്നു.

### 5.2.3. ഏഴപ്പവും മീനും

രണ്ടു സുവിശേഷങ്ങളിൽ മാത്രമേ ഇക്കഥയുള്ളൂ (മത്താ.15:32-39, മർക്കൊ.8:1-10). അഞ്ചപ്പം അയ്യായിരം പേർക്കു നൽകിയതിനോടു സാമ്യമുണ്ടെങ്കിലും വ്യത്യസ്ത സംഭവമാണിത്. രണ്ടത്ഭുതമില്ല ഒരെണ്ണം തന്നെയാണ് രണ്ടായി ആവിഷ്കരിച്ചിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ടവരുണ്ട്. രണ്ടു സംഭവങ്ങളുടെയും പശ്ചാത്തലം ഒരുപോലെതന്നെ. എന്നാൽ അഞ്ചപ്പവും രണ്ടുമീനും എന്ന കഥയിൽനിന്നു ആഖ്യാനപരമായ വേർതിരിവ് ഇതിനുണ്ട്. ഈ കഥാവിഷ്കാരത്തിനുശേഷം മറ്റൊരു സംഭവം അവതരിപ്പിക്കുന്നു. അതിന് അനുബന്ധമായി ഈ സംഭവം ഭൂതാഖ്യാനരൂപത്തിൽ പറയുന്നു. പ്രസ്തുത കഥനത്തിലൂടെ വേറിട്ട ഒരു വസ്തുത - പരീശന്മാരുടെ കപടഭക്തി - എന്ന പുളിച്ചമാവിനെ സൂക്ഷിച്ചുകൊള്ളാൻ ശിഷ്യന്മാരെ പ്രബോധിപ്പിക്കുന്നു. അഞ്ചപ്പംകൊണ്ട് അയ്യായിരത്തെ പരിപോഷിപ്പിച്ച സംഭവത്തെ ഏഴപ്പംകൊണ്ടു നടത്തിയ ഈ അത്ഭുതവുമായി തട്ടിച്ചുനോക്കുന്നുമുണ്ട്. ''അയ്യായിരംപേർക്ക് ഞാൻ അഞ്ചപ്പം നുറുക്കിയപ്പോൾ കഷണങ്ങൾ എത്ര കുട്ട നിറച്ചെടുത്തു? പന്ത്രണ്ട് എന്ന് അവർ അവനോടു പറഞ്ഞു. നാലായിരം പേർക്ക് ഏഴു നുറുക്കിയപ്പോൾ കഷണങ്ങൾ എത്ര വട്ടി നിറച്ചെടുത്തു? ഏഴ് എന്ന് അവർ അവനോടു പറഞ്ഞു'' (മർക്കൊ.8:19-20). ഒരു അത്ഭുതത്തെ മറ്റൊരത്ഭുതവുമായി യേശു തുലനംചെയ്യുന്നത് ഇക്കഥയുടെ രചനാമേന്മയാണ്. രണ്ട് അത്ഭുതങ്ങളെയും യേശു താരതമ്യപ്പെടുത്തുന്നതുകൊണ്ട് ഇവ വെവ്വേറെ കഥകൾ എന്നു സ്പഷ്ടമാണ്.

### 5.2.4. ആദ്യത്തെ വലിയ മീൻപിടിത്തം

ഒരു സുവിശേഷത്തിൽ മാത്രമുള്ള അത്ഭുതമാണിത് (ലൂക്കൊ.5:1-11). വൈവിദ്ധ്യമേറിയ അത്ഭുതങ്ങൾ യേശു ചെയ്തു എന്നു വെളിപ്പെടുത്തുന്നു ഈ കഥ. കല്പന (Command)യിലൂടെയാണ് യേശു അത്ഭുതം നിർവഹിച്ചത്. ''ആഴത്തിലേക്കു നീക്കി മീൻപിടിത്തത്തിനു വല ഇറക്കുവിൻ'' (5:4). പല കഥകളിലും ശ്രോതാക്കളിൽനിന്ന് ഉണ്ടാകാറുള്ള ചോദ്യം ഇവിടെ ഉണ്ടാകുന്നില്ല. അത്ഭുതപ്രവർത്തനത്തിന്റെ ഉദ്ദേശ്യമെന്തെന്നു വ്യക്തമാക്കുന്ന സംഭവം കൂടിയാണിത്. അത്ഭുതത്തിനു വേണ്ടിയല്ല യേശു അത്ഭുതങ്ങൾ പ്രവർത്തിച്ചത്. എന്തെങ്കിലും യാഥാർത്ഥ്യം ഗ്രഹിപ്പിക്കാൻവേണ്ടിയായിരുന്നു അത്ഭുതം. ശിഷ്യന്മാരെ മനുഷ്യരെ പിടിക്കുന്നവരാക്കിത്തീർക്കാൻ വേണ്ടിയുള്ള പ്രതീകാത്മകമായ പ്രവൃത്തി മാത്രമായിരുന്നു മീൻപിടിത്തത്തിലെ അത്ഭുതം. ശിഷ്യന്മാർക്ക് ഒരു പുതിയ

ദർശനവും ഉത്തരവാദിത്തവും നൽകുവാനുള്ള മുന്നൊരുക്കമായിത്തീർന്നു അത്. ആ ആശയത്തിനു പ്രാധാന്യം നൽകുന്ന തരത്തിലാണ് ലൂക്കൊസിന്റെ കഥാകഥനം. ''ഇന്നു മുതൽ നീ മനുഷ്യരെ പിടിക്കുന്നവൻ ആകും'' (5:10). ദൈവാനുഗ്രഹം നേടിയവർക്ക് ഒരു ഉത്തരവാദിത്വം ഉണ്ടെന്ന് ഇക്കഥ സൂചിപ്പിക്കുന്നു. ഏതെങ്കിലും കാതലായ ആദ്ധ്യാത്മിക പ്രശ്നത്തിലേക്കു ശ്രദ്ധക്ഷണിക്കുകയായിരുന്നു എല്ലാ അത്ഭുതങ്ങളുടെയും ലക്ഷ്യം. മീൻപിടിത്തത്തിന്റെ അത്ഭുതത്തിനുശേഷം യേശുവിന്റെ ശിഷ്യന്മാർ അത്ഭുതം അനുഭവിച്ച് അവരുടെ പതിവു പ്രവർത്തനത്തിൽത്തന്നെ തുടരുകയല്ല ചെയ്യുന്നത്. അവർ കാലങ്ങളായി തുടർന്നുവന്ന ജീവിതരീതിയോടും ഉപജീവനമാർഗത്തോടും എന്നേക്കുമായി വിടപറയുകയാണ്. സകലതും ഉപേക്ഷിച്ച് യേശുവിന്റെ സന്ദേശവാഹകരായി അവർ മാറുന്നു. യഥാർത്ഥ അത്ഭുതം അപ്പോഴാണു സംഭവിച്ചത് ''പിന്നെ അവർ പടകുകളെ കരയ്ക്ക് അടുപ്പിച്ചിട്ടു സകലവും വിട്ട് അവനെ അനുഗമിച്ചു'' (5:11). യേശുവിന്റെ വാക്കുകളിലെ നിയോഗം ഒരു പ്രവചനമായി നിറവേറപ്പെടുന്നതായി പിന്നീടു കാണുന്നു. ആദ്യപ്രസംഗത്തിലൂടെത്തന്നെ മൂവായിരംപേരെ ക്രിസ്തുവിലേക്ക് ആകർഷിക്കുവാൻ പത്രൊസിനു കഴിഞ്ഞു (അപ്പൊ.പ്ര.2:41).

അത്ഭുതത്തിന്റെ യഥാർത്ഥ ഉദ്ദേശ്യമെന്തെന്നു ഇക്കഥ വ്യക്തമാക്കുന്നു. ആളുകളെ പക്ഷംചേർക്കാനോ വിസ്മയഭരിതരാക്കുവാനോ അല്ല അത്. നന്മയുടെ ദൂതുവാഹകരായിത്തീരുവാനുള്ള ആഹ്വാനമാണ് എല്ലാ അത്ഭുതങ്ങളിലൂടെയും യേശു നല്കുന്നത്. എല്ലാക്കഥകളിലും ആ ലക്ഷ്യം നേരിട്ടുപറയുന്നില്ല. ഏതാനും ചില കഥകളിൽ മാത്രമേ അത്ഭുതങ്ങളുടെ ഗുണഭോക്താക്കൾക്ക് ഒരു ഉത്തരവാദിത്വം നിറവേറ്റാനുണ്ടെന്നു തെളിച്ചു പറയുന്നത്. ലെഗ്യോൻ എന്ന അനേകം ഭൂതങ്ങൾ ബാധിച്ച വ്യക്തിയെ യേശു സൗഖ്യമാക്കിയപ്പോഴും ഇതുപോലെ അവന് ഉത്തരവാദിത്വം നൽകുന്നുണ്ട് (മർക്കൊ. 5:19, ലൂക്കൊ.8:39). സൗഖ്യംകൊണ്ട് സൗഖ്യദായകൻ അർത്ഥമാക്കുന്ന കാര്യം ഇതാണ്.

### 5.2.5. അവസാനത്തെ വലിയ മീൻപിടിത്തം.

യോഹന്നാൻ മാത്രമാണ് ഇത് അവതരിപ്പിക്കുന്നത് (21:4-14). ലൂക്കൊസിന്റെ സുവിശേഷത്തിലെ മീൻപിടിത്തകഥയും യോഹന്നാന്റേതും തമ്മിൽ സാമ്യവും വ്യത്യാസവും ഉണ്ട്. യേശുവിന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നതിന്റെ മുന്നോടിയായാണ് ലൂക്കൊസിന്റെ കഥാവതരണം. യേശുവിന്റെ പുനരുത്ഥാനത്തിനുശേഷമാണ് യോഹന്നാന്റെ സുവിശേഷത്തിലെ സംഭവം. രണ്ടു മീൻപിടിത്തകഥയിലും വ്യക്തികൾ ഒന്നുതന്നെ: യേശുവും പത്രൊസും സെബദിമക്കളും. കഥാസ്ഥലം തിബെര്യാസ് എന്നു യോഹന്നാൻ വ്യവഹരിക്കുന്ന ഗലീലാക്കടൽ തന്നെ. ശിഷ്യന്മാർ വല കഴുകുന്ന രംഗം രണ്ടുകഥയുടെയും തുടക്കത്തിൽ കാണാം. കല്പന(Command) യിലൂടെയാണ് രണ്ടിടത്തും അത്ഭുതപ്രവർത്തനം. കല്പനയിൽ നേരിയ വ്യത്യാസമുണ്ട്.

'ആഴത്തിലേക്കു നീക്കി മീൻപിടിത്തത്തിനു വല ഇറക്കുവിൻ' (ലൂക്കൊ.5:4).

'പടകിന്റെ വലത്തുഭാഗത്തു വല വീശുവിൻ' (യോഹ.21:6).

രണ്ടു സംഭവത്തിലും രാത്രി മുഴുവൻ വലവീശിയെങ്കിലും മീൻകിട്ടാതിരുന്ന തായിപ്പറയുന്നു. ആദ്യസംഭവത്തിൽ പത്രൊസിന് പാപബോധം ഉണ്ടാകുന്നു (5:10). ''അവർ സകലും വിട്ട് അവനെ അനുഗമിച്ചു'' എന്നതാണ് താക്കോൽവാക്യം (5:11).

തോമാസും നഥനയേലും കഥാപാത്രങ്ങളായി യോഹന്നാന്റെ ആഖ്യാനത്തിൽ വരുന്നു. ഇരുവർക്കും മറ്റു സുവിശേഷങ്ങളിലില്ലാത്ത പ്രാധാന്യം യോഹന്നാൻ സുവിശേ ഷത്തിൽ കൊടുക്കുന്നുണ്ട്. 'പെരുത്തമീൻകൂട്ടം' എന്നാണു ലൂക്കൊസ് മത്സ്യക്കൊയ്ത്തി നെപ്പറ്റി പറയുന്നതെങ്കിൽ 153 വലിയ മീൻ കിട്ടിയെന്നു യോഹന്നാൻ സൂക്ഷ്മമായി നിരീ ക്ഷിക്കുന്നു (21:11). യോഹന്നാന്റെ കഥ യേശുവിന്റെ പുനരുത്ഥാനത്തിനുശേഷം സംഭവി ക്കുന്നതാണ്. ഉയിർപ്പിനുശേഷം യേശു അത്ഭുതം ചെയ്തതായി സമവീക്ഷണസുവിശേ ഷങ്ങളിലില്ല. ഏറ്റവും വലിയ അത്ഭുതം - അടയാളം - യേശുവിന്റെ ഉയിർപ്പാണ്. അതിലും വലിയ അടയാളം ലഭിക്കില്ല എന്ന് യേശുതന്നെ പ്രസ്താവിച്ചിട്ടുണ്ട് (മത്താ. 12:39-40). അതുകൊണ്ട് പുനരുത്ഥാനാനന്തരം ചെയ്ത ഒരു അത്ഭുതം ആവിഷ്കരിക്കു ന്നത് അപ്രസക്തമെന്ന് സമാന്തരസുവിശേഷകർ കരുതിയിട്ടുണ്ടാവും.

### 5.3. ഭൂതശാന്തി

ഭൂതബാധ, പിശാചുബാധ എന്നെല്ലാം വ്യവഹരിക്കപ്പെടുന്ന വിഭാഗം അത്ഭുതങ്ങ ളാണ് ഇവിടെ പഠനവിധേയമാക്കുന്നത്. ഇത്തരം 7 അത്ഭുതങ്ങൾ സുവിശേഷങ്ങളിലുണ്ട്.

#### 5.3.1. കഫർന്നഹൂമിലെ ഭൂതബാധിതൻ

മർക്കൊസും ലൂക്കൊസും മാത്രമേ ഇക്കഥ പറയുന്നുള്ളൂ (1:21-28, 4:31-37). ആഖ്യാനസ്ഥലം കഫർന്നഹൂമാണ്. അശുദ്ധാത്മാവ് ബാധിച്ച വ്യക്തി യേശുവിനെ കാണുമ്പോൾത്തന്നെ നിലവിളിക്കുന്നു. അവനെ വിട്ടുപോകാൻ യേശു അശുദ്ധാത്മാവി നോടു കൽപിക്കുന്നു. അത് ആ മനുഷ്യനെ വിട്ടുപോയതായും മർക്കൊസ് രേഖപ്പെടു ത്തുന്നു. ആഖ്യാനപരമായി എടുത്തുപറയേണ്ടത് ഒന്നുംതന്നെയില്ല. വസ്തുതാവിവരണം മാത്രമാണ് മർക്കൊസ് നൽകുന്നത്.

ലൂക്കൊസ് ഒരു രചനാഖണ്ഡത്തിൽതന്നെ ആഖ്യാനം ഉൾപ്പെടുത്തിയിരിക്കുന്നു. പല സംഭവങ്ങളിലും യേശുവാണ് അത്ഭുതത്തിനുമുമ്പ് ചോദ്യം ചോദിക്കുന്നത്. ഇക്കഥ യിൽ യേശുവിനെ കണ്ടയുടനെ ഭൂതമാണ് ''ഞങ്ങൾക്കും നിനക്കും തമ്മിൽ എന്ത്? ഞങ്ങളെ നശിപ്പിപ്പാൻ വന്നിരിക്കുന്നുവോ?'' എന്നു ചോദിക്കുന്നത് (മർക്കൊ.1:24). യേശു അത്ഭുതംചെയ്തത് ശാസനയിലൂടെയാണ്; കല്പനയിലൂടെയല്ല. അത്ഭുതാനന്തരം യേശു വിന്റെ പ്രശസ്തി കൂടിയതായി ലൂക്കൊസ് രേഖപ്പെടുത്തുന്നു.

**5.3.2. ഗദരദേശത്തെ ഭൂതബാധിതൻ**

എല്ലാ സമാന്തരസുവിശേഷങ്ങളിലും ഇക്കഥയുണ്ട് (മത്താ.8:28-34 മർക്കൊ. 5:1-20, ലൂക്കൊ.8:26-39). യേശു ആരുടെയും ആവശ്യപ്രകാരമല്ലാതെ പ്രവർത്തിക്കുന്ന അത്ഭുതങ്ങളിലൊന്നാണിത് (മർക്കൊ.5:1-20). മത്തായിയാണ് കഥ ഏറ്റവും ചുരുക്കി അവതരിപ്പിക്കുന്നത്. രണ്ടു ഭൂതഗ്രസ്തർ ഉണ്ടായിരുന്നു എന്നു മത്തായി പറയുന്നു. മർക്കൊസും ലൂക്കൊസും ഒരാളുടെ കാര്യമേ സൂചിപ്പിക്കുന്നുള്ളൂ. ''ഇങ്ങനെ കാണപ്പെടുന്ന വ്യത്യാസങ്ങൾ സൂചിപ്പിക്കുന്നത് അവ രണ്ടു സന്ദർഭങ്ങളായിരിക്കാം, അഥവാ ഒരു എഴുത്തുകാരൻ മറ്റുള്ളവരെ അപേക്ഷിച്ച് പൂർണ്ണവിവരം നല്കി എന്നാണ്. ഈ പ്രത്യേക തരത്തിലുള്ള ഭൂതബാധ, അതിന് ഇരയായ വ്യക്തിയെ വസ്ത്രം ധരിക്കാതെ ഇരിക്കുന്നതിനും, സമൂഹത്തിൽനിന്ന് അന്യപ്പെട്ടു നില്ക്കുന്നതിനും ശവക്കല്ലറകളിൽ താമസിക്കുന്നതിനും കാരണമാക്കി'' (മക്ഡൊണാൾഡ് 2016:223).

മത്തായിയെക്കാൾ കുറെക്കൂടി ദീർഘവിവരണം മർക്കൊസും ലൂക്കൊസും നൽകുന്നു. മർക്കൊസിന്റെയും ലൂക്കൊസിന്റെയും അവതരണങ്ങൾക്ക് ചില സമാനതകളുമുണ്ട്. ഭൂതബാധിതന്റെ പേര് ലെഗ്യോൻ എന്നു മർക്കൊസും ലൂക്കൊസും പറയുന്നു. സംഭവസ്ഥലത്തെപ്പറ്റിയും ഭൂതഗ്രസ്തന്റെ പാർപ്പിനെപ്പറ്റിയും മൂന്നു സുവിശേഷകർക്കും ഒരേനിലപാടാണ്. ഗദരേന്യദേശത്തെ ശവക്കല്ലറകളിലാണ് താമസമെന്നു സുവിശേഷകർ രേഖപ്പെടുത്തുന്നു. ഭൂതങ്ങൾ യേശുവിനോടു തങ്ങളെ ഉപദ്രവിക്കരുതെന്നും തങ്ങളെ പന്നിക്കൂട്ടത്തിലേക്ക് അയയ്ക്കണമെന്നും പറയുന്നതു മൂന്നു സുവിശേഷങ്ങളിലും കാണാം. ഭൂതങ്ങൾ പന്നിക്കൂട്ടത്തിലേക്കു പ്രവേശിച്ചതും കടലിൽ ചാടി ചത്തതും എല്ലാവരും അവതരിപ്പിച്ചിരിക്കുന്നു. ചത്ത പന്നികളുടെ എണ്ണം, രണ്ടായിരം എന്നു മർക്കൊസ് മാത്രം പറയുന്നു. സംഭവം കണ്ട ആളുകൾ യേശുവിനോട് അതിർ വിട്ടുപോകണമെന്ന് ആവശ്യപ്പെട്ടു. ഇത്രയും കാര്യങ്ങൾ മാത്രം എഴുതി മത്തായി വിവരണം നിർത്തുന്നു.

മർക്കൊസും ലൂക്കൊസും കഥയുടെ മറുവശം കൂടി രേഖപ്പെടുത്തുന്നു. യേശുവിനെ അനുഗമിക്കുവാൻ ഭൂതബാധ മാറിയ വ്യക്തി ആഗ്രഹം പ്രകടിപ്പിച്ചകാര്യം അവർ കൂട്ടിച്ചേർക്കുന്നു. എന്നാൽ യേശു അത് നിരുത്സാഹപ്പെടുത്തുകയും മറ്റൊരു ദൗത്യം അവനു നൽകുകയും ചെയ്യുന്നു.

''നിന്റെ വീട്ടിൽ നിനക്കുള്ളവരുടെ അടുക്കൽച്ചെന്ന്, കർത്താവ് നിനക്കു ചെയ്തതൊക്കെയും നിന്നോടു കരുണ കാണിച്ചതും പ്രസ്താവിക്ക .... അവൻ പോയി യേശു തനിക്കു ചെയ്തതൊക്കെയും ദെക്കപ്പൊലിനാട്ടിൽ ഘോഷിച്ചു തുടങ്ങി. എല്ലാവരും ആശ്ചര്യപ്പെടുകയും ചെയ്തു'' (മർക്കൊ.5:19-20, ലൂക്കൊ.8:39).

ഈശ്വരാനുഗ്രഹം കൈവശമാക്കിയവർ അതിനെപ്പറ്റി മറ്റുള്ളവരോട് പ്രഘോഷി ക്കണമെന്ന് ഈ അനുബന്ധവാക്യത്തിലൂടെ സുവിശേഷകർ വ്യക്തമാക്കുന്നു. ക്രൈസ്തവാശയങ്ങളിൽ സാക്ഷ്യംപറച്ചിലിനു വളരെ പ്രാധാന്യമുണ്ട്. ഇക്കഥ അതു തെളിച്ചുകാട്ടുന്നു.

ചിലരുടെ വസ്തുവകകളുടെ നശീകരണത്തിനു കാരണമായ അത്ഭുതമാണിത്. സൃഷ്ടിക്കുന്നതിനു വിപരീതമായി സംഹരിക്കുന്ന ഈ അത്ഭുതത്തെ പലരും പഴിച്ചിട്ടുണ്ട്. എന്നാൽ രണ്ടായിരം പന്നികളുടെ ജീവനെക്കാൾ ഒരു മനുഷ്യന്റെ ജീവനും ആത്മാവിനും വിലയുണ്ടെന്നു കാണിക്കുന്നു ഈ അത്ഭുതം. മനുഷ്യാത്മാവിന്റെ മൂല്യത്തെ ഉയർത്തിക്കാട്ടുന്നത് ബൈബിൾക്കൃതികളുടെ പൊതുമുദ്രയാണ്. സർവലോകത്തെക്കാൾ വിലയുള്ളതാണ് മനുഷ്യന്റെ ആത്മാവെന്നും അതു നഷ്ടപ്പെടുത്തിയാൽ ജീവിതം വ്യർത്ഥമാണെന്നും ബൈബിൾ ഉദ്ഘോഷിക്കുന്നു (മത്താ.16:26). പന്നികളുടെ ജീവൻ കളഞ്ഞ യേശുവിന്റെ നടപടിയെ പലരും വിമർശിക്കുന്നത് ആത്മരക്ഷയെക്കുറിച്ചുള്ള ബൈബിളിന്റെ കാഴ്ചപ്പാട് മനസ്സിലാക്കാത്തതുകൊണ്ടാണ്.

**5.3.3. ഭൂതബാധയുള്ള ഊമൻ**

'അവർ പോകുമ്പോൾ ചിലർ ഭൂതഗ്രസ്തനായൊരു ഊമനെ അവന്റെ അടുക്കൽ കൊണ്ടുവന്നു. അവൻ ഭൂതത്തെ പുറത്താക്കിയശേഷം ഊമൻ സംസാരിച്ചു; യിസ്രായേലിൽ ഇങ്ങനെ ഒരു നാളും കണ്ടിട്ടില്ല എന്നു പുരുഷാരം അതിശയിച്ചു. പരീശന്മാരോ ഇവൻ ഭൂതങ്ങളുടെ തലവനെക്കൊണ്ട് ഭൂതങ്ങളെ പുറത്താക്കുന്നു എന്നു പറഞ്ഞു' (മത്താ.9:32-33).

രണ്ടു സുവിശേഷങ്ങളിലേ ഈ കഥയുള്ളൂ (മത്താ.9:32-33, ലൂക്കൊ.11:14-15). പരാമർശാത്മക (Referential) സ്വഭാവം മാത്രമുള്ള കഥയാണിത്. ആഖ്യാനാത്മകത (Narrativeness) അല്പവും ഇല്ല. മത്തായി ഈ സംഭവം രണ്ടു പ്രാവശ്യം രേഖപ്പെടുത്തുന്നു (മത്താ.12:22-32). മത്തായിയുടെ സുവിശേഷത്തിന്റെ രചനാപരമായ സവിശേഷതയാണ് സംഭവങ്ങളുടെ ഇരട്ടിപ്പ് (Doubling). കഥയുടെ ആവർത്തനത്തിലൂടെ മത്തായി മറ്റൊരു വ്യവഹാരത്തിന് വഴിതുറക്കുകയാണ്. യേശു ഭൂതങ്ങളുടെ തലവനായ ബെയെത്സെബൂലിനെക്കൊണ്ടാണ് ഭൂതങ്ങളെ പുറത്താക്കുന്നത് എന്ന പരീശന്മാരുടെ ആക്ഷേപത്തെ ഖണ്ഡിക്കാൻ ഉതകുന്ന വേദഖണ്ഡ (Pericope) മായി അതു മാറുന്നു. ലൂക്കൊസ് കഥാഭാഗം വിശദമായി രേഖപ്പെടുത്താതെതന്നെ ഒരു അത്ഭുതപരാമർശത്തിന് അനുബന്ധമായി ബെയെത്സെബൂലിനെപ്പറ്റി സംവാദം നടത്തിയിരിക്കുന്നു. യേശുവിന്റെ അത്ഭുതപ്രവർത്തനത്തെപ്പറ്റി ഒരു സംവാദം നടക്കുന്നു എന്നത് ഇതിന്റെ ആവിഷ്കാരവ്യതിരിക്തതയാണ്. പ്രസ്തുത സംവാദത്തിലേക്കു വായനക്കാരെ എത്തിക്കാനുള്ള സൂചികയായി ഇവിടെ രോഗസൗഖ്യം മാറുന്നു. ലൂക്കൊസിന്റെ സുവിശേഷത്തിലാണ് സംവാദം വിശദമായിട്ടുള്ളത്. ദൈവരാജ്യസന്ദേശം ബോധ്യപ്പെടുത്തുവാൻ ഈ അവതരണം ഉതകുന്നു.

''എന്നാൽ ദൈവത്തിന്റെ ശക്തികൊണ്ട് ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു സ്പഷ്ടം'' (ലൂക്കൊ.11:20).

ദൈവരാജ്യം എന്ന പ്രയോഗം ആഖ്യാതാവ് ഈ അത്ഭുതകഥയിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നു.

**5.3.4. അന്ധനും ബധിരനുമായ പിശാചുബാധിതൻ**

'അനന്തരം ചിലർ കുരുടനും ഊമനുമായൊരു ഭൂതഗ്രസ്തനെ അവന്റെ അടുക്കൽ കൊണ്ടുവന്നു; ഊമൻ സംസാരിക്കയും കാൺകയും ചെയ്‌വാൻ തക്കവണ്ണം അവൻ അവനെ സൗഖ്യമാക്കി. പുരുഷാരമൊക്കെയും വിസ്മയിച്ചു'

എല്ലാ സമാന്തരസുവിശേഷങ്ങളിലും ഇക്കഥയുണ്ട് (മത്താ.12:22, മർക്കൊ.3:20-30 ലൂക്കൊ.11:14). ആഖ്യാനപരമായ അനന്യത ഒന്നുമില്ലാത്ത സൗഖ്യവിവരണമാണിത്. സംഭവങ്ങളുടെ പരസ്പരബന്ധം, കാലപരമായ ബന്ധം എന്നിവയുള്ളതിനാൽ അനാഖ്യാനം (Non-Narrative) ആകുന്നതുമില്ല. പക്ഷേ കഥാത്മകത തികച്ചും അന്യംതന്നെ. ഇത്തരം പരാമർശാത്മക (Referential) സ്വഭാവമുള്ള കഥകൾ മൂന്നെണ്ണമേ സുവിശേഷങ്ങളിലുള്ളൂ. മറ്റുള്ള അത്ഭുതവിവരണങ്ങളും ഇതുപോലെയായിരുന്നെങ്കിൽ എന്നു ചിന്തിക്കുന്നതു നല്ലതുതന്നെ. എന്നാൽ ഭൂരിഭാഗം കഥകളും ഇത്തരത്തിലുള്ളതല്ലെന്നും ചെറിയതോതിലുള്ള ആഖ്യാനവൈവിദ്ധ്യംകൊണ്ടാണ് അവ പാരായണവിരസത ഉണ്ടാക്കാത്തതെന്നും കാണാം. മർക്കൊസിന്റെ സുവിശേഷത്തിൽ സൗഖ്യപരാമർശം ഇല്ല. എന്നാൽ മുമ്പുപറഞ്ഞ കഥയിൽ സൂചിപ്പിച്ച ബെയെസെബൂലിനെപ്പറ്റിയുള്ള സംവാദം ഉൾപ്പെടുത്തിയിട്ടുണ്ട്.

**5.3.5. കനാന്യസ്ത്രീയുടെ ഭൂതബാധിതയായ മകൾ**

രണ്ടു സുവിശേഷങ്ങളിൽ മാത്രമുള്ള കഥയാണിത് (മത്താ.15:21-31, മർക്കൊ.7:24 -30). ഒരാളുടെ നിർബന്ധത്തിനു വഴങ്ങിയാണ് യേശു ഇതു ചെയ്യുന്നത്. രോഗിയുടെ അസാന്നിദ്ധ്യത്തിലാണ് സൗഖ്യം നടക്കുന്നത്. ഇവയെല്ലാം ആഖ്യാനവൈവിദ്ധ്യത്തിനു കാരണമാകുന്നു. കനാന്യസ്ത്രീയുടെ അപേക്ഷ യേശു ആദ്യം നിരസിക്കുന്നതും ഇക്കഥയെ വ്യത്യസ്തമാക്കുന്നു.

''മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നതു നന്നല്ല'' എന്ന് അമ്മയോട് വ്യംഗ്യരൂപത്തിൽ യേശു സംസാരിക്കുന്നതും ഇതരകഥകളിലില്ലാത്ത പ്രത്യേകതതന്നെ (മത്താ.15:26, മർക്കൊ.7:27). യേശുവിന്റെ ഇത്തരത്തിലുള്ള ഇടപെടലിന് അതേ നിലയിൽത്തന്നെ കനാന്യസ്ത്രീ മറുപടി കൊടുക്കുന്നത് കഥയിലെ കൗതുകമുള്ള രംഗമാണ്. ''അതേ കർത്താവേ, നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽനിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ'' (മത്താ.15:27, മർക്കൊ.7:28). രോഗസൗഖ്യത്തിനുവേണ്ടി യേശുവിനോട് ന്യായം പറയുകയും അതിലൂടെ കാര്യം സാധിക്കുകയും ചെയ്യുന്ന വിട്ടു

കൊടുക്കാത്ത പ്രകൃതം ഈ സ്ത്രീയിൽ കാണാം. ആവശ്യക്കാരന്റെ വിശ്വാസമാണ് അത്ഭുതത്തിനുവേണ്ടതെന്ന് ഈ സംഭവത്തിലും ആഖ്യാനകാരന്മാർ കൂട്ടിച്ചേർക്കുന്നു.

യേശുവിന്റെ അവതാരസംബന്ധമായ ഒരു കാര്യം ഇവിടെ സാന്ദർഭികമായി വരുന്നുണ്ട്. യഹൂദന്മാരെ വീണ്ടെടുക്കുക എന്നതായിരുന്നു യേശുവിന്റെ അവതാരലക്ഷ്യം. വിജാതീയയായതിനാലാണ് യേശു കനാന്യസ്ത്രീയുടെ അപേക്ഷ ആദ്യം നിരസിച്ചത്. ''അവൻ സ്വന്തത്തിലേക്കു വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല'' എന്ന സൂക്തത്തിൽ ഇത് സൂചിപ്പിച്ചിരിക്കുന്നു (യോഹ.1:11). 'മുന്തിരിത്തോട്ടത്തിലെ കുടിയാന്മാർ' എന്ന ഉപമയിൽ യേശുവിന്റെ അവതാരം യഹൂദന്മാരെ വീണ്ടെടുക്കാൻ ആയിരുന്നുവെന്നു ദൃഷ്ടാന്തവത്കരിച്ചിട്ടുണ്ട് (മത്താ.21:33-44). ''അതുകൊണ്ട് ദൈവരാജ്യം നിങ്ങളുടെ പക്കൽനിന്ന് എടുത്ത് അതിന്റെ ഫലം കൊടുക്കുന്ന ജാതിക്കുകൊടുക്കും'' എന്ന് യേശു നേരേപറയുകയും ചെയ്യുന്നു (മത്താ.21:43). 'മക്കളുടെ അപ്പം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് യഹൂദന്മാർക്കുള്ള അനുഗ്രഹങ്ങളും അവകാശങ്ങളുമാണ്. യേശുവിലൂടെയുള്ള രക്ഷ തിരസ്കരിച്ച ചരിത്രമാണ് യഹൂദന്റേതെന്നു ബൈബിൾ തെളിവുതരുന്നു.

**5.3.6. ചന്ദ്രരോഗം**

സമാന്തരസുവിശേഷങ്ങളിലെല്ലാം ഇക്കഥയുണ്ട് (മത്താ.17:14-21, മർക്കൊ. 9:14-29, ലൂക്കൊ. 9:37-43). അപസ്മാരത്തിന്റെ സത്യവേദപുസ്തകപദമാണ് ചന്ദ്രരോഗം. മത്തായിയുടെ സുവിശേഷത്തിൽ മാത്രമേ ഈ വാക്കുള്ളൂ. സൗഖ്യദായകത്വത്തെക്കാൾ ഈ കഥയിൽ വായനക്കാരുടെ ശ്രദ്ധ തങ്ങിനിൽക്കുന്നതും പ്രാധാന്യമുള്ളതും ഇവിടെ ആവിഷ്കരിക്കപ്പെടുന്ന സംവാദമാണ്. ചന്ദ്രരോഗിയെ യേശുവിന്റെ ശിഷ്യന്മാരുടെ അടുക്കൽ കൊണ്ടുവന്നെങ്കിലും അവർക്കു രോഗം സൗഖ്യമാക്കാനായില്ല. അതറിഞ്ഞ യേശു ശിഷ്യന്മാരുടെ അവിശ്വാസത്തെ അപലപിക്കുന്നു. അതിനുശേഷം രോഗിയിലെ ഭൂതത്തെ ശാസിച്ച് സൗഖ്യം കൊടുക്കുന്നു. ശിഷ്യന്മാർ തങ്ങൾക്ക് എന്തുകൊണ്ടാണ് രോഗശാന്തി ചെയ്യാൻ കഴിയാഞ്ഞത് എന്നു പിന്നീട് ചോദിക്കുന്നു. അതിനു യേശു കൊടുക്കുന്ന മറുപടി ഒരു വ്യക്തിയുടെ കഴിവല്ല അത്ഭുതത്തിനു നിദാനം എന്നു വെളിപ്പെടുത്തുന്നു.

ബൈബിളിൽ തുടരെത്തുടരെ വ്യക്തമാക്കുന്ന കാര്യമാണ് വിശ്വാസത്തിന്റെ ശക്തി. ഒരു വ്യക്തിയുടെ ശക്തിയല്ല വിശ്വാസത്തിന്റെ പ്രതിഫലനമാണ് അത്ഭുതങ്ങൾ. അത് ആർക്കും കൈവരിക്കാവുന്ന ഒന്നാണെന്ന് യേശു ഇവിടെ പരസ്യപ്പെടുത്തുന്നു. ബൈബിൾ സംവേദനംചെയ്യുന്ന പ്രധാന ആശയസംഹിതകളിൽ ഒന്ന് വിശ്വാസത്തിന്റെ പ്രചാരണം ആകുന്നു. യോഹന്നാന്റെ കൃതിയുടെ രചനാലക്ഷ്യം തന്നെ വായനക്കാരിൽ വിശ്വാസം ഉണ്ടാക്കിയെടുക്കലാണെന്ന് ഉപസംഹാരത്തിൽ പറയുന്നുണ്ട്. വിശ്വസിക്കുന്നവർക്ക് സകലവും സാദ്ധ്യമെന്നും ജീവിതത്തിൽ മനുഷ്യൻ നേടേണ്ട അവശ്യവസ്തുത അതാണെന്നും ബൈബിൾ പലതവണ പറഞ്ഞുറപ്പിക്കുന്നു. അതിനാൽത്തന്നെ ഇക്കഥ വിശ്വാസവും അത്ഭുതവും തമ്മിലുള്ള ബന്ധം അനുവാചകരെ ഗ്രഹിപ്പിക്കുവാനുള്ള മാധ്യമമായിത്തീരുന്നു.

മർക്കൊസും ലൂക്കൊസും ഇക്കഥ അല്പം വേറിട്ടരീതിയിലാണ് ആവിഷ്കരിച്ചിരിക്കുന്നത്. 'ഊമനായ ആത്മാവുള്ള എന്റെ മകൻ' എന്നാണ് മർക്കൊസ് ചന്ദ്രരോഗിയെപ്പറ്റി പരാമർശിക്കുന്നത്. ഊമനായ ആത്മാവിന്റെ പ്രവൃത്തികൾ ഭയജനകമായിത്തന്നെ അവതരിപ്പിക്കുന്നു. ''അത് അവനെ എവിടെവച്ചു പിടിച്ചാലും അവനെ തള്ളിയിടുന്നു; പിന്നെ അവൻ നുരച്ചു പല്ലുകടിച്ചു വരണ്ടുപോകുന്നു'' (മർക്കൊ.9:18). ദുരാത്മാവു ബാധയിൽ വലയുന്ന വ്യക്തിയോട് ആർക്കും അനുകമ്പ തോന്നുന്ന വിധമാണ് മർക്കൊസിന്റെ ചിത്രീകരണം. യേശു രോഗിയുടെ പിതാവിനോട് ഈ രോഗം അവനെ ബാധിച്ചിട്ട് എത്ര കാലമായി എന്നു ചോദിക്കുന്നു. പ്രശ്നം പെട്ടെന്നു പരിഹരിച്ചുവിടുക എന്നതിനെക്കാൾ പ്രശ്നത്തിന്റെ കാഠിന്യവും മറ്റു സ്വഭാവങ്ങളും കൂടുതലായി ചോദിച്ചറിയുന്ന യേശുവിൽ ഒരു യഥാർത്ഥ ഗുരുവിന്റെ ആളത്തം കാണാം. രോഗിയുടെ പിതാവിന്റെ മറുപടി വായനക്കാരിൽ അനുകമ്പ ജനിപ്പിക്കുന്ന തരത്തിലുള്ളതാണ്.

''ചെറുപ്പം മുതൽ തന്നേ. അത് അവനെ നശിപ്പിക്കേണ്ടതിനു പലപ്പോഴും തീയിലും വെള്ളത്തിലും തള്ളിയിട്ടിട്ടുണ്ട്'' (മർക്കൊ.9:22).

രോഗികളുടെ പ്രശ്നങ്ങൾ പുതിയനിയമത്തിന്റെ ഏടുകളിൽ ഒട്ടേറെയുണ്ടെങ്കിലും അവയിൽവച്ച് വായനക്കാർക്ക് ഏറെ മനോവേദന ഉണ്ടാക്കുന്ന രംഗങ്ങളിൽ ഒന്നായി ഈ സന്ദർഭം മാറിയിരിക്കുന്നു. ചന്ദ്രരോഗം ബാധിച്ചവനോട് വ്യക്തിപരമായി ഒരു അനുതാപവും അവന്റെ പ്രശ്നതീവ്രത സ്വന്തം അവസ്ഥയായിത്തോന്നുന്നതുമായ നില വായനക്കാർക്കുണ്ടാവുന്നവിധമുള്ള വിവരണവിദ്യയാണ് സുവിശേഷകർ സ്വീകരിച്ചിരിക്കുന്നത്.

ചില അധികവിവരങ്ങൾ മർക്കൊസ് ഇതിനെപ്പറ്റി നൽകുന്നു. അത് രോഗി യേശുവിനെ കണ്ടയുടൻ ദുരാത്മാവ് അവനോടു ചെയ്യുന്നതാണ്. മറ്റു സുവിശേഷകർ ഇതു രേഖപ്പെടുത്തിയിട്ടില്ല.

''അവനെ കണ്ടയുടനെ ആത്മാവ് അവനെ ഇഴച്ചു, അവൻ നിലത്തുവീണു നുരച്ചുരുണ്ടു'' (മർക്കൊ.9:20).

ശിഷ്യന്മാർ യേശുവിന്റെ അടുക്കലെത്തി തങ്ങൾക്ക് അശുദ്ധാത്മാവിനെ പുറത്താക്കുവാൻ കഴിയാഞ്ഞതെന്ത് എന്നു ചോദിക്കുന്ന രംഗം സമവീക്ഷണസുവിശേഷകരിൽ ലൂക്കൊസ് മാത്രം വിവരിക്കുന്നില്ല.

അശുദ്ധാത്മാവു ബാധിച്ച ബാലനെ സൗഖ്യമാക്കിയശേഷം അവനെ അപ്പന് ഏൽപിച്ചുകൊടുത്തു എന്നാണ് എഴുതിയിരിക്കുന്നത് (ലൂക്കൊ.9:42). മത്തായിയും ലൂക്കൊസും നൽകാത്തതും മർക്കൊസ് നൽകുന്നതുമായ മറ്റൊരു കാര്യം അതിലൊന്ന് യേശു രോഗിയെ കാണുമ്പോൾ അവന്റെ പിതാവിനോട് 'ഇതു അവന് സംഭവിച്ചിട്ട് എത്ര കാലമായി' എന്നു ചോദിക്കുന്നതാണ്. ഒരു അടിസ്ഥാനകഥ എങ്ങനെ വ്യവഹാരത്തിൽ

വേറിട്ട് അവതരിപ്പിക്കപ്പെടുന്നു എന്നതിന്റെ ഉദാഹരണങ്ങളാണ് ഇത്തരം ആവിഷ്കാര ഭേദങ്ങൾ.

### 5.3.7. കൂനി

ഒരു സുവിശേഷത്തിൽ മാത്രമേ ഇക്കഥയുള്ളൂ (ലൂക്കൊ 13:10-17). പ്രശ്നത്തിന്റെ കാഠിന്യം മുതലായവ മറ്റ് അത്ഭുതാഖ്യാനങ്ങളിലെപ്പോലെതന്നെ പറഞ്ഞിരിക്കുന്നു. രോഗം 18 വർഷമായി തുടരുന്നതാണെന്നും ഒട്ടും നിവരുവാൻ കഴിയാത്ത തരത്തിലുള്ള കൂനാണെന്നും തുടക്കത്തിലേ സൂചിപ്പിക്കുന്നു. ആ വ്യക്തിക്ക് ഒരു അത്ഭുതസൗഖ്യം അനിവാര്യമായിരുന്നുവെന്നും യേശുവിന്റെ പ്രശസ്തിക്കോ ജനത്തെ ആകർഷിക്കാനോ ആയിരുന്നില്ല ഈ കൃത്യം ചെയ്തതെന്നും വ്യക്തമാക്കാനാണ് ഇത്രയും വിവരങ്ങൾ ലൂക്കൊസ് നൽകുന്നത്. അനുവാചകർക്കു പ്രശ്നത്തെക്കുറിച്ചു മനസ്സിലാക്കുവാൻ അവശ്യംവേണ്ട വസ്തുതകൾ മാത്രം ഉൾപ്പെടുത്തുന്ന പതിവുവിവരണരീതി ഇവിടെയും കാണാം. ആരെങ്കിലും അപേക്ഷിച്ചതുകൊണ്ടല്ല യേശു സൗഖ്യം നൽകിയത്. യേശു സ്വയം അവളുടെ പ്രശ്നം മനസ്സിലാക്കി ഇടപെടുന്നു എന്ന അസാധാരണത്വം ഇക്കഥയ്ക്കുണ്ട്. പരപ്രേരണയില്ലാതെ യേശു ഒരു വ്യക്തിയെ രക്ഷിക്കുന്ന സംഭവങ്ങളിൽ ഒന്നാണിത്.

ശബ്ബത്തുനാളിലാണ് യേശു ഈ അത്ഭുതം ചെയ്തത്. അതുകൊണ്ട് ഒരു വിവാദത്തിലേക്കു ഈ വിഷയം ചെന്നെത്തുന്നു. ശബ്ബത്തിൽ സൗഖ്യമാക്കിയതിന് യേശുവിനെ പള്ളിപ്രമാണി കുറ്റപ്പെടുത്തുന്നു. പള്ളിപ്രമാണി നേരിട്ടല്ല ഇതു ചെയ്യുന്നത്. അയാൾ പുരുഷാരത്തോടു നീരസപ്പെട്ടു എന്നാണ് ലൂക്കൊസ് പറയുന്നത്. എന്നാൽ യേശു കാര്യം മനസ്സിലാക്കി പള്ളിപ്രമാണിയോടുതന്നെ മറുപടി പറയുന്നു. ''കപടഭക്തിക്കാരേ, നിങ്ങളിൽ ഓരോരുത്തൻ ശബ്ബത്തിൽ തന്റെ കാളയെയോ കഴുതയെയോ തൊട്ടിയിൽനിന്ന് അഴിച്ചുകൊണ്ടുപോയി വെള്ളം കുടിപ്പിക്കുന്നില്ലയോ? എന്നാൽ സാത്താൻ പതിനെട്ടു സംവത്സരമായി ബന്ധിച്ചിരുന്ന അബ്രാഹാമിന്റെ മകളായ ഇവളെ ശബ്ബത്തുനാളിൽ ഈ ബന്ധനം അഴിച്ചുവിടേണ്ടതല്ലയോ എന്ന് ഉത്തരം പറഞ്ഞു'' (13:15-16). 'അബ്രാഹാമിന്റെ മകൾ' എന്നു ഒരാളെ മാത്രമേ യേശു വിളിക്കുന്നുള്ളൂ; അത് ഈ കൂനിയെയാണ്. കഥകളിൽ വരുന്ന സംബോധന അക്കഥയുടെ രചനാമൂല്യം കൂട്ടുന്നു. മറ്റൊരിടത്ത് അബ്രഹാമിന്റെ മകൻ എന്ന് യേശു സക്കായിയെ വിളിക്കുന്നുണ്ട്. ഇതു രണ്ടും ലൂക്കൊസിന്റെ ആഖ്യാനസംഭാവനയാണ്.

യഹൂദർ അവരുടെ മതകല്പനകൾ അണുവിട തെറ്റാതെ പാലിക്കുന്നതിൽ നിഷ്കർഷ പുലർത്തുന്നു. എന്നാൽ അസംഖ്യം അശരണരും അവശത അനുഭവിക്കുന്നവരും ആ വംശത്തിലുണ്ടെന്നും അവരും അബ്രാഹാമ്യപൈതൃകത്തിന്റെ ഭാഗമാണെന്നും അത്തരക്കാർക്ക് കൂടി മോചനമുണ്ടായാലേ തന്റെ രക്ഷാപദ്ധതി പൂർത്തിയാകൂ എന്നും മതഭക്തി ബാധിച്ച സമൂഹത്തെ ശബ്ബത്തുലംഘനത്തിലൂടെ യേശു ബോധ്യപ്പെടുത്തുന്നു. ലൂക്കൊസ് പിന്നീടെഴുതുന്ന വാക്യം വളരെ ശക്തവും മതനിയമം അക്ഷരാർത്ഥത്തിൽ

പാലിച്ചു തൃപ്തിപ്പെടുന്നവരെ അപഹസിക്കുന്നതുമാണ്. ''അവൻ ഇതു പറഞ്ഞപ്പോൾ അവന്റെ വിരോധികൾ എല്ലാവരും നാണിച്ചു'' (13:17).

### 5.4. പുനരുത്ഥാനം

മരിച്ചവർക്കു ജീവൻ തിരിച്ചു കിട്ടുന്ന പ്രക്രിയയാണിത്. ബൈബിളിൽ ഇത്തരം അത്ഭുതങ്ങൾ കുറവാണ്. പഴയനിയമത്തിൽ സാരെഫാത്തിലെ വിധവയുടെ മകനെ ഏലിയാവ് ഉയിർപ്പിക്കുന്നതാണ് ബൈബിളിൽ ഇത്തരത്തിലുള്ള ആദ്യസംഭവം (1 രാജാ. 17:17-24). മരിച്ച മൂന്ന് പേരെ യേശു ഉയിർപ്പിച്ച വിവരം സുവിശേഷങ്ങളിൽ കൊടുത്തിട്ടു ണ്ട്.

#### 5.4.1. നയിനിലെ വിധവയുടെ മകൻ

ലൂക്കൊസ് മാത്രമേ ഈ അത്ഭുതം എഴുതുന്നുള്ളൂ (7:11-17). നയിനിലെ വിധവ യുടെ ഏകമകനെ അവൾ ആവശ്യപ്പെടാതെതന്നെ യേശു ഉയിർപ്പിക്കുന്നു.

''അവൻ പട്ടണത്തിന്റെ വാതിലിനോട് അടുത്തപ്പോൾ മരിച്ചുപോയ ഒരുത്തനെ പുറത്തുകൊണ്ടുവരുന്നു. അവൻ അമ്മയ്ക്ക് ഏകജാതനായ മകൻ; അവളോ വിധവയായി രുന്നു'' (7:12).

ഈ അത്ഭുതത്തിന്റെ അവതരണക്രമം ശ്രദ്ധിക്കേണ്ടതുതന്നെ. ആദ്യം തന്നെ യേശു മരിച്ചവനെ ഉയിർപ്പിക്കുകയല്ല ചെയ്യുന്നത്.

''അവളെ കണ്ടിട്ട് കർത്താവ് മനസ്സലിഞ്ഞ് അവളോട്: കരയേണ്ട എന്നു പറഞ്ഞു'' (7:13).

ദു:ഖമനുഭവിക്കുന്നവളെ ആശ്വസിപ്പിക്കുന്നതിൽ യേശുവിനുള്ള താത്പര്യമാണ് ആഖ്യാനകാരൻ ആദ്യം ചിത്രീകരിക്കുന്നത്. അവന്റെ മഞ്ചം തൊട്ടു സൗഖ്യമാക്കിയ ശേഷം

''അവൻ അവനെ അമ്മയ്ക്ക് ഏൽപ്പിച്ചുകൊടുത്തു'' (7:15).

അത്ഭുതത്തിലൂടെ ആളുകളെ ആശ്ചര്യഭരിതരാക്കുകയല്ല അനാഥയെ സനാഥയാ ക്കുക എന്ന ലക്ഷ്യമായിരുന്നു യേശുവിനുണ്ടായിരുന്നതെന്ന് ഈ ഭാഗം വ്യക്തമാക്കുന്നു. അസാധാരണവും ഗൗരവതരവുമായ അത്ഭുതമായിരുന്നു ഇതെന്നു വെളിപ്പെടുത്തുവാൻ ഉയിർപ്പിച്ചശേഷവും വിവരണം തുടരുന്നു. വലിയ അത്ഭുതത്തിനു ചേർന്നതരത്തിൽ വിവിധയിനം പ്രതികരണങ്ങൾ സംഭവശേഷം ഉണ്ടായതായി ലൂക്കൊസ് എഴുതുന്നു.

''എല്ലാവർക്കും ഭയം പിടിച്ചു.

ഒരു വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ എഴുന്നേറ്റിരിക്കുന്നു.

ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു എന്നു പറഞ്ഞു ദൈവത്തെ മഹത്ത്വീകരിച്ചു.

അവനെക്കുറിച്ചുള്ള ഈ ശ്രുതി യെഹൂദ്യയിലൊക്കെയും ചുറ്റുമുള്ള നാടെങ്ങും പരന്നു'' (7:16-17). ഇക്കാര്യങ്ങൾകൂടി ആഖ്യാനത്തിൽ ഉൾപ്പെടുത്തുന്നു.

**5.4.2. യായീറൊസിന്റെ മകൾ**

എല്ലാ സമാന്തരസുവിശേഷങ്ങളിലും ഇക്കഥയുണ്ട് (മത്താ.9:20-22, മർക്കൊ.5:25-34, ലൂക്കൊ.8:43-48). യായീറൊസിന്റെ മകളെ ഉയിർപ്പിക്കുന്ന സംഭവത്തിന് ആവിഷ്കാരപരമായ നവീനതയുണ്ട്. മൂന്നു സുവിശേഷങ്ങളിലെ രചനാരീതിയിലും ഏറെ സമാനതകൾ കാണാം. യായീറൊസിന്റെ മകളെ ഉയിർപ്പിക്കാൻ പോകുന്ന വേളയിലാണ് രക്തസ്രാവക്കാരിയുടെ സൗഖ്യവും സംഭവിക്കുന്നത്. മുഖ്യമായ ഒരു ആഖ്യാനത്തിനിടയിൽ മറ്റൊന്നുകൂടി ചേർത്തിരിക്കുന്നു എന്ന രചനാകൗശലം ഇവിടെ കാണാം. ഒരേ രചനാഖണ്ഡത്തിൽ രണ്ടത്ഭുതങ്ങളുടെ അവതരണം സുവിശേഷത്തിൽ മറ്റൊരിടത്തുമില്ല.

മത്തായി യായീറൊസിന്റെ പേരു പറയുന്നില്ല. ഒരു പ്രമാണി എന്നാണ് മത്തായിയുടെ പ്രയോഗം. മകൾ മരിച്ചുപോയി എന്നും മത്തായി എഴുതിയിരിക്കുന്നു. മറ്റു രണ്ടു സുവിശേഷങ്ങളിലും യായീറൊസിന്റെ മകൾ മരണാസന്നയായിരിക്കുന്നു എന്നാണ് പരാമർശം. ആ വീട്ടിലേക്കുള്ള യേശുവിന്റെ യാത്രാമദ്ധ്യേയാണ് മകൾ മരിച്ച കാര്യം ഭൃത്യന്മാർ അറിയിക്കുന്നത്.

ഈ സംഭവം മർക്കൊസും ലൂക്കൊസും സമാനമായാണ് പ്രതിപാദിച്ചിരിക്കുന്നത്. മകളെ സൗഖ്യമാക്കാൻ മുറിക്കകത്ത് കടന്നവരുടെ പേര് മർക്കൊസും ലൂക്കൊസും എഴുതുന്നുണ്ട്. പത്രൊസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ തന്നോടൊപ്പം അകത്തുകടക്കാൻ യേശു അനുവദിച്ചു എന്ന് അവർ രേഖപ്പെടുത്തുന്നു. 'ബാലേ എഴുന്നേൽക്ക' എന്ന് യേശു പറഞ്ഞതായി മാത്രമേ മത്തായിയും ലൂക്കൊസും സൂചിപ്പിക്കുന്നുള്ളൂ. ബാലേ എഴുന്നേൽക്ക എന്നർത്ഥമുള്ള 'തലീഥാ കൂമി' എന്ന് യേശു പറഞ്ഞെന്നു മർക്കൊസ് വ്യക്തമാക്കുന്നു. സവിശേഷസാഹചര്യങ്ങളിൽ അരാമ്യവാക്കുകൾ പ്രയോഗിക്കുന്നത് മർക്കൊസിന്റെ രചനാമുദ്രകളിലൊന്നാണെന്ന് മുമ്പു സൂചിപ്പിച്ചിട്ടുണ്ട്. ബാലികയ്ക്കു പന്ത്രണ്ടു വയസ്സുണ്ടായിരുന്നു എന്നു കൃത്യമായി രേഖപ്പെടുത്തുന്നതും മർക്കൊസ് തന്നെ. ജീവൻ തിരിച്ചുകിട്ടിയ ബാലികയ്ക്ക് ഭക്ഷണം കൊടുക്കണമെന്ന് യേശു പറഞ്ഞ കാര്യം മർക്കൊസും ലൂക്കൊസും രേഖപ്പെടുത്തുന്നു. ചെറിയ കാര്യങ്ങളിൽപോലും യേശു ശ്രദ്ധാലുവായിരുന്നെന്നു ഇതു കാണിക്കുന്നു. സംഭവിച്ചത് രഹസ്യമാക്കിവെക്കണം എന്ന് യേശു പറഞ്ഞതും മർക്കൊസും ലൂക്കൊസും എടുത്തുപറയുന്നുണ്ട്. പ്രശസ്തിയോടു മുഖംതിരിച്ചു നിൽക്കുന്ന യേശുവിന്റെ മനോഭാവമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

വളരെ ചുരുക്കിയാണ് മത്തായി ഇക്കഥ പറയുന്നത്. എന്നാൽ ഏറ്റവും ചെറിയ സുവിശേഷത്തിനുടമയായ മർക്കൊസ് ഈ സംഭവം ചുരുക്കിയല്ല പ്രതിപാദിക്കുന്നത്. മത്തായിയും മർക്കൊസും യായീറൊസിന്റെ സംഭാഷണം അതേപടി അവതരിപ്പിക്കുന്നുണ്ട്. എന്നാൽ ലൂക്കൊസ് അന്വാഖ്യാനരൂപത്തിലാണ് യായീറൊസിന്റെ വാക്കുകൾ കൊടുത്തിരിക്കുന്നത്. യായീറൊസിന്റെ മകൾക്ക് സൗഖ്യമാക്കിയശേഷം ഉത്തരവാദിത്വം കൊടുക്കുന്നില്ല. അവൾക്കു ഭക്ഷണം നൽകുവാനാണ് യേശു ആവശ്യപ്പെടുന്നത്.

യേശു ഉയിർപ്പിച്ച സംഭവങ്ങളിലെല്ലാം സ്ത്രീസാന്നിധ്യം ഉണ്ടായിരുന്നു. അതിൽ ഒന്ന് ഒരു പെൺകുട്ടിയുടേതായിരുന്നു: യായീറൊസിന്റെ മകൾ. മറ്റു രണ്ടിടത്തും സ്ത്രീകൾക്കായിട്ടാണ് യേശു ഉയിർപ്പിക്കൽ നിർവഹിച്ചത്: നയിനിലെ വിധവ, ലാസറിന്റെ രണ്ടു സഹോദരിമാർ (ലൂക്കൊ.7:11-16, യോഹ.11:1-44). യായീറൊസിന്റെ മകളെയും ലാസറിനെയും ഉയിർപ്പിച്ച സംഭവത്തിൽനിന്നു വ്യത്യസ്തമായി ഇവിടെ ഉയിർപ്പിക്കപ്പെട്ടയാളുടെയോ ബന്ധുക്കളുടെയോ പേരു സൂചിപ്പിക്കുന്നില്ല. എന്നാൽ ഉയിർപ്പ് ആഗ്രഹിച്ച വ്യക്തിയുടെ ജീവിതാവസ്ഥ വ്യക്തമാക്കുന്നു. അവളുടെ വൈധവ്യത്തെ എടുത്തുകാട്ടുന്ന വിധത്തിലാണ് ആഖ്യാനം നിർവഹിച്ചിരിക്കുന്നത്.

വിധവകളുടെ പ്രശ്നങ്ങൾക്ക് വലിയ പ്രാധാന്യം കൊടുക്കുന്ന രചനാസമ്പ്രദായമാണ് ബൈബിളിൽ ഉടനീളമുള്ളത്. പഴയനിയമത്തിലെ രാജാക്കന്മാരുടെ പുസ്തകത്തിൽ ഏലീയാവും ഏലീശായും വിധവയുടെ മരിച്ച മകനെ ഉയിർപ്പിക്കുന്ന സംഭവമുണ്ട് (1 രാജാ.17:17-24, 2 രാജാ.4:28-35). ആ വേദപുസ്തകപാരമ്പര്യം പുതിയനിയമത്തിലും തുടരുന്നുവെന്ന് ഈ കഥകൾ തെളിയിക്കുന്നു. മാത്രമല്ല യേശുക്രിസ്തു സാരെഫാത്തിലെ വിധവയെ പ്രശംസിക്കുന്ന ഭാഗം പുതിയനിയമത്തിലുണ്ട് (ലൂക്കൊ.4:26). സ്ത്രീകളെയും വിധവമാരെയും പുതിയനിയമത്തിൽ വളരെ പ്രാധാന്യത്തോടെ അവതരിപ്പിക്കുന്നു. രണ്ടു കാശ് കാണിക്കയർപ്പിച്ച വിധവയെ യേശു പ്രശംസിക്കുകയും ഇല്ലായ്മയിൽനിന്ന് അവൾ കൊടുത്തതാണ് മറ്റുള്ളവർ സമൃദ്ധിയിൽനിന്നു കൊടുത്തതിനെക്കാൾ മഹത്തരമെന്നു പറയുകയും ചെയ്യുന്നുണ്ട്. മടുത്തുപോകാതെ പ്രാർത്ഥിക്കണമെന്നതിന് യേശു ഉദാഹരിക്കുന്നതും ഒരു വിധവയുടെ പ്രാർത്ഥനയാണ് (ലൂക്കൊ.18:1-8). അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽച്ചെന്നു കാണുന്നതാണ് വേദപുസ്തകം ആവശ്യപ്പെടുന്ന യഥാർത്ഥഭക്തി (യാക്കോ.1:27).

**5.4.3. ലാസർ**

ഒരു സുവിശേഷത്തിൽ മാത്രമേ ഇക്കഥയുള്ളൂ (യോഹ.11:1-46). മാർത്തയുടെയും മറിയയുടെയും സഹോദരനായ ലാസർ മരിച്ചു നാലുനാൾ കഴിഞ്ഞ് യേശു അവനെ ഉയിർപ്പിക്കുന്നു. അടയാളങ്ങൾ വളരെക്കുറച്ചു മാത്രമുള്ള യോഹന്നാന്റെ സുവിശേഷത്തിലാണ് ഇക്കഥ പറഞ്ഞിരിക്കുന്നത്. സുദീർഘമായ ആഖ്യാനമാകുന്നു യോഹന്നാൻ നിർവഹിച്ചിരിക്കുന്നത്. സുവിശേഷങ്ങളിലെ ദീർഘമായ അത്ഭുതാഖ്യാനങ്ങളിൽ രണ്ടും

യോഹന്നാന്റെ വകയാണ്. മറ്റൊന്ന് പിറവിക്കുരുടന്റേതാണ്. ഘട്ടം ഘട്ടമായുള്ള വിവരണ രീതി സ്വീകരിച്ചിരിക്കുന്ന ഇക്കഥ ആദ്യന്തം ഉദ്വേഗം നിറഞ്ഞതാണ്.

ഒട്ടേറെ ആവിഷ്കാരമേന്മകളുള്ളതാണ് ലാസറിന്റെ ഉയിർപ്പ്. ഉയിർപ്പിക്കപ്പെട്ട വ്യക്തിയുടെ പശ്ചാത്തലം വിശദമായിത്തന്നെ യോഹന്നാൻ കൊടുക്കുന്നു. ആഖ്യാനസ്ഥലം, മുഖ്യകഥാപാത്രം, മുഖ്യകഥാപാത്രത്തിന്റെ രണ്ടു സഹോദരിമാർ എന്നിവരുടെ പേരുകൾ തുടക്കത്തിൽത്തന്നെ പറയുന്നു. ലാസറിന്റെ സഹോദരിമാർക്കു പ്രാധാന്യം കിട്ടുന്ന ആഖ്യാനവ്യവസ്ഥയാണ് യോഹന്നാൻ പിന്തുടരുന്നത്.

''മറിയയുടെയും മാർത്തയുടെയും ഗ്രാമമായ ബേഥാന്യയിലെ ലാസർ എന്ന ഒരുത്തൻ ദീനമായി കിടന്നു. ഈ മറിയ ആയിരുന്നു കർത്താവിനെ പരിമളതൈലം പൂശി തന്റെ തലമുടികൊണ്ട് അവന്റെ കാൽ തുടച്ചത്. അവളുടെ സഹോദരനായ ലാസർ ആയിരുന്നു ദീനമായിക്കിടന്നത്'' (11:1-2).

പ്രഥമവാക്യം ഇങ്ങനെയാണ്. തുടർന്നുള്ള ഭാഗങ്ങളിൽ വിവരണങ്ങളെക്കാൾ സംഭാഷണങ്ങൾക്കൊണ്ടാണ് യോഹന്നാൻ രചനാപ്രക്രിയമുന്നോട്ടുകൊണ്ടുപോകുന്നത്. ഒന്നിനു പിന്നാലെ മറ്റൊന്ന് എന്ന നിലയിൽ വരുന്ന സംഭാഷണങ്ങൾ അനുവാചകരിൽ ആകാംക്ഷ ഉണ്ടാക്കുവാൻ പര്യാപ്തമാണ്.

അത്ഭുതങ്ങളിൽവച്ച് കൂടുതൽ ശ്രേഷ്ഠത ഇതിനുണ്ട്. മറിയ ഒരിക്കൽ ചെയ്ത സത്പ്രവൃത്തി - പരിമളതൈലം പൂശി തലമുടികൊണ്ട് യേശുവിന്റെ കാൽ തുടച്ചത് - ഇവിടെ എടുത്തുപറഞ്ഞിരിക്കുന്നു. ലാസറിനെ സ്നേഹിച്ചുവെങ്കിലും യേശു അവന്റെ വീട്ടിലെത്താൻ വൈകിയ വിവരവും യോഹന്നാൻ രേഖപ്പെടുത്തുന്നു. മനുഷ്യന്റെ ആഗ്രഹങ്ങൾക്കും സമയത്തിനും അനുസരിച്ചല്ല ഈശ്വരന്റെ പ്രവർത്തനം. ദൈവം പെട്ടെന്നു പ്രവർത്തിക്കണമെന്ന മനുഷ്യചിന്തയുടെ മുനയൊടിക്കുന്നു ഈ പരാമർശം.

ലാസറിന്റെ ഉയിർപ്പുകഥയിലെ പല സംഭാഷണങ്ങളും വാദപ്രതിവാദരൂപത്തിലുള്ളതാണ്. നീണ്ട വാദപ്രതിവാദങ്ങൾക്കൊടുവിലായി മാത്രമേ അത്ഭുതം നടക്കുന്നകാര്യം യോഹന്നാൻ വെളിപ്പെടുത്തുന്നുള്ളൂ. പരിണാമഗുപ്തി ഉണ്ടാക്കിക്കൊണ്ടാണ് കഥയിലെ ഓരോ സംഭാഷണവും വരുന്നത്. അത്ഭുതം നടക്കുമോ എന്നുള്ള തീർച്ച ആർക്കും ഉണ്ടാകാത്ത തരത്തിലാണ് സംഭാഷണങ്ങൾ യോഹന്നാൻ വിന്യസിച്ചിരിക്കുന്നത്. യേശു കരയുന്ന രംഗം എത്തുമ്പോൾ ഇതു മരണത്തിൽതന്നെ പര്യവസാനിക്കുമെന്ന തോന്നൽ ആദ്യം വായിക്കുന്നവർക്ക് ഉണ്ടാകുന്ന വിധത്തിൽ ആദ്യന്തം ഉദ്വേഗമുണ്ടാക്കുന്ന ആഖ്യാനപരമായ മാന്ത്രികത ഇതരഭിന്നമായി ഇക്കഥയിൽ കാണാം. പ്രതീക്ഷയ്ക്കു വകയില്ല എന്നു തോന്നിപ്പിക്കുന്ന തരത്തിലുള്ള സംഭാഷണങ്ങളുടെ നിരതന്നെ കഥയിൽ പ്രത്യക്ഷപ്പെടുന്നുണ്ട്.

ലാസറിന്റെ മരണംമൂലം ആ കുടുംബത്തിനുണ്ടായ നഷ്ടം, മരണത്തിന്റെ ഭീകരത, ഇനി ഒരു പ്രതീക്ഷയുമില്ലാത്ത അവസ്ഥ എന്നിവ ധ്വനിപ്പിക്കുന്ന സംഭാഷണങ്ങൾ

കഥയിൽ വരുന്നുണ്ട്. മാർത്തയും മറിയയും രണ്ട് അവസരത്തിലായി യേശുവിനോട് ഇപ്രകാരം പറയുന്നു.

''കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയി ല്ലായിരുന്നു'' (11:21,32).

''അവൾ കരയുന്നതും അവളോടുകൂടെ വന്ന യഹൂദന്മാർ കരയുന്നതും യേശു കണ്ടിട്ട് , ഉള്ളം നൊന്തു കലങ്ങി: അവനെ വെച്ചത് എവിടെ എന്നു ചോദിച്ചു. കർത്താവേ, വന്നു കാൺക എന്ന് അവർ അവനോടു പറഞ്ഞു. യേശു കണ്ണുനീർ വാർത്തു. ആകയാൽ യഹൂദന്മാർ : കണ്ടോ അവനോട് എത്ര പ്രിയം ഉണ്ടായിരുന്നു എന്നു പറഞ്ഞു. ചിലരോ: കുരുടന്റെ കണ്ണു തുറന്ന ഇവന്, ഇവനെയും മരിക്കാതാക്കുവാൻ കഴിഞ്ഞില്ലയോ എന്നു പറഞ്ഞു. യേശു പിന്നെയും ഉള്ളംനൊന്ത് കല്ലറയ്ക്കൽ എത്തി; അത് ഒരു ഗുഹ ആയി രുന്നു; ഒരു കല്ലും അതിന്മേൽ വെച്ചിരുന്നു. കല്ലു നീക്കുവിൻ എന്ന് യേശു പറഞ്ഞു. മരി ച്ചവന്റെ സഹോദരിയായ മാർത്ത: കർത്താവേ, നാറ്റം വച്ചുതുടങ്ങി; നാലുദിവസമായല്ലോ എന്നു പറഞ്ഞു'' (11:34-39).

മരണത്തിന്റെ ശോകഭാവവും നിസ്സഹായതയും ശുഭപ്രതീക്ഷയില്ലായ്മയും വായ നക്കാരിലുണ്ടാക്കുന്ന തരത്തിലാണ് രചനാശില്പത്തിന്റെ സംവിധാനം. ബൈബിളിലെ ചെറിയ വാക്യം എന്നു പ്രസിദ്ധമായ 'യേശു കണ്ണുനീർ വാർത്തു' ഈ പ്രകരണത്തി ലാണുള്ളത്. യേശുവിനെപ്പോലും കരയിപ്പിക്കുവാൻ പോന്ന സംഭവമായിരുന്നു അത്. രണ്ടു സ്ത്രീകളുടെ ഏകയാശ്രയമായ സഹോദരന്റെ വേർപാടിൽ ആദ്യം ചെയ്യേണ്ടത് അവരോടൊപ്പം ദു:ഖിക്കുകയാണെന്ന് യേശു വെളിപ്പെടുത്തുന്നു.

അത്ഭുതത്തിനുമുമ്പ് യേശു പ്രാർത്ഥിക്കുന്ന രംഗമുണ്ടെന്നത് ഈ കഥയുടെ അസാധാരണത്വം ആകുന്നു. മറ്റ് അത്ഭുതങ്ങളിൽ, പ്രതിബന്ധത്തെ ശാസിക്കുകയോ അവയോട് കല്പിക്കുകയോ ചെയ്യുന്നതാണ് യേശുവിന്റെ പതിവ്.

''യേശു മേലോട്ടു നോക്കി: പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നു എന്നു ഞാൻ അറി ഞ്ഞിരിക്കുന്നു. എങ്കിലും നീ എന്നെ അയച്ചിരിക്കുന്നു എന്ന് ചുറ്റും നിൽക്കുന്ന പുരു ഷാരം വിശ്വസിക്കേണ്ടതിന് അവരുടെ നിമിത്തം ഞാൻ പറയുന്നു എന്ന് പറഞ്ഞു. ഇങ്ങനെ പറഞ്ഞിട്ട് അവൻ: ലാസറേ, പുറത്തുവരിക എന്ന് ഉറക്കെ വിളിച്ചു. മരിച്ചവൻ പുറത്തുവന്നു'' (യോഹ.11:41-43).

ആദിമധ്യാന്തനിബദ്ധമായ ഒരു മാതൃകാ ചെറുകഥയിലേതുപോലെ ജിജ്ഞാസ യുണ്ടാക്കുന്ന അന്തരീക്ഷസൃഷ്ടി, ഹൃദയദ്രവീകരണക്ഷമത ഇവയെല്ലാമാണ് ഇക്കഥയെ വേറിട്ടു നിർത്തുന്നത്. ഇക്കഥയുടെ രചനാതന്ത്രവും അതുതന്നെയാണ്.

ലാസറിനെ ഉയിർപ്പിക്കുന്ന കഥയിൽ രണ്ടു കൗതുകകരമായ വസ്തുതകൾ വരുന്നുണ്ട്. ലാസറിനെ ഉയിർപ്പിക്കുവാനുള്ള കല്പന യേശു പുറപ്പെടുവിക്കുന്നതിനു മുമ്പ് കല്ലറയുടെ കല്ലുനീക്കുവാൻ അവിടെയുള്ളവരോട് യേശു ആവശ്യപ്പെട്ടു (11:39). അവർ കല്ലുനീക്കം ചെയ്ത ശേഷമേ യേശു ലാസറിനെ ഉയിർപ്പിക്കാൻ കല്പിക്കുന്നുള്ളൂ. ലാസർ പുറത്തുവന്നത് കൈകാലുകൾ കെട്ടിയിട്ട നിലയിൽ ആയിരുന്നു. അപ്പോൾ അവിടെയുള്ളവരോട് ലാസറിന്റെ കെട്ട് അഴിക്കുവാൻ യേശു ആവശ്യപ്പെട്ടു. മരിച്ചയാൾക്കു ജീവൻ നൽകാൻ കഴിവുള്ള യേശു ഇത്ര ചെറിയ കാര്യം എന്തിനു മനുഷ്യരോട് ആവശ്യപ്പെട്ടു എന്നു തോന്നാം. മനുഷ്യർ വച്ച കല്ലും, കെട്ടിയ കെട്ടും നീക്കംചെയ്യാനാണ് യേശു ആവശ്യപ്പെട്ടത്. മനുഷ്യർക്കു ചെയ്യാവുന്ന കാര്യം ഒരിക്കലും ഈശ്വരൻ ചെയ്യില്ല എന്നാകുന്നു ഇതിനർത്ഥം.

യോഹന്നാന്റെ സുവിശേഷത്തിലെ പല വാക്യങ്ങൾക്കും ആദ്യവായനയിൽ കിട്ടാത്ത അർത്ഥമുണ്ട്. ലാസറിന്റെ കഥയിലും മുകളിൽ പറഞ്ഞതല്ലാതെ ആദ്ധ്യാത്മിക വീക്ഷണത്തിൽ മറ്റൊരർത്ഥതലവും കണ്ടെത്താനാവും. ആ നിലയിൽ ശുഭപ്രതീക്ഷ നൽകുന്ന അവതരണരീതി ഈ ആഖ്യാനത്തിന്റെ ആരംഭം മുതൽ നല്കുകയും പടിപടിയായി അതു പ്രാബല്യത്തിലാവുകയും ചെയ്യുന്ന രചനാകൗശലം കഥയിൽ കാണാം. അങ്ങനെ ആറു ഘട്ടങ്ങളിലായി സംഭവങ്ങൾ ഒന്നിനു പിറകെ വന്ന് കഥാരംഭത്തിൽ യേശു സൂചിപ്പിക്കുന്ന ലക്ഷ്യത്തിലേക്കു തന്നെ കഥ ശുഭകരമായി പര്യവസാനിക്കുകയും ചെയ്യുന്നു. ലാസറിന്റെ അസുഖവിവരം ശിഷ്യന്മാർ അറിയിക്കുമ്പോൾത്തന്നെ കഥാന്ത്യത്തെപ്പറ്റി യേശു പറയുന്നത് ഇപ്രകാരമാണ്.

''ഈ ദീനം മരണത്തിനായിട്ടല്ല, ദൈവപുത്രൻ മഹത്ത്വപ്പെടേണ്ടതിനു, ദൈവത്തിന്റെ മഹത്ത്വത്തിനായിട്ടത്രേ'' (11: 4).

ദൈവമഹത്ത്വം എന്ന പദം ഇക്കഥയിൽ ആവർത്തിച്ചു വരുന്നതും ഈ അത്ഭുതത്തിന്റെ ലക്ഷ്യം വ്യക്തമാക്കുന്നതുമായ പ്രയോഗം ആകുന്നു. വിശ്വാസം ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു എന്ന പ്രമാണത്തിന്റെ പ്രകടനം ആയിരുന്നു യേശു ഭാവിസംഭവസൂചനയിലൂടെ ലക്ഷ്യമാക്കിയത്. ഏതു പ്രതിസന്ധിക്കുമുമ്പിലും ഒരു ദൈവവാഗ്ദത്തം ഭക്തർ കൈമുതലായി കരുതാറുണ്ട്. ബൈബിളിലെ ഏതു സംഭവത്തിലും പ്രതീക്ഷകൾ ഇല്ലാതിരിക്കെ ശുഭാപ്തിവിശ്വാസത്തിന്റെ വാക്കുകൾമാത്രം ഉച്ചരിക്കുന്ന പതിവ് ഭക്തന്മാരിൽ കാണാം. അബ്രാഹാം ഏറെക്കാലത്തെ കാത്തിരിപ്പിനുശേഷം ജനിച്ച യിസ്ഹാക്കിനെ ദൈവം ആവശ്യപ്പെട്ടതനുസരിച്ച് യാഗം കഴിക്കാൻ പോകുമ്പോൾ ''ദൈവം തനിക്കു ഹോമയാഗത്തിന് ഒരു ആട്ടിൻകുട്ടിയെ നോക്കിക്കൊള്ളും'' എന്നു പറയുകയും അങ്ങനെ തന്നെ സംഭവിക്കുകയും ചെയ്യുന്ന കാര്യം ഉൽപത്തിപ്പുസ്തകത്തിലുണ്ട് (22:8,13).

ലാസറിന്റെ സഹോദരി മാർത്ത സഹോദരന്റെ മരണവാർത്ത യേശുവിനോട് അറിയിക്കുന്നു. അപ്പോൾ യേശു അവളെക്കൊണ്ട് വിശ്വാസത്തിന്റെ വാക്കുകൾ ഏറ്റുപറയിപ്പിക്കുന്നുണ്ട്.

''ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല; നീ ഇതു വിശ്വസിക്കുന്നുവോ എന്നു പറഞ്ഞു. അവൾ അവനോട്: ഉവ്വ്, കർത്താവേ, ലോകത്തിലേക്കു വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീതന്നെ എന്നു വിശ്വസിച്ചിരിക്കുന്നു'' (11:25-26).

യേശു പിന്നീടു ലാസറെ ഉയിർപ്പിക്കുമെങ്കിലും മനുഷ്യസഹജമായി മാർത്തയുടെയും മറിയയുടെയും ദു:ഖത്തിൽ പങ്കുകൊള്ളുന്നു. യേശു കരഞ്ഞത് അതിനുവേണ്ടിയാണ്. നിസ്സഹായതയിൽനിന്നുള്ള കരച്ചിലായിരുന്നില്ല അത്. അടുത്തഘട്ടം യേശുവിന്റെ ദൈവികതയുടെ പ്രതിഫലനമായ പ്രവൃത്തിയായിരുന്നു. കല്പന പുറപ്പെടുവിക്കുക എന്നതു മനുഷ്യർക്കാർക്കും കഴിയുന്ന കാര്യമല്ല. അതും മൃതദേഹം അടക്കംചെയ്ത കല്ലറയോടു കല്പിക്കുവാൻ അസാധാരണമായ ഉള്ളുറപ്പുതന്നെ വേണം. യേശുവിന്റെ പരസ്യശുശ്രൂഷയിലെ അവസാനത്തെ അത്ഭുതമാണ് ലാസറിന്റെ ഉയിർപ്പ്. യേശുവിന്റെ മനുഷ്യത്വത്തെ വെളിപ്പെടുത്തുന്ന രംഗങ്ങളിൽ ഒന്നത്രേ ഇത്. ലാസറിനെ മരണത്തിൽനിന്നു വിളിച്ചു വരുത്താൻ ശക്തിയുള്ള യേശു മനുഷ്യരോട് കല്ലറയുടെ കല്ലു നീക്കുവാൻ കല്പിച്ചതിനെ ചോദ്യം ചെയ്യാം. യേശുവിന് ഹോശാന്ന വിളിക്കുന്ന സംഭവത്തിൽ ഇവർ മിണ്ടാതിരുന്നാൽ ഈ കല്ലുകൾ ആർക്കും എന്ന യേശുവിന്റെ വാക്കുകളെ ഇതുമായി ചേർത്തുവായിക്കേണ്ടതാണ്. യേശു കല്പിച്ചിരുന്നേൽ കല്ലും നീങ്ങിപ്പോകുമായിരുന്നു. കല്ല്, കെട്ട് എന്നിവയ്ക്ക് പ്രതീകാത്മകാർത്ഥം നൽകിയാൽ ഈ ഭാഗത്തിന്റെ ആസ്വാദനത്തിനു പുതിയതലം കൈവരും. അവിശ്വാസത്തിന്റെ കല്ലും അസ്വാതന്ത്ര്യത്തിന്റെ കെട്ടും പൊട്ടിയാലേ മനുഷ്യനു പൂർണ്ണമായി മോചനം കിട്ടുകയുള്ളൂ.

യേശു ചെയ്ത അടയാളങ്ങളിൽ ഏറ്റവും അസാധാരണവും പ്രധാനപ്പെട്ടതുമാണ് ഇത്. ഈ രചനാഖണ്ഡത്തിൽ മാത്രം ഒതുങ്ങുന്നതല്ല ഇതിന്റെ പ്രസക്തി. യേശുവിന്റെ ജനപ്രീതി വർദ്ധിക്കാൻ ഈ സംഭവം വഴിവച്ചു. അതുകൊണ്ട് ലാസറിനെ കൊല്ലാൻ പോലും പുരോഹിതർ തീരുമാനിച്ചതായി യോഹന്നാൻ രേഖപ്പെടുത്തുന്നു (12:11).

### 5.5. ശിഷ്യന്മാരുടെ സംരക്ഷണം

ഇത്തരം രണ്ട് അത്ഭുതങ്ങളുണ്ട്. അപ്രതീക്ഷിതമായുണ്ടാകുന്ന അനർത്ഥത്തെ യേശുവിന്റെ അവസരോചിതമായ ഇടപെടൽകൊണ്ട് ശിഷ്യന്മാർ മറികടക്കുന്നതിന്റെ വിവരങ്ങളാണ് ഇത്തരം ആഖ്യാനങ്ങളിലുള്ളത്.

### 5.5.1. കാറ്റിനെയും കടലിനെയും ശാന്തമാക്കുന്നു

സമാന്തരസുവിശേഷങ്ങളിലെല്ലാം ഇക്കഥ കാണാം (മത്താ.8:23-27, മർക്കൊ. 4:35-41, ലൂക്കൊ.8:22-25). ആഖ്യാനസാമ്യം മൂന്നു സുവിശേഷങ്ങളിലും ഉണ്ട്. കഥനരീതി സരളമാണ്. യേശുവും ശിഷ്യന്മാരും പടകിൽ യാത്ര ചെയ്യുകയായിരുന്നു. യേശു ഉറങ്ങുമ്പോൾ കാറ്റ് അതിശക്തമായി അടിക്കുകയും പടകു തിരകളാൽ മുങ്ങുവാൻ തുടങ്ങുകയും ചെയ്തു. ശിഷ്യന്മാർ പേടിച്ച് യേശുവിനെ വിളിച്ചുണർത്തി. യേശു കാറ്റിനെയും കടലിനെയും തന്റെ വാക്കുകൊണ്ടു ശാന്തമാക്കി.

പ്രകൃതിയുടെമേൽ യേശുവിന് നിയന്ത്രണമുണ്ടെന്നു ശിഷ്യന്മാരെ ഗ്രഹിപ്പിക്കുകയായിരുന്നു ഈ അത്ഭുതത്തിന്റെ ലക്ഷ്യം. മറ്റ് അത്ഭുതങ്ങളിലെപ്പോലെ ഇതിലും വിശ്വാസത്തിന്റെ അഭാവത്തെ യേശു അപലപിക്കുന്നുണ്ട്. അതിനെപ്പറ്റി മർക്കൊസിന്റെ വിവരണം അല്പം തീവ്രമാണ്. 'നിങ്ങൾക്ക് ഇപ്പോഴും വിശ്വാസം ഇല്ലയോ' (4:40). ആഖ്യാനാത്മകമായ നവീനതകൾ ഒന്നും ഇല്ലെങ്കിലും എല്ലാ അത്ഭുതങ്ങളിലും വിശ്വാസത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന പ്രയോഗങ്ങൾ നിബന്ധിക്കുന്നതിൽ പുതിയനിയമകർത്താക്കൾക്ക് നിഷ്കർഷയുണ്ട്. മറ്റ് ആഖ്യാനങ്ങളിൽനിന്നു വ്യത്യസ്തമായി അത്ഭുതപ്രവർത്തകനും ജനങ്ങളും ഇക്കഥയിൽ ചോദ്യം ചോദിക്കുന്നുണ്ട്. 'നിങ്ങളുടെ വിശ്വാസം എവിടെ?' എന്നായിരുന്നു യേശുവിന്റെ ചോദ്യം. 'ഇവൻ ആർ?' എന്ന് കാണികൾ ചോദിക്കുന്നു. രണ്ടുചോദ്യങ്ങൾ ചെറിയ അത്ഭുതകഥകളിൽ സാധാരണയായി ഉണ്ടാവാറില്ല. യേശു സമീപത്തുണ്ടായാൽപ്പോരാ, ഉള്ളത്തിൽ വേണം എന്ന ആത്മീയദർശനം ഈ വാക്കുകൾക്കിടയിൽനിന്നു വായിച്ചെടുക്കാം.

### 5.5.2. യേശു വെള്ളത്തിന്മീതെ നടക്കുന്നു

സമാന്തരസുവിശേഷകരിൽ രണ്ടുപേരും യോഹന്നാനും ഇക്കഥ പറയുന്നു (മത്താ.14:22-33, മർക്കൊ.6:45-52, യോഹ.6:15-21). യോഹന്നാൻ അവതരിപ്പിക്കുന്ന എട്ട് അടയാളങ്ങളിൽ ഒന്നാണിത്. മത്തായി, മർക്കൊസ് എന്നിവരുടെ ആഖ്യാനം സാമ്യമുള്ളതാണ്. സംഭവം നടന്ന സമയം നാലാം യാമമാണെന്നു രണ്ടുപേരും നിരീക്ഷിച്ചിരിക്കുന്നു. യേശു കടലിന്മേൽ നടക്കുന്നതു കണ്ടപ്പോൾ ശിഷ്യന്മാർ ഭൂതം എന്നു നിലവിളിച്ച വസ്തുത ഇരുവരും എഴുതുന്നുണ്ട്. ശിഷ്യന്മാർ നിലവിളിക്കുന്നതു കണ്ട യേശു അതിനോടു പ്രതികരിക്കുന്ന വിധം ശ്രദ്ധിക്കേണ്ടതു തന്നെ. ഈ പ്രകരണത്തിൽ യേശുവിന്റെ മറുമൊഴി യോഹന്നാൻ ഉൾപ്പെടെ മൂന്നു സുവിശേഷകരും ഒരുപോലെ എഴുതിയിരിക്കുന്നു. 'ധൈര്യപ്പെടുവിൻ ഞാൻ ആകുന്നു' എന്ന യേശുവിന്റെ മറുപടിക്കു ബൈബിൾ പശ്ചാത്തലത്തിൽ ഏറെ പ്രാധാന്യമുണ്ട്. മോശെ യിസ്രായേൽ ജനത്തോട് ദൈവത്തിന്റെ പേരുചോദിക്കുമ്പോൾ പറയുന്ന മറുപടിക്ക് തുല്യമാണിത്. അവിടം മുതൽ ദൈവം സ്വയം വെളിപ്പെടുത്തുന്ന സാഹചര്യങ്ങളിലെല്ലാം ബൈബിളിൽ ഈ പദപ്രയോഗമാണ് കടന്നുവരുന്നത്. പ്രസ്തുതപദപ്രയോഗം യേശു അതേ ദൈവത്തിന്റെ ജഡാവതാരമാണെന്ന് അനുവാചകരെ ബോദ്ധ്യപ്പെടുത്താനാണ് സുവിശേഷകർ ഒരുപോലെ സ്വീകരി

ച്ചിരിക്കുന്നത്. സമാന്തരസുവിശേഷകരിൽ നിന്നെല്ലാകാര്യത്തിലും വേറിട്ട രചനാസങ്കേതങ്ങൾ പുലർത്തുന്ന യോഹന്നാൻപോലും ഇക്കാര്യത്തിൽ സമാനത പുലർത്തുന്നത് ബൈബിൾ ദൈവനിവേശിതമാണെന്ന ചിന്തയ്ക്ക് ഉപോദ്ബലകമാണ്.

യേശുവിന്റെ സ്വഭാവത്തിലെ പല അസാധാരണത്വങ്ങളും മുഖ്യകഥാരേഖയ്ക്കു പുറത്ത് സുവിശേഷകർ നിബന്ധിക്കുന്നുണ്ട്. യോഹന്നാൻ അത്തരമൊരു രംഗം ഇക്കഥയുടെ ആരംഭത്തിൽ കൊടുത്തിരിക്കുന്നു. വളരെ ചിന്തിക്കേണ്ട ഒരു വിഷയമാണ് അവിടെ രേഖപ്പെടുത്തിയിരിക്കുന്നത്.

''അവർ വന്നു തന്നെ പിടിച്ചു രാജാവാക്കുവാൻ ഭാവിക്കുന്നു എന്നു യേശു അറിഞ്ഞിട്ടു പിന്നെയും തനിച്ചു മലയിലേക്കു വാങ്ങിപ്പോയി'' (6:15)

പ്രശസ്തി ആഗ്രഹിക്കാത്ത യേശുവിന്റെ വ്യക്തിത്വത്തിലേക്കുള്ള സൂചികയാണിത്.

പത്രൊസ് യേശുവിന്റെ അടുക്കൽ വെള്ളത്തിലൂടെ നടന്നുചെല്ലുവാൻ അനുവാദം ചോദിക്കുന്നു. യേശു അതു സമ്മതിച്ചു. എന്നാൽ കാറ്റു കണ്ട് മുങ്ങിത്തുടങ്ങുമ്പോൾ യേശു അവനെ രക്ഷിക്കുന്നു. മറ്റു ഗ്രന്ഥകാരന്മാർ ഉൾപ്പെടുത്താത്ത ഈ സംഗതി മത്തായിയുടെ സുവിശേഷത്തിൽ കാണാനാവും.

**5.6. സാമ്പത്തികാത്ഭുതം**

ഇത്തരത്തിൽപ്പെട്ട ഒരു സംഭവം മാത്രമേ ഉള്ളൂ. ഒരു സുവിശേഷത്തിൽ മാത്രമാണ് ഈ അത്ഭുതത്തെപ്പറ്റി അവതരിപ്പിക്കുന്നത്.

**5.6.1. മീനിന്റെ വായിൽനിന്നു പണം**

മത്തായി മാത്രമേ ഇക്കഥ പ്രതിപാദിച്ചിട്ടുള്ളൂ (17:24-27). യേശു സ്വന്തം ആവശ്യത്തിനുവേണ്ടി ചെയ്ത അത്ഭുതമാണിത്. നികുതിയാണ് കഥാവിഷയം. യേശു ദൈവാലയ നികുതി കൊടുക്കുന്നുണ്ടോ എന്നു നികുതിപിരിവുകാർ പത്രൊസിനോടു ചോദിക്കുമ്പോൾ ഉണ്ട് എന്നു മറുപടി കൊടുത്തു. പീന്നീട് യേശു പത്രൊസിനോട് ഭൂമിയിലെ രാജാക്കന്മാർ ചുങ്കമോ കരമോ  ആരോടാകുന്നു വാങ്ങുന്നത് എന്നു ചോദിച്ചു. അന്യരോട് എന്നു പത്രൊസ് മറുപടി നൽകി. എങ്കിൽ പുത്രന്മാർ ഒഴിവുള്ളവരാണ്. 'എങ്കിലും നാം അവർക്ക് ഇടർച്ചയാകാതിരിക്കേണ്ടതിന്  നീ കടലിലേക്കു ചെന്നു ചൂണ്ടൽ ഇട്ട് ആദ്യം കാണുന്ന മീനിനെ എടുക്കുക. അതിന്റെ വായ് തുറക്കുമ്പോൾ ഒരു ചതുർദ്രഹ്മപ്പണം കാണും; അത് എടുത്ത് എനിക്കും നിനക്കും വേണ്ടി നികുതി കൊടുക്ക എന്നു പറഞ്ഞു'. ഇതാണ് ഉള്ളടക്കം.

ആഖ്യാനപ്രക്രിയ പുതുമ ഇല്ലാത്തതുതന്നെ. ഇക്കഥ മത്തായി മാത്രമാണ് ആഖ്യാനം ചെയ്തിട്ടുള്ളൂ. പല സംഭവങ്ങളും ഉൾക്കൊള്ളിക്കുന്നതിലും ഉപേക്ഷിക്കുന്ന

തിലും ബൈബിൾരചയിതാക്കൾ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളും സ്വാതന്ത്ര്യവും കാണിച്ചിരുന്നു. മത്തായി നികുതിപിരിവുകാരനായിരുന്നു. അതിനാൽ തനിക്കു പരിചിതവും താത്പര്യമുള്ളതുമായ ഈ കഥ സുവിശേഷത്തിൽ ഉൾപ്പെടുത്തിയതാവാം.

**5.7. നശീകരണം**

ഇത്തരം അത്ഭുതം ഒന്നു മാത്രമാണ് സുവിശേഷകർ രേഖപ്പെടുത്തുന്നത്. ഇതിനു സമാനമായ മറ്റൊരു കഥ ലെഗ്യോൻ ബാധിച്ചവനെ സൗഖ്യമാക്കുമ്പോൾ രണ്ടായിരം പന്നികൾ ചത്തതാണ്. അവിടെ ബോധപൂർവ്വമായുണ്ടായ നശീകരണമായിരുന്നില്ല. യേശു അത്തിയെ ശപിച്ചുണക്കിയത് സോദ്ദേശ്യമായ നശീകരണമായിരുന്നു.

**5.7.1. അത്തിയെ ശപിക്കുന്നു**

രണ്ടു സുവിശേഷകർ മാത്രമേ ഇക്കഥ ഉൾപ്പെടുത്തിയിട്ടുള്ളൂ (മത്താ.21:18-22, മർക്കൊ.11:12-14, 20-24). യേശു വിശന്നപ്പോൾ ഒരു അത്തിവൃക്ഷത്തിൽ ഫലം അന്വേഷിച്ചുചെന്നു. അതിൽ ഇലയല്ലാതെ ഒന്നുമില്ലായിരുന്നു. അതിനാൽ യേശു 'ഇനി നിന്നിൽ നിന്ന് ഒരു നാളും ഫലം ഉണ്ടാകാതെ പോകട്ടെ' എന്നു പറഞ്ഞു. ക്ഷണത്തിൽ അത്തി ഉണങ്ങിപ്പോയി.

മത്തായിയുടേതിൽനിന്നു വേറിട്ട ആവിഷ്കാരമാണ് മർക്കൊസിലുള്ളത്. മർക്കൊസിന്റെ പ്രതിപാദനത്തിൽ 'അത് അത്തിപ്പഴത്തിന്റെ കാലമല്ലാഞ്ഞു' എന്ന് സൂചിപ്പിക്കുന്നുണ്ട് (11:14). മർക്കൊസിന്റെ സുവിശേഷത്തിൽ യേശു അത്തിയെ ശപിച്ച ഉടനെ അത് ഉണങ്ങിപ്പോയതായി പറയുന്നില്ല. അടുത്ത ദിവസമാണ് അത്തിവൃക്ഷം ഉണങ്ങിപ്പോയത് (11:20). അത്തിയെ ശപിക്കുന്നതിന്റെയും അത് ഉണങ്ങിപ്പോകുന്നതിന്റെയും ഇടയിൽ മറ്റൊരു ആഖ്യാനഖണ്ഡം വരുന്നുണ്ട്. യെരൂശലേം ദൈവാലയത്തിൽ ചെന്ന് വിൽക്കുന്നവരെയും വാങ്ങുന്നവരെയും പുറത്താക്കുന്ന സംഭവം ഇതിനിടയിൽ നടക്കുന്നതായി മർക്കൊസ് രേഖപ്പെടുത്തുന്നു. ഇത് പുതുമയുള്ള ആഖ്യാനവിശേഷമാണ്.

ഭാരതീയാഖ്യാനങ്ങളിൽ ശാപത്തിന്റെയും ശാപമോക്ഷത്തിന്റെയും ധാരാളം കഥകളുണ്ട്. ഭർത്താവായ ഗൗതമന്റെ ശാപത്താൽ അഹല്യ കല്ലായിത്തീർന്നതും ഇന്ദ്രന്റെ വൃഷ്ണം നഷ്ടപ്പെട്ടതും വാല്മീകിരാമായണത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ദുർവാസാവിന്റെ ശാപത്താലാണ് ശകുന്തളയ്ക്ക് ദുഷ്യന്തനെ പിരിഞ്ഞിരിക്കേണ്ടിവന്നത്. അർജ്ജുനനു കിട്ടിയ ഉർവശീശാപം ഉപകാരമായിത്തീർന്നതും ഇവിടെ ഓർമ്മിക്കാം.

പുതിയനിയമത്തിലെ അത്ഭുതാഖ്യാനങ്ങൾ പരിചയപ്പെട്ടതിൽനിന്ന് ഇത്തരം കഥകൾക്ക് ഒരു പൊതുലക്ഷ്യമുണ്ടെന്നു കാണാം. പ്രശ്നക്കാരന്റെയോ ആവശ്യക്കാരന്റെയോ വിശ്വാസത്തിന്റെ പ്രതിഫലനമായിരുന്നു അത്ഭുതം. അത്ഭുതപ്രവർത്തനത്തിലൂടെ യേശുവിന്റെ ദൈവത്വം തെളിയിക്കപ്പെട്ടു. അടയാളങ്ങളുടെ ആഖ്യാനലക്ഷ്യം യോഹന്നാൻ രേഖപ്പെടുത്തിരിക്കുന്നത് ഇങ്ങനെയാണ്. ''ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നത

ല്ലാതെ മറ്റ് അനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാണ്കെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇത് എഴുതിയിരിക്കുന്നു'' (20:30-31). വായനക്കാരിൽ ദൈവവിശ്വാസം വളർത്താനുള്ള ഉപാധിയായി സുവിശേഷകർ ഈ ആഖ്യാനങ്ങളെ മാറ്റിത്തീർക്കുന്നു. യോഹന്നാനെപ്പോലെ തെളിച്ചെഴുതിയിട്ടില്ലെങ്കിലും ബൈബിളിന്റെ തുടക്കം മുതൽ ഒടുക്കം വരെയുള്ള അത്ഭുതാഖ്യാനങ്ങൾ അനുവാചകരിൽ ദൈവബോധം ഉണ്ടാക്കാനും അവരെ ദൈവവിശ്വാസികളാക്കി മാറ്റാനുമുള്ള മാധ്യമമായാണ് സന്നിവേശിപ്പിച്ചിരിക്കുന്നത്.

# അധ്യായം ആറ്
# പുതിയനിയമം പുതിയശൈലി

### 6.0. പുതിയനിയമശൈലി

ബൈബിളിലെ ഭാഷയ്ക്ക് പല അസാധാരണത്വങ്ങളുമുണ്ട്. ഏതു തർജ്ജമയിലേ തായാലും ബൈബിൾപ്രയോഗങ്ങൾ തനതായ വ്യക്തിത്വമുള്ളവയാണ്. ബൈബിളിന്റെ ലോകത്തുനിന്നും പൊതുഭാഷയുടെ വിശാലമേഖലയിലേക്ക് വ്യാപിച്ചു എന്നതാണ് ഈ ഭാഷയുടെ പ്രത്യേകത. ബൈബിളിന്റെ സംവേദനശക്തിക്കും സൗന്ദര്യത്തിനും പ്രധാന ഘടകം പദങ്ങളുടെയും പ്രയോഗങ്ങളുടെയും അന്യാദൃശ്യതയും വ്യക്തിത്വവുമാണ്. പല എഴുത്തുകാരുടെയും ശൈലിക്കുപിന്നിൽ വേദപുസ്തകഭാഷയുടെ മുദ്ര പതിഞ്ഞിട്ടുണ്ട്. ബൈബിളിനു പൊതുവെയുള്ള ഭാഷാപരമായ അനന്യതയോടൊപ്പം മലയാളത്തിലെ ബൈബിൾഭാഷയ്ക്ക് സവിശേഷമായും ചില തനിമകൾ കാണാം. ''മലയാളത്തിൽ ബൈബിളിന്റെ ആഖ്യാനം നിർവഹിച്ച പ്രത്യേക താളബദ്ധവും കാവ്യാത്മകമാകകൊണ്ടു ചാരുവുമായ ഒരു ഗദ്യഭാഷയുണ്ട്. പരമ്പരാഗതമായുപയോഗിച്ചുപോന്ന മലയാളഗദ്യ ത്തിന്റെ വഴിയും വഴക്കങ്ങളും അനുഭവിപ്പിച്ച ഭാഷാസൗകുമാര്യത്തിൽനിന്ന് അന്യമാണ ത്. പുതുമയും അസാധാരണത്വവും ജനിപ്പിച്ച് വ്യതിരിക്തസ്വത്വം പ്രകടമാക്കാൻ വേണ്ടി മന:പൂർവം സൃഷ്ടിക്കപ്പെട്ടതായിരുന്നു ആ ഭാഷ'' (ഉണ്ണികൃഷ്ണൻ 2012:177) എന്ന നിരീ ക്ഷണം തികച്ചും പ്രസക്തംതന്നെ. സത്യവേദപുസ്തകത്തിലെ അത്തരം ഭാഷാപരമായ ഘടകങ്ങളാണ് ഇനി വിശകലനം ചെയ്യുന്നത്.

ബൈബിളിലുടനീളം ഭാഷാപ്രയോഗത്തിൽ അനന്യത ദർശിക്കാനാവും. അത്തരം പ്രയോഗഭേദങ്ങൾ ബൈബിളിൽനിന്നു പുറത്തുകടന്ന് ശൈലികളും പ്രയോഗങ്ങളുമായി മാറിയിട്ടുണ്ട്. സംവേദനത്തെ ത്വരിപ്പിക്കുന്നതിൽ ഇത്തരം പ്രയോഗങ്ങൾ വഹിക്കുന്ന പങ്ക് വലുതാണ്. ഏകതാനമായ ഭാഷയോ ആവിഷ്കാരസങ്കേതങ്ങളോ അല്ല ബൈബിൾ പിന്തുടരുന്നത്. സന്ദർഭാനുസാരം മാറി വരുന്ന ഒരു ശൈലി ബൈബിളിനുണ്ട്. ഒറ്റനോട്ട ത്തിൽത്തന്നെ ബൈബിളിലേതെന്ന് മനസ്സിലാക്കാനാവുന്ന പല ആവിഷ്കാരഭേദങ്ങളും ഭാഷാമേന്മകളും ബൈബിളിന്റെ രചനാശില്പത്തിൽ ആകമാനം കാണാം. പുതിയനിയ മത്തിലെ ആഖ്യാനങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ശൈലീപരമായ വ്യതിരിക്തതകൾ ഇവിടെ അന്വേഷിക്കുന്നു.

### 6.1. ആവർത്തനങ്ങളുടെ പ്രയോഗവൈവിധ്യങ്ങൾ

സുവിശേഷങ്ങളിലെ ഭാഷയുടെ പ്രത്യേകത അതിന്റെ ആവർത്തനമാണ്. പല തരം ആവർത്തനപദങ്ങളും വാക്യങ്ങളും നാലു സുവിശേഷങ്ങളിലും കാണപ്പെടുന്നു.

സാധാരണവായനയിൽത്തന്നെ ഇത്തരം പ്രയോഗങ്ങൾ ശ്രദ്ധയിൽപ്പെടുമെങ്കിലും സാമാന്യവായനക്കാരൻ അവയുടെ ഭേദങ്ങൾ അപഗ്രഥിക്കുവാനും മൂല്യനിർണ്ണയം ചെയ്യാനും ശ്രമിക്കാറില്ല. അത്തരം രചനാസങ്കേതങ്ങളുടെ സൂക്ഷ്മവിചിന്തനമില്ലാതെതന്നെ ബൈബിൾ വായിച്ചുപോകാൻ കഴിയും. സുവിശേഷങ്ങളിൽ കാതലായി വരുന്ന ആവർത്തനസങ്കേതങ്ങളുടെ വ്യവച്ഛേദനമാണ് ഇവിടെ നിർവഹിക്കുന്നത്.

മത്തായിയുടെ സുവിശേഷം 5 മുതൽ 7 വരെയുള്ള അധ്യായങ്ങളിലെ ഗിരിപ്രഭാഷണത്തിന്റെ ആഖ്യാനശൈലി വേറിട്ടതാണ്. ഗിരിപ്രഭാഷണത്തിൽ പഴയനിയമകല്പനകൾക്കു യേശു പുതിയ വിശദീകരണം നല്കുന്നതിന്റെ ആവിഷ്കാരം ഭാഷാപരമായി പുതുമയുള്ളതാകുന്നു. ആവർത്തനംതന്നെയാണ് ആ ശൈലിക്കു ശക്തി പകരുന്നത്. ഗിരിപ്രഭാഷണത്തിന്റെ തുടക്കത്തിലുള്ള ഭാഗ്യവർണ്ണനകൾ(Beatitudes) ഒരോന്നും അവസാനിക്കുന്നത് ഭാഗ്യവാന്മാർ  എന്ന പദത്തിന്റെ ആവർത്തനത്തിലൂടെയാണ്.

''ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവർക്കുള്ളത്. ദു:ഖിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്ക് ആശ്വാസം ലഭിക്കും'' (5:3-4).

പിന്നീട് ഒരേ പദങ്ങൾ വിഷയത്തിന്റെ പ്രസക്തിക്കിണങ്ങും മട്ടിൽ ഗിരിപ്രഭാഷണത്തിൽ ആവർത്തിക്കപ്പെടുന്നു. ആറ് വ്യത്യസ്തമായ ആശയം പറയുവാനായി ഒരേ വാക്യങ്ങൾ ആവർത്തിക്കുന്നു. പൂർവ്വവേദപരാമർശങ്ങൾ ഉദ്ധരിച്ച് അവയുടെ പുതിയ അർത്ഥം വിശദമാക്കുകയാണ് ആ വാക്യങ്ങളിൽ യേശു ചെയ്യുന്നത്. അതുകൊണ്ടുതന്നെ പൂർവ്വവേദത്തിൽ പറഞ്ഞിട്ടുണ്ടല്ലോ എന്ന വാക്യം ഒരോ പ്രാവശ്യവും ആവർത്തിക്കുന്നത് വിരസതയുണ്ടാക്കുന്നില്ല. സന്ദർഭത്തിനു ചേരുന്നതുമായിത്തീരുന്നു.

1. ''കൊല ചെയ്യരുത് എന്നും ആരെങ്കിലും കൊല ചെയ്താൽ ന്യായവിധിക്കു യോഗ്യനാകും എന്നും പൂർവന്മാരോട് അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ'' (മത്താ.5:21).
2. ''വ്യഭിചാരം ചെയ്യരുത് എന്ന് അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ'' (മത്താ. 5:27).
3. ''ആരെങ്കിലും ഭാര്യയെ ഉപേക്ഷിച്ചാൽ അവൾക്ക് ഉപേക്ഷണപത്രം കൊടുക്കട്ടെ എന്നും അരുളിച്ചെയ്തിട്ടുണ്ടല്ലോ'' (മത്താ.5:31).
4. ''കള്ളസ്സത്യം ചെയ്യരുത് എന്നും സത്യം ചെയ്തതു കർത്താവിനു നിവർത്തിക്കേണം എന്നും പൂർവ്വന്മാരോട്  അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ'' (മത്താ.5:33).
5. ''കണ്ണിനു പകരം കണ്ണും പല്ലിനു പകരം പല്ലും എന്ന് അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ'' (മത്താ.5:33).
6. ''കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകയ്ക്ക എന്നും അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ'' (മത്താ.5:43).

പഴയനിയമത്തിലെ പത്തുകല്പനകളിൽ ചിലത് വിരസതയുണ്ടാക്കാതെ ആവർത്തിക്കുമ്പോൾ ഒരു പുതിയമാനം കൈവരിച്ച് വിവക്ഷിതത്തെ ശക്തിപ്പെടുത്തുന്നു. 'ഞാനോ നിങ്ങളോടു പറയുന്നത്' എന്നാണ് സത്യവേദപുസ്തകത്തിലെ തർജ്ജമ. ഈ പ്രയോഗം ഗിരിപ്രഭാഷണത്തിൽ ആറു പ്രാവശ്യം ആവർത്തിക്കുന്നുണ്ട്. യേശുവിന്റെ ഉപദേശങ്ങളിൽ അതിപ്രധാനമാണ് ഇവ. പഴയനിയമകല്പനകൾക്കു പുതിയ ദൈവികഭാഷ്യമാണ് യേശു നൽകുന്നത്. അതുകൊണ്ട് അവതരണത്തിൽ എന്തെങ്കിലും വൈവിധ്യമുണ്ടെങ്കിലേ അതു ശ്രദ്ധിക്കപ്പെടുകയുള്ളൂ.

''ഞാനോ നിങ്ങളോടു പറയുന്നത്: സഹോദരനോടു കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും''

''ഞാനോ നിങ്ങളോടു പറയുന്നത്: സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ട് അവളോടു വ്യഭിചാരം ചെയ്തുപോയി''

''ഞാനോ നിങ്ങളോടു പറയുന്നത്: പരസംഗം ഹേതുവായിട്ടല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവനെല്ലാം അവളെക്കൊണ്ടു വ്യഭിചാരം ചെയ്യിക്കുന്നു''

''ഞാനോ നിങ്ങളോടു പറയുന്നത്: അശേഷം സത്യം ചെയ്യരുത്''

''ഞാനോ നിങ്ങളോടു പറയുന്നത്: ദുഷ്ടനോട് എതിർക്കരുത്. നിന്റെ വലത്തെ ചെകിട്ടത്ത് അടിക്കുന്നവന് മറ്റേതും തിരിച്ചു കാണിക്ക''

''ഞാനോ നിങ്ങളോടു പറയുന്നത്: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ'' (മത്താ.5:22-44).

മലയാളത്തിലെ മറ്റു പ്രമുഖ ബൈബിളുകളിലും ഈ വാക്യം 'ഞാൻ നിങ്ങളോടു പറയുന്നു' എന്ന് പദാനുപദം പരിഭാഷപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഏറ്റവും അടുത്തിറങ്ങിയ കുര്യൻ കണിയാമ്പറമ്പിലിന്റെ വിശുദ്ധഗ്രന്ഥത്തിൽ സത്യവേദപുസ്തകത്തിന്റെ രീതിതന്നെ നിലനിർത്തിയിരിക്കുന്നു. സത്യവേദപുസ്തകത്തിലെ പ്രയോഗങ്ങളുടെ മുഖമുദ്രയായ ഓ എന്ന നിപാതത്തിന്റെ സന്നിവേശം അതതു സന്ദർഭത്തിനു ശക്തി നല്കുവാൻ പര്യാപ്തമെന്നു ഇതു വെളിവാക്കുന്നു. എന്നാൽ ഓ എന്ന നിപാതത്തിന്റെ കൂട്ടിച്ചേർക്കൽകൊണ്ട് കൈവരുന്ന ഊന്നൽ മനസ്സിലാക്കി മലയാളം ബൈബിളിലും പി.ഒ.സി. ബൈബിളിലും അത്തരം പ്രയോഗങ്ങൾ ചില സന്ദർഭങ്ങളിൽ സ്വീകരിച്ചിട്ടുണ്ട്. മലയാളം ബൈബിളിൽനിന്നുള്ള ഉദാഹരണങ്ങളിൽ ചിലത് താഴെ കൊടുക്കുന്നു.

''എന്നാൽ ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി ദുർഗമവുമാകുന്നു. അതു കണ്ടെത്തുന്നവരോ ചുരുക്കവും'' (മത്താ.7:14).

''വിളവു വളരെ; വേലക്കാരോ ചുരുക്കം'' (മത്താ.9:37).

‘‘എങ്കിലും പല മുമ്പന്മാരും പിമ്പന്മാരാകും; പിമ്പന്മാരോ മുമ്പന്മാരുമാകും’’ (മത്താ.19:30).

‘‘സ്വയം ഉയർത്തുന്നവൻ താഴ്ത്തപ്പെടും; സ്വയം താഴ്ത്തുന്നവനോ ഉയർത്തപ്പെടും’’ (മത്താ.23:12).

‘‘വിളിക്കപ്പെട്ടവർ ധാരാളം; തെരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം’’ (മത്താ.22:14).

‘‘ശവം എവിടെയോ അവിടെ കഴുകന്മാർ ഒത്തുകൂടും’’ (മത്താ.24:28)

‘‘ആകാശവും ഭൂമിയും നശ്വരമാണ്; എന്റെ വചനങ്ങളോ, അനശ്വരമത്രേ’’ (മത്താ.24:35)

‘‘ഞാനോ, എപ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കയില്ല’’ (മത്താ.26:11).

പി.ഒ.സി ബൈബിളിൽനിന്നും ഏതാനും ഉദാഹരണങ്ങൾ കൊടുക്കുന്നു.

‘‘എന്നാൽ ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി വീതി കുറഞ്ഞതുമാണ്. അതു കണ്ടെത്തുന്നവരോ ചുരുക്കം’’ (മത്താ.7:14).

‘‘വിളവധികം; വേലക്കാരോ ചുരുക്കം’’ (മത്താ.9:37).

‘‘നിങ്ങളോ അതു കവർച്ചക്കാരുടെ ഗുഹയാക്കുന്നു’’ (മത്താ.21:13, ലൂക്കൊ.10:2).

‘‘നല്ല നിലത്തുവീണതോ, വചനം കേട്ട്, ഉത്കൃഷ്ടവും നിർമ്മലവുമായ ഹൃദയത്തിൽ അതു സംഗ്രഹിച്ച്, ക്ഷമയോടെ ഫലം പുറപ്പെടുവിക്കുന്നവരാണ്’’ (ലൂക്കൊ.8:15).

‘‘നിങ്ങളോ അവരെ സഹായിക്കാൻ ഒരു ചെറുവിരൽ പോലും അനക്കുന്നില്ല’’ (ലൂക്കൊ.11:46).

‘‘നിന്റെ നിക്ഷേപം എവിടെയോ അവിടെ നിന്റെ ഹൃദയവും’’ (ലൂക്കൊ.12:34).

‘‘ഞാനോ ഇവിടെ വിശന്നു മരിക്കുന്നു’’ (ലൂക്കൊ.15:17).

പ്രയോഗവൈചിത്ര്യങ്ങൾ ആന്തരികയാഥാർത്ഥ്യങ്ങളെ കൂടുതൽ പ്രോജ്ജ്വലിപ്പിക്കുന്നത് നമുക്കിവിടെ ദർശിക്കാം. യേശുവിന്റെ ഉദ്ദേശ്യങ്ങൾ കൂടുതൽ മിഴിവാർന്നു നിൽക്കുന്നത് സത്യവേദപുസ്തകം എന്ന സവിശേഷതർജ്ജമയിൽത്തന്നെയാണെന്നു മനസ്സിലാക്കാം. മത്തായിയുടെ സുവിശേഷം ആറാം അധ്യായത്തിലും ആവർത്തനത്തിലൂടെ ആശയസംവേദനം സാദ്ധ്യമാക്കുന്നതിന് ഉദാഹരണമുണ്ട്.

‘‘ഭിക്ഷ കൊടുക്കുമ്പോൾ............നിന്റെ മുമ്പിൽ കാഹളം ഊതിക്കരുത്. അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു’’ (6:2).

''പ്രാർത്ഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുത്. ............... അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു'' (6:5).

''ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തിക്കാരെപ്പോലെ വാടിയമുഖം കാണിക്കരുത്. .................... അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു'' (6:16).

ഈ ആവർത്തനങ്ങൾ അതതു വാചകങ്ങൾക്കു ശക്തിചൈതന്യങ്ങൾ നൽകുന്നുണ്ട്. സന്ദർഭത്തിനിണങ്ങുന്നതും വിരസത വരുത്താത്തതുമായ പദാവർത്തനങ്ങളാണ് ഇവിടെയെല്ലാമുള്ളത്. മേൽപറഞ്ഞ വാക്യങ്ങളിൽ പറയുന്നകാര്യങ്ങൾ മാതൃകാപരമായി അനുഷ്ഠിക്കേണ്ട വിധം തുടർന്നു പറയുമ്പോഴും പ്രത്യേക പദങ്ങളുടെ ആവർത്തനവും ഓ എന്ന നിപാതത്തിന്റെ സാന്നിധ്യവും സന്ദർഭത്തിനു യോജിക്കുന്നതായിട്ടുണ്ട്.

''നീയോ ഭിക്ഷകൊടുക്കുമ്പോൾ നിന്റെ ഭിക്ഷ രഹസ്യത്തിലായിരിക്കേണ്ടതിനു വലങ്കൈ ചെയ്യുന്നത് എന്ത് എന്ന് ഇടങ്കൈ അറിയരുത്. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും''

''നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും''

''നീയോ ഉപവസിക്കുമ്പോൾ നിന്റെ ഉപവാസം മനുഷ്യർക്കല്ല രഹസ്യത്തിലുള്ള നിന്റെ പിതാവിനു വിളങ്ങേണ്ടതിനു തലയിൽ എണ്ണതേച്ചു മുഖം കഴുകുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും'' (മത്താ.6:3, 5, 16).

പ്രത്യേക ലക്ഷ്യമൊന്നുമില്ലെങ്കിൽ പദത്തിന്റെയും വാക്യാംഗത്തിന്റെയും ആവർത്തനം വിരസവും ഫലശൂന്യവുമായിത്തീരും. മറിച്ച് ഭാവനാരൂപമായ ആവർത്തനത്തിലൂടെ ആശയത്തിനു ശക്തിപകരാനും സംവേദനതീക്ഷ്ണത വർദ്ധിപ്പിക്കാനും അതു വഴിവെക്കും. പറയാനുള്ള കാര്യങ്ങൾ ശക്തവും സഫലവുമായി ആവിഷ്കരിക്കാൻ എഴുത്തുകാരൻ അവലംബിക്കുന്ന മാർഗങ്ങളിലൊന്നാണ് ശ്രദ്ധാപൂർവ്വം തിരഞ്ഞെടുത്ത പദത്തിന്റെയോ വാക്യാംഗത്തിന്റെയോ ആവർത്തനം. ആവർത്തനത്തിനു മുമ്പും പിമ്പുമുള്ള അർത്ഥങ്ങൾ പരസ്പരം ബന്ധപ്പെട്ട് സംസക്തിക്കു കാരണമാകുകയും പുരഃക്ഷേപണത്തിനു വഴിയൊരുക്കുകയും ചെയ്യും. മേൽസൂചിപ്പിച്ച വാക്യാംഗങ്ങളുടെ ആവർത്തനം അർത്ഥസംക്രമണക്ഷമതയ്ക്ക് ശക്തമായ ഒരു ഉപാധിയായി മാറി രചനാപ്രകരണത്തിനു വക്രതയുണ്ടാക്കുന്നു.

### 6.1.1. വിവിധതരം ആവർത്തനങ്ങൾ

ബൈബിളിലെ ഒരു പുസ്തകത്തിലെ സൂക്തങ്ങൾ മറ്റൊരു പുസ്തകത്തിൽ കാണാറുണ്ട്. ഈ പ്രവണതയ്ക്കു പഴയനിയമമെന്നോ പുതിയനിയമമെന്നോ വ്യത്യാസമി ല്ല. ബൈബിളിലെ സുഭാഷിതങ്ങൾ വ്യത്യസ്തപ്രകരണങ്ങളിൽ പ്രയോഗിക്കുന്നതു പതി വാണ്. സദൃശവാക്യങ്ങളിലും സങ്കീർത്തനങ്ങളിലും അത്തരം ധാരാളം ഉദാഹരണങ്ങൾ ഉണ്ട്. സദൃശവാക്യങ്ങളിലെ താക്കോൽവാക്യമായ ''യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു'' സങ്കീർത്തനത്തിലുമുണ്ട് (സദൃശ.1:7, സങ്കീ: 111:11). ഒരേ ആശയമുള്ള വ്യത്യസ്തവാക്യങ്ങൾ ഈ രണ്ടുകൃതികളിലും സുലഭമാണ്. ഈ സാഹിത്യസംസ്കാര ത്തിന്റെ പ്രതിഫലനം സുവിശേഷങ്ങളിലും നിലനിൽക്കുന്നു. പുതിയനിയമം പേരു സൂചി പ്പിക്കുംപോലെ പുതുമ നിറഞ്ഞ ദൈവദർശനം അവതരിപ്പിക്കുന്നു. എന്നാൽ പഴമയെ പാടേ പരിത്യജിച്ചുകൊണ്ടല്ല അത്. യേശുക്രിസ്തുതന്നെ അതു വ്യക്തമാക്കിയിട്ടുണ്ട്. പഴ യനിയമത്തിന്റെ അസ്തിവാരത്തിലാണ് പുതിയദൈവദർശനം പടുത്തുയർത്തുന്നത്. ആശയത്തിലും ആഖ്യാനത്തിലും പഴയനിയമപൈതൃകത്തോടൊപ്പം നവീനതകളും ഉൾ ച്ചേർത്തുകൊണ്ടുള്ള അവതരണമാണ് പുതിയനിയമം സ്വീകരിച്ചിരിക്കുന്നത്. യേശുവിന്റെ പല പ്രസ്താവനകളും സുവിശേഷത്തിൽ പല സന്ദർഭത്തിൽ പ്രത്യക്ഷപ്പെടുന്നു.

ഒരേ വാക്യംതന്നെ വ്യത്യസ്തസന്ദർഭങ്ങളിൽ പ്രത്യക്ഷപ്പെടുന്നതിന് ഒട്ടേറെ ഉദാ ഹരണങ്ങൾ സുവിശേഷത്തിലുണ്ട്. സമവീക്ഷണസുവിശേഷങ്ങളിലാണ് ഈ പ്രവണത കൂടുതലായി കാണുന്നത്. മത്തായിയുടെ സുവിശേഷത്തിൽ ഉപയോഗിച്ചിരിക്കുന്ന ഒരു വാക്യം തികച്ചും വ്യത്യസ്തമായ സന്ദർഭത്തിലായിരിക്കും മർക്കൊസും ലൂക്കൊസും ഉപ യോഗിക്കുക. ഒരു സുവിശേഷത്തിൽത്തന്നെ ഒരേ വാക്യം വ്യത്യസ്തസന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിനും ഉദാഹരണങ്ങളുണ്ട്.

''തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും. തന്നെത്താൻ താഴ്ത്തുന്ന വൻ എല്ലാം ഉയർത്തപ്പെടും'' (മത്താ.23:12, ലൂക്കൊ.14:11, ലൂക്കൊ.18;14).

വ്യത്യസ്ത സന്ദർഭത്തിലാണ് മത്തായിയും ലൂക്കൊസും ഈ വാക്യം ഉപയോ ഗപ്പെടുത്തിയിരിക്കുന്നത്. ശാസ്ത്രിമാരെയും പരീശന്മാരെയും വിമർശിക്കുന്നതിന്റെ പരി സമാപ്തിയിലാണ് മത്തായി ഈ പഴഞ്ചൊല്ല് പ്രയോഗിക്കുന്നത്. ലൂക്കൊസിന്റെ സുവി ശേഷത്തിൽ രണ്ടു സന്ദർഭത്തിൽ ഇത് ഉൾപ്പെടുത്തിയിരിക്കുന്നു. വിരുന്നിനു ക്ഷണിക്ക പ്പെട്ടവർ മുഖ്യാസനങ്ങൾ തിരഞ്ഞെടുക്കുന്നതു കണ്ടിട്ട് അത്തരക്കാരോടുള്ള ഉദ്ബോധന ത്തിന്റെ ഭാഗമായാണ് ഈ വാക്യം പ്രയോഗിക്കുന്ന ഒരു സന്ദർഭം. ചുങ്കക്കാരനും പരീ ശനും പ്രാർത്ഥിക്കുന്ന ഉപമയുടെ ഉപസംഹാരമായും ലൂക്കൊസ് ഇതേ വാക്യം സ്വീക രിച്ചിരിക്കുന്നു (18:14). ഇങ്ങനെ ഒരേ അർത്ഥമുള്ള വാക്യങ്ങൾ വിഭിന്ന സന്ദർഭത്തിൽ ഉൾപ്പെടുത്തുന്നത് പുതിയനിയമത്തിലെ ആഖ്യാനങ്ങളിൽ സാർവത്രികമായിക്കാണാം. സന്ദർഭത്തിൽനിന്ന് അടർത്തിമാറ്റിയാലും അർത്ഥമുള്ള ഈ വാക്യങ്ങൾ സന്ദർഭം അറി യാത്തവരും ധാരാളമായി പ്രയോഗിക്കുന്ന ബൈബിൾസൂക്തങ്ങളായി മാറിയിരിക്കുന്നു.

ഇത്തരം വാക്യങ്ങൾ ഏതു കൃതിയിലേതെന്നുപോലും പരിഗണിക്കാതെ ആളുകൾ ഉപയോഗിച്ചുവരുന്നു. അതുപോലെ പദക്രമം മാറ്റിയും ഇതു പ്രയോഗിക്കാറുണ്ട്. കാരണം ക്രമം അല്പം മാറ്റിയാലും അർത്ഥഭേദം വരുന്നില്ല.

''മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആകും'' (മത്താ.19:30, 20:16).

മുന്തിരിത്തോട്ടത്തിലെ വേലക്കാർ എന്ന ഉപമയുടെ തുടക്കത്തിലും ഒടുക്കത്തിലും ഈ വാക്യം മത്തായി പ്രയോഗിക്കുന്നു. മർക്കൊസിന്റെ സുവിശേഷത്തിൽ വേറെ സന്ദർഭത്തിൽ അല്പം ഭേദപ്പെടുത്തിയാണ് ഇവ കൊടുത്തിരിക്കുന്നത്. യേശുവിനെ പിൻഗമിക്കുന്നവർക്കുള്ള പ്രതിഫലത്തെപ്പറ്റി പരാമർശിക്കുമ്പോഴാണ് മർക്കൊസ് ഇത് ചേർത്തിരിക്കുന്നത്. ''എങ്കിലും മുമ്പന്മാർ പലരും പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആകും'' (മർക്കൊ.10:31). ലൂക്കൊസിലും ഇതുണ്ട്; സന്ദർഭം തികച്ചും വ്യത്യസ്തം. ദൈവരാജ്യത്തിൽ പന്തിക്കിരിക്കുമ്പോൾ "മുമ്പന്മാരായിത്തീരുന്ന പിമ്പന്മാരുണ്ട്, പിമ്പന്മാരായിത്തീരുന്ന മുമ്പന്മാരും ഉണ്ട്'' എന്നു പറയുന്നു (ലൂക്കൊ.13:30).

> ''അങ്ങനെ ഉള്ളവന് ഏവനും ലഭിക്കും; അവനു സമൃദ്ധിയും ഉണ്ടാകും. ഇല്ലാത്തവനോടോ ഉള്ളതുംകൂടെ എടുത്തുകളയും'' (മത്താ. 25:29).

താലന്തിനെപ്പറ്റിയുള്ള ഉപമയുടെ അന്ത്യത്തിലാണ് മത്തായി ഇതുപയോഗിച്ചിരിക്കുന്നത്. താലന്തിനു സമാനമായി ലൂക്കൊസ് അവതരിപ്പിക്കുന്ന പത്തുറാത്തലിന്റെ ഉപമയുടെ അന്ത്യത്തിലും ഈ വാക്യം ചെറുഭേദത്തോടെ കാണാം. ''ഉള്ളവന് ഏവനും കൊടുക്കും ഇല്ലാത്തവനോട് ഉള്ളതുംകൂടെ എടുത്തുകളയും'' (19:26). ലൂക്കൊസ് മറ്റൊരിടത്തും പാഠഭേദത്തോടെ ഇതു പ്രയോഗിക്കുന്നുണ്ട് (8:18). മർക്കൊസും ഈ പ്രയോഗം ഉൾപ്പെടുത്തിയിട്ടുണ്ട്. ''ഉള്ളവനു കൊടുക്കും; ഇല്ലാത്തവനോടോ ഉള്ളതുംകൂടെ എടുത്തുകളയും'' (മർക്കൊ.4:25).

''രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല'' എന്ന ഗിരിപ്രഭാഷണത്തിലെ വാക്യം അനീതിയുള്ള കാര്യവിചാരകൻ എന്ന ഉപമയുടെ ഉപസംഹാരവാക്യമായിട്ടാണ് ലൂക്കൊസ് ഉപയോഗപ്പെടുത്തിയിരിക്കുന്നത് (മത്താ.6: 24, ലൂക്കൊ.16: 13).

''നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു; ഉപ്പു കാരമില്ലാതെ പോയാൽ അതിന് എന്തൊന്നുകൊണ്ടു രസം വരുത്താം? പുറത്തുകളഞ്ഞിട്ടു മനുഷ്യർ ചവിട്ടുവാൻ അല്ലാതെ മറ്റൊന്നിനും പിന്നെ കൊള്ളുന്നതല്ല '' (മത്താ.5:13). ലൂക്കൊസ് ഗോപുരനിർമ്മാണത്തിന്റെ ഉപമ പറഞ്ഞശേഷമാണ് ഈ വാക്യം ചെറുഭേദത്തോടെ കണ്ണിചേർക്കുന്നത്. ''ഉപ്പു നല്ലതുതന്നെ; ഉപ്പ് കാരമില്ലാതെ പോയാൽ എന്തൊന്നുകൊണ്ട് അതിനു രസം വരുത്തും? പിന്നെ നിലത്തിനും വളത്തിനും കൊള്ളുന്നതല്ല'' (ലൂക്കൊ.14:34). മർക്കൊസും വേറെ സന്ദർഭത്തിലാണ് ഇതുപയോഗിക്കുന്നത്. അഗ്നിനരകത്തെക്കുറിച്ചു പറയുമ്പോൾ അവിടെ തീകൊണ്ട് ഉപ്പിടും എന്നു പറഞ്ഞശേഷം ഉപ്പിന്റെ ഗുണവശം സൂചിപ്പിക്കുന്നു.

''നിങ്ങളിൽത്തന്നെ ഉപ്പുള്ളവരും അന്യോന്യം സമാധാനമുള്ളവരും ആയിരിപ്പിൻ'' എന്നു മറ്റെങ്ങുമില്ലാത്ത ഭാഗം മർക്കൊസ് കൂട്ടിച്ചേർക്കുന്നുമുണ്ട് (9:49-50).

ഗിരിപ്രഭാഷണത്തിൽ മത്തായി അവതരിപ്പിക്കുന്ന ''യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും. അന്വേഷിപ്പിൻ എന്നാൽ കണ്ടെത്തും.....എന്ന ഭാഗം ലൂക്കൊസ് അർദ്ധരാത്രിയിലെ സ്നേഹിതൻ എന്ന ഉപമയ്ക്ക് അനുബന്ധമായാണ് രേഖപ്പെടുത്തുന്നത് (മത്താ.7:7-9, ലൂക്കൊ.11:9-10).

''ജാതികളുടെ അധിപന്മാർ അവരിൽ കർത്തൃത്വം ചെയ്യുന്നു എന്നും മഹത്തുക്കൾ അവരുടെമേൽ അധികാരം നടത്തുന്നു എന്നും നിങ്ങൾ അറിയുന്നു. നിങ്ങളിൽ അങ്ങനെ അരുത്; നിങ്ങളിൽ മഹാനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസൻ ആകേണം'' (മത്താ.20:25-28, മർക്കൊ.10:42-44).

ഈ വാക്യം ശിഷ്യന്മാരുടെ ഇടയിൽ ആരാകുന്നു വലിയവൻ എന്ന തർക്കമുണ്ടായപ്പോൾ യേശു പറയുന്നതായിട്ടാണ് ലൂക്കൊസ് എഴുതിയിരിക്കുന്നത് (22:24). മൂന്നിടത്തും ഭാഷാപ്രയോഗത്തിൽ ചെറിയ വ്യത്യാസം ഉണ്ടെങ്കിലും ആശയം ഒന്നുതന്നെ.

ആപ്തവാക്യങ്ങളായി പരിഗണിച്ച് സാർവത്രികമായി ഉദ്ധരിക്കപ്പെടുന്നതിനാൽ ഇവയുടെ സവിശേഷസന്ദർഭം പ്രസക്തമല്ല. ബൈബിളിലേതെന്ന പൊതുബോധം സന്ദർഭം അറിയാത്തവർക്കും സ്വാഭാവികമായി ഉണ്ടാവുകയും ചെയ്യും. സുവിശേഷങ്ങളിൽ പലയിടത്തു കാണപ്പെടുന്നതിനാൽ ഈ വാക്യങ്ങളിലെ ആശയങ്ങൾക്ക് ആത്മീയമായ വലിയ പ്രാധാന്യമുണ്ട്. യേശുവിന്റെ വ്യവഹാരങ്ങളിൽ ആവർത്തിച്ചുവരുന്ന ഈ വാക്യഭാഗങ്ങൾ ജീവിതമൂല്യങ്ങളുടെയും സനാതനധർമ്മങ്ങളുടെയും അക്ഷയഖനിയാണ്.

**6.1.2. ഒരേ വാക്യത്തിന്റെ ആവർത്തനം**

ബൈബിളിലെ ആവർത്തനങ്ങൾ ഒരേ മട്ടിലുള്ളതല്ല. പദാവർത്തനങ്ങളും വാക്യാവർത്തനങ്ങളും പലവിധത്തിലുള്ളതാണ്. തനിമയുള്ള ആവർത്തനങ്ങളാണ് ഓരോന്നും.

1. ''കേൾപ്പാൻ ചെവിയുള്ളവർ കേൾക്കട്ടെ'' (മത്താ.11:15, മർക്കൊ.4:9, 4:23,7:16, ലൂക്കൊ.8:8, 14:35) സുവിശേഷങ്ങളിലെ ആവർത്തനപാദങ്ങളാണിവ. ഇതിന്റെ ഭാഗികമായ പ്രയോഗം വെളിപ്പാടുപുസ്തകത്തിലും പലവട്ടം വരുന്നുണ്ട്. എട്ടുതവണ വെളിപ്പാടിൽ ''ആത്മാവ് സഭകളോടു പറയുന്നതെന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ'' എന്നു പ്രയോഗിച്ചിരിക്കുന്നു (വെളി.2:7, 11, 17, 20, 29, 3:6, 13, 22, 13:9). ബൈബിളിലേതെന്ന് പെട്ടെന്നുതന്നെ ആർക്കും മനസ്സിലാകുന്ന അപൂർവ്വം വാക്യങ്ങളിൽ ഇതുൾപ്പെടുന്നു.

2. ''അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും'' (മത്താ.8:12, 13:42, 50, 22:13, 24:51, 25:30, ലൂക്കൊ.13:28). ലൂക്കൊസിന്റെ ആഖ്യാനത്തിൽ ഈ വാക്യം മറ്റൊരു വ്യവഹാരത്തോടു ചേർന്ന് ഉൾപ്പെടുത്തിയിരിക്കുന്നു. സുവിശേഷങ്ങളിൽ 7 പ്രാവശ്യം ഈ പ്രയോഗം വരുന്നുണ്ട്.

3. ''എങ്കിലും മുമ്പന്മാർ പലർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആകും'' (മത്താ.19:30, 20:16, മർക്കൊ.10:31, ലൂക്കൊ.13:30). ലൂക്കൊസിൽ ഈ വാക്യം ചെറിയ വ്യത്യാസത്തോടെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

4. ''കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം'' (മത്താ.23:13, 14, 17, 23, 25, 27, 29). മത്തായിയുടെ സുവിശേഷം 23-ാം അധ്യായത്തിൽ 8 പ്രാവശ്യം ഇത് ആവർത്തിക്കുന്നുണ്ട്. ഇതിനു സമാനമായ ലൂക്കൊസിലെ പ്രയോഗത്തിൽ 'ഹാ! കഷ്ടം' എന്നു പരിഭാഷപ്പെടുത്താതെ 'അയ്യോ കഷ്ടം' എന്ന് ഉപയോഗിച്ചിരിക്കുന്നു. ഇംഗ്ലീഷിൽ woe എന്നാണ് രണ്ടിടത്തും പ്രയോഗിച്ചിരിക്കുന്നത്. മറ്റു മലയാളം ബൈബിളുകളിൽ 'ദുരിതം' എന്നു രണ്ടിടത്തും മൊഴിമാറ്റിയിരിക്കുന്ന പദമാണ് സത്യവേദപുസ്തകത്തിൽ അർത്ഥഭംഗിയുള്ള രണ്ടു വ്യത്യസ്തവാക്കുകളിലൂടെ ആവിഷ്കരിച്ചിരിക്കുന്നത്. പദപ്രയോഗത്തിൽ സത്യവേദപുസ്തകപരിഭാഷകർക്കുണ്ടായിരുന്ന സൂക്ഷ്മതയും കൃത്യതയും ഇതു വെളിപ്പെടുത്തുന്നു.

5. ''അയ്യോ കഷ്ടം'' (ലൂക്കൊ.11:43-52, 22:22).

6. ''യെരൂശലേമേ, യെരൂശലേമേ'' (മത്താ.23:37).

7. ''ശീമോനേ, ശീമോനേ'' (ലൂക്കൊ.22:31).

8. ''അവനെ ക്രൂശിക്ക, ക്രൂശിക്ക'' (ലൂക്കൊ.23:21).

9. ''ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു'' (യോഹ.1:51, 3:3,5,11, 5:19, 24,25, 6:26,32, 6:47,53, 8:34,51,58, 10:1, 12:24, 13:16,20,38, 14:12, 16:20,23, 21:18).

10. ''നാഥാ, നാഥാ, ഞങ്ങൾ നശിച്ചുപോകുന്നു'' (ലൂക്കൊ.8:24).

11. ''മാർത്തയേ, മാർത്തയേ, നീ പലതിനെച്ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയുമിരിക്കുന്നു'' (ലൂക്കൊ.10:41).

ഒരേ രചനാഖണ്ഡത്തിൽത്തന്നെ ചില പദങ്ങൾ വീണ്ടും വീണ്ടും പറയുന്നതിലൂടെ ഉദ്ദിഷ്ടാശയത്തിന് ഊന്നൽ കൊടുക്കുന്നതിന്റെ ഉദാഹരണങ്ങൾ ബൈബിൾഭാഷയിൽ ഉടനീളം കടന്നുവരുന്നു.

''നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും

നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും

നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും

ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും'' (മത്താ.7:22).

പ്രസ്തുതത്തിൽ 'നിന്റെ നാമത്തിൽ' എന്ന വാക്കിന്റെ ആവർത്തനം ഔചിത്യ പൂർണവും സംവേദനത്തെ സരളമാക്കുന്നതും ആണെന്നു ബൈബിളിന്റെ പ്രതിപാദനപ ശ്ചാത്തലം പരിചയിച്ചുകഴിഞ്ഞ വായനക്കാർക്ക് മനസ്സിലാകും. യേശുവിന്റെ നാമം ഉപ യോഗിച്ച് സ്വാർത്ഥലാഭത്തിനായി പ്രവർത്തിക്കുന്നവരുടെ കപടമുഖം വെളിവാക്കാൻ ഇതിലും നല്ല പ്രയോഗമില്ല.

''നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്ക് എന്ത് ഉപചാരം കിട്ടും? പാപികളും തങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നുവല്ലോ.

നിങ്ങൾക്കു നന്മ ചെയ്യുന്നവർക്കു നന്മ ചെയ്താൽ നിങ്ങൾക്ക് എന്ത് ഉപചാരം കിട്ടും? പാപികളും അങ്ങനെതന്നെ ചെയ്യുന്നുവല്ലോ.

മടക്കി വാങ്ങിക്കൊള്ളാം എന്നു നിങ്ങൾ ആശിക്കുന്നവർക്ക് കടംകൊടുത്താൽ നിങ്ങൾക്ക് എന്ത് കിട്ടും? പാപികളും കുറയാതെ മടക്കിവാങ്ങേണ്ടതിനു പാപികൾക്കു കടം കൊടുക്കുന്നുവല്ലോ'' (ലൂക്കൊ.6:32-34).

''അശേഷം സത്യം ചെയ്യരുത്......
സ്വർഗത്തെക്കൊണ്ട് അരുത്........
ഭൂമിയെക്കൊണ്ട് അരുത്...........
യെരൂശലേമിനെക്കൊണ്ട് അരുത്..........
നിന്റെ തലയെക്കൊണ്ടും സത്യം ചെയ്യരുത്...........'' (മത്താ.5:34-36).

ഇവിടെ ഒരേതരം നിഷേധശബ്ദങ്ങളുടെ ആവർത്തനത്തിലൂടെ പ്രതിപാദന ത്തിനു ശക്തി നൽകാൻ കഴിയുന്നു.

**6.1.2.1. 'ഞാൻ ആകുന്നു'**

യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമുള്ള ശൈലീവൈവിധ്യമാണ് 'ഞാൻ ആകുന്നു' എന്ന പ്രസ്താവനകളുടെ ആവർത്തിച്ചുള്ള പ്രയോഗം. സാധാരണചിന്തയ്ക്ക് വിരസവും അസ്വാഭാവികതയുണ്ടാക്കുന്നതുമായ ഈ ആവർത്തനങ്ങൾക്ക് ബൈബിളിന്റെ ആദ്ധ്യാത്മികമായ അന്തരീക്ഷത്തിൽനിന്നു വിലയിരുത്തുമ്പോൾ വലിയ പ്രസക്തിയുണ്ട്. കേവലം പ്രസ്താവനകൾക്കപ്പുറം അസാധാരണമായ ദൈവാസ്തിത്വത്തിന്റെയും ദൈവ ചിന്തയുടെയും സംക്ഷിപ്തരൂപങ്ങളാണ് 'ഞാൻ ആകുന്നു'.

1. ''ഞാൻ ജീവന്റെ അപ്പം ആകുന്നു'' (യോഹ.6:35).

2. ''ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു'' (യോഹ.8:12).

3. ''ആടുകളുടെ വാതിൽ ഞാൻ ആകുന്നു'' (യോഹ.10:7).

4. ''ഞാൻ നല്ല ഇടയൻ ആകുന്നു'' (യോഹ.10:11).

5. ''ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു'' (യോഹ.11:25).

6. ''ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു'' (യോഹ.14:6).

7. ''ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവ് തോട്ടക്കാരനും ആകുന്നു'' (യോഹ.15:1).

എണ്ണത്തിൽക്കുറവാണെങ്കിലും ലൂക്കൊസിന്റെ സുവിശേഷത്തിലും 'ഞാൻ ആകുന്നു' പ്രയോഗങ്ങൾ ഉണ്ട്. യോഹന്നാന്റെ സുവിശേഷത്തിലേതുപോലുള്ള ആവി ഷ്കാരസവിശേഷത ഇല്ലെങ്കിലും അതേ ആശയം തന്നെയാണ് ലൂക്കൊസും മറ്റു സുവി ശേഷകരും ഈ പ്രയോഗം കൊണ്ട് ലക്ഷ്യമാക്കുന്നത്.

''നീ ദൈവപുത്രനായ ക്രിസ്തു തന്നെയോ? പറക എന്നു ഞാൻ ജീവനുള്ള ദൈവത്തെക്കൊണ്ട് ആണയിട്ടു ചോദിക്കുന്നു എന്നു പറഞ്ഞു. യേശു അവനോട്: ഞാൻ ആകുന്നു; ..........'' (മത്താ.26:64).

> ''നീ യെഹൂദന്മാരുടെ രാജാവോ എന്നു നാടുവാഴി ചോദിച്ചു: ഞാൻ ആകുന്നു എന്നു യേശു അവനോടു പറഞ്ഞു'' (മത്താ.27:11).
>
> ''മഹാപുരോഹിതൻ പിന്നെയും അവനോട്: നീ വന്ദ്യനായവന്റെ പുത്രനായ ക്രിസ്തുവോ എന്നുചോദിച്ചു. ഞാൻ ആകുന്നു; ..........'' (മർക്കൊ.14:61).
>
> ''പീലാത്തോസ് അവനോട് : നീ യെഹൂദന്മാരുടെ രാജാവോ എന്നു ചോദിച്ചതിന്: ഞാൻ ആകുന്നു എന്ന് അവൻ ഉത്തരം പറഞ്ഞു'' (മർക്കൊ.15:2).
>
> ''എന്നാൽ നീ ദൈവപത്രൻ തന്നെയോ എന്ന് എല്ലാവരും ചോദിച്ചതിന് : നിങ്ങൾ പറയുന്നത് ശരി; ഞാൻ ആകുന്നു എന്ന് അവൻ പറഞ്ഞു'' (ലൂക്കൊ.22 :70).
>
> ''പീലാത്തോസ് അവനോട്: നീ യെഹൂദന്മാരുടെ രാജാവോ എന്നു ചോദിച്ചതിന് : ഞാൻ ആകുന്നു എന്ന് അവനോട് ഉത്തരം പറഞ്ഞു'' (ലൂക്കൊ. 23:3).

ഞാൻ ആകുന്നു എന്നത് ഒരു സാധാരണ പ്രയോഗമല്ല. ബൈബിൾ പശ്ചാത്തല ത്തിൽ സവിശേഷമായ അർത്ഥം പ്രസ്തുതപദത്തിന് അവകാശപ്പെടാനുണ്ട്. പഴയനിയമം തൊട്ടേ ദൈവത്തിന്റെ പേരായി പ്രയോഗിച്ചുവരുന്ന സംജ്ഞയാണിത്. പുറപ്പാടുപുസ്തക ത്തിലാണ് ഇത് ആദ്യം പരാമർശിച്ചിരിക്കുന്നത്. യിസ്രായേൽ ജനതയെ മിസ്രയീ മിൽനിന്നു പുറപ്പെടുവിക്കുമ്പോൾ അവർ ദൈവത്തിന്റെ പേര് ചോദിച്ചാൽ എന്താണ് പറ

യേണ്ടതെന്ന് മോശെ ദൈവത്തോട് ചോദിക്കുന്നു. അപ്പോൾ ദൈവം വെളിപ്പെടുത്തുന്നതാണ് ഈ വാക്ക്. ''അതിനു ദൈവം മോശെയോട്: ഞാൻ ആകുന്നവൻ ഞാൻ ആകുന്നു; ഞാൻ ആകുന്നു എന്നുള്ളവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നിങ്ങനെ നീ യിസ്രായേൽ മക്കളോടു പറയേണം എന്നു കല്പിച്ചു'' (പുറ.3:14). ബൈബിളിൽ എല്ലായിടത്തും വർത്തമാനകാലത്തിലാണ് ഈ പ്രയോഗം. ദൈവത്തിന്റെ കാലാതീതമായ അവസ്ഥ സൂചിപ്പിക്കുവാൻ ഈ പദം ഉപയോഗിച്ചുവരുന്നു. യേശുവിന്റെ ദൈവത്വത്തെയും സൂചിപ്പിക്കുന്നു ഈ പ്രയോഗം. പഴയനിയമത്തിലെ ദൈവത്തിന്റെ പുതിയനിയമകാലത്തെ അവതാരമാണ് യേശു എന്ന് എടുത്തുകാട്ടാൻ ബോധപൂർവ്വം പ്രയോഗിച്ചതും അതിനു സഹായകവുമാണ് 'ഞാൻ ആകുന്നു'.

### 6.1.3. ഒരേ ഘടനയുള്ള വാക്യങ്ങളുടെ ആവർത്തനം

ഒരേ ഘടനയുള്ള വാക്യങ്ങൾ ആവർത്തിച്ചു വരുന്നത് ബൈബിളിന്റെ പ്രത്യേകതയാണ്. ഗിരിപ്രഭാഷണത്തിലെ ഭാഗ്യവർണ്ണന അത്തരം വാക്യങ്ങളിൽ ഏറെ പ്രസിദ്ധവും സുന്ദരവുമാണെന്നു സൂചിപ്പിച്ചിട്ടുണ്ട്. അത്തരം ഉദാഹരണങ്ങൾ വേറെയുമുണ്ട്.

ദൈവരാജ്യത്തെ മറ്റു വസ്തുക്കളോട് താരതമ്യം ചെയ്ത് ഉപമകൾ പരിചയപ്പെടുത്തുവാൻ യേശു പലപ്പോഴും സ്വർഗരാജ്യം ഇതുപോലെ എന്ന പ്രയോഗം നടത്തിയിരിക്കുന്നത് സുവിശേഷകർ രേഖപ്പെടുത്തിയിരിക്കുന്നു.

1. ''സ്വർഗരാജ്യം ഒരു മനുഷ്യൻ തന്റെ നിലത്തു നല്ല വിത്തു വിതച്ചതിനോടു സദൃശമാകുന്നു'' (മത്താ. 13:24).
2. ''സ്വർഗരാജ്യം കടുകുമണിയോടു സദൃശം'' (മത്താ.13:31).
3. ''സ്വർഗരാജ്യം പുളിച്ചമാവിനോട് സദൃശം'' (മത്താ.13:33).
4. ''സ്വർഗരാജ്യം വയലിൽ ഒളിച്ചുവച്ച നിധിയോടു സദൃശം'' (മത്താ.13:44).
5. ''പിന്നെയും സ്വർഗരാജ്യം നല്ല മുത്ത് അന്വേഷിക്കുന്ന ഒരു വ്യാപാരിയോടു സദൃശം'' (മത്താ.13:45).
6. ''സ്വർഗരാജ്യം തന്റെ ദാസന്മാരുമായി കണക്കു തീർപ്പാൻ ഭാവിക്കുന്ന ഒരു രാജാവിനോടു സദൃശം '' (മത്താ.18:23).
7. ''സ്വർഗരാജ്യം തന്റെ പുത്രനുവേണ്ടി കല്യാണസദ്യ കഴിച്ച ഒരു രാജാവിനോടു സദൃശം (മത്താ.22:2).
8. ''സ്വർഗരാജ്യം മണവാളനെ എതിരേല്പാൻ വിളക്ക് എടുത്തുംകൊണ്ടു പുറപ്പെട്ട പത്തു കന്യകമാരോടു സദൃശം'' (മത്താ.25:1).

ക്രിസ്തുവിന്റെ രണ്ടാം വരവിൽ സംഭവിക്കുന്ന കാര്യങ്ങൾ പറയുമ്പോൾ ഇതു പോലെ തന്നെ സമാന ശബ്ദങ്ങൾ ആവർത്തിക്കുന്നുണ്ട്.

''രണ്ടുപേർ ഒരു കിടക്കമേൽ ആയിരിക്കും. ഒരുത്തനെ കൈക്കൊള്ളും. മറ്റവനെ ഉപേക്ഷിക്കും.

രണ്ടുപേർ ഒന്നിച്ചു പൊടിച്ചുകൊണ്ടിരിക്കും. ഒരുത്തിയെ കൈക്കൊള്ളും. മറ്റവളെ ഉപേക്ഷിക്കും.

രണ്ടുപേർ വയലിൽ ഇരിക്കും. ഒരുത്തനെ കൈക്കൊള്ളും. മറ്റവനെ ഉപേക്ഷിക്കും'' (ലൂക്കൊ. 17:34-36).

ഒരേ സംഖ്യാശബ്ദത്തിന്റെ ആവർത്തനം ആവിഷ്കാരവിഷയത്തിന്റെ അർത്ഥത്തിനു ശക്തിയും ഭംഗിയും കൂട്ടാൻ ഉതകുന്നു.

**6.1.4. ഒരേ ഘടനയുള്ള ചോദ്യവാക്യങ്ങൾ**

ചില സമാനമായ അവസരങ്ങളിൽ യേശു ഒരേതരം ഘടനയുള്ള ചോദ്യം തന്നെ ചോദിക്കുന്നു.

''ശീമോനേ, നിനക്ക് എന്തു തോന്നുന്നു?'' (മത്താ.17:25).

''നിങ്ങൾക്ക് എന്തു തോന്നുന്നു? ഒരു മനുഷ്യനു നൂറ് ആടുണ്ട് എന്നിരിക്കട്ടെ'' (മത്താ.18:12).

''എങ്കിലും നിങ്ങൾക്ക് എന്തു തോന്നുന്നു. ഒരു മനുഷ്യനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു'' (മത്താ.21:28).

''യേശു അവരോട്: ക്രിസ്തുവിനെക്കുറിച്ചു നിങ്ങൾക്ക് എന്തു തോന്നുന്നു?'' (മത്താ.22:42).

**6.1.5. ഒരേ വാക്യം വ്യത്യസ്തസന്ദർഭങ്ങളിൽ**

മത്തായിയുടെ ആഖ്യാനത്തിൽ മാത്രം കാണുന്ന ഒരു രചനാശൈലിയാണ് വ്യത്യസ്തമായ രണ്ടു സന്ദർഭങ്ങളിൽ ഒരേപോലുള്ള സംഭാഷണം വരുന്നത്. ചിലപ്പോൾ ചില വാക്കുകളും ചില വാക്കുകളുടെ ക്രമവും അല്പം മാറ്റമുണ്ടാകും എന്നതൊഴിച്ചാൽ ആവർത്തനത്തിന്റെ കാര്യത്തിൽ വ്യത്യാസമൊന്നും ഉണ്ടാവില്ല.

''അപ്പോൾ ശാസ്ത്രിമാരിലും പരീശന്മാരിലും ചിലർ അവനോട്: ഗുരോ, നീ ഒരു അടയാളം ചെയ്തുകാൺമാൻ ഞങ്ങൾ ഇച്ഛിക്കുന്നു എന്നു പറഞ്ഞു. അവൻ അവരോട് ഉത്തരം പറഞ്ഞത്: ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു; യോനാ പ്രവാചകന്റെ അടയാളമല്ലാതെ അതിന് അടയാളം ലഭിക്കയില്ല.......... '' (മത്താ.12:38-42).

മത്തായി തന്നെ മറ്റൊരു ഭാഗത്ത്  വീണ്ടും ഇക്കാര്യം പറയുന്നു.

''അനന്തരം പരീശന്മാരും സദൂക്യരും അടുക്കെ വന്നു: ആകാശത്തുനിന്ന്  ഒരു അടയാളം കാണിച്ചുതരേണമെന്ന്  അവനെ പരീക്ഷിച്ചു ചോദിച്ചു. ..........ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു; യോനായുടെ അടയാളമല്ലാതെ അതിന് അടയാളം ലഭിക്കയില്ല'' (മത്താ. 16:1-4).

''സഹോദരൻ സഹോദരനെയും അപ്പൻ മകനെയും മരണത്തിനേല്പിക്കും; അമ്മയപ്പന്മാർക്ക് എതിരായി മക്കൾ എഴുന്നേറ്റ് അവരെ കൊല്ലിക്കും. എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകയ്ക്കും; അവസാനത്തോളം സഹിച്ചുനില്ക്കുന്നവനോ രക്ഷിക്കപ്പെടും'' (10:21-22).

''അന്ന് അവർ നിങ്ങളെ ഉപദ്രവത്തിന് ഏല്പിക്കയും കൊല്ലുകയും ചെയ്യും; എന്റെ നാമം നിമിത്തം സകല ജാതികളും നിങ്ങളെ പകയ്ക്കും. പലരും ഇടറി അന്യോന്യം ഏല്പിച്ചുകൊടുക്കയും അന്യോന്യം പകയ്ക്കുകയും ചെയ്യും'' (24: 9-10).

''സ്വർഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗത്തിൽ അഴിഞ്ഞിരിക്കും എന്ന് ഉത്തരം പറഞ്ഞു'' (മത്താ.16:19).

''നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിഞ്ഞിരിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു'' (മത്താ.18:18).

''അവൻ അവരോട്: നിങ്ങളുടെ അല്പവിശ്വാസം നിമിത്തമത്രേ; നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട്: ഇവിടെനിന്ന് അങ്ങോട്ടു നീങ്ങുക എന്നു പറഞ്ഞാൽ അതു നീങ്ങും; നിങ്ങൾക്ക് ഒന്നും അസാധ്യമാവുകയില്ല. (എങ്കിലും പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല) എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു'' (മത്താ.17:20-21).

''നിങ്ങൾ സംശയിക്കാതെ വിശ്വാസം ഉള്ളവരായാൽ ഈ അത്തിയോട് ചെയ്തതു നിങ്ങളും ചെയ്യും; എന്നു മാത്രമല്ല, ഈ മലയോട്: നീങ്ങി കടലിലേക്കു ചാടിപ്പോക എന്നു പറഞ്ഞാൽ അതു സംഭവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു'' (മത്താ.21:21).

''നിങ്ങളിൽ അങ്ങനെ അരുത്; നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം'' (മത്താ.20:26).

''നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം'' (മത്താ.23:11).

''ഞാൻ ക്രിസ്തു എന്നു പറഞ്ഞ് അനേകർ എന്റെ പേരെടുത്തുവന്ന് പലരെയും തെറ്റിക്കും'' (മത്താ.24:5).

''കള്ളപ്രവാചകന്മാർ പലരും വന്ന് അനേകരെ തെറ്റിക്കും'' (മത്താ.24:11).

''അന്ന് ആരാനും നിങ്ങളോട്: ഇതാ, ക്രിസ്തു ഇവിടെ, അല്ല അവിടെ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റ് കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അദ്ഭുതങ്ങളും കാണിക്കും'' (മത്താ.24:23-24).

''എന്നാൽ വലങ്കണ്ണു നിനക്ക് ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ ചൂന്നെടുത്ത് എറിഞ്ഞുകളക, നിന്റെ ശരീരം മുഴുവനും നരകത്തിൽ വീഴുന്നതിനെക്കാൾ നിന്റെ അവയവങ്ങളിൽ ഒന്നു നശിക്കുന്നതു നിനക്കു പ്രയോജനമത്രേ. വലങ്കൈ നിനക്ക് ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ വെട്ടി എറിഞ്ഞുകളക, നിന്റെ ശരീരം മുഴുവനും നരകത്തിൽ പോകുന്നതിനെക്കാൾ അവയവങ്ങളിൽ ഒന്നു നശിക്കുന്നതു നിനക്കു പ്രയോജനമത്രേ''(5:29-30).

''നിന്റെ കൈയോ കാലോ നിനക്ക് ഇടർച്ച ആയാൽ അതിനെ വെട്ടി എറിഞ്ഞുകളക; രണ്ടു കൈയും രണ്ടു കാലും ഉള്ളവനായി നിത്യാഗ്നിയിൽ വീഴുന്നതിനെക്കാൾ അംഗഹീനനായിട്ടോ മുടന്തനായിട്ടോ ജീവനിൽ കടക്കുന്നത് നിനക്ക് നന്ന്. നിന്റെ കണ്ണു നിനക്ക് ഇടർച്ച ആയാൽ അതിനെ ചൂന്നെടുത്ത് എറിഞ്ഞുകളക; രണ്ടു കണ്ണുള്ളവനായി അഗ്നിനരകത്തിൽ വീഴുന്നതിനെക്കാൾ ഒറ്റക്കണ്ണനായി ജീവനിൽ കടക്കുന്നതു നിനക്കു നന്ന്'' (18:8,9).

''ഞാനോ നിങ്ങളോടു പറയുന്നത്: പരസംഗം ഹേതുവായിട്ടല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവനെല്ലാം അവളെക്കൊണ്ടു വ്യഭിചാരം ചെയ്യിക്കുന്നു'' (5:32). ''ഞാനോ നിങ്ങളോടു പറയുന്നത്: പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു'' (19:9).

''കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ട് നിങ്ങളുടെ അടുക്കൽ വരുന്നു; അകമേയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു. അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം; മുള്ളുകളിൽനിന്ന് മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽനിന്ന് അത്തിപ്പഴവും പറിക്കുമാറുണ്ടോ? നല്ല വൃക്ഷമൊക്കെയും നല്ല ഫലം കായ്ക്കുന്നു; ആകാത്തവൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു. നല്ല വൃക്ഷത്തിന് ആകാത്തഫലവും ആകാത്തവൃക്ഷത്തിന് നല്ല ഫലവും കായ്പാൻ കഴികയില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷമൊക്കെയും വെട്ടി തീയിൽ ഇടുന്നു. ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും'' (7:15-20).

‘‘ഒന്നുകിൽ വൃക്ഷം നല്ലത്, ഫലവും നല്ലത് എന്നുവയ്പിൻ; അല്ലായ്കിൽ വൃക്ഷം ചീത്ത, ഫലവും ചീത്ത എന്നു വയ്പിൻ; ഫലം കൊണ്ടല്ലോ വൃക്ഷം അറിയുന്നത്. സർപ്പ സന്തതികളേ, നിങ്ങൾ ദുഷ്ടന്മാരായിരിക്കെ നല്ലതു സംസാരിപ്പാൻ എങ്ങനെ കഴിയും? ഹൃദയം നിറഞ്ഞുകവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്. നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്ന് നല്ലതു പുറപ്പെടുവിക്കുന്നു; ദുഷ്ടമനുഷ്യൻ ദുഷ്ടനി ക്ഷേപത്തിൽനിന്ന് തീയത് പുറപ്പെടുവിക്കുന്നു’’ (മത്താ. 12:33-35).

### 6.1.6. സമാനസന്ദർഭങ്ങളിൽ ഒരേപോലെയുള്ള സംഭാഷണം

ഒരേ വാക്യം ഉപയോഗിച്ച് വ്യത്യസ്ത വസ്തുതകൾ വ്യക്തമാക്കുന്നതിന് പല ഉദാഹരണങ്ങൾ ബൈബിളിലുണ്ട്. പാഠഭേദമെന്നും പറയാവുന്ന വസ്തുതയാണിത്.

‘‘മകൻ അപ്പം ചോദിച്ചാൽ അവനു കല്ലു കൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളൂ? മീൻ ചോദിച്ചാൽ അവനു പാമ്പിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ സ്ഥനായ പിതാവ് തന്നോടു യാചിക്കുന്നവർക്കു നന്മ എത്ര അധികം കൊടുക്കും?’’ (മത്താ.7:9-11). ഇതു ലൂക്കൊസിന്റെ സുവിശേഷത്തിൽ നന്മയ്ക്കു പകരം പരിശുദ്ധാത്മാ വിനെ എത്ര അധികമായി കൊടുക്കും എന്നാണ്. ലൂക്കൊസിന്റെ വിവരണത്തിൽ ഒരു വസ്തുത അധികം പറയുന്നുമുണ്ട്. ‘‘മുട്ട ചോദിച്ചാൽ തേളിനെ കൊടുക്കുമോ?’’ (11:12).

ഇതുപോലുള്ള മറ്റൊരു ഉദാഹരണം. മത്തായിയിൽ ഗിരിപ്രഭാഷണത്തിന്റെ ഭാഗ മായി പറയുന്ന ഭാഗം ഇങ്ങനെയാണ്. ‘‘എന്നോടു കർത്താവേ, കർത്താവേ എന്നു പറയു ന്നവൻ ഏവനുമല്ല, സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവ ചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോട്: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തു പറയും’’ (മത്താ.7:21-23). ‘‘ഇടുക്കുവാതിലിലൂടെ കടപ്പാൻ പോരാടുവിൻ. പലരും കടപ്പാൻ നോക്കും കഴികയില്ല താനും എന്നു ഞാൻ നിങ്ങളോടു പറയുന്നു. വീട്ടുടയവൻ എഴു ന്നേറ്റ് കതക് അടച്ച ശേഷം നിങ്ങൾ പുറത്തുനിന്ന്: കർത്താവേ, തുറന്നു തരേണമേ എന്നു പറഞ്ഞുകൊണ്ട് കതകിനു മുട്ടിത്തുടങ്ങുമ്പോൾ: നിങ്ങൾ എവിടെനിന്ന് എന്ന് ഞാൻ അറിയുന്നില്ല എന്ന് അവൻ ഉത്തരം പറയും. അന്നേരം നിങ്ങൾ: നിന്റെ മുമ്പിൽ ഞങ്ങൾ തിന്നുകയും കുടിക്കയും ഞങ്ങളുടെ തെരുക്കളിൽ നീ പഠിപ്പിക്കയും ചെയ്തു വല്ലോ എന്നു പറഞ്ഞുതുടങ്ങും. അവനോ: നിങ്ങൾ എവിടെനിന്ന് എന്നു ഞാൻ അറിയു ന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. അനീതി പ്രവർത്തിക്കുന്ന ഏവരുമായുള്ളോ രേ, എന്നെ വിട്ടുപോകുവിൻ എന്നു പറയും. അവിടെ അബ്രാഹാമും യിസ്ഹാക്കും യാക്കോബും സകല പ്രവാചകന്മാരും ദൈവരാജ്യത്തിൽ ഇരിക്കുന്നതും നിങ്ങളെ

പുറത്തു തള്ളിക്കളഞ്ഞതും നിങ്ങൾ കാണുമ്പോൾ കരച്ചലും പല്ലുകടിയും ഉണ്ടാകും. കിഴക്കുനിന്നും പടിഞ്ഞാറുനിന്നും തെക്കുനിന്നും വടക്കുനിന്നും അനേകർ വന്നു ദൈവ രാജ്യത്തിൽ പന്തിയിൽ ഇരിക്കും. മുമ്പന്മാരായിത്തീരുന്ന പിമ്പന്മാരുണ്ട്, പിമ്പന്മാരായി ത്തീരുന്ന മുമ്പന്മാരും ഉണ്ട്'' (ലൂക്കൊ.13:24-30).

ഇവിടെയുള്ള ''അബ്രാഹാമും യിസ്ഹാക്കും യാക്കോബും സകല പ്രവാചക ന്മാരും ദൈവരാജ്യത്തിൽ ഇരിക്കുന്നതും നിങ്ങളെ പുറത്തു തള്ളിക്കളഞ്ഞതും നിങ്ങൾ കാണുമ്പോൾ .................... '' എന്ന ഭാഗം മത്തായി മറ്റൊരു സന്ദർഭത്തിലാണ് ആവിഷ്ക രിക്കുന്നത്. ബാല്യക്കാരന്റെ പക്ഷവാതം സൗഖ്യമാക്കുവാൻ ശതാധിപൻ ആവശ്യപ്പെ ടുന്ന സന്ദർഭത്തിലാണ് യേശു ഈ വാക്യം പറയുന്നത്. ''കിഴക്കുനിന്നും പടിഞ്ഞാറു നിന്നും അനേകർ വന്ന് അബ്രാഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗരാജ്യത്തിൽ പന്തിക്കിരിക്കും. രാജ്യത്തിന്റെ പുത്രന്മാരെയോ ഏറ്റവും പുറ ത്തുള്ള ഇരുളിലേക്കു തള്ളിക്കളയും; അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു'' (മത്താ.8:11-12).

''അങ്ങനെതന്നെ മാനസാന്തരംകൊണ്ട് ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പത് നീതി മാന്മാരെക്കുറിച്ചുള്ളതിനെക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗത്തിൽ അധികം സന്തോഷം ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു'' (ലൂക്കൊ.15:7).

''അങ്ങനെതന്നെ മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ചു ദൈവദൂതന്മാരുടെ മദ്ധ്യേ സന്തോഷം ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു'' (ലൂക്കൊ.15:10). ബൈബിൾ അവതരിപ്പിക്കുന്ന ആശയങ്ങളിൽ അതിപ്രധാനസ്ഥാനം മാനസാന്തരത്തിനു ണ്ട്. അതുകൊണ്ട് കാണാതെപോയ ആട് എന്ന ഉപമയിലെ ഉപസംഹാരവാക്യം കാണാ തായ ദ്രഹ്മയുടെ ഉപമയിലും ഉപയോഗിച്ചിരിക്കുന്നു. എന്നാൽ ഈ ആവർത്തനം അധിക പ്പറ്റായി മാറാതിരിക്കാനും ശ്രദ്ധിക്കുന്നുണ്ട്. മുടിയനായ പുത്രന്റെ കഥയിലും പ്രമേയം ഇതുതന്നെ ആണെങ്കിലും ഈ വാക്യം ആവർത്തിക്കാതെയും പകരം മറ്റൊരു ഉപസം ഹാരം എഴുതാതെയും ആഖ്യാനം അവസാനിപ്പിക്കുവാനുള്ള ഔചിത്യം ലൂക്കൊസ് കാണിക്കുന്നു.

**6.2. ആലങ്കാരികത**

ആദ്ധ്യാത്മികഗ്രന്ഥത്തിൽ കാണുമെന്ന് സാധാരണവായനക്കാർ പ്രതീക്ഷിക്കാത്ത നിലയിൽ അലങ്കാരസുന്ദരമായ പ്രയോഗങ്ങൾ ബൈബിളിലുണ്ട്. വളച്ചുകെട്ടില്ലാത്തതും സ്വാഭാവികവുമായ അലങ്കാരങ്ങളാണ് ബൈബിളിലേത്. ഒട്ടേറെ കൃതികളിൽ ഇവയുടെ പാരഡി വന്നതുതന്നെ വേദപുസ്തകത്തിലെ അലങ്കാരങ്ങൾക്കുള്ള അംഗീകാരമാണ്.

#### 6.2.1. ഉപമകൾ

യേശുവിന്റെ സാരോപദേശകഥകൾ ഉപമകൾ (Parables) എന്നാണ് അറിയപ്പെടുന്നത്. എന്നാൽ ഇവിടെ ഉപമ (Simile) എന്ന അലങ്കാരമാണു വിവക്ഷ. അസാധാരണമായതും സംവേദനം ശക്തമാക്കുന്നതുമായ വളരെ ലളിതമായ ഉപമാലങ്കാരങ്ങൾ സുവിശേഷങ്ങളിലുണ്ട്.

1. ''അവൻ പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെപ്പോലെ കുഴഞ്ഞവരും ചിന്നിയവരുമായി കണ്ടിട്ട് അവരെക്കുറിച്ചു മനസ്സലിഞ്ഞു'' (മത്താ.9:36).

2. ''ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ'' (മത്താ.10:16).

3. ''കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുംപോലെ നിന്റെ മക്കളെ ചേർത്തുകൊൾവാൻ എനിക്ക് എത്രവട്ടം മനസ്സായിരുന്നു'' (മത്താ.23:37).

4. ''മിന്നൽ കിഴക്കുനിന്നു പുറപ്പെട്ടു പടിഞ്ഞാറോളം വിളങ്ങുംപോലെ മനുഷ്യപുത്രന്റെ വരവ് ആകും'' (മത്താ.24:27).

5. ''അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ച് ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ ഇടത്തും നിറുത്തും'' (മത്താ.25:32-33).

6. ''ദൈവരാജ്യം ഒരു മനുഷ്യൻ മണ്ണിൽ വിത്ത് എറിഞ്ഞശേഷം രാവും പകലും ഉറങ്ങിയും എഴുന്നേറ്റും ഇരിക്കെ അവൻ അറിയാതെ വിത്തു മുളച്ചുവളരുന്നതുപോലെ ആകുന്നു'' (മർക്കൊ.4:26-27).

7. ''അവൻ പടകിൽനിന്ന് ഇറങ്ങിയാറെ വലിയ പുരുഷാരത്തെ കണ്ടു, അവർ ഇടയൻ ഇല്ലാത്ത ആടുകളെപ്പോലെ ആകകൊണ്ട് അവരിൽ മനസ്സലിഞ്ഞു പലതും ഉപദേശിച്ചു തുടങ്ങി'' (മർക്കൊ. 6:34).

8. ''സാത്താൻ മിന്നൽപോലെ ആകാശത്തുനിന്നു വീഴുന്നതു ഞാൻ കണ്ടു'' (ലൂക്കൊ.10:18).

#### 6.2.2. രൂപകങ്ങൾ

1. ''കുരുടന്മാരായ വഴികാട്ടികൾ'' (മത്താ.23:16).

2. ''വെള്ളതേച്ച ശവക്കല്ലറ'' (മത്താ.23:27).

3. ''സർപ്പസന്തതികൾ'' (മത്താ.23:33).

4. ''ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു'' (യോഹ.8:12).

5. ''ആടുകളുടെ വാതിൽ ഞാൻ ആകുന്നു'' (യോഹ.10:7).

6. ''ഞാൻ വാതിൽ ആകുന്നു'' (യോഹ. 10:9).

7. ''ഞാൻ നല്ല ഇടയൻ ആകുന്നു'' (യോഹ.10:11).

8. ''ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു'' (യോഹ.14:6).

9. ''ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവ് തോട്ടക്കാരനും ആകുന്നു'' (യോഹ.15:1).

10. ''ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു'' (യോഹ.15:5).

11. ''ഞാൻ ലോകത്തിൽ ഇരിക്കുമ്പോൾ ലോകത്തിന്റെ വെളിച്ചം ആകുന്നു'' (യോഹ.9:5).

12. ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളത് ആകയാൽ അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചതുതന്നെ'' (യോഹ.3:19).

മത്തായിയുടെ സുവിശേഷത്തിലെ രൂപകങ്ങൾ.

1. ''നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു'' (മത്താ.5:13).

2. ''നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു'' (മത്താ.5:14).

3. ''മലമേൽ ഇരിക്കുന്ന പട്ടണം'' (മത്താ.5:14).

**6.2.3. അപ്രസ്തുതപ്രശംസ**

വസ്തുത നേരേ പറയുന്നതിനു പകരം അപ്രസ്തുതകഥനം നടത്തുന്നത് ബൈബിളിന്റെ പൊതുരീതിയാണ്. വളച്ചുകെട്ടില്ലാതെ കാര്യങ്ങൾ പറയുന്നതിലല്ല ആഖ്യാനകാരന്മാർ ശ്രദ്ധവെക്കുന്നത്. എത്ര ലളിതമായ കാര്യവും അല്പമെങ്കിലും വക്രീകരിക്കുന്നതാണ് ബൈബിൾഗ്രന്ഥകാരൻമാരുടെ പതിവ്. താഴെ കൊടുക്കുന്നവയുടെ ആഖ്യാനസാഹചര്യം എന്തുതന്നെയായാലും അവയൊന്നും അർത്ഥം നേരേ സൂചിപ്പിക്കുന്ന പ്രയോഗങ്ങളല്ല.

1. ''എന്നാൽ സ്വന്തകണ്ണിലെ കോൽ ഓർക്കാതെ സഹോദരന്റെ കണ്ണിലെ കരട് നോക്കുന്നത് എന്ത്? അല്ല, സ്വന്തകണ്ണിൽ കോൽ ഇരിക്കെ നീ സഹോദരനോട്: നില്ല്, നിന്റെ കണ്ണിൽനിന്നു കരട് എടുത്തു കളയട്ടെ, എന്നു പറയുന്നത് എങ്ങനെ? കപടഭക്തിക്കാരാ, മുമ്പേ സ്വന്തകണ്ണിൽനിന്നു കോൽ എടുത്തുകളക;

പിന്നെ സഹോദരന്റെ കണ്ണിൽനിന്നു കരട് എടുത്തുകളവാൻ വെടിപ്പായി കാണും'' (മത്താ.7:3-5).

2. ''മുള്ളുകളിൽനിന്നു മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽനിന്ന് അത്തിപ്പഴവും പറിക്കുമാറുണ്ടോ? നല്ല വൃക്ഷമൊക്കെയും നല്ല ഫലം കായ്ക്കുന്നു. ആകാത്ത വൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു. നല്ല വൃക്ഷത്തിന് ആകാത്ത ഫലവും ആകാത്ത വൃക്ഷത്തിനു നല്ല ഫലവും കായ്പാൻ കഴികയില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷമൊക്കെയും വെട്ടി തീയിൽ ഇടുന്നു. ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും'' (മത്താ.7:16-20). മനുഷ്യന്റെ ധാർമ്മികോന്നമനം ആണിവിടെ പ്രസ്തുതം.

3. ''മണവാളൻ കൂടെയുള്ളപ്പോൾ തോഴ്മക്കാർക്ക് ദു:ഖിപ്പാൻ കഴികയില്ല. മണവാളൻ പിരിഞ്ഞുപോകേണ്ടുന്ന നാൾ വരും. അന്ന് അവർ ഉപവസിക്കും. കോടിത്തുണിക്കണ്ടം ആരും പഴയവസ്ത്രത്തിൽ ചേർത്തു തുന്നുമാറില്ല. തുന്നിച്ചേർത്താൽ അതുകൊണ്ട് വസ്ത്രം കീറും. ചീന്തൽ ഏറ്റവും വല്ലാതെയായിത്തീരും. പുതുവീഞ്ഞ് പഴയതുരുത്തിയിൽ പകരുമാറില്ല. പകർന്നാൽ തുരുത്തി പൊളിഞ്ഞ് വീഞ്ഞ് ഒഴുകിപ്പോകും. തുരുത്തിയും നശിച്ചുപോകും. പുതുവീഞ്ഞ് പുതിയതുരുത്തിയിലേ പകർന്നു വയ്ക്കയുള്ളൂ. അങ്ങനെ രണ്ടും ഭദ്രമായിരിക്കും'' (മത്താ.9:15 -17). പഴയ വീഞ്ഞു പുതിയതുരുത്തിയിൽ എന്നത് ശൈലിയായി മാറി. സൂക്ഷ്മസ്വഭാവം വർണ്ണിക്കുന്നതും ഈ ഭാഗത്തു കാണാം.

4. ''എന്നാൽ ഈ തലമുറയെ ഏതിനോട് ഉപമിക്കേണ്ടു? ചന്തസ്ഥലങ്ങളിൽ ഇരുന്നു ചങ്ങാതികളോട്: ഞങ്ങൾ നിങ്ങൾക്കായി കുഴലൂതി, നിങ്ങൾ നൃത്തം ചെയ്തില്ല. ഞങ്ങൾ വിലാപം പാടി നിങ്ങൾ മാറത്തടിച്ചില്ല എന്നു വിളിച്ചുപറയുന്ന കുട്ടികളോട് അതു തുല്യം'' (മത്താ.11: 16-17).

5. ''ഒന്നുകിൽ വൃക്ഷം നല്ലത്, ഫലവും നല്ലത് എന്നു വയ്പിൻ. അല്ലായ്കിൽ വൃക്ഷം ചീത്ത, ഫലവും ചീത്ത എന്നു വയ്പിൻ. ഫലംകൊണ്ടല്ലോ വൃക്ഷം അറിയുന്നത്'' (മത്താ. 12:33).

6. ''അവരെ വിടുവിൻ. അവർ കുരുടന്മാരായ വഴികാട്ടികൾ അത്രേ. കുരുടൻ കുരുടനെ വഴിനടത്തിയാൽ ഇരുവരും കുഴിയിൽ വീഴും'' (മത്താ.15:14).

7. ''യിസ്രായേൽഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല'' (മത്താ.15:24).

8. ''മക്കളുടെ അപ്പം നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നതു നന്നല്ല'' (മത്താ.15:26).

9. നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽനിന്നു വീഴുന്ന അപ്പനുറുക്കുകൾ തിന്നുന്നുണ്ടല്ലോ'' ( മത്താ.15:27).

10. ''പരീശന്മാരുടെയും സദൂക്യരുടെയും പുളിച്ചമാവു സൂക്ഷിച്ചുകൊൾവിൻ'' (മത്താ.16:6).

11. ''ഈ കല്ലിന്മേൽ വീഴുന്നവൻ തകർന്നുപോകും. അത് ആരുടെമേൽ എങ്കിലും വീണാൽ അവനെ ധൂളിപ്പിക്കും'' (മത്താ.21:44).

12. ''നിങ്ങൾ കൊതുകിനെ അരിച്ചെടുക്കയും ഒട്ടകത്തെ വിഴുങ്ങിക്കളകയും ചെയ്യുന്നു'' (മത്താ.23:24).

13. ''മണവാട്ടി ഉള്ളവൻ മണവാളൻ ആകുന്നു. മണവാളന്റെ സ്നേഹിതനോ നിന്നു മണവാളന്റെ സ്വരം കേട്ടിട്ട് അത്യന്തം സന്തോഷിക്കുന്നു'' (യോഹ.3:29).

14. ''ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു'' (യോഹ.9:4).

15. ''കാണാത്തവർ കാണ്മാനും കാണുന്നവർ കുരുടർ ആകുവാനും ഇങ്ങനെ ന്യായവിധിക്കായി ഞാൻ ഇഹലോകത്തിൽ വന്നു'' (യോഹ.9:39).

16. ''കോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അതു തനിയേ ഇരിക്കും. ചത്തു എങ്കിലോ വളരെ വിളവുണ്ടാകും'' (യോഹ.12:24).

17. ''ഇനി കുറെക്കാലം മാത്രം വെളിച്ചം നിങ്ങളുടെ ഇടയിൽ ഇരിക്കും. ഇരുൾ നിങ്ങളെ പിടിക്കാതിരിപ്പാൻ നിങ്ങൾക്കു വെളിച്ചം ഉള്ളേടത്തോളം നടന്നുകൊൾവിൻ'' (യോഹ.12:35).

18. ''ലോകത്തിന്റെ പ്രഭു വരുന്നു. അവന് എന്നോട് ഒരു കാര്യവും ഇല്ല'' (യോഹ.14:30).

19. ''സ്ത്രീ പ്രസവിക്കുമ്പോൾ തന്റെ നാഴിക വന്നതുകൊണ്ട് അവൾക്കു ദു:ഖം ഉണ്ട്. കുഞ്ഞിനെ പ്രസവിച്ചശേഷമോ ഒരു മനുഷ്യൻ ലോകത്തിലേക്കു പിറന്നിരിക്കുന്ന സന്തോഷം നിമിത്തം അവൾ തന്റെ കഷ്ടം പിന്നെ ഓർക്കുന്നില്ല'' (യോഹ.16:21).

ഒരു കാലഘട്ടത്തിന്റെ ധാർമ്മികാധ:പതനത്തിൽ അടിപ്പെട്ടുകിടക്കുന്ന ജനതയെ വീണ്ടെടുത്ത് ഉയർത്തുവാനുള്ള യേശുവിന്റെ ഉദ്ദേശ്യത്തിന് ഈ പ്രയോഗവൈചിത്ര്യങ്ങൾ കാര്യങ്ങൾ നേരേചൊവ്വേ പറയുന്നതിനെക്കാൾ വളരെക്കൂടുതൽ ശക്തിനൽകുന്നു. കാലഘട്ടത്തിന്റെ ച്യുതിയാണ് ഇത്തരം പ്രയോഗവൈചിത്ര്യങ്ങളിൽ അടയാളപ്പെടുത്തപ്പെടുന്നത്.

#### 6.2.4. പ്രാസഭംഗി

പ്രാസത്തിനുവേണ്ടി ബോധപൂർവ്വം പ്രയോഗിച്ച വാക്കുകളല്ല ഇവ. എങ്കിലും പ്രാസപ്രയോഗത്തിലൂടെ സന്ദർഭത്തിന് അസാധാരണമായ അർത്ഥതീക്ഷ്ണത കൈവരുന്നുണ്ട്.

1. ''ന്യായപ്രമാണത്തിൽനിന്ന് ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരു നാളും ഒഴിഞ്ഞുപോകയില്ല'' (മത്താ.5:18).

2. ''നിന്റെ ആയുസ്സിൽ നീ നന്മയും ലാസർ അവ്വണ്ണം തിന്മയും പ്രാപിച്ചു എന്ന് ഓർക്ക'' (ലൂക്കൊ.16:25).

3. ''കള്ളൻ അടുക്കയോ പുഴു കെടുക്കയോ ചെയ്യാത്ത സ്വർഗത്തിൽ നിക്ഷേപം സ്വരൂപിക്കരുത്'' (ലൂക്കൊ.12:33).

4. ''വലങ്കൈ ചെയ്യുന്നത് എന്ത് എന്ന് ഇടങ്കൈ അറിയരുത്'' (മത്താ.6:3).

5. ''നിങ്ങൾ കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നു'' (മത്താ.23:25).

6. ''മുമ്പന്മാർ പലരും പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആകും'' (മത്താ.19:30, 20:16).

7. ''നീ ഒരു മുത്താഴമോ അത്താഴമോ ഒരുക്കുമ്പോൾ സ്നേഹിതന്മാരെയും സഹോദരന്മാരെയും ചാർച്ചക്കാരെയും സമ്പത്തുള്ള അയൽക്കാരെയും വിളിക്കരുത്'' (ലൂക്കൊ.14:12).

8. ''ഇന്ന്, ഈ രാത്രിയിൽതന്നെ, കോഴി രണ്ടു വട്ടം കൂകുംമുമ്പേ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും'' (മർക്കൊ.14:30).

### 6.3. പഴഞ്ചൊല്ലുകൾ

ഏറ്റവും കൂടുതൽ നീതിവാക്യങ്ങളുള്ള പുസ്തകമാണ് ബൈബിൾ. ആദ്യന്തം ഈ ഗ്രന്ഥത്തിൽ സംക്ഷിപ്തതയുള്ള പഴമൊഴികൾ അഥവാ അവിസ്മരണീയമായ ആപ്തവാക്യങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. യേശുവിന്റെ വ്യവഹാരങ്ങളിൽ ഭൂരിഭാഗവും പഴഞ്ചൊല്ലുകളോ ആപ്തവാക്യങ്ങളോ ആയിരുന്നു (Ryken 1984:140-141). ബൈബിൾ വാക്യങ്ങൾ എല്ലാംതന്നെ ഉദ്ധരണയോഗ്യങ്ങളാണ്. അവയിൽ വലിയൊരു വിഭാഗം ആ ഗുണം നന്നായി തികഞ്ഞവയാകുന്നു. പഴഞ്ചൊൽരൂപത്തിലുള്ള ഘടനയാണ് അവയിൽ മിക്കതിനുമുള്ളത് എന്നതാണ് അതിനു കാരണം. പുതിയനിയമത്തിലെ ആപ്തവാക്യങ്ങളിൽ സങ്കീർത്തനം, സദൃശവാക്യങ്ങൾ, സഭാപ്രസംഗി എന്നീ പഴയനിയമഗ്രന്ഥങ്ങളിലെ വാക്യശൈലിയെ അനുസ്മരിപ്പിക്കുന്നവയും അവയുടെ അനുരണനമുള്ളതുമാണ്. സുവിശേഷങ്ങളിലെ പഴഞ്ചൊൽരൂപങ്ങളിൽ ചിലത് ഉദാഹരിക്കുന്നു.

1. ''ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്കു വൈദ്യനെക്കൊണ്ട് ആവശ്യമില്ല'' (മത്താ.9:12).

2. ''വേലക്കാരൻ തന്റെ ആഹാരത്തിനു യോഗ്യനല്ലോ'' (മത്താ.10:10, ലൂക്കൊ.10:7).

3. ''ശിഷ്യൻ ഗുരുവിന്മീതെയല്ല. ദാസൻ യജമാനനു മീതെയുമല്ല. ഗുരുവിനെപ്പോലെയാകുന്നതു ശിഷ്യനു മതി. യജമാനനെപ്പോലെയാകുന്നത് ദാസനും മതി'' (മത്താ.10:24)

4. ''മനുഷ്യന്റെ വീട്ടുകാർ തന്നെ അവന്റെ ശത്രുക്കൾ ആകും'' (മത്താ.10:36).

5. ''ശിഷ്യൻ എന്നുവച്ച് ഈ ചെറിയവരിൽ ഒരുത്തന് ഒരു പാനപാത്രം തണ്ണീർ മാത്രം കുടിപ്പാൻ കൊടുക്കുന്നവനു പ്രതിഫലം കിട്ടാതെ പോകയില്ല'' (മത്താ.10:42).

6. ''ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിലും സ്വന്തഭവനത്തിലും അല്ലാതെ ബഹുമാനമില്ലാത്തവൻ അല്ല'' (മത്താ.13:57).

7. ''വിളിക്കപ്പെട്ടവർ അനേകർ; തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം'' (മത്താ.22:14).

8. ''ഉള്ളവന് ഏവനും ലഭിക്കും. അവനു സമൃദ്ധിയും ഉണ്ടാകും. ഇല്ലാത്തവനോടോ ഉള്ളതും കൂടെ എടുത്തുകളയും'' (മത്താ.25:29).

9. ''വാൾ എടുക്കുന്നവരൊക്കെയും വാളാൽ നശിച്ചുപോകും'' (മത്താ.26:52).

10. ''പച്ചമരത്തോട് ഇങ്ങനെ ചെയ്താൽ ഉണങ്ങിയതിന് എന്തു ഭവിക്കും'' (ലൂക്കൊ. 23:31).

11. ''നസറെത്തിൽനിന്നു വല്ല നന്മയും വരുമോ?'' (യോഹ.1:46).

12. ''മുമ്പന്മാർ പലരും പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആകും'' (മത്താ.19:30, 20:16), (മർക്കൊ.10:31). ചെറിയ വ്യത്യാസത്തോടെ ഈ വാക്യം ലൂക്കൊസ് വേറൊരു സന്ദർഭത്തിൽ ഉപയോഗിക്കുന്നുണ്ട്. അവിടെ ''മുമ്പന്മാരായിത്തീരുന്ന പിമ്പന്മാരുണ്ട്, പിമ്പന്മാരായിത്തീർന്ന മുമ്പന്മാരും ഉണ്ട്'' എന്നാണ് പ്രയോഗം (ലൂക്കൊ.13:30).

13. ''എന്നാൽ കൈസർക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുപ്പിൻ'' (ലൂക്കൊ.20:25), (മർക്കൊ.12:17).

14. ''കലപ്പയ്ക്കു കൈവച്ചശേഷം പുറകോട്ടു നോക്കുന്നവൻ ആരും ദൈവരാജ്യത്തിനു കൊള്ളാകുന്നവനല്ല'' (ലൂക്കൊ.9:62).

15. ''നിങ്ങളുടെ നിക്ഷേപം ഉള്ളേടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും'' (ലൂക്കൊ. 12:34).

16. ''രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല; അങ്ങനെ ചെയ്താൽ ഒരുത്തനെ പകച്ചു മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുത്തനോടു പറ്റി ച്ചേർന്നു മറ്റവനെ നിരസിക്കും; നിങ്ങൾക്കു ദൈവത്തെയും മാമ്മോനെയും സേവി പ്പാൻ കഴികയില്ല'' (മത്താ.6:24).

17. ''മലമേലിരിക്കുന്ന പട്ടണം മറഞ്ഞിരിക്കാൻ പാടില്ല'' (മത്താ.5:14).

ഉദ്ധരിക്കപ്പെട്ട വാക്യങ്ങളിൽ പലതും പഴഞ്ചൊല്ലും ശൈലിയുമായി മാറിമറിഞ്ഞു വരാറുണ്ട്. രചനാസന്ദർഭം ഏതെന്നു പ്രസക്തിയില്ലാതെ തന്നെ ഏതവസരത്തിലും ഉദ്ധ രിക്കാവുന്നവയാണ് ബൈബിൾചൊല്ലുകൾ.

**6.3.1. ചോദ്യരൂപച്ചൊല്ലുകൾ**

പേരുസൂചിപ്പിക്കുമ്പോലെ ചോദ്യത്തിലാണ് ഇത്തരം ചൊല്ലുകൾ ആരംഭിക്കുന്ന ത്.

1. ''മുള്ളുകളിൽനിന്ന് മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽനിന്ന് അത്തിപ്പഴവും പറി ക്കുമാറുണ്ടോ ?'' (മത്താ.7:16).

2. ''കുരുടൻ കുരുടനെ വഴി നടത്തിയാൽ ഇരുവരും കുഴിയിൽ വീഴുകയില്ലയോ?'' (മത്താ.15:14).

3. ''ഉപ്പു നല്ലതു തന്നേ. ഉപ്പു കാരമില്ലാതെ പോയാലോ എന്തൊന്നിനാൽ അതിനു രസം വരുത്തും ?'' (മർക്കൊ.9:50).

കല്പനയുടെ രൂപത്തിലുള്ള പഴഞ്ചൊല്ലുകളും ബൈബിളിൽ സമൃദ്ധമായി ഉണ്ട്. ''വൈദ്യാ നിന്നെത്തന്നെ സൗഖ്യമാക്കുക'' (ലൂക്കൊ.4:23).

**6.3.2. പഴഞ്ചൊല്ലുകൾ മറ്റു ബൈബിളിൽ**

മറ്റു മലയാളംബൈബിളുകളിൽ സത്യവേദപുസ്തകത്തിന്റെ ശൈലിയോ പദാവ ലിയോ പിന്തുടരുന്നില്ല. എന്നാൽ പഴഞ്ചൊൽഘടനയുള്ള വാക്യങ്ങളെല്ലാം സത്യവേദപു സ്തകത്തിലേതുപോലെ തന്നെയാണ് മറ്റു പരിഭാഷകളിലും ഉപയോഗിച്ചിരിക്കുന്നത്. അല്പം വ്യത്യാസം മാത്രമേ അവ തമ്മിൽ ഉള്ളൂ.

''എങ്കിലും പല മുമ്പന്മാരും പിമ്പന്മാരാകും; പിമ്പന്മാരോ മുമ്പന്മാരുമാകും'' (മത്താ.19:30).

‘‘സ്വയം ഉയർത്തുന്നവൻ താഴ്ത്തപ്പെടും; സ്വയം താഴ്ത്തുന്നവനോ ഉയർത്തപ്പെടും’’ (മത്താ.23:12).

‘‘വിളിക്കപ്പെട്ടവർ ധാരാളം; തെരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം’’ (മത്താ.22:14).

**6.4. ബൈബിൾ ശൈലികൾ**

ബൈബിളിൽനിന്നു ധാരാളം ശൈലികൾ മലയാളത്തിലുണ്ടായിട്ടുണ്ട്. പുതിയനിയമകൃതികളിൽനിന്നാണ് ധാരാളം ശൈലികൾ മലയാളത്തിലേക്കു വന്നുട്ടുള്ളത്. ആട്ടിൻ തോലിട്ട ചെന്നായ് (മത്താ.7:15), ഹോശാന്നാ പാടുക (മത്താ.21:9), ക്രൂശിക്കുക (ലൂക്കൊ. 23:33), കൈ കഴുകുക (മത്താ.27:24), ഒറ്റിക്കൊടുക്കുക (മത്താ.26:16), നല്ല ശമര്യാക്കാരൻ (ലൂക്കൊ.10:30–37), പതിനൊന്നാം മണിക്കൂർ (മത്താ.20:6), മുടിയനായ പുത്രൻ (ലൂക്കൊ. 15:11), മുൾക്കിരീടം (മർക്കൊ.15:17), വാളെടുക്കുന്നവൻ വാളാൽ (മത്താ.26:52), വെള്ള തേച്ച ശവക്കല്ലറ (മത്താ.24:27), കള്ളന്മാരുടെ ഗുഹ (മത്താ.21:13), തല ചായ്ക്കാൻ ഇടമില്ല (ലൂക്കൊ.9:58), നൂറുമേനി (ലൂക്കൊ.8:8), പുതുവീഞ്ഞ് പഴയതുരുത്തിയിൽ (മത്താ.9:17), മുപ്പതു വെള്ളിക്കാശ് (മത്താ.26:15), പുരമുകളിൽനിന്നു വിളിച്ചു പറയുക (മത്താ.10:27) മുതലായ ശൈലികൾ സുവിശേഷങ്ങളിൽനിന്നു മാത്രമുള്ളതാണ്. ഇതുകൂടാതെ ബൈബിളിലെ മിക്ക വാക്യങ്ങളും സന്ദർഭാനുസരണം ശൈലിയായി ഉപയോഗിച്ചുവരുന്നുണ്ട്.

1. ‘‘മുമ്പന്മാർ പലരും പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആകും’’ (മത്താ.19:30, 20:16).
2. ‘‘നസറെത്തിൽനിന്നു വല്ല നന്മയും വരുമോ?’’ (യോഹ.1:46).
3. ‘‘വലങ്കൈ ചെയ്യുന്നത് എന്ത് എന്ന് ഇടങ്കൈ അറിയരുത്’’ (മത്താ.6:3).
4. ‘‘പച്ചമരത്തോട് ഇങ്ങനെ ചെയ്താൽ ഉണങ്ങിയതിന് എന്തു ഭവിക്കും?’’ (ലൂക്കൊ.23:31).

തുടങ്ങിയവ ശൈലിയായും പഴഞ്ചൊല്ലായും പ്രയോഗിച്ചുവരുന്നു.

**6.5. വലുതും ചെറുതും**

വലുതും ചെറുതും തമ്മിലുള്ള വ്യത്യാസം പല ഉദാഹരണങ്ങളിലൂടെ യേശു ആവിഷ്കരിക്കുന്നത് സുവിശേഷങ്ങളിലെ ശൈലീപരമായ പുതുമയാണ്.

1. ‘‘എന്നാൽ സ്വന്തകണ്ണിലെ കോൽ ഓർക്കാതെ സഹോദരന്റെ കണ്ണിലെ കരട് നോക്കുന്നത് എന്ത്? അല്ല, സ്വന്തകണ്ണിൽ കോൽ ഇരിക്കെ നീ സഹോദരനോട്: നില്ല്, നിന്റെ കണ്ണിൽനിന്നു കരട് എടുത്തുകളയട്ടെ, എന്നു പറയുന്നത് എങ്ങനെ? കപടഭക്തിക്കാരാ, മുമ്പേ സ്വന്തകണ്ണിൽനിന്നു കോൽ എടുത്തുകളക; പിന്നെ

സഹോദരന്റെ കണ്ണിൽനിന്നു കരട് എടുത്തുകളവാൻ വെടിപ്പായി കാണും'' (മത്താ.7:3-5).

2. ''ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയൂടെ കടക്കുന്നത് എളുപ്പം എന്നു ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു'' (മത്താ.19:24).

3. ''കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾ കൊതുകിനെ അരിച്ചെടുക്കയും ഒട്ടകത്തെ വിഴുങ്ങിക്കളകയും ചെയ്യുന്നു'' (മത്താ.23:24).

### 6.6. കൂട്ടിച്ചേർക്കൽ

ചില സന്ദർഭങ്ങളിൽ മറ്റു സുവിശേഷകർ പറയാത്തതിലും അധികം കാര്യങ്ങൾ കൂട്ടിച്ചേർത്തുപറയുന്നു. ''മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കം ചെയ്യട്ടെ'' എന്നു മാത്രം സൂചിപ്പിച്ചുകൊണ്ട് മത്തായി ഒരു ആഖ്യാനഖണ്ഡം നിർത്തുന്ന സന്ദർഭമുണ്ട് (8:22). ആ ഭാഗം ലൂക്കൊസ് എഴുതുമ്പോൾ ഒരു വാക്യംകൂടി ചേർക്കുന്നു. ''നീയോ പോയി ദൈവരാജ്യം അറിയിക്ക'' (ലൂക്കൊ.9:60).

''മകൻ അപ്പം ചോദിച്ചാൽ അവനു കല്ലു കൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളൂ? മീൻ ചോദിച്ചാൽ അവനു പാമ്പിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോടു യാചിക്കുന്നവർക്കു നന്മ എത്ര അധികം കൊടുക്കും?'' (മത്താ.7:9-11). മത്തായി ഇങ്ങനെ പറയുന്ന ഈ ഭാഗം ലൂക്കൊസ് ആവിഷ്കരിക്കുന്നത് വേറിട്ടരീതിയിലാണ്. ഇതു ലൂക്കൊസിന്റെ സുവിശേഷത്തിൽ നന്മയ്ക്കു പകരം പരിശുദ്ധാത്മാവിനെ എത്ര അധികമായി കൊടുക്കും എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ലൂക്കൊസിന്റെ വിവരണത്തിൽ ഒരു വസ്തുത അധികം പറയുന്നുണ്ട്. 'മുട്ട ചോദിച്ചാൽ തേളിനെ കൊടുക്കുമോ?' (ലൂക്കൊ.11:12) എന്ന് മത്തായി സൂചിപ്പിക്കാത്ത കാര്യം അധികമായി ചേർക്കുന്നുമുണ്ട്.

### 6.7. പ്രകരണൗചിത്യമില്ലാത്തവ

പ്രകരണൗചിത്യമില്ലാത്ത വസ്തുതകൾ ആഖ്യാനത്തിൽ കയറിവരുന്നത് ബൈബിളിന്റെ പ്രത്യേകതയാണ്. ''ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ എല്ലാം വ്യഭിചാരം ചെയ്യുന്നു; ഭർത്താവ് ഉപേക്ഷിച്ചവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു'' (ലൂക്കൊ.16:18). ഈ വാക്യം അതിനു മുമ്പു പറഞ്ഞ കാര്യങ്ങളുമായി ബന്ധമില്ലാത്ത വസ്തുതയാണ് അവതരിപ്പിക്കുന്നത്. പൊതുവായ ചില ഉപദേശങ്ങൾ പറയുകയും അതിനുശേഷം ന്യായപ്രമാണകാലം, യോഹന്നാന്റെ കാലം വരെയായിരുന്നു എന്നു പറയുകയും ചെയ്യുന്നു. അതിനെത്തുടർന്ന് ന്യായപ്രമാണത്തിൽ ഒരു

പുള്ളി വീണുപോകുന്നതിനെക്കാൾ ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുന്നത് എളുപ്പം എന്ന വാക്യത്തിന്റെ തുടർച്ചയായിട്ടത്രേ അതുമായി പ്രത്യക്ഷത്തിൽ ബന്ധമില്ലാത്ത ഭാര്യയെ ഉപേക്ഷിക്കുന്ന കാര്യം പറയുന്നത്. ഇത്തരം പല സന്ദർഭങ്ങൾ പുതിയനിയമത്തിൽ ഉണ്ട്.

**6.8. കർത്തൃപദം ആവർത്തിക്കുന്നില്ല**

അന്ത്യന്യായവിധിയെപ്പറ്റി യേശു പറയുന്ന കാര്യങ്ങൾ അവതരിപ്പിക്കുന്ന രചനാഖണ്ഡം വേറിട്ട രചനാശൈലിയുള്ളതാണ് (മത്താ.25:35-36, 42-43). ഈ രണ്ടു സന്ദർഭത്തിൽ ആദ്യത്തെ സംഭാഷണത്തിൽ രണ്ടു പ്രാവശ്യം മാത്രമേ കർത്തൃപദം വാക്യത്തിൽ ചേർക്കുന്നുള്ളൂ. ഇംഗ്ലീഷിൽ ആറുപ്രാവശ്യം ആഖ്യ വരുന്നുണ്ട്. സത്യവേദപുസ്തകത്തിൽ ആദ്യത്തെ സംഭാഷണസന്ദർഭത്തിൽ രണ്ടു പ്രാവശ്യം കർത്തൃസ്ഥാനപദം ചേർക്കുന്നത് അതിൽ ആദ്യവാക്യത്തിൽ 'എനിക്കു വിശന്നു' എന്നു നിഗീർണ്ണകർത്തൃകം ആയതുകൊണ്ടാണ്. പിന്നെ മൂന്നാമത്തെ വാക്യത്തിൽ മാത്രമേ കർത്തൃപദം 'ഞാൻ അതിഥിയായിരുന്നു' എന്ന് പ്രയോഗിച്ചിട്ടുള്ളൂ.

''എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു.

ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു;

ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു;

നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു;

രോഗിയായിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നു;

തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു (മത്താ.25:35-36).

എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല;

ദാഹിച്ചു, നിങ്ങൾ കുടിക്കാൻ തന്നില്ല.

ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടില്ല;

നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല;

രോഗിയും തടവിലും ആയിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നില്ല'' (മത്താ.25:42-43).

ഈ ഭാഗം പി.ഒ.സി ബൈബിളിൽ കൊടുത്തിരിക്കുന്നത് താഴെ കാണും പ്രകാരമാണ്.

''എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു.

എനിക്കു ദാഹിച്ചു, നിങ്ങൾ കുടിക്കാൻ തന്നു.

ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു.

ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു.

ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു.

ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്റെയടുത്തു വന്നു'' (മത്താ.25:35 -36).

''എനിക്കു വിശന്നു, നിങ്ങൾ ആഹാരം തന്നില്ല.

എനിക്കു ദാഹിച്ചു, നിങ്ങൾ കുടിക്കാൻ തന്നില്ല.

ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചില്ല.

ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല.

ഞാൻ രോഗാവസ്ഥയിലും കാരാഗൃഹത്തിലും ആയിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചില്ല'' (മത്താ.25:42-43).

മലയാളംബൈബിൾ, വിശുദ്ധഗ്രന്ഥം എന്നിവയിലും പി.ഒ.സി ബൈബിളിലേതുപോലെയാണ് പ്രയോഗം. സത്യവേദപുസ്തകത്തിൽ മാത്രമേ ആഖ്യ ആവർത്തിക്കാതിരിക്കുന്നുള്ളൂ. സത്യവേദപുസ്തകത്തിലെ മൂന്നാം വാക്യത്തിൽ ആഖ്യ കൊടുത്തിരിക്കുന്നതും ഔചിത്യപൂർണ്ണമായിരിക്കുന്നു. ബൈബിളിന്റെ ആത്മാവുൾക്കൊണ്ടും ആത്മീയാർത്ഥം ഗ്രഹിച്ചും ഭാഷയ്ക്കിണങ്ങുന്ന തരത്തിൽ ചെയ്ത തർജ്ജമയാണ് ഇവിടെ കാണുന്നത്.

**6.9. യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം**

പ്രമേയപരമായി സമവീക്ഷണസുവിശേഷങ്ങളിൽനിന്നു വേറിട്ടുനിൽക്കുന്ന യോഹന്നാന്റെ സുവിശേഷം ശൈലിയുടെ കാര്യത്തിലും പല വ്യത്യസ്തതകളും പ്രകടിപ്പിക്കുന്നു. അതു വളരെ പ്രത്യക്ഷത്തിൽത്തന്നെ ഏതു വായനക്കാരനും ഗ്രഹിക്കാവുന്നതാണ്.

#### 6.9.1. സന്ദിഗ്ദ്ധപ്രസ്താവനകൾ (Ambiguous Sentences)

യേശുവിന്റെ പല പ്രസ്താവനകളും തെറ്റിദ്ധരിപ്പിക്കപ്പെടുന്നതായി യോഹന്നാന്റെ സുവിശേഷം അവതരിപ്പിക്കുന്നു. ''ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും'' (2:19). യഹൂദന്മാർ യെരൂശലേം ദൈവാലയമാണ് മന്ദിരം ആയി കണക്കാക്കിയത്. യേശു തന്റെ ശരീരത്തെപ്പറ്റിയായിരുന്നു ഇങ്ങനെ പറഞ്ഞത്.

''പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴികയില്ല'' (3:3).

അമ്മയുടെ ഉദരത്തിൽ കടന്ന് വീണ്ടും ജനിക്കുക എന്നായിരുന്നു നിക്കോദേമൊസ് ഇതിന് അർത്ഥം കൊടുത്തത്. ആത്മീയമായ വീണ്ടും ജനനമാണ് യേശു അർത്ഥമാക്കിയത്.

''.....നീ അവനോടു ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു'' (4:10). ശമര്യാക്കാരി സാക്ഷാൽ വെള്ളം എന്ന അർത്ഥത്തിൽ ഇതിനെ കാണുന്നു. യേശു നിത്യജീവൻ എന്ന അർത്ഥത്തിലാണ് വെള്ളം എന്നു പ്രയോഗിച്ചത്.

''നമ്മുടെ സ്നേഹിതനായ ലാസർ നിദ്രകൊള്ളുന്നു; എങ്കിലും ഞാൻ അവനെ ഉണർത്തുവാൻ പോകുന്നു'' (11:11). മരണം എന്നാണ് നിദ്രയ്ക്ക് യേശു നൽകിയ അർത്ഥം. കേൾവിക്കാർ ഉറക്കം എന്നാണ് കരുതിയത്.

''നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ എനിക്കുണ്ട്'' (4:32). യേശു ആഹാരം എന്നു വിവക്ഷിക്കുന്നത് ശുശ്രൂഷയെയാണ്.

''സ്വർഗത്തിൽനിന്നുള്ള അപ്പം മോശെയല്ല നിങ്ങൾക്കു തന്നത് എന്റെ പിതാവത്രേ സ്വർഗത്തിൽനിന്നുള്ള സാക്ഷാൽ അപ്പം നിങ്ങൾക്കു തരുന്നത്'' (6:32).

മേൽസൂചിപ്പിച്ച ഉദാഹരണങ്ങളിലെല്ലാം ശ്രോതാക്കൾ അക്ഷരാർത്ഥം മാത്രം സ്വീകരിക്കുന്നു. എന്നാൽ ആഖ്യാതാവ് ആത്മീയമായ അർത്ഥമാണ് ഇവയ്ക്കെല്ലാം നൽകുന്നത് (കൂടുതൽ ഉദാഹരണങ്ങൾ 6:51-52, 7:33-36, 8:21-22,31-33, 51-53).

#### 6.9.2. വിപരീതദ്വന്ദ്വങ്ങൾ

വിപരീതവസ്തുക്കൾ ഉപയോഗപ്പെടുത്തിയുള്ള ആശയാവിഷ്കാരം യോഹന്നാന്റെ സുവിശേഷത്തിന്റെ ശൈലീപരമായ വ്യതിരിക്തതയാണ്. ഒട്ടേറെ വാക്യങ്ങൾ ഇത്തരത്തിലുള്ളത് യോഹന്നാന്റെ സുവിശേഷത്തിൽ കാണാം. വെളിച്ചം - ഇരുൾ. ''വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല'' (1:5).

''ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളത് ആകയാൽ അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചതുതന്നെ'' (3:19) കൂടുതൽ ഉദാഹരണങ്ങൾ (8:12, 9:5, 11:9, 12:35,46, 12:36).

വിശ്വാസം - അവിശ്വാസം (20:27), ആത്മാവ് - ജഡം (1:13-14, 3:6, 12, 4:24, 6:63), സത്യം - അസത്യം (8:31-33, 42-47, 8:40-46) , സ്നേഹം - വെറുപ്പ് (3:16, 19-21, 15:18 -25,17:14) ഇവ പ്രധാനമായി നിരത്തുകയും ക്രൈസ്തവജീവിതത്തിൽ അവയ്ക്കുള്ള സ്ഥാനം വ്യക്തമാക്കുകയും ചെയ്യുന്നു. വിപരീതശബ്ദങ്ങൾക്കു യോഹന്നാന്റെ സുവിശേഷത്തിൽ സജീവസ്ഥാനമുണ്ട്. അവയുടെ സമുചിതമായ സന്നിവേശം ആശയസംവേദനത്തെ ശക്തിപ്പെടുത്തുകയും സ്പഷ്ടീകരിക്കുകയും ചെയ്യുന്നു.

### 6.9.3. വിരുദ്ധോക്തി (Irony)

ഒരേ വാക്യത്തിനു രണ്ടു തലത്തിൽനിന്നു നോക്കുമ്പോൾ രണ്ടർത്ഥം കൈവരുന്നതാണ് ഇത്. കയ്യഫാവ് ജനത്തിനുവേണ്ടി ഒരുവൻ കൊല്ലപ്പെടുന്നതു നന്ന് എന്നു പറയുന്നു. ''അവരിൽ ഒരുത്തൻ, ആ സംവത്സരത്തെ മഹാപുരോഹിതനായ കയ്യഫാവുതന്നെ, അവരോട് നിങ്ങൾ ഒന്നും അിറയുന്നില്ല. ജനം മുഴുവനും നശിച്ചുപോകാതവണ്ണം ഒരു മനുഷ്യൻ ജാതിക്കുവേണ്ടി മരിക്കുന്നത് നന്ന് എന്ന് ഓർക്കുന്നതുമില്ല എന്നു പറഞ്ഞു'' (11:49-50). ഇതിനു ചുവടെ തന്നെ യോഹന്നാൻ വിശദീകരണവും കൊടുക്കുന്നുണ്ട്. കയ്യഫാവ് സ്വയമായി പറഞ്ഞതല്ല ഇത്. അദ്ദേഹം മഹാപുരോഹിതനായതുകൊണ്ട് ജനത്തിനുവേണ്ടി യേശു മരിക്കാൻ പോകുന്നകാര്യം പ്രവചിച്ചതാണ്.

മറ്റൊരു പ്രസ്താവന യോഹന്നാന്റെ സുവിശേഷത്തിന്റെ ആരംഭത്തിൽത്തന്നെയുള്ളതാണ്. ''അവൻ സ്വന്തത്തിലേക്കു വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല'' (1:11). ഇതാണ് സുവിശേഷങ്ങളിലേക്കുംവച്ച് ഏറ്റവും പ്രസക്തമായ വിരുദ്ധോക്തി. യേശുവിനെ ക്രിസ്തു എന്നു മനസ്സിലാക്കാൻ കഴിയാഞ്ഞതാണ് യഹൂദന്മാർക്കു സംഭവിച്ച വലിയ ദുരന്തം.

### 6.9.4. നാഴിക

നാഴിക എന്ന പദത്തിന് യോഹന്നാന്റെ സുവിശേഷത്തിന്റെ ആഖ്യാനഘടനയിൽ വലിയ സ്ഥാനമുണ്ട്. അതുകൊണ്ട് നാഴിക പലവട്ടം ആവർത്തിച്ചുവരുന്നു. യേശുവിന്റെ സംഭാഷണങ്ങളിൽ ഉടനീളം നാഴിക വന്നിട്ടില്ല, നാഴികയായിട്ടില്ല എന്നീ വാക്കുകൾ ഇടയ്ക്കിടെ വരുന്നു.

''നിങ്ങൾ പിതാവിനെ നമസ്കരിക്കുന്നത് ഈ മലയിലും അല്ല; യെരൂശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു;'' (4:21).

‘‘സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു’’ (4:23). നാഴിക എന്ന പദം കഥാരേഖയിൽ കണ്ണിചേർക്കുന്നതിന്റെ വേറെ ഉദാഹരണങ്ങൾ (16:2, 16:4, 16:21, 16:25, 8:20, 12:23, 12;27, 13;1, 16:32, 17:1, 19:27).

#### 6.9.5. അന്യഭാഷാ പേരുകൾക്ക് അർത്ഥം

യോഹന്നാന്റെ ആഖ്യാനത്തിൽ ഹീബ്രുപദങ്ങൾക്ക് അർത്ഥം കൊടുക്കുന്ന രചനാശൈലി കാണാം.

‘‘ഞങ്ങൾ മശീഹായെ എന്നുവച്ചാൽ ക്രിസ്തുവെ കണ്ടെത്തിയിരിക്കുന്നു’’ (1:41).

‘‘നീ യോഹന്നാന്റെ പുത്രനായ ശീമോൻ ആകുന്നു; നിനക്കു കേഫാ എന്നു പേരാകും എന്നു പറഞ്ഞു; അതു പത്രൊസ് എന്നാകുന്നു ’’ (1:42).

‘‘ചേറ് അവന്റെ കണ്ണിന്മേൽ പൂശി നീ ചെന്നു ശിലോഹാം കുളത്തിൽ കഴുകുക എന്ന് അവനോടു പറഞ്ഞു; ശിലോഹാം എന്നതിന് അയയ്ക്കപ്പെട്ടവൻ എന്നർത്ഥം’’ (9:6-7). ഇങ്ങനെ അർത്ഥം കൊടുക്കുന്ന പദങ്ങൾ വേറെയും യോഹന്നാന്റെ സുവിശേഷത്തിലുണ്ട്.

#### 6.9.6. വേറെയും വിശദീകരണങ്ങൾ

ആഖ്യാനങ്ങൾക്കിടയിലും യേശുവിന്റെ ആത്മഗതങ്ങൾക്കൊപ്പവും വിശദീകരണങ്ങൾ നൽകുന്ന ശൈലി യോഹന്നാൻ പിന്തുടരുന്നു. തന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്നു ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് യേശു പറയുന്നുണ്ട്. ഇതിന് തുടർച്ചയായി ‘‘അവൻ ഇതു തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ച് ആകുന്നു പറഞ്ഞത്; യേശു അന്ന് തേജസ്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവ് വന്നിട്ടില്ലായിരുന്നു’’ എന്ന് യോഹന്നാൻ വിശദീകരണം നൽകുന്നു (7:39). ഇത്തരം വിശദീകരണങ്ങൾക്ക് വേറെയും ഉദാഹരണങ്ങളുണ്ട്.

‘‘യേശു വലിയൊരു പുരുഷാരം തന്റെ അടുക്കൽ വരുന്നതു കണ്ടിട്ട് ഫിലിപ്പൊസിനോട്: ഇവർക്കു തിന്നുവാൻ നാം എവിടെനിന്ന് അപ്പം വാങ്ങും എന്നുചോദിച്ചു. ഇത് അവനെ പരീക്ഷിപ്പാനത്രേ ചോദിച്ചത്: താൻ എന്തു ചെയ്‌വാൻ പോകുന്നു എന്നു താൻ അറിഞ്ഞിരുന്നു’’ (6:5-6).

‘‘.........ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു. എങ്കിലും വിശ്വസിക്കാത്തവർ നിങ്ങളുടെ ഇടയിൽ ഉണ്ട് എന്നു പറഞ്ഞു.- വിശ്വസിക്കാത്തവർ ഇന്നവർ എന്നും തന്നെ കാണിച്ചുകൊടുക്കുന്നവൻ ഇന്നവൻ എന്നും യേശു ആദിമുതൽ അറിഞ്ഞിരുന്നു’’ (6:63-64).

''ഞാനോ ഭൂമിയിൽനിന്ന് ഉയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്ക് ആകർഷിക്കും എന്ന് ഉത്തരം പറഞ്ഞു. ഇതു താൻ മരിപ്പാനുള്ള മരണവിധം സൂചിപ്പിച്ചു പറഞ്ഞതത്രേ'' (12:32-33).

### 6.10. വൈവിധ്യമുള്ള പദകോശം

സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ മാത്രം മനസ്സിലാകുന്ന ഒരു വസ്തുതയാണിത്. പദാവലികൾ ഒരു കാവ്യഗ്രന്ഥത്തിനു സമാനമായി സത്യവേദപുസ്തകത്തിൽ കാണാം. ബൈബിൾ പതിവായി വായിക്കുന്നവർക്ക് അതിപരിചയംകൊണ്ട് പലപ്പോഴും പദശേഖര വൈപുല്യം അനുഭവപ്പെടാറില്ല. പ്രയോഗത്തിൽനിന്നു പോയത്, ബൈബിളിനു പുറത്തേക്ക് പ്രയോഗമില്ലാത്തത്, ബൈബിൾമൂലഭാഷയുടെ തദ്ഭവങ്ങൾ എന്നിങ്ങനെ പദങ്ങൾ പലവിധമുണ്ട്.

#### 6.10.1. ഹീബ്രുപദങ്ങൾ

പഴയനിയമത്തിലെ മൂലഭാഷ ഹീബ്രുവാണ്. പൂർവ്വവേദസംജ്ഞകൾ ഉപയോഗിക്കേണ്ടി വരുമ്പോൾ തത്സമപദങ്ങൾ അപൂർവ്വമായി പുതിയനിയമത്തിലും കാണാം. ശബ്ബത്ത് (ലൂക്കൊ.4:16), ആമേൻ (യോഹ.10:7), സാത്താൻ (ലൂക്കൊ.22:3) തുടങ്ങിയവ അത്തരത്തിലുള്ളതാണ്. അവർ വീട്ടുടയവനെ ബെയെത്സെബൂൽ എന്നു വിളിച്ചു എങ്കിൽ വീട്ടുകാരെ എത്ര അധികം? (മത്താ.10:25). ഒരു വിജാതീയദേവൻ ആണ് ഇത്. ദുരാത്മാക്കളുടെ പ്രഭുവായി കണക്കാക്കപ്പെടുന്നു.

#### 6.10.2. ഗ്രീക്കുപദങ്ങൾ

ഇംഗ്ലീഷിൽനിന്നു വാക്കുകൾ സ്വീകരിക്കാതെ ഗ്രീക്കിലെ പല പദങ്ങളും രൂപഭേദം വരുത്തി സത്യവേദപുസ്തകത്തിൽ പ്രയോഗിക്കുന്നു. ലൂക്കൊസ്, മർക്കൊസ്, പത്രൊസ് എന്നീ സംജ്ഞാനാമങ്ങൾ ഗ്രീക്കിന്റെ മാതൃകയനുസരിച്ച് സ്വീകരിക്കുകയും മലയാളീകരിക്കുകയും ചെയ്തവയാണ്. ഗ്രീക്കുവാക്കായ പെട്രൊസിൽനിന്നാണ് പത്രൊസ് ഉണ്ടായത്. ക്രിസ്തു എന്ന പദം ക്രിസ്റ്റോസ് എന്ന ഗ്രീക്കുപദത്തിൽനിന്നു വന്നതാണ്.

#### 6.10.3. അരാമ്യപദങ്ങൾ

മർക്കൊസിന്റെ സുവിശേഷത്തിൽ മാത്രമേ അരാമ്യഭാഷാപദങ്ങൾ കടന്നുവരുന്നുള്ളൂ. തലീഥാ കൂമി (മർക്കൊ.5:41), എഫഥാ (മർക്കൊ.7:34), അബ്ബാ (മർക്കൊ.14:36), എലോഹീ, എലോഹീ, ലമ്മാ ശബ്ബക്താനീ (മർക്കൊ.15:34), കൊർബാൻ (മർക്കൊ.7:11). മർക്കൊസിന്റെ രചനാശൈലിയായി ഇതിനെ കാണാം. എല്ലാ പ്രയോഗത്തോടൊപ്പവും മർക്കൊസ് അർത്ഥം കൊടുക്കുന്നുണ്ട്.

**6.10.4. ദ്രാവിഡപദങ്ങൾ**

അന്യഭാഷാപദങ്ങൾ മാത്രമല്ല സ്വന്തഭാഷയിലെ തനിമയുള്ള പദങ്ങൾ അഥവാ മുമ്പുപറഞ്ഞതിന്റെ മറുവശം എന്നു പറയാവുന്ന പുതുമ നഷ്ടപ്പെടാത്തതും അർത്ഥസുന്ദരവുമായ വാക്കുകളും സത്യവേദപുസ്തകത്തിനു സ്വന്തമായുണ്ട്. മേലെഴുത്ത് (ലൂക്കൊ.23:38), തിരുവെഴുത്ത് (മത്താ.22:29), മറപ്പുര (മത്താ.15:17), മറുവില (മത്താ.20:28), പള്ളി (മത്താ.23:6), പിള്ള (ലൂക്കൊ.1:44), മച്ചി (ലൂക്കൊ.1:36), വിരുന്നുവാഴി (യോഹ.2:8), വിളഭൂമി (മത്താ.12:1), വീട്ടുടയവൻ (24:43), ഇടപ്രഭു (മത്താ.14:1), എഴുത്തുപലക (ലൂക്കൊ.1:63), വഴിത്തലയ്ക്കൽ (മത്താ.22:9), പേർവഴി ചാർത്തുക (ലൂക്കൊ.2:1), ഒരുക്കനാൾ (മത്താ.27:62), തലയോടിടം (ലൂക്കൊ.23:33), കുറഞ്ഞോന്ന് (യോഹ.16:16-19), തുരുത്തി (ലൂക്കൊ.5:37), മന്ത്രപ്പട്ട (മത്താ.23:5), തൊങ്ങൽ (മത്താ.23:5) തുടങ്ങിയ പദങ്ങൾ മലയാളിത്തം നിറഞ്ഞതും സ്വാഭാവികതയുള്ളതുമാണ്. ദ്രാവിഡത്തനിമയുള്ള വാക്കുകളാണ് ഇവയെല്ലാം.

എഴുത്തച്ഛന്റെ പ്രസിദ്ധമായ ശീലുകളിലൂടെ മലയാളികളുടെ മനസ്സിൽ ചിരസ്ഥാനം നേടിയ വഴിയമ്പലം എന്ന പദം സത്യവേദപുസ്തകത്തിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നു. ''പാന്ഥർ പെരുവഴിയമ്പലം തന്നിലേ താന്തരായ്കൂടി വിയോഗം വരുമ്പോലെ .........'' എന്നുതുടങ്ങുന്ന വരികൾ പ്രഖ്യാതം തന്നെ (എഴുത്തച്ഛൻ 2001:96). യേശുവിന്റെ ജനനസമയത്ത് അവനെ കിടത്തുവാൻ വഴിയമ്പലത്തിൽ സ്ഥലമില്ലായ്കയാൽ പശുത്തൊട്ടിയിൽ കിടത്തി എന്നു സത്യവേദപുസ്തകത്തിൽ കാണാം (ലൂക്കൊ.2:7). നല്ല ശമര്യാക്കാരന്റെ ഉപമയിലും സത്യവേദപുസ്തകത്തിൽ വഴിയമ്പലം എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു (ലൂക്കൊ.10:34). ഖസാക്കിന്റെ ഇതിഹാസത്തിൽ മറക്കാനാവാത്ത പദസാന്നിധ്യമാക്കി ഒ.വി.വിജയൻ ഇതിനെ മാറ്റി. എന്നാൽ മലയാളത്തിലെ മറ്റു ബൈബിളുകളിലെല്ലാം വഴിയമ്പലത്തിനു പകരം സത്രം എന്നാണ് പരിഭാഷ. സത്യവേദപുസ്തകത്തിനു മുന്നോടിയായ ബെയ്‌ലി, ഗുണ്ടർട്ട് ബൈബിളുകളിലും വഴിയമ്പലം എന്ന പദമാണുപയോഗിച്ചിരിക്കുന്നത്. പിന്നീടുണ്ടായ തർജ്ജമകളിലൊന്നും ഈ പദം ഉപയോഗപ്പെടുത്തിയിട്ടില്ല. മറ്റെല്ലാ പരിഭാഷകരും വഴിയമ്പലം ഒഴിവാക്കി സത്രം എന്ന വാക്കാണുപയോഗിച്ചിരിക്കുന്നത്.

നിലവിലിരുന്ന സംസ്കൃതാധിക്യമുള്ള പദങ്ങൾക്കു പകരം നാട്ടുഭാഷാപാരമ്പര്യത്തിൽനിന്നെടുത്ത പകരംപദങ്ങൾകൊണ്ടാണ് മിഷനറിമാരും ആ ഭാഷയെ പരിഷ്കരിച്ചവരും അർത്ഥസംവേദനം സാധിച്ചത്. നിലനിന്ന ഭാഷയ്ക്ക് ഒരു പ്രതിരോധമായിട്ടാണ് ഈ ഭാഷ കടന്നുവരുന്നത്.

തെളിമലയാളത്തിന്റെ സംസ്കൃതീകരണമാണ് പില്ക്കാലബൈബിൾ പരിഭാഷകർ പിന്തുടർന്ന ഭാഷാനയം. 'കരച്ചിലും പല്ലുകടിയും ഉണ്ടാകും' (മത്താ.8:12) പി.ഒ.സി ബൈബിളിൽ 'വിലാപവും പല്ലുകടിയുമായിരിക്കും' എന്നാണ് കൊടുത്തിരിക്കുന്നത്. തിരുവെഴുത്ത് (മത്താ.22:29) വിശുദ്ധലിഖിതമെന്നും ലോകാവസാനം എന്ന ലളിതസുന്ദര

പദം യുഗസമാപ്തി, യുഗാന്ത്യം എന്നും മാറുന്നതാണ് അനന്തരപരിഭാഷകളിൽ കാണുന്നത്. അയ്യോ കഷ്ടം എന്ന ഭാവസംക്രമണത്വമുള്ള പ്രയോഗം 'ദുരിതം' എന്നായിത്തീരുന്നതും അതുകൊണ്ടുതന്നെ (ലൂക്കൊ.11:46). ''അവന്റെ വസ്ത്രം വെളിച്ചംപോലെ വെള്ളയായിത്തീർന്നു'' എന്നാണ് സത്യവേദപുസ്തകത്തിലുള്ളത്. ''അവന്റെ വസ്ത്രം പ്രകാശംപോലെ ധവളമായി'' എന്നാണ് പി.ഒ.സി. ബൈബിളിലെ ഭാഷാന്തരം (മത്താ.17:2). സത്യവേദപുസ്തകത്തിലെ എഴുത്തുതന്ത്രം നാട്ടുമൊഴിയുടേതായിരുന്നു. നാട്ടുമലയാളം പുതുസ്വത്വം നേടുന്നത് വേദപുസ്തകത്താളുകളിലാണ്. സത്യവേദപുസ്തകത്തിലെ പല പദപ്രയോഗത്തിലും പല അർത്ഥസാധ്യതകൾ ഒളിപ്പിച്ചുവച്ചിരിക്കുന്നു. തിരുവെഴുത്ത് (മത്താ.22:29), വഴിയമ്പലം (ലൂക്കൊ.2:7) മുതലായവ അത്തരത്തിൽപ്പെടുന്നു. ബൈബിൾപദങ്ങളുടെ അർത്ഥസാധ്യതയും സ്വീകാര്യതയും മനസ്സിലാക്കണമെങ്കിൽ മലയാളത്തിൽ പിന്നീടുണ്ടായ ക്രൈസ്തവഗാനങ്ങൾ നിരീക്ഷിച്ചാൽ മതി.

### 6.10.5. മൃതപദങ്ങൾ

സത്യവേദപുസ്തകം നിത്യവും പാരായണം ചെയ്യുന്നവർക്കുപോലും അനാകർഷകമായിത്തോന്നുന്ന പദങ്ങളുണ്ട്. ഇന്ന് ഒട്ടും അർത്ഥബോധമുണ്ടാക്കാത്ത ശബ്ദങ്ങളാണ് അവയിൽ ഭൂരിഭാഗവും. എണ്ണത്തിൽ അധികമില്ലെങ്കിലും മൃതമായ വാക്കുകൾ പലതും സത്യവേദപുസ്തകത്തിലുണ്ട്. ദ്രഹ്മ (ലൂക്കൊ.15:8), ദ്വിദ്രഹ്മപ്പണം, ചതുർദ്രഹ്മപ്പണം (മത്താ.17:24,27), പതാരം (മത്താ.23:23), വാളവര (ലൂക്കൊ.15:16), വെട്ടുക്കിളി (മർക്കൊ.1:6), കണ്ടിവെണ്ണ (മർക്കൊ.15:23), വിടക്കുകണ്ണ് (മർക്കൊ.7:22), ചതകുപ്പ (മത്താ.23:23), വൃതന്മാർ (മത്താ.24:22), ആരവാരം (മത്താ.27:24), അഞ്ചേർ (ലൂക്കൊ.14:19) തുടങ്ങിയവ അത്തരത്തിൽപ്പെടുന്നു.

### 6.10.6. സവിശേഷപദങ്ങൾ

ബൈബിളിന്റെ സാഹിത്യ-സാംസ്കാരികലോകത്തിനു പുറത്ത് പ്രസക്തിയില്ലാത്തതും അപരിചിതവുമായ വാക്കുകളുണ്ട്.

1. ബർ യോനാ ശീമോൻ (മത്താ.16:17). യോനായുടെ മകനായ ശീമോൻ എന്ന് അർത്ഥത്തിലുള്ള പ്രയോഗം. 'യോനായുടെ പുത്രനായ ശിമയോനെ' എന്നാണ് പി.ഒ.സിയിലും മലയാളം ബൈബിളിലും പ്രയോഗം.

2. ദേവരവിവാഹം (മത്താ.22:24).

   ഭർത്താവിന്റെ അനുജനാണ് ദേവരൻ. സഹോദരന്റെ വിധവയെ വിവാഹം ചെയ്ത് സന്തത്യുൽപ്പാദനം ചെയ്യുന്നതിനുള്ള കടമയാണ് ദേവരധർമ്മം. ഉൽപത്തിപ്പുസ്തകം 38-ാം അധ്യായത്തിൽ ഇതു സംബന്ധിച്ച ആദ്യപരാമർശം കാണാം.

3. ലെഗ്യോൻ (മർക്കൊ.5:9, ലൂക്കൊ.8:30, മത്താ.26:53).

യേശു പുറത്താക്കിയ ഒരു ഭൂതത്തിന്റെ പേരായിരുന്നു ലെഗ്യോൻ. യേശുവിനെ പിടിക്കാൻ ആളുകൾ വന്നപ്പോൾ ഒരു ശിഷ്യൻ വാളൂരി മഹാപുരോഹിതന്റെ ദാസന്റെ കാതുവെട്ടിയപ്പോൾ യേശു പരാമർശിക്കുന്ന ലെഗ്യോൻ വേറെ അർത്ഥത്തിലുള്ളതാണ്. 6000 പടയാളികളും അത്രതന്നെ സഹചാരികളും അട ങ്ങുന്ന റോമൻ സൈന്യത്തിലെ ഒരു ഘടകമാണ് ലെഗ്യോൻ.

4. സ്വച്ഛജടമാംസിതൈലം (യോഹ.12:3).

### 6.10.7. ആദരസൂചകപദങ്ങൾ

സംസ്കാരത്തിന്റെ മാനം ഭാഷയിൽ പ്രതിഫലിച്ചതിന്റെ പ്രതിഫലനമാണ് ആചാ രഭാഷ. ബൈബിൾ ഭാഷയിൽ സന്ദർഭാനുസാരം ആദരസൂചകപദങ്ങൾ ഉപയോഗി ക്കപ്പെട്ടിട്ടുണ്ട്. തിരുവായ്മൊഴിഞ്ഞ് (മത്താ.5:2), അരുളിച്ചെയ്യേണമേ (മത്താ.20:21), യാചി പ്പിൻ (മത്താ.7:7) എന്നിങ്ങനെയുള്ള സത്യവേദപുസ്തകത്തിലെ ഈ ബഹുമാനദ്യോത കമായ ഭാഷ വിശുദ്ധഗ്രന്ഥത്തിൽ മാത്രമേ നിലനിർത്തിയിട്ടുള്ളൂ. മറ്റു രണ്ടു പരിഭാഷക ളിലും പഠിപ്പിച്ചു, കല്പിക്കണമേ, ചോദിക്കുക എന്നിങ്ങനെയാണ് പ്രയോഗം. അടിയൻ, റബ്ബീ, ഗുരു എന്നിവയും ബൈബിളിൽ സാർവത്രികമായി കാണുന്ന പൂജകനാമങ്ങളാണ് (മത്താ.8:19, 19:16). എന്നാൽ ദൈവത്തിനും സ്ത്രീക്കും ആദരവു പ്രകടിപ്പിക്കുന്ന പദങ്ങൾ ബൈബിളിൽ കൊടുത്തിട്ടില്ല. യഥാക്രമം അവൻ, നീ എന്നും സ്ത്രീ എന്നുമാണ് ദൈവ ത്തെയും സ്ത്രീയെയും സംബോധന ചെയ്യുന്നത്. സംബോധനാരൂപങ്ങളില്ലെങ്കിലും ഇവ ബൈബിൾസംസ്കാരത്തിൽ അനാദരവ് പ്രകടിപ്പിക്കുന്ന പദങ്ങളല്ല.

### 6.10.8. സമസ്തപദങ്ങൾ

വാക്കുകളുടെ പ്രയോഗത്തിൽ സൂക്ഷ്മത പുതിയ പരിഭാഷകരെക്കാൾ പ്രകടിപ്പി ച്ചത് സത്യവേദപുസ്തകപരിഭാഷകരാണ്. ഭാഷയ്ക്ക് ഒതുക്കം നൽകുന്നത് സമസ്തപദ ങ്ങളാണ്. സത്യവേദപുസ്തകത്തിൽ വിഗ്രഹിക്കാതെ ഉപയോഗിച്ച പദങ്ങളിൽ പലതും വിഗ്രഹിച്ചു പ്രയോഗിക്കുന്നത് പിന്നീടുള്ള ബൈബിളുകളിൽ കാണാം. 'പുകയുന്നതിരി' എന്ന സത്യവേദപുസ്തകത്തിലെ പ്രയോഗം 'പുകഞ്ഞു കത്തുന്ന തിരി' എന്നാണ് മല യാളം ബൈബിളിൽ കാണുന്നത് (മത്താ.12:19). 'തെക്കേരാജ്ഞി' എന്ന സമസ്തപദം 'ദക്ഷിണദേശത്തിലെ രാജ്ഞി' എന്നു വിഗ്രഹിച്ചാണ് മലയാളം ബൈബിളിൽ പ്രയോഗി ച്ചിരിക്കുന്നത് (മത്താ.12:42). 'ഇടുക്കുവാതിൽ' എന്ന സത്യവേദപുസ്തകപദം 'ഇടുങ്ങിയ വാതിൽ' എന്നാണ് മലയാളം ബൈബിളിലുള്ളത് (മത്താ.7:13). സത്യവേദപുസ്തകത്തിൽ 'ലോകാവസാനം' എന്നു പ്രയോഗിക്കമ്പോൾ 'ലോകത്തിന്റെ അവസാനം' എന്നു വിഗ്ര ഹിച്ചു പ്രയോഗിച്ചിരിക്കുന്നത് വിശുദ്ധഗ്രന്ഥത്തിൽ കാണാം (മത്താ.28:20). 'പള്ളിപ്രമാണി' എന്ന സമസ്തപദത്തിന്റെ സ്ഥാനത്ത് 'സുനഗോഗിലെ പ്രമാണി' എന്നാണ് മറ്റു ബൈബിളുകളിലെ പ്രയോഗം (മർക്കൊ.5:22). 'കിണ്ടികിണ്ണങ്ങളുടെ പുറം' എന്ന് സത്യവേദപുസ്തകത്തിലുള്ള വാക്ക് 'പാനപാത്രത്തിന്റെയും ഭക്ഷണപാത്രത്തി

ന്റെയും പുറം' എന്നാണ് പി.ഒ.സി ബൈബിളിൽ കൊടുത്തിരിക്കുന്നത്. 'ചഷകങ്ങളുടെയും തളികകളുടെയും പുറം' എന്നാണ് മലയാളം ബൈബിളിലെ പ്രയോഗം (മത്താ.23:26).

#### 6.10.9. ചുരുക്കിപ്രയോഗം

പ്രതിപാദനത്തിന്റെ കാര്യത്തിൽ സംഗ്രഹണം ബൈബിളിന്റെ മുഖമുദ്രയാണ്. അതുകൂടാതെ സത്യവേദപുസ്തകത്തിനു സ്വന്തമായി ചില സംഗ്രഹണസ്വഭാവം ഉണ്ട്. മൂന്നാംമണിക്കൂർ, ആറാം മണിക്കൂർ, ഒമ്പതാം മണിക്കൂർ (മത്താ.20:3,5) എന്നു മറ്റു ബൈബിളുകളിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ മണി എന്നു ചുരുക്കിയാണ് സത്യവേദപുസ്തകത്തിൽ പ്രയോഗിച്ചിരിക്കുന്നത്. 'ക്രൂശ്' എന്നു സത്യവേദപുസ്തകത്തിൽ സാർവത്രികമായി പ്രയോഗിക്കപ്പെട്ടിരിക്കുന്നു. കുരിശ് എന്നാണ് പി.ഒ.സി ബൈബിളിൽ കൊടുത്തിരിക്കുന്നത് (മത്താ.16:24). സത്യവേദപുസ്തകത്തിലെ ചുരക്കരൂപമായ സ്നാനം, ജ്ഞാനസ്നാനം എന്നു പി.ഒ.സി ബൈബിളിലും സ്നാപനം എന്നു മലയാളം ബൈബിളിലും പ്രയോഗിച്ചിരിക്കുന്നു (മത്താ.21:25).

പലയിടത്തുമുള്ള ആവർത്തനം ഒഴിവാക്കി പറയുന്നതിലൂടെ സത്യവേദപുസ്തകം വാക്കുകൾ ചുരുക്കുന്നു. 'നൂറും അറുപതും മുപ്പതും മേനിയായി വിളഞ്ഞു' (മത്താ.13:8, 13:23). ഇത് 'നൂറുമേനിയും അറുപതു മേനിയും മുപ്പതുമേനിയും വിളവു നൽകി' എന്നു ചുരുക്കാതെയാണ് പി.ഒ.സി ബൈബിളിൽ ചേർത്തിരിക്കുന്നത്.

#### 6.10.10. കൗതുകപദങ്ങൾ

എല്ലാ ബൈബിൾഭാഷാന്തരങ്ങളിലും മാറ്റമില്ലാതെ സ്വീകരിച്ചിരിക്കുന്നതും മാറ്റം വരുത്തി ഉപയോഗിച്ചിരിക്കുന്നവയുമായ വാക്കുകളുണ്ട്. 'മാമ്മോൻ' എന്ന പദം അത്തരത്തിൽപ്പെടുന്നു (മത്താ.6:24). പി.ഒ.സി. ബൈബിളിലും മലയാളം ബൈബിളിലും ഈ വാക്കുതന്നെ ഉപയോഗിച്ചിരിക്കുന്നു. ദ്രവ്യം എന്ന പദമാണ് കണിയാമ്പറമ്പിലിന്റെ വിശുദ്ധഗ്രന്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നത്. സ്നാപകയോഹന്നാന്റെ ഭക്ഷണം വെട്ടുക്കിളിയും കാട്ടുതേനുമായിരുന്നു എന്നാണ് വിശുദ്ധഗ്രന്ഥം ഒഴികെയുള്ള ബൈബിളുകളിൽ കൊടുത്തിരിക്കുന്നത് (മത്താ.3:4). വിശുദ്ധഗ്രന്ഥത്തിൽ കംസ എന്ന സുറിയാനിപദമാണ് ചേർത്തിരിക്കുന്നത്. ഒരു തരം കിഴങ്ങ്, വെട്ടുക്കിളി എന്ന് അടിക്കുറിപ്പായി അർത്ഥം നൽകുന്നുമുണ്ട്. പിൽക്കാലത്ത് ഈ പരിഭാഷത്തകരാർ പലരും അംഗീകരിക്കുകയും ചിലർ അപലപിക്കുകയും ചെയ്തിട്ടുണ്ട്. ''ലോക്കസ്റ്റ്' (Locust) എന്ന വാക്ക് ബൈബിൾ പരിഭാഷകരെ ആകെ വലച്ചിട്ടുണ്ട്. ആ സംജ്ഞയ്ക്ക് വെട്ടുക്കിളി എന്നും ഒരു ചെടി എന്നും അർത്ഥം കാണുന്നു. വെട്ടുക്കിളിയുടെ ആകൃതിയോടുകൂടിയ കായ്കളുണ്ടാകുന്നതാണ് ആ കാട്ടുചെടി എന്നും ഓർക്കുക. ഒരുപക്ഷേ അതുകൊണ്ടാവാം ആ പേരു വന്നതും. എൻകരിം ഗ്രാമത്തിൽ ധാരാളമായി കാണപ്പെടുന്ന ആ ചെടിയുടെ കായ്കളും ഇലകളും തിന്നു വളർന്ന യോഹന്നാനെ വെട്ടുക്കിളികളെ സ്വാദോടെ പിടിച്ചുതിന്ന ഒരു കാട്ടാ

ളനാക്കി, ബൈബിൾ പരിഭാഷകർ'' (ജോർജ് 2010:68). 'യോഹന്നാന്റെ അപ്പ'മെന്നറിയപ്പെടുന്ന ഭക്ഷണവസ്തു മാംസഭക്ഷണമാക്കി മാറ്റി പരിഭാഷകർ; എല്ലാ പരിഭാഷകരെയും വലച്ചുകളഞ്ഞ പദമാണിത്.

മുടിയനായ പുത്രൻ ഭക്ഷിച്ചു വിശപ്പടക്കാൻ ആഗ്രഹിച്ച വസ്തുവാണ് 'വാളവര' (ലൂക്കൊ.15:16). ഉചിതമായ മലയാളപദം ഇതിനും കണ്ടെത്താൻ പരിഭാഷകർക്കു കഴിഞ്ഞിട്ടില്ല. വാളവര എന്ന വാക്ക് 'തവിട്' എന്ന് പി.ഒ.സി ബൈബിളിൽ കൊടുത്തിരിക്കുന്നു. 'പയറിൻതോട്' എന്നാണ് മലയാളം ബൈബിളിലെ പ്രയോഗം. 'കാട്ടുപയർ' എന്നാണ് കുര്യൻ കണിയാമ്പറമ്പിൽ വിശുദ്ധഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ബൈബിൾ പരിഭാഷകർ നാണയപ്പെടുത്തിയ പദങ്ങളാണ് വെട്ടുക്കിളി, വാളവര എന്നിവ. അർത്ഥബോധം ഉണ്ടാക്കുന്നില്ലെങ്കിലും രണ്ടും സുന്ദരപദങ്ങളാണ്.

**6.10.10.1. അയ്യോ കഷ്ടം!**

ലൂക്കൊസിന്റെ സുവിശേഷത്തിൽ പരീശന്മാരെയും ശാസ്ത്രിമാരെയും യേശു വിമർശിക്കുന്ന രചനാഖണ്ഡം ശൈലീപരമായി വേറിട്ടുനിൽക്കുന്നു (ലൂക്കൊ.11:42-52). അയ്യോ കഷ്ടം എന്ന് പറഞ്ഞാണ് എല്ലാ വാക്യങ്ങളും തുടങ്ങുന്നത്. അഞ്ചുതവണ ഈ പദം തുടർച്ചയായി ഈ ആഖ്യാനഖണ്ഡത്തിൽ വരുന്നുണ്ട് (ലൂക്കൊ.11:43-52). ഇതിനു സമാനമായ മത്തായിയുടെ സുവിശേഷത്തിലെ ഭാഗവും ആവിഷ്കാരമാറ്റം ഉള്ളതാണ് (മത്താ.23:13-29). 'കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ! കഷ്ടം' എന്ന പ്രയോഗം എട്ടുപ്രാവശ്യം ഈ ഖണ്ഡത്തിൽ വരുന്നുണ്ട് (23:13). ഒറ്റപ്പെട്ട മറ്റ് സന്ദർഭങ്ങളിലും ഈ പ്രയോഗം കാണാം. അയ്യോ കഷ്ടം എന്ന വ്യാക്ഷേപകശബ്ദത്തിന്റെ ആവർത്തനം, അവതരിപ്പിക്കുന്ന ആശയങ്ങൾക്ക് ആകമാനം ഒരു ശക്തിയും സൗന്ദര്യവും വർദ്ധിപ്പിക്കുന്ന ഘടകംതന്നെ. ഹാ! കഷ്ടം എന്നതിലെ 'ഹാ' കുമാരനാശാന്റെ വീണപൂവിലെ ആദ്യശ്ലോകത്തിലും 'കഷ്ടം' അന്ത്യശ്ലോകത്തിലും വരുന്നുണ്ടെന്നത് പിൽക്കാലത്തും ഈ പ്രയോഗത്തിനുണ്ടായ സ്വീകാര്യതയും പ്രസക്തിയും വെളിപ്പെടുത്തുന്നു.

**6.10.10.2. എന്നാറെ, വന്നാറെ, കണ്ടാറെ......**

ബൈബിളിലെ നിറസാന്നിധ്യമായ പദപ്രയോഗങ്ങളാണ് എന്നാറെ, വന്നാറെ, കണ്ടാറെ തുടങ്ങിയവ.

''എന്നാറെ പുരുഷാരം ഓടിക്കൂടുന്നതു യേശു കണ്ടിട്ട് അശുദ്ധാത്മാവിനെ ശാസിച്ചു'' (മർക്കൊ.9:24).

''അവൻ പുറത്തുവന്നാറെ അവരോടു സംസാരിപ്പാൻ കഴിഞ്ഞില്ല'' (ലൂക്കൊ.1:22).

''അവൻ പുരുഷാരത്തെ കണ്ടാറെ മലമേൽ കയറി'' (മത്താ.5:1).

കേട്ടാറെ, പോയാറെ, ചെയ്താറെ........ എന്നിങ്ങനെ ബൈബിളിലെ ഒട്ടേറെ ക്രിയാ രൂപങ്ങളിൽ 'ആറെ' പ്രത്യയം ചേർന്ന രൂപം പ്രയോഗിക്കപ്പെട്ടിട്ടുണ്ട്.

പുതുകവികളും കഥാകൃത്തുകളും ബൈബിളിന്റെ അന്തരീക്ഷം ഓർമ്മിപ്പിക്കുവാനും അതിനെ പ്രബലപ്പെടുത്താനും ഈ പ്രയോഗങ്ങൾ ഇന്നുപയോഗിക്കാറുണ്ട്.

അന്നാറെ

മേഘങ്ങൾക്ക് തീ പിടിച്ചു.

പ്രഭാതവും പ്രദോഷവും പരസ്പരം തീവാരിയെറിഞ്ഞു (രാവുണ്ണി 2011:163).

ബിബ്ലിക്കൽ അന്തരീക്ഷത്തിൽ സൃഷ്ടിച്ച ഈ കവിതയുടെ പദസ്വീകരണത്തിൽ സത്യവേദപുസ്തകഭാഷയുടെ സ്വാധീനത ഔചിത്യവത്തായിരിക്കുന്നു.

''ഈ സെബസ്ത്യാനോസിനും ഇവനെപ്പോലുള്ള അസംഖ്യം നസ്രാണികൾക്കും വേണ്ടിയാണല്ലോ കാനീനപുത്രനായ യേശു മാർത്തയേയും മറിയയേയും വെടിഞ്ഞ് കുരിശിലേറിയത് എന്ന് കക്ഷിഭേദമില്ലാതെ ചിന്തിച്ചാറേ ഇരുട്ടിന്റെ ഒരു തിര വന്ന് ചാത്തരുടെ കാഴ്ചമൂടി. ചെവിയടഞ്ഞു. ശബ്ദം നഷ്ടപ്പെട്ട ചാത്തര് കുഴഞ്ഞ് വീഴുകയും ചെയ്തു'' (ഗ്രേസി 2016:95).

ഗ്രേസിയുടെ വിതയ്ക്കുന്നവന്റെ ഉപമ എന്ന കഥയിലും വന്നാറെ എന്ന പ്രയോഗം കാണാം.

''ഗുരു മറ്റൊരു ഉപമ പറയാൻ തുടങ്ങി. വിതയ്ക്കുന്നവൻ വിതപ്പാൻ പുറപ്പെട്ടു. വിതയ്ക്കുമ്പോളോ ചിലതു വഴിയരികെ വീണു. പറവകൾ വന്ന് അതു തിന്നുകളഞ്ഞു. മറ്റ് ചിലത് പാറസ്ഥലത്ത് ഏറെ മണ്ണില്ലാത്തിടത്തു വീണു. മുളച്ച് വന്നാറെ ചൂടുതട്ടി ഉണങ്ങിപ്പോയി. മറ്റുചിലത് മുള്ളിനിടയിൽ വീണു. മുള്ള് അവയെ ഞെരുക്കിക്കളഞ്ഞു. മറ്റു ചിലത് നല്ലമണ്ണിൽ വീണിട്ട് മുളച്ച് വളർന്നു ഫലം കൊടുത്തു'' (2016:9).

### 6.11. സൂചിതകഥകൾ (Allusions)

പഴയനിയമസംഭവങ്ങൾ സുവിശേഷങ്ങളിൽ പല സന്ദർഭത്തിലും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഏതു പുതിയ വസ്തുത അവതരിപ്പിക്കുമ്പോഴും അതിന് ശക്തീകരണവും സ്പഷ്ടീകരണവും നൽകുവാൻ പഴയനിയമകഥകൾ ഉൾച്ചേർക്കുന്നതിൽ സുവിശേഷകർ ശ്രദ്ധിച്ചിരുന്നു. പഴയനിയമകഥാബോധം ഉള്ളവർക്കു മാത്രമേ അവയുടെ ആശയഗ്രഹണം എളുപ്പമാവുകയുള്ളൂ. സൂചിതകഥകളെന്നു വിളിക്കുന്ന അത്തരം ശില്പതന്ത്രത്തിന്റെ സൂക്ഷ്മവീക്ഷണമാണ് ഇനി അവശേഷിക്കുന്നത്. പഴയനിയമകഥാസൂചനകൾ തങ്ങളുടെ നവീനമായ ആത്മീയതത്ത്വം ഉറപ്പിക്കുന്നതിൽ ഒരു അടിത്തറ ആകുമെന്നതുകൊണ്ടാണ് പുതിയനിയമകർത്താക്കൾ അത് സ്വീകരിക്കുന്നത്. ഇത്തരം

പരാമർശങ്ങൾ പഴയനിയമത്തെയും പുതിയനിയമത്തെയും പ്രത്യക്ഷമായിത്തന്നെ ബന്ധിപ്പിക്കുന്ന കണ്ണികളാണ്. പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും പരസ്പരബന്ധവും പരസ്പരാശ്രിതത്വവും ഇത്തരം പൂർവ്വവേദപരാമർശങ്ങളിലൂടെ വ്യക്തമാകുന്നു. പരസ്പരപൂരകമാണ് ബൈബിളിന്റെ രണ്ടുതരം ലിഖിതങ്ങൾ. തുല്യപ്രാധാന്യമുണ്ട് പഴയനിയമത്തിനും പുതിയനിയമത്തിനും എന്ന് ഇത്തരം ഉദ്ധരണികൾ ഊന്നിപ്പറയുന്നു.

#### 6.11.1. ഹാബേലിന്റെ രക്തം

''നീതിമാനായ ഹാബേലിന്റെ രക്തം മുതൽ നിങ്ങൾ മന്ദിരത്തിനും യാഗപീഠത്തിനും നടുവിൽവച്ചു കൊന്നവനായി ബെരെഖ്യാവിന്റെ മകനായ സെഖര്യാവിന്റെ രക്തം വരെ ഭൂമിയിൽ ചൊരിഞ്ഞ നീതിയുള്ള രക്തം എല്ലാം നിങ്ങളുടെമേൽ വരേണ്ടതാകുന്നു'' (മത്താ.23:35).

ബൈബിളിലെ ആദ്യത്തെ കൊലപാതകകഥയാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്. പ്രഥമഗ്രന്ഥമായ ഉൽപത്തിയിലാണ് ഈ സംഭവം. ആദാമിന്റെ മക്കളായ കായീനും ഹാബേലും ദൈവത്തിനു വഴിപാടു കഴിക്കുകയും ഹാബേലിന്റെ യാഗത്തിൽ ദൈവം പ്രസാദിക്കുകയും ചെയ്തു. ഇതിൽ കുപിതനായ കായീൻ അനുജനെ കൊന്നു (ഉൽപ.4:1-8). നിരപരാധിയെ ശിക്ഷിക്കുന്നവർക്ക് അനിവാര്യമായുണ്ടാകുന്ന ദൈവശിക്ഷയാണ് ഈ പഴയനിയമസ്രോതസ്സിലൂടെ സുവിശേഷകൻ സൂചിപ്പിച്ചിരിക്കുന്നത്.

#### 6.11.2. നോഹ - ജലപ്രളയം

''നോഹയുടെ കാലംപോലെ തന്നെ മനുഷ്യപുത്രന്റെ വരവും ആകും. ജലപ്രളയത്തിനു മുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയ നാൾ വരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു. ജലപ്രളയം വന്ന് എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല'' (മത്താ.24:37-38).

ഉൽപത്തിപ്പുസ്തകത്തിലാണ് നോഹയെക്കുറിച്ചു പരാമർശിക്കുന്നത് (7:124). നോഹയുടെ കാലത്ത് ഭൂമിയിലെ അതിക്രമംകണ്ട് ദൈവം ജലപ്രളയത്തിലൂടെ ലോകത്തെ നശിപ്പിക്കുന്നതു വിവരിക്കുന്നു. എന്നാൽ നീതിമാനായ നോഹയെ സകുടുംബം ദൈവം രക്ഷിക്കുന്നു. ദൈവകല്പന പ്രകാരം നോഹ പെട്ടകം പണിയുകയും ആ പെട്ടകത്തിൽ പ്രളയകാലമത്രയും അദ്ദേഹവും കുടുംബവും കഴിഞ്ഞതിനാൽ അവർ ദൈവത്തിന്റെ മഹാശിക്ഷയിൽനിന്നു രക്ഷപ്പെടുകയും ചെയ്തു. ഇതുപോലെ അസാധാരണവും അനിവാര്യവുമായ സംഭവമാകുന്നു ക്രിസ്തുവിന്റെ പുനരാഗമനം. ദൈവത്തിൽ വിശ്വസിക്കാത്തവർക്കെല്ലാം നോഹയുടെ കാലത്തു സംഭവിച്ചതുപോലെ ഭീകരമായ ദൈവശിക്ഷയുണ്ടാകും. ദൈവശിക്ഷയുടെ കാഠിന്യം എന്തെന്ന് ഉദാഹരിക്കാൻ പഴയനിയമകഥാബോധമുള്ളവർക്ക് ഏറ്റവും പരിചിതസംഭവത്തെ ഉപയോഗപ്പെടുത്തി അർത്ഥസാക്ഷാത്കാരം വരുത്തുന്ന ആവിഷ്കാരതന്ത്രമാണ് സുവിശേഷകൻ ഇവിടെ സ്വീകരിച്ചിരിക്കുന്നത്.

**6.11.3. സൊദോമിലെ സ്വവർഗരതി**

1. ''ന്യായവിധി ദിവസത്തിൽ ആ പട്ടണത്തെക്കാൾ സൊദോമ്യരുടെയും ഗമോര്യരുടെയും ദേശത്തിനു സഹിക്കാവതാകും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു'' (മത്താ.10:15.).

2. ''എന്നാൽ ന്യായവിധി ദിവസത്തിൽ നിന്നെക്കാൾ സൊദോമ്യരുടെ നാട്ടിനു സഹിക്കാവതാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു'' (മത്താ.11:24).

3. ''ലോത്തിന്റെ കാലത്തു സംഭവിച്ചതുപോലെയുംതന്നെ; അവർ തിന്നും കുടിച്ചും കൊണ്ടും വിറ്റും നട്ടും പണിതും പോന്നു. എന്നാൽ ലോത്ത് സൊദോം വിട്ട നാളിൽ ആകാശത്തുനിന്നു തീയും ഗന്ധകവും പെയ്ത് എല്ലാവരെയും മുടിച്ചുകളഞ്ഞു. ............................... ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾവിൻ'' (ലൂക്കൊ.17:28-29, 32).

5. ''നോഹയുടെ കാലം പോലെ തന്നെ മനുഷ്യപുത്രന്റെ വരവും ആകും. ജലപ്രളയത്തിനുമുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയ നാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു'' (മത്താ.24:38).

4. ''ആ പട്ടണത്തെക്കാൾ സൊദോമ്യർക്ക് ആ നാളിൽ സഹിക്കാവതാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു'' (ലൂക്കൊ.10:12).

ഈ വാക്യങ്ങൾ ഒരേ താളഘടനയുള്ളതും ആശയപരമായ സമാനതയുള്ളതും ആകുന്നു. പൂർവ്വവേദപരാമർശം ഉൾപ്പെടുത്തിക്കൊണ്ടുള്ള ലോകാവസാനസൂചനയാണ് എല്ലാ വാക്യത്തിലും ഉൾച്ചേർത്തിരിക്കുന്നത്. സമുച്ചയനിപാതത്തിന്റെ അടുപ്പിച്ചുള്ള അണിനിരക്കൽ താളാത്മകതയ്ക്കു വഴിവെക്കുന്നു. എന്നാൽ കേവലം പ്രാസഭംഗിക്കോ താളാത്മകസൗന്ദര്യമുണ്ടാക്കുവാനോ നിബന്ധിച്ചിരിക്കുന്ന വാക്യങ്ങളല്ലിവ. സന്ദർഭത്തിന്റെ ഗൗരവം വർദ്ധിപ്പിക്കാനും ആശയത്തിനു സ്പഷ്ടതയുണ്ടാക്കാനും ഉതകുന്ന വാക്യത്തിൽ സ്വാഭാവികമായി വന്നു ചേർന്ന ശബ്ദസൗകുമാര്യതയാണ് ഇവിടെയുള്ളത്.

ഉൽപത്തിപ്പുസ്തകം 19-ാം അധ്യായത്തിൽ സ്വവർഗഭോഗത്തിന്റെ പരിണിതഫലമായുണ്ടായ ദൈവികശിക്ഷ വിവരിക്കുന്നു (19:1-26). അബ്രാഹാമിന്റെ സഹോദരനായ ഹാരാന്റെ മകനാണ് ലോത്ത്. ലോത്തിന്റെ വീട്ടിൽ അതിഥികളായെത്തിയ രണ്ടു ദൈവദൂതന്മാരെ ഭോഗിക്കേണ്ടതിനു വിട്ടുതരണമെന്നു പറഞ്ഞു സൊദോംനിവാസികൾ ലോത്തിന്റെ വീടുവളഞ്ഞു. പുരുഷൻ തൊടാത്ത രണ്ടു പുത്രിമാർ തനിക്കുണ്ടെന്നും അവരെ വിട്ടുതരാമെന്നും ലോത്ത് അവരോട് അപേക്ഷിച്ചു. പക്ഷേ സൊദോംനിവാസികൾ ബലമായി വീട്ടിൽ കയറാൻ ശ്രമിച്ചു. അതിഥികളായെത്തിയ ദൈവദൂതന്മാർ അതു തടയുകയും ലോത്തിനെ സംരക്ഷിക്കുകയും ചെയ്തു. യഹോവ സൊദോം നിവാസി

കളെ അവരുടെ പാപത്തിന്റെ ഫലമായി നശിപ്പിക്കുവാൻ തീരുമാനിച്ചു. ലോത്തിനോട് സകുടുംബം രക്ഷപ്പെട്ടുകൊള്ളുവാനും പിന്തിരിഞ്ഞുനോക്കരുതെന്നും യഹോവ കല്പിച്ചു. ലോത്തും കൂട്ടരും രക്ഷപ്പെട്ടയുടനെ യഹോവ സൊദോം ഗൊമോറാദേശങ്ങളെ അഗ്നിക്കിരയാക്കി സമ്പൂർണമായി നശിപ്പിച്ചു. എന്നാൽ രക്ഷപ്പെടുന്നതിനിടയിൽ ലോത്തിന്റെ ഭാര്യ പിന്തിരിഞ്ഞു നോക്കിയതുനിമിത്തം ഉപ്പുതൂണായി മാറി.

രണ്ടു വസ്തുതകൾ വ്യക്തമാക്കുക എന്ന ലക്ഷ്യം ഇക്കഥാവതരണത്തിനു പിന്നിലുണ്ട്. പാപത്തിന്റെ അപലപനീയതയാകുന്നു അതിലൊന്ന്. സൊദോം ഗൊമോറാനിവാസികളെ ശിക്ഷിച്ച ദൈവം ഏതുകാലത്തും ഏതുതരം പാപികളെയും ശിക്ഷിക്കും. അതിനാൽ പാപം വെടിഞ്ഞുള്ള ജീവിതം അനിവാര്യമാണെന്ന ബോധം അനുവാചകരിലുണ്ടാക്കാൻ ഉദ്ദേശിച്ചാണ് ഇതു നിബന്ധിച്ചിരിക്കുന്നത്. പാപികളായ സൊദോംനിവാസികളെ ശിക്ഷിച്ചെങ്കിലും പാപത്തിൽനിന്ന് അകന്നുനിന്ന ലോത്ത് ഉൾപ്പെടെയുള്ളവരെ ദൈവം രക്ഷിക്കുവാൻ മറന്നുപോയില്ല. അതുപോലെ പാപരഹിതജീവിതം നയിക്കുന്നവർക്ക് രക്ഷയും പാപികൾക്ക് ശിക്ഷയും ഒഴിവാക്കാനാവാത്തതാണെന്ന് സോദാഹരണം സമർത്ഥിക്കുവാൻ ഈ പ്രാചീനകഥാസൂചനകൊണ്ട് കഴിയുന്നു.

സുവിശേഷപ്രഘോഷണം എന്ന ദൗത്യത്തിന്റെ പ്രാധാന്യവും ഈ പരാമർശത്തിൽ പ്രകടമാക്കിയിട്ടുണ്ട്. സുവിശേഷത്തോടുള്ള പുറംതിരിഞ്ഞുനിൽക്കൽ സൊദോമ്യപാപത്തെക്കാൾ കഠിനമാണെന്നും അവർക്കുള്ള ദൈവികശിക്ഷ ഭീകരമാണെന്നും സൂചിതകഥയിലൂടെ ധ്വനിപ്പിക്കുന്നു. സ്വവർഗഭോഗത്തിന്റെ അപരപദമായി സൊദോംഗൊമോറാ എന്ന സ്ഥലപ്പേരു മാറിയിട്ടുണ്ട്. അധർമ്മപ്രവൃത്തി ചെയ്തവർക്ക് ക്രിസ്തുവിന്റെ പുനരാഗമനത്തിൽ ശിക്ഷയുണ്ടെന്നു ബൈബിളിൽ ആവർത്തിച്ചുപറയുന്ന കാര്യമാണ്. ആ ശിക്ഷ അതികഠിനമായ പാപം ചെയ്ത സ്വവർഗഭോഗികൾക്ക് കിട്ടിയതിനേക്കാൾ വലിയതായിരിക്കും.

മത്തായിയുടെ സുവിശേഷത്തിൽ ഒരേ ആശയം രണ്ടു വ്യത്യസ്തസന്ദർഭങ്ങളിൽ പരാമർശിക്കാറുണ്ട്. ഇത് അത്തരത്തിൽപ്പെടുന്നു. ആദ്യത്തെ പരാമർശം ശിഷ്യന്മാരെ പ്രേഷിതദൗത്യം ഏൽപിക്കുന്ന പശ്ചാത്തലത്തിൽ പ്രതിപാദിക്കുന്നതാണ്. പ്രേഷിതവൃത്തിക്കാരായ ശിഷ്യന്മാരെ കൈക്കൊള്ളാത്ത ദേശങ്ങൾക്ക് കഠിനമായ ദൈവശിക്ഷയുണ്ടാകും. അത് അതിനികൃഷ്ടമായ പാപംചെയ്ത സൊദോം ഗൊമോറാ നിവാസികൾക്കുണ്ടായതിനെക്കാൾ ഭീകരമായിരിക്കും. രണ്ടാമത്തേത് കോരസീൻ, ബേത്ത്സയിദ എന്നീ പട്ടണങ്ങളിൽ വീര്യപ്രവൃത്തികൾ നടന്നിട്ടും മാനസാന്തരപ്പെടാഞ്ഞതിനാൽ പറയുന്നതാണ്. ബൈബിൾദർശനമനുസരിച്ച് ക്രൂരപ്രവൃത്തികളെക്കാൾ അപലപനീയവും ശിക്ഷാർഹവുമായ കാര്യമാണ് ദൈവത്തെ അംഗീകരിക്കാതിരിക്കുന്നത്. അതുകൊണ്ടാണ് ദൈവത്തെ നിരസിക്കുന്നവർ, മാനസാന്തരപ്പെടാത്തവർ എന്നിവർ വലിയ കുറ്റവാളികളെക്കാൾ ശിക്ഷാർഹരാണെന്നു പറയുന്നത്. വ്യത്യസ്തമായ രണ്ട് ആശയങ്ങളുടെ വിശദീകരണത്തിനായി പഴയനിയമത്തിലെ ഒരേ കഥാസന്ദർഭത്തെ ഉപയോഗപ്പെടുത്തു

ന്നത് പുതിയനിയമത്തിലെ ആഖ്യാനങ്ങളുടെ ശില്പസംവിധാനത്തിൽ ആവർത്തിക്കാറുണ്ട്. ഉത്തരാധുനികർ പാഠാന്തരത (Intertextuality) എന്നു വിളിക്കുന്ന ഈ രചനാതന്ത്രം പുതിയനിയമത്തിലെ എല്ലാ കൃതികളും പിന്തുടരുന്നു.

**6.11.4. മുൾപ്പടർപ്പ് കത്തുന്നു**

''മരിച്ചവർ ഉയിർത്തെഴുന്നേൽക്കുന്നു എന്നതോ മോശെയും മുൾപ്പടർപ്പുഭാഗത്തു കർത്താവിനെ അബ്രാഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും എന്നു പറയുന്നതിനാൽ സൂചിപ്പിച്ചിരിക്കുന്നു'' (ലൂക്കൊ.20:37).

ബൈബിളിലെ രണ്ടാമത്തെ പുസ്തകമായ പുറപ്പാടിൽ ഇക്കഥ രേഖപ്പെടുത്തിയിരിക്കുന്നു (പുറ.3:1-22). മോശെ അമ്മായിയപ്പൻ യിത്രോവിന്റെ ആടുകളെ മേയിച്ചുകൊണ്ടിരുന്നപ്പോൾ ഹോരേബ് പർവ്വതത്തിൽവച്ച് യഹോവയുടെ ദൂതൻ ഒരു മുൾപ്പടർപ്പിന്റെ നടുവിൽനിന്ന് അഗ്നിജ്വാലയിൽ പ്രത്യക്ഷപ്പെട്ടു. മോശെ മുൾപ്പടർപ്പു തീപിടിച്ചുകത്തുന്നതും എന്നാൽ മുൾപ്പടർപ്പു വെന്തുപോകാതിരിക്കുന്നതുമായ അത്ഭുതരംഗം കണ്ടു. മുൾപ്പടർപ്പുവെന്തുപോകാതിരിക്കുന്ന കാഴ്ചയുടെ രഹസ്യം അറിയാനായി മോശെ ചെന്നു. അപ്പോൾ ദൈവം മുൾപ്പടർപ്പിന്റെ നടുവിൽനിന്ന് മോശേ, മോശേ എന്നു വിളിച്ചു. മോശെ നില്ക്കുന്ന സ്ഥലം വിശുദ്ധഭൂമിയാകയാൽ കാലിൽനിന്നു ചെരിപ്പ് അഴിച്ചുകളയാൻ ദൈവം ആവശ്യപ്പെട്ടു. അപ്പോൾ ദൈവം 'ഞാൻ അബ്രാഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായി, നിന്റെ പിതാവിന്റെ ദൈവം ആകുന്നു എന്നും പറയുന്നു (3:14). വായനക്കാരുടെ മനസ്സിൽ നിദ്രാണമായിരിക്കുന്ന പഴയനിയമപുരാവൃത്തങ്ങൾ യേശു തന്റെ ഭാഷയിലൂടെ ആവിഷ്കരിക്കുമ്പോൾ ഈ സൂചിതകഥകൾക്ക് ആഴവും അർത്ഥഗൗരവവും പുതിയമാനങ്ങളും കൈവരുന്നു. ദൈവത്തിന്റെ കാലാതീതമായ അവസ്ഥ ആവിഷ്കരിച്ച് യേശുവിന്റെ ദൈവത്വത്തെ ഉറപ്പിക്കുകയാണ് സുവിശേഷകൻ ഈ കഥാനിബന്ധത്തിലൂടെ ചെയ്യുന്നത്.

**6.11.5. മരുഭൂമിയിൽ മന്ന**

''നമ്മുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാ തിന്നു. അവർക്കു തിന്നുവാൻ സ്വർഗത്തിൽനിന്ന് അപ്പം കൊടുത്തു എന്ന് എഴുതിയിരിക്കുന്നുവല്ലോ'' (യോഹ.6:31).

മന്നയെപ്പറ്റി പുറപ്പാടുപുസ്തകം 16-ാം അധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. യിസ്രായേല്യർ മിസ്രയീമിൽനിന്നു കനാൻദേശത്തേക്കു യാത്രചെയ്തപ്പോൾ അവർ ആഹാരത്തിനായി മോശെയോടു പിറുപിറുത്തു. മോശെയുടെ ആവശ്യപ്രകാരം ദൈവം അവർക്കു ഭക്ഷിക്കുവാൻ ആകാശത്തുനിന്നു വർഷിപ്പിച്ച അത്ഭുതവസ്തുവായിരുന്നു മന്ന. പഴയനിയമകാലത്തെ മന്നയുടെ പുതിയനിയമയാഥാർത്ഥ്യമാണ് മശീഹ. യേശുവാണ് പുതിയനിയമകാലത്തെ മന്ന.

#### 6.11.6. മരുഭൂമിയിൽ സർപ്പം

''മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു'' (യോഹ.3:14).

ബൈബിളിലെ നാലാമത്തെ പുസ്തകമായ സംഖ്യായിലാണ് ഈ കഥയുള്ളത് (21:4-10). യിസ്രായേല്യർ കനാനിലേക്കുള്ള യാത്രയിൽ മോശെയോടു പിറുപിറുക്കുന്നു. അപ്പവും വെള്ളവും ഇല്ലാത്ത  മരുഭൂമിയിൽ മരിക്കാനായാണോ തങ്ങളെ കൊണ്ടുവന്ന തെന്നു ജനം മോശെയോടു ചോദിച്ചു. അപ്പോൾ യഹോവ ജനത്തിന്റെ ഇടയിൽ അഗ്നി സർപ്പങ്ങളെ അയയ്ക്കുകയും അവ ജനങ്ങളെ കടിക്കുകയും ചെയ്തു. അനേകർ സർപ്പ ദംശനമേറ്റു മരിച്ചു. സർപ്പങ്ങളെ തങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളയണമെന്ന് ജനം മോശെയോട് അപേക്ഷിച്ചു. അവരുടെ അഭ്യർത്ഥനയനുസരിച്ച് മോശെ ദൈവത്തോടു പ്രാർത്ഥിച്ചു. ദൈവം മോശെയോട് അഗ്നിസർപ്പത്തെ ഉണ്ടാക്കി  ഒരു കൊടിമരത്തിൽ തൂക്കുവാൻ കല്പിച്ചു. മോശെ താമ്രംകൊണ്ട് സർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിൽ തൂക്കി. പാമ്പുകടിയേൽക്കുന്നവർ ആ താമ്രസർപ്പത്തിന്റെ രൂപത്തിൽ നോക്കിയാൽ ജീവിക്കും. ക്രിസ്തുവിന്റെ നിഴലായിട്ടാണ് താമ്രസർപ്പത്തെ സംഖ്യാപുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നത്.

#### 6.11.7. കാഴ്ചയപ്പം

''ദാവീദ് തനിക്കും കൂടെയുള്ളവർക്കും വിശന്നപ്പോൾ ചെയ്തത് എന്ത് ? അവൻ ദൈവാലയത്തിൽ ചെന്ന് പുരോഹിതന്മാർക്കു മാത്രമല്ലാതെ തനിക്കും കൂടെയുള്ള വർക്കും തിന്മാൻ വിഹിതമല്ലാത്ത കാഴ്ചയപ്പം തിന്നു എന്നു നിങ്ങൾ വായിച്ചിട്ടില്ലയോ? '' (മത്താ.12:3-4).

ശമൂവേൽപ്രവാചകന്റെ ഒന്നാം പുസ്തകം 21-ാം അധ്യായത്തിലാണ് ഈ സംഭവം. ശിഷ്യന്മാർ വിളഭൂമിയിലൂടെ പോയപ്പോൾ വിശന്നിട്ട് കതിർ പറിച്ചുതിന്നു. ഇതു കണ്ട പരീശന്മാർ യേശുവിന്റെ ശിഷ്യന്മാർ ശബ്ബത്തിൽ അരുതാത്ത കാര്യം ചെയ്തു എന്നുപറഞ്ഞ് അവരെ വിമർശിച്ചു. അതിന് യേശു കൊടുക്കുന്ന മറുപടിയാണ് ഉദ്ധൃതഭാഗം. ഭക്ഷണത്തിലോ ശബ്ബത്താചരണത്തിലോ അല്ല നന്മതിന്മകളുടെ ഉറവിടം എന്നാണ് വിവക്ഷ. കാഴ്ചയപ്പം പുരോഹിതരല്ലാത്തവർ ഭക്ഷിക്കരുത്. എന്നാൽ അതിനുവിരുദ്ധമായി പഴയനിയമകാലത്തുതന്നെ ജനങ്ങൾ പ്രവർത്തിച്ചിട്ടുണ്ടെന്നും അതിനാൽ പുതിയ കാലത്ത് തികച്ചും അവഗണിക്കേണ്ട കാര്യങ്ങളാണിവയെന്നും യേശു സൂചിപ്പിക്കുന്നു.

#### 6.11.8. ആകാശത്തുനിന്നു തീ ഇറക്കി

''കർത്താവേ, (ഏലിയാവു ചെയ്തതുപോലെ) ആകാശത്തുനിന്നു തീ ഇറങ്ങി അവരെ നശിപ്പിപ്പാൻ ഞങ്ങൾ പറയുന്നതു നിനക്കു സമ്മതമോ എന്നു ചോദിച്ചു'' (ലൂക്കൊ.9:54).

രാജാക്കന്മാരുടെ ഒന്നാംപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന കഥയാണ് ഇവിടെ സൂചിതം (18:20-40). ഏലിയാവ് പഴയനിയമപ്രവാചകനാണ്. ആഹാബ് രാജാവിന്റെ കാലത്ത് യിസ്രായേല്യർ ബാൽ എന്ന മിഥ്യാമൂർത്തിയെ ആരാധിക്കുന്നവരായി മാറി. അതിൽനിന്ന് ഏലിയാവ് വലിയ അത്ഭുതം പ്രവർത്തിച്ച് ജനങ്ങളെ പിന്തിരിപ്പിക്കുന്ന കഥ യാണ് ഇവിടെ പരാമർശിക്കുന്നത്. അവരുടെ വിഗ്രഹാരാധനയുടെ ഫലമായി മൂന്നു വർഷത്തോളം ദേശത്ത് മഴയില്ലാതായി. ബാൽ ദേവനോ യഹോവയോ സത്യദൈവം എന്നു വ്യക്തമാക്കാനായി അവർ ഏലിയാവിന്റെ വെല്ലുവിളി സ്വീകരിച്ച് ഒരു പരീക്ഷണ ത്തിൽ ഏർപ്പെട്ടു.

ബാലിന്റെ പേരിലും യഹോവയുടെ പേരിലും കാളക്കുട്ടിയെ അറുത്ത് ഖണ്ഡംഖ ണ്ഡമാക്കി ബലിപീഠത്തിൽ വച്ചു. ബാലിനെ ആരാധിക്കുന്നവർ അവനോട് അപേക്ഷിച്ചു. പക്ഷേ ഒന്നും സംഭവിച്ചില്ല. പിന്നീട് ഏലിയാവ് ഇടിഞ്ഞുകിടന്ന യഹോവയുടെ യാഗ പീഠം നന്നാക്കി. വിറക് അടുക്കി കാളയെ ഖണ്ഡംഖണ്ഡമാക്കി വിറകിന്മേൽവച്ചു. യാഗപീ ഠത്തിനു ചുറ്റും ഒരു തോടുണ്ടാക്കി. നാലുതൊട്ടി വെള്ളം യാഗപീഠത്തിന്മേലും വിറകി ന്മേലും ഒഴിപ്പിച്ചു. ഏലിയാവ് യഹോവയോടു പ്രാർത്ഥിച്ചു. ഉടനെ തീ ഇറങ്ങി ഹോമയാ ഗവും വിറകും മണ്ണും ദഹിപ്പിച്ചു തോട്ടിലെ വെള്ളവും വറ്റിച്ചുകളഞ്ഞു. പിന്നീട് അതിശ ക്തമായി മഴയും പെയ്തു. തങ്ങളെ സ്വീകരിക്കാതിരുന്ന ശമര്യരോട് ഇതുപോലെ പ്രതി കാരം ചെയ്യണമെന്നായിരുന്നു ശിഷ്യന്മാർ യേശുവിനോട് ആവശ്യപ്പെട്ടത്. എന്നാൽ യേശു അതിനെ നിരുത്സാഹപ്പെടുത്തുകയും അപലപിക്കുകയും ചെയ്തു. പ്രതികാരം യേശുവിന്റെ മാർഗമല്ല. ശത്രുവിനെപ്പോലും സ്നേഹിക്കുവാൻ ആഹ്വാനം ചെയ്ത യേശു ആ ആദർശം ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കാതിരുന്ന ശിഷ്യന്മാരെ ഒരി ക്കൽക്കൂടി തന്റെ രക്ഷാദൗത്യം ഓർമ്മിപ്പിക്കുന്നു. യേശു രക്ഷകനാണ് ശിക്ഷകനല്ല എന്ന അവതാരലക്ഷ്യം പരോക്ഷമായി ഈ ശില്പതന്ത്രത്തിലൂടെ സൂചിപ്പിക്കപ്പെടുന്നു.

### 6.11.9. വിധവ, നയമാൻ

''ഏലിയാവിന്റെ കാലത്ത് ആകാശം മൂവാണ്ടും ആറുമാസവും അടഞ്ഞിട്ടു ദേശത്ത് എങ്ങും മഹാക്ഷാമം ഉണ്ടായപ്പോൾ യിസ്രായേലിൽ പല വിധവമാർ ഉണ്ടായി രുന്നു എന്നു ഞാൻ യഥാർത്ഥമായി നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. എന്നാൽ സീദോനിലെ സരെപ്തയിൽ ഒരു വിധവയുടെ അടുക്കലേക്കല്ലാതെ അവരിൽ ആരു ടെയും അടുക്കലേക്ക് ഏലിയാവിനെ അയച്ചില്ല. അവ്വണ്ണം എലീശാപ്രവാചകന്റെ കാലത്ത് യിസ്രായേലിൽ പല കുഷ്ഠരോഗികൾ ഉണ്ടായിരുന്നു. സുറിയാക്കാരനായ നയമാൻ അല്ലാതെ അവരാരും ശുദ്ധമായില്ല എന്നും അവൻ പറഞ്ഞു'' (ലൂക്കൊ.4:25-27).

പഴയനിയമപ്രവാചകന്മാരായ ഏലിയാവ്, ഏലീശാ എന്നിവർ ചെയ്ത രണ്ട് അത്ഭുതങ്ങളാണ് ഇവിടെ സൂചിതം. ഏലിയാവ് ക്ഷാമകാലത്ത് യഹോവയുടെ നിർദ്ദേശ പ്രകാരം ഒരു വിധവയുടെ പക്കൽനിന്ന് ഉപജീവനം കഴിക്കേണ്ടിവന്ന രംഗം രാജാക്കന്മാ രുടെ ഒന്നാം പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. വിറകുപെറുക്കിക്കൊണ്ടുപോകുന്ന വിധവ

യോട് ഏലിയാവ് വെള്ളം ചോദിക്കുകയും വെള്ളം കൊണ്ടുവരുമ്പോൾ ഒരു കഷണം അപ്പവുംകൂടി കൊണ്ടുവരണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ അവളുടെ പക്കൽ ഒരു പിടി മാവും അല്പം എണ്ണയും മാത്രമേ ഉള്ളൂവെന്നും അതുകൊണ്ട് അവളും മകനും അപ്പമുണ്ടാക്കിത്തിന്നിട്ട് മരിക്കാനിരിക്കുകയാണെന്നും അവൾ പറഞ്ഞു. എന്നാൽ ഏലിയാവ് അവളോട് ആദ്യം ഒരു അടയുണ്ടാക്കിക്കൊണ്ടുവരാൻ ആവശ്യപ്പെട്ടു. ''യഹോവ ഭൂമിയിൽ മഴപെയ്യിക്കുന്ന നാൾവരെ കലത്തിലെ മാവു തീർന്നുപോകയില്ല; ഭരണിയിലെ എണ്ണ കുറഞ്ഞുപോകയും ഇല്ല എന്നു യിസ്രായേലിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു എന്നു പറഞ്ഞു'' (1 രാജ.17:14). അതുപോലെ സംഭവിക്കുകയും ചെയ്തു.

ഏലീശാപ്രവാചകനുമായി ബന്ധപ്പെട്ടതാണ് അടുത്തസംഭവം. രാജാക്കന്മാരുടെ രണ്ടാംപുസ്തകത്തിൽ ഈ കഥ അവതരിപ്പിച്ചിരിക്കുന്നു (5:1-15). അരാംരാജാവിന്റെ സേനാപതിയായ നയമാൻ പരാക്രമശാലിയായിരുന്നുവെങ്കിലും കുഷ്ഠരോഗിയുമായിരുന്നു. നയമാന്റെ ഭാര്യയ്ക്കു ശുശ്രൂഷ ചെയ്തുവന്ന ഒരു പെൺകുട്ടി ഏലീശയുടെ അടുക്കൽ ചെന്നാൽ നയമാന്റെ കുഷ്ഠം മാറുമെന്ന് അറിയിച്ചു. ഏലീശയുടെ അടുക്കലെത്തിയ നയമാനോട് യോർദ്ദാനിൽ ഏഴുപ്രാവശ്യം കുളിച്ചാൽ കുഷ്ഠം മാറുമെന്ന് ഏലീശ പറഞ്ഞു. എന്നാൽ ആദ്യം നയമാൻ അത് അംഗീകരിച്ചില്ല. ഭൃത്യന്മാരുടെ നിർബന്ധത്തെത്തുടർന്ന് നദിയിൽ ഏഴുപ്രാവശ്യം മുങ്ങുകയും ഏഴാമത്തെ പ്രാവശ്യം സൗഖ്യമാകുകയും ചെയ്തു.

**6.11.10. യോനാ, ശലോമോൻ, തെക്കേരാജ്ഞി**

''ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു. യോനാ പ്രവാചകന്റെ അടയാളമല്ലാതെ അതിന് അടയാളം ലഭിക്കയില്ല. യോനാ കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും. നീനെവേക്കാർ ന്യായവിധിയിൽ ഈ തലമുയോട് ഒന്നിച്ച് എഴുന്നേറ്റ് അതിനെ കുറ്റം വിധിക്കും. അവർ യോനായുടെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടുവല്ലോ. ഇതാ ഇവിടെ യോനായിലും വലിയവൻ. തെക്കേ രാജ്ഞി ന്യായവിധിയിൽ ഈ തലമുറയോട് ഒന്നിച്ച് ഉയിർത്തെഴുന്നേറ്റ് അതിനെ കുറ്റം വിധിക്കും. അവൾ ശലോമോന്റെ ജ്ഞാനം കേൾപ്പാൻ ഭൂമിയുടെ അറുതികളിൽനിന്നു വന്നുവല്ലോ. ഇവിടെയിതാ ശലോമോനിലും വലിയവൻ'' (മത്താ.12:39-40).

യേശുവിന്റെ അന്യാദൃശമായ വ്യക്തിപ്രഭാവം ആവിഷ്കരിക്കുവാൻ രണ്ടു പ്രധാന പഴയനിയമകഥാപാത്രങ്ങളെ താരതമ്യപ്പെടുത്തുകയാണ് സുവിശേഷകൻ.

യോനാപ്രവചനത്തിലെ കഥയാണിത്. ദൈവം യോനായോട് നീനെവേ എന്ന സ്ഥലത്തേക്കു പോകുവാൻ ആവശ്യപ്പെടുന്നു. എന്നാൽ അതു ധിക്കരിച്ച് തർശീശ് എന്ന സ്ഥലത്തേക്കാണ് അദ്ദേഹം യാത്രയായത്. യാത്രാമധ്യേ അദ്ദേഹം കയറിയ കപ്പൽ

തകർന്നുപോകത്തക്കവിധമുള്ള കൊടുങ്കാറ്റുണ്ടായി. എല്ലാവരും തങ്ങളുടെ ദേവനോടു പ്രാർത്ഥിക്കുമ്പോൾ കപ്പലിന്റെ അടിത്തട്ടിൽ കിടന്നുറങ്ങുകയായിരുന്നു യോനാ. ഒടുവിൽ യോനാ തന്നെ കടലിലിട്ടാൽ മറ്റുള്ളവർ രക്ഷപ്പെടുമെന്ന് അവരെ അറിയിച്ചു. അതനുസരിച്ച് അവർ യോനായെ കടലിലെറിഞ്ഞു. യോനായെ ഒരു വൻമത്സ്യം വിഴുങ്ങി. മീനിന്റെ വയറ്റിൽക്കിടന്ന് യോനാ ദൈവത്തോടു പ്രാർത്ഥിച്ചു. അങ്ങനെ മത്സ്യം യോനായെ കരയ്ക്കു ഛർദിച്ചു.

യേശു അടയാളങ്ങൾ ധാരാളം ചെയ്തിട്ടുണ്ടെങ്കിലും അവയോടുള്ള മനുഷ്യന്റെ അമിതമായ ആഭിമുഖ്യത്തെ അദ്ദേഹം ഇടയ്ക്കിടെ അപലപിക്കാറുണ്ട്. ഏറ്റവും വലിയ അടയാളം യേശുവിന്റെ മരണപുനരുത്ഥാനങ്ങളാണ്. കല്ലറയിൽ കഴിയുന്ന ആൾ - യേശു - മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുന്നതാണ് ഏറ്റവും വലിയ അത്ഭുതം എന്നാണ് യേശു സൂചിപ്പിക്കുന്നത്. ക്രിസ്തീയവിശ്വാസത്തിന്റെ അടിത്തറയാണ് യേശുവിന്റെ ഉയിർപ്പ്. യഥാർത്ഥഭക്തന്റെ വിശ്വാസത്തിന് അടിസ്ഥാനം മറ്റുള്ളവർക്ക് അസംബന്ധമെന്നു തോന്നുന്ന ആ സംഭവമാണ്. അതിനാൽ അതിലും വലിയൊരു അത്ഭുതം അവൻ പ്രതീക്ഷിക്കില്ല. പൗലൊസ് കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം 15-ാം അധ്യായത്തിൽ ഈ ചിന്തക്ക് വിശദമായ സ്പഷ്ടീകരണം നൽകുന്നുണ്ട്. അതിനുശേഷം ആ വ്യവഹാരം സംഗ്രഹിച്ചിരിക്കുന്നത് ഇങ്ങനെയാണ് ''ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം'' (15:14).

രാജാക്കന്മാരുടെ ഒന്നാം പുസ്തകം 10-ാം അധ്യായത്തിലാണ് രണ്ടാമത്തെ പരാമർശം (മത്താ.12:42).

ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോന്റെ കീർത്തികേട്ട് അവനെ ശെബാരാജ്ഞി സന്ദർശിക്കുന്നു. ശലോമോനെ നേരിൽ കണ്ടപ്പോൾ ശെബാരാജ്ഞി അത്യന്തം വിസ്മയിച്ചു. ''നിന്റെ കാര്യങ്ങളെയും ജ്ഞാനത്തെയുംകുറിച്ചു ഞാൻ എന്റെ ദേശത്തു വച്ചു കേട്ട വർത്തമാനം സത്യംതന്നെ. ഞാൻ വന്ന് എന്റെ കണ്ണുകൊണ്ടു കാണുന്നതു വരെ ആ വർത്തമാനം വിശ്വസിച്ചില്ല. എന്നാൽ പാതിപോലും ഞാൻ അറിഞ്ഞിരുന്നില്ല. ഞാൻ കേട്ട കീർത്തിയെക്കാൾ നിന്റെ ജ്ഞാനവും ധനവും അധികമാകുന്നു'' (1 രാജ.10:6 -7).

ദൈവമല്ലാത്തവരെപ്പോലും അവരുടെ ജ്ഞാനം, കീർത്തി മുതലായ ഗുണങ്ങളുടെ പേരിൽ വിശിഷ്ടവ്യക്തികൾ സന്ദർശിക്കുകയും അവരോട് സംവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ദൈവം അവതരിച്ച് മനുഷ്യരോടൊപ്പം സഹവസിച്ചിട്ടും അവന്റെ സാന്നിധ്യത്തെ വിലമതിക്കാത്ത യഹൂദന്മാരുടെ അജ്ഞതയെയാണ് യേശു പഴിക്കുന്നത്. ശലോമോനെക്കാൾ ജ്ഞാനസമ്പൂർണ്ണനെ തിരിച്ചറിയാത്ത അജ്ഞാനികളാണ് യെഹൂദന്മാർ. പൗലൊസ് ഇക്കാര്യം ലേഖനത്തിൽ എടുത്തുപറഞ്ഞിട്ടുമുണ്ട്. ''അത് (ദൈവജ്ഞാനം) ഈ ലോകത്തിന്റെ പ്രഭുക്കന്മാർ ആരും അറിഞ്ഞില്ല; അറിഞ്ഞിരുന്നു എങ്കിൽ അവർ തേജസ്സിന്റെ കർത്താവിനെ ക്രൂശിക്കയില്ലായിരുന്നു'' (1 കൊരി. 2:8).

പഴയനിയമം, പുതിയനിയമം എന്നു വ്യവഹരിക്കുന്ന ഗ്രന്ഥസമുച്ചയങ്ങൾതമ്മിൽ പരസ്പരം ബന്ധപ്പെട്ടുനിൽക്കുമ്പോഴാണ് അർത്ഥസംക്രമണം ഫലവത്താകുന്നതെന്ന് പുതിയനിയമത്തിലെ സൂചിതകഥകൾ വെളിപ്പെടുത്തുന്നു. പഴയനിയമത്തിന്റെ സാഹിത്യ ഭൂമികയിൽനിന്നുകൊണ്ട് അതിനു പൂർണ്ണതയും പ്രായോഗികതയും നൽകുകയാണ് പുതിയനിയമവ്യവഹാരങ്ങൾ. ആ ലക്ഷ്യസാക്ഷാത്കാരത്തിനുള്ള ഉപാദാനങ്ങളിൽ പ്രബ ലമായ സ്ഥാനം സൂചിതകഥകൾക്കുണ്ട്. അറിയുന്നതിൽനിന്ന് അറിയാത്തതിലേക്കുള്ള (From known to Unknown) ബോധനരീതിയുടെ പ്രത്യക്ഷോദാഹരണങ്ങളായി ഓരോ സൂചിതകഥകളും മാറുകയും അങ്ങനെ അതു സംവേദനത്തെ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു.

സൂചിതകഥകൾ വിട്ടുകളഞ്ഞാലും സാധാരണ വായനയ്ക്ക് കുഴപ്പമൊന്നും വരില്ല. അനേകർ അതിന് ഊന്നൽ കൊടുക്കാതെ, ശ്രദ്ധിക്കാതെ വായിച്ചുപോകുന്നു. എന്നാൽ ബൈബിളിന്റെ ആകമാനസംവേദനത്തിൽ അതിനു പ്രസക്തിയുണ്ട്. ബൈബിളിന് ഭൂത - വർത്തമാന - ഭാവികൾ ഉൾപ്പെടുന്ന ഒരു കാലസങ്കല്പമാണുള്ള ത്. പഴയനിയമം ഭുതവും സുവിശേഷങ്ങൾ വർത്തമാനവും അപ്പൊസ്തലന്മാരുടെ പ്രവൃ ത്തികൾ, ലേഖനങ്ങൾ, വെളിപ്പാട് എന്നിവ ഭാവിയുമാണ്. ഭൂതകാലവ്യവഹാരങ്ങളുടെ തുടർച്ചയാണ് പുതിയനിയമം എന്നു സ്ഥാപിക്കാൻ യേശുവിന്റെ വംശാവലി നിബന്ധിച്ച തിലൂടെ സുവിശേഷകർക്കു കഴിഞ്ഞു. അതേ ധർമ്മം തന്നെയാണ് സൂചിതകഥകൾ ചെയ്യുന്നത്. അതിനാൽ ബൈബിളിന് രചനാസ്തംഭനം (Stagnation) വരുന്നില്ല. ഒഴുക്കു നിലച്ചുപോയ നദിയല്ല പഴയനിയമം എന്നു സ്ഥാപിക്കാൻ സൂചിതകഥ ഉൾപ്പെടെയുള്ള പഴയനിയമസ്രോതസ്സുകൾ വഴിവെക്കുന്നു. പഴയനിയമകഥയുടെ പുനരാഖ്യാനമല്ല മറിച്ച് വ്യാഖ്യാനങ്ങളാണ് ഇവ. മോശെയുടെ വചനങ്ങളുടെ പൊരുൾതിരിക്കലാണ് യേശു വച നങ്ങൾ. യഹൂദദൈവദർശനത്തിന്റെ അനുഷ്ഠാനവത്കരണത്തെ ലളിതവത്കരിക്കുക യാണ് യേശു സൂചിതകഥകളിലൂടെ ചെയ്തത്. പെട്ടെന്നുള്ള വായനയിൽ ആരും ശ്രദ്ധി ക്കാതെ വിടുന്ന ഭാഗങ്ങളാണിവ. എന്നാൽ സൂക്ഷ്മനിരീക്ഷണത്തിലും പഠനത്തിലും മറ്റും അവയുടെ സംവേദനം കൂടി സംഭവിച്ചാലേ ബൈബിളിന്റെ ദർശനം പൂർണ്ണമായി മനസ്സിലാകൂ. പ്രവാഹാത്മക(Ubiquitous)മാണ് ബൈബിളെന്ന് ഇതു വ്യക്തമാക്കുന്നു. ഗംഗാനദി ഉദ്ഭവത്തിലും മധ്യത്തിലും അന്ത്യത്തിലും ഒന്നുതന്നെയാണ്. അതുപോലെ യാണ് ബൈബിൾദർശനം. അനന്തപ്രവാഹമാണ് ബൈബിൾ. ഇത് ആഖ്യാനത്തിന് ഭൂത കാലസ്പർശം നൽകുകയല്ല, അതിനെ ഭൂതകാലനിഷ്ഠമാക്കുക തന്നെ ചെയ്യുന്നു. സൂ ചിതകഥകളുടെ ഉൾക്കൊള്ളിക്കൽ ഭൂതകാലസ്പർശവും അതിലൂടെ പൂർവ്വവേദസ്മര ണയും പൂർവ്വവേദത്തിന്റെ പ്രസക്തിയും ബോധ്യപ്പെടുത്തുന്നു. രണ്ടിന്റെയും സമന്വയ മാണ് ബൈബിൾ എന്നു സ്ഥാപിക്കുവാൻ പൂർവവേദകഥാസൂചന ഇടയാക്കുന്നു. പുതിയ നിയമ ദൈവചിന്തയ്ക്ക് സ്ഥിരീകരണം ഉണ്ടാക്കുവാൻ പഴയനിയമകഥാപരാമർശ ങ്ങൾകൊണ്ടു കഴിയുന്നു. പൂർവ്വകഥാകഥനത്തിലൂടെ ആഖ്യാനത്തെ ഭൂതകാലത്തിലേക്കു

കൊണ്ടുപോകുകയും വർത്തമാനകാലത്തിലേക്കു മടക്കിക്കൊണ്ടു വരികയും ചെയ്യുന്ന ആഖ്യാനവിദ്യയാണിത്.

### 6.12. പഴയനിയമ ആഖ്യാനവും പുതിയനിയമ ആഖ്യാനവും - ഒരു താരതമ്യം

പഴയനിയമത്തിൽനിന്ന് ഭിന്നമായ ആഖ്യാനരീതിയാണ് പുതിയനിയമത്തിലേത്. ഒരു ജനതയുടെ ചരിത്രാഖ്യാനമാണ് പഴയനിയമം നിർവ്വഹിക്കുന്നത്. പുതിയനിയമം ഒരു വ്യക്തിയുടെയും സഭയുടെയും ചരിത്രമാണ് ആഖ്യാനം ചെയ്യുന്നത്. അബ്രാഹാമ്യകഥകളാണ് പഴയനിയമത്തിലെ പ്രധാനകഥാരേഖ. അബ്രാഹാമിൽത്തുടങ്ങി അനന്തമായി നീളുന്ന ഒരു വലിയ വംശത്തിന്റെ കഥ വിസ്തരിച്ച് ചിലയിടത്തെല്ലാം ആവർത്തനങ്ങളോടെ അവതരിപ്പിക്കുന്നു. പഴയനിയമത്തിലെ പഞ്ചഗ്രന്ഥങ്ങളിലും ചരിത്രപുസ്തകങ്ങളിലും വംശചരിത്രം എന്നു വിശേഷിപ്പിക്കാവുന്ന ഒരു രചനാശില്പമാണ് അങ്ങനെ രൂപമെടുത്തിരിക്കുന്നത്. ഉദ്വേഗങ്ങളും ഉത്കണ്ഠകളും വിസ്മയങ്ങളും സംഘർഷങ്ങളും നിറഞ്ഞ നിരവധി സന്ദർഭങ്ങൾ പ്രതിപാദിച്ചുകൊണ്ട് ഒരു വംശകഥ വളരുന്നു. ഒറ്റയടിക്ക്, തുടർച്ചയായി, വിസ്തരിച്ച് വിവരിച്ചുപോകുന്ന രീതിയാണ് അവിടെക്കാണുന്നത്.

സ്തോത്രങ്ങളും ഗീതങ്ങളും സുഭാഷിതങ്ങളും അത്ഭുതകഥകളും ദൈവത്തെപ്പറ്റിയുള്ള തത്ത്വചിന്തയും ഒക്കെ സമാഹരിക്കപ്പെട്ടിരിക്കുന്ന പുസ്തകങ്ങളാണ് പഴയനിയമത്തിൽ വംശവിവരണത്തിനു പുറമെയുള്ളത്. അവ ഓരോ സാഹിത്യവ്യവഹാരരൂപത്തിന്റെ സമാഹരണമാണ് എന്നു പറയാം. ഇത് പഴയനിയമത്തെ സാഹിതീയമായ വീക്ഷണത്തോടെ ആസ്വദിക്കാവുന്ന വായനാവിഭവമാക്കുന്നു. വിവിധ സംവാദരൂപങ്ങളുടെ പ്രദർശനശാലയാണ് പഴയനിയമം. അതിൽ ഒരോ ജനുസ്സിനും വേറിട്ട പുസ്തകങ്ങൾ സങ്കല്പിക്കപ്പെട്ടിരിക്കുന്നു. ചരിത്രത്തിന് ഏതാനും പുസ്തകങ്ങൾ, ഗീതങ്ങളുടെ ഒരു സമാഹാരം, അത്ഭുതങ്ങളുടെ ഒരു കൂട്ടം, വിലാപങ്ങൾക്ക് ഒരു പുസ്തകം. ഇങ്ങനെ മുഖ്യകഥയോട് ഇണക്കുമ്പോഴും സംവാദരൂപങ്ങളുടെ മാതൃകകളെ ഒന്നിച്ചവതരിപ്പിക്കാനുള്ള പ്രവണതയാണ് പഴയനിയമം പ്രദർശിപ്പിക്കുന്നത്. എന്നാൽ ഇതിന് അപവാദമില്ലെന്നില്ല.

പുറപ്പാട് 15-ാം അധ്യായത്തിൽ മോശെയുടെ കീർത്തനം കാണാം. അതുപോലെ, ധാരാളം ഉപകഥകൾ പഴയനിയമത്തിന്റെ താളുകളിൽ വരുന്നുണ്ട്. വംശാവലിയും പഴയനിയമത്തിന്റെ ഏടുകളിൽ കാണാം. ഉൽപത്തി അഞ്ചാം അധ്യായത്തിലാണ് ബൈബിളിൽ ആദ്യമായി വംശാവലി പ്രത്യക്ഷപ്പെടുന്നത്. ശേം മുതൽ അബ്രാഹാം വരെയുള്ളവരുടെ വംശാവലിയും വരുന്നുണ്ട്. പുറപ്പാടു പുസ്തകത്തിൽ വംശാവലി വരുന്നുണ്ട് (6:14-30). കുടുംബകഥകൾക്കിടയ്ക്ക് ഉപകഥകൾ അപൂർവ്വമായി പഴയനിയമത്തിൽ വരുന്നുണ്ട്. അവ പ്രധാനേതിവൃത്തത്തിന്റെ ഭാഗമായി വരുന്നതാണ്. അവയിൽനിന്ന് സ്വതന്ത്രമായി നിൽക്കുന്ന കഥയല്ല. ബാബേൽ ഗോപുരനിർമ്മാണം, സൊദോം ഗൊമോറയുടെ നാശം, അബ്രാഹാമിന്റെ യാഗം, ദീനായുടെ മാനഭംഗകഥ ഇവയൊക്കെ ലഘു ആഖ്യാനങ്ങളായി പരിഗണിച്ച് പ്രധാനകഥയിൽനിന്ന് വേർപെടുത്തി കാണിക്കാമെങ്കിലും അവ മുഖ്യ

കഥയുടെ ഭാഗമായി നിൽക്കാതെ അസ്തിത്വമില്ലാത്തവയാണ്. കഥകളുടെ ഒരു പുസ്തക മായി അവയെ വിഭാവനം ചെയ്യാത്തത് അതുകൊണ്ടാണെന്നു കരുതേണ്ടിയിരിക്കുന്നു. മോശെയുടെ ജനനകഥ ഒറ്റയ്ക്ക് അവതരിപ്പിക്കപ്പെടാറുണ്ടെങ്കിലും അബ്രാഹാമ്യകഥക ളുടെ തുടർച്ചയായി വരുന്നതാണ് അത്. മുഖ്യകഥയുടെ ഭാഗമായി മാത്രമേ ആ കഥയ്ക്കും വ്യക്തിത്വമുണ്ടാകുന്നുള്ളുവെന്നു സാരം. മാറായിലെ വെള്ളം (പുറ:15:22-27), പാറയെ അടിച്ചു വെള്ളം വരുത്തുന്നത് (പുറ.17:1-7) ഇവയെല്ലാം മുഖ്യകഥയുടെ ഭാഗ മായി സ്വാഭാവികമായി വരുന്നതാണ്. വേർപെടുത്തിപ്പറയാമെങ്കിലും സ്വതന്ത്രാഖ്യാനങ്ങ ളല്ല അവ.

ഒരു വംശചരിത്രത്തെ മുഖ്യകഥാതന്തുവാക്കി വിപുലവും തുടർച്ചയുമെന്ന മട്ടി ലുള്ള കഥനം പുതിയനിയമത്തിന്റെ രചനാശില്പത്തിന് അന്യമാണ്. അതിന് യേശു വിന്റെ ജീവിതം മുഖ്യപ്രതിപാദനവസ്തുവായി ഉണ്ടെങ്കിലും അതിന്റെ വിവരണാത്മക മായ ആഖ്യാനമല്ല നിർവ്വഹിക്കപ്പെടുന്നത്. പഴയനിയമത്തിലെ പരാമർശങ്ങൾ ഇട യ്ക്കിടെ ഉദ്ധരിച്ചും പഴയനിയമത്തിലെ സൂചിതകഥകൾ ഉപയോഗപ്പെടുത്തിയും പഴയനി യമത്തോടു പാഠാന്തരബന്ധം നിലനിർത്തുന്ന ഒരു വിശേഷമായ ആഖ്യാനവ്യവസ്ഥ യാണ് പുതിയനിയമത്തിലേത്. പുതിയദൈവദർശനം, പുതിയകഥകൾ, പുതിയസംഭവ ങ്ങൾ, പുതിയ ഉപമ എന്നിവക്കിടയിൽ പൂർവ്വവേദസ്മരണ ഉണർത്തുവാൻ തക്കവിധത്തി ലുള്ള രചനാവൈചിത്ര്യങ്ങൾ  സൃഷ്ടിക്കപ്പെടുന്നു.

അത്ഭുതകഥകൾ പഴയനിയമത്തിൽ വരുന്നുണ്ട്. പുറപ്പാട് 7 മുതൽ 10 വരെ അധ്യായങ്ങളിൽ തുടർച്ചയായി അത്ഭുതകഥകൾ കാണാം. അത്തരമൊരു തുടർരീതി പുതിയനിയമത്തിലെ അത്ഭുതകഥകളുടെ ആഖ്യാനത്തിൽ സ്വീകരിക്കപ്പെട്ടിട്ടില്ല. പുറപ്പാട് 20 മുതൽ 23 വരെയുള്ള അധ്യായങ്ങളിൽ കാണുന്നതിൽനിന്നു വ്യത്യസ്തമായി നിയമ ങ്ങളും ഉപദേശങ്ങളും സുദീർഘമായിട്ടല്ലാതെയാണ് സുവിശേഷത്തിൽ കൊടുക്കുന്നത്. അത്ഭുതകഥകൾക്കിടയ്ക്കും ഉപമകൾക്കിടയ്ക്കും മറ്റു ചെറിയ സംഭവങ്ങളുടെ ഭാഗ മായും വന്നും പോയുമിരിക്കുന്ന തരത്തിലാണ് ഉപദേശങ്ങൾ, കല്പനകൾ എന്നിവ പുതി യനിയമത്തിലെ ആഖ്യാനങ്ങളിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. പുറപ്പാടിലെ പത്തു ക ല്പനകളുടെ ആഖ്യാനത്തെ കടത്തിവെട്ടുന്ന അനന്യസാധാരണമായ ആഖ്യാനരീതിയും ഭാഷാശൈലിയുമാണ് ഗിരിപ്രഭാഷണത്തിന്റെ അവതരണത്തിൽ നിറഞ്ഞുനിൽക്കുന്നത്.

പഴയനിയമത്തിലെ പുറപ്പാടിൽ സമാഗമനകൂടാരത്തിന്റെ നിർമ്മാണത്തെപ്പറ്റി അതിദീർഘമായ വിവരണമുണ്ട്. ലേവ്യാപുസ്തകത്തിൽ പലവിധയാഗങ്ങളുടെ ദീർഘ മായ ആഖ്യാനം കാണാം. ശുദ്ധാശുദ്ധതകളെപ്പറ്റി വിവിധ നിയമങ്ങൾ, ശിക്ഷകൾ,  പല തരം പെരുന്നാളുകൾ, നേർച്ചകൾ എന്നിങ്ങനെ കഥാത്മകമല്ലാത്ത വിവരങ്ങളുടെ അതിവിശദമായ അവതരണമാണ് ലേവ്യാപുസ്തകത്തിലുള്ളത്. അനാഖ്യാനസ്വഭാവം നിറഞ്ഞ, കഥനാത്മകത അന്യപ്പെട്ടുനിൽക്കുന്ന ആവിഷ്കരണശൈലിയാണ് ലേവ്യായി ലേത്. ഇത്തരത്തിലുള്ള സവിസ്തരമായ ആഖ്യാനരീതി സുവിശേഷാഖ്യാനങ്ങളിൽ

കാണാനാവില്ല. ഉപദേശങ്ങൾ ദീർഘമാക്കാതെ അതിനെ സംക്ഷിപ്തമായി ഒരാഖ്യാനശില്പമായി അവതരിപ്പിക്കുവാനാണ് സുവിശേഷകർ ശ്രമിച്ചിരിക്കുന്നത്. മരണപുനരുത്ഥാനങ്ങളുടെ പ്രാധാന്യം തത്ത്വചിന്തയായിപ്പറയാതെ ലാസറിന്റെ ഉയിർപ്പ് എന്ന ആഖ്യാനശില്പമാക്കി യോഹന്നാൻ അവതരിപ്പിക്കുന്നു. പാപമില്ലാത്തവരായി ആരുമില്ലെന്ന പരമാർത്ഥം ആശയരൂപത്തിൽ അവതരിപ്പിക്കാതെ വ്യഭിചാരംചെയ്ത സ്ത്രീയെ കല്ലെറിയാൻ കൊണ്ടുവന്ന സംഭവത്തിന്റെ ആഖ്യാനത്തിൽ ഉൾച്ചേർത്തിരിക്കുന്നു. മാനസാന്തരത്തിനു ചേർന്ന ജീവിതമാറ്റം വേണമെന്നു പ്രബോധനം നടത്താതെ സക്കായിയുടെ കഥാശില്പത്തിൽ അതു ഇണക്കിച്ചേർക്കുന്നു. ആദ്ധ്യാത്മികവബോധം കഥനത്തിലൂടെ നൽകുന്ന രീതിയാണ് പുതിയനിയമകർത്താക്കൾ ഉപയോഗപ്പെടുത്തുന്നത്.

പ്രവചനങ്ങൾക്കുവേണ്ടി മാത്രമുള്ള സുദീർഘരചനകൾ പഴയനിയമത്തിലുണ്ട്. പുതിയനിയമത്തിലും പ്രവചനമുണ്ട്. പക്ഷേ, അവ വളരെ ഹ്രസ്വപ്രസ്താവനകളാണ്. കഥാസ്വഭാവമുള്ള സംഭവങ്ങൾക്കിടയിൽ സാന്ദർഭികമായി ഭാവികഥനം നടത്തുന്ന പതിവാണ് പുതിയനിയത്തിലെ ആഖ്യാനങ്ങൾ സ്വീകരിച്ചിരിക്കുന്നത്. പ്രവചനത്തെ വേറിട്ടൊരു ആവിഷ്കാരമാക്കാതെ കഥയുടെ ഭാഗമാക്കുന്നു എന്നു സാരം.

പാലും തേനുമൊഴുകുന്ന കനാൻ ദേശത്തേക്കുള്ള യിസ്രായേല്യരുടെ പ്രയാണം അഞ്ചു കൃതികളിലായാണ് പഴയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. യേശുവിന്റെ രക്ഷാകരപദ്ധതി ഒരു കൃതിയിൽത്തന്നെ സ്വയംപൂർണ്ണമായി അവതരിപ്പിക്കുന്നതിനിടയിൽ ഒട്ടേറെ പല തരത്തിൽപ്പെട്ട ലഘു ആഖ്യാനങ്ങളും സുഭാഷിതങ്ങളും മറ്റ് ഹ്രസ്വപ്രസ്താവനകളും അലങ്കാരകല്പനകളും വരുന്നു. അങ്ങനെ വിവിധങ്ങളായ സാഹിത്യജനുസ്സുകളുടെ സയോജനത്തിലൂടെയാണ് പുതിയനിയമത്തിൽ സന്ദേശം വിനിമയം ചെയ്യപ്പെടുന്നത്. പഴയനിയമത്തിൽ വിവിധതരം വിസ്തൃമായ ആഖ്യാനങ്ങളിലൂടെ ആവിഷ്കരിക്കപ്പെട്ട, ഭിന്നങ്ങളായി നിൽക്കുന്ന ഴാനറുകളെല്ലാം സുവിശേഷാഖ്യാനത്തിൽ ഇടകലർന്ന് ആശയസംവേദനം നടത്തുന്നു. പെട്ടെന്നുപെട്ടെന്ന് ഉണ്ടാകുന്ന വ്യതിയാന(Shift)ത്തിലൂടെയാണ് സുവിശേഷകാരന്മാർ ഇതു നിർവഹിക്കുന്നത്. ഒരു അവതരണരൂപവും തുടർച്ചയായി അവതരിപ്പിക്കാതെ സുവിശേഷകർ അടുത്ത ഴാനറിലേക്ക് കടക്കുന്നു.

അസംഖ്യം സ്തോത്രഗീതങ്ങളുൾപ്പെടുന്ന ഒരു വലിയ കൃതിതന്നെ പഴയനിയമത്തിൽ വരുമ്പോൾ ഇവിടെ മുഖ്യകഥാരേഖയ്ക്കുള്ളിലാണ് അവ വരുന്നത്. കീർത്തനങ്ങൾ പുതിയനിയമത്തിലും ഉണ്ടെങ്കിലും 119-ാം സങ്കീർത്തനംപോലെ ദീർഘമായി അവ മാറുന്നില്ല. സുഭാഷിതങ്ങൾ അനവധി യേശുവിന്റെ ഭാഷണത്തിൽ കാണാം. അവ പ്രധാനാഖ്യാനത്തിനിടയ്ക്ക് പെട്ടെന്നുവന്ന് പെട്ടെന്നു തന്നെ തീരുകയും അടുത്ത സാഹിത്യാവിഷ്കൃതിയിലേക്ക് കടക്കുകയും ചെയ്യുന്നു. ഒരു വ്യവഹാരരൂപത്തിന്റെയും വേറിട്ടു നിൽപ്പ് സുവിശേഷകർ കൈക്കൊള്ളുന്നില്ല.

നിയമസംഹിതകളാണ് ഉള്ളടക്കമെങ്കിലും അത്യാകർഷകമായ അവതരണരീതിയാണ് ഗിരിപ്രഭാഷണത്തിന്റേത്. സമവീക്ഷണസുവിശേഷകരിൽ ലൂക്കൊസ് അതിന്റെ സമാന്തരാഖ്യാനമായ സമതലപ്രഭാഷണം വളരെ ചുരുക്കി പ്രതിപാദിക്കുകയും അതിലെ മറ്റ് നിയമങ്ങളും ഉപദേശങ്ങളും വേറെ ലഘുവ്യവഹാരങ്ങളുടെ ആമുഖത്തിലോ ഉപസംഹാരത്തിലോ കണ്ണിചേർക്കുന്ന നവീനമായ അവതരണരീതി സ്വീകരിക്കുകയും ചെയ്യുന്നു. സുവിശേഷാഖ്യാനങ്ങളിൽ വളരെ ശ്രദ്ധിക്കപ്പെടേ രചനാതന്ത്രമാണിത്. പുതിയനിയമത്തിലെ ഒരു സൂക്തം കേൾക്കുമ്പോൾ ഏതു സുവിശേഷത്തിലേതെന്നു സംശയം വരുന്നതും ഇതുകൊണ്ടാണ്. ഒരേ വേദവാക്യം വ്യത്യസ്ത സുവിശേഷങ്ങളിൽ വേവ്വേറെ സന്ദർഭങ്ങളിൽ പ്രത്യക്ഷപ്പെടുകയും പലപ്പോഴും പാഠഭേദം പ്രകടിപ്പിക്കുകയും ചെയ്യുന്നത് അനുവാചകരെ കുഴപ്പിക്കാറുണ്ട്.

പുതിയനിയമം എന്ന പേര് അന്വർത്ഥമാക്കുന്ന ആവിഷ്കാരസമ്പ്രദായമാണ് അതു പിന്തുടരുന്നത്. നിയമം മാറിയപ്പോൾ അതിനനുസൃതമായ ആവിഷ്കാരഭേദം വരുത്താനും സുവിശേഷകർ ശ്രദ്ധിച്ചു. ഈ വസ്തുത പരിഗണിച്ച് ആഖ്യാനനിയമത്തെത്തന്നെ പുതുക്കുന്നുണ്ട് പുതിയനിയമം എന്ന് നിരീക്ഷിക്കാവുന്നതാണ്. ആഖ്യാനപരമായ പഴയ അതിർത്തികൾ പൊളിച്ചുകളയുന്നു പുതിയനിയമം.

പഴയനിയമത്തിന് കാവ്യാത്മകതയേറും എന്നൊരു ധാരണ പൊതുവെയുണ്ട്. ഉത്തമഗീതത്തെയും മറ്റും മുൻനിർത്തി ബൈബിളിന്റെ കലാഭംഗിയെക്കുറിച്ച് സംസാരിക്കുക എളുപ്പമാണ്. വിശദമായ ചരിത്രകഥനം, ഴാനറുകളെ ശ്രദ്ധിപ്പിക്കുന്ന സംവിധാനം, അയഞ്ഞ ഗദ്യ(Blank Verse)ത്തിന്റെ സ്വഭാവം പ്രദർശിപ്പിക്കുന്ന ഗീതങ്ങൾ, പ്രണയവികാരത്തെ പ്രതിപാദിക്കുന്ന ഖണ്ഡങ്ങൾ തുടങ്ങിയവയാണ് ഈ കലാഭംഗിയായി വായിക്കപ്പെടുന്നത്. പുതിയനിയമം ഈ മട്ടിലുള്ള സാമ്പ്രദായികലാസൗഭഗങ്ങളാലല്ല ശ്രദ്ധേയമാകുന്നത്. അതിന്റെ ഭാഷയും പ്രതിപാദനവും പ്രതിപാദ്യവും പഴയതിനോടുള്ള ദൈവശാസ്ത്രപരമായ പ്രതിചിന്തകൊണ്ട് മുഖരിതമാണ്. പഴയനിയമങ്ങളും ദൈവസങ്കല്പവും ആചാരാനുഷ്ഠാനങ്ങളും പുരോഹിതവ്യാഖ്യാനങ്ങളും കാലഹരണപ്പെട്ടതാണെന്നും കൂടുതൽ മാനവികമായ ഒരു ദൈവദർശനം ആവശ്യമായിരിക്കുന്നു എന്നും സ്വജീവിതത്തിലൂടെ പഠിപ്പിക്കാൻ തുനിഞ്ഞിറങ്ങിയ ഒരാളുടെ ചിത്രമാണ് യേശുവിന്റെ ജീവിതകഥയിൽത്തന്നെ കാണാൻ കഴിയുന്നത്. പഴയനിയമത്തെ ഓർമ്മിപ്പിച്ചുകൊണ്ട് പുതിയകാഴ്ചപ്പാടും പുതിയനീതിയും പുതിയ സദാചാരവും അവതരിപ്പിക്കുന്ന നിരവധി വചനങ്ങൾതന്നെ ഇഴതിരിച്ചെടുക്കുവാൻ കഴിയും. ‘നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക’ എന്ന ഉപദേശംപോലും വളരെ ധ്വനനശക്തിയുള്ളതാണെന്നു സൂക്ഷ്മനിരീക്ഷണത്തിൽ മനസ്സിലാകും (മർക്കൊ.12:31). ഇങ്ങനെ, കലാപരതയെത്തന്നെ പുതുക്കി നിർവ്വചിക്കുന്ന ഭാഷയും പ്രതിപാദനരീതിയുമൊക്കെയാണ് പുതിയനിയമത്തെ സൗന്ദര്യാത്മകമാക്കുന്നത്.

വിവിധങ്ങളായ കഥനരീതികൾ മെടഞ്ഞുചേർത്തതുപോലുള്ള മേളനമാണ് പുതിയനിയമത്തിൽ കാണുന്നത്. ഒരേ ജീവിതകഥയുടെ പലർ നിർവ്വഹിച്ച ആഖ്യാനങ്ങൾ പരസ്പരം ബന്ധപ്പെട്ട് ഉളവാക്കുന്ന വൈവിധ്യങ്ങൾ, ഓരോന്നിലും ആഖ്യാതാവിന്റെയും സ്വീകർത്താക്കളുടെയും അടിസ്ഥാനത്തിൽ വരുന്ന ഊന്നൽഭേദങ്ങൾ, വിവിധസാഹിത്യജനുസ്സുകളുടെ സമ്മേളനംകൊണ്ടുണ്ടാകുന്ന വൈചിത്ര്യങ്ങൾ, പുരാവൃത്തസ്പർശം കൊണ്ടുണ്ടാകുന്ന ഉദാത്തത, അലങ്കൃതഭാഷയുടെ ധ്വനനശക്തിയും സന്ദിഗ്ദ്ധത(Ambiguity)യും ഒക്കെച്ചേർന്ന് പുതിയനിയമം അനന്യമായ ഒരു ആഖ്യാനശില്പമായി നിലകൊള്ളുന്നു. അതിന് നിരവധിയായുണ്ടാകുന്ന പഠനങ്ങളും വ്യാഖ്യാനങ്ങളും പുനരാവിഷ്കാരങ്ങളും എല്ലാംചേർന്ന് ലോകജനതയുടെ തന്നെ മാനസികജീവിതത്തിന്റെ പ്രധാനപ്പെട്ട ഒരിഴയായി സ്ഥാനം ലഭിക്കുകയും ചെയ്തിരിക്കുന്നു. ആ നിലയിലാണ് ബൈബിളിന് ഒരു ഐതിഹാസികമായ മഹാഖ്യാനം എന്ന സ്ഥാനം ലഭിക്കുന്നത്. ഈ അടുത്തറിയലാണ്, കണ്ടെത്തലാണ് ഈ ഗവേഷണപഠനത്തിന്റെ സ്ഥായിയായ നേട്ടം.

**6.13. സത്യവേദപുസ്തകത്തിന്റെ ഭാഷ**

ബൈബിൾശൈലിയുടെ സവിശേഷതകൾ വിശകലനം ചെയ്തതിൽനിന്ന് ശുഷ്കമായ ഒരു മതസാഹിത്യകൃതിയുടെ വിവർത്തനരൂപമല്ല സത്യവേദപുസ്തകം എന്നു മനസ്സിലാക്കാം. മലയാളത്തിലെ ബൈബിൾഭാഷ തനിമയാർന്നതാണെന്നും വിരസമായ വിവർത്തനമല്ലെന്നും ഈ നിരീക്ഷണങ്ങൾ വ്യക്തമാക്കുന്നു. പി.ഒ.സി ബൈബിളിലേത് നിലവാരം വന്ന സാഹിത്യഭാഷയാണ്. അതേ പാത പിന്തുടരുമ്പോഴും മുൻപു സൂചിപ്പിച്ചതുപോലെ മതാതീതമായ ഒരു മുഖം മലയാളം - ഓശാന - ബൈബിൾ നിലനിർത്തിയിട്ടുണ്ട്. അപ്പോൾത്തന്നെ സംവേദനവിഘാതമുണ്ടാക്കുന്ന ചില പ്രയോഗങ്ങളും എല്ലാ ബൈബിൾ പരിഭാഷകളും അവശേഷിപ്പിച്ചിട്ടുമുണ്ട്.

ബൈബിൾഭാഷയെപ്പറ്റി കെ.പി.അപ്പന്റെ ഒരു വിലയിരുത്തൽ ഇപ്രകാരമാണ്.

''ഭാഷാശൈലിയുടെ ഉദാത്തത ബൈബിളിലെ സാഹിത്യസംസ്കാരത്തിന്റെ ഏറ്റവും വലിയ അടയാളമാണ്. വേദപുസ്തകത്തിലെ ഗദ്യത്തിന്റെ റിഥം യഹൂദകവിതയെ ഓർമ്മിപ്പിക്കുന്നു. ബൈബിളിന്റെ ഭാഷ അദ്ഭുതകരമാംവിധം മൂർത്തമാണ്, ദൃഢമാണ്, സാന്ദ്രമാണ്. അത് തീവ്രമാംവിധം ഭാവാത്മകമാണ്. ആശയങ്ങളെ ചിത്രങ്ങളാക്കിമാറ്റുന്ന പ്രതിപാദനചാരുത അതു പ്രകടിപ്പിക്കുന്നു. ഭാവനാരൂപത്തിലുള്ള ആ ഗദ്യം കാവ്യബിംബങ്ങളുടെ വൻനിരതന്നെ സൃഷ്ടിക്കുന്നു. വാങ്മയചിത്രരൂപത്തിലുള്ള വിവരണകല വാസ്തവികതയെ നമുക്കു നേരിട്ടു കാണിച്ചുതരുന്നു. സമുദ്രത്തെയും ആകാശത്തെയും പക്ഷികളെയും മൃഗങ്ങളെയും പലതരം വൃക്ഷങ്ങളെയും പൂക്കളെയും ഉപമാനങ്ങളായി സ്വീകരിച്ച് പെരുകി വളരുന്ന ഉപമകളുടെയും രൂപകങ്ങളുടെയും സംസ്കാരം ബൈബിളിന്റെ ഗദ്യത്തെ സർഗാത്മകമാക്കിത്തീർക്കുന്നു.

എന്നാൽ ഈ ഗദ്യം ഒരേ സ്വഭാവം പ്രകടിപ്പിക്കുന്നില്ല. വ്യത്യസ്തങ്ങളായ ശൈലികളാണ് ബൈബിളിലുള്ളത്. ഗദ്യം കാവ്യാത്മകതകൊണ്ട് ഇളകുന്നു. എന്നാൽ ബൈബിളിലെ സമൃദ്ധമായ ആദ്ധ്യാത്മികതകൊണ്ട് ഈ ഗദ്യം സ്വയം സംയമനം പാലിക്കുന്നു.............'' (അപ്പൻ 2006:16).

മലയാളത്തിലെ പ്രമുഖ ബൈബിളുകൾക്കെല്ലാം ഭാഷയുടെ കാര്യത്തിൽ ഒറ്റനോട്ടത്തിൽ മനസ്സിലാക്കാവുന്ന പ്രത്യേകതകളുണ്ട്. അങ്ങനെ വിലയിരുത്തുമ്പോൾ ആദ്യകാലബൈബിൾ പരിഭാഷയായ സത്യവേദപുസ്തകത്തിലെ ഭാഷ പഴക്കം നിഴലിക്കുന്ന പദങ്ങളും പ്രയോഗസവിശേഷതകളും നിറഞ്ഞതാണ്. ഒരു കൂട്ടം വായനക്കാർക്ക് അത്തരം ഭാഷയോട് അങ്ങേയറ്റം വെറുപ്പും മുഷിപ്പും തോന്നുമ്പോൾ മറ്റൊരു കൂട്ടർക്ക് അതുതന്നെയാണു പത്ഥ്യം. ഒരിക്കലും പകരം വെക്കാനില്ലാത്ത ഒന്നായി അത്തരക്കാർ സത്യവേദപുസ്തകത്തെ കരുതി കൊണ്ടുനടക്കുന്നു. ചില പദങ്ങളുടെയും പ്രയോഗങ്ങളുടെയും കാര്യത്തിൽ മറ്റു മലയാളം ബൈബിളുകളും സത്യവേദപുസ്തകഭാഷതന്നെ പിന്തുടരുന്നുമുണ്ട്. പകരം പദം കണ്ടെത്തുന്നതിലുള്ള മലയാളികളുടെ പൊതുവായ ഔദാസീന്യവും വേരുറച്ചുപോയ പല പ്രയോഗങ്ങളും മാറ്റേണ്ടതില്ലെന്ന ചിന്തയും ഇതിനു പിന്നിലുണ്ട്.

''ബയിലിയും ഗുണ്ടർട്ടും ചേർന്നു നിർമ്മിച്ച അസ്തിവാരത്തിൽത്തന്നെ പരിഷ്കരിച്ചുറപ്പിച്ചതാണ് സത്യവേദപുസ്തകം എന്ന ബൈബിൾ തർജ്ജമ. പഴക്കംകൊണ്ടും പ്രചാരംകൊണ്ടും മലയാളത്തിൽ ഒന്നാം സ്ഥാനം നേടിയിരിക്കുന്ന ബൈബിൾതർജ്ജമ ഇതാണ്. ചുരുക്കം ചില വാക്കുകളിലും വാക്യഘടനകളിലും അനുഭവപ്പെടുന്ന പഴക്കച്ചുവ അവഗണിച്ചാൽ നല്ല മലയാളഗദ്യമാണ് ഈ തർജ്ജമയിലുള്ളത്. ഈ തർജ്ജമയിൽനിന്നും പഴക്കച്ചുവ തീർത്തും നീക്കിക്കളയാൻ പണ്ഡിതന്മാർക്ക് ആഗ്രഹം തോന്നാമെങ്കിലും സാധാരണക്കാരായ മതവിശ്വാസികൾ അത് ഇഷ്ടപ്പെടുന്നില്ല. സവിശേഷമായ വൈകാരികബന്ധം അവർ അതുമായി സ്ഥാപിച്ചിരിക്കുന്നു എന്നതുതന്നെ കാരണം. മതവും ഭാഷയും തമ്മിൽ ഇത്തരമൊരു ബന്ധം മലയാളത്തിൽ മാത്രമല്ല ഉള്ളത്. കിങ്ജയിംസ് വേർഷന്റെ പഴക്കച്ചുവ തങ്ങളുടെ ഭക്തിലഹരിയുടെ ഭാഗമായി അനുഭവിക്കുന്ന ആയിരക്കണക്കിനാളുകൾ ലോകത്തിന്റെ നാനാഭാഗങ്ങളിലുമുണ്ട്. ഇംഗ്ലീഷിൽ അതിനു ശേഷം എത്രയോ മനോഹരങ്ങളായ ബൈബിൾതർജ്ജമകൾ ഉണ്ടായിട്ടുണ്ട്. എന്നാലും ഇന്നും കിങ്ജെയിംസ് വേർഷന് നല്ല പ്രചാരം ഉണ്ട്'' (സ്കറിയാ 2016:634). പണ്ഡിതോചിതമായ ഈ വിലയിരുത്തൽ സത്യവേദപുസ്തകഭാഷയുടെ അന്യാദൃശതയ്ക്കുള്ള ഒരംഗീകാരംതന്നെ.

സത്യവേദപുസ്തകഭാഷയ്ക്ക് തനതായ വ്യക്തിത്വമുണ്ട്. മലയാളത്തിൽ വേദപുസ്തകഭാഷ ആദ്യകാലസാഹിത്യകാരന്മാരെ ശൈലീവത്കൃതഭാഷയ്ക്ക് ഉടമകളാക്കുന്നതിൽ സഹായിച്ചിട്ടുണ്ട്. പാറപ്പുറത്ത്, കാക്കനാടൻ, പെരുമ്പടവം ശ്രീധരൻ, ഗ്രേസി, സി.വി.ബാലകൃഷ്ണൻ, കെ.പി.അപ്പൻ തുടങ്ങിയവർ വേദപുസ്തകഭാഷയെ പരമാവധി ഉപ

യോഗപ്പെടുത്തിയവരാണ്. അവരുടെ കൃതികളിലെ ബൈബിൾഭാഷയുടെ അന്തർധാര സത്യവേദപുസ്തകം മാത്രമാണ്. വികൃതഭാഷയായിരുന്നു സത്യവേദപുസ്തകത്തിന്റേ തെങ്കിൽ പില്ക്കാലസാഹിത്യകാരന്മാർ ഇത്രയധികം ആ ഭാഷാശൈലിയെ സ്വാംശീകരി ക്കുമായിരുന്നില്ല. അതിനർത്ഥം ആ ശൈലിക്ക് അന്യാദൃശസൗന്ദര്യം ഉണ്ടായിരുന്നു എന്നുതന്നെയാണ്. മലയാളസാഹിത്യത്തിൽ സത്യവേദപുസ്തകശൈലിയുടെ സ്വാധീനത മറ്റൊരു ദീർഘമായ അന്വേഷണത്തിനുള്ള വിഷയമാണ്. ''ബൈബിൾപ്രയോ ഗങ്ങൾമാത്രം യഥാസന്ദർഭം കലർത്തിയാൽ ഏറ്റവും മനോഹരവും മാർഗ്ഗസ്പർശിയു മായ ഒരു ശൈലി നിങ്ങൾക്ക് ഏതുഭാഷയിലും വളർത്തിയെടുക്കാൻ സാധിക്കും'' എന്ന് സുകുമാർ അഴീക്കോട് അഭിപ്രായപ്പെട്ടിട്ടുണ്ട് (1986:308). ഇത് മലയാളത്തിന്റെ കാര്യ ത്തിൽ പൂർണ്ണമായും ശരിയായിത്തീർന്നത് സത്യവേദപുസ്തകത്തിന്റെ വരവോടെയാണ്.

സത്യവേദപുസ്തകത്തിലെ ഭാഷയ്ക്ക് സവിശേഷമായ ആകർഷകത്വമുണ്ട്. ആ ഭാഷയെ അനുകരിച്ച് സംസാരിച്ചാൽത്തന്നെ അത് ബൈബിൾഭാഷയാണെന്ന് ആളു കൾക്ക് തിരിച്ചറിയാൻ സാധിക്കുന്നു. വിവിധഭാഷാപദങ്ങളും സമസ്തപദങ്ങളും ചുരുക്ക രൂപങ്ങളും കൗതുകപദങ്ങളും ഈ പരിഭാഷയുടെ ശബ്ദകോശത്തെ ആകർഷകമാക്കു ന്നു. പരിഭാഷയിലൂടെ കടന്നുവന്ന വ്യക്തിത്വമുള്ള വാക്കുകൾ, ഇന്ന് അർത്ഥബോധം ഉണ്ടാക്കാത്ത പഴക്കം തോന്നിക്കുന്ന പദങ്ങൾ, പില്ക്കാല വേദപുസ്തകപരിഭാഷകളിലോ പൊതുഭാഷയിലോ സ്വീകരിക്കപ്പെടാതെപോയ ദ്രാവിഡത്തനിമയുള്ള പദങ്ങൾ മുതലാ യവ സത്യവേദപുസ്തകത്തിലുണ്ട്. ഈ ഭാഷാവിശേഷതയുടെ ഭൗതികാടിസ്ഥാനങ്ങൾ ചേർന്ന് സത്യവേദപുസ്തകത്തിലെ ഭാഷയ്ക്ക് തനതായൊരു വ്യക്തിത്വം നൽകുന്നുണ്ട്.

സാമാന്യമാനകഭാഷയോടടുത്തുനിൽക്കുന്ന മറ്റു ബൈബിൾ വിവർത്തനങ്ങൾക്കു ലഭിക്കാത്ത ഒരു വിശേഷാനുകൂല്യം സത്യവേദപുസ്തകത്തിലെ ഭാഷയ്ക്ക് ലഭിച്ചിട്ടുണ്ട്. വിവർത്തനഫലമായി രൂപപ്പെട്ട ഒരു ഭാഷയാണിത്. സാമാന്യവ്യവഹാരത്തിലുണ്ടായിരുന്ന ഭാഷാരൂപങ്ങളും പ്രചാരലോപം വന്ന പദങ്ങളും മിഷനറി മലയാളത്തിന്റെ വക്രീകരണം തോന്നിക്കുന്ന ശൈലികൾ ജനിപ്പിക്കുന്ന അന്യതയും ഒക്കെച്ചേർന്ന് ഒരുതരം അകലം (Alienation) ഈ ഭാഷാരീതി പ്രദാനം ചെയ്യുന്നുണ്ട്. സാമാന്യഭാഷയിൽനിന്നു മാത്രമല്ല മറ്റു സാഹിത്യവ്യവഹാര-മാനകഭാഷാശൈലികളിൽനിന്നും തികച്ചും വ്യതിരിക്തമാണ് സത്യവേദപുസ്തകഭാഷ. ബൈബിൾരചനയ്ക്കായി ശൈലീകരിക്കപ്പെട്ട (Stylized) ഭാഷ യാണിത്. ഒരു സാന്ദർഭികഭാഷാഭേദ(Register)മായി ഇതിനെ കണക്കാക്കാം. ആ ഭാഷ ബൈബിളിന്റേതു മാത്രമാണെന്ന പ്രതീതിയുളവാക്കുന്നു. ഈ അന്യാദൃശത്വം (Uniquness) ഇതരബൈബിൾ പരിഭാഷകളിൽനിന്നും ഭിന്നമായ ഒരു പരിവേഷം സത്യവേ ദപുസ്തകത്തിലെ ഭാഷാശൈലിക്ക് അധികാർത്ഥമായി നേടിക്കൊടുത്തിട്ടുണ്ട്. അതാണ് സർഗാത്മകസാഹിത്യകാരന്മാരെപ്പോലും വശീകരിക്കുന്ന ഒരു സൗന്ദര്യാത്മകതയായി പ്രവർത്തിക്കുന്നത്. ഈ ഭാഷാശൈലി ഉപാദാനപരമായി (Metonymically) ബൈബിളിനെ മലയാളത്തിൽ പ്രതിനിധാനം ചെയ്യുന്നു. ഈ അപരിചിതത്വം (Defamiliarism) തന്നെ

യാണ് വേദപുസ്തകഭാഷയുടെ സൗന്ദര്യത്തിനു നിദാനം. ഇപ്പറഞ്ഞ അസാധാരണത്വ ങ്ങളാണ് സത്യവേദപുസ്തകത്തിലെ ഭാഷയുടെ സൗന്ദര്യത്തെ നിർണ്ണയിക്കുന്നത്. ഇത് ഉന്മേഷകരമായി വായനക്കാരനും ശ്രോതാക്കൾക്കും അനുഭവപ്പെടുന്നു. സത്യവേദപു സ്തകത്തിന്റെ ഈ സവിശേഷതകളാണ് ആ ഭാഷാശൈലി അനുകരിക്കാൻ മലയാളസാ ഹിത്യകാരന്മാർക്ക് പ്രചോദനമായത്.

# ഉപസംഹാരം

പുതിയനിയമത്തിലെ ആഖ്യാനങ്ങളായ നാലു സുവിശേഷങ്ങളിലെ രചനാ ശില്പം നിരീക്ഷിക്കുകയാണ് ഈ പഠനത്തിൽ ചെയ്തത്. പ്രഥമാധ്യായത്തിൽ ആഖ്യാന സിദ്ധാന്തങ്ങളും അനുബന്ധകാര്യങ്ങളും പരിചയപ്പെടുത്തി. രണ്ടാം അധ്യായത്തിൽ ബൈബിൾ എന്ന മഹാഖ്യാനത്തിന്റെ വിവിധമേഖലകൾ വിശദമാക്കി. തുടർന്ന് പുതിയ നിയമത്തിലെ നാലു സുവിശേഷങ്ങളിലെ രചനാശില്പസവിശേഷതകൾ വിശദമായി പരി ശോധിച്ചു. ആഖ്യാനസിദ്ധാന്തങ്ങളുടെ സങ്കേതങ്ങൾ അന്ധമായി പിന്തുടർന്ന് ഈ പഠ നത്തെ സങ്കേതജടിലമാക്കാൻ ശ്രമിച്ചിട്ടില്ല. ഇത് രൂപശില്പത്തെ സമീപിക്കുന്നതിനുള്ള ഒരു പടവായി മാത്രമേ സങ്കല്പിച്ചിട്ടുള്ളൂ. പഠനവിഷയമായ ബൈബിളിന്റെ ആദ്ധ്യാത്മി കതയ്ക്കും സാഹിത്യാത്മകതയ്ക്കും അനുയോജ്യമായ സ്വതന്ത്രമായ നിരീക്ഷണങ്ങളും വിശകലനവുമാണ് ഈ പഠനത്തിൽ നടത്തിയിരിക്കുന്നത്. ബൈബിളിന്റെ ആദ്ധ്യാത്മിക സ്വഭാവത്തെ നിരാകരിക്കുകയെന്നത് ഈ പഠനത്തിന്റെ ലക്ഷ്യമോ ധർമ്മമോ അല്ല. മറിച്ച് അതിന്റെ സാഹിത്യസ്വഭാവം അടുത്തറിയുക എന്നതാണ് ഇവിടുത്തെ ലക്ഷ്യവും ധർമ്മ വും. പുതിയനിയമത്തിന്റെ വക്താക്കൾ, ശ്രോതാക്കൾ, ആഖ്യാനലക്ഷ്യം, ഘടന, അതി ലുള്ള വ്യത്യസ്തവ്യവഹാരരൂപങ്ങൾ, ഭാഷണകല, പാഠാന്തരത്വം തുടങ്ങിയകാര്യങ്ങളി ലാണ് സവിശേഷമായി ശ്രദ്ധിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പുതിയനിയമ കൃതികളിലെ രചനാസങ്കേതങ്ങളെപ്പറ്റിയുള്ള കണ്ടെത്തലുകൾ ക്രോഡീകരിക്കുകയാണ് ഇനി ചെയ്യുന്നത്.

നാലു സുവിശേഷങ്ങളിൽ മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നിവ സമവീക്ഷ ണസുവിശേഷങ്ങൾ എന്ന് വ്യവഹരിക്കപ്പെടുന്നു. പൊതുവായ പല ആഖ്യാനരേഖ കളുമുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഈ വിഭജനം. സമാനതയുണ്ടായിരിക്കെത്തന്നെ മൂന്നുകൃതികൾക്കും വേറിട്ട ആഖ്യാനലക്ഷ്യങ്ങളുമുണ്ട്. യോഹന്നാന്റെ സുവിശേഷം ഇതിൽനിന്നു വേറിട്ടു നിൽക്കുന്നു.

മത്തായിയുടെ രചന യഹൂദന്മാരെ ലക്ഷ്യമാക്കിയായിരുന്നു. ഒറ്റനോട്ടത്തിൽ വിര സമെന്നു തോന്നാവുന്ന വംശാവലി കൃതിയുടെ തുടക്കത്തിൽത്തന്നെ മത്തായി നിബ ന്ധിച്ചത് യേശുവിന്റെ യഹൂദപാരമ്പര്യവും പൈതൃകവും വ്യക്തമാക്കുക എന്ന ലക്ഷ്യ ത്തോടെയാണ്. പഴയനിയമത്തോട് ഏറ്റവുമധികം പാഠാന്തരബന്ധം നിലനിർത്തുന്ന അവ തരണരീതിയാണ് മത്തായി ആദ്യന്തം പിന്തുടർന്നിരിക്കുന്നത്. യേശുകഥ അവതരിപ്പിക്കു മ്പോൾ അവയ്ക്ക് ആസ്പദമായ പഴയനിയമപ്രവചനസൂക്തങ്ങൾ ഉദ്ധരിക്കുന്നതിന്റെ ലക്ഷ്യമതാണ്. മോശെയെയും യേശുവിനെയും താരതമ്യപ്പെടുത്തി അവതരിപ്പിക്കുന്നതും മത്തായിയുടെ സുവിശേഷത്തിലേ കാണാനാവൂ. യഹൂദജനതയെ ആകർഷിക്കുക എന്ന ലക്ഷ്യമാണ് അതിനുപിന്നിലുമുള്ളത്.

റോമിലുള്ള ക്രിസ്ത്യാനികൾക്കുവേണ്ടി എഴുതപ്പെട്ട സുവിശേഷമാണ് മർക്കൊസിന്റേത്. അവർക്കു മനസ്സിലാക്കാനായി യഹൂദന്മാരുടെ ആചാരങ്ങൾക്ക് വിശദീകരണം നൽകുന്ന രീതി മർക്കൊസ് അവലംബിച്ചിരിക്കുന്നു. അരാമ്യപദങ്ങളുടെ സാന്നിധ്യം മർക്കൊസിന്റെ സുവിശേഷത്തിന്റെ അനന്യതയാണ്. അവയ്ക്ക് അർത്ഥം നൽകുന്ന രചനാതന്ത്രവും മർക്കൊസ് സ്വീകരിച്ചിരിക്കുന്നു. സംഗ്രഹണാത്മകത മർക്കൊസിന്റെ രചനാമുദ്രയാണ്. ദൈർഘ്യമുള്ള വ്യവഹാരങ്ങൾ മർക്കൊസ് ഉൾപ്പെടുത്തുന്നില്ല. ഉപമകൾ മറ്റു സുവിശേഷങ്ങളെ അപേക്ഷിച്ച് മർക്കൊസിൽ വളരെ കുറവാണ്. ഭൂതോച്ചാടനവിവരങ്ങൾ ഇതര സുവിശേഷങ്ങളിലെക്കാൾ വിശദീകരിച്ചും അതുല്യമായ നിലയിലും മർക്കൊസ് ആവിഷ്കരിച്ചിരിക്കുന്നു. ഒരു ഉപാഖ്യാനത്തിൽനിന്ന് പെട്ടെന്ന് അടുത്ത ഉപാഖ്യാനത്തിലേക്ക് കടക്കുന്ന രചനാതന്ത്രം മർക്കൊസ് പിന്തുടരുന്നു. മറ്റ് ആഖ്യാനങ്ങളിൽ ചേർത്തിട്ടില്ലാത്ത ആവർത്തനപാദങ്ങൾ മർക്കൊസിന്റെ സുവിശേഷത്തിൽ കാണാം.

മുഖവുരയോടെ ആരംഭിക്കുന്നു എന്നത് ലൂക്കൊസിന്റെ സുവിശേഷത്തിന്റെ മാത്രം പ്രത്യേകതയാണ്. രണ്ടു സുവിശേഷങ്ങളിലേ യേശുവിന്റെ ജനനകഥ എഴുതിയിട്ടുള്ളൂ. മത്തായിയും ലൂക്കൊസും അവതരിപ്പിക്കുന്ന ജനനകഥകൾ തികച്ചും വ്യത്യസ്തമാണ്. മത്തായിയെപ്പോലെ പഴയനിയമപരാമർശങ്ങളുടെ അകമ്പടിയോടെയല്ല ലൂക്കൊസ് യേശുവിന്റെ ജനനകഥ അവതരിപ്പിക്കുന്നത്. സ്നാപകയോഹന്നാന്റെ ബാല്യത്തെപ്പറ്റി ലൂക്കൊസ് മാത്രമേ വിവരം നൽകുന്നുള്ളൂ. മത്തായി പുരുഷവീക്ഷണത്തിലും ലൂക്കൊസ് സ്ത്രീപക്ഷത്തിനു പ്രാധാന്യംകൊടുത്തുമാണ് യേശുവിന്റെ ജനനകഥ വിവരിക്കുന്നത്. മാനസാന്തരം, നഷ്ടപ്പെട്ട മനുഷ്യന്റെ വീണ്ടെടുപ്പ് എന്നിവ ലൂക്കൊസിന്റെ സുവിശേഷത്തിലെ പ്രധാനകഥാരേഖയാണ്. അതിനെ പരിപോഷിപ്പിക്കുന്ന തരത്തിലാണ് ഉപാഖ്യാനങ്ങൾ ലൂക്കൊസ് സംവിധാനം ചെയ്തിരിക്കുന്നത്. ചരിത്രപരാമർശങ്ങളുടെ പിൻബലത്തിലാണ് ലൂക്കൊസ് യേശുചരിതം ആവിഷ്കരിക്കുന്നത്. യേശുവിന്റെ ദൈവത്വത്തിന് ഊന്നൽ നൽകുന്ന ആഖ്യാനങ്ങളാണ് യോഹന്നാന്റേത്. സുവിശേഷത്തിന്റെ തുടക്കത്തിൽത്തന്നെ ഇക്കാര്യം തെളിച്ചെഴുതുന്നു. ആത്മഭാഷണങ്ങളിലൂടെ യേശുവിന്റെ വ്യക്തിത്വം ആവിഷ്കരിക്കുന്നത് യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമുള്ള പ്രത്യേകതയാണ്. യേശുവിന്റെ ക്രൂശീകരണത്തെപ്പറ്റി തനതായ ആവിഷ്കാരമാണ് യോഹന്നാൻ നടത്തുന്നത്. സമവീക്ഷണസുവിശേഷങ്ങളിൽനിന്നു തികച്ചും ഭിന്നമാണത്. മറ്റു സുവിശേഷകർ പേരുസൂചിപ്പിക്കാതെ പറഞ്ഞ പല സംഭവങ്ങളും കഥാപാത്രങ്ങളുടെ പേരെടുത്തുപറഞ്ഞ് അവതരിപ്പിക്കുന്നത് യോഹന്നാന്റെ സുവിശേഷത്തിൽ കാണാം. സമവീക്ഷണസുവിശേഷകർ രേഖപ്പെടുത്താത്ത ഉപകഥകൾ യോഹന്നാന്റെ സുവിശേഷത്തിൽ ഉണ്ട്. സംഭാഷണത്തിലൂടെ കഥയുടെ മുഖ്യഭാഗവും പണിതെടുക്കുന്ന ശില്പതന്ത്രമാണ് യേശു ശമര്യാസ്ത്രീയോടു വെള്ളം ചോദിക്കുന്ന കഥയിലേത്. ഒരു കഥയെത്തുടർന്ന് അതിലെ പ്രമേയത്തോടു ബന്ധമുള്ള ഒരു ദീർഘവ്യവഹാരം ഉൾപ്പെടുത്തുന്നത് യോഹന്നാന്റെ രചനാതന്ത്രമാണ്.

സുവിശേഷങ്ങളിലെ കഥേതരവ്യവഹാരങ്ങൾ ബൈബിളിന്റെ ആകമാനമായ സംവേദനത്തിന്റെയും പ്രധാനകഥാരേഖയുടെയും പൂരകങ്ങളായി വർത്തിക്കുന്നു. ഗിരിപ്രഭാഷണത്തിലെ സൂക്തങ്ങൾ ബൈബിളിലെ പ്രധാനപ്പെട്ട ഉപദേശങ്ങളുടെ സമാഹൃതവും സംഗ്രഹരൂപത്തിലുമുള്ള ആവിഷ്കാരമാണ്. ലൂക്കൊസും മാർക്കൊസും ആ ആശയങ്ങൾ പല കഥകളുടെയും അന്ത്യത്തിൽ ഇണക്കിച്ചേർക്കുന്നത് സുവിശേഷങ്ങളിലെ ആവർത്തിക്കപ്പെടുന്ന രചനാസങ്കേതമാണ്.

നാലാം അധ്യായത്തിൽ ഉപമകളുടെ രചനാതന്ത്രമാണ് ചർച്ച ചെയ്യുന്നത്. പുതിയനിയമത്തിലെ ആഖ്യാനങ്ങളിൽ പ്രസക്തമായ സ്ഥാനം ഉപമകൾക്കുണ്ട്. ഇവിടെ ഉപമ എന്നു പറയുന്നത് അലങ്കാരശാസ്ത്രത്തിലെ അർത്ഥത്തിലല്ല. ഒരു കാര്യം വിശദമാക്കുന്നതിനായി സ്വീകരിക്കുന്ന ഒരു കഥാവിവരണമാണത്. ഉപമകൾ ഒരേ ആഖ്യാനക്രമം പിന്തുടരുന്നെന്നു തോന്നുമെങ്കിലും അങ്ങനെയല്ല. പല തരത്തിലുള്ള അവതരണരീതിയാണ് ഉപമകളിലേത്. ചില ഉപമകൾ സംവാദത്തെത്തുടർന്ന് ആഖ്യാനം ചെയ്യുന്നതായിരിക്കും. ചോദ്യത്തോടെ ആരംഭിക്കുന്ന ഉപമകളും ഉണ്ട്. കഥാപ്രമേയം കഥയുടെ ആരംഭത്തിലും അന്ത്യത്തിലും എടുത്തുപറയുന്ന ഉപമകളും കാണാം. സവിശേഷസന്ദർഭമൊന്നുമില്ലാതെ, പെട്ടെന്ന് ഒരു കഥ പറഞ്ഞുതുടങ്ങുന്ന രീതിയിലുള്ള ഉപമകളും സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഉപമകൾ അനുവർത്തിക്കുന്ന രൂപപരമായ ഹ്രസ്വത സുവിശേഷങ്ങളിലെ പ്രധാനമായ രചനാതന്ത്രമാണ്. എല്ലാ ഉപമകൾക്കും അനുയോജ്യമായ മുഖവുരയാണ് വിതക്കാരന്റെ ഉപമ. ഉപമാഖ്യാനത്തിന്റെ ഉദ്ദേശ്യവും വ്യാഖ്യാനവും നൽകുന്നത് വിതക്കാരന്റെ ഉപമയുടെ അനന്യമായ അവതരണവിദ്യയാണ്.

മത്തായിയുടെ സുവിശേഷം പതിമൂന്നാം അധ്യായവും ലൂക്കൊസിന്റെ സുവിശേഷം പതിനഞ്ചാം അധ്യായവും ഉപമാവിഷ്കാരത്തിന്റെ കാര്യത്തിൽ എടുത്തുപറയേവയാണ്. മത്തായിയുടെ സുവിശേഷത്തിൽ ഉപമ എന്ന വ്യവഹാരം ആദ്യം പ്രത്യക്ഷപ്പെടുന്നത് ഈ അധ്യായത്തിലാണ്. മത്തായി പതിമൂന്നാം അധ്യായത്തിൽ ഉപമാവതരണത്തിന്റെ ഉദ്ദേശ്യം പ്രതിപാദിക്കുന്നു. ഏഴ് ഉപമകൾ അടുപ്പിച്ച് അവതരിപ്പിക്കപ്പെടുന്നതും ഈ അധ്യായത്തിലാണ്. ലൂക്കൊസിന്റെ സുവിശേഷം പതിനഞ്ചാം അധ്യായത്തിൽ നഷ്ടപ്പെട്ടതിനെപ്പറ്റിയുള്ള ഉപമത്രയം (Trilogy) ആവിഷ്കാരനവീനതയുള്ളതും സംവേദനത്തെ ശക്തമാക്കുന്നതുമാണ്. ഈ കഥ നഷ്ടപ്പെട്ടവയെപ്പറ്റി അവരോഹണക്രമത്തിൽ ആഖ്യാനം ചെയ്യുന്നു. ഇത് ഒരു തരം കലാഭംഗിയും ആശയപ്രബലനവും സാദ്ധ്യമാക്കുന്ന രീതിയാണ്. ഇതിനു സമാനമായ രചനാവൈദഗ്ദ്ധ്യം പുതിയനിയമത്തിൽ വേറെങ്ങുമില്ല.

ആശയം സമാനമായിരിക്കെ ആഖ്യാനവൈവിധ്യമുള്ള കഥകളാണ് കാര്യവിചാരകത്വത്തെപ്പറ്റി മത്തായിയും ലൂക്കൊസും അവതരിപ്പിക്കുന്നത്. വ്യത്യസ്തമായ ആഖ്യാനഘടകങ്ങളാണ് രണ്ടു കഥകളിലും പ്രത്യക്ഷപ്പെടുന്നത്. ആഖ്യാനഘടകത്തെ 'താലന്ത്' എന്ന് മത്തായിയും 'റാത്തൽ' എന്നു ലൂക്കൊസും വ്യവഹരിക്കുന്നു. ഒരേ ആശയം വ്യത്യ

സ്തമായ സംഭാഷണരീതികളിലൂടെയാണ് ഇരു കഥകളിലും അവതരിപ്പിക്കപ്പെടുന്നത്. ഇത്രയും വൈജാത്യങ്ങൾക്കിടയിലും ഒരേ കഥാന്ത്യവാക്യമാണ് രണ്ടു സുവിശേഷകരും ഉൾക്കൊള്ളിച്ചിരിക്കുന്നത്. ബൈബിൾ അവതരിപ്പിക്കുന്ന പ്രധാന ധാർമ്മികമൂല്യങ്ങളിൽ ഒന്നാണത്. അതുകൊണ്ടാണ് മർക്കൊസിന്റെ സുവിശേഷത്തിൽ ഈ ഉപമ ഇല്ലാതിരുന്നിട്ടും കഥാന്ത്യവാക്യം ഉചിതമായ സന്ദർഭത്തിൽ വിളക്കിച്ചേർത്തിരിക്കുന്നത്.

പരിമിതമായ പദങ്ങൾ മാത്രം ചേർത്ത് കഥ കോർത്തെടുക്കുന്ന രചനാതന്ത്രം പാറമേൽ വീടു പണിത മനുഷ്യൻ എന്ന ഉപമയിൽ കാണാം. ഒരേ ക്രിയാരൂപങ്ങളുടെ വിധിനിഷേധരൂപങ്ങൾ ഉപയോഗിക്കുകയും ഒടുവിൽ അതിൽ ഒരു ക്രിയയുടെ മാത്രം വിധിരൂപവും നിഷേധരൂപവുംകൊണ്ട് കഥാഗതി പൂർത്തീകരിക്കുകയും ചെയ്യുന്ന ആഖ്യാനകൗശലം ബൈബിൾക്കഥാഖ്യാനങ്ങളിൽ പ്രത്യേകപരാമർശം അർഹിക്കുന്നു.

അത്ഭുതകഥകളെക്കുറിച്ചാണ് അഞ്ചാം അധ്യായത്തിൽ പരാമർശിക്കുന്നത്. സൗഖ്യദായകം, ഭൂതശാന്തി, പുനരുത്ഥാനം, ഭക്ഷണവർദ്ധനവ് തുടങ്ങി ഉദ്വേഗജനകമായ അത്ഭുതകഥകൾ സുവിശേഷാഖ്യാനങ്ങളിൽ പലതരമുണ്ട്. അന്ധർക്കു കാഴ്ച കൊടുക്കുന്ന നാലു കഥകളിൽ നാലും വ്യത്യസ്തമാണ്. ഈ കഥകളിലെ ആഖ്യാനസ്ഥലത്തിന്റെ കാര്യത്തിൽ മത്തായിയും ലൂക്കൊസും ഭിന്നാഭിപ്രായക്കാരാണ്. സൗഖ്യമാക്കുന്ന രീതി മൂന്നു സുവിശേഷകരും വ്യത്യസ്തമായാണ് രേഖപ്പെടുത്തുന്നത്. ബെദ്സയിദയിലെ അന്ധന്റെ സൗഖ്യം പുതുമയുള്ളതും കൗതുകമുണർത്തുന്നതുമായ രീതിയിലാണ് മർക്കൊസ് രേഖപ്പെടത്തുന്നത്.

സുവിശേഷങ്ങളിലെ ഹ്രസ്വമായ അത്ഭുതകഥകളിൽനിന്നു വ്യത്യസ്തമായി പിറവിക്കുരുടന്റെ കഥ യോഹന്നാൻ സുദീർഘമായ ആദ്ധ്യാത്മികസംവാദത്തിലൂടെയാണ് ആവിഷ്കരിക്കുന്നത്. ശതാധിപന്റെ ബാല്യക്കാരനു സൗഖ്യം കൊടുത്ത സംഭവത്തെ മത്തായി ഭാവികഥന(Prolepsis)മാക്കി മാറ്റുന്ന ആഖ്യാനതന്ത്രം കാഴ്ചവെക്കുന്നു.

സമവീക്ഷണസുവിശേഷങ്ങളിൽ എല്ലാമുള്ള കഥയാണ് യായീറൊസിന്റെ മകളെ ഉയിർപ്പിക്കുവാനായിപ്പോകുന്നതിനിടയിൽ നടക്കുന്ന രക്തസ്രാവക്കാരിയുടെ സൗഖ്യം. മുഖ്യമായ ഒരു ആഖ്യാനത്തിനിടയിൽ മറ്റൊന്നുകൂടി കണ്ണിചേർത്തിരിക്കുന്നു എന്ന രചനാകൗശലം ഇവിടെ കാണാം. ഒരേ രചനാഖണ്ഡത്തിൽ രണ്ടത്ഭുതങ്ങളുടെ അവതരണം സുവിശേഷങ്ങളിൽ മറ്റൊരിടത്തുമില്ല.

അഞ്ചപ്പവും രണ്ടുമീനും എന്ന കഥ എല്ലാ സുവിശേഷങ്ങളിലും ഉണ്ടെങ്കിലും മറ്റുള്ളവരിൽനിന്നു വ്യത്യസ്തമായി യോഹന്നാൻ സംഭാഷണങ്ങളിലൂടെയാണ് ഇതാവിഷ്കരിക്കുന്നത്. ഒരു കഥ അതിനുള്ളിലെ ആദ്യത്തെയും അവസാനത്തെയും വാക്കുകൾക്കകത്ത് ഒതുങ്ങുന്നില്ല. യോഹന്നാൻ അഞ്ചപ്പത്തിന്റെ അത്ഭുതത്തിന് അനുബന്ധവ്യവഹാരം ഉൾപ്പെടുത്തുന്നു. ഇത് അദ്ദേഹത്തിന്റെ അത്ഭുതകഥകളുടെ പൊതുവായ ആഖ്യാനസവിശേഷതയാണ്.

പുതിയനിയമത്തിലെ ഭാഷണശൈലിയാണ് പ്രത്യേകമായി പഠിക്കപ്പെട്ട മറ്റൊരു ഘടകം. ആറാം അധ്യായത്തിൽ പുതിയനിയമത്തിലെ ഭാഷാശൈലിയാണ് അപഗ്രഥിക്കുന്നത്. വിവിധതരം ആവർത്തനങ്ങളാണ് സുവിശേഷത്തിന്റെ ശൈലീസവിശേഷതകളിൽ പ്രധാനം. ഒരു സുവിശേഷത്തിലെ വാക്യം വേറൊരു സുവിശേഷത്തിൽ വ്യത്യസ്തസന്ദർഭത്തിൽ പ്രയോഗിക്കുന്നത് പുതിയനിയമത്തിലെ ആഖ്യാനങ്ങളിൽ ഉടനീളം കാണാം. ഗിരിപ്രഭാഷണത്തിൽ ചിട്ടയായി കൊടുത്ത സൂക്തങ്ങൾ അതേപടി അവതരിപ്പിക്കാതെ മർക്കൊസും ലൂക്കൊസും ഉപകഥാരൂപങ്ങളുടെ ഒടുവിൽ  ഇണക്കിചേർത്താണ് ആവിഷ്കരിച്ചിരിക്കുന്നത്.

എല്ലാ സുവിശേഷങ്ങളിലും ആവർത്തനപാദങ്ങൾ (Refrain) വരുന്നുണ്ട്. ഒരു സുവിശേഷത്തിലെ ആവർത്തനപാദങ്ങൾ മറ്റൊരു സുവിശേഷത്തിൽ അതേപടി ഉപയോഗിക്കുന്നില്ല. ഒരു വാക്യത്തിൽ ചില പദസംഘാതം പലതവണ ആവർത്തിക്കാറുണ്ട്; നിഷേധരൂപങ്ങളും വാക്യാന്തത്തിൽ ആവർത്തിക്കുന്നുമുണ്ട്. 'സ്വർഗരാജ്യം' എന്ന ശബ്ദം മത്തായിയുടെ സുവിശേഷത്തിൽ പല ഉപമകളുടെയും ആരംഭമായി വരുന്നു. 'ഞാൻ ആകുന്നു' എന്ന ദൈവശാസ്ത്രപ്രസക്തമായ പദസംഘാതം യോഹന്നാന്റെ രചനാശില്പത്തിന്റെ അസാധാരണത്വവും ശൈലീപരമായ സവിശേഷതയുമാണ്. ഒരേ ഘടനയുള്ള ചോദ്യവാക്യങ്ങൾ സമാനസന്ദർഭങ്ങളിൽ ആവർത്തിക്കുന്നതും സുവിശേഷങ്ങളിലെ ശൈലീപരമായ പ്രത്യേകതയാണ്.

ഒരേ ഉദാഹരണംകൊണ്ട് വ്യത്യസ്ത വസ്തുതകൾ വ്യക്തമാക്കുന്ന രചനാശൈലിയും സുവിശേഷത്തിൽ കാണുന്നുണ്ട്. സുവിശേഷങ്ങളിൽ ധാരാളം പഴഞ്ചൊല്ലുകളും ശൈലികളുമുണ്ട്. ബൈബിളിന്റെ സംവേദനത്തെ ശക്തിപ്പെടുത്തുന്നതിൽ ഇവ വളരെയധികം സഹായിക്കുന്നു.

സമവീക്ഷണസുവിശേഷങ്ങളിലില്ലാത്തതും യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമുള്ളതുമായ ശൈലീവിശേഷങ്ങളുണ്ട്. അവയിൽ അതിപ്രധാനം യേശുവിന്റെ സന്ദിഗ്ദ്ധപ്രസ്താവനകളാണ്. യേശു വിവക്ഷിക്കുന്ന അർത്ഥമല്ല ശ്രോതാക്കൾ മനസ്സിലാക്കുന്നത്. വിപരീതദ്വന്ദ്വങ്ങളിലൂടെയുള്ള ആശയാവതരണരീതി യോഹന്നാന്റെ സുവിശേഷത്തിലെ അന്യാദൃശതയാണ്. യേശുവിന്റെ ആത്മഗതങ്ങൾക്കും യോഹന്നാൻ വിശദീകരണം കൊടുക്കുന്നുണ്ട്.

സുവിശേഷത്തിലെ പദാവലികൾ വൈവിധ്യമുള്ളതാണ്. പുതിയകാലത്ത് അപരിചിതവും അർത്ഥബോധം ഉളവാക്കാത്തതുമായ പദങ്ങൾ സുവിശേഷങ്ങളിലുണ്ട്. ദ്രാവിഡപദങ്ങൾ ധാരാളം ഉപയോഗപ്പെടുത്തിക്കൊള്ള രചനാരീതിയാണ് സത്യവേദപുസ്തകം പിന്തുടരുന്നത്.  ഹീബ്രു-ഗ്രീക്ക്-അരാമ്യപദങ്ങൾ, ആദരസൂചകപദങ്ങൾ, സവിശേഷപദങ്ങൾ, കൗതുകപദങ്ങൾ എന്നിവ സുവിശേഷങ്ങളിലുണ്ട്. സത്യവേദപുസ്തകത്തിൽ സമസ്തപദമായി പ്രയോഗിച്ചവ പിൽക്കാലപരിഭാഷകളിൽ സമാസിക്കാതെ പ്രയോഗിച്ചിട്ടുണ്ട്. ആലങ്കാരികപ്രയോഗങ്ങൾ പുതിയനിയമത്തിന്റെ രചനാശില്പത്തിൽ സമൃദ്ധമായി

കാണപ്പെടുന്നു. സ്വാഭാവികത തോന്നിപ്പിക്കുന്ന ഉപമാലങ്കാരം, രൂപകം എന്നിവയാണ് അവയിൽക്കൂടുതൽ. ശബ്ദഭംഗിയുള്ള വാക്യങ്ങൾ അഥവാ പ്രാസമുള്ള ശബ്ദങ്ങൾ കൃത്രിമമായല്ലാതെ സുവിശേഷങ്ങളിൽ വരുന്നുണ്ട്. പ്രാസപ്രയോഗം ഏതൊരു പ്രകരണ ത്തിനും നൽകുന്ന ശബ്ദസൗകുമാര്യം അതുവഴി സുവിശേഷങ്ങൾക്കും ഉണ്ടാകുന്നു.

പുതിയനിയമകൃതികളുടെ പൊതുസവിശേഷതയാണ് അവയിൽ കാണപ്പെടുന്ന പഴയനിയമത്തിലെ സൂചിതകഥകൾ. പഴയനിയമസംഭവങ്ങൾ ഇണക്കിച്ചേർത്താണ് സുവി ശേഷത്തിൽ പല വ്യവഹാരങ്ങളും ആവിഷ്കരിച്ചിരിക്കുന്നത്. ബൈബിളിന്റെ രണ്ടു ലിഖി തങ്ങളും പരസ്പരാശ്രിതങ്ങളാണെന്നു വ്യക്തമാക്കുന്ന രചനാസൂത്രമാണിത്.

ഈ പഠനത്തിലൂടെ കണ്ടെത്തിയ പ്രധാന വസ്തുതകൾ ചുവടെ സംഗ്രഹിക്കു ന്നു.

1. അതുല്യമായ ആഖ്യാന-ആശയസവിശേഷതകളുള്ള മഹാഖ്യാനം ആയതുകൊ ണ്ടാണ് ബൈബിളിനെ ആശ്രയിച്ച് ഒട്ടനവധി സാഹിത്യവ്യവഹാരങ്ങൾ ലോക വ്യാപകമായി ഉണ്ടായിട്ടുള്ളത്.

2. പഴയനിയമംപോലെ പുതിയനിയമവും സാഹിത്യാത്മകതയുള്ളതും അതു കുറെ ക്കൂടി പഠനത്തിനു വിധേയമാക്കേതുമാണ്.

3. പല ജനുസ്സുകളിൽപ്പെട്ട സാഹിത്യരൂപങ്ങൾ ഇടകലരുന്ന ആവിഷ്കാരമാണ് പുതിയനിയമത്തിലെ കഥാശില്പം. സംഭവം, അത്ഭുതകഥ, ഉപമ, വംശാവലി, പ്രഭാഷണം, സംവാദം, പഴയനിയമ ഉദ്ധരണി, പഴയനിയമത്തിലെ സൂചിതകഥ, പഴഞ്ചൊല്ല്, നിയമം, തത്ത്വചിന്ത, പ്രാർത്ഥനാഗീതം/സ്തോത്രഗാനം ഇവയുടെ സംയോജനത്തിലൂടെയാണ് പുതിയനിയമത്തിലെ രചനാശില്പം രൂപപ്പെട്ടിരിക്കു ന്നത്. ഴാനറുകളുടെ കുഴമറിച്ചിലാണ് പുതിയനിയമത്തിലെ ആഖ്യാനങ്ങളുടെ അസാധാരണത്വം എന്നു പറയാം.

4. പുതിയനിയമത്തിലെ നാലു സുവിശേഷങ്ങളിലും വ്യത്യസ്തങ്ങളായ ആഖ്യാന സവിശേഷതകൾ കാണാവുന്നതാണ്. പഴയനിയമവുമായി ഏറെ പാഠാന്തരബന്ധ മുള്ള സുവിശേഷമാണ് മത്തായിയുടേത്, സംഗ്രഹണാത്മകതയാണ് മർക്കൊ സിന്റെ രചനാമുദ്ര. ചരിത്രപരാമർശങ്ങളുടെ പിൻബലത്തിൽ യേശുചരിതം ആവി ഷ്കരിക്കുകയാണ് ലൂക്കൊസ് ചെയ്തത്. വ്യവഹാരങ്ങളെ ആദ്ധ്യാത്മികസംവാദ മായി പരിവർത്തിപ്പിക്കുന്ന രചനാകൗശലമാണ് യോഹന്നാന്റേത്.

5. പഴയനിയമകഥാസ്മരണ ഉണർത്തുന്നതും പഴയനിയമത്തിന്റെ വ്യാഖ്യാന ങ്ങളിലേക്കു നയിക്കുന്നതുമായ കാര്യങ്ങൾ പുതിയനിയമത്തിന്റെ രചനാശില്പ ത്തിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആഖ്യാനവഴിയാണ് പുതിയനിയമകാരന്മാർ സ്വീകരിക്കുന്നത്.

6. തികച്ചും തനിമയാർന്ന മട്ടിൽ രൂപമെടുത്ത ആഖ്യാനശൈലി, വിവിധങ്ങളായ വ്യവഹാരജനുസ്സുകളുടെ മേളനം, കാവ്യാത്മകം എന്നു വിശേഷിപ്പിക്കാവുന്ന അലങ്കാരപ്രയോഗങ്ങൾ ഇവ ചേർന്ന് പുതിയനിയമം അനന്യമായ ഒരു ആഖ്യാന ശില്പമായി നിലകൊള്ളുന്നു. അതുകൊണ്ടുതന്നെ ആധ്യാത്മികകൃതി എന്ന ഉപയോഗം നിലനിൽക്കെത്തന്നെ അത് ഒരു സാഹിതീയരചനയായും അസ്തിത്വം കൈവരിക്കുന്നു.

7. പുതിയനിയമത്തിലെ ഉപമകൾ വ്യത്യസ്തമായ ആഖ്യാനരീതി പിന്തുടരുന്നവയാണ്.

8. ഉദ്വേഗജനകമായ കഥാവിഷ്കാരരീതിയാണ് പുതിയനിയമത്തിലെ അത്ഭുതകഥകളുടേത്.

9. പുതിയനിയമത്തിലെ പ്രധാനകഥാരേഖയെ സ്പഷ്ടീകരിക്കുകയും പ്രബലപ്പെടുത്തുകയും ചെയ്യുന്ന തരത്തിലാണ് ഉപകഥാരേഖകളുടെ വിന്യസനം.

10. ഒരു സംഭവഘടന (Fabula) എങ്ങനെ വ്യത്യസ്ത വ്യവഹാരഘടന(Suzhet)യായി മാറുന്നുവെന്നതിന്റെ മികച്ച മാതൃകകളാണ് സുവിശേഷാഖ്യാനങ്ങൾ.

11. പലതരം ആവർത്തനങ്ങൾ, അലങ്കാരങ്ങൾ, ചൊല്ലുകൾ, വൈവിദ്ധ്യമുള്ള പദകോശം എന്നിവ ഏറ്റവും മികച്ച രീതിയിൽ കോർത്തിണക്കിയ ഭാഷാശൈലിയാണ് സുവിശേഷങ്ങളിലേത്.

12. സാമാന്യഭാഷയിൽനിന്നു മാത്രമല്ല മറ്റു സാഹിത്യവ്യവഹാര-മാനകഭാഷാശൈലികളിൽനിന്നും തികച്ചും വ്യതിരിക്തമാണ് സത്യവേദപുസ്തകത്തിലെ ഭാഷ.

13. ബൈബിൾരചനയ്ക്കായി ശൈലീകരിക്കപ്പെട്ട ഒരു സാന്ദർഭികഭാഷാഭേദമാണ് സത്യവേദപുസ്തകത്തിലേത്. ഈ അന്യാദൃശത്വം ഇതര ബൈബിൾ പരിഭാഷകളിൽനിന്നും ഭിന്നമായ ഒരു പരിവേഷം സത്യവേദപുസ്തകഭാഷയ്ക്ക് അധികാർത്ഥമായി നേടിക്കൊടുത്തിട്ടുണ്ട്.

ആഖ്യാനരീതിയിലെയും രചനാശൈലിയിലെയും വ്യത്യസ്തതകൾകൊണ്ട് സാഹിത്യാത്മകത കൈവരിച്ച രചനയാണ് ബൈബിൾ. വിരസമായ രീതിയിൽ ആദ്ധ്യാത്മികവിഷയങ്ങൾ അവതരിപ്പിക്കുന്ന ഒരു ഗ്രന്ഥമല്ല ബൈബിളെന്നും മനസ്സിലാക്കാം. അതോടൊപ്പം മലയാളത്തിൽ ഇതരപരിഭാഷകൾക്കില്ലാത്ത ഭാഷാമേന്മകൾ സത്യവേദപുസ്തകത്തിന് ഉണ്ടെന്നും ഈ പഠനത്തിലൂടെ കണ്ടെത്താൻ കഴിഞ്ഞു.

# ഗ്രന്ഥസൂചി


അപ്പൻ, കെ പി, 1995 *ബൈബിൾ വെളിച്ചത്തിന്റെ കവചം,* ഡി സി ബുക്സ്, കോട്ടയം.

അപ്പൻ, കെ പി, 2006 *മധുരം നിന്റെ ജീവിതം*, ഡി സി ബുക്സ്, കോട്ടയം.

അയ്യപ്പപ്പണിക്കർ, കെ, 1996 *ആഖ്യാനകല*, കേരള സർവകലാശാല, തിരുവനന്തപുരം.

അയ്യപ്പപ്പണിക്കർ, കെ, 1999 *ഇന്ത്യൻ സാഹിത്യസിദ്ധാന്തം: പ്രസക്തിയും സാധനയും*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

അനിൽ, കെ എം, 2014 *കടങ്കഥ സൗന്ദര്യവും സംസ്കാരവും*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ആനി തയ്യിൽ, 1970 *സ്ത്രീകൾ ബൈബിളിൽ*, ഗ്രന്ഥകാര പ്രസിദ്ധീകരണം, കൊച്ചി.

ഉണ്ണികൃഷ്ണൻ, എ എം, 2012 *ചിതയും ചിദാകാശവും*, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

എബ്രഹാം, പി ടി, 2015 *ക്രൈസ്തവ പ്രതീകവിജ്ഞാനകോശം*, ക്രൈസ്തവ സാഹിത്യ സമിതി, തിരുവല്ല.

എഴുത്തച്ഛൻ, 2001 അദ്ധ്യാത്മരാമായണം, ഡി സി  ബുക്സ്, കോട്ടയം.

കുമാരനാശാൻ, എൻ, 2001 *ആശാന്റെ പദ്യകൃതികൾ*, ഡി സി ബുക്സ്, കോട്ടയം.

കുരുവിള, പി റ്റി, 1971 *ബൈബിൾ നൂറ്റാണ്ടുകളിലൂടെ*, വിദ്യാർത്ഥിമിത്രം, കോട്ടയം.

കുരുക്കൂർ, ജി, 1976 *ബൈബിളിന് ഒരാമുഖം*, ബെറ്റർ ലൈഫ് മൂവ്മെന്റ്, ആളൂർ.

കേശവമേനോൻ, കെ പി, 1971 *യേശുദേവൻ*, മാതൃഭൂമി പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്, കോഴിക്കോട്.

കോശി, ടി സി, 1997 *ബൈബിൾ നാമകോശം*, സത്യം ലിറ്ററേച്ചർ സർവീസ്, തിരുവല്ല.

ക്ലീറ്റസ് കെ വർഗീസ്, 2008 *പുതിയനിയമപഠനസഹായി*, പെർസോണ ബുക്സ്, കോട്ടയം.

ക്ലേറ്റൻ, എ സി, 2014 *ബൈബിൾ നിഘണ്ടു*, ക്രൈസ്തവ സാഹിത്യ സമിതി, തിരുവല്ല.

ഗുണ്ടർട്ട്, ഹെർമൻ (വിവ.), 1989 *ഗുണ്ടർട്ട് ബൈബിൾ*, ഡി സി ബുക്സ്, കോട്ടയം.

ഗ്രേസി, 2016 *ഗ്രേസിയുടെ കഥകൾ*, ഡി സി ബുക്സ്, കോട്ടയം.

ചാക്കോ പുത്തൻപുരയ്ക്കൽ, 2014 *ബൈബിൾ പദകോശം പുതിയനിയമം*, സെലസ്റ്റിയൽ ബുക്സ്, ആലുവ.

ചാക്കോ പുത്തൻപുരയ്ക്കൽ, 2016 *സൂചികാബൈബിൾ*, സെലസ്റ്റിയൽ ബുക്സ്, ആലുവ.

ചന്ദ്രശേഖരൻ നായർ വൈക്കം, 1974 *ബൈബിളിലേക്ക് ഒരു സഞ്ചാരം,* ഡി സി ബുക്സ്, കോട്ടയം.

ചെറിയാൻ കുനിയന്തോടത്ത്, 1997 *മലയാളഭാഷയും ഡോ. ഹെർമൻ ഗുണ്ടർട്ടും*, പി കെ ബ്രദേഴ്സ്, കോഴിക്കോട്.

ജെയിംസ് മുളവന, 2006 *ബൈബിൾ സാഹിത്യദർശനം*, ഫെയ്ത്ത് പബ്ലിക്കേഷൻസ്, കായംകുളം.

ജേക്കബ് ചാണിക്കുഴി, 2014 *വി. മർക്കോസിന്റെ സുവിശേഷം*, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആൻഡ് സയൻസ്, തലശ്ശേരി.

ജോസഫ് ചീരൻ, 2004 *ബൈബിൾ ആധുനികമലയാളകവിതയിൽ*, മലയാള പഠന ഗവേഷണകേന്ദ്രം, തൃശൂർ.

ജോസഫ് ചീരൻ (എഡി.), 2011 *മലയാളം ബൈബിളും കേരളനവോത്ഥാനവും*, എം ജെ ഡി പബ്ലിഷിംഗ് ഹൗസ്, കുന്നംകുളം.

*ജോസഫ്, പി എം, 1984 മലയാളത്തിലെ പരകീയപദങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.*

ജോൺ, ഇ സി (എഡി.), 2014 *വേദപുസ്തകഭാഷ്യം*, ദൈവശാസ്ത്ര സാഹിത്യ സമിതി, തിരുവല്ല.

ജോർജ് ഓണക്കൂർ, 2010 *ഒലിവുമരങ്ങളുടെ നാട്ടിൽ*, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

ജോർജ് കെ എം (എഡി.) 2011 *ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*, ഡി സി ബുക്സ്, കോട്ടയം.

ജോർജ്, ടി കെ, 2012 *യേശുവിന്റെ ഉപമകൾ*, ക്രൈസ്തവ സാഹിത്യ സമിതി, തിരുവല്ല.

ജോർജ്, സി ജെ (എഡി.) 1996 *ആധുനികാനന്തര സാഹിത്യസമീപനങ്ങൾ*, ബുക്ക്‌വേം, തൃശൂർ.

ജോർജ്, സി ജെ 2001 *ചിഹ്നശാസ്ത്രവും ഘടനാവാദവും*, ഡി സി ബുക്സ്, കോട്ടയം.

ജോസഫ് പാത്രപാങ്കൽ, 2014 *സുവിശേഷങ്ങൾ ഒരാമുഖം*, ക്രൈസ്തവ സാഹിത്യ സമിതി, തിരുവല്ല.

ജോസ് പഴയാറ്റിൽ, 1995 *ക്രിസ്തുവിന്റെ അന്യാപദേശങ്ങൾ*, ബിബ്ലിയ പബ്ലിക്കേഷൻസ്, ആളൂർ.

തോമസ് കൊച്ചുകാരോട്ട് (എഡി.), 2012 *ആൽഫാ ബൈബിൾ വ്യാഖ്യാനം*, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്, തലശ്ശേരി.

തോമസ്, പി ജെ, 1989 *മലയാളസാഹിത്യവും ക്രിസ്ത്യാനികളും*, ഡി സി ബുക്സ്, കോട്ടയം.

ദേവ്, ജെ സി, *1988 ബൈബിളും സാഹിത്യവും, ബെഥനി ബുക്സ്, കോട്ടയം*

ദേശമംഗലം രാമകൃഷ്ണൻ, 1993 *കാവ്യഭാഷയിലെ പ്രശ്നങ്ങൾ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

നാരായണപ്രസാദ്, 2011 *സുവിശേഷങ്ങൾ വേദാന്തദൃഷ്ടിയിൽ*, ഡി സി ബുക്സ്, കോട്ടയം.

പോൾ ഗോപാലകൃഷ്ണൻ, 2000 *ബൈബിൾ ഒരുശാസ്ത്രീയപഠനം*, കാർമൽ പ്രസ്, തിരുവല്ല.

പോൾ മണലിൽ (എഡി.), 2006 *ബൈബിൾ ചരിത്രവും വർത്തമാനവും*, ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ, കോട്ടയം.

പോൾ മണലിൽ, 2013 *മലയാള സാഹിത്യചരിത്രം: എഴുതപ്പെടാത്ത ഏടുകൾ*, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.

ബാബു കെ വർഗീസ്, 2018 *ആധുനിക ഭാരതം ബൈബിളിന്റെ സൃഷ്ടി*, വോക് പബ്ലിഷിങ്, ചെന്നൈ.

ബാബു ചെറിയാൻ, 2009 *ബെഞ്ചമിൻ ബെയ്‌ലി*, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.

ബാബു പോൾ, ഡി, 2013 *വേദശബ്ദരത്നാകരം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ബെയ്‌ലി, ബെഞ്ചമിൻ (വിവ.), 1829 *നമ്മുടെ കർത്താവും രക്ഷിതാവുമായ യെശുക്രിസ്തന്റെ പുതിയനിയമം*, സി എം എസ് പ്രസ്, കോട്ടയം.

ബോബിജോസ് കട്ടികാട്, 2009 *കേളി*, തിയോ ബുക്സ്, കൊച്ചി.

ബോബിജോസ് കട്ടികാട്, 2017 *ഓർഡിനറി*, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

*ബൈബിൾ*, 1997 പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ, കൊച്ചി.

*മലയാളം ബൈബിൾ*, 2010 ഓശാന പ്രസിദ്ധീകരണം, ഇടമറ്റം.

മാത്യു വെള്ളാനിക്കൽ, 1993 *ബൈബിൾ വിജ്ഞാനകോശം*, പൗരസ്ത്യ വിദ്യാപീഠം, വടവാതൂർ.

മാത്യു വെള്ളാനിക്കൽ, 2012 *വി. യോഹന്നാന്റെ സുവിശേഷം*, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആൻഡ് സയൻസ്, തലശ്ശേരി.

മാത്യുസ്, ജെ, 1988 *ബൈബിൾ ഭാഷകൾ*, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

രാജഗോപാൽ, എൻ കെ, 1992 *ബൈബിളിലെ ഹീബ്രു- അരമായിക് പദങ്ങൾ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

രാജേന്ദ്രൻ, സി, 2000 *സൊസ്സ്യൂർ: ഘടനാവാദത്തിന്റെ ആചാര്യൻ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

രാധാകൃഷ്ണൻ, കെ എസ്, 2015 *ക്രിസ്തുദർശനം*, കേരള സാഹിത്യ അക്കാദമി, തൃശൂർ.

രാധാകൃഷ്ണൻ നായർ, ഡി, 2000 *ആഖ്യാനവിജ്ഞാനം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

രാവുണ്ണി, 2011 *രാവുണ്ണിയുടെ കവിതകൾ*, ഡി സി ബുക്സ്, കോട്ടയം.

ലീലാകുമാരി, എം, 2008 *ബൈബിളിലെ സ്ത്രീദർശനം*, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

ലൂക്ക് പൂത്തൃക്കയിൽ, 1999 *വചനദ്രവ്യം*, എസ് എച്ച് മൗണ്ട് ചർച്ച് , കോട്ടയം.

ലൂക്ക് പൂത്തൃക്കയിൽ, 2002 *കന്മഴയും മന്നായും,* ഇകൊട്ടേഷൻസ്, കോട്ടയം.

വർഗീസ്, കെ സി, 2015 *സോളമന്റെ ഉത്തമഗീതം പാഠവും പഠനവും*, ഒലിവ് ബുക്സ്, കോഴിക്കോട്.

വർഗീസ്, കെ സി, 2017 *ക്രിസ്തുമതം ചരിത്രവും ദർശനവും*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

വത്സലൻ വാതുശ്ശേരി, 2007 *കഥയുടെ ന്യൂക്ലിയസ്*, ഒലിവ് ബുക്സ്, കോഴിക്കോട്.

*വാസുദേവൻനായർ, എം ടി, 2010 കാഥികന്റെ പണിപ്പുര, ഡി സി ബുക്സ്, കോട്ടയം.*

വിജയൻപിള്ള, എം, 2007 *നോവലും ആഖ്യാനകലയും*, പച്ചമലയാളം പബ്ലിക്കേഷൻസ്, കൊല്ലം.

വില്യം മക്ഡൊണാൾഡ്, 2016 *ബിലീവേഴ്സ് ബൈബിൾ കമന്ററി* (വിവ.), ജി എസ് ബുക്സ്, സെക്കന്തരാബാദ്.

*വിശുദ്ധഗ്രന്ഥം*, 2000 സിറിയൻ ഓർത്തഡോക്സ് ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ, തിരുവല്ല.

സ്കറിയാ സക്കറിയാ, 1994 *ഉദയംപേരൂർ സുനഹദോസിന്റെ കാനോനകൾ*, ഓശാന മൗണ്ട്, പാലാ.

സ്കറിയാ സക്കറിയ (എഡി.), 2016 *മലയാളവും ഹെർമൻ ഗുണ്ടർട്ടും,* തുഞ്ചത്തെഴുത്ത ച്ഛൻ മലയാള സർവകലാശാല, തിരൂർ.

സക്കറിയാ, 2002 *സക്കറിയയുടെ കഥകൾ*, ഡി സി ബുക്സ്, കോട്ടയം.

സജയ്, കെ വി, 2016 *കാവ്യപാഠാവലി*, ഇൻസൈറ്റ് പബ്ളിക്ക, കോഴിക്കോട്.

*സത്യവേദപുസ്തകം*, 2000 ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ, ബാംഗ്ലൂർ.

സാം, എൻ, 1988 *കേരളത്തിലെ സാമൂഹികനവോത്ഥാനവും സാഹിത്യവും*, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

സാം, എൻ, 2005 *ബൈബിൾ വിവർത്തനം മലയാളത്തിൽ*, റെയിൻബോ ബുക്സ്, തിരുവ നന്തപുരം.

സാമുവൽ ചന്ദനപ്പള്ളി, 1991 *ചന്ദനവും പള്ളിയും*, ഡി സി ബുക്സ്, കോട്ടയം.

സുകുമാർ അഴീക്കോട്, 1986 *വിശ്വസാഹിത്യപഠനങ്ങൾ*, ഡി സി ബുക്സ്, കോട്ടയം.

സുകുമാർ അഴീക്കോട്, 1999 *ദർശനം സമൂഹം വ്യക്തി*, പാപ്പിയോൺ പബ്ലിക്കേഷൻസ്, കോഴിക്കോട്.

സുമംഗല, 2004 *പഞ്ചതന്ത്രം,* ഡി സി ബുക്സ്, കോട്ടയം.

സുശീലൻ, ജി, 2017 *ബൈബിൾ ശബ്ദസാഗരം*, ജി എൽ എസ് പബ്ലിഷിംഗ്, മുംബൈ.

സോമനാഥൻ, പി, 2016 *കഥ ആഖ്യാനം ആഖ്യാനശാസ്ത്രം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഹോർമിസ് പെരുമാലിൽ, 1975 *ക്രൈസ്തവ വിജ്ഞാനകോശം*, പ്രകാശം പബ്ലിഷേഴ്സ്, ആലപ്പുഴ.

റോസി തമ്പി, 2009 *സ്ത്രൈണ ആത്മീയത*, തിയോ ബുക്സ്, കൊച്ചി.

റോസി തമ്പി, 2014 *ബൈബിളും മലയാളവും*, ക്രൈസ്തവ സാഹിത്യ സമിതി, തിരുവല്ല.

**ഗവേഷണപ്രബന്ധങ്ങൾ**

ആന്റണി, പി, 1998 *വടക്കൻപാട്ടുകളുടെ ആഖ്യാനഘടന- ആഖ്യാനശാസ്ത്രം അവലംബ മാക്കി ഒരു പഠനം*, പിഎച്ച് ഡി പ്രബന്ധം, മഹാത്മാഗാന്ധി സർവ്വകലാശാല.

അരുൺ തോമസ്, 2009 *ബൈബിൾ ലക്ഷകങ്ങൾ ഒരു ധൈഷണിക ഭാഷാശാസ്ത്രപഠനം*, എം ഫിൽ പ്രബന്ധം, മദ്രാസ് സർവ്വകലാശാല.

ജോസ് ജോർജ്, 1999 *മലയാള കവിതയിലെ ക്രൈസ്തവസങ്കല്പങ്ങൾ*, പിഎച്ച് ഡി പ്രബന്ധം, മഹാത്മാഗാന്ധി സർവ്വകലാശാല.

ബീന, ടി എൽ, 2016 *ബൈബിൾസ്വാധീനം ആധുനികാനന്തര മലയാളനോവലുകളിൽ*, കണ്ണൂർ സർവ്വകലാശാല.

മത്തായി, എം, 2003 *ക്രിസ്തുവിന്റെ പീഡാനുഭവവും മലയാളകവിതയും*, പിഎച്ച് ഡി പ്രബന്ധം, മഹാത്മാഗാന്ധി സർവ്വകലാശാല.

മോളു, പി സി, 2004 *ബൈബിൾ കഥാകാവ്യങ്ങൾ മലയാളത്തിൽ*, പിഎച്ച് ഡി പ്രബന്ധം, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല.

ശ്രീലതാവർമ്മ, 2009 *ആഖ്യാനതന്ത്രങ്ങൾ മുകുന്ദന്റെ നോവലുകളിൽ*, പിഎച്ച് ഡി പ്രബന്ധം, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല.

ഷംല, യു, 2010 *ആഖ്യാനതന്ത്രം- ഉറൂബിന്റെയും എം ടി വാസുദേവൻ നായരുടെയും മുകുന്ദന്റെയും നോവലുകളിൽ*, പിഎച്ച് ഡി പ്രബന്ധം, മഹാത്മാഗാന്ധി സർവ്വകലാശാല.

ഹരികുമാർ, എസ്, 2014 *കുഞ്ചൻ നമ്പ്യാരുടെ തുള്ളലുകളിലെ ആഖ്യാനകല*, കേരള സർവ്വകലാശാല, തിരുവനന്തപുരം.

റോയ്സ് പി ഡേവിഡ്, 2013 *ബൈബിളിന്റെ സംവേദനത്തിൽ രചനാശില്പത്തിന്റെ പ്രാധാന്യം: തിരഞ്ഞെടുത്ത പഴയനിയമ പുസ്തകങ്ങളെ ആസ്പദമാക്കിയുള്ള പഠനം*, പിഎച്ച് ഡി പ്രബന്ധം, കേരള സർവ്വകലാശാല.

**ആനുകാലികങ്ങൾ**

വേണുഗോപാലപണിക്കർ, ടി ബി, 2017 ആഗസ്റ്റ് - ഒക്ടോബർ, *ബൈബ്ൾ ഭാഷകളും മലയാളവും*, കവനകൗമുദി.

ഷീബ, ഏ സി, 2018 ഏപ്രിൽ, *ഭാഷയുടെ വികാസപരിണാമങ്ങളുടെ അടയാളപ്പെടുത്തലുകൾ മലയാളബൈബിൾ വിവർത്തനങ്ങളിൽ*, സാഹിത്യലോകം, കേരള സാഹിത്യ അക്കാദമി, തൃശൂർ.

**ENGLISH BOOKS**

Ackroyd.P.R, Evans.C.F (Ed.), 1970 *The Cambridge History of the Bible*, Cambridge University Press.

Allen C. Myers, (Ed.), 1987 *The Eerdmans Bible Dictionary*, William B. Eerdmans Publishing Company, Grand Rapids, Michigan.

Armstrong , Karen, 1993 *A History of God*, Vintage Books, London.

AyyappaPaniker, K, 2003 *Indian Narratology*, Indira Gandhi National Centre For The Arts, New Delhi.

Babu K Verghese, 2014 *Let there be India*, Woc Publishing Chennai.

Bal, Mieke, 2009 *Narratology- Introduction to the Theory of Narrative*, University of Toronto Press, Toronto, London.

Barthes, Roland, 1977 *Image- Music- Text*, Fontana Press, London.

Charles C Ryrie, 1983 *Concise guide to the Bible, Here's Life Publishers*, San Bernardino.

Charles C Ryrie, 1994 *The Miracles of Our Lord*, Dayspring, Mayville.

Cyril Bridgland, Francis Foulkes, 1987 *Pocket Guide to the Bible*, Inter Varsity Press, Illinois.

David A Redding, 1980 *The Miracles of Christ*, Fleming H.Revell Company, New Jersey.

Edwin, A, John. 1983 *In Bible Knowledge Commentary: New Testament*, Scripture Press Publications, Victor Books, Wheaton.

Foster, E M, 2000 *Aspects of Novel,* International E. M. Forster Society, Warszawa.

Franke E Gaebelein (Gen.Ed.), 1979 *The Expositor's Bible Commentary*, Zondervan Publishing House, Michigan.

Genette, Gerard, *1980 Narrative Discourse (Trans.) Lewin Jane E, Oxford, Basil Blackwell.*

Genette, Gerard, *1988 Narrative Discourse Revisited (Trans.) Lewin Jane E, Cornell University Press, Newyork.*

Gordon J. Wenham, J. Alec Motyer, D.A. Carson, and R. T. France(Ed.), 1994 *The new Bible Commentary*, Intervarsity Press, Illinois.

Hildick, Wallace, 1968 *13 Types of Narratives*, Macmillan & Co. Ltd., London.

Hubert J Richards, 1976 *The Miracles of Jesus: What Really Happened?*, Fontana Books, U K.

Jahn, Manfred, 2005 *Narratology: A Guide to the Theory of Narrative*, English Department, University of Cologne.

James Montgomery Boice, 1983 *The Parables of Jesus*, The moody bible institute of Chicago, Chicago.

John W Cawood, 1971 *Let's Know the Bible*, Fleming H Revell Company, Old Thappan, New Jersey.

Kenan, Shlomith- Rimmon, 2001 *Narrative Fiction: Contemporary Poetics*, Methuen, London.

Kennedy James, D, 1994 *What if Jesus had never been born*, Word Publishing, Kilsyth, Australia.

Klarer, Mario, 2004 *An Introduction to Literary Studies,* Routledge, London.

Leland Ryken, 1984 *How to Read the Bible as Literature*, Zondervan, Michigan.

Leroy Lawson, 1980 *The Lord of Possibilities: Miracles of Jesus*, The standard Publishing Company, Cincinnati.

Levin, S R, 1969 *Linguistic Structure in Poetry*, Moution, The Hague.

Nicholas Boyle, 2004 *Sacred and Secular Scriptures*, University of Notre Dam Press, Indiana.

Paul Kariamadam, 2000 *Questions Pepole Ask on the Bible*, The Bombay Saint Paul Society, Mumbai.

Philip Wesley Comfort, 1992 *The Origin of the Bible*, Tyndale House Publishers, Wheaton.

Prince, Gerald, 1982 *Narratology: The Form and functioning of Narrative*, Mouton Berlin.

Prince, Gerald*, 2003 A Dictionary of Narratology, University of Nebraska Press, London.*

Richard Chenevix Trench, 1965 *Notes on the Parables of Our Lord*, Baker Book House, Grand Rapids, Michigan.

Robert H Gundry, 1981 *A Survey of the New Testament*, Academie Books, Michigan.

Robert H Stein, 1973 *An Introduction to the Parables of Jesus*, The westminister Press, Philadelphia, Pennyslvania.

Ryken, Leland, 1974 *The literature of Bible*, Zondervan Publishing House, Illinois.

Scholes, Robert, *1974 Structuralism in Literature: An Introduction,* Yale University Press, New Haven*.*

Snider Susan, Lancer, 1981 *The Narrative Act:Point of View in Prose Fiction*, Princeton University Press, Princeton , New Jersey.

Stanzel, F K, 1984 *A Theory of Narrative* (Trans.), Charlotte Goedsche, Cambridge University Press, Cambridge.

Tidwell, J B, 1950 *The Bible book by book*, W M B Eerdmans Publishing Company, Michigan.

Vernon McGee, J, 1984 *Briefing the Bible*, Thru the Bible Books, Pasadena, California.

Willmington Harold, L, 2011 *Willmington's guide to the Bible*, Tyndale House Publishers, Illinois.

**അനുബന്ധം 1**

**പുതിയനിയമത്തിലെ ഉപമകൾ**

| ക്രമ നമ്പർ | ഉപമകൾ | സുവിശേഷങ്ങൾ | | |
|---|---|---|---|---|
| | | മത്തായി | മർക്കൊസ് | ലൂക്കൊസ് |
| 1 | പറയിൻ കീഴിലെ വിളക്ക് | 5:15 | 4:21-23 | 8:16-18 11:3 |
| 2 | മണലിന്മേൽ പണിത വീട് | 7:24-27 | | 6:46-49 |
| 3 | കോടിത്തുണിയും പഴയവസ്ത്രവും | | | 5:36 |
| 4 | പുതിയവീഞ്ഞും പഴയതുരുത്തിയും | | | 5:37-39 |
| 5 | അശുദ്ധാത്മാവ് മടങ്ങിവരുന്നു | 12:43-45 | | 11:24-26 |
| 6 | വളരുന്ന വിത്ത് | | 4:26-29 | |
| 7 | വിതയ്ക്കുന്നവന്റെ ഉപമ | 13:4-9,18-23 | 4:1-9, 4:13-20 | 8:4-8, 8:11-15 |
| 8 | കളയുടെ ഉപമ | 13:24-30 | | |
| 9 | കടുകുമണിയുടെ ഉപമ | 13:31-32 | 4:30-32 | 13:18-19 |
| 10 | പുളിച്ചമാവ് | 13:33 | | 13:20-21 |
| 11 | വയലിൽ ഒളിച്ചുവെച്ച നിധി | 13:44 | | |
| 12 | വിലയേറിയ മുത്ത് | 13:45-46 | | |
| 13 | എല്ലാവക മീനും പിടിക്കുന്ന വല | 13:47-50 | | |
| 14 | വീട്ടുടയവൻ | 13:52-53 | | |
| 15 | വിശ്വസ്തദാസൻ | 24:45-51 | | 12:41-48 |
| 16 | മുന്തിരിത്തോട്ടത്തിലെ വേലക്കാർ | 20:1-16 | | |
| 17 | രണ്ടു പുത്രന്മാരുടെ ഉപമ | 21:28-31 | | |
| 18 | മുന്തിരിത്തോട്ടത്തിലെ കുടിയാന്മാർ | 21:33-46 | 12:1-12 | 20:9-19 |
| 19 | കല്യാണസദ്യ | 22:1-14 | | 14:15-24 |
| 20 | തളിർക്കുന്ന അത്തിവൃക്ഷം | 24:32-35 | 13:28-31 | 21:29-33 |
| 21 | പത്തുകന്യകമാർ | 25:1-13 | | |
| 22 | താലന്തുകൾ | 25:14-30 | | 19:11-27 |
| 23 | ക്ഷമിക്കാത്ത ഭൃത്യൻ | 18:21-35 | | |
| 24 | ഉണർന്നിരിക്കുന്ന ദാസൻ | 24:45-51 | | 12:41-48 |
| 25 | നല്ല ശമര്യാക്കാരൻ | | | 10:25-37 |

| ക്രമ നമ്പർ | ഉപമകൾ | സുവിശേഷങ്ങൾ | | |
|---|---|---|---|---|
| | | മത്തായി | മർക്കൊസ് | ലൂക്കൊസ് |
| 26 | അർദ്ധരാത്രിയിലെ സ്നേഹിതൻ | | | 11:5–8 |
| 27 | ധനികനായ ഭോഷൻ | | | 12:13–21 |
| 28 | കാത്തിരിക്കുന്ന ദാസൻ | | | 12:35–40 |
| 29 | ഫലമില്ലാത്ത അത്തിവൃക്ഷം | | | 13:6–9 |
| 30 | വലിയ അത്താഴവിരുന്ന് | 22:1–10 | | 14:15–24 |
| 31 | ഗോപുരം പണിയുന്നവൻ | | | 14:28–30 |
| 32 | യുദ്ധത്തിനു പോകുന്ന രാജാവ് | | | 14:31–33 |
| 33 | കാണാതെപോയ ആട് | 18:12–14 | | 15:3–7 |
| 34 | കാണാതായ ദ്രഹ്മ നാണയം | | | 15:8–10 |
| 35 | മുടിയനായ പുത്രൻ | | | 15:11–32 |
| 36 | അനീതിയുള്ള കാര്യവിചാരകൻ | | | 16:1–13 |
| 37 | ധനവാനും ലാസറും | | | 16:19–31 |
| 38 | പ്രയോജനമില്ലാത്ത ദാസന്മാർ | | | 17:7–10 |
| 39 | വിധവയും ന്യായാധിപനും | | | 18:1–8 |
| 40 | ചുങ്കക്കാരനും പരീശനും | | | 18:9–14 |

**അനുബന്ധം 2**

**പുതിയനിയമത്തിലെ അത്ഭുതകഥകൾ**

| ക്രമ നമ്പർ | അത്ഭുതങ്ങൾ | മത്തായി | മർക്കൊസ് | ലൂക്കൊസ് | യോഹന്നാൻ |
|---|---|---|---|---|---|
| 1 | വെള്ളം വീഞ്ഞാക്കുന്നു | | | | 2:1–11 |
| 2 | കഫർന്നഹൂമിലെ ഭൂതബാധിതൻ | | 1:21–28 | 4:31–37 | |
| 3 | വലിയ മീൻപിടിത്തം | | | 5:1–11 | 2:11–14 |
| 4 | കുഷ്ഠരോഗി | 8:1–4 | 1:40–45 | 5:12–16 | |
| 5 | ശതാധിപന്റെ പുത്രൻ | 8:5–13 | | 7:1–10 | 4:46–54 |
| 6 | പത്രൊസിന്റെ അമ്മായിയമ്മ | 8:14–15 | 1:29–31 | 4:38–39 | |
| 7 | കടലിനെ ശാന്തമാക്കുന്നു. | 8:23–27 | 4:35–41 | 8:22–25 | |
| 8 | ഗരസേനിലെ ഭൂതബാധിതൻ | 8:28–34 | 5:1–20 | 826–30 | |
| 9 | പക്ഷവാതക്കാരൻ | 9:1–8 | 2:1–12 | 5:17–26 | |
| 10 | ബേഥെസ്ദായിലെ രോഗ ശാന്തി | | | | 5:1–18 |
| 11 | നയീനിലെ വിധവയുടെ മകനെ ഉയിർപ്പിക്കുന്നു | | | 7:11–17 | |
| 12 | യായീറോസിന്റെ മകളെ ഉയിർപ്പിക്കുന്നു | 9:18–20 | 5:21–43 | 8:40–56 | |
| 13 | രക്തസ്രാവക്കാരിക്ക് സൗഖ്യം | 9:20–22 | 5:25–34 | 8:43–48 | |
| 14 | രണ്ടു കുരുടന്മാർ | 9:27–31 | | | |
| 15 | പിശാചുബാധയുള്ള ഊമ | 9:32–33 | | | |
| 16 | ശോഷിച്ച കൈ സുഖപ്പെടുത്തുന്നു | 12:9–13 | 3:1–6 | 6:6–11 | |
| 17 | അന്ധനും മൂകനുമായ പിശാചു ബാധിതൻ | 12:22 | 3:20–30 | 11:14–23 | |
| 18 | അഞ്ചപ്പവും രണ്ടു മീനും | 14:13–21 | 6:30–44 | 9:10–17 | 6:1–14 |
| 19 | യേശു വെള്ളത്തിന്മീതേ നടക്കുന്നു | 14:22–33 | 6:45–52 | | 6:15–21 |
| 20 | കനാന്യസ്ത്രീയുടെ പിശാചു ബാധിതയായ മകൾ | 15:21–28 | 7:24–30 | | |
| 21 | ബധിരനും മൂകനുമായ വ്യക്തി | | 7:31–37 | | |
| 22 | ഏഴപ്പം നാലായിരം പേർക്ക് | 15:32–39 | 8:1–10 | | |

| ക്രമ നമ്പർ | അത്ഭുതങ്ങൾ | മത്തായി | മർക്കൊസ് | ലൂക്കൊസ് | യോഹന്നാൻ |
|---|---|---|---|---|---|
| 23 | ബെദ്സയിദയിലെ അന്ധൻ | | 8:22-26 | | |
| 24 | ചന്ദ്രരോഗം | 17:14-21 | 9:14-29 | 9:37-43 | |
| 25 | മീനിന്റെ വായിൽനിന്നു പണം | 17:24-27 | | | |
| 26 | കൂനിക്കു സൗഖ്യം | | | 13:10-17 | |
| 27 | പിറവിക്കുരുടൻ | | | | 9:1-41 |
| 28 | ലാസറിനെ ഉയിർപ്പിക്കുന്നു | | | | 11:1-44 |
| 29 | മഹോദരരോഗി | | | 14:1-6 | |
| 30 | പത്തു കുഷ്ഠരോഗികൾക്കു സൗഖ്യം | | | 17:11-19 | |
| 31 | രണ്ടുകുരുടരെ/ബർത്തിമായിയെ സുഖപ്പെടുത്തുന്നു | 20:29-34 | 10:46-52 | 18:35-43 | |
| 32 | അത്തിയെ ശപിക്കുന്നു | 21:18-22 | 11:12-14, 20-24 | | |
| 33 | മുറിവേറ്റ ചെവി സുഖമാക്കുന്നു | | 11:49-51 | 18:10-11 | |

**അനുബന്ധം 3**

**പുതിയനിയമത്തിലെ ആഖ്യാനഖണ്ഡങ്ങൾ**

| ക്രമ നമ്പർ | ആഖ്യാനഖണ്ഡങ്ങൾ | മത്തായി | മർക്കൊസ് | ലൂക്കൊസ് | യോഹന്നാൻ |
|---|---|---|---|---|---|
| 1 | ആദിയിൽ വചനം ഉണ്ടായിരുന്നു | | | | 1:1-18 |
| 2 | ലൂക്കൊസിന്റെ ഉപക്രമം. | | | 1:1-4 | |
| 3 | യോഹന്നാന്റെ ജനനം പ്രവചിക്കപ്പെടുന്നു | | | 1:5-25 | |
| 4 | ദൂതൻ മറിയയ്ക്കു പ്രത്യക്ഷപ്പെടുന്നു | | | 1:26-38 | |
| 5 | മറിയ എലീശബത്തിനെ സന്ദർശിക്കുന്നു | | | 1:39-45 | |
| 6 | മറിയയുടെ സ്തോത്രഗീതം | | | 1:46-56 | |
| 7 | സ്നാപകയോഹന്നാന്റെ ജനനം | | | 1:57-63 | |
| 8 | സെഖര്യാവിന്റെ പ്രവചനഗീതം | | | 1:67-80 | |
| 9 | യേശുവിന്റെ വംശാവലി | 1:1-17 | | 3:23-38 | |
| 10 | യേശുവിന്റെ ജനനം | 1:18-25 | | 2:1-7 | |
| 11 | ദൂതന്മാർ ആട്ടിടയന്മാർക്കു പ്രത്യക്ഷപ്പെടുന്നു | | | 2:8-14 | |
| 12 | ആട്ടിടയന്മാർ യേശുവിനെ സന്ദർശിക്കുന്നു | | | 2:15-20 | |
| 13 | യേശുവിനെ ദൈവാലയത്തിൽ സമർപ്പിക്കുന്നു | | | 2:21-40 | |
| 14 | വിദ്വാന്മാർ യേശുവിനെ സന്ദർശിക്കുന്നു | 2:1-12 | | | |
| 15 | മിസ്രയീമിലേക്ക് പലായനം | 2:13-15 | | | |
| 16 | ആൺകുട്ടികളെ കൊല്ലുന്നു | 2:16-18 | | | |
| 17 | യിസ്രായേലിലേക്കു മടങ്ങുന്നു | 2:19-23 | | 2:39 | |
| 18 | യേശുവിന്റെ കുട്ടിക്കാലം | | | 2:40-52 | |
| 19 | ബാലനായ യേശു ദൈവാലയത്തിൽ | | | 2:41-52 | |
| 20 | സ്നാപകയോഹന്നാന്റെ പ്രസംഗം | 3:1-12 | 1:1-8 | 3:2-18 | 1:19-28 |
| 21 | യോഹന്നാൻ ഉദാരതയെപ്പറ്റി | | | 3:10-14 | |
| 22 | സ്നാപകയോഹന്നാൻ തടവറയിൽ | 14:3-5 | 6:17-19 | 3:19-20 | |

| ക്രമ നമ്പർ | ആഖ്യാനഖണ്ഡങ്ങൾ | മത്തായി | മർക്കൊസ് | ലൂക്കൊസ് | യോഹന്നാൻ |
|---|---|---|---|---|---|
| 23 | ദൈവത്തിന്റെ കുഞ്ഞാട് | | | | 1:29-34 |
| 24 | യേശുവിന്റെ സ്നാനം | 3:13-17 | 1:9-11 | 3:21-22 | |
| 25 | പിശാച് യേശുവിനെ പരീക്ഷിക്കുന്നു | 4:1-11 | 1:12-13 | 4:1-13 | |
| 26 | യേശു ദൗത്യം ആരംഭിക്കുന്നു | 4:12-17 | 1:14-15 | 4:14-15 | |
| 27 | യേശുവിന്റെ ആദ്യ ശിഷ്യന്മാർ | 4:18-22 | 1:16-20 | 5:1-11 | 1:35-51 |
| 28 | കാനാവിലെ കല്യാണം | | | | 2:1-11 |
| 29 | അശുദ്ധാത്മാവിനെ പുറത്താക്കുന്നു | | 1:21-28 | 4:31-37 | |
| 30 | പത്രൊസിന്റെ അമ്മാവിയമ്മ | 8:14-15 | 1:29-31 | 4:38-39 | |
| 31 | സായാഹ്നസൗഖ്യങ്ങൾ | 8:16-17 | 1:32-34 | 4:40-41 | |
| 32 | യേശു പള്ളികളിൽ പ്രസംഗിക്കുന്നു | | 1:35-39 | 4:42-44 | |
| 33 | പ്രസംഗം, രോഗശാന്തി | 4:23-25 | 1:39-44 | 6:17-19 | |
| 34 | വലിയ മീൻപിടിത്തം | | | 5:1-11 | |
| 35 | യേശുവും നിക്കോദേമൊസും | | | | 3:1-21 |
| 36 | ഗിരിപ്രഭാഷണത്തിന്റെ മുഖവുര | 5:1-2 | | | |
| 37 | ഭാഗ്യവർണ്ണനകൾ | 5:3-12 | | 6:20-23 | |
| 38 | ഭൂമിയുടെ ഉപ്പ്, ലോകത്തിന്റെ വെളിച്ചം | 5:13-16; 6:22-23 | 9:49-50 | 14:34-35 | |
| 39 | യേശു ന്യായപ്രമാണം പൂർത്തിയാക്കുവാൻ വന്നു | 5:17-20 | | | |
| 40 | കോപിക്കരുത്, പ്രതിയോഗിയോട് നിരന്നുകൊൾക | 5:21-26 | | 12:57-59 | |
| 41 | വ്യഭിചാരം ചെയ്യരുത് | 5:27-30 | | | |
| 42 | വിവാഹമോചനം പാടില്ല | 5:31-32, 19:9 | 10:11-12 | 16:18 | |
| 43 | ആണയിടരുത് | 5:33-37 | | | |
| 44 | തിന്മയ്ക്കു പകരം നന്മ | 5:38-42 | | 6:29-30 | |
| 45 | ശത്രുവിനെ സ്നേഹിക്കുക | 5:43-48; | | 6:27-36 | |
| 46 | രഹസ്യത്തിൽ ഭിക്ഷ കൊടുക്കുക | 6:1-4 | | | |
| 47 | പ്രാർത്ഥിക്കേണ്ട വിധം | 7:7-11 | | 11:9-13 | |
| 48 | യേശു പഠിപ്പിച്ച പ്രാർത്ഥന | 6:9-15 | | 11:2-4 | |
| 49 | ഉപവസിക്കേണ്ടതെങ്ങനെ | 6:16-18 | | | |

| ക്രമ നമ്പർ | ആഖ്യാനഖണ്ഡങ്ങൾ | മത്തായി | മർക്കൊസ് | ലൂക്കൊസ് | യോഹന്നാൻ |
|---|---|---|---|---|---|
| 50 | സ്വർഗത്തിൽ നിക്ഷേപിക്കുക | 6:19-21 | | 12:33-34 | |
| 51 | ശരീരത്തിന്റെ വിളക്ക് കണ്ണ് | 6:22-23 | | 11:34-36 | |
| 52 | ദൈവവും മാമ്മോനും | 6:24 | | 16:13 | |
| 53 | നാളെയെപ്പറ്റി വിചാരിക്കരുത് | 6:25-34 | | 12:22-34 | |
| 54 | വിധിക്കരുത് | 7:1-5 | | 6:37-42 | |
| 55 | മുത്തുകൾ പന്നികൾക്കു കൊടുക്കരുത് | 7:6 | | | |
| 56 | യാചിപ്പിൻ, അന്വേഷിപ്പിൻ, മുട്ടുവിൻ | 7:7-12 | | 11:9-13 | |
| 57 | ന്യായപ്രമാണവും പ്രവാചകന്മാരും ഇതാണ് | 7:12 | | | |
| 58 | ഇടുക്കുവാതിൽ | 7:13-14 | | 13:24 | |
| 59 | നല്ല വൃക്ഷം നല്ല ഫലം | 7:15-20; 12:33-35 | | 6:43-45 | |
| 60 | ഞാൻ നിങ്ങളെ അറിയുന്നില്ല | 7:21-23 | | 13:25-27 | |
| 61 | പാറമേൽ വീടുപണിത ബുദ്ധിമാൻ | 7:24-28 | | 6:46-49 | |
| 62 | അധികാരത്തോടെയുള്ള യേശു | 7:28-29 | | | |
| 63 | ശമര്യാക്കാരിയോട് യേശു വെള്ളം ചോദിക്കുന്നു | | | | 4:1-42 |
| 64 | കുഷ്ഠരോഗിക്ക് സൗഖ്യം | 8:1-4 | 1:40-45 | 5:12-16 | |
| 65 | ശതാധിപന്റെ ഭൃത്യനു സൗഖ്യം | 8:5-13 | | 7:1-10 | 4:43-54 |
| 66 | നയിനിലെ വിധവയുടെ മകനെ ഉയിർപ്പിക്കുന്നു. | | | 7:11-17 | |
| 67 | രോഗശാന്തി, ഭൂതശാന്തി | 8:16-17 | 1:32-34 | 4:40-41 | |
| 68 | ശിഷ്യത്വവും ത്യാഗവും | 8:18-22 | | 9:57-62 | |
| 69 | കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു | 8:23-27 | 4:36-41 | 3:22-25 | |
| 70 | ഗദരദേശത്തെ ഭൂതബാധിതൻ | 8:28-34 | 5:1-20 | 8:26-39 | |
| 71 | രോഗശാന്തിയോ ഭൂതശാന്തിയോ? | 9:1-8 | 2:1-12 | 5:17-26 | |
| 72 | ചുങ്കക്കാരൻ മത്തായി | 9:9-13 | 2:13-17 | 5:27-32 | |
| 73 | ഉപവാസത്തപ്പറ്റിയുള്ള ചോദ്യം | 9:14-17 | 2:18-22 | 5:33-39 | |
| 74 | യായീറോസിന്റെ മകൾ | 9:18-19, 23-26 | 5:21-24, 35-43 | 8:41-42, 49-56 | |

| ക്രമ നമ്പർ | ആഖ്യാനഖണ്ഡങ്ങൾ | മത്തായി | മർക്കൊസ് | ലൂക്കൊസ് | യോഹന്നാൻ |
|---|---|---|---|---|---|
| 75 | രക്തസ്രാവക്കാരി | 9:20-22 | 5:25-34 | 8:43-48 | |
| 76 | രണ്ട് അന്ധന്മാർ | 9:27-31 | | | |
| 77 | ഊമൻ | 9:32-34 | | 11:14-15 | |
| 78 | കൊയ്ത്തിന്റെ യജമാനനോടു പ്രാർഥിക്കുക | 9:35-38 | | | |
| 79 | 12 ശിഷ്യന്മാരെ അയയ്ക്കുന്നു | 10:1-4 | 3:13-19, 7:7-13 | 6:12-16, 9:1-16 | |
| 80 | ശിഷ്യന്മാരുടെ ദൗത്യം | 10:1-15 | 6:7-13 | 9:1-6 | |
| 81 | പീഡകളുടെ കാലം | 10:16-25 | 13:9-13 | 12:11-12, 21:12-17 | |
| 82 | യേശുവിനെ ഏറ്റുപറയുക | 10:32-33, 12:32 | | 12:8-12 | |
| 83 | ആരെയാണ് ഭയപ്പെടേണ്ടത്? | 10:26-33 | | 12:2-9 | |
| 84 | സമാധാനമല്ല, വാൾ | 10:34-39, 16:24-25 | 8:34-35 | 9:23-24, 12:51-53, 14:25-27 | |
| 85 | ശിഷ്യത്വത്തിന്റെ യോഗ്യതകൾ | 10:37-38 | | 14:26-33 | |
| 86 | ശിഷ്യത്വത്തിന്റെ പ്രതിഫലം | 10:40-42 | 9:41 | | |
| 87 | യോഹന്നാന്റെ ശിഷ്യന്മാരുടെ ചോദ്യം | 11:2-19 | | 7:18-23 | |
| 88 | യേശു യോഹന്നാനെപ്പറ്റി | 11:7-19 | | 7:24-35 | 3;22-30 |
| 89 | സ്വർഗരാജ്യം | 11:12-13 | | 16:14-18 | |
| 90 | സാക്ഷ്യം | | | | 3:31-36 |
| 91 | മാനസാന്തരപ്പെടാത്ത നഗരങ്ങൾ | 11:20-24 | | 10:13-15 | |
| 92 | യേശു ആത്മാവിൽ ആനന്ദിക്കുന്നു | 11:25-30 | | 10:21-22 | |
| 93 | ബേഥെസ്ദായിലെ രോഗശാന്തി | | | | 5:2-18 |
| 94 | പുത്രന്റെ അധികാരം | | | | 5:19-29 |
| 95 | അധ്വാനിക്കുന്നവർക്ക് ആശ്വാസം | 11:27-30 | | | |
| 96 | യേശുവിന്റെ സാക്ഷ്യം | | | | 5:30-47 |
| 97 | ശബ്ബത്തിൽ കതിർ പറിച്ചുതിന്നുന്നു | 12:1-8 | 2:23-28 | 6:1-5 | |
| 98 | ശോഷിച്ച കൈ സുഖപ്പെടുത്തുന്നു | 12:9-14 | 3:1-6 | 6:6-11 | |
| 99 | ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ദാസൻ | 12:15-21 | | | |
| 100 | കടൽത്തീരത്തെ അത്ഭുതങ്ങൾ | | 3:7-12 | | |

| ക്രമ നമ്പർ | ആഖ്യാനഖണ്ഡങ്ങൾ | മത്തായി | മർക്കൊസ് | ലൂക്കൊസ് | യോഹന്നാൻ |
|---|---|---|---|---|---|
| 101 | ശതാധിപന്റെ ഭൃത്യന് സൗഖ്യം | | | 7:1-10 | |
| 102 | പാപിനിക്കു മോചനം | | | 7:36-50 | |
| 103 | യേശുവിനെ അനുഗമിച്ച സ്ത്രീകൾ | | | 8:2-3 | |
| 104 | ബേത്സബൂൽ സംവാദം | 12:22-32 | 3:20-30 | 11:14-23 | |
| 105 | വൃക്ഷവും ഫലവും | 12:33-37 | | | |
| 106 | യോനായുടെ അടയാളം | 12:38-42 | 3:11-12 | 11:29-32 | |
| 107 | അശുദ്ധാത്മാവ് മടങ്ങിവരുന്നു | 12:43-45 | | 11:24-26 | |
| 108 | യേശുവിന്റെ സഹോദരന്മാർ | 12:46-50 | 3:31-35 | 8:19-21 | 2:12 |
| 109 | വിതക്കാരന്റെ ഉപമ | 13:1-9 | 4:1-9 | 8:4-8 | |
| 110 | ഉപമകളുടെ ഉദ്ദേശ്യം | 13:10-17 | 4:10-12 | 8:9-10,23-24 | |
| 111 | ഭാഗ്യമുള്ള കണ്ണുകൾ | 13:16-17 | | 10:23-24 | |
| 112 | വിതക്കാരന്റെ ഉപമ- വ്യാഖ്യാനം | 13:18-23 | 4:13-20 | 8:11-15 | |
| 113 | വിളക്ക് തണ്ടിന്മേൽ വെക്കണം | | 4:21-25 | 8:16-18, 11:33 | |
| 114 | കളകളുടെ ഉപമ | 13:24-30 | | | |
| 115 | വിത്തിന്റെ ഉപമ | | 4:26-29 | | |
| 116 | കടുകുമണി | 13:31-32 | 4:30-32 | 13:18-19 | |
| 117 | പുളിച്ചമാവ് | 13:33 | | 13:20-21 | |
| 118 | ഉപമകളുടെ പ്രയോജനം | 13:34-35 | 4:33-34 | | |
| 119 | കളകളുടെ ഉപമ- വ്യാഖ്യാനം | 13:36-43 | | | |
| 120 | വിലയേറിയ മുത്ത് | 13:44-46 | | | |
| 121 | വലയുടെ ഉപമ | 13:47-50 | | | |
| 122 | ഉപമാഖ്യാനത്തിന്റെ ഉപസം ഹാരം | 13:51-52 | | | |
| 123 | സ്വന്തം നാട്ടിൽ അവഗണിക്കപ്പെടുന്നു | 13:53-58 | 6:1-6 | 4:16-30 | 7:1-9 |
| 124 | ഹെരോദാവ് യേശുവിനെപ്പറ്റി | 14:1-2 | 6:14-16 | | |
| 125 | യോഹന്നാന്റെ ശിരച്ഛേദം | 14:1-12 | 6:14-29 | 9:7-9 | |
| 126 | അഞ്ചപ്പം അയ്യായിരം പേർക്ക് | 14:13-21 | 6:30-44 | 9:10-17 | 6:1-14 |
| 127 | വെള്ളത്തിന്മീതെ നടക്കുന്നു | 14:22-33 | 6:45-51 | | 6:15-21 |
| 128 | ഗെന്നേസരെത്തിലെ അത്ഭുതങ്ങൾ | 14:34-36 | 6:53-56 | | |
| 129 | പാരമ്പര്യത്തെപ്പറ്റി തർക്കം | 15:1-20 | 7:1-23 | | |
| 130 | കനാന്യസ്ത്രീയുടെ വിശ്വാസം | 15:21-28 | 7:24-30 | | |

| ക്രമ നമ്പർ | ആഖ്യാനഖണ്ഡങ്ങൾ | മത്തായി | മർക്കൊസ് | ലൂക്കൊസ് | യോഹ ന്നാൻ |
|---|---|---|---|---|---|
| 131 | ബധിരനു സൗഖ്യം | | 7:32-37 | | |
| 132 | അനേകർക്കു രോഗശാന്തി | 15:29-31 | | | |
| 133 | ഏഴപ്പം നാലായിരം പേർക്ക് | 15:32-39 | 8:1-10 | | |
| 134 | കാലത്തിന്റെ അടയാളങ്ങൾ | 16:1-4 | 8:11-13 | 12:54-56 | |
| 135 | പുളിച്ചമാവിനെ സൂക്ഷിച്ചു കൊൾവിൻ | 16:5-12 | 8:14-21 | | |
| 136 | ജീവന്റെ അപ്പം | | | | 6:25-59 |
| 137 | നിത്യജീവന്റെ മൊഴികൾ | | | | 6:60-71 |
| 138 | കൂടാരപ്പെരുന്നാൾ | | | | 7:1-24 |
| 139 | ഇവനാണോ ക്രിസ്തു? | | | | 7:25-31 |
| 140 | നിങ്ങൾ എന്നെ അന്വേഷിക്കും കണ്ടെത്തില്ല | | | | 7:32-36 |
| 141 | ജീവജലത്തിന്റെ നദികൾ | | | | 7:37-39 |
| 142 | യേശുവിനെച്ചൊല്ലി ഭിന്നത | | | | 7:40-44 |
| 143 | അധികാരികളുടെ അവിശ്വാസം | | | | 7:45-52 |
| 144 | വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ | | | | 8:3-11 |
| 145 | ലോകത്തിന്റെ വെളിച്ചം | | | | 8:12-20 |
| 146 | പിറവിക്കുരുടന്റെ സൗഖ്യം | | | | 9:1-12 |
| 147 | ബേത്ത്സയിദയിലെ അന്ധൻ | | 8:22-26 | | |
| 148 | പരീശന്മാരുടെ പരിശോധന | | | | 9:13-34 |
| 149 | പത്രൊസിന്റെ വിശ്വാസപ്രഖ്യാ പനം | 16:13-20 | 8:27-30 | 9:18-21 | |
| 150 | പീഡാനുഭവത്തെപ്പറ്റി ആദ്യപ്രസ്താവന | 16:21-28 | 8:31-9:1 | 9:22-27 | |
| 151 | യഹൂദർക്ക് മുന്നറിയിപ്പ് | | | | 8:21-30 |
| 152 | സത്യം നിങ്ങളെ സ്വതന്ത്രരാക്കും | | | | 8:31-38 |
| 153 | പിശാചിന്റെ മക്കൾ | | | | 8:39-47 |
| 154 | 'അബ്രാഹാമിനുമുമ്പ് ഞാനുണ്ട്' | | | | 8:48-59 |
| 155 | മലയിലെ രൂപാന്തരം | 17:1–8 | 9:2–8 | 9:28–36 | |
| 156 | ഏലിയാവിന്റെ ആഗമനം | l7:9-13 | 9:9-13 | | |
| 157 | ചന്ദ്രരോഗം | 17:14-21 | 9:14-29 | 9:37-43 | |
| 158 | പീഡാനുഭവത്തെപ്പറ്റി രണ്ടാം പ്രവചനം | 17:22-23 | 9:30-32 | 9:43-45 | |
| 159 | മീനിന്റെ വായിൽനിന്നു ചതുർദ്ര ഹ്മപ്പണം | 17:24-27 | | | |

| ക്രമ നമ്പർ | ആഖ്യാനഖണ്ഡങ്ങൾ | മത്തായി | മർക്കൊസ് | ലൂക്കൊസ് | യോഹന്നാൻ |
|---|---|---|---|---|---|
| 160 | സ്വർഗരാജ്യത്തിലെ വലിയവൻ | 18:1-5 | 9:33-37 | 9:46-48 | |
| 161 | എതിരല്ലാത്തവൻ അനുകൂലം | | 9:38-41 | 9:49-50 | |
| 162 | ഇടർച്ച വരുത്തുന്നവൻ | 18:6-10 | 9:42-48 | 17:1-2 | |
| 163 | കാരമില്ലാത്ത ഉപ്പ് | | 9:49-50 | | |
| 164 | കാണാതായ ആട് | 18:10-14 | | 15:3-7 | |
| 165 | ആട്ടിൻകൂട്ടം | | | | 10:1-6 |
| 166 | നല്ല ഇടയൻ | | | | 10:7-21 |
| 167 | യേശു ദൈവപുത്രൻ | | | | 10:22-42 |
| 168 | പരസ്പരം തിരുത്തുക | 18:15-20 | | 17:3-4 | |
| 169 | ദയയില്ലാത്ത ഭൃത്യൻ | 18:21-35 | | | |
| 170 | ശമര്യാക്കാരുടെ തിരസ്കാരം | | | 9:51-56 | |
| 171 | 72 പേരെ അയയ്ക്കുന്നു | | | 10:1-20 | |
| 172 | നല്ല ശമര്യാക്കാരൻ | | | 10:25-37 | |
| 173 | മാർത്തയും മറിയയും | | | 10:38-42 | |
| 174 | മഹത്തായ ഭാഗ്യം | | | 11:27-28 | |
| 175 | കപടഭക്തി | | | 12:1-3 | |
| 176 | ഭോഷനായ ധനികൻ | | | 12:13-21 | |
| 177 | മാനസാന്തപ്പെട്ടില്ലെങ്കിൽ നാശം | | | 13:1-5 | |
| 178 | ഫലമില്ലാത്ത അത്തി | | | 13:6-9 | |
| 179 | കൂനിക്കു സൗഖ്യം | | | 13:10-17 | |
| 180 | മഹോദരരോഗി | | | 14:1-4 | |
| 181 | അതിഥി, ആതിഥേയൻ | | | 14:7-14 | |
| 182 | കാണാതായ ദ്രഹ്മ | | | 15:8-10 | |
| 183 | മുടിയനായ പുത്രൻ | | | 15:11-32 | |
| 184 | അനീതിയുള്ള കാര്യവിചാരകൻ | | | 16:1-12 | |
| 185 | ധനവാനും ലാസറും | | | 16:19-31 | |
| 186 | പ്രയോജനമില്ലാത്ത ദാസന്മാർ | | | 17:5-10 | |
| 187 | 10 കുഷ്ഠരോഗികൾ | | | 17:11-19 | |
| 188 | ന്യായാധിപനും വിധവയും | | | 18:1-8 | |
| 189 | പരീശനും ചുങ്കക്കാരനും | | | 18:9-14 | |
| 190 | വിവാഹമോചനം | 19:1-10 | 10:1-12 | | |
| 191 | ശിശുക്കളെ തടുക്കരുത് | 19:13-15 | 10:13-16 | 18:15-17 | |
| 192 | ധനികനായ യുവാവ് | 19:16-30 | 10:18-31 | 18:18-30 | |

| ക്രമ നമ്പർ | ആഖ്യാനഖണ്ഡങ്ങൾ | മത്തായി | മർക്കൊസ് | ലൂക്കൊസ് | യോഹ ന്നാൻ |
|---|---|---|---|---|---|
| 193 | മുന്തിരിത്തോട്ടത്തിലെ വേല ക്കാർ | 20:1-16 | | | |
| 194 | പീഡാനുഭവം – മൂന്നാം പ്രവ ചനം | 20:17-19 | 10:32-34 | 18:31-34 | |
| 195 | ലാസറിന്റെ മരണം | | | | 11:1-17 |
| 196 | പുനരുത്ഥാനവും ജീവനും | | | | 11:17-27 |
| 197 | യേശു കരയുന്നു | | | | 11:28-37 |
| 198 | ലാസറിന്റെ ഉയിർപ്പ് | | | | 11:38-46 |
| 199 | യാക്കോബും യോഹന്നാനും | 20:20-28 | 10:35-45 | | |
| 200 | ബർത്തിമായിക്കു സൗഖ്യം | 20:29-34 | 10:46-52 | 18:35-43 | |
| 201 | സക്കായി | | | 19:1-10 | |
| 202 | താലന്തുകൾ | 25:14-30 | | 19:12-27 | |
| 203 | ലാസറിനെ കൊല്ലാൻ പദ്ധതി | | | | 12:9-11 |
| 204 | ഹോശന്നാ | 21:1-11 | 11:1-11 | 19:28-40 | 12:12-19 |
| 205 | യവനന്മാർ യേശുവിനെ തേടുന്നു | | | | 12:20-26 |
| 206 | സ്വർഗത്തിൽനിന്ന് ഒരു ശബ്ദം | | | | 12:27-30 |
| 207 | മനുഷ്യപുത്രൻ ഉയർത്തപ്പെടണം | | | | 12:27-36 |
| 208 | യഹൂദരുടെ അവിശ്വാസം | | | | 12:37-43 |
| 209 | യേശുവിന്റെ വചനം ന്യായം വിധിക്കും | | | | 12:44-50 |
| 210 | യെരൂശലേമിന്റെ നാശം – പ്രവ ചനം | | | 19:41-44 | |
| 211 | യേശു അത്തിയെ ശപിക്കുന്നു | 21:18-22 | 11:12-14, 20-24 | | |
| 212 | ദൈവാലയശുദ്ധീകരണം | 21:12-17 | 11:15-19 | 19:45-48 | 2:13-22 |
| 213 | അത്തിയെ നോക്കി പഠിക്കുക | 24:32-35 | 13:28-31 | 21:29-33 | |
| 214 | യേശുവിന്റെ അധികാരം | 21:23-27 | 11:27-33 | 20:1-8 | |
| 215 | രണ്ടു പുത്രന്മാർ | 21:28-32 | | | |
| 216 | മുന്തിരികൃഷിക്കാർ | 21:33-46 | 12:1-12 | 20:9-19 | |
| 217 | വിവാഹവിരുന്ന് | 22:1-10 | | 14:16-24 | |
| 218 | കൈസർക്കുള്ളത് കൈസറിന് | 22:15-22 | 12:13-17 | 20:20-26 | |
| 219 | പുനരുത്ഥാനത്തെപ്പറ്റി തർക്കം | 22:23-33 | 12:18-27 | 20:27-40 | |
| 220 | വലിയ കല്പന | 22:34-40 | 12:28-34 | 10:25-28 | |

| ക്രമ നമ്പർ | ആഖ്യാനഖണ്ഡങ്ങൾ | മത്തായി | മർക്കൊസ് | ലൂക്കൊസ് | യോഹന്നാൻ |
|---|---|---|---|---|---|
| 221 | ശിഷ്യന്മാരുടെ കാലുകഴുകുന്നു | | | | 13:1-20 |
| 222 | ഒറ്റിക്കൊടുക്കുന്നത് പ്രവചിക്കുന്നു | 26:20-25 | 14:17-21 | 22:21-23 | 13:21-30 |
| 223 | പുതിയൊരു കല്പന | | | | 13:31-35 |
| 224 | ക്രിസ്തു ദാവീദിന്റെ പുത്രൻ | 22:41-46 | 12:35-37 | 20:41-44 | |
| 225 | യേശു പിതാവിലേക്കുള്ള വഴി | | | | 14:1-14 |
| 226 | പരിശുദ്ധാത്മാവിന്റെ വാഗ്ദാനം | | | | 14:14-31 |
| 227 | യേശു സാക്ഷാൽ മുന്തിരിവള്ളി | | | | 15:1-17 |
| 228 | ലോകം നിങ്ങളെ വെറുക്കും | | | | 15:18-16:4 |
| 229 | പരീശന്മാർക്ക് ഹാ! കഷ്ടം | 23:1-36 | 12:38-40 | 11:39-52, 20:45-47 | |
| 230 | യെരൂശലേമിനെക്കുറിച്ച് വിലപിക്കുന്നു | 23:37-39 | | 13:34-35 | |
| 231 | വിധവയുടെ രണ്ടു കാശ് | | 12:41-44 | 21:1-4 | |
| 232 | പരിശുദ്ധാത്മാവിന്റെ പ്രവർത്തനം | | | | 16:7-15 |
| 233 | യെരൂശലേം ദൈവാലയം തകർക്കപ്പെടും | 24:1-2 | 13:1-2 | 21:5-6, 20-24 | |
| 234 | ദു:ഖം സന്തോഷമായി മാറും | | | | 16:16-24 |
| 235 | ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു | | | | 16:25-33 |
| 236 | ദുരിതങ്ങളുടെ ആരംഭം | 24:3-14 | 13:3-31 | 21:7-19 | |
| 237 | മഹാകഷ്ടകാലം | 24:15-42 | 13:14-23 | 21:20-24 | |
| 238 | ഉണർന്നിരിക്കുക | 24:43-44 | | 12:35-40 | |
| 239 | മനുഷ്യപുത്രന്റെ ആഗമനം | 24:29-36 | 13:24-32 | 21:25-33 | |
| 240 | വിശ്വസ്തനായ ഭൃത്യൻ | 24:45-51 | | 12:41-48 | |
| 241 | പത്തു കന്യകമാർ | 25:1-13 | | | |
| 242 | അന്ത്യവിധി | 25:31-33 | | | |
| 243 | യേശുവിനെ കൊല്ലാനുള്ള ആലോചന | 26:1-5 | 14:1-2 | 22:1-2 | 11:45-53 |
| 244 | ഒരു സ്ത്രീയുടെ തൈലാഭിഷേകം | 26:6-13 | 14:3-9 | | 12:1-8 |
| 245 | യൂദാ യേശുവിനെ ഒറ്റിക്കൊടുക്കുന്നു | 26:14-16 | 14:10-11 | 22:3-6 | 18:1-3 |
| 246 | പെസഹ/ അന്ത്യ അത്താഴം | 26:17-25 | 14:12-21 | 22:7-13 | |
| 247 | യേശു ശിഷ്യർക്കായി പ്രാർത്ഥിക്കുന്നു | | | | 17:1-26 |

| ക്രമ നമ്പർ | ആഖ്യാനഖണ്ഡങ്ങൾ | മത്തായി | മർക്കൊസ് | ലൂക്കൊസ് | യോഹ ന്നാൻ |
|---|---|---|---|---|---|
| 248 | പത്രൊസിന്റെ തള്ളിപ്പറച്ചിൽ പ്രവചനം | 26:31-35 | 14:27-31 | 22:31-34 | 13:36-38 |
| 249 | മടിശ്ശീല, ഭാണ്ഡം, വാൾ കരുതുക | | | 22:35-38 | |
| 250 | ഗെത്ത്ശെമനയിലെ പ്രാർത്ഥന | 26:36-46 | 14:32-42 | 22:39-46 | |
| 251 | യേശുവിനെ ഒറ്റിക്കൊടുക്കുന്നു | 26:47-56 | 14:43-50 | 22:47-53 | 18:3-12 |
| 252 | നഗ്നനായി ഓടിപ്പോയ യുവാവ് | | 14:51-52 | | |
| 253 | യേശു ന്യായാധിപസംഘത്തിനു മുമ്പിൽ | 26:57-68 | 14:53-65 | 22:54-55, 63-71 | 18:13-14, 19-24 |
| 254 | പത്രൊസിന്റെ തള്ളിപ്പറച്ചിൽ | 26:69-75 | 14:66-72 | 22:56-62 | 18:15-18, 25-27 |
| 255 | മഹാപുരോഹിതന്റെ വിചാരണ | 26:59-66 | 14:55-64 | 22:66-71 | 18:19-24 |
| 256 | പത്രൊസ് വീണ്ടും തള്ളിപ്പറയുന്നു | 26:71-75 | 14:69-72 | 22:58-62 | 18:25-27 |
| 257 | യേശു പരിഹസിക്കപ്പെടുന്നു | 26:67-68 | 14:65 | 22:63-65 | 18:22-24 |
| 258 | പീലാത്തൊസ്, ബറബ്ബാസ് | 27:11-26 | 15:2-15 | 23:3-5, 13-25 | 18:28-38 |
| 259 | യൂദാസിന്റെ അന്ത്യം | 27:3-10 | | | |
| 260 | യേശു ഹെരോദാവിന്റെ മുമ്പിൽ | | | 23:6-12 | |
| 261 | ‘അവനെ ക്രൂശിക്കുക’ | 27:15-26 | 15:6-15 | 23:13-25 | 18:39-19:16 |
| 262 | പടയാളികൾ പരിഹസിക്കുന്നു | 27:27-31 | 15:16-20 | | 19:2-3 |
| 263 | കാൽവരിയാത്ര | 27:32 | 15:24 | 23:26-32 | |
| 264 | ക്രൂശീകരണം | 27:32-44 | 15:21-32 | 23:26-43 | 19:16-27 |
| 265 | യേശുവിന്റെ മരണം | 27:45-56 | 15:33-41 | 23:44-49 | 19:28-30 |
| 266 | യേശുവിന്റെ പാർശ്വത്തിൽ കുത്തുന്നു | | | | 19:31-37 |
| 267 | യേശുവിന്റെ സംസ്കാരം | 27:57-61 | 15:42-47 | 23:50-56 | 19:38-42 |
| 268 | കല്ലറയ്ക്കു കാവൽ | 27:62-66 | | | |
| 269 | പുനരുത്ഥാനം | 28:1-10 | 16:1-8 | 24:1-12 | 20:1-10 |
| 270 | മഗ്ദലനമറിയയ്ക്കു പ്രത്യക്ഷപ്പെടുന്നു | 28:9-10 | 16:9-11 | | 20:11-18 |
| 271 | കാവൽക്കാർക്ക് പണം കൊടുക്കുന്നു | 28:11-15 | | | |
| 272 | എമ്മവുസിലേക്കു പോയ ശിഷ്യന്മാർ | | 16:12-13 | 24:13-35 | |
| 273 | പ്രേഷിതദൗത്യം | 28:16-20 | 16:14-18 | 24:36-49 | 20:19-23 |
| 274 | യേശുവും തോമാസും | | | | 20:24-29 |

| ക്രമ നമ്പർ | ആഖ്യാനഖണ്ഡങ്ങൾ | മത്തായി | മർക്കൊസ് | ലൂക്കൊസ് | യോഹന്നാൻ |
|---|---|---|---|---|---|
| 275 | യേശു വീണ്ടും പ്രത്യക്ഷപ്പെടുന്നു | | | | 21:1-14 |
| 276 | പത്രൊസ് അജപാലകൻ | | | | 21:15-19 |
| 277 | യേശുവും യോഹന്നാനും | | | | 21:20-25 |
| 278 | യേശുവിന്റെ സ്വർഗാരോഹണം | | 16:19-20 | 24:50-53 | |
| 279 | സുവിശേഷത്തിന്റെ ഉദ്ദേശ്യം | | | | 20:30-31 |